# മാവോ സെതുങ്ങ്
# തെരഞ്ഞെടുത്ത കൃതികൾ

## ഒന്നാം ഭാഗം

ജനകീയപ്രസിദ്ധീകരണകേന്ദ്രം
കോട്ടയം—686008

Malayalam
Mao Tsetung
Theranjetutha Krithikal

Volume I

First Publisbed
Septemper 1983

Cover design: V. K. Satheesan

Publishers
Janakeeya Presidheekarana Kendram
East Arpookara

Printed at
Emaes Graphic Industries, Puthuppaliy
and
Asbram Press, Manganam
Kottayam-686008

Price Rs. 30/-

# ഇംഗ്ളീഷ് പതിപ്പിന്റെ പ്രസാധകക്കുറിപ്പ്

മാവോ സെതുങ്ങിന്റെ തെരഞ്ഞെടുത്ത കൃതികളുടെ ഈ പതിപ്പിൽ ചൈനീസ് വിപ്ളവത്തിന്റെ വിവിധ ഘട്ടങ്ങളിൽ അദ്ദേഹമെഴുതിയ പ്രധാന കൃതികൾ അടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ കൃതികളുടെ ധാരാളം ചൈനീസ് പതിപ്പുകൾ വിവിധ സ്ഥലങ്ങളിൽ പുറത്തുവന്നിട്ടുണ്ട്. പക്ഷേ അവയൊന്നും ഗ്രന്ഥകർത്താവു പരിശോധിച്ചിട്ടില്ല. അവയുടെ സംവിധാനം ശിഥിലമായിരുന്നു, ഗ്രന്ഥത്തിൽ പിശകുകളുണ്ടായിരുന്നു. ചില പ്രധാന കൃതികൾ ഉപേക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ പതിപ്പിലെ കൃതികൾ എഴുതപ്പെട്ട കാലത്തിന്റേയും, 1921—ൽ ചൈനീസ് കമ്യൂണിസ്ററ് പാർട്ടി രൂപീകരിക്കപ്പെട്ടതിനു ശേഷം അതിന്റെ ചരിത്രത്തിലുണ്ടായിട്ടുള്ള പ്രധാന ഘട്ടങ്ങളുടേയും ക്രമത്തിനനുസരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. മുൻ പതിപ്പുകളിൽ ഉൾപ്പെടുത്താത്ത പല പ്രധാനകൃതികളും ഈ പതിപ്പിൽ ചേർത്തിട്ടുണ്ട്. ഗ്രന്ഥകർത്താവ് എല്ലാ കൃതികളും വായിക്കുകയും, ചില ചെറുമാററങ്ങൾ വരുത്തുകയും, അപൂർവം ചില കൃതികൾ അപ്പാടെ മാററിയെഴുതുകയും ചെയ്തിട്ടുണ്ട്.

പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്.

1. ഇതിലെ തെരഞ്ഞെടുപ്പ് അപൂർണമാണ്. കൂമിന്താങ്ങ് പിന്തിരിപ്പൻമാർ വിപ്ളവ രേഖകൾ നശിപ്പിക്കുകയും, യുദ്ധത്തിന്റെ സുദീർഘ വർഷങ്ങളിൽ മററു പലതും കാണാതാവുകയും നഷ്ടപ്പെടുകയും ചെയ്തു. അതുകൊണ്ട് സഖാവ് മാവോ സെതുങ്ങിന്റെ എല്ലാ കൃതികളും ശേഖരിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ അസംഖ്യം കത്തുകളും കമ്പിസന്ദേശങ്ങളും; അവ അദ്ദേഹത്തിന്റെ കൃതികളിൽ ഒരു ഗണ്യമായ പങ്കു വരുന്നു.

2. വിപുലമായി വിതരണം ചെയ്യപ്പെട്ടിട്ടുള്ള ചില കൃതികൾ (ഉദാ: ഗ്രാമീണ സൂക്ഷ്മാന്വേഷണങ്ങൾ) ഗ്രന്ഥകർത്താവിന്റെ അഭിപ്രായാനുസരണം ഒഴിവാക്കിയിട്ടുണ്ട്. അതേ കാരണത്താൽ തന്നെ സാമ്പത്തികവും ധനപരവുമായ പ്രശ്നങ്ങളുടെ ('നമ്മുടെ മുൻകാല പ്രവർ

ത്തനത്തിന്റെ ഒരു അടിസ്ഥാന സമാഹരണം') ഒന്നാം അദ്ധ്യായം മാ
(ത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു.

3. ഈ കൃതികൾക്ക് വിശദീകരണ കുറിപ്പുകൾ ചേർത്തിട്ടുണ്ട്.
ശീർഷകങ്ങളെക്കുറിച്ചുള്ള വിശദീകരണം ഓരോ കൃതിയും തുടങ്ങുന്ന
പേജിന്റെ ചുവട്ടിൽ കൊടുത്തിരിക്കുന്നു. രാഷ്ട്രീയമോ മററുതരത്തി
ലുള്ളതോ ആയ വിശദീകരണ കുറിപ്പുകൾ കൃതികളുടെ അവസാനത്തി
ലാണ് കൊടുത്തിരിക്കുന്നത്.

ഈ ചൈനീസ് പതിപ്പ് ഒററവാല്യമായോ, നാലു വാല്യങ്ങളുടെ
ഒരു സെററായോ ലഭിക്കുന്നതാണ്. അതിലെ ഒന്നാം വാല്യം ഒന്നാം വി
പ്ളവ ആഭ്യന്തര യുദ്ധഘട്ട (1924–27) ത്തേയും രണ്ടാം വിപ്ളവ ആഭ്യ
ന്തരയുദ്ധഘട്ട (1927_37) ത്തേയും ഉൾക്കൊള്ളുന്നു. രണ്ടും മൂന്നും
വാല്യങ്ങൾ ജപ്പാനെതിരായ ചെറുത്തു നില്പു യുദ്ധത്തിന്റെ ഘട്ട
(1937–45) വും, നാലാം വാല്യം മൂന്നാം വിപ്ളവയുദ്ധത്തേയും
(1945–49) ഉൾക്കൊള്ളുന്നു.

1951, ആഗസ്ററ് 25

ചൈനീസ് കമ്യൂണിസ്ററ് പാർട്ടി
യുടെ കേന്ദ്രകമ്മിററി നിയോഗിച്ച,
മാവോ സെതുങ്ങിന്റെ തെരഞ്ഞെടുത്ത
കൃതികളുടെ പ്രസിദ്ധീകരണത്തിനു
വേണ്ടിയുള്ള കമ്മിററി.

# പ്രസാധകക്കുറിപ്പ്

മാവോ സെതുങ്ങ് ചിന്ത ഇന്ത്യൻ വിപ്ളവത്തിൽ
പ്രയോഗിക്കപ്പെട്ടു തുടങ്ങുന്നതു തെലങ്കാനാ സായുധ കർഷകകലാപ
ത്തോടെയാണ്. എന്നാൽ ഇന്ത്യൻ ഭരണവർഗങ്ങളുടെ അതിക്രൂരമായ ക
ടന്നാക്രമണവും ഇന്ത്യൻ കമ്യൂണിസ്ററു പ്രസ്ഥാനത്തിനകത്തെ തിരു
ത്തൽ വാദശക്തികളുടെ വഞ്ചനയുംമൂലം അതു പരാജയപ്പെട്ടു. തെല
ങ്കാന സമരത്തെ വഞ്ചിച്ച അതേ രാഷ്ട്രീയ നിലപാടിൽ നിന്നുകൊണ്ട്
മാവോ സെതുങ്ങ് ചിന്തയ്ക്കെതിരെ വിമർശനമുന്നയിച്ച ഇന്ത്യൻ കമ്യൂ
ണിസ്ററു പ്രസ്ഥാനത്തിലെ തിരുത്തൽ വാദനേതൃത്വത്തിന്, സാർവ
ദേശീയ കമ്യൂണിസ്ററു പ്രസ്ഥാനത്തിന്റെ നിലപാടനുസരിച്ച് പി
ന്നീട് ഔപചാരിക സ്വയം വിമർശനം നടത്തേണ്ടിവന്നുവെങ്കിൽപോലും
മാവോ സെതുങ്ങ് ചിന്തയോട് അവർ സ്വീകരിച്ച സമീപനം ഇന്നത്തെ
പ്പോലെ തന്നെ അന്നും നിഷേധാത്മകമായിരുന്നു.

എന്നാൽ മാവോ സെതുങ്ങ് ചിന്തയ്ക്ക് ഇന്ത്യൻ വിപ്ളവത്തിലുള്ള
പ്രസക്തി തെലങ്കാനയിലെ കലാപം അസന്ദിഗ്ദ്ധമായി പ്രഖ്യാപി
ച്ചു കഴിഞ്ഞിരുന്നു. തെലങ്കാനക്കുശേഷം ഈ വിപ്ളവശക്തികൾ
വീണ്ടും ഉയിർത്തെണീക്കുന്നത് 1967ലെ ഐതിഹാസികമായ നക്സൽ
ബാരി കലാപത്തോടെയായിരുന്നു. ഇന്ത്യക്കു മുകളിൽ 'വസന്തത്തിന്റെ
ഇടിമുഴക്കം' സൃഷ്ടിച്ച ആ കലാപത്തിന്റെ പ്രകമ്പനങ്ങൾ ശ്രീകാകുള
ത്തോ, ബീർഭമിലോ, ഭോജ്പൂരിലോ എന്നല്ല ഇന്ത്യയുടെ വിശാലമാ
യ ഗ്രാമപ്രദേശങ്ങളിലൊട്ടാകെ സായുധകലാപത്തിന്റെ ചലനങ്ങൾ സൃ
ഷ്ടിച്ചു. സ്വാഭാവികമായും ഈ യുഗത്തിലെ മാർക്സിസം—ലെനിനി
സമായ മാവോ സെതുങ്ങ് ചിന്തയെ അവഗണിച്ചുകൊണ്ട് ഇന്ത്യൻ വിപ്ള
വത്തിനു തരിമ്പും മുന്നോട്ടുനീങ്ങാനാവില്ലെന്ന യഥാർത്ഥ്യം ഈ സമര
ങ്ങൾ മുന്നോട്ടുവച്ചു.

നക്സൽബാരിയും അതെത്തുടർന്നുണ്ടായ സമരങ്ങളും അവ സൃഷ്ടിച്ച ചലനങ്ങളുമായിരുന്നു കേരളത്തിലെ വിപ്ലവകാരികൾക്കും മാവോ ചിന്തയുടെ പഠനത്തിന്റെയും പ്രയോഗത്തിന്റെയും പ്രസക്തി ബോദ്ധ്യപ്പെടുത്തിക്കൊടുത്തത്. അതേത്തുടർന്ന് സ: മാവോ സെതുങ്ങിന്റെ നിരവധി കൃതികളും ലേഖനങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. സ: കുന്നിക്കൽ നാരായണന്റെ നേതൃത്വത്തിലാണ് ഇതിലേററവും പ്രധാനപ്പെട്ട ശ്രമങ്ങൾ നടന്നത്. വേറെയും വിവിധ ഗ്രൂപ്പുകളും വ്യക്തികളുമെല്ലാം മാവോ കൃതികളുടെ പ്രചാരത്തിൽ ഗണ്യമായ പങ്കു വഹിക്കുകയുണ്ടായിട്ടുണ്ട്.

എങ്കിലും സ: മാവോ സെതുങ്ങിന്റെ തെരഞ്ഞെടുത്ത കൃതികൾ മുഴുവനായി മലയാളത്തിൽ പ്രസിദ്ധപ്പെടുത്താനുള്ള ശ്രമം വിവിധ കാരണങ്ങൾകൊണ്ട് ഇതുവരെയും വിജയിച്ചിരുന്നില്ല.

ഇന്നാകട്ടെ മാർക്സിസം—ലെനിനിസത്തിന്റെ കൂടുതൽ ഉയർന്നതും ജാജ്വല്യമാനവുമായ പുതിയ തലത്തെ പ്രതിനിധീകരിക്കുന്ന മാവോ സെതുങ്ങ് ചിന്ത ഇന്ത്യൻവിപ്ലവത്തെ സംബന്ധിച്ചെന്നു മാത്രമല്ല ലോകവിപ്ലവത്തിന്റെ തലത്തിൽ തന്നെ സജീവമായി ചർച്ച ചെയ്യപ്പെടുകയാണ്. ഇന്ത്യയെപ്പോലുള്ള അർദ്ധകൊളോണിയൽ, കൊളോണിയൽ രാജ്യങ്ങളിലെ വിപ്ലവത്തിന്റെ ശരിയായ പാത അതു മുന്നോട്ടുവയ്ക്കുന്നതുകൊണ്ടു മാത്രമല്ലത് തൊഴിലാളിവർഗ സർവാധിപത്യത്തിൻ കീഴിൽ വർഗസമരത്തെ മുന്നോട്ടു നയിക്കുന്നതിനെ സംബന്ധിച്ചും, വൈരുദ്ധ്യശാസ്ത്രത്തിന് അതു നൽകിയ സംഭാവനകളെ സംബന്ധിച്ചുമെല്ലാം ഇന്നു ലോകകമ്യൂണിസ്ററു പ്രസ്ഥാനം സുപ്രധാനമായ വിശകലനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും സോവിയററു യൂണിയനിലേയും മുൻ സോഷ്യലിസ്ററു രാജ്യങ്ങളിലേയും തിരിച്ചടി ലോകകമ്യൂണിസ്ററു പ്രസ്ഥാനത്തിൽ വമ്പിച്ച പ്രതിസന്ധി സൃഷ്ടിച്ച ഈ ഘട്ടത്തിൽ മാവോ സെതുങ്ങ് ചിന്തയുടെ വെളിച്ചത്തിലുള്ള സൂക്ഷ്മപഠനവും അപഗ്രഥനവുമാണു ശരിയായ പാത കണ്ടെത്തുന്നതിനും ലോകവിപ്ലവത്തെ മുന്നോട്ടു നയിക്കുന്നതിനും വഴികാട്ടിയായി വർത്തിക്കുന്നത് എന്ന കാര്യം കൂടുതൽ കൂടുതൽ തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഇത്തരമൊരു സാഹചര്യത്തിലാണു മാവോ സെതുങ്ങിന്റെ തെരഞ്ഞെടുത്ത കൃതികൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന്റെ ഉത്തരവാദിത്തം ജനകീയ പ്രസിദ്ധീകരണകേന്ദ്രം ഏറെറടുക്കുന്നത്. മാവോ സെതുങ്ങിന്റെ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെട്ട തെരഞ്ഞെടുത്ത കൃതികളുടെ അഞ്ചു ഭാഗങ്ങളും സോവിയററ് തിരുത്തൽ വാദത്തിനെതിരായ സമരകാലത്തെകൃതികളും സാംസ്ക്കാരിക വിപ്ലവകാലത്തെ ലേഖനങ്ങളും രേഖകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആറാംഭാഗവുമാണ് ഈ പ്രസിദ്ധീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാവോ സെതുങ്ങിന്റെ തെരഞ്ഞെടുത്ത കൃതികൾക്ക് ഒരു ആറാംഭാഗം മറെറാരു ഭാഷയിലും ഇറങ്ങിയിട്ടില്ല. മാവോ കൃതികളുടെ ഈ അവസാനഭാഗത്തോടൊപ്പം സ: മാവോയുടെ ഒരു ലഘു ജീവചരിത്രകുറിപ്പുകൂടിയുണ്ടായിരിക്കും. ചൈനയിലെ വിദേശഭാഷാ പ്രസ്(Foreign Language Press) 1965—ൽ പ്രസിദ്ധീകരിച്ച തെരഞ്ഞെടുത്ത കൃതികളുടെ ഇംഗ്ലീഷ് പതിപ്പിനെ ആശ്രയിച്ചാണ് ഈ മലയാളം പതിപ്പിന്റെ ആദ്യത്തെ നാലു ഭാഗങ്ങൾ തയ്യാറാക്കുന്നത്.



മാവോ സെതുങ്ങിനെപ്പോലുള്ള മഹാനായ ഒരു ലോകവിപ്ലവാചാര്യന്റെ കൃതികൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതു ലഘുവായ ഒരുത്തരവാദിത്തമല്ലെന്നു കൃത്യമായും ഞങ്ങൾക്കറിയാമായിരുന്നു. അതുകൊണ്ടു തന്നെ ഏതെങ്കിലും ഒരു കൂട്ടർക്ക് ഒററക്കു ചെയ്യാനാവുന്ന ഒരു കാര്യവുമായിരുന്നില്ല അത്. ഇന്ത്യയിലോ കേരളത്തിലോ മാവോ ചിന്തയുടെ പ്രയോഗത്തെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുള്ളവരെങ്കിലും മാവോചിന്തയുടെ പ്രചാരണത്തിൽ താല്പര്യമുള്ള വ്യക്തികളേയും സംഘങ്ങളേയും ഒരുമിപ്പിച്ചുകൊണ്ടുള്ള ഒരു പ്രസിദ്ധീകരണ പദ്ധതിയായിരുന്നു ഞങ്ങളുടെ മനസിലുണ്ടായിരുന്നത്. അതിനുവേണ്ടിയുള്ള ശ്രമത്തിൽ പൂർണമായ വിജയം കൈവരിക്കാനായില്ലെങ്കിൽ തന്നെയും ആവേശകരമായ പ്രതികരണമാണുണ്ടായതെന്ന വസ്തുത ഇതിന്റെ വിജയത്തിൽ ഞങ്ങൾക്കാത്മവിശ്വാസം പകർന്നു. ഇതിൽനിന്നാണു ജനകീയ പ്രസിദ്ധീകരണ കേന്ദ്രം രൂപംകൊണ്ടത്. പൊതുവിൽ വിപ്ലവത്തിന്റേയും മാവോചിന്തയുടെയും താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരുടെ ഒരു എളിയ സംരംഭമാണിത്. മാവോ കൃതികളുടെ പ്രസിദ്ധീകരണം മാത്രമല്ല, മാർക്സിസ്ററ്-ലെനിനിസ്ററ് ക്ളാസിക്കുകളിലൂന്നി നിന്നുകൊണ്ട് കമ്യൂണിസ്ററു ദർശനത്തെ സമ്പുഷ്ടമാക്കാനുതകുന്ന കൃതികളുടെ പ്രസിദ്ധീകരണവും പഠനവുമാണിതിന്റെ പ്രഖ്യാപിത ലക്ഷ്യം.

എങ്കിലും ഇത്തരമൊരു സംരംഭത്തിൽ താല്പര്യമുള്ളവരുടെ മുഴുവൻ പ്രതീക്ഷകളോടും നീതി പുലർത്താൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഖേദപൂർവം ഏററുപറയട്ടെ. മാവോയുടെ ചരമദിനമായ സെപ്തംബർ 9നുതന്നെ പ്രസിദ്ധീകരണ തീയതി പ്രഖ്യാപിക്കപ്പെട്ടതുകൊണ്ട് അതു പാലിക്കുന്നതിനുവേണ്ടി വിവർത്തനം എഡിററിംഗ്, അച്ചടി തുടങ്ങിയവയിൽ ഏറെ ധൃതിവെക്കേണ്ടി വന്നതുകൊണ്ടു പുസ്തകത്തിന്റെ പൊതുവായ ഗെററപ്പിലും അച്ചടിയിലും പ്രതീക്ഷിച്ചത്ര നിലവാരം പുലർത്താൻ കഴിഞ്ഞിട്ടില്ല. അതിനേക്കാൾ പ്രധാനം വിവർത്തനത്തിന്റെ കാര്യത്തിൽ സംഭവിച്ചിട്ടുള്ള അപര്യാപ്തകളാണ്. വളരെ പരിമിതമായ ഒരു സമയത്തിനകത്തു ചെയ്തുതീർക്കേണ്ടിവന്നതുകൊണ്ടു വിവിധ വ്യക്തികൾ നിർവഹിച്ച വിവർത്തനത്തെ സമഗ്രമായിപരിശോധിക്കുന്നതിനും പദപ്രയോഗങ്ങളിലെ ഏകീഭാവം കൈവരുത്തുന്നതിനും വേണ്ട ഏർപ്പാടുകൾ കഴിയാതെ വന്നിട്ടുണ്ട്. ഇതു പുസ്തകത്തിന്റെ രാഷ്ട്രീയ ഉള്ളടക്കത്തിനു പോറലേല്പിച്ചിട്ടില്ലെങ്കിലും ഈ അപര്യാപ്തത ഒരു വൈരൂപ്യമായി അനുഭവപ്പെട്ടുകൂടെന്നില്ല. മാത്രമല്ല വിവർത്തനം ചെയ്യപ്പെട്ട പ്രത്യേക രാഷ്ട്രീയ സാമ്പത്തിക, ദാർശനിക, സൈനിക പദങ്ങളെ സംബന്ധിച്ചു ഗ്രഹിക്കാൻ സഹായിക്കുന്ന ഒരു പദസഞ്ചയം(Glossary)തയ്യാറാക്കി ചേർക്കാനും കഴിഞ്ഞിട്ടില്ല. കൃത്യസമയത്ത് അച്ചടി തീർക്കേണ്ടതിനുവേണ്ടി രണ്ടു പ്രസുകളിലായി അച്ചടി നടത്തേണ്ടി വന്നിട്ടുള്ളതുകൊണ്ട് 234—241 പേജുകൾ ശൂന്യമായിക്കിടക്കേണ്ട സാഹചര്യമുണ്ടായി. ഇതു പേജുനമ്പറിന്റെ കാര്യത്തിൽ അസൗകര്യമുണ്ടാക്കിയിട്ടുണ്ടെങ്കിലും 234—ാം പേജു കഴിഞ്ഞാൽ 241—ാം പേജു തുടർന്നു വായിക്കാവുന്നതാണ്. ഇത്തരം അപര്യാപ്തതകളും കുറവുകളുമെല്ലാം ഒരു രണ്ടാം പതിപ്പിറക്കേണ്ടി വരുമ്പോൾ പരിഹരിക്കാമെന്നു മാത്രമേ ഇപ്പോൾ പറയാനാവൂ. മാത്രമല്ല അടുത്ത വാല്യങ്ങളിൽ ഇത്തരം പിശകുകൾ പരമാവധി ഒഴിവാക്കുകയും ചെയ്യുന്നതാണ്.

ഇത്രയും പരിമിതികളുണ്ടെങ്കിൽ പോലും ഈ ഗ്രന്ഥത്തിലെ കൃതികളുടെ വിവർത്തനം നിർവ്വഹിച്ചുതന്ന സുഹൃത്തുക്കളോട് ഹൃദയംഗമായ നന്ദിരേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കട്ടെ. വിവർത്തനത്തിലേർപ്പെട്ടവർക്ക് വേണ്ടത്ര സൗകര്യങ്ങൾ ചെയ്തുകൊടുക്കാനോ, വിവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കാനോ പ്രസിദ്ധീകരണ കേന്ദ്രത്തിനു കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ വിവർത്തനത്തിലും അച്ചടിയിലും സംഭവിച്ചിട്ടുള്ള മുഴുവൻ പോരായ്മകളുടേയും ഉത്തരവാദിത്തം പ്രസിദ്ധീകരണ കേന്ദ്രം ഏറ്റെടുക്കുന്നു. ഈ പരിമിതികൾക്കും സാമ്പത്തികവും മററു തരത്തിലുമുള്ള പ്രതികൂല സാഹചര്യങ്ങൾക്കും നടുവിൽ നിന്നുകൊണ്ടുതന്നെ ഇന്നത്തെ രൂപത്തിൽ ഈ വാല്യം പുറത്തിറക്കാൻ കഴിഞ്ഞതിലും പരമാവധി കുറഞ്ഞവിലക്ക് വിതരണം ചെയ്യാൻ കഴിഞ്ഞതിലും ചെറിയ തോതിലെങ്കിലും ചാരിതാർത്ഥ്യത്തിന് അവകാശമുണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്. മാവോ സെതുങ്ങ് ചിന്തയിലും ഇന്ത്യൻ വിപ്ളവത്തിലും താല്പര്യമുള്ള മലയാളികളുടെ സഹകരണത്തോടെ ഈ സംരംഭം പൂർത്തീകരിക്കാനാവുമെന്ന പ്രതീക്ഷയോടെ ഈ വാല്യം കേരളത്തിലെ ജനങ്ങൾക്ക് മുമ്പിൽ സമർപ്പിക്കട്ടെ.

കോട്ടയം,
1–9–1983.

ജനകീയ പ്രസിദ്ധീകരണ കേന്ദ്രം

# ഉള്ളടക്കം

## ഒന്നാം വിപ്ലവ ആഭ്യന്തരയുദ്ധ കാലഘട്ടം


ചൈനീസ് സമുദായത്തിലെ വർഗങ്ങളുടെ വിശകലനം 17

ഹുനാനിലെ കർഷകപ്രസ്ഥാനത്തെക്കുറിച്ചുള്ള സൂക്ഷ്മാന്വേഷണ റിപ്പോർട്ട് 29

കർഷക പ്രശ്നത്തിൻെറ പ്രാധാന്യം 29

സംഘടിതരാവുക! 30

പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും തുലയട്ടെ.! എല്ലാ അധികാരവും കർഷകസംഘങ്ങൾക്ക് 31

'അതു ഭീകരമാണ്!' അല്ലെങ്കിൽ 'അതു നല്ലതാണ്' 'അതിരു കടക്കുന്നതി'ൻെറ പ്രശ്നം 34

'അലവലാതികളു'ടെ പ്രസ്ഥാനം 36

വിപ്ളവത്തിൻെറ മുന്നണിപോരാളികൾ 36

പതിനാലു മഹത്തായ നേട്ടങ്ങൾ 41


## രണ്ടാം വിപ്ലവ ആഭ്യന്തരയുദ്ധ കാലഘട്ടം


എന്തുകൊണ്ടാണ് ചൈനയിൽ ചുവപ്പ രാഷ്ട്രീയാധികാരത്തിന് നിലനില്ക്കാൻ കഴിയുന്നത്? 75

1. ആഭ്യന്തരമായ രാഷ്ട്രീയ സാഹചര്യം 75
2, ചൈനയിലെ ചുവപ്പു രാഷ്ട്രീയാധികാരം ഉടലെടുക്കുന്നതിൻേറയും നിലനിന്നു പോരുന്നതിൻെറയും കാരണങ്ങൾ 76
3. ഹുനാൻ–കിയാങ്ങ്സി അതിർത്തി പ്രദേശത്തെ സ്വാതന്ത്ര്യഭരണവും ആഗസ്ററിലെ പരാജയവും 79
4. ഹുനാൻ–കിയാങ്ങ്സി അതിർത്തി പ്രദേശത്തെ സ്വാതന്ത്ര്യഭരണം ഹുനാൻ, ഹുപെ എന്നിവിടങ്ങളിൽ വഹിക്കുന്ന പങ്ക് 80
6. സൈനിക താവളങ്ങളുടെ പ്രശ്നങ്ങൾ 81

ചിങ്ങ്കാങ്ങ് പർവതങ്ങളിലെ സമരം

ഹുനാൻ കിയാങ്ങ്സി അതിർത്തി പ്രദേശത്തെ 87
സ്വാതന്ത്ര്യ ഭരണവും ആഗസ്ററിലെ പരാജയവും 87
സ്വാതന്ത്ര്യഭരണത്തിനു കീഴിലുള്ള പ്രദേശത്തെ വർത്തമാന പരിതസ്ഥിതി. 92

പാർട്ടിക്കുള്ളിലെ തെററായ ആശയങ്ങൾ തിരുത്തുന്നതിനെക്കുറിച്ച് 123
തനി സൈനികമായ കാഴ്ചപ്പാടിനെക്കുറിച്ച് 123
അതിജനാധിപത്യത്തെക്കുറിച്ച് 126
സംഘടനാപരമായ അച്ചടക്കത്തെ അവഗണിക്കുന്നതിനെക്കുറിച്ച് 128
ആത്മ നിഷ്ഠവാദത്തെക്കുറിച്ച് 130
വ്യക്തിവാദത്തെക്കുറിച്ച് 131
അലഞ്ഞു നടക്കുന്ന കലാപസംഘങ്ങളുടെ ആശയ സംഹിതയെക്കുറിച്ച് 132
പുഷിസത്തിന്റെ അവശിഷ്ടങ്ങളെക്കുറിച്ച് 133

ഒററ തീപ്പൊരിക്ക് അതിഭയങ്കരമായ ഒരു കാട്ടുതീ ആരംഭിക്കാൻ കഴിയും 136

സാമ്പത്തിക പ്രവർത്തനത്തിൽ ശ്രദ്ധിക്കുക 150

നാട്ടിൻപുറങ്ങളിലെ വർഗങ്ങളെ എങ്ങനെ വേർതിരിക്കാം 158

നമ്മുടെ സാമ്പത്തിക നയം 161

ജനക്ഷേമത്തിൽ തല്പ്പരരാകുക; പ്രവർത്തന ശൈലിയിൽ ശ്രദ്ധ ഊന്നുക 167

ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിലെ അടവുകൾ 173
ഇന്നത്തെ രാഷ്ട്രീയാവസ്ഥയുടെ സവിശേഷതകൾ 182
ദേശീയ ഐക്യമുന്നണി 182
ജനകീയ റിപ്പബ്ളിക്ക് 182
സാർവദേശീയ പിന്തുണ 191

ചൈനീസ് വിപ്ളവയുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ
1. യുദ്ധത്തെ എങ്ങനെ പഠിക്കണം 204
2. ചൈനീസ് കമ്യൂണിസ്ററു പാർട്ടിയും ചൈനയിലെ വിപ്ളവയുദ്ധവും 217
3. ചൈനയിലെ വിപ്ളവയുദ്ധത്തിന്റെ സവിശേഷതകൾ 220
4. 'വലയം ചെയ്ത് അടിച്ചമർത്തലും' അതിനെതിരായ ക്യാമ്പെയിനും 227
5. തന്ത്രപരമായ പ്രതിരോധം 232



ചിയാങ്ങ് കൈഷക്കിന്റെ പ്രസ്താവനയെക്കുറിച്ച് ഒരു പ്രസ്താവന 295

ജപ്പാനെതിരായ പ്രതിരോധത്തിൽ ചൈനീസ് കമ്യൂണിസ്ററുപാർട്ടിയുടെ കടമകൾ 305
ചൈനയിലെ അകത്തും പുറത്തുമുള്ള വൈരുദ്ധ്യങ്ങളുടെ വികാസത്തിന്റെ ഇന്നത്തെ ഘട്ടം 305
ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരം 309
നേതൃത്വം കൊടുക്കുന്നതിനുള്ള നമ്മുടെ ഉത്തരവാദിത്വം 315

ജപ്പാനെതിരായ ദേശീയ ഐക്യമുന്നണിക്കുവേണ്ടി ദശലക്ഷക്കണക്കിനു ജനങ്ങളെ നേടിയെടുക്കുക. 330
സമാധാനത്തിന്റെ പ്രശ്നം 330
ജനാധിപത്യത്തിന്റെ പ്രശ്നം 333
വിപ്ളവത്തിന്റെ ഭാവിയുടെ പ്രശ്നം 335
കേഡർമാരുടെ പ്രശ്നം 336
പാർട്ടിക്കുള്ളിലെ ജനാധിപത്യത്തിന്റെ പ്രശ്നം 337
മുഴുവൻ പാർട്ടിയിലും കോൺഫ്രൻസിലും ഐക്യം
ജപ്പാനെതിരായ ദേശീയ ഐക്യമുന്നണിക്കായി ദശലക്ഷക്കണക്കിനു ജനങ്ങളെ നേടിയെടുക്കുക. 338

പ്രയോഗത്തെക്കുറിച്ച് 347

വൈരുദ്ധ്യത്തെക്കുറിച്ച് 353
1. രണ്ടു ലോകവീക്ഷണങ്ങൾ 358
2. വൈരുദ്ധ്യത്തിന്റെ സാർവത്രികത്വം 359
3. വൈരുദ്ധ്യത്തിന്റെ പ്രത്യേകത്വം 363
4. മുഖ്യ വൈരുദ്ധ്യവും ഒരു വൈരുദ്ധ്യത്തിന്റെ മുഖ്യവശവും 378
5. വൈരുദ്ധ്യത്തിൽ ഭിന്നവശങ്ങളുടെ അനന്യതയും സമരവും 384
6. വൈരുദ്ധ്യത്തിൽ ശത്രുതയുടെ സ്ഥാനം 391
7. ഉപസംഹാരം 398

# ഒന്നാം വിപ്ലവ ആഭ്യന്തര യുദ്ധകാലഘട്ടം

(1924-27)

# ചൈനീസ് സമുദായത്തിലെ വർഗ്ഗങ്ങളുടെ വിശകലനം*

1926, മാർച്ച്

ആരാണു നമ്മുടെ ശത്രുക്കൾ? ആരാണു നമ്മുടെ മിത്രങ്ങൾ? വിപ്ലവത്തെ സംബന്ധിക്കുന്ന പ്രഥമപ്രധാനമായൊരു ചോദ്യമാണിത്. ചൈനയിൽ മുൻകാലങ്ങളിലുണ്ടായ എല്ലാ വിപ്ലവസമരങ്ങൾക്കും കാര്യമായ നേട്ടങ്ങളുണ്ടാവാതിരുന്നതിന്റെ അടിസ്ഥാനകാരണം യഥാർത്ഥശത്രുക്കളെ ആക്രമിക്കാൻവേണ്ടി യഥാർത്ഥ മിത്രങ്ങളുമായി യോജിക്കുന്നതിൽ അവയ്ക്കുപററിയ പരാജയമായിരുന്നു. ഒരു വിപ്ലവ പാർട്ടി ബഹുജനങ്ങളുടെ വഴികാട്ടിയാണ്. അത്തരമൊരു വിപ്ലവ പാർട്ടി അവരെ തെററായ വഴിയിലൂടെ നയിക്കുകയാണെങ്കിൽ ഒരു വിപ്ലവവും ഒരു കാലത്തും വിജയിക്കയില്ല. നമ്മുടെ വിപ്ലവത്തിൽ നാം തീർച്ചയായും വിജയം കരസ്ഥമാക്കുമെന്നും ബഹുജനങ്ങളെ വഴിപിഴപ്പിക്കുകയില്ലെന്നും ഉറപ്പു വരുത്തുന്നതിനുവേണ്ടി നമ്മുടെ യഥാർത്ഥ ശത്രുക്കളെ ആക്രമിക്കാനായി യഥാർത്ഥ മിത്രങ്ങളുമായി യോജിക്കുന്നകാര്യത്തിൽ നാം ശ്രദ്ധചെലുത്തിയേ തീരൂ. യഥാർത്ഥ മിത്രങ്ങളെ യഥാർത്ഥ ശത്രുക്കളിൽനിന്നു വേർതിരിച്ചറിയുന്നതിന് ചൈനീസ് സമുദായത്തിലെ വിവിധ വർഗങ്ങളുടെ സാമ്പത്തിക പദവിയെയും അതനുസരിച്ച് അവയിലോരോന്നിനും വിപ്ലവത്തോടുള്ള മനോഭാവത്തെയുംപററി ഒരു പൊതുവിശകലനം നാം നടത്തേണ്ടതുണ്ട്.

ചൈനീസ് സമുദായത്തിലെ ഓരോ വർഗത്തിന്റെയും സ്ഥിതിയെന്താണ്?

---

* പാർട്ടിയിൽ അന്നു കാണപ്പെട്ട രണ്ടു വ്യതിയാനങ്ങളെ നേരിടാനായി സഖാവ് മാവോസെതുങ്ങ് എഴുതിയതായിരുന്നു ഈ ലേഖനം. ചെൻടു–ഹ്സ്യു പ്രതിനിധീകരിച്ച ഒന്നാം വ്യതിയാനത്തിന്റെ വ്യാഖ്യാതാക്കൾ കൂമിന്താങ്ങുമായുള്ള പരസ്പര സഹകരണത്തിൽ മാത്രമേ താൽപര്യം കാട്ടിയിരുന്നുള്ളു. അവർ കർഷകരെ മറന്നുകളഞ്ഞു. ഇതു വലതുപക്ഷ അവസരവാദം ആയിരുന്നു. ചാങ്ങ്കോ–ടാഒ പ്രതിനിധീകരിച്ച രണ്ടാം വ്യതിയാനത്തിന്റെ വ്യാഖ്യാതാക്കൾ തൊഴിലാളി പ്രസ്ഥാനത്തിൽ മാത്രമേ താല്പര്യം കാട്ടിയുള്ളു. ഇവരും മററവരെപ്പോലെതന്നെ കർഷകരെ മറന്നുകളഞ്ഞു. ഇത് 'ഇടതുപക്ഷ' അവസരവാദം ആയിരുന്നു. തങ്ങളുടെ സ്വന്തം ശക്തി അപര്യാപ്തമാണെന്നു രണ്ടു കൂട്ടർക്കും അറിയാമായിരുന്നു; പക്ഷെ എവിടെനിന്നാണു പോഷകശക്തികളെ തേടേണ്ടതെന്നോ ബഹുജനാടിസ്ഥാനത്തിൽ സഖ്യശക്തികളെ എവിടെനിന്നാണു നേടേണ്ടതെന്നോ രണ്ടുകൂട്ടർക്കും അറിയില്ലായിരുന്നു.

## ജൻമിവർഗവും ദല്ലാൾ വർഗവും

സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ സ്ഥിതിചെയ്യുന്നതും
അർദ്ധ കൊളോണിയലുമായ ചൈനയിലെ ജന്മിവർഗവും ദല്ലാൾ വർ
ഗവും അപ്പാടെ സാർവദേശീയ മുതലാളിവർഗത്തിന്റെ അനുബന്ധ
ങ്ങളാണ്; സാമ്രാജ്യത്വത്തെയാണ് തങ്ങളുടെ നിലനിൽപിനും വളർച്ച
ക്കും അവർ ആശ്രയിക്കുന്നത്. ചൈനയിൽ ഏററവും പഴഞ്ചനും പി
ന്തിരിപ്പനുമായ ഉല്പാദനബന്ധങ്ങളെയാണ് ഈ വർഗങ്ങൾ പ്രതിനി
ധീകരിക്കുന്നത്. അവ ചൈനയുടെ ഉല്പാദനശക്തികളുടെ വികാസ
ത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇവരുടെ നിലനില്പ്
ചൈനീസ് വിപ്ലവത്തിന്റെ ലക്ഷ്യങ്ങളുമായി തീർത്തും പൊരുത്ത
പ്പെടാത്തതാണ്. പ്രത്യേകിച്ചും വൻകിട ജന്മിവർഗവും വൻകിട ദ
ല്ലാൾ വർഗവും എല്ലായ്പോഴും സാമ്രാജ്യത്വത്തിന്റെ ഭാഗത്തു ചേരു
ന്നു. അതുകൊണ്ടുതന്നെ അവർ അങ്ങേയററം പ്രതിവിപ്ലവപരമായ
ഒരു വിഭാഗവുമാകുന്നു. അവരുടെ രാഷ്ട്രീയ പ്രതിനിധികൾ 'ഇററാ
ററിസ്റ്റ്'[2]കളും കൂമിന്താങ്ങിന്റെ വലതുപക്ഷവുമാണ്.

## ഇടത്തരം ബൂർഷ്വാസി

ചൈനയിലെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ഉള്ള മുതലാളി
ത്ത ഉല്പാദന ബന്ധങ്ങളെയാണ് ഈ വർഗം പ്രതിനിധീകരിക്കുന്ന
ത്. ഇടത്തരം ബൂർഷ്വാസി എന്നു പറയുമ്പോൾ നാമർത്ഥമാക്കുന്നത്
പ്രധാനമായും ദേശീയ ബൂർഷ്വാസി[3] എന്നാണ്. ചൈനീസ് വിപ്ല
വത്തോടുള്ള അതിന്റെ നിലപാട് ഒട്ടും സ്ഥിരതയില്ലാത്തതാണ്. വി
ദേശമൂലധനത്തിന്റെ പ്രഹരങ്ങളും യുദ്ധപ്രഭുക്കളുടെ മർദ്ദനവുമേററു
പുളയുമ്പോൾ വിപ്ലവമൊരാവശ്യമാണെന്നിവർക്കു തോന്നുകയും സാ
മ്രാജ്യത്വത്തിനും യുദ്ധപ്രഭുക്കൾക്കുമെതിരായ വിപ്ലവപ്രസ്ഥാന
ത്തെ അനുകൂലിക്കുകയും ചെയ്യുന്നു. പക്ഷെ, വിപ്ലവത്തിൽ നാ
ട്ടിലെ തൊഴിലാളിവർഗം സമരാവേശത്തോടെ പങ്കുചേരുകയും അതിനു
വിദേശങ്ങളിലെ സാർവദേശീയ തൊഴിലാളിവർഗത്തിന്റെ സജീവ പി
ന്തുണ ലഭിക്കുകയും ചെയ്യുന്നു. ഒരു വൻകിട ബൂർഷ്വാസിയായിക്ക
ളയാമെന്ന തങ്ങളുടെ വർഗത്തിന്റെ ആശകളെ വിപ്ലവം അപകടപ്പെടു
ത്തുകയാണെന്ന് ഇവർ മണത്തറിയുകയും അതിനോട് ആശങ്കപ്രകടിപ്പി
ക്കുകയും ചെയ്യുന്നു. രാഷ്ട്രീയമായി, ഒരേയൊരു വർഗത്തിന്റെ, അതാ
യത്, ദേശീയ ബൂർഷ്വാസിയുടെ നിയന്ത്രണത്തിൻകീഴിലുള്ള ഒരു ഭരണ
കൂടം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഇവർ നിലകൊള്ളുന്നത്. ടാ
യ്ചി-ടാഒ[4] വിന്റെ ശിഷ്യനാണെന്നു സ്വയമവകാശപ്പെട്ട ഒരാൾ പീ
ക്കിങ്ങിലെ 'ചെൻപാ ഒ'[5] എന്ന പത്രത്തിൽ ഇപ്രകാരം എഴുതുകയുണ്ടാ
യി: 'സാമ്രാജ്യ വാദികളെ ഇടിച്ചുവീഴ്ത്താൻ നിങ്ങളുടെ ഇടതുമു
ഷ്ടി ഉയർത്തുക, കമ്മ്യൂണിസ്ററുകാരെ ഇടിച്ചുവീഴ്ത്താൻ നിങ്ങളുടെ

---

ചൈനയിലെ തൊഴിലാളിവർഗത്തിന്റെ ഏററവും കരുത്തുററതും ഏററ
വും സംഖ്യാബലമുള്ളതുമായ സഖ്യശക്തി കർഷകരാണെന്നു സഖാവ്
മാവോസെതുങ്ങ് ചൂണ്ടിക്കാട്ടി. അങ്ങിനെ ചൈനീസ് വിപ്ലവത്തി
ലെ പ്രധാന സഖ്യശക്തി ആരാണെന്നുള്ള പ്രശ്നം അദ്ദേഹം പരിഹരി
ച്ചു. മാത്രമല്ല, ദേശീയ ബൂർഷ്വാസി ചാഞ്ചാട്ട സ്വഭാവമുള്ള ഒരു വർഗ
മാണെന്നു കാണുകയും. വിപ്ലവത്തിന്റെ ഇരമ്പിക്കയററത്തിൽ അത്
ഛിന്നഭിന്നമാകുമെന്നും അപ്പോൾ അതിന്റെ വലതുപക്ഷം സാമ്രാജ്യ
ത്വത്തിന്റെ ഭാഗത്തേക്കു പോകുമെന്നും പ്രവചിക്കുകയും ചെയ്തു.
1927-ലെ സംഭവവികാസങ്ങൾ ഈ നിഗമനം ശരിയാണെന്നു തെ
ളിയിച്ചു.



വലതുമുഷ്ടിയും'. ഈ വാക്കുകൾ ഈ വർഗത്തിന്റെ വിഷമസ്ഥിതി
യും ഉൽക്കണ്ഠയും വ്യക്തമായി ചിത്രീകരിക്കുന്നു. കൂമിന്താങ്ങി
ന്റെ 'ജനങ്ങളുടെ ഉപജീവനമാർഗ'ത്തിന്റെ സിദ്ധാന്തത്തെ വർഗസമര
ത്തിന്റെ സിദ്ധാന്തത്തിനനുസൃതമായി വ്യാഖ്യാനിക്കുന്നതിനോട് ഇ
വർ എതിരാണ്. കൂടാതെ റഷ്യയുമായുള്ള കൂമിന്താങ്ങിന്റെ സഖ്യ
ത്തേയും കമ്മ്യൂണിസ്ററുകാർക്കും[6] മററു ഇടതുപക്ഷക്കാർക്കും കൂമി
ന്താങ്ങിൽ അംഗത്വം നൽകുന്നതിനേയും ഇവർ എതിർക്കുന്നു. പക്ഷേ
ദേശീയ ബൂർഷ്വാസിയുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഒരു ഭരണകൂ
ടം സ്ഥാപിക്കാനുള്ള അതിന്റെ ശ്രമം തികച്ചും അപ്രായോഗികമാണ്.
കാരണം രണ്ടു മുഖ്യശക്തികൾ, അതായതു വിപ്ലവവും പ്രതിവിപ്ല
വവും ഒരു അന്തിമസമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ലോകസാഹചര്യ
മാണ് ഇന്നത്തേത്. ഇവ രണ്ടും ഓരോ കൂററൻ കൊടിക്കൂറകൾ നാട്ടി
ക്കഴിഞ്ഞു. ഇവയിലൊന്ന് മൂന്നാം ഇൻറർനാഷനൽ പൊക്കിപ്പിടിക്കു
ന്ന ലോകത്തുള്ള എല്ലാ മർദ്ദിതവർഗങ്ങളേയും ഒന്നിച്ചണിനിരത്തുന്ന
വിപ്ലവത്തിന്റെ രക്തപതാകയാണ്. മറേറതു ലോകത്തുള്ള എല്ലാ
പ്രതിവിപ്ലവകാരികളേയും ഒന്നിച്ചണിനിരത്തുന്നതും ലീഗ് ഓഫ്
നേഷൻസ് ഉയർത്തിപ്പിടിക്കുന്നതുമായ പ്രതിവിപ്ലവത്തിന്റെ വെള്ള
ക്കൊടിയാണ്. ഇവ രണ്ടിന്റെയും ഇടയ്ക്കുള്ള എല്ലാ വർഗങ്ങളും അ
തിവേഗം ഛിന്നഭിന്നമായി പോകുന്നതാണ്. ഇതിൽ ചില ഭാഗങ്ങൾ
വിപ്ലവത്തിൽ ചേരാൻവേണ്ടി ഇടത്തോട്ടു തിരിയുന്നതും മററുള്ളവ പ്ര
തിവിപ്ലവത്തോടു ചേരാൻവേണ്ടി വലത്തോട്ടു തിരിയുന്നതുമാണ്.
'സ്വതന്ത്രമായി' നിലനിൽക്കാൻവേണ്ടി അവർക്കെവിടെയും ഇടമില്ലത
ന്നെ. അതുകൊണ്ട് ചൈനയിലെ ഇടത്തരം ബൂർഷ്വാസി പുലർത്തി
പ്പോരുന്ന 'സ്വതന്ത്രമായ' ഒരു വിപ്ലവം (ഇതിലാണെങ്കിൽ ഇവർക്കു
സർവപ്രധാനമായ ഒരു പങ്കു വഹിക്കാനും കഴിയുമല്ലോ) എന്ന ആശയം
'വെറുമൊരു മിഥ്യ മാത്രമാണ്.

## പെററി ബൂർഷ്വാസി

ഉടമകർഷകർ[7] കൈത്തൊഴിൽ വിദഗ്ദ്ധർ, താഴ്ന്ന നിലവാരത്ത
ളിലുള്ള ബുദ്ധിജീവികൾ— അതായതു വിദ്യാർത്ഥികൾ, പ്രൈമറി—
സെക്കണ്ടറി സ്ക്കൂളുകളിലെ അദ്ധ്യാപകർ, താഴ്ന്ന ഗവൺമെൻറ് ജീ
വനക്കാർ, ആഫീസ് ഗുമസ്ഥന്മാർ, ചെറുവക്കീലന്മാർ എന്നിവരും
ചെറുകച്ചവടക്കാരും ഈ വിഭാഗത്തിൽ പെടുന്നവരാണ്. എണ്ണത്തിലു
ള്ള വലുപ്പംകൊണ്ടും വർഗസ്വഭാവം കൊണ്ടും ഈ വർഗം വളരെയധികം
ശ്രദ്ധയർഹിക്കുന്നു. ഉടമകർഷകരും കൈത്തൊഴിൽ വിദഗ്ധരും ചെ
റുകിട ഉല്പാദനത്തിലേർപ്പെട്ടവരാണ്, ഈ വർഗ്ഗത്തിന്റെ എല്ലാ നി
രകളിലുമുള്ളവർക്ക് ഒരേ പെററി ബൂർഷ്വാ സാമ്പത്തിക പദവിയാണു
ള്ളതെങ്കിൽപോലും അവരെ മൂന്നു വ്യത്യസ്ത വിഭാഗങ്ങളായി തരംതിരി
ക്കാവുന്നതാണ്. കുറച്ചൊക്കെ പൈസയോ ധാന്യമോ മിച്ചമുള്ളവരാ
ണ് ഒന്നാമത്തെ വിഭാഗത്തിൽപ്പെടുന്നത്. അതായത്, കായികാദ്ധ്വാ
നംകൊണ്ടോ മാനസികാദ്ധ്വാനം കൊണ്ടോ ഓരോ വർഷവും തങ്ങളുടെ
നിലനില്പിനാവശ്യമുള്ളതിനേക്കാൾ കൂടുതൽ സമ്പാദിക്കുന്നവരാ
ണിവർ. അത്തരമാൾക്കാർ ധനികരാകാൻ വളരെയധികം ആഗ്രഹിക്കു
ന്നു. മാർഷൽ ചാഒ[8] വിന്റെ അകമഴിഞ്ഞ ആരാധകരാണവർ. വലിയ
സമ്പാദ്യം ഉണ്ടാക്കാൻ കഴിയുമെന്ന വ്യാമോഹം അവർക്കില്ലെങ്കിൽക്കൂടി
യും ഇടത്തരം ബൂർഷ്വാസിയുടെ നിലവാരത്തിലേക്കുയരാൻ ഇവർ അനി
വാര്യമായും ആശിക്കുന്നു. ആ കൊച്ചു പണച്ചാക്കുകൾക്കു ലഭിക്കുന്ന
ബഹുമാനം കാണുമ്പോൾ ഇവരുടെ വായ്കളിൽ ഉമിനീർ നിറയുന്നു.
ഇത്തരമാൾക്കാർ ഭീരുക്കളാണ്. ഗവൺമെൻറ് ഉദ്യോഗസ്ഥന്മാരെ അ
വർ ഭയപ്പെടുന്നു. വിപ്ലവത്തോടും കുറച്ചൊക്കെ പേടിയാണവർക്ക്.

സാമ്പത്തിക പദവിയിൽ ഇവർ ഇടത്തരം ബൂർഷ്വാസിയുമായി വളരെ
അടുത്തു നിൽക്കുന്നതുകൊണ്ട് അതിന്റെ പ്രചരണത്തിൽ ഇവർ വളരെ
യേറെ വിശ്വാസമർപ്പിക്കുന്നു. തന്നിമിത്തം വിപ്ളവത്തോട് അവി
ശ്വാസം പുലർത്തുകയും ചെയ്യുന്നു. പെറ്റിബൂർഷ്വാസിക്കിടയിൽ
ഈ വിഭാഗം ഒരു ന്യൂനപക്ഷമാണ്. അതിന്റെ വലതുപക്ഷമായാ
ണ് അവർ സ്ഥിതിചെയ്യുന്നത്. സാമ്പത്തികമായി മൊത്തത്തിൽ സ്വ
യം പര്യാപ്തമായവരാണു രണ്ടാമത്തെ വിഭാഗത്തിൽപെടുന്നത്. ഒന്നാ
മത്തെ വിഭാഗത്തിലെ ആൾക്കാരിൽനിന്നും തികച്ചും വ്യത്യസ്തരാണി
വർ. ഇവർക്കും ധനികരാവാൻ ആഗ്രഹമുണ്ട്. പക്ഷേ എന്തു ചെയ്യും,
മാർഷൽ ചാങ് ഇവരോടു പ്രസാദിക്കാറില്ല. മാത്രമല്ല അടുത്തകാലങ്ങളിൽ
സാമ്രാജ്യവാദികളുടെയും യുദ്ധപ്രഭുക്കളുടെയും ഫ്യൂഡൽ ഭൂപ്രഭുക്ക
ളുടെയും വൻകിട ബ്ലോക്ക് ബൂർഷ്വാസിയുടേയും മർദ്ദനംകൊണ്ടും ചൂഷ
ണം കൊണ്ടും വിഷമതകൾ അനുഭവിക്കുന്നതിന്റെ ഫലമായി പണ്ടത്തെ
ലോകമല്ല ഇന്നുള്ളത് എന്ന ധാരണയിൽ ഇവർ എത്തിയിരിക്കുകയുമാ
ണ്; പണ്ടത്തെ തോതിൽമാത്രം അദ്ധ്വാനിച്ചാൽ ജീവിക്കാനാവശ്യമായ
തുപോലും സമ്പാദിക്കാൻ തങ്ങൾക്കു കഴിയുന്നതല്ല എന്നവർ മനസ്സി
ലാക്കുന്നു. ജീവിതച്ചെലവു കഷ്ടിച്ചെങ്കിലും വഹിക്കാൻവേണ്ടി അ
വർക്കു കൂടുതൽനേരം ജോലി ചെയ്യേണ്ടിവരികയും രാവിലെ കൂടുതൽ
നേരത്തെ എഴുന്നേൽക്കേണ്ടിവരികയും കൂടുതൽ വൈകി ജോലിയിൽനി
ന്നു വിട്ടുപോരേണ്ടിവരികയും പ്രവൃത്തിയിൽ ഇരട്ടി സൂക്ഷ്മത പാ
ലിക്കേണ്ടിവരികയും ചെയ്യുന്നു. അവർ കണ്ടതിനെയെല്ലാം അസഭ്യം പറ
യാൻ തുടങ്ങുന്നു. വിദേശീയരെ 'വിദേശപ്പിശാചുക്കൾ' എന്നും യു
ദ്ധപ്രഭുക്കളെ 'കൊള്ളത്തലവന്മാർ' എന്നും പ്രാദേശിക ജന്മർദ്ദകരെ
യും ക്രൂരരായ നാട്ടുപ്രമാണിമാരേയും 'ഹൃദയശൂന്യരായ പണക്കാർ'
എന്നും പറഞ്ഞവർ പരസ്യമായി നിന്ദിക്കുന്നു. സാമ്രാജ്യത്വത്തിനും
യുദ്ധപ്രഭുക്കൾക്കുമെതിരായ പ്രസ്ഥാനത്തെ സംബന്ധിച്ചു പറയു
കയാണെങ്കിൽ അതിനു വിജയിക്കാൻ കഴിയുമോ (വിദേശികളും യുദ്ധ
പ്രഭുക്കളും കാഴ്ചയിൽ വളരെയേറെ ശക്തരാണെന്ന അടിസ്ഥാന
ത്തിൽ) എന്ന് അവർ സംശയിക്കുകയും അതിൽ ചേരാൻ ശങ്കിച്ചു നി
ല്ക്കുകയും നിഷ്പക്ഷത പാലിക്കാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു.
അതേസമയം അവർ വിപ്ളവത്തെ ഒരിക്കലും എതിർക്കുന്നില്ല. ഈ വി
ഭാഗം എണ്ണത്തിൽ വളരെ വലുതാണ്. ഇവർ ഏകദേശം പെറ്റി ബൂർ
ഷ്വാസിയുടെ പകുതിയോളം വരും. ജീവിതനിലവാരം ഇടിഞ്ഞുകൊ
ണ്ടിരിക്കുന്നവരാണ് മൂന്നാമത്തെ വിഭാഗത്തിൽ പെട്ടവർ. പണ്ടു ഭേദ
പ്പെട്ട കുടുംബത്തിലെ അംഗങ്ങളായിരുന്ന ഇവർ കഷ്ടിച്ചു കാര്യങ്ങൾ ഒ
ത്തുപോകുന്ന നിലയിൽനിന്നു കൂടുതൽ കൂടുതൽ ഞെരുങ്ങിക്കഴിയേ
ണ്ട നിലയിലേക്കു ക്രമേണ മാറിക്കൊണ്ടിരിക്കുന്നു. ഓരോ വർഷാവ
സാനത്തിലും കണക്കു തീർക്കുമ്പോൾ അവർ ഞെട്ടിപ്പോകുന്നു. 'എന്ത്?
ഇനിയുമൊരു കമ്മിയോ!' എന്ന് അവർ ഞെട്ടിപ്പോകുന്നു. ഇത്തരമാൾ
ക്കാർ ഒരിക്കൽ ഭേദപ്പെട്ട ജീവിതം നയിച്ചവരായതിനാലും ഇപ്പോൾ ഓ
രോ കൊല്ലം കഴിയുന്തോറും തകർന്നുകൊണ്ടിരിക്കുകയും കടം കൂന്നുകൂ
ടുകയും ജീവിതം കൂടുതൽ കൂടുതൽ വിഷമകരമാവുകയും ചെയ്യുന്ന
തിനാലും 'ഭാവിയെപ്പറ്റി ചിന്തിക്കുമ്പോഴൊക്കെ അവർ നടുങ്ങുന്നു.'
അവരുടെ പണ്ടത്തെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും തമ്മിൽ ഇത്ര
യേറെ അന്തരമുണ്ടല്ലോ എന്നോർത്തു കൊടിയ മാനസികവേദനയിലാണ
വർ കഴിയുന്നത്. വിപ്ളവപ്രസ്ഥാനത്തിന് ഇത്തരമാൾക്കാർ വളരെ
പ്രധാനമാണ്. താരതമ്യേന സംഖ്യയിൽ ഒട്ടും കുറവല്ലാത്ത ഈ വിഭാ
ഗം പെറ്റി ബൂർഷ്വാസിയുടെ ഇടതുപക്ഷമാണ്. സാധാരണ കാല
ങ്ങളിൽ പെറ്റി ബൂർഷ്വാസിയുടെ ഈ മൂന്നു വിഭാഗങ്ങളും വിപ്ള
വത്തോട് എടുക്കുന്ന നിലപാടു വ്യത്യസ്തമാണ്. പക്ഷേ യുദ്ധകാല



ങ്ങളിൽ, അതായതു വിപ്ളവത്തിന്റെ വേലിയേററം മൂർദ്ധന്യാവസ്ഥ
യിലെത്തുമ്പോഴും വിജയത്തിന്റെ പൊൻപുലരി കണ്ടു തുടങ്ങുമ്പോഴും
പെററി ബൂർഷ്വാസിയുടെ ഇടതുപക്ഷം മാത്രമല്ല വിപ്ളവത്തിൽ ചേ
രുക. പിന്നെയോ? അതിന്റെ ഇടനിലയിലുള്ളവർകൂടി അതിൽ ചേർ
ന്നേക്കാവുന്നതാണ്. മാത്രമല്ല, തൊഴിലാളിവർഗത്തിന്റെയും പെററി
ബൂർഷ്വാസിയുടെ ഇടതുപക്ഷത്തിന്റെയും ശക്തിയേറിയ വിപ്ളവ
വേലിയേററത്താൽ മുന്നോട്ടു തള്ളിനീക്കപ്പെട്ടുകൊണ്ടു വലതുപക്ഷത്തി
നുകൂടിയും വിപ്ളവത്തിന്റെകൂടെ പോകേണ്ടതായി വരും. 1925–ലെ
മേയ് 30 പ്രസ്ഥാനത്തിന്റെയും വിവിധ സ്ഥലങ്ങളിലെ കർഷക
പ്രസ്ഥാനത്തിന്റെയും അനുഭവങ്ങളിൽനിന്ന് ഈ നിഗമനം ശരിയാ
ണെന്നു കാണാം.

## അർദ്ധതൊഴിലാളിവർഗം

ഇവിടെ അർദ്ധതൊഴിലാളിവർഗ്ഗം എന്നു പറയുന്നതിൽ അഞ്ചു
വിഭാഗങ്ങൾ പെടുന്നു 1) അർദ്ധ ഉടമകർഷകരിലെ 10 ബഹുഭൂരിഭാ
ഗം, 2) ദരിദ്ര കർഷകർ, 3) ചെറിയ കരകൗശലക്കാർ, 4) ഷോപ്പ് ജോ
ലിക്കാർ, 5) നടന്നുകച്ചവടക്കാർ. അർദ്ധ ഉടമകർഷകരിലെ മഹാഭൂ
രിപക്ഷവും ദരിദ്രകർഷകരും കൂടിയാൽ നാട്ടിൻപുറത്തെ ബഹുജന
ങ്ങളുടെ വളരെ വലിയ ഒരു ഭാഗം ആകുന്നതാണ്. കർഷകപ്രശ്നം സാ
രാംശത്തിൽ ഇവരുടെ പ്രശ്നമാണ്. അർദ്ധ ഉടമകർഷകരും, ദരിദ്ര
കർഷകരും ചെറിയ കരകൗശലക്കാരും, ഉടമകർഷകരേയും കരകൗശലവി
ദഗ്ധരേയും അപേക്ഷിച്ചു വളരെ കുറഞ്ഞ തോതിലാണ് ഉല്പാദന
പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നത്. ദരിദ്രകർഷകരും അർദ്ധഉടമകർ
ഷകരിലെ ബഹുഭൂരിപക്ഷവും അർദ്ധതൊഴിലാളിവർഗത്തിൽപ്പെ
ട്ടവരാണെങ്കിൽ പോലും അവരുടെ സാമ്പത്തികസ്ഥിതിക്കനുസരിച്ച്
ഇനിയും ചെറിയ മൂന്നുവിഭാഗങ്ങളായി, അതായത് മേലേക്കിട, ഇടത്ത
രം, താഴേക്കിട എന്നിങ്ങനെ വേർതിരിക്കാവുന്നതാണ്. അർദ്ധഉടമകർ
ഷകർ, ഉടമകർഷകരേക്കാൾ കൂടുതൽ വിഷമതകളനുഭവിക്കുന്നു. കാര
ണം ഓരോ വർഷവും അവർക്കാവശ്യമുള്ള ഭക്ഷണസാധനങ്ങളുടെ പാതി
യോളം കമ്മിയിലാണവർ കഴിയുന്നത്. അതുകൊണ്ട് മററുള്ളവരിൽ
നിന്ന് ഭൂമി പാട്ടത്തിന് വാങ്ങുകയോ അദ്ധ്വാനശക്തിയുടെ ഒരു
ഭാഗം വില്ക്കുകയോ അതുമല്ലെങ്കിൽ ചില്ലറക്കച്ചവടത്തിലേർപ്പെടുക
യോ ചെയ്തുകൊണ്ട് ഈ കമ്മി അവർക്ക് നികത്തേണ്ടിവരുന്നു. വസ
ന്തകാലത്തിന്റെ ഒടുവിലുംവേനലിന്റെ ആരംഭത്തിലും കതിരുകൾ ഇല
പ്പാളികൾക്കുള്ളിൽത്തന്നെയായിരിക്കുകയും കയ്യിരിപ്പുള്ള ധാന്യം ഭക്
ഷിച്ചു തീരുകയും ചെയ്യുമ്പോൾ അവർക്ക് ഭീമമായ പലിശയ്ക്ക് ക
ടവും, വമ്പിച്ച വിലകൊടുത്തു ഭക്ഷ്യധാന്യവും വാങ്ങേണ്ടിവരുന്നു.
മററുള്ളവരിൽനിന്ന് സഹായങ്ങളൊന്നും ആവശ്യമില്ലാത്ത ഉടമകർഷക
രുടെ നിലയുമായി തട്ടിച്ചുനോക്കിയാൽ ഇവരുടെ സ്ഥിതി സ്വാഭാവി
കമായും കൂടുതൽ വിഷമകരവുമാണ്. അതേസമയം ദരിദ്രകർഷക
രേക്കാൾ മെച്ചപ്പെട്ട നിലയിലുള്ളവരുമാണിവർ. കാരണം ദരി
ദ്രകർഷകർക്ക് ഭൂമിയില്ല. ഒരു കൊല്ലത്തെ മുഴുവൻ അദ്ധ്വാനത്തി
ന് പ്രതിഫലമായി വിളവിന്റെ പാതിയോ അതിലും കുറവോ മാത്ര
മാണവർക്ക് സ്വന്തമായി കിട്ടുന്നത്. അതേസമയം അർദ്ധഉടമകർഷക
നാകട്ടെ മററുള്ളവരിൽനിന്ന്പാട്ടത്തിന് വാങ്ങിയ ഭൂമിയിലെ വിളവി
ന്റെ പാതിയോ അതിലും കുറവോ മാത്രമേ സ്വന്തമായി കിട്ടുന്നുള്ളുവെ
ങ്കിൽ കൂടിയും സ്വന്തംഉടമാവകാശത്തിലുള്ള ഭൂമിയിലെ വിളവ് മുഴുവ
നും സ്വന്തമായെടുക്കാൻ കഴിയുന്നു. അതുകൊണ്ട് അർദ്ധഉടമകർഷ
കർ ഉടമകർഷകരേക്കാൾ കൂടുതൽ വിപ്ളവസ്വഭാവമുള്ളവരാണ്.

പക്ഷേ അവർ ദരിദ്രകർഷകരേക്കാളും വിപ്ളവസ്വഭാവം കുറഞ്ഞവരു
മാണ്. ഭൂപ്രഭുക്കന്മാരുടെ ചൂഷണമനുഭവിക്കുന്ന പാട്ടക്കൃഷിക്കാരാ
ണ് ദരിദ്രകർഷകർ. സാമ്പത്തിക പദവിയനുസരിച്ച് ഇവരെ വീണ്ടും
രണ്ടുവിഭാഗങ്ങളായി തിരിക്കാവുന്നതാണ്. ഇതിലൊരു വിഭാഗത്തി
ന് താരതമ്യേന വേണ്ടത്ര കാർഷികോപകരണങ്ങളും കുറച്ചൊക്കെ പ
ണവും കയ്യിലുണ്ട്. അത്തരം കർഷകർ തങ്ങളുടെ ഒരു കൊല്ലത്തെ അ
ദ്ധ്വാനഫലത്തിൽനിന്ന് പകുതിയോളം കരുതൽ വെയ്ക്കുന്നവരാണ്.
കമ്മി നികത്താൻവേണ്ടി അവർ പ്രധാന കൃഷിക്കനുബന്ധമായി മററു
ചില്ലറ ഇനങ്ങൾ കൃഷി ചെയ്യുകയോ മത്സ്യം, മററു ചെമ്മീൻതരങ്ങൾ
തുടങ്ങിയവ പിടിക്കുകയോ കോഴി, പന്നി എന്നിവ വളർത്തുകയോ അ
ല്ലെങ്കിൽ സ്വന്തം അദ്ധ്വാനശക്തിയുടെ ഒരു ഭാഗം വിൽക്കുകയോ ചെ
യ്യുന്നു. അപ്രകാരം എങ്ങനെയെങ്കിലും വിഷമതകളുടേയും പരമദാരി
ദ്ര്യത്തിൻേറയുമിടയ്ക്ക് ജീവിതം ഒരു വിധം തള്ളിനീക്കാമെന്നവരാശി
ക്കുന്നു. അതുകൊണ്ട് ഇവരുടെ ജീവിതം അർദ്ധഉടമകർഷകരേക്കാൾ വി
ഷമകരമാണ്. അതേസമയം ദരിദ്രകർഷകരിലെ മററു വിഭാഗത്തേക്കാൾ
ഭേദപ്പെട്ടതാണ്. അർദ്ധ ഉടമകർഷകരേക്കാൾ വിപ്ളവസ്വഭാവമുള്ളവരാ
ണിവർ. എന്നാൽ ദരിദ്രകർഷകരിലെ മററു വിഭാഗങ്ങളുടെ അത്രതന്നെ
വിപ്ളവസ്വഭാവമുള്ളവരുമല്ല. ഈ മററു വിഭാഗത്തെ സംബന്ധിച്ച്
പറയുകയാണെങ്കിൽ വേണ്ടത്ര കാർഷികോപകരണങ്ങളോ പണമോ സ്വ
ന്തമായവർക്കില്ല, ആവശ്യമായ വളവും കൈയിലില്ല. ഇവരുടെ വിളവ്
മേനി കുറഞ്ഞതാണ്. പാട്ടം കഴിച്ച് അവശേഷിക്കുന്ന മിച്ചം തുഛമായ
തുകാരണം തങ്ങളുടെ അദ്ധ്വാനശക്തി വില്ക്കാൻ ആദ്യത്തെ വിഭാഗ
ത്തേക്കാൾ കൂടുതൽ നിർബന്ധിതരാണിവർ. പഞ്ഞമാസങ്ങളിൽ ബ
ന്ധുക്കളിൽനിന്നും ചങ്ങാതിമാരിൽനിന്നും ദയനീയമായ നിലയിൽ
സഹായം ഇവർ യാചിക്കുന്നു. അല്പം നാളുകൾ കഴിക്കാൻവേണ്ടി
കുറച്ചിടങ്ങഴിധാന്യം കടമായി വാങ്ങിക്കുന്നു. അങ്ങിനെ കാളപ്പുറത്തെ
ഭാരംപോലെ അവരുടെ ഭാരം കുന്നുകൂടുകയും ചെയ്യുന്നു. കർഷകർക്കി
ടയിൽ ഇവരാണ് സാമ്പത്തികമായി ഏററവും അധ:പതിച്ചവർ. അതു
കൊണ്ട് വിപ്ളവപ്രചരണത്തോട് ഇവർ വളരെ നന്നായി പ്രതികരി
ക്കുന്നു. ചെറിയ കരകൗശലക്കാരെ അർദ്ധതൊഴിലാളികളെന്നാണ് വി
ളിക്കുന്നത്. കാരണം ചില നിസ്സാര ഉല്പാദനോപകരണങ്ങളുണ്ടെ
ന്നിരുന്നാലും സ്വന്തമായിതൊഴിലെടുക്കുന്നവരാണെങ്കിൽ കൂടിയും ത
ങ്ങളുടെ അദ്ധ്വാനശക്തിയുടെ ഒരു ഭാഗം മിക്കപ്പോഴും ഇവർക്ക് വില്
ക്കേണ്ടതായിവരുന്നു. കനത്ത കുടുംബഭാരത്താലും, വരുമാനവും ജീ
വിതച്ചെലവും തമ്മിലുള്ള വിടവ് കാരണവും ദാരിദ്ര്യത്തിൻെറ നിരന്ത
രമായ ഞെരുക്കവും തൊഴിലില്ലായ്മയുടെ കടുത്ത ഭീഷണിയും അവർ
അനുഭവിക്കുന്നു. ഈ കാര്യത്തിലും ഇവർ ദരിദ്രകർഷകരോട് വളരെ
യേറെ സാമ്യമുള്ളവരാണ്. ഷോപ്പ് ജോലിക്കാർ ഷോപ്പുകളിലും സ്
റോറുകളിലും പണിയെടുക്കുന്നവരാണ്. തുച്ഛമായ ശമ്പളംകൊണ്ട്
തങ്ങളുടെ കുടുംബം അവർ പുലർത്തുന്നു. വർഷംതോറും ആവശ്യസാ
ധനങ്ങളുടെ വില കയറിക്കൊണ്ടിരിക്കെ കുറേയേറെ കൊല്ലങ്ങൾ കഴിയു
മ്പോൾ മാത്രം അവർക്ക് വല്ലപ്പോഴും ഒരു പക്ഷേ ശമ്പളക്കയററവും കി
ട്ടുന്നു. വല്ല സംഗതിവശാലും ഇവരുമായി നിങ്ങളൊരു ഉള്ളുതുറന്ന
സംഭാഷണത്തിലേർപ്പെടുകയാണെങ്കിൽ ഇവർ തങ്ങളുടെ അന്തമില്ലാത്ത
ദുരിതങ്ങളെപ്പററി നിർല്ലോഭം പറയുമെന്നത് തീർച്ചയാണ്. മിക്കവാ
റും ദരിദ്രകർഷകരുടെയും ചെറിയ കരകൗശലക്കാരുടെയും പദവി ത
ന്നെയാണ് ഇവർക്കുമെന്നതുകൊണ്ട് വിപ്ളവ പ്രചരണത്തോട് ഇവ
രും നന്നായി പ്രതികരിക്കുന്നു. ഒരുവടിയുടെരണ്ടററത്തും തങ്ങളുടെ വി
ല്പനച്ചരക്കുകൾകെട്ടി തോളിലേററി നടക്കന്നവരായാലും ശരി, തെരുവു
കളുടെ അരുകിൽ തങ്ങളുടെ പെട്ടികൾ സ്ഥാപിച്ചു കച്ചവടം നടത്തുന്ന



വരായാലും ശരി അത്തരം നടന്നു കച്ചവടക്കാർക്ക് തുച്ഛമായ പണമേ
മുടക്കാനായുള്ളു. വളരെ ചെറിയ വരുമാനമേ ഉണ്ടാകുന്നുമുള്ളു. അ
വർക്ക് സ്വന്തം ആഹാരത്തിനും ഉടുപ്പിനുംവേണ്ട പൈസപോലും കി
ട്ടുന്നില്ല. ഇവരുടെ പദവിയും മിക്കവാറും ദരിദ്രകർഷകരുടേതുപോ
ലെ തന്നെയാണ്. ദരിദ്ര കർഷകരെപ്പോലെ തന്നെ ഇവർക്കും നിലവി
ലുള്ള പരിതസ്ഥിതികൾ മാററിത്തീർക്കാൻ ഒരു വിപ്ളവം ആവശ്യമാ
ണ്.

## തൊഴിലാളിവർഗം

ആധുനിക വ്യാവസായിക തൊഴിലാളികളുടെ എണ്ണം ഇരുപത് ല
ക്ഷത്തോളമാണ്. ചൈന സാമ്പത്തികമായി പിന്നോക്കാവസ്ഥയി
ലായതിനാലാണ് ഇത് വലുതല്ലാത്തത്. ഈ ഇരുപതു ലക്ഷം വ്യാ
വസായിക തൊഴിലാളികൾ പ്രധാനമായും അഞ്ച് വ്യവസായങ്ങളിലാണ്
ജോലി ചെയ്യുന്നത്—റെയിൽവേ, ഖനനം, കപ്പൽഗതാഗതം, തുണി ,ക
പ്പൽനിർമ്മാണം എന്നിവയാണവ. ഇവരിൽ വലിയൊരു ഭാഗം വിദേശ
മുതലാളിമാരുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ അടിമവേല
ക്കാരാണ്. എണ്ണത്തിൽ വളരെയൊന്നും വലുതല്ലെങ്കിലം വ്യാവസായി
ക തൊഴിലാളിവർഗം ചൈനയുടെ പുതിയ ഉല്പാദനശക്തികളെ
പ്രതിനിധീകരിക്കുന്നു. ആധുനികചൈനയിലെ ഏററവും പുരോഗ
മനപരമായ വർഗമാണിത്. അത് വിപ്ളവപ്രസ്ഥാനത്തിലെ നേതൃ
ത്വശക്തിയായി തീർന്നിട്ടുമുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളിലുണ്ടായ
പണിമുടക്കങ്ങളിൽ കപ്പൽ തൊഴിലാളികളുടെ പണിമുടക്ക്,[12] റെയിൽ
വെ പണിമുടക്ക്[13] കെയലാൻ–ടാസിയാട് സോ കൽക്കരിഖനികളിലെ
പണിമുടക്ക്[14] ഷാമീനിലെ പണിമുടക്ക്[15] മേയ് 30 സംഭവവികാസ
ത്തെത്തുടർന്നുണ്ടായ ഷാങ്ഹായിലേയും ഹോങ്കോങ്ങിലേയും
പൊതു പണിമുടക്കങ്ങൾ[16] തുടങ്ങിയവയിൽ പ്രകടമാക്കിയ ശക്തി
യിൽനിന്ന് ചൈനീസ് വിപ്ളവത്തിൽ വ്യവസായിക തൊഴിലാളിവർ
ഗത്തിൻെറ സുപ്രധാനമായ സ്ഥാനം നമുക്കു കാണാൻ കഴിയുന്നു.
വ്യാവസായികത്തൊഴിലാളികൾ ഇത്തരമൊരു സ്ഥാനം വഹിക്കുന്ന
തിൻെറ ഒന്നാമത്തെ കാരണം അവരുടെ കേന്ദ്രീകരണമാണ്. ജനങ്ങളു
ടെ മറേറതൊരു വിഭാഗവും ഇത്രമാത്രം കേന്ദ്രീകൃതമല്ല. രണ്ടാമത്തെ
കാരണം അവരുടെ താഴ്ന്ന സാമ്പത്തിക നിലയാണ്. എല്ലാ ഉല്പാദ
നോപകരണങ്ങളും അവരിൽനിന്ന് അപഹരിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം
കൈകളല്ലാതെ മറെറാന്നും തന്നെ അവർക്കില്ല. എന്നെങ്കിലുമൊരിക്കൽ
ധനികരായിക്കളയാമെന്ന യാതൊരു പ്രതീക്ഷക്കും വകയില്ല. മാത്ര
മോ, സാമ്രാജ്യവാദികളുടേയും യുദ്ധപ്രഭുക്കളുടേയും ബൂർഷ്വാസിയു
ടേയും ഏററവും മൃഗീയമായ പെരുമാററത്തിനു വിധേയരുമാണിവർ.
അതുകൊണ്ടാണ് ഇവർ ഒന്നാന്തരം പോരാളികളാകുന്നത്. നഗരങ്ങളിലെ
കൂലിപ്പണിക്കാരും നമ്മുടെ ശ്രദ്ധ അർഹിക്കുന്ന ഒരു ശക്തിയാണ്.
പ്രധാനമായും അവർ തുറമുഖ തൊഴിലാളികളും റിക്ഷാക്കാരുമാണ്.
കൂടാതെ തോട്ടിത്തൊഴിലാളികളും തൂപ്പുകാരും ഇവരിൽ പെടുന്നു.
കൈകളല്ലാതെ മറെറാന്നും സ്വന്തമായില്ലാത്ത ഇവരും സാമ്പത്തിക നില
യിൽ വ്യവസായിക തൊഴിലാളികളോടു സാമ്യമുള്ളവരാണ്. പക്ഷേ
അവരേപ്പോലെ അത്രമാത്രം കേന്ദ്രീകൃതമല്ല. കൂടാതെ ഉല്പാദനത്തിൽ
പ്രാധാന്യം കുറഞ്ഞ ഒരു പങ്കാണ് ഇവർ വഹിക്കുന്നത്. ചൈനയിൽ
ആധുനിക മുതലാളിത്ത രീതിയിലുള്ള കൃഷി സമ്പ്രദായം ഇപ്പോൾ നി
ലവിൽവന്നിട്ടില്ല. നാട്ടിൻപുറങ്ങളിലെ തൊഴിലാളിവർഗം എന്നു പറ
യുമ്പോൾ നാമർത്ഥമാക്കുന്നത് കൊല്ലക്കണക്കിലോ മാസക്കണക്കിലോ
ദിവസക്കണക്കിലോ കൂലിക്കുവെച്ച കാർഷികത്തൊഴിലാളികളെന്നാണ്.

ഭൂമിയോ കാർഷികോപകരണങ്ങളോ പൈസയോ ഇല്ലാത്ത ഇവർക്കു സ്വന്തം അദ്ധ്വാനശക്തി വിററിട്ടു മാത്രമേ ജീവിക്കുവാൻ കഴിയുകയുള്ളൂ. മറെറല്ലാ തൊഴിലാളികളേയും അപേക്ഷിച്ച് ഇവർ ഏററവും അധികം സമയം ജോലി ചെയ്യുന്നു. ഇതാണെങ്കിൽ ഏററവും കുറഞ്ഞ കൂലിക്കും ഏററവും മോശമായ പരിതസ്ഥിതിയിലും ഏററവും കുറഞ്ഞ ജോലി സ്ഥിരതയോടുകൂടിയുമാണുതാനും. ഗ്രാമങ്ങളിൽ ഏററവും അധികം ഞെരുക്കമനുഭവിക്കുന്നവരാണിവർ. കർഷകപ്രസ്ഥാനത്തിൽ ഇവരുടെ സ്ഥാനം ദരിദ്രകർഷകരുടെ അത്രതന്നെ പ്രധാനപ്പെട്ടതാണ്.

ഇതിനെല്ലാം പുറമെ ഭൂമി നഷ്ടപ്പെട്ട കർഷകരിൽ നിന്നും തൊഴിൽ കിട്ടാൻ കഴിയാത്ത കരകൗശലക്കാരിൽ നിന്നും വരുന്ന ഒട്ടേറെ തെണ്ടിതൊഴിലാളി വർഗവുമുണ്ട്. മറെറല്ലാവരേക്കാളും അപകടകരമായ ഒരു ജീവിതമാണ് ഇവർ നയിക്കുന്നത്. നാടിന്റെ എല്ലാഭാഗങ്ങളിലും സ്വന്തമായ രഹസ്യസംഘങ്ങൾ ഇവർക്കുണ്ട്. ആരംഭത്തിൽ ഈ സംഘങ്ങൾ ഇവരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സമരത്തിനുവേണ്ടിയുള്ള പരസ്പരസഹായ സംഘടനകളായിരുന്നു. ഫ്യൂക്കിയനിലും ക്വാങ്ടുങ്ങിലുമുള്ള ട്രയാഡ് സംഘം, ഹുനാൻ, ഹുപെ, ക്വീചൗ, ഷെച്വാൻ എന്നീ സ്ഥലങ്ങളിലെ സഹോദരസംഘം, ആൻഹൈവ, ഹുനാൻ, ഷാൻടുങ്ങ് എന്നിവിടങ്ങളിലെ വലിയ വാൾസംഘം, ചിഹ്ലിയിലെയും മൂന്ന് വടക്കുകിഴക്കൻ പ്രവിശ്യകളിലെയും ജീവിത പരിവർത്തന സംഘം [17] ഷാങ്ഹായിലെയും മററും പച്ചസംഘം [18] തുടങ്ങിയവ ഉദാഹരണങ്ങളാണ്. ചൈനയിലെ ഒരു വിഷമം പിടിച്ച പ്രശ്നം ഇവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതാണ്. ധീരരായ പോരാളികളാണെങ്കിലും നശീകരണ മനോഭാവം ഇവരിൽ പ്രകടമായേക്കാവുന്നതാണ്. എങ്കിലും വേണ്ടും വണ്ണം വഴികാട്ടിക്കൊടുത്താൽ ഒരു വിപ്ളവ ശക്തിയായിത്തീരാനും ഇവർക്കു കഴിയും.

ഞാൻ സമാഹരിക്കട്ടെ. സാമ്രാജ്യത്വത്തോട് ഒത്തു നിൽക്കുന്ന എല്ലാവരും—അതായത് യുദ്ധപ്രഭുക്കൾ, ഉദ്യോഗസ്ഥമേധാവികൾ, ജന്മിവർഗം, വൻകിട ഭൂപ്രഭുവർഗം, ഇവരെല്ലാവരുമായി കൂട്ടുകൂടി നിൽക്കുന്ന ബുദ്ധി ജീവികളുടെ പിന്തിരിപ്പൻ വിഭാഗം എന്നിവരും—ആണ് നമ്മുടെ ശത്രുക്കളെന്ന് നമുക്ക് കാണാൻ കഴിയുന്നതാണ്. നമ്മുടെ വിപ്ളവത്തിന്റെ നേതൃത്വ ശക്തി വ്യാവസായിക തൊഴിലാളിവർഗമാണ്. മുഴുവൻ അർദ്ധതൊഴിലാളി വർഗവും പെററിബൂർഷ്വാസിയും നമ്മുടെ ഏററവും അടുത്ത മിത്രങ്ങളാണ്. ചാഞ്ചാടിക്കളിക്കുന്ന ഇടത്തരം ബൂർഷ്വാസിയെപ്പററി പറയുകയാണെങ്കിൽ അവരുടെ വലതുപക്ഷം നമ്മുടെ ശത്രുക്കളും അവരുടെ ഇടതുപക്ഷം നമ്മുടെ മിത്രങ്ങളും ആയേക്കാവുന്നതാണ്. പക്ഷേ ഇവരോടും നാം സദാ ജാഗ്രത പുലർത്തുകയും നമ്മുടെ അണികളിൽ കുഴപ്പം സൃഷ്ടിക്കാൻ അവരെ അനുവദിക്കാതിരിക്കയും ചെയ്യേണ്ടതാണ്.

## കുറിപ്പുകൾ

1. ഒരു വിദേശ വ്യാപാര സ്ഥാപനത്തിലെ ചൈനക്കാരനായ മാനേജരോ ഉയർന്ന ചൈനീസ് ഉദ്യോഗസ്ഥനോ എന്ന അർത്ഥത്തിലായിരുന്നു ദല്ലാൾ (കോമ്പ്രഡോർ) എന്ന വാക്ക് അതിന്റെ ഉത്ഭവകാലത്ത് ഉപയോഗിച്ചിരുന്നത്. ദല്ലാളുകൾ വിദേശസാമ്പത്തിക താല്പര്യങ്ങളെ സേവിക്കുകയും സാമ്രാജ്യത്വവും വിദേശമൂലധനവുമായി അടുത്ത ബന്ധം പുലർത്തുകയും ചെയ്തിരുന്നു.



2. "ഇററാററിസ്റ്റുകൾ" ഒരു ചെറു സംഖ്യ വരുന്ന നാണം കെട്ട ഫാസിസ്ററ് രാഷ്ട്രീയക്കാരായിരുന്നു. അന്ന് അവർ ചൈനീസ് "ഇററാററിസ്ററ്" യുവജനസംഘം എന്നൊരു സംഘടന രൂപീകരിച്ചിരുന്നു. പിന്നീട് ഈ സംഘടനയെ ചൈനീസ് യുവജന പാർട്ടി എന്നാക്കി മാററി. കമ്മ്യൂണിസ്ററ് പാർട്ടിയേയും സോവ്യററ് യൂണിയനേയും എതിർത്തുകൊണ്ട് പ്രതിവിപ്ളവപരമായ ജീവിതമാർഗങ്ങൾ തങ്ങൾക്കുവേണ്ടി അവർ കെട്ടിപ്പടുത്തു. അധികാരത്തിലിരുന്ന പിന്തിരിപ്പൻമാരുടെയും സാമ്രാജ്യത്വ വാദികളുടെയും വിവിധഗ്രൂപ്പുകളിൽ നിന്ന് ഇതിന് തക്കതായ സഹായധനം അവർക്ക് കിട്ടുകയും ചെയ്തിരുന്നു.

3. ദേശീയ ബൂർഷ്വാസിയുടെ പങ്കിനെപ്പററി കൂടുതൽ അറിയാനായി "ചൈനീസ്‌വിപ്ളവവും ചൈനീസ്‌കമ്മ്യൂണിസ്ററ് പാർട്ടിയും" എന്നകൃതിനോക്കുക. അദ്ധ്യായം 2. വിഭാഗം 4, തെരഞ്ഞെടുത്ത കൃതികൾ ഭാഗം_2.

4. ടായ്ചി–ടാ ഒ തന്റെ ചെറുപ്പകാലത്തു തന്നെ കൂമിന്താങ്ങിൽ അംഗമായി ചേർന്നിരുന്നു. കുറച്ചുകാലം സ്റേറാക്ക് എക്സ്ചേഞ്ച് സാട്ടാ കച്ചവടത്തിൽ അയാൾ ചിയാംഗ് കൈഷെക്കിന്റെ പങ്കുകാരനായിരുന്നു. 1925–ൽ സൺയാത് സെന്നിന്റെ മരണശേഷം അയാൾ കമ്മ്യൂണിസ്ററ് വിരുദ്ധ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയും, ചിയാംഗ് കൈ–ഷെക്കിന്റെ 1927–ലെ പ്രതിവിപ്ളവകൂവിന് ആശയപരമായ കളമൊരുക്കുകയും ചെയ്തു. വളരെ കൊല്ലങ്ങളോളം പ്രതിവിപ്ളവത്തിൽ അയാൾ ചിയാംഗ് കൈ–ഷെക്കിന്റെ വിശ്വസ്ത വിടുനായ ആയിരുന്നു. 1949 ഫിബ്രവരിയിൽ ചിയാംഗ് കൈ–ഷെക്ക് ഭരണത്തിന്റെ ആസന്നമായ പതനത്തിൽ വ്യാകുലനായി അയാൾ ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

5. വ്യവസ്ഥാപിത ഭരണത്തെപ്പററി (ഭരണഘടനാനുസാരിയായ ഒരു ഗവൺമെണ്ടിനെപ്പററി) പഠനം നടത്താനായുള്ള ഒരു സംഘത്തിന്റെ മുഖപത്രമായിരുന്നു 'ചെൻ പാഓ'. വടക്കൻ ചൈനയിലെ യുദ്ധപ്രഭുക്കളുടെ വാഴ്ചയെ പിന്താങ്ങിയ ഒരു രാഷ്ട്രീയ ഗ്രൂപ്പായിരുന്നു ഈ സംഘം.

6. 1923–ൽ ചൈനീസ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ സഹായത്തോടുകൂടി കൂമിന്താങ്ങിനെ പുനഃസംഘടിപ്പിക്കാനും കൂമിന്താങ്ങ്–കമ്മ്യൂണിസ്ററു പരസ്പരസഹകരണം കൈവരുത്താനും കൂമിന്താങ്ങിലേക്കു കമ്മ്യൂണിസ്ററു പാർട്ടി അംഗങ്ങളെ സ്വീകരിക്കാനും സൺയാത്–സെൻ തീരുമാനിച്ചു. 1924 ജനുവരിയിൽ കൂമിന്താങ്ങിന്റെ ഒന്നാം ദേശീയ കോൺഗ്രസ് അദ്ദേഹം കാൻറണിൽ വിളിച്ചുകൂട്ടി. ഈ കോൺഗ്രസിൽ അദ്ദേഹം മൂന്നു മഹത്തായ നയങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. റഷ്യയുമായി സഖ്യം, കമ്മ്യൂണിസ്ററു പാർട്ടിയുമായി സഹകരണം, കർഷകർക്കും തൊഴിലാളികൾക്കും സഹായം എന്നിവയായിരുന്നു ഈ മൂന്നു നയങ്ങൾ. മാവോ സെ–തുങ്ങ്, ലിടാ–ചാ ഓ, ലിൻ പോ–ചു, ചു ചുയി–പായ് തുടങ്ങിയ സഖാക്കളായിരുന്നു ഈ കോൺഗ്രസിൽ പങ്കെടുത്തിരുന്നത്. വിപ്ളവത്തിന്റെ പാത സ്വീകരിക്കാൻ കൂമിന്താങ്ങിനെ സഹായിക്കുന്നതിൽ ഒരു പ്രധാനമായ പങ്ക് ഈ സഖാക്കൾ വഹിച്ചു. ഇവരിൽ ചില സഖാക്കൾ കൂമിന്താങ്ങിന്റെ കേന്ദ്ര നിർവഹണസമിതിയിലെ അംഗങ്ങളും ബദൽ അംഗങ്ങളുമായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി.

7. ഉടമകർഷകർ എന്നു പറയുമ്പോൾ സഖാവ് മാവോ സെതുങ്ങ് അർത്ഥമാക്കുന്നത് ഇടത്തരം കർഷകരെന്നാണ്.

8. ചൈനീസ് പുരാണങ്ങളിലെ ഐശ്വര്യത്തിന്റെ ദേവതയായ ചാഓ കുങ്ങ്—മിങ്ങിനെയാണ് മാർഷൽ ചാഓ എന്ന് ഇവിടെ വിളിക്കുന്നത്. (നമ്മുടെ നാട്ടിലെ മഹാലക്ഷ്മി എന്നതിനുത്തുല്യമായ ഒരു പേര്—വി.)

9. 1925 മേയ് 30 ന് ഷാങ്ങ് ഹായിൽവെച്ചു ബ്രിട്ടീഷ് പോലീസുകാർ ചൈനീസ് ജനതയുടെ മേൽ അഴിച്ചുവിട്ട കൂട്ടക്കൊലയിൽ പ്രതിഷേധിക്കാനായുള്ള ദേശവ്യാപകമായ സാമ്രാജ്യത്വ വിരുദ്ധപ്രസ്ഥാനമായിരുന്നു മേയ് 30 പ്രസ്ഥാനം. ഈ മാസത്തിന്റെ തുടക്കത്തിൽ ത്തന്നെ സിങ്ങ് ടാ ഓവിലും, ഷാങ്ങ്ഹായിലും ജപ്പാൻകാരുടെ ഉടമയിലുള്ള പരുത്തിത്തുണിമില്ലുകളിൽ വൻതോതിലുള്ള പണിമുടക്കുകൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഇതിനെ ജപ്പാനീസ് സാമ്രാജ്യവാദികളും അവരുടെ വിടുനായ്ക്കളായ വടക്കൻ ചൈനയിലെ യുദ്ധപ്രഭുക്കളും അടിച്ചമർത്താൻ തുടങ്ങി. മെയ് 15ന് ഷാങ്ങ്ഹായിലെ ജപ്പാൻകാരായ മില്ലുടമകൾ കുചെങ്ങ് ഹുങ്ങ് എന്ന തൊഴിലാളിയെ വെടിവെച്ചു കൊല്ലുകയും പന്ത്രണ്ടോളം മററു തൊഴിലാളികളെ മുറിവേല്പ്പിക്കുകയും ചെയ്തു. മേയ് 30ന് ഷാങ്ങ്ഹായ് നഗരത്തിൽ രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ തൊഴിലാളികൾക്കു പിന്തുണ നൽകിക്കൊണ്ടും വിദേശീയർക്കു കൊടുത്ത ആനുകൂല്യങ്ങൾ പിൻവലിക്കാൻ വേണ്ടിയും വിദേശീയർക്കായി വിട്ടുകൊടുത്ത സ്ഥലങ്ങളിൽ പ്രക്ഷോഭണം നടത്തി. ബ്രിട്ടീഷുകാരുടെ പോലീസ് കേന്ദ്രത്തിനു മുമ്പിൽ 'സാമ്രാജ്യത്വം നശിക്കട്ടെ!' 'ചൈനീസ് ജനങ്ങളെ, ഒന്നിക്കുവിൻ!' എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു പതിനായിരത്തിലേറെ ജനങ്ങളെ അവർ അണിനിരത്തി. ബ്രിട്ടീഷ് സാമ്രാജ്യത്വ പോലീസ് വെടിവെച്ചു. വളരെയേറെ വിദ്യാർത്ഥികൾ കൊല്ലപ്പെടുകയും അനേകം പേർക്ക് മുറിവേൽക്കുകയും ചെയ്തു. ഇത് പിന്നീട് മേയ് 30 കൂട്ടക്കൊല എന്ന പേരിലറിയപ്പെട്ടു. രാജ്യവ്യാപകമായ രോഷം ഇത് ആളിക്കത്തിച്ചു. തൊഴിലാളികളുടെയും വിദ്യാർത്ഥികളുടെയും ഷോപ്പുടമകളുടെയും പ്രകടനങ്ങളും എല്ലായിടത്തും ഉണ്ടായി. അങ്ങിനെ ഒരു വമ്പിച്ച സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനമായി അത് രൂപം കൊണ്ടു.

10. 'അർദ്ധ ഉടമ കർഷകരിലെ ബഹുഭൂരിഭാഗവും' എന്നു പറയുമ്പോൾ സഖാവ് മാവോ സെതുങ്ങ് ഇവിടെ പ്രതിപാദിക്കുന്നത് ഭാഗികമായി തങ്ങളുടെ സ്വന്തം ഭൂമിയിൽ കൃഷിപ്പണി ചെയ്യുന്നവരും ഭാഗികമായി മററുള്ളവരിൽനിന്നും പാട്ടത്തിനു വാങ്ങിയ ഭൂമിയിൽ കൃഷിപ്പണി ചെയ്യുന്നവരുമായ പാപ്പരായിക്കൊണ്ടിരിക്കുന്ന കർഷകരെപ്പററിയാണ്.

11. പഴയ ചൈനയിൽ പല നിലവാരങ്ങളിലുമുള്ള ഷോപ്പു ജോലിക്കാർ ഉണ്ടായിരുന്നു. അവരിൽ എണ്ണത്തിൽ ഏററവും വലിയ വിഭാഗത്തെപ്പററിയാണ് ഇവിടെ സഖാവ് മാവോ സെ—തുങ്ങ് പ്രതിപാദിക്കുന്നത്. തൊഴിലാളികളെപ്പോലെ തന്നെ ജീവിതം നയിച്ചിരുന്ന താഴ്ന്ന തട്ടിലുള്ള ഷോപ്പുജോലിക്കാരും അവിടെ ഉണ്ടായിരുന്നു.

12. 1922 ലാണ് ഹോങ്ങ്കോങ്ങിലെ കപ്പൽത്തൊഴിലാളികളും യാങ്ങ്ട്സി നദിയിലോടിച്ചുകൊണ്ടിരുന്ന കപ്പലുകളിലെ ജോലിക്കാരും പണിമുടക്കിയത്. ഹോങ്ങ്കോങ്ങിലെ കപ്പൽത്തൊഴിലാളികൾ എട്ടാഴ്ചയോളം അവരുടെ പണിമുടക്കു തുടർന്നു. കഠിനവും രക്തപങ്കിലവുമായ ഒരു സമരത്തിനു ശേഷം ഹോങ്ങ്കോങ്ങിലെ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ അവസാനം കൂലി കൂട്ടുവാനും കപ്പൽ തൊഴിലാളി യൂണിയന്റെ പേരിലുള്ള നിരോധനം നീക്കാനും അറസ്ററു



ചെയ്ത തൊഴിലാളികളെ വിട്ടയയ്ക്കാനും രക്തസാക്ഷികളുടെ കുടുംബങ്ങൾക്കു പ്രതിഫലം നൽകാനും നിർബന്ധിതരായി. ഇതിനെത്തുടർന്ന്, യാങ്ങ്ട്സി നദിയിലോടിച്ചുകൊണ്ടിരുന്ന കപ്പലുകളിലെ ജോലിക്കാർ പണിമുടക്കുകയും രണ്ടാഴ്ചയോളം അതു നീട്ടിക്കൊണ്ടു പോവുകയും അവസാനം വിജയം കരസ്ഥമാക്കുകയും ചെയ്തു.

13. ചൈനീസ് കമ്മ്യൂണിസ്ററ് പാർട്ടി 1921-ൽ സ്ഥാപിതമായ ഉടനെ റെയിൽവേ തൊഴിലാളികളെ സംഘടിപ്പിക്കാൻ തുടങ്ങി. 1922–23-ൽ എല്ലാ പ്രധാന റെയിൽവേ ലൈനുകളിലും പാർട്ടിയുടെ നേതൃത്വത്തിലുള്ള പണിമുടക്കുകൾ ഉണ്ടായി. ഇതിൽ ഏററവും നന്നായി അറിയപ്പെടുന്നത് 1923 ഫെബ്രുവരി 4–ാം തീയതി ആരംഭിച്ച പീക്കിങ്ങ്—ഹാങ്ങ് കൊ റെയിൽവെയിലുണ്ടായ പൊതു പണിമുടക്കായിരുന്നു. അതു ട്രേഡ് യൂണിയൻ സംഘടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരു സമരമായിരുന്നു. ഫെബ്രുവരി 7–ാം തീയതി ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ പിന്തുണയോടു കൂടി വടക്കൻ ചൈനയിലെ യുദ്ധപ്രഭുക്കളായ വുപെയ്–ഫൂവും ഹ്സീയാഓയാഓ–നാനും പണിമുടക്കിയ തൊഴിലാളികളെ കശാപ്പു ചെയ്തു. ഫെബ്രുവരി 7ന്റെ കൂട്ടക്കൊല എന്ന പേരിൽ ഈ സംഭവം അറിയപ്പെട്ടു.

14. ഹോപെ സംസ്ഥാനത്തെ വമ്പിച്ച കൈപ്പിങ്ങ്—ലുവാങ്ങ് ചൌ കല്ക്കരി ഖനികളെ കൂട്ടിവിളിക്കുന്ന ഒരു പേരായിരുന്നു കൈലാൻ കൽക്കരി ഖനികൾ എന്ന്. ആ കാലങ്ങളിൽ അമ്പതിനായിരം തൊഴിലാളികൾ അവിടെ ജോലി ചെയ്തിരുന്നു. 1900–ലെ യി ഹൊതുവാൻ പ്രസ്ഥാനകാലത്തു ബ്രിട്ടീഷ് സാമ്രാജ്യവാദികൾ കൈപ്പിങ്ങ് കൽക്കരി ഖനി പിടിച്ചെടുത്തു. തുടർന്നു ചൈനക്കാർ ലേങ്ങ് ചൌ കൽക്കരി ഖനനക്കമ്പനി എന്നൊരു പ്രസ്ഥാനം സംഘടിപ്പിച്ചു. പിന്നീട് ഇതിനെ കൈലാൻ ഖനനസ്ഥാപനവുമായി കൂട്ടിച്ചേർത്തു. അങ്ങിനെ ഈ രണ്ടു ഖനികളും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പരിപൂർണ്ണ അധീനത്തിലാകുകയും ചെയ്തു. 1922 ഒക്ടോബർ മാസത്തിലാണ് കൈലാൻ പണിമുടക്കുണ്ടായത്. ഹൊനാൻ സംസ്ഥാനത്തിലെ ട്സിയാട്സോ കൽക്കരി ഖനികളും ചൈനയിൽ പ്രസിദ്ധിയാർജ്ജിച്ച ഒന്നായിരുന്നു. ട്സിയാട്സോ പണിമുടക്ക് 1925 ജൂലായ് 1 മുതൽ ആഗസ്ററ് 9 വരെ നീണ്ടുനിന്നു.

15. കാൻടൺ നഗരത്തിന്റെ ഒരു ഭാഗമായിരുന്നു ഷാമീൻ. ഈ ഭാഗം ബ്രിട്ടീഷ് സാമ്രാജ്യത്വം പാട്ടാവകാശപ്രകാരം കൈവശം വെച്ചുപോന്നു. 1924 ജൂലായ് മാസത്തിൽ ഷാമീനിനെ ഭരിച്ചിരുന്ന ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ഒരു പുതിയ പോലീസ് നിയമം നടപ്പിലാക്കി. അതുപ്രകാരം എല്ലാ ചൈനക്കാർക്കും ഈ പ്രദേശത്തേക്കു കടക്കുമ്പോഴും അവിടം വിടുമ്പോഴു, ഫോട്ടോ പതിച്ച പാസുകൾ ഹാജരാക്കേണ്ടിയിരുന്നു. പക്ഷേ വിദേശീയർക്കിതാവശ്യവുമില്ലായിരുന്നു. ഈ തോന്നിവാസത്തിനെതിരെ പ്രതിഷേധിക്കാൻ വേണ്ടി ഷാമീനിലെ തൊഴിലാളികൾ ജൂലായ് 15–ാം തീയതി പണിമുടക്കി. അവസാനം ബ്രിട്ടീഷ് സാമ്രാജ്യവാദികൾക്ക് ഈ നടപടി റദ്ദാക്കേണ്ടിവന്നു.

16. ഷാങ്ങ്ഹായിലെ മേയ് 30 സംഭവവികാസത്തെത്തുടർന്ന് 1925 ജൂൺ 1–ാം തീയതി ഷാങ്ങ്ഹായിലും ജൂൺ 19–ാം തീയതി ഹോങ്ങ്കോങ്ങിലും പൊതു പണിമുടക്കുകൾ പൊട്ടിപ്പുറപ്പെട്ടു. ഷാങ്ങ്ഹായിൽ രണ്ടു ലക്ഷത്തിലധികം തൊഴിലാളികളും ഹോങ്ങ്കോങ്ങിൽ രണ്ടരലക്ഷത്തിലധികം തൊഴിലാളികളും ഇതിൽ പങ്കെടുത്തു. രാജ്യമാസകലമുള്ള ജനങ്ങളുടെ പിന്തുണയോടുകൂടിയ ആ വമ്പിച്ച ഹോങ്ങ്കോങ്ങ്

പണിമുടക്ക് പതിനാറു മാസം നീണ്ടുനിന്നു. ലോക തൊഴിലാളിപ്രസ്ഥാനത്തിൽ അതുവരെയുള്ള ചരിത്രത്തിലെ ഏറ്റവും നീണ്ടുനിന്ന പണിമുടക്കായിരുന്നു അത്.

17. ഹൊപ്പെ സംസ്ഥാനത്തിൻെറ പഴയ പേരായിരുന്നു ചിഹ്‌ളി.

18. ട്രയാഡ് സംഘം, സഹോദരസംഘം, വലിയ വാൾ സംഘം, യുക്തിജീവൻ സംഘം, പച്ച സംഘം തുടങ്ങിയവ ജനങ്ങൾക്കിടയിലെ പ്രാകൃതമായ രഹസ്യസംഘടനകളായിരുന്നു. ഇതിലെ അംഗങ്ങൾ പ്രധാനമായും സാമ്പത്തികമായി തകർന്ന കർഷകരും തൊഴിൽരഹിതരായ കൈവേലക്കാരും മററു തെണ്ടിത്തൊഴിലാളികളുമായിരുന്നു. നാടുവാഴിത്ത ചൈനയിൽ ഇത്തരം ആൾക്കാർ ഏതെങ്കിലും മതത്തിൻെറയോ അന്ധവിശ്വാസത്തിൻെറയോ പേരിൽ മിക്കപ്പോഴും പൈതൃകാവകാശ മാതൃകയിലുള്ളതും വ്യത്യസ്ത പേരുകളോടുകൂടിയതുമായ സംഘടനകൾ രൂപീകരിക്കാൻ ഒന്നിച്ചു ചേരാറുണ്ടായിരുന്നു. ഇതിൽ ചിലതിന് ആയുധങ്ങളുമുണ്ടായിരുന്നു. ഈ സംഘടനകൾ വഴി തെണ്ടിത്തൊഴിലാളികൾ സാമൂഹ്യമായും സാമ്പത്തികമായും പരസ്പരം സഹായിക്കാൻ ശ്രമിച്ചു. ചിലപ്പോൾ തങ്ങളെ മർദ്ദിച്ചുകൊണ്ടിരുന്ന ഉദ്യോഗസ്ഥ മേധാവികളോടും ഭൂപ്രഭുക്കളോടും സമരം ചെയ്യുകയും ചെയ്തു. എങ്കിലും അത്തരം പിന്നോക്കാവസ്ഥയിലുള്ള സംഘടനകൾ കർഷകൻെറയും കൈവേലക്കാരുടെയും പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാർഗവും കണ്ടില്ല. മാത്രമല്ല അത്തരം സംഘടനകളെ ഭൂപ്രഭുക്കൾക്കും പ്രാദേശിക ജനമർദ്ദകർക്കും എളുപ്പത്തിൽ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയുമായിരുന്നു. ഈ കാരണത്താലും അവയുടെ കണ്ണുമടച്ചു നശിപ്പിക്കുക എന്ന സ്വഭാവത്താലും ഇതിൽ ചിലവ പ്രതിവിപ്ളവശക്തികളായി പരിണമിച്ചു. 1927-ലെ ചിയാംഗ്കൈഷക്കിൻെറ പ്രതിവിപ്ളവ കൂവിൽ ഇത്തരം സംഘടനകളെയാണ് അയാൾ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യത്തെ ശിഥിലീകരിക്കാനും വിപ്ളവത്തെ നശിപ്പിക്കാനും ഉപയോഗിച്ചത്. ആധുനിക തൊഴിലാളിവർഗം ഉയർന്നു വരികയും ശക്തി പ്രാപിച്ചു വരികയും ചെയ്തതോടെ കർഷകർ, തൊഴിലാളി വർഗ നേതൃത്വത്തിൻ കീഴിൽ അണിനിരന്നുകൊണ്ട് തികച്ചും പുതിയ രീതിയിലുള്ള സംഘടനകളിൽ ക്രമേണ സംഘടിക്കുകയും ഇത്തരം പ്രാകൃതവും പിന്നോക്കാവസ്ഥയിലുള്ളതുമായ സംഘങ്ങൾക്കു നിലനില്ക്കാനുള്ള സാഹചര്യം ഇല്ലാതാവുകയും ചെയ്തു.

# ഹുനാനിലെ കർഷകപ്രസ്ഥാനത്തെക്കുറിച്ചുള്ള ഒരു സൂക്ഷ്മാന്വേഷണ റിപ്പോർട്ട്*

**1927, മാർച്ച്**

## കർഷകപ്രശ്നത്തിൻെറ പ്രാധാന്യം

ഈയിടെയുള്ള എൻെറ ഹുനാൻ[1] സന്ദർശനത്തിനിടയിൽ സിയാങ്ടാൻ, സിയാങ് സിയാങ്, ലീലിങ്, ഹെങ്ഷാൻ, ചാങ്ഷ എന്നീ അഞ്ചു കൗണ്ടികളിലെ (പ്രവിശ്യകൾക്കു കീഴേയും ജില്ലകൾക്കു മേലേയുമുള്ള ഭരണമേഖല. വിവ:) സ്ഥിതിഗതികളെക്കുറിച്ചു ഞാൻ നേരിട്ടു സൂക്ഷ്മാന്വേഷണം നടത്തുകയുണ്ടായി. ജനുവരി 4 മുതൽ ഫെബ്രുവരി 5 വരെയുള്ള32 ദിവസങ്ങളിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും വസ്തുതാന്വേഷണയോഗങ്ങൾ ഞാൻ വിളിച്ചു ചേർത്തു. അനുഭവസമ്പന്നരായ കർഷകരും കർഷകപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഖാക്കളും അതിൽ പങ്കെടുത്തു. ഞാൻ അവരുടെ റിപ്പോർട്ടുകൾ സശ്രദ്ധം കേൾക്കുകയും വളരെയേറെ വസ്തുതകൾ ശേഖരിക്കുകയും ചെയ്തു. കർഷകപ്രസ്ഥാനത്തെ സംബന്ധിച്ച് എങ്ങനെയെന്നും എന്തുകൊണ്ടെന്നുമൊക്കെയുള്ള നിരവധി കാര്യങ്ങൾ ഹാൻകോവിലേയും ചാങ്ഷായിലേയും നാട്ടുപ്രമാണിമാർ പറയുന്നതിൻെറ നേർവിപരീതമായിരുന്നു. ഇന്നേവരെ അറിഞ്ഞിട്ടില്ലാത്ത പല അസാധാരണ സംഗതികളും ഞാൻ കാണുകയും കേൾക്കുകയുമുണ്ടായി. മററു പല സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളവും ഇതു തന്നെയാണു സത്യം എന്നു ഞാൻ വിശ്വസിക്കുന്നു. കർഷക പ്രസ്ഥാനത്തിനെതിരായ എല്ലാ സംസാരങ്ങളും പെട്ടെന്നു തന്നെ ശരിയാക്കിയേ തീരൂ. കർഷക പ്രസ്ഥാനത്തെ സംബന്ധിച്ചു വിപ്ളവകാരികളായ അധികാരികൾ കൈക്കൊണ്ടിട്ടുള്ള തെററായ നടപടികളും അതിവേഗം മാററിയേ തീരൂ. ഇങ്ങനെ മാത്രമേ വിപ്ളവത്തിൻെറ ഭാവി മെച്ചപ്പെടുത്തുവാനാകൂ. കാരണം, കർഷകപ്രസ്ഥാനത്തിൻെറ ഇന്നത്തെ ഇരമ്പിക്കയററം അതിബൃഹത്തായ ഒരുസംഭവമാണ്. അല്പകാലത്തിനുള്ളിൽ തന്നെ ചൈനയുടെ മദ്ധ്യ പ്രവിശ്യകളിലും, ഉത്തര – ദക്ഷിണപ്രവിശ്യകളിലും കോടാനുകോടി

---

* കർഷകരുടെ വിപ്ളവസമരത്തിനുനേരെ അക്കാലത്തു തൊടുത്തുവിട്ടിരുന്ന പാർട്ടിക്കകത്തും പുറത്തുമുള്ള വിമർശനങ്ങൾക്കു മറുപടിയായി എഴുതിയതായിരുന്നു ഈ ലേഖനം. സഖാവ് മാവോസെതുങ് സൂക്ഷ്മാന്വേഷണം നടത്തിക്കൊണ്ടു ഹുനാൻ പ്രവിശ്യയിൽ മുപ്പത്തിരണ്ടു ദിവസം ചിലവഴിക്കുകയും, ആ വിമർശനങ്ങൾക്കു മറുപടിയായി ഈ റിപ്പോർട്ട് എഴുതുകയും ചെയ്തു. ചെൻട്യൂ–സ്യൂ തലവനായുള്ള പാർട്ടിയിലെ വലതുപക്ഷ അവസരവാദികൾ സഖാവു മാവോസെതുങ്ങിൻെറ വീക്ഷണങ്ങൾ സ്വീകരിക്കാതിരിക്കുകയും തങ്ങളുടെ സ്വന്തം തെററായ ആശയങ്ങളിൽ കടിച്ചുതൂങ്ങി നില്ക്കുകയും ചെയ്തു. കൂമിന്താങ്ങിലെ പിന്തിരിപ്പൻപ്രവണത കണ്ടു ഭയന്നു, പൊട്ടിപ്പുറപ്പെട്ടതും പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുന്നതുമായ കർഷകരുടെ മഹ

കർഷകർ അജയ്യമായ ഒരു കൊടുങ്കാററുപോലെ, ഒരു ചക്രവാതം പോലെ ഉണർന്നെഴുന്നേൽക്കും. എത്ര തന്നെ വലിയ ശക്തികൾക്കുപോലും പിടിച്ചുനിർത്താനാവാത്തവിധം വേഗതയും ആക്രമണോൽസുകതയും അതിനുണ്ടായിരിക്കും. തങ്ങളെ ബന്ധിച്ചിരിക്കുന്ന ചങ്ങലകൾ അവർ തകർത്തു തരിപ്പണമാക്കുകയും വിമോചനത്തിന്റെ പാതയിലൂടെ മുന്നോട്ടു കുതിക്കുകയും ചെയ്യും. എല്ലാ സാമ്രാജ്യവാദികളേയും, യുദ്ധപ്രഭുക്കന്മാരേയും, അഴിമതിവീരന്മാരായ ഉദ്യോഗസ്ഥന്മാരേയും, പ്രാദേശിക ജനമർദ്ദകരേയും, ദുഷ്ടരായ നാട്ടുപ്രമാണിമാരേയും അവരുടെ ശവക്കുഴികളിലേക്കു തൂത്തെറിയും. ഓരോ വിപ്ലവപാർട്ടിയും, വിപ്ലവകാരിയായ ഓരോ സഖാവും അവരാൽ പരീക്ഷിക്കപ്പെടും. അതിന്റെ അടിസ്ഥാനത്തിൽ അവരെ സ്വീകരിക്കാമോ, നിരാകരിക്കാമോ എന്ന് അവർ തീരുമാനിക്കും. മൂന്നു പോംവഴികളാണുള്ളത്. അവരുടെ മുന്നിൽ മാർച്ചുചെയ്യുകയും അവരെ നയിക്കുകയും ചെയ്യുക? കൊഞ്ഞനം കുത്തിയും; വിമർശിച്ചുംകൊണ്ട് അവരുടെ പിന്നിൽ ഇഴയുക? അല്ലെങ്കിൽ അവരുടെ വഴിമുടക്കി നില്ക്കുകയും അവരെ എതിർക്കുകയും ചെയ്യുക? ഓരോ ചൈനക്കാരനും ഇതിലേതെങ്കിലും മാർഗം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ അത് അതിവേഗം ചെയ്യാൻ സംഭവങ്ങൾ നിങ്ങളെ നിർബന്ധിക്കും.

## സംഘടിതരാകുക!

കർഷകപ്രസ്ഥാനം വളരെയേറെ മുന്നേറിക്കഴിഞ്ഞിട്ടുള്ള, പ്രവിശ്യയുടെ മദ്ധ്യ, ദക്ഷിണ കൗണ്ടികളെ സംബന്ധിച്ചിടത്തോളം, ഹുനാനിലെ കർഷക പ്രസ്ഥാനത്തിന്റെ വികാസത്തെ മൊത്തത്തിൽ രണ്ടു ഘട്ടങ്ങളായി വിഭജിക്കാം. കഴിഞ്ഞവർഷം ജനുവരി മുതൽ സെപ്തംബർ വരെയുള്ള ഒന്നാം കാലഘട്ടം സംഘടിപ്പിക്കലിന്റേതായ ഒന്നാം ഘട്ടമായിരുന്നു. ഇതിൽ ജനുവരി മുതൽ ജൂൺ വരെയുള്ള കാലം രഹസ്യപ്രവർത്തനത്തിന്റേതായിരുന്നു. വിപ്ലവസേന ചാ ഓ ഹെങ് ടിയെ തുരത്തിയോടിക്കുന്ന ജൂലൈ മുതൽ സെപ്തംബർ വരെയുള്ള കാലം പരസ്യ പ്രവർത്തനത്തിന്റേതും. ഈ കാലഘട്ടത്തിൽ കർഷക സംഘങ്ങളുടെ അംഗത്വം മൂന്നോ നാലോ ലക്ഷത്തിൽ കൂടുതലായിരുന്നില്ല. നേരിട്ട് അവയുടെ നേതൃത്വത്തിൻ കീഴിലുള്ള ബഹുജനങ്ങൾ ഒരു ദശലക്ഷത്തിൽ ഒട്ടും കൂടുതലല്ലായിരുന്നു. നാട്ടിൻപുറങ്ങളിൽ ഇനിയും യാതൊരു സമരവും നടന്നു കഴിഞ്ഞിരുന്നില്ല. തൽഫലമായി, മററു കേന്ദ്രങ്ങളിൽ സംഘങ്ങളെക്കുറിച്ച് വിമർശനവും വളരെ കുറവായിരുന്നു. അതിലെ അംഗങ്ങൾ വടക്കൻ പടയേററ സേനയുടെ വഴികാട്ടികളും, വിവരം സംഭരിക്കുന്ന സ്കൗട്ടുകളും, ചുമട്ടുകാരുമായി സേവനമനുഷ്ഠിച്ചവരായിരുന്നു. അതുകൊണ്ട് ചില ഉദ്യോഗസ്ഥന്മാർക്കു പോലും കർഷകസംഘടനയെപ്പററി ചില നല്ലവാക്കുകൾ പറയാനുണ്ടായിരുന്നു. കഴിഞ്ഞ ഒക്ടോബർ മുതൽ ഈ വർഷം ജനുവരിവരെ

ത്തായ വിപ്ലവസമരങ്ങളെ പിന്താങ്ങുവാൻ അവർ ധൈര്യപ്പെട്ടില്ല. അവയായിരുന്നു അവരുടെ മുഖ്യതെററുകൾ. കൂമിന്താങ്ങിനെ പ്രീണിപ്പിക്കാനായി, വിപ്ലവത്തിലെ മുഖ്യ സഖ്യശക്തിയായ കർഷകജനതയെ കയ്യൊഴിയാനാണ് അവർ കൂടുതൽ ഇഷ്ടപ്പെട്ടത്. അങ്ങനെ തൊഴിലാളിവർഗത്തേയും കമ്മ്യൂണിസ്ററ് പാർട്ടിയേയും ഒററപ്പെടുത്തുകയും അവയ്ക്കു സഹായമില്ലാതാക്കുകയും ചെയ്തു. 1927 വേനലിൽ വിപ്ലവത്തെ വഞ്ചിക്കാനും 'പാർട്ടി ശുദ്ധീകരണം' അഴിച്ചുവിടാനും, ജനങ്ങളുടെ നേരെ യുദ്ധം നടത്തുവാനും, കൂമിന്താങ്ങ് ധൈര്യപ്പെട്ടതിന്റെ മുഖ്യകാരണം, അന്നു കമ്മ്യൂണിസ്ററ് പാർട്ടിക്കുള്ളിലെ ഈ ബലഹീനത ചൂഷണം ചെയ്യാൻ കഴിഞ്ഞിരുന്നുവെന്നതാണ്.



യുള്ള രണ്ടാമത്തെ കാലഘട്ടം വിപ്ലവപരമായ പ്രവർത്തനത്തിന്റേതായിരുന്നു. സംഘങ്ങളുടെ അംഗത്വം ഇരുപതു ലക്ഷത്തിലേക്കു കുതിച്ചു കയറി. അവയുടെ നേതൃത്വത്തിലുള്ള ബഹുജനങ്ങളുടെ എണ്ണം ഒരു കോടിയായി വർദ്ധിച്ചു. കർഷകസംഘത്തിൽ ചേരുമ്പോൾ മുഴുവൻ കുടുംബത്തിനും വേണ്ടി ഒരൊററ പേരുമാത്രമേ സാധാരണയായി കർഷകർ ചേർക്കാറുള്ളു. അതുകൊണ്ട്, 20 ലക്ഷം അംഗങ്ങൾ എന്നതിന് ഏതാണ്ട് ഒരുകോടിയോളം ബഹുജനങ്ങളുടെ പിൻതുണയുണ്ടെന്നാണർത്ഥം. ഹുനാനിലെ ഏതാണ്ടു പകുതിയോളം വരുന്ന കർഷകർ ഇന്നു സംഘടിതരാണ്. സിയാങ് ടാൻ, സിയാങ്സിയാങ്, ലിയ്വാങ്, ചാങ്ഷാ, ലീലിംങ്, നിങ്സിയാങ്, പിങ്ക്യാങ്, സിയാൻഹിൻ, ഹെങ്ഷാൻ, ഹെങ്യാങ്, ലിയാങ്, ചെൻസിൻ, ആൻഹ്വ പോലുള്ള കൗണ്ടികളിൽ മിക്കവാറും എല്ലാ കർഷകരും തന്നെ കർഷക സംഘങ്ങളിൽ ഒന്നിക്കുകയോ, അല്ലെങ്കിൽ അവയുടെ നേതൃത്വത്തിൻ കീഴിൽ വരുകയോ ചെയ്തിട്ടുണ്ട്. അവരുടെ വൈപുല്യമാർന്ന സംഘടനയുടെ ശക്തികൊണ്ടായിരുന്നു, കർഷകർ പ്രവർത്തനത്തിലേക്കു കുതിച്ചിറങ്ങിയതും നാട്ടിൻപുറങ്ങളിൽ ഒരു മഹത്തായ വിപ്ലവം, ചരിത്രത്തിൽ താരതമ്യമില്ലാത്ത ഒരു വിപ്ലവം, നാലുമാസങ്ങൾക്കുള്ളിൽ വരുത്തിത്തീർത്തതും.

## പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും തുലയട്ടെ! എല്ലാ അധികാരവും കർഷക സംഘങ്ങൾക്കു്!

കർഷകരുടെ ആക്രമണത്തിന്റെ മുഖ്യലക്ഷ്യങ്ങൾ പ്രാദേശികജനമർദ്ദകരും, നാട്ടുപ്രമാണിമാരും,, നിയമങ്ങൾക്ക് അതീതരായ ഭൂപ്രഭുക്കളുമാണ്. പക്ഷേ തങ്ങളുടെ മുന്നേററത്തിനിടയിൽ, പരമ്പരാഗതമായ പഴഞ്ചനാശയങ്ങൾക്കും, സ്ഥാപനങ്ങൾക്കും എതിരായും, നഗരങ്ങളിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരായും, നാട്ടിൻപുറങ്ങളിലെ ദുഷിച്ച സമ്പ്രദായങ്ങൾക്കും ആചാരങ്ങൾക്കുമെതിരായും കൂടി അവർ ആഞ്ഞടിക്കുന്നു. ശക്തിയിലും, ആവേശത്തിലും, ഈ ആക്രമണം ഒരു കൊടുങ്കാററുപോലെയാണ്. അതിന്റെ മുമ്പിൽ തല കുനിക്കുന്നവർ അതിജീവിക്കുന്നു. ചെറുക്കുന്നവരാകട്ടെ നശിക്കുന്നു. ഇതിന്റെ ഫലമായി ആയിരമായിരം വർഷങ്ങളോളം ജന്മിനാടുവാഴി ഭൂപ്രഭുക്കൾ അനുഭവിച്ചുപോന്നിരുന്ന പ്രത്യേക ആനുകൂല്യങ്ങൾ തകർത്തു തരിപ്പണമാക്കപ്പെടുകയാണ്. ഭൂപ്രഭുക്കൾ കെട്ടിപ്പൊക്കിയിരുന്ന മാന്യതയുടേയും അന്തസിന്റേയും ഓരോ കണികയും പൊടിമണ്ണിലേക്ക് തൂത്തെറിയപ്പെടുകയാണ്. ഭൂപ്രഭുക്കളുടെ അധികാരത്തിന്റെ തകർച്ചയോടെ ഇന്നു കർഷകസംഘങ്ങൾ അധികാരത്തിന്റെ ഒരേയൊരു ഉപകരണമായിത്തീർന്നിരിക്കയാണ്. 'എല്ലാ അധികാരവും കർഷക സംഘങ്ങൾക്ക്' എന്ന ജനകീയ മുദ്രാവാക്യം ഒരു യാഥാർത്ഥ്യമായി തീർന്നിരിക്കുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വഴക്കുപോലെയുള്ള നിസാരകാര്യങ്ങൾ പോലും കർഷകസംഘത്തിലെത്തുകയായി. കർഷകസംഘങ്ങളിൽ നിന്ന് ആരുമില്ലാതെ ഒരൊററകാര്യവും പരിഹരിക്കാനേ സാദ്ധ്യമല്ല. നാട്ടിൻ പുറങ്ങളിലെ എല്ലാ കാര്യങ്ങളും ശരിക്കും കർഷകസംഘങ്ങളുടെ സർവ്വാധിപത്യത്തിലാണ്. തികച്ചും അക്ഷരാർത്ഥത്തിൽ 'അതു പറയുന്നതൊക്കെ നടക്കുന്നു.' സംഘങ്ങൾക്കു പുറത്തുള്ളവർക്ക് അവയെക്കുറിച്ച് നല്ലതു പറയാനേ സാധിക്കൂ, അവർക്കെതിരായി ഉരിയാടാൻ പോലും സാദ്ധ്യമല്ല. പ്രാദേശിക ജനമർദ്ദകർക്കും, ദുഷ്ടരായ നാട്ടുപ്രമാണിമാർക്കും, നിയമങ്ങൾക്ക്

അതീതരായ ഭൂപ്രഭുക്കൾക്കും സംസാരിക്കാനുള്ള അവകാശമെല്ലാം നിഷേധിച്ചിരിക്കയാണ്. അവരാരും എതിർത്തൊന്നു പിറുപിറുക്കാൻ പോലും തുനിയുന്നില്ല. കർഷക സംഘങ്ങളുടെ അധികാരത്തിന്റേയും സമ്മർദ്ദത്തിന്റേയും മുന്നിൽ ഉന്നതരായ പ്രാദേശികജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും, ഷാങ്ഹായിലേക്കും, രണ്ടാം കിടക്കാർ ഹാൻകോയിലേക്കും, മൂന്നാം കിടക്കാർ ചാങ്ഷായിലേക്കും, നാലാം കിടക്കാർ ചെറുനഗരങ്ങളിലേക്കും ഒളിച്ചോടിയിരിക്കുകയാണ്. അതേസമയം അഞ്ചാംകിടക്കാരും അതിലും താണ അല്പന്മാരും ഗ്രാമങ്ങളിലെ കർഷക സംഘങ്ങൾക്കു കീഴടങ്ങുകയാണ്.

ദുഷ്ടരായ നാട്ടുപ്രമാണിമാരിൽ ഒരല്പൻ പറയും, 'ഇതാ, പത്തു യുവാൻ, ദയവായി എന്നെ കർഷകസംഘത്തിൽ ചേർത്താലും.'

കർഷകരുടെ മറുപടി ഇതാണ്. 'ഛീ, ആർക്കുവേണം നിന്റെ നാറിയ പണം.'

മുൻപ് കർഷകസംഘങ്ങൾക്ക് എതിരായിരുന്ന ധാരാളം ഇടത്തരം ചെറുകിട ഭൂപ്രഭുക്കളും, ധനിക കർഷകരും, ഇടത്തരം കർഷകർ പോലും ഇന്ന് അംഗത്വത്തിനുവേണ്ടി വൃഥാ ശ്രമിക്കുകയാണ്. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ, 'പ്രവിശ്യാ തലസ്ഥാനത്തുനിന്നും വന്ന ബഹുമാന്യനായ കമ്മറ്റിക്കാരാ, ദയവായി എന്റെ നാമനിർദ്ദേശകനായാലും' എന്ന് എന്നോടു യാചിക്കുന്ന നിരവധി പേരെ ഞാൻ കാണുകയുണ്ടായി.

ചിങ് രാജവംശത്തിലെ പ്രാദേശിക ഭരണാധികാരികൾ തയ്യാറാക്കിയ കാനേഷുമാരി കണക്ക്, ഒരുസാധാരണ രജിസ്റ്ററും 'മറ്റേ' രജിസ്റ്ററും അടങ്ങുന്നതായിരുന്നു. ആദ്യത്തേത് സത്യസന്ധരായ ആൾക്കാർക്കു വേണ്ടിയും, രണ്ടാമത്തേത് ഭവനഭേദനക്കാർക്കും, കൊള്ളക്കാർക്കും അതുപോലുള്ള മറ്റ് അനഭിലഷണീയർക്കും വേണ്ടിയായിരുന്നു. ആദ്യകാലത്ത് സംഘങ്ങളെ എതിർത്തിരുന്നവരെ ഭയപ്പെടുത്താൻ വേണ്ടി ചില സ്ഥലങ്ങളിൽ കർഷകർ ഇപ്പോൾ ഈ സമ്പ്രദായം ഉപയോഗിക്കുന്നു. അവർ പറയും: 'അവരുടെ പേരുകൾ മറ്റേ രജിസ്റ്ററിൽ ചേർക്കുക.'

മറ്റേ രജിസ്റ്ററിൽ ചേർക്കപ്പെട്ടേക്കുമെന്നു ഭയന്ന്, അത്തരക്കാർ കർഷകസംഘങ്ങളിൽ പ്രവേശനത്തിനു വേണ്ടി പലപല ഉപായങ്ങൾ പരീക്ഷിക്കുന്നു. അവരുടെ പേരുകൾ ചേർക്കപ്പെടുന്നതുവരെ അവർക്ക് സുരക്ഷിതത്വം തോന്നുന്നില്ല. അത്രത്തോളം അവരുടെ മനസ്സ് അതിൻമേൽ തളച്ചിട്ടിരിക്കയാണ്. എന്നാൽ അധികപക്ഷവും അവരെ പാടേ തള്ളിക്കളയുകയാണ് ചെയ്യാറ്. അതുകൊണ്ട്, അവർ എല്ലായ്പോഴും ഒരു സന്ദിഗ്ധാവസ്ഥയിലാണ്.

സംഘത്തിന്റെ വാതിൽ കൊട്ടിയടക്കപ്പെട്ടതുകൊണ്ട്, അവർ വീടും കുടിയുമില്ലാത്ത തെണ്ടിപ്പരിഷകളെപ്പോലെയാണ്. അല്ലെങ്കിൽ നാടൻ ഭാഷയിൽ ''വെറും ചണ്ടി''യാണ് ചുരുക്കത്തിൽ നാലു മാസങ്ങൾക്കു മുമ്പ് ''കർഷകരുടെ ഒരു പറ്റ'' മെന്ന് പുച്ഛിക്കപ്പെട്ടിരുന്ന സംഘങ്ങൾ ഇന്ന് അങ്ങേയറ്റം ആദരണീയമായ സ്ഥാപനങ്ങളായി തീർന്നിട്ടുണ്ട്. മുൻപ് നാട്ടു പ്രമാണിമാരുടെ അധികാര ശക്തിക്കുമുമ്പിൽ സ്വയം സാഷ്ടാംഗ പ്രണാമം ചെയ്തവർ കർഷകരുടെ ശക്തിക്കു മുമ്പിൽ തലകുനിക്കുകയാണിന്ന്. കഴിഞ്ഞ ഒക്ടോബറിനു ശേഷമുള്ള ലോകം വ്യത്യസ്തമായ ഒന്നാണെന്ന് എല്ലാവരും നിസ്സംശയം സമ്മതിക്കുന്നു.

## 'അതു ഭീകരമാണ്'' അല്ലെങ്കിൽ 'അതു നല്ലതാണ്''

കർഷകരുടെ കലാപം നാട്ടുപ്രമാണിമാരുടെ മധുര സ്വപ്നങ്ങളെ ശല്യപ്പെടുത്തി. നാട്ടിൻ പുറങ്ങളിൽ നിന്നുള്ള വാർത്ത നഗരങ്ങളിലേ



ക്കെത്തിയപ്പോൾ അതുടനേതന്നെ, നാട്ടുപ്രമാണിമാരുടെ ഇടയിൽ കോലാഹലങ്ങൾ സൃഷ്ടിച്ചു. ചാങ്ഷായിൽ എത്തിയ ഉടനെ ഞാൻ പലതരക്കാരെയും കാണുകയും അവരുമായി ധാരാളം നാട്ടുവർത്തമാനങ്ങൾ പറയുകയും ചെയ്തു. സമൂഹത്തിലെ ഇടത്തരം വിഭാഗക്കാർ തൊട്ട് മേലോട്ട് കൂമിന്താങ്ങിലെ വലതുപക്ഷക്കാർ വരെയുള്ളവർ മുഴുവനും, കാര്യങ്ങളെ അപ്പാടെ സംഗ്രഹിച്ചു പറഞ്ഞത്, ''അത് ഭീകരമാണ്'' എന്നാണ്. അങ്ങനെ പറയുന്നവരുടെ വീക്ഷണങ്ങൾ അന്ന് നഗരത്തിൽ നിറഞ്ഞു കവിഞ്ഞിരുന്നു. ആ വീക്ഷണത്തിന്റെ ആഘാതത്തിൽ പെട്ട്, തികച്ചും വിപ്ളവ മനസ്ഥിതിയുള്ളവർ പോലും, നാട്ടിൻ പുറങ്ങളിലെ സംഭവവികാസങ്ങളെക്കുറിച്ച് വിഭാവനം ചെയ്യുമ്പോൾ അവരുടെ മനസ്സിടിഞ്ഞു പോകുന്നു.

''ഭീകരം'' എന്ന പദം ഉപയോഗിക്കാതിരിക്കുവാൻ അവർക്കും സാദ്ധ്യമല്ലായിരുന്നു. തികച്ചും പുരോഗമന വാദികൾ പോലും പറഞ്ഞു: 'അത് ഭീകരമാണെങ്കിൽ പോലും ഒരു വിപ്ളവത്തിൽ അതനിവാര്യമാണ്'' ചുരുക്കത്തിൽ ആർക്കും തന്നെ ''ഭീകരം'' എന്ന പദത്തെ മുഴുവനായും നിഷേധിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ മുൻപു പറഞ്ഞതുപോലെ മഹത്തായ കർഷക ബഹുജനങ്ങൾ അവരുടെ ചരിത്രപരമായ ദൗത്യം നിർവഹിക്കുവാൻ ഉണർന്നെണീറ്റിരിക്കയാണ്, നാട്ടിൻപുറങ്ങളിലെ ജനാധിപത്യ ശക്തികൾ ജൻമി_നാടു വാഴിത്ത ശക്തികളെ മറിച്ചിടുവാൻ വേണ്ടി ഉണർന്നെഴുന്നേറ്റിരിക്കുകയാണ്. ഇതാണ് വസ്തുത. പ്രാദേശിക ജനമർദ്ദകരും, ദുഷ്ടരായ നാട്ടുപ്രമാണിമാരും, നിയമങ്ങളനുസരിക്കാത്ത ഭൂപ്രഭുക്കളും ഉൾക്കൊള്ളുന്ന ഗോത്രാധിപത്യ ജൻമി–നാടുവാഴി വർഗം ആയിരക്കണക്കിനു വർഷങ്ങളായി രൂപപ്പെടുത്തിയെടുത്തതാണ്. സ്വേച്ഛാധിപത്യ സർക്കാരിന്റെ അടിത്തറ. സാമ്രാജ്യത്വത്തിന്റെയും, യുദ്ധ പ്രഭുത്വത്തിന്റേയും, അഴിമതിക്കാരായ ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും മൂലക്കല്ലുകൂടിയാണ് ഈ വർഗം. ഈ ജൻമി നാടു വാഴിത്ത ശക്തികളെ മറിച്ചിടുകയാണ് ദേശീയ വിപ്ളവത്തിന്റെ യഥാർത്ഥ ലക്ഷ്യം. ദേശീയ വിപ്ളവത്തിനുവേണ്ടി ഡോക്ടർ സൺയാറ്റ്സൺ ഉഴിഞ്ഞുവച്ച നാല്പതു വർഷങ്ങളിൽ അദ്ദേഹം നിറവേറ്റാനാഗ്രഹിച്ചതും, എന്നാൽ പരാജയപ്പെട്ടതും എന്താണോ അത് കർഷകർ കുറച്ച് മാസങ്ങൾക്കുള്ളിൽ നിറവേറ്റിയിരിക്കുന്നു. വെറും നാല്പതല്ല, ആയിരമായിരം വർഷങ്ങളോളമായി മുമ്പൊരിക്കലും കൈവരിച്ചിട്ടില്ലാത്ത ഒരു മഹത് കൃത്യമാണിത്. അത് വളരെ നന്നായി. അതെന്തു തന്നെയായാലും ''ഭീകര''മല്ല. ''അത് ഭീകരമാണ്'' എന്ന വീക്ഷണം വ്യക്തമായും ഭൂപ്രഭുക്കളുടെ താൽപര്യത്തിനുവേണ്ടി, കർഷകരുടെ ഉയിർത്തെഴുന്നേല്പിനെ എതിർത്ത് തോല്പിക്കാനുള്ള ഒരു സിദ്ധാന്തമാണ്. അത് ജൻമി നാടുവാഴിത്വത്തിന്റെ പഴയ വ്യവസ്ഥിതി അതേ പടി നിലനിർത്താനും, ജനാധിപത്യത്തിന്റെ പുതിയ വ്യവസ്ഥിതി സ്ഥാപിക്കുന്നതിനെ തടയാനും വേണ്ടിയുള്ള ഭൂപ്രഭുവർഗത്തിന്റെ ഒരു സിദ്ധാന്തമാണ്. ഒരു പ്രതി വിപ്ളവ സിദ്ധാന്തമാണത്. വിപ്ളവകാരിയായ ഒരൊറ്റ സഖാവും ഈ അസംബന്ധം ഏറ്റുപാടരുത്. നിങ്ങളുടെ വിപ്ളവ വീക്ഷണം ദൃഢമായി ഉറപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ഗ്രാമങ്ങളിൽ ചെന്ന് ചുറ്റുപാടും വീക്ഷിച്ചാൽ നിങ്ങൾ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ആവേശഭരിതനാകുമെന്ന് തീർച്ചയാണ്. അടിമകളാക്കപ്പെട്ട അനേകായിരങ്ങൾ —കർഷകർ_ അവരുടെ മജ്ജയും മാംസവും കൊണ്ട് തടിച്ചു കൊഴുത്ത ശത്രുക്കളെ അടിച്ചു നിലം പരിശാക്കുകയാണ്. കർഷകർ ചെയ്യുന്നത് പരിപൂർണ്ണമായും ശരിയാണ്. അവർചെയ്യുന്നത് ഏറ്റവും മേൻമയുറ്റതാണ് ''അത് നല്ലതാണ്'' എന്നത് കർഷകരുടെയും മറ്റെല്ലാ വിപ്ളവകാരികളുടേയും സിദ്ധാന്തമാണ്. ദേശീയ വിപ്ളവത്തിന് നാട്ടിൻ പുറങ്ങളിൽ

ഒരു വമ്പിച്ച മാററം ആവശ്യമാണെന്ന് ഓരോ വിപ്ളവകാരിയായ സഖാവും അറിഞ്ഞിരുന്നേ തീരൂ. 1911 ലെ വിപ്ളവത്തിന്[3] ഈ മാററം കൈവരുത്താനായില്ല. അതുകൊണ്ടായിരുന്നു അതിന്റെ പരാജയവും. ഈ മാററം ഇന്ന് സംഭവിച്ചുകൊണ്ടിരിക്കയാണ്. വിപ്ളവത്തിന്റെ പൂർത്തീകരണത്തിനുള്ള ഒരതിപ്രധാന ഘടകമാണിത്. വിപ്ളവകാരിയായ ഓരോ സഖാവും ഇതിനെ പിൻതാങ്ങിയേ തീരൂ: അല്ലെങ്കിൽ അയാൾ ഒരു പ്രതി വിപ്ളവ നിലപാടായിരിക്കും എടുക്കുന്നത്.

## 'അതിരു കടന്നു പോകുന്ന'തിന്റെ പ്രശ്നം

മറെറാരു വിഭാഗം ആൾക്കാരുണ്ട്. അവർ പറയുന്നു: അതേ, കർഷകസംഘങ്ങൾ ആവശ്യമാണ്. പക്ഷെ അവ അതിരുകടന്നുപോകുന്നു.' നടുനിലക്കാരുടെ അഭിപ്രായമാണിത്. പക്ഷേ എന്താണ് യഥാർത്ഥ പരിതസ്ഥിതി? ശരിയാണു, കർഷകർ ഒരർത്ഥത്തിൽ നാട്ടിൻപുറങ്ങളിൽ 'അനിയന്ത്രിതരാണ്'. പരമാധികാരിയായ കർഷകസംഘം, ഭൂപ്രഭുവിനെ ഉരിയാടാൻപോലും അനുവദിക്കാറില്ല. അവന്റെ അന്തസ്സ് അത് തൂത്തെറിയുന്നു. അതാകട്ടെ ഭൂപ്രഭുവിനെ അടിച്ചുവീഴ്ത്തുന്നതിനും അവിടെനിന്നും എണീക്കാൻ അനുവദിക്കാതിരിക്കുന്നതിനും തുല്യമാണ്. 'നിന്നെ ഞങ്ങൾ മറേറാ രജിസ്ററിൽ ചേർക്കു'മെന്നും കർഷകർ ഭീഷണിപ്പെടുത്തുന്നു. പ്രാദേശിക ജനമർദ്ദകർക്കും, ദുഷ്ടരായ നാട്ടുപ്രമാണിമാർക്കും അവർ പിഴയിടുന്നു. അവരിൽനിന്ന് സംഭാവനകൾ ആവശ്യപ്പെടുന്നു. അവരുടെ പല്ലക്കുകസേരകൾ തകർക്കുന്നു. കർഷക സംഘടനകൾക്കെതിരായ പ്രദേശികജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും വീടുകളിലേക്ക് ജനങ്ങൾ കൂട്ടം കൂട്ടമായി ഇരച്ചുകയറുകയും ചെയ്യുന്നു. അവരുടേ പന്നികളെ കൊല്ലുകയും ധാന്യങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. അവരുടെ വീടുകളിലെ തരുണീമണികളുടെ, ആനക്കൊമ്പുകൊണ്ട് ചിത്രപ്പണി ചെയ്ത കട്ടിലുകളിൽ ഇവർ ഒന്നോ രണ്ടോ മിനിട്ടുനേരത്തേക്ക് സുഖമായൊന്നു തലചായ്ക്കുകപോലും ചെയ്യുന്നു. നേരിയ പ്രകോപനം മതി, അവരെ ഉടനെ അറസ്ററു ചെയ്യുന്നു. അറസ്ററു ചെയ്തവരെ കടലാസുകൊണ്ടുള്ള നീണ്ട കോമാളിതൊപ്പികളാൽ കിരീടമണിയിച്ച് ഗ്രാമങ്ങളിലൂടെ 'എടാ വൃത്തികെട്ട ഭൂപ്രഭു; ഇപ്പോൾ മനസ്സിലായിക്കാണും ഞങ്ങൾ ആരാണെന്ന്!' എന്നെല്ലാം പറഞ്ഞ് കവാത്തു ചെയ്യിക്കും. അവർക്കിഷ്ടമുള്ളതെല്ലാം ചെയ്തും എല്ലാംതന്നെ കീഴ്മേൽ മറിച്ചും കർഷകർ നാട്ടിൻ പുറങ്ങളിൽ ഒരുതരം ഭീകരത സൃഷ്ടിച്ചിരിക്കുകയാണ്. ഇതിനെയാണ് ചിലർ 'അതിരുകടന്നു പോകുന്ന'തായോ, 'ഒരു തെററ് ശരിയാക്കുന്നതിൽ സാമാന്യപരിധിക്കപ്പുറം പോകുന്ന'തായോ അല്ലെങ്കിൽ 'യഥാർത്ഥത്തിൽ വളരെക്കൂടുതൽ' എന്നോ മററും വിളിക്കുന്നത്. ഇത്തരം സംസാരം പെട്ടെന്ന് ശരിയാണെന്നു തോന്നിയേക്കാം. പക്ഷേ യഥാർത്ഥത്തിൽ തെററാണത്. ഒന്നാമതായി പ്രാദേശികജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും നിയമമേയില്ലാത്ത ഭൂപ്രഭുക്കളും തന്നെയാണ് കർഷകരെ ഇതിലേക്ക് നിർബന്ധിച്ചത്. അവർ യുഗങ്ങളായി കർഷകരുടെമേൽ ഭീകര ഭരണം നടത്താനും തങ്ങളുടെ കാലടിക്കീഴിൽ ചവുട്ടിമെതിക്കാനുമായി അവരുടെ അധികാരം ഉപയോഗിച്ചിട്ടുണ്ട്. അതുകൊണ്ടാണ് കർഷകർ ഇത്ര ശക്തമായി തിരിച്ചടിച്ചത്. എവിടെയാണോ പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടു പ്രമാണിമാരും നിയമമേയില്ലാത്ത ഭൂപ്രഭുക്കളും ഏററവും ഹീനമായ പാതകങ്ങൾ ഏല്പിച്ചിട്ടുള്ളത്, അവിടങ്ങളിൽ അങ്ങേയററം അക്രമാസക്തമായ കലാപങ്ങളും അങ്ങേയററം ഗുരുതരമായ കുഴപ്പങ്ങളും സംഭവിച്ചിട്ടുണ്ട്. കാര്യങ്ങൾ വ്യക്തമായി കാണാൻ കഴിവുള്ളവരാണ് കർഷകർ. ആരാണ് ചീത്ത, ആരല്ല, ആരാണ് ഏററവും



ഹീനൻ, ആരാണ് അത്രക്ക് ഹീനനല്ലാത്തത്, ആരാണ് കഠിനശിക്ഷയർഹിക്കുന്നത്, ആരെയാണ് ലഘുശിക്ഷയോടെ വിട്ടയക്കേണ്ടത് ഇതിനെക്കുറിച്ചെല്ലാം കർഷകർ വ്യക്തമായ കണക്കുകൾ സൂക്ഷിക്കുന്നു. വളരെ വിരളമായേ ശിക്ഷ കുററത്തെ കവച്ചുവച്ചിട്ടുള്ളൂ. രണ്ടാമതായി ഒരു വിപ്ളവം ഒരു വിരുന്നു സൽക്കാരമോ, ഒരു പ്രബന്ധമെഴുത്തോ, ഒരു ചിത്രം വരക്കലോ, ഒരു ചിത്രത്തയ്യൽ ചെയ്യലോ അല്ല. അത് അത്രമാത്രം പരിശുദ്ധവും അത്രമാത്രം സാവകാശവും സൗമ്യവും, അത്രമാത്രം സഹിഷ്ണുതയോടും, ദയവോടും, ആദരവോടും, നിയന്ത്രിതരായും, മഹാമനസ്കതയോടും.[4] കൂടിയതാവുകയില്ല. വിപ്ളവം ഒരു ഉയിർത്തെഴുന്നേല്പാണ്. ഒരു വർഗം മറെറാരു വർഗത്തെ മറിച്ചിടുന്ന ഒരക്രമപ്രവൃത്തിയാണത്. ഒരു നാടൻ വിപ്ളവമെന്നത് കർഷകജനത ജന്മി–നാടുവാഴി–ഭൂപ്രഭുവർഗത്തിന്റെ അധികാരത്തെ മറിച്ചിടുന്ന ഒരു വിപ്ളവമാണ്.

ആയിരമായിരം കൊല്ലങ്ങളോളമായി നിലനിന്നുപോന്ന ഭൂപ്രഭുക്കളുടെ ആഴത്തിൽ വേരൂന്നിയ അധികാരത്തെ മറിച്ചിടുന്നതിന് കർഷകർക്ക് അങ്ങേയററത്തെ ശക്തി ഉപയോഗിക്കാതെ സാദ്ധ്യമായെന്നു വരില്ല. ഒരു കരുത്തുററ വിപ്ളവമുന്നേററം നാട്ടിൻപുറങ്ങളിൽ ആവശ്യമാണ്; കാരണം, അതൊന്നിനു മാത്രമേ കരുത്തേറിയ ഒരു ശക്തിയാവുന്നതിന് കോടാനുകോടി ജനങ്ങളെ തട്ടിയുണർത്താൻ കഴിയുകയുള്ളൂ. 'അതിരു കടന്നുപോകുന്ന'തെന്നു മുദ്രയടിക്കപ്പെട്ട, ഇവിടെ എടുത്തുപറഞ്ഞ പ്രവർത്തനങ്ങളെല്ലാംതന്നെ കർഷകശക്തിയിൽനിന്ന് ഉത്ഭവിക്കുന്നതാണ്. ഈ കർഷകശക്തികളുടെ നിദാനമാകട്ടെ നാട്ടിൻപുറങ്ങളിലെ കരുത്തുററ വിപ്ളവപരമായ ഇരമ്പിക്കയററമാണ്. കർഷക പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടത്തിൽ, വിപ്ളവപ്രവർത്തനത്തിന്റെ ഘട്ടത്തിൽ, ഇത്തരം കാര്യങ്ങൾ ചെയ്യുകയെന്നത് അങ്ങേയററം അത്യാവശ്യമായിരുന്നു. ഈ ഘട്ടത്തിൽ കർഷകരുടെ പരിപൂർണാധികാരം സുസ്ഥാപിതമാക്കുന്നതും അത്യാവശ്യമായിരുന്നു. കർഷക സംഘങ്ങളെക്കുറിച്ചുള്ള ഹീനമായ വിമർശനം വിലക്കുകയെന്നത് അത്യാവശ്യമായിരുന്നു. നാട്ടുപ്രമാണിമാരുടെ മേൽക്കോയ്മയെ പൂർണ്ണമായും മറിച്ചിടുകയും അവരെ അടിച്ചു മണ്ണുകപ്പിക്കുകയും അവിടെത്തന്നെ കാൽക്കീഴിൽ നിർത്തുകയും ആവശ്യം തന്നെയായിരുന്നു. 'അതിരു കടന്നതെന്നു' മുദ്രയടിക്കപ്പെട്ട ഈ ഘട്ടത്തിലെ പ്രവർത്തനങ്ങൾക്കെല്ലാം തന്നെ വിപ്ളവപരമായ പ്രാധാന്യമുണ്ട്. വെട്ടിത്തുറന്നു പറഞ്ഞാൽ, ഓരോ നാട്ടിൻപുറത്തും കുറച്ചു കാലത്തേക്കു ഭീകരത സൃഷ്ടിക്കുന്നത് അത്യാവശ്യമാണ്. അല്ലെങ്കിൽ നാട്ടിൻപുറങ്ങളിലെ പ്രതിവിപ്ളവകാരികളുടെ ചെയ്തികളെ അടിച്ചമർത്തുകയോ, നാട്ടുപ്രമാണിമാരുടെ അധികാരത്തെ മറിച്ചിടുകയോ അസാദ്ധ്യമായിരിക്കും. ഒരു തെററ് ശരിയാക്കുന്നതിനുവേണ്ടി സാമാന്യപരിധികൾ അതിലംഘിക്കുകതന്നെ വേണം. അല്ലെങ്കിൽ ഒരു തെററ് ശരിപ്പെടുത്താൻ കഴിയുകയേയില്ല[5]. 'അതിരു കടന്നുപോകുന്നു'വെന്നു കർഷകരെക്കുറിച്ചു പറഞ്ഞുനടക്കുന്നവർ മുൻപു പറഞ്ഞ 'അതു ഭീകരമാണ്' എന്നു പറഞ്ഞു നടക്കുന്നവരിൽനിന്നു വ്യത്യസ്തരാണെന്ന് ഒററനോട്ടത്തിൽ തോന്നാവുന്നതാണ്, എന്നാൽ ഇവർ രണ്ടു കൂട്ടരും തുടങ്ങുന്നതു സത്തയിൽ ഒരേ നിലപാടിൽനിന്നു തന്നെയാണ്. പ്രത്യേക അവകാശങ്ങൾ ആസ്വദിക്കുന്ന വർഗങ്ങളുടെ താൽപര്യങ്ങൾ പൊക്കിപ്പിടിക്കുന്ന ഒരു ഭൂപ്രഭുസിദ്ധാന്തമാണ് രണ്ടു കൂട്ടരും ഉയർത്തുന്നത്. ഈ സിദ്ധാന്തം കർഷക പ്രസ്ഥാനത്തിന്റെ ഉയർച്ചയെ തടസ്സപ്പെടുത്തുകയും അതുകൊണ്ടുതന്നെ, വിപ്ളവത്തെ ഛിന്നഭിന്നമാക്കുകയും ചെയ്യുന്നതാകയാൽ നാമതിനെ ദൃഢമായി എതിർത്തേ പററൂ.

## അലവലാതികളുടെ പ്രസ്ഥാനം

'കർഷകപ്രസ്ഥാനം, അലവലാതികളുടെ, കുഴിമടിയന്മാരായ കർഷകരുടെ ഒരു പ്രസ്ഥാനമാണ് ' എന്നാണ് കൂമിന്താങ്ങിന്റെ വലതുപക്ഷം പറയുന്നത്. ഈ വീക്ഷണം ചാങ്ഷായിൽ പ്രചാരത്തിലുണ്ട്. ഞാൻ നാട്ടിൻപുറത്തായിരുന്നപ്പോൾ നാട്ടുപ്രമാണിമാർ പറയുന്നതു കേട്ടു: ''കർഷകസംഘം സ്ഥാപിക്കുന്നതൊക്കെ ശരിതന്നെ. പക്ഷേ ഇന്നതു നടത്തുന്നവർ തീരെ കൊള്ളില്ല. അവരെ മാററിയേ തീരൂ.' വലതുപക്ഷക്കാർ പറയുന്നതെന്താണോ അതിൽ തന്നെയാണ് ഈ അഭിപ്രായങ്ങളും ചെന്നെത്തുന്നത്. ഇരുവരും പറയുന്നതനുസരിച്ച് ഒരു കർഷകപ്രസ്ഥാനം ഉണ്ടാകുന്നതെല്ലാം കൊള്ളാം. (ഈ കർഷകപ്രസ്ഥാനം നിലവിൽ വന്നുകഴിഞ്ഞു, അല്ലെന്നു പറയാൻ ആർക്കും തന്നെ ധൈര്യവുമില്ല ) പക്ഷേ അവർ പറയുന്നു, ഇന്ന് അതു നടത്തുന്നവർ ഒട്ടും കൊള്ളില്ലെന്ന്, കീഴ്ഘടകങ്ങളുടെ ചുമതല വഹിക്കുന്നവരെ അവർ പ്രത്യേകിച്ചും വെറുക്കുകയും അവരെ 'അലവലാതികൾ' എന്നു വിളിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ആരെയെല്ലാമാണ് നാട്ടുപ്രമാണികൾ നികൃഷ്ടരായി തള്ളിയിരുന്നത്, ആരെയെല്ലാമാണു ചളിയിലേക്കവർ ചവുട്ടിത്താഴ്ത്തിയത്, സമുദായത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത, ഉരിയാടാൻ അവകാശമില്ലാത്ത ആ ജനങ്ങൾ തന്നെ അവരുടെ തല ഇന്നു ചങ്കൂററത്തോടെ ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. അവർ തല ഉയർത്തിപ്പിടിക്കുക മാത്രമല്ല ചെയ്തത്, പിന്നെയോ അധികാരം തങ്ങളുടെ കൈകളിൽ ഏറെറടുത്തിരിക്കുകയുമാണ്. ഇന്നവർ ഏററവും കീഴ്നിലവാരത്തിൽ ടൗൺഷിപ്പ് കർഷകസംഘങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സംഘങ്ങളെ അവർ ഭീകരവും അപ്രതിരോധ്യവുമായ ഒന്നായി മാററിത്തീർത്തിട്ടുണ്ട്. തഴമ്പുപിടിച്ചുപരുക്കനായ, ജോലി ചെയ്തു ചെളിപുരണ്ട അവരുടെ കൈകൾ അവർ ഉയർത്തി, നാട്ടുപ്രമാണിമാരെ അതിനുകീഴിൽ അമർത്തിയിരിക്കുന്നു. അവർ ദുഷ്ടരായ നാട്ടുപ്രമാണിമാരെ കയർകൊണ്ടു വരിഞ്ഞുകെട്ടുകയും കടലാസുകൊണ്ടുള്ള നീളൻ കോമാളിത്തൊപ്പികളാൽ കിരീടമണിയിക്കുകയും ഗ്രാമങ്ങളിലൂടെ കവാത്തെടുപ്പിക്കുകയുമാണ്. (സിയാങ്ങ്ടാനിലും, സിയാങ്ങ്സിയാങ്ങിലും 'ടൗൺഷിപ്പിലൂടെയുള്ള കവാത്തെടുപ്പിക്കൽ' എന്നും, ലീലിങ്ങിൽ 'പാടങ്ങളിലൂടെയുള്ള കവാത്തെടുപ്പിക്കൽ' എന്നുമാണ് അവരതിനെ വിളിക്കുന്നത്.) നിർദ്ദയമായ ചില മുള്ളുവാക്കുകൾ നിന്ദാപൂർവം ഈ നാട്ടുപ്രമാണിമാരുടെ കാതുകളിൽ ചെണ്ടകൊട്ടി കേൾപ്പിക്കാതെ ഒരൊററ ദിവസംപോലും കടന്നുപോകാറില്ല. അവർ കല്പനകൾ നൽകുന്നു; കാര്യങ്ങളെല്ലാം നടത്തുന്നു. ഇന്നലെവരെ ഏററവും അടിത്തട്ടിലുണ്ടായിരുന്നവർ ഇന്ന് എല്ലാവർക്കും മുകളിലാണ്. അതുകൊണ്ടുതന്നെ 'കാര്യങ്ങൾ കീഴ്മേൽ മറിക്കുന്നു' എന്നാണിതിനെ വിളിക്കുന്നത്.

## വിപ്ളവത്തിന്റെ മുന്നണിപോരാളികൾ

കാര്യങ്ങളോടും ജനങ്ങളോടും പരസ്പര വിരുദ്ധങ്ങളായ രണ്ടു സമീപനങ്ങൾ എവിടെയൊക്കെയുണ്ടോ, രണ്ടു പരസ്പര വിരുദ്ധങ്ങൾ അവിടെയൊക്കെ തലപൊക്കുന്നു. ''അതു ഭീകരമാണ്,'' ''അതുനല്ലതാണ്'' എന്നും, ''അലവലാതികൾ,'' വിപ്ളവത്തിന്റെ മുന്നണിപോരാളികൾ'' എന്നുമുള്ള രണ്ടു പരസ്പര വിരുദ്ധ അഭിപ്രായങ്ങൾ ഇവക്ക് ഏററവും നല്ല ഉദാഹരണങ്ങളാണ്, വർഷങ്ങളോളമായി നിറവേററപ്പെടാതെ കിടന്നിരുന്ന വിപ്ളവ പരമായ ഒരു കടമ കർഷകർ നിറവേററിയിരിക്കുകയാണെന്നും, ദേശീയ വിപ്ളവത്തിനു വേണ്ടിയുള്ള ഒരു സുപ്രധാന ജോലി ചെയ്തിരിക്കുകയാണെന്നും നാം മുകളിൽ പ്രസ്താവിച്ചു. എന്നാൽ ഈ മഹത്തായ വിപ്ളവകടമ, ഈ സുപ്രധാന വിപ്ളവകൃത്യം എല്ലാ കർഷകരും ചേർന്നാണോ നിർവഹിച്ചിട്ടുള്ളത്? അല്ല. ധനികകർഷകർ, ഇടത്തരം കർഷകർ, ദരിദ്ര കർഷകർ എന്നിങ്ങനെ കർഷകരിൽ മൂന്നു വിഭാഗമുണ്ട്. മൂവരും വ്യത്യസ്ത സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. തന്നിമിത്തം അവർക്ക് വിപ്ളവത്തെക്കുറിച്ച് വ്യത്യസ്ത വീക്ഷണങ്ങളുമുണ്ട്. ആദ്യഘട്ടത്തിൽ ധനിക കർഷകരുടെ ശ്രദ്ധയാകർഷിച്ചത് കിയാങ്ങ്സിയിൽ വച്ച് വടക്കൻ പടയേററ സേനക്ക് ഏററ തകർപ്പൻ പരാജയത്തെക്കുറിച്ചും, ചിയാങ്ങ് കൈഷേക്കിന്റെ കാലിൽ പരിക്കേററതിനെക്കുറിച്ചും[6] അയാൾ ക്വാങ്ങ്ടുങ്ങി[7] ലേക്ക് തിരിച്ചോടുന്നതിനെക്കുറിച്ചും, വുപൈ-ഫു[8] യൂചൌ എന്ന സ്ഥലം തിരികെ പിടിക്കുന്നതിനെക്കുറിച്ചും ഉള്ള സംസാരങ്ങളായിരുന്നു. മുമ്പൊരിക്കലും കേട്ടിട്ടില്ലാത്തവയായതു കൊണ്ട് കർഷക സംഘങ്ങൾ തീർച്ചയായും നിലനില്ക്കുന്നതല്ലെന്നും, മൂന്നു ജനകീയ സിദ്ധാന്തങ്ങൾക്ക്[9] പ്രാബല്യത്തിൽ വരാൻ കഴിയില്ലെന്നു മൊക്കെയായിരുന്നു അവരുടെ അഭിപ്രായങ്ങൾ. കർഷക സംഘത്തിന്റെ ഒരു ഭാരവാഹി (സാധാരണയായി ഒരു ''അലവലാതി'') അങ്ങനെ ഒരു ധനിക കർഷകന്റെ വീട്ടിൽ രജിസ്ററർ പുസ്തകവുമായി കയറിച്ചെന്ന് ചോദിക്കും, ''നിങ്ങൾ ദയവായി കർഷക സംഘത്തിൽ ചേരുമോ?'' ധനിക കർഷകർ എന്തുത്തരമാണ് നൽകുക. പൊറുപ്പിക്കാവുന്ന വിധം മര്യാദക്കാരനായ ഒരുവൻ പറയും, ''കർഷക സംഘമോ? എന്റെ നിലവുമുഴുത് വർഷങ്ങളോളമായി ഞാനിവിടെ കഴിയുന്നു. അത്തരം ഒന്നിനെപ്പററി ഞാൻ മുമ്പൊരിക്കലും കേട്ടിട്ടുപോലുമില്ല. എന്നിട്ടും ഞാൻ നന്നായിത്തന്നെ കഴിഞ്ഞുപോന്നിട്ടുണ്ട്. അതുപേക്ഷിക്കുന്നതാണ് നല്ലതെന്നാണ് എനിക്കു നിങ്ങളോട് പറയാനുള്ളത്''. ശരിക്കും നീചനായ ഒരു ധനിക കർഷകൻ പറയും, ''കർഷകസംഘമോ? അസംബന്ധം! നിങ്ങളുടെ തല കൊണ്ടിച്ചു കിട്ടാനുള്ള ഒരു സംഘം! ആളുകളെ വെറുതെ കുഴപ്പത്തിലാക്കേണ്ട!'' എന്നിരുന്നാലും, അത്ഭുതം തന്നെ, കർഷകസംഘങ്ങൾ സ്ഥാപിക്കപ്പെട്ടിട്ട് ഇന്നേക്ക് നിരവധി മാസങ്ങൾ തന്നെയായി. നാട്ടു പ്രമാണിമാരുടെ മുമ്പിൽ നിവർന്നു നിൽക്കാൻ അവർ ധൈര്യപ്പെട്ടിട്ടുമുണ്ട്. അവിൻഹുക്കകൾ അടിയറവെക്കാൻ വിസമ്മതിച്ച സമീപപ്രദേശങ്ങളിലെ നാട്ടു പ്രമാണിമാരെ സംഘങ്ങൾ അറസ്ററു ചെയ്യുകയും ഗ്രാമങ്ങളിലൂടെ കവാത്തെടുപ്പിക്കുകയുമുണ്ടായി. തന്നെയുമല്ല, ചെറുനഗരങ്ങളിലെ ചില വൻകിട ഭൂപ്രഭുക്കളെ സിയാങ്ങ്ടാനിലെ, യെൻ ജങ്ങ്-ച്യൂവിനേയും നിങ്ങ് സിയാങ്ങിലെ യാങ്ങ്-ചിസേയും പോലുള്ളവരെ, കൊലപ്പെടുത്തുകയും ചെയ്തു. ഒക്ടോബർ വിപ്ളവത്തിന്റെ വാർഷികത്തിലും ബ്രിട്ടീഷ് വിരുദ്ധ പ്രകടനത്തിന്റെ സമയത്തും, വടക്കൻ പടയേററ സേനയുടെ മഹത്തായ വിജയാഘോഷങ്ങളിലും പതിനായിരക്കണക്കിനു കർഷകർ, ഓരോ ടൗൺഷിപ്പിലും, വലുതും ചെറുതുമായ വെന്നിക്കൊടികളുയർത്തിക്കൊണ്ട് അവരുടെ ചുമടെടുക്കാനുപയോഗിക്കുന്ന കാവു വടികളും മൺ കൂടികളുമേന്തി കൂററൻ ബഹുജന പ്രവാഹങ്ങളായി പ്രകടനം നടത്തിയിട്ടുണ്ട്. അപ്പോൾ മാത്രമായിരുന്നു ധനിക കർഷകർ വിഷമത്തിലാവുകയും സംഭ്രാന്തരാവുകയും ചെയ്തത്. വടക്കൻ പടയേററത്തിന്റെ മഹത്തായ വിജയാഘോഷങ്ങൾക്കിടയിൽ കുികിയാങ്ങ് അധീനപ്പെടുത്തിയെന്നും ചിയാങ്ങ് കൈഷേക്കിന് കാലിൽ മുറിവേററിരുന്നില്ലെന്നും, ഇതിനൊക്കെ പുറമെ വൂപൈ-ഫൂ തോററു തുന്നം പാടിക്കഴിഞ്ഞെന്നും അവർക്ക് മനസ്സിലായി. അതുകൊണ്ടു മായില്ല: ''മൂന്നു ജനകീയ തത്വങ്ങൾ നീണാൾ വാഴട്ടെ! '' ''കർഷകസംഘങ്ങൾ നീണാൾ വാഴട്ടെ! '' ''കർഷകർ വിജയിക്കട്ടെ! '' എന്നിവപോലുള്ള മുദ്രാവാക്യങ്ങൾ ചുവപ്പും പച്ചയുമായ വിജ്ഞാപനങ്ങളിൽ വ്യക്തമായി എഴുതിയതും അവർ കണ്ടു. അങ്ങേയററം വിഷമത്തിലകപ്പെട്ടവരും സംഭ്രാന്തരു

മായ ധനിക കർഷകർ അമ്പരന്നു, ''ഇതെന്തുകഥ? കർഷകർ നീണാൾ
വാഴട്ടെയെന്നോ?', ഇവററകളെ ഇനി ചക്രവർത്തി[10]മാരായാണോ കരു
തേണ്ടത്? ''ഇതോടെ കർഷക സംഘങ്ങൾ ഇപ്പോൾ കുറച്ചു ഗമയിലായി
രിക്കുന്നു. ധനിക കർഷകരോട് സംഘക്കാർ പറയുന്നു. ''നിന്നെ ഞ
ങ്ങൾ മറേറ രജിസ്ററററിൽ ചേർക്കും,'' അല്ലെങ്കിൽ അവർ ഇങ്ങനെ പറ
യും,''ഒരുമാസം കഴിഞ്ഞാൽ പ്രവേശന ഫീസ് ഒരാൾക്ക് പത്ത്‌യുവാനാ
കും.'' ഇതിന്റെയെല്ലാം സമ്മർദ്ദഫലമായി മാത്രമാണ് ധനിക കർഷ
കർ മനസ്സില്ലാ മനസ്സോടെ സംഘങ്ങളിൽ[11] ചേരുന്നത്. പ്ര
വേശനത്തിനുവേണ്ടി ചിലർ അമ്പതു സെൻറാ ഒരു യുവാനോ നൽകു
ന്നു. (സാധാരണ ഫീസാകട്ടെ കേവലം പത്തു ചെമ്പ് തുട്ടുകളാണ്.)
ചിലർ പ്രവേശനം നേടുന്നത് അവരെക്കുറിച്ച് ഒരു നല്ല വാക്ക് രേഖപ്പെ
ടുത്തുവാൻ മററുള്ളവരോട് അപേക്ഷിച്ചതിനു ശേഷം മാത്രമാണ്. എ
ന്നാൽ ഇന്നേവരെ സംഘങ്ങളിൽ ചേർന്നു കഴിഞ്ഞിട്ടില്ലാത്ത മുരത്ത യാ
ഥാസ്ഥിതികൻമാരുമുണ്ട്. ധനിക കർഷകർ സംഘങ്ങളിൽ ചേരു
മ്പോൾ സാധാരണയായി കുടുംബത്തിലെ അറുപതോ എഴുപതോ വയ
സ്സുള്ള ഒരാളുടെപേരാണ് ചേർക്കാറ്. കാരണം 'നിർബന്ധ സൈനി
കസേവനത്തെ ''ക്കുറിച്ച് നിരന്തരഭീതിയിലാണിവർ. ചേർന്നതിനു ശേ
ഷവും സംഘങ്ങൾക്കുവേണ്ടി എന്തെങ്കിലും ജോലി ചെയ്യുന്നതിൽ തന്നെ
ധനികകർഷകർ തല്പരരല്ല. അവർ ഉടനീളം നിർജ്ജീവരായി തന്നെ
നിലകൊള്ളുന്നു.

ഇടത്തരം കർഷകരുടെ സ്ഥിതി എന്താണ്? അവരുടേത് ആടി
ക്കളിക്കുന്ന ഒരു നിലപാടാണ്. വിപ്ലവം അത്രക്കു നന്മയൊന്നും
അവർക്കു കൈവരുത്തുകയില്ലെന്ന് അവർ കരുതുന്നു. അവരുടെ പാ
ത്രങ്ങളിൽ അരികിടന്നു തിളക്കുന്നുണ്ട്. അസമയത്ത് വീട്ടുവാതിൽ
ക്കൽ മുട്ടി വിളിക്കാൻ കടക്കാരുമില്ല. മുമ്പെന്നെങ്കിലും ഒരു കാര്യം
നിലനിന്നിരുന്നുവോ എന്നു നോക്കി വിധി കല്പിക്കുന്ന അവരും
പുരികങ്ങൾ ചുളിച്ച് സ്വയം ആലോചിക്കുകയാണ്. 'യഥാർത്ഥ
ത്തിൽ കർഷകസംഘങ്ങൾക്ക് അധികനാൾ നിലനില്ക്കാൻ കഴിയു
മോ?' 'മൂന്നു ജനകീയ തത്വങ്ങൾക്ക് പ്രാബല്യത്തിൽ വരാൻ കഴിയു
മോ?' അവരുടെ നിഗമനം ഇതാണ്? 'കഴിഞ്ഞേക്കില്ല ' ഇതെല്ലാം
ആശ്രയിച്ചു നിൽക്കുന്നത് ഈശ്വരേച്ഛയെ ആണെന്ന് അവർ സങ്കല്പി
ക്കുന്നു. ഒരു കർഷക സംഘമോ? ഈശ്വരേച്ഛ അതാണെന്നോ അല്ല മ
റിച്ചാണെന്നോ ആരറിഞ്ഞു' എന്ന് ചിന്തിക്കുന്നു. ആദ്യഘട്ടത്തിൽ
സംഘക്കാർ കയ്യിൽ രജിസ്ററർ പുസ്തകവുമായി ഒരു ഇടത്തരം കർ
ഷകനെ ചെന്നുകണ്ടു പറയുന്നു: 'നിങ്ങൾക്ക് ദയവായി കർഷക സം
ഘത്തിൽ ചേരാമോ?' 'ധൃതിയൊന്നുമില്ലല്ലോ' എന്നാവും ഇടത്തരം
കർഷകന്റെ മറുപടി. ഇടത്തരം കർഷകർ സംഘങ്ങളിൽ വന്നത് സംഘ
ങ്ങൾ വമ്പിച്ച അധികാരം പ്രയോഗിച്ചു തുടങ്ങിക്കഴിഞ്ഞ് രണ്ടാം ഘട്ട
ത്തിലായിരുന്നു. സംഘങ്ങളിൽ ഇടത്തരം കർഷകർ ധനികകർഷകരേ
ക്കാളും മെച്ചമാണ്. എന്നിരുന്നാലും അത്ര വളരെ ആവേശഭരിതരല്ല
അവർ. ഇനിയുമവർക്ക് കാത്തിരുന്നു കാണേണ്ടതായുണ്ട്. കർഷക
സംഘങ്ങളിൽ ഇടത്തരം കർഷകർ ചേർന്നു കിട്ടുന്നത് അത്യാവശ്യമാണ്,
കാര്യങ്ങൾ കൂടുതൽ വിശദമാക്കികൊടുക്കുന്ന ജോലി അവർക്കിടയിൽ
വളരെയേറെ ചെയ്യേണ്ടതും അത്യാവശ്യമാണ്. നാട്ടിൻപുറത്തെ കടുത്ത
പോരാട്ടത്തിൽ ദരിദ്രകർഷകർ എല്ലായ്പോഴും മുഖ്യ ശക്തിയായിരു
ന്നിട്ടുണ്ട്. രഹസ്യപ്രവർത്തനത്തിന്റേയും പരസ്യപ്രവർത്തനത്തിന്റേ
തുമായ രണ്ടുഘട്ടങ്ങളിലുടനീളം അവർ സമരവീര്യത്തോടെ പോരാടിയി
ട്ടുണ്ട്. അവരാണു കമ്യൂണിസ്ററ് പാർട്ടി നേതൃത്വത്തോട് ഏററവും
എളുപ്പം അടുക്കുന്നവർ. പ്രാദേശിക ജനമർദ്ദകരുടേയും ദുഷ്ടരായ



നാട്ടുപ്രമാണിമാരുടേയും കടുത്ത ശത്രുക്കളാണവർ. അവർ അക്കൂട്ടരെ
സങ്കോചലേശമന്യേ ആക്രമിക്കുന്നു. ധനികകർഷകരോടവർ പറയുന്നു,
'ഞങ്ങൾ വളരെ മുൻപു തന്നെ കർഷകസംഘത്തിൽ ചേർന്നു. നിങ്ങ
ളെന്തേ ഇനിയും മടിച്ചുനില്ക്കുന്നത്?' ധനികകർഷകർ പരിഹാസ
സ്വരത്തിൽ പറയുന്ന മറുപടി ഇതാണ്. 'ചേരുന്നതിൽ നിന്നും നിങ്ങ
ളെ തടയാനെന്തുണ്ട്? തലയ്ക്കു മുകളിൽ ഒരു മേൽക്കൂരയോ, അല്ലെ
ങ്കിൽ കാൽക്കീഴിൽ ഒരു തുണ്ട് ഭൂമിയോ ഇല്ലാത്ത കൂട്ടരല്ലേ നിങ്ങൾ.'
അതുശരിയാണ്. എന്തെങ്കിലും നഷ്ടപ്പെടാനുണ്ടെന്ന ഭീതി ദരിദ്ര
കർഷകർക്കില്ല. യഥാർത്ഥത്തിൽ അവരിൽ മിക്കവരും 'തലയ്ക്കു മു
കളിൽ ഒരു മേൽക്കൂരയോ അല്ലെങ്കിൽ കാൽക്കീഴിൽ ഒരു തുണ്ട് ഭൂമി
യോ' ഉള്ളവരല്ല. പിന്നെന്താണ് സംഘങ്ങളിൽ ചേരുന്നതിൽനിന്ന് അ
വരെ തടയാനുള്ളത്? ചാങ്ഷാ കൗണ്ടിയിൽ നടത്തിയ സർവേ അനു
സരിച്ചു നാട്ടിൻ പുറങ്ങളിലെ ജനസംഖ്യയുടെ 70% ദരിദ്ര കർഷകരും
20% ഇടത്തരം കർഷകരും 10% ഭൂപ്രഭുക്കളും ധനിക കർഷകരുമാണ്.
ഈ 70% വരുന്ന ദരിദ്രകർഷകരെ തന്നെ തികച്ചും ഗതിയററവരും അത്ര
യ്ക്കു ഗതിയററവരല്ലാത്തവരും എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി വീ
ണ്ടും തരം തിരിക്കാവുന്നതാണ്. 20% വരുന്ന അങ്ങേയററം ഗതിയററ
വർ[12] പൂർണ്ണമായും ഒന്നുംതന്നെയില്ലാത്തവരാണ്. അതായത്, ഭൂമി
യോ പണമോ ഒന്നുമില്ലാത്തവർ, ഉപജീവനമാർഗം യാതൊന്നുമില്ലാത്ത
വർ, വീട് ഉപേക്ഷിക്കാനും കൂലിപ്പട്ടാളത്തിൽ ചേരുന്നതിനും അല്ലെ
ങ്കിൽ കൂലിപ്പണിക്കാരോ അലഞ്ഞുനടക്കുന്ന യാചകരോ ആകുന്നതി
നും നിർബന്ധിക്കപ്പെടുന്നവർ. 50% വരുന്ന അത്രയ്ക്കു ഗതിയററവര
ല്ലാത്ത[13] മറേറവിഭാഗം ഭാഗികമായി ഒന്നും കൈവശമില്ലാത്തവരാണ്.
അതായത് കുറച്ചു ഭൂമിയോ അല്പം പണമോ മാത്രം കൈവശമുള്ളവർ.
കൈത്തൊഴിൽ വേലക്കാർ, കുടിയാൻകർഷകർ (ധനികരായ കുടിയാൻ
കർഷകർ ഇതിലുൾപ്പെടുന്നില്ല) അർദ്ധ ഉടമ കർഷകർ എന്നിവരെപ്പോ
ലെ വരുമാനത്തിലേറെ ചിലവാക്കേണ്ടിവരുന്നവരും, വർഷം മുഴുവനും
മുഷിഞ്ഞു പണിയെടുത്ത് ദാരിദ്രത്തിൽ കഴിയുന്നവരുമാണിവർ. ദരി
ദ്രകർഷകരുടെ വമ്പിച്ച ഈ ബഹുജനവിഭാഗം, അല്ലെങ്കിൽ ഉൾനാടൻ
ജനസംഖ്യയുടെ 70%, ഇവരാണ് കർഷക സംഘത്തിന്റെ നട്ടെല്ല്, ജന്മി
നാടുവാഴിത്ത ശക്തികളെ മറിച്ചിടുന്നതിലെ മുന്നണിപ്പോരാളികൾ,
വർഷങ്ങളോളമായി നിറവേററാതെ കിടന്നിരുന്ന മഹത്തായ വിപ്ലവക
ടമ നിർവഹിച്ച വീരപുരുഷന്മാർ. ദരിദ്രകർഷകവർഗത്തെ (നാട്ടുപ്ര
മാണിമാരുടെ ഭാഷയിൽ 'അലവലാതികളെ') കൂടാതെ നാട്ടിൻപുറത്ത്
ഇന്നുള്ള വിപ്ലവസാഹചര്യം കൈവരുത്തുന്നതിനോ, പ്രാദേശിക ജന
മർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയും മറിച്ചിടുകയും ജനാ
ധിപത്യവിപ്ലവം പൂർത്തീകരിക്കുകയും ചെയ്യുന്നതിനോ അസാദ്ധ്യ
മാകുമായിരുന്നേനെ. അങ്ങേയററം വിപ്ലവപരമായ വിഭാഗമായതു
കൊണ്ട് ദരിദ്രകർഷകർ കർഷകസംഘങ്ങളുടെ നേതൃത്വം നേടിയെടു
ത്തു. ഒന്നാമത്തേയും രണ്ടാമത്തേയുമായ രണ്ടു ഘട്ടങ്ങളിലും ഏററവും
കീഴ്‌നിലവാരത്തിലെ കർഷകസംഘങ്ങളിൽ മിക്കവാറും എല്ലാ അദ്ധ്യ
ക്ഷന്മാരും കമ്മിററിഅംഗങ്ങളും ദരിദ്രകർഷകരായിരുന്നു. (ഹെ
ങ്ഷാൻ കൗണ്ടിയിലെ ടൗൺഷിപ്പ് സംഘങ്ങളുടെ ഭാരവാഹികളിൽ അ
ങ്ങേയററം ഗതിയററവർ 50% വും അത്രയ്ക്കു ഗതിയററവരല്ലാത്തവർ
40% വും പട്ടിണിപ്പാവങ്ങളായ ബുദ്ധിജീവികൾ 10% വും വരുന്നു)
ദരിദ്രകർഷകരുടെ നേതൃത്വം തികച്ചും അത്യന്താപേക്ഷിതമാണ്. ദരി
ദ്രകർഷകരെ കൂടാതെ വിപ്ലവമേ ഉണ്ടാകില്ല. അവരെ ആക്രമിക്കുക
യെന്നാൽ വിപ്ലവത്തെ ആക്രമിക്കുകയാണ്. വിപ്ലവത്തിന്റെ പൊ
തുവായ ദിശയെക്കുറിച്ച് അവർക്കൊരിക്കലും തെററുപററിയിട്ടില്ല.
അവർ പ്രാദേശിക ജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയും

അവമതിച്ചിട്ടുണ്ട്. വലുതും ചെറുതുമായ പ്രാദേശിക ജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയും അടിച്ചിരുത്തുകയും അവരെ കാൽക്കീഴിൽതന്നെ അടക്കിനിർത്തുകയും ചെയ്തിട്ടുണ്ട്. വിപ്ളവപ്രവർത്തനത്തിന്റെ കാലഘട്ടത്തിലെ 'അതിരുകടന്നുപോകുന്ന'തെന്നു മുദ്രയടിക്കപ്പെട്ടിരുന്ന അവരുടെ ധീരകൃത്യങ്ങളിൽ മിക്കവയും വാസ്തവത്തിൽ വിപ്ളവത്തിന് ആവശ്യമായ അതേ കാര്യങ്ങൾ തന്നെയായിരുന്നു. ചില കൗണ്ടി ഗവൺമെന്റുകളും, കൂമിന്താങ്ങിന്റെ കൗണ്ടി ആസ്ഥാനങ്ങളും ഹുനാനിലെ കൗണ്ടികർഷക സംഘങ്ങളും ഇതിനകം ഒട്ടേറെ തെറ്റുകൾ ചെയ്തിട്ടുണ്ട്. ചിലതു ഭൂപ്രഭുക്കളുടെ അപേക്ഷയനുസരിച്ച് കീഴ്നിലവാരങ്ങളിലെ സംഘങ്ങളുടെ ഭാരവാഹികളെ അറസ്റ്റുചെയ്യുന്നതിനു സൈനികരെ അയക്കുകപോലും ചെയ്തിട്ടുണ്ട്. ഹെങ്ങ്സാൻ കൗണ്ടിയിലേയും, സിയാങ്ങ് സിയാങ്ങ് കൗണ്ടിയിലേയും ടൗൺഷിപ്പ് സംഘങ്ങളിലെ വളരെയേറെ അദ്ധ്യക്ഷന്മാരേയും കമ്മിററി അംഗങ്ങളേയും ജയിലിലടച്ചിട്ടുണ്ട്. ഈ തെററു വളരെ ഗുരുതരമാണ്, അതു പിന്തിരിപ്പന്മാരുടെ അഹങ്കാരത്തിനു വളംവെച്ചു കൊടുക്കുന്നു. ഇത് ഒരു തെററാണോ അല്ലയോ എന്നു വിധി കല്പിക്കുന്നതിന്, പ്രാദേശിക കർഷക സംഘങ്ങളുടെ അദ്ധ്യക്ഷന്മാരെയോ കമ്മിററി അംഗങ്ങളേയോ അറസ്ററു ചെയ്യപ്പെട്ട ഇടങ്ങളിലെല്ലാം, നിയമങ്ങൾക്ക് അതീതരായി കഴിയുന്ന ഭൂപ്രഭുക്കൾ എത്രയ്ക്കു ആനന്ദതിമിർപ്പിലാണെന്നും പിന്തിരിപ്പൻ വികാരങ്ങൾ എങ്ങിനെ വളരുന്നുവെന്നും നിങ്ങളൊന്നു നോക്കിയാൽമതി. 'ഒരപവലാതികളുടെ പ്രസ്ഥാന'മെന്നും 'കുഴിമടിയന്മാരായ കർഷകരുടെ പ്രസ്ഥാന'മെന്നുമുള്ള പ്രതിവിപ്ളവ സംസാരത്തെ നാം എതിർത്തു തോല്പിച്ചേ തീരൂ. ദരിദ്രകർഷക വർഗത്തിന്റെ നേരെയുള്ള പ്രാദേശിക ജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും ആക്രമണങ്ങളെ സഹായിക്കുക എന്ന തെററു പററാതിരിക്കുന്നതിൽ നാം പ്രത്യേകം ശ്രദ്ധ ചെലുത്തണം. ദരിദ്രകർഷകരായ നേതാക്കന്മാരിൽ കുറച്ചു പേർക്ക് നിശ്ചയമായും പോരായ്മകളുണ്ടായിട്ടുണ്ട്. എന്നാൽ അവരിൽ മിക്കവരും ഇതിനകം മാറിക്കഴിഞ്ഞിട്ടുണ്ട്. അവർ ഊർജ്ജസ്വലതയോടെ ചൂതാട്ടം നിരോധിക്കുകയും കൊള്ളയെ അടിച്ചമർത്തുകയുമാണ്. കർഷകസംഘം എവിടെയൊക്കെ പ്രബലമാണോ അവിടെയെല്ലാം ചൂതാട്ടം പൂർണമായും നിലച്ചിരിക്കുകയാണ്. കൊള്ളയടിക്കൽ നിരോധാനം ചെയ്തിരിക്കുകയാണ്. ചിലയിടങ്ങളിൽ വഴിവക്കിൽ ഇട്ടേച്ചു പോയ സാധനങ്ങൾ പോലും ജനങ്ങൾ എടുക്കുന്നില്ലെന്നതും രാത്രിയിൽ വാതിൽ തഴുതുകൾ ഇടാറില്ലെന്നതും അക്ഷരം പ്രതി ശരിയാണ്. ഹെങ്ങ്ഷാനിലെ സർവേയനുസരിച്ച് ദരിദ്രകർഷകരായ നേതാക്കന്മാരിൽ 85% വും വമ്പിച്ച പുരോഗതി നേടുകയും അവർ പ്രാപ്തരും കഠിനാദ്ധ്വാനശീലരുമാണെന്നു സ്വയം തെളിയിക്കുകയും ചെയ്തിട്ടുണ്ട്. 15% മാത്രമേ ചില ചീത്തശീലങ്ങൾ വച്ചുകൊണ്ടിരിക്കുന്നുള്ളൂ. ഏറിപ്പോയാൽ ഒരാൾക്ക് ഇതിനെ വിളിക്കാവുന്നത് 'ഒരനാരോഗ്യകരമായ ന്യൂനപക്ഷം' എന്നാണ്. വിവേചന ശൂന്യമായി അവരെ 'അലവലാതികളെന്ന്' അധിക്ഷേപിച്ചുകൊണ്ട് പ്രാദേശികരായ ജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയും നാം ഏററു പാടരുത്. 'അച്ചടക്കം ശക്തിപ്പെടുത്തുക' എന്ന കർഷകസംഘത്തിന്റെ സ്വന്തം മുദ്രാവാക്യത്തിനു കീഴിൽ നിന്നുകൊണ്ട്, ബഹുജനങ്ങൾക്കിടയിൽ പ്രചരണം നടത്തുകയും 'അനാരോഗ്യ ന്യൂനപക്ഷ'ത്തെ വിദ്യാഭ്യാസം ചെയ്യിക്കുകയും സംഘത്തിന്റെ അച്ചടക്കം ദൃഢതരമാക്കുകയും ചെയ്തുകൊണ്ടു മാത്രമേ 'അനാരോഗ്യകരമായ ന്യൂനപക്ഷ'ത്തിന്റെ ഈ പ്രശ്നം പരിഹരിക്കാനാവൂ. ദരിദ്രകർഷകരുടെ അന്തസിന് ഇടിച്ചിൽ തട്ടുന്നതും പ്രാദേശിക ജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാ



ണിമാരുടേയും അഹങ്കാരത്തിനു വളം വെക്കുന്നതുമായ അറസ്ററുകൾ ചെയ്യുന്നതിന് യാതൊരു സാഹചര്യത്തിലും സൈനികരെ തോന്നിയപോലെ അയക്കാൻ പാടില്ല. ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

## പതിനാലു മഹത്തായ നേട്ടങ്ങൾ

കർഷകസംഘങ്ങളെ വിമർശിക്കുന്നവരിൽ മിക്കവരും അവ വളരെയധികം ചീത്തക്കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ആരോപിക്കുന്നു. പ്രാദേശിക ജനമർദ്ദകർക്കും ദുഷ്ടരായ നാട്ടുപ്രമാണിമാർക്കും എതിരായ കർഷകരുടെ ആക്രമണങ്ങളെ തികച്ചും വിപ്ളവപരമാണെന്നും ഒരു കാരണവശാലും അതിനെ കുററപ്പെടുത്താനാവില്ലെന്നും ഞാൻ ഇതിനു മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കർഷകർ വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആളുകളുടെ വിമർശനങ്ങൾക്ക് മറുപടി പറയുന്നതിനുവേണ്ടി കർഷകർ യഥാർത്ഥത്തിൽ എന്താണു ചെയ്തതെന്നു മനസ്സിലാക്കുവാനായി നാമവരുടെ പ്രവർത്തനങ്ങളെല്ലാം ഓരോന്നായി ശരിക്കു പരിശോധിക്കണം. ഞാൻ കഴിഞ്ഞ കുറെ മാസത്തെ അവരുടെ പ്രവർത്തനങ്ങളെ ഇനം തിരിക്കുകയും സമാഹരിക്കുകയും ചെയ്തിട്ടുണ്ട്.

## 1, കർഷകസംഘങ്ങളിലായി കർഷകരെ സംഘടിപ്പിക്കൽ

കർഷകരുടെ ഒന്നാമത്തെ മഹത്തായ നേട്ടമിതാണ്. സിയാങ്ങ്ടാൻ, സിയാങ്ങ്സിയാങ്ങ്, ഹെങ്ങ്ഷാൻ എന്നിവപോലുള്ള കൗണ്ടികളിൽ ഏറെക്കുറെ എല്ലാ കർഷകരും സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഒരൊററ മുക്കും മൂലയുംപോലുമില്ലെന്നു തന്നെ പറയാം. സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഏററവും പുരോഗതി കൈവരിച്ച സ്ഥലങ്ങൾ ഇവയാണ്. യിയാങ്ങിനേയും ഹ്വാജുംഗിനേയുംപോലുള്ള ചില കൗണ്ടികളിൽ ബഹുഭൂരിപക്ഷം കർഷകരും സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്, ഒരു ചെറിയ വിഭാഗം മാത്രമേ അസംഘടിതരായി അവശേഷിക്കുന്നുള്ളു. ഇവ രണ്ടാം സ്ഥാനത്തു നില്ക്കുന്ന സ്ഥലങ്ങളാണ്. ചെങ്ങ്പൂവിനേയും ലിങ്ങ്ലിങ്ങിനേയും പോലുള്ള മററു കൗണ്ടികളിൽ ഒരു ചെറിയ വിഭാഗം ആൾക്കാർ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം കർഷകരും അസംഘടിതരായി അവശേഷിക്കുന്നു. ഇവ മൂന്നാം സ്ഥാനത്തു നില്ക്കുന്ന സ്ഥലങ്ങളാണ്. ലാൻ സൂ മിങ്ങിന്റെ14 നിയന്ത്രണത്തിൻകീഴിലുള്ള പശ്ചിമ ഹുനാനിൽ കർഷകസംഘങ്ങളുടെ പ്രചാരണം ഇനിയും എത്തിച്ചേർന്നിട്ടില്ല. അവിടത്തെ പല കൗണ്ടികളിലേയും കർഷകർ പൂർണമായും അസംഘടിതരാണ്. ഇവ നാലാം സ്ഥാനത്തുള്ള പ്രദേശങ്ങളാണ്. പൊതുവിൽ പറഞ്ഞാൽ ചാങ്ങ്ഷാ കേന്ദ്രമാക്കിയുള്ള മദ്ധ്യഹുനാനിലെ കൗണ്ടികളാണ് ഏററവും മുന്നോക്കം നില്ക്കുന്നത്, ദക്ഷിണ ഹുനാനിലുള്ളവ രണ്ടാം സ്ഥാനത്തു നില്ക്കുന്നു, പശ്ചിമ ഹുനാനാകട്ടെ സംഘടിക്കാനാരംഭിച്ചിട്ടു മാത്രമേയുള്ളു. പ്രവിശ്യാ കർഷകസംഘം കഴിഞ്ഞ നവംബർമാസത്തിൽ ശേഖരിച്ച കണക്കുകൾ അനുസരിച്ച് ഹുനാൻ പ്രവിശ്യയിലുള്ള 75 കൗണ്ടികളിൽ 37 എണ്ണത്തിലായി മൊത്തം 13,67,727 അംഗങ്ങളുള്ള സംഘടനകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു ദശലക്ഷത്തോളം പേർ സംഘടിപ്പിക്കപ്പെട്ടത് കർഷകസംഘങ്ങളുടെ അധികാരം വർദ്ധമാനമായിത്തീർന്ന ഒക്ടോബർ, നവംബർ മാസങ്ങളിലായിരുന്നു. സെപ്തംബർവരെ അംഗസംഖ്യ 3 ലക്ഷം—4 ലക്ഷം മാത്രമായിരുന്നു. പിന്നീടു ഡിസംബർ, ജനുവരി മാസങ്ങളിൽ കർഷകപ്രസ്ഥാനം അതിന്റെ ത്വരിതഗതിയിലുള്ള വളർച്ച തുടർന്നു. ജനുവരി അവസാനത്തോടെ അംഗസംഖ്യ ദശല

ക്ഷമായി തീർന്നിരിക്കണം. സാധാരണ ഗതിയിൽ ഒരു കുടുംബത്തിൽ
നിന്ന് ഒരംഗത്തെ മാത്രമേ കർഷകസംഘത്തിൽ അംഗമായി ചേർക്കാറു
ള്ളൂ. എന്നാൽ ഒരു കുടുംബത്തിലെ ശരാശരി അംഗസംഖ്യ 5 ആയതുകൊ
ണ്ട് കർഷകസംഘങ്ങൾക്ക് പിന്തുണ നൽകുന്നവരുടെ അംഗസംഖ്യ 10
ദശലക്ഷം വരും. പ്രാദേശിക ജനമർദ്ദകരും, ദുഷ്ടരായ നാട്ടുപ്രമാണി
മാരും, അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരും ഒററപ്പെട്ടതെന്തുകൊണ്ടാ
ണെന്നും, പൊതുജനങ്ങളിൽ വിസ്മയമുണ്ടാക്കുന്ന വിധത്തിൽ കർഷക
പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനുശേഷം ലോകം ഇത്രക്കു പൂർ
ണ്ണമായി മാറിയതെങ്ങിനെയെന്നും, നാട്ടിൻപുറത്ത് ഒരു മഹത്തായ വി
പ്ലവം കരുപിടിപ്പിക്കപ്പെട്ടത് എങ്ങിനെയാണെന്നുമെല്ലാം കർഷകസം
ഘത്തിന്റെ അത്ഭുതകരവും വർദ്ധമാനവുമായ വളർച്ചയിൽനിന്നു വ്യ
ക്തമാകുന്നു. കർഷകർ തങ്ങളുടെ സംഘങ്ങളുടെ നേതൃത്വത്തിൻ
കീഴിൽ നേടിയ ഒന്നാമത്തെ മഹത്തായ നേട്ടം ഇതാണ്.

## 2. ജന്മിമാർക്ക് രാഷ്ട്രീയമായ പ്രഹരമേൽപിക്കൽ

ഒരിക്കൽ കർഷകർ തങ്ങളുടെ സംഘടന ഉണ്ടാക്കിക്കഴിഞ്ഞാൽ അവർ
ആദ്യമായി ചെയ്യുന്നത് ജന്മി വർഗത്തിന്റേയും പ്രത്യേകിച്ചും പ്രാദേ
ശികജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും അന്തസ്സും
രാഷ്ട്രീയാധികാരവും നിലം പരിശാക്കുകയെന്നതാണ്. അതായത് ഗ്രാ
മീണസമുദായത്തിൽ ജന്മിമാരുടെ അധികാരം തകർക്കുകയും കർഷകരു
ടെ അധികാരം സ്ഥാപിക്കുകയും ചെയ്യുന്നു. ഇത് ഏററവും ഗൗരവാ
വഹവും മർമ്മപ്രധാനവുമായ ഒരു സമരമാണ്. ഇത് രണ്ടാമത്തെ ഘട്ട
ത്തിലെ, വിപ്ലവപ്രവർത്തനത്തിന്റേതായ ഘട്ടത്തിലെ, നിർണ്ണായകമായ
സമരമാണ്. ഈ സമരത്തിൽ വിജയം വരിക്കാതെ പാട്ടവും പലിശയും
കുറയ്ക്കുക, ഭൂമിയും മററ് ഉല്പാദനോപാധികളും കരസ്ഥമാക്കുക
തുടങ്ങിയവയ്ക്കുവേണ്ടിയുള്ള സാമ്പത്തിക സമരത്തിൽ വിജയം വരി
ക്കുക അസാദ്ധ്യമാണ്. സീയാങ്ങ്സിയാങ്ങ്, ഹെങ്ങ്ഫാൻ, സീയാ
ങ്ങ്ടാൻ എന്നീ കൗണ്ടികൾപോലെയുള്ള ഹുനാനിലെ പല സ്ഥലങ്ങളി
ലും ഇതൊരു പ്രശ്നമല്ലെന്ന കാര്യം ശരിയാണ്. അവിടങ്ങളിലൊക്കെ
ജന്മിമാരുടെ അധികാരം തകർക്കുകയും കർഷകരുടേതു മാത്രമായ അ
ധികാരം സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലീലിങ്ങി
നെപ്പോലുള്ള കൗണ്ടികളിൽ ജന്മിമാരുടെ അധികാരം കർഷകരുടേതി
നേക്കാൾ കൂടുതൽ ദുർബലമായി ചില സ്ഥലങ്ങളിൽ (ലീലിങ്ങിന്റെ
പടിഞ്ഞാറുള്ള ജില്ലകൾപോലെയുള്ള സ്ഥലങ്ങളിൽ) ഇപ്പോഴും കാ
ണപ്പെടുന്നുണ്ടെങ്കിലും, അവിടങ്ങളിൽ രാഷ്ട്രീയസമരം നിശിതമാകാ
തിരുന്നതുമൂലം യഥാർത്ഥത്തിൽ ജന്മിമാർ അധികാരത്തിനുവേണ്ടി
കർഷകരുമായി ഒളിവിൽ മത്സരിക്കുന്നുണ്ട്. അതുപോലുള്ള സ്ഥല
ങ്ങളിൽ കർഷകർ രാഷ്ട്രീയ വിജയം നേടിയിട്ടുണ്ടെന്ന് പറയാറായിട്ടി
ല്ല. ജന്മിമാരുടെ അധികാരം പൂർണ്ണമായും നിലംപരിശാക്കപ്പെടുന്ന
തുവരെ കർഷകർ കൂടുതൽ ഊർജസ്വലതയോടെ രാഷ്ട്രീയസമര
ത്തിൽ ഏർപ്പെടണം. ആകെക്കൂടി നോക്കുമ്പോൾ ജന്മിമാരെ രാഷ്
ട്രീയമായി പ്രഹരമേല്പിക്കുന്നതിനുവേണ്ടി കർഷകർ ഉപയോഗിക്കു
ന്ന സമ്പ്രദായങ്ങൾ താഴെ പറയുന്നവയാണ്.

### കണക്കുകൾ പരിശോധിക്കൽ

പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും പൊതു
ധനം കൈകാര്യം ചെയ്യുന്നതിനിടയ്ക്ക് അത് ദുർവിനിയോഗം ചെ
യ്ത സന്ദർഭങ്ങൾ സുലഭമാണ്. അവരുടെ കണക്കുകൾ ഒന്നും ശരിയു
മല്ല. പ്രാദേശിക ജനമർദ്ദകരിലും ദുഷ്ടരായ നാട്ടുപ്രമാണിമാരിലും



പെട്ട അനേകം പേരെ കീഴ്പ്പെടുത്തുന്നതിനുള്ള ഒരു സന്ദർഭമായി കണ
ക്കുകളുടെ പരിശോധനയെ ഇപ്പോൾ കർഷകർ ഉപയോഗിക്കുന്നു. പ
ല സ്ഥലങ്ങളിലും സാമ്പത്തികപ്രശ്നത്തിൽ അവരോട് കണക്കു
തീർക്കുന്നതിനായി കർഷകർ കണക്കുകൾ പരിശോധിക്കുന്ന കമ്മിററി
കളെ നിയോഗിച്ചിട്ടുണ്ട്. അതുപോലുള്ള ഒരു കമ്മിററിയെപ്പററി
കേൾക്കുമ്പോൾതന്നെ അവർ ഞെട്ടിവിറയ്ക്കുന്നു. കർഷകപ്രസ്ഥാനം
സജീവമായ എല്ലാകൗണ്ടികളിലും ഇതുപോലുള്ള പ്രചരണങ്ങൾ നടത്ത
പ്പെട്ടിട്ടുണ്ട്. പണം വീണ്ടെടുക്കുന്നതിനെക്കാളേറെ പ്രാദേശിക ജനമർ
ദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും കുററകൃത്യങ്ങൾവെ
ളിച്ചത്തുകൊണ്ടുവരുവാനും അവർക്കുള്ള രാഷ്ട്രീയവും സാമൂഹ്യവു
മായ ഉന്നത പദവികളിൽനിന്ന് അവരെ തട്ടിത്താഴെയിടുവാനും ഉപയോ
ഗിക്കപ്പെടുന്നു എന്നതിനാലാണ് അവ പ്രാധാന്യമർഹിക്കുന്നത്.

### പിഴ ചുമത്തൽ

കണക്കുകൾ പരിശോധിക്കുമ്പോൾ കണ്ടെത്തുന്ന ക്രമക്കേടുകൾ,
കർഷകർക്കെതിരായി മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള ദ്രോഹകൃത്യ
ങ്ങൾ, കർഷകസംഘങ്ങൾക്ക് തുരങ്കം വെക്കുന്ന ഇപ്പോഴത്തെ പ്രവൃത്തി
കൾ, ചൂതാട്ടത്തിലുള്ള നിരോധനം ലംഘിക്കൽ, അവീൻ ഹുക്കകൾ
അധികാരസ്ഥാനങ്ങളിൽ ഏല്പ്പിക്കുവാൻ വിസമ്മതിക്കൽ എന്നിവ
പോലുള്ള കുററകൃത്യങ്ങൾക്ക് കർഷകർ പിഴ ചുമത്തുന്നു. ഈ പ്രാദേ
ശിക ജനമർദ്ദകൻ ഇത്ര കൊടുക്കണം, ദുഷ്ടരായ നാട്ടുപ്രമാണിമാരിൽ
പെട്ട ആ ആൾ ഇത്രകൊടുക്കണം എന്നിങ്ങനെ 10 മുതൽ ആയിരങ്ങൾ
വരെ യുവാൻ പിഴ ചുമത്തുന്നു. കർഷകരാൽ പിഴചുമത്തപ്പെട്ട ഒരാൾ
പൂർണമായും അവഹേളനാപാത്രമാകുന്നത് സ്വാഭാവികമാണ്.

### സംഭാവനകൾ ഈടാക്കൽ

ദരിദ്രർക്ക് സഹായം നല്കുവാനോ, സഹകരണസംഘങ്ങൾ സം
ഘടിപ്പിക്കാനോ, കർഷകർക്ക് വായ്പകൾ നല്കുന്നതിനുള്ള സംഘ
ങ്ങൾ ഉണ്ടാക്കുവാനോ മററാവശ്യങ്ങൾക്കോവേണ്ടി സംഭാവനകൾ നല്കു
വാൻ മനസാക്ഷിക്കുത്തില്ലാതെ പെരുമാറുന്ന ധനികരായ ജന്മിമാ
രെ നിർബന്ധിക്കുന്നു. പിഴയേക്കാൾ ലഘുവാണെങ്കിലും ഈ സം
ഭാവനകളും ഒരുതരം ശിക്ഷയാണ്. കുഴപ്പങ്ങൾ ഒഴിവാക്കുന്നതി
നായി നിരവധി ജന്മിമാർ സ്വമനസാലേ കർഷകസംഘങ്ങൾക്ക് സംഭാ
വനകൾ നല്കുന്നു.

### നിസ്സാരമായ പ്രതിഷേധങ്ങൾ

ആരെങ്കിലും വാക്കിലോ പ്രവൃത്തിയിലോ കർഷകസംഘങ്ങൾക്ക്
ദോഷകരമായിത്തീരത്തക്കവിധം പെരുമാറുകയും ആ തെററ് നിസാരമാ
യിരിക്കുകയും ചെയ്യുമ്പോൾ, കർഷകർ കൂട്ടം ചേർന്ന് കുററക്കാരനോ
ട് പ്രതിഷേധിക്കുന്നതിനായി അയാളുടെ വീട്ടിലേക്ക് ചെല്ലുന്നു. ഭാ
വിയിൽ കർഷകസംഘങ്ങളെ അപകീർത്തിപ്പെടുത്തുന്ന വിധം പെരുമാ
റുകയില്ലെന്ന് വ്യക്തമായി ഉറപ്പുനല്കുന്ന പ്രതിജ്ഞ എഴുതപ്പെ
ട്ടതിനുശേഷം അയാളെ സാധാരണ ഗതിയിൽ വെറുതേ വിടുന്നു.

### വലിയ തോതിലുള്ള പ്രകടനങ്ങൾ

കർഷകസംഘത്തിന്റെ ശത്രുവായ ഒരു പ്രാദേശിക ജനമർദ്ദകനോ
ദുഷ്ടനായ നാട്ടുപ്രമാണിക്കോ എതിരായി പ്രകടനം നടത്തുന്നതിന്
ഒരു വലിയ ജനക്കൂട്ടത്തെ അണിനിരത്തുന്നു. പ്രകടനക്കാർ കുററവാ
ളിയുടെ വീട്ടിൽപോയി അയാളുടെ പന്നികളെ കൊന്നും ധാന്യങ്ങൾ

ഉപയോഗിച്ചും സദ്യയൊരുക്കി ഭക്ഷിക്കുന്നു. അതുപോലുള്ള കുറച്ചേറെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അടുത്തകാലത്ത് സിയാങ്ങ്ടാൻ കൗണ്ടിയിലുള്ള മാച്ചിയാ ഹോയിൽ 15,000 വരുന്ന ജനക്കൂട്ടം ദുഷ്ടരായ നാട്ടുപ്രമാണിമാരിൽപെട്ട ആറുപേരുടെ വീടുകളിൽ പോവുകയും പ്രകടനം നടത്തുകയും ചെയ്തു. നാലുദിവസംനീണ്ടുനിന്ന പ്രകടനങ്ങൾക്കിടയ്ക്ക് അവർ 130 ൽ ഏറെ പന്നികളെ കൊന്നു ഭക്ഷിച്ചു. അതുപോലുള്ള പ്രകടനങ്ങൾക്കു ശേഷം കർഷകർ സാധാരണ ഗതിയിൽ അവർക്കുമേൽ പിഴ ചുമത്തുന്നു.

## ജന്മിമാരെ കിരീടമണിയിക്കലും ഗ്രാമങ്ങളിലൂടെ കവത്തുചെയ്യിക്കലും

ഇതുപോലുള്ള സംഭവങ്ങൾ വളരെ സാധാരണമാണ്. 'പ്രാദേശികജനമർദ്ദകരിൽപെട്ട ഇന്നയാൾ' അഥവാ 'ദുഷ്ടരായ നാട്ടുപ്രമാണിമാരിൽപെട്ട ഇന്നയാൾ 'എന്നെഴുതിയ നീളംകൂടിയ ഒരു കടലാസു തൊപ്പി പ്രാദേശികജനമർദ്ദകരിലോ ദുഷ്ടരായ നാട്ടുപ്രമാണിമാരിലോപെട്ട ഒരാളുടെ തലയിലണിയിക്കുന്നു. അയാളെ ഒരു കയർകൊണ്ടു കെട്ടി ഒരു വലിയ ജനക്കൂട്ടത്തിന്റെ അകമ്പടിയോടെ തെരുവുകളിലൂടെ നടത്തുന്നു. ചിലപ്പോൾ ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുവാനായി ചേങ്കിലകൾ മുട്ടുകയും കൊടികൾ വീശുകയും ചെയ്യുന്നു. മറ്റെല്ലാത്തിനേയുംകാൾ ഇത്തരത്തിലുള്ള ശിക്ഷയാണ് പ്രാദേശികജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയും സംഭീതരാക്കുന്നത്. ഒരിക്കൽ ഇപ്രകാരം കിരീടമണിയിക്കപ്പെട്ട ആൾ പൂർണമായും അപമാനിതനാകുന്നു. പിന്നിടൊരിക്കലും അയാൾക്ക് തലപൊക്കിപ്പിടിച്ച് നടക്കാനാവുകയില്ല. അതുകൊണ്ട് ധനികരിൽ പലരും തൊപ്പി ധരിക്കുന്നതിനേക്കാൾ പിഴയൊടുക്കുവാനാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ കർഷകർ നിർബന്ധിക്കുകയാണെങ്കിൽ അവർ അതു ധരിച്ചേപറ്റൂ. ഒരു കർഷകസമാജം വിദഗ്ധമായ ഒരു മാർഗം സ്വീകരിച്ചു. അവർ കുപ്രസിദ്ധനായ ഒരു നാട്ടുപ്രമാണിയെ അറസ്റ്റു ചെയ്യുകയും അന്നുതന്നെ അയാളെ കിരീടമണിയിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അയാൾ ഭയന്നു നീലിച്ചു പോയി. അപ്പോൾ അയാളെ അന്ന് കിരീടമണിയിക്കേണ്ട എന്നു സംഘം തീരുമാനിച്ചു. അയാളെ ഉടനെതന്നെ കിരീടമണിയിക്കുകയാണെങ്കിൽ അതോടെ അയാൾക്കതിൽ ഭയമില്ലാതാകും. അതുകൊണ്ട് ഇന്നയാളെ വിട്ടയക്കുകയും മറ്റൊരു ദിവസം കിരീടമണിയിക്കുകയും ചെയ്യുന്നതായിരിക്കും നല്ലത് എന്നവർ കണ്ടെത്തി. തന്നെ കിരീടമണിയിക്കുന്നത് എപ്പോഴാണെന്നറിയാതെ അയാൾ മനസമാധാനത്തോടെ ഒരിടത്ത് ഇരിക്കുവാനോ ഉറങ്ങുവാനോ കഴിയാതെ ദിവസങ്ങൾ തള്ളിനീക്കി.

## ജന്മിമാരെ കൗണ്ടി ജയിലിൽ തടവിലാക്കുക

നീളം കൂടിയ കടലാസുതൊപ്പി ധരിക്കുന്നതിനേക്കാൾ കനത്ത ശിക്ഷയാണിത്. ഒരു പ്രാദേശിക ജനമർദ്ദകനോ ദുഷ്ടരായ നാട്ടുപ്രമാണിമാരിൽപെട്ട ഒരാളോ അറസ്റ്റു ചെയ്യപ്പെട്ടതിനുശേഷം കൗണ്ടി ജയിലിലേക്ക് അയയ്ക്കപ്പെടുന്നു. അയാൾ അവിടെ തടവിൽ സൂക്ഷിക്കപ്പെടുന്നു. കൗണ്ടി മജിസ്ട്രേട്ട് അയാളെ വിചാരണ ചെയ്തു ശിക്ഷിക്കും. മുൻപു തടവിലാക്കപ്പെട്ടിരുന്നവരല്ല ഇന്നു തടവിലാക്കപ്പെടുന്നത്. മുൻപ് നാട്ടുപ്രമാണിമാരായിരുന്നു കർഷകരെ തടവിലേക്കയച്ചിരുന്നത്. ഇന്നാകട്ടെ അതു നേരെ മറിച്ചായി.



## 'നാടുകടത്തൽ'

പ്രാദേശിക ജനമർദ്ദകരിലും ദുഷ്ടരായ നാട്ടുപ്രമാണിമാരിലുംപെട്ട ഏററവും കുപ്രസിദ്ധരായ കുററവാളികളെ നാടുകടത്താൻ കർഷകർക്ക് ഒട്ടും ആഗ്രഹമില്ല, മറിച്ച് അവരെ തടവിലാക്കുവാനോ വധിക്കുവാനോ ആണ് അവർ കൂടുതൽ ഇഷ്ടപ്പെടുക. തടവിലാക്കപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്യുമെന്ന് ഭയന്ന് അവർ ഓടിപ്പോകുന്നു. കർഷകപ്രസ്ഥാനം നന്നായി വികാസം പ്രാപിച്ചിട്ടുള്ള കൗണ്ടികളിൽ പ്രാദേശിക ജനമർദ്ദകരിലും ദുഷ്ടരായ നാട്ടുപ്രമാണിമാരിലും പെട്ട പ്രധാനികളായ ഏറെക്കുറെ എല്ലാവരും തന്നെ പാലായനം ചെയ്തിട്ടുണ്ട്. ഫലത്തിൽ ഇത് നാടുകടത്തലിന് തുല്യമാണ്. അവരിൽ മേലേക്കിടയിലുള്ളവർ ഷാങ്ങ്ഹായിലേക്കും രണ്ടാംനിരയിലുള്ളവർ ഹാൻകോവിലേക്കും മൂന്നാംനിരയിലുള്ളവർ ചാങ്ങ്ഷായിലേക്കും നാലാംനിരയിലുള്ളവർ കൗണ്ടി നഗരങ്ങളിലേക്കുമാണ് പാലായനം ചെയ്തിട്ടുള്ളത്, ഇപ്രകാരം പാലായനം ചെയ്ത പ്രാദേശികജനമർദ്ദകരിലും ദുഷ്ടരായ നാട്ടുപ്രമാണിമാരിലും വച്ച് ഏററവും സുരക്ഷിതരായിട്ടുള്ളത് ഷാങ്ങ്ഹായിലേക്ക് ഓടിപ്പോയവരാണ്. ഹ്വാജുങ്ങിൽ നിന്നുള്ള മൂന്നുപേരെപ്പോലെ ഹാൻകോവിലേക്ക് ഓടിപ്പോയവരിൽ ചിലർ പിന്നീട് പിടിക്കപ്പെടുകയും തിരിച്ചുകൊണ്ടു വരപ്പെടുകയും ചെയ്തു. ചാങ്ങ്ഷായിലേക്ക് പാലായനം ചെയ്തവർ അവരുടെ കൗണ്ടികളിൽ നിന്നു വന്ന് അവിടെ പഠിക്കുന്ന വിദ്യാർത്ഥികളാൽ ഏതുനിമിഷവും പിടിക്കപ്പെടുമെന്നഭീഷണിയെ നേരിടുന്നു. ചാങ്ങ്ഷായിൽ വച്ചു പിടിക്കപ്പെട്ട രണ്ടുപേരെ ഞാൻ തന്നെ കാണുകയുണ്ടായി. കൗണ്ടിനഗരങ്ങളിൽ അഭയം പ്രാപിച്ചിട്ടുള്ളവർ നാലാം നിരയിലുള്ളവർ മാത്രമാണ്. നിരവധികണ്ണുകളും ചെവികളുമുള്ളതുകൊണ്ട് കർഷകജനതയ്ക്ക് അവരെ എളുപ്പം പിടികൂടുവാൻ കഴിയും. സമ്പന്നരെയെല്ലാം കർഷകർ നാടുകടത്തുന്നതുമൂലം പണം പിരിക്കുന്നതിൽ ഹുനാൻ പ്രവിശ്യാ ഗവൺമെൻറു നേരിടുന്ന വിഷമതകളെപ്പററി ധനകാര്യ ഉദ്യോഗസ്ഥൻമാർ ഒരിക്കൽ വിശദീകരിക്കുകയുണ്ടായി. പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും സ്വന്തം ഗ്രാമങ്ങളിൽ എത്രകണ്ട് വച്ചുപൊറുപ്പിക്കപ്പെടുന്നില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

## വധശിക്ഷ നടപ്പിലാക്കൽ

ഏററവും വഷളായ പ്രാദേശിക ജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയുമാണ് വധശിക്ഷക്കു വിധിക്കുന്നത്. മററുജനവിഭാഗങ്ങളോടുകൂടി ചേർന്നാണ് കർഷകർ വധശിക്ഷ നടപ്പിലാക്കുന്നത്. ഉദാഹരണത്തിന് നിങ്ങ്സിയാങ്ങിലെ യാംഗ്ചി–സേ, യേയാങ്ങിലെ ചൗചിയാ—കാൻ, ഹാജൂങ്ങിലെ ഫൂടാഒ—നാൻ, സൺ പോ–ചൂ എന്നിവരെ കർഷകരുടേയും മററു ജനവിഭാഗങ്ങളുടേയും നിർബന്ധപ്രകാരം ഗവൺമെൻറ് അധികാരികൾ വെടിവച്ചുകൊന്നു. സിയാങ്ങ്ടാങ്ങിലെ യെൻ ജൂംഗ്—ചിയുവിന്റെ കാര്യത്തിൽ അയാളെ തങ്ങൾക്ക് വിട്ടുതരുവാൻ കർഷകരും മററു ജനവിഭാഗങ്ങളും മജിസ്ട്രേട്ടിനെ നിർബന്ധിച്ചു, മജിസ്ട്രേട്ട് അയാളെ വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചു. തുടർന്ന് കർഷകർ തന്നെ അയാളെ വധിക്കുകയും ചെയ്തു. നിങ്ങ്സിയാങ്ങിലെ ലിയുചാഒയെ കർഷകൻ കൊലപ്പെടുത്തി. ലീലിങ്ങിലെ പെങ്ങ്ചി—ഫാൻ, യിയാങ്ങിലെ ചൗ ടിയെൻ—പെ, ട്സാഒയൂൺ എന്നിവരുടെമേലുള്ള വധശിക്ഷ ''പ്രാദേശിക ജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയും വിചാരണ ചെയ്യുന്നതിനുള്ള സ്പെഷ്യൽ ട്രിബ്യൂണലിന്റെ'' തീരുമാനത്തിനു വിധേയമായി നീട്ടിവച്ചിരിക്കുകയാണ്. അതുപോലുള്ള ഒരു വൻകിട ജൻമിയുടെ ഉൻമൂ

ലനം ഒരു കൗണ്ടിയാലാകെ മാറെറാലികൊള്ളുന്നു. ഫ്യൂഡലിസത്തി
ൻെറ അവശേഷിക്കുന്ന തിൻമകൾ കൂടി നിർമ്മാർജ്ജനം ചെയ്യുന്നതി
ന് വൻകിടജൻമിമാരുടെ ഉൻമൂലനം വളരെ ഫലപ്രദമാണ്. ഓരോ
കൗണ്ടിയിലും ഇതുപോലുള്ള പ്രധാന ജനമർദ്ദകൻമാരുണ്ട്. ചില
കൗണ്ടികളിൽ ഇവരുടെ സംഖ്യ അനേക ഡസനും മററു ചിലവയിൽ കു
റച്ചുമാണ്. പിന്തിരിപ്പൻമാരെ അടിച്ചമർത്തുന്നതിനുള്ള ഫലപ്രദമായ
ഏകമാർഗം ഓരോ കൗണ്ടിയിലും ഏററവും നിഷ്ഠൂരമായ കുററങ്ങൾ
ചെയ്ത ചിലരെയെങ്കിലും വധിക്കുകയെന്നതാണ്. പ്രാദേശിക ജന
മർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും അധികാരം ഉ
ച്ചകോടിയിലായിരുന്നപ്പോൾ അവർ നിർവിശങ്കം കർഷകരെ കൂട്ടക്കൊ
ല ചെയ്യുകയുണ്ടായി. ചാങ്ങ്ഷാ കൗണ്ടിയിലുള്ള സിൻകാങ്ങ് നഗ
രത്തിലെ പ്രതിരോധ സേനയുടെ (പോലീസ്-വിവ:) തലവനായി പ
ത്തുവർഷം സേവനമനുഷ്ടിച്ച ഹോമായ്—ചാൻ ദാരിദ്ര്യബാധിതരായ
ഏതാണ്ട് ആയിരം കർഷകരെ കൊലചെയ്യുന്നതിൽ വ്യക്തിപരമായി
ഉത്തരവാദി ആയിരുന്നു. ''കൊള്ളക്കാരെ വധിച്ചു'' എന്നാണ് അയാൾ
ഇതിനെക്കുറിച്ചു വളരെ നിസ്സാരഭാവത്തിൽ പറഞ്ഞിരുന്നത്. എ
ൻെറ സ്വന്തം കൗണ്ടിയായ സിയാങ്ങ്ടാനിലെ പ്രതിരോധസേനയുടെ
തലവൻമാരായ ടാങ്ങ് ചുൻ—യെന്നു, ലോഷു—ലിന്നും 1913–നു ശേഷ
മുള്ള പതിനാലുവർഷങ്ങളിൽ യിൻടിയെൻ നഗരത്തിലെ അൻപതിലേ
റെ പേരെ കൊലപ്പെടുത്തുകയും നാലുപേരെ ജീവനോടെ കുഴിച്ചു മൂടു
കയും ചെയ്തു. അവർകൊലപ്പെടുത്തിയ അൻപതിലേറെപേരിൽ ആ
ദ്യത്തെ രണ്ടുപേർ നിരപരാധികളായ ഭിക്ഷക്കാരായിരുന്നു. ടാങ്ങ്
ചുൻ–യെൻ പറഞ്ഞു: ''രണ്ടു ഭിക്ഷക്കാരെ കൊന്നു കൊണ്ട് ഞാനൊ
രു തുടക്കമിടട്ടെ!'' അങ്ങിനെ രണ്ടുപേരുടെ ജീവൻ അപഹരിക്കപ്പെട്ടു.
മുൻ കാലങ്ങളിൽ പ്രാദേശിക ജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടു
പ്രമാണിമാരുടെയും ക്രൂരത ഈവിധമായിരുന്നു, അവർ നാട്ടിൻപുറങ്ങ
ളിൽ സൃഷ്ടിച്ച വെള്ളഭീകരത ഇത്തരത്തിലുള്ളതായിരുന്നു. ഇപ്പോൾ
കർഷകർ ഉണർന്നെഴുന്നേൽക്കുകയും, കുറച്ചുപേരെ കൊലപ്പെടുത്തുക
യും, പ്രതി വിപ്ലവകാരികളെ അടിച്ചമർത്തുന്നതിനായി അല്പം ഭീ
കരത സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു, അവർ അപ്രകാരം ചെ
യ്യരുതെന്ന് പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ?

## ജന്മിമാർക്കു് സാമ്പത്തികമായ പ്രഹരമേൽപിക്കൽ

ഒരു പ്രദേശത്തുനിന്ന് മറെറാരു പ്രദേശത്തേക്ക് ധാന്യം കൊ
ണ്ടു പോകൽ, ധാന്യങ്ങളുടെ വില നിർബന്ധമായി വർദ്ധിപ്പി
ക്കൽ, പൂഴ്ത്തിവയ്പ്, അന്യായമായ കുത്തക സംഭരണം എ
ന്നിവയുടെ നിരോധനം:

ഹുനാൻ കർഷകരുടെ സാമ്പത്തികസമരത്തിൽ അടുത്ത കാലത്തുണ്ടാ
യ പ്രധാന സംഭവങ്ങളിൽ ഒന്നിതാണ്. കഴിഞ്ഞ ഒക്ടോബറിനുശേ
ഷം ദരിദ്രകർഷകർ, ജൻമിമാരുടേയും ധനിക കർഷകരുടേയും ധാന്യം പു
റത്തേക്കു കൊണ്ടുപോകുന്നതിനെ നിരോധിക്കുകയും, ധാന്യങ്ങളുടെ വി
ല നിർബന്ധമായി വർദ്ധിപ്പിക്കുന്നതിനേയും പൂഴ്ത്തിവയ്പിനേ
യും അന്യായമായ കുത്തക സംഭരണത്തേയും തടയുകയും ചെയ്തിട്ടു
ണ്ട്. ഇതിൻഫലമായി ദരിദ്രകർഷകർ തങ്ങളുടെ ലക്ഷ്യം പൂർണ്ണമാ
യും നേടിയെടുത്തിരിക്കുന്നു. ധാന്യം പുറത്തു കൊണ്ടുപോകുന്നത്
നെ കർശനമായി നിരോധിച്ചതിൻെറ ഫലമായി ധാന്യങ്ങളുടെ വില ഗ
ണ്യമായി കുറയുകയും പൂഴ്ത്തിവയ്പും അന്യായമായ കുത്തക സംഭര
ണവും അപ്രത്യക്ഷമാവുകയും ചെയ്തിട്ടുണ്ട്.



## പാട്ടവും നിക്ഷേപവും[15] വർദ്ധിപ്പിക്കുന്നതിന്മേലുള്ള നിരോധനം: പാട്ടവും നിക്ഷേപവും കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭണം

കഴിഞ്ഞ ജൂലൈ, ആഗസ്ററ് മാസങ്ങളിൽ, കർഷകസംഘങ്ങൾ ദുർബലമായിരുന്നപ്പോൾ, ജൻമിമാർ പരമാവധി ചൂഷണം ചെയ്യുവാൻ തങ്ങളുടെ കുടിയാൻമാർക്ക് നോട്ടീസയച്ചു. എന്നാൽ ഒക്ടോബർ മാസത്തോടെ കർഷക സംഘങ്ങൾ ഗണ്യമായ ശക്തിനേടുകയും പാട്ടവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനെതിരെ ഒററക്കെട്ടായി രംഗത്തുവരികയും ചെയ്തപ്പോൾ ആ വിഷയത്തെക്കുറിച്ച് ഒററ അക്ഷരം പോലും ഉരിയാടാൻ ജൻമിമാർ ധൈര്യപ്പെട്ടില്ല. നവമ്പർ മാസം മുതൽ കർഷകർ ജൻമിമാരേക്കാൾ സ്വാധീനശക്തി നേടിയതോടെ, അവർ പാട്ടവും നിക്ഷേപവും കുറയ്ക്കുന്നതിനുവേണ്ടി പ്രക്ഷോഭണം നടത്തിക്കൊണ്ട് മറെറാരു ചുവടുകൂടി മുൻപോട്ടുവച്ചു. അവർ പറയും, കഴിഞ്ഞ ശരത്ക്കാലത്ത് പാട്ടം കൊടുക്കുമ്പോൾ കർഷക സംഘങ്ങൾക്ക് വേണ്ടത്ര ശക്തിയില്ലാതിരുന്നത് എത്ര കഷ്ടമായിപ്പോയി. അല്ലെങ്കിൽ അപ്പോൾ തന്നെ പാട്ടംകുറയ്ക്കുവാൻ നമുക്ക് കഴിയുമായിരുന്നു. കർഷകർ വരുന്ന ശരത്ക്കാലത്തെ പാട്ടം കുറച്ചുകിട്ടുന്നതിനുവേണ്ടി വ്യാപകമായതോതിൽ പ്രചരണം നടത്തിക്കൊണ്ടിരിക്കയാണ്. ഈ കുറവ് എങ്ങിനെയാണ് നടപ്പിൽ വരുത്തേണ്ടതെന്ന് ജൻമിമാർ അവരോട് ചോദിച്ചുതുടങ്ങിയിട്ടുമുണ്ട്. നിക്ഷേപങ്ങൾ കുറയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഹെങ്ങ്ഷാനിലും മററ് കൗണ്ടികളിലും ഇതിനോടകം തന്നെ അതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു.

## കുടിയായ്മ റദ്ദാക്കുന്നതിന്മേലുള്ള നിരോധനം

കഴിഞ്ഞ ജൂലൈ, ആഗസ്ററ് മാസങ്ങളിൽ പോലും ജൻമിമാർ ഒരാളുടെ കുടിയായ്മ റദ്ദാക്കുകയും ഭൂമി മറെറാരാൾക്ക് പാട്ടത്തിനുകൊടുക്കുകയും ചെയ്യുന്ന ധാരാളം സംഭവങ്ങളുമുണ്ടായിരുന്നു. എന്നാൽ ഒക്ടോബറിനുശേഷം കുടിയായ്മ റദ്ദാക്കുവാൻ ഒററയാൾ പോലും ധൈര്യപ്പെട്ടില്ല. ഇന്ന് കുടിയായ്മ റദ്ദാക്കുകയും ഭൂമി വീണ്ടും പാട്ടത്തിനു കൊടുക്കുകയുമെന്ന പ്രശ്നമേ ഉദിക്കുന്നില്ല. അൽപമെങ്കിലും ഒരു പ്രശ്നമായിട്ട് അവശേഷിക്കുന്നുണ്ടെങ്കിൽ അത് ജൻമി തന്നെ സ്വയം ഭൂമിയിൽ കൃഷിചെയ്യുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ കുടിയായ്മ റദ്ദാക്കാമോ എന്നതാണ്. ചില സ്ഥലങ്ങളിൽ കർഷകർ ഇതുപോലും അനുവദിക്കുന്നില്ല. മററു സ്ഥലങ്ങളിൽ ജൻമിതന്നെ സ്വന്തം ഭൂമിയിൽ കൃഷിചെയ്യാൻ ആഗ്രഹിക്കുകയാണെങ്കിൽ കുടിയായ്മ റദ്ദാക്കാൻ ചിലപ്പോൾ അനുവദിക്കപ്പെട്ടെന്നുവരും. പക്ഷേ അപ്പോൾ കുടിയായ്മ–കർഷകർക്കിടയിലെ തൊഴിലില്ലായ്മ—എന്ന പ്രശ്നം ഉദിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇപ്പോഴും ഒരേകീകൃതരീതി കൈവന്നിട്ടില്ല.

## പലിശ കുറവുചെയ്യൽ

ആൻഹ്വായിൽ പൊതുവേ പലിശ കുറച്ചിട്ടുണ്ട്.
ററ് കൗണ്ടികളിലും ഈ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കർഷകസംഘങ്ങൾ എവിടെയെല്ലാം ശക്തമായിരിക്കുന്നുവോ അവിടെയെല്ലാം പണം പലിശയ്ക്കു കൊടുക്കുന്ന ഇടപാട് തികച്ചും അപ്രത്യക്ഷമായിട്ടുണ്ട്. പണം ''സാമൂഹ്യവൽക്കരിക്കപ്പെടുമോ'' എന്ന ഭയം കാരണം ജൻമിമാർ പണം പലിശയ്ക്കുകൊടുക്കുന്നത് പൂർണ്ണമായും നിർത്തിയിരിക്കുന്നു. അതുകൊണ്ട് പലിശ കുറവുചെയ്യൽ എന്നി

പ്പോൾ പറയുന്നത്, പഴയ കടങ്ങളെ മാത്രമേ ബാധിക്കുന്നുള്ളൂ. അ
തുപോലുള്ള പഴയകടങ്ങളുടെ മേലുള്ള പലിശ കുറച്ചിട്ടുണ്ടെന്ന് മാത്ര
മല്ല, കടം കൊടുത്ത തുക തിരിച്ചുകിട്ടണമെന്ന് നിർബന്ധിക്കരുതെ
ന്ന് ഉത്തമർണ്ണനെ വിലക്കിയിട്ടുമുണ്ട്. പണം തിരിച്ചാവശ്യപ്പെടുന്ന ഉ
ത്തമർണ്ണന് ദരിദ്രകർഷകൻ മറുപടി കൊടുക്കുന്നു: ''എന്നെ കുററ
പ്പെടുത്തരുത്. അൽപ്പനാളുകൾകൂടി കഴിഞ്ഞാൽ ഈ വർഷം തീരും.
ഞാൻ അടുത്തവർഷം തിരിയെത്തരാം.''

## 4. പ്രാദേശിക ജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയുംനാടുവാഴിഭരണം തുത്തെറിയൽ—ടൂവിനേയും ടാനിനേയും[16] നിലംപരിശാക്കൽ

ടൂവിലേയും ടാനിലേയും (അതായത് ജില്ലയിലേയും ടൗൺഷി
പ്പിലേയും) രാഷ്ട്രീയാധികാരത്തിൻേറതായ പഴയ ഉപകരണങ്ങൾ, പ്ര
ത്യേകിച്ചും കൗണ്ടി നിലവാരത്തിനു തൊട്ടു താഴെയുള്ള ടൂ നിലവാര
ത്തിലെ, അധികാരോപകരണങ്ങൾ ഏറെക്കുറെ തികച്ചും പ്രാദേശിക
ജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും നിയന്ത്രണ
ത്തിൽ ആയിരുന്നു. ടൂവിന് പതിനായിരം മുതൽ അമ്പതിനായി
രമോ അറുപതിനായിരമോ വരെ ജനങ്ങളുടെ മേൽ ന്യായമാധികാരം ഉ
ണ്ടായിരുന്നു. അതിന് ടൗൺഷിപ്പ് പ്രതിരോധസേനയെപ്പോലെ സ്വ
ന്തം സായുധസേനയും, ഒരു മൗ[17] ഭൂമിക്ക് ഇത്ര നികുതി എന്ന
നിരക്കിൽ പിരിക്കുന്നതിനുള്ള സ്വന്തം സാമ്പത്തികാധികാരവും സ്വ
ന്തം അഭീഷ്ട പ്രകാരം കർഷകരെ അറസ്ററ് ചെയ്യുന്നതും തടവിലി
ടുന്നതും വിചാരണ ചെയ്യുന്നതും ശിക്ഷിക്കുന്നതും പോലെയുള്ള
സ്വന്തം നിയമനിർവഹണാധികാരവും ഉണ്ടായിരുന്നു. ഈ ഭരണോപക
രണങ്ങളുടെ ചുമതല വഹിച്ചിരുന്ന ദുഷ്ടരായ നാട്ടുപ്രമാണിമാർ ശരി
യ്ക്കും നാട്ടിൻ പുറങ്ങളിലെ സ്വേഷ്ഛാധിപതികളായിരുന്നു. താര
തമ്യേന നോക്കുമ്പോൾ കർഷകർക്ക് റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടു
മായിട്ടോ പ്രവിശ്യയിലെ സൈനിക ഗവർണറുമായിട്ടോ[18] അല്ലെ
ങ്കിൽ കൗണ്ടി മജിസ്ട്രേട്ടു മായിട്ടോ വലിയസംബന്ധമൊന്നുമുണ്ടാ
യിരുന്നില്ല. അവരുടെ യഥാർത്ഥ 'യജമാനൻമാർ' നാട്ടിൻപുറങ്ങളി
ലെ മുൻപറഞ്ഞ സ്വേച്ഛാധിപതികളായിരുന്നു. ഇക്കൂട്ടർ വെറുതെ
ഒന്നു തുമ്മിയാൽ മതി, തങ്ങൾ കരുതലോടെയിരിക്കണമെന്ന് കർഷകർ
ക്ക് മനസ്സിലാകുമായിരുന്നു. നാട്ടിൻപുറങ്ങളിലെ ഇപ്പോഴത്തെ ക
ലാപത്തിൻെറ ഫലമായി ജൻമി വർഗത്തിന് തങ്ങളുടെ അധികാരം നഷ്
ടപ്പെടുകയും തുടർന്ന് പ്രാദേശിക ജനമർദ്ദകർക്കും ദുഷ്ടരായ നാട്ടു
പ്രമാണിമാർക്കും മേധാവിത്വമുണ്ടായിരുന്ന ഗ്രാമീണ ഭരണോപകരണ
ങ്ങൾ സ്വഭാവികമായും നിലംപതിക്കുകയും ചെയ്തിട്ടുണ്ട്. ടൂവി
ൻെറയും ടാനിൻെറയും തലവൻമാർ ജനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി
നടക്കുന്നു, അവർ തങ്ങളുടെ മുഖം പുറത്തു കാണിക്കുവാൻ ധൈര്യ
പ്പെടുന്നില്ല. എല്ലാ പ്രാദേശിക കാര്യങ്ങളും കർഷകസംഘങ്ങളുടെ തീ
രുമാനത്തിനായി വിടുന്നു. 'അതിലൊന്നും എനിക്കുകാര്യമില്ല' എ
ന്നുപറഞ്ഞ് അവർ തങ്ങളെ സമീപിക്കുന്ന ആൾക്കാരെ മടക്കുന്നു.

ടൂവിൻേറയും ടാനിൻെറയും തലവൻമാരുടെ കാര്യങ്ങളിലേക്ക്
സംഭാഷണം തിരിയുമ്പോഴൊക്കെയും കർഷകർ കോപത്തോടെ പറയു
ന്നു: 'അക്കൂട്ടർ! അവരുടെ കഥ കഴിഞ്ഞു!'

അതെ, 'കഥ കഴിഞ്ഞു' എന്നത് വിപ്ളവകൊടുങ്കാററ് ആഞ്ഞടിച്ച
സ്ഥലങ്ങളിലെ, ഗ്രാമീണഭരണത്തിൻേറതായ പഴയ ഉപകരണങ്ങളുടെ
അവസ്ഥ യഥാർത്ഥത്തിൽ വിശദമാക്കുന്നു.



## 5. ജൻമിമാരുടെ സായുധസേനകളെ തുത്തെറിയുകയും കർഷകരുടെ സായുധസേനകൾ രൂപീകരിക്കുകയും ചെയ്യൽ

ജന്മിവർഗത്തിൻെറ സായുധസേനകൾക്ക് ഹുനാൻ പ്രവിശ്യയു
ടെ പശ്ചിമ, ദക്ഷിണഭാഗങ്ങളെ അപേക്ഷിച്ച് മദ്ധ്യഹുനാനിൽ
വലിപ്പം കുറവായിരുന്നു. ഒരു കൗണ്ടിയിൽ ശരാശരി 600 റൈഫിളു
കൾ എന്ന കണക്കനുസരിച്ച് 75 കൗണ്ടികളുള്ള ഹുനാൻ പ്രവിശ്യയിലാ
കെ 45000 റൈഫിളുകൾവരും. യഥാർത്ഥ സംഖ്യ ഇതിലും കൂടുതലാ
ണെന്നും വരാം. കർഷകപ്രസ്ഥാനം നന്നായി വികാസം പ്രാപിച്ചി
ട്ടുള്ള, പ്രവിശ്യയുടെ ദക്ഷിണ, മദ്ധ്യ ഭാഗങ്ങളിൽ കർഷകർ അതി
ബൃഹത്തായ ആവേഗശക്തിയോടെ ഉണർന്നെഴുന്നേററിട്ടുള്ളതുകൊണ്ട്
ജന്മിവർഗത്തിന് പിടിച്ചുനില്ക്കുവാൻ കഴിയുന്നില്ല. അവരുടെ
സായുധസേനകളാകട്ടെ ഏറിയപങ്കും കർഷകസംഘങ്ങൾക്ക് കീഴടങ്ങുക
യും കർഷകരുടെ ഭാഗത്തു ചേരുകയും ചെയ്തിട്ടുണ്ട്. ഇതിനുദാഹ
രണങ്ങൾ നിംഗ്സിയാങ്ങ്, പിംഗ്കിയാങ്ങ്, ലിയുയാങ്ങ്, ചാങ്ങ്
ഷാ, ലീലിങ്ങ്, സിയാങ്ങ്ടാൻ, സിയാങ്ങ്സിയാങ്ങ്, ആൻഹ്വാ,
ഹെങ്ങ്ഷാൻ, ഹെങ്ങ്യാങ്ങ് പോലെയുള്ള കൗണ്ടികളിൽ കാണാവുന്ന
താണ്. പാചെിങ്ങ് പോലെയുള്ള ചില കൗണ്ടികളിൽ ജന്മിമാരുടെ
ഒരു ചെറുവിഭാഗം സായുധസേനകൾ എങ്കിലും നിഷ്പക്ഷമായ ഒരു
നിലപാടു സ്വീകരിക്കുന്നു. കീഴടങ്ങുവാനുള്ള പ്രവണതയാണ് അവ
യിൽ മുന്നിട്ടുനിൽക്കുന്നത്. മറെറാരു ചെറിയ വിഭാഗം കർഷക
സംഘങ്ങളെ എതിർക്കുന്നുണ്ട്. എന്നാൽ കർഷകർ അവയെ ആക്രമിച്ചു
കൊണ്ടിരിക്കുകയാണ്. അധികനാൾ കഴിയുന്നതിനുമുൻപ് അവർ അ
വയെ തുടച്ചുനീക്കും. യിചാങ്ങ്, ലിൻവൂ, ചിയാഹോ തുടങ്ങിയ കൗ
ണ്ടികളിൽ സംഭവിച്ചതുപോലെ. ഇപ്രകാരം പിന്തിരിപ്പൻ ജന്മി
മാരുടെ ഭാഗത്തുനിന്ന് കർഷകരുടെ പക്ഷംചേർന്ന സായുധസേനക
ളെയെല്ലാം ഒരു കുടിയിട സംരക്ഷണസേന ('Standing household
militia')[19] ആയി പുന:സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അ
വയെ കർഷക ജനതയുടെ രാഷ്ട്രീയാധികാരത്തിൻെറ ഉപകരണങ്ങ
ളായ ഗ്രാമീണ സ്വയംഭരണോപകരണങ്ങളുടെ നിയന്ത്രണത്തിൻ കീഴിലാ
ക്കിയിരിക്കുന്നു. ഈ പഴയ സായുധസേനകളെ ഏറെറടുത്ത് പുനഃ
സംഘടിപ്പിക്കുന്നത് കർഷകർ തങ്ങളുടെ സ്വന്തം സായുധ സേനകളെ
കെട്ടിപ്പടുക്കുന്നതിൻെറ ഒരു രീതി എന്ന നിലയിലാണ്. ഒരു പുതി
യ രീതി കർഷക സംഘങ്ങൾക്കു കീഴിൽ കുന്തം ഉപയോഗിക്കുന്ന സൈ
ന്യത്തെ കെട്ടിപ്പടുക്കുകയെന്നതാണ്. രണ്ടുവശവും മൂർച്ചയുള്ളതും
അററം കൂർത്തതുമായ കുന്തമുനകൾ നീളംകൂടിയ ദണ്ഡുകളിൽ ഉറപ്പി
ച്ചിരിക്കുന്നു. ഇപ്പോൾ സിയാങ്ങ് സിയാങ്ങ് കൗണ്ടിയിൽത്തന്നെ ഒരു
ലക്ഷത്തിലേറെ ഇത്തരം ആയുധങ്ങളുണ്ട്. സിയാങ്ങ്ടാൻ, ഹെങ്ങ്
ഷാൻ, ലീലിങ്ങ്, ചാങ്ങ്ഷാ എന്നിവ പോലെയുള്ള മററു കൗണ്ടി
കൾ ക്കോരോന്നിനും 70–80 ആയിരമോ, 50–60 ആയിരമോ,
30–40 ആയിരമോ വീതം കുന്തങ്ങളുമുണ്ട്. കർഷകപ്രസ്ഥാനം നി
ലവിലുള്ള ഓരോ കൗണ്ടിക്കും ത്വരിതഗതിയിൽ വർദ്ധിച്ചുവരുന്ന കു
ന്തധാരികളായ സേനാവിഭാഗങ്ങളുണ്ട്. ഇപ്രകാരം ആയുധമണിഞ്ഞ
കർഷകർ ക്രമാനുസൃതമല്ലാത്ത ഒരു കുടിയിട സംരക്ഷണസേന
('Irregular household militia') ആയി രൂപംകൊള്ളുന്നു. മുൻപു
പ്രസ്താവിച്ച പഴയ സായുധസേനയെക്കാൾ ബൃഹത്തായതും കുന്തങ്ങ
ളാൽ സായുധരായവരുമായ ഈ ജനതതി പുതുതായി പിറവിയെടുത്ത
ഒരു സായുധശക്തിയാണ്. അവരെ കാണുമ്പോൾതന്നെ പ്രാദേ
ശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും കിടുകിടെ വിറ

യ്ക്കുന്നു. ഈ സേനാവിഭാഗങ്ങളെ പ്രവിശ്യയിലെ ഏഴുപത്തിയ
ഞ്ച് കൗണ്ടികളിലുള്ള ഇരുപത് ദശലക്ഷത്തിലേറെ കർഷകർക്കിടയിൽ
ശരിക്കും വ്യാപകമായ തോതിൽ കെട്ടിപ്പടുക്കണം. യുവാവോ മദ്ധ്യ
വയസ്കനോ ആയ ഓരോ കർഷകനും ഒരു കുന്തം സ്വന്തമായിട്ടുണ്ടെന്ന്
ഉറപ്പുവരുത്തണം. കുന്തം ഭയാനകമായ എന്തോ ആണെന്നതുപോലെ അ
തു കൈവശംവെക്കുന്നവർക്കെതിരെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന
ത് ഒഴിവാക്കണം. ഹുനാനിലെ വിപ്ലവനേതാക്കൾ ഈ കാര്യങ്ങളിൽ
പ്രത്യേകം ശ്രദ്ധിക്കണം. കുന്തങ്ങളേന്തിയ സേനാവിഭാഗങ്ങളെക്കണ്ട്
ഭയഭീതനാകുന്നത് ആരായാലും അയാളൊരു ദുർബലനാണ്! അവയെ
ഭയപ്പെടുന്നത് പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാ
രും മാത്രമാണ്. വിപ്ലവകാരികളാരും തന്നെ ഇത്തരത്തിലുള്ള ഭയത്തി
നടിപ്പെട്ടുകൂടാ.

## 6. കൗണ്ടി മജിസ്ട്രേട്ടിന്റേയും അയാളുടെ ബെയ്‌ലിഫ്‌മാരുടേയും രാഷ്ട്രീയാധികാരം ഇല്ലായ്മ ചെയ്യൽ

കർഷകർ ഉണർന്നെഴുന്നേല്ക്കാതെ കൗണ്ടി ഗവൺമെന്റിനെ ശു
ദ്ധീകരിക്കുവാൻ കഴിയുകയില്ലെന്ന് കുറച്ചുനാൾക്കുമുൻപ് ക്വാങ്
ടൂങ്ങ് പ്രോവിൻസിലെ ഹയ്‌ഫെങ്ങിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇ
പ്പോൾ അതിനോടു നാം കൂടുതൽ തെളിവുകൾ കൂട്ടിച്ചേർത്തിരിക്കുന്നു,
പ്രത്യേകിച്ചും ഹുനാനിൽ. പ്രാദേശിക ജനമർദ്ദകരുടേയും ദുഷ്ടരാ
യ നാട്ടുപ്രമാണിമാരുടേയും അധികാരം നിലനില്ക്കുന്ന കൗണ്ടികളിൽ
മജിസ്ട്രേട്ട്, അയാൾ ആരായിരുന്നാലും ശരി, ഏറെക്കുറെ അനിവാ
ര്യമായും ഒരു അഴിമതിക്കാരനായ ഉദ്യോഗസ്ഥനായിരിക്കും. കർഷകർ
ഉണർന്നെഴുന്നേറ്റിട്ടുള്ള കൗണ്ടികളിൽ മജിസ്ട്രേട്ട് ആരായിരുന്നാലും
ശരി ഭരണം ശുദ്ധമായിരിക്കും. ഞാൻ സന്ദർശിച്ച കൗണ്ടികളിൽ മജി
സ്ട്രേട്ടുമാർക്ക് എല്ലാ കാര്യങ്ങളിലും മുൻപേകൂട്ടിത്തന്നെ കർഷകസം
ഘങ്ങളുടെ അഭിപ്രായം ആരായേണ്ടതുണ്ടായിരുന്നു. കർഷകരുടെ അധി
കാരം വളരെ ശക്തമായിത്തീർന്നിട്ടുള്ള കൗണ്ടികളിൽ കർഷകസംഘത്തി
ന്റെ ഒററവാക്ക് അൽഭുതങ്ങൾ സൃഷ്ടിക്കുന്നു. ഒരു പ്രാദേശിക ജന
മർദ്ദകനെ അറസ്ററു ചെയ്യണമെന്ന് കർഷകസംഘം രാവിലെ ആവശ്യ
പ്പെടുകയാണെങ്കിൽ അറസ്ററ് ഉച്ചസമയംവരെ വൈകിക്കാൻപോലും
മജിസ്ട്രേട്ട് ധൈര്യപ്പെടുന്നില്ല. ഉച്ചയ്ക്ക് അറസ്ററ് ചെയ്യണമെ
ന്ന് കർഷകസംഘം ആവശ്യപ്പെട്ടാൽ അതു വൈകുന്നേരം വരെ വൈകി
ക്കാൻപോലും അയാൾ ധൈര്യപ്പെടുന്നില്ല. നാട്ടിൻപുറങ്ങളിൽ കർഷകർ
അധികാരം സ്ഥാപിക്കുവാൻ തുടങ്ങിയ സമയത്ത് മജിസ്ട്രേട്ട് കർഷ
കർക്കെതിരായി പ്രാദേശികജനമർദ്ദകരോടും ദുഷ്ടരായ നാട്ടുപ്രമാണി
മാരോടും സഹകരിച്ച് പ്രവർത്തിച്ചു. കർഷകരുടെ അധികാരം വളരുക
യും അത് ജന്മിമാരുടേതിനോട് ഒപ്പമെത്തുകയും ചെയ്തപ്പോൾ മജി
സ്ട്രേട്ടുമാർ ജന്മിമാരുടേയും കർഷകരുടേയും വീക്ഷണങ്ങൾക്കൊ
ത്തു പ്രവൃത്തിക്കുവാൻ ശ്രമിക്കുന്ന ഒരു നിലപാട് സ്വീകരിച്ചു.
അവർ കർഷകസംഘങ്ങളുടെ ചില നിർദ്ദേശങ്ങൾ സ്വീകരിക്കുകയും
മററു ചിലവ തള്ളിക്കളയുകയും ചെയ്തു. ജന്മിമാരുടെ അധികാരം
കർഷകരാൽ പൂർണ്ണമായും നിലംപരിശാക്കപ്പെട്ടിട്ടുള്ളിടങ്ങളിൽ മാത്ര
മേ കർഷകസമാജങ്ങളുടെ വാക്ക് 'അൽഭുതം സൃഷ്ടിക്കുന്നു' എന്നത്
പ്രയോഗത്തിൽ വരുന്നുള്ളൂ. ഇപ്പോൾ സിയാങ്ങ് സിയാങ്ങ്, സിയാ
ങ്ങ് ടാൻ, ലീലിങ്ങ്, ഹെങ്ങ്ഷാൻ എന്നിവപോലെയുള്ള കൗണ്ടികളി
ലെ സ്ഥിതി താഴെപറയും വിധമാണ്:



### (1) മജിസ്ട്രേട്ടും വിപ്ലവപരമായ ബഹുജനസംഘടനകളുടെ പ്രതിനിധികളും അടങ്ങുന്ന ഒരു സംയുക്തസമിതിയാണ് എല്ലാ തീരുമാനങ്ങളും എടുക്കുന്നത്.

സമിതിയെ മജിസ്ട്രേട്ട് വിളിച്ചുകൂട്ടുകയും അയാളുടെ ഓഫീസിൽ യോഗം ചേരുകയും ചെയ്യുന്നു. ചില കൗണ്ടികളിൽ അതിനെ വിളിക്കുന്നത് 'പൊതുസംഘടനകളുടേയും പ്രാദേശിക ഗവൺമെന്റിന്റേയും സംയുക്തസമിതി' എന്നാണ്. 'കൗണ്ടി കാര്യങ്ങൾ നോക്കുന്നതിനുള്ള സമിതി' എന്ന് മററു സ്ഥലങ്ങളിൽ അതിനെ വിളിക്കുന്നു. മജിസ്ട്രേട്ടിനെ കൂടാതെ അതിൽ പങ്കെടുക്കുന്നത് കൗണ്ടികർഷകസംഘം, ട്രേഡ്‌യൂണിയൻ കൗൺസിൽ, വ്യപാരികളുടെ സംഘടന, മഹിളാസമാജം, സ്കൂൾ ജീവനക്കാരുടെ സമാജം, വിദ്യാർത്ഥി സംഘടന, കൂമിന്താങ്ങ് ഹെഡ്‌ക്വാർട്ടേഴ്സ്[20] എന്നിവയുടെ പ്രതിനിധികളാണ്. അതുപോലുള്ള സമിതിയോഗങ്ങളിൽ മജിസ്ട്രേട്ട് പൊതുസംഘടനകളുടെ അഭിപ്രായങ്ങളാൽ സ്വാധീനിക്കപ്പെടുകയും അനിവാര്യമായും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, ഹുനാനിൽ ജനാധിപത്യകമ്മററികളുടെ സമ്പ്രദായത്തിലുള്ള ഒരു കൗണ്ടി ഗവൺമെന്റിനു രൂപം നൽകുകയെന്നത് ഒരു വലിയ പ്രശ്നമായിരിക്കുകയില്ല. ഇപ്പോഴത്തെ കൗണ്ടി ഗവൺമെന്റുകൾ തന്നെ രൂപത്തിലും ഉള്ളടക്കത്തിലും തികച്ചും ജനാധിപത്യപരമായിത്തീർന്നിട്ടുണ്ട്. ഈ സ്ഥിതി സംജാതമായിട്ടുള്ളത് കഴിഞ്ഞ രണ്ടു മൂന്നുമാസങ്ങളായിട്ടാണ്. അതായത് കർഷകർ നാട്ടിൻപുറങ്ങളിലാകെ ഉണർന്നെഴുന്നേൽക്കുകയും പ്രദേശികജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും അധികാരം തകിടം മറിക്കുകയും ചെയ്തതിനുശേഷം മാത്രമാണ്. മുൻപ് തങ്ങളുടെ താങ്ങും തണലുമായിരുന്നവർ തറപററുന്നതു കണ്ട മജിസ്ട്രേട്ടുമാർ തങ്ങളുടെ ഉദ്യോഗം നിലനിർത്തുന്നതിനായി ഇപ്പോൾ പൊതുസംഘടനകളുടെ ആനുകൂല്യം സമ്പാദിക്കുവാൻ ശ്രമിച്ചു തുടങ്ങിയിട്ടുണ്ട്.

### (2) ജൂഡീഷ്യൽ അസിസ്റ്റന്റിന് കൈകാര്യം ചെയ്യുവാൻ കേസുകൾ ഇല്ലാതായിരിക്കുന്നു.

കൗണ്ടി മജിസ്ട്രേട്ട് മററു ജോലികളോടൊപ്പം നീതിന്യായ നിർവഹണത്തിന്റേയും കൂടി ഉത്തരവാദിത്വം വഹിക്കുന്ന ഒരു നീതിന്യായ വ്യവസ്ഥയാണ് ഇപ്പോഴും ഹുനാനിൽ നിലനിൽക്കുന്നത്, കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ഒരു അസിസ്ററന്റ് അയാളെ സഹായിക്കുന്നു. പണം സമ്പാദിക്കുന്നതിനുവേണ്ടി മജിസ്ട്രേട്ടും അയാളുടെ സിൽബന്ധികളും നികുതികളും ലെവികളും പിരിക്കുന്നു. സായുധസേനകൾക്കുവേണ്ടി ആളും അർത്ഥവും ശേഖരിക്കുന്നു. അവസാനത്തേതായിരുന്നു ഏററവും മുറയ്ക്കു കിട്ടുന്നതും വിശ്വസിച്ചാശ്രയിക്കാവുന്നതുമായ വരുമാനം. പ്രദേശികജനമർദ്ദകരുടേയും ദുഷ്ടരായനാട്ടുപ്രമാണിമാരുടേയും പതനത്തോടെ കഴിഞ്ഞകുറെ മാസങ്ങളായി നിയമപരമായ നൂലാമാലകൾ സൃഷ്ടിച്ച് പണം ഈടാക്കുന്നതെല്ലാം അസാദ്ധ്യമായിട്ടുണ്ട്. എന്നുമാത്രമല്ല ചെറുതും വലുതുമായ കർഷകരുടെ പ്രശ്നങ്ങളെല്ലാം തന്നെ ഇപ്പോൾ തീരുമാനിക്കപ്പെടുന്നത് വിവിധ തട്ടുകളിലുള്ള കർഷകസംഘങ്ങളിലാണ്. അതുകൊണ്ട് കൗണ്ടിയിൽ ജൂഡീഷ്യൽ അസിസ്ററന്റിന് ചെയ്യുവാൻ ഒരു ജോലിയും ഇല്ലെന്ന അവസ്ഥ ആയിരിക്കുന്നു. സിയാങ്ങ്സിയാങ്ങിലെ അസിസ്ററന്റ് എന്നോടു പറഞ്ഞു: 'കർഷകസംഘങ്ങൾ ഇല്ലാതിരുന്ന കാലത്ത് ദിനംപ്രതി സിവിലോ ക്രിമിനലോ ആയ ശരാശരി അറുപത് കേസുകൾ കൗണ്ടി

ഗവൺമെൻറിൻെറ മുൻപാകെ ഹാജരാക്കപ്പെടുമായിരുന്നു. എന്നാൽ ഇന്നാകട്ടെ ദിനംപ്രതി ശരാശരി നാലോ അഞ്ചോ കേസുകൾ മാത്രമാണ് ഹാജരാക്കപ്പെടുന്നത്. അതുമൂലം മജിസ്ട്രേട്ടുമാരുടേയും അവരുടെ സിൽബന്ധികളുടേയും പണസഞ്ചി കാലിയായി അവശേഷിക്കുന്നു.

**(3) സായുധകാവൽക്കാരും പോലീസും ബെയ്ലിഫമാരുമെല്ലാം യാതൊരു ശല്യവും ചെയ്യാതിരിക്കുകയും, നിർബന്ധപൂർവം പണം ഈടാക്കുകയെന്ന തങ്ങളുടെ പതിവുപണിക്കായി ഗ്രാമീണരുടെ സമീപം പോകുവാൻ ധൈര്യപ്പെടാതിരിക്കുകയും ചെയ്യുന്നു.**

മുൻപൊക്കെ ഗ്രാമീണർക്ക് നഗരവാസികളെ ഭയമായിരുന്നു. എന്നാൽ ഇന്ന് നഗരവാസികൾക്ക് ഗ്രാമീണരെയാണ് ഭയം. പ്രത്യേകിച്ചും കൗണ്ടി ഗവൺമെൻറിൻെറ ചോററുപട്ടികളായ സായുധകാവൽക്കാർക്കും പോലീസിനും ബെയ്ലിഫുമാർക്കും ഗ്രാമങ്ങളിൽ പോകുവാൻ ഭയമാണ്, അഥവാ അവർ പോകുന്നെങ്കിൽ തന്നെ നിർബന്ധപൂർവ്വം പണം ഈടാക്കുകയെന്ന പതിവുപണി തുടരുവാൻ അവർ ധൈര്യപ്പെടുന്നില്ല. കർഷകരുടെ കുന്തങ്ങൾ കാണുമ്പോൾതന്നെ അവർ ഭയന്നുവിറയ്ക്കുന്നു.

## 7. പരമ്പരാഗതമായ ക്ഷേത്രങ്ങളുടേയും ഗോത്രനേതാക്കന്മാരുടേയും ഗോത്രപരമായ മേധാവിത്വത്തിൻേറയും, നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും ദൈവങ്ങളുടെ മതപരമായ മേധാവിത്വത്തിൻേറയും, ഭർത്താക്കന്മാരുടെ പുരുഷമേധാവിത്വത്തിൻേറയും നിഷ്കാസനം

ചൈനയിൽ ഒരു മനുഷ്യൻ മൂന്നു തരത്തിലുള്ള മേധാവിത്വങ്ങൾക്ക് വിധേയനാണ്, (1) ഭരണവ്യവസ്ഥ (രാഷ്ട്രീയമേധാവിത്വം), ദേശീയവും പ്രാവിശ്യയുടെതും കൗണ്ടി ഗവൺമെൻറിൻേറതും മുതൽ താഴെ ടൗൺഷിപ്പ് വരെ; (2) ഗോത്രവ്യവസ്ഥ (ഗോത്രമേധാവിത്വം), പരമ്പരാഗതമായ കേന്ദ്രക്ഷേത്രവും അതിൻെറ ശാഖാക്ഷേത്രങ്ങളും മുതൽ താഴെ കുടുംബത്തലവൻ വരെ; (3) പ്രകൃത്യാതീത ശക്തികളോടു ബന്ധപ്പെട്ട വ്യവസ്ഥ (മതമേധാവിത്വം), യമരാജാവു മുതൽ നഗരദൈവങ്ങളും ഗ്രാമദൈവങ്ങളും വരേയും സ്വർഗരാജാവു മുതൽ സ്വർഗവാസികളായ മറെറല്ലാ ദൈവങ്ങളും ആത്മാക്കളും വരേയും. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഈ മൂന്ന് മേധാവിത്വവ്യവസ്ഥകൾക്ക് പുറമെ അവർ പുരുഷന്മാരുടെ മേധാവിത്വത്തിനും (ഭർത്താവിൻെറ മേധാവിത്വം) കീഴ്വഴങ്ങണം. ഈ നാലു മേധാവിത്വങ്ങൾ— രാഷ്ട്രീയവും ഗോത്രപരവും മതപരവും പുരുഷന്മാരുടേതുമായ മേധാവിത്വങ്ങൾ— ഗോത്രഭരണവ്യവസ്ഥയുടേയും പ്രത്യയശാസ്ത്രത്തിൻേറയും മുഴുവൻ മൂർത്തിമദ്ഭാവവും ചൈനീസ് ജനതയെ, പ്രത്യേകിച്ചും കർഷകരെ, വരിഞ്ഞുകെട്ടുന്ന നാലുതടിച്ച കയറുകളുമാണ്. നാട്ടിൻപുറങ്ങളിൽ ജന്മികളുടെ രാഷ്ട്രീയമേധാവിത്വത്തെ കർഷകർ എങ്ങിനെയാണ് തൂത്തെറിഞ്ഞതെന്ന് മുൻപു വിവരിച്ചിട്ടുണ്ട്. ജന്മികളുടെ രാഷ്ട്രീയമേധാവിത്വമാണ് മറെറല്ലാ മേധാവിത്വ വ്യവസ്ഥകളുടേയും നട്ടെല്ല്. അതുകൊണ്ട് ജന്മികളുടെ മേധാവിത്വം തകിടം മറിക്കപ്പെട്ടതോടെ ഗോത്രമേധാവിത്വവും പുരുഷമേധാവിത്വവുമെല്ലാം ഉലയാൻ തുടങ്ങുന്നു. കർ



ഷകസംഘം ശക്തിമത്തായിടങ്ങളിലെ ഗോത്രനേതാക്കന്മാരും ക്ഷേത്രനിധിയുടെ ഭരണകർത്താക്കളും ഗോത്രവ്യവസ്ഥയിൽ താഴെക്കിടയിലുള്ളവരെ അടിച്ചമർത്താനോ ഗോത്രസ്വത്തുക്കൾ അപഹരിക്കാനോ ധൈര്യപ്പെടുന്നില്ല. ഏററവും വഷളായ ഗോത്രനേതാക്കന്മാരും ഭരണകർത്താക്കളും, പ്രാദേശിക ജനമർദ്ദകരായതുകൊണ്ടുതന്നെ, ഇതിനോടകം നിഷ്കാസനം ചെയ്യപ്പെട്ടിട്ടുണ്ട്. പഴയ ക്ഷേത്രങ്ങളിൽ സാധാരണമായിരുന്ന ചാട്ടകൊണ്ട് അടിക്കുക, വെള്ളത്തിൽ മുക്കിക്കൊല്ലുക, ജീവനോടെ കുഴിച്ചുമൂടുക തുടങ്ങിയ ക്രൂരമായ ശിക്ഷകൾ നടപ്പാക്കുവാൻ ഇപ്പോൾ ആരും ധൈര്യപ്പെടുന്നില്ല. ക്ഷേത്രങ്ങളിലെ സദ്യകളിൽ സ്ത്രീകളേയും വൃദ്ധജനങ്ങളേയും പങ്കെടുക്കുവാൻ അനുവദിക്കാതിരിക്കുകയെന്ന പഴയനിയമവും ലംഘിക്കപ്പെട്ടിട്ടുണ്ട്. ഹെങ്ഷാൻ കൗണ്ടിയിലുള്ള പായ്ക്യോയിലെ സ്ത്രീകൾ കൂട്ടത്തോടെ അവരുടെ ക്ഷേത്രത്തിലേക്കു പോവുകയും ധൈര്യമായി ഇരിപ്പിടങ്ങളിൽ സ്ഥാനം പിടിച്ചുകൊണ്ട് സദ്യയിൽ പങ്കുചേരുകയും ചെയ്തു. ഇതുകണ്ട ഗോത്രനേതാക്കന്മാർ മററു പോംവഴിയൊന്നും കാണാതെ തങ്ങളുടെ ഇഷ്ടംപോലെ പെരുമാറുവാൻ സ്ത്രീകളെ അനുവദിച്ചു. ക്ഷേത്രസദ്യകളിൽനിന്ന് ദരിദ്രകർഷകരെ ഒഴിവാക്കിയിരുന്ന മറെറാരിടത്ത്, അവർ സംഘം ചേർന്ന് ക്ഷേത്രത്തിൽ കടന്ന് യഥേഷ്ടം സദ്യയിൽ പങ്കെടുത്തു; പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും നീണ്ട കുപ്പായങ്ങൾ ധരിച്ച മററു മാന്യന്മാരും ഇതുകണ്ട് ഭയവിഹ്വലരായി പാലായനം ചെയ്തു. കർഷകപ്രസ്ഥാനം ശക്തി പ്രാപിക്കുന്ന സ്ഥലങ്ങളിലെല്ലാം മതമേധാവിത്വത്തിന് ഉലച്ചിൽ തട്ടുന്നു. പല സ്ഥലങ്ങളിലും കർഷകസംഘങ്ങൾ ക്ഷേത്രങ്ങളെ തങ്ങളുടെ ഓഫീസുകളായി ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കർഷകർക്കായി സ്ക്കൂളുകൾ ആരംഭിക്കുന്നതിനും കർഷകസംഘങ്ങളുടെ ചെലവുകൾക്കുംവേണ്ടി ക്ഷേത്രസ്വത്തുക്കൾ ഏറെറടുക്കണമെന്ന് എല്ലായിടത്തും കർഷകർ വാദിക്കുന്നു; ഇതിനെ അവർ 'അന്ധവിശ്വാസത്തിൽ നിന്നുള്ള പൊതുവരുമാനം' എന്നു വിളിക്കുന്നു. ലീലിങ് കൗണ്ടിയിൽ അന്ധവിശ്വാസജടിലമായ കൃത്യങ്ങൾ നിരോധിക്കുന്നതും വിഗ്രഹങ്ങൾ തകർക്കുന്നതും തികച്ചും പ്രചാരത്തിലായിട്ടുണ്ട്. വടക്കൻ ജില്ലകളിൽ ദൈവങ്ങളെ പ്രീതിപ്പെടുത്തുന്നതിനായി സുഗന്ധദ്രവ്യങ്ങളും പുകച്ചുകൊണ്ട് ഘോഷയാത്രകൾ നടത്തുന്നതിനെ കർഷകർ നിരോധിച്ചിരിക്കുന്നു. ലൂക്കോയിലെ ഫൂപ്പോലിങ്ങിലുള്ള ടാഒ ക്ഷേത്രത്തിൽ അനേകം വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. എന്നാൽ കൂമിന്താങ്ങിൻെറ ഡിസ്ട്രിക്ററ് ഹെഡ്ക്വാർട്ടേഴ്സിന് കൂടുതൽ സ്ഥലം ആവശ്യമായി വന്നപ്പോൾ ആ വിഗ്രഹങ്ങളെല്ലാം, ചെറുതും വലുതുമെല്ലാം ഒന്നിച്ച് ഒരു മൂലയിൽ കൂട്ടിയിട്ടു. ഒററ കർഷകനും യാതൊരുവിധ എതിർപ്പും പ്രകടിപ്പിച്ചില്ല. അന്നു മുതൽ ഒരു കുടുംബത്തിൽ ഒരു മരണം ഉണ്ടാകുമ്പോൾ ദൈവസന്നിധിയിൽ ബലികഴിക്കുന്നതും മതാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതും വിശുദ്ധ വിളക്കുകൾ ക്ഷേത്രങ്ങൾക്ക് ദാനം ചെയ്യുന്നതും തികച്ചും അപൂർവമായിത്തീർന്നു. ഇതിൽ മുൻകൈ എടുത്തത് കർഷകസംഘത്തിൻെറ ചെയർമാൻ സൺ ഷിയാഒ-ഷാൻ ആയതിനാൽ അവിടുത്തെ ടാഒയിസ്ററ് പുരോഹിതന്മാരെല്ലാം അയാളെ വെറുക്കുന്നു. ഉത്തരഹുനാനിലെ മൂന്നാം ജില്ലയിലുള്ള ലുങ്ഫെങ് കന്യാസ്ത്രീമഠത്തിലെ മരംകൊണ്ടുള്ള വിഗ്രഹങ്ങൾ കർഷകരും പ്രൈമറിസ്ക്കൂൾ അദ്ധ്യാപകരും ചേർന്ന് വെട്ടിക്കീറുകയും ആ വിറക് ഇറച്ചിവേവിക്കുന്നതിനായി ഉപയോഗിക്കുകയും ചെയ്തു. തെക്കൻ ഡിസ്ട്രിക്ടിലുള്ള ടൂങ്ഫൂ ബുദ്ധവിഹാരത്തിലെ മുപ്പതിലേറെ വിഗ്രഹങ്ങൾ വിദ്യാർത്ഥികളും കർഷകരും ചേർന്ന് കത്തിച്ചുകളഞ്ഞു. 'പാപം ചെയ്യരുത്!' എന്നു പറഞ്ഞ് ഒരു വൃദ്ധനായ കർഷകൻ തട്ടിപ്പറിച്ചെടുത്ത

'ലാഒ പ്രഭുവിന്റെ21 രണ്ടു വിഗ്രഹങ്ങൾ മാത്രമാണ് അവിടെ അവ
ശേഷിച്ചത്. കർഷകരുടെ രാഷ്ട്രീയാധികാരം പ്രബലമായിട്ടുള്ള
സ്ഥലങ്ങളിൽ ഇപ്പോഴും ദൈവത്തിൽ വിശ്വസിക്കുന്നത് പ്രായമേറിയ
കർഷകരും സ്ത്രീകളും മാത്രമാണ്, പ്രായം കുറഞ്ഞ കർഷകരാരും ത
ന്നെ ദൈവത്തിൽ വിശ്വസിക്കുന്നില്ല. രണ്ടാമതു പറഞ്ഞ കൂട്ടരാണ് കർ
ഷകസംഘങ്ങളെ നിയന്ത്രിക്കുന്നതെന്നതിനാൽ മതമേധാവിത്വത്തിന്റെ
നിഷ്കാസനവും അന്ധവിശ്വാസങ്ങളുടെ നിർമ്മാർജനവും എല്ലാ
യിടത്തും പുരോഗമിക്കുന്നു. ഭർത്താവിന്റെ മേധാവിത്വത്തെ സം
ബന്ധിച്ചിടത്തോളമാണെങ്കിൽ അത് ദരിദ്രകർഷകർക്കിടയിൽ എല്ലാ
യ്പ്പോഴും ദുർബലമായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ
കാരണം അവരുടെ സ്ത്രീകൾക്ക് സമ്പന്നവർഗങ്ങളിലെ സ്ത്രീക
ളേക്കാൾ അധികം കായികാദ്ധ്വാനം ചെയ്യേണ്ടതുണ്ടായിരുന്നു. അതു
കൊണ്ട് കുടുംബകാര്യങ്ങളിൽ ദരിദ്രകർഷക കുടുംബങ്ങളിലെ സ്ത്രീ
കൾക്ക് കൂടുതൽ അവകാശാധികാരങ്ങൾ ഉണ്ടായിരുന്നു. അടുത്തകാ
ലത്ത് ഗ്രാമീണ സമ്പദ്‌വ്യവസ്ഥ വർദ്ധമാനമായ തോതിൽ പാപ്പ
രാകുവാൻ തുടങ്ങിയതോടെ സ്ത്രീകളുടെ മേൽ പുരുഷന്മാർ പുലർ
ത്തുന്ന മേധാവിത്വത്തിന്റെ അടിസ്ഥാനത്തിനുതന്നെ ഇളക്കം തട്ടിയി
ട്ടുണ്ട്. കർഷകപ്രസ്ഥാനം ഉയർന്നുവന്നതോടെ പല സ്ഥലങ്ങളിലേ
യും സ്ത്രീകൾ ഇപ്പോൾ ഗ്രാമീണ വനിതാസമാജങ്ങൾ സംഘടിപ്പി
ക്കുവാൻ തുടങ്ങിയിട്ടുണ്ട്; തങ്ങളുടെ തല ഉയർത്തിപ്പിടിക്കുന്നതിനു
ള്ള അവസരം അവർക്കു ലഭിച്ചിരിക്കുന്നു; ഭർത്താവിന്റെ മേധാവിത്വ
ത്തിനാകട്ടെ ദിനംപ്രതി കൂടുതൽ കൂടുതലായി ഇളക്കം തട്ടിത്തുടങ്ങി
യിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, കർഷകരുടെ അധികാരത്തിന്റെ
വളർച്ചയോടെ നാടുവാഴി–മക്കത്തായ വ്യവസ്ഥയ്ക്കും പ്രത്യയശാസ്ത്ര
ത്തിനുമാകെ ഉലച്ചിൽ തട്ടിയിരിക്കുന്നു. എന്നിരുന്നാലും ഇപ്പോൾ കർ
ഷകർ തങ്ങളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ജന്മിമാരുടെ രാഷ്ട്രീ
യാധിപത്യം നശിപ്പിക്കുന്നതിലാണ്. അത് പൂർണ്ണമായും നശിപ്പിക്ക
പ്പെട്ടു കഴിഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ അവർ ഗോത്രങ്ങളുടേയും ദൈവങ്ങ
ളുടേയും പുരുഷ മേധാവിത്വത്തിന്റേതുമായ മററു മൂന്ന് മണ്ഡലങ്ങ
ളിൽ തങ്ങളുടെ ആക്രമണം കേന്ദ്രീകരിക്കാൻ ആരംഭിക്കുന്നു. എന്നാൽ
അതുപോലുള്ള ആക്രമണങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടു മാത്രമേയുള്ളൂ.
സാമ്പത്തികമണ്ഡലത്തിലെ സമരത്തിൽ കർഷകർ പൂർണ്ണവിജയം നേ
ടുന്നതുവരെ ഈ മൂന്നു മേധാവിത്വങ്ങളേയും പൂർണ്ണമായി തൂത്തെറി
യുവാൻ കഴിയുന്നതല്ല. അതുകൊണ്ട് നമ്മുടെ ഇപ്പോഴത്തെ കടമ ജന്
മിമേധാവിത്വം പൂർണ്ണമായും തൂത്തെറിയപ്പെടത്തക്കവിധം രാഷ്ട്രീയ
സമരത്തിൽ പൂർണ്ണമായി മുഴുകുന്നതിന് കർഷകർക്ക് നേതൃത്വം നൽ
കുകയെന്നതാണ്. ദരിദ്രകർഷകരുടെ ഭൂപ്രശ്നവും മററു സാമ്പത്തിക
പ്രശ്നങ്ങളും അടിസ്ഥാനപരമായി പരിഹരിക്കത്തക്കവിധം അടിയ
ന്തിരമായി സാമ്പത്തിക സമരം തുടർന്നുണ്ടാകണം. ഗോത്രവ്യവസ്ഥ,
അന്ധവിശ്വാസങ്ങൾ, പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അസമ
ത്വം എന്നിവയെ സംബന്ധിച്ചിടത്തോളം, രാഷ്ട്രീയ സാമ്പത്തികസ
മരങ്ങളുടെ വിജയത്തിന്റെ ഒരു സ്വാഭാവിക പരിണാമമെന്ന നിലയിൽ
അവ നിർമ്മാർജനം ചെയ്യപ്പെടും. ഈ കാര്യങ്ങളുടെ നിർമ്മാർജനത്തിനാ
യി ഏകപക്ഷീയമായും അകാലികമായും ആവശ്യത്തിലേറെ ശ്രമിക്കുക
യാണെങ്കിൽ പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും
കർഷക പ്രസ്ഥാനത്തെ അട്ടിമറിക്കുകയെന്ന ഉദ്ദേശത്തോടെ 'കർഷകസമര
ത്തിന് പൂർവ്വികരോട് ഒരു ബഹുമാനവുമില്ല', 'കർഷകസംഘം ഈശ്വരനെ
നിന്ദിക്കുകയും മതത്തെ നശിപ്പിക്കുകയും ചെയ്യുന്നു', കർഷകസമാജം ഭാ
ര്യമാരെ സാമൂഹ്യവൽക്കരിക്കുന്നതിനുവേണ്ടിയാണ് നിലകൊള്ളുന്നത്'
തുടങ്ങിയ പ്രതിവിപ്ലവപരമായ പ്രചരണങ്ങൾ നടത്തുവാൻ ഈ മറ ഉപ



യോഗപ്പെടുത്തും. ഹുനാനിലെ സിയാങ് സിയാങ്ങിലും ഹൂപ്പെയിലെ യാങ്സിനിലും അടുത്ത കാലത്തുണ്ടായ സംഭവങ്ങൾ ഇതിനുദാഹരണമാണ്. അവിടങ്ങളിൽ വിഗ്രഹങ്ങൾ തകർക്കുന്നതിനോട് ചില കർഷകർക്കുണ്ടായിരുന്ന എതിർപ്പിൽനിന്ന് ജന്മിമാർ മുതലെടുത്തു. വിഗ്രഹങ്ങൾ ഉണ്ടാക്കിയത് കർഷകരാണ്, സമയമാകുമ്പോൾ സ്വന്തം കൈകൾകൊണ്ടുതന്നെ അവർ വിഗ്രഹങ്ങളെ ദൂരെ വലിച്ചെറിയും, മററാരെങ്കിലും അകാലികമായി അവർക്കുവേണ്ടി ഈ പ്രവൃത്തി ചെയ്യേണ്ട ആവശ്യമില്ല. ഇക്കാര്യത്തിൽ കമ്മ്യൂണിസ്ററ് പാർട്ടിയുടെ പ്രചരണനയം 'അസ്ത്രം ശരിക്കും തൊടുത്തുവിടാതെ തന്നെ അസ്ത്രം തൊടുത്തുവിടുന്നതായ ആംഗ്യങ്ങൾ കാട്ടുക'22 എന്നതായിരിക്കണം. വിഗ്രഹങ്ങളെ ദൂരെ വലിച്ചെറിയേണ്ടതും വിശുദ്ധ കന്യകകൾക്കുവേണ്ടിയുള്ള ക്ഷേത്രങ്ങളെ തച്ചുടക്കേണ്ടതും പതിവ്രതകളും വിശ്വസ്തകളുമായ വിധവകളുടെ നാമധേയത്തിൽ പണിതുയർത്തിയ കമാനങ്ങളെ തകർക്കേണ്ടതും കർഷകർ തന്നെയാണ്. മററാരെങ്കിലും അവർക്കുവേണ്ടി ചെയ്യുന്നത് തെററാണ്.

ഗ്രാമപ്രദേശത്തായിരിക്കുമ്പോൾ കർഷകർക്കിടയിൽ അന്ധവിശ്വാസത്തിനെതിരായ കുറെ പ്രചരണം നടത്തുകയുണ്ടായി. ഞാൻ പറഞ്ഞു: 'എട്ടു ചിഹ്നങ്ങളിൽ23 നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ നിങ്ങൾ സൗഭാഗ്യത്തിനായി ആശിക്കുന്നു, നിങ്ങൾക്ക് ജിയോ-മെൻസിയിൽ24 വിശ്വാസമുണ്ടെങ്കിൽ നിങ്ങളുടെ പൂർവികൻമാരുടെ ശവകുടീരങ്ങൾ നല്ല സ്ഥാനത്ത് ആയതുകൊണ്ട് പ്രയോജനം സിദ്ധിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നു. ഈ വർഷം ചുരുക്കം മാസങ്ങൾക്കുള്ളിൽ പ്രാദേശികജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരും തങ്ങളുടെ മഹോന്നത സ്ഥാനങ്ങളിൽ നിന്ന് നിലംപതിച്ചു. കുറച്ചുമാസങ്ങൾക്ക് മുൻപുവരെ അവർക്ക് സൗഭാഗ്യവും നല്ല സ്ഥാനങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പൂർവികൻമാരുടെ ശവകുടീരങ്ങളിൽ നിന്നുള്ള പ്രയോജനവും സിദ്ധിച്ചിരുന്നു എന്നാൽ കഴിഞ്ഞ കുറെ മാസങ്ങളായി ഭാഗ്യം അവരെ കൈവെടിയുകയും അവരുടെ പൂർവികരുടെ ശവകുടീരങ്ങളിൽ നിന്ന് അവർക്ക് പ്രയോജനം സിദ്ധിക്കാതാവുകയും ചെയ്തിരിക്കുന്നു എന്നതു സംഭവ്യമാണോ? പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും നിങ്ങളുടെ കർഷകസംഘത്തെ പരിഹസിച്ചുകൊണ്ട് പറയുന്നു: 'എന്തു വിചിത്രം' ഇന്ന് ലോകം കമ്മിററിക്കാരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ഒന്നു മൂത്രമൊഴിക്കാമെന്ന് വച്ചുപോയാൽ അവിടെയും കാണും ഒരു കമ്മിററിക്കാരൻ!' തികച്ചും ശരിയാണ്; നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും ട്രേഡ് യൂണിയനുകൾക്കും കർഷകസംഘങ്ങൾക്കും, കൂമിന്താങ്ങിനും കമ്മ്യൂണിസ്ററ് പാർട്ടിക്കും എല്ലാംതന്നെ എക്സിക്യൂട്ടീവു കമ്മിററി അംഗങ്ങളുണ്ട്—തീർച്ചയായും ഇത് കമ്മററിക്കാരുടെ ഒരു ലോകമാണ്. എന്നാൽ ഇങ്ങിനെ വന്നുഭവിച്ചത് എട്ടുചിഹ്നങ്ങളും പൂർവികരുടെ ശവകുടീരങ്ങളുടെ സ്ഥാന നിർണയവും മൂലമാണോ? എന്തു വിചിത്രം ഗ്രാമപ്രദേശങ്ങളിലെ ദരിദ്രനാരായണൻമാരുടെ എട്ടു ചിഹ്നങ്ങൾ പെട്ടെന്ന് മംഗളദായകമായവയായി മാറിയിരിക്കുന്നു! അവരുടെ പൂർവികരുടെ ശവകുടീരങ്ങൾ പെട്ടെന്ന് അവരുടെമേൽ പ്രയോജനപ്രദമായ സ്വാധീനം ചെലുത്തുവാൻ തുടങ്ങിയിരിക്കുന്നു! ദൈവങ്ങളോ? ഒട്ടും ശങ്കിക്കേണ്ട, അവരെ പൂജിച്ചു കൊള്ളുക, എന്നാൽ നിങ്ങൾക്ക് ക്വാൻപ്രഭുവും25 ദയയുടെ ദേവതയും മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ കർഷകസംഘം ഇല്ലായിരുന്നുവെങ്കിൽ പ്രാദേശിക ജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാണിമാരേയും തൂത്തെറിയുവാൻ കഴിയുമായിരുന്നോ? ദേവൻമാരും ദേവികളും തീർച്ചയായും നികൃഷ്ടമായ വസ്തു

ക്കളാണ്, നിങ്ങളവയെ നൂററാണ്ടുകളായി ആരാധിക്കുന്നു, എന്നിട്ടും
അവ നിങ്ങൾക്കുവേണ്ടി ഒരൊററ പ്രാദേശിക ജനമർദ്ദകനേയോ ദുഷ്ടരായ
യ നാട്ടുപ്രമാണിയേയോ നശിപ്പിച്ചില്ല! ഇപ്പോൾ നിങ്ങൾ പാട്ടം കുറ
ച്ചു കിട്ടണമെന്ന് ആഗ്രഹിക്കുന്നു. ഞാനൊന്നു ചോദിക്കട്ടെ, നിങ്ങൾ
എങ്ങിനെയാണിത് സാധിച്ചെടുക്കുക? നിങ്ങൾ ദൈവങ്ങളിൽ വിശ്വസി
ക്കുമോ അതോ കർഷകസംഘത്തിൽ വിശ്വസിക്കുമോ?'

## 8. രാഷ്ട്രീയപ്രചരണം വ്യാപിപ്പിക്കൽ

എന്റെ വാക്കുകൾ കേട്ട് കർഷകർ പൊട്ടിച്ചിരിച്ചു.

ഇത്ര ഹ്രസ്വമായ കാലയളവിനുള്ളിൽ കർഷകസംഘങ്ങൾക്ക് സാ
ധിച്ചതോതിൽ രാഷ്ട്രീയ വിദ്യാഭ്യാസം മുക്കിലും മൂലയിലുമുള്ള
ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക്, പുരുഷൻമാർക്കും സ്ത്രീകൾക്കും
പ്രായം കുറഞ്ഞവർക്കും പ്രായമേറിയവർക്കും, കൈവരിച്ചുകൊടുക്കു
വാൻ നിയമവും രാഷ്ട്രമീമാംസയും പഠിപ്പിക്കുന്ന പതിനായിരക്കണ
ക്കിന് വിദ്യാലയങ്ങൾ തുറന്നിരിന്നുവെങ്കിൽപോലും കഴിയുമായിരു
ന്നോ? അവയ്ക്കതു കഴിയുമായിരുന്നുവെന്ന് ഞാൻ വിചാരിക്കുന്നില്ല.
'സാമ്രാജ്യത്വം തകരട്ടെ!' 'യുദ്ധ പ്രഭുക്കൾ നശിക്കട്ടെ' 'അഴിമതിക്കാരാ
യ ഉദ്യോഗസ്ഥൻമാർ നശിക്കട്ടെ!' 'പ്രാദേശികജനമർദ്ദകരും ദുഷ്ട
രായ നാട്ടുപ്രമാണിമാരും നശിക്കട്ടെ!'—ഈ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ
ക്ക് ചിറകു മുളച്ചിരിക്കുന്നു, അവ സംഖ്യാതീതമായ ഗ്രാമങ്ങളിലെ യു
വാക്കൾക്കും മദ്ധ്യവയസ്കർക്കും വൃദ്ധജനങ്ങൾക്കും സമീപം, സ്ത്രീ
കൾക്കും ശിശുക്കൾക്കും സമീപം എത്തിയിരിക്കുന്നു, അവ അവരുടെ
ഹൃദയത്തിന്റെ അഗാധതലങ്ങൾവരെ തുളച്ചുകയറുകയും അവരുടെ ചു
ണ്ടുകളിൽ നിന്ന് മുഴങ്ങികേൾക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്
കളിയിൽ മുഴുകിയിരിക്കുന്ന ഒരു സംഘം ബാലരെ ശ്രദ്ധിക്കു. അവ
രിലൊരാൾ മററൊരാളോടു കോപിക്കുകയാണെങ്കിൽ, ഭീഷണമായി തു
റിച്ചുനോക്കുകയാണെങ്കിൽ, പാദങ്ങൾ തറയിൽ ഉറക്കെ ചവിട്ടുകയും
കൈചുരുട്ടി വീശുകയുമാണെങ്കിൽ, ഉടനെ മററുള്ളവർ, അത്യുച്ചത്തിൽ
വിളിച്ചുപറയുന്നതു കേൾക്കാം: 'സാമ്രാജ്യത്വം തകരട്ടെ!'

സിയാങ്ങ്ടാൻ പ്രദേശത്ത് കന്നുകാലികളെ മേയ്ക്കുവാൻ പോകു
ന്ന കുട്ടികൾ പരസ്പരം ശണ്ഠകൂടുമ്പോൾ ഒരാൾ ടാങ്ങ്ഷെങ്ങ്ചി
ആയിട്ടഭിനയിക്കും, അപരൻ യെഹ്കായ്—സിൻ ആയിട്ടും. ഒരാൾ തോ
ററോടുകയും അപരൻ പുറകെ ചെന്ന് ഓടിക്കുകയും ചെയ്യുമ്പോൾ, അ
നുധാവനം ചെയ്യുന്നവനാണ് ടാങ്ങ്ഷെംഗ്_ചി, തോററോടുന്നവൻ യെ
ഹ്കായ്-സിനും. 'സാമ്രാജ്യത്വശക്തികൾ തകരട്ടെ' എന്ന ഗാനം ന
ഗരങ്ങളിലെ മിക്കവാറും എല്ലാ കുട്ടികൾക്കും പാടുവാൻ കഴിയുന്നു,
ഇപ്പോൾ അനേകം ഗ്രാമീണബാലർക്കും അതു പാടുവാൻ കഴിയും.

ഡോക്ടർ സൺയാററ്സെന്റെ മരണപത്രം കർഷകരിൽ പലർക്കും
മനപ്പാഠമാണ്. 'സ്വാതന്ത്ര്യം' 'സമത്വം' 'മൂന്നു ജനകീയ സിദ്ധാന്ത
ങ്ങൾ' 'അസാമാന്യമായ ഉടമ്പടികൾ' എന്നീ വാക്കുകൾ ഏറെക്കുറെ പ്രാ
കൃതമായിട്ടാണെങ്കിലും തങ്ങളുടെ ദൈനംദിനജീവിതത്തിൽ അവർ പ്ര
യോഗിക്കുന്നു. നാട്ടുപ്രമാണിയെപ്പോലെ തോന്നിക്കുന്ന ഒരാൾ വഴി
യിൽവച്ച് ഒരു കർഷകനെ കാണുകയും ഗർവോടെ വഴിമാറുവാൻ വിസ
മ്മതിക്കുകയും ചെയ്യുകയാണെങ്കിൽ കർഷകൻ കോപത്തോടെ പറയും,
'ഏയ്, പ്രാദേശിക ജനമർദ്ദകനേ, നിങ്ങൾക്ക് മൂന്നു ജനകീയസിദ്ധാ
ന്തങ്ങൾ അറിയില്ലേ?' മുൻപ് ചാങ്ങ്ഷായുടെ സമീപപ്രദേശത്തുള്ള
പച്ചക്കറിത്തോട്ടങ്ങളിലെ കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ വില്ക്കു
വാനായി നഗരത്തിൽ പ്രവേശിക്കുമ്പോൾ അവരെ പോലീസുകാർ ശല്യ
പ്പെടുത്താറുണ്ടായിരുന്നു. എന്നാൽ ഇതിനെതിരെ കർഷകരിപ്പോൾ



ഒരായുധം കണ്ടെത്തിയിട്ടുണ്ട്. മൂന്നു ജനകീയ സിദ്ധാന്തങ്ങളല്ലാതെ മ
റെറാന്നുമല്ലത്. ഒരു പോലീസുകാരൻ പച്ചക്കറിവിൽക്കുന്ന ഒരു കർ
ഷകനെ മർദ്ദിക്കുകയോ അസഭ്യം പറയുകയോ ചെയ്യുമ്പോൾ മൂന്നു ജന
കീയ സിദ്ധാന്തങ്ങൾ ഉദ്ധരിച്ചുകൊണ്ട് കർഷകരുടനെ മറുപടി പറ
യുന്നു. ഇത് പോലീസുകാരനെ നിശബ്ദനാക്കുന്നു. സിയാങ്ങ്ടാ
നിലെ ഒരു ഡിസ്ട്രിക്റ്റ് കർഷകസംഘത്തിനും ടൗൺഷിപ്പ് കർഷക
സമാജത്തിനും പരസ്പരം യോജിക്കുവാൻ കഴിയാതെ വന്നപ്പോൾ, ടൗ
ൺഷിപ്പ് കർഷകസമാജത്തിന്റെ ചെയർമാൻ പ്രഖ്യാപിച്ചു; 'ഡിസ്ട്രി
ക്റ്റ് കർഷകസംഘത്തിന്റെ അസമാനമായ ഉടമ്പടികൾ തകരട്ടെ!'

ഗ്രാമപ്രദേശങ്ങളിലുടനീളം രാഷ്ട്രീയപ്രചരണം വ്യാപിപ്പിച്ചത്
പൂർണ്ണമായും കമ്യൂണിസ്റ്റ് പാർട്ടിയുടേയും കർഷകസംഘങ്ങളുടെ
യും ഒരു നേട്ടമാണ്. ലഘുവായ മുദ്രാവാക്യങ്ങളും ഹാസ്യചിത്രങ്ങ
ളും പ്രസംഗങ്ങളും കർഷകർക്കിടയിൽ വ്യാപകവും ത്വരിതഗതിയിലു
ള്ളതുമായ ഫലം ഉളവാക്കിയിരിക്കുന്നു. അവരോരോരുത്തരും ഇപ്പോൾ
രാഷ്ട്രീയ വിദ്യാലയത്തിൽ പഠനം നടത്തിയ മട്ടുണ്ട്. ഗ്രാമപ്രദേശ
ങ്ങളിൽ പ്രവർത്തനത്തിലേർപ്പെട്ടിട്ടുള്ള സഖാക്കളുടെ റിപ്പോർട്ടുകൾ
അനുസരിച്ച് മൂന്നു മഹത്തായ ബഹുജനപ്രകടനങ്ങളുടേയും ബ്രി
ട്ടീഷ് വിരുദ്ധപ്രകടനത്തിന്റേയും ഒക്ടോബർ വിപ്ളവാഘോഷ
ത്തിന്റേയും വടക്കൻ പടയാത്രയുടെ വിജയാഘോഷത്തിന്റേയും സമ
യത്ത് രാഷ്ട്രീയപ്രചരണം വളരെ വ്യാപകമായിരുന്നു. ഈ അവസ
രത്തിൽ കർഷകസംഘങ്ങളുള്ളിടങ്ങളിലെല്ലാം നാട്ടിൻപുറങ്ങളെയാകെ ഉ
ത്തേജിപ്പിച്ചുകൊണ്ട് രാഷ്ട്രീയപ്രചരണം വ്യാപകമായ തോതിൽ ന
ടത്തപ്പെട്ടു. ഇനിമേൽ ഈ ലഘുവായ മുദ്രാവാക്യങ്ങളുടെ ഉള്ളടക്കം ക്ര
മേണ സമ്പന്നമാക്കുവാനും അർത്ഥം വ്യക്തമാക്കുവാനും എല്ലാ അ
വസരങ്ങളും ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം.

## 9. കർഷകർ ഏർപ്പെടുത്തുന്ന വിലക്കുകളും നിരോധനങ്ങളും

കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കർഷകസംഘങ്ങൾ
ഗ്രാമപ്രദേശങ്ങളിൽ തങ്ങളുടെ അധികാരം സ്ഥാപിക്കുമ്പോൾ കർഷകർ
തങ്ങൾക്കിഷ്ടമില്ലാത്ത കാര്യങ്ങൾ നിരോധിക്കുവാൻ അല്ലെങ്കിൽ നിയ
ന്ത്രിക്കുവാൻ ആരംഭിക്കുന്നു. പണംവച്ചുള്ള കളികൾ, ചൂതാട്ടം, കറു
പ്പ് ഉപയോഗിക്കൽ ഇവയാണ് ഏററവും കർശനമായി നിരോധിക്കപ്പെ
ട്ടിട്ടുള്ള മൂന്നു കാര്യങ്ങൾ.

### പണംവച്ചുള്ള കളികൾ

കർഷകസംഘം ശക്തമായിട്ടുള്ള സ്ഥലങ്ങളിൽ മാഹ്ജോംഗും
ഡോമിനോസും (പലതരം ചൂതുകളികൾ—വിവ:) ചീട്ടുകളികളും
പൂർണ്ണമായും നിരോധിക്കപ്പെട്ടിരിക്കുന്നു. സിയാങ്ങ് സിയാങ്ങിലു
ള്ള പതിനാലാം ഡിസ്ട്രിക്റ്റിലെ കർഷകസംഘം രണ്ടു കുട്ടനിറയെ
മാഹ്ജോംഗ് സെററുകൾ കത്തിച്ചുകളഞ്ഞു. ഗ്രാമപ്രദേശങ്ങളിൽ പോ
വുകയാണെങ്കിൽ ഇത്തരത്തിലുള്ള ഒരു കളികളും നിങ്ങൾക്ക് കാണു
വാൻ കഴിയുകയില്ല. ഈ നിരോധനം ലംഘിക്കുന്നവർ ആരായിരുന്നാ
ലും ശരി അവർ ഉടനേയും കർശനമായും ശിക്ഷിക്കപ്പെടുന്നു.

### ചൂതാട്ടം

മുൻപ് ചൂതാട്ടത്താൽ അങ്ങേയററം സ്വാധീനിക്കപ്പെട്ടിരുന്നവർ
തന്നെയാണ് ഇതിനെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രവർത്തിക്ക

ന്നത്. കർഷകസംഘം ശക്തിമത്തായിട്ടുള്ള സ്ഥലങ്ങളിൽ ഈ ദുരാ
ചാരവും തുടച്ചുനീക്കപ്പെട്ടിട്ടുണ്ട്.

## കറുപ്പ് ഉപയോഗിക്കൽ

ഇതിന്മേലുള്ള നിരോധനം അങ്ങേയററം കർശനമാണ്. കറുപ്പുപ
യോഗിച്ച് പുകവലിക്കുന്നതിനുള്ള പൈപ്പുകൾ തങ്ങളെ ഏൽപ്പിക്കണ
മെന്ന് കർഷകസംഘം ആവശ്യപ്പെടുമ്പോൾ അതിനെ ലേശംപോലുമെ
തിർക്കുവാൻ ആരും ധൈര്യപ്പെടുന്നില്ല. ലീലിങ്ങ് കൗണ്ടിയിൽ തൻെറ
പൈപ്പുകൾ കർഷകസംഘത്തെ ഏൽപ്പിക്കുവാൻ വിസമ്മതിച്ച ദുഷ്ട
രായ നാട്ടുപ്രമാണിമാരിൽപെട്ട ഒരാളെ അറസ്ററ് ചെയ്ത് ഗ്രാമങ്ങളി
ലൂടെ കവാത്തുചെയ്യിച്ചു.

'കറുപ്പുവലിക്കാരെ നിരായുധരാക്കു'ന്നതിനുള്ള കർഷകരുടെ പ്ര
സ്ഥാനം വടക്കൻ പടയേററസേന വൂപെയ്—ഫൂവിൻേറയും സൺ
യാൻ—ഫാംഗിൻേറയും 27 സൈന്യങ്ങളെ നിരായുധരാക്കിയതിനോടൊ
പ്പം മനസിൽ തട്ടുന്ന ഒന്നാണ്. കറുപ്പുവലി നിത്യസ്വഭാവമായിട്ടുള്ള
വരും പൈപ്പ് താഴെവയ്ക്കുവാൻ വയ്യാത്തവരുമായ ഒട്ടനേകം വൃദ്ധ
ന്മാരെ, വിപ്ലവസൈന്യത്തിലെ ഓഫീസറന്മാരുടെ പിതാക്കന്മാ
രായ നിരവധി മാന്യന്മാരെ ഉൾപ്പെടെ, 'ചക്രവർത്തിമാർ' (ദുഷ്ടരായ
നാട്ടുപ്രമാണിമാർ കർഷകരെ പരിഹാസപൂർവം വിളിക്കുന്നതിപ്രകാര
മാണ്.) നിരായുധരാക്കിയിട്ടുണ്ട്. കറുപ്പ് കൃഷിചെയ്യുന്നതും വലി
ക്കുന്നതും മാത്രമല്ല അതിൻെറ കള്ളക്കടത്തിൽ ഏർപ്പെടുന്നതും 'ചക്ര
വർത്തിമാർ' വിലക്കിയിട്ടുണ്ട്. പാഒചിങ്ങ്, സിയാങ്ങ് സിയാങ്ങ്,
യൂഹ്സിയെൻ, ലീലിങ്ങ് എന്നീ കൗണ്ടികളിലൂടെ ക്വെയ്ചോവിൽ
നിന്ന് കിയാങ്ങ്സിയിലേക്ക് കൊണ്ടുപോവുകയായിരുന്ന വളരെയേ
റെ കറുപ്പ് കർഷകർ മാർഗമദ്ധ്യേ പിടിച്ചെടുത്ത് കത്തിച്ചുനശിപ്പി
ച്ചു. ഇതു ഗവൺമെൻറിൻെറ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ഇതുമൂലം
വടക്കൻ പടയാത്രക്ക് സൈന്യത്തിന് ഫണ്ട് ഉണ്ടാക്കുന്ന കാര്യം പരിഗ
ണിച്ച് സംസ്ഥാന കർഷകസംഘം താഴെയുള്ള കർഷകസംഘങ്ങളോട്
'കറുപ്പ് കടത്തുന്നതിന്മേലുള്ള നിരോധനം താൽക്കാലികമായി നീട്ടി
വയ്ക്കാൻ' നിർദ്ദേശിക്കുകയുണ്ടായി. പക്ഷേ ഇത് കർഷകരെ ചി
ന്താകുലരും അസന്തുഷ്ടരും ആക്കിയിട്ടുണ്ട്. ഈ മൂന്ന് കാര്യങ്ങൾ
ക്ക് പുറമേ മററു പലതും കർഷകർ നിരോധിക്കുകയോ നിയന്ത്രിക്കു
യോ ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

## ആഭാസ പ്രദർശനങ്ങൾ

പല സ്ഥലങ്ങളിലും ആഭാസകരമായ പ്രദർശനങ്ങൾ നിരോധിക്ക
പ്പെട്ടിട്ടുണ്ട്.

## പല്ലക്കുകൾ

പല കൗണ്ടികളിലും, പ്രത്യേകിച്ചും സിയാങ്ങ് സിയാങ്ങിൽ,
പല്ലക്കുകൾ തകർത്ത പല സംഭവങ്ങളുമുണ്ടായിട്ടുണ്ട്. പല്ലക്കുകൾ ഉപ
യോഗിക്കുന്നവരെ വെറുക്കുന്ന കർഷകർ അവ തകർക്കുവാൻ എപ്പോഴും
സന്നദ്ധരാണ്. എന്നാൽ അങ്ങിനെ ചെയ്യുന്നതിൽനിന്ന് കർഷകസം
ഘങ്ങൾ അവരെ വിലക്കുന്നു. സംഘത്തിൻെറ നേതാക്കന്മാർ കർഷക
രോട് പറയുന്നു: 'നിങ്ങൾ പല്ലക്കുകൾ തകർക്കുകയാണെങ്കിൽ അത്
ധനികർക്ക് പണം ലഭിക്കുന്നതിനും ചുമട്ടുകാർക്ക് തൊഴിൽ നഷ്ടപ്പെ
ടുന്നതിനും മാത്രമേ ഇടയാക്കുകയുള്ളൂ. അത് നമ്മുടെ ആളുകൾക്കു
തന്നെ ഉപദ്രവകരമാവുകയില്ലേ?' കാര്യം മനസിലാക്കിയ കർഷകർ ഒരു
പുതിയ അടവ് ആവിഷ്ക്കരിച്ചിട്ടുണ്ട്—ധനികരെ ശിക്ഷിക്കത്തക്ക
വിധം പല്ലക്കു ചുമട്ടുകാർ ഗണ്യമായി കൂലി വർദ്ധിപ്പിച്ചിരിക്കുന്നു.



## ചാരായം വാററും പഞ്ചസാര നിർമ്മാണവും

ചാരായം വാററുന്നതിനും പഞ്ചസാര നിർമ്മിക്കുന്നതിനുമായി ധാ
ന്യങ്ങൾ ഉപയോഗിക്കുന്നത് എല്ലായിടത്തും നിരോധിച്ചിരിക്കുന്നു.
ചാരായം വാററുകാരും പഞ്ചസാര നിർമ്മാതാക്കളും നിരന്തരം പരാതിപ്പെ
ടുന്നുണ്ട്. ഹെങ്ങ്ഷാൻ കൗണ്ടിയിലുള്ള ഫൂടിയെൻപൂവിൽ ചാരായം
വാററു നിരോധിക്കപ്പെട്ടിട്ടില്ല, പക്ഷേ ചാരായത്തിന് വളരെ കുറ
ഞ്ഞ വിലയാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം ലാഭമുണ്ടാക്കു
വാൻ സാദ്ധ്യതയില്ലെന്നു മനസിലാക്കിയ മദ്യവ്യാപാരികൾ വാററു നി
റുത്തിയിരിക്കുന്നു.

## പന്നികൾ

ഒരു കുടുംബത്തിന് വളർത്താവുന്ന പന്നികളുടെ എണ്ണം നിയന്ത്രി
ച്ചിട്ടുണ്ട്. കാരണം പന്നികളും ധാന്യം തിന്നൊടുക്കുന്നു.

## കോഴികളും താറാവുകളും

സിയാങ്ങ് സിയാങ്ങ് കൗണ്ടിയിൽ കോഴികളേയും താറാവുകളേ
യും വളർത്തുന്നത് നിരോധിച്ചിട്ടുണ്ട്. പക്ഷേ സ്ത്രീകൾ ഇതിനെ
എതിർക്കുന്നു. ഹെങ്ങ്ഷാൻ കൗണ്ടിയിൽ യാങ്ങ്ടാങ്ങിലും ഫൂടിയെൻ
പൂവിലും യഥാക്രമം മൂന്നും അഞ്ചും കോഴികളെ വീതം മാത്രം വളർ
ത്തുവാനാണ് ഓരോ കുടുംബത്തേയും അനുവദിച്ചിട്ടുള്ളത്. പല
സ്ഥലങ്ങളിലും താറാവുവളർത്തൽ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.
കാരണം താറാവുകൾ ധാന്യം തിന്നൊടുക്കുന്നുവെന്നു മാത്രമല്ല നെൽചെ
ടികളേയും നശിപ്പിക്കുന്നു. അതുകൊണ്ട് കോഴികളേക്കാൾ ഉപദ്രവ
കാരികളാണ്.

## സദ്യകൾ

വൻസദ്യകൾ പൊതുവേ നിരോധിക്കപ്പെട്ടിരിക്കുന്നു. സിയാങ്ങ്
ടാൻ കൗണ്ടിയിലുള്ള ഷാഒഷാനിൽ നിശ്ചയിച്ചിട്ടുള്ളത് മൂന്നുതരം
മാംസങ്ങൾ മാത്രമേ കോഴിയും മൽസ്യവും പന്നിയിറച്ചിയും—അതിഥി
കൾക്കു നൽകാവൂ എന്നാണ്. ഇളം മുളന്തണ്ടുകളും ഞണ്ടുകളും ലെൻറിൽ
നൂഡിലുകളും സദ്യകളിൽ വിളമ്പുന്നതും നിരോധിച്ചിരിക്കുന്നു. ഒരു
സൽക്കാരത്തിൽ എട്ടു വിഭവങ്ങളിൽ കൂടുതൽ ഉണ്ടാകുവാൻ പാടില്ലെ
ന്ന് ഹെങ്ങ്ഷാൻ കൗണ്ടിയിൽ തീരുമാനിക്കപ്പെട്ടിരിക്കുന്നു.28 ലീ
ലിങ്ങ് കൗണ്ടിയിലെ കിഴക്കേ മൂന്നാം ജില്ലയിൽ അഞ്ചു വിഭവങ്ങളും,
വടക്കേ രണ്ടാം ജില്ലയിൽ മൂന്നു മാംസകറികളും മൂന്നു പച്ചക്കറികളും
മാത്രമേ അനുവദിച്ചിട്ടുള്ളൂ. പടിഞ്ഞാറെ മൂന്നാം ജില്ലയിൽ നവവൽസ
രസദ്യകൾ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. സിയാങ്ങ്സിയാ
ങ്ങ് കൗണ്ടിയിൽ മുട്ട ഉപയോഗിച്ചുള്ള കേക്കുകൾ വിളമ്പുന്നത് നിരോ
ധിച്ചിരിക്കുന്നു, ഇത്ര വലിയ സമ്പന്നമായ വിഭവം അല്ലെങ്കിൽപോലും.
സിയാങ്ങ് സിയാങ്ങിലെ രണ്ടാം ജില്ലയിലെ ഒരു കുടുംബം, മകൻെറ ക
ല്യാണത്തിന് ഈ വിലക്ക് ലംഘിച്ചപ്പോൾ കർഷകർ വീട്ടിലേക്ക് ഇര
ച്ചുകയറി ആഘോഷങ്ങൾ നിറുത്തിവയ്പിച്ചു. സിയാങ്ങ് സിയാങ്ങ്
കൗണ്ടിയിലെ ചിയാഗാ നഗരത്തിൽ വിലയേറിയ ഭക്ഷണസാധനങ്ങൾ
കഴിക്കുന്നത് ജനങ്ങൾ നിറുത്തുകയും പൂർവികർക്കുവേണ്ടിയുള്ള ചട
ങ്ങുകളിൽ പഴങ്ങൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു.

## കാളകൾ

കാളകൾ കർഷകരുടെ വിലപിടിച്ച സ്വത്താണ്. 'ഈ ജീവിത
ത്തിൽ ഒരു കാളയെ കൊല്ലുകയാണെങ്കിൽ അടുത്ത ജീവിതത്തിൽ നിങ്ങ
ളൊരു കാളയായി പിറക്കും' എന്നത് ഏറെക്കുറെ ഒരു മതശാസനം തന്നെ

കരം മുതൽ ചിംഗ് ചക്രവർത്തിമാർ വരെയുള്ളവരോ റിപ്പബ്ളിക്കി
ന്റെ പ്രസിഡണ്ടുമാരോ ഒരിക്കലും പ്രദർശിപ്പിക്കുകയുണ്ടായിട്ടില്ല.
കർഷകസംഘം ശക്തിപ്രാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ കവർച്ചകളുടെ
ലാഞ്ഛന പോലുമില്ല. ഒരുപക്ഷേ അൽഭുതകരമായിത്തോന്നിയേ
ക്കാം, പല സ്ഥലങ്ങളിലും പച്ചക്കറിമോഷണംപോലുള്ള ചെറുകളവു
കൾ പോലും ഇല്ലാതായിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ഇപ്പോഴും ചില
ചെറുമോഷ്ടാക്കളുണ്ട്. എന്നാൽ മുൻപു കവർച്ചക്കാരുടെ കേന്ദ്രമായി
രുന്നവ ഉൾപ്പെടെ, ഞാൻ സന്ദർശിച്ച കൗണ്ടികളിൽ കവർച്ചകൾ ഇല്ലാതാ
യിരിക്കുന്നു. എന്താണതിന്റെ കാരണങ്ങൾ? ഒന്ന്, കർഷകസംഘത്തി
ന്റെ അംഗങ്ങൾ മലകളിലും താഴ്വരകളിലും എന്നു തന്നെയല്ല സർവ
സ്ഥലങ്ങളിലുമുണ്ട്. അവരുടെ കൈയിൽ കുന്തങ്ങളും കുറുവടികളു
മുണ്ട്. എപ്പോഴും പ്രവർത്തനനിരതരായ നൂറുകണക്കിനാളുകളുണ്ട്.
അതുകൊണ്ട് കവർച്ചക്കാർക്ക് ഒളിച്ചിരിക്കുവാൻ ഇടമില്ലാതായിരിക്കു
ന്നു. രണ്ട്, കർഷകപ്രസ്ഥാനം ഉയർന്നുവന്നതോടെ ധാന്യത്തിന്റെ
വില ഇടിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വസന്തകാലത്ത് ഒരു പിക്കളിന്
ആറു യുവാൻ ആയിരുന്ന ധാന്യത്തിന്റെ വില കഴിഞ്ഞ ശീതകാലമായ
പ്പോഴേക്കും രണ്ടു യുവാൻ ആയി കുറഞ്ഞു. അതുകൊണ്ട് ആഹാരപ്ര
ശ്നം ജനങ്ങളെ സംബന്ധിച്ചിടത്തോളം അത്ര ഗുരുതരമല്ല. മൂന്ന്,
രഹസ്യസംഘടനകളുടെ[30] അംഗങ്ങൾ കർഷകസംഘങ്ങളിൽ ചേർന്നി
ട്ടുണ്ട്. അതിലവർക്ക് ഒരു ധീരനെന്ന നിലയിൽതന്നെ പരസ്യമായും
നിയമവിധേയമായും പെരുമാറുവാനും തങ്ങളുടെ പ്രശ്നങ്ങൾക്ക്
പരിഹാരം കണ്ടെത്തുവാനും കഴിയുന്നു. അതുകൊണ്ട് രഹസ്യ 'പർവ
തവും', 'വാസസ്ഥലവും', 'ദേവാലയവും', 'നദിയും' പോലുള്ള
സംഘടനാരൂപങ്ങൾ[31] ഇനി അവർക്കാവശ്യമില്ല. പ്രാദേശിക ജനമർ
ദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും പന്നികളേയും ആടു
കളേയും കൊല്ലുകയും, അവരിൽനിന്ന് കനത്ത നികുതികളും പിഴക
ളും ഊടാക്കുകയും ചെയ്യുക വഴി തങ്ങളെ അടിച്ചമർത്തുന്നവരോട് പ
കരം ചോദിക്കുന്നതിന് വേണ്ടത്ര സൗകര്യവും അവർക്കുണ്ട്. നാല്,
സൈന്യത്തിലിപ്പോൾ വളരെയേറെ പേരെ ചേർക്കുന്നുണ്ട്. 'അനിയ
ന്ത്രിതരായി' നടന്നിരുന്നവരിൽ പലരും സൈന്യത്തിൽ ചേർന്നിരിക്കു
ന്നു. ഇപ്രകാരം കർഷകപ്രസ്ഥാനം ഉയർന്നുവന്നതോടെ കവർച്ചയെന്ന
വിനയും അവസാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സമ്പന്നന്മാർപോലും
കർഷകസംഘങ്ങളുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നു. അവരുടെ
അഭിപ്രായം ഇതാണ്: 'കർഷകസംഘങ്ങളോ? ന്യായമായിട്ടു പറഞ്ഞാൽ
അവയ്ക്കു ചില നല്ലവശങ്ങളുമുണ്ട്.'

ചീട്ടുകളിയും ചൂതുകളിയും കറുപ്പുവലിയും നിരോധിക്കുകയും
കവർച്ചകൾ ഇല്ലാതാക്കുകയും ചെയ്യുകവഴി കർഷകസമാജങ്ങൾ പൊതു
വിൽ അംഗീകാരം നേടിയിട്ടുണ്ട്.

## 11. അമിതമായ നികുതിപിരിവ് നിർത്തലാക്കൽ

രാജ്യം ഇനിയും ഏകീകരിക്കപ്പെടുകയോ സാമ്രാജ്യവാദികളുടേയും
യുദ്ധപ്രഭുക്കളുടേയും അധികാരം ഇനിയും തകർക്കപ്പെടുകയോ ചെ
യ്തിട്ടില്ല. അതുകൊണ്ടു തന്നെ കർഷകർക്കു മേൽ കയററിവച്ചിരിക്കു
ന്ന സർക്കാർ നികുതികളെന്ന കനത്ത ഭാരം നീക്കം ചെയ്യപ്പെട്ടിട്ടില്ല.
കുറേക്കൂടി വ്യക്തമായിപ്പറഞ്ഞാൽ വിപ്ളവ സൈന്യത്തിനുവേണ്ടി
യുള്ള ചെലവ് എന്ന ഭാരം ഇല്ലാതാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. എ
ങ്കിലും പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും ഗ്രാ
മീണഭരണത്തിൽ ആധിപത്യം പുലർത്തിയിരുന്ന കാലത്ത് കർഷകരു
ടെ മേൽ ചുമത്തിയിരുന്ന അമിതമായ നികുതികൾ നിർത്തലാക്കപ്പെട്ടി
ട്ടുണ്ട്; അല്ലെങ്കിൽ കർഷകപ്രസ്ഥാനത്തിന്റെ വളർച്ചയേയും പ്രാദേ



ശിക ജനമർദ്ദകരുടേയും ദുഷ്ടരായ നാട്ടുപ്രമാണിമാരുടേയും പതന
ത്തേയും തുടർന്ന് കുറയ്ക്കപ്പെട്ടിട്ടെങ്കിലുമുണ്ട്. ഓരോ മരുഭൂമിയി
യിന് മേലുമുള്ള അധികനികുതി ഇതിനുദാഹരണമാണ്. ഇതും കർഷ
കസംഘങ്ങളുടെ നേട്ടമായി കണക്കാക്കണം.

## 12. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പ്രസ്ഥാനം

ചൈനയിൽ വിദ്യാഭ്യാസം ജന്മിമാരുടെ കുത്തകാവകാശമായി
നീക്കിവയ്ക്കപ്പെട്ടവ ആയിരുന്നു. കർഷകർക്ക് ആ രംഗങ്ങളിലേക്കു
ള്ള പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. പക്ഷേ ജന്മിമാരുടെ
സംസ്ക്കാരം കർഷകരാൽ സൃഷ്ടിക്കപ്പെട്ടതാണ്. എന്തെന്നാൽ കർ
ഷകരുടെ വിയർപ്പിൽനിന്നും രക്തത്തിൽ നിന്നുമാണ് അതുട
ലെടുക്കുന്നതുതന്നെ. ചൈനയിൽ തൊണ്ണൂറു ശതമാനം ജനങ്ങൾക്കും
വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. ഇതിൽ ബഹുഭൂരിപക്ഷവും കർഷകർ
ആകുന്നു. ഗ്രാമപ്രദേശങ്ങളിൽ ജന്മിമാരു വിദ്യാഭ്യാസത്തിനു വേ
ടെ അധീശാധികാരം നിലംപതിച്ചതോടുകൂടി ണ്ടിയുള്ള കർഷ
കരുടെ പ്രസ്ഥാനം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ വിദ്യാലയങ്ങ
ളെ കഠിനമായി വെറുത്തിരുന്ന കർഷകർ ഇപ്പോൾ അത്യുൽസാ
ഹത്തോടെ സായാഹ്നക്ളാസുകൾ സംഘടിപ്പിക്കുകയാണ്. 'വി
ദേശമാതൃകയിലുള്ള വിദ്യാലയങ്ങൾ'ക്കു കർഷകരുടെ ഇടയിൽ എല്ലായ്
പോഴും ജനസമ്മതി കുറവായിരുന്നു. ഒരു വിദ്യാർത്ഥിയായിരുന്ന
കാലഘട്ടത്തിൽ വീട്ടിൽപോകുന്ന അവസരങ്ങളിലൊക്കെയും 'വിദേശമാ
തൃകയിലുള്ള വിദ്യാലയങ്ങളിലെ' അദ്ധ്യേതാക്കളും അദ്ധ്യാപകന്മാ
രുമായി ഞാൻ പതിവായി ഒന്നിച്ചു ചേരുകയും 'വിദേശമാതൃകയിലു
ള്ള വിദ്യാലയങ്ങളുടെ' താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും
ചെയ്തിരുന്നു. അതുപോലെയുള്ള വിദ്യാലയങ്ങളെ എതിർക്കുന്ന കർ
ഷകരുടെ നിലപാട് എന്തുകൊണ്ടോ തെററായിരുന്നുവെന്ന് എല്ലായ്
പോഴും എനിക്ക് തോന്നിയിരുന്നു. ഞാനൊരു കമ്യൂണിസ്ററുകാര
നാവുകയും മാർക്സിസ്ററ് ചിന്താഗതി അംഗീകരിക്കുകയും ചെയ്
തതിനുശേഷം 1925–ൽ, ആറുമാസം ഗ്രാമപ്രദേശങ്ങളിൽ ചെലവഴിച്ച
പ്പോൾ ആണ് എന്റെ മുൻനിലപാട് തെററായിരുന്നു എന്നും കർഷക
രുടെ നിലപാടു ശരിയായിരുന്നു എന്നും എനിക്കു ബോദ്ധ്യമായത്.
ഗ്രാമപ്രദേശത്തെ പ്രാഥമിക വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്ന വിവര
ങ്ങൾ എല്ലാം നഗരങ്ങളെ സംബന്ധിക്കുന്നവയും ഗ്രാമപ്രദേശങ്ങളിലെ
ആവശ്യങ്ങൾക്ക് ഒരു വിധത്തിലും പൊരുത്തപ്പെടാത്തവയുമായിരുന്നു.
ഇതിനും പുറമേ പ്രാഥമിക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ കർഷക
രുടെ നേരെ വളരെ മോശമായ രീതിയിൽ പെരുമാറി. തങ്ങൾക്കു സ
ഹായകരമായ രീതിയിലല്ല അദ്ധ്യാപകർ പെരുമാറുന്നതെന്ന് കണ്ട
പ്പോൾ കർഷകർ അവരെ വെറുക്കുവാൻ തുടങ്ങി. ഇതിന്റെ ഫലമായി
ആധുനികരീതിയിലുള്ള വിദ്യാലയങ്ങളേക്കാൾ കൂടുതൽ പഴയരീതിയി
ലുള്ള വിദ്യാലയങ്ങൾ കർഷകർ ഇഷ്ടപ്പെടുകയും—'വിദേശ ക്ളാസു
കൾ' എന്നവർ വിളിച്ചിരുന്നവയേക്കാൾ 'ചൈനീസ് ക്ളാസുകൾ' എ
ന്നവർ വിളിച്ചിരുന്നവയെ ഇഷ്ടപ്പെടുകയും—പ്രാഥമിക വിദ്യാലയങ്ങ
ളിലെ അദ്ധ്യാപകരേക്കാൾ കൂടുതൽ പഴയരീതിയിലുള്ള വിദ്യാലയങ്ങ
ളിലെ അദ്ധ്യാപകരെ ഇഷ്ടപ്പെടുകയും ചെയ്തു. ഇപ്പോൾ കർഷകർ
ഊർജസ്വലതയോടുകൂടി സായാഹ്ന ക്ളാസുകൾ സ്ഥാപിച്ചുകൊ
ണ്ടിരിക്കുകയാണ്. കർഷകവിദ്യാലയങ്ങൾ എന്നാണ് അവരതിനെ വി
ളിക്കുന്നത്. അതുപോലെയുള്ള അനേകം വിദ്യാലയങ്ങൾ തുറന്നു പ്ര
വർത്തനമാരംഭിച്ചിട്ടുണ്ട്. കൂടുതൽ എണ്ണം സ്ഥാപിച്ചുകൊണ്ടിരിക്കു
കയുമാണ്. ശരാശരി ഓരോ ടൗൺഷിപ്പിനും ഓരോ വിദ്യാലയം എന്ന
കണക്കിൽ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് പ്രവർത്തനം നടക്കുന്ന

ത്. അതുപോലെയുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ കർഷകർ അത്യുൽസാഹം പ്രകടിപ്പിക്കുകയും, അവയെമാത്രം തങ്ങളുടെ സ്വന്തമായി പരിഗണിക്കുകയും ചെയ്യുന്നു. സായന്തനക്ലാസുകൾക്കുവേണ്ട മൂലധനം ലഭിക്കുന്നത് 'അന്ധവിശ്വാസപരമായ ആചാരങ്ങളിൽ നിന്നുണ്ടാകുന്ന പൊതുവരുമാന'ത്തിൽ നിന്നാണ്, അതായത് പുരാതന ദേവാലയങ്ങളുടെ സ്വത്തുക്കൾ, മററു തരത്തിലുള്ള പൊതുമുതലുകൾ, പാഴായി കിടന്നിരുന്ന പൊതുസ്വത്തുക്കൾ എന്നിവയിൽ നിന്ന്. ഈ പൊതുമുതലുകളെ കർഷകരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്ത പ്രാഥമിക വിദ്യാലയങ്ങൾ, അതായത് 'വിദേശമാതൃകയിലുള്ള വിദ്യാലയങ്ങൾ' സ്ഥാപിക്കുന്നതിന് ഉപയോഗപ്പെടുത്തുവാൻ കൗണ്ടിയിലെ വിദ്യാഭ്യാസഭരണസമിതികൾ ആഗ്രഹിച്ചു; അതേസമയം കർഷകർ അവയെ കാർഷികവിദ്യാലയങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുവാനും ആഗ്രഹിച്ചു. അവസാനം ഈ തർക്കത്തെത്തുടർന്ന് ഇത്തരം മുതലുകൾ വിഭജിക്കപ്പെടുകയുണ്ടായെങ്കിലും ചില സ്ഥലങ്ങളിൽ അവ മുഴുവനായിത്തന്നെ കർഷകർക്ക് ലഭിച്ചു. കർഷകപ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി കർഷകരുടെ സാംസ്കാരിക നിലവാരം വളരെപ്പെട്ടെന്ന് ഉയർന്നിട്ടുണ്ട്. അധികനാൾ കഴിയുന്നതിനുമുൻപു പ്രവിശ്യയിലെങ്ങുമുള്ള ഗ്രാമപ്രദേശങ്ങളിൽ ആയിരക്കണക്കിന് വിദ്യാലയങ്ങൾ പെട്ടെന്നുയർന്നുവരും; ഇത് ബുദ്ധിജീവികളും 'വിദ്യാഭ്യാസ ധുരന്ധരന്മാർ' എന്നു വിളിക്കപ്പെടുന്നവരും നിഷ്പ്രയോജനമായി ഒച്ചപ്പാടുണ്ടാക്കുന്നതും ഇത്രയും നാളായിട്ടും ഏട്ടിലെ പശുവായിമാത്രം അവശേഷിക്കുന്നതുമായ 'സാർവത്രിക വിദ്യാഭ്യാസ'ത്തെക്കുറിച്ചുള്ള പൊള്ളയായ ജല്പനങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

## 13. സഹകരണപ്രസ്ഥാനം

കർഷകർക്ക് സഹകരണസംഘങ്ങൾ വളരെയേറെ ആവശ്യമാണ്, പ്രത്യേകിച്ചും ഉപഭോക്തൃ, വിപണന, വായ്പാ സഹകരണസംഘങ്ങൾ. സാധനങ്ങൾ മേടിക്കുമ്പോൾ കച്ചവടക്കാർ അവരെ ചൂഷണം ചെയ്യുന്നു; തങ്ങളുടെ ഉല്പന്നങ്ങൾ വില്ക്കുമ്പോൾ വ്യാപാരികൾ അവരെ പററിക്കുന്നു; പണമോ ധാന്യമോ കടം മേടിക്കുമ്പോൾ അന്യായപലിശക്കാർ അവരെ കബളിപ്പിക്കുന്നു. ഈമൂന്നുപ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണുവാൻ അവർക്ക് ആകാംക്ഷയുണ്ട്. യാംഗ്ട്സീ നദീതടത്തിൽ കഴിഞ്ഞ ശീതകാലത്ത് യുദ്ധം ഉണ്ടായപ്പോൾ വ്യാപാരമാർഗങ്ങൾ വിച്ഛേദിക്കപ്പെടുകയും ഹുനാനിൽ ഉപ്പിന്റെ വില വർദ്ധിക്കുകയും ചെയ്തു. ആ സമയത്ത് പല കർഷകരും ഉപ്പു മേടിക്കുന്നതിനായി സഹകരണസംഘങ്ങൾ സംഘടിപ്പിച്ചു. ജന്മിമാർ കടംകൊടുക്കുന്ന ഏർപ്പാട് മനപ്പൂർവം നിറുത്തിയപ്പോൾ വായ്പാ ഏജൻസികൾ സ്ഥാപിക്കുവാൻ കർഷകരുടെ ഭാഗത്തുനിന്ന് നിരവധി ശ്രമങ്ങളുണ്ടായി. കാരണം അവർക്ക് പണം കടമെടുക്കേണ്ടത് ആവശ്യമായിരുന്നു. അവരെ നേരിടുന്ന പ്രധാന പ്രശ്നം വിശദവും ക്രമീകൃതവുമായസംഘടനാനിയമങ്ങളുടെ അഭാവമാണ്. സ്വാതന്ത്ര്യപ്രചോദിതമായി സംഘടിപ്പിക്കപ്പെട്ട ഈ കർഷകസഹകരണസംഘങ്ങൾ പലപ്പോഴും സഹകരണതത്വങ്ങൾക്ക് അനുരൂപമാകാത്തതിനാൽ കർഷകർക്കിടയിൽ പ്രവർത്തിക്കുന്ന സഖാക്കൾ എല്ലായ്പ്പോഴും 'നിയമങ്ങളേയും നിബന്ധനകളേയും'കുറിച്ച് ആകാംക്ഷാപൂർവ്വം അന്വേഷിക്കുന്നു. ശരിയായമാർഗനിർദ്ദേശം നൽകുകയാണെങ്കിൽ കർഷകസംഘങ്ങളുടെ വളർച്ചയോടൊപ്പം സഹകരണപ്രസ്ഥാനത്തിനും എല്ലായിടത്തും വ്യാപിക്കുവാൻ കഴിയും.



## 14. റോഡുനിർമ്മാണവും ചിറകളുടെ കേടുപാടുകൾ നീക്കലും

ഇതും കർഷകസംഘങ്ങളുടെ നേട്ടങ്ങളിൽ ഒന്നാണ്. കർഷകസംഘങ്ങൾ ഉണ്ടാകുന്നതിനുമുൻപ് നാട്ടിൻപുറങ്ങളിലെ റോഡുകളുടെ സ്ഥിതി ശോചനീയമായിരുന്നു. പണമില്ലാതെ റോഡുകളുടെ കേടുപാടുകൾ പരിഹരിക്കുവാൻ കഴിയുകയില്ല; ധനവാന്മാരാകട്ടെ ഇക്കാര്യത്തിന് തങ്ങളുടെ പണം ചെലവാക്കുവാൻ തയാറുമായിരുന്നില്ല. അതുകൊണ്ട് റോഡുകൾ ശോചനീയമായ സ്ഥിതിയിൽ അവശേഷിച്ചു. എന്തെങ്കിലും റോഡുപണി നടന്നിരുന്നെങ്കിൽ തന്നെ അത് ഒരു ദാനധർമ്മമെന്ന നിലയിലായിരുന്നു. 'ലോകത്തിലെ നേട്ടങ്ങൾ കാംക്ഷിക്കുന്ന' ചില കുടുംബങ്ങളിൽനിന്ന് കുറച്ചുപണം ശേഖരിക്കപ്പെടുകയും അല്പറ ചില്ലറ റോഡുപണികൾക്കായി അതുപയോഗിക്കപ്പെടുകയും ചെയ്തു. കർഷകസംഘങ്ങൾ ഉയർന്നുവന്നതോടെ ഓരോ റോഡിനും അതിന്റെഉപയോഗമനുസരിച്ച് — മൂന്ന്, അഞ്ച്, ഏഴ് അല്ലെങ്കിൽ പത്തടി — വീതിയുണ്ടായിരിക്കണം എന്ന് എടുത്തു പറഞ്ഞുകൊണ്ടുള്ള ഉത്തരവുകൾ നൽകപ്പെട്ടു; റോഡിനുസമീപം താമസിക്കുന്ന ഓരോ ജന്മിയോടും ഒരു നിർദ്ദിഷ്ടഭാഗം റോഡിന്റെപണി തീർക്കണമെന്ന് ആവശ്യപ്പെട്ടു. ഒരിക്കൽ നിർദ്ദേശം നൽകപ്പെട്ടാൽ ആരാണത് അനുസരിക്കാതിരിക്കുവാൻ ധൈര്യപ്പെടുക? ചുരുങ്ങിയകാലത്തിനുള്ളിൽ പല നല്ല റോഡുകളും പൂർത്തിയാക്കപ്പെട്ടു. ഇത് ദാനധർമ്മപരമായ ഒരു പ്രവൃത്തിയായിരുന്നില്ല. മറിച്ച് കർഷകസംഘങ്ങൾ നിർബന്ധം ചെലുത്തിയതിന്റെ ഫലമായിരുന്നു. ഇത്തരത്തിലുള്ള കുറച്ചു നിർബന്ധം ചെലുത്തൽ ഒരിക്കലും ഒരു ചീത്തക്കാര്യമല്ല. ചിറകളുടെ കാര്യത്തിലും ഇതുതന്നെയാണു സംഭവിച്ചത്. നിർദ്ദയരായ ജന്മിമാർ തങ്ങളുടെ കുടിയാന്മാരായ കർഷകരിൽനിന്ന് പരമാവധി ഞെക്കിപ്പിഴിഞ്ഞെടുക്കുവാൻ എല്ലായ്പ്പോഴും ശ്രമിച്ചിരുന്നു. എന്നാൽ ചിറകളുടെ കേടുപാടുകൾ നീക്കുന്നതിന് ചില്ലിക്കാശുപോലും ഒരിക്കലും ചിലവാക്കിയിരുന്നില്ല. ചിറകൾക്കു കേടുസംഭവിക്കുകയും കുളങ്ങൾ വററിപ്പോകുകയും ചെയ്താലും അവർ ശ്രദ്ധിച്ചിരുന്നില്ല. കുടിയാന്മാരായ കർഷകർ പട്ടിണികിടന്നു മരിച്ചാലും അതവർക്കൊരു പ്രശ്നമായിരുന്നില്ല. എന്നാൽ പാട്ടം പിരിച്ചെടുക്കുന്ന കാര്യത്തിൽ അവരൊരു വിട്ടുവീഴ്ചയും ചെയ്തിരുന്നതുമില്ല. ഇപ്പോൾ കർഷകസംഘങ്ങൾ ഉള്ളതുകൊണ്ട് ചിറകളുടെ കേടുപാടുകൾ നീക്കുവാൻ ജന്മിമാർക്ക് ഉത്തരവു നൽകുവാൻ കഴിയുന്നു. ഒരു ജന്മി അതിനു വിസമ്മതിക്കുകയാണെങ്കിൽ, കർഷകസംഘം അയാളോടുപറയും: 'ശരി, നിങ്ങൾ കേടുപാടുകൾ നീക്കുന്നില്ലെങ്കിൽ, ഓരോ ജോലിദിവസത്തിനും ഒരു ടൗ എന്ന കണക്കിനു നിങ്ങൾ ധാന്യം സംഭാവന ചെയ്യണം.' ഇത് ജന്മിയെ സംബന്ധിച്ചിടത്തോളം ഒരു നഷ്ടക്കച്ചവടമായതുകൊണ്ട് അയാൾ ഒട്ടും വൈകാതെ ചിറകളുടെ കേടുപാടുകൾ പരിഹരിക്കുന്നു. ഇതുമൂലം കേടുപാടുകളുണ്ടായിരുന്ന പല ചിറകളും നല്ലവയായിത്തീർന്നിട്ടുണ്ട്.

മുകളിൽ പ്രസ്താവിച്ച പതിനാലുകാര്യങ്ങളും കർഷകർ നേടിയെടുത്തത് കർഷകസംഘങ്ങളുടെ നേതൃത്വത്തിൻകീഴിലാണ്. ഈ റിപ്പോർട്ട് വായിക്കുന്നവർ ദയവായി ഇതിനെക്കുറിച്ച് പരിചിന്തനംചെയ്യുകയും, അടിസ്ഥാനസ്പിരിററിനേയും വിപ്ലവപരമായ പ്രാധാന്യത്തേയും സംബന്ധിച്ചിടത്തോളം അവയിൽ ഏതെങ്കിലും ചീത്തയായിട്ടുണ്ടെങ്കിൽ പറയുകയും ചെയ്യുമോ? ഞാൻ വിചാരിക്കുന്നത് പ്രാദേശികജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും മാത്രമേ അവ ചീത്തകാര്യങ്ങളാണെന്നു പറയുകയുള്ളൂ എന്നാണ്. ചിയാംഗ് കൈഷക്കും ചാംഗ് ചിംഗ്-ചിയാംഗും[32] അതുപോലുള്ള മററുചില മാന്യന്മാരും ഹുനാൻ

കർഷകരുടെ നടപടികളെ അശേഷം അംഗീകരിക്കുന്നില്ലെന്ന് നാം ചാങ്ങിൽ[33]നിന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടെന്നത് വിചിത്രമായിരിക്കുന്നു. ലിയുയെ-ചീയും[34] ഹുനാനിലെ മററു വലതുപക്ഷനേതാക്കന്മാരും ഇതേ അഭിപ്രായക്കാരാണ്. അവരെല്ലാം പറയുന്നത് 'കർഷകർ ചുവപ്പന്മാരായിരിക്കുന്നു' എന്നാണ്. എന്നാൽ ഇത്രയെങ്കിലും ചുവപ്പില്ലാതെ എവിടെയാണ് ദേശീയ വിപ്ലവം ഉണ്ടാവുക 'ബഹുജനങ്ങളെ ഉണർത്തുന്ന'തിനെക്കുറിച്ച് അഹോരാത്രം പ്രസംഗിച്ചു നടക്കുക, എന്നിട്ട് ബഹുജനങ്ങൾ ഉണർന്നെഴുന്നേൽക്കുമ്പോഴാകട്ടെ സംഭീതരാവുക—ഇതും ഷേ പ്രഭുവിൻെറ ഡ്രാഗൺപ്രേമവും[35]തമ്മിൽ എന്തു വ്യത്യാസമാണുള്ളത്.

## കുറിപ്പുകൾ

1. അന്നു ചൈനയിലെ കർഷകപ്രസ്ഥാനത്തിൻെറ കേന്ദ്രമായിരുന്നു ഹുനാൻ പ്രവിശ്യ.

2. ഹുനാനിലെ അക്കാലത്തെ ഭരണാധികാരിയായ ചാഓ ഹെങ്ങ്-ടീ വടക്കൻ യുദ്ധപ്രഭുക്കളുടെ ദല്ലാളായിരുന്നു. അയാൾ വടക്കൻ പടയേററസേനയാൽ 1926-ൽ മറിച്ചിടപ്പെട്ടു.

3. 1911-ലെ വിപ്ലവം ചിങ്ങ് രാജവംശത്തിൻെറ സ്വേചരാഭരണത്തെ മറിച്ചിട്ടു. ആ വർഷം ഒക്ടോബർ 10-ന് ചിങ്ങ് രാജവംശത്തിൻെറ പുതുസേനയിലെ വിപ്ലവ സ്വാധീനത്തിൻ കീഴിലായിരുന്ന ഒരു വിഭാഗം ഹുപൈ പ്രവിശ്യയിലെ വൂച്ചാങ്ങിൽ ഉയിർത്തെഴുന്നേല്പ് നടത്തുകയുണ്ടായി. നിലവിലുണ്ടായിരുന്ന ബൂർഷ്വാ പെററിബൂർഷ്വാവിപ്ലവ സമുദായങ്ങളുടെ പ്രേരണയായിരുന്നു അതിനുപിന്നിൽ. തുടർന്ന് മററു പ്രവിശകളിലും ഉയിർത്തെഴുന്നേല്പുകളുണ്ടായി. വളരെവേഗം ചിങ്ങ് രാജവംശത്തിൻെറ ഭരണം തകർന്നുവീണു. 1912 ജനുവരി 1-ാംനു സൺയാററ്സെൻ താല്ക്കാലിക പ്രസിഡണ്ടായിക്കൊണ്ടുള്ള ചൈനീസ്റിപ്പബ്ളിക്കിൻെറ താല്ക്കാലികഗവൺമെൻറ് നാങ്കിംഗിൽ സ്ഥാപിതമായി. ബൂർഷ്വാസിയും,കർഷകരുംതൊഴിലാളികളും നഗരത്തിലെ പെററിബൂർഷ്വാസിയും തമ്മിലുള്ള സഖ്യത്തിലൂടെയായിരുന്നു വിപ്ലവം വിജയിച്ചത്. പക്ഷെ വിപ്ലവത്തെ നയിച്ച ഗ്രൂപ്പ് അനുരഞ്ജനവാദികളുടേതായിരുന്നതുകൊണ്ട് അതിൻെറ യഥാർത്ഥ ഫലങ്ങൾ കർഷകർക്കു ലഭിച്ചില്ല; അവർ സാമ്രാജ്യത്വ-നാടുവാഴിത്വ സമ്മർദ്ദങ്ങൾക്കു വഴങ്ങി. അതുകൊണ്ട് ഭരണകൂടാധികാരം വടക്കൻയുദ്ധപ്രഭുവായ യുവാൻ-ഷീകായിയുടെ കൈകളിലമരുകയും വിപ്ലവം പരാജയപ്പെടുകയും ചെയ്തു.

4. ഇവ ശിഷ്യന്മാരിലൊരാൾ വിവരിച്ചതുപോലെ, കൺഫ്യൂഷ്യസിൻെറ ഗുണങ്ങളായിരുന്നു.

5. 'ഒരു തെററ് ശരിയാക്കുന്നതിന് സാമാന്യപരിധികൾക്കപ്പുറം പോകുന്നു' എന്ന പഴയ ചൈനീസ് ശൈലി ജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുന്നതിനുവേണ്ടി പലപ്പോഴും എടുത്തുദ്ധരിക്കുന്നതാണ്; വ്യവസ്ഥാപിതസമ്പ്രദായത്തിൻെറ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങിനിന്നിരുന്ന പരിഷ്ക്കാരങ്ങൾ അനുവദിക്കപ്പെടുമായിരുന്നു; എന്നാൽ പഴയസമ്പ്രദായത്തിൻെറ പരിപൂർണ്ണനാശത്തെ ഉന്നംവച്ചുകൊണ്ടുള്ള പ്രവർനങ്ങൾ നിരോധിക്കപ്പെടുമായിരുന്നു. ഈ ചട്ടക്കൂടിനുള്ളിലൊതുങ്ങിനി



ന്ന പ്രവർത്തനങ്ങളെയാണ് 'സാമാന്യ' മെന്ന് കരുതപ്പെട്ടിരുന്നത്. എന്നാൽ പഴയ സമ്പ്രദായത്തെ പാടെ നശിപ്പിക്കുന്നതിന് ഉന്നംവെച്ചുകൊണ്ടുള്ളവയെ 'സാമാന്യ പരിധികൾക്കുമപ്പുറം പോകുന്ന' തെന്നായിരുന്നു വിവരിച്ചിരുന്നത്. വിപ്ലവഅണികളിലെ പരിഷ്ക്കരണവാദികൾക്കും അവസരവാദികൾക്കും സൗകര്യപ്രദമായ ഒരു പ്രമാണമാണിത്. ഇത്തരം പരിഷ്ക്കരണവാദപരമായ പ്രമാണത്തെ സഖാവ് മാവോസെതുങ്ങ് ഖണ്ഡിക്കുകയുണ്ടായി. ലേഖനത്തിലെ 'ഒരു തെററ് ശരിയാക്കുന്നതിനുവേണ്ടി സാമാന്യപരിധികൾ അതിലംഘിക്കുക തന്നെ വേണം. അല്ലെങ്കിൽ തെററ് ശരിപ്പെടുത്താൻ കഴിയുകയേയില്ല' എന്ന അദ്ദേഹത്തിൻെറ അഭിപ്രായപ്രകടനംകൊണ്ടുദ്ദേശിച്ചിട്ടുള്ളത് ബഹുജനവിപ്ലവപ്രവർത്തനക്രമമാണ്", അല്ലാതെ തിരുത്തൽവാദ, പരിഷ്ക്കരണവാദപരമായ പ്രവർത്തനക്രമമല്ല പഴയ ഫ്യൂഡൽസമ്പ്രദായം അവസാനിപ്പിക്കുന്നതിന് കൈക്കൊള്ളേണ്ടിയിരുന്നത് എന്നാണ്.

6. വടക്കൻ പടയേററസേന യാങ്സി നദീതടത്തിലേക്ക് മുന്നേറിക്കൊണ്ടിരുന്ന 1926-ലെ മഞ്ഞുകാലത്തിലും 1927-ലെ വസന്തത്തിലും ചിയാംഗ് കൈഷെക്ക് ഒരു പ്രതിവിപ്ലവകാരിയായി പൂർണ്ണമായും തുറന്നു കാട്ടപ്പെട്ടുകഴിഞ്ഞിരുന്നില്ല. കർഷകബഹുജനങ്ങൾ തന്നിമിത്തം അപ്പോഴും കരുതിയിരുന്നത് അയാൾ വിപ്ലവപക്ഷത്താണെന്നായിരുന്നു. ഭൂപ്രഭുക്കളും ധനികകർഷകരുംആദ്യം അയാളെഇഷ്ടപ്പെട്ടിരുന്നില്ല. അവർ വടക്കൻ പടയേററസേനക്ക് പരാജയങ്ങൾ നേരിട്ടിരിക്കുന്നുവെന്നും അയാളുടെ കാലിനുമുറിവേററിരിക്കുന്നുവെന്നുമുള്ള കിംവദന്തി പരത്തി. തൊഴിലാളികളെ കശാപ്പു ചെയ്തും കർഷകരെ അടിച്ചമർത്തിയും കമ്യൂണിസ്ററ് പാർട്ടിക്കെതിരെ അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ടും 1927 ഏപ്രിൽ 12ന് ഷാങ്ഹായിലും മററിടങ്ങളിലും പ്രതിവിപ്ലവപരമായ തൻെറ അധികാരം പിടിച്ചെടുക്കൽ നടപടി അരങ്ങേറിയപ്പോൾ ചിയാംഗ് കൈഷെക്ക് ഒരു പ്രതിവിപ്ലവകാരിയായി പൂർണ്ണമായും തുറന്നു കാട്ടപ്പെടുകയുണ്ടായി. ഭൂപ്രഭുക്കളും ധനികകർഷകരും തങ്ങളുടെ നിലപാട് അപ്പോൾ മാററുകയും അയാളെ പിന്താങ്ങുവാൻ തുടങ്ങുകയും ചെയ്തു.

7. ഒന്നാമത്തെ വിപ്ലവപരമായആഭ്യന്തരയുദ്ധകാലത്ത് (1924-27) (പഥമവിപ്ലവതാവളമായിരുന്നു ക്വാങ്ങ്ടുങ്ങ്.

8. വടക്കൻ യുദ്ധപ്രഭുക്കളിൽ പരക്കെ അറിയപ്പെട്ടിരുന്നവരിൽ ഒരാളായിരുന്നു വുപെ - ഫൂ. പാർലിമെൻറ് അംഗങ്ങൾക്ക് കൈക്കൂലികൊടുത്ത് 1923-ലെ പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ കോപ്പിരാട്ടി കാണിക്കുകവഴി കുപ്രസിദ്ധനായ സാവോ കുൻനിനോടൊപ്പം ഇയാൾ ചിഹ്ലി (ഹൊപെ) ക്ലിക്കിൽ ഉൾപ്പെട്ടിരുന്നു. ഇയാൾ സാവോവിനെ നേതാവായി പിന്താങ്ങി. ഇവർ രണ്ടും സാധാരണയായി പരാമർശിക്കപ്പെട്ടിരുന്നത് 'സാവോ-വൂ' എന്നായിരുന്നു. 1920-ൽആൻഹൂവെക്ലിക്കിലെ യുദ്ധപ്രഭുവായിററുവാൻചി-ജ്യൂയ്യെ പരാജയപ്പെടുത്തിയശേഷം ബ്രിട്ടീഷ്-അമേരിക്കൻസാമ്രാജ്യവാദികളുടെ ദല്ലാളായിഫു പീക്കിംഗിലെ വടക്കൻ യുദ്ധപ്രഭു ഗവൺമെൻറിൻെറ നിയന്ത്രണം കരസ്ഥമാക്കി. പീക്കിംഗ്-ഹാൻദകാ റയിൽവേയിൽ ഉടനീളം പണിമുടക്കിലേർപ്പെട്ടിരുന്ന തൊഴിലാളികളെ 1923 ഫെബ്രുവരിമാസം 7-ന് കൂട്ടക്കൊല ചെയ്യുന്നതിനുവേണ്ടിയുള്ള ഉത്തരവ് നൽകിയത് ഇയാളായിരുന്നു. 1924-ൽ ചാങ്ങ്-സോലിനുമായുള്ള യുദ്ധത്തിൽ ('ചിഹ്ലി-ഫെങ്ങ്ടിൻ ക്ലിക്കുകൾ തമ്മിലുള്ള യുദ്ധം' എന്നായിരുന്നു ഇതുപരക്കെ അറിയപ്പെട്ടിരുന്നത്) ഇയാൾ പരാജയപ്പെട്ടു. ഇതിനെ തുടർന്ന് പീക്കിംഗ് ഭരണകൂടത്തിൽനിന്ന് ഇയാൾ പുറന്തള്ളപ്പെടുകയുണ്ടായി. ജാപ്പനീസ് സാമ്രാജ്യവാദികളുടേയും ബ്രിട്ടീഷ് സാമ്രാജ്യവാദികളുടേയും പ്രേരണ

മൂലം 1926–ൽ ചാങ്ങ് സോലിന്റെ സേനകളുമായി ഇയാൾ കൂട്ടുചേരുകയും അങ്ങിനെ വീണ്ടും അധികാരത്തിൽ വരികയുമുണ്ടായി. 1926–ൽ ക്വാങ്ങ്ടുങ്ങിൽനിന്ന് വടക്കോട്ട് വടക്കൻ പടയേററസേന നീങ്ങിയപ്പോൾ ആദ്യം മറിച്ചിടപ്പെട്ട ശത്രു ഇയാളായിരുന്നു.

9. ദേശീയത; ജനാധിപത്യം, ജനകീയജീവിതമാർഗം എന്നീ പ്രശ്നങ്ങളെക്കുറിച്ച് ചൈനയിലെ ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിൽ സൺയാററ്സൺ മുന്നോട്ടുവച്ച തത്വങ്ങളും പരിപാടികളുമായിരുന്നു മൂന്നു ജനകീയതത്വങ്ങൾ. 1924–ൽ അതിന്റെ ഒന്നാം ദേശീയകോൺഗ്രസിൽ കൂമിന്താങ്ങ് അംഗീകരിച്ച വിജ്ഞാപനത്തിൽ സൺയാററ്സൺ മൂന്നു ജനകീയതത്വങ്ങൾ ഭേദപ്പെടുത്തി പ്രസ്താവിക്കുകയുണ്ടായി. സാമ്രാജ്യത്വത്തിനെതിരായി ദേശീയതയെ വ്യാഖ്യാനിക്കുകയും തൊഴിലാളികളുടേയും, കർഷകരുടേയും പ്രസ്ഥാനങ്ങൾക്കു സജീവപിന്തുണ പ്രകടിപ്പിക്കുകയുമുണ്ടായി. അങ്ങനെ പഴയ മൂന്നു ജനകീയതത്വങ്ങൾ മൂന്നു മഹത്തായ നയങ്ങൾ ഉൾക്കൊണ്ട പുതിയ മൂന്നു ജനകീയതത്വങ്ങളായി വികസിപ്പിക്കപ്പെട്ടു. അതായത് റഷ്യയുമായി സഖ്യം, കമ്യൂ: പാർട്ടിയുമായിസഹകരണം, കർഷകർക്കും തൊഴിലാളികൾക്കും പിന്തുണ എന്നീ പുതിയ മൂന്നു ജനകീയ തത്വങ്ങൾ വിപ്ലവപരമായ ഒന്നാം ആഭ്യന്തര യുദ്ധത്തിന്റെകാലത്ത്ചൈനീസ് കമ്യൂണിസ്ററ് പാർട്ടിയും കൂമിന്താങ്ങും തമ്മിലുള്ള സഹകരണത്തിന്റെ രാഷ്ട്രീയമായ അടിസ്ഥാനം പ്രദാനം ചെയ്തു.

10. 'നീണാൾ വാഴട്ടെ' എന്നതിനുള്ള ചൈനീസ് പദം വാൻസുയി എന്നാണ്, അക്ഷരാർത്ഥത്തിൽ 'പതിനായിരം വർഷങ്ങൾ.' ഇതു ചക്രവർത്തിമാർക്കുള്ള മാമൂൽ വന്ദനമായിരുന്നു. പിന്നീട് ഇത് 'ചക്രവർത്തി' എന്നതിന്റെ പര്യായമായി മാറി.

11. ധനിക കർഷകരെ കർഷകസംഘങ്ങളിൽ ചേരാൻ അനുവദിക്കരുതായിരുന്നു. ഈ വസ്തുത 1927–ൽ കർഷകബഹുജനങ്ങൾ മനസിലാക്കിയിട്ടുണ്ടായിരുന്നില്ല.

12. ഇവിടെ 'തികച്ചും ഗതിയററവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് വയൽപണിക്കാരേയും (നാട്ടിൻപുറത്തെ തൊഴിലാളി വർഗം) നാട്ടിൻപുറത്തെ തെണ്ടി തൊഴിലാളി വർഗത്തെയുമാണ്.

13. 'അത്രക്കു ഗതിയററവരല്ലാത്തവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് നാട്ടിൻപുറത്തെ അർദ്ധതൊഴിലാളിവർഗത്തെയാണ്.

14. യാൻ സു–വിംഗ് ക്വെയ്ചോ പ്രോവിൻസിലെ ഒരു യുദ്ധപ്രഭുവായിരുന്നു. ഹുനാന്റെ പശ്ചിമഭാഗം ഇയാളുടെ നിയന്ത്രണത്തിലായിരുന്നു.

15. ഒരു കുടിയാൻ തന്റെ ജന്മിക്ക് ഒരു കുടിയാൻ വ്യവസ്ഥ എന്ന നിലയിൽ താൻ കൃഷി ചെയ്യുവാൻ പോകുന്ന ഭൂമിയുടെ വിലയുടെ ഗണ്യമായ ഒരു ഭാഗം വരുന്ന സംഖ്യ പണമായിട്ടോ സാധനങ്ങളായിട്ടോ ഒരു നിക്ഷേപമായി സാധാരണഗതിയിൽ നൽകിയിരുന്നു. പാട്ടം ക്രമമായി കൊടുക്കുമെന്നതിന്റെ ഒരു മുൻകരുതലായിട്ടാണ് ഈ സംഖ്യ ഉദ്ദേശിക്കപ്പെട്ടിരുന്നതെങ്കിലും ഇതും യഥാർത്ഥത്തിൽ മറെറാരുവിധ അധികചൂഷണമായിരുന്നു.

16. ഹുനാനിൽ ടു ഡിസ്ട്രിക്ററിനും ടാൻ ടൗൺഷിപ്പിനും സമാനമായി ഉപയോഗിച്ചിരുന്നു. ടു, ടാൻരീതിയിലുള്ള പഴയ ഭരണസമ്പ്രദായങ്ങൾ ജന്മി ഭരണത്തിന്റെ ഉപകരണങ്ങളായിരുന്നു.

17. ഓരോ മൗ ഭൂമിക്കുംവേണ്ടി ചുമത്തിയിരുന്ന നികുതി സാധാരണ നികുതിക്കു പുറമേയുള്ള ഒരു അധികനികുതിയായിരുന്നു. ഇത് ജന്മിഭരണം കർഷകരുടെമേൽ നിർദ്ദയം അടിച്ചേല്പിച്ചിരുന്നു.



18. വടക്കൻ യുദ്ധപ്രഭുക്കളുടെ ഭരണത്തിൻകീഴിൽ ഒരു പ്രവിശ്യയിലെ സൈനികത്തലവനെ 'സൈനിക ഗവർണർ' എന്നു വിളിച്ചിരുന്നു. എന്നാൽ അയാൾ ആ പ്രവിശ്യയുടെ ഭരണപരവും അതുപോലെ തന്നെ സൈനികവുമായ സർവ അധികാരങ്ങളുമുള്ള യഥാർത്ഥ സർവാധിപതിയായിരുന്നു. സാമ്രാജ്യവാദികളുമായി കൂട്ടുകെട്ടുണ്ടാക്കിക്കൊണ്ട് തന്റെ പ്രദേശത്ത് വിഭജനവാദപരമായ ഒരു നാടുവാഴി–സൈനിക ഭരണകൂടം അയാൾ നിലനിർത്തി.

19. പൗരസേന (standing household militia) നാട്ടിൻപുറങ്ങളിലെ വിവിധതരം സായുധസേനകളിൽ ഒന്നായിരുന്നു. 'ഹൗസ്ഹോൾഡ്' എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ഓരോ കുടുംബത്തിലേയും ഒരംഗം എങ്കിലും അതിൽ ചേരണമെന്ന് നിബന്ധന ഉണ്ടായിരുന്നതുകൊണ്ടാണ്. 1927–ൽ വിപ്ളവത്തിനു പരാജയം നേരിട്ടപ്പോൾ പല സ്ഥലങ്ങളിലും ജന്മിമാർ ഈ പൗരസേനയുടെ നിയന്ത്രണം പിടിച്ചെടുക്കുകയും അതിനെ ഒരു പ്രതിവിപ്ളവ സായുധസംഘമാക്കി മാററുകയും ചെയ്തു.

20. ആസമയത്ത് കൂമിന്താങ്ങിന്റെ കൗണ്ടി ഹെഡ്ക്വാർട്ടറുകളിൽ പലതും, വൂഹാനിലെ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മററിയുടെ നേതൃത്വത്തിൻകീഴിൽ, റഷ്യയുമായി സംഖ്യം, കമ്മ്യൂണിസ്ററ് പാർട്ടിയുമായി സഹകരണം, കർഷകർക്കും തൊഴിലാളികൾക്കും സഹായം നൽകുക എന്നീ ഡോക്ടർ സൺയാററ്സണിന്റെ മൂന്നു മഹത്തായ നയങ്ങളെ പിൻതുടർന്നിരുന്നു, അവ കമ്മ്യൂണിസ്ററുകാരുടേയും കൂമിന്താങ്ങിലെ ഇടതുപക്ഷക്കാരുടേയും മററു വിപ്ളവകാരികളുടേയും വിപ്ലവസഖ്യത്തിനു രൂപം കൊടുത്തു.

21. പാഒപ്രഭു (പാഒചെങ്ങ്) വടക്കൻ സുങ്ങ്രാജവംശത്തിന്റെ (എ. ഡി. 960—1127) തലസ്ഥാനമായ കായ്ഫെങ്ങിലെ മേലധികാരി ആയിരുന്നു. ഒരു നീതിനിഷ്ഠനായ ഉദ്യോഗസ്ഥൻ എന്ന നിലയിലും താൻ വിചാരണ ചെയ്യുന്ന കേസുകളിൽ ശരിയായ വിധി പ്രസ്താവിക്കുവാൻ കെൽപ്പുള്ള നിർഭയനും പക്ഷപാതരഹിതനുമായ ഒരു ജഡ്ജി എന്ന നിലയിലും നാടോടിക്കഥകളിൽ അയാൾ പ്രസിദ്ധനായിരുന്നു.

22. അസ്ത്രവിദ്യയെക്കുറിച്ചുള്ള ഈ പരാമർശനം മെൻഷിയസിന്റെ കൃതിയിൽ നിന്നെടുത്തതാണ്. വിദഗ്ദ്ധനായ ഒരു അസ്ത്രവിദ്യാധ്യാപകൻ അമ്പു തൊടുത്തുവിടാതെ തന്നെ വില്ലു കുലയ്ക്കുന്നവിധം നാടകീയമായ ചേഷ്ടകളോടെ കാണിക്കുന്നതെങ്ങിനെയെന്ന് ഇതു വിവരിക്കുന്നു. കമ്യൂണിസ്ററുകാർ പൂർണ്ണമായ തോതിൽ രാഷ്ട്രീയബോധം നേടിയെടുക്കുന്നതിന് കർഷകർക്കു മാർഗനിർദ്ദേശം നൽകുമ്പോൾ തന്നെ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും നിർത്തലാക്കുന്നതിനുള്ള ഉത്തരവാദിത്വം കർഷകരുടെ മുൻകൈ പ്രവർത്തനത്തിനു വിട്ടുകൊടുക്കണമെന്നും, ഇക്കാര്യങ്ങൾ ചെയ്യുന്നതിനായി അവർ കർഷകരോട് ഒരു കാരണവശാലും ഉത്തരവിടരുതെന്നുമാണ് ഇതിന്റെ അന്തരാർത്ഥം.

23. എട്ടു ചിഹ്നങ്ങൾ, ഒരു മനുഷ്യൻ ജനിച്ച വർഷം, മാസം, തീയതി, മണിക്കൂർ ഇവയെ അടിസ്ഥാനമാക്കി അയാളുടെ ഭാഗ്യം പ്രവചിക്കുന്നതിനായി ചൈനയിൽ ഉപയോഗിച്ചിരുന്ന ഒരു സമ്പ്രദായമായിരുന്നു.

24. ഒരാളുടെ പൂർവികരുടെ ശവകുടീരങ്ങൾ സ്ഥിതിചെയ്യുന്നത് എവിടെയാണെന്നത് അയാളുടെ ഭാഗ്യത്തെ സ്വാധീനിക്കുന്നു എന്ന അന്ധവിശ്വാസത്തിനാണ് ജിയോമെൻസി [Geomency] എന്നു പറയു

ന്നത്. ജിയോമെൻസിക്കാർ അവകാശപ്പെടുന്നത് ഒരു പ്രത്യേക സ്ഥ
ലമോ അതിന്റെ പരിസരമോ ശുഭോദർക്കമാണോ അല്ലയോ എന്ന് ത
ങ്ങൾക്കു പറയുവാൻ കഴിയുമെന്നാണ്.

25 കുവാൻ പ്രഭു [കുവാൻയൂ, എ. ഡി. 190–219] മൂന്ന് രാജ്യങ്ങ
ളുടെ [Three kingdoms] യുഗത്തിലെ ഒരു യോദ്ധാവായിരുന്നു. സ്വാ
മിഭക്തിയുടേയും യുദ്ധത്തിന്റേയും ദേവതയായി ചൈനക്കാർ വ്യാ
പകമായി അയാളെ ആരാധിച്ചിരുന്നു.

26.ടാങ്ങ്ഷെങ്ങ്–ചി വടക്കൻ പടയേററത്തിൽ വിപ്ളവത്തെ അ
നുകൂലിച്ച ഒരു സേനാപതി ആയിരുന്നു. യെഹ് കായ്–സിൻ വട
ക്കൻ യുദ്ധപ്രഭുക്കളുടെ ഭാഗത്ത് ചേർന്നു വിപ്ളവത്തിനെതിരായി
പൊരുതിയ ഒരു സേനാപതി ആയിരുന്നു.

27. സൺ ചുവാൻ–ഫാംഗ് കിയാംഗ്സു, ചെക്കിയാംഗ്, ഫുക്കി
യെൻ, കിയാങ്ങ്സി, ആൻഹ്വെ എന്നീ അഞ്ചു പ്രവിശ്യകളുടെ മേൽ
ഭരണാധികാരമുണ്ടായിരുന്ന ഒരു യുദ്ധപ്രഭുവായിരുന്നു. ഷാങ്ങ്ഹാ
യ് തൊഴിലാളികളുടെ ഉയർത്തെഴുന്നേൽപ്പുകളെ രക്തപങ്കിലമായി അ
ടിച്ചമർത്തിയതിന് ഉത്തരവാദി അയാളായിരുന്നു. അയാളുടെ പ്രധാന
സൈന്യത്തെ വടക്കൻ പടയേററ സേന കിയാങ്ങ്സി പ്രവിശ്യയിലെ നാം
ചാംഗിലും കിയുകിയാങ്ങിലുംവച്ച് 1926–ലെ ശീതകാലത്ത് നിശേഷം
പരാജയപ്പെടുത്തി.

28. ചൈനയിൽ ഒരു വിഭവം ഒരു മേശക്കുചുററമിരിക്കുന്ന എല്ലാ
വർക്കും വേണ്ടി വിളമ്പുന്നത് ഒരു പാത്രത്തിലോ ഒരു പ്ളെയിററിലോ
ആണ് വെവ്വേറെയല്ല.

29. 'പൗരസ്ത്യ സംസ്ക്കാരം' ആധുനിക ശാസ്ത്രീയ സംസ്ക്കാര
ത്തെ നിരസിക്കുന്നതും പിന്നോക്കരീതിയിലുള്ള കാർഷികോൽപ്പാദന
ത്തേയും പൗരസ്ത്യ ദേശത്തെ നാടുവാഴി സംസ്ക്കാരത്തേയും ഭദ്രമായി
നിലനിർത്തുന്നതിനെ അനുകൂലിക്കുന്നതുമായ ഒരു പിന്തിരിപ്പൻ സി
ദ്ധാന്തമായിരുന്നു.

30. രഹസ്യസംഘടനകളെക്കുറിച്ചുള്ള വിവരങ്ങൾക്ക് 'ചൈനീസ്
സമുദായത്തിലെ വർഗവിശകലനം' എന്ന ലഘുലേഖയിൽ പതിനെട്ടാമ
ത്തെ കുറിപ്പ് നോക്കുക.

31. 'പർവതം', 'വാസസ്ഥലം', 'ദേവാലയം', 'നദി', എന്നിവ
പ്രാചീന രഹസ്യസംഘങ്ങൾ തങ്ങളുടെ ഉപവിഭാഗങ്ങളെ സൂചിപ്പിക്കു
ന്നതിനായി ഉപയോഗിച്ചിരുന്ന പേരുകളായിരുന്നു.

32. ഒരു വലതുപക്ഷ കൂമിന്താങ്ങ് നേതാവായിരുന്ന ചാംഗ്
ചിംഗ്–ചിയാംഗ് ചിയാങ്ങ് കൈഷക്കിന്റെ ഒരു വിശ്വസ്ത സഹ
ചരനായിരുന്നു.

33. 1926 നവമ്പറിൽ വടക്കൻ പടയേററസേന നാംചാംഗ് പിടിച്ചെ
ടുത്തപ്പോൾ ആ അവസരം ഉപയോഗിച്ച് ചിയാംഗ്കൈഷക്ക് തന്റെ
ഹെഡ്കാർട്ടേർസ് അവിടെ സ്ഥാപിച്ചു. അയാൾ സാമ്രാജ്യവാദിക
ളുമായി ഗൂഢാലോചന നടത്തിക്കൊണ്ട് കൂമിന്താങ്ങിലെ വലതുപക്ഷ
ക്കാരേയും വടക്കൻ യുദ്ധപ്രഭുക്കളായ നിരവധി രാഷ്ട്രീയക്കാരേയും
തനിക്കു ചുററും ശേഖരിക്കുകയും അപ്പോഴത്തെ വിപ്ളവകേന്ദ്രമായി
രുന്ന വൂഹാനെതിരായി പ്രതിവിപ്ളവപരമായ ഗൂഢാലോചനക്ക് രൂ
പം കൊടുക്കുകയും ചെയ്തു. അവസാനം 1927 ഏപ്രിൽ 12–ാംതീ
യതി അയാൾ തന്റെ പ്രതിവിപ്ളവപരമായ അട്ടിമറി സംഘടിപ്പിച്ചു.
ഷാങ്ങ്ഹായിലെ കൂട്ടക്കൊല ഈ പ്രതിവിപ്ളവ അട്ടിമറിയുടെ ഭാഗ
മായിരുന്നു.



34. ലിയുയെ – ചീ ഹുനാനിലെ ഒരു പ്രധാന കമ്യൂണിസ്ററ്
വിരുദ്ധ ഗ്രൂപ്പായ 'ഇടതുസമുദായ'ത്തിന്റെ [Left Society] തലവനാ
യിരുന്നു.

35. ലിയുസിയാങ്ങ് [ബി. സി. 77–6] തന്റെ സിൻഷൂ എന്ന കൃ
തിയിൽ പറയുന്നതനുസരിച്ച് ഷേ പ്രഭുവിന് ഡ്രാഗണുകളെ
വളരെയേറെ ഇഷ്ടമായിരുന്നതുകൊണ്ട് കൊട്ടാരം മുഴുവൻ അതിന്റെ
ചിത്രങ്ങളും കൊത്തുപണികളും കൊണ്ട് അലങ്കരിച്ചു. എന്നാൽ ഒരു
യഥാർത്ഥ ഡ്രാഗൺ അയാളുടെ ഈ അഭിനിവേശത്തെക്കുറിച്ചു
കേൾക്കുകയും അയാളെ ഒന്നു സന്ദർശിക്കുകയും ചെയ്തപ്പോൾ അ
യാൾ അത്യന്തം ഭയന്നുപോയി. ചിയാംഗ് കൈഷക്കും അയാളെ പോ
ലുള്ളവരും വിപ്ളവത്തെക്കുറിച്ചു സംസാരിച്ചിരുന്നുവെങ്കിലും അവർ
വിപ്ളവത്തെ ഭയപ്പെട്ടിരുന്നു, അതിനവർ എതിരായിരുന്നു എന്നാണ്
ഈ ഉപമയിലൂടെ സഖാവ് മാവോസെതുങ്ങ് വ്യക്തമാക്കുന്നത്.

രണ്ടാം വിപ്ലവ ആഭ്യന്തര
യുദ്ധകാലഘട്ടം

1928—'37

# എന്തുകൊണ്ടാണ് ചുവപ്പു രാഷ്ട്രീയാധികാരത്തിനു ചൈനയിൽ നിലനില്ക്കാൻ കഴിയുന്നത്*

1928, ഒക്ടോബർ 5

## 1. ആഭ്യന്തരമായ രാഷ്ട്രീയ സാഹചര്യം

പുതിയ യുദ്ധപ്രഭുക്കളുടേതായ ഇന്നത്തെ കൂമിന്താങ്ങ് ഭരണം നഗരങ്ങളിൽ ദല്ലാൾ വർഗത്തിന്റേതും നാട്ടിൻപുറങ്ങളിൽ ഭൂപ്രഭുവർഗത്തിന്റേതുമായ ഒരു ഭരണമായിത്തന്നെ നിലനിൽക്കുന്നു. വിദേശബന്ധങ്ങളിൽ അത് സാമ്രാജ്യത്വത്തിന് അടിയറ വയ്ക്കപ്പെട്ട ഒരു ഭരണമാണ്. നാട്ടിനുള്ളിലാണെങ്കിൽ അത് പഴയ യുദ്ധപ്രഭുക്കൾക്കു പകരമായി പുതിയ യുദ്ധപ്രഭുക്കളെ പ്രതിഷ്ഠിച്ചിട്ടുമുണ്ട്. അതുവഴി തൊഴിലാളിവർഗത്തേയും കർഷകരേയും എന്നത്തെക്കാളും കൂടുതൽ നിർദ്ദാക്ഷിണ്യമായ സാമ്പത്തിക ചൂഷണത്തിനും രാഷ്ട്രീയമർദ്ദനത്തിനും വിധേയമാക്കിയിരിക്കുകയുമാണ്. ക്വാങ്ടുങ് പ്രവിശ്യയിൽ ആരംഭിച്ച ബൂർഷ്വാജനാധിപത്യ വിപ്ലവം പകുതിവഴി പോയപ്പോഴേക്കും ദല്ലാൾ വർഗവും ഭൂപ്രഭുവർഗവും അതിന്റെ നേതൃത്വം പിടിച്ചുപററുകയും ക്ഷണത്തിൽ പ്രതിവിപ്ലവത്തിന്റെ പാതയിലേയ്ക്ക് അതിനെ വഴിതിരിക്കുകയും ചെയ്തു. രാജ്യത്താകമാനം തൊഴിലാളികളും കർഷകരും ബൂർഷ്വാസി[1] തന്നെയും പ്രതിവിപ്ലവ ഭരണത്തിൻ കീഴിൽ തുടർന്നും നിലനിന്നു. രാഷ്ട്രീയമോ, സാമ്പത്തികമോ ആയ മോചനത്തിന്റെ ഒരു ചെറുകണികപോലും അവർക്കു കിട്ടിയില്ല.

പുതിയ കൂമിന്താങ്ങ് യുദ്ധപ്രഭുക്കളുടെ നാലുക്ലിക്കുകൾ—അതായത് ചിയാങ് കൈഷെക്ക്, ക്വാങ്സി യുദ്ധപ്രഭുക്കൾ, ഫെങ്യു—സിയാങ്, യെൻഹ്സി—ഷാൻ[2] എന്നിവർ — പീക്കിങ്ങിനെയും ടീയെൻസ്റ്റീനിനേയും കീഴടക്കുന്നതിനുമുമ്പെ, ചാങ്ത്സൊ-ലിനി[3]ന്നെതിരായി ഒരു താൽക്കാലിക സഖ്യത്തിലേർപ്പെട്ടു. ഈ നഗരങ്ങൾ പിടിച്ചതോടെ ഈ നാലുക്ലിക്കുകളും തമ്മിൽ തമ്മിൽ കടുത്ത പോരാട്ടത്തിനു വഴിവച്ചു കൊണ്ട് അവരുടെ സഖ്യം തകർന്നു. ഇപ്പോഴാകട്ടെ, ചിയാങ്ങും ക്വാങ്സി ക്ലിക്കുകളും തമ്മിലുള്ള വൈരുദ്ധ്യങ്ങളും പോരാട്ടങ്ങളും പ്രതിബിംബിപ്പിക്കുന്നത് സാമ്രാജ്യത്വ ശക്തികൾക്കിടയിലുള്ള വൈരുദ്ധ്യങ്ങളേയും പോരാട്ടങ്ങളേയുമാണ്. അതുകൊണ്ട് സാമ്രാജ്യത്വശക്തികൾക്കിടയിൽ ചൈന വിഭജിക്കപ്പെട്ടു കിടക്കുന്നിടത്തോളം കാലം യാതൊരു പരിതസ്ഥിതിയിലും യുദ്ധപ്രഭുക്കളുടെ ഈ വിവിധ ക്ലിക്കുകൾക്ക് ഒരൊത്തുതീർപ്പിലെത്താൻ കഴിയുന്നതല്ല. അഥവാ വല്ല ധാരണയിലും അവർ എത്തിച്ചേരുകയാണെ

* ഹുനാൻ-കിയാങ്സി അതിർത്തി പ്രദേശത്തെ രണ്ടാം പാർട്ടി കോൺഗ്രസിലേക്കായി സഖാവ് മാവോ സെതുങ് തയ്യാറാക്കിയതും 'അതിർത്തി പ്രദേശത്തെ പാർട്ടി സംഘടനയുടെ രാഷ്ട്രീയ പ്രശ്നങ്ങളും കടമകളും' എന്നു ആരംഭത്തിൽ അറിയപ്പെട്ടതുമായ പ്രമേയത്തിന്റെ ഭാഗമായിരുന്നു ഈ ലേഖനം.

ങ്കിൽ തന്നെ അതു വെറും താൽക്കാലികം മാത്രമായിരിക്കുകയും ചെയ്യും. ഇന്നത്തെ ഒരു താൽക്കാലിക ഒത്തുതീർപ്പ് നാളത്തെ കൂടുതൽ വലിയൊരു യുദ്ധത്തിന് പിറവി നൽകുന്നു.

ചൈനയ്ക്ക് ഒരു ബൂർഷ്വാ ജനാധിപത്യ വിപ്ലവം അടിയന്തിരാവശ്യമാണ്. ഇതാകട്ടെ, തൊഴിലാളിവർഗ നേതൃത്വത്തിൽ മാത്രമേ പൂർത്തീകരിക്കാൻ കഴിയൂ. കാരണം ക്വാങ്ടുങ് പ്രവിശ്യയിൽ ആരംഭിച്ചതും യാങ്സി നദീതീരത്തിലേക്കു വ്യാപിച്ചതുമായ 1926–27 വിപ്ലവത്തിൽ തൊഴിലാളി വർഗം ഉറച്ച നേതൃത്വം നൽകാൻ പരാജയപ്പെട്ടതുമൂലം ദല്ലാൾവർഗവും ഭൂപ്രഭുവർഗവും അതിന്റെ നേതൃത്വം പിടിച്ചു പററുകയും വിപ്ലവത്തിനു പകരം പ്രതിവിപ്ലവത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു. അങ്ങിനെ ബൂർഷ്വാജനാധിപത്യ വിപ്ലവം ഒരു താൽക്കാലിക പരാജയത്തിലെത്തി. ഈ പരാജയം ചൈനയിലെ തൊഴിലാളിവർഗത്തിനും കർഷകർക്കും കനത്ത ഒരു പ്രഹരമായിരുന്നു. ചൈനയിലെ ബൂർഷ്വാസിക്ക് (എന്നാൽ ദല്ലാൾ വർഗത്തിനും ഭൂപ്രഭുവർഗത്തിനും അല്ലന്നും) തന്നെയും അതൊരടിയായിരുന്നു. എങ്കിൽകൂടിയും, കഴിഞ്ഞ കുറച്ചുമാസങ്ങളിൽ വടക്കും തെക്കും പ്രദേശങ്ങളിൽ, കമ്യൂണിസ്ററ് പാർട്ടിയുടെ നേതൃത്വത്തിലുള്ള നഗരങ്ങളിലെ തൊഴിലാളികളുടെ സംഘടിത പണിമുടക്കുസമരങ്ങളിലും ഒരു വളർച്ചയുണ്ട്. വിശപ്പും തണുപ്പും യുദ്ധപ്രഭുക്കളുടെ സേനയിലെ ഭടൻമാർക്കിടയിൽ വൻതോതിൽ അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കുന്നു. ഇവയ്ക്കിടയിൽത്തന്നെ, വാങ് ചിങ്-വെയുടേയും ചെൻകുങ്-പോയുടേയും നേതൃത്വത്തിലുള്ള ഒരു ക്ലിക്കിന്റെ പ്രേരണയാൽ ബൂർഷ്വാസി, യാങ്സി നദിക്കരയിലും തീരപ്രദേശങ്ങളിലും ഒരു വൻപരിഷ്കരണ പ്രസ്ഥാനത്തെ പ്രോൽസാഹിപ്പിക്കുന്നുമുണ്ട്. ഇത് ഒരു പുതിയ വികാസമാണ്.

കമ്യൂണിസ്ററ് ഇൻറർനാഷനലിന്റേയും നമ്മുടെ തന്നെ പാർട്ടി കേന്ദ്രക്കമ്മിററിയുടേയും നിർദ്ദേശങ്ങൾ പ്രകാരം, ദേശീയവിപ്ലവം പൂർത്തീകരിക്കാൻ വേണ്ടി ചൈനയിൽ സാമ്രാജ്യത്വത്തിന്റേയും യുദ്ധപ്രഭുക്കളായ അതിന്റെ ദാസൻമാരുടേയും ഭരണം മറിച്ചിടുക എന്നതിലും, ഭൂപ്രഭുവർഗങ്ങൾ കർഷകരുടെ മേൽ വെച്ചുകെട്ടുന്ന നാടുവാഴിത്ത ചൂഷണം ഇല്ലായ്മ ചെയ്യാൻ വേണ്ടി കാർഷിക വിപ്ലവം നടപ്പിലാക്കുക എന്നതിലുമാണ് ചൈനയുടെ ജനാധിപത്യവിപ്ലവത്തിന്റെ ഉള്ളടക്കം സ്ഥിതിചെയ്യുന്നത്. 1928 മെയ് മാസത്തിലെ ത്സിനാൻ കൂട്ടക്കൊലക്കുശേഷം ഇത്തരമൊരു വിപ്ലവ പ്രസ്ഥാനം ദിനംപ്രതി വളർന്നു കൊണ്ടിരിക്കുന്നുണ്ട്.

## 2. ചൈനയിലെ ചുവപ്പ രാഷ്ട്രീയാധികാരം ഉടലെടുക്കുന്നതിന്റേയും നിലനിന്നു പോരുന്നതിന്റേയും കാരണങ്ങൾ6

വെള്ളഭരണാധികാരത്താൽ പൂർണ്ണമായും വലയം ചെയ്യപ്പെട്ടു കൊണ്ടുള്ള ചുവപ്പു രാഷ്ട്രീയാധികാരത്തിന്റെ കീഴിൽ ഒന്നോ അതിലധികമോ ചെറു പ്രദേശങ്ങൾ ഒരു രാജ്യത്തിനുള്ളിൽ നീണ്ടൊരു കാലത്തോളം നിലനിന്നു പോരുന്നത് ലോകത്ത് മറേറതൊരിടത്തും ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ഒരു പ്രതിഭാസമാണ്. ഈ അസാധാരണമായ പ്രതിഭാസത്തിന് പ്രത്യേകകാരണങ്ങളുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ അതിനു നിൽക്കാനും വികസിക്കാനും കഴിയുകയുള്ളൂ.

ഒന്നാമതായി ഏതെങ്കിലും ഒരു സാമ്രാജ്യത്വരാജ്യത്തിലോ, അല്ലെങ്കിൽ നേരിട്ടുസാമ്രാജ്യത്വ ഭരണത്തിൻ കീഴിലുള്ള ഏതെങ്കിലു-



ഒരു കോളനിയിലോ ഇപ്രകാരം സംഭവിക്കാൻ സാദ്ധ്യമല്ല7. മറിച്ച് സാമ്പത്തികമായി പിന്നോക്ക നിലയിലുള്ളതും, ഒരു അർദ്ധകോളനിയും നേരിട്ട് സാമ്രാജ്യത്വഭരണത്തിൻ കീഴിലല്ലാത്തതുമായ ചൈനയിൽ മാത്രമേ ഇതു സംഭവിക്കാൻ കഴിയുകയുള്ളൂ. എന്തെന്നാൽ ഈ അസാധാരണമായ പ്രതിഭാസം മറെറാരു അസാധാരണമായ പ്രതിഭാസത്തോട് ബന്ധപ്പെട്ടേ, അതായത് വെള്ളഭരണത്തിനകത്തെ പരസ്പര യുദ്ധത്തോടു ബന്ധപ്പെട്ടേ സംഭവിക്കയുള്ളൂ. ഒരു റിപ്പബ്ലിക്കായതിന്റെ ഒന്നാം വർഷം മുതൽ [1912] പഴയതും പുതിയതുമായ യുദ്ധപ്രഭുക്കളുടെ വിവിധ ക്ലിക്കുകൾ തമ്മിൽ തമ്മിൽ യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കുകയും ഇതിൽ അവരെ വിദേശത്തുനിന്നുള്ള സാമ്രാജ്യത്വവും നാട്ടിനുള്ളിലെ ദല്ലാൾ ഭൂപ്രഭുവർഗങ്ങളും സഹായിക്കുകയും ചെയ്തിരുന്നു എന്നത് അർദ്ധ കൊളോണിയലായ ചൈനയുടെ ഒരു സവിശേഷതയാണ്. ഇത്തരമൊരു പ്രതിഭാസം ഏതെങ്കിലും സാമ്രാജ്യത്വ രാജ്യത്തിലോ നേരിട്ട് സാമ്രാജ്യത്വ ഭരണത്തിലുള്ള ഏതെങ്കിലും കോളനിയിലോ കാണില്ല; മറിച്ചു പരോക്ഷമായ സാമ്രാജ്യത്വ ഭരണത്തിൻ കീഴിലുള്ള ചൈനയെപ്പോലുള്ള ഒരു രാജ്യത്തു മാത്രമേ അതു കാണുകയുള്ളൂ. രണ്ടുകാരണങ്ങളാലാണു ഇതു സംഭവിക്കുന്നത്, അതായത് പ്രാദേശികമാക്കപ്പെട്ട ഒരു കാർഷിക സമ്പദ്‌വ്യവസ്ഥയും [ഒരു ഏകീകൃത മുതലാളിത്ത വ്യവസ്ഥിതിയല്ല] വിഭജിച്ചു ചൂഷണം ചെയ്യാൻ വേണ്ടി സ്വാധീനമേഖലകൾ സൃഷ്ടിക്കുകയെന്ന സാമ്രാജ്യത്വ നയവും വെള്ളഭരണത്തിനകത്ത് നീണ്ടുനിൽക്കുന്ന പിളർപ്പുകളും യുദ്ധങ്ങളും വെള്ളഭരണം ചുററി വളഞ്ഞതിന്റെ അകത്തു തന്നെ കമ്മ്യൂണിസ്ററ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒന്നോ അതിലധികമോ ചുവപ്പു പ്രദേശങ്ങളുടെ ആവിർഭാവത്തിനും തുടർന്നു നില നിൽക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ഹുനാൻ, കിയാങ്സി പ്രവിശ്യകളുടെ അതിർത്തികളിൽ ഉരുത്തിരിച്ചെടുത്ത സ്വതന്ത്രഭരണം അത്തരത്തിലുള്ള പല ചെറു പ്രദേശങ്ങളിൽ ഒന്നാണ്. വിഷമതയുടേയും സന്നിഗ്ദ്ധതയുടേയും സമയങ്ങളിൽ ചുവപ്പുരാഷ്ട്രീയാധികാരത്തിന്റെ ഭാവി നിലനിൽപ്പിനെപ്പററി ചില സഖാക്കൾക്ക് പലപ്പോഴും സംശയമുണ്ടാകുകയും വിശ്വാസം നഷ്ടപ്പെടുകയും ചെയ്യുന്നു. അതിന്റെ ആവിർഭാവത്തിനും നിലനിൽപ്പിനുമുള്ള ശരിയായ വിശകലനം അവർക്കു കണ്ടെത്താൻ കഴിയാത്തതാണ് ഇതിന്റെ കാരണം. ചൈനയിലെ വെള്ളഭരണത്തിനകത്തുള്ള പിളർപ്പുകളും യുദ്ധങ്ങളും ഒരിക്കലും അവസാനിക്കുന്നതല്ല എന്നു നാം ബോദ്ധ്യപ്പെടുകയാണെങ്കിൽ പിന്നെ, ചുവപ്പു രാഷ്ട്രീയാധികാരത്തിന്റെ ആവിർഭാവം, നിലനിൽപ്പ്, ദൈനംദിന വളർച്ച എന്നിവയെപ്പററി നമുക്കൊരു സംശയവുമുണ്ടാവില്ല.

രണ്ടാമതായി, ചൈനയിൽ ചുവപ്പുരാഷ്ട്രീയാധികാരം ആദ്യമായി ഉടലെടുക്കുകയും നീണ്ടകാലത്തേക്ക് നിലനിൽക്കുകയും ചെയ്തത് ഷെചുവാൻ, കെയ്ചൗ, യുനാൻ, വടക്കൻ പ്രവിശ്യകൾ എന്നിവപോലുള്ള ജനാധിപത്യ വിപ്ലവം ഏശാത്ത പ്രദേശങ്ങളിലായിരുന്നില്ല, മറിച്ച് 1926–27 വർഷങ്ങളിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിനിടയിൽ തൊഴിലാളി കർഷക–സൈനിക ജനതതികൾ ഉയർത്തെഴുന്നേററ ഹുനാൻ, ക്വാങ്ടുങ്, ഹുപെയ്, കിയാങ്സി പ്രവിശ്യകൾപോലുള്ള പ്രദേശങ്ങളിലായിരുന്നു. ഈ പ്രവിശ്യകളിലെ അനവധി ഭാഗങ്ങളിൽ വിപുലമായ തോതിൽ ട്രേഡ്‌യൂണിയനുകളും കർഷകസംഘങ്ങളും രൂപീകരിക്കപ്പെടുകയും ഭൂപ്രഭുവർഗത്തിനും ബൂർഷ്വാസിക്കുമെതിരായ അനേകം സാമ്പത്തികവും രാഷ്ട്രീയവുമായ സമരങ്ങൾ തൊഴിലാളിവർഗവും കർഷകരും നടത്തുകയും ചെയ്തിരുന്നു. ഇതുകൊണ്ടാണ് കാൻറൺ നഗരത്തിൽ മൂന്നു ദിവസത്തേയ്ക്ക് രാഷ്ട്രീയാധികാരം ജനങ്ങൾ പിടിച്ചെടുത്തതും ഹെയ്ഫെങിലും ലൂഫെങിലും

ഹുനാൻെറ കിഴക്കും തെക്കും ഭാഗങ്ങളിലും ഹുനാൻ–കിയാങ്ങ്സി അ
തിർത്തിപ്രദേശത്തും ഹൂപെയ് പ്രവിശ്യയിലെ ഹ്വാങ്ങ്ഗാനിലും
കർഷകരുടെ സ്വതന്ത്രഭരണങ്ങൾ ഉടലെടുത്തതും. ഇപ്പോഴത്തെ ചുവപ്പു
സേനയാകട്ടെ ജനാധിപത്യരാഷ്ട്രീയ പരിശീലനം സിദ്ധിച്ചതും തൊ
ഴിലാളി കർഷകബഹുജനങ്ങളുടെ സ്വാധീനത്തിൽ വന്നതുമായ ദേശീയ
വിപ്ളവസേനയിൽ നിന്നു ഭിന്നിച്ചു പോന്നതായിരുന്നു. യാതൊരു
ജനാധിപത്യ രാഷ്ട്രീയ പരിശീലനവും സിദ്ധിക്കാത്തതും തൊഴി
ലാളികളുടേയും കർഷകരുടേയും സ്വാധീന വലയത്തിൽ വരാത്തതുമാ
യ യെൻസീ–ഷാങ്ങ്, ചാങ്ങ്സോ–ലിൻ തുടങ്ങിയവരുടെ സേനകളിൽ
നിന്നു ചുവപ്പുസേന രൂപീകരിക്കാനുള്ള ഘടകങ്ങൾ ഉണ്ടാവുക സാ
ദ്ധ്യമേയല്ല.

മൂന്നാമതായി, ചെറു പ്രദേശങ്ങളിൽ ജനകീയ രാഷ്ട്രീയാധികാര
ത്തിനു നീണ്ടുനില്ക്കാൻ സാദ്ധ്യമാകുമോ എന്നത് ദേശവ്യാപകമായ
വിപ്ളവസാഹചര്യം തുടർന്നു വികസിക്കുന്നുണ്ടോ എന്നതിനെ ആശ്ര
യിച്ചുള്ളതാണ്. അത് അപ്രകാരം വികസിച്ചുകൊണ്ടിരിക്കുകയാണെ
ങ്കിൽ ചെറുചുവപ്പു പ്രദേശങ്ങൾ ഒരു നീണ്ട കാലത്തേയ്ക്കു നിശ്ചയ
മായും നീണ്ടുനില്ക്കുന്നതും, അതിലുപരി ദേശവ്യാപകമായ രാഷ്ട്രീ
യാധികാരം നേടുന്നതിനുവേണ്ടിയുള്ള വിവിധ ശക്തികളിൽ ഒന്നായി
അനിവാര്യമായും വളരുന്നതുമാണ്. ദേശവ്യാപകമായ വിപ്ളവസാഹ
ചര്യം തുടർന്നു വികസിക്കാതെ നീണ്ടൊരു കാലത്തേക്ക് സ്തംഭനത്തി
ലാവുകയാണെങ്കിൽ ചെറുചുവപ്പു പ്രദേശങ്ങൾ നീണ്ടുനിലനിൽക്കുക
അസാദ്ധ്യമാണ്. വാസ്തവത്തിൽ, ദല്ലാൾ, ഭൂപ്രഭുവർഗങ്ങളുടേയും
സാർവദേശീയ ബൂർഷ്വാസിയുടേയും അണികളിലെ തുടർച്ചയായ പി
ളർപ്പുകളും യുദ്ധങ്ങൾക്കുമൊത്തു ചൈനയിലെ വിപ്ളവസാഹചര്യം
വികസിക്കുന്നതു തുടരുകയാണ്. ആയതിനാൽ ചെറു ചുവപ്പുപ്രദേ
ശങ്ങൾ തീർച്ചയായും ഒരു നീണ്ട കാലത്തേക്ക് നിലനില്ക്കുന്നതും വി
കസിക്കുന്നത് തുടരുന്നതും ക്രമേണ രാജ്യവ്യാപകമായി രാഷ്ട്രീയാ
ധികാരം പിടിച്ചുപററുകയെന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതുമാ
ണ്.

നാലാമതായി, ചുവപ്പുരാഷ്ട്രീയാധികാരത്തിൻെറ നിലനില്പി
ന് ഒരവശ്യോപാധിയാണ് വേണ്ടത്ര ശക്തിയുള്ള ഒരു സ്ഥിരം ചുവ
പ്പു സേനയുടെ നിലനില്പ്. നമുക്ക് പ്രാദേശിക റെഡ്ഗാർഡുകൾ
മാത്രമുണ്ടായിരിക്കുകയും ഒരു സ്ഥിരം ചുവപ്പു സേനയില്ലാതിരിക്കു
കയുമാണെങ്കിൽ സുസംഘടിതമായ വെള്ള സേനകളെ നമുക്കു നേരിടാ
നാവില്ല; മറിച്ച്, ഭൂപ്രഭുക്കന്മാരുടെ കൂലിപ്പടയെ മാത്രമേ നേരിടാനാ
കൂ. അതുകൊണ്ട്, തൊഴിലാളികളുടേയും കർഷകരുടേയും ബഹുജന
വിഭാഗങ്ങൾ സജീവമാണെങ്കിൽപ്പോലും വേണ്ടത്ര ശക്തിയുള്ള ഒരു
സ്ഥിരം സൈന്യം ഇല്ലാത്തപക്ഷം ഒരു സ്വതന്ത്രഭരണം സൃഷ്ടിക്കുക
തീർത്തും അസാദ്ധ്യമാണ്, ഈടുററതും നിത്യേന വളരുന്നതുമായ ഒരു
സ്വതന്ത്രഭരണത്തെപ്പററി പിന്നെ പറയേണ്ടതില്ലല്ലോ? 'സായുധശക്തി
കൊണ്ടു തൊഴിലാളികളുടേയും കർഷകരുടേയും സ്വതന്ത്രഭരണം സ്ഥാ
പിക്കുക' എന്ന ആശയം പ്രധാനപ്പെട്ട ഒന്നാണ് എന്ന് ഇതിൽനിന്നു
സിദ്ധിക്കുന്നു; കമ്യൂണിസ്ററ് പാർട്ടിയും സ്വതന്ത്ര ഭരണത്തിൻകീ
ഴിലുള്ള തൊഴിലാളി കർഷകബഹുജനങ്ങളും ഈ വസ്തുത പൂർണ്ണമാ
യി ഗ്രഹിച്ചേ തീരൂ.

അഞ്ചാമതായി, ചുവപ്പു രാഷ്ട്രീയാധികാരത്തിൻെറ ദീർഘകാല
നിലനില്പിനും വികാസത്തിനും മേൽകൊടുത്തവയ്ക്കു പുറമേ മ
റെറാരു പ്രധാന ഉപാധികൂടിയുണ്ട്. കമ്യൂണിസ്ററ്പാർട്ടി സംഘട
ന സുശക്തവും അതിൻെറ നയം തികച്ചും ശരിയുമായിരിക്കണം.



## 3. ഹുനാൻ–കിയാങ്ങ്സി അതിർത്തിപ്രദേശത്തെ സ്വതന്ത്രഭരണവും ആഗസ്റ്റിലെ പരാജയവും

യുദ്ധപ്രഭുക്കൾക്കിടയിലെ പിളർപ്പുകളും യുദ്ധങ്ങളും വെള്ള
ഭരണത്തെ ക്ഷീണിപ്പിക്കുന്നു. അങ്ങിനെ ചെറു പ്രദേശങ്ങളിൽ ചുവ
പ്പു രാഷ്ട്രീയാധികാരം ഉയർന്നുവരാനുള്ള അവസരങ്ങൾ ലഭിക്കുന്നു.
പക്ഷേ, യുദ്ധപ്രഭുക്കൾക്കിടയിലെ പോരാട്ടം നിത്യേന തുടർന്നുകൊ
ണ്ടിരിക്കുന്നില്ല. വെള്ളഭരണം ഒന്നോ അതിൽ കൂടുതലോ പ്രവിശ്യക
ളിൽ താല്ക്കാലികമായി ഉറയ്ക്കുമ്പോഴെല്ലാം അവിടത്തെ ഭരണവർഗ
ങ്ങൾ ചുവപ്പു രാഷ്ട്രീയാധികാരത്തെ നശിപ്പിക്കാനായി, നിശ്ചയമാ
യും, ഒത്തുചേർന്ന് തങ്ങളാലാവുന്നതെല്ലാം ചെയ്യുന്നു. ചുവപ്പു രാഷ്
ട്രീയാധികാരത്തിൻെറ സ്ഥാപനത്തിനും തുടർന്നുകൊണ്ടേയുള്ള നില
നില്പിനും ആവശ്യമായ മുഴുവൻ ഉപാധികളും നിറവേറിയിട്ടില്ലാത്ത
പ്രദേശങ്ങളിൽ ശത്രു ഈ അധികാരത്തെ മറിച്ചിട്ടേയ്ക്കും എന്ന ആപ
ത്തു നിലനില്ക്കുന്നുണ്ട്. കഴിഞ്ഞ ഏപ്രിലിനു മുൻപുള്ള അനുകൂ
ല സന്ദർഭത്തിൽ കാൻറൺ, ഹെയ്ഫെങ്ങ്, ലൂഫെങ്ങ്, ഹുനാൻ–കിയാങ്ങ്
സി അതിർത്തി പ്രദേശം, തെക്കൻ ഹുനാൻ, ലൈലിങ്ങ്, ഹുവാൻഗാൻ
തുടങ്ങിയ സ്ഥലങ്ങളിൽ ഉടലെടുത്ത അനേകം ചുവപ്പു ഭരണങ്ങൾ ഏ
ത്തുകൊണ്ട് ഒന്നൊന്നായി വെള്ള ഭരണാധികാരികളാൽ തച്ചു തകർക്കപ്പെ
ട്ടു എന്നതിൻെറ കാരണം ഇതാണ്. ഏപ്രിൽ തൊട്ട് ഹുനാൻ കിയാ
ങ്ങ്സി അതിർത്തി പ്രദേശത്തെ സ്വതന്ത്ര ഭരണത്തിന്, തെക്കുഭാഗത്തെ
താല്ക്കാലികമായി ഉറപ്പുള്ള ഒരു ഭരണാധികാരശക്തിയെ നേരിടേണ്ടി
വന്നു, ഹുനാനും കിയാങ്ങ്സിയും നമ്മെ 'അടിച്ചമർത്താൻ' വേണ്ടി എ
ട്ടോ ഒമ്പതോ അതിലേറെയോ റജിമെൻറുകളെ—ചിലപ്പോൾ 18ഓളം വരു
ന്ന—പതിവായി അയച്ചിരുന്നു. എന്നിട്ടും നമ്മൾ നമ്മുടെ സ്വതന്ത്ര ഭ
രണത്തിൻകീഴിലുള്ള പ്രദേശങ്ങളെ. നിത്യേന വിപുലീകരിക്കകയും കാർ
ഷിക വിപ്ളവത്തിന് ആഴം കൂട്ടുകയും ജനകീയ രാഷ്ട്രീയാധികാര
ത്തിൻെറ സംഘടനകൾക്ക് വ്യാപ്തി കൂട്ടുകയും ചുവപ്പു സേനകളെ
യും റെഡ് ഗാർഡുകളേയും വിപുലീകരിക്കുകയും ചെയ്തുകൊണ്ട്,
നാലു റെജിമെൻറുകളിൽ കുറഞ്ഞ സേനകളെ ഉപയോഗിച്ച് നീണ്ട നാ
ലു മാസക്കാലം ശത്രുവിനോടു പോരാടി. ഇതു സാദ്ധ്യമായതു ഹു
നാൻ, കിയാങ്ങ്സി അതിർത്തി പ്രദേശത്തെ കമ്യൂണിസ്ററ്പാർട്ടി
സംഘടനകളുടെ (പ്രാദേശികവും സൈനികവും) നയങ്ങൾ ശരിയായി
രുന്നതുകൊണ്ടായിരുന്നു. അക്കാലങ്ങളിൽ പാർട്ടിയുടെ പ്രത്യേക അ
തിർത്തിപ്രദേശകമ്മിററിയുടേയും സൈനിക കമ്മിററിയുടേയും നയ
ങ്ങൾ ഇപ്രകാരമായിരുന്നു:

ശത്രുവിനെതിരായി മനസ്സുറപ്പോടെ പോരാടുക. ലോഹ്സി
യോ പർവതനിരയുടെ 10 മദ്ധ്യമേഖലയിൽ രാഷ്ട്രീയാധികാരം കെട്ടി
പ്പടുക്കുക, പലായനവാദത്തെ എതിർക്കുക.

സ്വതന്ത്രഭരണത്തിലുള്ള പ്രദേശങ്ങളിൽ കാർഷിക വിപ്ലവത്തിന്
ആഴം കൂട്ടുക. സേനയിലെ പാർട്ടി സംഘടനയുടെ സഹായത്തോടെ പ്രാ
ദേശികപാർട്ടി സംഘടനയുടെ വികസനം ഊർജ്ജിതപ്പെടുത്തുക, സ്ഥി
രം സേനയുടെ സഹായത്തോടെ പ്രാദേശിക സായുധസേനകളുടെ വികസ
നം ഊർജ്ജിതപ്പെടുത്തുക. സമയമനുകൂലമായാൽ ചുവപ്പുസേനായൂണി
ററുകളെ, അവയെനേരിട്ടുകൊണ്ടിരിക്കുന്ന ശത്രുവിനോട് പോരാടുന്നതിൽ
കേന്ദ്രീകരിക്കുക, ഒന്നൊന്നായി നശിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി,
സേനകളെ വിഭജിച്ചുനിർത്തുന്നതിനെ എതിർക്കുക. സ്വതന്ത്രഭരണത്തിൻ
കീഴിലുള്ള പ്രദേശങ്ങൾ വിപുലീകരിക്കാനായി അലകളായി മുന്നേറു
ക എന്ന നയം അംഗീകരിക്കുക, സാഹസികമായ മുന്നേററത്തിലൂടെ വി
പുലീകരിക്കുക എന്ന നയത്തെ എതിർക്കുക.

ഈ ശരിയായ അടവുകളുടേയും, നമ്മുടെ സമരത്തിനനുകൂലമായ
ഒരു ഭൂപ്രകൃതിയുടേയും, ഹുനാനിൽ നിന്നാക്രമിക്കുന്ന ശത്രുസേനക
ളും കിയാങ്ങ്സിയിൽ നിന്നാക്രമിക്കുന്ന ശത്രുക്കളും തമ്മിലുള്ള അപ
ര്യാപ്തമായ ഏകോപനത്തിന്റേയും ഫലമായി ഏപ്രിൽ തൊട്ട് ജൂലായ്
വരെയുള്ള നാലുമാസങ്ങളിൽ ഒട്ടേറെ വിജയങ്ങൾ നേടാൻ നമുക്ക് കഴി
യുകയുണ്ടായി. നമ്മെക്കാൾ എത്രയോ മടങ്ങ് ശക്തരായിരുന്നിട്ടും ശ
ത്രുവിന് നമ്മുടെ ഭരണമേഖലയുടെ ഇടതടവില്ലാത്ത വികസനം തടയാൻ
കഴിഞ്ഞില്ല; അതിനെ നശിപ്പിക്കുന്നതിനെപ്പററി പിന്നെ പറയാനുമില്ല
ല്ലോ? തണ്ണെയുമല്ല, നമ്മുടെ ഭരണം ഹുനാനിലും കിയാങ്ങ്സിയിലും
വർദ്ധമാനമായ സ്വാധീനമുണ്ടാക്കുവാനും തുടങ്ങി. ഭരണവർഗങ്ങൾക്ക്
താല്ക്കാലികമായെങ്കിലും ഉറച്ചനിലനില്പുള്ള ഒരു കാലമായിരുന്നു
അതെന്ന് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടതുകാരണം ചിലസഖാക്കൾ,
ഭരണവർഗങ്ങൾക്കകത്തെ രാഷ്ട്രീയഭിന്നതകളുടെ കാലത്ത് ഉപയോഗി
ക്കേണ്ടതായ ഒരു തന്ത്രം സ്വീകരിക്കുകയും സാഹസികമായ ഒരു മുന്നേററ
ത്തിനായി നമ്മുടെ സേനകളെ വിഭജിക്കുകയും ചെയ്യുക എന്ന സമീപ
നം നടപ്പിലാക്കി എന്നതായിരുന്നു ആഗസ്ററ് പരാജയത്തിന്റെ ഏക
ഹേതു, അതുവഴി, അതിർത്തിപ്രദേശത്തും തെക്കൻഹുനാനിലും നമ്മു
ടെ പരാജയത്തിനിടയാക്കുകയും ചെയ്തു. ഹുനാൻ പ്രവിശ്യാകമ്മിററി
യുടെ പ്രതിനിധിയായ സ: തൂസ്യൂ—ചിങ്ങ് യഥാർത്ഥപരിതസ്ഥി
തികളെ ഗ്രഹിക്കുന്നതിൽ പരാജയപ്പെടുകയും, പാർട്ടിയുടെ പ്രത്യേകക
മ്മിററിയുടെ കല്പന യാന്ത്രികമായിമാത്രം നടപ്പാക്കുകയുമാണയാൾ
ചെയ്തത്. സമരത്തിൽനിന്നൊഴിഞ്ഞുമാറാനും കുടിയിടങ്ങളിലേക്ക്
മടങ്ങാനും ആഗ്രഹിച്ചിരുന്ന ചുവപ്പുസേനയുടെ 29-ാം റെജിമെൻറി
ന്റെ അഭിപ്രായങ്ങൾ അയാൾ അങ്ങിനെ പ്രതിഫലിപ്പിച്ചു. അയാളുടെ
തെററുകൾ ഗുരുതരമായിരുന്നു. സെപ്തംബറിനുശേഷം പാർട്ടിയുടെ
പ്രത്യേകകമ്മിററിയും സേനാകമ്മിററിയും കൈക്കൊണ്ട തെററുതിരുത്തൽ
നടപടിയുടെഫലമായി പരാജയത്തിൽ നിന്നുണ്ടായ ആ അവസ്ഥയിൽ
നിന്ന് കരകയറാൻ കഴിഞ്ഞു.

## 4. ഹുനാൻ കിയാങ്ങ്സി അതിർത്തിപ്രദേശത്തെ സ്വതന്ത്രഭരണം ഹുനാൻ, ഹുപെ എന്നിവിടങ്ങളിൽ വഹിക്കുന്ന പങ്ക്

നിങ്കാങ്ങ് കേന്ദ്രമാക്കിയുള്ള ഹുനാൻ കിയാങ്ങ്സി അതിർത്തി പ്ര
ദേശത്തെ തൊഴിലാളി, കർഷക സായുധസ്വതന്ത്രഭരണത്തിന്റെ പ്രസ
ക്തി തീർച്ചയായും അതിർത്തിപ്രദേശത്തെ ചില കൗണ്ടികൾക്കു മാത്ര
മല്ല. ഇത് ഹുനാൻ, ഹുപെ, കിയാങ്ങ്സി എന്നിവിടങ്ങളിൽ ആ മൂ
ന്നു പ്രവിശ്യകളിലെ തൊഴിലാളികളുടേയും കർഷകരുടേയും ഉയിർത്തെ
ഴുന്നേൽപ്പുവഴി രാഷ്ട്രീയാധികാരം പിടിച്ചെടുക്കുന്ന പ്രക്രിയയിലും
വളരെ വലിയൊരു പങ്കു വഹിക്കും. ഹുനാൻ, ഹുപെ, കിയാങ്ങ്സി
എന്നിവിടങ്ങളിൽ പൊട്ടിപ്പുറപ്പെടാൻ തുടങ്ങിയിട്ടുള്ള ഉയർത്തെഴുന്നേ
ല്പുകളെ സംബന്ധിച്ച് അതിർത്തി പ്രദേശത്തെ പാർട്ടിക്കുള്ള അതി
പ്രധാനമായ കടമകൾ താഴെപ്പറയുംപ്രകാരമാണ്: അതിർത്തിപ്രദേശ
ത്തെ കാർഷികവിപ്ളവത്തിനും, ജനകീയ രാഷ്ട്രീയാധികാരത്തിനും
ഉള്ള സ്വാധീനം ഹുനാൻ, കിയാങ്ങ് എന്നിവിടങ്ങളിൽ താഴെ പ്രദേശത്തു
ള്ള നദീതീരങ്ങളിലേയ്ക്കും അവിടെനിന്ന് ഹുപെ വരേയ്ക്കും വ്യാപി
പ്പിക്കുക; ഈ മൂന്നു പ്രവിശ്യകളിൽ വരാൻ പോകുന്ന പൊതു ഉയർത്തെ
ഴുന്നേൽപിൽ അതിന്റെ ദൗത്യം നിറവേററത്തക്കവിധം ചുവപ്പു സേനയെ
നിരന്തരം വിപുലീകരിക്കുകയും സമരത്തിൽകൂടി അതിന്റെ കാര്യശേ
ഷി വർദ്ധിപ്പിക്കുകയും ചെയ്യുക; ഭൂപ്രഭുക്കന്മാരുടെ ചോററുപട



യേയും ചെറു സൈനികയൂണിററുകളേയും നേരിടാൻ ഭാവിയിൽ അതിർ
ത്തിപ്രദേശ രാഷ്ട്രീയാധികാരത്തെ കാത്തു രക്ഷിക്കാനും പ്രാപ്തമാ
കുംവിധം കൗണ്ടികളിലെ പ്രാദേശിക സായുധസേനകളെ അതായത് റെ
ഡ്ഗാർഡുകളേയും തൊഴിലാളികളുടേയും കർഷകരുടേയും ഉയർത്തെഴു
ന്നേല്പിനുള്ള സേനാഘടകങ്ങളേയും വിപുലീകരിക്കുകയും അവയു
ടെ കാര്യശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക; അതിർത്തിപ്രദേശത്ത്
പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഏറെറടുക്കുന്ന പ്രവർത്തകർ അവി
ടെത്തന്നെയുണ്ടാകാനും, ചുവപ്പു സേനയിലേയ്ക്കും സ്വതന്ത്രഭരണത്തി
ന്റെ വിപുലീകൃത പ്രദേശങ്ങളിലേയ്ക്കും കൂടുതൽ പ്രവർത്തകരേ
യും സൈനികരേയും സംഭാവന ചെയ്യുവാൻപോലും കഴിയത്തക്കവിധം
പ്രാദേശിക പ്രവർത്തിനു ചുവപ്പു സേനയിലെ പ്രവർത്തകരെ ആശ്രയി
ക്കുക എന്ന പരിമിതിയെ ക്രമേണ ചുരുക്കിക്കൊണ്ടു വരുക.

## 5. സാമ്പത്തിക പ്രശ്നങ്ങൾ

ശത്രു വളഞ്ഞിട്ടതിനകത്തുള്ള സേനയ്ക്കും ജനങ്ങൾക്കും അവശ്യസാ
ധനങ്ങളുടേയും പണത്തിന്റേയു ദൗർലഭ്യം വളരെ വലിയൊരു പ്രശ്ന
മായിത്തീർന്നിരിക്കുകയാണ്. ശത്രുവിന്റെ ചോർച്ചയില്ലാത്ത ഉപരോ
ധം കാരണം ഉപ്പ്, തുണിത്തരങ്ങൾ, മരുന്നുകൾ മുതലായ അവശ്യസാധ
നങ്ങൾ സ്വതന്ത്ര അതിർത്തിപ്രദേശത്ത് കഴിഞ്ഞ കൊല്ലം മുഴുവൻ വളരെ
വിരളമായും അമിത വിലയ്ക്കും മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഇത്
ചുവപ്പു സൈനികരുടേതെന്നപോലെ തൊഴിലാളി, കർഷക, പെററി
ബൂർഷ്വാ ജനതകളുടേയും ജീവിതത്തെ, ചിലപ്പോഴൊക്കെ ദാരുണ
മാംവിധംപോലും താറുമാറാക്കിയിട്ടുണ്ട്. ചുവപ്പു സേനയ്ക്ക് ഒരേ
സമയം തന്നെ ശത്രുവിനോടു പോരാടുകയും ഭക്ഷ്യവിഭവങ്ങൾ സംഭ
രിക്കുകയും ചെയ്യേണ്ടിവരുന്നു. ഓരോ ആൾക്കും ധാന്യത്തിനു പുറമേ
അനുവദിച്ചിട്ടുള്ള ഭക്ഷണദിനബത്തയായ അഞ്ചു സെൻറ് നൽകാൻ
പോലും ഫണ്ടിന്റെ അഭാവമുണ്ട്. സൈനികർക്ക് പോഷകാഹാരമി
ല്ല, പലർക്കും രോഗം ബാധിച്ചിരിക്കുന്നു, മുറിവേററ് ആശുപത്രിയി
ലായവരുടെ സ്ഥിതി കഷ്ടമാണ്. ദേശവ്യാപകമായി രാഷ്ട്രീയാ
ധികാരം പിടിച്ചുപററുംമുമ്പ് ഇത്തരം വിഷമതകളെ അപ്പാടെ ഒഴിവാ
ക്കാനാവില്ലെന്നതു ശരിതന്നെ. എങ്കിലും കുറഞ്ഞ തോതിലെങ്കിലും
ഇവ പരിഹരിക്കുകയും ജീവിതം ഒട്ടൊക്കെ അനായാസമാക്കുകയും പ്ര
ത്യേകിച്ച് ചുവപ്പു സേനയ്ക്കു വേണ്ടത്ര സാധനസാമഗ്രികളുടെ ലഭ്യ
ത ഉറപ്പു വരുത്തുകയും ചെയ്യേണ്ടത് ഒരടിയന്തിരാവശ്യമാണ്. അതിർ
ത്തിപ്രദേശത്തെ പാർട്ടി സാമ്പത്തിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന
തിനു ശരിയായ മാർഗങ്ങൾ കണ്ടെത്താത്തപക്ഷം, ശത്രുഭരണം ഉറപ്പോ
ടെ നിൽക്കുന്ന താരതമ്യേന നീണ്ട കാലയളവിൽ സ്വതന്ത്ര ഭരണത്തിന്
വമ്പിച്ച വിഷമതകൾ നേരിടും, ഇത്തരം സാമ്പത്തിക പ്രശ്നങ്ങൾക്ക് ത
ക്തതായ ഒരു പരിഹാരമുണ്ടാവണമെങ്കിൽ ഓരൊ പാർട്ടിമെമ്പറും ശ്രദ്ധ
ചെലുത്തിയേ തീരൂ.

## 6. സൈനികതാവളങ്ങളുടെ പ്രശ്നം

അതിർത്തിപ്രദേശത്തെ പാർട്ടിക്ക് ഇനിയുമൊരു കടമകൂടിയുണ്ട്,
അതായത് അഞ്ചു കിണറിലും12 ച്യൂലിങ്ങിലുമുള്ള സൈനികത്താവ
ളങ്ങളുടെ സുദൃഢീകരണം, യുങ്ങ്സിൻ, ലിങ്ങ്സീൻ, നിങ്കാങ്ങ്,
സ്വിചുവാൻ കൗണ്ടികളുടെ സംഗമസ്ഥാനത്തെ അഞ്ചു കിണർപ്രദേശ
വും യുങ്ങ്സീൻ, നിങ്കാങ്ങ്, ചാലിങ്ങ്, ലിയൻഹുവ കൗണ്ടികളുടെ
സംഗമസ്ഥാനത്തെ ച്യൂലുങ്ങ് പർവതപ്രദേശവും— ഈ രണ്ടിടത്തും ഭൂ
പ്രദേശപരമായ മേന്മയുണ്ട്— ഇന്നുള്ള അതിർത്തിപ്രദേശത്തിനു മാ
ത്രമല്ല മറിച്ചു ഭാവിയിൽ ഹുനാൻ, ഹുപെ, കിയാങ്ങ്സി എന്നിവിടങ്ങ

ളിലെ ഉയിർത്തെഴുന്നേല്പുകൾക്കുകൂടി പ്രാധാന്യമുള്ള സൈനിക ത്താവളങ്ങളാണ്. ജനപിൻതുണയുള്ളതാണെന്നതും അതുപോലെത ന്നെ പ്രത്യേകിച്ചു ദുർഘടവും തന്ത്രപരമായി പ്രധാനവുമായ ഒരു ഭൂവി ഭാഗമാണെന്നതും കാരണം അഞ്ചു കിണററിനെ സംബന്ധിച്ച് വിശേഷി ച്ചും ശരിയാണ്. ഈ താവളങ്ങളെ സുദൃഢീകരിക്കാനുള്ള മാർഗം ഇ പ്രകാരമാണ്: ഒന്നാമതായി പര്യാപ്തമായത്ര പ്രതിരോധനിരകൾ കെട്ടിപ്പടുക്കുക, രണ്ടാമതായി വേണ്ടത്ര ധാന്യങ്ങൾ സംഭരിക്കുക, മൂന്നാ മതായി താരതമ്യേന നല്ല ചുവപ്പുസേനാ ആശുപത്രികൾ സ്ഥാപിക്കുക. അതിർത്തിപ്രദേശത്തെ പാർട്ടി ഈ മൂന്നു കടമകളും ഫലപ്രദമായി നട പ്പാക്കാൻ കിണഞ്ഞു പരിശ്രമിക്കണം.

# കുറിപ്പുകൾ

1. 'ബൂർഷ്വാസി' എന്ന പദത്തിന് സഖാവ് മാവോ സെതുങ്ങ് അർത്ഥമാക്കുന്നത് ദേശീയ ബൂർഷ്വാസി എന്നാണ്. ഈ വർഗവും വൻ കിട ദല്ലാൾ ബൂർഷ്വാസിയും തമ്മിലുള്ള വ്യത്യാസത്തെ സംബന്ധി ച്ച് അദ്ദേഹത്തിന്റെ വിശദമായ വിവരണത്തിന് 'ജാപ്പനീസ് സാമ്രാ ജ്യത്വത്തിനെതിരായ അടവുകളെപ്പററി' എന്ന ലേഖനവും [ഡിസംബർ 1935] 'ചൈനീസ് വിപ്ളവവും ചൈനീസ് കമ്യൂണിസ്ററ് പാർട്ടി യും' എന്ന ലേഖനവും [ഡിസംബർ 1939] നോക്കുക.

2. യുദ്ധപ്രഭുക്കളുടെ ഈ നാലു ക്ളിക്കുകളും ചേർന്ന് ചാങ്ങ് സോ-ലീനെതിരായി ഒന്നിച്ച് പോരാടുകയും 1928 ജൂണിൽ പീക്കിം ഗും, ടീൻസ്ററീനും പിടിച്ചടക്കുകയുമുണ്ടായി.

3. 1924-ലെ രണ്ടാം ചിഹ്‌ലി-ഫെൻടിയൻ യുദ്ധത്തിൽ വൂപെ യ്-ഫൂവിനെ പരാജയപ്പെടുത്തിയശേഷം, യുദ്ധപ്രഭുക്കളുടെ ഫെൻടി യൻ ക്ളിക്കിന്റെ തലവനായിരുന്ന ചാങ്ങ്സോ-ലീൻ വടക്കൻ ചൈന യിലെ ഏററവും ശക്തനായ യുദ്ധപ്രഭുവായിത്തീർന്നു. 1926-ൽ അ യാൾ വൂ പെയ്-ഫൂവുമായി സഖ്യമുണ്ടാക്കിക്കൊണ്ട് പടനീക്കം നട ത്തുകയും പീക്കിംഗ് കൈയ്യടക്കുകയും ചെയ്തു. 1928 ജൂണിൽ റെ യിൽവഴി വടക്കുകിഴക്കൻ പ്രദേശങ്ങളിലേയ്ക്ക് പിന്തിരിഞ്ഞോടു മ്പോൾ മുൻപ് ജാപ്പനീസ് സാമ്രാജ്യവാദികളുടെ ഒരുപകരണമായി രുന്നിട്ടുള്ള അയാൾ അവർ തന്നെ വെച്ച ഒരു ബോംബിനാൽ വഴിക്കുവെ ച്ച് കൊല്ലപ്പെടുകയും ചെയ്തു.

4. 1928 മെയ് മൂന്നിന് ജാപ്പനീസ് ആക്രമണകാരികൾ സിനാൻ കീഴടക്കുകയും ചിയാങ്ങ് കൈഷെക്കും ജാപ്പനുമായി പരസ്യവും നാണം കെട്ടതുമായ ഒരു ഒത്തുതീർപ്പിൽ എത്തുകയും ചെയ്തശേഷമാണ് ഈ പരിഷ്ക്കരണപ്രസ്ഥാനം ഉയർന്നു വന്നത്. 1927-ൽ നടത്തിയ പ്രതിവിപ്ളവ അട്ടിമറിയിൽ ഒത്തുചേർന്ന ദേശീയ ബൂർഷ്വാസിക്കു ള്ളിൽ സ്വാർത്ഥതാൽപര്യത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു വിഭാഗം ചിയാങ്ങ് കൈ-ഷെക്ക് ഭരണത്തിന് ഒരു പ്രതിപക്ഷ മായി രൂപംകൊള്ളാൻ തുടങ്ങുകയുണ്ടായി. ഈ പ്രസ്ഥാനത്തിൽ സ ജീവമായിരുന്ന വാങ്ങ്ചിങ്ങ്, വെയ്ചെൻ കുങ്ങ്-ഓവാ തുടങ്ങിയ ഔന്നത്യ മോഹികളായ ഒരുകൂട്ടം പ്രതിവിപ്ളവകാരികൾ, കൂമിന്താ ങ്ങിലെ 'പുനസംഘടനാ ക്ളിക്ക്' എന്ന് പിന്നീടറിയപ്പെട്ട ഒന്നായി രൂപം കൊണ്ടു.



5. 1928-ൽ ബ്രിട്ടീഷ്, യു. എസ്. സാമ്രാജ്യത്വങ്ങളുടെ പിൻബ ലത്തിൽ ചിയാങ്ങ് കൈ-ഷെക്ക് ചാങ്ങ്-സോലിനെ ആക്രമിക്കാൻ വട ക്കോട്ടു നീങ്ങി. അപ്പോൾ ജാപ്പനീസ് സാമ്രാജ്യവാദികൾ ഷാൻടുങ്ങ് പ്രവിശ്യയുടെ തലസ്ഥാനമായ സിനാൻ കൈയ്യടക്കുകയും ബ്രിട്ട ന്റേയും അമേരിക്കയുടേയും സ്വാധീനം വടക്കോട്ടു വ്യാപിക്കുന്നത് തട യാനായി ടൈൻസ്ററിൻ-പുകൗ റെയിൽ പാത മുറിക്കുകയും ചെയ് തു. കടന്നാക്രമിച്ചുകൊണ്ടിരുന്ന ജാപ്പനീസ് സേനകൾ മെയ് മൂന്നിന് സിനാനിൽ വച്ച് വളരെയേറെ ചൈനക്കാരെ കൊന്നൊടുക്കി. സിനാൻ കൂട്ടക്കൊല എന്നറിയപ്പെടുന്നത് ഇതായിരുന്നു.

6. ചൈനയിലെ ചുവപ്പു രാഷ്ട്രീയാധികാരത്തിന്റെ സംഘടനാ രൂപം സോവിയററ് രാഷ്ട്രീയാധികാരത്തിന്റേതിനോട് സമാനമായി രുന്നു. സോവിയററ് ഒരു പ്രാതിനിധ്യസമിതിയാണ്; 1905-ലെ വി പ്ളവത്തിനിടയ്ക്ക് റഷ്യൻ തൊഴിലാളി വർഗം സൃഷ്ടിച്ചെടുത്ത ഒരു രാഷ്ട്രീയ സ്ഥാപനം. മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തി ലേയ്ക്കുള്ള പരിണാമത്തിനാവശ്യമായ സാമൂഹ്യവും രാഷ്ട്രീയവുമാ യ സംഘടനയുടെ ഏററവും ഉചിത രൂപമാണ് ഒരു സോവിയററ് റി പ്പബ്ളിക്ക് എന്ന നിഗമനത്തിൽ, മാർക്സിസ്ററ് സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി ലെനിനും സ്ററാലിനും എത്തിച്ചേർന്നു. ലെ നിന്റേയും സ്ററാലിന്റേയും ബോൾഷെവിക്ക് പാർട്ടിയുടെ നേതൃ ത്വത്തിൽ 1917-ൽ നടന്ന ഒക്ടോബർ സോഷ്യലിസ്ററ് വിപ്ളവം ലോകചരിത്രത്തിൽ ഇദംപ്രഥമായി അത്തരമൊരു സോഷ്യലിസ്ററ് സോവിയററ് റിപ്പബ്ളിക്ക്-ഒരു തൊഴിലാളിവർഗ സർവ്വാധിപത്യം നി ലവിൽ കൊണ്ടുവന്നു. ചൈനയിൽ 1927-ലെ വിപ്ളവത്തിന്റെ പ രാജയത്തിനു ശേഷം ചൈനീസ് കമ്യൂണിസ്ററ് പാർട്ടി നയിച്ച, പ്രഥ മവും പ്രധാനവുമായി സഖാവ് മാവോ സെതുങ്ങ് നയിച്ച വിവിധ സ്ഥലങ്ങളിലെ ബഹുജന വിപ്ളവ മുന്നേററങ്ങളെ ജനകീയ രാഷ്ട്രീ യാധികാരത്തിന്റെ രൂപം ഒരു പ്രാതിനിധ്യസ്വഭാവമുള്ള കൗൺസിലാ ണെന്ന് അംഗീകരിക്കപ്പെട്ടു. ചൈനീസ് വിപ്ളവത്തിന്റെ ആ ഘട്ട ത്തിലെ രാഷ്ട്രീയാധികാരം അതിന്റെ സ്വഭാവത്തിൽ, തൊഴിലാളിവർ ഗ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ വിരുദ്ധ, ഫ്യൂഡൽ വിരുദ്ധ പു ത്തൻ ജനാധിപത്യ വിപ്ളവത്തിന്റെ ജനകീയ ജനാധിപത്യ സർവ്വാധി പത്യമായിരുന്നു. ഇതാകട്ടെ, സോവിയററ് യൂണിയനിലെ തൊഴിലാ ളിവർഗ ഭരണത്തിൽനിന്ന് വ്യത്യസ്തവുമായിരുന്നു.

7. ബ്രിട്ടൻ, അമേരിക്കൻ ഐക്യനാടുകൾ, ഫ്രാൻസ്, നെതർ ലാൻഡ്സ് എന്നിവയുടെ സാമ്രാജ്യത്വ ഭരണത്തിൻകീഴിൽ മുമ്പുനില നിന്നിരുന്ന കിഴക്കൻ ഭൂഖണ്ഡത്തിലെ (ഏഷ്യയിലെ) പല കൊളോ ണിയൽ രാജ്യങ്ങളും രണ്ടാം ലോകയുദ്ധ കാലത്ത് ജാപ്പനീസ് സാമ്രാ ജ്യവാദികളാൽ പിടിച്ചടക്കപ്പെട്ടു. തങ്ങളുടെ കമ്യൂണിസ്ററ് പാർട്ടിക ളുടെ നേതൃത്വത്തിൽ ഈ രാജ്യങ്ങളിലെ തൊഴിലാളി, കർഷക, നാഗരി ക പെററിബൂർഷ്വാ ജനവിഭാഗങ്ങളും ദേശീയ ബൂർഷ്വാസിയിലെ അം ഗങ്ങളും, ബ്രിട്ടീഷ്, അമേരിക്കൻ, ഫ്രഞ്ച് സാമ്രാജ്യവാദികൾ ഒരു വശ ത്തും ജാപ്പനീസ് സാമ്രാജ്യവാദികൾ മറുവശത്തുമായുള്ള വൈരുദ്ധ്യ ത്തെ മുതലെടുത്തുകൊണ്ട് ഫാസിസ്ററാക്രമണത്തിനെതിരായ ഒരു വിശാല ഐക്യമുന്നണി സംഘടിപ്പിക്കുകയും ജാപ്പ് വിരുദ്ധ താവള പ്രദേശങ്ങൾ കെട്ടിപ്പടുക്കുകയും ജപ്പാനെതിരായി രൂക്ഷമായ ഗറില്ലാ യുദ്ധം അഴിച്ചുവിടുകയും ചെയ്തു. അങ്ങനെ രണ്ടാം ലോകയുദ്ധ ത്തിനു മുൻപുള്ള രാഷ്ട്രീയ സാഹചര്യം മാറാൻ തുടങ്ങി. രണ്ടാം ലോകയുദ്ധത്തിന്റെ അവസാനം ഈ രാജ്യങ്ങളിൽ നിന്ന് ജാപ്പനീസ് സാമ്രാജ്യവാദികൾ തുരത്തപ്പെട്ടപ്പോൾ അമേരിക്കൻ ഐക്യനാടുകൾ,

ബ്രിട്ടൻ, ഫ്രാൻസ്, നെതർലൻറ്സ് എന്നിവിടങ്ങളിലെ സാമ്രാജ്യവാദികൾ അവിടങ്ങളിൽ തങ്ങളുടെ കൊളോണിയൽ ഭരണം പുനസ്ഥാപിക്കാനായി ശ്രമിച്ചു. പക്ഷേ ജാപ്പ് വിരുദ്ധ യുദ്ധകാലത്ത് ഗണ്യമായ ശക്തിയുള്ള സായുധ സേനകളെ കെട്ടിപ്പടുത്തിരുന്നതുകൊണ്ട് ഈ കൊളോണിയൽ ജനതകൾ പഴയ ജീവിതരീതിയിലേയ്ക്ക് മടങ്ങാൻ കൂട്ടാക്കിയില്ല. കൂടാതെ, സോവിയററ് യൂണിയൻ ശക്തിയാർജിച്ചുകൊണ്ടിരുന്നത് കൊണ്ടും അമേരിക്കൻ ഐക്യനാടുകൾ ഒഴിച്ചുള്ള മറെറല്ലാ സാമ്രാജ്യത്വ ശക്തികളും യുദ്ധത്തിൽ ഒന്നുകിൽ മറിച്ചിടപ്പെടുകയോ അല്ലെങ്കിൽ ക്ഷീണിപ്പിക്കപ്പെടുകയോ ചെയ്തിരുന്നതുകൊണ്ടും, അവസാനമായി വിജയകരമായ ചൈനീസ് വിപ്ലവം ചൈനയിലെ സാമ്രാജ്യത്വ മുന്നണി ഛിന്നഭിന്നമാക്കിയിട്ടിരുന്നതുകൊണ്ടും ആഗോള സാമ്രാജ്യത്വ വ്യവസ്ഥ ഭയങ്കരമായി ആടിയുലഞ്ഞു. അപ്രകാരം ഒട്ടൊക്കെ ചൈനയിലെപ്പോലെ തന്നെ പൂർവദേശത്തെ കൊളോണിയൽ രാജ്യങ്ങളിലെല്ലാം, അല്ലെങ്കിൽ ചിലതിലെങ്കിലുമുള്ള ജനതകൾക്ക് ദീർഘകാലത്തേയ്ക്ക് വലുതും ചെറുതുമായ വിപ്ലവ താവള പ്രദേശങ്ങളും വിപ്ലവ ഭരണങ്ങളും നിലനിർത്താനും നാട്ടിൻപുറങ്ങളിൽ നിന്ന് നഗരങ്ങളെ വലയം ചെയ്തുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിലുള്ള വിപ്ലവ യുദ്ധങ്ങൾ നടത്താനും പിന്നെ ക്രമേണ നഗരങ്ങളെ പിടിച്ചെടുക്കാനായി മുന്നേറാനും ദേശവ്യാപകമായ വിജയം കൈവരിക്കാനും ഉള്ള സാദ്ധ്യതകൾ ഉണ്ടായിട്ടുണ്ട്. നേരിട്ടു സാമ്രാജ്യത്വ ഭരണത്തിൻ കീഴിലുള്ള കോളനികളിൽ സ്വതന്ത്രഭരണങ്ങൾ സ്ഥാപിക്കുകയെന്ന പ്രശ്നത്തെ സംബന്ധിച്ച് 1928-ൽ സഖാവ് മാവോ സെതുങ് പുലർത്തിപ്പോന്ന വീക്ഷണത്തിന് സ്ഥിതിഗതികളിലുണ്ടായ മാററങ്ങളുടെ ഫലമായി വ്യത്യാസമുണ്ടായിട്ടുണ്ട്.

8. 1927-ൽ ചിയാങ്-കൈഷക്കും, വാങ്ചിങ്-വേയും ഒന്നിനുപിറകെ ഒന്നായി വിപ്ലവവഞ്ചകരായി തീർന്നശേഷം വിവിധ സ്ഥലങ്ങളിലായി പ്രതിവിപ്ലവസേനകൾക്കെതിരെ കമ്മ്യൂണിസ്ററ് പാർട്ടിയുടെ നേതൃത്വത്തിൽ ജനങ്ങൾ അഴിച്ചുവിട്ട ആദ്യ പ്രത്യാക്രമണങ്ങളായിരുന്നു ഇവ. 1927 ഡിസംബർ 11 ന് കാൻറണിലെ തൊഴിലാളികളും വിപ്ലവകാരികളായ പട്ടാളക്കാരും ഒരു ഉയർത്തെഴുന്നേൽപ്പു സമരം നടത്തുന്നതിൽ ഒന്നിക്കുകയും ജനകീയരാഷ്ട്രീയാധികാരം സ്ഥാപിക്കുകയും ചെയ്തു. സാമ്രാജ്യത്വത്തിൻെറ നേരിട്ടു പിന്തുണയുള്ള പ്രതിവിപ്ലവ സേനകൾക്കെതിരെ കടുത്തപോരാട്ടം നടത്തിയെങ്കിലും ബലാബലത്തിൽ വമ്പിച്ച അന്തരമുണ്ടായിരുന്നതുകൊണ്ട് അവർ പരാജയപ്പെട്ടു. ക്വാങ്ടുങ് പ്രവിശ്യയിലെ കിഴക്കൻ തീരപ്രദേശത്തുള്ള ഹെയ്ഫെങ്, ലൂഫെങ് എന്നിവിടങ്ങളിലെ കർഷകർ കമ്യൂണിസ്ററ് പാർട്ടിയിലെ ഒരംഗമായ പെങ്പായ്‌യുടെ നേതൃത്വത്തിൽ 1923-25 കാലഘട്ടത്തിൽ ശക്തമായ ഒരു വിപ്ലവപ്രസ്ഥാനം ആരംഭിക്കുകയുണ്ടായി. ചെൻചിയുങ്-മിങ് തലവനായുള്ള പ്രതിവിപ്ലവ ക്ലിക്കിനെതിരായി ദേശീയ വിപ്ലവസേന കാൻടണിൽ നിന്നഴിച്ചുവിട്ട രണ്ടു കിഴക്കൻ പ്രക്ഷോഭണങ്ങളുടേയും വിജയത്തിന് ഈ പ്രസ്ഥാനം വൻതോതിൽ നേട്ടങ്ങളുണ്ടാക്കി. 1927 ഏപ്രിൽ 12ന് ചിയാങ് കൈഷെക്ക് വിപ്ലവത്തെ വഞ്ചിച്ചശേഷം ഏപ്രിൽ, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി മൂന്ന് ഉയർത്തെഴുന്നേല്പ്പു സമരങ്ങൾ ഈ കർഷകർ നടത്തുകയും, 1928 ഏപ്രിൽ വരെ പിടിച്ചുനിന്ന ഒരു വിപ്ലവഭരണം സ്ഥാപിക്കുകയും ചെയ്തു. 1927 സെപ്തംബറിൽ, കിഴക്കേ ഹുനാൻ പ്രവിശ്യയിൽ കലാപത്തിലേർപ്പെട്ടിരുന്ന കർഷകർ ചിയൂയാങ്, പിങ്ക്യാങ്, ലൈലിങ്, ച്യൂചൌ എന്നിവയടങ്ങുന്ന ഒരു പ്രദേശം പിടിച്ചെടുത്തു. മിക്കവാറും അതേസമയത്തുതന്നെ വടക്കുകിഴക്കൻ ഹുപേ പ്രവിശ്യയിലെ സ്യാവൊകാൻ, മാച്ചങ്, ഹ്വാൻഗാൻ എന്നിവടങ്ങളിലെ പതിനായിര-



ക്കണക്കിനുള്ള കർഷകർ ഒരു സായുധ ഉയർത്തെഴുന്നേൽപ്പു നടത്തുകയും മുപ്പതിലേറെ ദിവസത്തേയ്ക്ക് ഹ്വാൻഗാൻ എന്ന ചെറു പട്ടണം കൈയ്യടക്കുകയും ചെയ്തു. തെക്കൻ ഹുനാനിൽ യിച്ചാങ്, ചെൻചൌ, ലിയ്‌യാങ്, യുങ്ഷിൻ, സെഹ്സിങ് എന്നീ കൗണ്ടികളിലെ കർഷകർ 1928 ജനുവരിയിൽ സായുധമുന്നേററം നടത്തി ഒരുവിപ്ലവഭരണം സ്ഥാപിച്ചു. ഇത് മൂന്ന്മാസക്കാലം നിലനില്ക്കുകയുമുണ്ടായി.

9 റെഡ്ഗാർഡുകൾ വിപ്ലവതാവളപ്രദേശങ്ങളിലെ ബഹുജനങ്ങളുടെ സായുധയൂണിററുകളായിരുന്നു. ഇതിലെ അംഗങ്ങൾ തങ്ങളുടെ ദൈനംദിന ഉല്പ്പാദന പ്രവർത്തനങ്ങളും നിർവഹിച്ചിരുന്നു.

10. കിയാങ്സി, ഹുനാൻ എന്നീ പ്രവിശ്യകളുടെ അതിർത്തികളിൽ വ്യാപിച്ചുകിടന്ന ഒരു വിശാലപർവ്വതനിരയായിരുന്നു ലോഹ്സിയോ പർവ്വതനിര. ചിങ്കാങ് പർവ്വതങ്ങൾ അതിൻെറ മദ്ധ്യമേഖലയിലാണ്.

11. പെററിബൂർഷ്വാസി എന്ന പദംകൊണ്ട് സഖാവ് മാവോ അർത്ഥമാക്കുന്നത് കർഷകർ ഒഴികെയുള്ള മററു വിഭാഗങ്ങളെയാണ്. അതായത് കരകൗശലപ്പണിക്കാർ, ചെറുകച്ചവടക്കാർ, വിവിധതരം ഉദ്യോഗസ്ഥ പെററിബൂർഷ്വാ ബുദ്ധിജീവികൾ തുടങ്ങിയവർ. ചൈനയിലിക്കൂട്ടർ അധികവും നഗരങ്ങളിലാണ് ജീവിച്ചിരുന്നതെങ്കിലും കുറെയേറെപ്പേർ നാട്ടിൻ പുറങ്ങളിലുമുണ്ടായിരുന്നു.

12. ചിങ്കാങ് പർവ്വതങ്ങളിലെ വൻകിണർ, ചെറുകിണർ, മേൽക്കിണർ, നടുകിണർ, കീഴ്കിണർ എന്നീ ഗ്രാമങ്ങളടങ്ങുന്ന പ്രദേശങ്ങളാണ് അഞ്ചുകിണർ എന്നപേരിൽ അറിയപ്പെട്ടിരുന്നത്. പടിഞ്ഞാറൻ കാങ്സിയിലെ, യുങ്സിങ്, ലിങ്കാങ്, സ്വിചുവാൻ എന്നിവയ്ക്കും കിഴക്കൻ ഹുനാനിലെ ലിങ്സീൻ കൗണ്ടിക്കും ഇടയ്ക്കാണ് ഇതുകിടന്നിരുന്നത്.

# ചിങ്ങ്കാങ്ങ് പർവ്വതങ്ങളിലെ സമരം*

1928 നവംബർ 25

## ഹുനാൻ കിയാങ്ങ്സി അതിർത്തിപ്രദേശത്തെ സ്വതന്ത്രഭരണകേന്ദ്രവും ആഗസ്റ്റിലെ പരാജയവും

വലയം ചെയ്തുനിൽക്കുന്ന വെള്ള ഭരണത്തിനിടയിൽനിന്ന് ഉട
ലെടുത്ത ചുവപ്പു രാഷ്ട്രീയാധികാരത്തിൻകീഴിലുള്ള ഒന്നോ അതില
ധികമോ ചെറുപ്രദേശങ്ങൾ ഇന്ന് ലോകത്ത് നാം കാണുന്നത് ചൈന
യിൽ മാത്രമാണ്. ഒരു വിശകലനം നടത്തുമ്പോൾ, ചൈനയിലെ ദ
ല്ലാം വർഗത്തിലും ഭൂപ്രഭുവർഗത്തിലുമുള്ള ഇടതടവില്ലാത്ത ഭിന്നതക
ളും യുദ്ധങ്ങളുമാണ് ഈ പ്രതിഭാസത്തിനുള്ള ഒരു കാരണമെന്ന് നാം
മനസ്സിലാക്കുന്നു. ഈ ഭിന്നതകളും യുദ്ധങ്ങളും തുടരുന്നിടത്തോളം
കാലം തൊഴിലാളികളുടേയും കർഷകരുടേയുമായ ഒരു സ്വതന്ത്രസായുധ
ഭരണകേന്ദ്രത്തിനു നിലനില്ക്കാനും വളരാനും സാദ്ധ്യമാകുന്നതാ
ണ്. ഇതുകൂടാതെ അതിന്റെ നിലനില്പിന്നും വളർച്ചയ്ക്കും താഴെ
പറയുന്ന ഉപാധികൾകൂടി ആവശ്യമാണ്. [1] ഒരു ഈടുററ ബഹുജനാ
ടിത്തറ [2] ഒരു ഈടുററ പാർട്ടി സംഘടന [3] താരതമ്യേന സുശക്തമാ
യ ചുവപ്പുസേന [4] സൈനികപ്രവർത്തനങ്ങൾക്കനുകൂലമായ ഭൂപ്ര
കൃതി [5] നിലനിൽപിന് ആവശ്യമായ സാമ്പത്തിക സാദ്ധ്യതതൾ.

ഒരു സ്വതന്ത്ര ഭരണകേന്ദ്രത്തിന് അതിനെ വലയം ചെയ്തുകൊ
ണ്ടിരിക്കുന്ന ഭരണവർഗങ്ങൾക്കെതിരായുള്ള തന്ത്രം മാററിക്കൊണ്ടേയിരി
ക്കേണ്ടതുണ്ട്; ഭരണവർഗത്തിന്റെ അധികാരം താല്ക്കാലികമായി
സ്ഥിരതയുള്ളതായിരിക്കുമ്പോൾ ഒരു തന്ത്രവും ഭിന്നിച്ചിരിക്കുമ്പോൾ
മററൊരു തന്ത്രവും അതു സ്വീകരിക്കേണ്ടതാണ്. ഹുനാൻ, ഹുപെ പ്ര
വിശ്യകളിൽ ലിട്സുങ്ങ്–ജെനും ടേങ്ങ് ഷെങ്ങ്–ചിയും തമ്മിലും[1]
കാങ്ങ്ടുങ്ങ് പ്രവിശ്യയിൽ ചാങ്ങ്ഫാക്യൂയും ലിചി–ഷെനും തമ്മി
ലുമുണ്ടായ[2] യുദ്ധങ്ങളിലെന്നപോലെ ഭരണവർഗങ്ങൾ ഭിന്നിച്ചുനി
ല്ക്കുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ തന്ത്രം താരതമ്യേന സാഹസികമാ
കാവുന്നതാണ്, മാത്രമല്ല സൈനിക നടപടികൾകൊണ്ട് കാർന്നെടുക്കു
ന്ന പ്രദേശങ്ങൾ താരതമ്യേന വലുതും ആകാവുന്നതാണ്. എന്നിരിക്കി
ലും വെള്ളഭീകരത തിരിച്ചടിക്കുമ്പോൾ നമുക്കാശ്രയിക്കാനായി സുര
ക്ഷിതമായ വല്ലതുമുണ്ടായിരിക്കണമല്ലോ എന്നതുകൊണ്ട് നമ്മുടെ
മദ്ധ്യഭാഗങ്ങളിൽ സുദൃഢമായ ഒരു അടിത്തറ പാകുന്നതിൽ നാം ശ്ര
ദ്ധചെലുത്തിയേ തീരൂ. ഭരണവർഗങ്ങളുടെ അധികാരം താരതമ്യേന
സ്ഥിരതയുള്ളതായിരിക്കുന്ന ഒരു കാലഘട്ടത്തിൽ, ഉദാഹരണത്തിന്ന്
ഈ വർഷം ഏപ്രിലിന്നുശേഷം തെക്കൻ പ്രവിശ്യകളിലുണ്ടായിരുന്ന
പോലെയുള്ള കാലഘട്ടങ്ങളിൽ പടിപടിയായി മുന്നേറുന്ന ഒന്നായിരി

---

* ചൈനീസ് കമ്യൂണിസ്ററ് പാർട്ടിയുടെ കേന്ദ്രകമ്മിററിക്ക് സഖാവ് മാവോ സെതുങ്ങ് സമർപ്പിച്ച ഒരു റിപ്പോർട്ട്



ക്കണം നമ്മുടെ തന്ത്രം. അത്തരം കാലഘട്ടങ്ങളിൽ സാഹസികമായ ഒരു
മുന്നേററത്തിനുവേണ്ടി നമ്മുടെ സേനകളെ വിഭജിക്കുക എന്നത് സൈ
നികകാര്യങ്ങളെ സംബന്ധിച്ച ഏററവും മോശപ്പെട്ട കാര്യമാണ്. അതു
പോലെതന്നെ പ്രാദേശികപ്രവർത്തനത്തിൽ [ഭൂവിതരണം നടത്തൽ, രാ
ഷ്ട്രീയാധികാരം സ്ഥാപിക്കൽ, പാർട്ടി വിപുലീകരിക്കൽ, പ്രാദേ
ശിക സായുധസേനകളെ സംഘടിപ്പിക്കൽ എന്നിവയിൽ] ഏററവും മോ
ശമായ കാര്യം നമ്മുടെ സൈനികരെ ചിന്നിച്ചിതറി നിർത്തുകയും മ
ദ്ധ്യപ്രദേശങ്ങളിൽ സുദൃഢമായ ഒരു അടിത്തറ പാകാൻ ഉപേക്ഷവരു
ത്തുകയും ചെയ്യുക എന്നതാണ്. പല ചെറു ചുവപ്പുപ്രദേശങ്ങൾക്കും
നേരിടേണ്ടിവന്ന പരാജയത്തിനു കാരണം ഒന്നുകിൽ ആവശ്യമായ വസ്
തുനിഷ്ഠ സാഹചര്യങ്ങളുടെ അഭാവമോ അല്ലെങ്കിൽ അടവുകളെ സംബ
ന്ധിച്ചുള്ള ആത്മനിഷ്ഠമായ തെററുകളോ ആയിരുന്നു. ഈ രണ്ടുത
രം കാലഘട്ടങ്ങളെ തമ്മിൽ, അതായത് ഭരണവർഗങ്ങളുടെ അധികാരം താ
ല്ക്കാലികമായെങ്കിലും സ്ഥിരമായി നില്ക്കുന്ന കാലഘട്ടവും അതു
ഭിന്നിച്ചുനില്ക്കുന്ന കാലഘട്ടവും തമ്മിൽ, വ്യക്തമായും വേർതിരിച്ച
റിയുന്നതിൽ പററിയ പരാജയം കാരണമായിരുന്നു അടവുകളിലുള്ള ഇ
ത്തരം തെററുകൾ പ്രധാനമായും സംഭവിച്ചത്. താല്ക്കാലിക സ്ഥി
രതയുള്ള ഒരു കാലഘട്ടത്തിൽ സാഹസികമായ ഒരു മുന്നേററത്തിനുവേ
ണ്ടി നമ്മുടെ സേനകളെ വിഭജിക്കാൻ ചില സഖാക്കൾ വാദിക്കുകയും
വിപുലമായ പ്രദേശങ്ങളുടെ സംരക്ഷണം റെഡ്ഗാർഡുകളുടെ ചുമ
ലിൽ മാത്രമായി ഏല്പിക്കാൻ നിർദ്ദേശിക്കുകയുംകൂടി ചെയ്യുകയു
ണ്ടായി. ശത്രുവിന് ഭൂപ്രഭുക്കന്മാരുടെ ചോററുപട്ടാളത്തെക്കൊണ്ടു
മാത്രമല്ല സ്ഥിരം സേനകളെക്കൊണ്ട് കേന്ദ്രീകരിച്ച നടപടികൾ എടു
ക്കാൻകൂടി കഴിയുമെന്ന വസ്തുത അവർ വിസ്മരിച്ചു. പ്രാദേശിക
പ്രവർത്തനത്തിലാണെങ്കിൽ നമ്മുടെ മദ്ധ്യജില്ലകളിൽ സുദൃഢമായ ഒ
രു അടിത്തറ പാകാൻ അവർ തീർത്തും ഉപേക്ഷ വരുത്തുകയും, നമ്മു
ടെ കഴിവിന്റെ പരിമിതികൾ പരിഗണിക്കാതെ അനിയന്ത്രിതമായ വി
കാസത്തിന് ശ്രമിക്കുകയും ചെയ്തു. ആരെങ്കിലും സൈനികനടപടി
കളിൽ ക്രമാനുഗതമായ മുന്നേററത്തിന്റെ നയത്തിനുവേണ്ടിയോ, അഥ
വാ ഒരു അജയ്യമായ സ്ഥാനം കരസ്ഥമാക്കുന്നതിനു നമ്മുടെ മദ്ധ്യജി
ല്ലകളിൽ സുദൃഢമായ ഒരു അടിത്തറ പാകുന്നതിൽ പ്രാദേശിക പ്രവർ
ത്തനത്തിലെ നമ്മുടെ എല്ലാ കഴിവുകളും കേന്ദ്രീകരിക്കുക എന്ന നയത്തി
നുവേണ്ടിയോ വാദിക്കുകയാണെങ്കിൽ അയാളെ ഒരു 'യാഥാസ്ഥിതി
കൻ' എന്ന് അവർ മുദ്രകുത്തുകയായി. കഴിഞ്ഞ ആഗസ്ററ മാസത്തിൽ
ഹുനാൻ–കിയാങ്ങ്സി അതിർത്തിപ്രദേശത്തിനും തെക്കൻ ഹുനാനിൽ
നാലാം ചുവപ്പുസേനയ്ക്കും പററിയ പരാജയങ്ങളുടെ മൂലകാരണം അവ
രുടെ ഈ തെററായ ആശയങ്ങളായിരുന്നു.

കഴിഞ്ഞവർഷം ഒക്ടോബറിലായിരുന്നു ഹുനാൻ–കിയാങ്ങ്സി
അതിർത്തിപ്രദേശത്ത് നമ്മുടെ പ്രവർത്തനം ആരംഭിച്ചത്. തുടക്ക
ത്തിൽ കൗണ്ടി (ജില്ലയുടേയും സംസ്ഥാനത്തിന്റേയും അഥവാ പ്രവി
ശ്യയുടേയും ഇടയിലുള്ള ഒരു ഘടകം)കളിലെ നമ്മുടെ പാർട്ടി സംഘട
നയാകെ നാമാവശേഷമായിരുന്നു. പ്രാദേശിക സായുധസേനകളെപ്പററി
പറയുകയാണെങ്കിൽ അവ ചിങ്ങ്കാങ്ങ് പർവതങ്ങൾക്ക് സമീപം യു
വാൻവെൻ–സായിയുടേയും വാങ്ങ്ട്സോവിന്റേയും കീഴിലുള്ള രണ്ട്
ഘടകങ്ങൾ മാത്രമുൾക്കൊണ്ടതായിരുന്നു. ഇവയിലോരോന്നിനും കേ
ടുപാടുള്ള അറുപതു തോക്കുകളേ ഉണ്ടായിരുന്നുള്ളൂ. അതേസമയം യു
ങ്ങ്സിൻ, ലിൻഹുവ, ചാലിങ്ങ്, ലിങ്ങ്സിയൻ എന്നീ കൗണ്ടികളി
ലെ കർഷകസ്വയംസംരക്ഷകസേനകളെ ഭൂപ്രഭുവർഗം പൂർണമായും
നിരായുധരാക്കിക്കഴിഞ്ഞിരുന്നു. ബഹുജനങ്ങളുടെ വിപ്ളവാവേശ
ത്തെ ശ്വാസംമുട്ടിച്ച് നശിപ്പിച്ചിരുന്നു. ഈ വർഷം ഫെബ്രുവരിയോടെ

നിങ്കാങ്ങ്, യുങ്ങ്സിൻ, ചാലിങ്ങ്, സ്വിചുവാൻ എന്നിവിടങ്ങളിൽ കൗണ്ടിപാർട്ടികമ്മിററികൾ നിലവിൽ വന്നു. ലിങ്ങ്സിയനു് ഒരു പ്രത്യേക ജില്ലാകമ്മിററിയുമുണ്ടായി. ലിയൻഹുവായിൽ ഒരു പാർട്ടി സംഘടന പ്രവർത്തിക്കാനും വാനാൻകൗണ്ടികമ്മിററിയുമായി ബന്ധം സ്ഥാപിക്കാനും തുടങ്ങിക്കഴിഞ്ഞിരുന്നു. ലിങ്ങ്സിയൻ ഒഴിച്ചുള്ള എല്ലാ കൗണ്ടികൾക്കും ചെറുതോതിലുള്ള പ്രാദേശിക സായുധഘടകങ്ങൾ ഉണ്ടായിരുന്നു. നിങ്ങ്കാങ്ങ്, ചാലിങ്ങ്, സ്വിചുവാൻ യുങ്ങ്സിൻ എന്നിവിടങ്ങളിൽ, ഭൂപ്രഭുക്കന്മാർക്കെതിരായ വളരെയേറെ ഗറില്ലാ മുന്നേററങ്ങൾ നടന്നിരുന്നു. ഇവ ബഹുജനങ്ങളെ തട്ടിയുണർത്തിവിട്ടു. ഇവയെല്ലാം ഒട്ടേറെ വിജയിക്കുകയും ചെയ്തിരുന്നു. ആ കാലഘട്ടത്തിൽ കാർഷികവിപ്ളവം വേണ്ടത്ര മുന്നോട്ടു കൊണ്ടുപോയി കഴിഞ്ഞിരുന്നില്ല. രാഷ്ട്രീയാധികാരത്തിൻെറ ഘടകങ്ങളെ തൊഴിലാളികളുടേയും, കർഷകരുടേയും, പട്ടാളക്കാരുടേയും ഗവൺമെൻറുകളെന്നായിരുന്നു വിളിച്ചിരുന്നത്. പട്ടാളക്കാരുടെ കമ്മിററികൾ[3] സേനയിൽ സ്ഥാപിക്കപ്പെട്ടു. പ്രത്യേക പ്രവർത്തനങ്ങൾക്കായി സൈനികഘടകങ്ങൾ പോയപ്പോൾ അവയെ നയിക്കാനായി ആക്ഷൻ കമ്മിററികൾ (കർമ്മസമിതി) സ്ഥാപിച്ചു. അവിടുത്തെ പാർട്ടിയുടെ നേതൃത്വഘടകം മുന്നണികമ്മിററിയായിരുന്നു. [ഇതിൻെറ സിക്രട്ടറിയായിരുന്നു മാവോ സെതുങ്ങ്] ഈ കമ്മിററിയെ ശരത്കാലവിളവെടുപ്പ് ഉയിർത്തെഴുന്നേല്പ്[4] കാലത്ത് ഹുനാൻ സംസ്ഥാനകമ്മിററി നിയോഗിച്ചതായിരുന്നു. മാർച്ചുമാസം ആദ്യം തെക്കൻ ഹുനാനിലെ പ്രത്യേകകമ്മിററിയുടെ അപേക്ഷനുസരിച്ച് മുന്നണിക്കമ്മിററി റദ്ദാക്കപ്പെടുകയും അതിനെ ഡിവിഷനൽ പാർട്ടികമ്മിററിയായി പുനഃസംഘടിപ്പിക്കുകയും ചെയ്തു. (ഇതിൻെറ സിക്രട്ടറി ഹോടിങ്ങ്-യിങ്ങ് ആയിരുന്നു) അതോടെ ഈ കമ്മിററി സേനയിൽമാത്രം പാർട്ടി സംഘടനകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ഒന്നായിത്തീർന്നു. അതിനാണെങ്കിൽ പ്രാദേശിക പാർട്ടി സംഘടനകളുടെമേൽ യാതൊരധികാരവും ഇല്ലാതായി. അപ്പോഴേക്കും തെക്കൻ ഹുനാനിലെ പ്രത്യേക കമ്മിററിയുടെ അഭ്യർത്ഥനയനുസരിച്ച് മാവോ സെതുങ്ങിൻെറ സേനകൾ തെക്കൻ ഹുനാനിലേക്കയക്കപ്പെട്ടു. ഇതുമൂലം ഹുനാൻ കിയാങ്ങ്സി അതിർത്തിപ്രദേശം ഒരു മാസത്തിലേറേക്കാലം ശത്രു കീഴടക്കിനിർത്തി. മാർച്ച് അവസാനമാണ് തെക്കൻ ഹുനാനിലെ പരാജയം സംഭവിച്ചത്. അതിനെതുടർന്ന് ഏപ്രിലിൽ ചൂട്ടെയുടെ നേതൃത്വത്തിലുള്ള സേനകളും മാവോസെതുങ്ങിൻെറ നേതൃത്വത്തിലുള്ള സേനകളും തെക്കൻ ഹുനാനിലെ കർഷകസേനയോടൊപ്പം നിങ്കാങ്ങിലേക്കു പിന്മാറുകയും അതിർത്തിപ്രദേശത്ത് ഒരു സ്വതന്ത്ര ഭരണകേന്ദ്രം പുനഃസ്ഥാപിക്കാൻ ആരംഭിക്കുകയും ചെയ്തു.

ഏപ്രിൽതൊട്ട് ഹുനാൻ–കിയാങ്ങ്സി അതിർത്തിപ്രദേശത്തെ സ്വതന്ത്ര ഭരണകേന്ദ്രത്തിന് തെക്കുഭാഗത്ത് താല്ക്കാലികമായെങ്കിലും നിലയുറപ്പുള്ള ഒരു ഭരണശക്തിയെ അഭിമുഖീകരിക്കേണ്ടിവന്നു. നമ്മെ 'അടിച്ചമർത്താ'നായി ഹുനാനും കിയാങ്ങ്സിയും ചുരുങ്ങിയത് എട്ടും, ഒമ്പതോ പിന്തിരിപ്പൻ സേനാറജിമെൻറുകളെ അയക്കും. ചിലപ്പോൾ അത് പതിനെട്ടോളമാകും. എങ്കിലും നാലു റജിമെൻറിൽ കുറഞ്ഞ ഒരു സൈന്യവുമായി നാലു നീണ്ട മാസങ്ങളോളം ഞങ്ങൾ ശത്രുവിനോട് പോരാടി. ഈ പോരാട്ടത്തിനിടയിൽ നമ്മുടെ സ്വതന്ത്ര ഭരണത്തിൻ കീഴിലുള്ള പ്രദേശങ്ങൾ അനുദിനം വിസ്തൃതമാക്കുകയും കാർഷിക വിപ്ളവത്തിന് ആഴം കൂട്ടുകയും ജനകീയ രാഷ്ട്രീയാധികാരം വ്യാപിപ്പിക്കുകയും ചുവപ്പു സേനയേയും റെഡ്ഗാഡുകളേയും വിപുലീകരിക്കുകയും ചെയ്തു. അതിർത്തി പ്രദേശത്തെ പാർട്ടി സംഘടനകളുടെ (പ്രാദേശികവും സേനയിലേയും) നയങ്ങൾ ശരിയായതുകൊ



ണ്ടായിരുന്നു ഇതു സാദ്ധ്യമായത്. പാർട്ടിയുടെ അതിർത്തിപ്രദേശത്തെ പ്രത്യേക കമ്മിററി (മാവോ സെതുങ്ങ് സിക്രട്ടറിയായുള്ള)യുടേയും സൈനിക കമ്മിററി (ചെൻയി സിക്രട്ടറിയായുള്ള) യുടേയും നയങ്ങൾ അപ്പോൾ താഴെപറയുന്നവയായിരുന്നു:

ശത്രുവിന്നെതിരായി മനസുറപ്പോടെ സമരം ചെയ്യുക. ലോഹ്സിയാങ്ങ് പർവതനിരകളുടെ മദ്ധ്യഭാഗത്ത് രാഷ്ട്രീയാധികാരം സ്ഥാപിക്കുക. പാലായനവാദത്തെ എതിർക്കുക.

സ്വതന്ത്ര ഭരണകേന്ദ്രത്തിൻകീഴിലുള്ള പ്രദേശങ്ങളിൽ കാർഷിക വിപ്ളവത്തിന് ആഴം കൂട്ടുക.

സേനയിലെ പാർട്ടി സംഘടനയുടെ സഹായത്തോടെ പ്രാദേശിക പാർട്ടി സംഘടനയുടെ വികാസം കൈവരുത്തുകയും സ്ഥിരം സേനയുടെ സഹായത്തോടെ പ്രാദേശിക സായുധസേനകളുടെ വികാസം കൈവരുത്തുകയും ചെയ്യുക.

താരതമ്യേന പ്രബലമായ ഭരണാധികാരശക്തിയുള്ള ഹുനാനെതിരെ പ്രതിരോധത്തിൽ ഊന്നുക. താരതമ്യേന ദുർബലമായ ഭരണാധികാരശക്തിയായ കിയാങ്ങ്സിക്കെതിരെ കടന്നാക്രമണ നടപടി എടുക്കുക.

യുങ്ങ്സിനിൻെറ വികസനത്തിനുവേണ്ടി വമ്പിച്ച പരിശ്രമങ്ങൾ നടത്തുക. അവിടെ ഒരു ജനകീയ സ്വതന്ത്ര ഭരണാധികാരകേന്ദ്രം സ്ഥാപിക്കുകയും ഒരു ദീർഘകാല സമരത്തിനു തയ്യാറാവുകയും ചെയ്യുക.

അവസരം പക്വമാകുമ്പോൾ തങ്ങൾ അഭിമുഖീകരിക്കുന്ന ശത്രുസേനകളോട് പോരാടുവാൻ ചുവപ്പു സേനാഘടകങ്ങളെ കേന്ദ്രീകരിച്ചുനിർത്തുക. ഒന്നൊന്നായി നശിപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻവേണ്ടി നമ്മുടെ സേനകളുടെ വിഭജനത്തെ എതിർക്കുക.

സ്വതന്ത്ര ഭരണകേന്ദ്രത്തിൽ കീഴിലുള്ള പ്രദേശങ്ങൾ വിപുലീകരിക്കാനായി തുടരെത്തുടരെ അലകളെന്നോണം മുന്നേറുകയെന്ന നയം അംഗീകരിക്കുക. സാഹസികമായ മുന്നേററംവഴി വിപുലീകരിക്കുക എന്ന നയത്തെ എതിർക്കുക.

ഈ ശരിയായ അടവുകളുടെ ഫലമായും നമ്മുടെ സമരത്തിന്നനുകൂലമായ അതിർത്തി പ്രദേശത്തെ ഭൂപ്രകൃതി കാരണവും ഹുനാനിൽനിന്ന് ആക്രമിക്കുന്ന ശത്രുസേനകളും കിയാങ്ങ്സിയിൽനിന്ന് ആക്രമിക്കുന്ന ശത്രുസേനകളും തമ്മിലുള്ള പരസ്പര ധാരണയുടെ അപര്യാപ്തതയാലും ഏപ്രിൽ തൊട്ട് ജൂലായ് വരേയുള്ള നാലുമാസങ്ങളിൽ കുറേയേറെ സൈനിക വിജയങ്ങൾ നേടാനും ജനകീയ സ്വതന്ത്ര ഭരണകേന്ദ്രം വിപുലീകരിക്കാനും നമുക്കു കഴിയുകയുണ്ടായി. നമ്മേക്കാളും എത്രയോ മടങ്ങ് ശക്തിയേറിയതാണെങ്കിൽപോലും ശത്രുവിന് നമ്മുടെ ഭരണാധികാരത്തിൻെറ വികാസം തടയാൻ സാധിച്ചില്ല. അതിനെ നശിപ്പിക്കുന്നതിനെപ്പററി പിന്നെ പറയേണ്ടതുമില്ലല്ലൊ. ഹുനാൻെറ മീതേയും കിയാങ്ങ്സിയുടെ മീതേയും നിരന്തരം വളർന്നുകൊണ്ടിരിക്കുന്ന സ്വാധീനം ചെലുത്താൻ നമ്മുടെ ഭരണകേന്ദ്രത്തിനു അവസരമുണ്ടായി. ഭരണവർഗങ്ങളെ സംബന്ധിച്ചടത്തോളം താല്ക്കാലികമായെങ്കിലും സ്ഥിരതയുള്ള ഒരു കാലമാണതെന്നു മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടതു കാരണം ചില സഖാക്കൾ ഭരണവർഗങ്ങൾക്കിടയിൽ ഭിന്നതകളുടെകാലഘട്ടത്തിനു പററിയ ഒരു നയം അംഗീകരിക്കുകയും തെക്കൻ ഹുനാൻെറ നേരെ ഒരു സാഹസിക മുന്നേററത്തിനു വേണ്ടി നമ്മുടെ സേനകളെ വിഭജിക്കുകയും ചെയ്തു. ഇതുമൂലം രണ്ടു ദിക്കിലും, അതായത് അതിർത്തി പ്രദേശത്തും തെക്കൻ ഹുനാനിലും നമ്മുടെ പരാജയത്തിനു കാരണമായി. ഹുനാൻ സംസ്ഥാനകമ്മററിയുടെ പ്രതിനിധിയായ ടുഹ സ്യൂ–ചിങ്ങും അതിർത്തി പ്രദേശത്തെ പ്രത്യേകകമ്മററിയുടെ സിക്രട്ടറിയായി സംസ്ഥാനകമ്മിററി നിയോഗിച്ച യാങ്ങ് കായ്–മിങ്ങും യഥാർത്ഥ

പരിതഃസ്ഥിതി ഗ്രഹിക്കുന്നതിൽ പരാജയപ്പെടുകയും, അവരുടെ നയത്തെ ശക്തിയായെതിർത്ത മാവൊ സെതുങ്ങ്, വാൻഹ്സി–ഹ്സിയൻ തുടങ്ങിയ മററു സഖാക്കളെല്ലാം വളരെയകലെയുള്ള യുങ്ങ്സിനിലാണെന്ന വസ്തുത ദുരുപയോഗപ്പെടുത്തിക്കൊണ്ട്, ഹുനാൻ സംസ്ഥാനകമ്മിററിയുടെ അഭിപ്രായങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ച പാർട്ടിയുടെ സൈനികകമ്മിററിയുടേയും പ്രത്യേകക്കമ്മററിയുടേയും യുങ്ങ്സിൻ കൗണ്ടിക്കമ്മിററിയുടേയും സംയുക്തയോഗത്തിന്റെ പ്രമേയങ്ങളെ അവഗണിക്കുകയും ചെയ്തു. തെക്കൻഹുനാനിലേയ്ക്ക് മുന്നേറുകയെന്ന ഹുനാൻ സംസ്ഥാനകമ്മിററിയുടെ കല്പന അവർ യാന്ത്രികമായി നടപ്പിലാക്കുകയും സമരത്തിൽനിന്ന് ഒഴിഞ്ഞുമാറാനും സ്വന്തം വീടുകളിലേക്ക് മടങ്ങാനുമുള്ള ചുവപ്പുസേനയിലെ ഇരുപത്തൊമ്പതാം റജിമെൻറിന്റെ (യിച്ചാങ്ങിൽനിന്നുള്ള കർഷകരാണ് ഇവർ) ആഗ്രഹത്തിന് വഴങ്ങുകയും അങ്ങിനെ രണ്ടിടത്തും, അതായതു അതിർത്തി പ്രദേശത്തും തെക്കൻ ഹുനാനിലും, പരാജയത്തിന് ഇടയാക്കുകയും ചെയ്തു.

തുടക്കത്തിൽ, ജൂലായ് മദ്ധ്യത്തിൽ, വുഷാങ്ങിന്റെ നേതൃത്വത്തിൽ ഹുനാനിൽ നിന്നുള്ള എട്ടാം പട നിങ്കാങ്ങ് ആക്രമിക്കുകയും യുങ്ങ്സിനിലേക്ക് പ്രവേശിക്കുകയും നമ്മളുമായി പടപൊരുതാൻ വ്യർത്ഥമായി ശ്രമിക്കുകയും [ഒരു ഭാഗത്തുള്ള നിരത്തിൽ വെച്ച് നമ്മുടെ ആളുകൾ അവരെ ആക്രമിക്കാൻ ശ്രമിച്ചെങ്കിലും അവരെ കണ്ടുകിട്ടിയില്ല.] നമുക്ക് പിന്തുണ നൽകിയിരുന്ന ബഹുജനങ്ങളെ ഭയന്ന് ലിയൻഹുവാവഴി ചാലിങ്ങിലേയ്ക്ക് തിരക്കിട്ടു പിന്മാറുകയും ചെയ്തു. ഈ സമയത്ത് ലിങ്ങ്സിയനേയും ചിലിങ്ങിനേയും ആക്രമിക്കാനായി നിങ്കാങ്ങിൽനിന്നു മുന്നേറിക്കൊണ്ടിരുന്ന ചുവപ്പുസേനയുടെ പ്രധാന വിഭാഗം ലിങ്ങ്സിയനിൽ എത്തിയതോടെ അതിന്റെ പരിപാടി മാററുകയും തെക്കൻ ഹുനാന്റെ നേരെ തിരിക്കുകയും ചെയ്തു. അതേസമയം വാങ്ങ്ചുങ്ങിന്റേയും ചിൻഹാൻ-ടിങ്ങിന്റേയും നേതൃത്വത്തിലുള്ള മൂന്നാം സേനയുടെ അഞ്ചു റജിമെൻറുകളും ഹുവെൻടൗവിന്റെ നേതൃത്വത്തിലുള്ള ആറാം സേനയുടെ ആറ് റജിമെൻറുകളുമുൾക്കൊള്ളുന്ന കിയാങ്ങ്സിയിൽനിന്നുള്ള ശത്രുസേനകൾ യുങ്ങ്സിനു നേരെ കൂട്ടായ ഒരാക്രമണം അഴിച്ചുവിട്ടു. ആ സമയത്ത് യുങ്ങ്സിനിൽ നമുക്ക് ഒരൊററ റജിമെൻറ ഉണ്ടായിരുന്നുള്ളു. ഇതാകട്ടെ വിപുലമായ ബഹുജനവിഭാഗങ്ങൾ സൃഷ്ടിച്ച സംരക്ഷണകവചത്തിന്റെ മറവിൽ എല്ലാ ഭാഗങ്ങളിൽനിന്നും അഴിച്ചുവിട്ട ഗറില്ലാ ആക്രമണങ്ങൾവഴി ദീർഘിച്ച ഇരുപത്തഞ്ച്ദിവസങ്ങളോളം യാങ്ങ്സിൻകൗണ്ടി തലസ്ഥാനത്തിന്റെ മുപ്പത് ലി[ഒരു ലി = ഏകദേശം 1/3നാഴിക]യ്ക്ക് ചുററും ഈ പതിനൊന്ന് റജിമെൻറുകളേയും പിടിച്ചുനിർത്തി. അവസാനം ശത്രുവിന്റെ ഭയങ്കരമായ ആഞ്ഞടികാരണം യുങ്ങ്സിൻ നമുക്ക് നഷ്ടപ്പെട്ടു. ഏറെക്കഴിയാതെ ലിയൻഹുവായും നിങ്കാങ്ങും കൂടി നമുക്കു നഷ്ടപ്പെടേണ്ടിവന്നു. ഈ സമയത്ത് കിയാങ്ങ്സി ശത്രു സേനകൾക്കിടയിൽ അഭ്യന്തരകലഹങ്ങൾ പെടുന്നനവേ പൊട്ടിപ്പുറപ്പെടുകയുണ്ടായി. അതോടെ ഹുവൻ–ടൗവിന്റെ കീഴിലുള്ള ആറാംസേന ധൃതിയിൽ പിന്മാറുകയും വാങ്ങ്ചുന്നിന്റെ മൂന്നാംസേനയുമായി ചാങ്ങ്ഷൂവിൽവെച്ച് ഏററുമുട്ടുകയും ചെയ്തു. ബാക്കിയുള്ള അഞ്ച് കിയാങ്ങ്സി റജിമെൻറുകൾ യുങ്ങ്സിൻ എന്ന ഉൾനാടൻ നഗരത്തിലേക്ക് ധൃതിയോടെ പിന്മാറി. നമ്മുടെ പ്രധാന സൈനികഘടകം തെക്കൻ ഹുനാനിലേയ്ക്ക് മാറിയിരുന്നില്ലെങ്കിൽ ഈ ശത്രുസേനകളെ പററെപരാജയപ്പെടുത്താൻതീർച്ചയായും നമുക്കു സാദ്ധ്യമാകുമായിരുന്നു. ക്യാൻ, ആൻഫൂ, പിങ്ങ്സിയാങ്ങ് എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയുംകൊണ്ട് നമ്മുടെ സ്വാതന്ത്ര്യഭരണം വിപുലീകരിക്കാനും പിങ്ങ്ക്യാങ്ങും, ല്യൂയാങ്ങുമായി അതിനെ കണ്ണിചേർത്തൊന്നിപ്പിക്കാനും തീർച്ചയായും സാദ്ധ്യമാകുമാ



യിരുന്നു. പക്ഷെ പ്രധാന സൈനികഘടകം സ്ഥലത്തില്ലാത്തതിനാലും, അവശേഷിച്ച ഒരേയൊരു റജിമെൻറ് അത്യധികം ക്ഷീണിച്ചിരുന്നതിനാലും, യുവാൻ വെൻട്സായിയുടേയും വാങ്ങ്ട്സോവിന്റേയും കീഴിലുള്ള രണ്ടു ഘടകങ്ങളുമായി സഹകരിച്ച് ചില സൈനികരെ ചിങ്ങ്കാങ്ങ് പർവ്വതങ്ങളെ കാത്തുരക്ഷിക്കാൻവേണ്ടി സ്ഥലത്തുനിർത്തിയിട്ട് നമ്മുടെ പ്രധാന സൈനികഘടകത്തെ കണ്ടുമുട്ടി അതിനെ തിരിച്ചുകൊണ്ടുവരാൻവേണ്ടി അവശേഷിക്കുന്ന സൈനികരേയുംകൊണ്ട് ഞാൻ ക്യൂടങ്ങിലേക്ക് പോകണമെന്നും തീരുമാനിക്കപ്പെട്ടു. അപ്പോഴേയ്ക്കും നമ്മുടെ പ്രധാന സൈനികഘടകം തെക്കൻ ഹുനാനിൽനിന്ന് ക്യൂടങ്ങിലേയ്ക്ക് പിന്മാറുകയായിരുന്നു. അങ്ങിനെ ആഗസ്ററ് 23ന് ഞങ്ങൾ കണ്ടുമുട്ടുകയും ഒന്നായിചേരുകയും ചെയ്തു.

ജൂലായ് മദ്ധ്യത്തിൽ ചുവപ്പ്സേനയുടെ പ്രധാനഘടകം ലിങ്ങ്സിനിയനിൽ എത്തിച്ചേർന്നപ്പോൾ രാഷ്ട്രീയമായി ആടിക്കളിച്ചുകൊണ്ടിരുന്നവരും തെക്കൻഹുനാനിലെ തങ്ങളുടെ കുടിയിടങ്ങളിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിച്ചിരുന്നവരുമായ 29–ാം റജിമെൻറിലെ ഓഫീസർമാരും അണികളും കല്പനകൾ അനുസരിക്കാൻ കൂട്ടാക്കിയില്ല. അതേസമയം 28–ാം റജിമെൻറാകട്ടെ തെക്കൻ ഹുനാനിലേക്കു പോകുന്നതിനെ എതിർക്കുകയും പകരം തെക്കൻ കിയാങ്ങ്സിയിലേക്കു പോകാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. എന്തുതന്നെയായാലും യുങ്ങ്സിനിലേക്കു തിരിച്ചുപോകുന്നതിനവർ ആഗ്രഹിച്ചിരുന്നില്ല. 29–ാം റജിമെൻറിന്റെ തെററായ ആശയങ്ങളെ ടുഹ്സ്യൂ – ചിങ്ങ് പ്രോൽസാഹിപ്പിച്ചതു കാരണവും സൈനികകമ്മിററി അവരെ അതിൽനിന്നു നിരുൽസാഹപ്പെടുത്താൻ പരാജയപ്പെട്ടതു കാരണവും ജൂലായ് 17–ാം തീയതി നമ്മുടെ പ്രധാന വിഭാഗം ലിങ്ങ്സിയനിൽനിന്ന് ചെൻചൌവിലേക്കു പുറപ്പെട്ടു. ജൂലായ് 24–നു ചെൻചൌവിൽവച്ചു ഫേൻഷീ–ഷെങ്ങിന്റെ കീഴിലുള്ള ശത്രുസേനകളുമായുണ്ടായ ഒരേററുമുട്ടലിൽ ആരംഭത്തിൽ അതു വിജയിച്ചെങ്കിലും പിന്നീട് പരാജയപ്പെടുകയും പോർക്കളത്തിൽനിന്ന് പിന്മാറുകയും ചെയ്തു. തുടർന്ന് സ്വന്തം ഇഷ്ടാനുസരണം 29–ാം റജിമെൻറ് യിചാങ്ങിലുള്ള തങ്ങളുടെ കുടിയിടങ്ങളെ ലക്ഷ്യംവെച്ചു ധൃതിയിൽ മടങ്ങുകയും ഇതുമൂലം ഒരുവിഭാഗം ഹുഫെങ്ങ്–ചാങ്ങിന്റെ കൊള്ളസംഘത്താൽ ലോചാങ്ങിൽ വെച്ചു കൊന്നൊടുക്കപ്പെടുകയും മറെറാരു വിഭാഗം ചെൻ ചൌ–യിചാങ്ങ് പ്രദേശത്തുവെച്ച് സംഘംവിട്ടു പരക്കെ ചിന്നിച്ചിതറുകയും ചെയ്തു. പിന്നീട് ഇന്നുവരെ അവരെപ്പററി ഒന്നുംതന്നെ കേട്ടിട്ടുമില്ല. ആകെ നൂറിൽ താഴെപേരെ മാത്രമേ അന്നേ ദിവസം നമുക്കു വീണ്ടും ശേഖരിച്ച് ഒന്നിപ്പിക്കാൻ കഴിഞ്ഞുള്ളൂ. ഭാഗ്യവശാൽ നമ്മുടെ പ്രധാന ശക്തിയായിരുന്ന 28–ാം റജിമെൻറിന്ന് വലിയ നഷ്ടങ്ങളൊന്നും സംഭവിച്ചിട്ടില്ലായിരുന്നു. അങ്ങിനെ ആഗസ്ററു 18–നു അത് ക്യൂടങ്ങ് കീഴടക്കി. ആഗസ്ററ് 23–നു ചിങ്ങ്കാങ്ങ് പർവ്വതങ്ങളിലെ സൈനികർ ഈ റജിമെൻറുമായി കൂടിച്ചേർന്ന്. ചുങ്ങ്യി വഴിയായും ഷേങ്ങ്യുവഴിയായും ഈ ഒന്നിച്ചുചേർന്ന സേനകൾ ചിങ്ങ്കാങ്ങ് പർവ്വതങ്ങളിലേക്കു തിരിച്ചുപോകേണ്ടതാണെന്നു തീരുമാനിച്ചിരുന്നു. ചുങ്ങ്യിയിൽ നാം എത്തിച്ചേർന്നപ്പോൾ ബററാലിയൻ കമാണ്ടറായ യുവാൻ ചുങ്ങ്–ചുവാൻ ഒരു കാലാൾപടയുടെ കമ്പനിയോടും ഒരു പീരങ്കിപ്പടയുടെ കമ്പനിയോടുംകൂടി കൂറുമാറി സ്ഥലംവിട്ടു. ഈ രണ്ടു കമ്പനികളേയും വീണ്ടും തിരിച്ചുകൊണ്ടുവരാൻ നമുക്കു കഴിഞ്ഞെങ്കിലും ഈ ശ്രമത്തിൽ നമ്മുടെ റജിമെൻറ് കമാണ്ടറായ വേങ്ങ് എർ–ചോവിന് ജീവഹാനി സംഭവിച്ചു. നമ്മുടെ സൈനികർ ചിങ്ങ്കാങ്ങ് പർവ്വതങ്ങളിൽ എത്തിച്ചേരുന്നതിനു മുമ്പാണ് ആഗസ്ററ് 30–നു ചിങ്ങ്കാങ്ങ് പർവ്വതങ്ങളെ ആക്രമിക്കാനുള്ള അവസരം ഹുനാ

നിൽനിന്നും കിയാങ്ങ്സിയിൽനിന്നുമുള്ള ശത്രുസേനകൾ വിനിയോഗിച്ചത്. ഞങ്ങൾക്കനുകൂലമായ ഭൂപരമായ സാഹചര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രതിരോധത്തിലേർപ്പെട്ട ഒരു ബററാലിയനിൽ കുറവു സംഖ്യവരുന്ന നമ്മുടെ സൈനികർ ശക്തിയായി തിരിച്ചടിക്കുകയും ശത്രുവിനെ തിരിച്ചോടിക്കുകയും അവസാനം താവളപ്രദേശം രക്ഷപ്പെടുത്തുകയും ചെയ്തു.

ആഗസ്ത്മാസത്തെ നമ്മുടെ പരാജയത്തിന്റെ കാരണങ്ങൾ താഴെ പറയുന്നവയായിരുന്നു. 1) ചാഞ്ചാടിക്കൊണ്ടിരുന്നവരും സ്വഭവനങ്ങളിൽ എത്തിച്ചേരാൻ ആഗ്രഹിച്ചിരുന്നവരുമായ ചില ഓഫീസർമാരുടേയും ഭടന്മാരുടേയും സമരശേഷി നശിച്ചു, തെക്കൻ ഹുനാനിലേക്കു പോകാൻ ഇഷ്ടപ്പെടാത്ത മററുള്ളവർക്കാകട്ടെ ഒന്നിനും ഒരു ഉൽസാഹവുമുണ്ടായിരുന്നില്ല. 2) കടുത്ത വേനൽക്കാല ചൂടിൽ ദീർഘയാത്രകൾ ചെയ്തതു. മൂലം നമ്മുടെ ഭടന്മാർ അത്യധികം ക്ഷീണിതരായിരുന്നു. 3) ലിങ്ങ്സിയനിൽനിന്ന് നൂറുകണക്കിനു ലി അകലേയ്ക്ക് നീങ്ങിപ്പോയ കാരണം അതിർത്തിപ്രദേശവുമായുള്ള ബന്ധം നമ്മുടെ ഭടന്മാർക്കു നഷ്ടപ്പെടുകയും അങ്ങിനെ അവർ ഒററപ്പെട്ടുപോവുകയും ചെയ്തു. 4) തെക്കൻ ഹുനാനിലെ ബഹുജനങ്ങളെ ഇനിയും ഉണർത്തിവിടാൻ കഴിയാത്തതുകൊണ്ട് ഈ സൈനികനടപടി ഒരു തനി സൈനിക സാഹസികത്വമായി പരിണമിച്ചു. 5) ശത്രുവിന്റെ സ്ഥിതിയെപ്പററി നമുക്ക് യാതൊരറിവുമുണ്ടായിരുന്നില്ല. 6) തയ്യാറെടുപ്പുകൾ അപര്യാപ്തമായിരുന്നു. ഓഫീസർമാർക്കും അണികൾക്കും ഈ സൈനികനടപടിയുടെ ഉദ്ദേശമെന്തെന്ന് അറിയാമായിരുന്നില്ല.

## സ്വതന്ത്രഭരണാധികാരത്തിൻകീഴിലുള്ള പ്രദേശത്തെ വർത്തമാനസ്ഥിതി

ഈ വർഷം ഏപ്രിൽതൊട്ട് ചുവപ്പുപ്രദേശങ്ങൾ ക്രമേണ വിപുലീകരിക്കപ്പെട്ടിട്ടുണ്ട്. കിയാങ്ങ്സിയിലെ ശത്രുസേനകളെ നാലാംതവണയും നാം പരാജയപ്പെടുത്തിയ ജൂൺ 28-ന്റെ ലുങ്ങ്യുവാൻ കൗവിലെ പോരാട്ടത്തിനുശേഷം (യുങ്ങ്സിനിന്റേയും നിങ്കാങ്ങിന്റേയും അതിർത്തികളിൽ) അതിർത്തിപ്രദേശം അതിന്റെ വികാസത്തിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. ഇതിൽ നിങ്കാങ്ങ്, യുങ്ങ്സിൻ, ലിയൻഹുവാ എന്നീ മൂന്നുകൗണ്ടികളും കിയാനിന്റേയും, ആൻഫൂവിന്റേയും ചെറുഭാഗങ്ങളും സ്വിച്ചുവാന്റെ വടക്കെഭാഗവും ലിങ്ങ്സിയന്റെ തെക്കുകിഴക്കൻഭാഗവും പെടുമായിരുന്നു. ചുവപ്പുപ്രദേശങ്ങളിൽ ഭൂരിഭാഗം ഭൂമിയും വിതരണം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. ബാക്കിയുള്ളതു വിതരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കയുമായിരുന്നു. ജില്ലകളിലും ചെറുനഗരങ്ങളിലുമെല്ലാം രാഷ്ട്രീയാധികാരഘടകങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിരുന്നു. കൗണ്ടിനിലവാരത്തിലുള്ള ഗവൺമെൻറുകൾ നിങ്കാങ്ങ്, യുങ്ങ്സിൻ, ലിയൻഹുവാ, സ്വചുവാൻ എന്നിവിടങ്ങളിൽ സ്ഥാപിക്കുകയും ഒരു അതിർത്തിപ്രദേശസർക്കാർ രൂപീകരിക്കപ്പെടുകയും ചെയ്തിരുന്നു. തൊഴിലാളികളുടേയും, കർഷകരുടേയും ഉയർത്തെഴുന്നേല്പിനുള്ള സൈനികഘടകങ്ങൾ ഗ്രാമങ്ങളിൽ സംഘടിപ്പിച്ചു. ജില്ലാനിലവാരത്തിലും, കൗണ്ടിനിലവാരത്തിലും റെഡ്ഗാർഡുകൾ രൂപീകരിക്കപ്പെട്ടു. ജൂലായ്മാസത്തിൽ കിയാങ്ങ്സിയിലെ ശത്രുസേനകൾ ആക്രമണങ്ങൾ അഴിച്ചുവിടുകയുണ്ടായി. ആഗസ്ററിലാകട്ടെ ഹുനാനിന്റേയും കിയാങ്ങ്സിയുടേയും ശത്രുസേനകൾ കൂട്ടായി ചിങ്ങ്കാങ്ങ് പർവ്വതങ്ങളെ ആക്രമിച്ചു. അതിർത്തിപ്രദേശത്തെ എല്ലാ ചെറുനഗരങ്ങളും സമതലപ്രദേശങ്ങളും ശത്രു അധീനത്തിലാക്കി. ശത്രുവിന്റെ കള്ളക്കുറുക്കന്മാർ—അതായതു സമാധാനസംരക്ഷകസേനയും



ഭൂപ്രഭുക്കന്മാരുടെ കൂലിപ്പടയും—അനിയന്ത്രിതമായി നാടുനീളെ ഓടിനടന്ന്. നഗരങ്ങളിലും നാട്ടിൻപുറത്തും മുഴുക്കെ വെള്ളഭീകരത നടമാടി. മിക്കവാറും എല്ലാ പാർട്ടിഘടകങ്ങളും ഗവൺമെൻറ് സംഘടനകളും തകർന്നു. ധനികകർഷകരും പാർട്ടിക്കുള്ളിലുണ്ടായിരുന്ന അവസരസേവകരും വൻതോതിൽ ശത്രുഭാഗത്തേക്ക് ചേരി മാറി. ആഗസ്ററ് 30-നു ചിങ്ങ്കാങ്ങ് പർവ്വതങ്ങളിലെ പോരാട്ടം കഴിഞ്ഞതോടെയായിരുന്നു ഹുനാൻ ശത്രുസേനകൾ ലിങ്ങ്സിയനിലേക്കു പിന്മാറിയത്. എങ്കിലും എല്ലാ ചെറുനഗരങ്ങളും മിക്കവാറും എല്ലാ ഗ്രാമങ്ങളും അപ്പോഴും കിയാങ്ങ്സി സേനകളുടെ കൈകളിൽതന്നെയായിരുന്നു. എങ്കിലും ശത്രുവിന് ഒരിക്കലും നമ്മുടെ പർവ്വതപ്രദേശങ്ങൾ പിടിച്ചടക്കാൻ കഴിഞ്ഞിരുന്നില്ല. നിങ്കാങ്ങിന്റെ പടിഞ്ഞാറും വടക്കുമുള്ള ജില്ലകളും, യുങ്ങ്സിനിന്റെ വടക്കും പടിഞ്ഞാറും തെക്കും ഭാഗങ്ങളായ ടിയൻലൂങ്ങ്, സ്യാഒ, സിക്യാങ്ങ്, വന്നിയൻഷാൻ ജില്ലകളും ലിയൻഹുവയുടെ ഷങ്ങ്സി ജില്ലയും സ്വിചുവാന്റെ ചിങ്ങ്കാങ്ങ് ഷാൻജില്ലയും ലിങ്ങ്സിയന്റെ ട്സിങ്ങ്ഷിക്കാങ്ങ്, ടായുവാൻ ജില്ലകളും ഇതിൽപെടുന്നു. ജൂലായ്—ആഗസ്ററ് മാസങ്ങളിൽ വിവിധ കൗണ്ടികളിൽനിന്നുള്ള റെഡ് ഗാർഡുകളുമായി ബന്ധം പുലർത്തിക്കൊണ്ട് ചുവപ്പുസേനയുടെ ഒരു റജിമെൻറ് വലുതും ചെറുതുമായ നിരവധി പോരാട്ടങ്ങൾ നടത്തുകയുണ്ടായി. പർവ്വതങ്ങളിലേക്ക് അവസാനമായി പിൻമാറുന്നതിനുമുമ്പേ ഇതിലവർക്ക് ആകെ നഷ്ടപ്പെടേണ്ടിവന്നത് മുപ്പതു റൈഫിളുകൾ മാത്രമായിരുന്നു.

ചുങ്ങ്യിയും ഷേങ്ങ്യുവുംവഴി ചിങ്ങ്കാങ്ങ് പർവതങ്ങളിലേക്ക് നമ്മുടെ സൈനികർ തിരിച്ചുപോകുമ്പോൾ തെക്കൻ കിയാങ്ങ്സി ശത്രുസേനയായ ല്യൂഷി—യിയുടെ കീഴിലുള്ള സ്വതന്ത്ര ഏഴാം ഡിവിഷൻ സ്വിചുവാൻവരെ നമ്മെ പിന്തുടർന്നു. സെപ്തമ്പർ 13-ന് ല്യൂഷി-യിയെ നാം പരാജയപ്പെടുത്തുകയും നൂറുകണക്കിന് തോക്കുകൾ പിടിച്ചെടുക്കുകയും സ്വിചുവാൻ അധീനപ്പെടുത്തുകയും ചെയ്തു. സെപ്തമ്പർ 26-ന് ചിങ്ങ്കാങ്ങ് പർവ്വതങ്ങളിൽ ഞങ്ങൾ തിരിച്ചെത്തി. ഒക്ടോബർ 17-ന് നിങ്കാങ്ങിൽവെച്ച് ചൗഹുൻ—യുവാന്റെ നേതൃത്വത്തിലുള്ള സിയുങ്ങ് ഷി—ഹ്യൂയുടെ ബ്രിഗേഡുകളിലൊന്നിനെ ഞങ്ങൾ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്തു. ഇതോടെ നിങ്കാങ്ങ് കൗണ്ടി മുഴുവനായും ഞങ്ങൾക്ക് വീണ്ടെടുക്കാൻ കഴിഞ്ഞു. ഈ സമയം ക്യൂടങ്ങിൽ നിലയുറപ്പിച്ചിരുന്ന യെൻ ചുങ്ങ്—ജൂവിന്റെ കീഴിലുള്ള ഹുനാൻ ശത്രുസേനയിലെ 126 സൈനികർ നമ്മുടെ ഭാഗം ചേരുകയും അവരെ പിചാൻ—യുണിന്റെ നേതൃത്വത്തിൽ പ്രത്യേക കടമകൾ നിർവഹിക്കുന്നതിനുള്ള ഒരു ബററാലിയനാക്കി സംഘടിപ്പിക്കുകയും ചെയ്തു. നവമ്പർ 9 ന് ലുങ്ങ്യാൻ കൌവിലും ചെറുനഗരമായ നിങ്കാങ്ങിലുംവെച്ച് ചൗവിന്റെ ബ്രിഗേഡിലെ ഒരു റെജിമെൻറിനെ ഞങ്ങൾ തകർത്ത് തിരിച്ചോടിച്ചു. പിറേറന്നാൾ ഞങ്ങൾ മുമ്പോട്ടുനീങ്ങുകയും യുങ്ങ്സിൻ പിടിച്ചടക്കുകയും ചെയ്തു. എന്നാൽ ഏറെ താമസിയാതെ ഞങ്ങൾ നിങ്കാങ്ങിലേക്ക് പിന്മാറുകയാണ് ചെയ്തത്. തെക്ക് സുയിചുവാൻ കൗണ്ടിയിലെ ചിങ്ങ്കാങ്ങ് പർവ്വതങ്ങളുടെ തെക്കൻചരിവുകൾ തൊട്ട് വടക്ക് ലിൻഹുവാ കൗണ്ടിയുടെ അതിർത്തിവരെ വ്യാപിച്ചു കിടക്കുന്ന ഇന്നത്തെ നമ്മുടെ പ്രദേശം നിങ്കാങ്ങ്മുഴുവനും സ്വിചുവാൻ, ലിങ്ങ്സിയൻ, യുങ്ങ്സിൽ എന്നിവയുടെ ഭാഗങ്ങളും ഉൾക്കൊള്ളുന്നതായ വടക്കുനിന്ന് തെക്കോട്ട് നീണ്ടുകിടക്കുന്ന ഒരു വീതികുറഞ്ഞ ഭൂപ്രദേശമാണ്. എങ്കിലും ലിയൻഹുവായുടെ ഷാങ്ങ്സി ജില്ലയും യുങ്ങ്സിനിന്റെ ടിയൻചുങ്ങ്, വന്നീൻഷാൻജില്ലകളും ഈ നീണ്ടുകിടക്കുന്ന ഭൂപ്രദേശവുമായി ഉറപ്പായി കണ്ണിചേർന്നല്ല സ്ഥിതിചെയ്യുന്നത്. സൈനികാക്രമണങ്ങൾകൊണ്ടും സാമ്പത്തികപ്ര

തിരോധമേർപ്പെടുത്തിയും ശത്രു നമ്മുടെ താവളപ്രദേശത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഞങ്ങളാണെങ്കിൽ അവൻെറ ആക്രമണങ്ങളെ പരാജയപ്പെടുത്താനായി ഇപ്പോൾ തയ്യാറെടുത്തുവരികയുമാണ്.

## സൈനിക പ്രശ്നങ്ങൾ

അതിർത്തിപ്രദേശത്തെ സമരം തികച്ചും സൈനികതലത്തിലുള്ള ഒന്നുമാത്രമായതുകൊണ്ട് പാർട്ടിയേയും ബഹുജനങ്ങളേയും ഒരു യുദ്ധാടിസ്ഥാനത്തിൽ നിർത്തേണ്ടിയിരിക്കുന്നു. ശത്രുവെ എങ്ങിനെ കൈകാര്യം ചെയ്യാം, പോരാട്ടം എങ്ങിനെ നടത്താം എന്നത് ഞങ്ങളുടെ നിത്യജീവിതത്തിലെ കേന്ദ്രപ്രശ്നമായിത്തീർന്നിരിക്കയാണ്. ഒരു സ്വതന്ത്രഭരണം സായുധമായ ഒന്നായേ മതിയാകൂ. അത്തരമൊരു പ്രദേശം എവിടെ സ്ഥാപിക്കപ്പെട്ടാലും ശരി അതിന് സായുധസേനകളില്ലെങ്കിൽ, അഥവാ അത്തരം സേനകൾ വേണ്ടത്ര ഇല്ലെങ്കിൽ, അതുമല്ലെങ്കിൽ ശത്രുവെ കൈകാര്യം ചെയ്യുന്നതിൽ തെററായ അടവുകൾ പ്രയോഗിക്കയാണെങ്കിൽ ശത്രു ഈ പ്രദേശങ്ങളെ അതിവേഗം കീഴടക്കുന്നതാണ്. ദിവസങ്ങൾ ചെല്ലുന്തോറും സമരം കൂടുതൽ ഉഗ്രമാവുക കാരണം നമ്മുടെ പ്രശ്നങ്ങൾ അങ്ങേയററം സങ്കീർണ്ണവും ഗുരുതരവുമായിത്തീർന്നിട്ടുണ്ട്.

അതിർത്തിപ്രദേശത്തെ ചുവപ്പ് സേന താഴെകൊടുക്കുന്ന വിഭാഗങ്ങളിൽനിന്ന് സംഘടിപ്പിച്ചതാണ്. (1) മുമ്പ് യെടിങ്ങിൻേറയും ഹോലുങ്ങിൻേറയും കീഴിൽ ചാഓചൗവിലും സ്വാടൗവിലും ഉണ്ടായിരുന്ന സൈനികർ (2) വുചാങ്ങിലെ[5] മുമ്പത്തെ ദേശീയഗവൺമെൻറിൻെറ ഗാർഡ്സ് റെജിമെൻറ്. (3) പിങ്ക്യാങ്ങിൽ നിന്നും ലിയുയങ്ങിൽനിന്നുമുള്ള കർഷകർ[6] (4) തെക്കൻ ഹുനാനിൽ[7] നിന്നുള്ള കർഷകരും ഷുയികൗഷാനിൽ[8] നിന്നുള്ള തൊഴിലാളികളും. (5) സുകെ–സ്യാങ്ങ്, ടാങ്ങ്ഷെങ്ങ്–ചീ, പായ്ചുങ്ങ്–സി, ചു പെയ്–ടെ, വുഷാങ്ങ്, സിയുങ്ങ്ഷി–ഹി എന്നിവരുടെ കീഴിലുള്ള സേനകളിൽനിന്നു പിടിച്ചടക്കപ്പെട്ടവർ. (6) അതിർത്തിപ്രദേശത്തെ കൗണ്ടികളിൽനിന്നുള്ള കർഷകർ. യെടിങ്ങിൻേറയും ഹോലുങ്ങിൻേറയും നേതൃത്വത്തിൽ മുമ്പുണ്ടായിരുന്ന സൈനികരിലും ഗാർഡ്സ്റെജിമെൻറിലും പിങ്ക്യാങ്ങിൽനിന്നും ലിയുയാങ്ങിൽ നിന്നുമുള്ള കർഷകരിലും നിന്ന് വന്നവരിൽ ഒരു വർഷത്തിലേറെയുള്ള പോരാട്ടങ്ങൾക്കുശേഷം മൂന്നിലൊരുഭാഗം മാത്രമേ അവശേഷിക്കുന്നുള്ളൂ. തെക്കൻ ഹുനാനിൽ നിന്നുള്ള കർഷകർക്കിടയിലെ ആളപായമാണെങ്കിൽ കനത്തതുമായിരുന്നു. അങ്ങിനെആദ്യം പറഞ്ഞ നാലുവിഭാഗങ്ങളിൽനിന്നുള്ളവർ ഇന്നും നാലാം ചുവപ്പുസേനയുടെ നട്ടെല്ലായിത്തന്നെ തുടരുന്നുണ്ടെങ്കിൽ കൂടിയും ഇപ്പോൾ അവരെക്കാൾ അവസാനത്തെ രണ്ടു വിഭാഗങ്ങളിൽ പെട്ടവർ എണ്ണത്തിൽ വളരെ കൂടിയിട്ടുണ്ട്. മാത്രമല്ല അവസാനത്തെ രണ്ടു വിഭാഗങ്ങളിൽതന്നെ പിടിച്ചടക്കപ്പെട്ട പട്ടാളക്കാർ കർഷകരെക്കാൾ വളരെ അധികമാണുതാനും. യുദ്ധത്തിലെ ആൾനാശം കർഷകരെക്കൊണ്ടുനികത്താഞ്ഞാൽ സംഖ്യാബലത്തിൻെറ കാര്യത്തിൽ ഗുരുതരമായ പ്രശ്നമുണ്ടാകുന്നതാണ്. എന്നാൽത്തന്നെയും സംഖ്യാബലത്തിൽ വരുന്ന വർദ്ധനവ് തോക്കുകളിൽ ഉണ്ടാകുന്ന വർദ്ധനവിന് ഒപ്പമാകുന്നില്ല. കാരണം തോക്കുകൾ അത്രയെളുപ്പത്തിൽ നഷ്ടപ്പെട്ടുപോകുന്നില്ല. ആൾക്കാരാണെങ്കിൽ മുറിവേല്ക്കപ്പെടുകയോ, മരണപ്പെടുകയോ ചെയ്യുന്നു, രോഗബാധിതരാകുകയോ ഒളിച്ചോടിപ്പോകുകയോ ചെയ്യുന്നു. ഈ കാരണത്താൽ അവർ കൂടുതൽ എളുപ്പത്തിൽ നഷ്ടപ്പെട്ടുപോകുന്നു. അൻയുവാനിൽനിന്നു[9] തൊഴിലാളികളെ ഞങ്ങൾക്ക് അയച്ചുതരാമെന്നു ഹുനാൻ സംസ്ഥാനകമ്മിററി വാഗ്ദാനം ചെയ്തിട്ടുണ്ട്. അവരതു ചെയ്യുമെന്ന് ഞങ്ങൾ ആശിക്കുന്നു.



വർഗ്ഗോല്പത്തിയെ സംബന്ധിച്ചിടത്തോളം, ചുവപ്പുസേനയിലുള്ളത് ഭാഗികമായി തൊഴിലാളികളും കർഷകരും ഭാഗികമായി തെണ്ടിത്തൊഴിലാളികളുമാണ്; അവസാനം പറഞ്ഞവർ വളരെയധികം ഉണ്ടാകുന്നത് ആശാസ്യമല്ല. പക്ഷെ അതേസമയം അവർക്ക് പോരാടാൻ കഴിവുണ്ട്. അധികമായിക്കൊണ്ടിരിക്കുന്ന ആളപായത്തോടുകൂടി നിത്യേന പോരാട്ടം നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് അവരിൽനിന്നുതന്നെയും സംഖ്യാബലം നികത്താൻ കഴിയുകയെന്നത് ഇപ്പോൾ വിഷമകരമായിരിക്കയാണ്. ഈ സാഹചര്യങ്ങളിൽ രാഷ്ട്രീയപരിശീലനത്തിന് ശക്തികൂട്ടുക മാത്രമേ ഒരേയൊരു പരിഹാരമാർഗമായുള്ളൂ.

ചുവപ്പു സേനയിലെ സൈനികരിൽ ഭൂരിഭാഗവും കൂലിപ്പട്ടാളത്തിൽനിന്ന് വന്നവരാണ്. പക്ഷെ ഒരിക്കൽ ചുവപ്പു സേനയിൽ ചേർന്നുകഴിഞ്ഞാൽ അവരുടെ സ്വഭാവത്തിനു മാററം സംഭവിക്കുന്നു. ഒന്നാമതായി, ചുവപ്പുസേന കൂലിപ്പടസമ്പ്രദായം റദ്ദാക്കിയിട്ടുണ്ട്. ഈ നടപടി തങ്ങൾക്കുവേണ്ടിയും ജനങ്ങൾക്കുവേണ്ടിയുമാണ്, അല്ലാതെ മററുവല്ലവർക്കും വേണ്ടിയല്ല തങ്ങൾ പോരാടുന്നതെന്ന് സൈനികരെ മനസിലാക്കാൻ സഹായിച്ചിട്ടുണ്ട്. ഇന്നുവരേയും ഒരു കൃത്യമായ ശമ്പളത്തിൻെറ സമ്പ്രദായം ചുവപ്പുസേനയിലില്ല. പക്ഷെ ധാന്യവും, കറിക്കുള്ള എണ്ണ, ഉപ്പ്, വിറക്, പച്ചക്കറി തുടങ്ങിയവയ്ക്ക് കാശും പോക്കററ് മണിയായി (സ്വന്തമായ മററ് ആവശ്യങ്ങൾക്ക്) ചില്ലറ പൈസയും കൊടുക്കുന്നുണ്ട്. അതിർത്തിപ്രദേശത്തെ നിവാസികളായ ചുവപ്പുസേനയിലെ എല്ലാ ഓഫീസർമാർക്കും അണികൾക്കും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. പക്ഷെ രാജ്യത്തിൻെറ മററു ഭാഗങ്ങളിൽനിന്നു വരുന്നവർക്ക് ഭൂമി പതിച്ച് കൊടുക്കുകയെന്നത് കുറച്ചൊക്കെ വിഷമമുള്ള കാര്യമാണ്.

രാഷ്ട്രീയവിദ്യാഭ്യാസം കിട്ടിയശേഷം ചുവപ്പ്സേനയിലെ ഭടന്മാർ വർഗബോധമുള്ളവരായിട്ടുണ്ട്. അവർ ഭൂവിതരണം എങ്ങനെ ചെയ്യണമെന്നതിൻേറയും രാഷ്ട്രീയാധികാരം സ്ഥാപിക്കുന്നതിൻേറയും തൊഴിലാളികളേയും കർഷകരേയും സായുധരാക്കുന്നതിൻേറയും മററും പ്രാഥമിക പാഠങ്ങൾ പഠിച്ചിട്ടുണ്ട്. മാത്രമല്ല തങ്ങൾക്കുവേണ്ടിയും തൊഴിലാളിവർഗത്തിനും കർഷകർക്കും വേണ്ടിയുമാണ് തങ്ങൾ പോരാടുന്നതെന്ന് അവർക്കറിയാം. അതുകൊണ്ട് യാതൊരു പരാതിയുമില്ലാതെ തീക്ഷ്ണമായ സമരത്തിലെ വിഷമതകൾ അവർക്ക് സഹിക്കാൻ കഴിയുന്നു. ഓരോ കമ്പനിക്കോ, ബററാലിയനോ അഥവാ റജിമെൻറിനോ അതിൻേറതായ സൈനികരുടെ കമ്മിററിയുണ്ട്. ഈ കമ്മിററി സൈനികരുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുകയും രാഷ്ട്രീയപ്രവർത്തനവും ബഹുജനപ്രവർത്തനവും നടത്തുകയും ചെയ്യുന്നു.

പാർട്ടിപ്രതിനിധികളുടെ സമ്പ്രദായം[10] റദ്ദാക്കാൻപാടില്ലാ എന്ന് അനുഭവം തെളിയിച്ചിട്ടുണ്ട്. കമ്പനി നിലവാരത്തിൽ പാർട്ടി പ്രതിനിധി ഉണ്ടാവുക പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. കാരണം കമ്പനി അടിസ്ഥാനത്തിലാണല്ലോ പാർട്ടി ബ്രാഞ്ചുകൾ സംഘടിപ്പിച്ചിരിക്കുന്നത്. ഈ പ്രതിനിധി സൈനികരുടെ കമ്മിററി രാഷ്ട്രീയപരിശീലനം നടപ്പിലാക്കുന്നുണ്ടോയെന്ന് നോക്കേണ്ടതും ബഹുജനപ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിന് മാർഗനിർദ്ദേശം നൽകേണ്ടതും അതേസമയംതന്നെ പാർട്ടി ബ്രാഞ്ചിൻെറ സിക്രട്ടറിയായി സേവനമനുഷ്ഠിക്കേണ്ടതുമാണ്. കമ്പനിയുടെ പാർട്ടി പ്രതിനിധി എത്രമാത്രം നന്നാകുന്നുവോ അത്രത്തോളം കമ്പനിതന്നെ കുററമററതായിരിക്കുമെന്നും പ്രധാനപ്പെട്ട ഈ രാഷ്ട്രീയപങ്ക് ഒരു കമ്പനിയുടെ കമാണ്ടർക്ക് നിർവ്വഹിക്കാൻ കഴിയുന്നതല്ലെന്നും വസ്തുതകൾ തെളിയിച്ചിട്ടുണ്ട്. താഴെ നിലവാരങ്ങളിലുള്ള കേഡർമാരിൽ മുറിവേററും മററും യുദ്ധരംഗത്തുനിന്ന് ഒഴിയേണ്ടിവരുന്നവർ വളരെക്കൂടുതലായതുകൊ

ണ്ട് കീഴടക്കപ്പെട്ട ശത്രുസൈനികർ മിക്കപ്പോഴും വളരെ ചുരുങ്ങിയ
കാലത്തിനുള്ളിൽ പ്ളാറ്റൂൺ ലീഡർമാരോ കമ്പനി കമാണ്ടർമാരോ
ആകുന്നു. ഫെബ്രുവരിയിലോ മാർച്ചിലോ പിടിച്ചവരിൽ ചിലർ ഇ
പ്പോൾതന്നെ ബറ്റാലിയൻ കമാണ്ടർമാരായി കഴിഞ്ഞിരിക്കുന്നു. നമ്മു
ടെ സേനയെ ചുവപ്പുസേന എന്ന് വിളിക്കുന്നതുകൊണ്ട് അതിന്
പാർട്ടിപ്രതിനിധികളെക്കൂടാതെ കഴിക്കാമെന്ന് ഒരുപക്ഷെ തോന്നി
യേക്കാം. ഇത് വലിയ തെററാണ്. ഒരിക്കൽ തെക്കൻഹുനാനിലെ ഇ
രുപത്തെട്ടാം റജിമെൻറ് ഈ സമ്പ്രദായം റദ്ദാക്കുകയുണ്ടായി. പക്ഷെ
അതിന് വളരെ വേഗം അത് പുനഃസ്ഥാപിക്കേണ്ടിവന്നു. പാർട്ടിപ്ര
തിനിധികളുടെ പേര് 'ഡയറക്ടർമാർ' എന്നാക്കി മാററുന്നത് ഇവരെ
പിടിച്ചെടുത്ത പട്ടാളക്കാർ വെറുക്കുന്ന കൂമിന്താങ്ങ്സേനയിലെ ഡയര
ക്ടർമാരായി തെററിധരിക്കപ്പെടാൻ ഇടയാക്കും. പേരിലുള്ള ഒരു മാററം
ആ സമ്പ്രദായത്തിൻെറ സ്വഭാവത്തെ ബാധിക്കുന്നില്ല. അതുകൊണ്ടാണ്
പേരിൽ മാററം വരുത്തേണ്ടായെന്നാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്ന
ത്. പാർട്ടിപ്രതിനിധികൾക്കിടയിൽ മുറിവേററുപോകുന്നവരുടെ എ
ണ്ണം വളരെയേറെയാണ്. പരിശീലനത്തിനും മുറിവേററവരുടെ സ്ഥാ
നത്ത് പുതിയ ആളുകളെ കൊണ്ടുവരാനും വേണ്ടി ഞങ്ങൾ ക്ളാസുകൾ
ആരംഭിച്ചിട്ടുണ്ടെങ്കിൽ കൂടിയും പാർട്ടിപ്രതിനിധികളായി സേവനം
ചെയ്യാൻ കഴിവുള്ള മുപ്പതു സഖാക്കളെയെങ്കിലും കേന്ദ്രകമ്മിററിയും
ഹുനാനിലേയും കിയാങ്ങ്സിയിലേയും സംസ്ഥാന കമ്മിററികളും
ഇവിടേക്കയക്കുമെന്ന് ഞങ്ങളാശിക്കുന്നു.

സാധാരണയായി ഒരു സൈനികന് പോരാട്ടത്തിനിറങ്ങുന്നതി
നുമുമ്പ് ആറുമാസത്തേയോ ഒരു വർഷത്തേയോ പരിശീലനം ആവശ്യമാ
ണ്. പക്ഷെ ഇന്നലെമാത്രം സേനയിൽ ചേർത്ത നമ്മുടെ സൈനികർ
ക്ക് യാതൊരു പരിശീലനവുമില്ലാതെ ഇന്നുതന്നെ പോരാട്ടത്തിനിറങ്ങേ
ണ്ടിവരുന്നു. സൈനികവിഷയത്തിൽ യാതൊരു പാടവവുമില്ലാതെ വെ
റും ധൈര്യംകൊണ്ടുമാത്രം അവർക്ക് പോരാടേണ്ടിവരുന്നു. വിശ്രമ
ത്തിനും പരിശീലനത്തിനും ആവശ്യമായി ദീർഘിച്ച സമയമെടുക്കുന്ന
ത് അപ്രായോഗികമായതുകൊണ്ട് കഴിയുമെങ്കിൽ ചില സംഘട്ടനങ്ങൾ
ഒഴിവാക്കാൻ ശ്രമിക്കുകയും അങ്ങിനെ കിട്ടുന്ന സമയം പരിശീലനത്തി
നായി ഉപയോഗിക്കുകയും ചെയ്യുകയല്ലാതെ മററു വഴികളൊന്നുമില്ല.
താഴെ നിലവാരത്തിലുള്ള ആഫീസർമാരായി നൂററമ്പത് പേരടങ്ങിയ
ഒരു വിഭാഗത്തെ നാമിപ്പോൾ പരിശീലിപ്പിക്കുന്നുണ്ട്. ഈ പരിപാടി
ഒരു സ്ഥിരം ഏർപ്പാടാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പ്ളാററൂൺ
ലീഡർ, കമ്പനികമാണ്ടർ തുടങ്ങി ഉയർന്ന സ്ഥാനങ്ങളിലേക്ക് ആവശ്യ
മായ കൂടുതൽ ആഫീസർമാരെ കേന്ദ്രകമ്മിററിയും രണ്ടു സംസ്ഥാനക
മ്മിററികളും അയച്ചുതരുമെന്ന് ഞങ്ങൾ ആശിക്കട്ടെ.

ഭടന്മാരുടെ ജീവിതസാഹചര്യങ്ങളിൽ ശ്രദ്ധ ചെലുത്താനും, ഒരു
ശരാശരി തൊഴിലാളിയുടേയോ കർഷകൻേറയോ ജീവിതസാഹചര്യത്തേ
ക്കാളും അല്പമെങ്കിലും മെച്ചപ്പെട്ട സ്ഥിതി അവർക്കുണ്ടാകുവാനും ഹു
നാൻ സംസ്ഥാനകമ്മിററി ഞങ്ങളോടാവശ്യപ്പെട്ടിട്ടുണ്ട്. യഥാർത്ഥ
ത്തിൽ അത് മേല്പറഞ്ഞവരുടേതിനേക്കാൾ വളരെ മോശമാണ്. ധാ
ന്യത്തിനുപുറമെ കറിക്കുള്ള എണ്ണ ഉപ്പ്, വിറക്, പച്ചക്കറി എന്നിവ
ക്കായി ഓരോ ആൾക്കും അഞ്ചുസെൻറ് മാത്രമേ പൈസയായി ലഭിക്കു
ന്നുള്ളു. ഇതുതന്നെയും തുടർന്നുപോകാൻ വലിയ വിഷമമായാണ് കാണു
ന്നത്. ഈ സാധനങ്ങളുടെ പ്രതിമാസചെലവുമാത്രം പതിനായിര
ത്തിൽപരം വെള്ളിഡോളറുകളാകുന്നുണ്ട്. ഇതാണെങ്കിൽ പ്രാദേശിക
ജനമർദ്ദകരിൽ11 നിന്നുമാത്രം ബലം പ്രയോഗിച്ചു പിടിച്ചെടുക്കുന്ന
തുമാണ്. അയ്യായിരത്തോളം വരുന്ന നമ്മുടെ മുഴുവൻ സേനയുടേയും



ശീതകാലവസ്ത്രങ്ങൾക്കുള്ളിൽ നിറക്കേണ്ട പഞ്ഞിത്തരങ്ങൾ നമുക്ക് ഇപ്പോൾ ഉണ്ട്. പക്ഷെ തുണിത്തരങ്ങൾ കുറവാണ്. കഠിനമായ ശൈത്യത്തിൽപ്പോലും നമ്മുടെ ആളുകളിൽ പലരും നേരിയ ശീലകൊണ്ടുള്ള രണ്ടുനിര വസ്ത്രങ്ങൾ മാത്രമേ ഇപ്പോൾ ധരിക്കുന്നുള്ളൂ. ഭാഗ്യവശാൽ വിഷമതകളുമായി ഞങ്ങൾ പൊരുത്തപ്പെട്ടു കഴിഞ്ഞിരിക്കയാണ്. മാത്രമല്ല, ഞങ്ങളെല്ലാവരും തന്നെ ഒരേ തോതിൽ വിഷമതകൾ പങ്കിട്ടെടുക്കുകയും ചെയ്യുന്നു. സേനയുടെ കമാണ്ടർതൊട്ട് വെപ്പുകാരൻവരെ എല്ലാവരും ധാന്യത്തിനു പുറമെ ദിനംപ്രതി ഭക്ഷണത്തിനായി ലഭിക്കുന്ന അഞ്ചുസെൻറ്കൊണ്ടാണ് ജീവിക്കുന്നത്. ചില്ലറ ആവശ്യങ്ങൾക്കായുള്ള പൈസയെപ്പററി പറയുകയാണെങ്കിൽ എല്ലാവർക്കും, ഇരുപത് സെൻറായാലും ശരി നാല്പത് സെൻറായാലും ശരി? ഒരേ തുകതന്നെയാണ് കിട്ടുന്നത്. ഇതിൻെറ ഫലമായി സൈനികർക്ക് ആരുടെപേരിലും പരാതികളില്ല.

ഓരോ സംഘട്ടനത്തിനുശേഷവും കുറെ മുറിവേററവരുണ്ടാകും. മാത്രമല്ല, പോഷകാംശങ്ങളുടെ കുറവുകാരണവും ശൈത്യത്തിൻെറ ബാധയേററും മററുമായി ധാരാളം ആഫീസർമാരും അണികളും രോഗബാധിതരായിട്ടുണ്ട്. പർവതമുകളിലുള്ള നമ്മുടെ ആശുപത്രികളിൽ ചൈനയിലെ നാടൻസമ്പ്രദായത്തിലുള്ള ചികിൽസയും പാശ്ചാത്യചികിൽസയും നൽകുന്നുണ്ട്. പക്ഷെ ഡോക്ടർമാരും മരുന്നും കുറവാണ്. ഇപ്പോൾ നമ്മുടെ ആശുപത്രികളിൽ എണ്ണൂറിൽപരം രോഗികളുണ്ട്. ഹുനാൻ സംസ്ഥാനകമ്മിററി ഞങ്ങൾക്ക് മരുന്നുകൾ എത്തിച്ചുതരാമെന്നു വാഗ്ദത്തം ചെയ്തിരുന്നു. പക്ഷെ ഇന്നുവരേയ്ക്കും ഞങ്ങൾക്കു യാതൊന്നും കിട്ടിയിട്ടില്ല. പാശ്ചാത്യസമ്പ്രദായത്തിൽ പരിശീലനം നേടിയ കുറച്ചു ഡോക്ടർമാരേയും കുറച്ചു ഐഡിനും ഞങ്ങൾ ഇപ്പോഴും ആശിക്കുകയാണ്.

വിഷമകരമായ ഭൗതികസാഹചര്യങ്ങളായിരുന്നിട്ടും തുടരെത്തുടരെ ശത്രുവുമായി സംഘട്ടനങ്ങളിലേർപ്പെട്ടിരുന്നിട്ടുംകൂടി ചുവപ്പുസേനക്ക് അതിൻെറ പ്രവർത്തനം തുടർന്നുകൊണ്ടു പോകാൻകഴിഞ്ഞതിൻെറ കാരണം, പാർട്ടിവഹിച്ച പങ്കിനുപുറമെ, ജനാധിപത്യരീതിയിലുള്ള അതിൻെറ പ്രവർത്തനവുമാണ്. ആഫീസർമാർ അണികളെ അടിക്കയില്ല. ആഫീസർമാർക്കും അണികൾക്കും ഒരേ പെരുമാററച്ചട്ടമാണ്. യോഗങ്ങൾ ചേരാനും ഇഷ്ടമുള്ളതൊക്കെ തുറന്നുപറയാനും സൈനികർക്ക് സ്വാതന്ത്ര്യമുണ്ട്. നിരർത്ഥകമായ ചടങ്ങുകൾ നിർത്തൽചെയ്തിട്ടുണ്ട്. കണക്കുപുസ്തകങ്ങൾ ആർക്കുവേണമെങ്കിലും പരിശോധിക്കാൻ സൗകര്യപ്പെടുമാറ് ഏർപ്പാട് ചെയ്യപ്പെട്ടിട്ടുമുണ്ട്. ഭക്ഷണപദാർത്ഥങ്ങളുടെ ഏർപ്പാടുകളെല്ലാം സൈനികരാണ് കൈകാര്യം ചെയ്യുന്നത്. മാത്രമല്ല, നിത്യേന കിട്ടുന്ന കറിയെണ്ണക്കും, ഉപ്പിനും, വിറകിനും, പച്ചക്കറികൾക്കുമായുള്ള അഞ്ചുസെൻറിൽനിന്ന് ഒരാൾക്ക് ഒരുദിവസം ആറോ, ഏഴോ ചെമ്പുതുട്ടുകൾ ചിലവുകഴിച്ചു മിച്ചമുണ്ടാക്കാനും ഈ തുക സ്വന്തം ചിലവിനായി ഉപയോഗിക്കാനും കഴിയുന്നുണ്ട്. ഇതിനവർ പറയുക 'ഭക്ഷണത്തിൽനിന്നുള്ള മിച്ചം' എന്നാണ്. ഇതെല്ലാംതന്നെ സൈനികർക്ക് വമ്പിച്ച സംതൃപ്തിക്കിടം കൊടുക്കുന്നു. പ്രത്യേകിച്ചും പുതുതായി പിടിച്ചടക്കിയ സൈനികർ നമ്മുടെ സേനയും കൂമിന്താങ്ങ്സേനയും തമ്മിൽ രണ്ടു ലോകങ്ങൾ തമ്മിലുള്ള വ്യത്യാസമുണ്ടെന്നു മനസ്സിലാക്കുന്നു. ചുവപ്പുസേനയിലെ ഭൗതികജീവിതസാഹചര്യങ്ങൾ വെള്ളസേനയുടേതിനോട് സമമല്ലെങ്കിൽകൂടിയും ആത്മീയമായി വിമോചിക്കപ്പെട്ടപോലെ അവർക്കനുഭവപ്പെടുന്നു. ഇന്നലെ വെള്ളസേനയിലായിരുന്നപ്പോൾ യാതൊരു ധൈര്യവുമില്ലാതിരുന്ന ഈ സൈനി

കർ ഇന്നു ചുവപ്പു സേനയിലായതോടെ അത്യധികം ധീരന്മാർ ആ
യിത്തീർന്നിട്ടുണ്ട്. ഇതാണ് ജനാധിപത്യത്തിന്റെ ഫലം. ചുവപ്പു
സേന ഒരു ചൂളയെപ്പോലെയാണ്. അതിൽകൂടെ ഒന്നു കടന്നുകഴി
ഞ്ഞാൽ മതി എല്ലാ പിടിച്ചടക്കപ്പെട്ട സൈനികരും ഉടനെതന്നെ പരിവർ
ത്തനം ചെയ്യപ്പെടുന്നു. ചൈനയിൽ ജനാധിപത്യം ജനങ്ങൾക്കെത്രമാ
ത്രം ആവശ്യമാണോ അത്രമാത്രം അത് സേനക്കും ആവശ്യമാണ്. ഫ്യൂ
ഡൽ ചോററുപട്ടാളത്തെ[13] തുരങ്കംവെക്കാനുള്ള ഒരു സുപ്രധാന ആയുധ
മാണ് നമ്മുടെ സേനയിലെ ജനാധിപത്യം.

പാർട്ടിസംഘടനയ്ക്ക് ഇപ്പോൾ നാലുനിലവാരങ്ങളുണ്ട്. കമ്പനി
ബ്രാഞ്ച്, ബററാലിയൻ കമ്മിററി, റെജിമെൻറ് കമ്മിററി, മൊത്തംസേ
നയിലെ കമ്മിററി. ഓരോ കമ്പനിയിലും ഒരു ബ്രാഞ്ചുണ്ട്. അതി
ലെ ഓരോ സ്ക്വാഡിലും ഒരു ഗ്രൂപ്പുമുണ്ട്. 'പാർട്ടി ബ്രാഞ്ച് കമ്പ
നി അടിസ്ഥാനത്തിലാണ് സംഘടിപ്പിച്ചിരിക്കുന്നത്.' എത്രയോ
വിഷമകരമായ പോരാട്ടങ്ങൾ തകർച്ച നേരിടാതെ നടത്താൻ തുടർന്നു ചുവ
പ്പ് സേനക്ക് കഴിയുന്നതിന്റെ ഒരു പ്രധാന കാരണം ഇതാണ്. രണ്ടുവർ
ഷംമുമ്പെ നാം കൂമിന്താങ്ങ് സേനയിലായിരുന്നപ്പോൾ നമ്മുടെ പാർട്ടി
ക്ക് പട്ടാളക്കാരുടെ ഇടയിൽ സംഘടനാപരമായ വേരുകളില്ലായിരുന്നു.
യെടിങ്ങിന്റെ സൈനികർ[14] ക്കിടയിൽതന്നെയും ഓരോ റജിമെൻറിനും
ഓരോ പാർട്ടി ബ്രാഞ്ച് എന്ന തോതിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിഷ
മംപിടിച്ച സന്ദർഭങ്ങളെ നമുക്ക് ശരിക്കും നേരിടാൻ കഴിയാതിരുന്നതി
ന്റെ കാരണം അതായിരുന്നു. ഇന്നത്തെ ചുവപ്പുസേനയിൽ പാർട്ടി
അംഗങ്ങളും അംഗങ്ങളല്ലാത്തവരും തമ്മിലുള്ള തോത് ഏകദേശം ഒന്നി
ന് മൂന്ന് എന്നോണമാണ്. അഥവാ ശരാശരി നോക്കിയാൽ ഓരോ നാ
ല് പേർക്കിടയിലും ഒരു പാർട്ടി അംഗമെന്നോണമാണ്. അടുത്തകാ
ലത്തായി യുദ്ധരംഗത്ത് പോരാടാൻ പററിയ സൈനികരിൽനിന്ന് കൂ
ടുതൽ പാർട്ടിമെമ്പർമാരെ ചേർക്കാൻ ഞങ്ങൾ തീരുമാനിച്ചു. ഒരു പാർ
ട്ടിമെമ്പർക്ക് ഒരു മെമ്പർ അല്ലാത്ത സൈനികൻ എന്നതോതിൽ[15] എത്തി
ച്ചേരാനായിരുന്നു ഇത് ചെയ്തത്. ഇപ്പോൾ കമ്പനി ബ്രാഞ്ചുകളിൽ
നല്ല പാർട്ടി സിക്രട്ടറിമാർ വളരെ കുറവാണ്. അതുകൊണ്ട് പ്രവർത്ത
നം തുടരുക അസാധ്യമായ സ്ഥലങ്ങളിൽ ഉള്ള നമ്മുടെ പ്രവർത്തകർക്കി
ടയിൽനിന്ന് കുറേപേരെയെങ്കിലും ഞങ്ങൾക്കയച്ചുതരണമെന്ന് ഞങ്ങൾ
കേന്ദ്രകമ്മിററിയോടാവശ്യപ്പെടുന്നു. തെക്കൻ ഹുനാനിൽനിന്നുള്ള പ്ര
വർത്തകരിൽ മിക്കവരും സേനയിൽ പാർട്ടി പ്രവർത്തനം നടത്തുകയാ
ണ്. പക്ഷെ കഴിഞ്ഞ ആഗസ്ററിലെ തെക്കൻ ഹുനാനിലെ പിന്മാ
റററത്തിനിടക്ക് ഇവരിൽ ചിലർ ചിന്നിച്ചിതറിപ്പോയകാരണം ഞങ്ങൾ
ക്കിപ്പോൾ ആവശ്യത്തിനുമാത്രം ആൾക്കാരില്ല.

റെഡ്ഗാർഡുകളും ഉയർത്തെഴുന്നേററ തൊഴിലാളികളും കർഷകരും
ഉൾപ്പെട്ട ഘടകങ്ങളും ഉൾക്കൊള്ളുന്നതാണ് പ്രാദേശിക സായുധസേന
കൾ. കുന്തങ്ങളും ചെറുതോക്കുകളുംകൊണ്ട് സായുധരായ ഈ ഘടകങ്ങ
ളെ ടൗൺഷിപ്പ് അടിസ്ഥാനത്തിലാണ് സംഘടിപ്പിച്ചിരിക്കുന്നത്.
ഓരോ ടൗൺഷിപ്പിനും ഓരോഘടകമുണ്ടാകുന്നതും അതിന്റെ വലുപ്പം
ജനസംഖ്യക്കനുസരിച്ചായിരിക്കുന്നതുമാണ്. പ്രതിവിപ്ലവത്തെ അടി
ച്ചമർത്തുക, ടൗൺഷിപ്പ് ഭരണകേന്ദ്രത്തിനു സംരക്ഷണം നൽകുക, ശ
ത്രു പ്രത്യക്ഷപ്പെടുമ്പോൾ അതിനോട് പോരാടാനായി ചുവപ്പുസേന
യേയും റെഡ്ഗാർഡുകളേയും സഹായിക്കുക എന്നിവയാണ് ഈ ഘടക
ങ്ങളുടെ ജോലി. ഉയർത്തെഴുന്നേല്പ്പ് ഘടകങ്ങൾ യുങ്ങ്സിനിൽ ആരം
ഭിച്ചത് ഒരു രഹസ്യശക്തിയായിട്ടായിരുന്നു. പക്ഷെ ആ മുഴുവൻ
കൗണ്ടിയും നാം പിടിച്ചടക്കിയതോടെ അവ പരസ്യമായി പുറത്തുവന്നി
ട്ടുണ്ട്. അതിർത്തി പ്രദേശത്തെ മററു കൗണ്ടികളിലേക്കും ഈ സംഘ



ടന ഇപ്പോൾ വ്യാപിപ്പിച്ചിരിക്കയാണ്. പേരിന് യാതൊരു മാററവുംവ
രുത്തിയിട്ടുമില്ല. റെഡ്ഗാർഡുകളുടെ ആയുധങ്ങൾ പ്രധാനമായും അ
ഞ്ചുതിര തോക്കുകളാണ്. കുറച്ചൊക്കെ ഒമ്പതുതിര തോക്കുകളും ഒററ
ത്തിരതോക്കുകളും ഉണ്ടുതാനും. ഓരോ സ്ഥലത്തും ഇവ ഇപ്രകാരമാ
ണുള്ളത്. നിങ്കാങ്ങിൽ നൂററിനാല്പത് തോക്കുകളും യുങ്ങ്സിനിൽ
220ഉം ലിയൻഹുവായിൽ 43 ഉം ചാലിങ്ങിൽ 50ഉം ലിങ്ങ്സിയനിൽ
90ഉം സ്വിചുവാനിൽ 130ഉം വനാനിൽ 10ഉം അങ്ങിനെ 683 തോക്കു
കളാണ് മൊത്തം. ഇവയിൽ മിക്കവയും ചുവപ്പുസേന നൽകിയവയാ
ണ്. പക്ഷെ കുറച്ചെണ്ണം റെഡ്ഗാർഡുകൾതന്നെ ശത്രുവിൽനിന്ന്
പിടിച്ചെടുത്തതാണ്. ഭൂപ്രഭുക്കന്മാരുടെ സമാധാനസംരക്ഷകസേന
യോടും ചോററുപട്ടാളത്തോടും നിരന്തരം പോരാടേണ്ടിവരുന്നതിനാൽ വ
വിധ കൗണ്ടികളിലെ മിക്കവാറും എല്ലാ റെഡ്ഗാർഡുകളും തങ്ങളുടെ സ
മരശേഷി കൃത്യമായി വർദ്ധിപ്പിച്ചുവരികയാണ്. മെയ് 21 സംഭവ
ത്തിനു[16] മുമ്പ് എല്ലാ കൗണ്ടികൾക്കും കർഷക സ്വയം സംരക്ഷണസേ
നകൾ ഉണ്ടായിരുന്നു. യുഹ്സിയനിൽ 300 തോക്കുകളും ചാലിങ്ങിൽ
300ഉം ലിങ്ങ്സിയനിൽ 60ഉം സ്വി ചുവാനിൽ 50ഉം യുങ്ങ്സിനിൽ
80ഉം ലിയൻഹുവായിൽ 60ഉം നിങ്കാങ്ങിൽ 60ഉം (യുവാൻ വെൻ-ട്സാ
യിയുടെ ആൾക്കാർ) ചിങ്ങ്കാങ്ങ് പർവ്വതങ്ങളിൽ 60ഉം (വാങ്ങ്ട്സോ
വിന്റെ ആൾക്കാർ) അങ്ങിനെ 970 തോക്കുകൾ ആകെയുണ്ടായിരുന്നു.
മെയ് 21 സംഭവത്തിനുശേഷം യുവാനിന്റേയും വാങ്ങിന്റേയും ആൾ
ക്കാരുടെ കൈവശമുള്ളതോക്കുകളൊഴിച്ചാൽ—ഇവ അതേപടി ഉണ്ടായിരു
ന്നു—സ്വിചുവാനിൽ ആറും ലിയൻഹുവായിൽ ഒന്നും വീതം തോക്കുകൾ
മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. ബാക്കിയുള്ളവയെല്ലാം ഭൂപ്രഭുക്കന്
മാർ പിടിച്ചടക്കുകയുണ്ടായി. അവസരവാദപരമായ ഒരുനയത്തിന്റെ
ഫലമായി കർഷകസ്വയംസംരക്ഷണസേനകൾക്ക് തങ്ങളുടെ തോക്കു
കൾ സ്വന്തം കൈകളിൽ നിലനിർത്താൻ കഴിഞ്ഞില്ല. ഇപ്പോൾ കൗണ്ടി
കളിലെ റെഡ്ഗാർഡുകളുടെ കൈവശം വേണ്ടതിലുമെത്രയോ കുറവേ
തോക്കുകളുള്ളൂ. അത് ഭൂപ്രഭുക്കന്മാരുടെ കൈകളിലുള്ളതിനേക്കാൾ വ
ളരെ കുറവാണ്. ചുവപ്പുസേന ആയുധങ്ങൾ നൽകി അവരെ തുടർന്നും
സഹായിച്ചുകൊണ്ടിരിക്കണം. സ്വന്തം സമരശേഷിക്ക് ഹാനിവരാത്തമ
ട്ടിൽ ജനങ്ങളെ സായുധരാക്കാൻവേണ്ടി ചുവപ്പുസേന തങ്ങളാൽ കഴിവു
ള്ളതെല്ലാം ചെയ്യേണ്ടതാണ്. താഴെ കൊടുക്കുന്നകാര്യങ്ങൾ ഞങ്ങൾ നി
ശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. ചുവപ്പുസേനയുടെ ഓരോ ബററാലിയ
നും നാലുകമ്പനികൾഉണ്ടായിരിക്കുന്നതും ഈഓരോ കമ്പനിക്കും 75തോ
ക്കുകൾവീതം ഉണ്ടായിരിക്കേണ്ടതുമാണ്. മാത്രമല്ല പ്രത്യേക കൃത്യങ്ങൾ
ക്കായുള്ള കമ്പനിയുടേയും യന്ത്രത്തോക്ക് കമ്പനിയുടേയും ട്രഞ്ച്-മോ
ട്ടാർകമ്പനിയുടേയും റെജിമെൻറൽ ഹെഡ്ക്വാർട്ടേഴ്സിന്റേയും മൂന്നു
ബററാലിയൻ ഹെഡ്ക്വാർട്ടേഴ്സിന്റേയും കൈവശമുള്ള തോക്കുകൾ
കൂടി കണക്കിലെടുത്താൽ ഓരോ റെജിമെൻറിനും 1075 തോക്കുകൾ ഉ
ണ്ടാകുന്നതാണ്. സായുധസംഘട്ടനങ്ങളിൽ പിടിച്ചെടുത്ത തോക്കുകൾ
കഴിയുന്നതും പ്രാദേശിക സേനകളെ സായുധരാക്കാൻ ഉപയോഗിക്കേണ്ട
താണ്. ചുവപ്പുസേനയിലെ പരിശീലനവിഭാഗത്തിലേക്ക് വിവിധ
കൗണ്ടികളിൽനിന്ന് അയച്ചവരും തങ്ങളുടെ പരിശീലനം കഴിഞ്ഞവരുമാ
യിരിക്കണം റെഡ്ഗാർഡുകളുടെ കമാണ്ടർമാർ. പ്രാദേശിക സേനകളെ
നയിക്കാനായി അന്യപ്രദേശങ്ങളിൽനിന്നുള്ളവരെ ചുവപ്പുസേന കഴിയു
ന്നതും കുറവായി മാത്രമേ അയക്കാവൂ. ചുപെയ്-ടെ തന്റെ സമാധാന
സംരക്ഷണസേനയേയും കൂലിപ്പടയേയും സായുധരാക്കുന്നുണ്ട്. അതേ
സമയം അതിർത്തികളിലെ കൗണ്ടികളിലുള്ള ഭൂപ്രഭുക്കന്മാരുടെസായു
ധസേനകൾ വളരെ വലുതും നല്ല സമരശേഷിയുള്ളതുമാണ്. അതുകൊ

ണ്ട് നമ്മുടെ പ്രദേശിക ചുവപ്പുസേനകളെ വിപുലീകരിക്കുകയെന്നത് എന്നത്തേതിലും വളരെ തിടുക്കമേറിയ ഒരു കാര്യമായിത്തീർന്നിട്ടുണ്ട്.

ചുവപ്പു സേനയെസംബന്ധിച്ചിടത്തോളം അതിന്റെ തത്വം കേന്ദ്രീകരണമാണ്; റെഡ്ഗാർഡുകളുടേതാകട്ടെ വികേന്ദ്രീകരിച്ചു വ്യാപകമാകലും. പിന്തിരിപ്പൻ ഭരണാധികാരികൾ താൽക്കാലികമായെങ്കിലും ഉറപ്പോടെയുള്ള ഈ സമയത്ത് ചുവപ്പ് സേനയെ ആക്രമിക്കാനായി ശത്രുവിന് വമ്പിച്ച സേനകളെ ശേഖരിച്ച് ഒന്നിച്ചുനിർത്താൻ കഴിയുന്നതാണ്. അങ്ങിനെയുള്ളപ്പോൾ വികേന്ദ്രീകരിച്ച് നാട്ടിലാകെ വ്യാപിക്കുന്നത് ചുവപ്പ്സേനക്ക് ഗുണകരമാകുന്നതല്ല. നമ്മുടെ അനുഭവത്തിൽ സേനകളെ വികേന്ദ്രീകരിച്ച് വ്യാപകമാക്കുന്നത് മിക്കവാറും എപ്പോഴും പരാജയത്തിലേക്കാണ് ചെന്നെത്തിച്ചിട്ടുള്ളത്. അതേസമയം എണ്ണത്തിൽ കുറവോ, സമമോ അല്പം അധികമോ ആയ ശത്രുസേനകളോട് പോരാടാനായുള്ള നമ്മുടെ സേനകളുടെ കേന്ദ്രീകരണമാകട്ടെ മിക്കപ്പോഴും വിജയത്തിലേക്കാണ് നയിച്ചത്. നീളത്തിലും വീതിയിലും ആയിരക്കണക്കിനു ലീ വരുന്നതും നമ്മുടെ കഴിവിനതീതവുമായ അതിവിപുലമായ ഒരു പ്രദേശത്ത് ഗറില്ലാ സമരം വികസിപ്പിക്കാനായി കേന്ദ്രകമ്മിററി ഞങ്ങൾക്ക് നിർദ്ദേശം തന്നിരിക്കുന്നു. ഒരു പക്ഷെ അവർ ഇത് ചെയ്തത് നമ്മുടെ ശക്തിയെ ഉള്ളതിലുമധികമായി കണ്ടതുകൊണ്ടായിരിക്കണം. റെഡ്ഗാർഡുകൾക്ക് വികേന്ദ്രീകരണം ഗുണകരമാണ്. ഇപ്പോൾ അവർ എല്ലാ കൗണ്ടികളിലുമുള്ള സൈനികനടപടികളിൽ ഈ സമ്പ്രദായമാണ് ഉപയോഗിക്കുന്നത്.

പിടിച്ചടക്കിയ പട്ടാളക്കാരെ മോചിപ്പിക്കുകയും മുറിവേററവർക്ക് വൈദ്യശുശ്രൂഷ ചെയ്യുകയുമെന്നതാണ് ശത്രുസേനകൾക്കെതിരായ പ്രചരണത്തിലെ ഏററവും ഫലപ്രദമായ സമ്പ്രദായം. എപ്പോഴൊക്കെ ശത്രുസേനകളിലെ പട്ടാളക്കാരേയോ പ്ളാററൂൺ നേതാക്കളേയോ കമ്പനി അല്ലെങ്കിൽ ബററാലിയൻ കമാൻറർമാരേയോ പിടിച്ചടക്കുന്നുവൊ അപ്പോഴൊക്കെ അവർക്കിടയിൽ ഞങ്ങൾ ഉടനെ പ്രചരണം അഴിച്ചുവിടുന്നു, ഞങ്ങളുടെ കൂടെത്തന്നെ നിൽക്കാനാഗ്രഹിക്കുന്നവരോ, അല്ലെങ്കിൽ വിടവാങ്ങിപ്പോകാനാഗ്രഹിക്കുന്നവരോ ആയി അവരെ ഞങ്ങൾ തരംതിരിക്കുന്നു. പോകാനാഗ്രഹിക്കുന്നവർക്ക് യാത്രച്ചിലവ് കൊടുക്കുകയും അവരെ വിട്ടയക്കുകയും ചെയ്യുന്നു. ഈ സമ്പ്രദായം 'കമ്യൂണിസ്ററ് കൊള്ളക്കാർ കണ്ണിൽ കാണുന്നവരെയെല്ലാം കൊല്ലുന്നു' എന്ന ശത്രുവിന്റെ അപവാദപ്രചരണത്തിന്റെ അടിത്തറ ഉടനടി തകർക്കുന്നു. ഈ കാര്യത്തെ പ്രതിപാദിച്ചെഴുതുമ്പോൾ യാങ്ങ്ഷി–ഷെങ്ങിന്റെ ഒമ്പതാം ഡിവിഷന്റെ പത്രമായ 'ടെൻ-ഡെ റെവ്യൂ' 'എത്ര ഹൃദയശൂന്യം' എന്ന് ആക്രോശിക്കുകയുണ്ടായി. ചുവപ്പ്സേനയിലെ സൈനികർ തടവുകാരിൽ അത്യധികം ആകാംക്ഷ കാട്ടുന്നു. ഊഷ്മളമായ യാത്രയയപ്പ് സൽക്കാരവും അവർക്കായി ഏർപ്പാടുചെയ്യുന്നു. അങ്ങിനെയുള്ള ഓരോ 'നമ്മുടെ പുതിയ സഹോദരൻമാർക്കായുള്ള യാത്രയയപ്പുസൽക്കാരത്തി' ലും തടവുകാർ മറുപടിയെന്നോണം അവരുടെ ഹൃദയംഗമമായ കൃതജ്ഞതാപ്രകടനം നടത്തുകയും ചെയ്യുന്നു. മുറിവേററ ശത്രുഭടൻമാർക്ക് നൽകുന്ന വൈദ്യ ചികിത്സക്കും വമ്പിച്ചൊരു പ്രതികരണമുണ്ട്. ശത്രുഭാഗത്തെ ലീവെൻ–പിന്നിനെപ്പോലെയുള്ള സൂത്രശാലികൾ ഈയിടെയായി തടവുകാരെ വധിക്കുന്നത് നിർത്തൽചെയ്തുകൊണ്ടും മുറിവേററവർക്ക് വൈദ്യശുശ്രൂഷ ചെയ്തുകൊണ്ടും നമ്മെ അനുകരിച്ചിട്ടുണ്ട്. ഇങ്ങിനെയൊക്കെയാണെങ്കിലും നമ്മുടെ ആൾക്കാർ അടുത്ത സംഘട്ടനത്തിൽത്തന്നെ നമ്മോടൊപ്പം വീണ്ടും ചേരുന്നു. അവരുടെ ആയുധങ്ങൾ അവരോടൊപ്പം കൊണ്ടുവരികയും ചെയ്യുന്നു. രണ്ടുതവണ ഇപ്രകാരം സംഭവിച്ചു കഴിഞ്ഞു. ഇതിനെല്ലാം പുറമെ എഴുത്തു പ്രചരണം ഞങ്ങൾ കഴിയാവുന്നത്ര നട



ത്തുന്നുമുണ്ട്. ഉദാഹരണത്തിനു പോസ്ററുകളെഴുതൽ. എവിടെയെല്ലാം ഞങ്ങൾ പോകുന്നുണ്ടോ അവിടെയെല്ലാം പോസ്ററുകൾകൊണ്ട് ചുമരുകൾ ഞങ്ങൾ നിറയ്ക്കും. പക്ഷെ വരക്കാൻ കഴിവുള്ള ആൾക്കാർ ഞങ്ങളിൽ കുറവാണ്. കേന്ദ്രകമ്മിററിയും രണ്ടു സംസ്ഥാനകമ്മിററികളും ഇത്തരം കുറച്ചുപേരെയെങ്കിലും അയച്ചുതരുമെന്ന് ഞങ്ങൾ ആശിക്കുന്നു.

സൈനികത്താവളങ്ങളെപ്പററി പറയുകയാണെങ്കിൽ, ഒന്നാമത്തെ താവളമായ ചിങ്ങ്കാങ്ങ് പർവതങ്ങൾ നിങ്ങ്കാങ്ങ്, ലിങ്ങ്സിയെൻ, സ്വിചുവാൻ, യുങ്ങ്സിൻ എന്നീ നാലു കൗണ്ടികൾ തമ്മിൽ ചേരുന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. നിങ്ങ്കാങ്ങ് കൗണ്ടിയിലെ വടക്കൻ ചരുവിലുള്ള മാഓപിങ്ങും സ്വിചുവാനിലെ തെക്കൻ ചരിവിലുള്ള ഹുവാൻഗാഓവും തമ്മിലുള്ള ദൂരം തൊണ്ണൂറ് ലീ ആണ്. യുങ്ങ്സിൻ കൗണ്ടിയിലെ കിഴക്കൻ ചരിവിലുള്ള നാഷാനും ലിങ്ങ്സിയെന്റെ പടിഞ്ഞാറൻ ചരിവിലുള്ള നാഷാനും ലിങ്ങ്സിയെന്റെ പടിഞ്ഞാറൻ ചരിവിലുള്ള ഷുയികൗവും തമ്മിലുള്ള ദൂരം എൺപത് ലീ ആണ്. നാഷാൻതൊട്ടു ലുങ്ങിയാൻ കൗവരെയും (രണ്ടും യുങ്ങ്സിൻ കൗണ്ടിയിലാണ്) സിചെങ്ങ്, മൗപിൻ, ടാലുങ്ങ് (എല്ലാം നിങ്കാങ്ങ് കൗണ്ടിയിൽ പെട്ടത്) ഷീട്ടു, ഷുയികൗ, സിയാററ്സൺ (എല്ലാം ലിങ്ങ്സിയെൻ കൗണ്ടിയിൽ) യിങ്ങ്പാൻഹ്സു, ടായ്ചായ്പു, ടാഫെൻ, ടൂയിസെചിയെൻ, ഹുവാൻഗാഓ, വുടൗക്യാങ്ങ്, ചെ–ആഓ (എല്ലാം സ്വിചുവാൻ കൗണ്ടിയിൽ) തുടങ്ങി വീണ്ടും നാഷാൻവരെയുള്ള ആകെ ചുററളവ് അഞ്ഞൂററിഅൻപത് ലീ ആണ്. പർവതങ്ങളിലാകട്ടെ വൻകിണററ്, ചെറുകിണററ്, മേൽക്കിണററ്, നടുക്കിണററ്, കീഴ്ക്കിണററ്, ടുസെപിങ്ങ്, സ്യാചുവാങ്ങ്, സിൻചൗ, ടുസാഓപിങ്ങ്, പായിനിഹു, ലോഫു എന്നിവിടങ്ങളിൽ നെല്പാടങ്ങളും ഗ്രാമങ്ങളും ഉണ്ട്. ഈ സ്ഥലങ്ങളിലെല്ലാംതന്നെ അടുത്തകാലംവരെ കൊള്ളസംഘങ്ങളും പട്ടാളത്തിൽനിന്ന് ഓടിപ്പോന്നവരും നിർല്ലോഭം വിളയാടിയിരുന്നു. ഇപ്പോഴത് നമ്മുടെ താവളപ്രദേശമായി മാറിയിരിക്കയാണ്. അതിന്റെ ആകെ ജനസംഖ്യ രണ്ടായിരത്തിൽ കുറവാണ്. മൊത്തം നെൽവിളവ് പതിനായിരം പിക്കലിൽ* കുറവാണ്. അതുകൊണ്ട് സേനക്ക് വേണ്ടതായ മുഴുവൻ ധാന്യവും നിങ്കാങ്ങ്, യുങ്ങ്സിൻ, സ്വിചുവാൻ കൗണ്ടികളിൽനിന്ന് ലഭിക്കേണ്ടിയിരിക്കുന്നു. പർവ്വതങ്ങളിലെ തന്ത്രപ്രാധാന്യമുള്ള എല്ലാ ചുരങ്ങളും കോട്ടകെട്ടി ഉറപ്പിച്ചിട്ടുണ്ട്. നമ്മുടെ ആശുപത്രികളും, കിടക്ക, കുപ്പായം തുടങ്ങിയവയുടെ നിർമ്മാണശാലകളും, ആയുധനിർമ്മാണശാലകളും, റെജിമെന്റിന്റെ പിന്നണി ആഫീസുകളുമെല്ലാം ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. ഇന്നാണെങ്കിൽ നിങ്കാങ്ങിൽ നിന്നാണ് പർവതങ്ങളിലേക്ക് ധാന്യം കടത്തിക്കൊണ്ടിരിക്കുന്നത്. വേണ്ടത്ര ധാന്യം നമുക്ക് ലഭ്യമാകുകയാണെങ്കിൽ ശത്രുവിന് ഒരിക്കലും ഇവിടേക്ക് പ്രവേശിക്കാൻ കഴിയുന്നതല്ല. രണ്ടാമത്തെ താവളപ്രദേശം, അതായത് ചൂലങ്ങ് പർവതങ്ങൾ, നിങ്കാങ്ങ്, യുങ്ങ്സിൻ, ലിയൻഹുവാ, ചാലിൻ എന്നീ നാല് കൗണ്ടികൾ കൂടിച്ചേരുന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ചിങ്ങ്കാങ്ങ് പർവതങ്ങളെക്കാൾ പ്രാധാന്യം കുറഞ്ഞതാണ് ഇത്. പക്ഷെ, മേല്പറഞ്ഞ നാല് കൗണ്ടികളിലേയും പ്രാദേശിക സായുധസേനകൾക്ക് ഏററവും പിൻവശമുള്ള ഒരു താവളമായി അത് ഉപയോഗിക്കാൻ പററും. അതും കോട്ടകെട്ടി ഉറപ്പിച്ചിട്ടുണ്ട്. വെള്ളഭരണത്താൽ വലയം ചെയ്യപ്പെട്ട ഒരു സ്വതന്ത്ര ചുവപ്പ് ഭരണപ്രദേശത്തിന് പർവതങ്ങൾ നൽകുന്ന തന്ത്രപരമായ അനു

പിക്കൽ—ഏകദേശം ഒരു പറയിലധികം വരുന്ന ചൈനീസ് അളവ്.

കൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തേണ്ടത് ഒഴിച്ചുകൂടാൻ വയ്യാത്ത
ഒരു കാര്യമാണ്.

## ഭൂപ്രശ്നങ്ങൾ

അതിർത്തി പ്രദേശങ്ങളിലെ ഭൂബന്ധങ്ങൾ സുമാറായി എടുക്കുക
യാണെങ്കിൽ ഭൂമിയിൽ 60%ത്തിലേറെ ഭൂപ്രഭുക്കന്മാരുടെ കൈകളിലാ
ണ്. നാല്പത് ശതമാനത്തിൽ കുറവ് മാത്രമേ കർഷകരുടെ കൈകളി
ലുള്ളൂ. കിയാങ്ങ്സി പ്രദേശത്ത് സ്വിചുവാൻ കൗണ്ടിയിലാണ് ഭൂവു
ടമാവകാശം ഏററവുമധികം കേന്ദ്രീകൃതം. അവിടെ ഏകദേശം എൺപത്
ശതമാനം ഭൂമി ഭൂപ്രഭുക്കന്മാരുടെ കൈകളിലാണ്. പിന്നീട് വരുന്നത്
എഴുപതു ശതമാനം വരുന്ന യുങ്ങ്സിൻ ആണ്. വാനാനിലും, നി
കാങ്ങിലും, ലിയൻഹുവായിലും കൂടുതൽ ഉടമ കർഷകരുണ്ടായിരുന്നു.
എന്നാലും ഭൂരിഭാഗം ഭൂമിയും ഭൂപ്രഭുക്കളുടെ കൈകളിൽതന്നെയായി
രുന്നു. അതായത് ആകെയുള്ളതിൽ ഏകദേശം അറുപത് ശതമാനം. അ
തേസമയം കർഷകർക്കാകട്ടെ നാല്പത് ശതമാനം മാത്രമെ ഉണ്ടായിരുന്നു
ള്ളൂ. ഹുനാൻപ്രദേശത്തുള്ള ചാലിങ്ങ്, ലിങ്ങ്സിയെൻ കൗണ്ടികളിൽ
ഏകദേശം എഴുപത് ശതമാനം ഭൂമിയും ഭൂപ്രഭുക്കന്മാരുടേതായിരുന്നു.

**ഇടത്തരം വർഗത്തിന്റെ പ്രശ്നം:** ഇത്തരം ഭൂബന്ധങ്ങൾ നില
വിലുള്ള സാഹചര്യത്തിൽ മുഴുവൻ ഭൂമിയും.17 കണ്ടുകെട്ടുന്നതിനും പു
നർവിതരണം നടത്തുന്നതിനും ഭൂരിപക്ഷത്തിന്റെ പിന്തുണ നേടാൻ
സാധിക്കും. ഉൾനാടൻ ജനസംഖ്യ മൂന്നു വർഗങ്ങളായി മൊത്തത്തിൽ
വിഭജിക്കപ്പെട്ടിരിക്കയാണ്. അതായത് വൻകിടയും മദ്ധ്യവർത്തിയു
മായ ഭൂപ്രഭുവർഗം, ചെറുകിട ഭൂപ്രഭുക്കളുടേയും ധനിക കർഷകരുടേ
തുമായ ഇടത്തരം വർഗം, മദ്ധ്യവർത്തി കർഷകരുടേയും ദരിദ്രകർഷകരു
ടേതുമായ വർഗം. ധനിക കർഷകരുടെ താല്പര്യങ്ങൾ മിക്കപ്പോഴും
ചെറുകിട ഭൂപ്രഭുക്കളുടേതുമായി കൂടിപ്പിണഞ്ഞു കിടക്കുന്നവയാണ്.
ധനികകർഷകരുടെ ഭൂമി ആകെയുള്ള ഭൂമിയുടെ ഒരു ചെറുശതമാനം മാ
ത്രമെ ആകുന്നുള്ളൂ. അതേസമയം ചെറുകിട ഭൂപ്രഭുക്കളുടെ ഭൂമിയുമാ
യി കൂട്ടിച്ചേർത്താൽ അത് ആകെ ഭൂമിയുടെ ഒരു ഗണ്യമായ ഭാഗമാകുന്ന
താണ്. ഒരുപക്ഷെ ഇതു തന്നെയായിരിക്കണം മിക്കവാറും രാജ്യത്താക
മാനമുള്ള സ്ഥിതി. പൂർണമായ കണ്ടുകെട്ടലും വ്യാപകമായ വിതരണവും
എന്നതാണ് അതിർത്തി പ്രദേശങ്ങളിൽ അംഗീകരിച്ച ഭൂനയം. ഇതി
ന്റെ ഫലമായി ചുവപ്പുപ്രദേശത്ത് രണ്ടുവർഗത്തേയും അതായത് വൻ
കിടയും മദ്ധ്യവർത്തിയുമായ ഭൂപ്രഭുവർഗത്തേയും ഇടത്തരം വർഗത്തേ
യും ആക്രമണത്തിന് വിധേയമാക്കുന്നുണ്ട്. അത്തരമാണ് നമ്മുടെ ന
യം. പക്ഷെ, അത് യഥാർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഇടത്തരം
വർഗത്തിൽനിന്ന് വളരെയേറെ തടസ്സങ്ങൾ ഞങ്ങൾക്ക് നേരിടേണ്ടിവ
ന്നിട്ടുണ്ട്. വിപ്ളവത്തിന്റെ ആരംഭകാലങ്ങളിൽ ഇടത്തരംവർഗം പ്രത്യ
ക്ഷത്തിൽ ദരിദ്രകർഷകവർഗത്തിന് കീഴടങ്ങിയിരുന്നു. പക്ഷെ
യഥാർത്ഥത്തിൽ ഭൂവിതരണത്തിന് കാലതാമസം വരുത്താൻവേണ്ടി ദ
രിദ്രകർഷകരെ ഭീഷണിപ്പെടുത്തുന്നതിനു തങ്ങളുടെ പരമ്പരാഗതമായ
സാമൂഹ്യസ്ഥാനവും ഗോത്രാധികാരവും അവർ ചൂഷണം ചെയ്തു.
കാലതാമസം തുടരുന്നത് ഇനി സാദ്ധ്യമല്ലെന്ന് വരുന്ന ആ ഘട്ടത്തിൽ
അവർ തങ്ങളുടെ യഥാർത്ഥ കൈവശഭൂമി ഒളിച്ചുവെക്കുകയും അല്ലെ
ങ്കിൽ നല്ല ഭൂമി തങ്ങൾക്കുതന്നെ എടുക്കുകയും മോശമായത് വിട്ടുകൊ
ടുക്കുകയും ആയിരുന്നു ചെയ്തത്. ഈ സമയങ്ങളിൽ ദരിദ്രകർഷക
രാകട്ടെ വളരെക്കാലമായി ചവിട്ടിത്താഴ്ത്തപ്പെട്ടിരുന്നതിനാലും വിപ്ള
വത്തിന്റെ വിജയം അത്ര തീർച്ചയൊന്നുമല്ല എന്ന് കരുതിയതിനാലും
പലപ്പോഴും ഇടത്തരം വർഗത്തിന് വഴങ്ങിക്കൊടുക്കുകയും, ധീരമായ



കാൽവെപ്പുകളെടുക്കാൻ ധൈര്യമവലംബിക്കാതിരിക്കുകയുമാണ് ചെ
യ്തിരുന്നത്. വിപ്ളവം മുന്നേറിക്കൊണ്ടിരിക്കുമ്പോൾ മാത്രമെ
ഗ്രാമങ്ങളിലുള്ള ഇടത്തരം വർഗത്തിനെതിരായി അവർ ഇപ്രകാരം ധീരമാ
യ കാൽവെപ്പെടുത്തിരുന്നുള്ളൂ. ഉദാഹരണത്തിന്, ഒന്നോ അതിലധിക
മോ കൗണ്ടികളിൽ രാഷ്ട്രീയാധികാരം പിടിച്ചുപററിക്കഴിയുമ്പോഴും
പിന്തിരിപ്പൻ സേനക്ക് വളരെയേറെ പരാജയങ്ങൾ പററുമ്പോഴും ചുവ
പ്പ്സേനയുടെ അന്തസ്സും ശക്തിയും വീണ്ടും വീണ്ടും പ്രകടിപ്പിച്ചു
കഴിയുമ്പോഴും ഭൂവിതരണത്തിലുണ്ടായ കാലതാമസത്തിന്റെയും കൈവ
ശഭൂമി ഒളിച്ചുവെക്കുന്നതിന്റെയും ഏററവും ഗുരുതരമായ ഉദാഹരണ
ങ്ങൾ യുങ്ങ്സിൻ കൗണ്ടിയുടെ തെക്കൻ ഭാഗങ്ങളിലാണ് ഉണ്ടായത്.
അവിടെ ഇടത്തരംവർഗം ഏററവും വലുതായിരുന്നു. ചുവപ്പുസേനയു
ടെ ജൂൺ 23ന്റെ ലുങ്ക്യാൻ കൗവിലെ വമ്പിച്ച വിജയത്തിനുശേഷം മാ
ത്രമാണ് ഈ പ്രദേശത്ത് യഥാർത്ഥത്തിൽഭൂവിതരണം നടക്കുകയുണ്ടാ
യത്. ധാരാളമാൾക്കാരെ വിതരണം നീട്ടിക്കൊണ്ടു പോയതിന് ജില്ലാ
ഗവൺമെൻറിന് ശിക്ഷിക്കേണ്ടിവന്നു. പക്ഷെ, എല്ലാ കൗണ്ടികളി
ലും ജന്മിനാടുവാഴിത്ത കുടുംബസമ്പ്രദായം നിലനിന്നുപോരുന്നതു
കൊണ്ടും ഒരു ഗ്രാമത്തിലേയൊ അഥവാ ഒരു കൂട്ടം ഗ്രാമങ്ങളിലേയൊ എ
ല്ലാ കുടുംബങ്ങളും ഒരേയൊരു ഗോത്രത്തിൽ പെട്ടവരായതുകൊണ്ടും ത
ങ്ങളുടെ വർഗത്തെപ്പററി ബോധവാന്മാരാകുന്നതിനും ഗ്രാമങ്ങളിൽ
ഗോത്രവികാരത്തെ അതിജീവിക്കുന്നതിനും ജനങ്ങൾക്ക് നീണ്ടൊരുകാ
ലം ഇനിയും വേണ്ടിവരുന്നതാണ്.

വെള്ളഭീകരതക്ക് കീഴിൽ ഇടത്തരം വർഗത്തിന്റെ ചേരിമാററം വി
പ്ളവ മുന്നേററകാലങ്ങളിൽ ആക്രമണത്തിന് വിധേയമായതു കൊണ്ട്,
വെള്ള ഭീകരത ആഞ്ഞടിച്ച ഉടനെതന്നെ ഇടത്തരംവർഗം ശത്രുഭാഗത്തേക്ക്
ചേരിമാറി. യുങ്ങ്സിനിലും നിങ്കാങ്ങിലും ചെറു ഭൂപ്രഭുക്കന്മാരും
ധനിക കർഷകരും തന്നെയായിരുന്നു വിപ്ളവകാരികളായ കർഷകരു
ടെ വീടുകൾക്ക് തീകൊടുക്കുന്നതിൽ പിന്തിരിപ്പൻ പട്ടാളക്കാർക്ക് നേ
തൃത്വം നൽകിയത്. പിന്തിരിപ്പൻമാരുടെ നിർദ്ദേശമനുസരിച്ച് ഇവർ
വീടുകൾ കത്തിച്ച് ചാമ്പലാക്കുകയും അറസ്ററുകൾ നടത്തുകയും
ചെയ്തു. ഇത് തന്നെയും യാതൊരു മനസങ്കോചമില്ലാതെയായിരു
ന്നു അവർ ചെയ്തത്. പിന്നീട് നിങ്കാങ്ങ്, സിൻചെങ്ങ്, കുചെങ്ങ്,
ലുങ്ങ്ഷി എന്നീ പ്രദേശങ്ങളിലേക്ക് ചുവപ്പ്സേന തിരിച്ചുവന്ന
പ്പോൾ ആയിരക്കണക്കിന് കർഷകർ പിന്തിരിപ്പന്മാരുടെ കൂടെ യു
ങ്ങ്സിനിലേക്ക് ഓടി രക്ഷപ്പെട്ടു. കാരണം, കമ്യൂണിസ്ററുകാർ
അവരെ കൊന്നുകളയുമെന്ന പിന്തിരിപ്പൻ പ്രചരണത്തിൽ അവർ വഞ്ചി
തരാക്കപ്പെട്ടിരുന്നു. 'ചേരിമാറിയ കർഷകരെ ഒരിക്കലും കൊല്ലുന്നത
ല്ല' എന്നും 'ചേരിമാറിയ കർഷകരെ തങ്ങളുടെ വിളവെടുക്കാനായി
സ്വന്തം നാട്ടിലേക്ക് തിരിച്ചുവരുന്നത് സ്വാഗതംചെയ്യുന്നു' എന്നും
അർത്ഥത്തിലുള്ള പ്രചരണം നാം അഴിച്ചുവിട്ടതിന് ശേഷം മാത്രമാ
ണ് ഇവരിൽ ചിലർ മെല്ലെ മെല്ലെ തിരിച്ചുവരാൻ തുടങ്ങിയത്.

രാജ്യത്താകമാനം വിപ്ളവം വേലിയിറക്കത്തിലാകുമ്പോൾ ഇടത്തരം
വർഗത്തെ മുറുകെ പിടിച്ചു നിർത്തുകയെന്നത് നമ്മുടെ പ്രദേശങ്ങളെ
സംബന്ധിച്ചിടത്തോളം അങ്ങേയററം വിഷമം പിടിച്ച പ്രശ്നമാണ്.
വിപ്ളവത്തിന്റെ കൈകളിൽനിന്ന് വേണ്ടതിലും ശക്തിയേറിയ ഒര
ടി അതിന് കിട്ടുകയുണ്ടായി എന്നതാണ് ഈ വർഗത്തിന്റെ വഞ്ചനക്കു
ള്ള മുഖ്യകാരണം. പക്ഷെ അതേസമയം രാജ്യമാസകലം ഒരു വിപ്ള
വമുന്നേററം ഉണ്ടാകുമ്പോൾ ദരിദ്ര കർഷകവർഗത്തിന് ആശ്രയിക്കാനാ
യി ചിലതൊക്കെ ഉണ്ടാകുകയും തന്നിമിത്തം അത് കൂടുതൽ ധൈര്യമ
വലംബിക്കുകയും ചെയ്യുന്നു. അതേസമയം ഇടത്തരം വർഗത്തിനാകട്ടെ

യേപ്പെടാനായി ചിലതൊക്കെ ഉണ്ടാകുകയും തന്നിമിത്തം നിയന്ത്രണത്തിൽനിന്ന് വിട്ടുപോകാൻ അത് ധൈര്യപ്പെടുന്നുമില്ല. ലീട്സുങ്ങ്–ജെന്നും, ഫാങ്ങ്ഷെങ്ങ്–ചീയും തമ്മിലുണ്ടായ യുദ്ധം ഹുനാനിലേക്ക് വ്യാപിച്ചതോടെ ചാലിങ്ങിലെ ചെറു ഭൂപ്രഭുക്കൾ കർഷകരെ പ്രീണിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. നവവൽസര സമ്മാനമായി ചിലർ പന്നിയിറച്ചി കർഷകർക്ക് അയച്ചുകൊടുക്കുക കൂടി ചെയ്തു. (അപ്പോഴേക്കും ചുവപ്പ്സേന ചാലിങ്ങിൽനിന്ന് സ്വിചുവാനിലേക്ക് പിൻമാറിക്കഴിഞ്ഞിരുന്നു. പക്ഷെ യുദ്ധം അവസാനിച്ചതോടെ അത്തരം കൃത്യങ്ങളെപ്പററി പിന്നെ ഒരിക്കലും ആരുംതന്നെ കേൾക്കുകയുണ്ടായില്ല. ദേശവ്യാപകമായ ഒരു പ്രതിവിപ്ളവവേലിയേററമാണ് ഇപ്പോൾ നിലവിലുള്ളത് എന്ന സ്ഥിതിക്ക് വെള്ളപ്രദേശങ്ങളിലെഇടത്തരം വർഗം, കഠിനമായ പ്രഹരങ്ങൾ കിട്ടിയതിൻെറ ഫലമായി മിക്കവാറും മുഴുവനായും വൻകിട ഭൂപ്രഭുവർഗവുമായി സ്വയം ഒട്ടിച്ചേർന്നിരിക്കയാണ്. ഇതിൻെറ ഫലമായി ദരിദ്ര കർഷകവർഗം ഒററപ്പെട്ടിട്ടുണ്ട്. തീർച്ചയായും വളരെ ഗുരുതരമായ ഒരു പ്രശ്നമാണിത്[18].

നിത്യജീവിതത്തിലെ സമ്മർദ്ദമാണ് ഇടത്തരം വർഗത്തിൻെറ കൂറുമാററത്തിൻെറ ഒരു കാരണം. യുദ്ധത്തിലേർപ്പെട്ട രണ്ട് രാജ്യങ്ങൾ പോലെയാണ് ചുവപ്പ്പ്രദേശവും വെള്ള പ്രദേശവും ഇപ്പോൾ പരസ്പരം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ശത്രുവിൻെറ സുശക്തമായ അതിർത്തികാവൽ കാരണവും പെററിബൂർഷ്വാസിയെ തെററായരീതിയിൽ നാം കൈകാര്യം ചെയ്തത് കാരണവും ഈ രണ്ടു പ്രദേശങ്ങൾ തമ്മിലുള്ള വ്യാപാരം മിക്കവാറും പൂർണ്ണമായും നിലച്ചിരിക്കയാണ്. അത്യാവശ്യസാധനങ്ങളായ ഉപ്പ്, തുണി, മരുന്ന് തുടങ്ങിയവ വളരെ വിരളവും വിലപിടിച്ചവയുമാണ്. കാർഷികോല്പന്നങ്ങളായ ചായ, എണ്ണ മുതലായവ പുറത്തേക്കയക്കാനും സാദ്ധ്യമല്ല. തന്നിമിത്തം കാശായി കിട്ടുന്ന കർഷകൻെറ വരുമാനം പൂർണ്ണമായും ഇല്ലാതാകുകയും മൊത്തത്തിൽ ജനങ്ങളാകെ വിഷമത്തിലാകുകയും ചെയ്തിരിക്കുന്നു. ഇത്തരം വിഷമതകൾ സഹിക്കാൻ ദരിദ്ര കർഷകന് കൂടുതൽ കഴിവുണ്ട്. പക്ഷെ ഇടത്തരം വർഗമാകട്ടെ, തങ്ങൾക്ക് സഹിക്കാനാവില്ല എന്നിടത്തെത്തുമ്പോൾ വൻകിട ഭൂപ്രഭുവർഗത്തിൻെറ ചേരിയിലേക്ക് മാറുകയും ചെയ്യും. ചൈനയിലെ ഭൂപ്രഭുവർഗത്തിനിടയിലും യുദ്ധപ്രഭുക്കൾ തമ്മിലുള്ള ഭിന്നതകളും യുദ്ധങ്ങളും തുടർന്നുകൊണ്ടേയിരിക്കുന്നില്ലെങ്കിൽ, ദേശവ്യാപകമായ ഒരു വിപ്ളവസാഹചര്യം വികസിച്ചില്ലെങ്കിൽ, ഈ ചെറു സ്വതന്ത്ര ചുവപ്പ് ഭരണകേന്ദ്രങ്ങൾ വൻതോതിലുള്ള സാമ്പത്തിക സമ്മർദ്ദത്തിന് വിധേയമാകുന്നതും അവയ്ക്ക് നിലനിൽക്കാൻ കഴിയുമോ എന്നതുതന്നെ സംശയത്തിലാകുന്നതുമാണ്. കാരണം അത്തരം സാമ്പത്തിക വിഷമതകൾ ഇടത്തരം വർഗത്തിന് മാത്രമല്ല അസഹ്യമാകുന്നത്, എന്നെങ്കിലുമൊരുദിവസം തൊഴിലാളികൾക്കും ദരിദ്ര കർഷകർക്കും ചുവപ്പ്സേനയിലെ സൈനികർക്ക് കൂടിയും അത് സഹിക്കാൻ കഴിഞ്ഞില്ലെന്നുപോലും വന്നേക്കും. യുങ്ങ്സിനിലേയും നിങ്കാങ്ങിലേയും കൗണ്ടികളിൽ ഒരിക്കൽ ഭക്ഷണം പാകം ചെയ്യാനായി ഉപ്പുണ്ടായിരുന്നില്ല. മാത്രമൊ തുണിയുടേയും മരുന്നുകളുടേയും വിതരണം—മററു സാധനങ്ങളെപ്പററി ഇവിടെ ഒന്നുംതന്നെ പറയാതിരിക്കുകയാണ് നല്ലത്—പൂർണ്ണമായും നിലച്ചുപോകുകയും ചെയ്തു. ഇപ്പോൾ വീണ്ടും ഉപ്പ് കിട്ടാൻ തുടങ്ങിയിട്ടുണ്ട്. പക്ഷെ വില വളരെ അധികമാണ്. തുണിയും മരുന്നുകളും ഇപ്പോഴും ലഭ്യമല്ല. നിങ്കാങ്ങ്, പശ്ചിമ യുങ്ങ്സിൻ, വടക്കൻ സ്വിചുവാൻ (എല്ലാം ഇപ്പോൾ നമ്മുടെ പ്രദേശങ്ങളിൽ പെട്ടതാണ്) എന്നിവിടങ്ങളിൽ ധാരാളമായുല്പാദിപ്പിക്കുന്ന ചായ, എണ്ണ എന്നിവ ഒരു വഴിക്കും പുറത്തേക്കയക്കാൻ കഴിയുന്നില്ല[19].



**ഭൂവിതരണത്തിൻെറ മാനദണ്ഡം:** ഗ്രാമത്തെയാണ് ഭൂവിതരണത്തിൻെറ ഒരു ഘടകമായി (യൂണിററ്) എടുക്കുന്നത്. വയൽനിലങ്ങൾ കുറവായ മലമ്പ്രദേശങ്ങളിൽ, ഉദാഹരണത്തിന് യുങ്ങ്സിനിലെ സിയൊക്യാങ്ങ് ജില്ലയിൽ, ചിലപ്പോൾ മൂന്നോ നാലോ ഗ്രാമങ്ങളെ ഒരു യൂണിററായി എടുക്കുന്നുണ്ട്. പക്ഷെ അത്തരം സന്ദർഭങ്ങൾ വളരെ കുറവാണ്. പുരുഷൻമാരും, സ്ത്രീകളും, വൃദ്ധരും, യുവാക്കളുമായ എല്ലാ നിവാസികൾക്കും തുല്യ പങ്കുകൾ കിട്ടുന്നു. കേന്ദ്രകമ്മിററിയുടെ പദ്ധതിഅനുസരിച്ച് ഇപ്പോൾ ഇതിലൊരു മാററം വരുത്തിയിട്ടുണ്ട്. അതുപ്രകാരം അദ്ധ്വാനശക്തിയാണ് മാനദണ്ഡമായെടുത്തിരിക്കുന്നത്. അങ്ങിനെ അദ്ധ്വാനശക്തിയുള്ള ഒരാൾക്ക് അതില്ലാത്ത ഒരാളെക്കാൾ ഇരട്ടി ഭൂമി പതിച്ചുകൊടുക്കുന്നു[20].

**ഉടമ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്ന പ്രശ്നം:** ഇത് വിശദമായി ഇന്നുവരെയും ചർച്ചചെയ്തിട്ടില്ല. ഉടമ കർഷകർക്കിടയിലെ ധനിക കർഷകർ ഉല്പാദന ശേഷിയെയാണ് മാനദണ്ഡമായെടുക്കേണ്ടതെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അതായത് കൂടുതൽ ആൾബലവും മൂലധനവും (കാർഷികോപകരണങ്ങൾ തുടങ്ങിയവ) ഉള്ളവർക്ക് കൂടുതൽ ഭൂമി പതിച്ചുകൊടുക്കേണ്ടതാണെന്ന്. തുല്യതോതിലുള്ള വിതരണമോ അദ്ധ്വാനശക്തിക്കനുസരിച്ചുള്ള വിതരണമോ തങ്ങൾക്കനുകൂലമായിരിക്കയില്ലെന്ന് അവർ കരുതുന്നു. തങ്ങൾ കൂടുതൽ പരിശ്രമിക്കാമെന്നും ഇതും തങ്ങളിറക്കുന്ന മൂലധനത്തിൻെറ ഉപയോഗവും കൂടിചേർന്നാൽ കൂടുതൽ വലിയ വിളവെടുക്കാൻ സാദ്ധ്യമാകുമെന്നും അവർ സൂചിപ്പിച്ചിട്ടുണ്ട്. മററുള്ളവർക്ക് നൽകുന്നത്രതന്നെ ഭൂമി മാത്രം അവർക്കു നൽകുകയും അവരുടെ പരിശ്രമങ്ങളും കൂടുതലായ മൂലധനവും അവഗണിക്കുകയും (ഉപയോഗപ്പെടുത്താതിരിക്കയും) ചെയ്താൽ അവരത് ഇഷ്ടപ്പെടുന്നതല്ല. കേന്ദ്രകമ്മിററി നിർദ്ദേശിച്ചപോലെയാണ് ഭൂവിതരണം ഇവിടെ ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷെ ഈ പ്രശ്നം കൂടുതൽ ചർച്ച അർഹിക്കുന്നു. നിഗമനങ്ങളിലെത്തിയശേഷം ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**ഭൂനികുതി:** നിങ്കാങ്ങിൽ നികുതിനിരക്ക് വിളവിൻെറ ഇരുപത് ശതമാനമാണ്. അഥവാ കേന്ദ്രകമ്മിററി നിശ്ചയിച്ച തോതിലും അഞ്ചുശതമാനം കൂടുതലാണ്. നികുതി പിരിവ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതിൽ എന്തെങ്കിലുമൊരുമാററം ഈ സമയത്ത് വരുത്തുന്നത് ആശാസ്യമല്ല. പക്ഷെ വരുംകൊല്ലം തോതിൽ ഇളവ് വരുത്തുന്നതാണ്. ഇത് കൂടാതെ നമ്മുടെ ഭരണത്തിലുള്ള സ്വിചുവാൻ, ലിങ്ങ്സിയെൻ, യുങ്ങ്സിൻ എന്നിവിടങ്ങളിലെ പ്രദേശങ്ങളുണ്ട്. ഇവയെല്ലാം മലമ്പ്രദേശങ്ങളാണ്. അവിടുത്തെ കർഷകർ കടും ദാരിദ്ര്യത്തിലായതുകൊണ്ട് അവരിൽ നിന്ന് നികുതി പിരിക്കുന്നത് ആശാസ്യമല്ല. ഭരണത്തിൻേറയും റെഡ്ഗാർഡുകളുടേയും ചിലവിനായി വെള്ള പ്രദേശങ്ങളിലെ പ്രാദേശിക ജനമർദ്ദകരുടെ സമ്പത്ത് പിടിച്ചെടുക്കുന്നതിനെ നാം ആശ്രയിക്കേണ്ടതുണ്ട്. ചുവപ്പ്സേനയുടെ ഭക്ഷണസാധനങ്ങളെപ്പററി പറയുകയാണെങ്കിൽ തല്ക്കാലം നിങ്കാങ്ങിൽനിന്നുള്ള ഭൂനികുതിയിൽനിന്ന് അരി ലഭിക്കുന്നുണ്ട്. അതേ സമയം ആവശ്യമായിവരുന്ന കാശാകട്ടെ പ്രാദേശിക ജനമർദ്ദകരിൽനിന്ന് പിടിച്ചെടുക്കുകവഴി മാത്രമാണ് ലഭ്യമാകുന്നത്. ഒക്ടോബർ മാസത്തിൽ സ്വിചുവാനിൽ നടത്തിയ ഗറില്ലാ പ്രവർത്തനത്തിനിടയിൽ പതിനായിരം യുവാനി (കൂമിന്താങ്ങ് പ്രദേശത്തിലെ ഒരു നാണയം) ൽ അധികം പണം നാം ശേഖരിച്ചിട്ടുണ്ട്. ഇത് നമുക്ക് കുറച്ച് നാളത്തേക്ക് മതിയാകും. ഇത് ചിലവായി കഴിഞ്ഞാൽ പിന്നെ എന്തു ചെയ്യാൻ കഴിയുമെന്ന് നമുക്ക് അപ്പോൾ നോക്കാം.

## രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നങ്ങൾ

എല്ലായിടത്തും കൗണ്ടി, ജില്ലാ, ഗ്രാമതലങ്ങളിൽ ജനകീയ രാഷ്ട്രീയാധികാരം സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇവ മിക്കവാറും പേരിനുമാത്രമാണ്. യാഥാർത്ഥ്യം മറ്റൊന്നാണ്. പല സ്ഥലങ്ങളിലും തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും കൗൺസിലുകളേ ഇല്ല. ഗ്രാമത്തിന്റെയൊ, ജില്ലയുടെയൊ, കൗണ്ടിയുടെതന്നെയൊ ആയ ഗവർമ്മെണ്ടുകളുടെ പ്രവർത്തകസമിതികൾ അനിവാര്യമായും ഏതെങ്കിലും തരത്തിലുള്ള പൊതുയോഗത്തിൽനിന്ന് തിരഞ്ഞെടുത്തവയാണ്. പക്ഷെ, പൊടുന്നനെ വിളിച്ചുകൂട്ടുന്ന പൊതുയോഗങ്ങൾക്ക് പ്രശ്നങ്ങൾ വേണ്ടപോലെ ചർച്ചചെയ്യാനൊ രാഷ്ട്രീയമായ പരിശീലനത്തിന് ബഹുജനങ്ങളെ സഹായിക്കാനൊ കഴിയുന്നതല്ല. തന്നെയുമല്ല, അത്തരം യോഗങ്ങൾ ബുദ്ധിജീവികളും സ്വാർത്ഥികളും തങ്ങളുടെ സ്വന്തം താല്പര്യത്തിനായി ഉപയോഗിച്ചെന്നു വന്നേക്കാവുന്നതാണ്. ചില സ്ഥലങ്ങളിൽ കൗൺസിലുകൾ ഉണ്ടെന്നത് വാസ്തവമാണ്. പക്ഷെ അവ പ്രവർത്തകസമിതിയെ തിരഞ്ഞെടുക്കാൻവേണ്ടിയുള്ള ഒരു താല്ക്കാലിക ഏർപ്പാടായിമാത്രമാണ് കരുതപ്പെടുന്നത്. തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ അധികാരം പ്രവർത്തകസമിതിയുടെ കുത്തകയാക്കി മാറ്റുകയും കൗൺസിലിനെപ്പറ്റി പിന്നെ കേൾക്കാതാവുകയും ചെയ്യുന്നു. തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും പേരെടുത്തു പറയത്തക്ക കൗൺസിലുകൾ ഒട്ടും ഇല്ലെന്നല്ല ഇതിനർത്ഥം. പക്ഷെ, അത്തരം കൗൺസിലുകൾ വളരെ ദുർല്ലഭമാണ്. ഇതിന്റെ കാരണം ഈ പുതിയ രാഷ്ട്രീയ സമ്പ്രദായത്തെപറ്റിയുള്ള പ്രചരണത്തിന്റെയും ശിക്ഷണത്തിന്റെയും പോരായ്മയാണ്. തന്നിഷ്ടം ഏകപക്ഷീയമായി മറ്റുള്ളവരിൽ അടിച്ചേല്പിക്കുകയെന്ന ദുഷിച്ച ജന്മിനാടുവാഴി സമ്പ്രദായം ജനങ്ങളുടെ മനസ്സിലും സാധാരണ പാർട്ടി മെമ്പർമാരുടെ മനസ്സിൽപോലും അത്രമാത്രം ആഴത്തിൽ വേര് പിടിച്ചിരിക്കയാൽ അത് അത്രവേഗത്തിൽ മാച്ച്കളയുവാൻ കഴിയുന്നതല്ല. വല്ല പ്രശ്നങ്ങളും പൊന്തിവരികയാണെങ്കിൽ എളുപ്പമുള്ള മാർഗമാണവർ സ്വീകരിക്കുക. കുറച്ചൊക്കെ വിഷമകരമായ ജനാധിപത്യക്രമം അവർ ഇഷ്ടപ്പെടുന്നില്ല. ജനാധിപത്യകേന്ദ്രീകരണത്തിന്റെ കഴിവ് വിപ്ളവസമരത്തിൽ പ്രത്യക്ഷത്തിൽ പ്രകടമാക്കുകയും തങ്ങളുടെ ശക്തികളെ അണിനിരത്താനുള്ള ഏററവും നല്ലമാർഗമതാണെന്നും തങ്ങളുടെ സമരത്തിന് അത് അങ്ങേയററം സഹായകമാണെന്നും ബഹുജനങ്ങൾ മനസ്സിലാക്കുകയും ചെയ്ത് കഴിഞ്ഞാൽ മാത്രമെ ബഹുജനസംഘടനകളിൽ അത് വിപുലമായും ഫലപ്രദമായും പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ കഴികയുള്ളു. പഴയകാലങ്ങളിലെ തെററുകൾ പടിപടിയായി തിരുത്താൻ പററുമാറ് എല്ലാ നിലവാരങ്ങളിലുമുള്ള കൗൺസിലുകൾക്കുവേണ്ടി ഞങ്ങളൊരു വിശദമായ നിയമാവലി തയ്യാറാക്കുന്നുണ്ട്. (ഇത് കേന്ദ്രകമ്മിററി തയ്യാറാക്കിയ കരടുരൂപരേഖയെ അടിസ്ഥാനമാക്കിയാണ് ചെയ്യുന്നത്.) ചുവപ്പുസേനയിൽ സൈനികരുടെ പ്രതിനിധികളുടെ സമ്മേളനങ്ങൾ ഒരു സ്ഥിരമായ അടിസ്ഥാനത്തിലും എല്ലാ നിലവാരങ്ങളിലും ഇപ്പോൾ പതിവാക്കിവരികയാണ്. സമ്മേളനങ്ങളില്ലാതെ സൈനികരുടെ കമ്മിററികൾ മാത്രമെ ഉള്ളൂ എന്ന തെററ് ഇതുവഴി തിരുത്താൻ കഴിയുന്നതാണ്.

ഇപ്പോൾ 'തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയുമായ ഗവർമ്മെണ്ട്' എന്നതിൽനിന്ന് ജനങ്ങൾ പൊതുവായി മനസ്സിലാക്കുന്നത് ഈ പറഞ്ഞ പ്രവർത്തകസമിതി എന്നാണ്. കാരണം കൗൺസിലിന്റെ അധികാരങ്ങളെപ്പററി അവർക്ക് ഇപ്പോഴും യാതൊരുവിവരങ്ങളും ഇല്ല. യഥാർത്ഥ അധികാരം പ്രവർത്തകസമിതിക്ക് മാത്രമാണെ



ന്നാണ് അവർ ധരിക്കുന്നത്. ഒരു പ്രവർത്തകസമിതി, അതിന്റെ പിന്നിൽ ഒരു കൗൺസിലില്ലാതെകണ്ട് പ്രവർത്തിക്കുന്നത് മിക്കപ്പോഴും 'ബഹുജനങ്ങളുടെ അഭിപ്രായങ്ങളെ പരിഗണിക്കാതെയായിരിക്കും. ഭൂമി പിടിച്ചെടുക്കുന്നതിലും പുനർവിതരണം ചെയ്യുന്നതിലും കാണുന്ന ശങ്കിച്ചുനില്ക്കലിന്റെയും ഒത്തുതീർപ്പിന്റെയും ഉദാഹരണങ്ങളും, പൊതുമുതൽ ധൂർത്തടിക്കുന്നതിന്റെയോ കൃത്രിമം ചെയ്യുന്നതിന്റെയോ ഉദാഹരണങ്ങളും വെള്ളസേനകളുടെ മുന്നിൽനിന്ന് ഭയന്ന് പൊടുന്നനവെ പിന്മാറുന്നതിന്റെയൊ അർദ്ധമനസോടെമാത്രം പോരാടുന്നതിന്റെയൊ ഉദാഹരണങ്ങളും എല്ലാ സ്ഥലത്തും കാണുന്നുണ്ട്. ഇതിനുപുറമേ പ്രവർത്തകസമിതിയിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്തുകൊണ്ടുള്ള യോഗങ്ങൾ വളരെ വിരളമായേ ചേരുന്നുള്ളു, പ്രവർത്തകസമിതിയിൽ നിന്നു തിരഞ്ഞെടുത്ത സ്ററാൻഡിങ്ങ് കമ്മിററിയാണ് എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നതും കൈകാര്യം ചെയ്യുന്നതും. ജില്ലയിലേയും ഗ്രാമത്തിലേയും ഗവർമ്മെണ്ടുകളിൽ ഇത്തരം സ്ററാൻഡിങ്ങ് കമ്മിററിതന്നെ അപൂർവമായാണ് യോഗം ചേരുന്നത്. അവിടെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നതും കൈകാര്യം ചെയ്യുന്നതും ആഫീസിൽ ജോലിചെയ്യുന്ന നാലു വ്യക്തികൾ വെവ്വേറെയായാണ്; അതായത് ചെയർമാൻ, കാര്യദർശി, ഖജാൻജി, റെഡ്ഗാർഡുകളുടേയൊ (അല്ലെങ്കിൽ ഉയർത്തെഴുന്നേല്പിലൂടെ രൂപംകൊണ്ട സൈനികഘടകത്തിന്റേയൊ) കമാൻറർ എന്നിവർ. അങ്ങിനെ ഗവർമ്മെണ്ടിന്റെ പ്രവർത്തനത്തിൽതന്നെയും ജനാധിപത്യകേന്ദ്രീകരണം ഒരു പതിവായ സമ്പ്രദായമായിതീർന്നിട്ടില്ല.

ആരംഭകാലങ്ങളിൽ ഗവർമ്മെണ്ട് കമ്മിററികളിൽ പ്രത്യേകിച്ചും ഗ്രാമങ്ങളിലേതിൽ–തിരക്കിട്ട് കയറിക്കൂടാൻ ചെറുഭൂപ്രഭുക്കളും ധനികകർഷകരും ശ്രമിച്ചു. ചുവപ്പുനാടകൾ ധരിച്ചും ഉത്സാഹം നടിച്ചും പല കുടിലതന്ത്രങ്ങളുമുപയോഗിച്ച് ഗവർമ്മെണ്ട് കമ്മിററികളിലേക്ക് അവർ നുഴഞ്ഞുകയറുകയും എല്ലാററിന്റെയും നിയന്ത്രണം പിടിച്ചുപററുകയും ദരിദ്രകർഷകരിൽനിന്നു വന്ന അംഗങ്ങളെ തിരച്ചും അപ്രധാനമായ സ്ഥാനങ്ങളിലേക്ക് ഒതുക്കിനിർത്തുകയും ചെയ്തു. സമരത്തിനിടയിൽ ഇത്തരക്കാരെ മുഖംമൂടി മാററി തുറന്നുകാട്ടുകയും ദരിദ്രകർഷകർ സ്വന്തം തന്റേടം ശക്തിയായി പ്രകടപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമെ ഇവരെ പുറംതള്ളാൻ കഴിയുകയുള്ളു. വളരെയേറെ വ്യാപകമല്ലെങ്കിലും ഇത്തരം സ്ഥിതിവിശേഷം ഒട്ടനേകം സ്ഥലങ്ങളിൽ നിലനില്ക്കുന്നുണ്ട്.

ബഹുജനങ്ങൾക്കിടയിൽ പാർട്ടിയുടെ അന്തസ്സും അധികാരവും അപാരമാണ്. ഗവർമ്മെണ്ടിനാകട്ടെ ഇത് വളരെ കുറവുമാണ്. സൗകര്യത്തിനുവേണ്ടി പല കാര്യങ്ങളും പാർട്ടി നേരിട്ട് കൈകാര്യം ചെയ്യുന്നതും ഗവർമ്മെണ്ട് വകുപ്പുകളെ നീക്കി നിർത്തുന്നതുമാണ് ഇതിന് കാരണം. ഇത്തരം നിരവധി ഉദാഹരണങ്ങളുണ്ട്. ചിലേടങ്ങളിൽ ഗവർമ്മെണ്ട് സംഘടനകളിൽ പാർട്ടി അംഗങ്ങളുടെ നേതൃത്വഗ്രൂപ്പുകൾ ഇല്ല. മററു ചിലതിൽ അവ നിലവിലുണ്ടെങ്കിലും അവ വേണ്ടുംവണ്ണം പ്രവർത്തനം നടത്തുന്നില്ല. ഇനിമേൽ ഗവർമ്മെണ്ടിന് നേതൃത്വം നൽകുക എന്ന കടമ പാർട്ടി നിറവേററിയേ തീരൂ. പ്രചരണ പ്രവർത്തനമൊഴിച്ച് പാർട്ടിയുടെ നയങ്ങളും, അത് ശുപാർശ ചെയ്യുന്ന നടപടികളും ഗവർമ്മെണ്ട് സംഘടനകൾ വഴി നടപ്പിൽ വരുത്തേണ്ടതാണ്. നേരിട്ട് ഗവർമ്മെണ്ടിന്റെ മേൽ കല്പനകൾ വെച്ചുകെട്ടുകയെന്ന കൂമിന്താങ്ങിന്റെ തെററായ പ്രവർത്തനസമ്പ്രദായം ഒഴിവാക്കിയെ പററൂ.

## പാർട്ടി സംഘടനാ പ്രശ്നങ്ങൾ

**അവസരവാദത്തിനെതിരായ സമരം:** മേയ് 21 ന്റെ സംഭവത്തോടടുത്ത കാലങ്ങളിൽ അതിർത്തിപ്രദേശത്തെ കൗണ്ടികളിലെ പാർട്ടി സംഘട

നകൾ അവസരവാദികളാൽ നിയന്ത്രിക്കപ്പെട്ടവയായിരുന്നെന്ന് നമുക്ക് പറയാം. പ്രതിവിപ്ലവം ആരംഭിച്ചപ്പോൾ വളരെക്കുറച്ച് മാത്രമെ മനസ്സുറപ്പോടെയുള്ള സമരമുണ്ടായുള്ളൂ. കഴിഞ്ഞവർഷം ഒക്ടോബറിൽ ചുവപ്പുസേന (തൊഴിലാളികളുടേയും കർഷകരുടേയും വിപ്ലവസൈന്യത്തിന്റെ ഒന്നാം സേനയുടെ ഒന്നാം ഡിവിഷനിലെ ഒന്നാംറെജിമെൻറ്) അതിർത്തി പ്രദേശത്തെ കൗണ്ടികളിലെത്തിയപ്പോൾ ഒളിവിൽക്കഴിഞ്ഞിരുന്ന ദുർല്ലഭം ചില പാർട്ടി അംഗങ്ങൾ മാത്രമെ അവശേഷിച്ചുണ്ടായിരുന്നുള്ളൂ. പാർട്ടി സംഘടനകൾ മുഴുവനായും ശത്രു നശിപ്പിച്ചുകഴിഞ്ഞിരുന്നു. കഴിഞ്ഞ നവംബർതൊട്ട് ഈ ഏപ്രിൽവരെയുള്ള കാലം പാർട്ടി വീണ്ടും കെട്ടിപ്പടുക്കുന്നകാലമായിരുന്നു. മെയ്തൊട്ടുള്ളത് അതിന്റെ വമ്പിച്ച വളർച്ചയുടെ കാലവും ആയിരുന്നു. പക്ഷെ കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളിൽ അവസരവാദത്തിന്റെ ലക്ഷണങ്ങൾ വ്യാപകമായി തുടരുകയുണ്ടായി. ശത്രു അടുത്തെത്തുമ്പോൾ ചില അംഗങ്ങൾ പോരാടാനുള്ള മനോവീര്യം ഒട്ടും ഇല്ലാത്ത കാരണം, അകലെയുള്ള കുന്നുകളിൽ ചെന്നൊളിച്ചു. ഇതിനെ അവർ വിളിച്ചിരുന്നതു 'പതിയിരുപ്പ്' എന്നായിരുന്നു. മററു ചില അംഗങ്ങൾ, വളരെ സജീവരായിരുന്നെങ്കിലും അന്ധമായ ഉയിർത്തെഴുന്നേല്പ് സംഘടിപ്പിച്ചു. ഇവ രണ്ടും പെററിബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെ പ്രകടനങ്ങളായിരുന്നു. സമരത്തിലൂടെ പകവത ആർജിക്കുന്നതിന്റേയും ഉൾപ്പാർട്ടി വിദ്യാഭ്യാസത്തിന്റേയുമായ ഒരു നീണ്ടകാലത്തിന് ശേഷമാണ് അത്തരം കാര്യങ്ങൾ കുറഞ്ഞുവന്നത്. കഴിഞ്ഞവർഷം ചുവപ്പുസേനയിലും ഇതേ പെററിബൂർഷ്വാ പ്രത്യയശാസ്ത്രം നിലനിന്നിരുന്നു. ശത്രുവിന്റെ അടുത്തെത്തുമ്പോൾ ഒന്നുകിൽ അന്ധമായ പോരാട്ടം അല്ലെങ്കിൽ മിന്നൽ വേഗത്തിലുള്ള തിരിച്ചോട്ടമായിരിക്കും നിർദ്ദേശിക്കുക. ഏതൊരു സൈനിക നടപടിയാണെടുക്കേണ്ടതെന്ന് ചർച്ചചെയ്യുന്നതിനിടയ്ക്ക് ഈ രണ്ടു ആശയങ്ങളും മിക്കപ്പോഴും ഒരേ വ്യക്തിയിൽനിന്ന് തന്നെ പുറത്തുവരാറുണ്ട്. സുദീർഘമായ ഉൾപ്പാർട്ടി സമരത്തിൽകൂടിയും യഥാർത്ഥ സംഭവങ്ങളിൽനിന്ന്, ഉദാഹരണത്തിന് മതിമാന പോരാട്ടത്തിൽ സംഭവിച്ച നഷ്ടങ്ങളിൽനിന്നും മിന്നൽവേഗത്തിലുള്ള തിരിച്ചോട്ടത്തിന്റെ ഫലമായി സഹിക്കേണ്ടിവന്ന പരാജയങ്ങളിൽനിന്നും പാഠങ്ങൾ പഠിച്ചുകൊണ്ടാണ് അവസരവാദപരമായ ഈ പ്രത്യയശാസ്ത്രം പടിപടിയായി തിരുത്തിയത്.

പ്രാദേശികത്വം: അതിർത്തി പ്രദേശത്തെ സാമ്പത്തിക വ്യവസ്ഥ കാർഷികമാണ്. ചില സ്ഥലങ്ങൾ ഇപ്പോഴും ഉരലും ഉലക്കയുടേയും യുഗത്തിലാണ് (കുന്നും പ്രദേശങ്ങളിൽ ഇപ്പോഴും മരംകൊണ്ടുണ്ടാക്കിയ ഉരലും ഉലക്കയും ആണ് നെല്ലുകുത്താനായി ഉപയോഗിക്കുന്നത്. അതേസമയം സമതലപ്രദേശങ്ങളിൽ കല്ലുകൊണ്ടുണ്ടാക്കിയ ഉരലും ഉലക്കയും ധാരാളം ഉണ്ട്.) എല്ലായിടത്തും സാമൂഹ്യസംഘടനയുടെ ഘടകം ഗോത്രമാണ്. ഇതിലുള്ള ആൾക്കാർക്ക് ഒരേ കുടുംബപ്പേരാണുണ്ടാവുക. ഗ്രാമങ്ങളിലെ പാർട്ടി സംഘടനകളിൽ മിക്കപ്പോഴും ഒരു ബ്രാഞ്ച്യോഗം ഫലത്തിൽ ഒരു ഗോത്രത്തിന്റെ യോഗമായിത്തീരുന്നു. കാരണം, ഒരേ കുടുംബപ്പേരുള്ളവരും അടുത്തടുത്ത് താമസിക്കുന്നവരും ഉൾക്കൊള്ളുന്നതാണ് ബ്രാഞ്ചുകൾ. ഈ സാഹചര്യങ്ങളിൽ 'സമരവീര്യമുള്ള ഒരു ബോൾഷെവിക്ക് പാർട്ടി' കെട്ടിപ്പടുക്കുക തീർച്ചയായും വളരെ വിഷമകരമായ ഒരു ജോലിയാണ്. കമ്യൂണിസ്റ്റ്കാർ ഒരു രാഷ്ട്രത്തിനും മറെറാരു രാഷ്ട്രത്തിനും ഇടയിലോ ഒരു സംസ്ഥാനത്തിനും മറെറാരു സംസ്ഥാനത്തിനും ഇടയിലോ യാതൊരു വ്യക്തമായ അതിർവരമ്പും ഇടുന്നില്ലെന്ന് അവരോട് പറയുകയാണെങ്കിൽ, അഥവാ വിവിധ കൗണ്ടികൾക്കും ജില്ലകൾക്കും ഗ്രാമങ്ങൾക്കും ഇടയിൽ വ്യക്തമായ അതിർവരമ്പും ഇടാൻ പാടുള്ളതല്ലെന്ന് പറയുകയാണെങ്കിൽ, അവർക്കതിന്റെ പൊരുൾ ഒട്ടുംപിടികിട്ടുന്നില്ല. കൗണ്ടികൾ തമ്മിലുള്ള ബന്ധങ്ങളിലും ഒരേ കൗണ്ടിക്കുള്ളിലെ ജില്ലകൾ തമ്മിലും ഗ്രാമങ്ങൾ തമ്മിലുമുള്ള ബന്ധങ്ങളിൽപോലും പ്രാദേശികത്വം ഗുരുതരമായ തോതിൽ നിലനിൽക്കുന്നു. പ്രാദേശികത്വം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി കാര്യങ്ങൾ ശാന്തമായി പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കുന്നതുകൊണ്ട് ഏറിയകൂറും പരിമിതമായ ഫലങ്ങളെ നേടുന്നുള്ളൂ. ഇതിൽ ശത്രുവിന്റെ അടിച്ചമർത്തൽ—ഇതാണെങ്കിൽ ഒന്നുകൊണ്ടും പ്രാദേശിക സ്വഭാവമുള്ളതല്ലതാനും—വളരെയേറെ ഗുണം ചെയ്യുന്നതാണ്. ഉദാഹരണത്തിന്, രണ്ടു സംസ്ഥാനങ്ങൾ ഒന്നിച്ചുചേർന്ന് അഴിച്ചുവിടുന്ന പ്രതിവിപ്ലവപരമായ 'കൂട്ടുചേർന്ന് അടിച്ചമർത്തൽ' നടപടി ജനങ്ങൾക്ക് സമരത്തിൽ ഒരേ അനുഭവം പങ്കിടേണ്ട അവസ്ഥ സൃഷ്ടിക്കുമ്പോൾ മാത്രമെ അവരുടെ പ്രാദേശികത്വം ക്രമേണ ഇടിഞ്ഞ് തകരുകയുള്ളൂ. അത്തരം പല പാഠങ്ങളുടെ ഫലമായി പ്രാദേശികത്വം ദുർബലമായി വരുന്നുണ്ട്.



## ആദിവാസികളുടേയും കുടിയേററക്കാരുടേയും പ്രശ്നം

അതിർത്തിയിലെ കൗണ്ടികളിൽ മറെറാരു പ്രത്യേകതകൂടിയുണ്ട്. അതായത് ആദിവാസികളും കുടിയേററക്കാരും—നൂറ് നൂറ് വർഷങ്ങൾക്കുമുമ്പെ ഇവരുടെ കാരണവൻമാർ വടക്കുനിന്ന് വന്ന് കുടിയേറിപാർത്തുതുടങ്ങിയവരാണ്—തമ്മിൽ വളരെ വമ്പിച്ച ഒരു വിടവ് ദീർഘകാലമായി നിലനിന്നുപോരുന്നുണ്ട്. അവരുടെ പരമ്പരാഗതമായ കലഹങ്ങൾ വളരെ ആഴത്തിൽ വേരുറച്ചവയാണ്. ഇവ ചിലപ്പോൾ ഭയങ്കര സംഘട്ടനങ്ങളുടെ രൂപത്തിൽ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നു. എണ്ണത്തിൽ നിരവധി ദശലക്ഷം വരുന്ന കുടിയേററക്കാർ ഫുക്കിയൻ–കാങ്ടുങ്ങ് അതിർത്തിയിൽ നിന്നാരംഭിച്ച് ഹുനാൻ–കിയാങ്ങ്സി അതിർത്തിവഴി തെക്കൻ ഹുപെ വരെയുള്ള മുഴുവൻ പ്രദേശങ്ങളുമടങ്ങുന്ന ഒരു വിശാലമായ മേഖലയിൽ ജീവിക്കുന്നു. മലമ്പ്രദേശങ്ങളിൽ ജീവിക്കുന്ന ഈ കുടിയേററക്കാർ സമതലപ്രദേശങ്ങളിലെ ആദിവാസികളാൽ അടിച്ചമർത്തപ്പെട്ടിരുന്നു. അവർക്ക് യാതൊരു രാഷ്ട്രീയാവകാശങ്ങളും ഒരിക്കലും ഉണ്ടായിരുന്നുമില്ല. തങ്ങളുടെ തലകളുയർത്തിപ്പിടിക്കാൻ സാദ്ധ്യമാകുന്ന ആ സുദിനം ഇവിടെ എത്തിക്കഴിഞ്ഞിരിക്കുന്നു എന്ന ധാരണയിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലെ ദേശീയവിപ്ലവത്തെ അവർ സ്വാഗതം ചെയ്തു. പക്ഷെ, നിർഭാഗ്യവശാൽ വിപ്ലവം പരാജയപ്പെടുകയും ആദിവാസികളുടെ അടിച്ചമർത്തലിന് അവരിന്നും വിധേയമായി തുടരുന്നു. നമ്മുടെ സ്വാധീനത്തിലുള്ള പ്രദേശങ്ങളിൽ ആദിവാസികളും കുടിയേറിപ്പാർപ്പുകാരും തമ്മിലുള്ള പ്രശ്നം നിലനിൽക്കുന്നത് നിങ്കാങ്ങ് സ്വിചുവാൻ, ലിങ്ങ്സിയെൻ, ചാചിങ്ങ് എന്നിവിടങ്ങളിലാണ്. നിങ്കാങ്ങിൽ ഇത് ഏററവും ഗുരുതരവുമാണ്. കമ്യൂണിസ്ററുപാർട്ടിയുടെ നേതൃത്വത്തിൻ കീഴിൽ നിങ്കാങ്ങിലെ ആദിവാസികൾക്കിടയിലെ വിപ്ലവകാരികൾ കുടിയേറിപ്പാർപ്പുകാരേയും കൂടെച്ചേർത്തുകൊണ്ട് അവിടത്തെ ആദിവാസികളിലെ ഭൂപ്രഭുക്കളുടെ രാഷ്ട്രീയാധികാരം തകർക്കുകയും 1926–27ൽ മുഴുവൻ കൗണ്ടിയുടേയും നിയന്ത്രണം ഏറെറടുക്കുകയും ചെയ്തു. കഴിഞ്ഞവർഷം ജൂണിൽ ചുപെയി–ടെയുടെ കീഴിലുള്ള കിയാങ്ങ്സി സർക്കാർ വിപ്ലവത്തിനെതിരായി തിരിഞ്ഞു. സെപ്തംബറിൽ നിങ്കാങ്ങിനെതിരായ 'അടിച്ചമർത്തൽ' നടപടികളിൽ ഈ ഭൂപ്രഭുക്കൻമാർ ചൂവിന്റെ പട്ടാളക്കാരുടെ വഴികാട്ടികളായി പ്രവർത്തിക്കുകയും ആദിവാസികൾക്കും കുടിയേററക്കാർക്കും ഇടയിൽ കലഹങ്ങൾ ഒരിക്കൽകൂടി കുത്തിപ്പൊക്കുകയും

ചെയ്തു. സിദ്ധാന്തപരമായി നോക്കുകയാണെങ്കിൽ ആദിവാസികളും കുടിയേററക്കാരും തമ്മിലുള്ള ഈ ഇടർച്ച തൊഴിലാളികളും കർഷകരുമായ ചൂഷിത വർഗങ്ങൾക്കിടയിലേക്ക് വ്യാപിക്കാൻ പാടുള്ളതല്ലായിരുന്നു. കമ്യൂണിസ്ററുപാർട്ടിയിലേയ്ക്ക് വ്യാപിക്കുന്നതിനെപ്പററി പിന്നെ പറയേണ്ടതില്ലല്ലൊ? പക്ഷെ ഇത് അവരിൽ വ്യാപിച്ചിരിക്കുന്നു എന്ന് മാത്രമല്ല നീണ്ടൊരു പാരമ്പര്യത്തിൻെറ സ്വാധീനശക്തിയാൽ അത് തുടർന്ന് നിലനിൽക്കുകയും ചെയ്യുന്നു. ഇതാ ഒരുദാഹരണം: അതിർത്തിപ്രദേശത്തെ ആഗസ്ററ് പരാജയത്തിനു ശേഷം പിന്തിരിപ്പൻ പട്ടാളക്കാരെ തങ്ങളുടെ കൂടെ കൊണ്ടുവരികയും കുടിയേറിപ്പാപ്പുകാർ ആദിവാസികളെ കൂട്ടക്കൊലക്ക് വിധേയമാക്കുമെന്ന കിംവദന്തി പരത്തുകയും ചെയ്തുകൊണ്ട് ആദിവാസികളിലെ ഭൂപ്രഭുക്കൾ നിങ്കാങ്ങിലേക്ക് തിരിച്ചുവന്നപ്പോൾ ആദിവാസികളായ കർഷകരിൽ മിക്കവരും ചേരിമാറുകയും വെള്ളനാടകൾ കുത്തുകയും വീടുകൾ കത്തിക്കരിക്കാനും കുന്നുകൾ പരിശോധിക്കാനും വെള്ളപ്പടകൾക്ക് വഴികാട്ടിക്കൊടുക്കുകയും ചെയ്തു. പിന്നീട് ഒക്ടോബർ, നവമ്പർ മാസങ്ങളിൽ ചുവപ്പ്സേന വെള്ളപ്പടകളെ തുരത്തിവിട്ടപ്പോൾ ആദിവാസികളിലെ കർഷകർ പിന്തിരിപ്പൻമാരുടെകൂടെ ഓടിപ്പോകുകയും അവരുടെ സ്വത്തുക്കൾ കുടിയേററക്കാരിലെ കർഷകർ പിടിച്ചെടുക്കുകയും ചെയ്തു. ഈ സാഹചര്യം പാർട്ടിയിൽ പ്രതിബിംബിക്കുമ്പോൾ മിക്കപ്പോഴും നിരർത്ഥകമായ സംഘട്ടനങ്ങൾക്ക് വഴിതെളിയിക്കുന്നു. ഇതിനുള്ള നമ്മുടെ പ്രതിവിധി ഇപ്രകാരമാണ്: ഒരു വശത്ത് ഭൂപ്രഭുക്കളുടെ സ്വാധീനം കുടഞ്ഞുകളഞ്ഞ് യാതൊരു ആശങ്കകളുമില്ലാതെ സ്വന്തം വീടുകളിലേക്ക് തിരിച്ചുവരാൻ സഹായിക്കുവാനുതകുമാറ് 'ചേരിമാറിയ കർഷകരെ ഒരിക്കലും കൊല്ലുന്നതല്ല' എന്നും 'ചേരിമാറിയ കർഷകർക്കുപോലും തിരിച്ചുവരുമ്പോൾ ഭൂമി നൽകുന്നതാണ്' എന്നും പ്രഖ്യാപിക്കുക. മറുവശത്തു കുടിയേററക്കാർക്കിടയിലെ കർഷകർ പിടിച്ചെടുത്ത എല്ലാ സ്വത്തുക്കളും അവർ തിരിച്ചു കൊടുക്കേണ്ടതാണ് എന്നു കല്പന നമ്മുടെ കൗണ്ടി സർക്കാറുകളെക്കൊണ്ട് പുറപ്പെടുവിക്കകയും ആദിവാസികൾക്കിടയിലെ കർഷകർക്ക് സംരക്ഷണം നൽകുന്നതാണെന്ന നോട്ടീസുകൾ പ്രധാന സ്ഥലങ്ങളിൽ പതിക്കുകയും ചെയ്യുക. പാർട്ടിക്കുള്ളിലാണെങ്കിൽ അംഗങ്ങൾക്കിടയിലെ ഈ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ഐക്യം ഉറപ്പുവരുത്തുവാൻ വേണ്ടി വാദ്യാഭ്യാസം ഊർജ്ജിതമാക്കുകതന്നെ വേണം.

**സ്വാർത്ഥികളുടെ ചേരിമാററം:** വിപ്ലവമുന്നേററത്തിൻെറ കാലത്ത് (ജൂൺമാസത്തിൽ) പരസ്യമായി അംഗങ്ങളെ ചേർക്കുന്ന പാർട്ടിയുടെ നയത്തെ സ്വാർത്ഥികൾ ദുരുപയോഗപ്പെടുത്തുകയും പാർട്ടിക്കുള്ളിലേക്ക് നുഴഞ്ഞുകടക്കുകയും ചെയ്തു. ഇതിൻെറ ഫലമായി അതിർത്തിപ്രദേശത്തെ അംഗസംഖ്യ വളരെ പെട്ടെന്ന് പതിനായിരത്തിലധികമായി ഉയർന്നു. മിക്കവാറും എല്ലാ ബ്രാഞ്ചുകളുടേയും ജില്ലാകമ്മിററികളുടേയും നേതാക്കന്മാർ പുതിയ അംഗങ്ങളായതിനാൽ നല്ല ഉൾപ്പാർട്ടി വിദ്യാഭ്യാസത്തിൻെറ പ്രശ്നമേ ഉൽഭവിച്ചിരുന്നില്ല. വെള്ളഭീകരത തിരിച്ചുവന്നതോടെ സ്വാർത്ഥികൾ ചേരിമാറുകയും നമ്മുടെ സഖാക്കളെ തേടിപ്പിടിക്കാൻവേണ്ടിയുള്ള പ്രതിവിപ്ലവകാരികളുടെ വിക്രിയയിൽ അവരുടെ വഴികാട്ടികളായി പ്രവർത്തിക്കുകയും ചെയ്തു. അങ്ങിനെ വെള്ളപ്രദേശങ്ങളിലുള്ള പാർട്ടി സംഘടനകൾ മിക്കവാറും തകർന്നു. സെപ്തമ്പറിനു ശേഷം പാർട്ടി അംഗേയററം കർക്കശമായ ഒരു ഗൃഹശുദ്ധീകരണം നടത്തുകയും അംഗങ്ങളെ ചേർക്കുന്നതിനുവേണ്ടി വർഗോൽപ്പത്തിയുടെ അടിസ്ഥാനത്തിൽ കർശനമായ ഉപാധികൾ ഏർപ്പെടുത്തുകയും ചെയ്തു. യുങ്ങ്സിൻ കൗണ്ടിയി



ലേയും നിങ്കാങ്ങ് കൗണ്ടിയിലേയും എല്ലാ പാർട്ടി സംഘടനകളും പിരിച്ചുവിടുകയും വീണ്ടും അംഗങ്ങളെ പുതുതായി ചേർക്കുന്ന പ്രവർത്തനം ഏറെറടുക്കുകയും ചെയ്തു. അംഗസംഖ്യ വൻതോതിൽ കുറഞ്ഞുപോയെങ്കിലും അംഗങ്ങളുടെ സമരശേഷിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എല്ലാ പാർട്ടി സംഘടനകളും പരസ്യപ്രവർത്തനത്തിലേർപ്പെട്ടവയായിരുന്നു. പക്ഷെ സെപ്തംബർതൊട്ട് പിന്തിരിപ്പന്മാർ തിരിച്ചുവരുമ്പോൾ അതിൻെറ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേ പോകാൻ പാർട്ടിയെ തയ്യാറാക്കാൻവേണ്ടി രഹസ്യസംഘടനകൾ കെട്ടിപ്പടുത്തിട്ടുണ്ട്. അതേ സമയം വെള്ള പ്രദേശങ്ങളിലേക്ക് ചോർന്ന് കടക്കാനും ശത്രുപാളയത്തിനുള്ളിൽ കടന്ന് പ്രവർത്തനം നടത്താനും ഉള്ള എല്ലാ ശ്രമങ്ങളും ഞങ്ങൾ ചെയ്തുകൊണ്ടിരിക്കയാണ്. പക്ഷെ അടുത്തുള്ള നഗരങ്ങളിൽ പാർട്ടി സംഘടന പടുത്തുയർത്താനാവശ്യമായ അടിത്തറ ഇനിയും പാകിക്കഴിഞ്ഞിട്ടില്ല. ഇതിനുള്ള കാരണങ്ങൾ ഒന്നാമതായി, ശത്രു നഗരങ്ങളിൽ കൂടുതൽ ശക്തനാണ്, രണ്ടാമതായി നമ്മുടെ സേന നഗരങ്ങൾ അധീനപ്പെടുത്തിയ സമയത്ത് ബൂർഷ്വാസിയുടെ താല്പര്യങ്ങളെ വേണ്ടതിലുമെത്രയോ അധികം ദ്രോഹിച്ചു എന്നിവയാണ്. ഇതിൻെറ ഫലമായി പാർട്ടി അംഗങ്ങൾക്ക് അവിടങ്ങളിൽ കാലുകുത്താൻകൂടി വിഷമമാണ്. ഈ തെററുകൾ ഞങ്ങൾ ഇപ്പോൾ തിരുത്തുകയാണ്. നഗരങ്ങളിൽ പാർട്ടി സംഘടനകൾ കെട്ടിപ്പടുക്കാൻ ഞങ്ങളാലാവുന്നതെല്ലാം ചെയ്യുന്നുണ്ട്. പക്ഷെ ഇന്നുവരെ ഇതിൽ വലിയ വിജയങ്ങളൊന്നും ഞങ്ങൾക്ക് ഉണ്ടായിട്ടില്ല.

**പാർട്ടിയുടെ നേതൃസംഘടകങ്ങൾ:** ബ്രാഞ്ച് പ്രവർത്തകസമിതിയുടെ പേര് ബ്രാഞ്ച്കമ്മിററി എന്നാക്കി മാററിയിട്ടുണ്ട്. ബ്രാഞ്ചിനു മീതെയായി ജില്ലാകമ്മിററിയുണ്ട്. ഇതിനുമീതെ കൗണ്ടി കമ്മിററിയും. പ്രത്യേക പരിതസ്ഥിതികൾ ഉള്ള സ്ഥലങ്ങളിൽ ജില്ലയുടേയും കൗണ്ടിയുടേയും ഇടക്ക് ഒരു പ്രത്യേക ജില്ലാകമ്മിററി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന് യുങ്ങ്സിൻ കൗണ്ടിയിൽ പെയിസ്യാങ്ങ് പ്രത്യേക ജില്ലാകമ്മിററിയും തെക്കുകിഴക്കൻ പ്രത്യേക ജില്ലാകമ്മിററിയും. അതിർത്തി പ്രദേശത്ത് ആകെത്തുകയായി അഞ്ച് കൗണ്ടികമ്മിററികളാണ് ഉള്ളത്—നിങ്കാങ്ങ്, യുങ്ങ്സിൻ, ലിയൻഹുവ, സ്വിചുവാൻ, ലിങ്ങ്സിയെൻ എന്നിവിടങ്ങളിൽ. ചാലിങ്ങിൽ ഒരു കൗണ്ടികമ്മിററി ഉണ്ടായിരുന്നു. പക്ഷെ അവിടെ പ്രവർത്തനം വേരുറക്കാഞ്ഞതിനാൽ കഴിഞ്ഞ ശൈത്യകാലത്തും ശരത്കാലത്തും രൂപീകരിച്ച മിക്ക സംഘടനകളും ശത്രുവാൽ തകർക്കപ്പെട്ട് കഴിഞ്ഞിരിക്കയാണ്. ഇതിൻെറ ഫലമായി കഴിഞ്ഞ ആറുമാസങ്ങളിൽ നിങ്കാങ്ങിൻേറയും യുങ്ങ്സിൻേറയും അടുത്തുള്ള മലപ്രദേശങ്ങളിൽ മാത്രമെ ഞങ്ങൾക്ക് പ്രവർത്തിക്കാൻ സാദ്ധ്യമായുള്ളു. അതുകൊണ്ട് ചാലിങ്ങ് കൗണ്ടികമ്മിററിയെ ഒരു പ്രത്യേക ജില്ലാകമ്മിററിയാക്കി മാററിയിരിക്കയാണ്. സഖാക്കളെ യുങ്ങ്സിയെൻ കൗണ്ടിയിലേക്കും ആഞ്ചൻ കൗണ്ടിയിലേക്കും അയക്കുകയുണ്ടായി. ചാലിങ്ങ്‌വഴി മാത്രമെ ഈ കൗണ്ടികളിലേക്കെത്താൻ കഴിയുകയുള്ളു. പക്ഷെ ഒന്നുംതന്നെ നേടാതെ അവർക്ക് തിരിച്ചുപോരേണ്ടിവന്നു. ജനുവരിയിൽ നമ്മോടൊന്നിച്ച് സ്വിചുവാനിൽവെച്ച് ചേർന്ന കൂട്ടായ യോഗത്തിന് ശേഷം ആറുമാസത്തിലധികം ശത്രുക്കൾ വാനാൻ കൗണ്ടികമ്മിററിയെ നമ്മളിൽ നിന്ന് വിഛേദിച്ചു നിർത്തിയിരിക്കയായിരുന്നു. ചുവപ്പ്സേന ഗറില്ലാ പ്രവർത്തനത്തിൽ കൂടി വാനാനിൽ എത്തിയത് സെപ്തംബർ മാസത്തിലായിരുന്നു. അതിനുശേഷം മാത്രമാണ് അവരുമായുള്ള ബന്ധം ഞങ്ങൾക്ക് പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്. വാനാനിൽ നിന്ന് എൺപത് വിപ്ലവകാരികളായ കർഷകർ ഞങ്ങളുടെ ആൾക്കാരോടൊപ്പം ചാങ്ങ്കാങ്ങ് മലക

ളിലേക്ക് മടങ്ങി. അവരെ വനാൻ റെഡ്ഗാർഡ്സ് എന്ന പേരിൽ സം
ഘടിപ്പിച്ചിരിക്കയാണ്. ആൻഹുവിൽ പാർട്ടി സംഘടനയേ ഇല്ല. യു
ങ്ങ്സിൻെറ അതിർത്തിയിലുള്ള കിയാനിലെ കൗണ്ടികമ്മിററി ഞങ്ങ
ളുമായി രണ്ടുപ്രാവശ്യം മാത്രമെ ബന്ധം പുലർത്തിയുള്ളൂ. അവർ
ഞങ്ങൾക്ക് യാതൊരു സഹായവും തന്നിട്ടില്ല. ഇത് വളരെ അസാധാര
മായി തോന്നുന്നു. കുയിടുങ്ങ് കൗണ്ടിയിലെ ഷാടിയെൻ പ്രദേശത്ത്
മാർച്ചിലും ആഗസ്ററിലുമായി രണ്ട് സന്ദർഭങ്ങളിൽ ഭൂവിതരണം നട
പ്പിലാക്കിയിട്ടുണ്ട്. അവിടെ പാർട്ടി സംഘടനകളും പടുത്തുയർത്തി
ക്കഴിഞ്ഞു. ഇവയെയെല്ലാം ലുങ്ങ്സീയിലെ ഷിഹർടുങ്ങ് കേന്ദ്രമാക്കി
ക്കൊണ്ടുള്ള തെക്കൻ ഹുനാൻ പ്രത്യേകകമ്മിററിയുടെ കീഴിൽ അണിനി
രത്തിയിരിക്കയാണ്. കൗണ്ടികമ്മിററികളുടെ മീതേയായി ഹുനാൻ–
കിയാങ്ങ്സി അതിർത്തിപ്രദേശത്ത് പ്രത്യേക കമ്മിററിയുണ്ട്. മെയ്
20–ാം തീയതി നിങ്കാങ്ങ് കൗണ്ടിയിലെ മാവൊപിങ്ങിൽവെച്ച് അതിർ
ത്തി പ്രദേശത്തെ ഒന്നാം പാർട്ടി കോൺഗ്രസ് ചേരുകയുണ്ടായി. അത്
മാവോ സെതുങ്ങ് സിക്രട്ടറിയായിക്കൊണ്ടുള്ള ഒന്നാം പ്രത്യേക കമ്മി
ററിയിലേക്ക് ഇരുപത്തിമൂന്നു പേരെ അംഗങ്ങളായി തിരഞ്ഞെടുക്കുക
യും ചെയ്തു. ജൂലായ് മാസത്തിൽ ഹുനാൻ സംസ്ഥാനകമ്മിററി
യാങ്ങ്കായ്–മിങ്ങിനെ ഇവിടേക്ക് അയക്കുകയും അദ്ദേഹം ആക്ടിങ്ങ്
സിക്രട്ടറിയാവുകയും ചെയ്തു. സെപ്തംബറിൽ യാങ്ങ് രോഗബാധി
തനാവുകയും അയാളുടെ സ്ഥാനം ടാൻചെൻ–ലിൻ ഏറെറടുക്കുകയും
ചെയ്തു. ആഗസ്ററ്മാസത്തിൽ ചുവപ്പ്സേനയിലെ പ്രധാന ഘടക
ങ്ങൾ തെക്കൻഹുനാനിലേക്ക് പോകുകയും, അതിർത്തി പ്രദേശത്ത്
വെള്ളസേനകൾ ശക്തിയായി സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്ന
അവസരത്തിൽ യുങ്ങ്സിനിൽവെച്ച് ഞങ്ങളൊരു അടിയന്തിരയോഗം
ചേർന്നു. ഒക്ടോബറിൽ ചുവപ്പ്സേന നിങ്കാങ്ങിലേക്ക് തിരിച്ചുവ
ന്നതിനുശേഷം അതിർത്തിപ്രദേശത്തെ രണ്ടാം പാർട്ടി കോൺഗ്രസ് മാ
വൊ പിങ്ങിൽവെച്ചു കൂടി. ഒക്ടോബർ 14ന് തുടങ്ങിയ അതിൻെറ
മൂന്നുദിവസത്തെ കാര്യപരിപാടികളിൽ കുറേയേറെ പ്രമേയങ്ങൾ അത്
അംഗീകരിച്ചു. അതിർത്തി പ്രദേശത്തെ പാർട്ടിസംഘടനയുടെ 'രാ
ഷ്ട്രീയ പ്രശ്നങ്ങളും കടമകളും' എന്ന പ്രമേയവും ഇതിൽ പെടുന്നു.
കൂടാതെ ടാൻചെൻ–ലിൻ, ചൂടെ, ചെൻയി, ലുങ്ങ്ചോ–ചിങ്ങ്, ചൂ
ചാങ്ങ്–ചിയെഹ്, ല്യൂടിയൻ–ചിയൻ, യുവാൻപാൻ–ചു, ടാൻസു–
ട്സുങ്ങ്, ടാൻപിങ്ങ്, ലിചുഹ്–പെയ്, സുങ്ങ്യി–യുഹെ, യുവാൻ
വെൻ–ട്സായി, വാങ്ങുട്സൊ–നുങ്ങ്, ചെൻചെങ്ങ്–ജെൻ, മാവോ
സെ–തുങ്ങ്, വേൻഹ്സി–സിയെൻ, വാങ്ങ്സോ, യാങ്ങ്കായ്–മിങ്ങ്,
ഹോടിങ്ങ്–യിങ്ങ് എന്നീ പത്തൊൻപത് പേരെ രണ്ടാം പ്രത്യേകകമ്മി
ററിയിലേക്ക് അംഗങ്ങളായി തിരഞ്ഞെടുത്തിട്ടുണ്ട്. ടാൻചെൻ–ലിൻ
(ഒരു തൊഴിലാളി) സിക്രട്ടറിയായും ചെൻചെങ്ങ്–ജെൻ (ഒരു ബുദ്ധി
ജീവി) ഡപ്യൂട്ടി സിക്രട്ടറിയായും അഞ്ചുപേരടങ്ങുന്ന ഒരു സ്ററാൻറി
ങ്ങ് കമ്മിററി തിരഞ്ഞെടുക്കപ്പെട്ടു. നവബർ 14ന് ചുവപ്പ്സേനയിലെ
നാലാംസേനയുടെ ആറാം പാർട്ടികോൺഗ്രസ് ചേർന്നു. അത് ഇരുപ
ത്തിമൂന്നു പേരടങ്ങുന്ന ഒരു സേനാകമ്മിററിയെ തിരഞ്ഞെടുത്തു. ഇ
തിൽ ചൂടെ സെക്രട്ടറിയായി അഞ്ചു പേരെ ഒരു സ്ററാൻറിങ്ങ് കമ്മി
ററിയായി രൂപീകരിച്ചിരിക്കുന്നു. അതിർത്തി പ്രദേശത്തെ പ്രത്യേക
കമ്മിററിയും സേനാകമ്മിററിയും മുന്നണിക്കമ്മിററിയുടെ കീഴിലാണ്
പ്രവർത്തിക്കുക. കേന്ദ്രകമ്മിററി നിർദ്ദേശിച്ച അഞ്ചുപേരെ ഉൾക്കൊ
ള്ളിച്ചുകൊണ്ട് നവമ്പർ 6–ാംതീയതി മുന്നണികമ്മിററി പുനഃസംഘടി
പ്പിച്ചിട്ടുണ്ട്. താഴെപറയുന്നവരാണ് ഈ അഞ്ചുപേർ. മാവോ സേതു
ങ്ങ്, ചൂടെ, പ്രാദേശിക പാർട്ടി കേന്ദ്രത്തിൻെറ സിക്രട്ടറി ടാൻചെൻ–
യിൻ) ഒരു തൊഴിലാളി സഖാവ് (സുങ്ങ്ചിയാഷെങ്ങ്) ഒരു കർഷക



സഖാവ് (മാവൊകൊം–വെൻ). ഇതിൻെറസിക്രട്ടറി മാവോസെ–തുങ്ങാ
ണ്. താല്ക്കാലികമായി ഈ കമ്മിററി ഒരു സെക്രട്ടറിയേററ്, ഒരു
പ്രചരണവിഭാഗം, ഒരു സംഘടനാവിഭാഗം, ഒരു തൊഴിലാളി പ്രസ്ഥാ
നകമ്മീഷൻ, ഒരു സൈനികകാര്യകമ്മീഷൻ എന്നിവ സ്ഥാപിച്ചിട്ടു
ണ്ട്. പ്രാദേശിക പാർട്ടിസംഘടനകളുടെമേൽ ഉത്തരവാദിത്വം വഹിക്കു
ന്നത് മുന്നണികമ്മിററിയാണ്. പ്രത്യേക കമ്മിററിയെ നിലനിർത്തേ
ണ്ടത് ആവശ്യമാണ്. കാരണം ചിലപ്പോൾ മുന്നണിക്കമ്മിററിക്ക് സേ
നയുടെകൂടെ നീങ്ങേണ്ടതായി വരുന്നുണ്ട്. ഞങ്ങളുടെ അഭിപ്രായത്തിൽ
തൊഴിലാളിവർഗ പ്രത്യയശാസ്ത്രനേതൃത്വത്തിൻെറ പ്രശ്നം വളരെ
പ്രധാനമായ ഒന്നാണ്. അതിർത്തി പ്രദേശത്തെ കൗണ്ടികളിലെ പാർട്ടി
സംഘടനകൾ–ഇവയിൽ മിക്കവാറും മുഴുവനായും കർഷകരാണുള്ളത്–
തൊഴിലാളിവർഗത്തിൻെറ പ്രത്യയശാസ്ത്രപരമായ നേതൃത്വമില്ലെങ്കിൽ
വഴിതെററിപ്പോകുന്നതാണ്. കൗണ്ടി നഗരങ്ങളിലും മററു വൻനഗരങ്ങ
ളിലുമുള്ള തൊഴിലാളി പ്രസ്ഥാനത്തിൽ സൂക്ഷ്മമായ ശ്രദ്ധ ചെ
ലുത്തുന്നതിനു പുറമെ നമ്മുടെ ഗവൺമെണ്ട് സംഘടനകളിൽ തൊഴിലാ
ളി പ്രാതിനിധ്യം നാം വർദ്ധിപ്പിക്കേണ്ടതാണ്. തൊഴിലാളികളുടേ
യും ദരിദ്രകർഷകരുടേയും തോത് എല്ലാ നിലവാരങ്ങളിലുമുള്ള പാർട്ടി
യുടെ നേതൃത്വഘടകങ്ങളിൽ വർദ്ധിപ്പിക്കുകകൂടി വേണം.

## വിപ്ളവത്തിൻെറ സ്വഭാവത്തിൻെറ പ്രശ്നം

ചൈനയെ സംബന്ധിച്ചുള്ള കമ്യൂണിസ്ററ് ഇൻറർനാഷനലി
ൻെറ പ്രമേയവുമായി ഞങ്ങൾ പൂർണമായി യോജിക്കുന്നു. ചൈന ഇ
പ്പോഴും ബൂർഷ്വാ ജനാധിപത്യവിപ്ളവത്തിൻെറ ഘട്ടത്തിലാണെന്ന
തിൽ യാതൊരു സംശയവുമില്ല. ചൈനയിലെ സമഗ്രമായ ജനാധിപത്യ
വിപ്ളവത്തിൻെറ പരിപാടി, ബാഹ്യമായി, പരിപൂർണ ദേശീയവിമോ
ചനം നേടുന്നതിനുവേണ്ടി സാമ്രാജ്യത്വത്തെ മറിച്ചെറിയുകയും ആഭ്യന്തര
മായി, നഗരങ്ങളിൽ ദല്ലാൾ വർഗത്തിൻെറ ശക്തിയും സ്വാധീനവും ഇ
ല്ലായ്മ ചെയ്യുകയും ഗ്രാമങ്ങളിൽ ഫ്യൂഡൽ ബന്ധങ്ങൾ റദ്ദാക്കാൻവേ
ണ്ടി കാർഷികവിപ്ളവം പൂർത്തീകരിക്കുകയും യുദ്ധപ്രഭുക്കന്മാരു
ടെ ഭരണം തകർത്തെറിയുകയും ചെയ്യുക എന്നതാണ്. സോഷ്യലിസ
ത്തിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ ഒരു യഥാർത്ഥ അടിത്തറ
പാകാൻ നമുക്ക് കഴിയുന്നതിന് മുമ്പെ ഇത്തരം ഒരു ജനാധിപത്യ വിപ്ള
വത്തിൽകൂടി നമുക്ക് കടന്നുപോകേണ്ടതുണ്ട്. കഴിഞ്ഞവർഷം നാം പ
ല സ്ഥലങ്ങളിലും പോരാട്ടങ്ങൾ നടത്തുകയുണ്ടായി. മുഴുവൻ രാജ്യ
ത്തും വിപ്ളവവേലിയേററം സംഭവിച്ചുകൊണ്ടിരിക്കയാണെന്ന് നമുക്ക്
നന്നായറിയാം. ചുരുക്കം ചില ചെറു പ്രദേശങ്ങളിൽ നാം ചുവപ്പ് രാ
ഷ്ട്രീയാധികാരം സ്ഥാപിച്ചിട്ടുണ്ടെങ്കിൽപോലും രാജ്യമാകമാനമായി
എടുത്താൽ ജനങ്ങൾക്ക് സാധാരണ ജനാധിപത്യാവകാശങ്ങൾതന്നെയും
നിഷേധിക്കപ്പെട്ടിരിക്കയാണ്. തൊഴിലാളികൾക്കും കർഷകർക്കും എ
ന്നല്ല ബൂർഷ്വാ ജനാധിപത്യവാദികൾക്കുപോലും പ്രസംഗ സ്വാതന്ത്ര്യ
മൊ യോഗം ചേരാനുള്ള സ്വാതന്ത്ര്യമൊ ഇല്ല. കമ്യൂണിസ്ററ്പാർട്ടി
യിൽ ചേരുന്നതുപോലും ഒരു കൊടിയ പാതകമാണ്. എവിടെയൊ
ക്കെ ചുവപ്പ്സേന പോകുന്നുവൊ, അവിടെയൊക്കെ ബഹുജനങ്ങൾ നി
രുൽസാഹരും യാതൊരു താല്പര്യവും കാട്ടാതെ അകന്നു നില്ക്കുന്നവ
രുമാണ്. നമ്മുടെ പ്രചരണത്തിന് ശേഷം മാത്രമാണ് അവർ സാവധാ
നത്തിൽ സജീവരായി രംഗത്ത് പ്രവേശിക്കുന്നത്. ഏതെല്ലാം ശത്രുസേ
നാ ഘടകങ്ങളെ നമുക്ക് നേരിടേണ്ടിയിരുന്നാലും ഒന്നിലും കലാപത്തി
ൻേറതായ ഒരുദാഹരണമൊ അല്ലെങ്കിൽ നമ്മുടെ ഭാഗത്തേക്കുള്ള സൈനിക
രുടെ ചേരിമാററലൊ ഉണ്ടായിട്ടില്ല. ഇതിൻെറ ഫലമായി നമുക്ക് അവ

രുമായി എല്ലായിടത്തും അവസാനതീരുമാനംവരെ പോരാടേണ്ടിവന്നിട്ടുണ്ട്. മെയ് 21 സംഭവത്തെ തുടർന്ന് എല്ലാററിലുമധികം 'കലാപകാരികളെ' തങ്ങളുടെ അണികളിൽ ചേർത്ത ശത്രുവിന്റെ ആറാം സേനയെ സംബന്ധിച്ചിടത്തോളംപോലും ഇതാണ് വാസ്തവം. തികച്ചും ഒററപ്പെട്ടാണിരിക്കുന്നതെന്ന ധാരണ ഞങ്ങളെ വളരെയേറെ അലട്ടുന്നുണ്ട്. ഇത് ഇല്ലാതാകുമെന്ന് ഞങ്ങൾ ആശിച്ചുകൊണ്ടിരിക്കയാണ്. ജനാധിപത്യത്തിനുവേണ്ടിയുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു സമരം നാം കെട്ടഴിച്ചുവിട്ടാൽ മാത്രമേ—ഇതിൽ നഗരങ്ങളിലെ പെററിബൂർഷ്വാസികൂടി ഉൾപ്പെടുന്നതാണ്— വിപ്ലവത്തെ രാജ്യത്തിനുള്ളിൽ ഇരമ്പിക്കയറുന്ന ഒരു വേലിയേററമായി മാററിത്തീർക്കാൻ നമുക്ക് കഴിയുകയുള്ളു.

ഈ വർഷം ഫെബ്രുവരിവരെയും പെററിബൂർഷ്വാസിയുടെ നേരെയുള്ള നമ്മുടെ നയം ഒട്ടുമുക്കാലും ശരിയായിത്തന്നെ നാം പ്രയോഗിക്കയുണ്ടായി. മാർച്ചുമാസത്തിൽ തെക്കൻ ഹുനാൻ സംസ്ഥാനകമ്മററിയുടെ പ്രതിനിധി നിങ്കാങ്ങിൽ വരികയും, ഞങ്ങൾ വലത്തോട്ട് ചാഞ്ഞിരിക്കയാണെന്നും, വേണ്ടതിലുമെത്രയോ കുറഞ്ഞാണ് തീവെപ്പും കൊലയും ചെയ്തതെന്നും, 'പെററിബൂർഷ്വാസിയെ തൊഴിലാളികളാക്കി മാററുകയും പിന്നീടവരെ വിപ്ലവത്തിലേക്ക് നിർബന്ധിച്ചിറക്കുകയും ചെയ്യുക' എന്ന ആ വിചിത്രമായ നയം നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണെന്നും പറഞ്ഞ് ഞങ്ങളെ വിമർശിച്ചു. തുടർന്ന് മുന്നണിക്കമ്മിററിയുടെ നേതൃത്വം പുനഃസംഘടിപ്പിക്കുകയും അതിന്റെ നയം മാററുകയും ചെയ്തു. ഏപ്രിൽ മാസത്തിൽ ഞങ്ങളുടെ മുഴുവൻ സൈന്യവും അതിർത്തി പ്രദേശത്ത് എത്തിയശേഷംപോലും അത്ര അധികം തീവെപ്പും കൊലയും പിന്നേയും നടന്നില്ല. പക്ഷെ നഗരങ്ങളിൽ മദ്ധ്യവർത്തികളായ കച്ചവടക്കാരുടെ സ്വത്ത് കണ്ടുകെട്ടുന്നതും നാട്ടിൻപുറങ്ങളിൽ ചെറു ഭൂപ്രഭുക്കളിൽ നിന്നും ധനിക കർഷകരിൽ നിന്നും നിർബന്ധ സംഭാവനകൾ പിരിക്കുന്നതും കർശനമായി നടപ്പിലാക്കി. തെക്കൻ ഹുനാൻ പ്രത്യേക കമ്മിററി മുന്നോട്ടുവെച്ച 'എല്ലാ തൊഴിൽശാലകളും തൊഴിലാളികൾക്ക്' എന്ന മുദ്രാവാക്യത്തിനും വിപുലമായ പ്രസിദ്ധീകരണം നൽകി. പെററിബൂർഷ്വാസിയെ ആക്രമിക്കുക എന്ന ഈ തീവ്രമായ ഇടത് നയം അവരിൽ മിക്കവരേയും ഭൂപ്രഭുക്കൻമാരുടെ ഭാഗത്തേക്ക് ഓടിച്ചു വിടുകയാണുണ്ടായത്. ഇതിന്റെ ഫലമായി അവരെല്ലാംതന്നെ വെള്ളനാടകൾ കുത്തുകയും ഞങ്ങളെ എതിർക്കുകയും ചെയ്തു. ഈ നയത്തിൽ പടിപടിയായി വരുത്തിയ മാററത്തോടെ പരിതഃസ്ഥിതി കൃത്യമായി ഭേദപ്പെട്ടുകൊണ്ടിരിക്കയാണ്. സ്വിചുവാനിൽ പ്രത്യേകിച്ചും നല്ല ഫലങ്ങൾ നേടിയിട്ടുണ്ട്. കാരണം ആ കൗണ്ടി നഗരത്തിലേയും മററു വ്യാപാര നഗരങ്ങളിലേയും കച്ചവടക്കാർ ഞങ്ങളെക്കാണുമ്പോൾ പണ്ടത്തെപ്പോലെ ഒഴിഞ്ഞുമാറുന്നില്ല. മാത്രമല്ല അതിൽ കുറേപേരെങ്കിലും ചുവപ്പ് സേനയെപ്പററി നല്ല അഭിപ്രായങ്ങളാണ് ഇപ്പോൾ പറഞ്ഞു നടക്കുന്നത്. ട്സാവോലിനിലെ ചന്ത (മൂന്നുദിവസത്തിലൊരിക്കൽ ഉച്ചസമയത്താണ് അത് നടത്തുന്നത്) ഇരുപതിനായിരത്തോളം ആൾക്കാരെ ആകർഷിക്കുന്നുണ്ട്. ഇത് മുൻറിക്കാർഡുകൾ എല്ലാം ഭേദിക്കുന്നു. നമ്മുടെ നയം ഇപ്പോൾ ശരിയാണെന്നതിന്റെ തെളിവാണിത്. ഭൂപ്രഭുക്കൾ ഭാരിച്ച നികുതികളും വാരങ്ങളും ജനങ്ങളുടെ മേൽ വെച്ചുകെട്ടി. സ്വിചുവാനിലെ പ്രതിവിപ്ലവകാരികളായ ശാന്തിസേനകൾ[21] ഹുവാൻഗാവൊവിൽ നിന്ന് ട്സാഓലിൻവരെയുള്ള 70 ലി നീണ്ട നിരത്തിൽ അഞ്ച് ചുങ്കപ്പുരകൾ സ്ഥാപിച്ച് പിരിവുകൾ നടത്തിയിരുന്നു. കാർഷികോൽപ്പന്നങ്ങൾ ഒന്നുംതന്നെ ഇതിൽനിന്നൊഴിവായിരുന്നില്ല. ഈ ശാന്തി സേന



കളെ ഞങ്ങൾ തകർക്കുകയും ചുങ്കപ്പിരിവുകൾ റദ്ദാക്കുകയും ചെയ്തു. അങ്ങിനെ എല്ലാ കർഷകരുടേയും മാത്രമല്ല ചെറുതും ഇടത്തരവുമായ കച്ചവടക്കാരുടേയും കൂടി പിൻതുണ ഞങ്ങൾക്ക് നേടാൻ കഴിഞ്ഞു.

പെററിബൂർഷ്വാസിയുടെ താൽപ്പര്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള ഒരു രാഷ്ട്രീയപരിപാടി പുറത്തിറക്കാൻ കേന്ദ്രകമ്മിററി ഞങ്ങളോടാവശ്യപ്പെടുന്നു. ഞങ്ങളാകട്ടെ പൊതുവായ മാർഗദർശനത്തിനായി തൊഴിലാളികളുടെ താൽപ്പര്യങ്ങളും കാർഷിക വിപ്ലവവും ദേശീയ വിമോചനവും കണക്കിലെടുത്തുകൊണ്ടുള്ള മുഴുവൻ ജനാധിപത്യവിപ്ലവത്തിന്റേയും ഒരു പരിപാടി കേന്ദ്രകമ്മിററി തയ്യാറാക്കണമെന്ന് അപേക്ഷിക്കുന്നു.

ഉയിർത്തെഴുന്നേൽപ്പ് വികസിപ്പിക്കാനായി സൈനികനടപടി ഉപയോഗിക്കുക എന്നതാണ് മുഖ്യമായും കാർഷിക സാമ്പത്തിക വ്യവസ്ഥിതിയോടുകൂടിയ രാജ്യമായ ചൈനയിലെ വിപ്ലവത്തിന്റെ ഒരു പ്രത്യേക സവിശേഷത. സൈനികപ്രവർത്തനത്തിനു വേണ്ടിയുള്ള വമ്പിച്ച ശ്രമങ്ങളിൽ കേന്ദ്രകമ്മിററി വ്യാപൃതമാകേണ്ടതാണെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു.

## നമ്മുടെ സ്വതന്ത്രഭരണകേന്ദ്രം എവിടെയാണ സ്ഥിതിചെയ്യേണ്ടതെന്ന പ്രശ്നം

ഹുനാൻ–കിയാങ്സി അതിർത്തിയിലുള്ള വടക്കൻ ക്വാങ്ടുങ്ങ് തൊട്ട് തെക്കൻ ഹുപെവരെ നീണ്ടുപോകുന്ന പ്രദേശം മുഴുവനായും ലോഹ്സ്യൊ പർവ്വതനിരകൾക്കുള്ളിലാണ് കിടക്കുന്നത്. മുഴുവൻ നിരകളും ഞങ്ങൾ ചുററിനടന്നിട്ടുണ്ട്. അതിന്റെ വിവിധ ഭാഗങ്ങളുമായി തട്ടിച്ചുനോക്കിയതിൽ മദ്ധ്യഭാഗം, അതായത് നിങ്കാങ്ങ് കേന്ദ്രമായിക്കൊണ്ടുള്ള ഭാഗമാണ് സായുധ സ്വതന്ത്ര ഭരണാധികാരത്തിനു സ്ഥിതിചെയ്യാൻ ഏററവും നല്ലതെന്ന് വ്യക്തമാകുന്നു. വടക്കുഭാഗമാകട്ടെ കടന്നാക്രമണം നടത്താനോ പ്രതിരോധ പ്രവർത്തനത്തിനോ സൗകര്യക്കുറവുള്ള ഭൂപ്രകൃതിയോടുകൂടിയതാണ്. മാത്രമല്ല, ശത്രുവിന്റെ വലിയ രാഷ്ട്രീയകേന്ദ്രങ്ങൾക്ക് വളരെ അടുത്തായുമാണ് അത് സ്ഥിതിചെയ്യുന്നത്. കൂടാതെ ലിയുയാങ്ങ്, ലൈലിങ്ങ്, പിങ്ങ്സ്യാങ്ങ്, ടുങ്ങ്കു എന്നീ പ്രദേശങ്ങളിൽ വൻതോതിൽ സേനകളെ താവളമടിപ്പിച്ചു നിർത്തുന്നത് ചാങ്ങ്ഷായൊ, വുഹാനോ, ഉടനടി പിടിച്ചടക്കാൻ നാം പരിപാടിയിടുന്നില്ലെങ്കിൽ വളരെയേറെ ആപൽക്കരമായിരിക്കുന്നതാണ്. വടക്കൻ ഭാഗത്തേക്കാൾ കൂടുതൽ അനുകൂലമായ ഭൂപ്രകൃതിയോടുകൂടിയതാണ് തെക്കൻഭാഗം. പക്ഷെ അവിടെ നമ്മുടെ ബഹുജനസ്വാധീനം മദ്ധ്യഭാഗത്തെപ്പോലെ അത്ര നന്നല്ല. കൂടാതെ ഹുനാനിന്റേയും കിയാങ്സിയുടേയും മീതെ, മദ്ധ്യഭാഗത്തു നിന്ന് നമുക്ക് കഴിഞ്ഞേക്കാവുന്നത്ര വലിയ ഒരു രാഷ്ട്രീയസ്വാധീനം ഈ ഭാഗത്തു നിന്ന് നമുക്ക് ചെലുത്താൻ സാദ്ധ്യമാകുന്നതല്ല. മദ്ധ്യഭാഗത്തുനിന്നുള്ള ഏതൊരുനീക്കത്തിനും രണ്ട് പ്രവിശ്യകളിലേയും കീഴെ നദീതാഴ്വരകളിൽ ആഘാതങ്ങളുളവാക്കാൻ കഴിയുന്നതുമാണ്. മദ്ധ്യഭാഗത്തിന് താഴെകൊടുക്കുന്ന അനുകൂല സാഹചര്യങ്ങളുണ്ട്. 1. ഒരു ബഹുജനാടിത്തറ. ഇതാണെങ്കിൽ ഒരു വർഷത്തിലേറെയായി നാം പരിപോഷിപ്പിച്ച് പോരുന്നതുമാണ്; 2. പാർട്ടി സംഘടനകൾക്ക് മിക്കവാറും നല്ലൊരടിത്തറ; 3. ഒരു വർഷത്തിലേറെയായി നാം കെട്ടിപ്പടുത്തുപോന്നതും സമരത്തിൽ നല്ല അനുഭവസമ്പന്നരും—അപൂർവ്വമായൊരു നേട്ടം—ആയ പ്രാദേശിക സായുധസേനകൾ, ഇതും നാലാം ചുവപ്പുസേനയും കൂടിച്ചേർന്നാൽ ഏതൊരു ശത്രുസേനയുടേയും മുന്നിൽ അജയ്യമായൊരു ശക്തിയായിത്തീരുന്നതാണ്; 4. ഒരു ഒന്നാംകിട സൈനികത്താ

വളവും, അതായത് ചിങ്ങ്കാങ്ങ് പർവ്വതങ്ങൾ, മറ്റെല്ലാ കൗണ്ടികളിലും നമ്മുടെ പ്രാദേശിക സായുധസേനകൾക്കുവേണ്ടിയുള്ള താവളങ്ങളും, 5. രണ്ടു പ്രവിശ്യകളിലും അതിലെ നദികളുടെ കീഴേ താഴ്വാരങ്ങളിലും ഇതിന് ചെലുത്താൻ കഴിയുന്ന സ്വാധീനം. അതായത് തെക്കൻ ഹുനാനൊ, തെക്കൻ കിയാങ്ങ്സിക്കൊ ഉള്ളതിലത്രയോ ഏറെ രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു സ്വാധീനം. ഇവ രണ്ടിനുമുള്ളതാണെങ്കിൽ അവയുടെ സ്വന്തം പ്രവിശ്യകളിൽമാത്രം വ്യാപിക്കാൻ കഴിയുന്നതൊ അല്ലെങ്കിൽ മേലേ നദീതാഴ്വാരത്തിലും സ്വന്തം പ്രവിശ്യയിലെ പിന്നണി പ്രദേശങ്ങളിലും മാത്രം വ്യാപിക്കാൻ കഴിയുന്നതൊ ആയ സ്വാധീനമേയുള്ളു. മദ്ധ്യഭാഗത്തിന്റെ പ്രതികൂലസാഹചര്യം എന്താണെന്നുവച്ചാൽ, അതുവളരെയേറെക്കാലമായിട്ട് സ്വതന്ത്രഭരണാധികാരത്തിൻ കീഴിലായിരുന്നതുകൊണ്ടും ശത്രുവിന്റെ വലിയ 'ചുറ്റിവളയലിനും അടിച്ചമർത്തലിനും' വേണ്ടിയുള്ള സേനകളെ നേരിട്ടഭിമുഖീകരിച്ചു നിൽക്കുകയാണെന്നതുകൊണ്ടും അതിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പ്രത്യേകിച്ചും പണമില്ലായ്മ, അങ്ങേയറ്റം വിഷമം പിടിച്ചതാണ് എന്നതാണ്.

സൈനികനടപടിയുടെ പരിപാടിയെസംബന്ധിച്ച് പറകയാണെങ്കിൽ ജൂണിലും, ജൂലായിലും കുറച്ച് ആഴ്ചകൾക്കുള്ളിൽ മൂന്ന് വ്യത്യസ്ത പദ്ധതികൾ ഹുനാൻ സംസ്ഥാനകമ്മിറ്റി മുന്നോട്ട് വെക്കുകയുണ്ടായി. ഒന്നാമതായി യുവാൻടെ-ഷെങ്ങ് ഇവിടെ വരികയും ലോഹ്സിയൊ പർവതനിരകളുടെ മദ്ധ്യഭാഗത്ത് രാഷ്ട്രീയാധികാരം സ്ഥാപിക്കാനുള്ള നമ്മുടെ പദ്ധതി ശരിവെക്കുകയും ചെയ്തു. പിന്നീട് ട്സ്യൂ-ചിങ്ങും, യാങ്ങ്കായ്-മിങ്ങും വരികയും തെക്കൻ ഹുനാനിനെ ലക്ഷ്യംവെച്ച് യാതൊരു സന്ദേഹവുമില്ലാതെ ചുവപ്പ്സേന നീങ്ങേണ്ടതാണെന്നും അതിർത്തി പ്രദേശത്തെ സംരക്ഷിക്കാനായി റെഡ്ഗാർഡുകളോടൊപ്പം 200 റൈഫിളുകൾ മാത്രമുള്ള ഒരു ചെറുസേനാവിഭാഗത്തെ നിർത്തിയാൽ മതിയെന്നും നിർദ്ദേശിച്ചു. അവരുടെ അഭിപ്രായത്തിൽ ഇതായിരുന്നു 'തികച്ചും ശരിയായ നയം.' മൂന്നാമതായി കഷ്ടി പത്തു ദിവസങ്ങൾക്ക്ശേഷം യുവാൻടെ-ഷെങ്ങ് ഒരു കത്തുമായി വീണ്ടും വരികയും; അതിലാകട്ടെ സുദീർഘമായി ഞങ്ങളെ ചീത്ത പറഞ്ഞതിന് പുറമെ ചുവപ്പ്സേന കിഴക്കൻ ഹുനാനിലേക്ക് പുറപ്പെടേണ്ടതാണെന്ന് നിർദ്ദേശിക്കയും ചെയ്തു. വീണ്ടും ഇതിനെ വർണിച്ചത് 'തികച്ചും ശരിയായ' ഒരു നയമാണെന്നായിരുന്നു. അതുതന്നേയും 'യാതൊരു സന്ദേഹവുമില്ലാതെ' നടപ്പിലാക്കേണ്ടതാണെന്നുമായിരുന്നു. ഈ മുരടിച്ച നിർദ്ദേശങ്ങൾ ഞങ്ങളെ ഒരു യഥാർത്ഥവിഷമസന്ധിയിൽ എത്തിച്ചു. കാരണം അവ അനുസരിക്കുന്നതിൽ ഉപേക്ഷ വരുത്തുകയെന്നത് കൃത്യവിലോപത്തിന് തുല്യമായിരിക്കും. അതേ സമയം അനുസരിക്കുകയാണെങ്കിൽ പരാജയം ഉറപ്പുമായിരിക്കും. രണ്ടാമത്തെ സന്ദേശം കൈപ്പറ്റിയപ്പോൾ പാർട്ടിയുടെ സൈനികകമ്മിറ്റിയും അതിർത്തി പ്രദേശത്തെ പ്രത്യേക കമ്മിറ്റിയും യുങ്ങ്സിൻ കൗണ്ടികമ്മിറ്റിയും കൂട്ടായി സമ്മേളിക്കുകയും സംസ്ഥാനകമ്മിറ്റിയുടെ നിർദ്ദേശങ്ങളെ നടപ്പിലാക്കുന്നതിനെതിരായി തീരുമാനമെടുക്കുകയും ചെയ്തു. കാരണം തെക്കൻ ഹുനാനിനെ ലക്ഷ്യംവെച്ച് നീങ്ങുന്നത് അപകടകരമായിരുന്നു. പക്ഷെ അല്പം ദിവസങ്ങൾക്കുശേഷം ട്സ്യു-ചിങ്ങും, യാങ്ങ്കായ്-മിങ്ങും സംസ്ഥാനപാർട്ടികമ്മിറ്റിയുടെ പദ്ധതിയിൽ ഉറച്ചുനിന്നുകൊണ്ടും ഇരുപത്തൊമ്പതാം റജിമെന്റിന്റെ ഗൃഹാതുരത്വത്തെ ചൂഷണം ചെയ്തുകൊണ്ടും ചുവപ്പ്സേനയെ ചെൻചൗ കൗണ്ടി നഗരത്തെ ആക്രമിക്കാനായി വലിച്ചിഴക്കുകയും ചെയ്തു. അങ്ങിനെ അതിർത്തി പ്രദേശത്തിനും ചുവപ്പ്സേനക്കും പരാജയം കൈവരുത്തി. ചുവപ്പ്സേനക്ക് അതിന്റെ ഉദ്ദേശം പകുതിയോളം ഭടന്മാർ



നഷ്ടപ്പെട്ടു. അതിർത്തി പ്രദേശത്തിൽ എണ്ണമററ വീടുകൾ അഗ്നിക്കിരയായി. നിരവധി ജനങ്ങൾ കൂട്ടക്കൊലക്കിരയായി. ഒന്നിനെതുടർന്നു മറ്റൊന്നായി കൗണ്ടികൾ ശത്രുവിനധീനമായി. ഇവയിൽ ചിലത് ഇന്നുവരേയും നമുക്ക് വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. കിഴക്കൻ ഹുനാനിലേക്ക് നീങ്ങുന്നതിനെപ്പററി പറയുകയാണെങ്കിൽ ഹുനാൻ, ഹുപെ, ക്യാങ്ങ്സി പ്രവിശ്യകളിലെ ഭരണാധികാരികളായ ഭൂപ്രഭുക്കൾക്കിടയിൽ ഒരു ഭിന്നിപ്പില്ലാത്തിടത്തോളംകാലം ചുവപ്പ്സേനയുടെ പ്രധാന വിഭാഗങ്ങൾ അവിടേക്ക് പോകുന്നത് തികച്ചും അനാശാസ്യമായിരുന്നു. ജൂലായ്മാസത്തിൽ തെക്കൻ ഹുനാനിലേക്ക് നാം മുന്നേറിയിരുന്നില്ലെങ്കിൽ അതിർത്തി പ്രദേശത്തെ ആഗസ്റ്റ് പരാജയം നമുക്ക് ഒഴിവാക്കാമായിരുന്നു. മാത്രമല്ല ക്യാങ്ങ്സി പ്രവിശ്യയിലെ ചാങ്ങ്ഷുവിൽവെച്ച് കുമിന്താങ്ങിന്റെ ആറാംസേനയും വാങ്ങ്ചുണിന്റെ കുമിന്താങ്ങ് സേനകളും തമ്മിലുള്ള ഏറ്റുമുട്ടൽ നമുക്ക് ചൂഷണം ചെയ്യാൻകൂടി കഴിയുമായിരുന്നു. അങ്ങിനെ യുങ്ങ്സിനിലെ ശത്രുസേനകളെ ചിതക്കാനും ക്യാനും, അൻഫുവും പിടിച്ചടക്കാനും നമ്മുടെ മുന്നണി സേനാവിഭാഗത്തിന് പിങ്ങ്സ്യാങ്ങിൽ എത്തിച്ചേരാനും അവിടെനിന്ന് ലോസ്യോ പർവതനിരകളുടെ വടക്കൻ ഭാഗത്തുള്ള അഞ്ചാം ചുവപ്പ്സേനയുമായി ബന്ധം സ്ഥാപിക്കാനും കഴിയുമായിരുന്നു. ഇതൊക്കെ സംഭവിക്കയുണ്ടായെങ്കിൽതന്നെയും നമ്മുടെ പൊതു ആസ്ഥാനം ഇനിയും നിങ്കാങ്ങിൽതന്നെ ആയിരിക്കേണ്ടതായിരുന്നു. കിഴക്കൻ ഹുനാനിലേക്ക് ഗറില്ലാസേനകളെ മാത്രമെ നാം അയക്കാൻ പാടുള്ളായിരുന്നു. ഭൂപ്രഭുക്കൾക്കിടയിൽ കലഹങ്ങൾ പൊട്ടിപ്പുറപ്പെട്ടിട്ടില്ലെന്ന കാരണത്താലും ഹുനാൻ അതിർത്തിയിലെ പിങ്ങ്സ്യാങ്ങ്, ചാലിങ്ങ്, യൂസ്യെൻ എന്നിവിടങ്ങളിൽ അപ്പോഴും പ്രബലമായ ശത്രുസേനകൾ ഉണ്ടായിരുന്നെന്ന കാരണത്താലും നമ്മുടെ പ്രധാന സേനകളെ വടക്കോട്ട് നാം നീക്കിയിരുന്നെങ്കിൽ ശത്രുവിന് ഒരപൂർവ അവസരം നാം കൊടുക്കുകയായിരുന്നിരിക്കും ചെയ്യുക. കിഴക്കൻ ഹുനാനിലേക്കൊ അല്ലെങ്കിൽ തെക്കൻ ഹുനാനിലേക്കോ നീങ്ങുന്നതിനെപ്പററി പര്യാലോചിക്കാൻ കേന്ദ്രകമ്മിറ്റി നമ്മോട് പറഞ്ഞു. പക്ഷെ ഈ രണ്ടു മാർഗങ്ങളും വളരെ അപകടകരമായിരുന്നു. കിഴക്കൻ ഹുനാനിലേക്കുള്ള നിർദ്ദിഷ്ട സൈനികനടപടി നടപ്പിലാക്കിയിട്ടില്ലെങ്കിൽ കൂടിയും തെക്കൻ ഹുനാനിലേക്കുള്ള സൈനികനടപടി പരാജയമടയുകയാണുണ്ടായത്. വേദനാജനകമായ ഈ അനുഭവം നാം എല്ലായ്പോഴും ഓർമ്മയിൽ നിർത്തേണ്ടതാണ്.

ഭൂപ്രഭുവർഗത്തിന്റെ ഭരണയന്ത്രം ഭിന്നിച്ചു നില്ക്കുന്ന ഒരു കാലഘട്ടത്തിലല്ല നാമിപ്പോൾ. അതിർത്തി പ്രദേശത്തിന് ചുററും അണിനിരത്തിയ ശത്രുവിന്റെ 'അടിച്ചമർത്തൽ' സേനകൾ ഇപ്പോഴും പത്ത് റജിമെന്റിൽ കൂടുതലാണ്. പക്ഷെ, പണം കിട്ടുവാൻ (ഭക്ഷണം, തുണി ഇവ വലിയൊരു പ്രശ്നമല്ലാതായി തീർന്നിട്ടുണ്ട്) ഉള്ള മാർഗങ്ങൾ തുടർന്നും നമുക്ക് കണ്ടെത്താൻ കഴിയുകയാണെങ്കിൽ, അതിർത്തി പ്രദേശത്ത് നിലവിലുള്ള നമ്മുടെ പ്രവർത്തനത്തിന്റെ അടിത്തറ ഉപയോഗിച്ചുകൊണ്ട് ഈ ശത്രുസേനകളേയും, ഇതിലും വലിയ സേനകളെത്തന്നേയും നമുക്ക് വേണ്ടപോലെ നേരിടാൻ കഴിയുന്നതാണ്. അതിർത്തി പ്രദേശത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ചുവപ്പ്സേന അവിടെനിന്ന് നീങ്ങിക്കളയുന്നപക്ഷം ആഗസ്റ്റിൽ സംഭവിച്ചപോലെ തന്നെ അതുടൻ നശിപ്പിക്കപ്പെടുന്നതാണ്. നമ്മുടെ റെഡ്ഗാർഡുകൾ മുഴുവനായും തുടച്ചുനീക്കപ്പെടുകയില്ലെങ്കിൽകൂടിയും പാർട്ടിക്കും നമ്മുടെ ബഹുജനാടിത്തറക്കും ഒരു തകർപ്പനടികിട്ടുമെന്നത് തീർച്ചയാണ്. അതേസമയം പർവതപ്രദേശങ്ങളിൽ നമുക്കൊരു സങ്കേതം നിലനിർത്താൻ കഴിഞ്ഞേക്കാമെങ്കിലും സമതലപ്രദേശങ്ങളിൽ ആഗസ്റ്റി

ലും സെപ്തമ്പറിലും സംഭവിച്ചപോലെ നമുക്കെല്ലാവർക്കും ഒളിവിൽ
കേണ്ടതായി വരുന്നതാണ്. ചുവപ്പ്സേന സ്ഥലംവിടാതിരിക്കു
കയാണെങ്കിൽ, ഇപ്പോൾ നമുക്കുള്ള അടിത്തറമേൽ കെട്ടിപ്പടുത്തുകൊണ്ട്
ചുററുപാടുമുള്ള പ്രദേശങ്ങളിലേക്ക് പടിപടിയായി നമുക്ക് വികസി
ക്കാൻ കഴിയുന്നതാണ്. നമ്മുടെ ഭാവി ശോഭനവുമായിരിക്കും. ചുവ
പ്പ്സേനയെ വിപുലീകരിക്കാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒരേയൊ
രു മാർഗമേ നമ്മുടെ മുമ്പിലുള്ളു. അതായത് നിങ്കാങ്ങ്, യുങ്ങ്സ്യെൻ,
ലിങ്ങ്സ്യെൻ, സുയിചാൻ തുടങ്ങിയ കൗണ്ടികളിലുള്ളപോലെ നല്ല ബ
ഹുജനാടിത്തറയുള്ള, ചിങ്കാങ്ങ് പർവതങ്ങളിലെ പരിസരപ്രദേശങ്ങ
ളിൽ ശത്രുവെ ഒരു ദീർഘിച്ച സമരത്തിൽ നേരിടുക; ഈ സമരത്തിൽ
ഹുനാൻ പ്രവിശ്യയിലേയും ക്യാങ്ങ്സി പ്രവിശ്യയിലേയും ശത്രുസേ
നകൾ തമ്മിലുള്ള വിഭിന്നമായ താല്പര്യങ്ങളും, എല്ലാ ഭാഗങ്ങളിൽനി
ന്നും പ്രതിരോധത്തിലേർപ്പെടേണ്ട എന്ന അവരുടെ ആവശ്യവും, തങ്ങ
ളുടെ സേനകളെ ഇതിൻഫലമായി കേന്ദ്രീകരിച്ച് നിർത്താനുള്ള അവ
രുടെ കഴിവുകേടും നാം തികച്ചും ഉപയോഗപ്പെടുത്തുക. തികച്ചും ശ
രിയായ അടവുകൾ ഉപയോഗിക്കുകയും, വിജയിക്കാനും ആയുധങ്ങളേ
യും ഭടന്മാരേയും പിടിച്ചടക്കാനും കഴിയാത്തപ്പോൾ പോരാട്ടത്തിൽ
ഏർപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പടിപടിയായി നമുക്ക്
ചുവപ്പ്സേനയെ വിപുലീകരിക്കാൻ കഴിയുന്നതാണ്. തെക്കൻ ഹു
നാനിലേക്ക് ചുവപ്പ്സേനയുടെ പ്രധാന ഘടകം അതിൻെറ സൈനിക
നടപടിയുമായി പോയിരുന്നില്ലെങ്കിൽ, ഏപ്രിലിനും ജൂലായിക്കുമിട
ക്ക് അതിർത്തി പ്രദേശത്ത് ബഹുജനങ്ങൾക്കിടയിൽ നാം ചെയ്തുതീർ
ത്ത പ്രാഥമിക തയ്യാറെടുപ്പ് പ്രവർത്തനത്തിൻെറ അടിസ്ഥാനത്തിൽ,
ആഗസ്ററ് മാസത്തിൽ ചുവപ്പ്സേനയെ നിസ്സംശയം നമുക്ക് വി
പുലീകരിക്കാൻ കഴിയുമായിരുന്നു. ഈ തെററ് പററിയിട്ടുതന്നേയും
ചുവപ്പ്സേന അതിർത്തിപ്രദേശത്തേക്ക് തിരിച്ചുവന്നിട്ടുണ്ട്. അവി
ടെയാണെങ്കിൽ ഭൂപ്രകൃതി അനുകൂലമാണ്. ജനങ്ങൾ സ്നേഹമുള്ളവ
രാണ്, ഇപ്പോഴും ഭാവി അത്ര മോശവുമല്ല. പോരാടാനുള്ള മനസുറപ്പിൽ
കൂടിയും അതിർത്തി പ്രദേശത്തെപ്പോലെയുള്ള സ്ഥലങ്ങളിൽ പോരാട്ടം
ചെയ്യാനുള്ള കരുത്തിൽകൂടിയും മാത്രമേ ചുവപ്പ്സേനക്ക് അതിൻെറ
ആയുധങ്ങൾ വർദ്ധിപ്പിക്കാനും നല്ല ഭടന്മാരെ പരിശീലിപ്പിച്ചെടു
ക്കാനും കഴിയുകയുള്ളു. ഒരു പൂർണവർഷമായി അതിർത്തിപ്രദേശ
ത്ത് നാം ചെങ്കൊടി പറപ്പിച്ചുകൊണ്ടേയിരിക്കയാണ്. ഹുനാനിലേ
യും, ഹുപെയിലേയും, ക്യാങ്ങ്സിയിലേയും എന്നുമാത്രമല്ല മുഴുവൻ
രാജ്യത്തിലേയും ഭൂപ്രഭുവർഗത്തിൻെറ കടുത്ത വെറുപ്പിന് നമ്മുടെ ചെ
ങ്കൊടി പാത്രീഭവിച്ചിട്ടുണ്ട്. പക്ഷെ അതേ സമയം ചുററുപാടുമുള്ള
പ്രവിശ്യകളിലെ തൊഴിലാളികളുടേയും, കർഷകരുടേയും സൈനികരു
ടേയും ആശകളെ അത് നിരന്തരമായി ഉണർത്തിവിടുകയാണ്. സൈ
നികരെപ്പററി ഒന്ന് ചിന്തിച്ചുനോക്കുക. യുദ്ധപ്രഭുക്കൾ അതിർ
ത്തിപ്രദേശത്തിനെതിരായ 'കൊള്ളക്കാരെ അടിച്ചമർത്തൽ' നടപടി തങ്ങ
ളുടെ മുഖ്യകടമയാക്കി എടുക്കുകയും, 'കൊള്ളക്കാരെ അടിച്ചമർത്താനു
ള്ള ശ്രമത്തിൽ ഒരു വർഷം നഷ്ടപ്പെടുകയും പത്ത് ലക്ഷം ഡോളർ
ചിലവാക്കിത്തീരുകയും ചെയ്തിരിക്കുന്നു,' (ലുടി—പിങ്ങ്) അല്ലെ
ങ്കിൽ ചുവപ്പ് സേനക്ക് 'ഇരുപതിനായിരം ഭടന്മാരും അയ്യായിരം റൈ
ഫിളുകളും ഉണ്ട്.' (വാങ്ങ്ചുങ്ങ്) എന്നപോലെയുള്ള പ്രസ്താവന
കൾ ഇറക്കിവിടുകയും ചെയ്യുക കാരണം അവരുടെ പട്ടാളക്കാരുടേയും
നിരാശരായ [illegible] ഉദ്യോഗസ്ഥന്മാരുടേയും ശ്രദ്ധ ക്രമേണ നമ്മിലേ
ക്ക് തിരിയുകയും അവരിൽ കൂടുതൽ കൂടുതൽപേർ ശത്രുവിൽനിന്ന്
വിട്ടുമാറി നമ്മുടെ അണികളിൽ ചേരുകയുമാണ് ചെയ്യുന്നത്, അങ്ങി
നെ സംഖ്യാബലം വർദ്ധിപ്പിക്കാനുള്ള മറെറാരുവഴികൂടി ചുവപ്പ്സേ



നക്ക് ലഭിക്കുന്നു. കൂടാതെ അതിർത്തിപ്രദേശത്ത് ചെങ്കൊടി ഒരിക്കലും താഴ്ത്തപ്പെട്ടിട്ടില്ല എന്ന വസ്തുത കമ്യൂണിസ്ററ്പാർട്ടിയുടെ ശക്തിയേയും ഭരണവർഗങ്ങളുടെ പാപ്പരത്വത്തേയും ഒരേ സമയം കാട്ടിത്തരുന്നു. ഇതാണെങ്കിൽ രാജ്യവ്യാപകമായ രാഷ്ട്രീയ പ്രാധാന്യമുള്ളതുമാണ്. അതുകൊണ്ട് ലോസ്യോ പർവതനിരകളുടെ മദ്ധ്യഭാഗത്ത് ചുവപ്പ് രാഷ്ട്രീയാധികാരം കെട്ടിപ്പടുക്കുന്നതും വിപുലീകരിക്കുന്നതും തികച്ചും ആവശ്യവും ശരിയുമാണെന്ന് എന്നും വിശ്വസിച്ചപോലെ ഇന്നും ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

## കുറിപ്പുകൾ

1. ഈ യുദ്ധം 1927 ഒക്ടോബറിൽ നടന്നു.
2. ഈ യുദ്ധം 1927 നവംബർ, ഡിസംബർ മാസങ്ങളിൽ നടന്നു.
3. ചുവപ്പ് സേനയിൽ ഭടന്മാരുടെ പ്രാതിനിധ്യസമ്മേളനങ്ങളുടേയും ഭടന്മാരുടെ കമ്മിററികളുടേയും സമ്പ്രദായം പിന്നീട് ഉപേക്ഷിക്കപ്പെടുകയുണ്ടായി. കേഡർമാരുടെ നേതൃത്വത്തിൻകീഴിൽ സൈനികരുടെ സമ്മേളനങ്ങളുടേയും, ഭടന്മാരുടെ കമ്മിററികളുടേയും ഒരു സമ്പ്രദായം 1947ൽ ജനകീയവിമോചനസേന ആരംഭിച്ചു.
4. ആരംഭത്തിൽ സഖാക്കൾ യെടിങ്ങിൻേറയും, ഹോലുങ്ങിൻെറയും നേതൃത്വത്തിൻകീഴിലായിരുന്നു. ഈ സേനകൾ 1927 ആഗസ്ററ് 1ന് നാഞ്ചാങ്ങ് ഉയിർത്തെഴുന്നേല്പ് സംഘടിപ്പിച്ചു. ക്വാങ്ങ്ടുങ്ങ് പ്രവിശ്യയിലെ ചാവൊ ചൌവിലേക്കും, സ്വാടൊവിലേക്കുമുള്ള അവരുടെ നീക്കത്തിനിടയിൽ അവർ പരാജയമടയുകയും സഖാക്കൾ ചൂടെ, ചെൻയി എന്നിവരുടെ നേതൃത്വത്തിൽ ചില ഘടകങ്ങൾ ഗറില്ലാ സമരങ്ങൾ നടത്താനായി ക്യാങ്ങ്സി വഴി തെക്കൻഹുനായിലേക്ക് പിന്മാറുകയും ചെയ്തു. 1928 ഏപ്രിൽ അവർ സഖാവ് മാവോ സെതുങ്ങിൻെറ സേനകളുമായി ചിങ്കാങ്ങ് പർവതങ്ങളിൽവെച്ച് ഒന്നിച്ചുചേർന്നു.
5. 1927ലെ വിപ്ളവകാലങ്ങളിൽ വുച്ചങ്ങിൽ താവളമടിച്ചിരുന്ന ദേശീയ ഗവൺമെണ്ടിൻെറ ഗാർഡ്സ് റെജിമെൻറിലെ മിക്ക കേഡർമാരും കമ്യൂണിസ്ററ്പാർട്ടി അംഗങ്ങളായിരുന്നു. 1927ജൂലായ് അവസാനത്തിൽ വാങ്ങ്ചിങ്ങ്-വൈയും, അയാളുടെ കൂട്ടാളികളും വിപ്ളവത്തെ വഞ്ചിച്ചതോടെ ഈ റജിമെൻറ് നാഞ്ചാങ്ങിലെ ഉയർത്തെഴുന്നേല്പിൽ ചേരാനായി വുച്ചാങ്ങ് വിട്ടു. വിപ്ളവസേനകൾ അപ്പോഴേക്കും നാഞ്ചാങ്ങ് വിട്ട് തെക്കോട്ടുപോയിക്കഴിഞ്ഞിട്ടുണ്ടെന്ന് വഴിക്കുവെച്ച് അറിഞ്ഞതുകൊണ്ട് പിങ്ങ്ക്യാങ്ങിലെയും, ല്യൂയാങ്ങിലെയും കർഷകസായുധസേനകളുമായി ഒന്നിക്കാൻവേണ്ടി പടിഞ്ഞാറൻ ക്യാങ്ങ്സിയിലെ സ്യുഷ്യൂവിലേക്ക് ഈ റെജിമെണ്ട് ഒരു വളഞ്ഞവഴി ചെന്നെത്തി.
6. 1927ലെ വസന്തകാലത്തിൽ, സുശക്തമായ കർഷകസായുധസേനകൾ ഹുനാൻ പ്രവിശ്യയിലെ പിങ്ങ്ക്യാങ്ങ്, ല്യൂയിയാങ്ങ് പ്രദേശങ്ങളിൽ രൂപീകരിക്കപ്പെട്ടു. മെയ് 21ന് സുകെ-സ്യാങ്ങ്, ചാങ്ങ്ഷായിൽ ഒരു പ്രതിവിപ്ളവകൂപ്പ് സംഘടിപ്പിക്കുകയും

വിപ്ലവകാരികളായ ബഹുജനങ്ങളെ കൂട്ടക്കൊല ചെയ്യുകയും ചെയ്തു. അപ്പോൾ കർഷകസായുധസേനകൾ മെയ് 31ന് പ്രതിവിപ്ലവകാരികളെ തിരിച്ചടിക്കാനായി ചാങ്ങ്ഷായിലേക്ക് മാർച്ച് ചെയ്തു. പക്ഷെ അവസരവാദിയായ ചെൻടൂസ്യൂ അവരെ തടഞ്ഞുനിർത്തുകയും തിരിച്ചുവിടുകയുമാണ് ചെയ്തത്. ഇതിനെത്തുടർന്ന് ഗറില്ലാ യുദ്ധമുറയിലേർപ്പെടാനായി ഒരു സ്വതന്ത്ര റെജിമെൻറന്നോണം ഇതിലെ ഒരു വിഭാഗത്തെ പുനഃസംഘടിപ്പിച്ചു. ആഗസ്റ്റ് 1ൻെറ നാഞ്ചാങ്ങ് ഉയിർത്തെഴുനേൽപ്പിന്ശേഷം ഈ സായുധകർഷകർ ക്യാങ്ങ്സി പ്രവിശ്യയിലെ സ്യൂഷുവിലും തുങ്ങ്കുവിലുംവച്ചും ഹുനാൻ പ്രവിശ്യയിലെ പിങ്ങ്ക്യാങ്ങിലും ല്യൂയാങ്ങിലുംവച്ചും, വൂച്ചാങ്ങ് ദേശീയ ഗവൺമെണ്ടിൻെറ മുമ്പത്തെ ഗാഡ്റെജിമെൻറുമായി ഒന്നിക്കുകയും പിങ്ങ്സ്യാങ്ങിലെ ക്യാങ്ങ്സി സായുധ കൽക്കരിത്തൊഴിലാളികളുമായി ബന്ധപ്പെപ്പെട്ടുകൊണ്ട് ശരത്കാലവിളവെടുപ്പ് ഉയിർത്തെഴുനേല്പ് സംഘടിപ്പിക്കുകയും ചെയ്തു. ഒക്ടോബറിൽ സഖാവ് മാവോ സെതുങ്ങ് ഈ സേനകളെ ചിങ്ങ്കാങ്ങ് പർവതങ്ങളിലേക്ക് നയിച്ചു.

7. 1928 ആരംഭത്തിൽ തെക്കൻ ഹുനാനിൽ സഖാവ് ചുട്ടെ വിപ്ലവപരമായ ഗറില്ലായുദ്ധം നയിച്ചുകൊണ്ടിരിക്കെ, കർഷകപ്രസ്ഥാനം ഇതിനിടെ സുശക്തമായി വേരുറച്ചുകഴിഞ്ഞ യിച്ചാങ്ങ്, ചെൻചൌ, ലീയാങ്ങ്, യുങ്ങ്സിങ്ങ്, സേസിങ്ങ് എന്നീ കൗണ്ടികളിൽ കർഷകസേനകളെ സംഘടിപ്പിക്കയുണ്ടായി. സഖാവ് മാവോ സെതുങ്ങിൻെറ സേനകളുമായി ഒന്നിക്കാൻവേണ്ടി ഇവയെ ചിങ്ങ് കാങ്ങ് പർവതങ്ങളിലേക്ക് സഖാവ് ചൂട്ടെ പിന്നീട് നയിച്ചു.

8. ചാങ്ങ്നിങ്ങിലെ (ഹുനാൻപ്രവിശ്യ) ഷുയികൌഷാൻ അവിടത്തെ ഈയഖനികൾക്ക് പേരുകേട്ടതാണ്. 1922ൽ അവിടത്തെ ഖനിത്തൊഴിലാളികൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഒരു ട്രേഡ് യൂണിയൻ രൂപീകരിക്കുകയും വർഷങ്ങളോളം പ്രതിവിപ്ലവത്തിനെതിരായി സമരങ്ങൾ നടത്തുകയും ചെയ്തു. 1927ലെ ശരത്കാലവിളയെടുപ്പുയർത്തെഴുനേൽപിനുശേഷം ധാരാളം ഖനിത്തൊഴിലാളികൾ ചുവപ്പുസേനയിൽ ചേർന്നു.

9. 12000 തൊഴിലാളികൾ ജോലി ചെയ്യുന്ന പിങ്ങ്സ്യാങ്ങ് കൗണ്ടിയിലെ (ക്യാങ്ങ്സിപ്രവിശ്യ) അന്വാൻ കല്ക്കരിഖനികൾ ഹാൻ-യേപിങ്ങ് ഇരുമ്പുരുക്ക് കമ്പനിയുടേതായിരുന്നു 1921 മുതല്ക്ക് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഹുനാൻ പ്രവിശ്യാകമ്മിററിയാൽ നിയോഗിച്ചയച്ച സംഘാടകർ അവിടെ പാർട്ടി സംഘടനകളും ഒരു ഖനിത്തൊഴിലാളിയൂണിയനും സ്ഥാപിച്ചിരുന്നു.

10. 1929ൽ ചുവപ്പ്സേനയിലെ പാർട്ടി പ്രതിനിധികളെ രാഷ്ട്രീയ കമ്മീസാർമാർ എന്ന് പുനർനാമകരണം ചെയ്തു. 1931ൽ കമ്പനി നിലവാരത്തിലുള്ള രാഷ്ട്രീയ കമീസാർമാരെ രാഷ്ട്രീയ അദ്ധ്യാപകർ (ഇൻസ്ട്രക്ടേർസ്) എന്ന് വിളിക്കാൻ തുടങ്ങി.

11. ഭാഗികമായി സൈനികച്ചിലവ് നികത്താൻവേണ്ടിയുള്ള ഒരു താല്ക്കാലിക നടപടി മാത്രമായിരുന്നു പ്രാദേശിക ജനമർദ്ദകരുടെ സ്വത്തുക്കൾ പിടിച്ചുപററുക എന്ന സമ്പ്രദായം. താവളപ്രദേശങ്ങളുടെ വികസനവും സേനയുടെ വളർച്ചയുമായതോടെ നികുതി പിരിവിൽകൂടി സൈനികച്ചിലവുകൾ നികത്തുകയെന്നത് സാദ്ധ്യവും ആവശ്യവുമായിത്തീർന്നു.

12. ആരംഭത്തിൽ തികച്ചും ആവശ്യമായിരുന്ന, ഒരേ തോതിൽ കാശുകൊടുക്കുക എന്ന ഈ സമ്പ്രദായം ചുവപ്പ്സേനയിൽ വളരെ കൊല്ലങ്ങളോളം പ്രാബല്യത്തിൽ നിന്നിരുന്നു. എന്നിരിക്കലും പിന്നീട് പദവി അനുസരിച്ച് സ്വല്പം വ്യത്യസ്തമായതോതിൽ ഓഫീസർമാർക്കും അണികൾക്കും ശമ്പളം ലഭിച്ചു.



13. ഇവിടെ സഖാവ് മാവോ സെതുങ്ങ് പ്രത്യേകമായി ഊന്നുന്നത് വിപ്ലവസേനയിൽ ഒരു നിർദ്ദിഷ്ടമായ തോതിലുള്ള ജനാധിപത്യത്തിൻെറ ആവശ്യകതയിന്മേലാണ്. കാരണം, ചുവപ്പുസേനയുടെ ആരംഭഘട്ടങ്ങളിൽ ജനാധിപത്യത്തിൽ ഇത്തരമൊരു ഊന്നൽ കൊടുക്കാതെ നമ്മുടെ അണികളിൽ ചേർന്ന പുതിയ കർഷകരുടെയും പിടിച്ചടക്കിയ വെള്ളസൈനികരുടെയും വിപ്ലവപരമായ ആവേശത്തെ തട്ടി ഉണർത്താൻ സാദ്ധ്യമാകുമായിരുന്നില്ല. അതേപോലെതന്നെ നമ്മുടെ കേഡർമാരെ ബാധിച്ചിരുന്ന പിന്തിരിപ്പൻ സേനകളുടെ യുദ്ധപ്രഭു സമ്പ്രദായങ്ങൾ നിശേഷം നശിപ്പിക്കാനും സാദ്ധ്യമായിരുന്നില്ല. അതേസമയം സേനയിലെ അച്ചടക്കത്തിൻെറ അതിരുകൾ അതൊരിക്കലും മറികടക്കാൻ പാടുള്ളതല്ല. മാത്രമല്ല സേനയിൽ ജനാധിപത്യം അച്ചടക്കത്തെ ക്ഷീണിപ്പിക്കുകയല്ല മറിച്ച് സുശക്തമാക്കാനുപകരിക്കയാണ് വേണ്ടത്. അതുകൊണ്ട് ആവശ്യമായ തോതിൽ ജനാധിപത്യത്തെ പ്രോൽസാഹിപ്പിക്കുമ്പോൾത്തന്നെ അതി ജനാധിപത്യത്തിനു വേണ്ടിയുള്ള അവകാശവാദങ്ങൾ- അച്ചടക്ക ലംഘനത്തിന് തുല്യമാണത് — എതിർത്ത് തോല്പിക്കുക തന്നെ വേണം. ചുവപ്പ്സേനയുടെ ആദ്യകാലങ്ങളിലെ ഒരു ഘട്ടത്തിൽ ഇത്തരത്തിലുള്ള അച്ചടക്കലംഘനം അങ്ങേയററത്തെ ആശങ്കക്കിടവരുത്തുകയുണ്ടായി. സേനയിലെ അതിജനാധിപത്യത്തിനെതിരായ സഖാവ് മാവോ സെതുങ്ങിൻെറ സമരത്തെക്കുറിച്ചറിയാൻ 'പാർട്ടിക്കുള്ളിലെ തെററായ ആശയങ്ങൾ തിരുത്തുന്നതിനെപ്പററി' എന്ന കൃതി നോക്കുക.

14. 1926—ൽ വടക്കൻ സൈനികനടപടിക്കാലത്ത് സഖാവ് യെടിങ്ങ് സ്വതന്ത്രമായ ഒരു റെജിമെൻറിൻെറ നേതൃത്വം വഹിച്ചു. കമ്യൂണിസ്ററുകാർ കാതലായിക്കൊണ്ടുള്ള ഈ റെജിമെൻറ് ഒരു തകർപ്പൻ ശക്തിയാണെന്ന പ്രശസ്തിയാർജിച്ചു. വിപ്ലവസേന വുച്ചാങ്ങ് പിടിച്ചടക്കിയശേഷം 24—ാം ഡിവിഷനായി അത് വിപുലീകരിക്കപ്പെടുകയും പിന്നീട് നാഞ്ചാങ്ങ് ഉയിർത്തെഴുന്നേല്പിനുശേഷം 11—ാം സേനയായി വിപുലീകരിക്കപ്പെടുകയും ചെയ്തു.

15. ഒരു പാർട്ടി മെമ്പർക്ക് രണ്ട് പാർട്ടി മെമ്പറല്ലാത്തവർ എന്ന തോത് തികച്ചും തൃപ്തികരമാണെന്ന് ചുവപ്പ്സേനയിലെ പിന്നീടുള്ള അനുഭവം തെളിയിച്ചു. ചുവപ്പുസേനയിലും തുടർന്ന് ജനകീയ വിമോചനസേനയിലും മൊത്തത്തിൽ ഈ തോതായിരുന്നു നിലനിർത്തിപ്പോന്നിരുന്നത്.

16. 1927 മെയ് 21 ന് ചങ്ങ്ഷായിലെ സംസ്ഥാന ട്രേഡ്യൂണിയനുകളുടെയും കർഷകസംഘങ്ങളുടെയും, മററും വിപ്ലവപരമായ സംഘടനകളുടെയും ആസ്ഥാനങ്ങളുടെ മേൽ സുകെസ്യാങ്ങും, ഹോചിയനും അടക്കമുള്ള ഹുനാനിലെ പ്രതിവിപ്ലവസേനാധിപന്മാർ ചിയാങ്ങ് കൈ—ഷേക്ക്, വാങ്ങ്ചിങ്ങ്—വൈ, എന്നിവരുടെ പ്രേരണയാൽ അതിക്രമിച്ചുകടന്ന് ആക്രമണമഴിച്ചുവിട്ടു. എണ്ണമററ കമ്യൂണിസ്ററുകാരും വിപ്ലവകാരികളായ തൊഴിലാളികളും കർഷകരും അറസ്ററ് ചെയ്യപ്പെടുകയും വധിക്കപ്പെടുകയുമുണ്ടായി. വാങ്ങ്ചിങ്ങ്—വൈയുടെ നേതൃത്വത്തിലുള്ള വുഹാൻക്ളിക്ക്, ചിയാങ്ങ് കൈ—ഷേക്കിൻെറ നേതൃത്വത്തിലുള്ള നാങ്ങ്കിങ്ങ് ക്ളിക്ക്, എന്നീ രണ്ട് പ്രതിവിപ്ലവകോമിന്താങ്ങ്

ക്ളിക്കുകളുടെയും പരസ്യമായ പരസ്പരകൂട്ടുചേരൽ ഈ സംഭവം വ്യക്തമാക്കി.

17. ഹുനാൻ–ക്യാങ്ങ്സി അതിർത്തിപ്രദേശത്ത് 1928–ൽ പ്രഖ്യാപിച്ച ഭൂനിയമത്തിലെ ഒരു ചട്ടമായിരുന്നു എല്ലാ ഭൂമിയുടെയും കണ്ടുകെട്ടലും പുനർവിതരണവും. ഭൂപ്രഭുക്കന്മാരുടെമാത്രം ഭൂമിക്കു പകരം എല്ലാ ഭൂമിയുടെയും പിടിച്ചുപററൽ കാർഷികസമരങ്ങളിലുള്ള അനുഭവക്കുറവിൽനിന്ന് ഉടലെടുക്കുന്ന ഒരു തെററായിരുന്നെന്ന് സഖാവ് മാവോ സെതുങ്ങ് പിന്നീട് ചൂണ്ടിക്കാട്ടുകയുണ്ടായി. 1920 ഏപ്രിലിൽ അംഗീകരിച്ച സിങ്ങ്കൗ കൗണ്ടിയിലെ (ക്യാങ്ങ്സി) ഭൂനിയമത്തിൽ 'മുഴുവൻ ഭൂമിയും പിടിച്ചടക്കുക' എന്ന ചട്ടം 'സർക്കാർ ഭൂമിയും ഭൂപ്രഭുവർഗത്തിന്റെ ഭൂമിയും പിടിച്ചടക്കുക' എന്നാക്കി മാററുകയുണ്ടായി.

18. നാട്ടിൻപുറങ്ങളിലെ ഇടത്തരം വിഭാഗത്തിൽപ്പെട്ട വർഗത്തെ നേടിയെടുക്കുന്നതിന്റെ പ്രാധാന്യത്തെ മുൻനിർത്തി അവരെ വേണ്ടതിലധികം പരുഷമായി കൈകാര്യം ചെയ്യുന്ന തെററായ നയം സഖാവ് മാവോ സെതുങ്ങ് അതിവേഗത്തിൽ തിരുത്തി. ഈ വർഗത്തോടെടുക്കേണ്ട നയത്തെപ്പററിയുള്ള സഖാവ് മാവോ സെതുങ്ങിന്റെ കാഴ്ചപ്പാടുകൾ ചുവപ്പ്സേനയിലെ നാലാം സൈന്യത്തിന്റെ ആറാം പാർട്ടികോൺഗ്രസിൽ സമർപ്പിച്ച നിർദ്ദേശങ്ങളിലും (1928 നവമ്പർ) നിരത്തിവെച്ചിട്ടുണ്ട്. 'ലക്കും ലഗാനുമില്ലാത്ത കൊലയും തീവെപ്പും നിരോധിക്കൽ'. മദ്ധ്യമവും ചെറുകിടയുമായ കച്ചവടക്കാരുടെ താല്പര്യങ്ങളെ സംരക്ഷിക്കൽ എന്നിവ ഇതിൽപ്പെടുന്നു. നഗരങ്ങളിൽ പടിപടിയായി കുറച്ചൊക്കെ സ്വത്തുണ്ടാക്കിയ കച്ചവടക്കാരെ, മേലധികാരികളെ അവർ അനുസരിക്കുന്നിടത്തോളംകാലം വിഷമിപ്പിക്കാതെ വിട്ടേക്കണ്ടതാണ് എന്ന നാലാം ചുവപ്പ്സേനയുടെ, 1929 ജനുവരിയിലെ പ്രഖ്യാപനത്തിലും 1929 ഏപ്രിലിൽ അംഗീകരിച്ച സിങ്ങ്കൌ കൗണ്ടിയുടെ ഭൂനിയമത്തിലും (18–ാം കുറിപ്പ് നോക്കുക) മററും ഇത് കാണാം.

19. വിപ്ളവപരമായ യുദ്ധത്തിന്റെ വികാസത്തോടെയും, വിപ്ളവപരമായ താവളപ്രദേശങ്ങളുടെ വളർച്ചയോടെയും, വിപ്ളവപരമായ ഗവർമ്മെണ്ട്, വ്യവസായവും വ്യാപാരവും സംരക്ഷിക്കേണ്ടതാണെന്ന നയത്തിന്റെ അംഗീകാരത്തോടെയും ഈ സാഹചര്യം മാററുന്നത് സാദ്ധ്യമായിത്തീരുകയും ഇതിനെത്തുടർന്ന് പിന്നീട് യഥാർത്ഥത്തിൽ ഒരു മാററം സംഭവിക്കുകയും ചെയ്തു. ദേശീയ ബൂർഷ്വാസിയുടെ വ്യവസായവും വ്യാപാരവും മനസുറപ്പോടെ സംരക്ഷിക്കുകയും അതിർകടന്ന ഇടതുനയങ്ങളെ എതിർക്കുകയും എന്നത് വളരെ നിർണായകമായിരുന്നു.

20. അദ്ധ്വാനശക്തിഎന്നത് ഭൂവിതരണത്തിന് ആവശ്യമായ ഒരു തക്കതായ മാനദണ്ഡമല്ല. ചുവപ്പ് പ്രദേശങ്ങളിൽ വ്യക്തിയുടെ അടിസ്ഥാനത്തിൽ ആയിരുന്നു വാസ്തവത്തിൽ സമമായി ഭൂവിതരണം നടത്തിയിരുന്നത്.

21. ഒരുതരം പ്രാദേശിക പ്രതിവിപ്ളവ സായുധസേനയാരുന്നു ഈ ശാന്തിസേനകൾ.

# പാർട്ടിയിലെ തെറ്റായ ആശയങ്ങൾ തിരുത്തുന്നതിനെക്കുറിച്ച്*

ഡിസംബർ 1929

നാലാം ചുവപ്പുസേനയിലെ കമ്യൂണിസ്റ്റ് പാർട്ടി സംഘടനയ്ക്കുള്ളിൽ വിവിധ തൊഴിലാളി വർഗേതര ആശയങ്ങൾ നിലനിൽക്കുന്നുണ്ട്. പാർട്ടിയുടെ ശരിയായ ലൈൻ നടപ്പിലാക്കുന്നതിനെ ഇവ വളരെയേറെ തടസ്സപ്പെടുത്തുന്നു. ഈ ആശയങ്ങൾ സമഗ്രമായി തിരുത്തുന്നില്ലെങ്കിൽ, ചൈനയുടെ മഹത്തായ വിപ്ലവസമരത്തിൽ അതിന്റെ നിയുക്ത കടമകൾ ഏറ്റെടുക്കുവാൻ നാലാംസൈന്യത്തിന് സാധ്യമാവില്ല. ഈ പാർട്ടി സംഘടനയിലെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത് കർഷകരും മറ്റ് പെറ്റിബൂർഷ്വാ ഘടകങ്ങളുമാണ്. നിശ്ചയമായും ഇതാണ് അത്തരം തെറ്റായ ആശയങ്ങളുടെ ഉറവിടം. എങ്കിലും ഈ തെറ്റായ ആശയങ്ങൾക്കെതിരായ ഏകമനസ്കവും ദൃഢചിത്തതയോടെയുള്ളതുമായ സമരം നടത്തുന്നതിലും, പാർട്ടിയുടെ ശരിയായ ലൈനിനെ സംബന്ധിച്ച് അംഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിലും പാർട്ടിയുടെ നേതൃഘടകങ്ങൾക്കു സംഭവിച്ച പരാജയവും അവയുടെ നിലനിൽപ്പിനും വളർച്ചക്കുമുള്ള മറ്റൊരു പ്രധാന കാരണമാണ്. കേന്ദ്രകമ്മറ്റിയുടെ സെപ്തമ്പർ കത്തിന്റെ സ്പിരിറ്റിനനുസരണമായി, ഈ കോൺഗ്രസ് നാലാം സൈന്യത്തിലെ പാർട്ടി സംഘടനയ്ക്കുള്ളിലെ വിവിധ തൊഴിലാളി വർഗേതര ആശയങ്ങളുടെ പ്രകടിതരൂപങ്ങളും അവയുടെ ഉറവിടങ്ങളും അവയെ തിരുത്തേണ്ട സമ്പ്രദായങ്ങളും ഇവിടെ ചൂണ്ടിക്കാട്ടുന്നു. അവയെ നിശ്ശേഷം ഇല്ലായ്മ ചെയ്യുവാൻ എല്ലാ സഖാക്കളോടും ഈ കോൺഗ്രസ് ആഹ്വാനം ചെയ്യുന്നു.

## തനി സൈനികമായ കാഴ്ചപ്പാടിനെക്കുറിച്ച്

ചുവപ്പുസേനയിലെ ഒട്ടനവധി സഖാക്കൾക്കിടയിൽ തനി സൈനികമായ കാഴ്ചപ്പാട് വളരെ ഉയർന്ന തോതിൽ വികസിച്ചിരിക്കുന്നു. അത് താഴെ പറയുന്ന പ്രകാരമാണ് പ്രകടമാകുന്നത്:

---

* ചുവപ്പുസേനയിലെ നാലാം സൈന്യത്തിന്റെ ഒമ്പതാം പാർട്ടി കോൺഗ്രസിനുവേണ്ടി സഖാവ് മാവോസെതുങ്ങ് തയ്യാറാക്കിയ ഒരു പ്രമേയമാണ് ഈ ലേഖനം. ചൈനയുടെ ജനകീയ സായുധസേനകളെ കെട്ടിപ്പടുക്കുന്നത് വിഷമകരമായ ഒരു പ്രക്രിയയായിരുന്നു. നാൻചാങ്ങ് ഉയർത്തെഴുന്നേൽപ്പിനിടയിൽ 1927 ആഗസ്റ്റ് ഒന്നിനായിരുന്നു ചൈനീസ് ചുവപ്പുസേന സൃഷ്ടിക്കപ്പെട്ടത്. (ഇതു പിന്നീട് ജപ്പാനെതിരായ ചെറുത്തു നിൽപ്പ് യുദ്ധത്തിൽ എട്ടാംപഥസൈന്യവും പുതിയ നാലാംസൈന്യവും ആയിത്തീർന്നു. ഇപ്പോഴത് ജനകീയ വിമോചന സേനയാണ്.) 1929 ഡിസമ്പറിൽ അത് നിലവിൽവന്നിട്ട് രണ്ടു വർഷത്തിലധികമായിരുന്നു. ഈ കാലഘട്ടത്തിൽ തെറ്റായ വിവിധ ആശയങ്ങളോട് പോരാടുന്നതിനിടയിൽ ചുവപ്പുസേനയിലെ കമ്യൂണിസ്റ്റ് പാർട്ടി സംഘടന വളരെയേറെ പഠിക്കുകയും തികച്ചും സമ്പന്നമായ ഒരു അനുഭവശേഖരം നേടുകയും ചെയ്തിട്ടുണ്ട്. ഈ പ്രമേയം ഈ അനുഭവങ്ങളെ സമാഹരിച്ചിരിക്കുന്നു. ഒരു മാർക്സി

1. ഈ സഖാക്കൾ സൈനികകാര്യങ്ങളും രാഷ്ട്രീയവും പരസ്പരവിരുദ്ധങ്ങളാണെന്നു കരുതുകയും രാഷ്ട്രീയകടമകൾ നിറവേററാനുള്ള മാർഗങ്ങളിൽ ഒന്നു മാത്രമാണ് സൈനികകാര്യങ്ങളെന്ന് അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. ചിലർ ഇങ്ങിനെപോലും പറയുന്നു. 'നിങ്ങൾ സൈനികമായി മെച്ചപ്പെട്ട ആളാണെങ്കിൽ, സ്വാഭാവികമായും നിങ്ങൾ രാഷ്ട്രീയമായും മെച്ചപ്പെട്ട ആൾതന്നെയാണ്; സൈനികമായി നിങ്ങൾ മെച്ചപ്പെട്ടവനല്ലെങ്കിൽ, രാഷ്ട്രീയമായും നിങ്ങൾക്കൊന്നുകൊണ്ടും മെച്ചപ്പെട്ടവനാവാൻ കഴിയുന്നതല്ല.' ഇതാകട്ടെ ഒരു പടികൂടി മുന്നോട്ടു പോകുകയും രാഷ്ട്രീയത്തിനു മുകളിൽ സൈനിക കാര്യങ്ങൾക്ക് നേതൃസ്ഥാനം കൊടുക്കുകയും ചെയ്യുന്നു.

2. വെള്ളസേനയുടേതെന്നപോലെ ചുവപ്പുസേനയുടേയും കടമ വെറും യുദ്ധം ചെയ്യലാണ് എന്നവർ കരുതുന്നു. വിപ്ളവത്തിന്റെ രാഷ്ട്രീയകടമകൾ നടപ്പിലാക്കാൻവേണ്ടിയുള്ള ഒരു സായുധഘടകമാണ് ചൈനീസ് ചുവപ്പുസേന എന്നവർ മനസിലാക്കുന്നില്ല. ഇപ്പോൾ പ്രത്യേകിച്ചും ചുവപ്പുസേനയുടെ പ്രവർത്തനം തീർച്ചയായും യുദ്ധം ചെയ്യലിൽ മാത്രമായി ഒതുക്കിനിർത്താൻ പാടുള്ളതല്ല. ശത്രുവിന്റെ സൈനികശക്തി നശിപ്പിക്കാൻവേണ്ടി പോരാടുന്നതിനുപുറമെ, ബഹുജനങ്ങൾക്കിടയിൽ പ്രചരണം നടത്തുക, അവരെ സംഘടിപ്പിക്കുക, സായുധരാക്കുക, വിപ്ളവപരമായ രാഷ്ട്രീയാധികാരം സ്ഥാപിക്കാൻ അവരെ സഹായിക്കുക, പാർട്ടി സംഘടനകൾ കെട്ടിപ്പടുക്കുക എന്നീ പ്രധാന കടമകൾകൂടി ഈ സേന ഏറെറടുക്കേണ്ടതുണ്ട്. പോരാട്ടത്തിനുവേണ്ടി മാത്രമല്ല ചുവപ്പുസേന പോരാടുന്നത്. പിന്നെയോ, ബഹുജനങ്ങൾക്കിടയിൽ പ്രചരണം നടത്താനും, അവരെ സംഘടിപ്പിക്കാനും, സായുധരാക്കാനും, വിപ്ളവപരമായ രാഷ്ട്രീയാധികാരം സ്ഥാപിക്കാൻ അവരെ സഹായിക്കാനുംകൂടിയാണ് അവർ പോരാടുന്നത്. ഈ ഉദ്ദേശങ്ങളില്ലെങ്കിൽ പോരാട്ടത്തിന് അർത്ഥമില്ലാതാകുന്നു; അതിന്റെ നിലനില്പിന്റെ പ്രസക്തികൂടി ചുവപ്പ് സേനക്ക് നഷ്ടപ്പെടുന്നു.

3. അങ്ങിനെ സംഘടനാപരമായി ഈ സഖാക്കൾ ചുവപ്പുസേനയുടെ രാഷ്ട്രീയപ്രവർത്തനം നടത്തുന്ന വിഭാഗങ്ങളെ സൈനികപ്രവർത്തനം നടത്തുന്ന വിഭാഗങ്ങൾക്കു കീഴ്പ്പെടുത്തുകയും, 'പുറത്തുള്ള കാര്യങ്ങൾ സൈനിക ഹെഡ്ക്വാർട്ടേഴ്സ് കൈകാര്യം ചെയ്യട്ടെ.' എന്ന മുദ്രാവാക്യം മുന്നോട്ടുവെയ്ക്കുകയും ചെയ്യുന്നു. ഈ ആശയത്തെ വളരുവാനനുവദിക്കുകയാണെങ്കിൽ ബഹുജനങ്ങളിൽനിന്ന് അകന്നുപോകുക, സേനയാൽ ഗവൺമെണ്ട് നിയന്ത്രിക്കപ്പെടുക, തൊഴിലാളിവർഗനേതൃത്വ

---

സ്ററ്-ലെനിനിസ്ററ് അടിസ്ഥാനത്തിൽ മാത്രം തങ്ങളെ കെട്ടിപ്പടുക്കാനും പഴയ രീതിയിലുള്ള സൈന്യങ്ങളുടെ എല്ലാ സ്വാധീനങ്ങളും ഇല്ലായ്മ ചെയ്യാനും ചുവപ്പുസേനക്ക് ഇത് കഴിവു നൽകി. നാലാം സൈന്യത്തിൽ മാത്രമല്ല ഇത് നടപ്പിലാക്കിയത്. ക്രമാനുസൃതമായി ചുവപ്പുസേനയിലെ മറെറല്ലാ ഘടകങ്ങളിലും ഇത് നടപ്പിലാക്കുകയുണ്ടായി. ഇങ്ങിനെ മുഴുവൻ ചൈനീസ് ചുവപ്പുസേനയും അതിന്റെ എല്ലാ അർത്ഥത്തിലും ജനങ്ങളുടെ ഒരു യഥാർത്ഥസേനയായിത്തീർന്നു. കഴിഞ്ഞ മുപ്പതു വർഷങ്ങളോളം ചൈനീസ് ജനകീയ സായുധസേനകൾ തങ്ങളുടെ പാർട്ടി പ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രവർത്തനത്തിലും വമ്പിച്ച വികസനവും നവീകരണങ്ങളും വരുത്തിയിട്ടുണ്ട്. അവ ഇന്ന് വളരെ വ്യത്യസ്തമായ ഒരു ചിത്രമാണ് മുന്നോട്ടു വയ്ക്കുന്നത്. എന്നിരിക്കിലും അതിന്റെ അടിസ്ഥാനപരമായ ലൈൻ ഈ പ്രമേയത്തിൽ രേഖപ്പെടുത്തിയതുപോലെതന്നെ നിലനിൽക്കുന്നു.



ത്തിൽനിന്ന് വ്യതിചലിക്കുക എന്നീ അപകടങ്ങൾക്ക് വഴിവെയ്ക്കും. ഇതാകട്ടെ കൂമിന്താങ്ങ് സേനയെപ്പോലെ യുദ്ധപ്രഭുത്വത്തിന്റെ പാത സ്വീകരിക്കുകയായിരിക്കും ഫലം.

4. അതേസമയം പ്രചരണപ്രവർത്തനത്തിൽ പ്രചരണടീമുകളുടെ പ്രാധാന്യം അവർ കാണുന്നില്ല. ബഹുജനസംഘടനയുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സേനയിൽ സൈനികരുടെ കമ്മിററികൾ സംഘടിപ്പിക്കുന്നതിനേയും പ്രാദേശികമായി തൊഴിലാളികളേയും കർഷകരേയും സംഘടിപ്പിക്കുന്നതിനേയും അവർ അവഗണിക്കുന്നു. ഇതിന്റെ ഫലമായി പ്രചരണ പ്രവർത്തനത്തെപ്പോലെതന്നെ സംഘടനാപ്രവർത്തനവും അവർ കൈവെടിയുന്നു.

5. ഒരു യുദ്ധത്തിൽ ജയിക്കുമ്പോൾ അവർ അഹങ്കരിക്കുകയും പരാജയപ്പെടുമ്പോൾ നിർവീര്യരാകുകയും ചെയ്യുന്നു.

6. സ്വാർത്ഥനിഷ്ഠമായ വിഭാഗീയ മനോഭാവം— അവർ നാലാം സൈന്യത്തെക്കുറിച്ച് മാത്രം ചിന്തിക്കുകയും പ്രാദേശിക ബഹുജനങ്ങളെ സായുധരാക്കുകയെന്നത് ചുവപ്പുസേനയുടെ ഒരു പ്രധാന കടമയാണെന്ന് മനസിലാക്കാതിരിക്കുകയും ചെയ്യുന്നു. പെരുപ്പിച്ച രൂപം കൈക്കൊണ്ട ആ 'ക്ളിക്ക്' മനോഭാവമാണിത്.

7. നാലാംസൈന്യത്തിലെ അവരുടെ പരിമിതമായ ചുററുപാടുകൾക്ക് അപ്പുറം കാണാൻ കഴിയാത്തതിനാൽ, ചുരുക്കം ചില സഖാക്കൾ മററു യാതൊരു വിപ്ളവ ശക്തികളും നിലനില്ക്കുന്നതേയില്ല എന്ന് വിശ്വസിക്കുന്നു. ഇതിന്റെ ഫലമായി അവർ ശക്തി സംരക്ഷിക്കുക, സംഘട്ടനം ഒഴിവാക്കുക എന്ന ആശയത്തിന് അങ്ങേ അററം അടിമപ്പെടുന്നു. അവസരവാദത്തിന്റെ ഒരവശിഷ്ടമാണിത്.

8. വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ സാഹചര്യങ്ങളെ അവഗണിച്ചുകൊണ്ട് ചില സഖാക്കൾ വിപ്ളവ അസഹിഷ്ണുത എന്ന രോഗത്താൽ വിഷമിക്കുന്നു. ബഹുജനങ്ങൾക്കിടയിൽ സൂക്ഷ്മവും വിശദവുമായ പ്രവർത്തനം നടത്താൻ അവർ മിനക്കെടുന്നില്ല. പകരം വ്യാമോഹങ്ങളിൽപെട്ട് വലഞ്ഞ് വലിയ കാര്യങ്ങൾ ചെയ്യാൻ മാത്രം അവർ ആഗ്രഹിക്കുന്നു. ഇത് പുചരിസത്തിന്റെ ഒരു അവശിഷ്ടമാണ്.

തനി സൈനികമായ കാഴ്ചപ്പാടിന്റെ ഉറവിടങ്ങൾ ഇവയാണ്:

1. ഒരു താഴ്ന്ന രാഷ്ട്രീയനിലവാരം—സേനയിൽ രാഷ്ട്രീയ നേതൃത്വത്തിന്റേതായ പങ്ക് അംഗീകരിക്കുന്നതിലും ചുവപ്പ്സേനയും വെള്ളസേനയും മൗലികമായി തന്നെ വ്യത്യസ്തങ്ങളാണെന്ന് അംഗീകരിക്കുന്നതിലുമുള്ള പരാജയം ഇതിൽനിന്നാണ് ഉടലെടുക്കുന്നത്.

2. കൂലിപ്പട്ടാള മനോഭാവം—കഴിഞ്ഞകാല പോരാട്ടങ്ങളിൽ തടവുകാരായി പിടിക്കപ്പെട്ട ധാരാളം പേർ ചുവപ്പ്സേനയിൽ ചേർന്നിട്ടുണ്ട്. ഇത്തരം ആൾക്കാർ അവരോടൊപ്പംതന്നെ വ്യക്തമായ ഒരു കൂലിപ്പട്ടാളവീക്ഷണം കൊണ്ടുവരികയും അതുവഴി കീഴെയുള്ള അണികളിൽ തനി സൈനികമായ കാഴ്ചപ്പാടിനുള്ള ഒരു അടിത്തറ ഉണ്ടാക്കുകയും ചെയ്യുന്നു.

3. മേൽകൊടുത്ത രണ്ട് കാരണങ്ങളിൽനിന്നും മൂന്നാമതൊരു കാരണം ഉടലെടുക്കുന്നു. അതായത് സൈനികശക്തിയിൽ അമിതമായ വിശ്വാസവും വിപുലമായ ബഹുജന വിഭാഗങ്ങളുടെ ശക്തിയിൽ വിശ്വാസമില്ലായ്മയും.

4. സജീവമായി സൈനിക പ്രവർത്തനത്തിൽ ശ്രദ്ധ ചെലുത്തുകയും അത് ചർച്ച ചെയ്യുകയും ചെയ്യുന്നതിലുള്ള പാർട്ടിയുടെ പരാജയം ഒട്ടേറെ സഖാക്കൾക്കിടയിൽ തനി സൈനികമായ കാഴ്ചപ്പാടിന്റെ ആവിർഭാവത്തിനുള്ള ഒരു കാരണം കൂടിയാണ്.

ഇവ തിരുത്തുവാനുള്ള മാർഗങ്ങൾ താഴെ പറയും പ്രകാരമാണ്.

1\. വിദ്യാഭ്യാസം വഴി പാർട്ടിയിലെ രാഷ്ട്രീയ നിലവാരം ഉയർ
ത്തുകയും തനി സൈനികമായ കാഴ്ചപ്പാടിന്റെ സൈദ്ധാന്തികമായ
വേരുകൾ നശിപ്പിക്കുകയും ചുവപ്പ്സേനയും വെള്ളസേനയും തമ്മി
ലുള്ള മൗലികമായ വ്യത്യാസത്തെക്കുറിച്ച് വ്യക്തത കൈവരുത്തുകയും
ചെയ്യുക. അതേസമയം അവസരവാദത്തിന്റേയും പുഷരിസത്തിന്റെ
യും അവശിഷ്ടങ്ങളെ ഇല്ലാതാക്കുകയും നാലാം സൈന്യത്തിന്റെ സ്വാർ
ത്ഥനിഷ്ഠമായ വിഭാഗീയ മനോഭാവം തകർക്കുകയും ചെയ്യുക.

2\. ഓഫീസർമാരുടേയും അണികളുടേയും രാഷ്ട്രീയ പരിശീല
നവും, പ്രത്യേകിച്ചും മുൻകാല തടവുകാരുടെ വിദ്യാഭ്യാസവും തീവ്രമാ
ക്കുക. അതേ സമയം പ്രാദേശിക ഗവൺമെൻറുകൾ ചുകപ്പുസേനയിൽ
ചേരാനായി സമരത്തിൽ പരിചയം സിദ്ധിച്ച തൊഴിലാളികളേയും
കർഷകരേയും സാദ്ധ്യമാകാവുന്നത്ര തിരഞ്ഞെടുക്കട്ടെ. അങ്ങിനെ തനി
സൈനികമായ കാഴ്ചപ്പാടിനെ സംഘടനാപരമായി ബലഹീനമാക്കാനും,
അല്ലെങ്കിൽ ഇല്ലായ്മ ചെയ്യാൻ പോലും കഴിയുന്നതാണ്.

3\. ഇതിലൂടെ ചുവപ്പ്സേനയിലെ പാർട്ടി സംഘടനകളെ വിമർ
ശിക്കാൻ പ്രാദേശിക പാർട്ടി സംഘടനകളേയും, ചുവപ്പുസേനയെത്ത
ന്നെ വിമർശിക്കാൻ ബഹുജന രാഷ്ട്രീയാധികാരത്തിന്റെ സംഘടനകളേ
യും ഉണർത്തി വിടുക. ചുവപ്പ്സേനയിലെ പാർട്ടി സംഘടനകളുടേ
യും, ഓഫീസർമാർ, അണികൾ എന്നിവരുടേയും മേൽ സ്വാധീനം ചെലു
ത്തണം.

4\. പാർട്ടി സൈനിക പ്രവർത്തനത്തിൽ സജീവമായി ശ്രദ്ധ ചെ
ലുത്തുകയും സജീവമായി ചർച്ച നടത്തുകയും ചെയ്യേണ്ടതാണ്. അ
ണികൾ നടപ്പിലാക്കുന്നതിനുമുമ്പെ എല്ലാ പ്രവർത്തനവും പാർട്ടി ചർ
ച്ചചെയ്യുകയും അവയെപ്പറ്റി തീരുമാനമെടുക്കുകയും ചെയ്യണം.

5\. ചുവപ്പ്സേനയുടെ കടമകളും അതിന്റെ സൈനികവും രാ
ഷ്ട്രീയവുമായ ഉപാധികൾ തമ്മിലുള്ള ബന്ധവും, ചുവപ്പുസേനയും
വിപുലമായ ബഹുജന വിഭാഗങ്ങളും തമ്മിലുള്ള ബന്ധവും, സൈനി
കരുടെ കമ്മിററികളുടെ അധികാരങ്ങളും, പ്രവൃത്തികളും, ഈ കമ്മിററി
കളും സൈനികവും, രാഷ്ട്രീയ സംഘടനകൾ തമ്മിലുള്ള ബന്ധവും
വ്യക്തമായി നിർവ്വചിക്കുന്ന ചുവപ്പ്സേനയുടെ നിയമാവലികളും ചട്ട
ങ്ങളും തയ്യാറാക്കുക.

## അതി ജനാധിപത്യത്തെക്കുറിച്ച്

ചുവപ്പ്സേനയുടെ നാലാംസൈന്യം കേന്ദ്രകമ്മിററിയുടെ നിർദ്ദേശ
ങ്ങൾ സ്വീകരിച്ചത് മുതൽ അതിൽ അതി ജനാധിപത്യത്തിന്റെ പ്രകടി
തരൂപങ്ങൾക്ക് വമ്പിച്ച കുറവുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് ഇപ്പോൾ
പാർട്ടി തീരുമാനങ്ങൾ ഒട്ടേറെ നന്നായി നടപ്പിലാക്കപ്പെടുന്നുണ്ട്. മാ
ത്രമല്ല ചുവപ്പ്സേന 'അടി മുതൽ മുടി വരെ ജനാധിപത്യ കേന്ദ്രീകര
ണം' പ്രയോഗിക്കണമെന്നും അല്ലെങ്കിൽ ചുവപ്പ്സേനയിൽ താഴെ നില
വാരങ്ങളിൽ എല്ലാ പ്രശ്നങ്ങളും ആദ്യം ചർച്ച ചെയ്യപ്പെട്ടതിനു
ശേഷം ഉയർന്ന നിലവാരങ്ങളിൽ തീരുമാനമെടുക്കാം.' എന്നും മററും
ഉള്ള തെററായ അവകാശവാദങ്ങൾ ആരും തന്നെ ഇപ്പോൾ ഉന്നയിക്കാറുമി
ല്ല. എന്നിരുന്നാലും, യഥാർത്ഥത്തിൽ ഈ കുറവ് താല്ക്കാലികവും
ഉപരിപ്ളവവും മാത്രമാണ്. അതി ജനാധിപത്യ ആശയങ്ങൾ
പൂർണമായും ഇല്ലായ്മചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്ന് എന്ന് ഇതിനർ
ത്ഥമില്ല. മററു വാക്കുകളിൽ പറയുകയാണെങ്കിൽ ഒട്ടനവധി സഖാക്ക
ളുടെ മനസുകളിൽ അതിരുകടന്ന ജനാധിപത്യം ഇപ്പോഴും ആഴത്തിൽ
വേരൂന്നിക്കിടക്കുകയാണ്. പാർട്ടി തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള



വൈമനസ്യത്തിന്റെ വിവിധ രീതിയിലുള്ള പ്രകടനങ്ങൾ ഇതിന് സാ
ക്ഷ്യം വഹിക്കുന്നു.

ഇത് തിരുത്താനുള്ള മാർഗങ്ങൾ താഴെ പറയും പ്രകാരമാണ്:

1\. സൈദ്ധാന്തിക രംഗത്ത് അതി ജനാധിപത്യത്തിന്റെ വേരുകൾ
നശിപ്പിക്കുക. ഒന്നാമതായി അത് പാർട്ടിസംഘടനയെ കേടുവരുത്തുക
യോ അല്ലെങ്കിൽ അതിനെ പൂർണമായി തകർക്കുകപോലുമോ ചെയ്യു
ന്നു. പാർട്ടിയുടെ സമരശേഷിയെ ക്ഷീണിപ്പിക്കുകയോ അല്ലെങ്കിൽ
പൂർണമായും തുരങ്കംവയ്ക്കുകപോലുമോ ചെയ്യുന്നു. അങ്ങിനെ പാർ
ട്ടിയെ അതിന്റെ സമരകടമകൾ നിറവേററുന്നതിന് കഴിവില്ലാത്ത ഒന്നാ
ക്കി മാററുകയും തന്മൂലം വിപ്ളവത്തിന്റെ പരാജയത്തിനിടവരുത്തു
കയും ചെയ്യുന്നു. ഈ വസ്തുതയിലാണ് അതിരുകടന്ന ജനാധിപത്യ
ത്തിന്റെ അപകടം സ്ഥിതിചെയ്യുന്നത് എന്ന് ഇവിടെ ചൂണ്ടിക്കാട്ടേ
ണ്ടിയിരിക്കുന്നു. രണ്ടാമതായി അച്ചടക്കത്തോടുള്ള പെററി ബൂർഷ്വാ
സിയുടെ വ്യക്തിനിഷ്ഠമായ കടുത്ത വിമുഖതയിലാണ് അതി
ജനാധിപത്യത്തിന്റെ ഉറവിടം സ്ഥിതിചെയ്യുന്നത് എന്ന് ചൂണ്ടി
ക്കാട്ടേണ്ടിയിരിക്കുന്നു. ഈ സ്വഭാവവിശേഷം പാർട്ടിക്കുള്ളിലേയ്ക്കു
കൊണ്ടുവരുമ്പോൾ രാഷ്ട്രീയമായും സംഘടനാപരമായും ഉള്ള അതി
ജനാധിപത്യ ആശയങ്ങളായി അത് വികസിക്കുന്നു. ഈ ആശയങ്ങൾ
തൊഴിലാളിവർഗത്തിന്റെ സമരകടമകളുമായി ഒരു തരത്തിലും പൊരു
ത്തപ്പെടുന്നതല്ലതന്നെ.

2\. സംഘടനരംഗത്ത്, കേന്ദ്രീകൃത മാർഗദർശനത്തിൻകീഴിൽ ജനാ
ധിപത്യം ഉറപ്പുവരുത്തുക. താഴെ കൊടുക്കുന്ന മാർഗങ്ങളനുസരിച്ചാ
ണ് ഇത് ചെയ്യേണ്ടത്:

(1) പാർട്ടിയുടെ നേതൃഘടകങ്ങൾ തങ്ങളെ നേതൃത്വത്തിന്റെ കേ
ന്ദ്രങ്ങളായി സ്വയം സ്ഥാപിക്കുന്നതിനുവേണ്ടി, മാർഗദർശനത്തിന്റെ
തികച്ചും ശരിയായ ഒരു വഴി കാട്ടിക്കൊടുക്കേണ്ടതും, പ്രശ്നങ്ങൾ
പൊന്തിവരുമ്പോൾ പരിഹാരങ്ങൾ കണ്ടെത്തേണ്ടതുമാണ്.

(2) തികച്ചും ശരിയായി മാർഗദർശനത്തിനാവശ്യമായ വസ്തു
നിഷ്ഠഅടിസ്ഥാനമുണ്ടാക്കുന്നതിനു വേണ്ടി, കീഴ്ഘടകങ്ങളിൽ നി
ലവിലുള്ള പരിതഃസ്ഥിതിയെക്കുറിച്ചും ബഹുജനങ്ങളുടെ ജീവിത
ത്തെക്കുറിച്ചും ഉയർന്ന ഘടകങ്ങൾ സുപരിചിതരായിരിക്കേണ്ടതാണ്.

(3) പ്രശ്നങ്ങളെ പരിഹരിക്കുന്നതിൽ ഏതൊരു നിലവാരത്തിലു
ള്ള പാർട്ടി സംഘടനയും അലസമായി തീരുമാനങ്ങളെടുക്കാൻ പാടുള്ള
തല്ല. ഒരിക്കൽ തീരുമാനത്തിലെത്തിക്കഴിഞ്ഞാൽപ്പിന്നെ അത് ദൃഢമാ
യിനടപ്പിൽ വരുത്തിയേ പററൂ.

(4) പാർട്ടിയുടെ ഉയർന്നഘടകങ്ങൾ എടുക്കുന്ന എന്തെങ്കിലും പ്രാ
ധാന്യമർഹിക്കുന്ന എല്ലാ തീരുമാനങ്ങളും, കീഴ്ഘടകങ്ങളിലേയ്ക്കും
പാർട്ടി അണികളിലേയ്ക്കുംഒട്ടും കാലതാമസം കൂടാതെ എത്തിക്കേണ്ട
താണ്. സജീവ പ്രവർത്തകരുടേയോ, അല്ലെങ്കിൽ പാർട്ടി (ബ്രാഞ്ചുകളു
ടേയോ ഗ്രൂപ്പ്രാവ്യൂഹങ്ങളുടെ തന്നേയോ (സാഹചര്യങ്ങൾ അനുവദിക്കു
മ്പോൾ) മൊത്തം മെമ്പർഷിപ്പ് യോഗങ്ങൾ വിളിച്ചുകൂട്ടുകയും ഇത്തരം
യോഗങ്ങളിൽ റിപ്പോർട്ടു ചെയ്യുവാൻ ആൾക്കാരെ ചുമതലപ്പെടുത്തുക
യും ചെയ്യുക എന്നതാണ് ഇതിന്റെ സമ്പ്രദായം.

(5) മേൽഘടകങ്ങളുടെ നിർദ്ദേശങ്ങൾ, അവയുടെ അർത്ഥം നല്ല
വണ്ണം മനസ്സിലാക്കാനും അവ നടപ്പിലാക്കേണ്ട മാർഗങ്ങളെപ്പററി തീ
രുമാനിക്കാനും വേണ്ടി പാർട്ടിയുടെ കീഴ്ഘടകങ്ങളും പാർട്ടി അണിക
ളും വിശദമായി ചർച്ച ചെയ്യേണ്ടതാണ്.

# സംഘടനാപരമായ അച്ചടക്കത്തെ അവഗണിക്കുന്നതിനെക്കുറിച്ച്

നാലാം സൈന്യത്തിലെ പാർട്ടി സംഘടനയിൽ സംഘടനാപരമായ അച്ചടക്കത്തോടുള്ള അവഗണന താഴെപറയും പ്രകാരമാണ് പ്രകടമാകുന്നത്:

A. ഭൂരിപക്ഷത്തിനു വഴങ്ങുന്നതിൽ ന്യൂനപക്ഷത്തിന്റെ പരാജയം—ഉദാഹരണത്തിന് ന്യൂനപക്ഷത്തിന്റെ ഉപക്ഷേപം വോട്ടിനിട്ടു പരാജയപ്പെട്ടെന്നു കാണുമ്പോൾ പാർട്ടി തീരുമാനങ്ങൾ അവർ ആത്മാർത്ഥമായി നടപ്പിലാക്കുന്നില്ല.

തിരുത്തുവാനുള്ള മാർഗങ്ങൾ താഴെ പറയും പ്രകാരമാണ്;

1. യോഗങ്ങളിൽ എല്ലാ പങ്കാളികളേയും കഴിയുന്നത്ര പൂർണമായും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഏതൊരു വിവാദത്തിലും ഒത്തുതീർപ്പും കണ്ണടച്ചു മയപ്പെടുത്തലും കൂടാതെ തെററും ശരിയും വ്യക്തമാക്കേണ്ടതാണ്. ഒരു യോഗത്തിൽ വ്യക്തമായ ഒരു തീരുമാനത്തിലെത്തിച്ചേരാൻ കഴിയാത്ത പക്ഷം, പ്രവർത്തനത്തിന് തടസ്ഥമാകുന്നില്ലെങ്കിൽ, മറെറാരു യോഗത്തിൽ ചർച്ചചെയ്യേണ്ടതാണ്.

2. ന്യൂനപക്ഷം ഭൂരിപക്ഷത്തിന് വഴങ്ങേണ്ടതാണ്. പാർട്ടി അച്ചടക്കത്തിന്റെ ഒരാവശ്യമാണ് അത്. ന്യൂനപക്ഷത്തിന്റെ അഭിപ്രായം തള്ളപ്പെട്ടുകഴിഞ്ഞാൽ ഭൂരിപക്ഷം അംഗീകരിച്ച തീരുമാനത്തിന് അത് പിന്തുണ നല്കുകതന്നെ വേണം. ആവശ്യമായിവരികയാണെങ്കിൽ അടുത്ത യോഗത്തിൽ അക്കാര്യം വീണ്ടും പുനഃപരിശോധനക്കായി അതിന് കൊണ്ടുവരാം. ഇപ്രകാരമല്ലാതെ യാതൊന്നുകൊണ്ടും ഭൂരിപക്ഷത്തിന്റെ തീരുമാനത്തിനെതിരായി അത് പ്രവർത്തിക്കാൻ പാടുള്ളതല്ല.

B. സംഘടനാപരമായ അച്ചടക്കത്തെ പരിഗണിക്കാതെ നടത്തുന്ന വിമർശനം.

1. പാർട്ടി സംഘടന ശക്തിപ്പെടുത്താനും അതിന്റെ സമരശേഷി വർദ്ധിപ്പിക്കാനുംവേണ്ടിയുള്ള ഒരായുധമാണ് ഉൾപ്പാർട്ടി വിമർശനം. എന്നിരിക്കിലും ചുവപ്പുസേനയിലെ പാർട്ടി സംഘടനയിൽ വിമർശനം എല്ലായ്പോഴും ഈ സ്വഭാവത്തിലുള്ളതല്ല. ചിലപ്പോൾ അത് വ്യക്തിപരമായ ആക്രമണങ്ങളായി പരിണമിക്കുന്നു. തന്മൂലം അതു വ്യക്തികളെപ്പോലെതന്നെ സംഘടനയേയും കേടു വരുത്തുന്നു. ഇത് പെററി ബൂർഷ്വാ വ്യക്തിവാദത്തിന്റെ ഒരു പ്രകടനമാണ്. വിമർശനത്തിന്റെ ഉദ്ദേശം വർഗസമരത്തിൽ വിജയം വരിക്കാൻവേണ്ടി പാർട്ടിയുടെ സമരശേഷി വർദ്ധിപ്പിക്കുകയാണെന്നും, വ്യക്തിപരമായ ആക്രമണത്തിന് അതുപയോഗിക്കാൻ പാടുള്ളതല്ലെന്നും മനസിലാക്കുവാൻ പാർട്ടി മെമ്പർമാരെ സഹായിക്കുക എന്നതാണ് ഇതു തിരുത്തുവാനുള്ള മാർഗം.

2. ഒട്ടനവധി പാർട്ടി സഖാക്കൾ അവരുടെ വിമർശനങ്ങൾ നടത്തുന്നത് പാർട്ടിക്കകത്തല്ല, പുറത്താണ്. പാർട്ടി സംഘടനയുടെ പ്രാധാന്യം (അതിന്റെ യോഗങ്ങളുടേയും മററും) ഇനിയും മൊത്തം അംഗങ്ങൾ ഗ്രഹിച്ചിട്ടില്ല എന്നതാണ് ഇതിനു കാരണം. അവരാണെങ്കിൽ സംഘടനയ്ക്കകത്തുള്ള വിമർശനവും പുറത്തുള്ള വിമർശനവും തമ്മിൽ ഒരു വ്യത്യാസവും കാണുന്നില്ല. പാർട്ടി സംഘടനയുടെ പ്രാധാന്യം മനസിലാക്കിക്കാനും, പാർട്ടി കമ്മിററികളേയോ സഖാക്കളേയോ പററിയുള്ള



അവരുടെ വിമർശനങ്ങൾ പാർട്ടി യോഗങ്ങളിൽവെച്ച് നടത്താനും അംഗങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുകയാണ് ഇത് തിരുത്തുവാനുള്ള മാർഗം

ഒരു സമയത്ത് കേവലമായ സമത്വവാദം ചുവപ്പുസേനയിൽ അത്യന്തം ഗുരുതരമായിത്തീരുകയുണ്ടായി. ഇതാ ചില ഉദാഹരണങ്ങൾ: മുറിവേററ സൈനികർക്കുള്ള അലവൻസുകളുടെ കാര്യത്തിൽ നിസാരമായ മുറിവേററവരും ഗുരുതരമായ മുറിവേററവരും തമ്മിൽ വേർതിരിച്ചു കാണുന്നതിനോട് എതിർപ്പുകൾ ഉണ്ടായിരുന്നു. എല്ലാവർക്കും തുല്യ അലവൻസുകൾ നല്കണം എന്ന അവകാശവാദം ഉന്നയിക്കപ്പെടുകയും ചെയ്തിരുന്നു. ഓഫീസർമാർ കുതിരപ്പുറത്തു സഞ്ചരിക്കുമ്പോൾ അത് അവരുടെ ചുമതലകൾ നിർവഹിക്കുവാൻ ആവശ്യമായ ഒന്നായല്ല, മറിച്ച് അസമത്വത്തിന്റെ ഒരു ചിഹ്നമായാണ് കരുതപ്പെട്ടത്. സാധനങ്ങളുടെ തികച്ചും തുല്യമായ വിതരണം ആവശ്യപ്പെടുകയും പ്രത്യേക പരിതസ്ഥിതികളിൽ ചിലർക്ക് കുറച്ചൊക്കെ കൂടുതൽ വീതിച്ചുകൊടുക്കുന്നതിനെ എതിർക്കുകയും ചെയ്തു. അരി ചുമന്നുകൊണ്ടുപോകുന്ന പ്രശ്നത്തിൽ പ്രായം, ശാരീരികാവസ്ഥ എന്നിവയൊന്നും പരിഗണിക്കാതെ എല്ലാവരും തുല്യഭാരം ചുമക്കേണ്ടതാണെന്ന അവകാശവാദവും ഉന്നയിക്കപ്പെട്ടു. സേനയുടെ നീക്കത്തിനിടയിൽ സൈനികർക്ക് തങ്ങാനായി വീടുകൾ വീതിക്കുന്ന കാര്യത്തിലും തുല്യത അവകാശപ്പെടുകയുണ്ടായി. വലിയ മുറികളുപയോഗിക്കുന്നതിന് ഹെഡ് ക്വാർട്ടേഴ്സിന്റെ കേന്ദ്രത്തെ അധിക്ഷേപിക്കുകയും ചെയ്തിരുന്നു. ശ്രമകരമായ ജോലികൾ നിശ്ചയിക്കുമ്പോൾ സമത്വം അവകാശപ്പെടുകയും തൊട്ടടുത്ത ആൾ ചെയ്യുന്നതിൽ തെല്ലുപോലും കൂടുതൽ ചെയ്യാൻ വൈമനസ്യം കാട്ടുകയും ചെയ്തു. രണ്ടു മുറിവേററവരും ഒരു സ്ട്രെച്ചർ മാത്രവും ഉള്ളപ്പോൾ ഓരോരുത്തരും മറെറ ആൾക്ക് മുൻഗണന കൊടുക്കാൻ വിസമ്മതിച്ചതുകാരണം ആരേയുംതന്നെ വഹിച്ചുകൊണ്ടുപോകാൻ സാദ്ധ്യമാകാത്ത സ്ഥിതിവരേയും ഇതു ചെന്നെത്തിച്ചു. ഈ ഉദാഹരണങ്ങളിൽ കാണിച്ച പ്രകാരമുള്ള കേവലമായ സമത്വവാദം ചുകപ്പുസേനയിലെ ഓഫീസർമാരുടേയും സൈനികരുടേയും ഇടയിൽ ഇന്നും വളരെ ഗുരുതരമായി നിലനില്ക്കുന്നു.

രാഷ്ട്രീയ കാര്യങ്ങളിൽ കേവലമായ സമത്വവാദവും കൈവേലയുടേതും ചെറുകിടകർഷകന്റേതുമായ സമ്പത്‌വ്യവസ്ഥയുടെ ഒരു ഉല്പന്നമാണ്. ഒന്ന് ഭൗതികകാര്യങ്ങളിൽ സ്വയം പ്രകടമാകുമ്പോൾ മററത് രാഷ്ട്രീയ കാര്യങ്ങളിലാണ് പ്രകടമാകുന്നത് എന്ന ഒരേയൊരു വ്യത്യാസമേയുള്ളു.

തിരുത്താനുള്ള മാർഗം:

മുതലാളിത്തത്തെ അവസാനിപ്പിക്കുന്നതിനുമുമ്പു കേവലമായ സമത്വവാദം ചെറുകിട ഉടമകളുടേയും കർഷകരുടേയും വെറുമൊരു വ്യാമോഹം മാത്രമാണെന്നും, സോഷ്യലിസത്തിനു കീഴിൽപോലും കേവലമായ സമത്വം സാദ്ധ്യമല്ലെന്നും നാം ചൂണ്ടിക്കാട്ടേണ്ടതാണ്. കാരണം അപ്പോൾ 'ഓരോരുത്തരിൽനിന്ന് അവരവരുടെ കഴിവിനനുസൃതമായി' ഓരോരുത്തർക്കും അവർചെയ്ത ജോലിക്കനുസൃതമായി' എന്ന തത്വത്തിനുപുറമെ, ജോലിയുടെ ആവശ്യങ്ങൾ നിറവേററുന്നതിന്റെ തത്വത്തിനനുസരിച്ചും ആയിരിക്കും ഭൗതിക സാധനങ്ങളുടെ വിതരണം നടത്തുക. ഓഫീസർമാർക്കും സാധാരണ അണികൾക്കും തുല്യ ശമ്പളം എന്ന കാര്യത്തിലേതുപോലെ ഭൗതികസാധനങ്ങളുടെ വിതരണവും ചുവപ്പുസേനയിൽ ഏറെക്കുറെ തുല്യമായിരിക്കണം. കാരണം സമരത്തിന്റെ ഇന്നത്തെ സാഹചര്യങ്ങൾ ഇതാവശ്യമാക്കിത്തീർക്കുന്നു. പക്ഷെ സാമാന്യനീതിയെ മറികടക്കുന്ന കേവലമായ സമത്വവാദത്തെ എതിർത്തേ തീരൂ. കാര

ണം അത് സമരത്തിന് ആവശ്യമായ ഒന്നല്ല. നേരെമറിച്ച് സമരത്തെ അത് തടസ്ഥപ്പെടുത്തുന്നു.

## ആത്മനിഷ്ഠവാദത്തെക്കുറിച്ച്

ചില പാർട്ടി അംഗങ്ങൾക്കിടയിൽ ആത്മനിഷ്ഠവാദം ഗുരുതരമായ തോതിൽ നിലനില്ക്കുന്നുണ്ട്. ഇത് രാഷ്ട്രീയ സാഹചര്യത്തിന്റെ വിശകലനത്തിനും പ്രവർത്തനത്തിന്റെ മാർഗദർശനത്തിനും വമ്പിച്ച ഹാനി വരുത്തിവെക്കുന്നു. ഒരു രാഷ്ട്രീയ സാഹചര്യത്തിന്റെ ആത്മനിഷ്ഠമായ വിശകലനവും, പ്രവർത്തനത്തിലുള്ള ആത്മനിഷ്ഠമായ മാർഗദർശനവും അനിവാര്യമായും അവസരവാദത്തിലൊ, പുഛരിസത്തിലൊ കൊണ്ടുചെന്നെത്തിക്കുന്നു എന്നതാണിതിനു കാരണം. ആത്മനിഷ്ഠമായ വിമർശനത്തേയൊ അയഞ്ഞതും അടിസ്ഥാനരഹിതവുമായ സംസാരത്തേയൊ സംശയമനോഭാവത്തേയൊ സംബന്ധിച്ചാണെങ്കിൽ പാർട്ടിക്കുള്ളിലെ ഇത്തരം പ്രവർത്തനരീതികൾ മിക്കപ്പോഴും തത്വാധിഷ്ഠിതമല്ലാത്ത വഴക്കുകൾ വളർത്തുകയും പാർട്ടി സംഘടനയെ തുരങ്കം വെക്കുകയും ചെയ്യുന്നു.

ഉൾപ്പാർട്ടി വിമർശനത്തെ സംബന്ധിച്ചിടത്തോളം പറയേണ്ട മറ്റൊരു കാര്യം ഇതാണ്: വിമർശനം നടത്തുമ്പോൾ ചില സഖാക്കൾ പ്രാധാന്യമുള്ള പ്രശ്നങ്ങളെ അവഗണിക്കുകയും തങ്ങളുടെ ശ്രദ്ധ നിസ്സാരമായ കാര്യങ്ങളിൽ ഒതുക്കിനിർത്തുകയും ചെയ്യുന്നു. രാഷ്ട്രീയവും സംഘടനാപരവുമായ തെറ്റുകൾ ചൂണ്ടിക്കാട്ടുക എന്നതാണ് വിമർശനത്തിന്റെ പ്രധാന കടമയെന്ന് അവർ മനസിലാക്കുന്നില്ല. വ്യക്തിപരമായ കുറവുകളെപ്പറ്റി പറയുകയാണെങ്കിൽ അവ രാഷ്ട്രീയമോ, സംഘടനാപരമോ ആയ തെറ്റുകളുമായി ബന്ധപ്പെട്ടവയല്ലെങ്കിൽ അമിതമായി വിമർശിക്കുന്നതിന്റേയും അങ്ങിനെ ബന്ധപ്പെട്ട സഖാക്കളെ വിഷമത്തിലാക്കുന്നതിന്റേയും യാതൊരു ആവശ്യവും ഇല്ലതന്നെ. കൂടാതെ ഒരിക്കൽ അത്തരം വിമർശനം വളരാൻ തുടങ്ങിയാൽ പാർട്ടി അംഗങ്ങളുടെ ശ്രദ്ധ നിസാര കോട്ടങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കുന്നതും തന്മൂലം എല്ലാവരും ഭയചകിതരും, വേണ്ടതിലധികം മുൻകരുതൽ എടുക്കുന്നവരുമായിത്തീരുന്നതും പാർട്ടിയുടെ രാഷ്ട്രീയ കടമകൾതന്നെ മറന്നുപോകുന്നതുമായ വമ്പിച്ച വിപത്ത് ഉണ്ടാകുന്നതാണ്.

തങ്ങളുടെ ചിന്തയിലും പാർട്ടി ജീവിതത്തിലും രാഷ്ട്രീയവും ശാസ്ത്രീയവുമായ ഒരുസ്പിരിറ്റ് സർവത്ര പ്രകടമാവാനുതകുമാറ് പാർട്ടി അംഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുക എന്നതാണ് ഇത് തിരുത്തുവാനുള്ള മുഖ്യ പ്രവർത്തനരീതി. ഇതിനുവേണ്ടി നാം താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്. 1. രാഷ്ട്രീയ സാഹചര്യം വിശകലനം ചെയ്യുന്നതിലും വർഗശക്തികളെ വിലയിരുത്തുന്നതിലും, ആത്മനിഷ്ഠമായ ഒരു വിശകലനവും വിലയിരുത്തലും നടത്തുന്നതിനുപകരം മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സമ്പ്രദായം പ്രയോഗിക്കാൻ പാർട്ടി അംഗങ്ങളെ പഠിപ്പിക്കുക. 2. സമരത്തിന്റെ അടവുകളും പ്രവർത്തനക്രമങ്ങളും നിർണയിക്കാനുതകുമാറ് സാമൂഹ്യവും സാമ്പത്തികവുമായ സൂക്ഷ്മനിരീക്ഷണവും പഠനവും നടത്തുന്നതിലേയ്ക്ക് പാർട്ടിയംഗങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുകയും, യഥാർത്ഥ സാഹചര്യങ്ങളുടെ സൂക്ഷ്മനിരീക്ഷണമില്ലെങ്കിൽ തങ്ങൾ മിഥ്യാലോകത്തിന്റേയും, പുഛരിസത്തിന്റേയും കുണ്ടിൽ വീഴുമെന്നു മനസിലാക്കാൻ സഖാക്കളെ സഹായിക്കുകയും ചെയ്യുക. 3. ഉൾപ്പാർട്ടി വിമർശനം നടത്തുമ്പോൾ ആത്മനിഷ്ഠവാദത്തിനും തന്നിഷ്ടപ്രകാരം തീരുമാനങ്ങളെടുക്കുന്നതിനുമെതിരായി മുൻകരുതലുകളെടുക്കുക. പ്രസ്താവനകൾ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയും, വിമർശനം രാഷ്ട്രീയത്തെ കേന്ദ്രമാക്കിയുമായിരിക്കണം.



## വ്യക്തിവാദത്തെക്കുറിച്ച്

ചുവപ്പ് സേനയിലെ പാർട്ടിസംഘടനയിൽ വ്യക്തിവാദത്തിലേയ്ക്കുള്ള പ്രവണത താഴെ പറയും പ്രകാരമാണ് പ്രകടമാകുന്നത്.

1. പക വീട്ടൽ— പാർട്ടിക്കുള്ളിൽ ഒരു സൈനിക സഖാവിനാൽ വിമർശിക്കപ്പെട്ടതിനുശേഷം ചില സഖാക്കൾ പാർട്ടിക്കു പുറത്തുവച്ച് പക വീട്ടാനുള്ള അവസരങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നു. ബന്ധപ്പെട്ട സഖാവിനെ അടിക്കുകയൊ ശകാരിക്കുകയൊ ആണ് ഇതിനുള്ള ഒരു വഴി. പാർട്ടിക്കുള്ളിൽവച്ചും അവർ പക വീട്ടാൻ ശ്രമിക്കുന്നു. 'ഈ യോഗത്തിൽവെച്ച് നിങ്ങൾ എന്നെ വിമർശിച്ചിട്ടുണ്ട്. അതുകൊണ്ട്, അടുത്ത യോഗത്തിൽ പക വീട്ടാൻ എന്തെങ്കിലും വഴി ഞാൻ കണ്ടുപിടിക്കും.' ഇത്തരം പകവീട്ടൽ വെറും വ്യക്തിപരമായ പരിഗണനകളിൽനിന്നാണ് ഉത്ഭവിക്കുന്നത്. ഇതാകട്ടെ വർഗത്തിന്റേയും പാർട്ടിയുടേയും മുഴുവൻ താല്പര്യങ്ങളേയും അവഗണിക്കുന്നു. ഇതിന്റെ ഉന്നം ശത്രുവർഗമല്ല, മറിച്ച് നമ്മുടെ സ്വന്തം അണികളിൽത്തന്നെയുള്ള വ്യക്തികളാണ്. സംഘടനയേയും അതിന്റെ സമരശേഷിയേയും ബലഹീനമാക്കുന്ന ഒരു നശീകരണ വസ്തുവാണിത്.

2. 'ചെറുഗ്രൂപ്പ്' മനോഭാവം— ചില സഖാക്കൾ അവരുടെ സ്വന്തമായ ചെറുഗ്രൂപ്പിന്റെ താല്പര്യങ്ങൾ മാത്രം പരിഗണിക്കുകയും പൊതു താല്പര്യത്തെ അവഗണിക്കുകയും ചെയ്യുന്നു. വ്യക്തിപരമായ താല്പര്യങ്ങൾ തേടിപ്പോകലാണിതെന്ന് പ്രത്യക്ഷത്തിൽ തോന്നാനിടയില്ലെങ്കിലും യഥാർത്ഥത്തിൽ ഏററവും ഇടുങ്ങിയ വ്യക്തിമനോഭാവത്തിന്റെ ഉദാഹരണമാണിത്. നശീകരണത്തിന്റേയും എല്ലാം തന്നിലേക്ക് വലിച്ചെടുക്കുന്നതിന്റേയും ശക്തമായ ഒരു ഫലം അതുണ്ടാക്കുന്നുണ്ട്. ചുവപ്പുസേനയിൽ 'ചെറുഗ്രൂൽപ്പ്' മനോഭാവം വളരെയേറെ വ്യാപകമായിരുന്നു. വിമർശനത്തിന്റെഫലമായി കുറച്ചൊക്കെ പുരോഗതിയുണ്ടായിരുന്നെങ്കിൽകൂടിയും ഇപ്പോഴും അതിന്റെ അവശിഷ്ടങ്ങൾ നിലനില്ക്കുന്നുണ്ട്. അതിനെതരണം ചെയ്യാൻ ഇനിയും കൂടുതൽ പരിശ്രമം ആവശ്യമാണ്.

3. 'ശമ്പളക്കാരൻ' മനോഭാവം— തങ്ങൾ അംഗങ്ങളായിട്ടുള്ള പാർട്ടിയും, ചുവപ്പുസേനയും വിപ്ളവത്തിന്റെ കടമകൾ നിർവഹിക്കാനുള്ള ഉപകരണങ്ങളാണെന്ന് ചില സഖാക്കൾ മനസിലാക്കുന്നില്ല. തങ്ങൾതന്നെയാണ് വിപ്ളവം ഉണ്ടാക്കുന്നവരെന്ന് അവർ മനസിലാക്കുന്നില്ല. പകരം തങ്ങളുടെ സ്വന്തം മേലുദ്യോഗസ്ഥന്മാരോടു മാത്രമാണ് വിപ്ളവത്തോടല്ല തങ്ങൾ ചുമതലപ്പെട്ടിരിക്കുന്നതെന്ന് അവർ കരുതുന്നു. വിപ്ളവത്തിന്റെ ഒരു 'ശമ്പളക്കാര'ന്റേതായ ഈ നിഷ്ക്രിയമനോഭാവവും വ്യക്തിവാദത്തിന്റെ ഒരു പ്രകടിത രൂപമാണ്. വിപ്ളവത്തിനുവേണ്ടി നിരുപാധികമായി പ്രവർത്തിക്കുന്ന സജീവപ്രവർത്തകർ വളരെയേറെ എന്തുകൊണ്ടില്ല എന്ന കാര്യം ഇത് വിശദമാക്കുന്നു. ഇത് ഇല്ലായ്മ ചെയ്തില്ലെങ്കിൽ സജീവ പ്രവർത്തകരുടെ എണ്ണം വർദ്ധിക്കുന്നില്ലെന്ന് മാത്രമല്ല, വിപ്ളവത്തിന്റെ കനത്ത ഭാരം ഒരു ചെറു കൂട്ടം ആൾക്കാരുടെ ചുമലുകളിൽ സ്ഥിതിചെയ്യുന്നതും ഇത് സമരത്തിന് ഹാനികരമാകുന്നതുമാണ്.

4. സുഖകാംക്ഷ — തങ്ങളുടെ വ്യക്തിത്വവാദം സുഖകാംക്ഷയിലൂടെ പ്രകടിതമാകുന്ന കുറെയേറെ പേർകൂടി ചുവപ്പുസേനയിലുണ്ട്. തങ്ങളുടെ സേനാഘടകം വൻനഗരങ്ങളിലേയ്ക്കു മാർച്ചുചെയ്യും എന്ന് അവർ എല്ലായ്പോഴും ആശിക്കുന്നു. ജോലികൾ ചെയ്യാനല്ല സുഖിക്കാനാണ് അവർ അവിടെ പോകാനാഗ്രഹിക്കുന്നത്. അവർ ചെയ്യാനാഗ്രഹിക്കുന്ന അവസാനത്തെ കാര്യം ജീവിതം കഠിനമായ ചുവപ്പു പ്രദേശങ്ങളിൽ പ്രവർത്തിക്കാനാണ്.

5. നിഷ്ക്രിയത്വം— തങ്ങളുടെ അഭിലാഷങ്ങൾക്കെതിരായി എന്തെങ്കിലും നടക്കുമ്പോഴൊക്കെ ചില സഖാക്കൾ നിഷ്ക്രിയരാവുകയും പ്രവർത്തനം നിർത്തുകയും ചെയ്യുന്നു. കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലൊ പ്രവൃത്തി തിട്ടപ്പെടുത്തുന്നതിലൊ അച്ചടക്കം അടിച്ചേല്പിക്കുന്നതിലൊ പ്രകടമാകുന്ന നേതൃത്വത്തിന്റെ ശരിയല്ലാത്ത സമ്പ്രദായം കാരണമായാണ് ചിലപ്പോഴൊക്കെ ഇതു സംഭവിക്കുന്നതെങ്കിൽ കൂടിയും മുഖ്യമായും ഇതിന് കാരണം വിദ്യാഭ്യാസത്തിന്റെ അഭാവമാണ്.

6. സേനയിൽനിന്ന് വിട്ടുപോകാനുള്ള ആഗ്രഹം— ചുവപ്പുസേനയിൽനിന്ന് പ്രാദേശിക പ്രവർത്തനത്തിലേയ്ക്കു മാററം ആവശ്യപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ഇതിനുള്ള കാരണം മുഴുവനായും വ്യക്തികളിൽ മാത്രമല്ല സ്ഥിതിചെയ്യുന്നത്. താഴെ പറയുന്നവയും അതിന്റെ കാരണങ്ങളാണ്. 1) ചുവപ്പു സേനയിലെ ജീവിതത്തിൽ ഭൗതികാവശ്യങ്ങൾ നിറവേററാൻ കഴിയാത്തതിൽ നിന്നുളവാകുന്ന വിഷമതകൾ. 2) ദീർഘസമരത്തിനു ശേഷമുള്ള തളർച്ച. 3) കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലൊ, പ്രവൃത്തി തിട്ടപ്പെടുത്തുന്നതിലൊ അല്ലെങ്കിൽ അച്ചടക്കം അടിച്ചേല്പിക്കുന്നതിലൊ പ്രകടമാകുന്ന നേതൃത്വത്തിന്റെ ശരിയല്ലാത്ത സമ്പ്രദായം.

തിരുത്തുവാനുള്ള ഒന്നാമത്തെ മാർഗം, പ്രത്യയശാസ്ത്രപരമായി വ്യക്തിവാദത്തെ തിരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസം ശക്തിപ്പെടുത്തുക എന്നതാണ്. പിന്നീട്, അനുയോജ്യമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുകയും, ജോലികൾ തിട്ടപ്പെടുത്തുകയും അച്ചടക്കം പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യണം. ഇതിനുപുറമെ ചുവപ്പുസേനയിലെ ഭൗതികജീവിതം മെച്ചപ്പെടുത്തുവാനുള്ള മാർഗങ്ങൾ തീർച്ചയായും കണ്ടെത്തുകയും, ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലഭ്യമാകുന്ന അവസരങ്ങളെല്ലാം വിശ്രമത്തിനും പുനരധിവാസത്തിനുംവേണ്ടി ഉപയോഗിക്കുകയും വേണം. വ്യക്തിവാദം അതിന്റെ സാമൂഹ്യ ഉത്പത്തിയിൽ, ബൂർഷ്വാ, പെററിബൂർഷ്വാ ആശയങ്ങളുടെ പാർട്ടിക്കുള്ളിലെ ഒരു പ്രതിഫലനമാണെന്ന് നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനത്തിൽ വിശദീകരിക്കുകയും വേണം.

## അലഞ്ഞുനടക്കുന്ന കലാപസംഘങ്ങളുടെ ആശയസംഹിതയെക്കുറിച്ച്

ചുവപ്പുസേനയിൽ നാടോടികളുടെ തോത് കൂടുതലായതിനാലും, ചൈനയിൽ, തെക്കൻപ്രവിശ്യകളിൽ പ്രത്യേകിച്ചും, നാടോടി വിഭാഗങ്ങൾ വളരെയേറെയുള്ളതിനാലുമാണ് അലഞ്ഞുനടക്കുന്ന കലാപസംഘങ്ങളുടെ രാഷ്ട്രീയമായ ആശയസംഹിത ചുവപ്പുസേനയിൽ ആവിർഭവിച്ചിട്ടുള്ളത്. ഈ ആശയസംഹിത താഴെ പറയുംപ്രകാരമാണ് പ്രകടമാകുന്നത്: 1, ചില സഖാക്കൾ അലഞ്ഞു നടക്കുന്ന ഗറില്ലാ പ്രവർത്തനങ്ങൾകൊണ്ടുമാത്രം നമ്മുടെ രാഷ്ട്രീയസ്വാധീനം വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതേസമയം താവളപ്രദേശങ്ങൾ കെട്ടിപ്പടുക്കുകയും ജനകീയ രാഷ്ട്രീയാധികാരം സ്ഥാപിക്കുകയും ചെയ്യുകയെന്ന ശ്രമകരമായ കടമ ഏറെറടുത്തുകൊണ്ട് നമ്മുടെ രാഷ്ട്രീയസ്വാധീനം വർദ്ധിപ്പിക്കുന്നതിന് അവർ തയ്യാറാവുന്നില്ല. 2. ചുവപ്പുസേനയെ വികസിപ്പിക്കുന്ന കാര്യത്തിൽ പ്രാദേശിക റെഡ്ഗാർഡുകളേയും, പ്രാദേശികസേനകളേയും വികസിപ്പിക്കുകയും അങ്ങിനെ ചുവപ്പുസേനയുടെ മുഖ്യശക്തികളെ വളർത്തിയെടുക്കുകയും ചെയ്യുകയെന്ന ലൈനിന് പകരം, 'ആൾക്കാരെ കൂലിക്കുവെക്കുകയും, കുതിരകളെ വിലയ്ക്കുവാങ്ങുകയും', 'ചാടിപ്പോന്നവരെ നമ്മുടെ സൈന്യത്തിലേക്ക് എടുക്കു



കയും, പട്ടാളത്തിൽ ലഹളയുണ്ടാക്കി വന്നവരെ സ്വീകരിക്കുകയും ചെയ്യുക എന്ന ലൈനാണ് ചില ആൾക്കാർ പിന്തുടരുന്നത്. 3. ബഹുജനങ്ങളുമായി കൂടിച്ചേർന്നുകൊണ്ട് ശ്രമകരമായ സമരങ്ങൾ നടത്തിക്കൊണ്ടേയിരിക്കാനുള്ള ക്ഷമ ചില ആൾക്കാർക്കില്ല. അവരാഗ്രഹിക്കുന്നത് മൃഷ്ടാന്നമായി തിന്നാനും കുടിക്കാനുംവേണ്ടി വൻനഗരങ്ങളിലേക്ക് പോകുക മാത്രമാണ്. അലഞ്ഞുനടക്കുന്ന കലാപകാരികളുടെ ആശയ സംഹിതയുടെ ഈ എല്ലാ പ്രകടിതരൂപങ്ങളും അതിന്റെ വേണ്ടപ്പെട്ട കടമകൾ നിർവഹിക്കുന്നതിൽനിന്ന് ചുവപ്പുസേനയെ ഗുരുതരമായി തടസ്സപ്പെടുത്തുന്നു. തന്നിമിത്തം ചുവപ്പുസേനയിലെ പാർട്ടി സംഘടനക്കുള്ളിലെ പ്രത്യയശാസ്ത്രപരമായ സമരത്തിന്റെ ഒരു പ്രധാന ലക്ഷ്യമാണ് ഇത്തരം പ്രകടിതരൂപങ്ങളെ ഇല്ലായ്മചെയ്യൽ. ഹുയാങ് ചാവൊ, ലീചുവാങ് എന്നിവരുടെ മാതൃകയിലുള്ള; അലഞ്ഞു നടക്കുന്ന കലാപരികളുടേതായ സമ്പ്രദായങ്ങൾ ഇന്നത്തെ സാഹചര്യങ്ങളിൽ അനുവദനീയമല്ല എന്നു മനസിലാക്കിയേ തീരൂ.

തിരുത്താനുള്ള മാർഗങ്ങൾ താഴെ പറയും പ്രകാരമാണ്.

1. വിദ്യാഭ്യാസം ഊർജ്ജിതമാക്കുക, ശരിയല്ലാത്ത ആശയങ്ങളെ വിമർശിക്കുക, അലഞ്ഞുനടക്കുന്ന കലാപസംഘങ്ങളുടെ ആശയസംഹിതയെ ഇല്ലായ്മ ചെയ്യുക.

2. നാടോടികളുടേതായ വീക്ഷണത്തെ നേരിടാനായി ചുവപ്പുസേനയിലെ അടിസ്ഥാനവിഭാഗങ്ങളുടെ ഇടയിലും, അടുത്തകാലത്തായി തടവുകാരായി പിടിച്ചശേഷം സേനയിലേയ്ക്കെടുത്തവരുടെ ഇടയിലും വിദ്യാഭ്യാസം ഊർജ്ജിതമാക്കുക.

3. ചുവപ്പുസേനയുടെ ഉള്ളടക്കത്തിൽ മാററം വരുത്താനായി സമരത്തിൽ പരിചയം സിദ്ധിച്ച കർമ്മോന്മുഖരായ തൊഴിലാളികളേയും കർഷകരേയും അതിന്റെ അണികളിലേക്ക് കൊണ്ടുവരിക.

4. സമരോത്സുകരായ തൊഴിലാളികളുടേയും കർഷകരുടേയും ബഹുജനവിഭാഗങ്ങൾക്കിടയിൽനിന്ന് ചുവപ്പുസേനയുടെ പുതിയ ഘടകങ്ങൾ സൃഷ്ടിക്കുക.

## പുഛരിസത്തിന്റെ അവശിഷ്ടങ്ങളെക്കുറിച്ച്

ചുവപ്പുസേനയിലെ പാർട്ടി സംഘടന ഇതിനകം തന്നെ പുഛരിസത്തിനെതിരായി സമരങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അത് ഇനിയും വേണ്ടത്ര ചെയ്തുകഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ ആശയസംഹിതയുടെ അവശിഷ്ടങ്ങൾ ചുവപ്പുസേനയിൽ ഇപ്പോഴും നിലനില്ക്കുന്നു. അവയുടെ പ്രകടിതരൂപങ്ങൾ ഇപ്രകാരമാണ്. 1. ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ സാഹചര്യങ്ങളെ ഒട്ടും പരിഗണിക്കാതെ അന്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. 2. നഗരങ്ങൾക്കായുള്ള പാർട്ടിനയങ്ങളുടെ അപര്യാപ്തവും അസ്ഥിരവുമായ പ്രയോഗം. 3. അയഞ്ഞ സൈനിക അച്ചടക്കം, പ്രത്യേകിച്ചും പരാജയപ്പെടുന്ന സന്ദർഭങ്ങളിൽ. 4. ചില ഘടകങ്ങളുടെ വീടുകത്തിക്കൽ നടപടികൾ. 5. സേനയിൽനിന്ന് ചാടിപ്പോകുന്നവരെ വെടിവെയ്ക്കുന്നതും ഗുരുതരമായ ശാരീരിക ദണ്ഡനങ്ങളേല്പിച്ച് ശിക്ഷിക്കുന്നതുമായ പ്രവർത്തന സമ്പ്രദായങ്ങൾ; ഇവ രണ്ടും പുഛരിസത്തിന്റെ ചുവകലർന്നവയാണ്. പുഛരിസം അതിന്റെ സാമൂഹ്യമായ ഉറവിടങ്ങളിൽ തെണ്ടിതൊഴിലാളി വർഗത്തിന്റേയും, പെററിബൂർഷ്വാസിയുടേയും ആശയസംഹിതയുടെ ഒരു സംയോജനമാണ്".

തിരുത്താനുള്ള മാർഗങ്ങൾ താഴെ പറയും പ്രകാരമാണ്.

1. പ്രത്യയശാസ്ത്രപരമായി പുഛരിസത്തെ ഇല്ലായ്മ ചെയ്യുക.
2. നിയമങ്ങൾ, ചട്ടങ്ങൾ, നയങ്ങൾ എന്നിവയിലൂടെ പുഛരിസ
ത്തിന്റേതായ പെരുമാററങ്ങളെ തിരുത്തുക.

# കുറിപ്പുകൾ

1. 1927–ലെ വിപ്ളവത്തിന്റെ പരാജയത്തിനുശേഷം ഒരു ചുരു
ങ്ങിയ കാലഘട്ടത്തേയ്ക്ക് 'കമ്യൂണിസ്ററ് പാർട്ടിയിൽ ഒരു ഇടത്
പുഛരിസത്തിന്റേതായ പ്രവണത പൊന്തിവന്നു. ഈ പുഛരിസം ബാ
ധിച്ച് സഖാക്കൾ ചൈനീസ് വിപ്ളവത്തെ ഒരു 'സ്ഥിരം വിപ്ളവ'
മെന്നും, ചൈനയിലെ വിപ്ളവസാഹചര്യത്തെ ഒരു സ്ഥിരം ഇരമ്പി
ക്കയററമെന്നും കരുതിക്കൊണ്ട് ഒരു ക്രമാനുസൃതമായ പിൻവാങ്ങൽ
സംഘടിപ്പിക്കാൻ വിസമ്മതിച്ചു. മാത്രമല്ല, കമാൻറിസത്തിന്റെ സ
മ്പ്രദായങ്ങൾ സ്വീകരിച്ചും, കുറച്ചുപാർട്ടി മെമ്പർമാരിലും ഒരു ചെറു
വിഭാഗം ബഹുജനങ്ങളിലും മാത്രമാശ്രയിച്ചും വിജയത്തിന്റെ യാതൊ
രു സാദ്ധ്യതയുമില്ലാത്ത പ്രാദേശിക ഉയിർത്തെഴുല്പുകളുടെ പരമ്പര
തന്നെ രാജ്യത്താകമാനം സംഘടിപ്പിക്കാൻ ഇവർ തെററായി ശ്രമിച്ചു. ഇ
ത്തരം പുഛരിസ്ററ് പ്രവർത്തനങ്ങൾ 1927–ന്റെ അവസാനത്തിൽ വ്യാ
പകമായിരുന്നു. പക്ഷെ 1928–ന്റെ ആരംഭത്തിൽ ചില സഖാക്കൾക്കിട
യിൽ പുഛരിസത്തിനനുകൂലമായ മനോഭാവങ്ങൾ അപ്പോഴും നിലനിന്നി
രുന്നുവെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ ക്രമേണ കെട്ടണയുകയാണു
ണ്ടായത്.

2. ഗറില്ലാസംഘടനാസമ്പ്രദായത്തിൽ ഒരു സൈന്യവ്യൂഹം (കോ
ളം) സ്ഥിരം സേനയിലെ ഒരു ഡിവിഷനോട് തുല്യമായിരുന്നു. അ
തേസമയം അതിലെ അംഗസംഖ്യ താരതമ്യേന അയവുള്ളതും, സാധാരണ
യായി വളരെയേറെ ചെറുതുമായിരുന്നു.

3. ചൈനീസ് ചരിത്രത്തിലെ ചില കാലപകാരികൾ തങ്ങളുടെ
സേനകളെ വികസിപ്പിക്കാൻ സ്വീകരിച്ച സമ്പ്രദായങ്ങളെയാണ് ഈ
രണ്ട് ചൈനീസ് പ്രയോഗങ്ങൾ പരാമർശിക്കുന്നത്. ഈ സമ്പ്രദായ
ങ്ങൾ പ്രയോഗിക്കുന്നതിൽ ഗുണത്തിന് പകരം എണ്ണത്തിലായിരുന്നു
ശ്രദ്ധചെലുത്തിയിരുന്നത്. മാത്രമല്ല അണികളെ പെരുപ്പിക്കാനായി
പലതരത്തിലും പെട്ട ആൾക്കാരെ യാതൊരു വകതിരിവുമില്ലാതെ ഇതിൽ
ചേർക്കുകയും ചെയ്തു.

4. ടാങ്ങ്‌രാജവംശത്തിന്റെ അവസാനകാലത്തിലെ കർഷകകലാപ
ങ്ങളുടെ നേതാവായിരുന്നു ഹുവാങ്ങ് ചാവൊ. ക്രിസ്തബ്ദം 875–ൽ
അദ്ദേഹത്തിന്റെ സ്വന്തം ജില്ലയായ സവൊചൌ (ഇപ്പോൾ ഷാൻടുങ്ങിലെ
ഹോട്സെ കൌണ്ടി) വിൽനിന്ന് തുടങ്ങി രാജകീയസേനകൾക്കെതിരായ
വിജയകരമായ പോരാട്ടങ്ങളിൽ ഹുവാങ്ങ് സായുധരായ കർഷകരെ ന
യിക്കുകയും, തന്നെ 'സ്വർഗത്തെപ്പോലും പിടിച്ചു കുലുക്കുന്ന ജന
റൽ' എന്ന് സ്വയം വിശേഷിപ്പിക്കുകയും ചെയ്തു. ഒരു ദശകത്തിനി
ടയിൽ മഞ്ഞനദി, യാങ്ങ്ട്സിനദി, ഹുയിനദി, മുത്തുനദി എന്നിവ
യുടെ താഴ്‌വാരങ്ങളിലെ മിക്ക പ്രവിശ്യകളുടേയും മീതെ അയാൾ
ആഞ്ഞടിക്കുകയും കാങ്ങ്സാവരെ എത്തിച്ചേരുകയും ചെയ്തു. അവ



സാനം അയാൾ തുങ്ങ്കാൻ ചുരം ഭേദിച്ച് കടക്കുകയും ചാങ്ങ്ഗാനി
ന്റെ രാജകീയ തലസ്ഥാനം (ഇപ്പോൾ ഷെൻസിയിലെ സിയാൻ) പിടി
ച്ചടക്കുകയും, ചിയിലെ ചക്രവർത്തിയായി കിരീടം ധരിക്കുകയും
ചെയ്തു. ആഭ്യന്തര കലഹങ്ങളും ടാങ്ങ്സേനകളുടെ ഹാൻ വംശജരല്ലാ
ത്ത ഇതര ഗോത്രമിത്രങ്ങൾ സംഘടിപ്പിച്ച ആക്രമണങ്ങളും കാരണം ചാ
ങ്ങ്ഗാൻ കൈവിടാനും സ്വന്തം ജില്ലയിലേയ്ക്കു പിൻവാങ്ങാനും ഹു
വാങ്ങ് നിർബന്ധിതനായി. അവിടെ വെച്ച് അയാൾ ആത്മഹത്യ ചെ
യ്തു. അയാൾ നടത്തിയ പത്തു വർഷത്തെ യുദ്ധം ചൈനീസ് ചരി
ത്രത്തിലെ കർഷകയുദ്ധങ്ങളിൽവെച്ച് ഏററവും പ്രസിദ്ധമായ ഒന്നാ
ണ്. രാജവംശങ്ങളുടെ ചരിത്രകാരന്മാർ ഇതിനെപ്പററി ഇപ്രകാരം രേ
ഖപ്പെടുത്തി: 'ഭാരിച്ച നികുതികൾകൊണ്ടും വാരംകൊണ്ടും കഷ്ടപ്പെ
ടുന്ന എല്ലാ ജനങ്ങളും അയാളുടെ ചുററും അണിനിരന്നു.' ഒരിക്കലും
തന്നെ താരതമ്യേന കെട്ടുറപ്പുള്ള താവളപ്രദേശങ്ങൾ സ്ഥാപിക്കാതെ
അലഞ്ഞു നടക്കുന്ന യുദ്ധം മാത്രം നടത്തിയതുകൊണ്ട് അയാളുടെ സേ
നകൾ 'അലഞ്ഞു നടക്കുന്ന കലാപസംഘങ്ങൾ' എന്ന പേരിലാണറിയ
പ്പെട്ടിരുന്നത്.

5. മിങ്ങ് രാജവംശത്തിന്റെ മറിച്ചിടലിന് വഴി വെച്ച കർഷക ക
ലാപത്തിന്റെ നേതാവായിരുന്നു വടക്കൻ ഷെൻസിയിലെ മിച്ചിഹ്
സ്വദേശിയായ ലീ ചുവാങ്ങ്. ഈ പേര് ചുവാങ്ങ് രാജാവ് എന്ന
ലീസു–ചെങ്ങ് (എന്തിനും തുനിയുന്ന രാജാവ്) എന്നതിന്റെ ചുരുക്ക
മായിരുന്നു. 1628–ൽ വടക്കൻ ഷെൻസിയിൽ ഈ കലാപം ആദ്യമായി
ആരംഭിച്ചു. കാവോയിങ്ങ്–സിയാങ്ങിന്റെ നേതൃത്വത്തിലുള്ള സേനക
ളുമായി ലീ ചേരുകയും ഹൊനാൻ, ആൻഹ്വി പ്രദേശങ്ങളിലൂടേയും
തിരിച്ചു ഷെൻസിയിലും സൈനിക നടപടികളിലേർപ്പെടുകയും ചെ
യ്തു. 1636–ൽ കാവോയുടെ മരണശേഷം ലീ അയാളുടെ സ്ഥാനമേ
റെറടുക്കുകയും ചുവാങ്ങ് രാജാവായിത്തീരുകയും, ഷെൻസി, ഷെചു
വാൻ, ഹൊനാൻ, ഹുപെ പ്രവിശ്യകളിലും പുറത്തും സൈനിക നടപ
ടികളിൽ ഏർപ്പെടുകയും ചെയ്തു. അവസാനമായി 1644–ൽ രാജകീ
യ തലസ്ഥാനമായ പീക്കിങ്ങ് അയാൾ പിടിച്ചടക്കി. അതോടുകൂടി
അവസാനത്തെ മിങ്ങ് ചക്രവർത്തി ആത്മഹത്യ ചെയ്യുകയും ചെയ്തു.
ബഹുജനങ്ങൾക്കിടയിൽ അയാൾ പ്രചരിപ്പിച്ച മുഖ്യ മുദ്രാവാക്യം ഇ
തായിരുന്നു: 'ചുവാങ്ങ് രാജാവിനെ പിന്താങ്ങുക, യാതൊരു ധാന്യനി
കുതികളും കൊടുക്കാതിരിക്കുക.' അയാളുടെ ആൾക്കാർക്കിടയിൽ
അച്ചടക്കം നടപ്പിലാക്കാനുള്ള മറെറാരു മുദ്രാവാക്യം ഇതായിരുന്നു:
'ഏതൊരു കൊലപാതകവും എന്റെ അച്ഛനെ കൊല്ലുന്നതിനു സമ
മാണ്. ഏതൊരു ബലാൽസംഗവും എന്റെ അമ്മയെ അപമാനിക്കുന്ന
തിന് തുല്യമാണ്.' അങ്ങിനെ അയാൾ ബഹുജനങ്ങളുടെ പിന്തുണ
നേടുകയും അയാളുടെ പ്രസ്ഥാനം രാജ്യമൊട്ടാകെ അലയടിച്ചു കൊണ്ടി
രുന്ന കർഷകകലാപങ്ങളുടെ മുഖ്യ പ്രവാഹമായിത്തീരുകയും ചെയ്
തു. പക്ഷെ അയാൾ ഒരിക്കലും താരതമ്യേന കെട്ടുറപ്പുള്ള താവളപ്ര
ദേശങ്ങൾ സ്ഥാപിക്കാതെ അലഞ്ഞുനടക്കുകയാണ് ചെയ്തത്. ഇക്കാ
രണത്താൽ ഒരു മിങ്ങ് ജനറലായ വൂ സാൻ–ക്യൂയി, ചിങ്ങ് പട്ടാളക്കാരു
മായി ചേർന്ന് ഒരു സംയുക്ത ആക്രമണം നടത്തി അവസാനത്തിൽ
ലീയെ പരാജയപ്പെടുത്തി.

# ഒരൊററ തീപ്പൊരിക്ക് അതിഭയങ്കരമായൊരു കാട്ടതീ ആരംഭിക്കാൻ കഴിയും*

1930 ജനവരി 5

നിലവിലുള്ള പരിത:സ്ഥിതിയെ എങ്ങിനെയാണ് ശരിയായി
വിലയിരുത്തേണ്ടതെന്നും തുടർന്ന് എന്തു നടപടിയാണ് സ്വീകരിക്കേണ്ട
തെന്നും, പ്രശ്നത്തിന് എങ്ങിനെയാണ് തീർപ്പുണ്ടാക്കേണ്ടതെന്നും നമ്മു
ടെ പാർട്ടിയിലെ ചില സഖാക്കൾക്ക് ഇനിയും അറിഞ്ഞുകൂടാ. വിപ്ള
വപരമായ ഒരു വേലിയേററം അനിവാര്യമാണെന്ന് അവർ വിശ്വസിക്കു
ന്നുണ്ടെങ്കിലും, അത് അത്യാസന്നമാണെന്ന് അവർ വിശ്വസിക്കുന്നില്ല.
തന്മൂലം കിയാങ്ങ്സി പിടിക്കാനുള്ള പദ്ധതി അവർ നിരാകരിക്കുക
യും ഫുക്കിയൻ, ക്വാങ്ങ്ടുങ്ങ്, കിയാങ്ങ്സി എന്നിവയുടെ അതിർത്തി
കളിലെ മൂന്നു പ്രദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞുള്ള ഗറില്ലാപ്രവർത്ത
നങ്ങളെ മാത്രം അവർ അംഗീകരിക്കുകയും ചെയ്യുന്നു. അതേ സമയംത
ന്നെ ഗറില്ലാപ്രദേശങ്ങളിൽ ചുവപ്പു രാഷ്ട്രീയാധികാരം സ്ഥാപിക്കുക
യെന്നതിൻെറ അർത്ഥമെന്താണെന്നുള്ളതിനെ സംബന്ധിച്ച് ആഴത്തി
ലുള്ള ധാരണയില്ലാത്ത കാരണം, ചുവപ്പുസേനയുടെ രാഷ്ട്രീയാധികാ
രം വ്യാപിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നതിൽക്കൂടി ദേശവ്യാപ
കമായ വിപ്ളവവേലിയേററത്തിനു വേഗത കൂട്ടുകയെന്ന ആശയത്തെ
സംബന്ധിച്ച് അവർക്ക് ആഴത്തിലുള്ള ധാരണയില്ല. വിപ്ളവവേലി
യേററം ഇനിയും വിദൂരമായതുകൊണ്ട് കഠിനാദ്ധ്വാനംവഴി രാഷ്ട്രീ
യാധികാരം സ്ഥാപിക്കാനുള്ള ശ്രമം പാഴ്വേലയാണെന്ന് അവർ ചി
ന്തിക്കുന്നതായി തോന്നുന്നു. അതിന് പകരം അലഞ്ഞുതിരിഞ്ഞുള്ള
ഗറില്ലാപ്രവർത്തനം നടത്തുക എന്ന കൂടുതൽ എളുപ്പമായ മാർഗത്തിലൂ
ടെ നമ്മുടെ രാഷ്ട്രീയസ്വാധീനം വ്യാപിപ്പിക്കാനും ഒരിക്കൽ രാജ്യമാസ
കലമുള്ള ബഹുജനങ്ങളുടെ പിന്തുണ പൂർണ്ണമായോ ഏറിയകൂറുമോ നേ
ടുന്നതോടെ ഒരു ദേശവ്യാപകമായ ഉയർത്തെഴുന്നേൽപ് കെട്ടഴിച്ചുവിട്ട്
ചുവപ്പുസേന അതിൽ പങ്കെടുക്കുന്നതിലൂടെ അതിനെ മഹത്തായ ദേശ
വ്യാപകമായൊരു വിപ്ളവമായി പരിണമിപ്പിക്കുവാനും അവർ ആഗ്ര
ഹിക്കുന്നു. നാം ആദ്യം രാജ്യവ്യാപകമായ തോതിലും എല്ലാ പ്രദേശങ്ങ
ളിലും ബഹുജനപിന്തുണ നേടണമെന്നും, അനന്തരം രാഷ്ട്രീയാധികാ
രം സ്ഥാപിക്കണമെന്നുള്ള അവരുടെ സിദ്ധാന്തം ചൈനീസ് വിപ്ള
വത്തിൻെറ യഥാർത്ഥ സ്ഥിതിയുമായി പൊരുത്തപ്പെടുന്നില്ല. വി
വിധ സാമ്രാജ്യത്വശക്തികളുടെ മൽസരപോരാട്ട രംഗമായ ചൈന ഒരർ
ദ്ധകൊളോണിയൽ രാജ്യമാണെന്ന് വ്യക്തമായും മനസിലാക്കുന്നതി
ലുള്ള പരാജയത്തിൽനിന്നാണ് പ്രധാനമായും ഈ സിദ്ധാന്തം ഉത്ഭവി
ക്കുന്നത്. ഇക്കാര്യം വ്യക്തമായി മനസിലാക്കുന്ന ഒരാൾക്ക്, ഭരണവർ

* പാർട്ടിയിൽ അന്നു നിലനിന്നിരുന്ന ചില അശുഭാപ്തിപരമായ കാഴ്ചപ്പാടുകളെ വിമർശിച്ചുകൊണ്ട് സഖാവ് മാവോ സെതുങ്ങ് എഴുതിയ ഒരു കത്തായിരുന്നു ഇത്.



ഗങ്ങൾക്കിടയിൽ നീണ്ടുനില്ക്കുന്നതും കെട്ടുപിണഞ്ഞു കിടക്കുന്നതു
മായ യുദ്ധങ്ങളുണ്ടാകുന്ന അസാധാരണമായ പ്രതിഭാസം ചൈനയിൽമാ
ത്രം കാണുന്നതെന്തുകൊണ്ടാണെന്നും, ഈ യുദ്ധങ്ങൾ കൂടുതൽ ഭയാനക
വും കൂടുതൽ വ്യാപകവുമായി സ്ഥിരം വളർന്നുകൊണ്ടിരിക്കുന്നതെ
ന്തുകൊണ്ടാണെന്നും, ചൈനയിൽ ഒരു കാലത്തും ഒരു ഏകീകൃതഭരണം
നിലവിലില്ലാതിരുന്നതെന്തുകൊണ്ടാണെന്നും, ഒന്നാമതായി മനസിലാ
കുന്നതാണ്. രണ്ടാമതായി, കാർഷികപ്രശ്നത്തിൻെറ ഗൗരവം അയാൾ
ക്കു മനസിലാകുകയും അതുവഴി എന്തുകൊണ്ടാണ് ഇന്ന് രാജ്യവ്യാപക
മായ തോതിൽ നാട്ടിൻപുറത്തെ ഉയിർത്തെഴുന്നേല്പുകൾ വികാസം
പ്രാപിച്ചിട്ടുള്ളതെന്ന് മനസിലാകുകയും ചെയ്യും. മൂന്നാമതായി തൊ
ഴിലാളികളുടേയും കർഷകരുടെയും ജനാധിപത്യ രാഷ്ട്രീയാധികാരം
എന്ന മുദ്രാവാക്യം ശരിയാണെന്ന് മനസിലാകുന്നതാണ്. നാലാമതാ
യി ചൈനക്കു പുറത്തെങ്ങും കാണാൻ സാധിക്കാത്തതും ഒന്നാമത്തേതിൽ
നിന്ന് (ഭരണവർഗങ്ങൾക്കിടയിലുണ്ടാകുന്ന നീണ്ടുനില്ക്കുന്നതും കെ
ട്ടുപിണഞ്ഞു കിടക്കുന്നതുമായ യുദ്ധങ്ങൾ ചൈനയിൽ മാത്രമേയു
ള്ളൂ എന്നതിൽനിന്ന്) ഉണ്ടാകുന്നതുമായ മറെറാരു അസാധാരണ പ്രതിഭാ
സംകൂടി അയാൾക്കു മനസിലാകും; അതായത്, ചുവപ്പുസേനയുടേയും
ഗറില്ലാ സേനകളുടേയും നിലനില്പും വികാസവും, അവയോടൊപ്പം
തന്നെ വെള്ളഭരണത്താൽ വലയം ചെയ്യപ്പെട്ട ചെറിയ ചുവപ്പുപ്രദേശങ്ങ
ളുടെ നിലനില്പും വികാസവും. അഞ്ചാമതായി, അർദ്ധ കൊളോ
ണിയൽ രാജ്യമായ ചൈനയിലെ ചുവപ്പുസേനയുടെയും ഗറില്ലാ സേനക
ളുടെയും ചുവപ്പുപ്രദേശങ്ങളുടെയും സ്ഥാപനവും വികാസവും തൊ
ഴിലാളിവർഗ നേതൃത്വത്തിൻ കീഴിലുള്ള കർഷകസമരത്തിൻെറ ഏററവും
ഉയർന്ന രൂപമാണെന്നും അത് അർദ്ധ കൊളോണിയൽ രാജ്യത്തിലെ കർ
ഷക സമരത്തിൻെറ വളർച്ചയുടെ അനിവാര്യമായ അനന്തരഫലമാണെന്നും,
അത് അസന്നിഗ്ദ്ധമായും, രാജ്യമാസകലം വിപ്ളവവേലിയേററത്തി
നു വേഗത കൂട്ടുന്ന ഏററവും പ്രധാനമായ ഘടകമാണെന്നും അയാൾക്കു
മനസിലാകും. ആറാമതായി, അലഞ്ഞുതിരിഞ്ഞുള്ള ഗറില്ലാപ്രവർത്ത
നങ്ങൾക്കുവേണ്ടി മാത്രം ആഹ്വാനം ചെയ്യുന്ന ഒരു നയംകൊണ്ട് ദേശവ്യാ
പകമായ വിപ്ളവവേലിയേററത്തെ ത്വരിതപ്പെടുത്തുന്ന കടമ നിർവഹി
ക്കാൻ സാദ്ധ്യമല്ലെന്നും, അതേസമയം ചൂട്ടേയും മാവോ സെതുങ്ങും ഫാ
ങ്ങ് ചി-മിനും അംഗീകരിച്ചിട്ടുള്ള നയമാണ് സംശയലേശമെന്യേ ശരി
യെന്നും കൂടി അയാൾ മനസിലാക്കും. ആ നയം ഏതാണ്? താവ
ളപ്രദേശങ്ങൾ സ്ഥാപിക്കുക; ക്രമബദ്ധമായ രാഷ്ട്രീയാധികാരം കെ
ട്ടിപ്പടുക്കുക; കാർഷികവിപ്ളവത്തിന് ആഴം കൂട്ടുക; ആദ്യമായി ചെ
റുനഗരങ്ങളിലെ റെഡ്ഗാർഡുകളും അതിനുശേഷം ജില്ലാ റെഡ്ഗാർഡു
കളും അനന്തരം കൗണ്ടി റെഡ്ഗാർഡുകളും പിന്നെ പ്രാദേശിക ചുവ
പ്പുസേനയും ഇങ്ങനെ സ്ഥിരം ചുവപ്പുസേനാരൂപീകരണംവരെ തുടർ
ന്നുപോകുവാനായുള്ള സർവവ്യാപിയായ ഒരു പ്രക്രിയയിലൂടെ ജനകീ
യ സായുധശക്തികളെ വിപുലീകരിക്കുക അലകൾക്കുപിമ്പെ അ
ലകൾ എന്നവിധം മുന്നേറി രാഷ്ട്രീയാധികാരം വ്യാപിപ്പിക്കുക
തുടങ്ങിയവയാണ് ഈ നയം. അങ്ങനെ മാത്രമെ, സോവിയററ് യൂണി
യൻ ലോകമെങ്ങും ചെയ്തതുപോലെ ചൈനയിലാകമാനം വിപ്ളവജന
തയുടെ ആത്മവിശ്വാസം ഊട്ടിവളർത്താൻ നമുക്കും സാധിക്കുകയുള്ളു.
അങ്ങനെ മാത്രമേ പിന്തിരിപ്പൻ ഭരണാധികാരിവർഗങ്ങൾക്ക് മുന്നിൽ വ
മ്പിച്ച വൈഷമ്യങ്ങൾ സൃഷ്ടിക്കാനും അവരുടെ അടിത്തറ തന്നെ പിടി
ച്ചുകുലുക്കാനും ആഭ്യന്തരമായ അവരുടെ ശിഥിലീകരണം ത്വരിതപ്പെടു
ത്താനും കഴിയൂ. അങ്ങനെ മാത്രമേ ഭാവിയിലെ മഹത്തായ വിപ്ളവ
ത്തിൻെറ മുഖ്യ ആയുധമായിത്തീരുന്ന ഒരു ചുവപ്പുസേന സൃഷ്ടിക്കാൻ

യഥാർത്ഥത്തിൽ സാദ്ധ്യമാവൂ. ചുരുക്കത്തിൽ അങ്ങനെ മാത്രമെ വി
പ്ളവവേലിയേററത്തെ ത്വരിതപ്പെടുത്താൻ സാദ്ധ്യമാവൂ.

വിപ്ളവ അസഹിഷ്ണുത എന്ന രോഗം പിടിപ്പെട്ട സഖാക്കരം
വിപ്ളവത്തിൻെറ ആത്മനിഷ്ഠമായ ശക്തികളെ[2] ഉള്ളതിലുമധികമാ
യി കാണുകയും പ്രതിവിപ്ളവത്തിൻെറ ശക്തികളെ ഉള്ളതിലും കുറ
ച്ചു കാണുകയും ചെയ്യുന്നു. അത്തരമൊരു വിലയിരുത്തൽ മുഖ്യമാ
യും ആത്മനിഷ്ഠമനോഭാവത്തിൽ നിന്നാണുടലെടുക്കുന്നത്. അവ
സാനം അത് അസന്നിഗ്ദ്ധമായും പുഛരിസത്തിലേയ്ക്ക് എത്തി
ക്കുന്നു. നേരെമറിച്ച് വിപ്ളവത്തിൻെറ ആത്മനിഷ്ഠശക്തികളെ
ഉള്ളതിലും കുറച്ചു കാണുകയെന്നതും പ്രതിവിപ്ളവത്തിൻെറ ശക്തി
കളെ ഉള്ളതിലുമധികമായിക്കാണുകയെന്നതും തെററായ മറെറാരു വില
യിരുത്തലിൽ ചെന്നെത്തിക്കുന്നു. മററു തരത്തിലുള്ള ചീത്ത ഫല
ങ്ങളുളവാക്കുകയും ചെയ്യുന്നു. അതുകൊണ്ട് ചൈനയിലെ പരിതഃസ്ഥി
തി തിട്ടപ്പെടുത്തുമ്പോരം താഴെപ്പറയുന്ന സംഗതികരം മനസ്സിലാക്കേ
ണ്ടതാവശ്യമാണ്.

1. ചൈനീസ് വിപ്ളവത്തിൻെറ ആത്മനിഷ്ഠശക്തികരം ഇന്ന്
ദുർബലങ്ങളായിരിക്കെത്തന്നെ, അത്രതന്നെ ദുർബലങ്ങളാണ് പിന്നോ
ക്കാവസ്ഥയിലുള്ളതും അത്യന്തം ദുർബലവുമായ സാമൂഹ്യ സാമ്പത്തി
ക ഘടനയെ ആശ്രയിച്ചു നിൽക്കുന്ന ചൈനയിലെ പിന്തിരിപ്പൻ ഭരണ
വർഗങ്ങളുടെ എല്ലാ സംഘടനകളും (രാഷ്ട്രീയാധികാരം നിർവ്വഹി
ക്കുന്ന സ്ഥാപനങ്ങരം, സായുധസേനകരം, രാഷ്ട്രീയ പാർട്ടികരം തുട
ങ്ങിയവ). വിപ്ളവത്തിൻെറ ആത്മനിഷ്ഠ ശക്തികരം ഇന്ന് ഒരു
പക്ഷെ ചൈനയിലുള്ളവയേക്കാരം കുറെയൊക്കെ ശക്തിയേറിയവയാ
ണെങ്കിൽ കൂടിയും, പിന്തിരിപ്പൻ ഭരണാധികാരിവർഗങ്ങളുടെ ശക്തി
അതിനേക്കാരം പലമടങ്ങ് കൂടുതലാണ്. പടിഞ്ഞാറൻ യൂറോപ്യൻ രാ
ജ്യങ്ങളിൽ ഉടനെ വിപ്ളവം പൊട്ടിപ്പുറപ്പെടാതിരിക്കുന്നതിൻെറ കാര
ണം മനസ്സിലാക്കാൻ ഇതു നമ്മെ സഹായിക്കുന്നു. ചൈനയിൽ വി
പ്ളവം ഒരു വേലിയേററത്തിലേയ്ക്ക് കൂടുതൽ വേഗതയോടെ നീങ്ങു
മെന്നത് സംശയമററ സംഗതിയാണ്. കാരണം, ഇന്ന് വിപ്ളവത്ത
ിൻെറ ആത്മനിഷ്ഠശക്തികരം ദുർബലങ്ങളാണെങ്കിൽ തന്നെയും പ്ര
തിവിപ്ളവത്തിൻെറ ശക്തികളും താരതമ്യേന ദുർബലങ്ങരംതന്നെയാ
ണ്.

2. 1927–ലെ വിപ്ളവത്തിൻെറ പരാജയത്തിനുശേഷം വിപ്ളവ
ത്തിൻെറ ആത്മനിഷ്ഠശക്തികരം യഥാർത്ഥമായും വളരെയേറെ ദുർ
ബലങ്ങളായിട്ടുണ്ട്. അവശേഷിക്കുന്ന ശക്തികരം വളരെ ചെറുതാ
ണ്; പ്രത്യക്ഷത്തിൽ കാണുന്നതിനെ മാത്രം അടിസ്ഥാനമാക്കി വി
ധിയെഴുതുന്ന സഖാക്കരം സ്വാഭാവികമായും അശുഭാപ്തി വിശ്വാസിക
ളായി മാറുകയും ചെയ്യുന്നു. എന്നാൽ അന്തസത്തയെ അടിസ്ഥാനമാ
ക്കി വിധിയെഴുതുമ്പോരം കഥ തികച്ചും മറെറാന്നാണ്. 'ഒരൊററ തീ
പ്പൊരിക്ക് അതിഭയങ്കരമായൊരു കാട്ടുതീ ആരംഭിക്കാൻ കഴിയും' എന്ന
ചൈനീസ് പഴഞ്ചൊല്ല് ഇവിടെ നമുക്ക് പ്രയോഗിക്കാവുന്നതാണ്.
മററു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ശക്തികരം ഇന്നു ചെറുതാണെ
ങ്കിലും, അവ അതിദ്രുതഗതിയിൽ വളരുക തന്നെ ചെയ്യും. ചൈനയിൽ
നിലവിലുള്ള സാഹചര്യങ്ങളിൽ അവയുടെ വളർച്ച സാദ്ധ്യമാണെന്നു
മാത്രമല്ല, അതു തീർച്ചയായും അനിവാര്യവുമാണ് എന്ന് മേയ് 30 പ്ര
സ്ഥാനവും അതിനെ തുടർന്നു നടന്ന മഹത്തായ വിപ്ലവവും തെളിയിച്ചി
ട്ടുണ്ട്. നാം ഒരു കാര്യം വീക്ഷിക്കുമ്പോരം, അതിൻെറ അന്തസത്ത പരി
ശോധിക്കണം. പ്രത്യക്ഷത്തിൽ കാണുന്നതിനെ പടിവാതിൽ കടത്തി
വിടുന്ന ഒരു ദ്വാരപാലകനായി മാത്രം കരുതുകയും, ഒരിക്കൽ പടിവാ



തിൽ കടന്നു കഴിഞ്ഞാൽ കാര്യത്തിൻെറ അന്തസത്ത നന്നായി ഗ്രഹിക്കു
കയും വേണം. ഇതു മാത്രമാണ് നമുക്കാശ്രയിക്കാവുന്നതും ശാസ്ത്രീ
യവുമായ ഒരേയൊരു അപഗ്രഥന മാർഗം.

3. അതുപോലെതന്നെ പ്രതിവിപ്ളവ ശക്തികളെ വിലയിരു
ത്തുമ്പോഴും പ്രത്യക്ഷത്തിൽ കാണുന്നതിനെ മാത്രം നാം കണക്കിലെ
ടുത്താൽ പോരാ, നേരെമറിച്ച് അവയുടെ അന്തസത്തയെ പരിശോധിക്കു
ക തന്നെ വേണം. ഹുനാൻ–കിയാങ്ങ്സി അതിർത്തി പ്രദേശത്തിലെ ന
മ്മുടെ സ്വതന്ത്രഭരണത്തിൻെറ ആരംഭഘട്ടത്തിൽ ചില സഖാക്കരം ഹുനാൻ
പ്രവിശ്യാകമ്മിററിയുടെ തെററായ വിലയിരുത്തൽ അതേപടി വിശ്വസി
ക്കുകയും വർഗശത്രുവിനെ വളരെ നിസ്സാരമായിക്കരുതുകയും ചെ
യ്തു. ഹുനാൻ പ്രവിശ്യാകമ്മിററി അന്ന് (1928 മേയ് തൊട്ട് ജൂൺ
വരെ) ഹുനാൻ ഭരണാധികാരിയായ ലു ററി–പിങ്ങ്[3]നെ വിലയിരുത്തി
പറഞ്ഞരണ്ട് ശൈലികളായിരുന്നു ഇന്നു നാം തമാശയായി എടുത്തു കാ
ട്ടാറുള്ളതുപോലെ 'ഭയങ്കരമായി ആടി ഉലഞ്ഞത്', 'അങ്ങേയററം സംഭ്രാ
ന്തമായത്' എന്നിവ. അത്തരമൊരു വിലയിരുത്തൽ രാഷ്ട്രീയരംഗത്തു
ള്ള പുഛരിസത്തിലേയ്ക്ക് അനിവാര്യമായും നയിച്ചു. എന്നാൽ
1928 നവംബർ തൊട്ട് 1929 ഫെബ്രുവരിവരെയുള്ള നാലുമാസക്കാല
ത്ത് (ചിയാങ്ങ് കൈഷക്കും ക്വാങ്ങ്സി യുദ്ധപ്രഭുക്കളും[4] തമ്മിലുള്ള
യുദ്ധത്തിന് മുമ്പ്) ശത്രുവിൻെറ മൂന്നാം 'സംയുക്ത അടിച്ചമർ
ത്തൽ പടനീക്കം'[5] ചിങ്ങ്കാങ്ങ് പർവതങ്ങളോടടുത്തപ്പോരം ചില
സഖാക്കരം ചോദിച്ചു. 'നമുക്കെത്ര നാളത്തേയ്ക്ക് ചെങ്കൊടി പാറിച്ചു
കൊണ്ടു നിൽക്കാൻ കഴിയും?' എന്ന്. വാസ്തവം പറഞ്ഞാൽ, ചൈ
നയിൽ ബ്രിട്ടനും അമേരിക്കയും ജപ്പാനും തമ്മിലുള്ള സമരം വളരെ പ
സ്യമായിക്കഴിഞ്ഞിരുന്നു; ചിയാങ്ങ് കൈഷക്കും, ക്വാങ്ങ്സി ക്ളി
ക്കും, ഫെങ്ങ്യു–സിയാങ്ങും തമ്മിൽ കെട്ടുപിണഞ്ഞ യുദ്ധങ്ങരം രൂ
പം പൂണ്ടുവരികയായിരുന്നു. അതുകൊണ്ട് പ്രതിവിപ്ളവത്തിൻെറ
വേലിയേററം താഴാൻതുടങ്ങിയതും വിപ്ളവത്തിൻെറ വേലിയേററം
വീണ്ടും ഉയരാൻ തുടങ്ങിയതും ആയ ഒരു സമയമായിരുന്നുസത്യ
ത്തിൽ അത്. എന്നിട്ടും ശുഭാപ്തിപരമല്ലാത്ത ആശയങ്ങരം ചു
വപ്പുസേനയിലും പ്രാദേശിക പാർട്ടിസംഘടനകളിലും കണ്ടിരുന്നു.
എന്നു മാത്രമല്ല കേന്ദ്രകമ്മിററിപോലും പ്രത്യക്ഷത്തിൽമാത്രം കാണുന്ന
കാര്യങ്ങളാൽ തെററിദ്ധരിക്കപ്പെടുകയും ശുഭാപ്തിപരമല്ലാത്ത ഒരു സ്വ
രത്തിൽ സംസാരിക്കുകയും ചെയ്തിരുന്നു. കേന്ദ്രകമ്മിററിയുടെ ഫെ
ബ്രുവരിക്കത്ത് ആ സന്ദർഭത്തിൽ പാർട്ടി നടത്തിയ ശുഭാപ്തിപരമല്ലാ
ത്ത അപഗ്രഥനത്തിൻെറ തെളിവാണ്.

4. ഉപരിതലത്തിൽ ഉള്ളതിനെ മാത്രം കാണുകയും തങ്ങളുടെ മു
മ്പിൽ കാണുന്നതിൻെറ അന്തസത്ത മനസിലാക്കാതിരിക്കുകയും ചെ
യ്യുന്ന സഖാക്കരം വഴി തെററിപ്പോകാൻ ഇട നൽകുന്ന തരത്തിലുള്ളതാ
ണ് ഇന്നും നിലനിൽക്കുന്ന വസ്തുനിഷ്ഠ സാഹചര്യം. പ്രത്യേകി
ച്ചും ചുവപ്പുസേനയിലുള്ള നമ്മുടെ സഖാക്കരം യുദ്ധത്തിൽ തോല്പി
ക്കപ്പെടുകയോ ശക്തരായ ശത്രുസേനകരം അവരെ പിന്തുടരുകയോ വള
യുകയോ ചെയ്യുമ്പോരം, ചൈനയിലും ലോകത്തിൽ മൊത്തത്തിലുമുള്ള
സാഹചര്യം ശുഭാപ്തിവിശ്വാസത്തിന് യാതൊരിടവും നൽകുന്നില്ലെ
ന്നും വിപ്ളവത്തിൻെറ വിജയ സാദ്ധ്യതകരം വിദൂരമാണെന്നും ഉള്ള
പോലെ അവർ പലപ്പോഴും തങ്ങരംക്ക് നേരിടേണ്ടി വരുന്ന നൈമിഷി
കവും നിർദ്ദിഷ്ടവും പരിമിതവുമായ പരിതസ്ഥിതിയെ പെരുപ്പി
ച്ചു കാണിക്കുകയും ബുദ്ധിശൂന്യമായി അതിനെ പൊതു സ്വഭാവമുള്ള
താക്കി അവതരിപ്പിക്കുകയും ചെയ്യുന്നു. കാര്യങ്ങളെ നിരീക്ഷണം ചെ
യ്യുമ്പോരം പ്രത്യക്ഷത്തിൽ കാണുന്നതിനെ ചാടിപ്പിടിക്കുകയും അവ
യുടെ അന്തസത്ത തള്ളിക്കളയുകയും ചെയ്യുന്നതിനുള്ള കാരണം ആകെ

ത്തുകയിലുള്ള സാഹചര്യത്തിന്റെ അന്തസത്തയെ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു വിശകലനം അവർ നടത്തിയിട്ടില്ല എന്നതാണ്. ഒരു വിപ്ലവ വേലിയേറ്റത്തിലേയ്ക്ക് നയിക്കുന്ന വൈരുദ്ധ്യങ്ങൾ ശരിക്കും വികസിച്ചു വരുന്നുണ്ടോ എന്ന് തീർച്ചപ്പെടുത്തുന്നതിനുള്ള വിശദമായ ഒരു പരിശോധനയിലൂടെ മാത്രമേ ചൈനയിൽ ഒരു വിപ്ലവവേലിയേറ്റം വേഗത്തിൽ ഉണ്ടാകുമോ എന്ന പ്രശ്നത്തെക്കുറിച്ച് തീരുമാനമെടുക്കാൻ സാദ്ധ്യമാവൂ. ലോകത്ത് സാമ്രാജ്യത്വ രാഷ്ട്രങ്ങൾ തമ്മിലും സാമ്രാജ്യത്വരാഷ്ട്രങ്ങളും അവയുടെ കോളണികളും തമ്മിലും സാമ്രാജ്യവാദികളും അവരുടെ തന്നെ രാജ്യങ്ങളിലെ തൊഴിലാളിവർഗവും തമ്മിലുമുള്ള വൈരുദ്ധ്യങ്ങൾ വികസിച്ചുകൊണ്ടിരിക്കുന്നതിനാൽ ചൈനയിൽ മേധാവിത്വം സ്ഥാപിക്കുന്നതിനു വേണ്ടി മൽസരിക്കേണ്ടത് സാമ്രാജ്യവാദികളുടെ ഒരു കടുത്ത ആവശ്യമായിത്തീർന്നിരിക്കുന്നു. ചൈനയുടെ മേൽ സാമ്രാജ്യവാദികളുടെ കിടമൽസരം കൂടുതൽ തീവ്രമാകുമ്പോൾ സാമ്രാജ്യവാദികളും മുഴുവൻ ചൈനാരാഷ്ട്രവും തമ്മിലുള്ള വൈരുദ്ധ്യവും സാമ്രാജ്യവാദികൾക്കിടയിൽ തന്നെയുള്ള വൈരുദ്ധ്യങ്ങളും ഒരേ സമയത്ത് ചൈനയുടെ മണ്ണിൽ വികസിക്കുകയും, അങ്ങനെ അനുദിനം വളർന്നുകൊണ്ടിരിക്കുന്നതും ശക്തിയാർജിച്ചുകൊണ്ടിരിക്കുന്നതുമായ കെട്ടുപിണഞ്ഞ യുദ്ധങ്ങൾ സൃഷ്ടിക്കുകയും ചൈനയിലെ പിൻതിരിപ്പൻ ഭരണാധികാരികളുടെ വിവിധ ക്ളിക്കുകൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ തുടർച്ചയായ വികാസത്തിന് വഴി തെളിയിക്കുകയും ചെയ്യുന്നു. പിന്തിരിപ്പൻ ഭരണാധികാര ക്ളിക്കുകൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ—യുദ്ധപ്രഭുക്കൾ തമ്മിലുള്ള കെട്ടുപിണഞ്ഞ യുദ്ധങ്ങൾ – നികുതിഭാരം വർദ്ധിപ്പിക്കുന്നു. ഇത് നികുതിദായകരായ വിശാലജനവിഭാഗങ്ങളും പിന്തിപ്പന്മാരായ ഭരണാധികാരികളും തമ്മിലുള്ള വൈരുദ്ധ്യം പടിപടിയായി മൂർഛിപ്പിക്കുന്നു. സാമ്രാജ്യത്വവും ചൈനയിലെ ദേശീയ വ്യവസായവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ വികസിക്കുന്നതോടെ ചൈനീസ് വ്യവസായികൾക്ക് സാമ്രാജ്യവാദികളിൽനിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നത് ഇല്ലാതാകുന്നു. ഇതുമൂലം ചൈനീസ് ബൂർഷ്വാസിയും ചൈനീസ് തൊഴിലാളിവർഗവും തമ്മിലുള്ള വൈരുദ്ധ്യം മൂർഛിക്കുകയും ഇതോടെ തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ട് ഈ കുഴപ്പത്തിൽ നിന്ന് രക്ഷ നേടാൻ ചൈനീസ് മുതലാളിമാർ വിറളി പിടിച്ചു ശ്രമിക്കുകയും തൊഴിലാളികളതിനെ ചെറുക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വത്തിന്റെ വാണിജ്യപരമായ കയ്യേറ്റം, ചൈനയിലെ കച്ചവട മുതലാളിമാരുടെ പിടിച്ചുപറി, ഗവൺമെൻറ് ചുമത്തുന്ന വർദ്ധിപ്പിച്ച നികുതിഭാരം മുതലായവ തീക്ഷണമാകുന്നതോടെ കർഷകരും ജന്മിവർഗവും തമ്മിലുള്ള വൈരുദ്ധ്യത്തിന് ആഴം കൂടുന്നു. അതായത് പാട്ടം, കൊള്ളപ്പലിശ ഈടാക്കൽ എന്നിവയിലൂടെയുള്ള ചൂഷണം രൂക്ഷതരമാകുകയും, ജന്മികളുടെ നേർക്കുള്ള കർഷകരുടെ വെറുപ്പ് വർദ്ധിക്കുകയും ചെയ്യുന്നു. വിദേശ ചരക്കുകളുടെ സമ്മർദ്ദം, തൊഴിലാളി-കർഷക ബഹുജനങ്ങളുടെ ക്രയശക്തിയുടെ ക്ഷയം, നികുതി വർദ്ധനവ് തുടങ്ങിയവ മൂലം ചൈനീസ്നിർമ്മിതച്ചരക്കുകൾ വില്പന നടത്തുന്നവരും സർക്കാരിന്റെ സ്വതന്ത്രരായ ഉല്പാദകരും പാപ്പരത്തത്തിലേയ്ക്ക് കൂടുതൽ കൂടുതലായി എടുത്തെറിയപ്പെടുന്നു. സാധന സാമഗ്രികളും പണവും കുറവാണെങ്കിൽകൂടിയും പിൻതിരിപ്പൻ ഗവൺമെൻറ് അതിന്റെ സൈന്യങ്ങളെ അതിരില്ലാതെ പെരുപ്പിക്കുകയും, അങ്ങനെ യുദ്ധങ്ങൾ നിരന്തരം വ്യാപിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് പടയാളി സമൂഹങ്ങൾ നിരന്തരമായ ദാരിദ്ര്യത്തിൽ കഴിഞ്ഞുകൂടുന്നു. ഗവൺമെൻറ് നികുതികളിലുള്ള വർദ്ധനവ് ജന്മികൾ അവകാശപ്പെടുന്ന വർദ്ധമാനമായ പാട്ടവും പലിശയും, ദൈനംദിനം പടർന്നു പിടി-



ക്കുന്ന യുദ്ധത്തിന്റെ കെടുതികൾ എന്നിവയുടെ ഫലമായി എല്ലായിടത്തും ക്ഷാമവും കൊള്ളയും നടമാടുന്നു, കർഷക ബഹുജനങ്ങൾക്കും പട്ടണങ്ങളിലെ പാവങ്ങൾക്കും ജീവൻ നിലനിർത്താൻ തന്നെ സാദ്ധ്യമല്ലാതെ വരുന്നു. വിദ്യാലയങ്ങൾ നടത്താൻ പണമില്ലാത്തതുകൊണ്ട് തങ്ങളുടെ വിദ്യാഭ്യാസം ഇടയ്ക്കുവെച്ച് നിന്നുപോകുമെന്ന് ധാരാളം വിദ്യാർത്ഥികൾ ഭയപ്പെടുന്നു. ഉല്പാദനം പിന്നോക്കാവസ്ഥയിലായതു കാരണം അനേക ബിരുദധാരികൾക്ക് ജോലി കിട്ടുമെന്നുള്ള യാതൊരു പ്രതീക്ഷയുമില്ലാതായിട്ടുണ്ട്. ഈ വൈരുദ്ധ്യങ്ങളെല്ലാം ശരിക്കൽ മനസിലാക്കിക്കഴിഞ്ഞാൽ എന്തൊരു നിരാശാജനകമായ സാഹചര്യത്തിലാണ്, എന്തൊരു കുഴഞ്ഞു മറിഞ്ഞ അവസ്ഥയിലാണ് ചൈന ചെന്നെത്തിയിരിക്കുന്നതെന്ന് നമുക്ക് കാണാം. സാമ്രാജ്യവാദികൾക്കും യുദ്ധപ്രഭുക്കൾക്കും ജന്മികൾക്കും എതിരായ വിപ്ലവ വേലിയേറ്റം അനിവാര്യമാണെന്നും അത് വളരെ വേഗം തന്നെ സംഭവിക്കുമെന്നും മനസിലാക്കാം. മുഴുവൻ ചൈനയും തീ പിടിച്ച ഉണങ്ങിയ വിറകു ചുള്ളികൾ പോലെയായിരിക്കുന്നു, അതുടനെ ആളിക്കത്തുകയും ചെയ്യും. 'ഒരൊററ തീപ്പൊരിക്ക് അതിഭയങ്കരമായൊരു കാട്ടുതീ ആരംഭിക്കാൻ കഴിയും' എന്ന ചൊല്ല്, ഇന്നത്തെ സ്ഥിതിവിശേഷം എങ്ങനെ വികസിക്കുമെന്നതിന്റെ ഉചിതമായൊരു വിവരണമാണ്. 'ഒററ തീപ്പൊരി' 'കാട്ടുതീ' കൊളുത്തിവിടുന്ന കാലം അകലെയല്ലെന്ന് മനസിലാക്കുന്നതിന്, വിവിധ സ്ഥലങ്ങളിൽ വളർന്നുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ പണിമുടക്കങ്ങൾ, കർഷകരുടെ ഉയർത്തെഴുന്നേല്പുകൾ, പട്ടാളക്കാരുടെ കലാപങ്ങൾ, വിദ്യാർത്ഥികളുടെ പഠിപ്പു മുടക്കങ്ങൾ എന്നിവയുടെ നേർക്ക് നാമൊന്ന് നോക്കിയാൽ മാത്രം മതി.

മേൽവിവരിച്ചതിന്റെ സാരാംശം 1929 ഏപ്രിൽ 5-ാം തീയതി യുദ്ധരംഗത്തെ മുന്നണികമ്മിററി കേന്ദ്രകമ്മിററിക്കയെച്ച കത്തിൽ അടങ്ങിയിട്ടുണ്ട്. ആ കത്തിന്റെ ഒരു ഭാഗം താഴെ കൊടുക്കുന്നു.

വസ്തുനിഷ്ഠ സാഹചര്യങ്ങളെയും നമ്മുടെ ആത്മനിഷ്ഠമായ ശക്തികളെയും സംബന്ധിച്ച് കേന്ദ്രകമ്മിററിയുടെ കത്ത് (1929 ഫെബ്രുവരി 9-ന്റേത്) അങ്ങേയററം അശുഭാപ്തിപരമായ ഒരു വിലയിരുത്തലാണ് നടത്തിയിട്ടുള്ളത്. ചിങ്ങ്കാങ്ങ് പർവ്വതങ്ങളിലെ ചുവപ്പുസേനക്കെതിരായ കൂമിന്താങ്ങിന്റെ മൂന്ന് 'അടിച്ചമർത്തൽ' പടനീക്കങ്ങൾ ആയിരുന്നു പ്രതിവിപ്ലവ വേലിയേററത്തിന്റെ ഏററവും ഉയർന്ന വിതാനം കുറിച്ചത്. എന്നാൽ അതവിടം കൊണ്ടവസാനിച്ചു. അതിനുശേഷം പ്രതിവിപ്ലവത്തിന്റെ അലകൾ ക്രമേണ താഴുകയും വിപ്ലവത്തിന്റെ അലകൾ ക്രമേണ ഉയരുകയും ചെയ്തു. കേന്ദ്രകമ്മിററി ചൂണ്ടിക്കാട്ടിയിട്ടുള്ളത്രതന്നെ പാർട്ടിയുടെ സമരസന്നദ്ധതയും സംഘടനാശേഷിയും ദുർബലമായിട്ടുണ്ടെങ്കിലും ദ്രുതഗതിയിൽ അവ വീണ്ടെടുക്കാൻ കഴിയും. അതോടൊപ്പം പ്രതിവിപ്ലവത്തിന്റെ അലകൾ ക്രമേണ താഴുന്നതോടുകൂടി, പാർട്ടിസഖാക്കളുടെയിടയിലുള്ള നിഷ്ക്രിയത അതിവേഗം അപ്രത്യക്ഷമാകുകയും ചെയ്യും. ബഹുജനങ്ങൾ തീർച്ചയായും നമ്മുടെ വശത്തേക്കുവരും. കൂട്ടക്കൊല നടത്തുകയെന്ന കൂമിന്താങ്ങ് നയം പഴഞ്ചൊല്ലിൽ പറയുംപോലെ 'മൽസ്യത്തെ ആഴക്കടലിലേക്ക് പായിച്ചു കളയാനേ, സഹായിക്കൂ. പരിഷ്ക്കരണ വാദത്തിന് ബഹുജനങ്ങൾക്കിടയിൽ യാതൊരു ആകർഷണീയതയുമില്ല. കൂമിന്താങ്ങിനെക്കുറിച്ചുള്ള എല്ലാ വ്യാമോഹങ്ങളും ബഹുജനങ്ങൾ ഉടൻതന്നെ വലിച്ചെറിയുമെന്നത് തീർച്ചയാണ്. ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബഹുജനപിന്തുണ നേടാൻ മറെറാരു പാർട്ടിക്കും കമ്യൂണിസ്ററ് പാർട്ടിയുമായി മൽസരിക്കാൻ കഴിയില്ല. പാർട്ടിയുടെ ആറാം ദേശീയ കോൺഗ്രസ്7 അംഗീകരിച്ച രാഷ്ട്രീയ ലൈനും സംഘ-

ടനാമെന്നും ശരിയാണ്. അതായത് വിപ്ളവം ഈ ഘട്ടത്തിൽ ജനാ
ധിപത്യമാണ്, സോഷ്യലിസ്ററല്ല. പാർട്ടിയുടെ ഇന്നത്തെ കടമ
('വൻ നഗരങ്ങളിൽ' എന്ന വാക്കുകൾകൂടി ഇവിടെ കൂട്ടിച്ചേർക്കേണ്ടതാ
യിരുന്നു)⁸ ബഹുജനങ്ങളുടെ പിന്തുണ ആർജിക്കുകയാണ്, അല്ലാതെ
പെട്ടെന്നുള്ള ഉയിർത്തെഴുന്നേല്പുകൾ സംഘടിപ്പിക്കുകയല്ല, ഏതാ
യാലും വിപ്ളവം അതിവേഗം വികസിച്ചുവരികതന്നെ ചെയ്യും. സായു
ധ ഉയർത്തെഴുന്നേല്പുകൾക്കുള്ള തയ്യാറെടുപ്പിലും പ്രചരണത്തിലും
നാം ക്രിയാത്മകമായ നിലപാട് കൈക്കൊണ്ടേ തീരൂ. ഇന്നത്തെ താറു
മാററായ സാഹചര്യത്തിൽ ക്രിയാത്മകമായ മുദ്രാവാക്യങ്ങളും ക്രിയാ
ത്മകമായ നിലപാടുംകൊണ്ടു മാത്രമെ നമുക്ക് ബഹുജനങ്ങളെ നയി
ക്കാൻ സാദ്ധ്യമാവൂ. അത്തരമൊരു നിലപാടെടുക്കുക വഴി മാത്രമെ
പാർട്ടിക്ക് അതിൻെറ സമരസന്നദ്ധത വീണ്ടെടുക്കാൻ കഴിയുകയുള്ളൂ.
വിപ്ളവ വിജയത്തിൻെറ ഒരേയൊരു താക്കോൽ, തൊഴിലാളിവർഗ
നേതൃത്വമാണ്. പാർട്ടിക്ക് ഒരു തൊഴിലാളിവർഗ അടിത്തറ ഉണ്ടാക്കു
കയെന്നതും പ്രധാനപ്പെട്ട ജില്ലകളിലെ വ്യാവസായിക സ്ഥാപനങ്ങളിൽ
പാർട്ടി ബ്രാഞ്ചുകൾ കെട്ടിപ്പടുക്കുകയെന്നതുമാണ് ഇന്നത്തെ ഘട്ടത്തിൽ
പാർട്ടിയുടെ സംഘടനാപരമായ മുഖ്യ കടമകൾ. എന്നാൽ അതേ സമയം
തന്നെ പട്ടണങ്ങളിലെ സമരത്തെ സഹായിക്കാനും വിപ്ളവ വേലിയേററ
ത്തിൻെറ ഉയർച്ചയെ ത്വരിതപ്പെടുത്താനുമുള്ള പ്രധാന മുൻ ഉപാധികൾ,
നിർദ്ദിഷ്ടമായും നാട്ടിൻ പുറങ്ങളിലെ സമരത്തിൻെറ വികാസം, ചെറി
യ പ്രദേശങ്ങളിൽ ചുവപ്പ് രാഷ്ട്രീയാധികാരത്തിൻെറ സ്ഥാപനം,
ചുവപ്പുസേന കെട്ടിപ്പടുക്കുകയും വികസിപ്പിക്കുകയും ചെയ്യൽ എന്നി
വയാണ്. ആയതിനാൽ, നഗരങ്ങളിലെ സമരത്തെ ഉപേക്ഷിക്കുക എ
ന്നത് തെററായിരിക്കും, പക്ഷേ ഞങ്ങളുടെ അഭിപ്രായത്തിൽ തൊഴി
ലാളികളുടെ ശക്തിയെ കവച്ചുവെക്കുമെന്നോ വിപ്ളവത്തിന് ദോഷം
ചെയ്യുമെന്നോ ഉള്ള ധാരണയിൽ ഏതെങ്കിലുമൊരു പാർട്ടിയംഗം കർഷക
ശക്തിയുടെ വളർച്ചയെ ഭയപ്പെടുകയാണെങ്കിൽ അത് തെററായിരി
ക്കും. എന്തുകൊണ്ടെന്നാൽ അർദ്ധ–കൊളോണിയൽ രാജ്യമായ ചൈന
യിലെ വിപ്ളവത്തിൽ തൊഴിലാളികളുടെ നേതൃത്വമില്ലെങ്കിൽ കർഷക
സമരം എല്ലായ്പോഴും പരാജയപ്പെടുന്നതാണെന്നിരിക്കിലും, കർഷക
സമരം തൊഴിലാളികളുടെ ശക്തിയെ കവച്ചുവെക്കുകയാണെങ്കിൽ അ
തൊരിക്കലും വിപ്ളവത്തിന് ഹാനികരമാകുകയില്ല.

ചുവപ്പു സേനയുടെ സൈനിക നടപടികളുടെ അടവുകളെ സംബ
ന്ധിച്ചുള്ള താഴെക്കൊടുക്കുന്ന മറുപടിയും കത്തിലടങ്ങിയിരുന്നു:

ചുവപ്പുസേനയെ കാത്തുരക്ഷിക്കാനും ബഹുജനങ്ങളെ തട്ടിയു
ണർത്താനുംവേണ്ടി നമ്മുടെ സേനകളെ വളരെച്ചെറിയ യൂണിററുകളാക്കി
വിഭജിക്കണമെന്നും അത്തരം ഘടകങ്ങളെ പരക്കെ വിഘടിപ്പിച്ചു ഗ്രാമ
പ്രദേശങ്ങളിൽ നിറുത്തണമെന്നും ചൂട്ടേയേയും മാവോ സെതുങ്ങിനെ
യും സേനയിൽനിന്നു പിൻവലിക്കണമെന്നും കേന്ദ്രകമ്മിററി ഞങ്ങളോ
ടാവശ്യപ്പെടുന്നു. അപ്രകാരം ചെയ്താൽ ശത്രുവിൻെറ പ്രധാന ഉന്ന
ങ്ങളെ മറച്ചുവെക്കാൻ കഴിയുമല്ലൊ എന്നാണ് കേന്ദ്രകമ്മിററി കരുതുന്ന
ത്. ഇത് യാഥാർത്ഥ്യബോധമില്ലാത്ത ഒരു കാഴ്ചപ്പാടാണ്. ബഹു
ജനങ്ങളെ ഉണർത്തിവിടാൻവേണ്ടി ഗറില്ലാ യുദ്ധത്തിൻെറ അടവുകൾ
സ്വീകരിച്ചുകൊണ്ടും അതേ സമയം ശത്രുവിൻെറ ആക്രമണ ലക്ഷ്യമാ
യിത്തീരാതിരിക്കാൻ ശ്രമിച്ചുകൊണ്ടും ഓരോ കമ്പനിയും അല്ലെങ്കിൽ
ബററാലിയനും സ്വന്തനിലയിൽ സൈനിക പ്രവർത്തനം നടത്തത്തക്കവ
ണ്ണംനമ്മുടെ സൈന്യത്തെ നാട്ടിൻപുറങ്ങളിൽ പരക്കെ വിഘടിപ്പിച്ചുനിർ
ത്തുന്നതിന് 1927—'28 ശീതകാലത്ത് ഞങ്ങൾ പ്ളാൻ ചെയ്തിരുന്നതാ
ണ്. ഞങ്ങളിതു പലതവണ പരീക്ഷിച്ചുനോക്കി. എന്നാൽ ഓരോ
തവണയും പരാജയപ്പെടുകയാണ് ചെയ്തത്. അതിനുള്ള കാരണങ്ങൾ:



(1) ചുവപ്പുസേനയുടെ പ്രധാന വിഭാഗത്തിലുള്ള ഭടന്മാരിലധിക
വും മററു പ്രദേശങ്ങളിൽനിന്നു വരുന്നവരായതുകൊണ്ട് പ്രാദേശിക റെ
ഡ്ഗാർഡുകളിൽനിന്നും ഭിന്നമായ ഒരു പശ്ചാത്തലമാണവർക്കുള്ളത്;
(2) സൈന്യത്തെ ചെറു യൂണിററുകളായി വിഭജിക്കുന്നതിൻെറ ഫലം
ദുർബലമായ നേതൃത്വവും പ്രതികൂല സാഹചര്യങ്ങളെ നേരിടാനുള്ള
കഴിവുകേടുമായിരിക്കും, ഇതാകട്ടെ എളുപ്പം പരാജയത്തിന് വഴിവെ
ക്കുന്നു; (3) യൂണിററുകൾ ഒന്നൊന്നായി ശത്രുവിനാൽ തകർക്കപ്പെടാ
നിടയുണ്ട്; (4) സാഹചര്യങ്ങൾ എത്രത്തോളം പ്രതികൂലമാണോ അത്ര
ത്തോളം നമ്മുടെ സേനകളെ കേന്ദ്രീകരിക്കേണ്ടതിൻെറയും നേതാക്കന്മാർ
സമരത്തിൽ നിശ്ചയദാർഢ്യമുള്ളവരായിരിക്കേണ്ടതിൻെറയും ആവശ്യ
മുണ്ട്, എന്തുകൊണ്ടെന്നാൽ അങ്ങനെ മാത്രമേ ശത്രുവിനെതിരായ ആ
ഭ്യന്തരൈക്യം നമുക്കുണ്ടാകുകയുള്ളു. അനുകൂലസാഹചര്യങ്ങളിൽ മാ
ത്രമേ ഗറില്ലാ പ്രവർത്തനങ്ങൾക്കുവേണ്ടി നമ്മുടെ സേനകളെ വിഭജിച്ചു
നിർത്തുന്നത് ആശാസ്യമായിരിക്കുകയുള്ളൂ. അപ്പോൾ മാത്രമേ നേ
താക്കന്മാർക്ക് എല്ലാ സമയവും അണികളോടൊപ്പംതന്നെ ഉണ്ടായിരി
ക്കേണ്ട ആവശ്യം ഇല്ലാതെ വരുന്നുള്ളൂ. പ്രതികൂല സാഹചര്യങ്ങളിൽ
നേതാക്കന്മാർ എപ്പോഴും അണികളോടൊപ്പം ഉണ്ടായേ തീരൂ.

സേനകളെ ഘടകങ്ങളായി വിഭജിക്കുന്നതിന് എതിരായി നിരത്തി
വെച്ച കാരണങ്ങൾ ഒരു നിഷേധാത്മകമായ സ്വഭാവത്തോടുകൂടിയവയാ
ണെന്നതാണ് മുകളിൽ കൊടുത്തിട്ടുള്ള ഖണ്ഡികയുടെ ദൗർബല്യം.
ഇത്തരമൊരു വിലയിരുത്തൽ തികച്ചും അപര്യാപ്തമായിരുന്നു. നമ്മു
ടെ സേനകളെ കേന്ദ്രീകരിക്കണമെന്ന് പറയുന്നതിൻെറ ഗുണാത്മകമാ
യ കാരണം സേനകളെ കേന്ദ്രീകരിച്ചെങ്കിൽ മാത്രമേ താരതമ്യേന വലിയ
ശത്രു യൂണിററുകളെ തുടച്ചു നീക്കാനും പട്ടണങ്ങളെ കൈവശപ്പെടുത്താ
നും സാധിക്കുകയുള്ളു എന്നതാണ്. താരതമ്യേന വലിയ ശത്രു യൂണി
ററുകളെ തുടച്ചുമാററുകയും പട്ടണങ്ങളെ കൈവശപ്പെടുത്തുകയും ചെ
യ്തതിനുശേഷമേ വമ്പിച്ച തോതിൽ നമുക്ക് ബഹുജനങ്ങളെ തട്ടിയുണർ
ത്താനും സമീപത്തുള്ള കുറെയേറെ കൗണ്ടികളിലേക്കവ്യാപിച്ചുകിടക്കുന്ന
രാഷ്ട്രീയാധികാരം സ്ഥാപിക്കാനും കഴിയൂ. അങ്ങനെ മാത്രമേ നമു
ക്കു വ്യാപകമായ വമ്പിച്ച ചലനം ('നമ്മുടെ രാഷ്ട്രീയ സ്വാധീനം വ്യാ
പിപ്പിക്കുക' എന്നു നാം പറയാറുള്ളത്) സൃഷ്ടിക്കാനും വിപ്ളവ
വേലിയേററത്തിൻെറ നാളുകളിലേക്കുള്ള മുന്നേററത്തിൻെറ വേഗത കൂ
ട്ടാൻ കാര്യമായി സംഭാവന ചെയ്യാനും സാധിക്കൂ. ഉദാഹരണമായി ക
ഴിഞ്ഞതിനു മുമ്പത്തെ വർഷത്തിൽ നമ്മൾ ഹുനാൻ—കിയാങ്ങ്സി അ
തിർത്തി പ്രദേശത്തു സ്ഥാപിച്ച ഭരണവും കഴിഞ്ഞവർഷം പടിഞ്ഞാറെ
ഫൂക്കിയൻ പ്രവിശ്യയിൽ സ്ഥാപിച്ച ഭരണവും നമ്മുടെ സേനകളെ
കേന്ദ്രീകരിച്ചു നിറുത്തുക എന്ന ഈ നയത്തിൻെറ പരിണിതഫലമായി
രുന്നു. ഇതൊരു പൊതുതത്വമാണ്. എന്നാൽ നമ്മുടെ സേനകളെ വി
ഭജിച്ചു നിറുത്തേണ്ട സന്ദർഭങ്ങളില്ലേ? തീർച്ചയായുമുണ്ട്. മുന്നണി ക
മ്മിററിയുടെ കേന്ദ്രകമ്മിററിക്കുള്ളകത്തിൽ ഒരു ചെറിയ പ്രദേശത്തിനക
ത്തു സേനകളെ വിഭജിച്ചു നിറുത്തുന്നതുൾപ്പെടെയുള്ള ചുവപ്പുസേനയു
ടെ ഗറില്ലാസമരത്തിൻെറ അടവുകളെപ്പററി ഇപ്രകാരം പറയുന്നു:

കഴിഞ്ഞ മൂന്നു വർഷത്തെ സമരത്തിൽനിന്നും ഞങ്ങൾ സ്വായത്തമാ
ക്കിയ അടവുകൾ പുരാതനവും ആധുനികവും ചൈനീസും വിദേശീയ
വുമായ മറേറതൊരു അടവുകളിൽനിന്നും തീർത്തും വ്യത്യസ്തമാണ്.
അടവുകൾ ഉപയോഗിച്ച് എപ്പോഴും വിപുലപ്പെട്ടുകൊണ്ടിരിക്കുന്ന
തോതിൽ സമരത്തിനുവേണ്ടി നമുക്കു ബഹുജനങ്ങളെ ഉണർത്തിവിടാൻ
സാധിക്കും. ഏതൊരു ശത്രുവിനും എത്ര ശക്തിയുള്ളവനെങ്കി
ലും നമ്മെ നേരിടാനാവില്ല. നമ്മുടേത് ഗറില്ലാ അടവുകളാണ്. ഈ

അടവുകളിൽ മുഖ്യമായും താഴെപ്പറയുന്ന കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

'ബഹുജനങ്ങളെ ഉണർത്തിവിടാൻ നമ്മുടെ സേനകളെ വിഭജിക്കുക. ശത്രുവിനെ കൈകാര്യം ചെയ്യാനായി നമ്മുടെ സേനകളെ കേന്ദ്രീകരിക്കുക.

'ശത്രു മുന്നേറുമ്പോൾ നാം പിൻവാങ്ങുന്നു, ശത്രു വിശ്രമിക്കുമ്പോൾ നാം ശല്യപ്പെടുത്തുന്നു; ശത്രു ക്ഷീണിക്കുമ്പോൾ നാം ആക്രമിക്കുന്നു; ശത്രു പിൻവാങ്ങുമ്പോൾ നാം പിൻതുടരുന്നു.'

'ഉറച്ച താവള പ്രദേശങ്ങൾ[10] വ്യാപിപ്പിക്കുന്നതിന് അലകളായി മുന്നേറുകയെന്ന നയം പ്രയോഗിക്കുക. ഒരു ശക്തനായ ശത്രു പിൻതുടരുമ്പോൾ ചുററിക്കറങ്ങി കൊണ്ടേയിരിക്കുക എന്ന നയം പ്രയോഗിക്കുക.'

'ഏററവും കൂടുതൽ ബഹുജനങ്ങളെ കഴിയുന്നത്ര ഏററവും ചുരുങ്ങിയ സമയത്തിലും സാദ്ധ്യമായത്ര ഏററവും നല്ല മാർഗങ്ങളുപയോഗിച്ചും തട്ടിയുണർത്തുക.'

ഈ അടവുകൾ ഒരു വല വീശുന്നതുപോലെയാണ്; ഏതു നിമിഷത്തിലും, നമുക്കതു വീശാനും തിരികെ വലിച്ചടുപ്പിക്കാനും സാധിക്കണം. ബഹുജനങ്ങളെ നമ്മുടെ ഭാഗത്തേയ്ക്കു നേടിയെടുക്കാൻ നാമതു വ്യാപകമായി വീശുന്നു. ശത്രുകൈകാര്യം ചെയ്യാനായി നാമത് തിരികെവലിച്ചടുപ്പിക്കുന്നു. ഇത്തരത്തിലുള്ളവയാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളായിഞങ്ങൾ ഉപയോഗിക്കുന്ന നയങ്ങൾ.

ഇവിടെ, 'വല വ്യാപകമായി വീശുക' എന്നതിന്റെ അർത്ഥം ഒരു ചെറിയ ചുററളവിനകത്ത് നമ്മുടെ സേനകളെ വിഭജിച്ച് നിർത്തുക എന്നാണ്. ഉദാഹരണത്തിന് നാം ഹുനാൻ_കിയാങ്ങ്സി അതിർത്തി പ്രദേശത്തുള്ള യുങ്ങ്സിൻ എന്ന കൗണ്ടി പട്ടണം ആദ്യമായി പിടിച്ചെടുത്തപ്പോൾ 29–ാം റജിമെൻറിലേയും 31_ാം റജിമെൻറിലേയും സേനകളെ യുങ്ങ്സിൻ കൗണ്ടിയുടെ അതിരുകൾക്കുള്ളിൽ വിഭജിച്ചു നിറുത്തുകയുണ്ടായി. വീണ്ടും, നാം മൂന്നാംപ്രാവശ്യവും യുങ്ങ്സിൻ പിടിച്ചടക്കിയപ്പോൾ 28–ാം റജിമെൻറിനെ ആൻഫൂ കൗണ്ടിയുടെ അതിർത്തിയിലേക്കും 29–ാം റജിമെൻറിനെ ലിയെൻ ഹ്വായിലേയ്ക്കും 31–ാം റജിമെൻറിനെ കിയാൻ കൗണ്ടിയുടെ അതിർത്തിയിലേയ്ക്കും അയച്ചുകൊണ്ട് ഒരിക്കൽ കൂടി നാം നമ്മുടെ സേനകളെ വിഭജിക്കുകയുണ്ടായി. വീണ്ടും, കഴിഞ്ഞ ഏപ്രിൽ, മെയ് മാസങ്ങളിൽ തെക്കൻ കിയാങ്ങ്സിയിലെ കൗണ്ടികളിലും, കഴിഞ്ഞജൂലൈമാസത്തിൽ പടിഞ്ഞാറൻ ഫുക്കിയാനിലെ കൗണ്ടികളിലും നാം നമ്മുടെ സേനകളെ വിഭജിച്ചു നിറുത്തി വിസ്തൃതമായ ഒരു ചുററളവിൽ നമ്മുടെ സേനകളെ വിഭജിച്ചു നിറുത്തുന്നതിനെ സംബന്ധിച്ചാണെങ്കിൽ അത് രണ്ട് വ്യവസ്ഥകളിൽ മാത്രമെ സാദ്ധ്യമാവൂ. സാഹചര്യങ്ങൾ താരതമ്യേന അനുകൂലങ്ങളായിരിക്കണം, നേതൃഘടകങ്ങൾ കുറെയൊക്കെ സുശക്തമായവയായിരിക്കണം. എന്തുകൊണ്ടെന്നാൽ നമ്മുടെ സേനകളെ വിഭജിച്ചുനിറുത്തുക എന്നതിന്റെ ഉദ്ദേശം ബഹുജനങ്ങളെ നേടിയെടുക്കുന്നതിനും കാർഷികവിപ്ളവം ആഴത്തിലാക്കുകയും രാഷ്ട്രീയാധികാരം സ്ഥാപിക്കുകയും ചെയ്യുന്നതിനും ചുവപ്പുസേനയെ വികസിപ്പിക്കുകയും പ്രാദേശിക സായുധ യൂണിററു സംഘടിപ്പിക്കുകയും ചെയ്യുന്നതിനും ഭേദപ്പെട്ട സ്ഥിതി നമുക്കുണ്ടാക്കുക എന്നതാണ്. ഈ ഉദ്ദേശം നിറവേററാൻ സാദ്ധ്യമല്ലെങ്കിലോ, ചെൻ ചൗ ആക്രമിക്കാനായി രണ്ടു വർഷം മുമ്പ് ആഗസ്ററ് മാസത്തിൽ ഹുനാൻ–കിയാങ്ങ്സി അതിർത്തിയിൽ നാം നമ്മുടെ സേനകളെ വിഭജിച്ചു നിർത്തിയപ്പോൾ സംഭവിച്ചതുപോലെ സേനകളെ അത്തരം വിഭജനം തോൽവിയിലേക്ക് നയിക്കുകയും ചുവപ്പുസേനയെ ദുർബലമാക്കുകയും ചെയ്യുകയാണെങ്കിലോ നമ്മുടെ സേനകളെ വിഭജിക്കാ



തിരിക്കുന്നതാണ് ഭേദം. എന്നാൽ മുകളിൽ പറഞ്ഞ രണ്ടു വ്യവസ്ഥകളുമുണ്ടെങ്കിൽ സൈന്യത്തെ വിഭജിച്ചു നിർത്തണമെന്നത് സംശയമററ കാര്യമാണ്, എന്തുകൊണ്ടെന്നാൽ അപ്പോൾ വിഭജനം കേന്ദ്രീകരണത്തെക്കാൾ കൂടുതൽ നേട്ടമുള്ളതാണ്.

കേന്ദ്രകമ്മിററിയുടെ ഫെബ്രുവരിക്കത്ത് ശരിയായ സ്പിരിററിലുള്ളതല്ലായിരുന്നു, നാലാം സേനയിലെ കുറെയേറെ പാർട്ടിസഖാക്കളുടെ മേൽ അത് ഒരു ചീത്ത സ്വാധീനം ചെലുത്തിയിട്ടുമുണ്ട്. ചിയാങ്ങ് കൈഷക്കും ക്വാങ്ങ്സി യുദ്ധപ്രഭുക്കളും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെടണമെന്നില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് അക്കാലത്തുതന്നെ, കേന്ദ്രകമ്മിററി ഒരു സർക്കുലറും അയച്ചിരുന്നു. ഏതായാലും, കേന്ദ്രകമ്മിററിയുടെ അതിനുശേഷമുള്ള വിലയിരുത്തലുകളും നിർദ്ദേശങ്ങളും മൊത്തത്തിൽ ശരിയായിരുന്നു. തെററായ കണക്കുകൂട്ടൽ അടങ്ങിയ സർക്കുലർ തിരുത്തിക്കൊണ്ടുള്ള മറെറാരു സർക്കുലർ ഇതിനകം അവർ അയച്ചിട്ടുണ്ട്. ചുവപ്പുസേനയ്ക്ക് അയച്ച കത്ത് അവർ തിരുത്തിയില്ലെങ്കിലും, അതിനെ തുടർന്നുള്ള അവരുടെ നിർദ്ദേശങ്ങൾ പഴയപോലെ അശുഭാപ്തി വിശ്വാസത്തിൽ പൊതിഞ്ഞവയല്ലായിരുന്നു. ചുവപ്പുസേനാപ്രവർത്തനങ്ങളെ സംബന്ധിച്ച അവരുടെ വീക്ഷണങ്ങൾ ഇപ്പോൾ നമ്മുടേതിനോട് അനുരൂപമാണ്. എന്നിരുന്നാലും ഈ കത്ത് ഉണ്ടാക്കിയ ചീത്ത സ്വാധീനം ചില സഖാക്കളിൽ നിലനില്ക്കുന്നു. അതുകൊണ്ട് ചില വിശദീകരണങ്ങൾ നൽകേണ്ടത് ഇനിയും ആവശ്യമാണെന്ന് ഞാൻ കരുതുന്നു.

ഒരു വർഷത്തിനകം കിയാങ്ങ്സി പ്രവിശ്യ പിടിച്ചടക്കണമെന്ന ഒരു പരിപാടി കൂടി കഴിഞ്ഞ ഏപ്രിലിൽ മുന്നണികമ്മിററി കേന്ദ്രകമ്മിററി മുമ്പാകെ വെച്ചിരുന്നു. പിന്നീട് അത് ഈ നിർദ്ദേശം ശരിവെയ്ക്കുന്ന വിധത്തിലുള്ള ഒരു തീരുമാനം യുട്ടുവിൽവച്ച് എടുക്കുയുമുണ്ടായി. കേന്ദ്രകമ്മിററിക്കുള്ള കത്തിൽ താഴെപറയുന്ന കാരണങ്ങളാണ് കൊടുത്തിരുന്നത്.

ചിയാങ്ങ് കൈഷക്കിന്റെയും ക്വാങ്ങ്സി യുദ്ധപ്രഭുക്കളുടെയും സൈന്യങ്ങൾ ക്യൂകിയാങ്ങിന്റെ പ്രാന്തപ്രദേശത്ത് പരസ്പരം അടുത്തുകൊണ്ടിരിക്കുകയും ഒരു വലിയ യുദ്ധം ആസന്നമായിരിക്കുകയും ആണ്. ബഹുജനസമരങ്ങളുടെ പുനരാവിർഭാവവും അധികാരത്തിലിരിക്കുന്ന പിന്തിരിപ്പൻമാരുടെ ഇടയിൽ വൈരുദ്ധ്യങ്ങൾ പടർന്നുപിടിച്ചിട്ടുള്ളതും കൊണ്ട് വിപ്ലവത്തിന്റെ ഒരുവേലിയേററം ഉടനെ ഉണ്ടാകാനിടയുണ്ട്. ഈ പരിതസ്ഥിതികളിൽ നമ്മുടെ പ്രവർത്തനം എങ്ങനെ സജ്ജമാക്കണം എന്നതിനെപ്പററി ഞങ്ങൾക്കുതോന്നുന്നത് തെക്കൻപ്രവിശ്യകളെ സംബന്ധിച്ചിടത്തോളം ക്വാങ്ങ്ടുങ്ങ്, ഹുനാൻ എന്നീ പ്രവിശ്യകളിലെ മേലാളന്മാരുടെയും ജന്മികളുടെയും സായുധസേനകൾ നമ്മെക്കാൾ വളരെയേറെ ശക്തിയുള്ളവയാണെന്നും മാത്രമല്ല ഹുനാനിലാണെങ്കിൽ പാർട്ടിയുടെ പുഷിസ്ററ് തെററുകൾ കാരണം പാർട്ടിക്കകത്തും പുറത്തും നമ്മുടെ എല്ലാ ബഹുജനപിന്തുണയും നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു എന്നുമാണ്. എന്നിരിക്കിലും ഫൂക്കിയൻ, കിയാങ്ങ്സി, ചെക്കിയാങ്ങ് എന്നീ മൂന്ന് പ്രവിശ്യകളിലെ പരിതഃസ്ഥിതി വ്യത്യസ്തമാണ്. ഒന്നാമതായി, അവിടെ ശത്രുവിന്റെ സ്ഥിതി സൈനികമായി അങ്ങെയററം ദുർബലമാണ്. ചെക്കിയാങ്ങിൽ ചിയാങ്ങ്പൊ–ചെങ്ങി[11]ന്റെ നേതൃത്വത്തിൽ ഒരു ചെറിയ പ്രവിശ്യാ സേനമാത്രമേയുള്ളു. ഫുക്കിയനിൽ മൊത്തം അഞ്ച് ശത്രുസേനാ ഗ്രൂപ്പുകളിലാകെയുള്ള പതിനാല് റജിമെൻറുകൾ ഉണ്ടെങ്കിലും അതിൽ കുവോ ഫെങ്ങ്– മിങ്ങിന്റെ സേനകൾ ഇതിനകം തകർക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്, ചെൻ കുവോ–ഹ്യൂവിന്റെയും ലുഹ്സിങ്ങ് –പാങ്ങി[12]ന്റേയും

കീഴിലുള്ള പട്ടാളക്കാർ സമരശേഷി കുറച്ചു മാത്രമുള്ള കൊള്ളക്കാർ
മാത്രമാണ്; കടൽത്തീരത്ത് സ്ഥാനമുറപ്പിച്ചിട്ടുള്ള മറൈൻസിൻെറ
(അർദ്ധനാവികർ) രണ്ട് ബ്രിഗേഡുകളും ഇതുവരെ യാതൊരു സംഘട്ട
നത്തിലും ഏർപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അവരുടെ സമരശേഷി അസന്നി
ഗ്ദ്ധമായും ഉയർന്നതല്ല; ചാങ്ങ് ചെന്നിന്ന്[13] മാത്രമേ കുറച്ചൊക്കെ പോ
രാടാനുള്ള കഴിവുള്ളൂ. എന്നാൽ ഫുക്കിയൻ പ്രവിശ്യകമ്മിററിയുടെ ഒരു
വിശകലനമനുസരിച്ച് അയാൾക്കുപോലും താരതമ്യേന ശക്തിയുള്ള
രണ്ട് റജിമെൻറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൂടാതെ ഫുക്കിയൻ
ഇന്ന് സമ്പൂർണമായ കുഴപ്പത്തിൻെറയും അനൈക്യത്തിൻെറയും അവ
സ്ഥയിലാണുള്ളത്. കിയാങ്ങ്സിയിൽ ചൂപെയ്–ട്ടെ,[14] സിങ്ങ്
ഷി ഹ്യൂ[15] എന്നിവരുടെ നേതൃത്വത്തിൻ കീഴിൽ പതിനാറ് റജിമെൻ
റുകൾ ഉണ്ട്; ഫുക്കിയനിലേയോ ചെക്കിയാങ്ങിലേയോ സേനകളെക്കാൾ
ഇവ ശക്തിയുള്ളവയാണ്, എന്നാൽ ഹുനാനിലെ സേനകളെക്കാൾ
രെയേറെ തരംതാണവയുമാണ്. രണ്ടാമതായി, പുഷിസ്ററ് തെററുകൾ
താരതമ്യേന കുറവായി മാത്രമേ ഈ മൂന്ന് പ്രവിശ്യകളിൽ പാർട്ടി ചെ
യ്തിട്ടുള്ളൂ. ചെക്കിയാങ്ങിലെ പരിതഃസ്ഥിതി ഞങ്ങൾക്ക് വ്യക്ത
മല്ല. എന്നാൽ കിയാങ്ങ്സിയിലേയും ഫുക്കിയനിലേയും പാർട്ടിയു
ടെ സംഘടനാപരമായ അടിസ്ഥാനവും ബഹുജന പിന്തുണയും ഹുനാ
നിലേതിനേക്കാൾ കുറെയൊക്കെ മെച്ചപ്പെട്ടതാണ്. ഉദാഹരണമായി
കിയാങ്ങ്സിയെ എടുക്കാം. വടക്കൻ കിയാങ്ങ്സിയിൽ ടെഹാൻ, ഹ്
സ്യുഷ്യു, ടുൻഗു എന്നീ സ്ഥലങ്ങളിൽ നമുക്ക് ഇപ്പോഴും കുറച്ച് അ
ടിസ്ഥാനമുണ്ട്; പടിഞ്ഞാറൻ കിയാങ്ങ്സിയിൽ നിങ്ങ്കാങ്ങ്, യു
ങ്ങ്ഷിൻ, ലിയെൻഹ്വാ, സ്വിചുവാൻ എന്നീ സ്ഥലങ്ങളിൽ പാർട്ടി
ക്കും റെഡ്ഗാർഡുകൾക്കും ഇപ്പോഴും കുറച്ച് ശക്തിയുണ്ട്. തെക്കൻ
കിയാങ്ങ്സിയിൽ സാദ്ധ്യതകൾ ഇനിയും കുറെക്കൂടി ശോഭനമാണ്,
കാരണം ചുവപ്പുസേനയിലെ രണ്ടും നാലും റജിമെൻറുകൾ കിയാൻ,
യുംഗ്ഫെങ്ങ്, ഹ്സിങ്ങ്കാവോ എന്നീ കൗണ്ടികളിൽ തുടർച്ചയായി
ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുകയാണ്; ഇതിനെല്ലാമുപരി ഫാങ്ങ്
ചിഹ്–മിന്നിൻെറ കീഴിലുള്ള ചുവപ്പുസേന ഒന്നുകൊണ്ടും തുടച്ചു നീ
ക്കപ്പെട്ടിട്ടുമില്ല. ഇതെല്ലാംതന്നെ നാൻചാങ്ങിൻെറ നേരെ ഒരു കേന്ദ്രീ
കൃത ആക്രമണം നടത്താൻ നമുക്കൊരു സൗകര്യം തരുന്നു. കൂമിന്താങ്ങ്
യുദ്ധപ്രഭുക്കൾ തമ്മിലുള്ള നീണ്ടുനില്ക്കുന്ന യുദ്ധങ്ങളുടെ കാല
ഘട്ടത്തിൽ കിയാങ്ങ്സി പ്രവിശ്യയ്ക്കുവേണ്ടിയും പടിഞ്ഞാറൻ ഫു
ക്കിയൻ, പടിഞ്ഞാറൻ ചെക്കിയാങ്ങ് എന്നിവക്കുകൂടിയും നാം ചിയാ
ങ്ങ് കൈഷക്കിനോടും ക്വാങ്ങ്സി യുദ്ധപ്രഭുക്കളോടും പോരാടണ
മെന്ന് ഞങ്ങൾ കേന്ദ്രകമ്മിററിയോട് ഈ സന്ദർഭത്തിൽ ശുപാർശ ചെയ്യു
ന്നു. ഈ മൂന്ന് പ്രവിശ്യകളിലും നാം ചുവപ്പുസേനയെ വികസിപ്പി
ക്കുകയും ബഹുജനങ്ങളുടെ സ്വതന്ത്രമായ ഭരണാധികാരം സ്ഥാപിക്കു
കയും ചെയ്യേണ്ടതാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള കാലപരി
ധി ഒരു വർഷമായിരിക്കും.

കിയാങ്ങ്സി പ്രവിശ്യയ്ക്കുവേണ്ടി പോരാടണമെന്നുള്ള ഈ നിർ
ദ്ദേശത്തിൽ പിശകുപററിയത് ഒരു വർഷത്തെ സമയപരിധിവെച്ചു എന്ന
തിൽ മാത്രമാണ്. ഈ നിർദ്ദേശം കിയാങ്ങ്സി പ്രവിശ്യയിലെ പരി
തഃസ്ഥിതികളെ മാത്രമല്ല, ദേശവ്യാപകമായ വിപ്ളവത്തിൻെറ ഒരു
വേലിയേററം ഉടനെ ഉണ്ടാകുമെന്നുള്ള സാദ്ധ്യതയേയും അടിസ്ഥാനപ്പെ
ടുത്തിയുള്ളതായിരുന്നു. എന്തെന്നാൽ വിപ്ളവത്തിൻെറ ഒരു വേലി
യേററം ഉടനെ ഉണ്ടാകാനിടയുണ്ട് എന്ന് വ്യക്തമായി വിശ്വസിച്ചിരു
ന്നില്ലെങ്കിൽ ഒരു വർഷത്തിനകം കിയാങ്ങ്സി പിടിച്ചടക്കുമെന്ന് ഒന്നു
കൊണ്ടും ഞങ്ങൾ തീരുമാനിക്കാനുള്ള സാദ്ധ്യതയില്ലായിരുന്നു. ആ
നിർദ്ദേശത്തിലെ ഒരൊററ ദൗർബല്യം ഒരു വർഷത്തെ കാലപരിധി അത്



നിർണ്ണയിച്ചു എന്നതാണ്; ഇത് ചെയ്യാൻ പാടില്ലാത്തതായിരുന്നു. അങ്ങനെ ചെയ്തതു കാരണം 'വിപ്ളവത്തിൻെറ ഒരു വേലിയേററം ഉടനെ ഉണ്ടാകും' എന്ന പ്രസ്താവനയിലെ 'ഉടനെ' എന്ന വാക്കിന് അസഹിഷ്ണുതയുടെ ചുവകൊടുത്തു. കിയാങ്ങ്സിയിലെ ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ സാഹചര്യങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവ നമ്മുടെ ശ്രദ്ധ നന്നായി അർഹിക്കുന്നുണ്ട്. കേന്ദ്രകമ്മിററിക്കുള്ള കത്തിൽ വിവരിച്ചിരുന്ന ആത്മനിഷ്ഠമായ സാഹചര്യങ്ങൾക്കു പുറമേ മൂന്ന് വസ്തുനിഷ്ഠമായ സാഹചര്യങ്ങൾ ഇപ്പോൾ വ്യക്തമായും ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഒന്നാമതായി, കിയാങ്ങ്സിയിലെ സാമ്പത്തിക വ്യവസ്ഥ മുഖ്യമായും ഫ്യൂഡൽ ആണ്. വ്യാപാരി–മുതലാളിവർഗം താരതമ്യേന ദുർബലമാണ്, ഭൂപ്രഭുക്കളുടെ സായുധസേനകൾ മറേറതൊരു തെക്കൻ പ്രവിശ്യയിലേതിനേക്കാളും ദുർബലമാണ്. രണ്ടാമതായി, കിയാങ്ങ്സിക്ക് സ്വന്തമായി പ്രവിശ്യാസേന ഇല്ല, എല്ലായ്പോഴും മററുപ്രവിശ്യകളിൽ നിന്നുള്ള പട്ടാളമേ അവിടെ നിലയുറപ്പിച്ചിരുന്നുള്ളൂ. 'കമ്യൂണിസ്ററുകാരെ അടിച്ചമർത്താൻ' വേണ്ടിയോ കവർച്ചക്കാരെ അടിച്ചമർത്താൻ വേണ്ടിയോ അവിടേക്ക് അയയ്ക്കപ്പെടുന്ന ഈ പട്ടാളക്കാർ പ്രാദേശിക സ്ഥിതിഗതികളുമായി പരിചിതരല്ല, അവർ സ്ഥലവാസികളായ പട്ടാളക്കാരായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്നതിനേക്കാൾ വളരെ കുറച്ചു മാത്രം നേരിട്ടുള്ള താല്പര്യമേ അവിടെ അവർക്കുള്ളൂ. സാധാരണയായി അവർക്ക് ആവേശവും കുറവായിരിക്കും. മൂന്നാമതായി, ഹോങ്ങ്കോങ്ങിനു സമീപത്തുള്ളതും മിക്കവാറും എല്ലാ കാര്യത്തിലും ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ളതുമായ ക്വാങ്ങ്ടുങ്ങിൽ നിന്നു വ്യത്യസ്ഥമായി കിയാങ്ങ്സി സാമ്രാജ്യത്വ സ്വാധീനവലയത്തിൽനിന്ന് താരതമ്യേന വളരെ അകലെയാണ്. ഈ മൂന്നു വസ്തുതകളും നാം ഗ്രഹിച്ചുകഴിഞ്ഞാൽ എന്തുകൊണ്ടാണ് കിയാങ്ങ്സി പ്രവിശ്യയിൽ മറേറതൊരു പ്രവിശ്യയിലുള്ളതിനേക്കാളും ചുവപ്പുസേനയും ഗറില്ലാ യൂണിററുകളും എത്രയോ കൂടുതലുള്ളതെന്നും അവിടെ ഗ്രാമീണ ഉയർത്തെഴുന്നേല്പുകൾ കൂടുതൽ വ്യാപകമെന്നും നമുക്ക് മനസിലാക്കാൻ കഴിയുന്നതാണ്.

അപ്പോൾ 'വിപ്ളവത്തിൻെറ ഒരു വേലിയേററം ഉടനെ ഉണ്ടാകും' എന്ന പ്രസ്താവനയിലെ 'ഉടനെ' എന്ന വാക്കിനെ നാം എങ്ങിനെയാണ് വ്യാഖ്യാനിക്കേണ്ടത്? സഖാക്കളുടെയിടയിലുള്ള ഒരു സാധാരണ ചോദ്യമാണിത്. മാർക്സിസ്ററുകാർ ഭാഗ്യപ്രവചനം നടത്തുന്നവരല്ല. ഭാവിയിലുണ്ടാകുന്ന സംഭവ വികാസങ്ങളുടെയും മാററങ്ങളുടെയും സാമാന്യ ഗതിയെ സൂചിപ്പിക്കുക മാത്രമേ അവർ ചെയ്യാവൂ, അതവർക്ക് തീർച്ചയായും കഴിയുന്നതുമാണ്. യാന്ത്രികമായ രീതിയിൽ ദിവസവും മണിക്കൂറും അവർ നിർണയിക്കാൻ പാടുള്ളതല്ല, അതവർക്കു തീർച്ചയായും കഴിയുന്നതുമാണ്. ചൈനയിൽ ഉടനേ തന്നെ വിപ്ളവത്തിൻെറ ഒരു വേലിയേററം ഉണ്ടാകും എന്ന് ഞാൻ പറയുമ്പോൾ ഞാൻ നിശ്ചയമായും, ചിലരുടെ വാക്കുകളിൽ പറഞ്ഞാൽ 'വരാൻ സാദ്ധ്യതയുള്ള', വ്യാമോഹം പരത്തുന്ന, അപ്രാപ്യമായ, പ്രവർത്തനത്തിൻെറ കാര്യത്തിൽ പ്രാധാന്യമേ ഇല്ലാത്ത, എന്തിനെയെങ്കിലും കുറിച്ചല്ല സംസാരിക്കുന്നത്. പുറം കടലിൽ വളരെയകലെയാണെങ്കിലും, കരയിൽ നിന്നുകൊണ്ട് പാമരത്തിൻെറ അഗ്രഭാഗം കണ്ടുതുടങ്ങിയ ഒരു കപ്പൽ പോലെയാണത്; ഉയർന്നൊരു മലമുകളിൽ നിന്നു നോക്കുമ്പോൾ പൂർവദിക്കിൽ കാണുന്ന ആദ്യകിരണങ്ങൾ വീശുന്ന പ്രഭാതസൂര്യനെപ്പോലെയാണത്; തൻെറ അമ്മയുടെ ഗർഭപാത്രത്തിൽ ജനിക്കാൻ വെമ്പൽ പൂണ്ട്, അസ്വസ്ഥതയോടെ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ശിശുവിനെപ്പോലെയാണത്.

# കുറിപ്പുകൾ

1. സഖാവ് ഫാങ്ങ് ചിഹ്–മിൻ കിയാങ്ങ്സി പ്രവിശ്യയിലെ യിയാങ്ങ് സ്വദേശിയും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ആറാം കേന്ദ്രകമ്മിററി അംഗവും വടക്കുകിഴക്കൻ കിയാങ്ങ്സിയിലെ ചുവപ്പു പ്രദേശത്തിന്റെയും പത്താം ചുകപ്പു സേനയുടെയും സ്ഥാപകനും ആയിരുന്നു. 1934–ൽ ജാപ്പനീസ് ആക്രമണകാരികളെ ചെറുത്തു നിൽക്കാനായി, വടക്കോട്ടു മാർച്ചു ചെയ്തുകൊണ്ട്, ചുവപ്പുസേനയുടെ മുന്നണി വിഭാഗത്തെ അദ്ദേഹം നയിച്ചു. 1935 ജനുവരിയിൽ, പ്രതിവിപ്ലവ കൂമിന്താങ്ങ് സേനകൾക്കെതിരായുള്ള യുദ്ധത്തിൽ ചിഹ്–മിൻ തടവുകാരനായി പിടിക്കപ്പെട്ടു. ജൂലൈ മാസത്തിൽ കിയാങ്ങ്സിയിലെ നാഞ്ചാങ്ങിൽവച്ച് രക്തസാക്ഷിയുടേതായ മരണത്തെ അദ്ദേഹം നേരിട്ടു.

2. വിപ്ലവത്തിന്റെ ആത്മനിഷ്ഠശക്തികളെന്നാൽ വിപ്ലവത്തിന്റെ സംഘടിത ശക്തികളെന്നർത്ഥം.

3. ഒരു കൂമിന്താങ്ങ് യുദ്ധപ്രഭുവായ ലുററി–പിങ്ങ് 1928–ൽ ഹുനാൻ പ്രവിശ്യയിലെ കൂമിന്താങ്ങ് ഗവർണ്ണറായിരുന്നു.

4. 1929 മാർച്ച്–ഏപ്രിലിലെ, നാങ്കിങ്ങ് യുദ്ധപ്രഭുവായ ചിയാങ്ങ് കൈഷക്കും, കിയാങ്ങ്സി പ്രവിശ്യയിലെ യുദ്ധപ്രഭുക്കളായ ലിസുംഗ്–ജന്നും പായ്ചുങ്ങ്–ഹ്സിയും തമ്മിലുള്ള യുദ്ധം.

5. ചിങ്ങ്കാങ്ങ് പർവതങ്ങളിലെ ചുവപ്പുസേനയുടെ വിപ്ലവ താവളപ്രദേശത്തിനെതിരായി, ഹുനാനിലെയും കിയാങ്ങ്സിയിലെയും കൂമിന്താങ്ങ് യുദ്ധപ്രഭുക്കൾ നടത്തിയ 1928 അവസാനം മുതൽ 1929 ആദ്യംവരെ നീണ്ടുനിന്ന, മൂന്നാമത്തെ ആക്രമണം.

6. മെൻഷിയസിന്റെ (ഒരു ചൈനീസ് തത്വചിന്തകൻ) ഒരു ഉദ്ധരണിയാണിത്. അദ്ദേഹം പ്രജാക്ഷേമതല്പരനായ ഒരു ഭരണാധികാരിയെ കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിലേയ്ക്കു സ്വന്തം ജനങ്ങളെ പായിച്ചുവിട്ട ക്രൂരനായ ഒരു സ്വേച്ഛാധിപതിയെ, 'ആഴമുള്ള വെള്ളത്തിലേയ്ക്ക് മീനിനെ ഓടിച്ചുവിടുന്ന ഒരു കടൽനായയോ'ട് ഉപമിച്ചു.

7. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ആറാം ദേശീയ കോൺഗ്രസ് 1928 ജൂലൈ മാസത്തിൽ നടത്തപ്പെട്ടു. 1927–ലെ പരാജയത്തിനുശേഷം ചൈനീസ് വിപ്ലവം സ്വഭാവത്തിൽ ബൂർഷ്വാജനാധിപത്യപരമാണെന്നും, അതായത് സാമ്രാജ്യത്വവിരുദ്ധവും ഫ്യൂഡൽ വിരുദ്ധവുമാണെന്നും, വിപ്ലവത്തിന്റെ അനിവാര്യമായ പുതിയ വേലിയേററം ഇനിയും ആസന്നമായിട്ടില്ലാത്തതിനാൽ വിപ്ലവത്തിനുവേണ്ടിയുള്ള പൊതുലൈൻ പൊതുജന പിൻതുണ നേടുക എന്നതാണെന്നും കോൺഗ്രസ് ചൂണ്ടിക്കാണിച്ചു. ആറാം കോൺഗ്രസ് ചെൻടു–ഹ്സ്യൂവിന്റെ വലതു കീഴടങ്ങൽ സ്വഭാവത്തെ ഉൻമൂലനാശം ചെയ്യുകയും 1927 അവസാനത്തിലും 1928 ആദ്യത്തിലും പാർട്ടിയിൽ കടന്നുകൂടിയ ഇടതു പുഷരിസത്തെ നിരാകരിക്കുകയും ചെയ്തു.

8. ബ്രാക്കററുകൾക്കകത്തുള്ള പ്രസ്താവന ഗ്രന്ഥകർത്താവ് കൂട്ടിച്ചേർത്തതാണ്,

9. പടിഞ്ഞാറൻ ഫുക്കിയനിൽ സ്ഥാപിക്കപ്പെട്ട ഭരണം 1929 ൽ നിലവിൽ വന്നു. അപ്പോൾ ചിങ്ങ്കാങ്ങ് പർവതങ്ങളിലെ ചുവപ്പുസേന



ഒരു പുതിയ വിപ്ലവ താവളപ്രദേശം സ്ഥാപിക്കാൻ വേണ്ടി കിഴക്കോട്ടു മാറുകയും ആ പ്രവിശ്യയിലെ പശ്ചിമ ഭാഗത്തുള്ള ലുംഗിയെൻ, യുങ്ങ്ടിങ്ങ്, ഷാംഗാംഗ് എന്നീ കൌണ്ടികളിൽ ജനങ്ങളുടെ വിപ്ലവ രാഷ്ട്രീയാധികാരം സ്ഥാപിക്കുകയും ചെയ്തു.

10. ഉറച്ച താവള പ്രദേശങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് തൊഴിലാളികളുടേയും കർഷകരുടേയും ചുവപ്പുസേന സ്ഥാപിച്ച താരതമ്യേന ഉറച്ച വിപ്ലവ താവളപ്രദേശങ്ങളെയാണ്.

11. ചിയാങ്ങ്പോ–ചെങ്ങ് ചെക്കിയാങ്ങ് പ്രവിശ്യയിലെ കൂമിന്താങ്ങ് സമാധാന സംരക്ഷണ സേനാവിഭാഗത്തിന്റെ കമാൻറർ ആയിരുന്നു.

12. ചെൻകാവോ–ഹ്യൂവും, ലുഹ്സിങ്ങ്–പാങ്ങും കുപ്രസിദ്ധരായ രണ്ടു ഫുക്കിയൻ കവർച്ചക്കാർ ആയിരുന്നു. ഇവരുടെ കീഴിലുള്ള സൈന്യത്തെ കൂമിന്താങ്ങ് സൈന്യത്തോടുകൂടി ചേർത്തു.

13. ചാങ്ങ്ചെൻ കൂമിന്താങ്ങ് സേനയിലെ ഒരു ഡിവിഷണൽ കമാൻററായിരുന്നു.

14. കൂമിന്താങ്ങ് യുദ്ധപ്രഭുവായിരുന്ന ചു പെയ്–ടെഹ് കിയാങ്ങ്സി പ്രവിശ്യയിലെ കൂമിന്താങ്ങ് ഗവർണ്ണരായിരുന്നു.

15. സിയുങ്ങ് ഷി–ഹ്യൂ അന്ന് കിയാങ്ങ്സി പ്രവിശ്യയിലെ കൂമിന്താങ്ങ് സേനയുടെ ഒരു ഡിവിഷണൽ കമാൻററായിരുന്നു.

# സാമ്പത്തിക പ്രവർത്തനത്തിൽ ശ്രദ്ധിക്കുക*

1933 ആഗസ്റ്റ് 20

സാമ്പത്തിക മുന്നണിയിൽ ഒരടിയന്തിര പദ്ധതി
നും സാമ്പത്തിക നിർമ്മാണ കാര്യത്തിൽ സാദ്ധ്യവും നടപ്പാക്കുന്നതി
എല്ലാ കടമകളും നിറവേററുന്നതിനുമായി ആവശ്യവുമായ
ത്താൻ വിപ്ലവയുദ്ധത്തിൻെറ വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന ബഹുജനങ്ങളെ അണിനിര
ണന്ത നമ്മെ നിർബന്ധിതരാക്കിത്തീർക്കുന്നുണ്ട്. തീക്ഷ
ണം, വിപ്ലവയുദ്ധത്തിൽ വിജയം നേടുന്നതിനെ എന്തുകൊണ്ട്? കാര
ണം നമ്മുടെ ഇന്നത്തെ എല്ലാ പ്രയത്നങ്ങളും—അതു ഉന്നം വെച്ചുള്ളതാക
പ്രധാനവുമായി, ശത്രുവിൻെറ അഞ്ചാമത്തെ തന്നെ പ്രഥമവും
ത്തൽ' കാമ്പെയ്ൻ! 'വലയം ചെയ്തടിച്ചമർ
പൂർണ്ണ വിജയം കൈവരിക്കുന്നതിനായിരിക്കണം. തകർത്തു തരിപ്പണമാക്കാനുള്ള പോരാട്ടത്തിൽ
ഭക്ഷണവും മററു വിഭവങ്ങളും ലഭ്യമാക്കുന്നതുറപ്പാക്കുന്ന ചുവപ്പുസേനയ്ക്ക്
ഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കും, ജന ജീവിതം ഭൗതിക സാ
തിലേക്കും അതുവഴി വിപ്ലവയുദ്ധത്തിൽ മെച്ചപ്പെടുത്തുന്ന
ജീവ പങ്കാളിത്തത്തെ ഉത്തേജിപ്പിക്കുന്നതിലേക്കും, അവരുടെ വർദ്ധിച്ച സ
കരിച്ച ബഹുജന ശക്തി ലഭിക്കുമാറ് യുദ്ധത്തിനു നവീ
ഹുജനങ്ങളെ സംഘടിപ്പിക്കുന്നതിലേക്കും സാമ്പത്തിക മണ്ഡലത്തിൽ ബ
ക്കും, സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലൂടെ അവരുടെ വിദ്യാഭ്യാസത്തിലേ
സഖ്യവും തൊഴിലാളികളുടേയും കർഷകരുടെയു, തൊഴിലാളി—കർഷക
ധിപത്യവും സുദൃഢീകരിക്കുക, ജനാധിപത്യ സർവാ
മാക്കുക എന്നിവയിലേക്കും തൊഴിലാളിവർഗനേതൃത്വം ശക്ത
ഈ ലക്ഷ്യങ്ങളെല്ലാം ഉന്നം വെച്ചുള്ളതാകണം ആ പരിശ്രമങ്ങൾ.
നിർമ്മാണം നിറവേററുന്നതിന് അപ്രകാരമുള്ള സാമ്പത്തിക
ട്ടുള്ള ഓരോരുത്തരും അത്യാവശ്യമാണ്. വിപ്ലവപ്രവർത്തനത്തിൽ ഏർപ്പെട്ടി
പ്ലവയുദ്ധത്തിൽ തന്നെ ഇതു വ്യക്തമായി മനസിലാക്കണം. ആളുകൾ വി
ണത്തിനു സമയം കണ്ടെത്തുക വ്യാപൃതരായിരിക്കെ സാമ്പത്തിക നിർമ്മാ
കരുതിയിട്ടുണ്ട്. അസാദ്ധ്യമാണെന്ന് ചില സഖാക്കൾ
വർ 'വലതു പാളിച്ചക്കാർ' അത്തരം കാര്യങ്ങൾക്കായി വാദിക്കുന്ന ആരെയും അ
വരുടെ അഭിപ്രായത്തിൽ, എന്നു പഴിക്കുകയും ചെയ്തിട്ടുണ്ട്. അ
ദ്ധ്യവും അന്തിമ വിജയത്തിനുശേഷം ഒരു വിപ്ലവയുദ്ധത്തിനിടയ്ക്ക് അസാ
വും സ്വച്ഛവുമായ സാഹചര്യങ്ങളിൽ നിലവിൽ വരുന്ന സമാധാനപര
ണ് സാമ്പത്തിക നിർമ്മാണം. സഖാക്കളെ, മാത്രം സാദ്ധ്യവുമായ ഒന്നാ
തെററാണ്. സമ്പദ് വ്യവസ്ഥ അത്തരം വീക്ഷണങ്ങൾ
ത്തിനുള്ള ഭൗതികമായ മുന്നുപാധികൾ കെട്ടിപ്പടുക്കാതെ, വിപ്ലവയുദ്ധ
വും, നീണ്ടൊരു യുദ്ധത്തിൻെറ കൈവരിക്കാൻ അസാദ്ധ്യമാണെന്ന
ക്ഷീണരായിത്തീരുമെന്നും കാലദൈർഘ്യത്തിൽ ജനങ്ങൾ പരി
മനസിലാക്കാൻ ഇത്തരം വീക്ഷണമുള്ളവർ

* 1933 ആഗസ്ററിലെ തെക്കൻ കിയാങ്ങ്സിയിലെ പതിനേഴു കൗ
ണ്ടികളുടെ സാമ്പത്തിക നിർമ്മാണ കോൺഗ്രസിലാണ് ഈ പ്രസം
ഗം ചെയ്തത്.



ക്ക് കഴിയാതെ പോകുന്നു. ഒന്നോർത്തു നോക്കൂ! ശത്രു ഒരു സാമ്പ
ത്തിക ഉപരോധം അടിച്ചേൽപ്പിക്കുകയാണ്, കഴുത്തറുപ്പൻ കച്ചവടക്കാ
രും പലിശക്കാരും നമ്മുടെ ധനസ്ഥിതിയേയും വ്യാപാരത്തേയും
താറുമാറാക്കുകയാണ്. പുറംപ്രദേശങ്ങളുമായി ചുവപ്പുപ്രദേശങ്ങൾ
നടത്തുന്ന കച്ചവടം ഗുരുതരമായിരിക്കയാണ്. ഈ വൈഷമ്യങ്ങളെ അ
തിജീവിക്കാതിരുന്നാൽ, അതു വിപ്ലവയുദ്ധത്തെ ഗുരുതരമായി ബാ
ധിക്കില്ലേ? ഉപ്പിന് തീപിടിച്ച വിലയാണ്, അതു പലപ്പോഴും കിട്ടാ
നുമില്ല. അരിക്ക് ശരത്കാലത്തും ശൈത്യകാലത്തും വില കുറവാണെ
ങ്കിലും വസന്തത്തിലും വേനലിലും അതിനു ഭയങ്കരമായി വിലയേറുന്നു.
ഇവയെല്ലാം തൊഴിലാളികളുടേയും കർഷകരുടേയും ജീവിതത്തെ നേ
രിട്ടു ബാധിക്കുകയും ഏതൊരു പുരോഗതിയേയും തടയുകയും ചെയ്യു
ന്നു. ഇത് നമ്മുടെ അടിസ്ഥാന ലൈനിനെ—തൊഴിലാളി കർഷകസ
ഖ്യത്തെ—ബാധിക്കുന്നില്ലേ? ആയതുകൊണ്ട്, വിപ്ലവയുദ്ധത്തിനിട
ക്ക് ഒരു സാമ്പത്തിക നിർമ്മാണവും ഏറെറടുത്തു നടത്തേണ്ടതില്ലെന്നു ക
രുതുന്നത് തീർത്തും തെററാണ്. അത്തരത്തിൽ ചിന്തിക്കുന്നവർ പല
പ്പോഴും പറയുന്നത് എല്ലാകാര്യങ്ങളും യുദ്ധയത്നങ്ങൾക്കു കീഴ്പ്പെ
ട്ടിരിക്കണമെന്നാണ്. എന്നാൽ എല്ലാകാര്യങ്ങളേയും അതിനു കീഴ്പ്പെടു
ന്നതിനേക്കാളേറെ സാമ്പത്തിക നിർമ്മാണം മാററിവെയ്ക്കുന്നത് യുദ്ധ
യത്നങ്ങളെ ക്ഷീണിപ്പിക്കുമെന്നു മനസിലാക്കാൻ അവർക്കു കഴിയു
ന്നില്ല. വിപ്ലവയുദ്ധത്തിനു പര്യാപ്തമായ ഭൗതികാടിത്തറ ഒരു
ക്കുന്നതിനും നമ്മുടെ കടന്നാക്രമണങ്ങളുമായി സുഗമമായി മുന്നേറു
തിനും ശത്രുവിൻെറ 'വലയം ചെയ്തടിച്ചമർത്തൽ' നടപടികൾക്കു
ഫലപ്രദമായ പ്രഹരങ്ങൾ ഏല്പിക്കുന്നതിനും നമുക്കു കഴിയുക,
സാമ്പത്തിക മണ്ഡലത്തിലെ പ്രവർത്തനം വിപുലീകരിച്ചുകൊണ്ടും
ചുവപ്പുപ്രദേശങ്ങളിലെ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുത്തുകൊണ്ടും മാ
ത്രമാണ്. അങ്ങനെ മാത്രമേ ചുവപ്പുസേനയെ വിപുലീകരിക്കാൻ മാത്രം
വിഭവശേഖരണം നടത്താനും സാഹചര്യങ്ങൾ അനുകൂലമെന്നു തെളിയു
മ്പോൾ, എല്ലാ ഉൽക്കണ്ഠകളിൽ നിന്നും മുക്തമായി നാൻചാങ്ങിനെ
യുംകിയുക്യാങ്ങിനെയും ആക്രമിക്കാൻ കഴിയുമാറ് പുറത്ത് ആയിരക്ക
ണക്കിനു 'ലി' ദൂരസ്ഥാനങ്ങളിലേക്ക് നമ്മുടെയുദ്ധമുന്നണിയെ തള്ളി
ക്കൊണ്ടുപോകാനും അങ്ങനെ സ്വയം നിത്യോപയോഗസാധനങ്ങൾ തേ
ടിപ്പിടിക്കുന്ന കടമയിൽ നിന്ന് ഒട്ടാകെ ഒഴിവായിക്കൊണ്ട് പോരാട്ട
ത്തിൽ അവിഭക്തശ്രദ്ധ നൽകാനും നമുക്കു കഴിയൂ. അങ്ങനെമാത്രമേ,
ജനങ്ങൾ ഇനിയുമേറിയ ആവേശത്തോടെ ചുവപ്പുസേനയിൽ ചേരുകയും
അല്ലെങ്കിൽ ഇതര വിപ്ലവകടമകൾ ഏറെറടുക്കുകയും ചെയ്യുമാറ് അ
വരുടെ ഭൗതികാവശ്യങ്ങൾ ഒരു പരിധിവരെ തൃപ്തിപ്പെടുത്താൻ നമു
ക്കുകഴിയൂ. എല്ലാത്തിനേയും യുദ്ധയത്നങ്ങൾക്കു കീഴ്പ്പെടുത്തുക എ
ന്നതിനർത്ഥം ഇതുമാത്രമാണ്. വിവിധ സ്ഥലങ്ങളിൽ വിപ്ലവ പ്ര
വർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവരിൽ പലരും, വിപ്ലവയുദ്ധത്തിൽ
സാമ്പത്തികനിർമ്മാണത്തിൻെറ പ്രാധാന്യം ഇപ്പോഴും മനസിലാക്കുന്നില്ല
സാമ്പത്തിക നിർമ്മാണപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിൽ ശ്രദ്ധവെക്കാ
ത്ത പലപ്രാദേശിക സർക്കാരുകളുമുണ്ട്. പ്രാദേശിക സർക്കാരുകളു
ടെ സാമ്പത്തിക വകുപ്പുകൾ ഇപ്പോഴും സുസംഘടിതമല്ല. പലതും ഇ
പ്പോഴുമൊരു ഡയറക്ടർഇല്ലാത്തതും മററുള്ളവ തസ്തികനികത്താ
ൻ തക്കയോഗ്യതയില്ലാത്ത ചിലരെ നിയോഗിച്ചിട്ടുള്ളവയുമാണ്. സ
ഹകരണ സംഘങ്ങളുടെ രൂപീകരണം ഇപ്പോഴും ആരംഭഘട്ടത്തിലാണ്,
ഭക്ഷ്യവസ്തുവിതരണ ക്രമീകരണപ്രവർത്തനം കുറച്ചു സ്ഥലങ്ങളിൽ
മാത്രമേയുള്ളൂ. സാമ്പത്തിക നിർമ്മാണപ്രവർത്തനത്തിനായി ജനങ്ങൾ
ക്കിടയിൽ പ്രചരണമുണ്ടായിട്ടില്ല. (അത്തരം പ്രചരണം വളരെ പ്ര
ധാനമായിരുന്നിട്ടും) അതിനായി ബഹുജനാവേശം തട്ടിയുണർത്തപ്പെട്ടി

ട്ടുമില്ല. ഇതെല്ലാം സാമ്പത്തിക നിർമ്മാണത്തിന്റെ പ്രാധാന്യം അംഗീക
രിക്കുന്നതിലുള്ള വീഴ്ച കാരണമാണുണ്ടാവുന്നത്. ഈ കോൺഫ്രൻ
സിലെ ചർച്ചകളിലൂടെയും നിങ്ങൾ നിങ്ങളുടെ തസ്തികകളിൽ തി
രിച്ചെത്തുമ്പോൾ നടത്തുന്ന റിപ്പോർട്ടുകളിലൂടെയും എല്ലാ സർക്കാരു
ദ്യോഗസ്ഥൻമാരുടെയും എല്ലാ തൊഴിലാളികളുടെയും കർഷകരുടെയും
ഇടയ്ക്ക് കൂട്ടായ ആവേശം നമ്മൾ സൃഷ്ടിക്കണം. സാമ്പത്തിക നി
മ്മാണ കടപ്പത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കുകയും സഹകരണപ്ര
സ്ഥാനം വികസിപ്പിക്കുകയും എല്ലായിടത്തും ക്ഷാമ നിവാരണത്തി
നായി പൊതുവായ ധാന്യക്കലവറകളും സംഭരണശാലകളും സ്ഥാപി
ക്കുകയും ചെയ്യുന്നതിനു തങ്ങളാലാവുന്നതെല്ലാം ചെയ്യിക്കത്തക്കവിധം
ഓരോരുത്തർക്കും, വിപ്ളവയുദ്ധത്തിനായുള്ള സാമ്പത്തിക നിർമ്മാണ
ത്തിന്റെ പ്രാധാന്യം വ്യക്തമാക്കികൊടുക്കണം. ഭക്ഷ്യവിതരണക്രമീ
കരണത്തിനായി, പ്രധാനമായ ജില്ലകളിലും ചന്തസ്ഥലങ്ങളിലും ബ്രാ
ഞ്ച് ഓഫീസുകളോടു കൂടിയ ഒരു ഉപവകുപ്പ് ഓരോ കൗണ്ടിയും ഏർ
പ്പെടുത്തണം. ഒരു വശത്ത് ചുവപ്പുപ്രദേശങ്ങൾക്കകത്ത്, ഒരി
ടത്ത് കുന്നുകൂടുകയും മറ്റൊരിടത്ത് ലഭ്യമല്ലാതിരിക്കയും, ഒരിടത്ത്
വല്ലാതെ വിലയിടുകയും മറ്റൊരിടത്ത് വല്ലാതെ കുതിച്ചുകയറുകയും
ചെയ്യാത്തവിധം നമ്മൾ കമ്മിപ്രദേശങ്ങളിലേക്ക് മിച്ചപ്രദേശങ്ങളിൽനി
ന്ന് ധാന്യമയക്കണം. മറുവശത്ത് നമ്മുടെ മിച്ചമുള്ള ഭക്ഷ്യധാന്യം ചു
വപ്പുപ്രദേശങ്ങളിൽനിന്ന് ഒരാസൂത്രിതരീതിയിൽ (പരിധിയില്ലാത്ത
അളവിലല്ല) പുറത്തയക്കുകയും അവശ്യവസ്തുക്കൾ വെള്ളഭരണ പ്രദേശ
ങ്ങളിൽനിന്ന് കൊണ്ടുവരികയും അങ്ങനെ കഴുത്തറുപ്പൻമാരായ കച്ചവട
ക്കാരുടെ ചൂഷണം ഒഴിവാക്കുകയും വേണം. കൃഷിയും കൈത്തൊഴി
ലുകളും വികസിപ്പിക്കുന്നതിനും വരുംകൊല്ലം കൂടുതൽ വലിയൊരു
വിളവ് ഉറപ്പുവരുത്തുന്നതിനുമായി കാർഷികോപകരണങ്ങളുടെയും,
കുമ്മായത്തിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നാമെല്ലാം ന
മുക്കാവുന്നതൊക്കെ ചെയ്യണം. ടങ്സ്റ്റൻ ലോഹഅയിര്, തടി, കർ
പ്പൂരം, കടലാസ്, പുകയില, ലിനൻ, ഉണക്കിയ കൂണുകൾ, ചെപ്പർ
മിൻറ് എണ്ണ എന്നിവപോലുള്ള പ്രാദേശികോല്പന്നങ്ങളുടെ ഉല്പാദന
ത്തോതു മുൻസ്ഥിതിയിലേക്കു വർദ്ധിപ്പിക്കുകയും അവ വെള്ള (ഭര
ണ) പ്രദേശങ്ങളിൽ വൻതോതിൽ വില്പന നടത്തുകയും വേണം. പു
റംപ്രദേശത്തേക്ക് അയക്കപ്പെടുന്ന നമ്മുടെ പ്രധാന വില്പനചരക്കുക
ളിൽ അളവിൽ ഒന്നാം സ്ഥാനത്തുനില്ക്കുന്നത് ധാന്യമാണ്. ഏകദേ
ശം മുപ്പതുലക്ഷം പിക്കൾ അല്ലെങ്കിൽ മുപ്പതുലക്ഷം ജനസംഖ്യ വരു
ന്നതിൽ ഒരാൾക്ക് ശരാശരി ഒരു പിക്കൾ നെല്ല് അത്യാവശ്യനിത്യോപ
യോഗ വസ്തുക്കളുടെ മറുകച്ചവടത്തിനായി വർഷംതോറും പുറത്തയക്ക
പ്പെടുന്നു. അത് ഇതിലേറെ കുറക്കാനാവില്ലെന്നതു ശരിതന്നെ. എ
ന്നാൽ ആരാണീ കച്ചവടം കൈകാര്യം ചെയ്യുന്നത്? ഈ ഇടപാടിൽ നമ്മെ
കണ്ണിൽ ചോരയില്ലാതെ ചൂഷണം ചെയ്യുന്ന വ്യാപാരികളാണ് ഇതു മു
ഴുവൻ കൈകാര്യം ചെയ്യുന്നത്. കഴിഞ്ഞകൊല്ലം അവർ വാനാൻ, ടായ്
ഹോ എന്നീ കൗണ്ടികളിലെ കർഷകരിൽനിന്ന് ഒരു പിക്കളിന് അഞ്ചു
സെൻറ് എന്ന തോതിൽ നെല്ല് വാങ്ങുകയും നാലു യുവാൻ നിരക്കിൽ
കാഞ്ചോവിൽ അത് വില്ക്കുകയും ചെയ്തു. ഉണ്ടാക്കിയത് അഞ്ചി
രട്ടി ലാഭം. മറ്റൊരു ദൃഷ്ടാന്തമെടുക്കാം, ഓരോ വർഷവും നമ്മുടെ മു
പ്പതുലക്ഷം ജനങ്ങൾക്ക് തൊണ്ണൂറു ലക്ഷം യുവാൻ വിലയ്ക്കുള്ള
ഉപ്പും അറുപത് ലക്ഷം യുവാൻ വിലയ്ക്കുള്ള പരുത്തിത്തുണിയും
ആവശ്യമുണ്ട്. ഈ ഉപ്പിന്റെയും തുണിയുടെയും ഒന്നരക്കോടി യുവാ
ന്റെ കച്ചവടം പൂർണമായും വ്യാപാരികളുടെ കൈകളിലാണെന്ന് പ്ര
ത്യേകം പറയേണ്ടതില്ലല്ലോ; നമ്മളാകട്ടെ ഇതു സംബന്ധമായി ഒന്നും
ചെയ്തിട്ടുമില്ല. വ്യാപാരികളുടെ ചൂഷണം യഥാർത്ഥമായും ഭീമമാ



ണ്. ഉദാഹരണത്തിന് അവർ മെയ്ഹ്സീനിൽ പോയി ഒരു യുവാന്
ഏഴുകാററി എന്ന തോതിൽ ഉപ്പു വാങ്ങി, ഒരു യുവാന് പന്ത്രണ്ട്
ഔൺസ് എന്ന തോതിൽ നമ്മുടെ പ്രദേശങ്ങളിൽ വില്ക്കുന്നു. ഇത്
നടുക്കമുണ്ടാക്കുന്ന കൊള്ളലാഭമടിക്കലല്ലേ? ഇത്തരമൊരു സ്ഥിതിഗതി
യെ ഇനിമേൽ നമ്മൾ അവഗണിച്ചുകൂടാ. ഇപ്പോൾ മുതൽ ഈ കച്ചവടം ന
മ്മൾ സ്വയം കൈകാര്യം ചെയ്യണം. പുറംപ്രദേശങ്ങളുമായി കച്ചവട
ത്തിനുള്ള നമ്മുടെ വകുപ്പ് ഇതു സംബന്ധിച്ച് വമ്പിച്ച ശ്രമം ചെയ്യ
ണം.

സാമ്പത്തിക നിർമ്മാണബോണ്ടുകളിൽനിന്നുള്ള മുപ്പതുലക്ഷം
യുവാൻ നമ്മൾ എങ്ങനെയാണുപയോഗിക്കുക? താഴെ പറയും പ്രകാരം
അതുപയോഗിക്കാനാണ് നമ്മുടെ പരിപാടി. ചുവപ്പുസേനയുടെ യു
ദ്ധച്ചിലവിന് പത്തു ലക്ഷം അനുവദിക്കും. സഹകരണസംഘങ്ങൾ
ഭക്ഷ്യസാധനവിതരണക്രമീകരണബ്യൂറോ, പുറം കച്ചവടബ്യൂറോ എന്നി
വയുടെ മൂലധനത്തിനായി 20 ലക്ഷം കടം കൊടുക്കും. രണ്ടാമത്തെ തുക
യുടെ ഭീമഭാഗവും പുറംകച്ചവടംവികസിപ്പിക്കുന്നതിനും ശേഷിക്കുന്നത്
ഉല്പാദനവികസനത്തിനും ഉപയോഗിക്കും. ഉല്പാദന വികസനം മാത്ര
മല്ല നമ്മുടെ ലക്ഷ്യം— വെള്ള പ്രദേശങ്ങളിൽ നമ്മുടെ ഉല്പന്നങ്ങൾ
നല്ല വിലക്കു വില്ക്കുകയും ഉപ്പും തുണിയും നമ്മുടെ ജനങ്ങൾക്ക്
വിതരണം ചെയ്യാനായി ആദായവിലക്കു വാങ്ങുകയും അതുവഴി ശത്രു
വിന്റെ ഉപരോധം തകർക്കുകയും വ്യാപാരികളുടെ ചൂഷണം നിയന്ത്രി
ക്കുകയും കൂടിയാണ്. നമ്മൾ ജനകീയസമ്പദ് വ്യവസ്ഥയുടെ തുടർ
ന്നുള്ള വളർച്ച ഒരുക്കിയെടുക്കുകയും ബഹുജനങ്ങളുടെ ഉപജീവനമാർ
ഗങ്ങൾ വൻതോതിൽ മെച്ചപ്പെടുത്തുകയും തദനുസൃതമായി നമ്മുടെ പൊ
തുനികുതിപിരിവ് വർദ്ധിപ്പിക്കുകയും വേണം. അങ്ങനെ വിപ്ള
വയുദ്ധത്തിനും സാമ്പത്തികനിർമ്മാണത്തിനുമുള്ള ഉറച്ച ഭൗതികാടി
ത്തറയുണ്ടാകും. ഇതൊരു ബൃഹത്തായ കടമയാണ്, വമ്പിച്ച ഒരു വർഗ
സമരം. പക്ഷേ, നാം സ്വയം ചോദിച്ചുപോകും; ഉഗ്ര പോരാട്ടത്തിനിട
യിൽ ഇതു സാക്ഷാത്കരിക്കാനാകുമോ? ഞാൻ കരുതുന്നു, അതു കഴി
യുമെന്ന്. ലുങ്ങ്യാനിലേക്ക് ഒരു തീവണ്ടിപ്പാത പണിയുന്നതിനെപ്പററി
യോ അഥവാ തൽക്കാലം, കാൻചോവിലേക്ക് ഒരു മോട്ടോർ റോഡുണ്ടാ
ക്കുന്നതിനെപ്പററിയോ പോലും അല്ല നമ്മൾ സംസാരിക്കുന്നത്. ധാന്യ
ക്കച്ചവടത്തിൽ പരിപൂർണമായ ഒരു കുത്തക നമുക്കുണ്ടാകണമെന്നോ,
ഒന്നരക്കോടി യുവാൻ തുകവരുന്ന ഉപ്പ്, തുണി എന്നിവയുടെ കച്ചവടം
മൊത്തം വ്യാപാരികളെ അപ്പാടെ ഒഴിവാക്കിക്കൊണ്ട്, സർക്കാർ കൈകാ
ര്യം ചെയ്യണമെന്നോ അല്ല നമ്മൾ പറയുന്നത്. നമ്മൾ ഉന്നയിക്കുന്ന അ
ഥവാ, ചെയ്യാൻ ശ്രമിക്കുന്ന കാര്യം അതല്ല. കൃഷിയും കൈത്തൊഴി
ലും വികസിപ്പിക്കുകയും, ഇരുപതു ലക്ഷം യുവാന്റെ ഒരു ഫണ്ടും
അതിന്റെകൂടെ ജനങ്ങൾ മുടക്കുന്ന പണവും ചേർത്ത് തൽക്കാലം ആരം
ഭിക്കാവുന്നവിധം ഉപ്പിനും തുണിക്കുംവേണ്ടിയുള്ള മറുകച്ചവടത്തിനാ
യി ധാന്യവും ടങ്സ്റ്റൺ ലോഹഅയിരും പുറത്തേക്കയക്കുകയും ചെ
യ്യുക എന്ന കാര്യമാണ് നമ്മൾ പറയുന്നതും ചെയ്യാൻ ശ്രമിക്കുന്നതും.
നമുക്ക് നടപ്പാക്കി കൂടാത്തതായോ, അഥവാ നടപ്പാക്കാനാവാത്തതും നേ
ടാനാവാത്തതുമായോ എന്തെങ്കിലും ഇക്കാര്യത്തിലുണ്ടോ? ഈ ജോലി ന
മ്മൾ ഇപ്പോഴേ, തുടങ്ങുകയും ചില ഫലങ്ങൾ നേടുകയും ചെയ്തു
കഴിഞ്ഞിട്ടുണ്ട്. ഇക്കൊല്ലത്തെ ശരത്കാല വിളവ് കഴിഞ്ഞ കൊല്ലത്തേ
തിനേക്കാൾ 20–25 ശതമാനം കൂടുതലാണ്; അതായത് നമ്മൾ ആദ്യം
ഉദ്ദേശിച്ചിരുന്ന 20 ശതമാനത്തിന്റെ വർദ്ധനയേക്കാൾ ഏറെ കൈത്തൊ
ഴിൽ വ്യവസായത്തിൽ കാർഷികോപകരണങ്ങളുടെയും, കുമ്മായത്തി
ന്റെയും ഉല്പാദനം പുനഃസ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കയാണ്; ട
ങ്സ്റ്റൺ ലോഹഅയിരിന്റെ ഉല്പാദനം പുനഃസ്ഥാപിക്കാൻ തു

ങ്ങിയിരിക്കയാണ്. പുകയില, കടലാസ്, തടി എന്നിവയുടെ ഉല്
പാദനം ഭേദപ്പെട്ടുകൊണ്ടിരിക്കയാണ്. ഭക്ഷ്യവസ്തു വിതരണത്തി
ൻെറ ക്രമീകരണം ഇക്കൊല്ലം കുറെയൊക്കെ നടപ്പിലായിട്ടുണ്ട്. ഉപ്പ് ഇ
റക്കുമതി ചെയ്യുന്നതിൻെറ തുടക്കം കുറിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളാണ്
വർദ്ധമാനമായ പുരോഗതിയുടെ സാദ്ധ്യതയിൽ നമുക്കുള്ള വിശ്വാസ
ത്തിനാധാരം. സാമ്പത്തികനിർമ്മാണം ഇപ്പോഴം അസാദ്ധ്യമാണെന്നും
യുദ്ധമവസാനിക്കുംവരെ അതിന് കാത്തിരിക്കേണ്ടതുണ്ടെന്നും പറയു
ന്നത് സ്പഷ്ടമായും തെററല്ലേ?

ഇന്നത്തെ ഘട്ടത്തിൽ, സാമ്പത്തിക നിർമ്മാണം, നമ്മുടെ കേന്ദ്രകട
മയായ വിപ്ളവയുദ്ധത്തിന് അനുബന്ധമായി തന്നെ നടക്കേണ്ടതാ
ണെന്ന് ഇപ്രകാരം വ്യക്തമാണ്. വിപ്ളവയുദ്ധം ഇന്നു നമ്മുടെ
കേന്ദ്രകടമയാണ്; അതിനെ സേവിക്കുന്നതും കേന്ദ്രമായിവർത്തിക്കുന്ന
തും അതിനു കീഴ്പ്പെട്ടു നിർവഹിക്കപ്പെടുന്നതുമാണ് സാമ്പത്തിക
നിർമ്മാണം. വിപ്ളവയുദ്ധത്തെ മറന്ന്, നമ്മുടെ ഇപ്പോഴത്തെ പ്രവർ
ത്തനങ്ങളുടെയെല്ലാം കേന്ദ്രമായി സാമ്പത്തിക നിർമ്മാണത്തെ കണക്കാ
ക്കുന്നതും വിപ്ളവ യുദ്ധത്തിൽനിന്ന് അന്യമായി അതു നടപ്പാക്കു
ന്നതും ഒരേപോലെ തെററാണ്. ആഭ്യന്തരയുദ്ധം അവസാനിക്കുംവരെ,
സാമ്പത്തിക നിർമ്മാണത്തെ നമ്മുടെ പ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്ര
മായി കണക്കാക്കുക സാദ്ധ്യമല്ല, അത് ആവശ്യവുമല്ല. ഇപ്പോഴല്ല,
ഭാവിയിൽ മാത്രം ചെയ്യാനാവുന്നതും ചെയ്യേണ്ടതുമായ അത്തരം സമാധാ
നകാല സാമ്പത്തിക നിർമ്മാണം നടപ്പിലാക്കാൻ ആഭ്യന്തരയുദ്ധത്തി
നിടയ്ക്കു ശ്രമിക്കുന്നത് തനിമായാഭ്രമമാണ്. യുദ്ധത്തിൻെറ അടി
യന്തിരാവശ്യങ്ങളെന്തോ, അതാണിന്നത്തെ കടമകൾ. അവയോരോന്നും
യുദ്ധത്തെ സേവിക്കണം; യുദ്ധത്തിൽനിന്ന് വേർപെട്ടുകൊണ്ടുള്ള
ഒരു സമാധാനകാല സംരംഭമല്ല അവയൊന്നും തന്നെ. യുദ്ധത്തിൽനിന്ന്
അന്യമായി സാമ്പത്തിക നിർമ്മാണം നിർവഹിക്കുന്നതിൻേറതായ ആശ
യം ഏതെങ്കിലും സഖാവ് വെച്ചുപുലർത്തുന്നുണ്ടെങ്കിൽ, ഉടനെ അയാ
ളതു തിരുത്തണം.

ശരിയായൊരു നേതൃത്വശൈലിയും ശരിയായ പ്രവർത്തനശൈലി
കളും കൂടാതെ സാമ്പത്തിക രംഗത്ത് അതിവേഗതയുള്ള ഒരു സംഘടി
തപ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ അസാദ്ധ്യമായിരിക്കും.
ഇതും ഈ കോൺഫ്രൻസ് പരിഹരിക്കേണ്ടതായ ഒരു പ്രധാന പ്രശ്നം
അവതരിപ്പിക്കുന്നു. എന്തെന്നാൽ, ഇവിടെയുള്ള സഖാക്കൾ തിരിച്ചെ
ത്തുന്നതോടെ വളരെ കാര്യങ്ങൾ നിർവഹിക്കുകയും, അവരോടൊപ്പം പ്ര
വർത്തിക്കാൻ പോകുന്ന അനേകമാളുകൾക്ക് മാർഗദർശനം നൽകുകയും
ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ചും, ചെറുപട്ടണ-നഗരതലങ്ങളിലും,
സഹകരണസംഘങ്ങൾ, ഭക്ഷ്യവകുപ്പുകൾ, കച്ചവട വകുപ്പുകൾ, ക്രയ
ഓഫീസുകൾ എന്നിവയിലും ജോലി ചെയ്യുന്ന സഖാക്കൾ, സഹകരണ
സംഘങ്ങൾ സംഘടിപ്പിക്കാൻ ജനങ്ങളെ അണിനിരത്തൽ, ഭക്ഷ്യവ
സ്തു വിതരണ ക്രമീകരണവും ഗതാഗതവും, പുറംപ്രദേശങ്ങ
ളുമായുള്ള നമ്മുടെ കച്ചവടത്തിൻെറ നടത്തിപ്പും തുടങ്ങിയ പ്രായോഗി
ക പ്രവർത്തനങ്ങളിൽ വ്യക്തിപരമായി ഏർപ്പെട്ടവരാണ്. അവരുടെ
നേതൃത്വശൈലി തെററാണെങ്കിൽ, ശരിയും തക്കതുമായ രീതികൾ അല്ല
അവർ പ്രയോഗത്തിൽ വരുത്തുന്നതെങ്കിൽ പ്രവർത്തനത്തെ അത് അടി
യന്തിരമായും ബാധിക്കും, നമുക്ക് വിവിധ കടമകൾ നിറവേററുന്നതിൽ
ബഹുജന പിന്തുണ ലഭിക്കാതെ പോകും; വരുന്ന ശരത്കാലത്തും ശൈ
ത്യകാലത്തും അടുത്ത വസന്തത്തിലും വേനലിലും കേന്ദ്രഗവൺമെൻറി
ൻെറ സാമ്പത്തിക നിർമ്മാണത്തിനായുള്ള പദ്ധതി മുഴുവൻ തന്നെ നമു
ക്ക് നടപ്പാക്കാനാവാതെ വരും. ഇക്കാരണങ്ങൾ കൊണ്ട് നമ്മുടെ സഖാ



ക്കളുടെ ശ്രദ്ധ താഴെ പറയുന്നവയിലേക്ക് തിരിക്കാൻ ഞാനുദ്ദേശിക്കു
ന്നു.

ഒന്നാമതായി, വിവിധങ്ങളായ സംഘടനാരീതികൾ വഴി ബഹുജന
ങ്ങളെ അണിനിരത്തുക. അദ്ധ്യക്ഷമണ്ഡലങ്ങളിലും എല്ലാ നില
വാരത്തിലേയും സർക്കാർ സ്ഥാപനങ്ങളിലെ സാമ്പത്തിക, ധനകാര്യവ
കുപ്പുകളിലുമുള്ള സഖാക്കൾ, ആദ്യം ക്രമമായി തന്നെ തങ്ങളുടെ അജ
ണ്ട മുന്നോട്ട് വെയ്ക്കുകയും കടപ്പത്രങ്ങളുടെ വില്പന, സഹകരണ
സംഘങ്ങളുടെ രൂപീകരണം, ഭക്ഷ്യവസ്തു വിതരണക്രമീകരണം, ക
ച്ചവടവും ഉല്പാദനവും പ്രോൽസാഹിപ്പിക്കൽ എന്നീ പ്രവർത്തനപരി
പാടികളിന്മേൽ ചർച്ചനടത്തുകയും മേൽനോട്ടം വഹിക്കുകയും സൂക്
ഷ്മപരിശോധന നടത്തുകയും വേണം. അടുത്തതായി, ബഹുജന സംഘ
ടനകളേയും മുഖ്യമായും ട്രേഡ്യൂണിയനുകളേയും ദരിദ്രകർഷകസംഘ
ങ്ങളേയും, പ്രായോഗികപ്രവർത്തനത്തിലേക്ക് നീക്കണം. ഈ സാമ്പ
ത്തികസമരങ്ങളിൽ, ട്രേഡ്യൂണിയനുകൾ തങ്ങളുടെ എല്ലാ അംഗങ്ങളെ
യും അണിനിരത്തണം. ദരിദ്രകർഷക സംഘങ്ങൾ, ബഹുജനങ്ങളെ സ
ഹകരണസംഘങ്ങൾ കെട്ടിപ്പടുക്കാനും കടപ്പത്രങ്ങളുടെ വരിക്കാരാക്കാ
നും പററിയ ശക്തമായ താവളങ്ങളാണ്, അവയ്ക്ക് ജില്ലാ, ടൗൺഷി
പ്പ് സർക്കാരുകൾ കരുത്തുററ നേതൃത്വം നൽകണം. അതുംവിട്ട്, ഗ്രാമീ
ണ അഥവാ കുടിയിടയോഗങ്ങളിൽ, എങ്ങനെയാണ് സാമ്പത്തിക നിർമ്മാ
ണം വിപ്ളവയുദ്ധവുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാ
യി വിവരിച്ചുകൊണ്ടും ഏററവും പ്രായോഗിക രീതികളിൽ എങ്ങനെ
ബഹുജനങ്ങളുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുകയും നമ്മുടെ
സമരശേഷി വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ചർച്ചചെയ്തുകൊ
ണ്ടും നമ്മൾ സാമ്പത്തിക നിർമ്മാണത്തിനുള്ള പ്രചാരണം നടത്തണം.
കടപ്പത്രങ്ങളിൽ വരിക്കാരായി ചേരാനും, സഹകരണസംഘങ്ങൾ വിക
സിപ്പിക്കാനും ഭക്ഷ്യവസ്തു വിതരണം ക്രമീകരിക്കാനും ധനസ്ഥി
തി സുദൃഢീകരിക്കാനും കച്ചവടം പ്രോൽസാഹിപ്പിക്കാനും നാം ജനങ്ങ
ളോട് അഭ്യർത്ഥിക്കണം; ഈ മുദ്രാവാക്യങ്ങൾ നേടാനായി സമരം ചെ
യ്യുന്നതിന് ജനങ്ങളോട് നാം ആഹ്വാനം ചെയ്യുകയും അവരുടെ ആവേ
ശം വളർത്തുകയും വേണം. ബഹുജനങ്ങളെ അണിനിരത്താൻ വിവി
ധങ്ങളായ സംഘടനാരീതികൾ നാം ഉപയോഗിക്കാതിരിക്കയും അവർക്കി
ടയിൽ പ്രചരണം നടത്താതിരിക്കയുമാണെങ്കിൽ, അതായത്, അദ്ധ്യ
ക്ഷമണ്ഡലങ്ങളും എല്ലാ തലത്തിലുമുള്ള സർക്കാർ സ്ഥാപനങ്ങളി
ലെ ധനകാര്യവകുപ്പുകളും സാമ്പത്തികനിർമ്മാണ പ്രവർത്തനത്തിന്മേൽ
ചർച്ചയും സൂക്ഷ്മപരിശോധനയും നടത്തുന്നതിൽ സജീവമായ ശ്ര
ദ്ധ ചെലുത്താതിരിക്കയാണെങ്കിൽ, ബഹുജനസംഘടനകളെ പ്രായോ
ഗികപ്രവർത്തനത്തിനായി ഉത്തേജിപ്പിക്കാതിരിക്കയും വമ്പിച്ച പ്രച
രണ യോഗങ്ങൾ നടത്താതിരിക്കയുമാണെങ്കിൽ നമുക്ക് നമ്മുടെ
ലക്ഷ്യങ്ങൾ നേടാൻ കഴിയില്ല.

രണ്ടാമത്, ബഹുജനങ്ങളെ അണിനിരത്തുന്ന നമ്മുടെ രീതികളിൽ
ഉദ്യോഗസ്ഥമേധാവിത്വം മുണ്ടായിക്കൂടാ. നമ്മുടെ വിപ്ളവപ്രവർത്തന
ത്തിൻെറ മറേറതൊരു വകുപ്പിലേതിനെക്കാളും ഏറെയായി സാമ്പത്തിക
നിർമ്മാണത്തിൽ ഉദ്യോഗസ്ഥമേധാവിത്വ നേതൃത്വം വച്ചുപൊറുപ്പി
ക്കാനാവില്ല. ഒരു സഖാവും ഇഷ്ടപ്പെടാത്ത ഉദ്യോഗസ്ഥമേധാവിത്വ
ത്തിൻേറതായ വൃത്തികെട്ട ദുഷ്ടിനെ കുപ്പക്കുഴിയിൽ വലിച്ചെറിയ
ണം. എല്ലാ സഖാക്കളും തെരഞ്ഞെടുക്കേണ്ടത് ബഹുജനങ്ങളെ സ്വാധീ
നിക്കുന്ന രീതികളാണ്: അതായത് എല്ലാതൊഴിലാളികളാലും കർഷകരാ
ലും സ്വാഗതം ചെയ്യപ്പെടുന്നവ ഉദ്യോഗസ്ഥ മേധാവിത്വത്തിൻെറ ഒരു
പ്രകടിതരൂപമാണ് താല്പര്യക്കുറവുകൊണ്ടോ മനസില്ലായ്മ കൊ

ണ്ടോ പ്രവർത്തനങ്ങളിൽ കാണിക്കുന്ന ഉപേക്ഷ. ഈ പ്രതിഭാസത്തിനെതിരെ നാമൊരു ശക്തമായ സമരം നടത്തണം. മറ്റൊരു പ്രകടിതരൂപമാണ് കമാൻറിസം. കമാൻറിസം ബാധിച്ച വ്യക്തികൾ കാഴ്ചയിൽ ഒരിക്കലും ഉപേക്ഷാഭാവക്കാരല്ല: അവർ കഠിനാദ്ധ്വാനികളാണെന്ന തോന്നലുണ്ടാക്കുന്നു. എന്നാൽ വാസ്തവത്തിൽ, കമാൻറിസരീതികളിൽ കെട്ടിപ്പടുക്കുന്ന സഹകരണസംഘങ്ങൾ വിജയകരമാവില്ല, അഥവാ ചിലസമയത്ത് അവ വളരുന്നതായി കണ്ടാൽപോലും, അവയെ സുദൃഢീകരിക്കാനാവില്ല. അവസാനം ബഹുജനങ്ങൾക്ക് അവയിൽ വിശ്വാസം നഷ്ടപ്പെടും, അതാകട്ടെ അവയുടെ വളർച്ചയെ താറുമാറാക്കുകയും ചെയ്യും. എന്തിനുവേണ്ടിയാണ് കടപ്പത്രങ്ങളെന്നും എത്രമാത്രം തങ്ങൾ കൊടുക്കാനാവുമെന്നും ജനങ്ങൾ മനസിലാക്കുന്നുവോ എന്നൊന്നും നോക്കാതെ കടപ്പത്ര വില്പന ഒരു കമാൻറിസ്റ്റ് രീതിയിൽ നടത്തുന്നതും അന്യായ ക്വാട്ടകൾ അടിച്ചേല്പിക്കുന്നതും, അവസാനം ജനങ്ങളിൽ നീരസമുണർത്തിവിടുകയും കാര്യമായ വില്പന നടത്തുന്നത് അസാദ്ധ്യമാക്കുകയും ചെയ്യും. കമാൻറിസത്തെ നാം നിരാകരിക്കണം. നമുക്കാവശ്യം ബഹുജനങ്ങളെ ബോധ്യപ്പെടുത്താൻ തക്ക ഊർജ്ജസ്വലമായ പ്രചരണമാണ്; ബഹുജനങ്ങളുടെ യഥാർത്ഥമായ അവസ്ഥകൾക്കും മനോവികാരങ്ങൾക്കുമനുസൃതമായി നാം സഹകരണസംഘങ്ങൾ വികസിപ്പിക്കയും കടപ്പത്ര വില്പന പ്രോൽസാഹിപ്പിക്കയും സാമ്പത്തികമായ അണിനിരത്തലിന്റേതായ എല്ലാ പ്രവർത്തനങ്ങളും നടത്തുകയും വേണം.

മൂന്നാമത്, സാമ്പത്തികനിർമ്മാണത്തിന്റെ സംഘടിതപ്രവർത്തനം വിപുലമാക്കുന്നതിന് ഒരു വലിയ സംഖ്യ കാഡർമാർ ആവശ്യമായി വരുന്നുണ്ട്. ഇത് കൈവിരലിലെണ്ണാവുന്നതോ നൂറുകണക്കിനോ ഉള്ള ആളുകളുടെ കാര്യമല്ല. മറിച്ച്, നാം സംഘടിപ്പിക്കുകയും പരിശീലിപ്പിക്കുകയും സാമ്പത്തിക നിർമ്മാണമുന്നണിയിലേക്കയക്കുകയും ചെയ്യേണ്ടതായ ആയിരക്കണക്കിലും പതിനായിരക്കണക്കിലുമുള്ള ആളുകളുടെ കാര്യമാണ്. അവർ സാമ്പത്തികമുന്നണിയിലെ കമാൻറർമാരും വിശാലസൈനികജനവിഭാഗങ്ങളുമായിരിക്കും. ആളുകൾ പലപ്പോഴും കാഡർമാർ കുറവാണെന്നതിനെക്കുറിച്ച് നെടുവീർപ്പിടുന്നുണ്ട്. യഥാർത്ഥമായും ഈ കുറവുണ്ടോ, സഖാക്കളേ? കാർഷികസമരങ്ങളിലും സാമ്പത്തികസമരങ്ങളിലും വിപ്ളവയുദ്ധത്തിലും ഉരുക്കുപോലുറച്ച അസംഖ്യം കാഡർമാർ ബഹുജനവിഭാഗങ്ങളിൽനിന്നു മുന്നോട്ട് വന്നിട്ടുണ്ട്. കാഡർമാരുടെ കുറവുണ്ടെന്ന് നമുക്കെങ്ങനെ പറയാൻ കഴിയും? പിഴവുപറ്റിയ ഈ വീക്ഷണം വലിച്ചെറിയൂ, എങ്കിൽ ചുറ്റിലെല്ലാം നിങ്ങൾ കാഡർമാരെ കാണും.

നാലാമത്, സാമ്പത്തികനിർമ്മാണം ഇന്ന് യുദ്ധത്തിന്റെ പൊതുകടമയിൽനിന്നു മാത്രമല്ല, മറിച്ച് മറ്റു കടമകളിൽനിന്നും അതേപോലെതന്നെ അവിഭാജ്യമാണ്. ഭൂവിതരണത്തിനുമേൽ സമഗ്രമായൊരു സൂക്ഷ്മപരിശോധന ഉണ്ടെങ്കിൽ മാത്രമേ, ഭൂമിയിന്മേലുള്ള ഫ്യൂഡൽ, അർദ്ധഫ്യൂഡൽ ഉടമാവകാശം പൂർണമായും ഇല്ലാതാക്കാനും കർഷകരുടെ ഉല്പാദനത്തിലുള്ള ആവേശം വളർത്താനും സാമ്പത്തിക നിർമ്മാണത്തിലേക്ക് കർഷകബഹുജനങ്ങളെ ചുറുചുറുക്കോടെ അടുപ്പിക്കാനും സാദ്ധ്യമാവൂ. തൊഴിൽ നിയമങ്ങൾ നിശ്ചയദാർഢ്യത്തോടെ നടപ്പിലാക്കിയാൽ മാത്രമേ, തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താനും അവരെ സാമ്പത്തികനിർമ്മാണത്തിൽ സജീവ പങ്കാളിത്തത്തിലേക്ക് അതിവേഗം കൊണ്ടുവരാനും കർഷകർക്കുമേൽ അവരുടെ നേതൃത്വം ശക്തമാക്കാനും സാദ്ധ്യമാവൂ. തിരഞ്ഞെടുപ്പുകളിലും ഭൂവിതരണത്തിന്റെ സൂക്ഷ്മപരിശോധനക്കൊപ്പം നടക്കുന്ന കുറ്റങ്ങൾ തുറന്നുകാട്ടൽ പ്രസ്ഥാനത്തിലും ശരിയായ നേതൃത്വമുണ്ടെങ്കിൽ മാത്രമേ, വിപ്ളവ



യുദ്ധത്തിലും സാമ്പത്തികപ്രവർത്തനമടക്കം നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും കൂടുതൽ ഉജ്ജ്വലമായ നേതൃത്വം നൽകാനാകുംവിധം നമ്മുടെ സർക്കാർസ്ഥാപനങ്ങളെ ശക്തമാക്കാനാകൂ. സാംസ്കാരിക, വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ രാഷ്ട്രീയ, സാംസ്കാരിക നിലവാരം ഉയർത്തുക എന്നതും സാമ്പത്തിക വികസനത്തിലെ ഏറ്റവും പ്രധാനമായൊരു കടമയാണ്. ചുവപ്പുസേനയുടെ വിപുലീകരണത്തിനു നേരെ ഒരൊറ്റ ദിവസത്തേക്കും ഉപേക്ഷയുണ്ടായിക്കൂടാ എന്നത് പറയേണ്ടതില്ലല്ലോ. ചുവപ്പുസേനയില്ലെങ്കിൽ, സാമ്പത്തികോപരോധത്തിനുമേൽ വിജയങ്ങളുടെ പഴുതിനിയുമേറെ അടഞ്ഞുപോകുമെന്ന് ഓരോരുത്തരും മനസിലാക്കുന്നുണ്ട്. മറുവശത്ത്, ചുവപ്പുസേനയെ വിപുലീകരിക്കുന്നതിന്റെയും ബഹുജനങ്ങളെ മുന്നണിയിലേക്ക് ഉൽസുകതയോടെ മുന്നേറാൻ പ്രചോദിപ്പിക്കുന്നതിന്റെയും ആയ ജോലിക്ക്, നിസ്സംശയമായും വമ്പിച്ച സഹായമായിരിക്കും സാമ്പത്തിക വളർച്ചയും ബഹുജനങ്ങൾക്ക് മെച്ചപ്പെട്ടൊരു ജീവിതവുമെന്നത്. ചുരുക്കിപ്പറഞ്ഞാൽ മേൽപറഞ്ഞകടമകളെല്ലാം — സാമ്പത്തികനിർമ്മാണത്തിന്റേതായ വളരെ പ്രധാനപ്പെട്ട, പുതിയതായ ഒരെണ്ണമടക്കം—നമ്മൾ ചെയ്തുതീർക്കുകയും അവയെ എല്ലാം വിപ്ളവയുദ്ധത്തെ സേവിക്കാനായി ഒരുക്കുകയും ആണെങ്കിൽ പിന്നെ, സംശയലേശമെന്യേ, വിപ്ളവയുദ്ധത്തിലെ വിജയം നമ്മുടേതായിരിക്കും.

## കുറിപ്പുകൾ

1. 1930 നും 1934 നുമിടക്ക്, ചിയാങ്ങ് കൈഷക്ക്, കിയാങ്ങ്സിയിലെ ജൂയ്ചിൻ കേന്ദ്രമായുള്ള ചുവപ്പുപ്രദേശത്തിനുനേരെ അഞ്ചു വൻതോതിലുള്ള കടന്നാക്രമണങ്ങൾ അഴിച്ചുവിട്ടു. ഇവ 'വലയം ചെയ്തടിച്ചമർത്തൽ' ക്യാമ്പെയിനുകൾ എന്നു വിളിക്കപ്പെട്ടു. അതിൽ അഞ്ചാമത്തെ ക്യാമ്പെയിൻ ചിയാങ്ങ് കൈഷക്ക് അതിനുവേണ്ടിയുള്ള സമഗ്രമായ തയ്യാറെടുപ്പുകൾ ഗ്രീഷ്മകാലത്തുതന്നെ തുടങ്ങിയിരുന്നെങ്കിലും 1933 ഒക്ടോബറിലാണ് ആക്രമണം തുടങ്ങിയത്.

2. ഭൂമി ശരിയായി പുനർവിതരണം നടത്തിയിട്ടുണ്ടായിരുന്നോ എന്നുറപ്പാക്കുന്നതിന്, ചുവപ്പുപ്രദേശത്തെ കാർഷികപരിഷ്കരണത്തിനുശേഷം ഭൂവിതരണ–സൂക്ഷ്മപരിശോധനയ്ക്കായുള്ള ഒരു സംഘടിതസംരംഭം നടപ്പാക്കപ്പെടുകയുണ്ടായി.

3. ജനാധിപത്യസർക്കാരിലെ കൃത്യനിർവാഹകർ ചെയ്തിരുന്ന ദുഷ്ചെയ്തികളെ തുറന്നുകാട്ടാൻ ബഹുജനങ്ങളെ പ്രോൽസാഹിപ്പിച്ചുപോന്ന ജനാധിപത്യപരമായ സംഘടിത സംരംഭങ്ങളായിരുന്നു തെറ്റു തുറന്നുകാട്ടൽ പ്രസ്ഥാനങ്ങൾ.

# നാട്ടിൻപുറങ്ങളിലെ വർഗ്ഗങ്ങളെ എങ്ങനെ വേർതിരിക്കാം*

1933 ഒക്ടോബർ

## 1. ഭൂപ്രഭു

ഭൂമിയിൽ ഉടമാവകാശമുള്ള അധ്വാനത്തിൽ സ്വയം ഏർപ്പെടാത്ത,
അഥവാ അപ്രകാരം ചെയ്യുന്നെങ്കിൽ തന്നെ വളരെ കുറഞ്ഞ അളവിൽ മാ
ത്രം ചെയ്യുന്ന, കർഷകരെ ചൂഷണം ചെയ്തു ജീവിക്കുന്ന ആളാണ് ഭൂപ്ര
ഭു. പാട്ടം പിരിക്കുക എന്നതാണ് അയാളുടെ ചൂഷണത്തിന്റെ മുഖ്യരൂപം
ഇതിനുപുറമെ അയാൾ പണം പലിശക്ക് കൊടുക്കുകയോ, തൊഴിലാളിക
ളെ കൂലിക്കുപണിയിക്കുകയോ വ്യവസായത്തിലോ വ്യാപാരത്തിലോ
ഏർപ്പെടുകയോ ചെയ്തേക്കാം. എന്നിരുന്നാലും കർഷകരിൽ നിന്നു
പാട്ടം വസൂലാക്കുകയാണ് അയാളുടെ ചൂഷണത്തിന്റെ പ്രധാനരൂപം
സാമൂഹ്യ ഉടമയിലുള്ള ഭൂമിയുടെ ഭരണവും സ്ക്കൂൾ ഭൂമിയുടെ(1) പാട്ടം
പിരിക്കലും പാട്ടത്തിലൂടെയുള്ള ചൂഷണത്തിന്റെ ഇനത്തിൽ പെടുന്നു.
പാപ്പരായ ഒരു ഭൂപ്രഭു അധ്വാനത്തിൽ ഏർപ്പെടാതെ മററുള്ളവരെ പ
റ്റിച്ചോ കൊള്ളയടിച്ചോ, അല്ലെങ്കിൽ ബന്ധുക്കളിൽനിന്നോ സുഹൃത്തു
ക്കളിൽ നിന്നോ സഹായം കൈപ്പററിയോ ആണ് ജീവിക്കുന്നതെങ്കിൽ,
അയാൾ ശരാശരി ഒരു ഇടത്തരം കർഷകനേക്കാൾ മെച്ചപ്പെട്ട അവസ്ഥ
യിലാണെങ്കിൽ അയാളെയും ഭൂപ്രഭുവായി തന്നെ ഇനം തിരിക്കേണ്ടതാ
ണ്.

യുദ്ധപ്രഭുക്കൾ, ഉദ്യോഗസ്ഥൻമാർ, പ്രാദേശിക ജനമർദ്ദകർ, ദുഷ്
ടരായ നാട്ടുപ്രമാണിമാർ എന്നിവർ ആ വർഗത്തിന്റെ രാഷ്ട്രീയ പ്രതി
നിധികളും ഭൂപ്രഭു വർഗത്തിലെ ഏററവും നിഷ്ഠൂരരായ അംഗങ്ങളും
ആണ്. ചെറുകിട പ്രാദേശിക ജനമർദ്ദകരേയും ദുഷ്ടരായ നാട്ടുപ്രമാ
ണിമാരേയും ധനിക കർഷകർക്കിടയിലും പലപ്പോഴും കാണാൻ കഴി
യും.

പാട്ടം പിരിക്കുന്നതിലും വസ്തുവകകളുടെ നടത്തിപ്പിലും ഭൂവുട
മകളെ സഹായിക്കുന്നവരും തങ്ങളുടെ പ്രധാന വരുമാന മാർഗമായി കർ
ഷകരുടെ മേലുള്ള ഭൂപ്രഭുക്കളുടെ ചൂഷണത്തെ ആശ്രയിക്കുന്ന വരുമായ
ശരാശരി ഇടത്തരം കർഷകനേക്കാൾ ഭേദപ്പെട്ടസ്ഥിയിലുള്ള വ്യക്തിക
ളെ ഭൂപ്രഭുക്കളുടെ ഇനത്തിൽ തന്നെ ഉൾപ്പെടുത്താം.
തങ്ങളുടെ പ്രധാന വരുമാന മാർഗമായി ഹുണ്ടികവ്യാപാരത്തിലൂടെ
യുള്ള ചൂഷണത്തെ ആശ്രയിക്കുന്ന, ശരാശരി ഇടത്തരം കർഷനേക്കാൾ മെ
ച്ചപ്പെട്ട സ്ഥിതിയുള്ളവരാണ് ഹുണ്ടിക വ്യാപാരികൾ. ഇവരെ ഭൂപ്രഭു
ക്കളുടെ ഇനത്തിൽ തന്നെ ഉൾപ്പെടുത്തണം.

---

* ഭൂപരിഷ്കരണപ്രവർത്തനത്തിൽ സംഭവിച്ച പാളിച്ചകൾ തിരുത്തു
ന്നതിനും ഭൂപ്രശ്നത്തിന് ഒരു ശരിയായ പരിഹാരം പ്രദാനം ചെയ്യു
ന്നതിനും വേണ്ടി സ. മാവോസെതുങ്ങ് 1933 ഒക്ടോബറിൽ ഈ രേഖ
തയാറാക്കി. നാട്ടിൻപുറങ്ങളിലെ വർഗപദവി നിർണയിക്കുന്നതിനുള്ള
മാനദണ്ഡം എന്ന നിലയിൽ അന്നത്തെ തൊഴിലാളികളുടേയും കർഷക
രുടേയും ജനാധിപത്യ കേന്ദ്രഗവൺമെൻറ്'' ഇത് അംഗീകരിച്ചു.



## 2. ധനിക കർഷകൻ

ധനിക കർഷകന് സാധാരണഗതിയിൽ സ്വന്തമായി ഭൂമിയുണ്ട്.
എന്നാൽ ചില ധനിക കർഷകർ കൈവശ ഭൂമിയുടെ ഒരുഭാഗം മാത്രം സ്വ
ന്തമായുള്ളവരാണ്. ബാക്കിഭൂമി അവർ പാട്ടത്തിനെടുത്തതാണ്. മററു
ചിലർക്കാകട്ടെ സ്വന്തമായി ഒട്ടും ഭൂമിയില്ല, മുഴുവൻ ഭൂമിയും പാട്ടത്തി
നെടുത്തതാണ്. സാധാരണയായി ധനികകർഷകന് കൂടുതൽ അളവിൽ
മെച്ചപ്പെട്ട ഉപകരണങ്ങളും ലഭ്യ (*Liquid*) മൂലധനവും ഉണ്ട്; അയാൾ
സ്വയം അധ്വാനത്തിൽ ഏർപ്പെടുന്നു; എന്നാൽ അയാൾ വരുമാനത്തിന്റെ
ഒരുഭാഗം—ചിലപ്പോൾ മുഖ്യഭാഗം പോലും ഉണ്ടാക്കുന്നത്—ചൂഷണത്തെ
ആശ്രയിച്ചാണ്. അയാളുടെ മുഖ്യചൂഷണരൂപം തൊഴിലാളികളെ
ക്കൊണ്ട് (ദീർഘകാല വ്യവസ്ഥയിലുള്ള തൊഴിലാളികൾ) കൂലിപ്പണി
ചെയ്യിക്കലാണ്. ഇതിനു പുറമെ അയാൾ സ്വന്തം ഭൂമിയിൽ ഒരു ഭാഗം
പാട്ടത്തിനു കൊടുക്കുകയും പാട്ടം വസൂലാക്കുന്നതിലൂടെ ചൂഷണം നട
ത്തുകയും, ഹുണ്ടിക വ്യാപാരത്തിലോ, വ്യവസായത്തിലോ വ്യാപാരത്തി
ലോ ഏർപ്പെടുകയും ചെയ്തേക്കാം. മിക്ക ധനിക കർഷകരും സാമൂ
ഹ്യ ഉടമയിലുള്ള ഭൂമിയുടെനടത്തിപ്പിലും ഏർപ്പെടുന്നു. കുറെയേറെ
നല്ല ഭൂമി സ്വന്തമായിട്ടുള്ള അതിലൊരുഭാഗം തൊഴിലാളികളെ കൂലി
ക്കെടുക്കാതെ സ്വന്തമായി കൃഷിചെയ്യുന്ന, എന്നാൽ പാട്ടം വസൂലാക്കുന്ന
തിലൂടെയോ ഹുണ്ടികവ്യാപാരത്തിലൂടെയോ മററുമാർഗങ്ങളിലൂടെയോ
മററു കർഷകരെ ചൂഷണംചെയ്യുന്ന ഒരാളെയും ധനികകർഷകനായി കണ
ക്കാക്കാം. ധനികകർഷകർ സ്ഥിരമായി ചൂഷണം നടത്തുകയും, അവ
രിൽ പലരും ആദായത്തിന്റെ മുഖ്യപങ്കും ചൂഷണത്തിലൂടെ ആർജ്ജി
ക്കുകയും ചെയ്യുന്നു.

## 3. ഇടത്തരം കർഷകൻ

പല ഇടത്തരം കർഷകർക്കും സ്വന്തമായി ഭൂമിയുണ്ട്. ചിലർക്ക് അ
വരുടെ ഭൂമിയുടെ ഒരുഭാഗം മാത്രം സ്വന്തവും ബാക്കി പാട്ടത്തിനെടുത്ത
തുമാണ്. മററു ചിലർക്ക് സ്വന്തമായി ഒട്ടും ഭൂമിയില്ല, അവരുടെ മു
ഴുവൻ ഭൂമിയും പാട്ടത്തിനെടുത്തതാണ്. അവർക്കെല്ലാം ഒരുനല്ലയളവിൽ
കാർഷികോപകരണങ്ങൾ ഉണ്ട്. ഒരു ഇടത്തരം കർഷകൻ അയാളുടെ വരു
മാനം മുഴുവനായോ ഭാഗികമായോ ആർജ്ജിക്കുന്നത് സ്വന്തം അദ്ധ്വാന
ത്തിലൂടെയാണ്. സാധാരണഗതിയിൽ അയാൾ മററുള്ളവരെ ചൂഷണം
ചെയ്യുന്നില്ല; ഒരു ചെറിയതുക പാട്ടമായും പലിശയായും കൊടുക്കേണ്ട
തുള്ളതുകൊണ്ട് പലപ്പോഴും അയാൾ തന്നെ മററുള്ളവരാൽ ചൂഷണം ചെ
യ്യപ്പെടുന്നുമുണ്ട്. എന്നാൽ സാധാരണയായി അയാൾ സ്വന്തം അധ്വാനശ
ക്തി വിൽക്കുന്നില്ല. ചില ഇടത്തരം കർഷകർ (മെച്ചപ്പെട്ട ഇടത്തരം
കർഷകർ) ചെറിയൊരു അളവിൽ ചൂഷണം നടത്തുന്നുണ്ട്, എന്നാൽ ഇത
വരുടെ സ്ഥിരമോ മുഖ്യമോ ആയ വരുമാനമാർഗമല്ല.

## 4. ദരിദ്ര കർഷകൻ

ദരിദ്രകർഷകർക്കിടയിൽ ചിലർ അവരുടെ കൈവശഭൂമിയുടെ ഒരു
ഭാഗവും ചില കാർഷികോപകരണങ്ങളും സ്വന്തമായിട്ടുള്ളവരാണ്; മ
ററു ചിലർക്കാകട്ടെ ഭൂമി ഒട്ടും സ്വന്തമായിട്ടില്ല, ചില കാർഷികോപകര
ണങ്ങൾ മാത്രമാണ് അവർക്കുസ്വന്തമായിട്ടുള്ളത്. സാധാരണഗതിയിൽ
ദരിദ്രകർഷകർക്ക് തങ്ങൾ കൃഷി ചെയ്യുന്ന ഭൂമി പാട്ടത്തിന് എടുക്കേ
ണ്ടിവരുന്നു. പാട്ടവും വായ്പകളുടെ പലിശയും കൊടുക്കേണ്ടതിനാ
ലും ഒരളവുവരെ മററുള്ളവർക്ക് കൂലിപ്പണി ചെയ്യേണ്ടിവരുന്നതിനാ
ലും അവർ ചൂഷണത്തിനു വിധേയരായിരിക്കുന്നു.

പൊതുവിൽ, ഒരു ഇടത്തരം കർഷകന് തന്റെ അധ്വാനശക്തി വിൽക്കേണ്ടി വരുന്നില്ല. അതേസമയം ദരിദ്രകർഷകന് തന്റെ അധ്വാനശക്തിയുടെ ഒരു ഭാഗം വിൽക്കേണ്ടിവരുന്നു. ഇടത്തരം കർഷകനേയും ദരിദ്രകർഷകനേയും തമ്മിൽ വേർതിരിക്കുന്നതിനുള്ള പ്രധാന മാനദണ്ഡം ഇതാണ്.

## 5. തൊഴിലാളി

(കർഷകതൊഴിലാളികൾ ഉൾപ്പെടെയുള്ള) തൊഴിലാളികളിൽ ചിലർക്ക് ഒരു തുണ്ടു ഭൂമിയോ ചുരുക്കം ചില കാർഷികോപകരണങ്ങളോ കണ്ടേക്കാമെങ്കിലും, സാധാരണഗതിയിൽ ഭൂമിയോ കാർഷികോപകരണങ്ങളോ സ്വന്തമായിട്ടുള്ളവരല്ല അവർ. തൊഴിലാളികൾ ഉപജീവനം നേടുന്നത് പൂർണ്ണമായോ മുഖ്യമായോ തങ്ങളുടെ അധ്വാനശക്തി വിററിട്ടാണ്.

## കുറിപ്പുകൾ

1. കുടിയിടങ്ങളുടേയോ (ടൗൺഷിപ്പ്) ജില്ലാ ഗവൺമെൻറുകളുടേയോ, ഒരു കുടുംബത്തിന്റെ കുലദൈവക്ഷേത്രത്തിന്റേയോ, ബുദ്ധമത അഥവാ ടാവോമത ക്ഷേത്രത്തിന്റേയോ, കത്തോലിക്കാപള്ളിയുടേയോ മുസ്ലീം ദേവാലയത്തിന്റേയോ ഉടമയിലുള്ള ഭൂമി, ക്ഷാമാശ്വാസത്തിനോ പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയോ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടിയോ വരുമാനം ഉപയോഗിക്കപ്പെടുന്ന ഭൂമി എന്നിങ്ങനെ ചൈനയിലെ ഗ്രാമപ്രദേശങ്ങളിൽ പൊതുഉടമയിലുള്ള വിവിധതരം ഭൂമി ഉണ്ടായിരുന്നു.

വാസ്തവത്തിൽ, ആ ഭൂമിയിൽ ഏറിയ കൂറും ഭൂപ്രഭുക്കളുടേയും ധനികകർഷകരുടേയും നിയന്ത്രണത്തിലായിരുന്നു. വളരെ ചുരുക്കം കർഷകർക്കേ അവയുടെ നടത്തിപ്പിൽ എന്തെങ്കിലും പങ്കുണ്ടായിരുന്നുള്ളു.

# നമ്മുടെ സാമ്പത്തിക നയം*

## 1934 ജനുവരി 23

ചുവപ്പുപ്രദേശങ്ങളാകെ തകർച്ചയിലെത്തിയ സ്ഥിതിയിലാണ് എന്ന ഊഹാപോഹം രാവും പകലും പരത്തുന്നതിന് തീരെ ഉളുപ്പില്ലാത്ത ത്, തങ്ങളുടെ സ്വന്തം ഭരണത്തിൻ കീഴിലുള്ള പ്രദേശങ്ങളെ പാപ്പരത്ത ത്തിന്റെ വക്കിലെത്തിച്ച കുമിന്താങ്ങ് യുദ്ധപ്രഭുക്കൾക്കു മാത്രമാണ്. ചുവപ്പുപ്രദേശങ്ങളേയും, അവിടെ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരി ക്കുന്ന സാമ്പത്തിക നിർമ്മാണ പ്രവർത്തനങ്ങളേയും, വിമോചനം നേടി യ ദശലക്ഷക്കണക്കിന് തൊഴിലാളികളുടേയും കർഷകരുടേയും ക്ഷേ മത്തെയും തറുമാറാക്കുവാൻ ഒരുമ്പെട്ടിരിക്കയാണ് സാമ്രാജ്യവാദികളും കുമിന്താങ്ങും. ഇതിലേക്കായി അവർ സാമ്പത്തിക ഉപരോധത്തിന്റെ തായ ഒരു നിഷ്ഠൂരനയം പിന്തുടരുന്നുണ്ട്. അവരുടെ 'വലയംചെ യ്തടിച്ചമർത്തൽ' എന്ന സൈനിക ക്യാമ്പയിനുകൾക്കായി സേനകളെ സംഘടിപ്പിക്കുന്നതിനും പുറമെയാണിത്. എന്നാൽ വിശാല ജനവി ഭാഗങ്ങളെയും ചുവപ്പുസേനയെയും നയിച്ചുകൊണ്ട്, നമ്മൾ ശത്രുവി ന്റെ 'വലയം ചെയ്തടിച്ചമർത്തൽ' ക്യാമ്പയിനുകളെ ഒന്നൊന്നായി അടിച്ചു തകർത്തിട്ടുണ്ട്; എന്ന് മാത്രമല്ല, അതിന്റെ കുടിലമായ സാ മ്പത്തിക ഉപരോധത്തെ പരാജയപ്പെടുത്താനായി നമ്മുടെ ഭരണാധികാര പരിധിക്കകത്ത് അത്യാവശ്യമായ സാമ്പത്തിക നിർമ്മാണപ്രവർത്തനവും നടത്തിക്കൊണ്ടു പോരുന്നുണ്ട്. ഈ സംഗതിയിലും നാം ഒന്നിനുപിറ കെ ഒന്നായി വിജയങ്ങൾ നേടുന്നുണ്ട്.

നമ്മുടെ സാമ്പത്തിക നയത്തെ നിയന്ത്രിക്കുന്ന തത്വം ഇതാണ്. നമ്മുടെ ഭരണാധികാര പരിധിക്കകത്ത് അത്യാവശ്യമായ എല്ലാ സാമ്പത്തി ക നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് നീങ്ങുക, നമ്മുടെ സാ മ്പത്തിക വിഭവശേഷിയെ യുദ്ധയത്നത്തിലേക്ക് കേന്ദ്രീകരിക്കുക, അ തേസമയം തന്നെ ജനജീവിതം ആവുന്നത്ര മെച്ചപ്പെടുത്തുക, സാമ്പത്തി ക മണ്ഡലത്തിൽ തൊഴിലാളി–കർഷകസഖ്യം സുദൃഢീകരിക്കുക, കർഷകജനതയുടെ മേൽ തൊഴിലാളിവർഗ നേതൃത്വം ഉറപ്പാക്കുക, സമ്പ ദ്വ്യവസ്ഥയിൽ സ്വകാര്യ മേഖലക്കുമേൽ പൊതുമേഖലയുടെ നേതൃ ത്വം ഉറപ്പിക്കാനായി പ്രയത്നിക്കുക–അങ്ങനെ സോഷ്യലിസത്തിലേ ക്കുള്ള നമ്മുടെ ഭാവിമുന്നേറ്റത്തിനുവേണ്ട മുന്നുപാധികൾ സൃഷ്ടിക്ക പ്പെടും.

കാർഷിക, വ്യാവസായിക ഉല്പാദനങ്ങൾ വർദ്ധിപ്പിക്കുകയും, പുറംപ്രദേശങ്ങളുമായുള്ള നമ്മുടെ കച്ചവടങ്ങൾ വിപുലീകരിക്കുകയും സഹകരണസംഘങ്ങൾ വികസിപ്പിക്കുകയുമാണ്, നമ്മുടെ സാമ്പത്തി ക നിർമ്മാണത്തിന്റെ കേന്ദ്രബിന്ദു.

ചുവപ്പുപ്രദേശങ്ങളിൽ കൃഷി, പ്രകടമായും പുരോഗതി നേടുന്നു ണ്ട്. 1932–നെ അപേക്ഷിച്ച് 1933_ലെ കാർഷികോല്പാദനം തെ ക്കൻ കിയാങ്സിയിലും പടിഞ്ഞാറൻ ഫുക്കെയിനിലും 15 ശതമാന

---

* 1934 ജനുവരിയിൽ കിയാങ്സി പ്രവിശ്യയിലെ ജൂയ്ചിനിൽ നട ന്ന തൊഴിലാളി, കർഷക പ്രതിനിധികളുടെ രണ്ടാം ദേശീയ കോൺ ഗ്രസിലാണ സ; മാവോ സെതുങ് ഈ റിപ്പോർട്ട് സമർപ്പിച്ചത്

വും, ഫൂക്കെയിൻ–ചെക്കിയാങ്ങ്–കിയാങ്ങ്സി അതിർത്തിപ്രദേശത്ത്
20 ശതമാനവും വർദ്ധിച്ചിട്ടുണ്ട്. സെചവാൻ–ഷെൻസി അതിർത്തി
പ്രദേശത്ത് നല്ല വിളവ് കിട്ടിയിട്ടുണ്ട്. ഒരു ചുവപ്പുപ്രദേശം സ്ഥാ
പിക്കപ്പെട്ട ശേഷമുള്ള ഒന്നുരണ്ടു കൊല്ലത്തേക്ക് തോട്ടങ്ങളിലെ ഉല്പാ
ദനം പലപ്പോഴും കുറഞ്ഞുപോകുന്നു.1 പക്ഷെ, കൃഷിഭൂമി പുനർ
വിതരണം ചെയ്യുകയും ഉടമാവകാശം വ്യവസ്ഥപ്പെടുത്തുകയും നമ്മൾ
ഉല്പാദനത്തിന് പ്രോൽസാഹനം നല്കുകയും ചെയ്യുന്നതോടെ കർ
ഷകബഹുജനങ്ങൾ ഏറിയ ആവേശത്തോടെ പണിയെടുക്കുകയും അങ്ങ
നെ തോട്ടങ്ങളുടെ ഉല്പാദനം കയറാൻ തുടങ്ങുകയും ചെയ്യുന്നു. ഇ
ന്നിപ്പോൾ ചിലയിടത്തെല്ലാം തോട്ടങ്ങളുടെ ഉല്പാദനം വിപ്ളവത്തി
നുമുമ്പുള്ള തോതിലേക്ക് എത്തുകയും അതിലുമേറെയാവുക കൂടി
യും ചെയ്തിട്ടുണ്ട്. മററുള്ളിടങ്ങളിൽ വിപ്ളവ ഉയർത്തെഴുന്നേൽപ്പി
ന്റെ സന്ദർഭത്തിൽ തരിശായിക്കിടന്ന കൃഷിഭൂമികൾ വീണ്ടും പണി
യാൻ തുടങ്ങിയിട്ടുണ്ടെന്നു മാത്രമല്ല, പുതിയ ഭൂമികളിലും കൃഷി
ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. പലയിടങ്ങളിലും ഗ്രാമങ്ങളിലെ അദ്ധ്വാ
നശക്തിയുടെ ഉപയോഗം ചിട്ടപ്പെടുത്താനായി പരസ്പര സഹായ
ഗ്രൂപ്പുകളും, ഉഴവു സംഘങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. വണ്ടിക്കാള
കളുടെ അപര്യാപ്തത പരിഹരിക്കാൻ സഹകരണസംഘങ്ങൾ സംഘടി
പ്പിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ, ഉല്പാദനപ്രവർത്തനത്തിൽസ്ത്രീക
ളും ധാരാളമായി പങ്കെടുക്കുന്നുണ്ട്. കൂമിന്താങ്ങിന്റെ കാലത്ത് ഇതൊ
ന്നും തന്നെ സംഭാവ്യമായിരുന്നില്ല. ഭൂമി ഭൂപ്രഭുക്കളുടെ കൈവശമാ
യിരിക്കേ, കർഷകർക്ക് അന്ന്, അത് മെച്ചപ്പെടുത്തുന്നതിൽ താല്പ
ര്യമില്ലായിരുന്നു, അങ്ങനെ ചെയ്യാൻ അവരുടെ പക്കൽ ഉപകരണങ്ങളു
മില്ലായിരുന്നു. നമ്മൾ കർഷകർക്ക് ഭൂമി വിതരണം ചെയ്യുകയും ഉല്
പാദനത്തിന് പ്രോൽസാഹനവും പാരിതോഷികങ്ങളും നല്കുകയും
ചെയ്തതോടെ മാത്രമാണ് ഉല്പാദന പ്രവർത്തനത്തിലുള്ള അവരുടെ
ആവേശം പുഷ്കലമാവുകയും അതു വമ്പിച്ച വിജയം കൈവരിക്കുക
യും ചെയ്തത്. ഇപ്പോഴത്തെ സ്ഥിതിയിൽ, നമ്മുടെ സാമ്പത്തിക നിർ
മ്മാണത്തിൽ കൃഷി ഒന്നാംസ്ഥാനത്തുവരുന്നു എന്നകാര്യം എടുത്തുപറയേ
ണ്ടതുണ്ട്. ഭക്ഷ്യപ്രശ്നവും വസ്ത്രം, പഞ്ചസാര, കടലാസ്, മററ് അ
വശ്യവസ്തുക്കൾ എന്നിവ നിർമ്മാക്കാനാവശ്യമായ പരുത്തി, ചണം, ക
രിമ്പ്, മുള എന്നിവ പോലുള്ള അസംസ്കൃത വസ്തുക്കളുടെ പ്രശ്ന
വും നാം പരിഹരിക്കുന്നത് കൃഷിയിലൂടെയാണല്ലോ. വനസംരക്ഷ
ണം വീട്ടുമൃഗങ്ങളുടെ വർദ്ധനവ് എന്നിവയും കൃഷിയുടെ ഒരു പ്രധാ
ന ഭാഗമാണ്. ചില പ്രധാന കാർഷികോല്പന്നങ്ങളുടെ ഉല്പാദന
ത്തിനുവേണ്ടി അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും
അവ നിറവേററാനായി കഠിനാദ്ധ്വാനം ചെയ്യുന്നതിന് ബഹുജനങ്ങളെ
അണിനിരത്തുകയും ചെയ്യുക എന്നത്, ചെറുകിട കാർഷിക സാമ്പത്തി
ക വ്യവസ്ഥയുടെ പരിമിതിക്കുള്ളിൽ, അനുവദനീയവും യഥാർത്ഥ
ത്തിൽ അത്യാവശ്യവും ആണ്. ഇതിൽ നാം ഏറെ ശ്രദ്ധ ചെലുത്തുക
യും ഇതിനായി കൂടുതൽ യത്നിക്കുകയും ചെയ്യേണ്ടതുണ്ട്. അ
ദ്ധ്വാനശക്തി, വണ്ടിക്കാളകൾ, വളം, വിത്ത്, ജലസേചനം എന്നിവ
പോലുള്ള ദുഷ്കരവും അവശ്യവുമായ സംഗതികൾ പരിഹരിക്കുന്ന
തിന് നാം കർഷകരെ ക്രിയാത്മകമായി നയിക്കണം. സംഘടിതമാ
യൊരു രീതിയിൽ അദ്ധ്വാനശക്തിയുടെ ഉപയോഗം ചിട്ടപ്പെടുത്തുക
യും തോട്ടപ്പണി ചെയ്യാനായി സ്ത്രീകളെ പ്രോൽസാഹിപ്പിക്കുകയുമാ
ണ്, ഇത് സംബന്ധിച്ച് നാം ചെയ്യേണ്ട അടിസ്ഥാനപരമായ കർത്ത
വ്യം. പരസ്പര സഹായ ഗ്രൂപ്പുകളെയും ഉഴവുസംഘങ്ങളെയും സംഘ
ടിപ്പിക്കുക, വസന്തത്തിലെയും ഗ്രീഷ്മത്തിലെയും തിരക്കേറിയ ഉഴവു
കാലത്ത് സഹായത്തിനായി നാട്ടിൻ പുറത്തെ ജനങ്ങളെയൊക്കെ അണി



നിരത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക എന്നിവയാണ് അ
ദ്ധ്വാനശക്തിയുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള അവശ്യനടപ
ടികൾ. കർഷകരിൽ കുറേപേർക്ക് (ഏകദേശം 25 ശതമാനം) വണ്ടിക്കാള
കളില്ലെന്നതാണ് മറെറാരു വലിയ പ്രശ്നം. വണ്ടിക്കാള സഹകരണ
സംഘങ്ങൾ സംഘടിപ്പിക്കുന്നതിലും അതുവഴി, കാളകളില്ലാത്ത കർഷ
കർ സ്വയമേവ ഓഹരിയെടുത്ത് അവരുടെ പൊതു ഉപയോഗത്തിനായി
അവയെ വാങ്ങിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിലും നാം ശ്രദ്ധ
ചെലുത്തണം. കാർഷികവൃത്തിയുടെ ജീവരക്തമായ ജലസേചനവും
അതീവ ശ്രദ്ധ അർഹിക്കുന്നു. സർക്കാർ കൃഷിത്തോട്ടങ്ങളുടെ അഥവാ
കൂട്ടുകൃഷിത്തോട്ടങ്ങളുടെ പ്രശ്നം ഉയർത്തിക്കൊണ്ടുവരാൻ നമുക്കിനി
യും കഴിഞ്ഞിട്ടില്ലെന്നത് ശരിതന്നെ; പക്ഷേ, കൃഷിവികസനം ഉത്തേ
ജിപ്പിക്കാനായി വിവിധസ്ഥലങ്ങളിൽ പരീക്ഷണപരമായ ചെറു
തോട്ടങ്ങളും കാർഷിക ഗവേഷണ സ്ക്കൂളുകളും തോട്ടോല്പന്ന പ്രദർ
ശനങ്ങളും ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായ അടിയന്തിരകൃത്യമാണ്.

നമ്മുടെ പ്രദേശങ്ങൾക്കപ്പുറത്ത് സാധനങ്ങൾ വിററഴിക്കുന്നത് ശത്രു
വിന്റെ ഉപരോധംമൂലം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ചുവപ്പുമേഖല
യിലെ അനവധി കൈത്തൊഴിൽ വ്യവസായങ്ങളിൽ പ്രത്യേകിച്ചും പുക
യില സംസ്കരണത്തിലും കടലാസുനിർമ്മാണത്തിലും ഒരുല്പാദനമാ
ന്ദ്യം അനുഭവപ്പെടുന്നുണ്ട്. എന്നാൽ സാധനങ്ങൾ പുറത്തയക്കുന്നതിലു
ള്ള ബുദ്ധിമുട്ടുകൾ തീർത്തും തരണം ചെയ്യാനാവാത്തതൊന്നുമല്ല.
നമ്മുടെ പ്രദേശങ്ങളിൽതന്നെ വൻതോതിൽ ആവശ്യക്കാരുള്ളതുകൊണ്ട്
നമുക്കു നമ്മുടേതായ വിപുലമായ ഒരു വിപണിയുണ്ട്. കൈത്തൊഴി
ലുകളും ചില വ്യവസായങ്ങളുംകൂടി നാം ക്രമാനുസൃതമായി പുനഃ
സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്; ഒന്നാമതായി
നമ്മുടെതന്നെ ആവശ്യാനുസൃതം വിതരണം ചെയ്യുന്നതിനും, രണ്ടാമത്
പുറം പ്രദേശങ്ങളിൽ കച്ചവടത്തിന് അയക്കുന്നതിനും. അനവധി കൈ
ത്തൊഴിലുകളും കുറച്ചു വ്യവസായങ്ങളും; നാം അവയ്ക്കു കൊടു
ക്കാൻ തുടങ്ങിയിട്ടുള്ള ശ്രദ്ധയും ജനകീയ ഉല്പാദകസഹകരണസംഘ
ങ്ങളുടെ വികസനവുംമൂലം, കഴിഞ്ഞ രണ്ടു വർഷമായി, പ്രത്യേകിച്ചും
1933ന്റെ ആദ്യപകുതിയിൽ, തലപൊക്കാൻ തുടങ്ങിയിട്ടുണ്ട്. പുക
യില, കടലാസ്, ടങ്ങ്സ്ററൻ അയിര്, കർപ്പൂരം, തോട്ടപ്പണിയായുധ
ങ്ങൾ, (കുമ്മായംപോലുള്ള) വളങ്ങൾ എന്നിവയുടേതാണ് ഇവയിൽ ഏ
ററവും പ്രമുഖമേഖലകൾ. അതിലുപരിയായി, നമ്മുടെ ഇന്നത്തെ പരി
തഃസ്ഥിതിയിൽ നമ്മൾ സ്വന്തമായി പരുത്തിത്തുണികളും മരുന്നുക
ളും പഞ്ചസാരയും നിർമ്മിക്കുന്നതിൽ ഉപേക്ഷ വരുത്തിക്കൂടാ. ഫ്യൂ
ക്യാൻ–ചെക്യാങ്ങ്–കിയാങ്ങ്സി അതിർത്തിപ്രദേശത്ത്, മുമ്പില്ലാതിരു
ന്ന, കടലാസ് നിർമ്മാണം, തുണിനിർമ്മാണം, പഞ്ചസാരസംസ്കര
ണം എന്നിവപോലുള്ള, ചില വ്യവസായങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്;
അവ നന്നായി പ്രവർത്തിക്കുന്നുമുണ്ട്. ഉപ്പിന്റെ ദൗർലഭ്യം ലഘൂകരി
ക്കാനായി ആളുകൾ നൈററർ എന്ന ഉപ്പുപാറക്കല്ലുകളിൽനിന്ന് ഉപ്പ് വാ
ററിയെടുക്കാൻ തുടങ്ങിയിട്ടുണ്ട്. വ്യവസായം നടത്തിക്കൊണ്ടു പോകു
ന്നതിന് ശരിയായ ആസൂത്രണം ആവശ്യമാണ്. ചിതറിക്കിടക്കുന്ന ഒരു
കൈത്തൊഴിൽ വ്യവസായത്തിൽ വിശദവും സമഗ്രവുമായ ആസൂത്രണം
അസാദ്ധ്യമാണെന്നതു ശരിതന്നെ. എന്നാൽ ചില പ്രമുഖ വ്യവസായ
സംരംഭങ്ങൾക്ക്, പ്രധാനമായി സർക്കാർ, സഹകരണമേഖലകളിലെ സം
രംഭങ്ങൾക്ക് ഒരുവിധം വിശദമായ ഉല്പാദന പദ്ധതികൾ തികച്ചും
അത്യാവശ്യം ആണ്. ശത്രുവിന്റെയും നമ്മുടെയും പ്രദേശങ്ങളിൽ ഉള്ള
അസംസ്കൃത വസ്തുക്കളുടെ വിപണന സാദ്ധ്യതകളുടേയും കൃത്യ
മായികണക്കെടുക്കുന്നതിൽ നമ്മുടെ സർക്കാർ, സഹകരണ മേഖലകളിലെ

വ്യവസായ സംരംഭങ്ങളിലുള്ള ഓരോരുത്തരും തുടക്കംമുതലേ ശ്രദ്ധ വെയ്ക്കണം.

പുറംപ്രദേശങ്ങളുമായുള്ള സ്വകാര്യക്കച്ചവടം ആസൂത്രിതമായി സംഘടിപ്പിക്കുന്നത്: ഉപ്പും പരുത്തിത്തുണിയും ഇറക്കുമതി ചെയ്യൽ, ധാന്യവും ടങ്ങ്സ്ററൺ അയിരും കയററുമതി ചെയ്യൽ, നമ്മുടെതന്നെ പ്രദേശങ്ങളിലെ ധാന്യവിതരണം ക്രമീകരിക്കൽ തുടങ്ങിയഅത്യാവശ്യചരക്കുകളുടെ കാര്യങ്ങൾ ഭരണകൂടം നേരിട്ടുകൈകാര്യംചെയ്യുന്നതും ഇന്നത്തെ സന്ദർഭത്തിൽ പ്രത്യേകിച്ചാവശ്യമാണ്. അത്തരംപ്രവർത്തനങ്ങൾ ഫ്യൂക്യൻ–ചെക്യാങ്ങ്–കിയാങ്ങ്സി പ്രദേശത്ത് ആദ്യമായി നടപ്പാക്കുകയും 1933 ലെ വസന്തകാലത്ത് മദ്ധ്യപ്രദേശത്ത് ആരംഭിക്കുകയും ചെയ്തു. 'പുറംപ്രദേശവുമായി കച്ചവടം നടത്താനുള്ള ബ്യൂറോ'യും മററ് ഏജൻസികളും സ്ഥാപിക്കപ്പെട്ടതോടെ, ഇക്കാര്യത്തിൽ പ്രാഥമിക വിജയങ്ങൾ കൈവരിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെ സമ്പദ്ഘടന മൂന്നു മേഖലകൾ അടങ്ങിയതാണ്. സർക്കാർ സംരംഭങ്ങൾ, സഹകരണസംരംഭങ്ങൾ, സ്വകാര്യസംരംഭങ്ങൾ.

ഇന്ന് സർക്കാർ സംരംഭങ്ങളെ സാദ്ധ്യവും അത്യാവശ്യവുമായവയിൽ മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു. സർക്കാർ നടത്തുന്ന വ്യാപാരവും വ്യവസായവും വളരാൻ തുടങ്ങിയിട്ടുണ്ട്. അവയ്ക്ക് അതിരററ സാദ്ധ്യതകളുമുണ്ട്.

സമ്പദ്ഘടനയിലെ സ്വകാര്യമേഖലയെ സംബന്ധിച്ചാണെങ്കിൽ നമ്മുടെ സർക്കാർ ഏർപ്പെടുത്തിയ നിയമപരിധി ലംഘിക്കാത്തിടത്തോളം നാം അവയെ തടസപ്പെടുത്തുകയില്ല; സത്യത്തിൽ നാമവയെ പ്രോൽസാഹിപ്പിക്കുകയും ചെയ്യും. കാരണം ഈ ഘട്ടത്തിൽ രാഷ്ട്രീയത്തിന്റെയും ജനങ്ങളുടെയും താൽപര്യത്തിന് സ്വകാര്യസംരംഭങ്ങളുടെ വികസനം അത്യാവശ്യമാണ്. സ്വകാര്യസംരംഭങ്ങൾ ഇന്ന പ്രബലവും ഗണനീയവും ഒരു സമയംവരെ അനിവാര്യമായും ഒരു പ്രമുഖസ്ഥാനത്ത് തുടരുന്നതുമാണ്. ഇന്ന് ചുവപ്പ് പ്രദേശങ്ങളിലുള്ള സ്വകാര്യസ്ഥാപനങ്ങൾ ചെറിയ തോതിലുള്ളവയാണ്.

സഹകരണസംരംഭങ്ങൾ അതിവേഗം വളരുകയാണ്. കിയാങ്ങ്സി, ഫൂക്യൻ എന്നിവിടങ്ങളിലെ പതിനേഴ് കൗണ്ടികളിൽ 1933 സെപ്ററംബറിലെ കണക്കനുസരിച്ച് 3,00,000 യുവാനിൽ ഏറെ മൊത്തം മൂലധനമുള്ള, വിവിധ തരത്തിൽപെട്ട 1423 സഹകരണസംഘങ്ങൾ ഉണ്ട്. ഉപഭോക്തൃസഹകരണ സംഘങ്ങളും ധാന്യസഹകരണസംഘങ്ങളും ഈ പട്ടികയിൽ ഒന്നാം സ്ഥാനത്തു വരുന്നു. ഉല്പാദക സഹകരണസംഘങ്ങളാണ് തൊട്ടടുത്തായി വരുന്നത്. വായ്പാസഹകരണസംഘങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു. സഹകരണ, സർക്കാർ സംരംഭങ്ങൾ സമന്വയിക്കപ്പെടുകയും ഒരു നീണ്ട കാലയളവുവരെ വളർന്നു മുന്നേറുകയും ചെയ്യുന്നതോടെ, അവ നമ്മുടെ സമ്പദ്ഘടനയുടെ അതിബൃഹത്തായ ശക്തിയായിത്തീരുകയും സ്വകാര്യമേഖലയെ മറികടക്കുകയും അതിനുമേൽ നേതൃസ്ഥാനം നേടുകയും ചെയ്യും. ആയതിനാൽ, സ്വകാര്യസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനൊപ്പംതന്നെ സർക്കാർ സംരംഭങ്ങളുടെ സാദ്ധ്യമായ ഏററവും വൻപിച്ച വികസനവും സഹകരണസംഘങ്ങളുടെ വിപുലമായ വികസനവും ഒന്നിച്ചു പോകണം.

സർക്കാർ സംരംഭങ്ങളെ വികസിപ്പിക്കാനും സഹകരണസംഘങ്ങളെ സഹായിക്കാനുമായി, ബഹുജനപിന്തുണയോടെ മുപ്പതുലക്ഷം യുവാനിന്റെ സാമ്പത്തിക നിർമ്മാണബോണ്ടുകൾ നാം വിതരണം ചെയ്തിട്ടുണ്ട്. ഈ സന്ദർഭത്തിൽ സാമ്പത്തിക നിർമ്മാണത്തിനായുള്ള ഫണ്ടുകളുടെ പ്രശ്നം പരിഹരിക്കാനുള്ള, സാദ്ധ്യമായ ഒരേയൊരു മാർഗം ഇത്തരത്തിൽ ബഹുജനങ്ങളെ ആശ്രയിക്കലാണ്.



സമ്പദ്ഘടനയെ വികസിപ്പിക്കുന്നതിലൂടെ നമ്മുടെ നികുതി വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് നമ്മുടെ സാമ്പത്തികനയത്തിന്റെ അടിസ്ഥാനതത്വം. ഫൂക്യൻ–ചെകിയാങ്ങ്–കിയാങ്ങ്സി അതിർപ്രദേശത്ത് ഇതു പ്രകടഫലങ്ങൾ ഉളവാക്കിക്കഴിഞ്ഞിട്ടുണ്ട്. മദ്ധ്യതാവള പ്രദേശത്തും അങ്ങനെ ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഈ തത്വം ബോധപൂർവം പ്രയോഗത്തിൽ വരുത്തുക എന്നത് നമ്മുടെ ധനകാര്യം സാമ്പത്തിക സംഘടനകളുടെ കടമയാണ്. ഇതുമായി ബന്ധപ്പെട്ട്, സ്ററേററ് ബാങ്കു നോട്ടുകൾ അച്ചടിച്ചിറക്കുന്നത് ഒന്നാമതായി സാമ്പത്തിക വികാസത്തിന്റെ ആവശ്യങ്ങളനുസരിച്ചാണെന്നും വെറും പണസംബന്ധമായ ആവശ്യങ്ങൾക്കുവേണ്ടി അങ്ങനെ ചെയ്യുന്നത് രണ്ടാമതായി മാത്രമാണെന്നും നാം ഉറപ്പു വരുത്തണം.

നമ്മുടെ സർക്കാരിന്റെ ചെലവിന്റെ മാർഗദർശകതത്വം മിതവ്യയം എന്നതായിരിക്കണം. അഴിമതിയും ദുർവ്യയവും വളരെ വലിയ കുററങ്ങളാണെന്ന് എല്ലാ സർക്കാർ ജോലിക്കാരോടും വ്യക്തമാക്കേണ്ടതുണ്ട്. അഴിമതിക്കും ദുർവ്യയത്തിനുമെതിരായുള്ള നമ്മുടെ ക്യാമ്പെയിനുകൾക്ക് കുറച്ചൊക്കെ ഫലമുണ്ടായിക്കഴിഞ്ഞിട്ടുണ്ട്, എങ്കിലും ഇനിയും കൂടുതൽ ശ്രമങ്ങൾ ആവശ്യമാണ്. നമ്മുടെ എക്കൌണ്ടിംഗ് രീതിയെ നയിക്കുന്ന തത്വം, ഓരോ ചെമ്പുതുട്ടും യുദ്ധയത്നത്തിനും വിപ്ലവലക്ഷ്യത്തിനും സാമ്പത്തിക നിർമ്മാണത്തിനുമായി മിച്ചംവെയ്ക്കുക എന്നതായിരിക്കണം. സർക്കാർ വരുമാനം ചിലവഴിക്കുന്നതിൽ നമ്മുടെ രീതി കൂമിന്താങ്ങിന്റേതിൽനിന്ന് കർശനമായും വ്യത്യസ്തമായിരിക്കണം.

രാജ്യം സാമ്പത്തികവിപത്തിൽ പതിക്കുകയും കോടിക്കണക്കിന് ജനങ്ങൾ പട്ടിണിയുടെയും തണുപ്പിന്റെയും ഭീകരവൈഷമ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു സമയത്ത്, നമ്മുടെ പ്രദേശത്തെ ജനകീയ സർക്കാർ വിപ്ലവയുദ്ധത്തേയും ദേശീയ താൽപര്യത്തേയും സംരക്ഷിക്കാനായി വിഷമതകളെ ഒന്നും കൂസാതെ സാമ്പത്തികനിർമ്മാണവുമായി അചഞ്ചലമായി മുന്നേറുകയാണ്. സ്ഥിതി പൂർണമായും സ്പഷ്ടമാണ്. സാമ്രാജ്യത്വത്തേയും കൂമിന്താങ്ങിനേയും തോല്പിക്കുന്നതിലൂടെയും ആസൂത്രിതവും സംഘടിതവുമായ സാമ്പത്തികനിർമ്മാണം ഏറെറടുക്കുന്നതിലൂടെയും ചൈനയിൽ ആസകലമുള്ള ജനങ്ങളെ അഭൂതപൂർവമായ അത്യാപത്തിൽനിന്നുനമുക്കു രക്ഷിക്കാനാവൂ.

# കുറിപ്പുകൾ

1. ചുവപ്പുപ്രദേശങ്ങൾ സ്ഥാപിച്ചശേഷമുള്ള ഒന്നുരണ്ട് കൊല്ലക്കാലം തോട്ടങ്ങളിൽ നിന്നുള്ള ഉല്പാദന തോതിൽ സാധാരണയായി ഒരു മാന്ദ്യമുണ്ടാകാറുണ്ട്. മുഖ്യമായും ഇത് ഭൂവുടമാവകാശം വ്യവസ്ഥപ്പെടാത്തതുകൊണ്ടും ഭൂമിയുടെ പുനർവിതരണത്തിനിടക്ക് പുത്തൻ സാമ്പത്തിക നീതി പൂർണമായി സ്ഥാപിക്കപ്പെടാത്തതുകൊണ്ടും കർഷകർക്ക് അപ്പോഴും ഉല്പാദനത്തിൽ പൂർണമായി മനസുവക്കാൻ കഴിയാത്തതുകൊണ്ടുമായിരുന്നു.

2. അദ്ധ്വാനശക്തിയുടെ ദേപ്പെട്ട ഒരു സംഘടിതസ്ഥിതിയിലൂടെ ഉല്പാദനം മെച്ചപ്പെടുത്താനായി ചുവപ്പുപ്രദേശത്തെ കർഷകർ, ഒററയൊററയായ തോട്ടകൃഷികളെ ആധാരമാക്കി, രൂപീകരിച്ചവയായി

രുന്നു പരസ്പര സഹായഗ്രൂപ്പുകളും ഉഴവുസംഘങ്ങളും, സ്വയമേവയുള്ള പങ്കാളിത്തത്തിന്റെയും പരസ്പര നേട്ടത്തിന്റെയും തത്വത്തിൽ, അംഗങ്ങൾ പരസ്പരം തുല്യതോതിൽ വേലചെയ്തുകൊടുക്കുകയും, അഥവാ ഒരാൾക്കു ലഭിച്ച സഹായം അത്രക്കുതന്നെ തിരിച്ചുചെയ്യാനാവാത്തപ്പോൾ വരുന്ന വ്യത്യാസം പണമടച്ചു തീർക്കുകയോ ചെയ്തു വന്നു. പരസ്പരം സഹായിക്കുന്നതിനു പുറമെ, ചുവപ്പുസേനാ സൈനികരുടെ കുടുംബങ്ങൾക്ക് മുൻഗണന നൽകുകയും നിരാശ്രയരായ വൃദ്ധജനങ്ങൾക്കുവേണ്ടി പണിക്കിടയ്ക്കുള്ള ഭക്ഷണം ഒഴിച്ച് മറ്റൊരു പ്രതിഫലവും കൂടാതെ പണിയെടുത്തുകൊടുക്കയും ചെയ്തുപോന്നു. ഈ പരസ്പര സഹായ നടപടികൾ ഉല്പാദനത്തെ ഏറെ സഹായിച്ചിരുന്നതുകൊണ്ടും ന്യായയുക്തമായൊരടിസ്ഥാനത്തിൽ നടത്തിയിരുന്നതുകൊണ്ടും ബഹുജനങ്ങളുടെ ഹാർദ്ദമായ പിന്തുണ നേടുകയുണ്ടായി.

# ജനക്ഷേമത്തിൽ തൽപ്പരരായിരിക്കുക പ്രവർത്തനരീതികളിൽ ശ്രദ്ധ ഊന്നുക*

1934 ജനുവരി 27

ചർച്ചാവേളയിൽ സഖാക്കൾ ഊന്നൽ നൽകാത്ത രണ്ട് പ്രശ്നങ്ങളുണ്ട്. അവയെക്കുറിച്ച് പ്രതിപാദിക്കണമെന്ന് എനിക്ക് തോന്നുന്നു.

ഇവയിൽ ഒന്നാമത്തേത് ജനക്ഷേമമാണ്. വിപ്ലവയുദ്ധത്തിൽ വിശാല ബഹുജന വിഭാഗങ്ങളെ അണിനിരത്തുക, അത്തരം യുദ്ധത്തിലൂടെ സാമ്രാജ്യത്വത്തെയും കുമിന്താങ്ങിനെയും മറിച്ചിടുക, വിപ്ലവം രാജ്യത്തൊട്ടാകെ വ്യാപിപ്പിക്കുക ചൈനയിൽനിന്ന് സാമ്രാജ്യത്വത്തെ തുരത്തി ഓടിക്കുക എന്നിവ ചേർന്നതാണ് ഇന്ന് നമ്മുടെ കേന്ദ്രകടമ. ഈ കേന്ദ്രകടമയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്ത ഏതൊരാളും ഒരു നല്ല വിപ്ലവ പ്രവർത്തകനല്ല. നമ്മുടെ സഖാക്കൾ ഈ കടമ യഥാർത്ഥത്തിൽ ഗ്രഹിക്കുകയും എന്തുവില നൽകിയും രാജ്യത്തൊട്ടാകെ വിപ്ലവം വ്യാപിപ്പിക്കണമെന്ന് മനസിലാക്കുകയും ചെയ്യുകയാണെങ്കിൽ അവർ ബഹുജനങ്ങളുടെ അടിയന്തിര താൽപ്പര്യങ്ങളുടെയും ക്ഷേമത്തിന്റെയും പ്രശ്നത്തെ ഒരുതരത്തിലും ഉപേക്ഷിക്കുകയോ കുറച്ചുകാണുകയോ ചെയ്യില്ല. എന്തെന്നാൽ വിപ്ലവയുദ്ധം ബഹുജനങ്ങളുടേതായ ഒരു യുദ്ധമാണ്, ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടും അവരെ ആശ്രയിച്ചുകൊണ്ടും മാത്രമെ അത് നടത്താൻ കഴിയുകയുള്ളു.

യുദ്ധം നടത്തിക്കൊണ്ടു പോകുന്നതിന് നാം ജനങ്ങളെ അണിനിരത്തുകമാത്രം ചെയ്യുകയും മറ്റൊന്നും പ്രവർത്തിക്കാതിരിക്കയും ചെയ്യുകയാണെങ്കിൽ, ശത്രുവിനെ പരാജയപ്പെടുത്തുന്ന കാര്യത്തിൽ നമുക്ക് വിജയിക്കാൻ കഴിയുമോ? തീർച്ചയായും ഇല്ല. ജയിക്കാൻ ആഗ്രഹമുള്ള പക്ഷം വളരെയേറെ കൂടുതൽ കാര്യങ്ങൾ നാം ചെയ്യേണ്ടതുണ്ട്. നാം, ഭൂമിക്കുവേണ്ടിയുള്ള കർഷകരുടെ സമരത്തെ നയിക്കുകയും അവർക്കിടയിൽ ഭൂമി വിതരണം ചെയ്യുകയും വേണം. അവരുടെ അദ്ധ്വാനത്തിലുള്ള ആവേശം ഉയർത്തണം, കാർഷികോല്പാദനം വർദ്ധിപ്പിക്കണം, സഹകരണ സംഘങ്ങൾ സ്ഥാപിക്കണം, പുറംപ്രദേശങ്ങളുമായുള്ള കച്ചവടം വികസിപ്പിക്കണം, ജനസാമാന്യങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അതായത്, ഭക്ഷണം, പാർപ്പിടം, വസ്ത്രം, ഇന്ധനം, അരി പാചക എണ്ണ, ഉപ്പ് എന്നിവയുടെയും രോഗം, ശുചിത്വം, വിവാഹം എന്നിവയുടെയും പ്രശ്നങ്ങൾ പരിഹരിക്കണം. ചുരുക്കിപ്പറഞ്ഞാൽ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലെ എല്ലാ പ്രായോഗിക പ്രശ്നങ്ങളും നമ്മുടെ ശ്രദ്ധാവിഷയമാകണം. ഈ പ്രശ്നങ്ങളിൽ ശ്രദ്ധിക്കുകയും അവ പരിഹരിച്ച് ബഹുജനങ്ങളുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുകയാണെങ്കിൽ നാം യഥാർത്ഥത്തിൽ ബഹുജന ക്ഷേമ സംഘാടകരായിത്തീരും. ജനങ്ങൾ ശരിക്കും നമുക്ക് ചുറ്റും അണിനിരന്ന് തങ്ങളുടെ ഹാർദ്ദമായ പിന്തുണ നമുക്ക് നൽകും. സഖാക്കളെ വിപ്ലവയുദ്ധ

* 1934 ജനുവരിയിൽ കിയാങ്സി പ്രവിശ്യയിലെ ജൂയിച്ചിനിൽ കൂടി തൊഴിലാളി കർഷക പ്രതിനിധികളുടെ രണ്ടാം ദേശീയ കോൺഗ്രസിൽ സ: മാവോ സെതുങ്ങ് ചെയ്ത ഉപസംഹാര പ്രസംഗത്തിന്റെ ഭാഗമാണിത്.

ത്തിൽ പങ്കെടുക്കുന്നതിന് അതോടെ അവരെ ഉണർത്താൻ നമുക്ക് കഴിയുമോ? ഉവ്വ്, തീർച്ചയായും കഴിയും.

ഇനി, നമ്മുടെ ചില കേഡർമാർക്കിടക്ക് കണ്ട ഒരു തരംസംഗതിയെക്കുറിച്ച് പറയാം. ചുവപ്പുസേനയെ വികസിപ്പിക്കൽ, ട്രാൻസ്പോർട്ട് കോറുകളെ വിപുലീകരിക്കൽ, ഭൂനികുതി പിരിവ്, കടപ്പത്രവിൽപ്പന എന്നിവയെക്കുറിച്ച് മാത്രമാണ് അവർ സംസാരിക്കുക. മററ് കാര്യങ്ങളെക്കുറിച്ചാണെങ്കിൽ അവർ അവ ചർച്ചചെയ്യുകയോ ശ്രദ്ധിക്കുകയോ ഇല്ല; എന്നല്ല, പൂർണ്ണമായി അവഗണിക്കുക പോലും ചെയ്യുന്നു. ഉദാഹരത്തിന് ടിങ്ചൗ മുനിസിപ്പൽ ഗവൺമെൻറ് ചുവപ്പുസേനയെ വികസിപ്പിക്കുന്നതിലും ട്രാൻസ്പോർട്ടു കോറുകളെ സംഘടിപ്പിക്കുന്നതിലും മാത്രമേ താൽപ്പര്യം കാണിച്ചിരുന്നുള്ളൂ. ബഹുജനക്ഷേമത്തിൻെറ കാര്യത്തിൽ ഒട്ടുംതന്നെ ശ്രദ്ധ കാണിക്കാതിരുന്ന ഒരു സമയമുണ്ടായിരുന്നു. ടിങ് ചൗവിലെ ജനങ്ങൾ നേരിട്ടിരുന്ന പ്രശ്നങ്ങൾ ഇവയായിരുന്നു: വിറക് അവർക്ക് ഉണ്ടായിരുന്നില്ല, മുതലാളിമാരുടെ പൂഴ്ത്തിവയ്പുമൂലം ഉപ്പ് വിൽപ്പനക്ക് വന്നിരുന്നില്ല, ചിലർക്ക് പൊറുതിക്ക് പാർപ്പിടമില്ല. അരിയാണെങ്കിൽ ദുർലഭവും വിലയേറിയതും. ടിങ്ചൗവിലെ ബഹുജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗിക പ്രശ്നങ്ങൾ ആയിരുന്നു ഇവ. ഇവയ്ക്ക് പരിഹാരം കാണുന്നതിനായി സഹായത്തിന് അവർ നമ്മെ ഉററു നോക്കി. എങ്കിലും ടിങ്ചൗ മുനിസിപ്പൽ ഗവൺമെൻറ് ഇക്കാര്യങ്ങളെക്കുറിച്ചൊന്നും ചർച്ച ചെയ്തില്ല. നഗരത്തിൽ പുതിയ തൊഴിലാളി, കർഷക പ്രതിനിധി കൗൺസിൽ തെരഞ്ഞെടുക്കപ്പെടുകയും, ആദ്യ കൗൺസിൽ മീററിങ്ങുകൾ ജനക്ഷേമത്തെ തീർത്തും അവഗണിച്ചുകൊണ്ട്, ചുവപ്പുസേനാവികസനത്തെക്കുറിച്ചും ട്രാൻസ്പോർട്ട് കോറുകളെ അണിനിരത്തുന്നതിനെക്കുറിച്ചും മാത്രം ചർച്ച ചെയ്യുകയും ചെയ്തപ്പോൾ നൂറിലധികം പ്രതിനിധികൾ പിന്നീട് അതിൽ പങ്കെടുക്കാൻ വിസമ്മതം പ്രകടിപ്പിക്കുകയുണ്ടായത് അതുകൊണ്ടായിരുന്നു. തൽഫലമായി കൗൺസിലിന് തുടർന്ന് മീററിങ്ങുകൾ നടത്താൻ കഴിഞ്ഞതുമില്ല. ഇതുകാരണം ചുവപ്പുസേനാ വികസനത്തിലും ട്രാൻസ്പോർട്ടു കോറുകളെ അണിചേർക്കുന്നതിലും വളരെ കുറച്ച് നേട്ടങ്ങളേ ഉണ്ടാക്കാൻ കഴിഞ്ഞുള്ളൂ. ഒരു ഇനം സ്ഥിതി ഇത്തരത്തിലായിരുന്നു.

സഖാക്കളെ, രണ്ടു മാതൃകാ ടൗൺഷിപ്പുകളെപ്പററി ലഭിച്ച ലഘുലേഖകൾ ഒരുപക്ഷെ നിങ്ങൾ വായിച്ചു കാണും. അവിടങ്ങളിൽ സ്ഥിതി തികച്ചും[1] വ്യത്യസ്തമാണ്. ക്യാങ്സിയിലെ ചങ്കാങ് ടൗൺ ഷിപ്പിൽ നിന്നും ഫുക്കിയെനിലെ ട്സായ്സി ടൗൺ ഷിപ്പിൽ[2] നിന്നും എത്രയേറെ ആൾക്കാരാണെന്നോ, ചുവപ്പുസേനയിൽ ചെന്നത്. ചാങ്കാങ്ങിലെ യുവാക്കളിലും യുവതികളിലും 89 ശതമാനം പേർ ചുവപ്പുസേനയിൽ ചേർന്നു; ട്സായ്സിയിൽ നിന്ന് 88 ശതമാനമാണ് ചേർന്നത്. കടപ്പത്രവില്പനയും വമ്പിച്ചതായിരുന്നു. 1500 പേർ അധിവസിക്കുന്ന ചാങ്കാങ്ങിൽ 4500 യുവാൻ വിലക്കുള്ള കടപ്പത്രങ്ങളാണ് വിററത്. മററു രംഗങ്ങളിലും വളരെയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇതിന് കാരണമെന്താണ്? ചില ഉദാഹരണങ്ങൾകൊണ്ട് കാര്യം വ്യക്തമാകും. ചാങ്കാങ്ങിൽ ഒരു ദരിദ്രകർഷകൻെറ വീട്ടിൽ തീപിടുത്തമുണ്ടായി, ഒരു മുറിയും മറെറാരു മുറിയുടെ പകുതിയും നശിച്ചപ്പോൾ അയാളെ സഹായിക്കാൻ പണം സംഭാവന ചെയ്യണമെന്ന് ടൗൺ ഷിപ്പ് ഗവൺമെൻറ് ജനങ്ങളോട് അഭ്യർത്ഥിക്കുകയുണ്ടായി. മൂന്നാളുകൾ പട്ടിണിയ്ക്കിരയായി. ഉടനടി, ടൗൺ ഷിപ്പ് ഗവൺമെൻറും പരസ്പര സഹായസംഘവും അവർക്ക് അരി എത്തിച്ചുകൊടുത്തത് മറെറാരു ഉദാഹരണമാണ്. കഴിഞ്ഞ വേനൽക്കാലത്ത് ഭക്ഷ്യക്ഷാമമുണ്ടായപ്പോൾ ഇരുന്നൂറു 'ലീ' യിലധികം ദൂരെയുള്ള കുങ്ല്യൂവേ



കൗണ്ടിയിൽ നിന്ന്[3] ബഹുജനങ്ങൾക്കാശ്വാസം നൽകാൻ ടൗൺഷിപ്പ് ഗവൺമെൻറ് ധാന്യം കൊണ്ടുവന്നു. ട്സായ്സിയിലും ഈ രീതിയിലുള്ള ഒന്നാംതരം പ്രവർത്തനം നടക്കുകയുണ്ടായി. ഇത്തരം ടൗൺ ഷിപ്പ് ഗവൺമെൻറുകൾ ശരിക്കും മാതൃകകളാണ്. അവ ഉദ്യോഗസ്ഥ മേധാവിത്വ നേതൃത്വ രീതികളോടുകൂടിയ ടിങ്ചൗ മുനിസിപ്പൽ ഗവൺമെൻറിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. നാം ചാങ്കാങ്, ട്സാഹ്സി ടൗൺഷിപ്പുകളിൽ നിന്ന് പഠിക്കുകയും ടിങ്ചൗ നഗരത്തിലേതു മാതിരിയുള്ള ഉദ്യോഗസ്ഥ മേധാവികളായ നേതാക്കളെ എതിർക്കുകയും ചെയ്യേണ്ടതുണ്ട്.

ആത്മാർത്ഥമായി ഈ കോൺഗ്രസിനോട് എനിക്കു നിർദ്ദേശിക്കാനുള്ളത് ഭൂമിയുടെയും തൊഴിലിൻെറയും തുടങ്ങി ഇന്ധനം, അരി, പാചക എണ്ണ, ഉപ്പ് എന്നിവയുടെ വരെയുള്ള എല്ലാ പ്രശ്നങ്ങളുടെയുമായ ബഹുജനക്ഷേമത്തിൽ നിങ്ങൾ ശ്രദ്ധ ചെലുത്തണമെന്നാണ്. ഉഴവും വയൽനിരത്തലും പഠിക്കാൻ സ്ത്രീകൾ ആഗ്രഹിക്കുന്നു. അത് അവരെ പഠിപ്പിക്കാൻ ആരെ കിട്ടും? സ്കൂളിൽ പോകാൻ കുട്ടികൾക്ക് ആഗ്രഹമുണ്ട്. ഇതിന് നാം പ്രൈമറി സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ടോ? അതാ അവിടെയുള്ള മരപ്പാലം വളരെ ഇടുങ്ങിയതാണ്. ആൾക്കാർ വീണുപോയേക്കും. നാം അതിൻെറ കേടുപാടു തീർക്കേണ്ടേ? പരുക്കൾ കൊണ്ടും മററ് അസുഖങ്ങൾകൊണ്ടും നിരവധിയാൾക്കാർ ദുരിതപ്പെടുന്നുണ്ട്. ഇതിനെല്ലാം നാം എന്താണു ചെയ്യാൻ പോകുന്നത്? ഇങ്ങിനെ ജനക്ഷേമത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളും നമ്മുടെ അജണ്ടയിൽ ഉൾക്കൊള്ളിക്കപ്പെടേണ്ടതാണ്. നാം അക്കാര്യങ്ങൾ ചർച്ചനടത്തി തീരുമാനങ്ങളെടുത്ത് നടപ്പാക്കുകയും അതിൻെറ ഫലങ്ങൾ പരിശോധിക്കുകയും ചെയ്യണം. നാം ജനതാൽപ്പര്യങ്ങളെ പ്രതിനിധീകരിക്കുന്നു എന്നും നമ്മുടെ ജീവിതം അവരുടേതുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ഈ കാര്യങ്ങളിൽനിന്നും, നാം മുന്നോട്ടു വച്ചിട്ടുള്ള കൂടുതൽ ഉയർന്ന കാര്യങ്ങളിലേക്ക്, അതായത് വിപ്ലവ യുദ്ധത്തിൻെറ കടമകളിലേക്ക് നീങ്ങുന്നതിന് നാം അവരെ സഹായിക്കണം. അതുവഴി അവർ വിപ്ലവത്തെ പിൻതാങ്ങുകയും രാജ്യമാകെ വ്യാപിപ്പിക്കുകയും ചെയ്യും. മാത്രമല്ല അവർ നമ്മുടെ രാഷ്ട്രീയ ആഹ്വാനങ്ങളോടു പ്രതികരിക്കുകയും വിപ്ലവവിജയത്തിനായി അന്ത്യംവരെ പൊരുതുകയും ചെയ്യും. ചാങ്കാങ്ങിലെ ബഹുജനങ്ങൾ പറയുന്നത് ഇങ്ങിനെയാണ്: 'കമ്യൂണിസ്ററുപാർട്ടി വാസ്തവത്തിൽ നല്ലതാണ്. നമുക്കുവേണ്ടി അത് എല്ലാ കാര്യങ്ങളെക്കുറിച്ചും ചിന്തിച്ചിട്ടുണ്ട്.' ചാങ്കാങ് ടൗൺ ഷിപ്പിലെ സഖാക്കൾ നമുക്കെല്ലാം ഒരു മാതൃകയാണ്. എത്ര പ്രശംസാർഹരാണവർ! അവർ ബഹുജനങ്ങളുടെ അകളങ്കമായ വാൽസല്യത്തിനു പാത്രീഭവിച്ചിരിക്കുന്നു. യുദ്ധത്തിനുവേണ്ടി അണിനിരാക്കാനുള്ള അവരുടെ ആഹ്വാനത്തിനു ബഹുജനങ്ങൾ പിന്തുണയ്ക്കുന്നു. ജനങ്ങളുടെ പിന്തുണ നേടാൻ നാം ആഗ്രഹിക്കുന്നുണ്ടോ? ജനങ്ങൾ തങ്ങളുടെ ശക്തി ഈ മുന്നണിയ്ക്കായി അർപ്പിക്കണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടോ? അങ്ങിനെയാണെങ്കിൽ നാം അവരോടൊപ്പമുണ്ടാകണം. അവരുടെ മുൻകയ്യും ഉൽസാഹവും ഉണർത്തുകയും, അവരുടെ ക്ഷേമത്തിനും താൽപ്പര്യങ്ങൾക്കും വേണ്ടി ഹൃദയംഗമമായും ആത്മാർത്ഥമായും പ്രവർത്തിക്കുകയും ഉൽപ്പാദനത്തിൻെറ പ്രശ്നവും നിത്യജീവിത പ്രശ്നങ്ങളും—അതായത് ഉപ്പ്, അരി, പാർപ്പിടം വസ്ത്രം പ്രസവം തുടങ്ങിയവ പരിഹരിക്കുകയും ചെയ്യണം. നാം അങ്ങിനെ ചെയ്യുകയാണെങ്കിൽ ബഹുജനങ്ങൾ തീർച്ചയായും വിപ്ലവത്തെ പിന്താങ്ങുകയും തങ്ങളുടെ ഏററവും ഉജ്ജ്വലമായ പതാകയായി, സ്വന്തം ജീവനെപ്പോലെ വിലമതിക്കുകയും ചെയ്യും. ചുവപ്പുപ്രദേശങ്ങളെ കുമിന്താങ് ആക്രമിക്കുകയാണെ

ങ്കിൽ അതിനോടവർ മരണം വരെ പോരാടും. ഇതിനെപ്പററി സംശയം
വേണ്ട. എന്തെന്നാൽ നാം ശത്രുവിന്റെ ഒന്നും രണ്ടും മൂന്നും നാലും
'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുകളെ തകർത്തു തരിപ്പ
ണമാക്കി എന്നത് ഒരു തുറന്ന വസ്തുതയല്ലേ?

കൂമിന്താങ്ങ് ഇപ്പോൾ ബ്ലോക്ക് ഹൗസ് (സംരക്ഷിതകോട്ടകൾ)
ഉപയോഗിച്ചുള്ള യുദ്ധനയം പിന്തുടരുകയും പരിഭ്രാന്തമായി തങ്ങളു
ടെ 'ആമക്കൂടുകൾ', അവ ഏതോ ഇരുമ്പു കോട്ടകളാണെന്ന മാതിരി,
നിർമ്മിക്കുകയുമാണ്. സഖാക്കളേ, വാസ്തവത്തിൽ ഇവ ഇരുമ്പുകോ
ട്ടകളാണോ? അൽപംപോലുമല്ല! ആയിരക്കണക്കിനു വർഷങ്ങൾ നിലനി
ന്ന ഫ്യൂഡൽ ചക്രവർത്തിമാരുടെ കൊട്ടാരങ്ങളെക്കുറിച്ചോർത്തുനോക്കൂ.
അവയുടെ മതിലുകളും കിടങ്ങുകളും ശക്തിമത്തായിരുന്നില്ലേ? എന്നി
ട്ടും അവ ബഹുജനങ്ങൾ ഉണർന്നെഴുന്നേററ നിമിഷത്തിൽ ഒന്നൊന്നായി
നിലംപൊത്തുകയാണുണ്ടായത്. റഷ്യയിലെ സാർ ചക്രവർത്തി ലോക
ത്തിലെ ഏററവും നിഷ്ഠൂരരായ ഭരണാധികാരികളിൽ ഒരാളായിരുന്നു.
എന്നിട്ടും തൊഴിലാളിവർഗവും കർഷകജനതയും വിപ്ലവത്തിലേക്കു
മുന്നേറിയപ്പോൾ അയാളുടെ എന്തെങ്കിലും അവശേഷിക്കുകയുണ്ടായോ?
ഇല്ല, യാതൊന്നും അവശേഷിച്ചില്ല. അയാളുടെ ഇരുമ്പു കോട്ടകളോ?
അവയെല്ലാം തകർന്നുവീണു. സഖാക്കളെ! ഒരു യഥാർത്ഥ ഇരുമ്പു കോ
ട്ട ഏതാണ്? വിപ്ലവത്തെ യഥാർത്ഥമായും ആത്മാർത്ഥമായും പി
ന്താങ്ങുന്ന ബഹുജനങ്ങളാണത്, കോടിക്കണക്കിനുള്ള ബഹുജനങ്ങൾ,
ഒരു ശക്തിക്കും, അത് എത്രതന്നെ ഭീകരമാകട്ടെ തകർക്കാൻ സാധ്യമല്ലാ
ത്ത യഥാർത്ഥ ഇരുമ്പു കോട്ടയാണത്. പ്രതിവിപ്ലവത്തിനു നമ്മെ
തകർക്കാനാവില്ല; മറിച്ച് നമുക്ക് അതിനെ തകർക്കാനാവും. വിപ്ലവ
ഗവൺമെന്റിനുചുററും കോടിക്കണക്കിനു ജനങ്ങളെ അണിനിരത്തിക്കൊ
ണ്ടും നമ്മുടെ വിപ്ലവയുദ്ധത്തെ വ്യാപിപ്പിച്ചുകൊണ്ടും നാം എല്ലാ
പ്രതിവിപ്ലവത്തെയും തുടച്ചുനീക്കുകയും മുഴുവൻ ചൈനയെയും
ഏറെറടുക്കുകയും ചെയ്യും.

രണ്ടാമത്തെ പ്രശ്നം നമ്മുടെ പ്രവർത്തനരീതികളെ സംബന്ധിച്ചു
ള്ളതാണ്.

നാം വിപ്ലവയുദ്ധത്തിന്റെ നേതാക്കളും സംഘാടകരും ആണെന്ന
തുപോലെതന്നെ ജനജീവിതത്തിന്റെ നേതാക്കളും സംഘാടകരും ആണ്
ണ്. വിപ്ലവയുദ്ധം സംഘടിപ്പിക്കുകയും ബഹുജനജീവിതം മെച്ച
പ്പെടുത്തുകയും നമ്മുടെ രണ്ടു പ്രധാന കടമകൾ ആണ്. പ്രവർത്തനരീ
തികളുടേതായ ഗൗരവപ്രശ്നത്തെ ഇക്കാര്യത്തിൽ നാം അഭിമുഖീകരിക്കു
കയാണ്. കടമകൾ നിശ്ചയിച്ചതുകൊണ്ടു മാത്രമായില്ല, അവ നടപ്പാ
ക്കുന്നതിനുള്ള രീതികളുടെ പ്രശ്നവും നാം പരിഹരിക്കണം. നമ്മുടെ
കർത്തവ്യം ഒരു നദി കടക്കുക എന്നതാണെങ്കിൽ ഒരു പാലമോ വള്ളമോ
കൂടാതെ നമുക്ക് അതു ചെയ്യാൻ കഴിയുകയില്ല. പാലത്തിന്റേതോ വ
ള്ളത്തിന്റേതോ ആയ പ്രശ്നം പരിഹരിക്കാത്തപക്ഷം നദി കടക്കുന്ന
തിനെപ്പററി പറയുന്നത് നിരർത്ഥകമാണ്. രീതിയുടെ പ്രശ്നം പ
രിഹരിക്കപ്പെടാത്തിടത്തോളം ഒരു കർത്തവ്യത്തെക്കുറിച്ചുള്ള പാച്ചിൽ
ഉപയോഗശൂന്യമാണ്. ചുവപ്പുസേനയെ വികസിപ്പിക്കുന്ന പ്രവർത്ത
നത്തിനു നേതൃത്വം കൊടുക്കുന്നതിൽ നാം ശ്രദ്ധിക്കുകയും നമ്മുടെ
രീതികളെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തില്ലെങ്കിൽ 'ചു
വപ്പുസേനയെ വികസിപ്പിക്കുക' എന്ന പദങ്ങൾ ആയിരം പ്രാവശ്യം ഉരു
വിട്ടാലും നാം ഒരിക്കലും വിജയിക്കുകയില്ല. ഭൂവിതരണപ്രവർത്തനം
പരിശോധിക്കാൻ, സാമ്പത്തികനിർമ്മാണം, സംസ്കാരവും വിദ്യാഭ്യാസ
വും, പുതിയ പ്രദേശങ്ങളിലും പ്രാന്തജില്ലകളിലുമുള്ള നമ്മുടെ പ്രവർ
ത്തനം എന്നിവപോലുള്ള ഏതൊരു കാര്യത്തിലും, അതു നടപ്പാക്കുന്ന
തിനുള്ള രീതികളിൽ ശ്രദ്ധ ചെലുത്താതെയും ഉദ്യോഗസ്ഥ മേധാവി



ത്വപരമായ പ്രവർത്തനരീതികളെ എതിർക്കാതെയും പ്രായോഗികവും
സമൂർത്തവുമായ രീതികൾ കൈക്കൊള്ളാതെയും കമാൻറിസ്ററ് രീതിക
ളെ ഉപേക്ഷിക്കാതെയും ക്ഷമാപൂർവപ്രേരണയുടേതായ രീതി സ്വീ
കരിക്കാതെയും കടമകൾ നിശ്ചയിക്കുക മാത്രമാണ് നാം ചെയ്യുന്നതെ
ങ്കിൽ ഒരു രംഗത്തും നമ്മുടെ കടമകൾ പൂർത്തീകരിക്കുന്നതിന് നമുക്കു
കഴിയുകയില്ല.

സിങ്ങ്കോയിലെ സഖാക്കൾ ഒന്നാംതരം പ്രവർത്തനം നടത്തിയി
ട്ടുണ്ട്, മാതൃകാ പ്രവർത്തകരെന്ന പ്രശംസ അവർ അർഹിക്കുന്നുമു
ണ്ട്. അതുപോലെതന്നെ, വടക്കുകിഴക്കൻ കിയാങ്ങ്സിയിലെ സഖാക്ക
ളും നല്ല പ്രവർത്തനം നടത്തുകയും മാതൃകാപ്രവർത്തകരാവുകയും ചെ
യ്തിട്ടുണ്ട്. ബഹുജനങ്ങളുടെ ക്ഷേമത്തിന്റെ പ്രശ്നത്തെ വിപ്ല
വയുദ്ധത്തിന്റേതുമായി ഇണക്കിച്ചേർത്തുകൊണ്ട് ഈ സഖാക്കൾ ഇരു
പ്രദേശങ്ങളിലും ഒരേ സമയം വിപ്ലവപരമായ പ്രവർത്തനരീതിയുടെ
യും തങ്ങളുടെ വിപ്ലവകടമകൾ പൂർത്തീകരിക്കുന്നതിന്റെയും ആയ
പ്രശ്നങ്ങൾ പരിഹരിക്കുകയാണ്. നിഷ്കൃഷ്ടമായ ശ്രദ്ധയോ
ടുകൂടി പ്രശ്നങ്ങൾ പരിഹരിച്ചും സ്വന്തം ഉത്തരവാദിത്വങ്ങൾ ആ
ത്മാർത്ഥമായി ഏറെറടുത്തും അവർ ബോധപൂർവം പ്രവർത്തിക്കുകയാ
ണ്. അങ്ങനെ അവർ വിപ്ലവയുദ്ധത്തിന്റെയും ബഹുജനക്ഷേമ
ത്തിന്റെയും നല്ല സംഘാടകരും നേതാക്കളുമാണ്. മററു ചില സ്ഥല
ങ്ങളിലും സഖാക്കൾ പ്രവർത്തനത്തിൽ പുരോഗമിക്കയും നമ്മുടെ പ്രശം
സ അർഹിക്കയും ചെയ്തിട്ടുണ്ട്. ഫുക്കിയൻ പ്രവിശ്യയിലെ ഷാങ്ങ്
ഹാങ്ങ്, ചാങ്ങ്ടിങ്ങ്, യുങ്ങ്ടിങ്ങ് കൗണ്ടികളുടെ ചില ഭാഗങ്ങളിലും
തെക്കൻ യാങ്ങ്സി പ്രവിശ്യയിലെ സിക്കിയാങ്ങ് തുടങ്ങിയ പ്രദേശങ്ങ
ളിലും, ഹുനാൻ—കിയാങ്ങ്സി അതിർത്തി പ്രദേശത്തെ ചാലിങ്ങ്, യു
ങ്ങ്സിൻ, കിയാൻ എന്നീ യാങ്ങ്സിൻ കൗണ്ടിയുടെ ചില ഭാഗങ്ങ
ളിലും, ഹുനാൻ—ഹുപേ—കിയാങ്ങ്സി അതിർത്തിപ്രദേശത്തെ യാങ്ങ്
സിൻ കൗണ്ടിയുടെ ചില ഭാഗങ്ങളിലും, കിയാങ്ങ്സി പ്രവിശ്യയിലെ
മററു പല കൗണ്ടികളിലുമുള്ള ജില്ലകളിലും ടൗൺഷിപ്പുകളിലും കേന്ദ്ര
ഗവൺമെന്റിന്റെ നേരിട്ടുകീഴിലുള്ള ജുയ്ചിൻ കൗണ്ടിയിലും, ഉണ്ടാ
യിട്ടുള്ള പുരോഗതി ഇതിനുദാഹരണമാണ്.

നമ്മുടെ നേതൃത്വത്തിലുള്ള എല്ലാസ്ഥലങ്ങളിലും സജീവരായ നി
രവധി കേഡർമാർ, ഒന്നാം തരം സഖാക്കൾ, നിസംശയമായുമുണ്ട്. ഇവർ
ബഹു ജനങ്ങളിൽ നിന്ന് ഉയർന്നു വന്നവരാണ്. നമ്മുടെ പ്രവർത്തനം
ദുർബലമായ സ്ഥലങ്ങളിൽ സഹായിക്കുന്നതിനും ഇനിയും നന്നായി
പ്രവർത്തിക്കാൻ കഴിയാത്ത സഖാക്കളെ സഹായിക്കുന്നതിനും ഈ സഖാ
ക്കൾക്ക് ഉത്തരവാദിത്വമുണ്ട്. നാം ഒരു വലിയവിപ്ലവയുദ്ധത്തി
ന്റെ നടുവിലാണ്, നാം ശത്രുവിന്റെ വൻതോതിലുള്ള 'വലയം ചെ
യ്ത് അടിച്ചമർത്തലിനെ' പൊളിച്ചു മുന്നേറുകയും രാജ്യത്തിന്റെ എ
ല്ലാഭാഗത്തും വിപ്ലവം വ്യാപിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. എല്ലാ
വിപ്ലവകേഡർമാർക്കും ഗംഭീരമായ ഒരു ഉത്തരവാദിത്വമാണുള്ളത്. ഈ
കോൺഗ്രസിനുശേഷം നാം നമ്മുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതി
നുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം, മുന്നേറിയ പ്രദേ
ശങ്ങൾ കൂടുതൽ മുന്നേറിയവയായിത്തീരണം, പിന്നോക്കപ്രദേശങ്ങൾ
മുന്നേറിയവക്ക് ഒപ്പമെത്തിച്ചേരണം. ചാങ്ങ്കാങ്ങിനെപ്പോലുള്ള ആയിര
ക്കണക്കിനു ടൗൺ ഷിപ്പുകളും സിങ്ങ്കോയെപ്പോലുള്ള ഡസൻകണ
ക്കിനു കൗണ്ടികളും നാം സൃഷ്ടിക്കേണ്ടതുണ്ട്. അവയായിരിക്കും ന
മ്മുടെ ശക്തി ദുർഗങ്ങൾ. ഈ ശക്തി ദുർഗങ്ങളിൽ നിന്ന് ശത്രുവി
ന്റെ'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുകളെ തകർക്കുന്നതി
നും രാജ്യത്താകെ സാമ്രാജ്യത്വത്തിന്റെയും കൂമിന്താങ്ങിന്റെയും ഭരണ
ത്തെ മറിച്ചിടുന്നതിനും നമുക്കു മുന്നേറാം.

# കുറിപ്പുകൾ

1. യാങ്ങ്സി പ്രവിശ്യയിലെ സിങ്ങ്കുവോ കൗണ്ടിയിലാണ് ചാങ്ങ്കാങ്ങ് ടൗൺ ഷിപ്പ്.

2. ഫുക്കിയെൻ പ്രവിശ്യയിലെ ചാങ്ങ്കാങ്ങ് കൗണ്ടിയിലാണ് ട്സായ് സി ടൗൺ ഷിപ്പ്.

3. കുങ്ങ്ല്യൂകൗണ്ടി അന്ന് കാങ്ങ്സിയിലെ ചുവപ്പുപ്രദേശത്തായിരുന്നു. കിയാൻ കൗണ്ടിയുടെ തെക്കു കിഴക്കുഭാഗത്തുള്ള (ടുങ്ങ്കു നഗരം) അതിന്റെ കേന്ദ്രമായിരുന്നു. 1931 ഒക്ടോബർമാസത്തിൽ അവിടെ തന്റെ ജീവൻ ബലിയർപ്പിച്ച, ചുവപ്പുസേനയുടെ മൂന്നാം സൈനിക കോറിന്റെ കമാൻറർ സഖാവ് ഹുവാങ്ങ് കുങ്ങ്-ല്യൂവിന്റെ ഓർമ്മക്കാണ് അതിനു ആ പേര് നൽകിയത്.

4. 1933 ജൂലൈ മാസത്തിൽ കിയാങ്ങ്സി പ്രവിശ്യയിലെ ലൂഷായനിൽ കൂടിയ സൈനിക കോൺഫ്രൻസിൽ വച്ചാണ് ചിയാങ്ങ്കൈഷക്, ചുവപ്പുപ്രദേശങ്ങളെ ചുററും ബ്ലോക്ക് ഹൗസുകൾ (സംരക്ഷിത കോട്ടകൾ) നിർമ്മിക്കാൻ തിരുമാനിച്ചത്. തന്റെ അഞ്ചാം 'വലയം ചെയ്ത് അടിച്ചമർത്തൽ' കാമ്പെയിനിനുള്ള ഒരു പുതിയ അടവെന്ന നിലയിലാണ് അത് ആവിഷ്കരിക്കപ്പെട്ടത്. 1934 ജനുവരി അവസാനത്തോടെ കിയാങ്ങ്സി പ്രവിശ്യയിൽ മൊത്തത്തിൽ 2900 ബ്ലോക്ക് ഹൗസുകൾ പണിയപ്പെട്ടതായി കണക്കാക്കപ്പെടുന്നു. പിന്നീട് എട്ടാംപഥസൈന്യത്തിനും പുത്തൻ നാലാംസൈന്യത്തിനുമെതിരായി ഇതേ അടവ് ജാപ്പനീസ് ആക്രമണകാരികൾ സ്വീകരിക്കുകയുണ്ടായി. സഖാവ് മാവോ സെതുങ്ങിന്റെ ജനകീയ യുദ്ധ തന്ത്രത്തിൽ ഉറച്ചു നിന്നുകൊണ്ട്, ബ്ലോക്ക് ഹൗസുകൾ ഉപയോഗിക്കുന്ന പ്രതിലോമ പരമായ ഈ അടവിനെ പൂർണ്ണമായി തകർക്കാനും പരാജയപ്പെടുത്താനും കഴിയുമെന്ന് അനുഭവം പൂർണ്ണമായും തെളിയിച്ചിട്ടുണ്ട്.

# ജപ്പാനീസ് സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിലെ അടവുകൾ*

1935 ഡിസംബർ 27

## ഇന്നത്തെ രാഷ്ട്രീയാവസ്ഥയുടെ സവിശേഷതകൾ

സഖാക്കളെ! രാഷ്ട്രീയ സാഹചര്യത്തിൽ ഇപ്പോൾ വമ്പിച്ച ഒരു മാററം സംഭവിച്ചിട്ടുണ്ട്. ഈ മാറിയ പരിതസ്ഥിതിയുടെ വെളിച്ചത്തിൽ നമ്മുടെ പാർട്ടി അതിന്റെ കടമകൾ നിർവചിച്ചിട്ടുണ്ട്.

എന്താണ് ഇന്നത്തെ സാഹചര്യങ്ങൾ?

ജാപ്പാനീസ് സാമ്രാജ്യത്വം ചൈനയെ ഒരു കോളനിയാക്കി മാററാൻ ആഗ്രഹിക്കുന്നു എന്നതാണതിന്റെ പ്രധാന സവിശേഷത.

നമുക്കെല്ലാവർക്കു മറിയാവുന്നതുപോലെ, ഏതാണ്ട് നൂറോളം വർഷങ്ങളായി നിരവധി സാമ്രാജ്യത്വശക്തികൾ സംയുക്തമായി ആധിപത്യം പുലർത്തിപ്പോന്നിട്ടുള്ള ഒരു അർദ്ധ കൊളോണിയൽ രാജ്യമാണ് ചൈന. സാമ്രാജ്യത്വത്തിനെതിരെ ചൈനീസ് ജനത നടത്തിയ സമരങ്ങളും സാമ്രാജ്യത്വശക്തികൾക്കിടയിലുള്ള പരസ്പര ഭിന്നതകളും മൂലം ഒരു അർദ്ധ സ്വാതന്ത്ര്യപദവി നിലനിർത്താൻ ചൈനക്കു കഴിഞ്ഞിട്ടുണ്ട്. കുറച്ചു കാലത്തേക്ക് ചൈനയിൽ മുഖ്യമായും ആധിപത്യം ചെലുത്താനുള്ള അവസരം ഒന്നാം ലോകയുദ്ധകാലത്ത് ജാപ്പനീസ് സാമ്രാജ്യത്വത്തിനു ലഭിച്ചു. എന്നാൽ ചൈനയെ ജപ്പാനടിയറവെക്കുന്ന സന്ധിയും അന്നത്തെ മുരത്ത രാജ്യദ്രോഹി യുവാൻഷി — കായ്[1] ഒപ്പുവച്ച ഇരുപത്തൊന്ന് ആവശ്യങ്ങളും[2], പിന്നീട് ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരെ ചൈനീസ് ജനത നടത്തിയ സമരങ്ങളുടെയും മററ് സാമ്രാജ്യത്വശക്തികളുടെ ഇടപെടലുകളുടെയും ഫലമായി നിർവ്വീര്യവും നിരർത്ഥകവുമായിത്തീർന്നു. 1922 ൽ അമേരിക്കൻ ഐക്യനാടുകൾ വാഷിംഗ്ടണിൽ വിളിച്ചുചേർത്ത ഒൻപതു ശക്തികളുടെ സമ്മേളനത്തിൽ ഒരു സന്ധി[3] ഒപ്പുവയ്ക്കപ്പെട്ടു. അത് ചൈനയെ വീണ്ടും വിവിധ സാമ്രാജ്യത്വശക്തികളുടെ സംയുക്ത ആധിപത്യത്തിൻ കീഴിലാക്കി.

എന്നാൽ അധികനാൾ കഴിയും മുമ്പ് സാഹചര്യം വീണ്ടും മാറി, 1931 സെപ്ററംബർ 18 സംഭവത്തോടെ[4] ചൈനയെ കോളനിയാക്കാനുള്ള ജപ്പാന്റെ ശ്രമങ്ങളുടെ ഇപ്പോഴത്തെ ഘട്ടം തുടങ്ങി. ജാപ്പനീസ് ആക്രമണം നാലുവടക്കുകിഴക്കൻ പ്രവിശ്യകളിൽ[5] താൽക്കാലികമായി പരിമിതപ്പെട്ടിരുന്നതിനാൽ ജാപ്പനീസ് സാമ്രാജ്യത്വവാദികൾ ഇതിലേറെ ഒരുപക്ഷേ മുന്നേറില്ലെന്ന് ചിലർ വിചാരിച്ചു. പക്ഷേ ഇന്നു കാര്യങ്ങൾ വ്യത്യസ്തമാണ്. വൻമതിലിനു തെക്കോട്ട് കടന്നു കയറുന്നതിനും ചൈന മുഴുവൻ കൈവശപ്പെടുത്തുന്നതിനുമുള്ള തങ്ങളുടെ ഉദ്ദേശം ജാപ്പനീസ് സാമ്രാജ്യത്വവാദികൾ ഇതിനോടകം വ്യക്തമാക്കി.

---

* 1935 ഡിസംബറിൽ വടക്കൻ ഷെൻസിയിലെ വയാവൊ പാവൊയിൽ നടന്ന കേന്ദ്രകമ്മിററിയുടെ യോഗത്തിനു ശേഷം, വയാവൊ പാവൊയിൽ തന്നെ സംഘടിപ്പിച്ച പാർട്ടിപ്രവർത്തകരുടെ സമ്മേളനത്തിലാണ് സഖാവ് മാവോ സെതുങ്ങ് ഈ റിപ്പോർട്ടു വയ്ക്കുന്നത്. ചൈനീസ് കമ്യൂ

കഴിഞ്ഞു. ഇപ്പോൾ ചൈനയെ മുഴുവൻ നിരവധി സാമ്രാജ്യത്വശക്തി
കൾ പങ്കിട്ടെടുത്തിരിക്കുന്ന ഒരു അർധകോളനിയിൽ നിന്ന് ജപ്പാന് കു
ത്തകാധികാരമുള്ള ഒരു കോളനിയാക്കി മാററുവാൻ അവർ ആഗ്രഹിക്കു
ന്നു. സമീപകാലത്തെ കിഴക്കൻ ഹോപ്പെ സംഭവവും[6] നയതന്ത്ര സം
ഭാഷണങ്ങളും[7] മുഴുവൻ ചൈനീസ് ജനതയുടേയും നിലനിൽപ്പിനെ
തന്നെ ഭീഷണിപ്പെടുത്തുന്ന ഈ പ്രവണതയുടെ വ്യക്തമായ സൂചനക
ളാണ്. ഇത് ചൈനയിലെ എല്ലാ വർഗങ്ങളുടേയും രാഷ്ട്രീയ ഗ്രൂപ്പു
കളുടേയും മുന്നിൽ എന്തുചെയ്യണമെന്ന ചോദ്യം ഉയർത്തുന്നു. ചെറു
ത്തു നിൽക്കണമോ? കീഴടങ്ങണമോ? അതോ ഇതു രണ്ടിനുമിടയ്ക്ക് ചാ
ഞ്ചാടണമോ?

ണിസ്ററ് പാർട്ടിയുടെ കേന്ദ്രകമ്മിററി വിളിച്ചുചേർത്തിട്ടുള്ള യോഗങ്ങ
ളിൽ ഏററവും പ്രധാനപ്പെട്ടവയിൽ ഒന്നായിരുന്നു ഈ യോഗം. ജപ്പാ
നെതിരായ പൊതുവായ പോരാട്ടത്തിൽ തൊഴിലാളികളുടെയും കർഷകരു
ടെയും സഖ്യശക്തിയാവാൻ ചൈനയിലെ ദേശീയ ബൂർഷ്വാസിക്കു ക
ഴിയുകയില്ല എന്ന പാർട്ടിക്കുള്ളിലെ തെററായ വീക്ഷണത്തെ ഈ യോ
ഗം വിമർശിക്കുകയും ഒരു ദേശീയ ഐക്യമുന്നണിയുടെ അടവുകളെപ്പ
ററി തീരുമാനങ്ങളെടുക്കുകയും ചെയ്തു. പൊളിററിക്കൽ ബ്യൂറോയു
ടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ജപ്പാനെതിരായ ചെറുത്തുനി
ൽപ്പ് അത്യാവശ്യമാണെന്ന വ്യവസ്ഥയിൽ ദേശീയ ബൂർഷ്വാസിയുമാ
യി ഒരു ഐക്യമുന്നണി പുനസ്ഥാപിക്കുന്നതിൻെറ സാധ്യതയും പ്രാ
ധാന്യവും സഖാവ് മാവോസെതുങ്ങ് സവിസ്തരം വിശദീകരിച്ചു.
ഈ ഐക്യമുന്നണിയിൽ കമ്യൂണിസ്ററ് പാർട്ടിയും ചുവപ്പുസേനയും
വഹിക്കേണ്ട നേതൃത്വപരമായ പങ്കിൻെറ നിർണ്ണായക പ്രാധാന്യം അദ്ദേ
ഹം ഊന്നിപ്പറഞ്ഞു. അദ്ദേഹം ചൈനീസ് വിപ്ലവത്തിൻെറ ദീർഘകാ
ലസ്വഭാവം ചൂണ്ടിക്കാട്ടുകയും, പാർട്ടിയിൽ വളരെ നാളായി നിലനിന്ന
തും രണ്ടാം വിപ്ലവ ആഭ്യന്തര യുദ്ധത്തിനിടയ്ക്ക് പാർട്ടിക്കും ചുവ
പ്പുസേനക്കും നേരിട്ട ഗുരുതരമായ തിരിച്ചടികളുടെ അടിസ്ഥാന കാര
ണങ്ങളുമായിരുന്ന സങ്കുചിത മനസ്ഥിതിയോടുകൂടിയ കതകടക്കൽ
നയത്തെയും (ക്ലോസ്ഡ് ഡോറിസം) അതിധൃതിയേയും വിമർശിക്കുക
യും ചെയ്തു. അതേസമയം തന്നെ അദ്ദേഹം ചെൻ ടൂ-ഹ്സ്യൂയുടെ വ
ലതുപക്ഷ അവസരവാദനയം മൂലം 1927-ൽ വിപ്ലവത്തിനു നേരിട്ട
പരാജയത്തിൻെറ ചരിത്ര പരമായ പാഠങ്ങളിലേക്ക് പാർട്ടിയുടെ ശ്രദ്ധ
ക്ഷണിക്കുകയും, വിപ്ലവ ശക്തികളെ അട്ടിമറിക്കുന്നതിന് ചിയാ
ങ്ങ് കൈഷക്ക് അനിവാര്യമായും ശ്രമിക്കുമെന്ന് കാണിക്കുകയും
യ്തു. ഇപ്രകാരം, ചിയാങ്ങ് കൈഷക്കിൻെറ അന്തമററ ഗൂഢാലോച
നകളും പല സായുധ ആക്രമണങ്ങളും ഉണ്ടായിരുന്നിട്ടു കൂടിയും, പു
തിയ അവസ്ഥയിൽ വ്യക്തമായ കാഴ്ചപ്പാടു നിലനിർത്തുവാനും നാ
ശനഷ്ടങ്ങളിൽ നിന്ന് വിപ്ലവശക്തികളെ രക്ഷിക്കുവാനും പാർട്ടി
യെ കഴിവുള്ളതാക്കി. 1935 ജനുവരിയിൽ, കെവയ്ചോ പ്രവിശ്യയി
ലെ ട്സുൻയിൽ വിളിച്ചു കൂട്ടപ്പെട്ട കേന്ദ്രകമ്മിററിയുടെ പൊളിററിക്കൽ
ബ്യൂറോയുടെ ഒരു വികസിതയോഗത്തിൽ വച്ച് മുൻ 'ഇടതു പക്ഷ' അ
വസരവാദനേതൃത്വത്തിൻെറ സ്ഥാനത്ത് സ. മാവോസെതുങ്ങ് നയിക്കു
ന്ന ഒരു പുതിയ കേന്ദ്രകമ്മിററി നേതൃത്വം സ്ഥാപിക്കപ്പെട്ടു. എന്നാൽ, ആ
യോഗം ചുവപ്പുസേനയുടെ ലോംഗ് മർച്ചിനിടയ്ക്കുവച്ചായിരുന്നനടന്നത് എ
ന്നതിനാൽ അതിന് ഏററവും അടിയന്തിര മായ പ്രശ്നങ്ങളേയും സൈനി
ക കേന്ദ്രകമ്മിററിയുടെ സെക്രട്ടറിയേററും വിപ്ലവസൈനിക കമ്മീഷനും
സംഘടിപ്പിക്കുന്നതിനേയുംകുറിച്ചുള്ളതീരുമാനങ്ങളിൽ ഒതുങ്ങിനിൽക്കേ
ണ്ടിവന്നിരുന്നു. ലോംഗ്മാർച്ചിനുശേഷം ചുവപ്പുസേന ഉത്തരഷെൻസി
യിൽ എത്തിച്ചേർന്നതിനുശേഷം മാത്രമാണ് പാർട്ടിയുടെ കേന്ദ്രകമ്മിററി



ചൈനയിലെ വിവിധ വർഗങ്ങൾ എപ്രകാരമാണ് ഈ ചോദ്യത്തോ
ട് പ്രതികരിക്കുന്നതെന്ന് ഇനി നമുക്കു പരിശോധിക്കാം.
തൊഴിലാളികളും കർഷകരുമെല്ലാം ചെറുത്തുനിൽപ്പ് ആവശ്യപ്പെടു
ന്നു. 1924-27 വിപ്ലവം, 1927 മുതൽ ഇന്നുവരെയുള്ള കാർഷികവി
പ്ലവം, സെപ്ററംബർ 18 സംഭവത്തിനു ശേഷമുള്ള ജപ്പാൻവിരുദ്ധ
മനോഭാവത്തിൻെറ വേലിയേററം ഇവയെല്ലാം തെളിയിക്കുന്നത് തൊഴിലാ
ളിവർഗവും കർഷകജനതയുമാണ് ചൈനീസ് വിപ്ലവത്തിൻെറ ഏററ
വും നിശ്ചയദാർഢ്യമുള്ള ശക്തികൾ എന്നാണ്.
പെററി ബൂർഷ്വാസിയും ചെറുത്തുനിൽപ്പ് ആവശ്യപ്പെടുന്നു. വി
ദ്യാർത്ഥികളായ യുവാക്കളും നഗരപ്രദേശത്തെ പെററി ബൂർഷ്വാസി
യും ഇതിനോടകം തന്നെ ഒരു വിശാല ജാപ്പനീസ് വിരുദ്ധപ്രസ്ഥാനം
ആരംഭിച്ചു കഴിഞ്ഞില്ലേ? ചൈനീസ് പെററി ബൂർഷ്വാസിയുടെ ഈ വി
ഭാഗം 1924-27 വിപ്ലവത്തിൽ പങ്കെടുത്തു. കർഷകരെപ്പോലെ ഇവ
രും തങ്ങളുടെ സാമ്പത്തികപദവി അനുസരിച്ച് ചെറുകിട ഉൽപാദകരാ
ണ്. അവരുടെ താൽപര്യങ്ങൾ സാമ്രാജ്യത്വത്തിൻേറതുമായി ഒരിക്കലും
അനുരഞ്ജിപ്പിക്കാൻ ആവാത്തവയാണ്. സാമ്രാജ്യത്വവും ചൈനീസ്
പ്രതിവിപ്ലവശക്തികളും അവർക്കു വമ്പിച്ച ഹാനി വരുത്തിയിട്ടു
ണ്ട്, അവരിൽ പലരെയും തൊഴിലില്ലായ്മയിലേക്കോ പാപ്പരത്തത്തി
ലേക്കോ അർധപാപ്പരത്തത്തിലേക്കോ തള്ളിവീഴ്ത്തിയിട്ടുണ്ട്. ഇപ്പോൾ,
ഒരു വിദേശ രാഷ്ട്രത്തിൻെറ അടിമകൾ ആയിത്തീരുകയെന്ന അടിയന്തി
ര അപകടത്തെ അഭിമുഖീകരിക്കുന്ന അവർക്ക് ചെറുത്തുനിൽക്കുകയല്ലാ
തെ മറെറാരു പോംവഴിയില്ല.

എന്നാൽ ദേശീയ ബൂർഷ്വാസിയും, ദല്ലാൾ, ഭൂപ്രഭുവർഗങ്ങളും,
കുമിന്താങ്ങും ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതെങ്ങിനെയാണ്?
വൻകിട പ്രാദേശിക ജനമർദ്ദകരും ദുഷ്ടരായ നാട്ടുപ്രമാണിമാരും
വൻകിട യുദ്ധപ്രഭുക്കളും വൻകിട ഉദ്യോഗസ്ഥ മേധാവികളും ദല്ലാള
ന്മാരും കാലേകൂട്ടിത്തന്നെ തീരുമാനമെടുത്തു കഴിഞ്ഞു. ഏതു തര
ത്തിലുള്ള വിപ്ലവവും സാമ്രാജ്യത്വത്തേക്കാൾ ഏറെ വഷളാണെന്ന് മു
മ്പെല്ലായ്പോഴും എന്നതുപോലെ ഇപ്പോഴും അവർ കരുതുന്നു. അവർ
ദേശദ്രോഹികളുടേതായ ഒരു ക്യാമ്പ് രൂപീകരിച്ചിട്ടുണ്ട്. അവരെ സം
ബന്ധിച്ചിടത്തോളം ഒരു വിദേശരാഷ്ട്രത്തിൻെറ അടിമകളായിത്തീരു
ക എന്ന പ്രശ്നം നിലനിൽക്കുന്നേയില്ല. കാരണം, ദേശീയബോധം അ
വർക്കു മുമ്പേതന്നെ നഷ്ടപ്പെട്ടിരിക്കുന്നു, അവരുടെ താൽപര്യങ്ങൾ
വേർപെടുത്താനാവാത്തവിധം സാമ്രാജ്യത്വവുമായി കണ്ണിചേർക്കപ്പെട്ടി
രിക്കുന്നു. അവരുടെ നേതാവാണ് ചിയാങ്ങ് കൈഷക്ക്. രാജ്യദ്രോ
ഹികളുടേതായ ഈ ക്യാമ്പ് ചൈനീസ് ജനതയുടെ കടുത്ത ശത്രുക്കളാ
ണ്. രാജ്യദ്രോഹികളുടേതായ ഈ കൂട്ടം ഇല്ലായിരുന്നുവെങ്കിൽ ഇത്ര
നഗ്നമായ ആക്രമണത്തിൽ ഏർപ്പെടുവാൻ ജാപ്പനീസ് സാമ്രാജ്യത്വത്തി
നു കഴിയില്ലായിരുന്നു. അവർ സാമ്രാജ്യത്വത്തിൻെറ വേട്ടനായ്ക്കളാ
ണ്.

ദേശീയ ബൂർഷ്വാസി സങ്കീർണ്ണമായ ഒരു പ്രശ്നം കാഴ്ചവയ്ക്കു
ന്നു. 1924-27 വിപ്ലവത്തിൽ ഈ വർഗം പങ്കെടുത്തു. പക്ഷേ വി
പ്ലവത്തിൻെറ അഗ്നിജ്വാലകൾ കണ്ട് അത് ഭയചകിതമായി. പി
ന്നീടത് ജനങ്ങളുടെ ശത്രുവിൻെറ, ചിയാങ്ങ് കൈഷക്ക് ക്ലിക്കിൻെറ,
ഭാഗത്തേക്ക് മാറി. ഇന്നത്തെ സാഹചര്യങ്ങളിൽ ഈ വർഗം ഒരു മാററത്തി

ക്ക് രാഷ്ട്രീയ മണ്ഡലത്തിലെ അടവുകളെ സംബന്ധിച്ച് വിവിധ
പ്രശ്നങ്ങൾ ചിട്ടയായി കൈകാര്യം ചെയ്യാൻ സാദ്ധ്യമായത്. ഈ പ്ര
ശ്നങ്ങളുടെ ഏററവും സമഗ്രമായ ഒരു വിശകലനം സ. മാവോ സെതു
ങ്ങിൻെറ ഈ റിപ്പോർട്ടിൽ നൽകിയിരിക്കുന്നു.

നു വിധേയമാകാൻ എന്തെങ്കിലും സാധ്യതയുണ്ടോ എന്നതാണു പ്രശ്നം. ഞങ്ങൾ കരുതുന്നത് സാധ്യത ഉണ്ടെന്നാണ്. കാരണം ദേശീയ ബൂർഷ്വാസി ഭൂപ്രഭുവർഗത്തെയോ ദല്ലാൾ വർഗത്തെയോ പോലെയല്ല, അവ തമ്മിൽ വ്യത്യാസമുണ്ട്. ദേശീയ ബൂർഷ്വാസി ഭൂപ്രഭുവർഗത്തോളം ഫ്യൂഡലല്ലാ, ദല്ലാൾ വർഗത്തോളം ദല്ലാൾ സ്വഭാവമുള്ളവരല്ല. വിദേശ മൂലധനവും ചൈനീസ് ഭൂവുടമാ താൽപര്യങ്ങളുമായി കൂടുതൽ ബന്ധങ്ങളുള്ള വിഭാഗം ദേശീയ ബൂർഷ്വാസിയുടെ വലതുപക്ഷമാണ്; ഈ വിഭാഗത്തിന് മാററം ഉണ്ടാകാനാകുമോ ഇല്ലയോ എന്ന കാര്യം തൽക്കാലം നാം പരിഗണിക്കുന്നില്ല. ഇത്തരം ബന്ധങ്ങൾ കുറച്ചുമാത്രം ഉള്ളതോ ഒട്ടും ഇല്ലാത്തതോ ആയ വിഭാഗങ്ങളെ സംബന്ധിച്ചാണു പ്രശ്നമുള്ളത്. ചൈന ഒരു കോളനിയാക്കി മാററപ്പെടുമെന്ന ഭീഷണിയെ നേരിടുന്ന ഇന്നത്തെ അവസ്ഥയിൽ ഈ വിഭാഗങ്ങൾ അവരുടെ സമീപനം മാററിയേക്കാമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ മാററത്തിലും ചാഞ്ചാട്ട സ്വഭാവം കാണും. ഒരു ഭാഗത്ത് അവർ സാമ്രാജ്യത്വത്തെ ഇഷ്ടപ്പെടുന്നില്ല, മറുഭാഗത്ത് അവർ സമ്പൂർണവിപ്ളവം ഭയപ്പെടുന്നു, ഇത് രണ്ടിനുമിടക്ക് അവർ ചാഞ്ചാടുന്നു. അവർ 1924–27 വിപ്ളവത്തിൽ പങ്കെടുത്തതിനും അവസാനം ചിയാങ്ങ് കൈഷക്കിൻെറ ഭാഗത്തേക്ക് കൂറുമാറുന്നതിനുമുള്ള കാരണം ഇതു വിശദീകരിക്കുന്നു. ചിയാങ്ങ് കൈഷക്ക് വിപ്ളവത്തെ വഞ്ചിച്ച 1927–ൽ നിന്ന് വർത്തമാനകാലഘട്ടം ഏതു തരത്തിലാണ് വ്യത്യസ്തമായിരിക്കുന്നത്? ചൈന അപ്പോഴും ഒരു അർധ കോളനിയായിരുന്നു, എന്നാലിന്ന് ചൈന ഒരു കോളനി ആയിത്തീരുന്ന പാതയിലാണ്. കഴിഞ്ഞ ഒമ്പത് വർഷമായി ദേശീയ ബൂർഷ്വാസി അതിൻെറ മിത്രത്തെ, തൊഴിലാളിവർഗത്തെ, ഉപേക്ഷിക്കുകയും ഭൂപ്രഭു ദല്ലാൾ വർഗങ്ങളുമായി സൗഹൃദം സ്ഥാപിക്കുകയും ചെയ്തു; പക്ഷേ ഇതിൽനിന്ന് അതിന് എന്തെങ്കിലും നേടാൻ കഴിഞ്ഞോ? ഒന്നുമില്ല, അതിൻെറ വ്യാവസായിക, വ്യാപാര സ്ഥാപനങ്ങൾക്കു നേരിട്ട പാപ്പരത്തമോ അർധപാപ്പരത്തമോ ഒഴിച്ച് അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ ദേശീയ ബൂർഷ്വാസിയുടെ സമീപനത്തിനു മാററമുണ്ടാകാമെന്ന് ഞങ്ങൾ കരുതുന്നു. ഈ മാററത്തിൻെറ അളവ് എത്രമാത്രമായിരിക്കും? ദേശീയ ബൂർഷ്വാസിയുടെ പൊതുസ്വഭാവം ചാഞ്ചാട്ടക്കാരായിരിക്കുക എന്നതാണ്. എന്നാൽ സമരത്തിൻെറ ഒരു നിർദ്ദിഷ്ട ഘട്ടത്തിൽ ഒരു ഭാഗം (ഇടതുപക്ഷം) നമ്മുടെ ഭാഗത്തു ചേർന്നേക്കാം, അതേസമയം മറെറാരു വിഭാഗം നിഷ്പക്ഷ നിലപാടിലേക്ക് ചാഞ്ചാടിയേക്കാം.

സായ്ടിങ്ങ്–കായ്‌യും മററും നയിക്കുന്ന 19–ാം പഥസൈന്യം ആരുടെ വർഗതാൽപര്യങ്ങളെയാണു പ്രതിനിധീകരിക്കുന്നത്? ദേശീയ ബൂർഷ്വാസിയുടേയും മേലേക്കിട പെററി ബൂർഷ്വാസിയുടേയും നാട്ടിൻപുറത്തെ ധനികകർഷകരുടേയും ചെറുകിട ഭൂവുടമകളുടേയും താൽപര്യത്തെയാണ്. സായ്ടിങ്ങ്–കായ്‌യും കൂട്ടരും ഒരിക്കൽ ചുവപ്പുസേനക്കെതിരെ രൂക്ഷമായി പോരാടിയില്ലേ? ഉവ്വ്, എന്നാൽ പിന്നീടവർ ചുവപ്പുസേനയുമായി ജാപ്പനീസ് വിരുദ്ധ, ചിയാങ്ങ് വിരുദ്ധ സഖ്യമുണ്ടാക്കി. കിയാങ്ങ്സിയിൽ അവർ ചുവപ്പുസേനയെ ആക്രമിച്ചിട്ടുണ്ട്, എന്നാൽ പിന്നീടവർ ഷാങ്ങ്ഹായിയിൽ ജാപ്പനീസ് സാമ്രാജ്യത്വത്തോടു പോരാടി; അതിനുംശേഷം ഫൂക്കിയനിൽ അവർ ചുവപ്പുസേനയുമായി ഒത്തുതീർപ്പിൽ എത്തുകയും അവരുടെ തോക്കുകൾ ചിയാങ്ങ് കൈഷക്കിനെതിരെ തിരിക്കുകയും ചെയ്തു. സായ്ടിങ്ങ്–കായ്‌യും അയാളുടെ കൂട്ടരും ഭാവിയിൽ സ്വീകരിക്കുന്ന പാത എന്തായിരുന്നാലും ശരി, അവരുടെ ഫൂക്കിയൻ ജനകീയ ഗവൺമെൻറിൻെറ സമരത്തിനുവേണ്ടി ജനങ്ങളെ ഉണർത്താത്ത പഴയ പ്രവർത്തനരീതിയിൽ ഉറച്ചുനിൽക്കുന്ന സമീപനം ഉണ്ടായിരുന്നിട്ടുകൂടിയും, ആരംഭത്തിൽ ചുവപ്പുസേനക്കെതിരെ തിരിച്ചിരുന്ന തോക്കുകൾ അവർ ജാപ്പനീസ് സാമ്രാജ്യത്വത്തിനും ചിയാങ്ങ് കൈഷക്കിനുമെതിരെ തിരിച്ചിരിക്കുന്നു എന്നത് വിപ്ളവത്തിനു പ്രയോജനകരമായ ഒരു നടപടിയായി പരിഗണിക്കപ്പെടണം. ഇത് കൂമിന്താങ്ങ് താവളത്തിനുള്ളിൽ ഒരു ഭിന്നിപ്പുണ്ടാക്കി. സെപ്ററംബർ 18 സംഭവത്തെ തുടർന്നുള്ള സാഹചര്യങ്ങൾ ഈ ഗ്രൂപ്പ് ഭിന്നിച്ചുപോകാൻ കാരണമായിത്തീർന്നെങ്കിൽ, എന്തുകൊണ്ട് ഇന്നത്തെ സാഹചര്യങ്ങൾ കൂമിന്താങ്ങിൽ മററു ഭിന്നിപ്പുകൾക്ക് ജനനം നൽകുകയില്ല? ഭൂപ്രഭുക്കളുടെയും ബൂർഷ്വാകളുടേയും താവളം ഐക്യമുള്ളതും സ്ഥിരവും യാതൊരു സാഹചര്യങ്ങളിലും മാറാത്തതും ആണെന്നു കരുതുന്ന പാർട്ടി അംഗങ്ങളുടെ നിലപാട് തെററാണ്. അവർ ഇന്നത്തെ ഗുരുതരമായ അവസ്ഥ മനസിലാക്കുന്നതിൽ പരാജയപ്പെടുന്നു, അവർ ചരിത്രംപോലും മറന്നുകളഞ്ഞിരിക്കുന്നു.



കഴിഞ്ഞ കാലത്തെക്കുറിച്ച് അൽപ്പംകൂടി ഞാൻ പരാമർശിക്കട്ടെ 1926ലും 1927ലും, വിപ്ളവസൈന്യം വൂഹാനിലേക്ക് മുന്നേറുകയും അതു പിടിച്ചെടുക്കുകയും ഹൊനാനിലേക്ക് മാർച്ചുചെയ്യുകയും ചെയ്ത സമയത്ത് ടാങ്ങ്ഷെങ്ങ്–ചീയും ഫെങ്ങ്‌യൂ_സിയാങ്ങും[11] വിപ്ളവത്തിൽ പങ്കെടുത്തു. ഫെങ്ങ്‌യൂ–സിയാങ്ങ് 1933–ൽ ചാഹാർ പ്രവിശ്യയിൽ ജാപ്പുവിരുദ്ധസഖ്യസൈന്യം രൂപീകരിക്കുന്നതിൽ കമ്യൂണിസ്ററ് പാർട്ടിയുമായി കുറച്ചുകാലം സഹകരിച്ചു.

മറെറാരു പ്രകടമായ ഉദാഹരണം എടുക്കുക. 19–ാം പഥസൈന്യത്തോടു ചേർന്നു കിയാങ്ങ്സിയിൽ ചുവപ്പുസേനയെ ആക്രമിച്ച 26–ാം പഥസൈന്യം 1931 ഡിസംബറിൽ നിങ്ങ്ടു ഉയർത്തെഴുന്നേൽപ്[12] നടത്തുകയും ചുവപ്പുസേനയുടെ ഭാഗമായിത്തീരുകയും ചെയ്തില്ലേ? നിങ്ങ്ടു ഉയർത്തെഴുന്നേൽപ്പിൻെറ നേതാക്കൾ, ചാഒപോ_ഷെങ്ങും ടുങ്ങ് ചെൻ–ടാങ്ങും മററും, വിപ്ളവത്തിലെ ഉറച്ച സഖാക്കൾ ആയിത്തീർന്നു.

മൂന്നു വടക്കുകിഴക്കൻ പ്രവിശ്യകളിൽ മാചാൻ–ഷാൻ[13] നടത്തിയ ജാപ്പനീസ് വിരുദ്ധ സൈനിക പ്രവർത്തനങ്ങൾ ഭരണവർഗതാവളത്തിലെ മറെറാരു ഭിന്നിപ്പിനെയാണു സൂചിപ്പിക്കുന്നത്.

ഈ സംഭവങ്ങളെല്ലാം സൂചിപ്പിക്കുന്നത് ചൈനയാകെ ജാപ്പനീസ് ബോംബാക്രമണ പരിധിക്കുള്ളിലാകുമ്പോൾ, സമരത്തിൻെറ സാധാരണ വേഗതക്കു മാററം വരികയും അതു പെട്ടെന്നു കുതിച്ചു മുന്നേറുകയും ചെയ്യുമ്പോൾ, ശത്രു താവളത്തിൽ ഭിന്നതകൾ ഉണ്ടാകുമെന്നാണ്.

സഖാക്കളെ, ഇനി നമുക്ക് ഈ പ്രശ്നത്തിൻെറ മറെറാരു വശത്തേക്കു കടക്കാം. ചൈനയിലെ ദേശീയ ബൂർഷ്വാസി രാഷ്ട്രീയമായും സാമ്പത്തികമായും ഉറപ്പില്ലാത്തതാണെന്ന അടിസ്ഥാനത്തിൽ നമ്മുടെ വീക്ഷണത്തെ എതിർക്കുന്നതും, പുതിയ സാഹചര്യങ്ങളിൽ പോലും അതിന് സ്വന്തം സമീപനം മാററുക സാധ്യമല്ലെന്നു വാദിക്കുന്നതും ശരിയാണോ? ഞാൻ വിചാരിക്കുന്നത് ശരിയല്ലെന്നാണ്. സമീപനം മാററുന്നതിനുള്ള അതിൻെറ കഴിവുകേടിനു കാരണം അതിൻെറ ദൌർബല്യമാണെങ്കിൽ, വിപ്ളവത്തിനു നേരേ ചാഞ്ചാടി അടുക്കുക മാത്രമല്ല, ശരിക്കും വിപ്ളവത്തിൽ ചേരുകകൂടി ചെയ്ത 1924–27 കാലഘട്ടത്തിൽ എന്തുകൊണ്ടാണ് ദേശീയബൂർഷ്വാസി വ്യത്യസ്തമായി പെരുമാറിയത്? ദേശീയ ബൂർഷ്വാസിയുടെ ദൌർബല്യം ഒരു പുതിയ രോഗമാണെന്നും ഗർഭപാത്രത്തിൽനിന്നു തന്നെ അതിനെ പിന്തുടരുന്ന ഒന്നല്ലെന്നും ഒരാൾക്കു പറയാൻ കഴിയുമോ? ദേശീയ ബൂർഷ്വാസി ഇന്ന് ദുർബലനാണെന്നും 1924–27–ൽ ദുർബലമായിരുന്നില്ലെന്നും ഒരാൾക്ക് പറയാൻ കഴിയുമോ? ഒരു അർദ്ധ കൊളോണിയൽ രാജ്യത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രധാന പ്രത്യേകതകളിൽ ഒന്ന് അവിടത്തെ ദേശീയ ബൂർഷ്വാസിയുടെ ദൌർബല്യമാണ്. അതുകൊണ്ടുതന്നെയാണ് സാമ്രാജ്യത്വ വാദികൾ അവരെ ഭീഷണിപ്പെടുത്താൻ ധൈര്യ

പ്പെടുന്നത്. അതുമൂലം ദേശീയ ബൂർഷ്വാസിയുടെ പ്രത്യേകതകളിൽ
ഒന്ന് സാമ്രാജ്യത്വത്തോടുള്ള വെറുപ്പാണ്. എന്തെങ്കിലും താൽക്കാലിക
ലാഭമെന്ന ഇരകാട്ടി, ദേശീയബൂർഷ്വാസിയെ പ്രലോഭിപ്പിച്ച് വശീകരി
ക്കുവാൻ സാമ്രാജ്യത്വവാദികൾക്കും ഭൂപ്രഭുക്കൾക്കും ദല്ലാളന്മാർക്കും
എളുപ്പമാക്കിത്തീർക്കുന്നത് അതിന്റെ ദൗർബല്യം തന്നെയാണെന്ന വ
സ്തുത നമ്മൾ നിഷേധിക്കുന്നില്ലെന്നു മാത്രമല്ല പൂർണമായും അംഗീ
കരിക്കുക കൂടി ചെയ്യുന്നു. ദേശീയബൂർഷ്വാസിയിൽ വിപ്ളവ സ്വ
ഭാവത്തിന്റെ ആഴമില്ലായ്മക്കും കാരണം ഇതുതന്നെ, എന്നിരുന്നാലും
ഇന്നത്തെ ചുററുപാടുകളിൽ ദേശീയബൂർഷ്വാസിയും ഭൂപ്രഭു, ദല്ലാൾ
വർഗങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്ന് പറയാൻ കഴിയി
ല്ല.

അതുകൊണ്ട്, ദേശീയപ്രതിസന്ധി ഒരു നിർണ്ണായക ഘട്ടത്തിൽ
എത്തുമ്പോൾ കൂമിന്താങ്ങ് താവളത്തിൽ ഭിന്നിപ്പുകൾ ഉണ്ടാകുമെന്ന്
നാം തറപ്പിച്ചു പറയുന്നു. അതുപോലുള്ള ഭിന്നിപ്പുകൾ ദേശീയ ബൂർ
ഷ്വാസിയുടെ ചാഞ്ചാട്ടത്തിലും കുറച്ചുകാലമായി ജനസമ്മതരായി തീർ
ന്നിട്ടുള്ള ഫെങ്ങ് യൂ—സിയാങ്ങിനേയും സായ് ടിങ്ങ്—കായിയേയും
മാചാൻ—ഷാനേയും പോലുള്ള നാലുവിരുദ്ധ വ്യക്തികൾ മുന്നോട്ടുവ
രുന്നതിലും കൂടെ സ്വയം പ്രകടമായിട്ടുണ്ട്. ഈ ഭിന്നിപ്പുകൾ അടി
സ്ഥാനപരമായി പ്രതിവിപ്ളവത്തിനു പ്രതികൂലവും വിപ്ളവത്തി
ന് അനുകൂലവുമാണ്. ചൈനയുടെ രാഷ്ട്രീയവും സാമ്പത്തികവു
മായ അസമാന വികാസവും അതുമൂലമുള്ള വിപ്ളവത്തിന്റെ അസമാന
വികാസവും അവയുടെ സാധ്യത വർദ്ധിക്കുന്നു.

സഖാക്കളെ, പ്രശ്നത്തിന്റെ ഗുണാത്മക വശങ്ങളെക്കുറിച്ചാണ്
ഇത്രയും പറഞ്ഞത്. ഇനി ഞാൻ അതിന്റെ നിഷേധാത്മകവശം, ദേ
ശീയ ബൂർഷ്വാസിയിൽ പെട്ട ചില ഘടകങ്ങൾ ജനങ്ങളെ വഞ്ചിക്കുന്ന
തിൽ പലപ്പോഴും അതിവിദഗ്ധരാണെന്ന വസ്തുത, പരാമർശിക്കാം.
എന്തുകൊണ്ടാണ് ഇവർ ഇപ്രകാരമായിരിക്കുന്നത്? കാരണം, ജനങ്ങളു
ടെ വിപ്ളവ ലക്ഷ്യങ്ങളെ യഥാർത്ഥത്തിൽ പിൻതുണക്കുന്നവർക്കുപുറ
മേ ഈ വർഗത്തിൽ വിപ്ളവകാരികളോ അർദ്ധവിപ്ളവകാരികളോ
ആയി താല്ക്കാലികമായി പ്രത്യക്ഷപ്പെടുന്നവരും ഉൾപ്പെടുന്നു.
മററുള്ളവരെ കബളിപ്പിക്കുന്ന തരത്തിൽ ഇവർ ആർജിച്ചിരിക്കുന്ന ഈ
പദവി ഇവരുടെ വിപ്ളവകരമായ ആഴമില്ലായ്മയേയും കപടമായ ബാ
ഹ്യപ്രകടനങ്ങളേയും ഉള്ളു തുറന്നു കാണുന്നതിൽ ജനങ്ങൾക്ക് വൈഷ
മ്യം സൃഷ്ടിക്കുന്നു. ഇത് സ്വന്തം സഖ്യകക്ഷികളെ വിമർശിക്കുന്ന
തിലും കപടവിപ്ളവകാരികളെ തുറന്നു കാട്ടുന്നതിലും നേതൃത്വം നേ
ടിയെടുക്കുന്നതിലും കമ്യൂണിസ്ററ് പാർട്ടിയിൽ നിക്ഷിപ്തമായി
ട്ടുള്ള ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു. ദേശീയ ബൂർഷ്വാസി ചാ
ഞ്ചാടുന്നതിനും വമ്പിച്ച പ്രക്ഷോഭങ്ങളുടെ കാലത്ത് വിപ്ളവത്തിൽ
ചേരുന്നതിനുമുള്ള സാദ്ധ്യത നിഷേധിക്കുന്നത് നേതൃത്വം നേടിയെ
ടുക്കുകയെന്ന നമ്മുടെ പാർട്ടിയുടെ കടമ കയ്യൊഴിയുകയോ, ചുരുങ്ങി
യത് പരിമിതപ്പെടുത്തുകയോ എങ്കിലും ചെയ്യലാണ്. കാരണം, ദേശീ
യ ബൂർഷ്വാസി ഭൂപ്രഭുക്കളേയും ദല്ലാൾവർഗത്തേയും പോലെതന്നെ ആ
യിരുന്നുവെങ്കിൽ, ഇവരെപ്പോലെതന്നെ നീചത്വവും വിശ്വാസവഞ്ചന
യും അതും പ്രകടമാക്കിയിരുന്നെങ്കിൽ, അതുമായി നേതൃത്വത്തിനു
വേണ്ടി മൽസരിക്കുന്നതിൽ വളരെ കുറച്ചേ പ്രശ്നമുണ്ടാകുമായിരുന്നു
ള്ളു, അല്ലെങ്കിൽ ഒരു പ്രശ്നം തന്നെയും ഉണ്ടാകുമായിരുന്നില്ല.

വമ്പിച്ച പ്രക്ഷോഭത്തിന്റെ കാലങ്ങളിൽ ചൈനീസ് ഭൂപ്രഭുവർ
ഗവും ബൂർഷ്വാസിയും എടുക്കുന്ന, സമീപനത്തെപ്പററി ഒരു പൊതുവി
ശകലനം നടത്തുമ്പോൾ നമ്മൾ മററൊരു വശംകൂടി ചൂണ്ടികാട്ടണം; അ
തായത് ഭൂപ്രഭു, ദല്ലാൾ വർഗങ്ങളുടെ താവളം പോലും പൂർണ്ണമായ ഐ
ക്യമുള്ള ഒന്നല്ല. മേധാവിത്വത്തിനു വേണ്ടി പല സാമ്രാജ്യത്വശക്തിക



ളും മൽസരിച്ചുകൊണ്ടിരിക്കുന്ന ഒരു അർദ്ധ കൊളോണിയൽ രാജ്യമാ
ണ് ചൈന എന്നതാണ് ഇതിന് കാരണം. സമരം ജാപ്പനീസ് സാമ്രാജ്യ
ത്വത്തിനെതിരെ ആകുമ്പോൾ, അമേരിക്കൻ ഐക്യനാടുകളുടേയോ ബ്രി
ട്ടന്റേയോ വേട്ടനായ്ക്കൾ, തങ്ങളുടെ യജമാനന്മാരുടെ നിർദ്ദേശങ്ങളു
ടെ സ്വരപകർച്ചക്കനുസരിച്ച്, ജാപ്പനീസ് സാമ്രാജ്യത്വവാദികളും അവ
രുടെ വേട്ടനായ്ക്കളുമായി പരോക്ഷമോ പ്രത്യക്ഷം പോലുമോ ആ
യ ശണ്ഠയിൽ ഏർപ്പെടാം. ഇതുപോലുള്ള കടിപിടികൾക്ക് പല ഉദാ
ഹരണങ്ങളുമുണ്ട്. അവയെപ്പററി ഇവിടെ പരാമർശിക്കുന്നില്ല. ഒരി
ക്കൽ ചിയാങ്ങ് കൈഷക്കിനാൽ തടവിലാക്കപ്പെട്ട ഒരു കൂമിന്താങ്ങ് രാ
ഷ്ട്രീയ നേതാവായ ഹൂഹാൻ—മിൻ[14] നാം മുന്നോട്ടുവച്ച 'ജപ്പാനെ ചെ
റുക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള ആറിന
പരിപാടിയിൽ[15] അടുത്തകാലത്ത് ഒപ്പുവച്ചിട്ടുണ്ട് എന്നവസ്തുത മാ
ത്രം ഇവിടെ പ്രസ്താവിക്കട്ടെ. ഹൂഹാൻ—മിനെ പിന്താങ്ങുന്ന ക്വാ
ങ്ങ്ടൂങ്ങ്, ക്വാങ്ങ്സി ക്ളിക്കുകളിൽ[16] പെട്ട യുദ്ധപ്രഭുക്കളും,
'നഷ്ടപ്പെട്ട നമ്മുടെ ഭൂപ്രദേശം തിരിച്ചുപിടിക്കുക', 'ജപ്പാനെ ചെറു
ക്കുകയും അതേ സമയം തന്നെ കൊള്ളക്കാരെ അടിച്ചമർത്തുകയും ചെയ്യു
ക'[17] ('ആദ്യം കൊള്ളക്കാരെ അടിച്ചമർത്തുക, എന്നിട്ട് ജപ്പാനെ ചെ
റുക്കുക' എന്ന ചിയാങ്ങ് കൈഷക്കിന്റെ മുദ്രാവാക്യത്തിനു പകരം) എ
ന്നവഞ്ചനാപരമായ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് ചിയാങ്ങ് കൈ
ഷക്കിനെ എതിർക്കുകയാണ്. ഇത് വിചിത്രമല്ലേ? ഇല്ല, ഇതിൽ വി
ചിത്രമായി ഒന്നുമില്ല. മറിച്ച് വലുതും ചെറുതുമായ പട്ടികൾ തമ്മി
ലുള്ള, ശരിക്കു തീററിപ്പോററപ്പെട്ടവയും ദരിദ്രവാസികളുമായ പട്ടികൾ
തമ്മിലുള്ള ശണ്ഠയുടെ പ്രത്യേകിച്ചും രസകരമായ ഒരു ഉദാഹരണം മാ
ത്രം. ഇതൊരു വലിയ പിളർപ്പല്ല, അതേസമയം ഇത്ര ചെറുതുമല്ല.
ഒരേസമയം തന്നെ ഇത് ഈർഷ്യ ഉളവാക്കുന്നതും വേദനാകരവുമായ ഒരു
വൈരുധ്യമാണ്. എന്നാൽ ഇതുപോലുള്ള പോരാട്ടങ്ങൾ, പിളർപ്പുകൾ,
വൈരുധ്യങ്ങൾ എല്ലാം വിപ്ളവജനതക്കു പ്രയോജനകരമാണ്. ശത്രുതാ
വളത്തിലെ ഇതുപോലുള്ള എല്ലാ പോരാട്ടങ്ങളെയും പിളർപ്പുകളേയും
വൈരുദ്ധ്യങ്ങളെയും നാം ശരിക്കു പ്രയോജനപ്പെടുത്തുകയും, അവയെ
നമ്മുടെ ഇപ്പോഴത്തെ മുഖ്യ ശത്രുവിനെതിരെ തിരിക്കുകയും ചെയ്യണം.

വർഗബന്ധങ്ങളുടെ പ്രശ്നം സമാഹരിച്ചുകൊണ്ട് നമുക്കിങ്ങനെ
പറയാം. സ്ഥിതിയിലുണ്ടായ അടിസ്ഥാനമാററം, അതായത്, വൻമതി
ലിനുതെക്കോട്ട് ചൈനക്കെതിരായ ജപ്പാനീസ് കടന്നാക്രമണം ചൈന
യിലെ വിവിധ വർഗങ്ങൾക്കിടയിലെ ബന്ധത്തിനു മാററം വരുത്തിയി
ട്ടുണ്ട്. ഇത് ദേശീയ വിപ്ളവതാവളത്തെ ശക്തിപ്പെടുത്തുകയും പ്ര
തിവിപ്ളവതാവളത്തെ ദുർബലമാക്കുകയും ചെയ്തിട്ടുണ്ട്.

ഇനി നമുക്ക് ചൈനയിലെ വിപ്ളവതാവളത്തിലെ സ്ഥിതി ചർ
ച്ച ചെയ്യാം.

സഖാക്കളെ, ഒന്നാമത്, ചുവപ്പുസേന നിങ്ങൾക്കറിയാവുന്നതുപോ
ലെ ഏതാണ്ട് ഒന്നരവർഷക്കാലമായി ചൈനീസ് ചുവപ്പുസേനയുടെ മൂ
ന്നു പ്രധാന വിഭാഗങ്ങൾ തങ്ങൾ മുൻപു നിലയുറപ്പിച്ചിരുന്ന സ്ഥാന
ങ്ങൾക്ക് വളരെ മാററം വരുത്തിയിട്ടുണ്ട്. ജെൻപി—ഷീയുടേയും[18]
മററു സഖാക്കളുടേയും നേതൃത്വത്തിലുള്ള ആറാം സൈന്യഗ്രൂപ്പ് കഴി
ഞ്ഞവർഷം ആഗസ്ററിൽ സഖാവ് ഹോലുങ്ങിന്റെ പ്രദേശത്തേക്ക്[19]
മാററാൻ തുടങ്ങുകയും ഒക്ടോബറിൽ ഞങ്ങൾ തന്നെ സ്ഥാനം മാററാൻ
ആരംഭിക്കു[20]കയും ചെയ്തു. ഈ വർഷം മാർച്ചിൽ ഷെചാൻ—ഷെൻ
സി അതിർത്തി പ്രദേശത്തെ[21] ചുവപ്പുസേന അതിന്റെ സ്ഥാനം മാ
ററാൻ ആരംഭിച്ചു. മൂന്നു ചുവപ്പുസേനാവിഭാഗങ്ങളും തങ്ങളുടെ പഴയ
സ്ഥാനങ്ങൾ കൈവെടിഞ്ഞ് പുതിയ മേഖലകളിലേക്കു നീങ്ങി. ഈ
വൻകിട നീക്കങ്ങൾ പഴയ പ്രദേശങ്ങളെ ഗറില്ലാ മേഖലകളാക്കി മാററിയി

ട്ടുണ്ട്. ഈ പ്രക്രിയക്കിടയിൽ ചുവപ്പുസേന ഗണ്യമായ തോതിൽ ദുർബലമായിട്ടുണ്ട്. മൊത്തം സ്ഥിതിയുടെ ഈ വശം വീക്ഷിക്കുമ്പോൾ ശത്രു താൽക്കാലികവും ഭാഗികവുമായ ഒരു വിജയം നേടിയെന്നും, അതേസമയം നമുക്ക താൽക്കാലികവും ഭാഗികവുമായ ഒരു പരാജയം നേരിട്ടെന്നും നമുക്കു കാണാൻ കഴിയും. ഈ പ്രസ്താവന ശരിയാണോ? ഇതു ശരിയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. കാരണം ഇതു വസ്തുതയെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രസ്താവനയാണ്. പക്ഷേ ചില ആളുകൾ (ഉദാഹരണത്തിന് ചാങ് കൊ-ടാ ഒ[22] പറയുന്നത് കേന്ദ്ര ചുവപ്പുസേന[23] പരാജയപ്പെട്ടെന്നാണ്. അതു ശരിയാണോ? അല്ല കാരണം ഇത് വസ്തുതയെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രസ്താവനയല്ല. ഒരു പ്രശ്നത്തെ സമീപിക്കുമ്പോൾ ഒരു മാർക്സിസ്ററ് അതിനെ മുഴുവനായി കാണണം, അതുപോലെ ഭാഗങ്ങളായും. കുളത്തിലെ തവള പറയുന്നത്, 'കിണററിന്റെ വായ്‌വട്ടത്തേക്കാൾ വിസ്താരമില്ല ആകാശത്തിന്' എന്നാണ്. അത് അവാസ്തവമാണ്, കാരണം ആകാശത്തിന്റെ വിസ്താരം കിണററിന്റെ വായ്‌വട്ടത്തോളമല്ല. അതേ സമയം, 'ആകാശത്തിന്റെ ഒരു ഭാഗത്തിന് കിണററിന്റെ വായ്‌വട്ടത്തോളം വലിപ്പമുണ്ട്' എന്നാണ് പറഞ്ഞിരുന്നതെങ്കിൽ അതു വാസ്തവമാകുമായിരുന്നു. കാരണം അതു വസ്തുതകൾക്കു നിരക്കുന്നതാണ്. ഒരു രീതിയിൽ നോക്കിയാൽ ചുവപ്പുസേന പരാജയപ്പെട്ടിട്ടുണ്ട്. (അതായത്, അതിന്റെ പ്രാരംഭസ്ഥാനങ്ങൾ നിലനിർത്തുന്നതിൽ പരാജപ്പെട്ടിട്ടുണ്ട്), എന്നാൽ മററൊരു രീതിയിൽ നോക്കിയാൽ അതു വിജയിച്ചിട്ടുണ്ട്. (അതായത്, ലോംഗ്മാർച്ച് പരിപാടി നടപ്പാക്കുന്നതിൽ) എന്താണു നാം പറയുന്നത് ഒരർത്ഥത്തിൽ ശത്രു വിജയം നേടിയിട്ടുണ്ട് (അതായത്, നമ്മടെ പ്രാരംഭസ്ഥാനങ്ങൾ അധീനപ്പെടുത്തുന്നതിൽ), എന്നാൽ മററൊരർത്ഥത്തിൽ അതു പരാജയപ്പെട്ടിട്ടുണ്ട് (അതായത്, 'വലയം ചെയ്ത് അടിച്ചമർത്തലും' 'പിന്തുടർന്ന് അടിച്ചമർത്തലും' എന്ന അവന്റെ പദ്ധതി നടപ്പിലാക്കുന്നതിൽ). ഇതുമാത്രമായിരിക്കും ശരിയായ വിലയിരുത്തൽ. കാരണം, നാം ലോംഗ്മാർച്ച് പൂർത്തിയാക്കിയിട്ടുണ്ട്.

ലോംഗ്മാർച്ചിനെക്കുറിച്ചു സംസാരിക്കുമ്പോൾ 'അതിന്റെ പ്രാധാന്യം എന്താണ്?' എന്ന് ഒരാൾ ചോദിച്ചേക്കാം. ലോംഗ്മാർച്ച് ചരിത്രത്തിന്റെ താളുകളിൽ ഇത്തരത്തിലുള്ള ഒന്നാമത്തെ സംരംഭമാണ്, ഇതൊരു പ്രകടനപത്രികയാണ്, ഒരു പ്രചരണശക്തിയാണ് ഒരു നവീന തന്ത്രമാണ് എന്നു ഞങ്ങൾ മറുപടി പറയുന്നു. പാൻകു സ്വർഗങ്ങളെ ഭൂമിയിൽനിന്നു വേർതിരിച്ചതിനുശേഷം, മൂന്നു പരമാധികാരികളും അഞ്ചുപ്രവർത്തിമാരും[24] ഭരണം നടത്തിയതിനുശേഷം നമ്മുടേതുപോലുള്ള ഒരു ലോംഗ്മാർച്ചിന് ചരിത്രം എപ്പോഴെങ്കിലും സാക്ഷ്യം വഹിച്ചിട്ടുണ്ടോ? പന്ത്രണ്ടുമാസക്കാലം ഡസൻ കണക്കിനു വിമാനങ്ങൾ ഓരോ ദിവസവും ആകാശത്തുനിന്ന് നമ്മെ നിരീക്ഷിക്കുകയും ബോമ്പുവർഷം നടത്തുകയുമായിരുന്നു; അതേ സമയം താഴെ ഭൂമിയിൽ നിരവധി ലക്ഷം വരുന്ന ഒരു വലിയ സേനയാൽ നാം വലയം ചെയ്യപ്പെടുകയും പിന്തുടരപ്പെടുകയുമായിരുന്നു, തടസ്സപ്പെടുത്തപ്പെടുകയും വഴിമധ്യേ തടഞ്ഞുനിർത്തപ്പെടുകയുമായിരുന്നു; മാർഗമധ്യേ വിവരിക്കാനാവാത്ത കഷ്ടപ്പാടുകളും അപകടങ്ങളും നാം അഭിമുഖീകരിച്ചു; എന്നിട്ടും പതിനൊന്ന് പ്രവിശ്യകൾ ഉടനീളം നടന്ന് ഇരുപതിനായിരത്തിൽ ഏറെ ലീ ദൂരം ഞങ്ങൾ താണ്ടി. നമുക്കൊന്നു ചോദിക്കാം, ഇതിനു തുല്യമായ ഒരു ലോംഗ്മാർച്ച് ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഇല്ല, ഒരിക്കലുമില്ല. ലോംഗ്മാർച്ച് ഒരു പ്രകടനപത്രികയാണ്; ചുവപ്പുസേന ധീരനായകന്മാരുടേതായ ഒരു സേനയാണെന്ന് ഇത് ലോകത്തോടു പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം സാമ്രാജ്യത്വവാദികളും അവരുടെ വേട്ടപ്പട്ടികളും, ചിയാങ്ങ് കൈഷക്കും അയാളെപ്പോലുള്ളവരും, വന്ധ്യരാ



ണ്. നമ്മെ വലയം ചെയ്യുന്നതിലും പിന്തുടരുന്നതിലും തടസ്സപ്പെടുത്തുന്നതിലും വഴിമധ്യേ തടയുന്നതിലും അവർക്കു നേരിട്ട പൂർണപരാജയം ലോംഗ്മാർച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ലോംഗ്മാർച്ച് ഒരു പ്രചരണശക്തികൂടിയാണ്. ചുവപ്പുസേനയുടെ പാതയാണ് വിമോചനത്തിനുള്ള ഏകപാതയെന്ന് ഇതു പതിനൊന്നു പ്രവിശ്യകളിലെ 20 കോടി ജനങ്ങളോട് പ്രഖ്യാപിച്ചിട്ടുണ്ട്. ലോംഗ്മാർച്ച് ഇല്ലായിരുന്നുവെങ്കിൽ, ചുവപ്പുസേനയിലൂടെ മൂർത്തീഭാവം കൈക്കൊള്ളുന്ന മഹത്തായ സത്യത്തിന്റെ നിലനിൽപ്പിനെക്കുറിച്ച് ഇത്ര പെട്ടെന്ന് വിശാല ജനവിഭാഗങ്ങൾക്ക് എങ്ങിനെയാണ് അറിയുവാൻ കഴിയുമായിരുന്നത്? ലോംഗ്മാർച്ച് ഒരു വിതയന്ത്രംകൂടിയാണ്. പതിനൊന്നു പ്രവിശ്യകളിൽ ഇതുപാകിയ അനേകം വിത്തുകൾ മുളയ്ക്കുകയും വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ഭാവിയിൽ അതൊരു വമ്പിച്ച വിളവു നൽകുകയും ചെയ്യും. ചുരുക്കത്തിൽ, ലോംഗ്മാർച്ച് പര്യവസാനിച്ചത് നമ്മുടെ വിജയത്തിലും ശത്രുവിന്റെ പരാജയത്തിലുമാണ്. ആരാണ് ലോംഗ്മാർച്ചിനെ വിജയത്തിലെത്തിച്ചത്? കമ്യൂണിസ്ററ് പാർട്ടി. കമ്യൂണിസ്ററ് പാർട്ടിയെക്കൂടാതെ ഇതുപോലൊരു ലോംഗ്മാർച്ച് സങ്കല്പിക്കുകപോലും സാധ്യമാകുമായിരുന്നില്ല. കമ്യൂണിസ്ററുപാർട്ടിയും അതിന്റെ നേതൃത്വവും അതിന്റെ കേഡർമാരും അതിന്റെ അംഗങ്ങളും വിഷമതകളെയോ യാതനകളേയോ ഭയപ്പെടുന്നില്ല. വിപ്ളവയുദ്ധത്തെ നയിക്കുന്നതിനുള്ള നമ്മുടെ കഴിവിനെ ചോദ്യം ചെയ്യുന്നവർ ആരായിരുന്നാലും ശരി അവർ അവസരവാദത്തിന്റെ ചളിക്കുണ്ടിൽ പതിക്കും. ലോംഗ്മാർച്ച് അവസാനിച്ച ഉടനെ ഒരു പുതിയ സാഹചര്യം ഉയർന്നുവന്നു. ചിഹ്‌ളോചെൻ യുദ്ധത്തിൽ ഉററ സൗഹൃദത്തിൽ അധിഷ്ഠിതമായ ഐക്യദാർഢ്യത്തോടെ പോരാടിക്കൊണ്ട് കേന്ദ്ര ചുവപ്പുസേനയും വടക്കുകിഴക്കൻ ചുവപ്പുസേനയും ഷെൻസി-കാൻസു അതിർത്തിപ്രദേശത്തിന് എതിരായി രാജ്യദ്രോഹിയായ ചിയാങ്ങ് കൈഷക്ക് നടത്തിയ 'വലയം ചെയ്ത് അടിച്ചമർത്തൽ' കാമ്പെയിനിനെ തകർക്കുകയും, അപ്രകാരം പാർട്ടി കേന്ദ്രകമ്മിററി ഏറെറടുത്ത കടമയുടെ, വടക്കുപടിഞ്ഞാറൻ ചൈനയിൽ വിപ്ളവത്തിന്റെ ദേശീയ ഹെഡ്ക്വാർട്ടേർസ് സ്ഥാപിക്കുകയെന്ന കടമയുടെ, അടിത്തറ പാകുകയും ചെയ്തു.

ചുവപ്പുസേനയുടെ കേന്ദ്രഭാഗത്തിന്റെ സ്ഥിതി ഇതായിരിക്കുമ്പോൾ, തെക്കൻ പ്രവിശ്യകളിലെ ഗറില്ലാ യുദ്ധത്തിന്റെ അവസ്ഥ എന്താണ്? അവിടെ നമ്മുടെ ഗറില്ലാ സേനകൾക്ക് ചില തിരിച്ചടികൾ നേരിട്ടിട്ടുണ്ട്. പക്ഷേ അവ തുടച്ചു നീക്കപ്പെട്ടിട്ടില്ല. പല സ്ഥലങ്ങളിലും അവർ തങ്ങളുടെ സ്വാധീനം പുനഃസ്ഥാപിക്കയാണ്, വളരുകയാണ്, വികസിക്കയാണ്.

കൂമിന്താങ്ങ് പ്രദേശങ്ങളിൽ തൊഴിലാളികളുടെ സമരങ്ങൾ ഇപ്പോൾ ഫാക്ടറി ഭിത്തികൾക്കു പുറത്തേക്കു നീങ്ങുകയാണ്, സാമ്പത്തിക സമരമെന്ന അവസ്ഥയിൽനിന്ന് രാഷ്ട്രീയ സമരമായിത്തീരുകയാണ്. ജപ്പാൻകാർക്കും രാജ്യദ്രോഹികൾക്കും എതിരെ ധീരോദാത്തമായ ഒരു തൊഴിലാളി വർഗസമരം തീക്ഷ്ണമായി പതഞ്ഞുപൊങ്ങുകയാണ്, സ്ഥിതി വിലയിരുത്തുമ്പോൾ അധികം താമസിയാതെ ഇതു പൊട്ടിത്തെറിക്കുമെന്നു കാണാം.

കർഷകരുടെ സമരം ഒരിക്കലും നിലച്ചിട്ടില്ല. വിദേശീയരുടെ കയ്യേററങ്ങളാലും ആഭ്യന്തരമായ വിഷമതകളാലും പ്രകൃതി ക്ഷോഭങ്ങളാലും പീഡിപ്പിക്കപ്പെട്ട കർഷകർ ഗറില്ലാ സമരരീതിയുടേയും ബഹുജന ഉയർത്തെഴുന്നേൽപ്പുകളുടേയും ക്ഷോഭകലഹങ്ങളുടേയും രൂപത്തിൽ വ്യാപകമായ സമരങ്ങൾ അഴിച്ചുവിട്ടിട്ടുണ്ട്. വടക്കുകിഴക്കൻ പ്രവിശ്യകളിലും കിഴക്കൻ ഹോപ്പേയിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജാപ്പുവി

രുദ്ധ ഗറില്ലായുദ്ധം ജാപ്പനീസ് സാമ്രാജ്യത്വത്തിന്റെ ആക്രമണങ്ങൾക്കെതിരായ കർഷകരുടെ മറുപടിയാണ്.

വിദ്യാർത്ഥിപ്രസ്ഥാനം ഇപ്പോഴുംതന്നെ ഗണ്യമായ തോതിൽ വളർന്നിട്ടുണ്ട്, തീർച്ചയായും അതിന്റെ വളർച്ച തുടരുകയും ചെയ്യും. എന്നാൽ ഈ പ്രസ്ഥാനം തൊഴിലാളികളുടെയും കർഷകരുടെയും സൈനികരുടെയും സമരങ്ങളുമായി സംയോജിപ്പിക്കപ്പെട്ടെങ്കിൽ മാത്രമേ ഇതിന് രാജ്യദ്രോഹികൾ അടിച്ചേൽപ്പിച്ച പട്ടാളനിയമത്തേയും പോലീസും രഹസ്യപോലീസ് ഏജന്റുകളും വിദ്യാഭ്യാസമണ്ഡലത്തിലെ തെമ്മാടികളും ഫാസിസ്റ്റുകളും അനുവർത്തിക്കുന്ന തടസപ്പെടുത്തലുകളേയും കൂട്ടക്കൊലകളേയും അതിജീവിക്കുവാനും അവയെ ഭേദിച്ചു മുന്നേറുവാനും കഴിയുകയുള്ളൂ.

ദേശീയ ബൂർഷ്വാസിയുടെയും ധനികകർഷകരുടെയും ചെറുകിട ഭൂവുടമകളുടേയും ചാഞ്ചാട്ടത്തെപ്പററിയും ജാപ്പുവിരുദ്ധ സമരത്തിൽ അവർ യഥാർത്ഥത്തിൽ പങ്കെടുത്തേക്കാനുള്ള സാധ്യതയെപ്പററിയും നാം ഇതിനോടകം തന്നെ പരാമർശിച്ചിട്ടുണ്ട്.

ദേശീയ ന്യൂനപക്ഷങ്ങൾ, പ്രത്യേകിച്ചും ജാപ്പനീസ് സാമ്രാജ്യത്വത്തിന്റെ നേരിട്ടുള്ള ഭീഷണിയെ നേരിടുന്ന ഇന്നർ മംഗോളിയയിലെ ജനത ഇപ്പോൾ സമരത്തിലൂടെ ഉയർന്നുവരികയാണ്. കുറച്ചുനാൾ കഴിയുമ്പോൾ അവരുടെ സമരം വടക്കൻ ചൈനയിലെ ജനങ്ങളുടെ സമരവുമായും വടക്കുപടിഞ്ഞാറ് ചുവപ്പുസേന നടത്തുന്ന സൈനിക നടപടികളുമായും ഒന്നിച്ചുചേരും.

വിപ്ലവസാഹചര്യം ഇപ്പോൾ ഒരു പ്രാദേശിക അവസ്ഥയിൽനിന്ന് ദേശവ്യാപകമായ അവസ്ഥയിലേക്ക് മാറുകയാണെന്നും, അത് അസമാനമായ അവസ്ഥയിൽനിന്ന് ക്രമേണ ഒരളവുവരെ സമാനമായ അവസ്ഥയിലേക്ക് മാറുകയാണെന്നുമാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. വമ്പിച്ച മാററത്തിനു തൊട്ടുമുമ്പുള്ള അവസ്ഥയിലാണു നാം. ചുവപ്പുസേനയുടെ പ്രവർത്തനങ്ങളെ രാജ്യത്താകമാനമുള്ള തൊഴിലാളികളുടെയും കർഷകരുടെയും വിദ്യാർത്ഥികളുടെയും പെററി ബൂർഷ്വാസിയുടേയും ദേശീയ ബൂർഷ്വാസിയുടേയും എല്ലാ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് വിപ്ലവകരമായ ഒരു ദേശീയ ഐക്യമുന്നണി രൂപീകരിക്കുകയെന്നതാണ് പാർട്ടിയുടെ കടമ.

## ദേശീയ ഐക്യമുന്നണി

പ്രതിവിപ്ലവത്തേയും വിപ്ലവത്തേയും സംബന്ധിക്കുന്ന സ്ഥിതി കൂലങ്കഷമായി പരിശോധിച്ചു കഴിഞ്ഞതുകൊണ്ട് പാർട്ടിയുടെ അടവുപരമായ കടമകൾ നിർവചിക്കുക എളുപ്പമായിരിക്കും.

പാർട്ടിയുടെ അടിസ്ഥാന അടവുപരമായ കടമ എന്താണ്? ഇത് വിശാലവും വിപ്ലവകരവുമായ ഒരു ദേശീയ ഐക്യമുന്നണി രൂപീകരിക്കയല്ലാതെ മറെറാന്നുമല്ല.

വിപ്ലവ സാഹചര്യത്തിന് മാററമുണ്ടാകുമ്പോൾ വിപ്ലവപരമായ അടവുകളും നേതൃത്വരീതികളും അതിനനുസരിച്ചു മാറണം. ജാപ്പനീസ് സാമ്രാജ്യത്വ വാദികളുടേയും അവരുടെ കൂട്ടാളികളുടേയും രാജ്യദ്രോഹികളുടേയും കടമ ചൈനയെ ഒരു കോളനിയാക്കി മാററുക എന്നതാണ്. അതേ സമയം നമ്മുടെ കടമ ചൈനയെ ഭൂപ്രദേശപരമായി പൂർണ്ണമായ ഭദ്രതയോടുകൂടിയ സ്വാതന്ത്രവും നിരാശ്രിതവുമായ ഒരു രാജ്യമാക്കി മാററുക എന്നതാണ്.

നിരാശ്രതിത്വവും സ്വാതന്ത്ര്യവും നേടുക എന്നത് ചൈനയെ സംബന്ധിച്ച് മഹത്തായ ഒരു കടമയാണ്. വിദേശ സാമ്രാജ്യത്വത്തോടും നാടൻ പ്രതിവിപ്ലവശക്തികളോടും നാം പോരാടുക എന്നത് അതി



ന് ആവശ്യമായി വരുന്നു. ജാപ്പനീസ് സാമ്രാജ്യത്വം ചൈനയ്ക്കുള്ളിലേക്ക് ആഴത്തിൽ തള്ളിക്കയറാൻ ഒരുമ്പെട്ടിരിക്കയാണ്. വൻകിട ഭൂപ്രഭു ദല്ലാൾ വർഗങ്ങളായ നാടൻ പ്രതിവിപ്ലവകാരികൾ ഇപ്പോഴും ജനകീയ വിപ്ലവ ശക്തികളേക്കാൾ കരുത്തന്മാരാണ്. ജാപ്പനീസ് സാമ്രാജ്യവാദികളേയും ചൈനയിലെ പ്രതിവിപ്ലവശക്തികളേയും മറിച്ചിടുന്ന കൃത്യം ഒരു ദിവസം കൊണ്ട് സാക്ഷാത്കരിക്കാനാവില്ല, അതിനായി ഒരു ദീർഘസമയം തന്നെ ചിലവഴിക്കാൻ നാം തയ്യാറായിരിക്കണം. ചെറുശക്തികളെക്കൊണ്ട് അത് സാക്ഷാത്കരിക്കാനാവില്ല, അതുകൊണ്ട് നാം വമ്പിച്ച ശക്തികൾ സംഭരിക്കണം. ലോകത്തു പൊതുവിൽ, എന്നപോലെ തന്നെ ചൈനയിലും പ്രതിവിപ്ലവ ശക്തികൾ മുന്നേക്കാൾ ക്ഷീണിതരും വിപ്ലവശക്തികൾ മുന്നേക്കാൾ കരുത്തരുമാണ്. കാര്യത്തിന്റെ ഒരു വശത്തെ പ്രതിനിധീകരിക്കുന്നതിൽ ഈ കണക്കുകൂട്ടൽ ശരിയാണ്. അതേസമയം, ചൈനയിലും ലോകത്തു മൊത്തവുമുള്ള പ്രതിവിപ്ലവ ശക്തികൾ, തൽക്കാലം വിപ്ലവശക്തികളേക്കാൾ കരുത്തരാണെന്ന കാര്യം ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. കാര്യത്തിന്റെ മറെറാരു വശത്തെ പ്രതിനിധീകരിക്കുന്ന ഈ കണക്കുകൂട്ടലും ശരിയാണ്. ചൈനയിലെ അസന്തുലിത രാഷ്ട്രീയ, സാമ്പത്തികവികാസം, ഇവിടത്തെ വിപ്ലവത്തിനും അസന്തുലിത വികാസമുണ്ടാക്കുന്നു. സാമാന്യേന, വിപ്ലവം ആരംഭിക്കുകയും, വളരുകയും, വിജയം വരിക്കുകയും ചെയ്യുക പ്രതിവിപ്ലവ ശക്തികൾ താരതമ്യേന ക്ഷീണാവസ്ഥയിലുള്ള സ്ഥലങ്ങളിലാണ്, അതേസമയത്ത്, അവർ കരുത്തരായ സ്ഥലങ്ങളിൽ, വിപ്ലവം ഇനിയും ആരംഭിക്കേണ്ടതായ അല്ലെങ്കിൽ വളരെ സാവധാനം വളർന്നുകൊണ്ടിരിക്കുന്ന സ്ഥിതിയാണുണ്ടായിരിക്കുക. കുറേക്കാലമായി ചൈനീസ് വിപ്ലവത്തിന്റെ സ്ഥിതി അങ്ങനെയായിരുന്നു. ചൈനീസ് വിപ്ലവത്തിന്റെ സാമാന്യ സ്ഥിതി ഭാവിയിൽ ഇനിയും ചില നിർദ്ദിഷ്ടഘട്ടങ്ങളിൽ വളരുക തന്നെ ചെയ്യുമെന്നു മുൻകൂട്ടി പറയാൻ കഴിയുമെങ്കിലും, അസന്തുലിതാവസ്ഥയും തുടർന്നു നിലനില്ക്കും. ഈ അസന്തുലിതാവസ്ഥ ഒരു പൊതു സന്തുലിതാവസ്ഥയിലേക്ക് രൂപാന്തരപ്പെടുന്നതിന് ഒരു നീണ്ട കാലവും വളരെ വമ്പിച്ച പരിശ്രമവും പാർട്ടിയുടെ ഒരു ശരിയായ ലൈനിന്റെ പ്രയോഗവും വേണ്ടിവരും. സോവിയററു യൂണിയനിലെ കമ്യൂണിസ്ററു പാർട്ടി നയിച്ച വിപ്ലവ യുദ്ധം[25] പര്യവസാനിപ്പിക്കുന്നതിന് മൂന്നുവർഷമെടുത്തു. ഇതു മനസിലാക്കിക്കൊണ്ട്, ദേശീയവും വിദേശീയവുമായ പ്രതിവിപ്ലവ ശക്തികളെ അന്തിമമായും പൂർണ്ണമായും നിർമ്മാർജനം ചെയ്യുന്നതിനാവശ്യമായ സുദീർഘവും കമ്യൂണിസ്ററു പാർട്ടി നയിക്കുന്നതും, ഇപ്പോഴേ നീണ്ടുപോയിരിക്കുന്നതുമായ വിപ്ലവയുദ്ധത്തിൽ കർമ്മനിരതരാവാൻ നാം തയ്യാറെടുക്കേണ്ടതുണ്ട്. മുൻപു പ്രകടിപ്പിക്കപ്പെട്ടിരുന്ന വിധത്തിലുള്ള അക്ഷമ ഒരിക്കലും ഉണ്ടായിക്കൂടാ. അതിലുപരി, ശരിയായ വിപ്ലവ അടവുകൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്; സങ്കുചിത പരിധിക്കുള്ളിൽ ചുററിക്കറങ്ങിക്കൊണ്ടിരുന്നാൽ, മഹത്തായ കാര്യങ്ങൾ ഒരിക്കലും കൈവരുകയില്ല. ചൈനയിൽ കാര്യങ്ങൾ സാവധാനത്തിലാണ് ചെയ്യേണ്ടത് എന്ന് ഇതിന് അർത്ഥമില്ല. എന്നല്ല, അവ ധീരമായി തന്നെ ചെയ്യേണ്ടതുണ്ട്, കാരണം ദേശീയ അടിമത്തത്തിന്റെ വിപത്ത് ഒരു നിമിഷത്തേക്കുപോലും മടി കാണിക്കാൻ നമ്മെ അനുവദിക്കുന്നില്ല. ഇപ്പോൾ മുതൽ മുൻപത്തേക്കാൾ അധികം വേഗതയോടെ വിപ്ലവം നിശ്ചയമായും വികസിക്കും, കാരണം ചൈനയും ലോകവും യുദ്ധത്തിന്റെയും വിപ്ലവത്തിന്റെയുമായ ഒരു പുതിയ കാലഘട്ടത്തെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. അതെല്ലാമാണെങ്കിലും, ചൈനയുടെ വിപ്ലവയുദ്ധം സുദീർഘമായ ഒന്നായി തുടരും. സാമ്രാജ്യത്വത്തിന്റെ കരുത്തും വിപ്ലവ

ത്തിന്റെ അസന്തുലിത വികാസവുമാണിതിനു കാരണം. ദേശീയ വി
പ്ളവത്തിൽ ഒരു പുതിയ വേലിയേററം ആസന്നമായിരിക്കുന്നു.
തിയതും മഹത്തരവുമായ ഒരു ദേശവ്യാപക വിപ്ളവ സംക്രമത്തിൽ എ
ത്തിയിരിക്കയാണു ചൈന. ഇതാണ് ഇന്നത്തെ അവസ്ഥ. പു
ഇപ്പോഴത്തെ വിപ്ളവ സ്ഥിതിയുടെ ഒരു സവിശേഷ സ്വഭാവം. ഇതാണ്
ഒരു വസ്തുതയാണ്, ഇതിൽ പ്രകടമാവുന്നത് കാര്യത്തിന്റെ ഒരു വശ
മാണ്. എന്നാൽ, ഗൗരവമായി തന്നെ കണക്കു തീർക്കപ്പെടേണ്ട ഒരു ശ
ക്തിയാണ് ഇനിയും സാമ്രാജ്യത്വമെന്നും ഗൌരവാവഹമായ ഒരു ക്ഷീ
ണവശമാണ് വിപ്ളവശക്തികളുടെ അസന്തുലിത വികാസം. എന്നും
നമ്മുടെ ശത്രുക്കളെ തോല്പിക്കാൻ നാമൊരു ദീർഘകാല യുദ്ധത്തിന്
ഒരുങ്ങേണ്ടതുണ്ട് എന്നുംകൂടി നാം പറയേണ്ടതുണ്ട്; ഇപ്പോഴത്തെ വി
പ്ളവസ്ഥിതിയുടെ മറെറാരു സ്വഭാവവിശേഷമാണ് ഇത്. ഇതും ഒരു
വസ്തുതയാണ്; ഇതിൽ പ്രകടമാവുന്നത് കാര്യത്തിന്റെ മറെറാരു
വശമാണ്. ഈ രു സവിശേഷ സ്വഭാവങ്ങളും, അതായത് ഈ രണ്ടു വസ്
തുതകളും, നമ്മുടെ അടവുകൾ പുനഃപരിശോധിക്കാനും നമ്മുടെ സേന
കളെ വിന്യസിക്കുന്ന രീതികൾ മാററാനും നമ്മുടെ സമരത്തെ പരിതഃ
സ്ഥിതിയ്ക്ക് അനുസൃതമായി തുടരാനും നമ്മെ പഠിപ്പിക്കുകയും
നിർബന്ധിക്കുകയും ചെയ്യുന്നു. എല്ലാം അടഞ്ഞ വാതിൽ നയങ്ങളും
വലിച്ചെറിയാനും ഒരു വിശാല ഐക്യമുന്നണി രൂപീകരിക്കാനും അതി
സാഹസികതയ്ക്കെതിരെ കരുതൽ എടുക്കാനും ഇന്നത്തെ പരിതഃസ്
ഥിതി ആവശ്യപ്പെടുന്നു. സമയം പക്വമല്ലാത്തിടത്തോളവും നമുക്ക് അ
ത്യാവശ്യ ശക്തിയില്ലാത്തിടത്തോളവും നിർണ്ണായകപോരാട്ടങ്ങളിലേക്കു
നാം എടുത്തു ചാടരുത്.

അതിസാഹസികത്വവും അടഞ്ഞ വാതിൽ നയവും തമ്മിലുള്ള ബ
ന്ധത്തെക്കുറിച്ചോ കാര്യങ്ങൾ വൻതോതിൽ സംഭവിക്കുമ്പോൾ അതി
സാഹസികത്വം വരുത്തിവക്കാവുന്ന വിപത്തിനെക്കുറിച്ചോ ഇപ്പോൾ
ഞാൻ ചർച്ച ചെയ്യുന്നില്ല അതു പിന്നീടത്തേക്കു വയ്ക്കാം. തൽ
ക്കാലം, ഐക്യമുന്നണിയുടെ അടവുകളും അടഞ്ഞ വാതിൽ നയത്തി
ന്റെ അടവുകളും എങ്ങനെ പരസ്പരം കടകവിരുദ്ധമായിരിക്കുന്നു
എന്നുമാത്രം ഞാൻ വിവരിക്കാം.

ആദ്യത്തേതിന്, ശത്രുവിനെ ചുററിവളയുന്നതിനും ഉന്മൂലനം ചെ
യ്യുന്നതിനുംവേണ്ടി വിപുലമായ സേനകളെ റിക്രൂട്ടു ചെയ്യേണ്ടതു
ണ്ട്.

രണ്ടാമത്തേതിന്റെ അർത്ഥം, തടുക്കാനാവാത്ത ഒരു ശത്രുവിനെതി
രെ ഏകനും നിരാശനുമായി പോരാടുക എന്നതാണ്. ഐക്യമുന്നണി
അടവിന്റെ വക്താക്കൾ പറയുന്നു: ഒരു വിശാല വിപ്ളവ ദേശീയ
ഐക്യമുന്നണി രൂപീകരിക്കാനുള്ള സാദ്ധ്യതയെക്കുറിച്ചു ശരിയായി
വിലയിരുത്തണമെങ്കിൽ, ചൈനയെ ഒരു കോളണിയാക്കി മാററാനുള്ള ജാ
പ്പാനീസ് സാമ്രാജ്യത്വത്തിന്റെ ശ്രമത്തെത്തുടർന്ന്, ചൈനയിലെ വി
പ്ളവ പ്രതിവിപ്ളവ ശക്തികളുടെ അണിചേരലിൽ സംഭവിച്ചേക്കാ
വുന്ന മാററങ്ങളെക്കൂടി ശരിയായി വിലയിരുത്തേണ്ടതുണ്ട്.

ജാപ്പനീസ്, ചൈനീഷ് പ്രതിവിപ്ളവ ശക്തികളുടേയും ചൈ
നീസ് വിപ്ളവശക്തികളുടേയും പ്രബലവും ബലഹീനവുമായ വശ
ങ്ങളുടെ ശരിയായ ഒരു വിലയിരുത്തൽ ഉണ്ടാകേണ്ടതുണ്ട്. അതില്ലാത്ത
പക്ഷം വിശാലമായൊരു വിപ്ളവ ദേശീയ ഐക്യമുന്നണി രൂപീകരി
ക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ നമുക്കു തീർത്തും കഴിയാ
തെ വരും; അടഞ്ഞവാതിൽ വാദത്തെ തകർക്കാൻവേണ്ട ഉച്ചനടപടികൾ
എടുക്കാൻ കഴിയാതെ വരും, നമ്മുടെ മുഖ്യ ലക്ഷ്യമായിട്ടുള്ള ജാപ്പനീ
സ് സാമ്രാജ്യത്വത്തിനും അതിന്റെ വേട്ടനായ്ക്കളായ ചൈനീസ് ദേശ
ദ്രോഹികൾക്കും നേരെ ആഞ്ഞടിക്കാൻ മുന്നേറുന്നതിലേക്കായി, വിപ്ള



വത്തോടു പ്രബലസൗഹൃദത്തിലുള്ള ദശലക്ഷകണക്കു ജനങ്ങളെയും എ
ല്ലാസൈന്യങ്ങളേയും സംഘടിപ്പിക്കാനും അണിനിരത്താനുമുള്ള ഒരുമാർ
ഗ്ഗമെന്ന നിലയിൽ, ഐക്യമുന്നണിയെ ഉപയോഗിക്കാൻ കഴിയാതെ
വരും, നമുക്കുമുന്നിൽ വരുന്ന മുഖ്യ ഉന്നത്തിനുനേരെ ആഞ്ഞടിക്കാൻ ന
മ്മുടെതായ ഈ അടവുപരമായ ആയുധം ഉപയോഗിക്കാൻ കഴിയാതെ വ
രും, അതിനുപകരം നമ്മുടെ പ്രധാന ശത്രുക്കൾക്കല്ലാതെ, ചെറിയ ശ
ത്രുക്കൾക്കോ, അഥവാ നമ്മുടെ സഖ്യ ശക്തികൾക്കു പോലുമോ വെടി
യുണ്ടകൾ ഏല്ക്കും വിധം ഒരു കൂട്ടം ലക്ഷ്യങ്ങളെ നാം ഉന്നം വെയ്
ക്കുകയാവും ഉണ്ടാവുക. പ്രധാനശത്രുവെ ഒററതിരിച്ചെടുക്കാൻ കഴി
യാതെ പോവുക എന്നും വെടിക്കോപ്പു പാഴാക്കുക എന്നുമായിരിക്കും
ഇതിനർത്ഥം. ശത്രുവിനെ കുടുക്കിലാക്കാനും ഒററപ്പെടുത്താനും ഉള്ള
കഴിവില്ലായ്മ എന്നായിരിക്കും ഇതിനർത്ഥം. ശത്രുകൂടാരത്തിലും ശ
ത്രുമുന്നണിയിലുമുള്ള ബലംപ്രയോഗിച്ചുചേർക്കപ്പെട്ടവരെ എല്ലാവ
രെയും ഇന്നലെവരെ നമ്മുടെ ശത്രുക്കൾ ആയിരുന്നവരും ഇന്നു നമ്മുടെ
സുഹൃത്തുക്കളാകാവുന്നവരും ആയവരെയും നമ്മുടെവശത്തേക്കു കൊണ്ടു
വരാനുള്ള കഴിവില്ലായ്മ എന്നായിരിക്കും ഇതിന് അർത്ഥം. സത്യത്തിൽ
ഇതിന് അർത്ഥം, ശത്രുവിനെ സഹായിക്കുക എന്നും വിപ്ളവത്തെ
പുറകോട്ടു പിടിച്ചുനിർത്തുകയും ഒററപ്പെടുത്തുകയും ഞെരിച്ചൊതു
ക്കുകയും ചെയ്യുക എന്നും അതിനെ ഒരു അമർന്നുപോയ വേലിയിറക്ക
ത്തിലേക്കോ പരാജയത്തിലേക്കുതന്നേയുമോ നയിക്കുക എന്നും ആണ്.

മേൽ പറഞ്ഞ വാദഗതികളെല്ലാം തെററാണെന്ന് അടഞ്ഞ വാതിൽ അട
വിന്റെ വക്താക്കൾ പറയുന്നു. വിപ്ളവശക്തികൾ ശുദ്ധമായിരി
ക്കണം, തീർത്തും ശുദ്ധമായിരിക്കണം. വിപ്ളവത്തിന്റെ പാത നേരി
ട്ടുള്ളത്, തികച്ചും നേരിട്ടുള്ളത് ആയിരിക്കണം. 'വിശുദ്ധ ഗ്രന്ഥ
ത്തിൽ അക്ഷരങ്ങളിൽ രേഖപ്പെടുത്തായിട്ടുള്ളതൊഴികെ ഒന്നും ശരിയ
ല്ല. ദേശീയ ബൂർഷ്വാസി പൂർണ്ണമായും ശാശ്വതമായും പ്രതിവിപ്ളവ
പരമാണ്. ഒരൊററ ഇഞ്ചുഭൂമിയും ധനികകൃഷിക്കാരനു വിട്ടുകൊടു
ത്തുകൂടാ. മഞ്ഞട്രേഡ് യൂണിയനുകളോട് പല്ലും നഖവും ഉപയോഗി
ച്ചു പോരടിക്കണം. ത്സായ് തിങ്ങ്-കായ്‌യുമൊത്തു കൈകുലുക്കു
ന്ന അതേ നിമിഷത്തിൽ തന്നെ നാം അയാളെ പ്രതിവിപ്ളവകാരി എ
ന്നു വിളിക്കണം. മീൻ ഇഷ്ടപ്പെടാത്ത പൂച്ചയോ പ്രതിവിപ്ളവകാ
രി അല്ലാത്ത ഭൂപ്രഭുവോ എന്നെങ്കിലുമുണ്ടായിരുന്നിട്ടുണ്ടോ? ബുദ്ധി
ജീവികൾ മൂന്നു ദിവസവിപ്ളവകാരികളാണ്, അവരെ ചേർക്കുന്നത്
ആപത്താണ്. ആയതിനാൽ അത്ഭുത പ്രവർത്തകമായ ഏകമാന്ത്രിക
ശക്തി അടഞ്ഞ വാതിൽ നയമാണ്. അതേസമയം ഐക്യമുന്നണി ഒരു
അവസരവാദപരമായ അടവാണ്.

സഖാക്കളെ, ഏതാണ് ശരി— ഐക്യമുന്നണിയോ, അടഞ്ഞവാതിൽ
നയമോ? മാർക്സിസം—ലെനിനിസം അംഗീകരിച്ചിട്ടുള്ളത് ഏതിനെയാ
ണ്? യാതൊരു സങ്കോചവുമില്ലാതെ ഞാൻ മറുപടി പറയാം: ഐക്യമു
ന്നണിയാണ് ശരി, അടഞ്ഞ വാതിൽ നയം അല്ല. മൂന്നു വയസുകാർ
ക്ക് ശരിയായ പല ആശയങ്ങളുമുണ്ടെങ്കിലും ഗൌരവമേറിയ ദേശീയ കാ
ര്യങ്ങളോ ലോകകാര്യങ്ങളോ അവരെ ഏല്പിച്ചുകൂടാ. കാരണം അവർ
ക്ക് ഇപ്പോഴും മനസിലാകാറായിട്ടില്ല. വിപ്ളവ അണികളിൽ കാണുന്ന
'ബാലാരിഷ്ടത'യ്ക്ക് മാർക്സിസം_ലെനിനിസം എതിരാണ്. അട
ഞ്ഞ വാതിൽ നയത്തിന്റെ വക്താക്കളുടെ സ്ഥിരം പല്ലവികൾ എന്തൊ
ക്കെയാണോ അതുതന്നെയാണ് ഈ ബാലാരിഷ്ടത. ലോകത്തിലെ മ
ററെല്ലാ പ്രവർത്തനവുമെന്നപോലെ തന്നെ വിപ്ളവവും പിന്തുടരുന്നത്
വളഞ്ഞുതിരിഞ്ഞ ഒരു പാതയാണ്, ഒരിക്കലും ഒരു നേർരേഖയല്ല. ലോ
കത്തിലെ മറേറതൊരു സംഗതിയും മാറുന്നതുപോലെ, വിപ്ളവപരവും
പ്രതിവിപ്ളവപരവുമായ ചേരികളിലെ അണിചേരലുകളിലും മാററമു

ണ്ടാകും. ഒരു വിശാല ഐക്യമുന്നണി കെട്ടിപ്പടുക്കുന്ന പാർട്ടിയുടെ പു
തിയ അടവ് രണ്ട് അടിസ്ഥാനവസ്തുതകളിൽ നിന്നാണ് ആരംഭിക്കു
ന്നത്. സാമ്രാജ്യത്വം ചൈനയെ ആകെ ഒരു കോളനിയാക്കി ചുരുക്കാൻ
ഒരുമ്പെട്ടിരിക്കുന്നു എന്നതും ചൈനയുടെ വിപ്ലവശക്തികൾക്ക് ഇ
പ്പോഴും ഗൗരവമേറിയ ദൗർബല്യങ്ങളുണ്ട് എന്നതും ആയ രണ്ടെണ്ണം. പ്ര
തിവിപ്ലവശക്തികളെ ആക്രമിക്കാൻ വിപ്ലവശക്തികൾക്ക് ഇന്നു വേ
ണ്ടത്, കോടിക്കണക്കിനു ബഹുജനങ്ങളെ സംഘടിപ്പിച്ച് ഒരു വമ്പിച്ച
വിപ്ലവസൈന്യത്തെ പ്രവർത്തനനിരതമാക്കുക എന്നതാണ്. അത്തരത്തിൽ
വലിപ്പമുള്ള ഒരു ശക്തിക്കു മാത്രമേ ജാപ്പനീസ് സാമ്രാജ്യവാദികളേയും
ദേശദ്രോഹികളേയും ശത്രുവിനോടു കൂട്ടുചേരുന്നവരേയും വകവരു
ത്താൻ കഴിയൂ. ഇത് ഒരു നഗ്നസത്യമാണ്. അതുകൊണ്ട് ഐക്യമുന്ന
ണി എന്ന അടവാണ് ഒരേയൊരു മാർക്സിസ്റ്റ്–ലെനിനിസ്റ്റ് അ
ടവ്. നേരെമറിച്ച് അടഞ്ഞ വാതിൽനയം രാജകീയ ഒററപ്പെടൽവാദക്കാരു
ടേതാണ്. അടഞ്ഞ വാതിൽനയം 'മൽസ്യത്തെ ആഴക്കടലിലേക്കും ഊർക്കു
രുവികളെ മരങ്ങൾക്കിടയിലേക്കും പായിക്കുക' തന്നെയാണു ചെയ്യുന്നത്.
അത് കോടിക്കണക്കിനു ജനങ്ങളെ, ഈ അതിഗംഭീരസൈന്യത്തെ, ശത്രു
പക്ഷത്തേക്കു തുരത്തിയോടിക്കും. അങ്ങനെ ശത്രുവിന്റെ കയ്യടി നേടാ
നാവുമെന്നതു തീർച്ചതന്നെ. അടഞ്ഞ വാതിൽനയം, പ്രയോഗികമായി,
ജാപ്പനീസ് സാമ്രാജ്യവാദികളുടേയും ദേശദ്രോഹികളുടെയും ശത്രുവു
മായി കൂട്ടുചേരുന്നവരുടേയും വിശ്വസ്തസേവകനാണ്. അതിൽ മു
റുകെ പിടിക്കുന്നവരുടെ 'ശുദ്ധ'മായതിനേയും 'നേരിട്ടുള്ളതി'നേയും
കുറിച്ചുള്ള പുലമ്പലുകൾ, മാർക്സിസ്റ്റ്–ലെനിനിസ്റ്റുകളാൽ അപ
ലപിക്കപ്പെടുകയും ജാപ്പനീസ് സാമ്രാജ്യവാദികളാൽ പ്രശംസിക്കപ്പെടു
കയും ചെയ്യും. നമുക്ക് അടഞ്ഞ വാതിൽനയം വേണ്ടാ; നമുക്കുവേണ്ട
ത് വിപ്ലവപരമായ ദേശീയ ഐക്യമുന്നണിയാണ്, അതാകട്ടെ ജാപ്പ
നീസ് സാമ്രാജ്യവാദികൾക്കും ദേശദ്രോഹികൾക്കും ശത്രുവോടു കൂട്ടു
ചേരുന്നവർക്കുമുള്ള മരണഘോഷണമായിരിക്കും.

## ജനകീയ റിപ്പബ്ളിക്ക്[29]

ഇതുവരെ നമ്മുടെ സർക്കാർ തൊഴിലാളികളുടെയും കർഷകരുടെ
യും നഗരങ്ങളിലെ പെററിബൂർഷ്വാസിയുടെയും സഖ്യത്തിൽ അധിഷ്
ഠിതമായിരുന്നെങ്കിൽ, ഇപ്പോൾ മുതൽ അത്, ദേശീയ വിപ്ലവത്തിൽ
പങ്കെടുക്കാൻ തയ്യാറുള്ള മറെറല്ലാവർഗങ്ങളിലെയും അംഗങ്ങളെക്കൂടി ഉ
ൾപ്പെടുത്തി രൂപാന്തരപ്പെടുത്തിയതാകണം.

ചൈനയെ ജാപ്പനീസ് സാമ്രാജ്യത്വത്തിന് അധീനപ്പെടുത്തുന്നതി
നെ എതിർക്കുക എന്നതായിരിക്കണം, ഇപ്പോഴത്തെ സന്ദർഭത്തിൽ, അത്ത
രമൊരു സർക്കാരിന്റെ അടിസ്ഥാന കടമ. അതിനു വിപുലമായ ഒരു
പ്രാതിനിധ്യ സ്വഭാവമുണ്ടായിരിക്കണം. അതായത്, കാർഷിക വിപ്
ളവത്തിൽ താല്പര്യമില്ലാതെ ദേശീയ വിപ്ളവത്തിൽ മാത്രം താല്പര്യ
മുള്ളവരേയും അതും വിട്ട്, യൂറോപ്യൻ–അമേരിക്കൻ സാമ്രാജ്യത്വങ്ങ
ളെ, അവയുമായി അടുത്തകൂട്ടുകെട്ടുള്ളതുകൊണ്ട്, എതിർക്കാത്തവരെ
ങ്കിലും ജാപ്പനീസ് സാമ്രാജ്യത്വത്തേയും അതിന്റെ വേട്ടനായ്ക്കളെയും
എതിർത്തേക്കാവുന്നവരെപ്പോലും അവർക്കിഷ്ടമാണെങ്കിൽ ഉൾക്കൊള്ളു
ന്നതാകണം അത്. അതുകൊണ്ട് അത്തരമൊരു സർക്കാരിന്റെ പരിപാ
ടി താത്വികമായി ജാപ്പനീസ് സാമ്രാജ്യത്വത്തോടും അതിന്റെ വേട്ടനാ
യ്ക്കളോടും പൊരുതുന്നതിന്റേതായ അടിസ്ഥാന കടമയുമായി ഒത്തു
പോകുന്നതാകണം, അതിനു ചേരും വിധം നമ്മുടെ മുൻകാലനയങ്ങൾ
പരിഷ്കരിക്കുകയും വേണം.



വിപ്ളവ പക്ഷത്ത് ഇന്നുള്ള സവിശേഷത, ഉരുക്കുപോലുറച്ച ഒ
രു കമ്യൂണിസ്ററു പാർട്ടിയും ചുവപ്പുസേനയും നിലവിൽ വന്നിട്ടു
ണ്ടെന്നുള്ളതാണ്. ഇതാകട്ടെ, നിർണായകപ്രധാന്യമുള്ളതുമാണ്. അ
തു നിലവിൽ വന്നില്ലായിരുന്നെങ്കിൽ വമ്പിച്ച വൈഷമ്യങ്ങൾ ഉയർന്നു
വരുമായിരുന്നു. എന്തുകൊണ്ട്? ചൈനയിലെ ദേശദ്രോഹികളും ശത്രു
വുമായ് കൂട്ടുചേരുന്നവരും (Collaborators) സംഖ്യാബലമുള്ളവരും അ
തിശക്തരും ആണ്, ഐക്യമുന്നണിയെ പൊളിക്കാൻ അവർ ആവുന്ന
പണിയെല്ലാമൊരുക്കുമെന്നു തീർച്ചയുമാണ്; ഭീഷണിയും കൈക്കൂലി
യും വഴി, വിവിധ ഗ്രൂപ്പുകൾക്കിടക്ക് കൗശലപ്പണികൾ നീക്കി
യും അവർ വിഘടന പ്രവണതയുടെ വിത്തുവിതയ്ക്കും; അവരിൽ നി
ന്നു കൂട്ടുപിരിയാനും ജപ്പാനോടു പോരാടുന്നതിൽ നമ്മോട് യോജിക്കാ
നും, ആഗ്രഹിക്കുന്ന അവരേക്കാൾ ദുർബലരായവരെ മർദ്ദിച്ചൊതുക്കാനും
തകർക്കാനുമായി അവർ തങ്ങളുടെ സേനകളെ നിയോഗിക്കും. ജാപ്പു വി
രുദ്ധ സർക്കാരിന്റെയും സേനയുടെയും ഈ മർമ്മപ്രധാനഘടകം, അതാ
യത് കമ്യൂണിസ്ററു പാർട്ടിയും ചുവപ്പുസേനയും ഇല്ലാതാ
യ്തീരുകയാണെങ്കിൽ ഈ വൈഷമ്യങ്ങളെയെല്ലാം തരണം ചെയ്യാൻ അ
തിനാവുകയില്ല. പാർട്ടിയിൽ അന്ന് അവസരവാദപരമായ ലൈൻ നില
വിലിരുന്നിരിയ്ക്കെ നമ്മുടെ സ്വന്തം അണികളെ (തൊഴിലാളികളുടെ
യും കർഷകരുടെയും പ്രസ്ഥാനത്തെയും കമ്യൂണിസ്ററുപാർട്ടി നയി
ക്കുന്ന സായുധസേനകളെയും) വിപുലീകരിക്കുന്നതിന് ഒരു ശ്രമവും
നടക്കാതിരിക്കുകയും ഒരു താൽക്കാലിക സഖ്യശക്തിയായ കുമിന്താങ്ങി
നുമേൽ പരിപൂർണമായ ആശ്രിതത്വം പുലർത്തുകയും ചെയ്തതുകൊ
ണ്ടായിരുന്നു മുഖ്യമായും 1927 ലെ വിപ്ളവം പരാജയപ്പെട്ടത്. ഇതി
ന്റെ ഫലമായി, സാമ്രാജ്യത്വം അതിന്റെ പിണിയാളുകളോട്, ഭൂപ്രഭു,
ദല്ലാൾ വർഗങ്ങളോട്, അവയുടെ എണ്ണമററ നീരാളിക്കൈകൾ വിരിക്കാ
നും ആദ്യം ചിയാങ്ങ് കെയ്–ഷെക്കിനെയും പിന്നെ വാങ്ങ് ചിങ്ങ്–
വെയ്യേയും വലിച്ചടുപ്പിച്ചെടുക്കാനും ആജ്ഞാപിച്ചതോടെ, വിപ്ള
വത്തിൽ തോൽവിയുണ്ടായി. ആ ദിനങ്ങളിൽ വിപ്ളവ ഐക്യമുന്ന
ണിയ്ക്ക് നെടുംതൂൺ ഉണ്ടായിരുന്നില്ല, ശക്തമായ വിപ്ളവസായു
ധസേനയുണ്ടായിരുന്നില്ല; അതുകൊണ്ട്, കാലുമാററങ്ങൾ വൻതോതി
ലും അതിവേഗത്തിലുമുണ്ടായപ്പോൾ, കമ്യൂണിസ്ററുപാർട്ടി ഒററയ്ക്കു
പോരാടാൻ നിർബന്ധിതമാവുകയും സാമ്രാജ്യവാദികളും ചൈനീസ്
പ്രതിവിപ്ളവകാരികളും സ്വീകരിച്ച, പ്രതിയോഗികളെ ഒന്നൊന്നായി
തകർക്കുന്ന അടവിനെ പരാജയപ്പെടുത്താൻ അശക്തമാവുകയും ചെ
യ്തു. നമുക്ക് ഹോലുങ്ങിന്റെയും യേ ടിങ്ങിന്റെയും സേനകളുണ്ടാ
യിരുന്നു എന്നതു നേരുതന്നെ. എന്നാൽ അവ രാഷ്ട്രീയമായി സുദൃ
ഢീകരിക്കപ്പെട്ടിരുന്നില്ല, അവയെ നയിക്കുവാൻ പാർട്ടിക്ക് ഏറെ വൈ
ദഗ്ദ്ധ്യമില്ലായിരുന്നു, അതുകൊണ്ടുതന്നെ അവ അവസാനം തോല്പി
ക്കപ്പെടുകയും ചെയ്തു. വിപ്ളവസേനക്ക് കരുത്തുററ ഒരു കാതലി
ല്ലെങ്കിൽ വിപ്ളവം പരാജയത്തിലെത്തുമെന്നതാണ് നാം നമ്മുടെ ര
ക്തം കൊടുത്തു നേടിയ പാഠം. ഇന്നു സ്ഥിതി തികച്ചും വ്യത്യസ്ത
മാണ്. ഇപ്പോൾ നമുക്ക് ശക്തമായ ഒരു കമ്യൂണിസ്ററു പാർട്ടിയു
ണ്ട്, ശക്തമായൊരു ചുവപ്പുസേനയുണ്ട്, ചുവപ്പുസേനയുടെ താവള
പ്രദേശങ്ങളുമുണ്ട്. കമ്യൂണിസ്ററു പാർട്ടിയും ചുവപ്പുസേനയും ജാ
പ്പുവിരുദ്ധ ഐക്യമുന്നണിയുടെ മുൻകൈ ശക്തിയായി ഇന്നു പ്രവർ
ത്തിക്കുന്നു എന്നു മാത്രമല്ല, ഈ ഐക്യമുന്നണിയെ ശിഥിലീകരിക്കുന്ന
അവരുടെ നയം നടപ്പിൽ വരുത്തുന്നതിൽനിന്ന് ജാപ്പനീസ് സാമ്രാജ്യവാ
ദികളേയും ചിയാങ്ങ് കൈഷെക്കിനെയും തടഞ്ഞുനിർത്തുന്നതിന്
പ്രാപ്തിയുള്ള ഭാവിയിലേയും നെടുംതൂണായിരിക്കും അവ. എന്നിരു
ന്നാലും, നാം വളരെ ജാഗ്രത പാലിക്കേണ്ടതുണ്ട്; കാരണം, ജാപ്പനീസ്

സാമ്രാജ്യവാദികളും ചിയാങ്ങ് കെയ്-ഷെക്കും ഭീഷണിയുടേയും, കൈക്കൂലിയുടേയും വിവിധ ഗ്രൂപ്പുകൾക്കിടക്ക് കൌശലപ്പണി നീക്കുന്നതിന്റെയും കഴിയുന്ന എല്ലാ രീതിയും അവലംബിക്കുമെന്ന് തീർച്ചയാണ്.

ജാപ്പുവിരുദ്ധ വിശാലദേശീയ ഐക്യമുന്നണിയുടെ എല്ലാ വിഭാഗങ്ങളും കമ്യൂണിസ്റ്റുപാർട്ടിയേയും ചുവപ്പുസേനയേയുംപോലെ ഉറച്ചുനില്ക്കുന്നതായിരിക്കുമെന്ന് പ്രതീക്ഷിക്കാൻ, സ്വാഭാവികമായും നമുക്കു കഴിയില്ല. മോശപ്പെട്ട ചില വിഭാഗങ്ങൾ ശത്രുവിന്റെ സ്വാധീനത്തിൽപെട്ട്, തങ്ങളുടെ പ്രവർത്തനങ്ങൾക്കിടക്കു തന്നെ ഐക്യമുന്നണിയിൽനിന്നു പിൻവലിഞ്ഞേക്കാം. എന്നിരുന്നാലും അത്തരം ആൾക്കാർ നഷ്ടപ്പെടുന്നതിനെക്കുറിച്ച് നാം വേവലാതിപ്പെടേണ്ടതില്ല. ശത്രുസ്വാധീനത്തിൽപെട്ട് മോശപ്പെട്ട ഘടകങ്ങൾ പിൻവലിഞ്ഞേക്കുമെങ്കിൽ നമ്മുടെ സ്വാധീനത്തിൻകീഴിൽ നല്ല ആളുകൾ അതിനകത്തേക്ക് വരിക തന്നെ ചെയ്യും. കമ്യൂണിസ്റ്റുപാർട്ടിയും ചുവപ്പുസേനയും, സജീവവും വളർന്നുകൊണ്ടിരിക്കുന്നതുമായിരിക്കുന്നിടത്തോളം കാലം ദേശീയ ഐക്യമുന്നണി സജീവവും വളർന്നുകൊണ്ടിരിക്കുന്നതുമായിരിക്കും. അത്തരത്തിലുള്ളതാണ് കമ്യൂണിസ്റ്റു പാർട്ടിക്കും ചുവപ്പുസേനക്കും ദേശീയഐക്യമുന്നണിയിലുള്ള നേതൃസ്ഥാനം. കമ്യൂണിസ്റ്റുകാർ ഇനിയൊട്ടുംതന്നെ രാഷ്ട്രീയ ശിശുക്കളല്ല, സ്വയം സംരക്ഷിക്കാനും തങ്ങളുടെ സഖ്യശക്തികളുമായുള്ള ബന്ധം കൈകാര്യം ചെയ്യാനും പ്രാപ്തിയുള്ളവരാണ് അവർ. വിപ്ളവശക്തികളുടെ പരസ്പര ബന്ധങ്ങളിൽ കൌശലപ്പണി നീക്കാൻ ജാപ്പനീസ് സാമ്രാജ്യത്വത്തിനും ചിയാങ്ങ്കെയ്-ഷെക്കിനും കഴിയുമെങ്കിൽ പ്രതിവിപ്ളവശക്തികളുടേതിൽ, അതുതന്നെ കമ്യൂണിസ്റ്റുപാർട്ടിക്കും കഴിയും. നമ്മുടെ അണികളിലെ ചീത്ത വിഭാഗങ്ങളെ അവരുടെ വശത്തേക്ക് അടുപ്പിച്ചെടുക്കാൻ അവർക്കാകുമെങ്കിൽ, അതിനു തുല്യമായി അവരുടെ 'ചീത്ത വിഭാഗങ്ങളെ' (നമ്മുടെ വീക്ഷണത്തിൽ നല്ലവ) നമ്മുടെ വശത്തേക്ക് അടുപ്പിച്ചെടുക്കാൻ, അതേപോലെതന്നെ, നമുക്കുമാകും. നമുക്ക് കൂടുതലൊരു സംഖ്യയെ നമ്മുടെ വശത്താക്കാൻ കഴിയുകയാണെങ്കിൽ അത്, ശത്രുഅണിയെ ശോഷിപ്പിക്കുകയും നമ്മുടേതിനെ പോഷിപ്പിക്കുകയും ചെയ്യും. ചുരുക്കത്തിൽ, രണ്ട് അടിസ്ഥാനശക്തികൾ ഇപ്പോൾ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ്, ഇടയ്ക്കുള്ള ശക്തികൾക്കെല്ലാം ഏതെങ്കിലും ഒരു വശത്ത് അണിനിരന്നേ തീരൂ. ചൈനയെ അടിപ്പെടുത്തുന്ന ജാപ്പനീസ് സാമ്രാജ്യവാദികളുടെ നയവും ചൈനയെ ഒററുകൊടുക്കുന്ന ചിയാങ്ങ്കെയ്-ഷെക്കിന്റെ നയവും, അനിവാര്യമായും, പലരേയും നമ്മുടെ വശത്തേക്ക് തുരത്തിയോടിക്കും — അവ, നേരിട്ട് കമ്യൂണിസ്റ്റുപാർട്ടിയുടെയും ചുവപ്പുസേനയുടെയും അണിയിൽ ചേരുന്നതിലോ, അല്ലെങ്കിൽ നമ്മളുമായി ഐക്യമുന്നണി രൂപീകരിക്കുന്നതിലോ എത്തിച്ചേരും. അടഞ്ഞ വാതിൽ അടവ് നാം പിന്തുടരാതിരുന്നാലേ ഇത് ഉണ്ടാകുകയുള്ളൂ.

എന്തുകൊണ്ട് 'തൊഴിലാളികളുടെയും കർഷകരുടെയും റിപ്പബ്ളിക്കി'നെ ഒരു 'ജനകീയ റിപ്പബ്ളിക്' ആക്കി മാററുന്നു?

തൊഴിലാളികളേയും കർഷകരേയും മാത്രമല്ല, മുഴുവൻ ദേശീയ ജനതയേയും നമ്മുടെ സർക്കാർ പ്രതിനിധീകരിക്കുന്നുണ്ട്. തൊഴിലാളികളുടെയും കർഷകരുടെയും ഒരു ജനാധിപത്യ റിപ്പബ്ളിക് എന്ന നമ്മുടെ മുദ്രാവാക്യത്തിൽ ഇത് ഉള്ളടക്കിയിരുന്നു. കാരണം തൊഴിലാളികളും കർഷകരും ചേർന്നാൽ ജനസംഖ്യയുടെ 80–90 ശതമാനം വരും. തൊഴിലാളികളുടെയും കർഷകരുടെയും മാത്രമല്ല, മുഴുവൻ ദേശത്തിന്റെയും താൽപര്യങ്ങളുടെ മൂർത്തരൂപമാണ്, നമ്മുടെ പാർട്ടിയുടെ ആറാം ദേശീയകോൺഗ്രസിൽ അംഗീകരിച്ച 'പത്തിനപരിപാടി[30]. പക്ഷെ ന



മ്മുടെ മുദ്രാവാക്യത്തെ ഒരു ജനകീയ റിപ്പബ്ളിക്കിന്റെ മുദ്രാവാക്യമായി മാററുന്നതിന്, ഇന്നത്തെ അവസ്ഥ നമ്മെ നിർബന്ധിക്കുന്നു. ജാപ്പനീസ് കടന്നാക്രമണം ചൈനയിലെ വർഗബന്ധങ്ങളെ മാററിത്തീർത്തിട്ടുണ്ട്. ജാപ്പുവിരുദ്ധ സമരത്തിൽ ചേരുക എന്നതു പെററിബൂർഷ്വാസിക്കു മാത്രമല്ല, ദേശീയ ബൂർഷ്വാസിക്കും ഇപ്പോൾ സാദ്ധ്യമാണ്.

ശത്രുവർഗങ്ങളുടെ താൽപര്യങ്ങളെ ജനകീയ റിപ്പബ്ളിക് തീർച്ചയായും, പ്രതിനിധീകരിക്കില്ല. നേരെമറിച്ച്, അത് സാമ്രാജ്യത്വപിണിയാളുകളായ ഭൂപ്രഭു, ദല്ലാൾ വർഗങ്ങൾക്കു കടകവിരുദ്ധമായി നിലപാടെടുക്കും, അവരെ ജനങ്ങളുടെ കൂട്ടത്തിൽ കണക്കാക്കുകയില്ല. അതേപോലെ തന്നെ, ചിയാങ്ങ് കെയ്-ഷെക്കിന്റെ 'ചൈനീസ് റിപ്പബ്ളിക്കിന്റെ ദേശീയ സർക്കാർ' പ്രതിനിധീകരിക്കുന്നത് ഏററവും വലിയ പണക്കാരെ മാത്രമാണ്, സാമാന്യ ജനങ്ങളെ അത് രാഷ്ട്രത്തിന്റെ ഭാഗമായി കണക്കാക്കുന്നില്ല. കർഷക തൊഴിലാളികളും കർഷകരും ചേർന്ന് ചൈനയിലെ ജനസംഖ്യയുടെ 80_90 ശതമാനമാകുന്നതുകൊണ്ട്, ജനകീയ റിപ്പബ്ളിക് പ്രഥമവും പ്രധാനവുമായി അവരുടെ താൽപര്യങ്ങളെ പ്രതിനിധീകരിക്കേണ്ടിയിരിക്കുന്നു. ചൈനയെ സ്വതന്ത്രവും നിരാശ്രിതവുമാക്കുന്നതിനായി സാമ്രാജ്യത്വമർദ്ദനം വലിച്ചെറിയുന്നതിലൂടെയും, അർദ്ധ-ഫ്യൂഡലിസത്തിൽനിന്നു ചൈനയെ മുക്തമാക്കാനായി ഭൂപ്രഭുമർദ്ദനം വലിച്ചെറിയുന്നതിലൂടെയും, തൊഴിലാളികൾക്കും കർഷകർക്കും മാത്രമല്ല മററു ജനവിഭാഗങ്ങൾക്കുകൂടിയും ജനകീയ റിപ്പബ്ളിക് നേട്ടമുണ്ടാക്കും. തൊഴിലാളികളുടെയും കർഷകരുടേയും മററു ജനങ്ങളുടേയും താൽപര്യങ്ങളുടെ ആകത്തുക, മുഴുവൻ ചൈനീസ് ദേശത്തിന്റെയും താൽപര്യങ്ങളാകുന്നുണ്ട്. ചൈനയുടെ മണ്ണിൽതന്നെയാണു ദല്ലാൾ, ഭൂപ്രഭുവർഗങ്ങളും ജീവിക്കുന്നതെങ്കിലും ദേശീയ താൽപര്യങ്ങളോട് അവയ്ക്ക് ഒരു മമതയുമില്ലാത്തതുകൊണ്ട്, അവരുടെ താൽപര്യങ്ങൾ ഭൂരിപക്ഷത്തിന്റേതുമായി ഏററുമുട്ടുന്നു. നാം തെററിപ്പിരിയുന്നതും മാറുന്നതും ഏററുമുട്ടുന്നതും ഈ ചെറുന്യൂനപക്ഷവുമായി മാത്രമാണ്. അതുകൊണ്ടുതന്നെ, മുഴുവൻ ദേശത്തിന്റെ പ്രതിനിധികൾ എന്നു സ്വയം വിളിക്കാൻ നമുക്ക് അവകാശമുണ്ട്.

തൊഴിലാളിവർഗവും ദേശീയ ബൂർഷ്വാസിയും തമ്മിൽ ഒരു താല്പര്യസംഘട്ടനമുണ്ടെന്നതു തീർച്ചതന്നെ. ദേശീയ വിപ്ളവത്തിന്റെ മുന്നണിപ്പടയായ തൊഴിലാളിവർഗത്തിനും രാഷ്ട്രീയ സാമ്പത്തിക അവകാശങ്ങൾ അനുവദിക്കാതിരിക്കുകയും, സാമ്രാജ്യത്വത്തിനും അതിന്റെ വേട്ടനായ്ക്കളായ ദേശദ്രോഹികൾക്കും എതിരായി അതിന്റെ ശക്തി തിരിച്ചുവിടുന്നത് അസാദ്ധ്യമാക്കുകയുമാണെങ്കിൽ, ദേശീയ വിപ്ളവത്തെ മുന്നോട്ടു നയിക്കാൻ നമുക്കാവില്ല. എന്തായാലും, ദേശീയ ബൂർഷ്വാസി സാമ്രാജ്യത്വ വിരുദ്ധ ഐക്യമുന്നണിയിൽ ചേരുകയാണെങ്കിൽ, തൊഴിലാളി വർഗത്തിനും ദേശീയ ബൂർഷ്വാസിക്കും പൊതുതാല്പര്യങ്ങളുണ്ടായിരിക്കും. ബൂർഷ്വാ–ജനാധിപത്യ വിപ്ലവത്തിന്റെ കാലഘട്ടത്തിൽ, ജനകീയ റിപ്പബ്ളിക്ക്, സാമ്രാജ്യത്വ, ഫ്യൂഡൽ സ്വത്തുക്കളൊഴിച്ചുള്ള സ്വകാര്യസ്വത്തുകൾ പിടിച്ചെടുക്കുകയില്ല, ദേശീയ ബൂർഷ്വാസിയുടെ വ്യവസായ, വ്യാപാര സംരംഭങ്ങൾ കണ്ടുകെട്ടില്ലെന്നു തന്നെയല്ല, അവയുടെ വികസനത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യും. സാമ്രാജ്യവാദികളേയും ചൈനീസ് ദേശദ്രോഹികളേയും പിന്തുണക്കാത്ത ഓരോ മുതലാളിയേയും നമുക്കു സംരക്ഷിക്കാം. ജനാധിപത്യ വിപ്ളവഘട്ടത്തിൽ അദ്ധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യത്തിന് പരിമിതികളുണ്ട്. ജനകീയ സർക്കാരിന്റെ തൊഴിൽനിയമങ്ങൾ തൊഴിലാളികളുടെ താല്പര്യങ്ങളെ സംരക്ഷിക്കും, എന്നാൽ ലാഭമുണ്ടാക്കുന്നതിൽ നിന്നോ തങ്ങളുടെ വ്യാപാരം, വ്യവസായ

സംരംഭങ്ങൾ വികസിപ്പിക്കുന്നതിൽ നിന്നോ ദേശീയ ബൂർഷ്വാസിയെ അത് തടയില്ല. കാരണം അത്തരം വികസനം സാമ്രാജ്യത്വത്തിന് ദോഷം ചെയ്യുന്നതും ചൈനീസ് ജനതക്കു ഗുണം ചെയ്യുന്നതുമാണ്. അപ്രകാരം, സാമ്രാജ്യത്വത്തെയും ഫ്യൂഡൽ ശക്തികളെയും എതിർക്കുന്ന എല്ലാ വിഭാഗങ്ങളുടെയും താല്പര്യങ്ങളെ ജനകീയ സർക്കാർ പ്രതിനിധീകരിക്കുമെന്നതു വ്യക്തമാണ്. പ്രാഥമികമായി, തൊഴിലാളി—കർഷക അടിത്തറയായിരിക്കും ജനകീയ സർക്കാരിന് ഉണ്ടാകുക, എങ്കിലും സാമ്രാജ്യത്വത്തേയും ഫ്യൂഡൽ ശക്തികളെയും എതിർക്കുന്ന മററു വർഗങ്ങളുടെ പ്രതിനിധികളേയും അതിൽ ഉൾപ്പെടുത്തും.

അത്തരം വർഗങ്ങളുടെ പ്രതിനിധികളെ, ജനകീയ റിപ്പബ്ളിക്കിന്റെ സർക്കാരിൽ ചേരാൻ അനുവദിക്കുന്നത് ആപത്കരമല്ലേ? അല്ല. റിപ്പബ്ളിക്കിന്റെ അടിസ്ഥാന ജനത തൊഴിലാളികളും കർഷകരുമാണ്; സാമ്രാജ്യത്വ വിരുദ്ധ, ഫ്യൂഡൽവിരുദ്ധ പരിപാടിയെ പിന്തുണയ്ക്കുന്ന വിഭാഗങ്ങളായ നഗരങ്ങളിലെ പെററി ബൂർഷ്വാസി, ബുദ്ധിജീവികൾ, ദേശീയ ജനതയിലെ മററു വിഭാഗങ്ങൾ, എന്നിവർക്ക് ജനകീയ റിപ്പബ്ളിക്കിന്റെ സർക്കാരിൽ അഭിപ്രായ പ്രകടനത്തിനും പ്രവർത്തനത്തിനുമുള്ള അവകാശം, അതായത് സർക്കാരിനെ തെരഞ്ഞെടുക്കാനും അതിലേക്കു തിരഞ്ഞെടുക്കപ്പെടാനുമുള്ള അവകാശം നൽകുമ്പോൾ അടിസ്ഥാന ജനതയായ തൊഴിലാളികളുടെയും കർഷകരുടെയും താല്പര്യങ്ങൾ ലംഘിക്കപ്പെടാൻ അനുവദിക്കുകയില്ല. അവരുടെ താല്പര്യസംരക്ഷണമായിരിക്കണം നമ്മുടെ പരിപാടിയുടെ കാതലായ ഭാഗം. ഈ സർക്കാരിൽ ഭൂരിപക്ഷവും അവരുടെ പ്രതിനിധികളായിരിക്കുകയും അതിൽ കമ്യൂണിസ്ററു പാർട്ടി പ്രവർത്തിക്കുകയും നേതൃത്വപരമായ പങ്കു വഹിക്കുകയും ചെയ്യുന്നതുകൊണ്ടും മററു വർഗങ്ങളുടെ പങ്കാളിത്തം യാതൊരു ആപത്തുമുണ്ടാക്കുകയില്ലെന്ന് ഉറപ്പാണ്. ഇന്നത്തെ ഘട്ടത്തിൽ ചൈനീസ് വിപ്ളവം സ്വഭാവത്തിൽ ഒരു ബൂർഷ്വാജനാധിപത്യ വിപ്ളവമാണ്; തൊഴിലാളി വർഗ സോഷ്യലിസ്ററ് വിപ്ളവമല്ല എന്നുള്ളതു തികച്ചും സ്പഷ്ടമാണ്. ചൈനയിൽ ബൂർഷ്വാജനാധിപത്യ വിപ്ളവം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും തുടർന്നുള്ള ഏതൊരു വിപ്ളവവും സോഷ്യലിസ്ററ് ആയിരിക്കാൻ മാത്രമേ കഴിയൂ എന്നും പോലുള്ള അസംബന്ധം പ്രതിവിപ്ളവകാരികളായ ട്രോട്സ്കിയിസ്ററുകൾ[31] മാത്രമേ പറയുന്നുള്ളൂ. 1924—27 ലെ വിപ്ളവം ഒരു ബൂർഷ്വാ—ജനാധിപത്യവിപ്ളവമായിരുന്നു; അതാകട്ടെ പൂർത്തീകരിക്കപ്പെടാതെ പരാജയപ്പെടുകയാണുണ്ടായത്. 1927 മുതൽ നമ്മൾ നയിച്ച കാർഷിക വിപ്ളവവും ഒരു ബൂർഷ്വാ—ജനാധിപത്യ വിപ്ളവമായിരുന്നു, കാരണം, അതു മുതലാളിത്തത്തിനു നേരെ ലക്ഷ്യം വെച്ചുള്ളതല്ല, മറിച്ച് സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനും നേരെയുള്ളതാണ്. വരാനിരിക്കുന്ന ഒരു ദീർഘകാലത്തേക്ക് നമ്മുടെ വിപ്ളവത്തെ സംബന്ധിച്ചിടത്തോളം ഇത്, അങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യും.

വിപ്ളവത്തിന്റെ പ്രേരകശക്തികൾ, അടിസ്ഥാനപരമായി, ഇപ്പോഴും തൊഴിലാളികളും കർഷകരും നഗരങ്ങളിലെ പെററി ബൂർഷ്വാസിയുമാണ്. ഈ സന്ദർഭത്തിൽ പക്ഷേ, ദേശീയ ബൂർഷ്വാസിയും അതേപോലെ തന്നെ ആയേക്കും.

വിപ്ളവത്തിൽ മാററം പിന്നീട് ഉണ്ടാവും. ഭാവിയിൽ ജനാധിപത്യവിപ്ളവം അനിവാര്യമായും ഒരു സോഷ്യലിസ്ററു വിപ്ളവമായി രൂപാന്തരപ്പെടും. ആ രൂപാന്തരം എപ്പോൾ സംഭവിക്കും എന്നാണെങ്കിൽ, അത് ആവശ്യമായ അവസ്ഥകളുടെ സാന്നിദ്ധ്യത്തെ ആശ്രയിച്ചിരിക്കും; അതിന് നീണ്ട ഒരു കാലവും എടുത്തേക്കും. ആവശ്യമായ രാഷ്ട്രീയ, സാമ്പത്തിക സ്ഥിതികളുടെ സാന്നിദ്ധ്യമുണ്ടാവാത്തി



ടത്തോളവും ചൈനയിലൊട്ടുക്കുള്ള ജനങ്ങളിൽ മഹാഭൂരിപക്ഷത്തിനും ഗുണകരമാണ്, ദോഷകരമല്ല എന്ന സ്ഥിതി വരാത്തിടത്തോളവും നമ്മൾ പ്രസ്തുത രൂപാന്തരത്തെക്കുറിച്ച് (hold forth) ധൃതി പിടിക്കരുത്. ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും സംശയം വച്ചു പുലർത്തുന്നതും രൂപാന്തരം ഉടനടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതും തെററാണ്. താക്കോൽ സ്ഥാനത്തുള്ള ചില പ്രവിശ്യകളിൽ ജനാധിപത്യ വിപ്ളവം വിജയിക്കാൻ തുടങ്ങിയ നിമിഷത്തിൽ തന്നെ വിപ്ളവത്തിലെ രൂപാന്തരണം തുടങ്ങുമായിരുന്നു എന്ന് നമ്മുടെ ചില സഖാക്കൾ ധരിച്ചുവശായപ്പോൾ ഈ തെററു സംഭവിയ്ക്കുകയുണ്ടായി. രാഷ്ട്രീയമായും സാമ്പത്തികമായും ചൈന എന്തുതരം രാജ്യമാണെന്നു മനസിലാക്കുവാനും, രാഷ്ട്രീയമായും സാമ്പത്തികമായും ജനാധിപത്യ വിപ്ളവം പൂർത്തീകരിക്കുന്നതിന് റഷ്യയെ അപേക്ഷിച്ച്, ചൈനയ്ക്കു കൂടുതൽ വിഷമതകൾ ഉണ്ടാകും എന്നും വളരെയേറെ സമയവും ശ്രമവും ആവശ്യമാണ് എന്നും ബോദ്ധ്യപ്പെടുവാൻ അവർക്കു കഴിയാഞ്ഞതുകൊണ്ടാണ് അവർ അങ്ങനെ ചെയ്തത്.

## സാർവദേശീയ പിന്തുണ

അവസാനമായി, ചൈനീസ് വിപ്ളവവും ലോകവിപ്ളവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു വാക്കു പറയേണ്ടതുണ്ട്. സാമ്രാജ്യത്വമെന്ന ഭീകര രാക്ഷസൻ ജന്മംകൊണ്ടതിൽ പിന്നീട് ഇന്നോളമുള്ള ലോക കാര്യങ്ങൾ, പരസ്പരം വേർപെടുത്താൻ അസാദ്ധ്യമായ വിധത്തിൽ അടുത്ത് ഇഴ ചേർന്നതായിത്തീർന്നിട്ടുണ്ട്. നമ്മുടെ രക്തത്തിന്റെ അവസാനത്തുള്ളിവരെ ശത്രുവിനോടു പോരാടാനുള്ള വീര്യവും, നമ്മുടെ പരിശ്രമം കൊണ്ടുതന്നെ നഷ്ടപ്പെട്ട നമ്മുടെ ഭൂപ്രദേശങ്ങൾ തിരിച്ചു പിടിക്കാനുള്ള നിശ്ചയ ദാർഢ്യവും നമ്മുടെ സ്വന്തം കാലിൽതന്നെ ദേശങ്ങളുടെ കുടുംബത്തിൽ നിവർന്നു നില്ക്കാനുള്ള ശേഷിയും നമ്മൾ, ചൈനക്കാർക്കുണ്ട്. എന്നാൽ സാർവദേശീയ പിന്തുണയെ നമുക്ക് ഉപേക്ഷിച്ചു തള്ളാനാവുമെന്ന് ഇതിനർത്ഥമില്ല; എന്നല്ല, ഇന്നു സാർവദേശീയ പിന്തുണ ഏതൊരു ദേശത്തിലേയും, അഥവാ രാജ്യത്തിലേയും വിപ്ളവ സമരത്തിന് അത്യാവശ്യമാണ്. 'വസന്ത—ശരത്കാലയുഗത്തിൽ ധർമ്മയുദ്ധങ്ങൾ ഇല്ലായിരുന്നു'[32] എന്ന ഒരു പഴമൊഴിയുണ്ട്. ഇത് അന്നത്തേക്കാളുമേറെ, ഇന്നത്തെ സാമ്രാജ്യത്വത്തെക്കുറിച്ച് സത്യമാണ്. കാരണം, മർദ്ദിതദേശങ്ങൾക്കും മർദ്ദിത വർഗങ്ങൾക്കും മാത്രമേ നീതിയുക്തയുദ്ധങ്ങൾ ചെയ്യാൻ കഴിയൂ. തങ്ങളുടെ മർദ്ദകരോടു പോരാടാൻ ജനങ്ങൾ ഉണർന്ന് എഴുന്നേല്ക്കുന്നതായ, ലോകമെങ്ങുമുള്ള എല്ലാ യുദ്ധങ്ങളും നീതിയുക്ത സമരങ്ങളാണ്. റഷ്യയിലെ ഫെബ്രുവരി, ഒക്ടോബർ വിപ്ളവങ്ങൾ നീതിയുക്ത യുദ്ധങ്ങളായിരുന്നു. ഒന്നാം ലോകയുദ്ധത്തിനു ശേഷം, വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങളുടെ വിപ്ളവങ്ങൾ നീതിയുക്ത സമരങ്ങളായിരുന്നു. ചൈനയിൽ, കറപ്പുവിരുദ്ധ യുദ്ധം,[33] ടായ്പിങ്ങ് സ്വർഗീയ രാജ്യയുദ്ധം,[34] യി ഹൊടുവാൻ യുദ്ധം,[35] 1911—ലെ വിപ്ളവയുദ്ധം,[36] 1926_27 ലെ വടക്കൻ പടനീക്കം, 1927 മുതൽ ഇന്നേവരെയുള്ള കാർഷിക വിപ്ളവം, ഇപ്പോഴത്തെ ജാപ്പുവിരുദ്ധ ചെറുത്തുനില്പും ദേശദ്രോഹികൾക്കെതിരായ ശിക്ഷാനടപടികളും—ഇവയെല്ലാം നീതിയുക്തയുദ്ധങ്ങളാണ്. ജപ്പാനെതിരായ ദേശവ്യാപക സമരത്തിന്റെ ആർത്തുയരുന്ന വേലിയേററത്തിൽ, ഇന്നു ചൈനയിൽ ആസകലവും ആഗോളമായും നീതിയുക്തയുദ്ധങ്ങൾ പടർന്നുപിടിക്കും. എല്ലാ നീതിയുക്ത യുദ്ധങ്ങളും പരസ്പരം പിന്തുണക്കുന്നു, അതേ സമയം എല്ലാ നീതിരഹിതയുദ്ധങ്ങളെയും നീതിയുക്ത

യുദ്ധങ്ങളാക്കി മാററണം—ഇതാണു അതിന്റെ ലെനിനിസ്ററ് തത്വം.37 ജപ്പാനെതിരായ നമ്മുടെ യുദ്ധത്തിനു ലോകമെങ്ങുമുള്ള ജനങ്ങളുടെ പിന്തുണ ആവശ്യമാണ്, സർവ്വോപരി, സോവിയററു യൂണിയനിലെ ജനങ്ങളുടെ പിന്തുണ ആവശ്യമാണ്——അതാകട്ടെ, അവർ നമുക്കു നിശ്ചയമായും നൽകും. കാരണം, അവരും നമ്മളും ഒരു പൊതു ലക്ഷ്യം നേടുന്നതിൽ പരസ്പരം പ്രതിജ്ഞാബദ്ധരാണ്. കഴിഞ്ഞ കാലത്ത്, ചിയാങ്ങ്കെയ്-ഷെക്കിനാൽ ചൈനീസ് വിപ്ളവശക്തികൾ ലോകവിപ്ലവശക്തികളിൽ നിന്നു മുറിച്ചു മാററപ്പെട്ടിരുന്നു, ആ അർത്ഥത്തിൽ നാം ഒററപ്പെട്ടിരുന്നുതാനും. ഇപ്പോൾ സ്ഥിതി മാറിയിട്ടുണ്ട്, അതുതന്നെ നമുക്കു ഗുണകരമായി മാറിയിട്ടുണ്ട്. ഇനിയങ്ങോട്ട് അതു നമുക്കു ഗുണകരമായി മാറുന്നതു തുടരുകയും ചെയ്യും. ഇനിമേൽ നമ്മെ ഒററപ്പെടുത്താനാവില്ല. ജപ്പാനെതിരായ യുദ്ധത്തിൽ ചൈനയുടെ വിജയത്തിനും ചൈനീസ് വിപ്ളവത്തിന്റെ വിജയത്തിനും വേണ്ടതായ ഒരു അവശ്യോപാധി ഇതു നിറവേററിത്തരുന്നു.

## കുറിപ്പുകൾ

1. ജനുവരി 18-ന് ആയിരുന്നു ജാപ്പനീസ് സാമ്രാജ്യത്വവാദികൾ യുവാൻഷി-കായ് ഗവൺമെന്റിന്റെ മുന്നിൽ ഇരുപത്തൊന്ന് ആവശ്യങ്ങൾ ഉന്നയിച്ചത്. മേയ് 7-ാം തീയതി നാൽപത്തെട്ടു മണിക്കൂറിനുള്ളിൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് അവർ ഒരു അന്ത്യശാസനം അയച്ചു. ആവശ്യങ്ങൾ അഞ്ചു ഭാഗങ്ങളായി തിരിച്ചിരുന്നു. ആദ്യത്തെ നാലു ഭാഗങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെട്ടിരുന്നു. ഷാൻടുങ്ങിൽ ജർമ്മനി പിടിച്ചെടുത്ത അവകാശങ്ങൾ ജപ്പാൻ കൈമാററം ചെയ്യുക, ആ പ്രവിശ്യയിൽ ജപ്പാന് കൂടുതൽ അവകാശങ്ങൾ നൽകുക; തെക്കേ മഞ്ചൂറിയയിലും കിഴക്കൻ മംഗോളിയയിലും ഭൂമി പാട്ടത്തിനെടുക്കുവാനോ സ്വന്തമാക്കുവാനോ ഉള്ളതും അവിടെ താമസമാക്കുവാനും വ്യവസായത്തിലും വ്യാപാരത്തിലും ഏർപ്പെടുവാനും ഉള്ള അവകാശങ്ങളും, അവിടെ റയിൽവേ നിർമ്മാണത്തിനും ഖനനത്തിനും ഉള്ള പൂർണ അവകാശങ്ങളും ജപ്പാനു നൽകുക; ഹാൻ-യെഹ്-പിങ്ങ് ഇരുമ്പ് ഉരുക്കു കമ്പനി ഒരു ചൈനീസ്-ജാപ്പനീസ് കൂട്ടു സംരംഭമായി പുനഃസംഘടിപ്പിക്കുക; ചൈനയുടെ തീരപ്രദേശത്തുള്ള ഏതെങ്കിലും തുറമുഖങ്ങളോ ദ്വീപുകളോ മററൊരു മൂന്നാം ശക്തിക്ക് പാട്ടത്തിനു കൊടുക്കുകയോ വിട്ടുകൊടുക്കുകയോ ചെയ്യില്ലെന്ന് ഉറപ്പുകൊടുക്കുക. അഞ്ചാം ഭാഗത്തിൽ ഉൾപ്പെട്ടിരുന്നത് ചൈനയുടെ രാഷ്ട്രീയവും ധനപരവും സൈനികവും പോലീസിനെ സംബന്ധിച്ചതുമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതും ഹൂപ്പെ, കിയാങ്ങ്സി, ക്വാങ്ങ്ടുങ്ങ് പ്രവിശ്യകളെ ബന്ധിപ്പിക്കുന്ന മർമ്മപ്രധാനമായ റയിൽവേ ലൈനുകൾ നിർമ്മിക്കുന്നതും ജപ്പാൻ ആയിരിക്കണം എന്ന ആവശ്യമായിരുന്നു. അഞ്ചാം ഭാഗത്തിൽ ഉൾപ്പെട്ടിരുന്നവ ഒഴിച്ചുള്ള എല്ലാ ആവശ്യങ്ങളും യുവാൻ ഷി-കായ് അംഗീകരിച്ചു, അഞ്ചാം ഭാഗത്തിലെ കാര്യങ്ങളെക്കുറിച്ച് 'കൂടുതൽ കൂടിയാലോചനകൾ'ക്കായി അയാൾ അഭ്യർത്ഥിച്ചു. ചൈനീസ് ജനതയുടെ ഏകകണ്ഠമായ എതിർപ്പുമൂലം, ആവശ്യങ്ങൾ നടപ്പിലാക്കി എടുക്കുന്നതിൽ ജപ്പാൻ പരാജയപ്പെട്ടു.



2. ചിങ്ങ് രാജവംശത്തിന്റെ അവസാനവർഷങ്ങളിൽ വടക്കൻ യുദ്ധപ്രഭുക്കളുടെ നേതാവായിരുന്നു യുവാൻഷി-കായ്. 1911-ലെ വിപ്ളവത്തിൽ ചിങ്ങ് രാജവംശം മറിച്ചിടപ്പെട്ടതിനുശേഷം അയാൾ റിപ്പബ്ളിക്കിന്റെ പ്രസിഡന്റ് സ്ഥാനം കവർന്നെടുക്കുകയും, വൻകിട ഭൂപ്രഭു, വൻകിട ദല്ലാൾ വർഗങ്ങളെ പ്രതിനിധീകരിക്കുന്ന വടക്കൻ യുദ്ധപ്രഭുക്കളുടെ ആദ്യത്തെ ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്തു. പ്രതിവിപ്ളവപരമായ സൈനിക ശക്തിയേയും സാമ്രാജ്യത്വവാദികളുടെ പിൻതുണയേയും ആശ്രയിച്ചും, വിപ്ളവത്തിന് അപ്പോൾ നേതൃത്വം നൽകിയിരുന്ന ബൂർഷ്വാസിയുടെ അനുരഞ്ജന സ്വഭാവത്തെ പ്രയോജനപ്പെടുത്തിയുമാണ് അയാൾ ഇതു ചെയ്തത്. 1915-ൽ തന്നെത്തന്നെ ചക്രവർത്തിയായി വാഴിക്കുന്നതിന് അയാൾ ആഗ്രഹിച്ചു; ജാപ്പനീസ് സാമ്രാജ്യത്വവാദികളുടെ പിന്തുണ നേടുന്നതിന്, മുഴുവൻ ചൈനയുടേയും മേൽ പൂർണ്ണനിയന്ത്രണം നേടുന്നതിനായി ജപ്പാൻ ഉന്നയിച്ച 21 ആവശ്യങ്ങൾ അയാൾ അംഗീകരിച്ചു. അതേവർഷം ഡിസംബറിൽ അയാൾ സിംഹാസനത്തിൽ ഏറുന്നതിനെതിരെ യുന്നാൻ പ്രവിശ്യയിൽ ഒരു ഉയർത്തെഴുന്നേൽപ്പ് ഉണ്ടായി; ഇതിന് രാജ്യത്താകമാനം അനുകൂലമായ പ്രതികരണവും പിൻതുണയും ലഭിക്കുകയും ചെയ്തു. 1916 ജൂണിൽ പീക്കിംഗിൽവച്ച് യുവാൻഷി-കായ് മരിച്ചു.

3. 1921 നവംബറിൽ യു. എസ്. ഗവൺമെന്റാണ് എട്ടു ശക്തികളുടെ യോഗം വാഷിംഗ്ടണിൽ വിളിച്ചുകൂട്ടിയത്: ചൈന, ബ്രിട്ടൻ, ഫ്രാൻസ്, ഇററലി, ബൽജിയം, നെതർലാൻഡ്സ്, പോർട്ടുഗൽ, ജപ്പാൻ എന്നീ രാജ്യങ്ങൾ ക്ഷണിക്കപ്പെട്ടിരുന്നു. വിദൂരപൂർവദേശത്തെ അധിനായകത്വത്തിനുവേണ്ടി യു. എസ്സും (അമേരിക്കൻ ഐക്യനാടുകൾ) ജപ്പാനും തമ്മിലുള്ള ഒരു സമരമായിരുന്നു ഇത്. 1922 ഫെബ്രുവരി 6-ാം തീയതി, യു. എസ്. മുന്നോട്ടുവച്ച 'തുറന്ന വാതിൽ' അഥവാ 'ചൈനയിൽ എല്ലാ രാഷ്ട്രങ്ങൾക്കും തുല്യ അവസരങ്ങൾ' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒൻപതു ശക്തികൾ ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു. സാമ്രാജ്യത്വശക്തികൾക്ക് ചൈനയുടെ മേൽ കൂട്ടുനിയന്ത്രണമുള്ള ഒരു സാഹചര്യം സൃഷ്ടിക്കുകയായിരുന്നു ഈ ഉടമ്പടിയുടെ ഉദ്ദേശം. ഇത് യഥാർത്ഥത്തിൽ ചൈനയുടെ മേൽ യു. എസ്. സാമ്രാജ്യത്വവാദികളുടെ പൂർണ്ണ നിയന്ത്രണത്തിനുള്ള വഴിയൊരുക്കി. പൂർണ നിയന്ത്രണത്തിനുവേണ്ടിയുള്ള ജപ്പാന്റെ പദ്ധതികൾ തകർക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശം.

4. 1931 സെപ്ററംബർ 16-ാം തീയതി വടക്കുകിഴക്കൻ ചൈനയിലെ ജാപ്പനീസ് 'ക്വാങ്ങ്ടുങ്ങ് സൈന്യം' ഷെൻയാങ്ങ് പിടിച്ചെടുത്തു. 'ഒട്ടും ചെറുത്തു നില്ക്കാതിരിക്കുക' എന്ന ചിയാങ്ങ് കൈഷേക്കിന്റെ ഉത്തരവനുസരിച്ച് ഷെൻയാങ്ങിലും വടക്കുകിഴക്കൻ മേഖലയിലെ മററെല്ലായിടത്തും ഉള്ള ചൈനീസ് സൈന്യം ഷാങ്ങ്ഹായ്കുവാനു തെക്കോട്ട് പിൻവാങ്ങുകയും, തൽഫലമായി ജാപ്പാൻ സൈന്യം ലിയാനോയിംഗ്, കിരിൻ, ഹെയ്ലുംഗിയാങ്ങ് പ്രദേശങ്ങൾ എളുപ്പത്തിൽ കൈവശപ്പെടുത്തുകയും ചെയ്തു. ജപ്പാന്റെ ഈ കടന്നാക്രമണം 'സെപ്തംബർ 18 സംഭവം, എന്ന പേരിൽ അറിയപ്പെടുന്നു.

5. നാലു വടക്കുകിഴക്കൻ പ്രവിശ്യകൾ അന്ന് ലിയാനോയിംഗ്, കിരിൻ, ഹെയ്ലുംഗിയാങ്ങ്, ജഹോൾ എന്ന ഇന്നത്തെ വൻമതിലിനു വടക്കുള്ള ഹൊപ്പെയ് പ്രവിശ്യയുടെ വടക്കുകിഴക്കൻ ഭാഗം, ഇന്നർ മംഗോളിയൻ സ്വയംഭരണ മേഖലയടങ്ങുന്ന പ്രവിശ്യകളാണ്, സെപ്തംബർ 18 സംഭവത്തിനു ശേഷം. ജാപ്പ് കടന്നാക്രമണകാരികൾ ലിയാനോയിംഗ്, കിരിൻ, ഹെയ്ലുംഗ് കിയാങ്ങ് പ്രവിശ്യകൾ പിടിച്ചെടുത്തു. പിന്നീട് 1933-ൽ ജെഹോളും കീഴടക്കി.

6. ജപ്പാന്റെ ദുഷ്പ്രേരണയാൽ 'കിഴക്കൻ ഹോപെയ് കമ്യൂണിസ്റ്റ് വിരുദ്ധസ്വതന്ത്രഭരണം' എന്ന പേരിൽ ഒരു പാവ ഭരണകൂടം കിഴക്കൻ ഹോപെയിലെ 22 കൗണ്ടികളിൽ സ്ഥാപിക്കപ്പെട്ടു. കൂമിന്താങ്ങ് വഞ്ചകനായ യിൻ–ജൂ–കെങ്ങ് 1935 നവംബർ 25–ന് സ്ഥാപിച്ച ഈ സംവിധാനം കിഴക്കൻ ഹോപെയ് സംഭവം എന്നറിയപ്പെടുന്നു.

7. ചിയാങ്ങ് കൈഷേക് ഗവൺമെന്റും ജപ്പാൻ ഗവൺമെന്റും കൂടി നടത്തിയ നയതന്ത്ര സംഭാഷണങ്ങൾക്കിടയിൽ, 'ഹിരോട്ടയുടെ മൂന്നു തത്വങ്ങൾ, അതായത്' 'ചൈനയുമായി ഇടപെടുന്നതിനുള്ള മൂന്ന് തത്വങ്ങൾ' എന്ന ജപ്പാൻ വിദേശകാര്യമന്ത്രി ഹിരോട്ട മുന്നോട്ടു വെച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ഇവ 1. എല്ലാ ജാപ്പുവിരുദ്ധപ്രസ്ഥാനങ്ങളേയും ചൈന അമർച്ച ചെയ്യുക. 2. ചൈനയ്ക്കും ജപ്പാനും 'മഞ്ചുക്കുവോ'യ്ക്കുമിടയിൽ സാമ്പത്തിക സഹകരണം സ്ഥാപിക്കുക, 3. കമ്യൂണിസത്തിനെതിരെ ചൈനയും ജപ്പാനും യോജിച്ചു ചെറുത്തു നില്ക്കുക എന്നിവയാണ്. 1936 ജനുവരി 21–ന് ഹിരോട്ട ഡയറ്റിനോട് ചൈനീസ് സർക്കാർ 'സാമ്രാജ്യത്വം മുന്നോട്ടു വെച്ച മൂന്നു തത്വങ്ങളും അംഗീകരിച്ചിട്ടുണ്ട്' എന്ന് പറയുകയുണ്ടായി.

8. 1935–ൽ രാജ്യം മുഴുവൻ അലയടിച്ചുയർന്ന വിപുലമായ ദേശാഭിമാന പ്രസ്ഥാനത്തിന്റെ പുതിയ മുന്നേറ്റം ദർശിച്ചു. പീക്കിംഗിലെ വിദ്യാർത്ഥികൾ, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഡിസംബർ 9–ാം തീയതി ഒരു സ്വദേശാഭിമാന പ്രകടനം നടത്തുകയുണ്ടായി. ആഭ്യന്തരയുദ്ധം അവസാനിപ്പിക്കുക, വിദേശാക്രമണത്തെ ചെറുക്കുക ജപ്പാൻ സാമ്രാജ്യത്വം തുലയട്ടെ എന്നിവയായിരുന്നു മുദ്രാവാക്യങ്ങൾ. ജപ്പാൻ ആക്രമണകാരികളുമായി സഹകരിച്ച് കൂമിന്താങ്ങ് സർക്കാർ നടപ്പാക്കിയിരുന്ന ഭീകര ഭരണത്തിന്റെ നീണ്ട കാലത്തു പൊട്ടിപ്പുറപ്പെട്ട ഈ പ്രസ്ഥാനം പെട്ടെന്നുതന്നെ രാജ്യമെമ്പാടുമുള്ള ജനങ്ങളുടെ പിന്തുണ ആർജിക്കുകയുണ്ടായി ഡിസംബർ 9 പ്രസ്ഥാനം എന്ന് ഇതറിയപ്പെടുന്നു. രാജ്യത്തിലെ വിവിധ വർഗങ്ങൾക്കിടയിലെ ബന്ധത്തിൽ പുതിയ മാറ്റങ്ങൾ പ്രതിഫലിക്കുകയും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നിർദ്ദേശിച്ച ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണി എല്ലാ ദേശസ്നേഹികളായ ജനങ്ങളും തുറന്നു പ്രഖ്യാപിക്കുന്ന ഒരു നയപരിപാടിയായി മാറുകയും ചെയ്തു എന്നതായിരുന്നു ഇതിന്റെ ഫലം. ചിയാങ്ങ്–കൈഷേക് ഗവൺമെന്റും അതിന്റെ വഞ്ചനാത്മക പദ്ധതിയും വളരെയധികം ഒറ്റപ്പെടുകയും ചെയ്തു.

9. ഈ റിപ്പോർട്ടിന്റെ സമയത്ത് ചിയാങ്ങ് കൈഷേക്, വടക്കു കിഴക്കൻ ഭാഗം ജപ്പാനു വിറ്റു കഴിഞ്ഞതിനുശേഷം വടക്കൻ ചൈന വിറ്റുകൊണ്ടിരിക്കുകയും ചുവപ്പുസേനയ്ക്കെതിരെയുള്ള യുദ്ധം തീവ്രമായി നടത്തിക്കൊണ്ടിരിക്കുകയുമായിരുന്നു. അതുകൊണ്ട് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിക്ക് കൈഷേക്കിനെ ഒരു രാജ്യദ്രോഹിയെന്നനിലയിൽ തുറന്നു കാട്ടാൻ ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യേണ്ടതുണ്ടായിരുന്നു. സ്വാഭാവികമായും പാർട്ടി മുന്നോട്ടുവെച്ച ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയിൽ ഇയാളെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ നേരത്തേ തന്നെ സഖാവ് മാവോ സെതുങ്ങ് തന്റെ റിപ്പോർട്ടിൽ ചൈനീസ് ഭൂപ്രഭുക്കന്മാരുടെയും ദല്ലാൾവർഗങ്ങളുടേയും പാളയത്തിൽ സാമ്രാജ്യത്വശക്തികൾക്കിടയിലെ വൈരുദ്ധ്യങ്ങളുടെ ഫലമായി വിള്ളലുകളുണ്ടാകാനുള്ള സാദ്ധ്യത ചൂണ്ടിക്കാട്ടിയിരുന്നു. ജപ്പാന്റെ വടക്കൻ ചൈനാ ആക്രമണം ജപ്പാൻ സാമ്രാജ്യത്വത്തിന്റേയും ആംഗ്ലോ–അമേരിക്കൻ സാമ്രാജ്യത്വത്തിന്റേയും താല്പര്യങ്ങൾ തമ്മിൽ തീക്ഷ്ണമായ ഏറ്റുമുട്ടലുകളുണ്ടാകുന്നതിലേക്കാണ് കാര്യങ്ങളെത്തിച്ചത്. ചിയാങ്ങ് കൈഷേക് ക്ളിക്ക്, ആംഗ്ലോ–അമേരിക്കൻ സാമ്രാജ്യത്വ താ



ല്പര്യങ്ങളുമായി അതിനുള്ള ഉററ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ യജമാനന്റെ ചേലംവിളിക്കനുസരിച്ച് ജപ്പാനോടുള്ള മനോഭാവത്തിൽ മാററം വരുത്തുമെന്നും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിക്കു ധാരണയുണ്ടായിരുന്നു. ആംഗ്ലോ അമേരിക്കൻ സാമ്രാജ്യത്വം ചിയാംഗ് കൈഷേക്കിനെ ജപ്പാനെതിരായ ചെറുത്തുനില്പിന്റെ നിലപാടെടുക്കാൻ പ്രേരിപ്പിച്ചു. 1936 മേയിൽ ഷാൻസിയിൽനിന്നു വടക്കൻ ഷെൻസിയിലേക്കുള്ള തിരിച്ചുവരവിന്റെ സമയത്ത് ചുവപ്പുസേന നാങ്കിംഗ് കൂമിന്താങ്ങ് സർക്കാരിനോട് ആഭ്യന്തരയുദ്ധം അവസാനിപ്പിക്കാനും ജപ്പാനെതിരേ യോജിച്ചു ചെറുത്തുനില്ക്കാനും നേരിട്ട് അഭ്യർത്ഥിച്ചു. ആ വർഷം തന്നെ ആഗസ്റ്റിൽ, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററി, ജപ്പാനെതിരെ ഇരു പാർട്ടികളും ചേർന്ന് ഒരു ഐക്യമുന്നണിയുണ്ടാക്കാനും ഇരുപാർട്ടികളുടേയും പ്രതിനിധികൾ ചേർന്നു ചർച്ച നടത്തുന്നതിനും ക്ഷണിച്ചുകൊണ്ടുള്ള ഒരുകത്ത് കൂമിന്താങ്ങ് കേന്ദ്ര കാര്യ നിർവഹണ സമിതിക്ക് അയക്കുകയുണ്ടായി. എന്നാൽ കൈഷേക്, ഈ നിർദ്ദേശം നിരാകരിച്ചു. 1936 ഡിസംബറിൽ ചിയാംങ്ങ് കൈഷേക്കിനെ സിയാനിൽ ജപ്പാനെതിരെ കമ്യൂണിസ്റ്റുകളുമായുള്ള ബന്ധത്തെ അനുകൂലിക്കുന്ന കൂമിന്താങ്ങ് സൈനികോദ്യോഗസ്ഥന്മാർ തടഞ്ഞുവെച്ചതിനുശേഷമാണ് ആഭ്യന്തരയുദ്ധം അവസാനിപ്പിക്കാനും ജപ്പാനെ എതിർക്കാനും ഉള്ള കമ്യൂണിസ്റ്റു പാർട്ടിയുടെ ആവശ്യം അയാൾ അംഗീകരിക്കാൻ കൂട്ടാക്കിയത്.

10. സായ്–ടിങ്ങ്–കായ് കൂമിന്താങ്ങ് 19–ാം റൂട്ട് സൈന്യത്തിന്റെ ഡെപ്യൂട്ടി കമാൻററും, അതിന്റെ സൈന്യവിഭാഗങ്ങളിലൊന്നിന്റെ കമാൻററുമായിരുന്നു. ചെൻ–മിംഗ് – ഷു, ചിയാംഗ്–കുവാങ്ങ്_നയ് എന്നിവരായിരുന്നു മററു രണ്ടു പേർ. കിയാങ്ങ്സിയിൽ ചുവപ്പുസേനയുമായി യുദ്ധം ചെയ്ത ഈ സൈന്യത്തെ, സെപ്തംബർ 18 സംഭവത്തിനുശേഷം ഷാങ്ങ്ഹായിലേക്ക് മാററി. ഷാങ്ങ്ഹായിലെയും രാജ്യത്തെമ്പാടുമുള്ള ജനങ്ങളുടെ കൂടിക്കൂടി വന്ന ജാപ്പുവിരുദ്ധ മനോഭാവവും 19–ാം റൂട്ടു സൈന്യത്തിൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. 1932 ജനുവരി 28–നു രാത്രി ജപ്പാൻ കപ്പലുകൾ ഷാങ്ങ്ഹായെ ആക്രമിച്ചപ്പോൾ ഈ സൈന്യവും ഷാങ്ങ്ഹായിലെ ജനങ്ങളും കൂടിച്ചേർന്ന് ഒരു യോജിച്ച ചെറുത്തുനില്പു നടത്തുകയുണ്ടായി. എന്നാൽ ചിയാങ്ങ് കൈഷേക്കും വാങ്ങ്ചിംഗ്വെയും നടത്തിയ വഞ്ചന മൂലം ഈ യുദ്ധം പരാജയപ്പെട്ടു. പിന്നീട് ചിയാങ്ങിന്റെ ഉത്തരവുപ്രകാരം ഈ 19_ാം റൂട്ട് സൈന്യം ഫുകിയൻ എന്ന സ്ഥലത്തേക്ക് ചുവപ്പുസേനയോടു യുദ്ധം ചെയ്യാനായി സ്ഥലം മാററി. എന്നാൽ സൈന്യത്തിന്റെ നേതാക്കൾ താമസിയാതെ ഇത്തരം യുദ്ധത്തിന്റെ ഫലശൂന്യത ബോധപ്പെട്ടു. 1933 നവംബറിൽ ലി–ചി ഷെൻന്റേയും കൂട്ടരുടേയും നേതൃത്വത്തിലുള്ള കൂമിന്താങ്ങ് സൈന്യങ്ങളുമായി കൂട്ടു ചേർന്നുകൊണ്ട് പീപ്പിൾസ് റവലൂഷണറി ഗവൺമെന്റ് ഓഫ് ദ റിപ്പബ്ളിക് ഓഫ് ചൈന (ചൈനാ റിപ്പബ്ളിക്കിന്റെ ജനകീയ വിപ്ളവസർക്കാർ) ഫുകിയെനിൽ രൂപീകരിക്കുകയും ജപ്പാനെ ചെറുക്കുന്നതിനും ചിയാങ്ങ് കൈഷേക്കിനെ എതിർക്കുന്നതിനുവേണ്ടി ചുവപ്പുസേനയുമായി കരാറുണ്ടാക്കുകയും ചെയ്തു. ചിയാങ്ങ് സൈന്യത്തിന്റെ ആക്രമണത്തിൽ 19–ാം റൂട്ട് സൈന്യവും ഫ്യുകിയൻ ജനകീയ സർക്കാരും തകർക്കപ്പെട്ടു. അപ്പോൾ മുതൽക്ക് ട് സായി–ടിംഗ്–കയ്യും മററുള്ളവരും കമ്യൂണിസ്റ്റു പാർട്ടിയുമായി സഹകരിക്കുന്ന ഒരു നിലപാടിലേക്ക് സാവധാനം എത്തിച്ചേർന്നു.

11. 1926 സെപ്ററംബറിൽ വടക്കൻ പടയേററ സേന വൂഹാനിൽ എത്തിയപ്പോൾ ഫെങ്ങ് യൂ–സിയാങ്ങ് സ്വിയാൻ പ്രവിശ്യയിൽ അ

യാളുടെ നേതൃത്വത്തിലുണ്ടായിരുന്ന സൈന്യങ്ങളോടൊപ്പം വടക്കൻ യുദ്ധ പ്രഭുക്കളിൽ നിന്നുള്ള തന്റെ വേർപാട് പ്രഖ്യാപിക്കുകയും വിപ്ലവത്തിന്റെ ഭാഗത്തു ചേരുകയും ചെയ്തു. 1927 ആദ്യം അയാളുടെ സൈന്യം വടക്കൻപടയോററ സേനയോടു ചേർന്നുകൊണ്ട് ഹൊനാൻ ആക്രമിക്കുന്നതിനുവേണ്ടി ഷെൻസിയിൽ നിന്നു നീങ്ങി. 1927-ൽ ചിയാങ്ങ് കൈഷക്കും വാങ്ങ് ചിങ്ങ്-വെയ്‌യും വിപ്ലവത്തെ വഞ്ചിച്ചതിനെ തുടർന്ന് ഫെങ്ങ് കമ്യൂണിസ്ററ് വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുത്തുവെങ്കിലും അയാളും ചിയാങ്ങ് കൈഷക്ക് ക്ലിക്കും തമ്മിൽ എല്ലായ്പോഴും ഒരു താൽപര്യസംഘട്ടനമുണ്ടായിരുന്നു. 1931 സെപ്ററംബർ 18-ാം തീയതി ജപ്പാൻ ചൈനയെ കടന്നാക്രമിച്ചതിനെ തുടർന്ന് അയാൾ ചെറുത്തുനിൽപ്പിനെ അനുകൂലിക്കുകയും, 1933 മേയിൽ ചാങ്ങ്ചിയാകൗവിൽ ജാപ്പു വിരുദ്ധ ജനകീയസഖ്യസൈന്യം നവീകരിക്കുന്നതിൽ കമ്യൂണിസ്ററു പാർട്ടിയോടു സഹകരിക്കുകയും ചെയ്തു. ചിയാങ്ങ് കൈഷക്കിന്റെ സൈന്യങ്ങളുടേയും ജാപ്പനീസ് കടന്നാക്രമണകാരികളുടേയും സമ്മർദ്ദത്തിൻകീഴിൽ ആഗസ്ററിൽ അയാളുടെ ശ്രമങ്ങൾ വിഫലമായി. പിന്നീടുള്ള വർഷങ്ങളിൽ ഫെങ്ങ് കമ്യൂണിസ്ററു പാർട്ടിയുമായുള്ള സഹകരണം തുടർന്നു.

12. കിയാങ്ങ്സി പ്രവിശ്യയിലെ ചുവപ്പുസൈന്യത്തെ ആക്രമിക്കുന്നതിന് ചിയാങ്ങ് കൈഷക്കിനാൽ അയക്കപ്പെട്ട കൂമിന്താങ്ങിന്റെ 26-ാം പഥസൈന്യത്തിനുള്ളിൽ 1931 ഡിസംബറിൽ കിയാങ്ങ്സിയിലെ നിങ്ങ്ടുവിൽ ഒരു ഉയർത്തെഴുന്നേൽപ്പ് ഉണ്ടായി. ജപ്പാനെതിരെ ചെറുത്തു നിൽക്കുവാനുള്ള കമ്യൂണിസ്ററുകാരുടെ ആഹ്വാനത്തോട് പ്രതികരിച്ചുകൊണ്ടു സഖാക്കൾ ചാഒപോ – ഷെങ്ങിന്റേയും ടുങ്ങ് ചെൻ-ടാങ്ങിന്റേയും നേതൃത്വത്തിൽ പതിനായിരത്തിലേറെ ഓഫീസർമാരും സൈനികരും ഉയർത്തെഴുന്നേൽക്കുകയും ചുവപ്പു സൈന്യത്തിൽ ചേരുകയും ചെയ്തു.

13. മാചാൻ-ഷാൻ കൂമിന്താങ്ങിന്റെ വടക്കുകിഴക്കൻ സൈന്യത്തിലെ ഒരു ഓഫീസറായിരുന്നു. അയാളുടെ സൈന്യങ്ങൾ ഹെയ്‌ലൂങ്ങ് കിയാങ്ങിലായിരുന്നു. സെപ്ററംബർ 18 സംഭവത്തിനുശേഷം, ലിയാഓണിങ്ങിലൂടെ ഹെയ്‌ലൂങ്ങ് കിയാങ്ങിന്റെ നേരെ കടന്നു ചെന്ന ജാപ്പനീസ് കടന്നാക്രമണകാരികൾക്കെതിരെ അയാളും അയാളുടെ സൈനികരും പൊരുതി.

14. അറിയപ്പെടുന്ന ഒരു കൂമിന്താങ്ങ് രാഷ്ട്രീയ നേതാവായിരുന്ന ഹൂഹാൻ-മിൻ ചൈനീസ് കമ്യൂണിസ്ററു പാർട്ടിയുമായി സഹകരിക്കുകയെന്ന ഡോ. സൺയാററ്-സെന്നിന്റെ നയത്തിന്റെ ഒരു എതിരാളിയും, 1927 ഏപ്രിൽ 12 ന്റെ പ്രതിവിപ്ലവകലാപത്തിൽ ചിയാങ്ങ് കൈഷക്കിന്റെ ഒരു കൂട്ടാളിയും ആയിരുന്നു. പിന്നീട് ഒരു അധികാര വടംവലിയിൽ അയാൾ ചിയാങ്ങുമായി കലഹിക്കുകയും, ചിയാങ്ങ് അയാളെ തടവിലാക്കുകയും ചെയ്തു. സെപ്ററംബർ 13 സംഭവത്തിനു ശേഷം സ്വതന്ത്രനാക്കപ്പെട്ട അയാൾ നാങ്കിങ്ങ് വിട്ട് കാൻറണിലേക്കു പോവുകയും ചിയാങ്ങ്കൈഷക്കിന്റെ നാങ്കിങ്ങ് ഗവൺമെന്റിനെ ഗണ്യമായ ഒരു കാലയളവോളം എതിർക്കുന്നതിന് ക്വാങ്ങ്ടുങ്ങിലെ യുദ്ധപ്രഭുക്കളെ പ്രേരിപ്പിക്കുകയും ചെയ്തു.

15. ജപ്പാനെ ചെറുക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള ആറിന പരിപാടി 1934-ൽ ചൈനീസ് കമ്യൂണിസ്ററു പാർട്ടി മുന്നോട്ടു വച്ചതും സൂങ്ങ്ചിങ്ങ് ലിങ്ങിന്റേയും (മാഡം സൺ യാററ്സെൻ) മററും ഒപ്പോടെ പ്രസിദ്ധീകരിക്കപ്പെട്ടതുമായ 'ജപ്പാനോടു പോരാടുന്നതിനുള്ള ചൈനീസ് ജനതയുടെ അടിസ്ഥാന



പരിപാടി' ആയിരുന്നു. പരിപാടിയിൽ താഴെ പറയുന്നവ ഉൾപ്പെട്ടിരുന്നു: (1) ജപ്പാനോടു പോരാടുന്നതിന് എല്ലാ കര, കടൽ, വ്യോമ സേനകളേയും സജ്ജീകരിക്കുക; (2) രാജ്യത്താകമാനമുള്ള ജനങ്ങളെ പോരാട്ടത്തിനു സജ്ജമാക്കുക; (3) മുഴുവൻ ജനങ്ങളേയും ആയുധവൽക്കരിക്കുക; (4) യുദ്ധച്ചെലവിലേക്കായി ചൈനയിൽ ജാപ്പനീസ് സാമ്രാജ്യത്വ വാദികൾക്കുള്ളതും രാജ്യദ്രോഹികളുടേതുമായ സ്വത്തുക്കൾ കണ്ടുകെട്ടുക; (5) തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും വിദ്യാർത്ഥികളുടേയും വ്യാപാരികളുടേയും പ്രതിനിധികളാൽ തെരഞ്ഞെടുക്കപ്പെട്ട, ദേശീയ സായുധ പ്രതിരോധത്തിനു വേണ്ടിയുള്ള ഒരു അഖില ചൈനാ കമ്മിററി രൂപീകരിക്കുക; (6) ജാപ്പനീസ് സാമ്രാജ്യത്വവാദികളെ എതിർക്കുന്ന എല്ലാ ശക്തികളുമായി സഖ്യം സ്ഥാപിക്കുകയും ഔദാര്യപൂർവമായ നിഷ്പക്ഷത പാലിക്കുന്ന എല്ലാ രാജ്യങ്ങളുമായും സൗഹൃദബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

16. ക്വാങ്ങ്ടുങ്ങിലെ ചെൻ ചി-ടാങ്ങും ക്വാങ്ങ്സിയിലെ ലീ സുങ്ങ്-ജെനും പായ് ചുങ്ങ്സീയും ആയിരുന്നു ഈ യുദ്ധപ്രഭുക്കൾ.

17. കൊള്ളക്കാരായ ചിയാങ്ങ് കൈഷക്ക് സംഘം വിപ്ലവ ജനതയെ 'കൊള്ളക്കാർ' എന്നു വിളിക്കുകയും വിപ്ലവ ജനതക്കെതിരായ സായുധ ആക്രമണങ്ങളേയും കൂട്ടക്കൊലകളേയും 'കൊള്ളക്കാരെ അടിച്ചമർത്തൽ നടപടി' എന്നു വിശേഷിപ്പിക്കുകയും ചെയ്തു.

18. സഖാവ് ജെൻ പീ-ഷി ചൈനീസ് കമ്യൂണിസ്ററു പാർട്ടിയിലെ ദൃഢപരിശീലനം സിദ്ധിച്ച ഒരു അംഗവും അതിന്റെ ആദ്യ സംഘാടകരിൽ ഒരാളും ആയിരുന്നു. 1927-ലെ അഞ്ചാം ദേശീയ കോൺഗ്രസ് മുതൽ അദ്ദേഹം ഒരു കേന്ദ്രകമ്മിററി അംഗമായിരുന്നു. 1931-ൽ ചേർന്ന ആറാം കേന്ദ്ര കമ്മിററിയുടെ നാലാം പ്ലീനറി സമ്മേളനത്തിൽ അദ്ദേഹം പൊളിററിക്കൽ ബ്യൂറോയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. 1933-ൽ അദ്ദേഹം ഹൂനാൻ-കിയാങ്ങ്സി അതിർത്തി പ്രദേശത്തെ പ്രവിശ്യാ പാർട്ടി കമ്മിററിയുടെ സെക്രട്ടറിയായും അതേസമയംതന്നെ ചുവപ്പുസൈന്യത്തിന്റെ ആറാം സൈന്യഗ്രൂപ്പിന്റെ പൊളിററിക്കൽ കമ്മിസാറായും സേവനമനുഷ്ഠിച്ചു. ആറും രണ്ടും സൈന്യഗ്രൂപ്പുകൾ ചേർന്ന് രണ്ടു മുന്നണിസേന രൂപീകരിക്കപ്പെട്ടപ്പോൾ അതിന്റെ പൊളിററിക്കൽ കമ്മിസാറായി അദ്ദേഹം നിയമിക്കപ്പെട്ടു. ചെറുത്തുനിൽപ്പു യുദ്ധത്തിന്റെ ആദ്യവർഷങ്ങളിൽ എട്ടാം പഥസൈന്യത്തിന്റെ പൊതുരാഷ്ട്രീയ വകുപ്പിന്റെ ഡയറക്ടർ ആയിരുന്നു അദ്ദേഹം. 1940-ൽ അദ്ദേഹം പാർട്ടികേന്ദ്ര കമ്മിററിയുടെ സെക്രട്ടേറിയററിൽ സേവനമനുഷ്ഠിക്കാൻ തുടങ്ങി. 1945-ലെ കേന്ദ്രകമ്മിററിയുടെ ഒന്നാം പ്ലീനറി സമ്മേളനത്തിൽ പൊളിററിക്കൽ ബ്യൂറോയിലേക്കും സെക്രട്ടേറിയററിലേക്കും അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു, സഖാവ് ജെൻപീ-ഷി 1950 ഒക്ടോബർ 27-ാം തീയതി പീക്കിംഗിൽ വച്ച് മരണമടഞ്ഞു.

19. ആദ്യം ഹുന്നാൻ-കിയാങ്ങ്സി അതിർത്തി പ്രദേശത്ത് നിലയുറപ്പിച്ചിരുന്ന ചൈനീസ് തൊഴിലാളി കർഷക ചുവപ്പുസേനയുടെ ആറാം സൈന്യഗ്രൂപ്പ് പാർട്ടി കേന്ദ്രകമ്മിററിയുടെ നിർദേശപ്രകാരം ശത്രുവിന്റെ ഉപരോധത്തെ ഭേദിച്ചു പുറത്തു കടക്കുകയും 1934 ആഗസ്ററിൽ പഴയ സ്ഥാനത്തു നിന്നു മാറുകയും ചെയ്തു. ഒക്ടോബറിൽ അത് സഖാവ് ഹോലുങ്ങിന്റെ നേതൃത്വത്തിലുള്ള രണ്ടാം സൈന്യഗ്രൂപ്പുമായി കിഴക്കൻ ക്വെയ്ചൗവിൽ വച്ചു ചേർന്നു, അവ രണ്ടും ചേർന്ന് ചുവപ്പു സേനയുടെ രണ്ടാം മുന്നണി സേന രൂപീകരിച്ചു. ഇത് ഹൂ

നാൽ_ഹൂപ്പെ–ഷെചാൻ–കെയ്ചൗ വിപ്ളവ താവള പ്രദേശം സൃ
ഷ്ടിച്ചു.

20. 1934 ഒക്ടോബറിൽ ചൈനീസ് തൊഴിലാളി കർഷക ചുവ
പ്പുസേനയുടെ (അതായത്, കേന്ദ്രചുവപ്പുസേന എന്ന പേരിലും അറി
യപ്പെട്ടിരുന്ന ചുവപ്പുസേനയുടെ ഒന്നാം മുന്നണിസേന) ഒന്നും മൂന്നും അ
ഞ്ചും സൈന്യഗ്രൂപ്പുകൾ പശ്ചിമ ഫുക്കിയനിലെ ചാങ്ങ്–ടിങ്ങ്,
നിങ്ങ്ഹ്വാ എന്നിവിടങ്ങളിൽ നിന്നും ദക്ഷിണ കിയാങ്ങ്സിയിലെ
ജ്വിചിനിലും യുടുവിലും മററു സ്ഥലങ്ങളിലും നിന്നും യാത്രപുറപ്പെ
ടുകയും ഒരു പ്രധാന തന്ത്രപരമായ നീക്കം ആരംഭിക്കുകയും ചെയ്തു.
ഫുക്കിയൻ, കിയാങ്ങ്സി, ക്വാങ്ങ്ടുങ്ങ്, ഹുനാൻ, ക്വാങ്ങ്സി, കെ
യ്ചൗ, ഷെചാൻ, യുനാൻ, സികാങ്ങ്, കാൻസു, ഷെൻസി എന്നീ പ
തിനൊന്നു പ്രവിശ്യകൾ കടന്നും എപ്പോഴും മഞ്ഞിനാൽ മൂടപ്പെട്ട
പർവത നിരകളും വഴി അറിയാൻ പാടില്ലാത്ത പുൽമേടുകളും താണ്ടി
യും വിവരണാതീതമായ കഷ്ടപ്പാടുകൾ സഹിച്ചും ശത്രുവിൻെറ ആ
വർത്തിച്ചുള്ള വലയം ചെയ്യലുകളേയും പിന്തുടരലുകളേയും തടസ്സ
ങ്ങളേയും മാർഗമധ്യേയുള്ള തടഞ്ഞു വയ്ക്കലുകളേയും തകർത്തും ഈ
മാർച്ചിൽ ചുവപ്പുസേന 25,000 ലീ (12500 കിലോമീററർ) ദൂരം സ
ഞ്ചരിക്കുകയും അവസാനം 1935 ഒക്ടോബറിൽ വടക്കൻ ഷെൻസിയി
ലെ വിപ്ളവതാവള പ്രദേശത്ത് വിജയകരമായി എത്തിച്ചേരുകയും
ചെയ്തു.

21. ഷെചാൻ_ഷെൻസി അതിർത്തി പ്രദേശത്തെ ചുവപ്പുസേന
ചൈനീസ് തൊഴിലാളി കർഷകചുവപ്പുസേനയുടെ നാലാം മുന്നണിസേ
ന ആയിരുന്നു. 1935മാർച്ചിൽ ഇത് ഷെചാൻ–ഷെൻസി അതിർത്തിപ്ര
ദേശത്തുള്ള ഇതിൻെറ താവളത്തിൽ നിന്ന് ഷെചാൻ, സികാങ്ങ് പ്രവി
ശ്യകളുടെ അതിർത്തിയിലേക്ക നീങ്ങി. ജൂണിൽ ഇത് പശ്ചിമഷെചാ
നിലെ മാമകുങ്ങിൽവച്ച് ഒന്നാം മുന്നണി സേനയുമായി ചേരുകയും
വലതു ഭാഗത്തൂടെയും ഇടതു ഭാഗത്തൂടെയും വടക്കോട്ടു മുന്നേറുകയും
ചെയ്തു. എന്നാൽ സെപ്ററംബറിൽ സുങ്ങ്പാനു സമീപം മാമ ഏർ
കായി പ്രദേശത്ത് എത്തിച്ചേർന്നപ്പോൾ നാലാം മുന്നണി സേനയിലെ ചാ
ങ്ങ്കൊ–ടാഒ കേന്ദ്രകമ്മിററിയുടെ നിർദ്ദേശങ്ങളെ ധിക്കരിച്ചുകൊണ്ട്
ഇടതുവശതു കൂടെ മുന്നേറിയിരുന്ന സൈന്യങ്ങളെ ദക്ഷിണാഭിമുഖമാ
യ ഒരു ദിശയിലേക്കു നയിക്കുകയും അപ്രകാരം ചുവപ്പുസേനയിൽ തട
സ്സം സൃഷ്ടിക്കുകയും ചെയ്തു. ശത്രുവിൻെറ ഉപരോധത്തെ ഭേദി
ച്ചുകടക്കുകയും ഹുനാൻ_ഹൂപ്പെ–ഷെചാൻ കെയ്ചൗ അതിർത്തിപ്ര
ദേശം വിട്ടുപോരുകയും ചെയ്ത രണ്ടാം മുന്നണിസേന 1936 ജൂ
ണിൽ ഹുനാൻ, കെയ്ചൗ, യുനാൻ പ്രവിശ്യകളിലൂടെ സികാങ്ങ്
പ്രവിശ്യയിലെ കാൻസെയിൽ എത്തിച്ചേരുകയും അവിടെവച്ച് ഇത്
നലാം മുന്നണിസേനയുമായി ഒന്നിക്കുകയും ചെയ്തു. ചാങ്ങ്കൊ–
ടാഒയുടെ ആഗ്രഹങ്ങൾക്കു വിപരീതമായി നാലാം മുന്നണി സേനയിലെ
സഖാക്കൾ രണ്ടാം മുന്നണി സേനയോടൊപ്പം വടക്കോട്ടുള്ള നീക്കം തുടർ
ന്നു. ൗ ഒക്ടോബറിൽ രണ്ടാം മുന്നണി സേന മുഴുവനും നാലാം മുന്നണി
സേനയുടെ ഒരുഭാഗവും ഉത്തരഷെൻസിയിൽ എത്തുകയും ഒന്നാം മുന്ന
ണി സേനയുമായി ഒന്നിച്ചു ചേരുന്നതിൽ വിജയിക്കുകയും ചെയ്തു.

22. ചാങ്ങ്കൊ–ടാഒ ചൈനീസ്വിപ്ളവത്തെ വഞ്ചിച്ച ഒരാളായി
രുന്നു. അയാൾ യുവാവായിരിക്കുമ്പോൾ ചൈനീസ് കമ്യൂണിസ്ററ്
പാർട്ടിയിൽ ചേർന്നു. പാർട്ടിക്കുള്ളിൽ അയാൾ പലതെററുകളും വരുത്തു
കയും ഗുരുതരമായ കുററകൃത്യങ്ങളോടെ പാർട്ടിജീവിതം അവസാനിപ്പി
ക്കുകയും ചെയ്തു. 1935–ൽ ചുവപ്പുസേനയുടെ വടക്കോട്ടുള്ള മാർ



ച്ചിനെ എതിർത്തതായിരുന്നു ഇതിലെ ഏററവും കുപ്രസിദ്ധമായ കു
ററകൃത്യം. പകരം അയാൾ വാദിച്ചതു പരാജയോൻമുഖവും ചുവപ്പുസേന
യെതന്നെ എഴുതി തള്ളുന്നതിൽ എത്തിക്കുന്നതുമായ വിധം ഷെചാൻ
സികാങ്ങ് അതിർത്തിയിലെ ദേശീയ ന്യൂനപക്ഷ പ്രദേശത്തേക്ക് ചുവ
പ്പുസേനയെ മാർച്ച് ചെയ്യിക്കുന്നതിനുവേണ്ടിയായിരുന്നു. അയാൾ
പാർട്ടിക്കും കേന്ദ്രകമ്മിററിക്കും എതിരെ പരസ്യമായി വഞ്ചനാപരമായ
പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സ്വന്തം വ്യാജകേന്ദ്രകമ്മിററി സ്ഥാ
പിക്കുകയും പാർട്ടിയിലേയും ചുവപ്പുസേനയിലേയും ഐക്യത്തെ തട
സ്സപ്പെടുത്തുകയും നാലാം മുന്നണി സേനക്ക് കനത്ത നാശനഷ്ടങ്ങൾ
വരുത്തുകയും ചെയ്തു. സഖാവ് മാവോസെതുങ്ങും പാർട്ടി കേന്ദ്രക
മ്മിററിയും നൽകിയ ക്ഷമാപൂർവമായ വിദ്യാഭ്യാസം മൂലം നാലാം മു
ന്നണി സേനയും അവിലെ നിരവധി കേഡർമാരും പെട്ടെന്ന് കേന്ദ്രകമ്മി
ററിയുടെ ശരിയായ നേതൃത്വത്തിൻ കീഴിൽ വരികയും പിന്നീടുള്ള സ
മരങ്ങളിൽ അഭിമാനാർഹമായ പങ്കുവഹിക്കുകയും ചെയ്തു. ഇതൊ
ക്കെയായിട്ടും ഒരിക്കലും തെററു തിരുത്താത്തവനെന്ന് ചാങ്ങ്കൊ–ടാഒ
സ്വയം വെളിവാക്കി. അയാൾ 1938–ൽ ഷെൻസി–കാൻസു–നിങ്ങ്സിയാ
അതിർത്തിപ്രദേശത്തു നിന്ന് രക്ഷപ്പെട്ട് കൂമിന്താങ്ങിൻെറ രഹസ്യ
പോലീസിൽ ചേർന്നു.

23. കേന്ദ്രചുവപ്പുസേന അഥവാ ഒന്നാം മുന്നണി സേന എന്നു പറ
യുമ്പോൾ ഇവിടെ പരാമർശിക്കുന്നത് ചൈനീസ് കമ്യൂണിസ്ററ് പാർ
ട്ടിയുടെ കേന്ദ്രകമ്മിററിയുടെ നേരിട്ടുള്ള നേതൃത്വത്തിൻ കീഴിൽ കിയാ
ങ്ങ്സി–ഫൂക്കിയൻ പ്രദേശത്ത് കെട്ടിപ്പടുക്കപ്പെട്ട ചുവപ്പുസേനയെ
ആണ്.

24. ചൈനീസ് പുരാണങ്ങൾ പ്രകാരം പാൻകു ലോകത്തിൻെറ
സൃഷ്ടാവും മനുഷ്യരുടെ ആദ്യത്തെ ഭരണാധികാരിയും ആയിരുന്നു. മൂ
ന്നു പരമാധികാരികളും അഞ്ചു ചക്രവർത്തിമാരും പുരാതന ചൈനയി
ലെ ഇതിഹാസ പുരുഷൻമാരായ ഭരണാധികാരികളായിരുന്നു.

25. 1935 ജൂലൈയിൽ കൂമിന്താങ്ങ് സേനകൾ ഷെൻസി–കാൻസു
വിപ്ളവതാവളപ്രദേശത്തിനെതിരായി മൂന്നാമത്തെ 'വലയം ചെയ്ത്
അടിച്ചമർത്തൽ' കാമ്പെയിൻ ആരംഭിച്ചു. ഉത്തരഷെൻസി ചുവപ്പുസേനയു
ടെ 26–ാം സൈനിക കോർ കിഴക്കൻ യുദ്ധമേഖലയിൽ രണ്ടു ശത്രുബ്രി
ഗേഡുകളെ അമ്പെ പരാജയപ്പെടുത്തുകയും ശത്രുവിനെ മഞ്ഞ നദിയുടെ
കിഴക്കു വശത്തേക്ക് പായിക്കുകയും ചെയ്തു. സെപ്ററംബറിൽ,
ഹുപെ–ഹൊനാൻ–ആൻവെയ് താവള പ്രദേശത്തു പ്രവർത്തിച്ചു കൊണ്ടി
രുന്ന ചുവപ്പുസേനയുടെ 25–ാം സൈനിക കോർ ദക്ഷിണ ഷെൻസിയി
ലൂടെയും കിഴക്കൻ കാൻസുവിലൂടെയും വടക്കൻ ഷെൻസിയിൽ എത്തി
ച്ചേർന്നതിനുശേഷം വടക്കൻ ഷെൻസി ചുവപ്പുസേനയുമായി ചേർന്നു.
അവചേർന്നു ചുവപ്പുസേനയുടെ 15–ാം സൈനിക ഗ്രൂപ്പിന് രൂപം
നൽകി. കൻചാൻ_ലാമഷാൻ കാമ്പെയിനിൽ ഈ സൈനിക ഗ്രൂപ്പ് ശ
ത്രുവിൻെറ 110–ാം ഡിവിഷനെ ഏറെക്കുറെ മുഴുവനായി തുടച്ചു നീ
ക്കുകയും അതിൻെറ ഡിവിഷനൽ കമാൻഡറെ കൊലപ്പെടുത്തുകയും തു
ടർന്നുള്ള ഒരു സൈനിക നടപടിയിൽ കൻചാൻ കൗണ്ടിയിലെ യുലിൻ
ചിയാഒയിൽ വച്ച് ശത്രുവിൻെറ 107–ാം ഡിവിഷനിലെ നാലു ബററാ
ലിയനുകളെ നശിപ്പിക്കുകയും ചെയ്തു. ശത്രു പുതിയ ആക്രമണ
ങ്ങൾ സംഘടിപ്പിക്കുകയും അഞ്ചു ഡിവിഷനുകളുടെ നേതൃത്വത്തിൽ
ടുങ്ങ്യിങ്ങ്–പിൻനെ (വടക്കു കിഴക്കൻ സൈന്യത്തിലെ ഒരു സൈനിക
കോർ കമാൻഡർ) നിയോഗിക്കുകയും ചെയ്തു. അയാൾ രണ്ടു പാതക
ളിലൂടെ ഒരുആക്രമണം അഴിച്ചുവിട്ടു കിഴക്കൻമാർഗത്തിലൂടെ നീങ്ങി

യ് ഡിവിഷൻ ലോചുവാനും ഫ്യൂസിയെന്നും വഴി വടക്കോട്ടു നീങ്ങി. പടിഞ്ഞാറൻ മാർഗത്തിലൂടെ നീങ്ങിയ മററു നാലു ഡിവിഷനുകൾ കാൻസുവിലെ ചിങ്ങ്യാങ്ങ് ഹോഷ്വിയും വഴി വടക്കൻ ഷെൻസിയിലുള്ള ഫ്യൂസിയനുനേരെ ഹുലു നദിക്കരികിലൂടെ നീങ്ങി. ഒക്ടോബറോടെ കേന്ദ്രചുവപ്പുസേന വടക്കൻ ഷെൻസിയിലെത്തി. പിറേറമാസം കേന്ദ്രചുവപ്പുസേനയും 15–ാം സൈനിക ഗ്രൂപ്പും കൂട്ടായി ഫ്യൂസിയൻെറ തെക്കുപടിഞ്ഞാറുള്ള ചിങ്ങ്ലോ ചെനിൽ വച്ച് ശത്രുവിൻെറ 19–ാം ഡിവിഷനെ തുടച്ചു നീക്കുകയും പിന്തുടർന്നുള്ള ആക്രമണത്തിൽ ഹെയ്ഷ്വിനിൽ വച്ച് ശത്രുവിൻെറ 106–ാം ഡിവിഷനിലെ ഒരു റജിമെൻറിനെ ഇല്ലാതാക്കുകയും ചെയ്തു. അങ്ങിനെ ഷെൻസ്–കാൻസു അതിർത്തി പ്രദേശത്തിനെതിരായ ശത്രുവിൻെറ മൂന്നാം 'വലയം ചെയ്ത് അടിച്ചമർത്തൽ' കാമ്പെയിൻ പൂർണമായും തകർക്കപ്പെട്ടു.

26. ദക്ഷിണ ചൈനയിലെ ചുവപ്പുസേനയുടെ പ്രധാന ഘടകങ്ങൾ 1934–35-ൽ അവ നിലയുറപ്പിച്ചിരുന്ന സ്ഥാനം മാററിയപ്പോൾ ഗറില്ലാ പ്രവർത്തനം നടത്തുന്നതിനു ചില യൂണിററുകളെ പുറകിൽ വിട്ടിട്ടു പോന്നിരുന്നു. എട്ടു പ്രവിശ്യകളിൽപെട്ട താഴെ പറയുന്ന 14 താവളപ്രദേശങ്ങളിൽ ഈ ഗറില്ലാ യൂണിററുകൾ പിടിച്ചുനിന്നു. ദക്ഷിണ ചെക്കിയാങ്ങ്, വടക്കൻ ഫൂക്കിയൻ, കിഴക്കൻ ഫൂക്കിയൻ, തെക്കൻ ഫൂക്കിയൻ, പശ്ചിമ ഫൂക്കിയൻ, വടക്കുകിഴക്കൻ കിയാങ്ങ്സി, ഫൂക്കിയൻ–കിയാങ്ങ്സി അതിർത്തി, ക്വാങ്ങ്ടൂങ്ങ്– കിയാങ്ങ്സി അതിർത്തി, ദക്ഷിണ ഹുനാൻ, ഹുനാൻ–കിയാങ്ങ്സി അതിർത്തി, ഹുനാൻ–ഹുപെ–കിയാങ്ങ്സി അതിർത്തി, ഹൂപെ–ഹൊനാൻ–ആൻവെയ് അതിർത്തി, ദക്ഷിണ ഹൊനാനിലെ ടുങ്ങ്പായ് പർവതനിരകൾ, ക്വാങ്ങ്ടൂങ്ങ് തീരത്തുള്ള ഹയ്നാൻ ദ്വീപ്

27. 1931–ൽ ജാപ്പനീസ് സാമ്രാജ്യത്വവാദികൾ വടക്കുകിഴക്കൻ പ്രദേശങ്ങൾ കൈവശപ്പെടുത്തിയതിനെ തുടർന്ന് ഇതിനെതിരെ സായുധചെറുത്തുനിൽപ്പു സംഘടിപ്പിക്കുവാൻ ചൈനീസ് കമ്യൂണിസ്ററ് പാർട്ടി ജനങ്ങളോട് ആഹ്വാനം ചെയ്തു. പാർട്ടി ജാപ്പുവിരുദ്ധ ഗറില്ലാ യൂണിററുകൾ സംഘടിപ്പിക്കുകയും വടക്കുകിഴക്കൻ ജനകീയ വിപ്ളവസേന രൂപീകരിക്കുകയും ശത്രുവിനോടു പോരാടുന്ന വിവിധ വാളണ്ടിയർ സേനകൾക്കു സഹായം നൽകുകയും ചെയ്തു. 1934–ൽ പാർട്ടിയുടെ നേതൃത്വത്തിൽ വടക്കുകിഴക്കൻ ജാപ്പുവിരുദ്ധ സംയുക്തസേന എന്ന ഒററ സേനയായി ഇവയെല്ലാം പുനഃസംഘടിപ്പിക്കപ്പെട്ടു. പ്രമുഖനായ കമ്യൂണിസ്ററ് യാങ്ങ്ചിങ്ങ്–യൂവായിരുന്നു ഇതിൻെറ സർവസൈന്യാധിപൻ. ഈ സേന ദീർഘനാൾ ജാപ്പുവിരുദ്ധ ഗറില്ലായുദ്ധം തുടർന്നുകൊണ്ടു കൊണ്ടുപോയി. പൂർവ ഹോപ്പേയിലെ ജാപ്പുവിരുദ്ധ ഗറില്ലായുദ്ധം എന്നതുകൊണ്ട് ഇവിടെ പരാമർശിക്കുന്നത്. 1935 മേയിലെ ജാപ്പുവിരുദ്ധ കർഷക ഉയർത്തെഴുന്നേൽപ്പിനെയാണ്.

28. സോവിയററ് കമ്യൂണിസ്ററ് പാർട്ടി നയിച്ച വിപ്ളവയുദ്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 1918_20 കാലത്തു നടന്ന പോരാട്ടത്തെയാണ്. ഈ യുദ്ധത്തിൽ സോവിയററ് ജനത ബ്രിട്ടൺ, അമേരിക്കൻ ഐക്യനാടുകൾ, ഫ്രാൻസ്, ജപ്പാൻ, പോളണ്ട് തുടങ്ങിയ രാജ്യങ്ങൾ നടത്തിയ സായുധ ഇടപെടൽ പരാജയപ്പെടുത്തുകയും വിപ്ളവത്തിൻെറ ആഭ്യന്തരശത്രുക്കളായിരുന്ന വൈററ് ഗാർഡുകളുടെ കലാപത്തെ അടിച്ചമർത്തുകയും ചെയ്തു.

29. ഇവിടെ സഖാവ് മാവോ സെതുങ്ങ് പ്രതിപാദിക്കുന്ന രീതിയിലുള്ള ഒരു ജനകീയ റിപ്പബ്ളിക്കിൻെറ രാഷ്ട്രീയ അധികാരവും



നയങ്ങളും ചെറുത്തുനിൽപ്പു യുദ്ധകാലത്തു കമ്യൂണിസ്ററുപാർട്ടിയുടെ നേതൃത്വത്തിൻകീഴിൽ ജനകീയ വിമോചനപ്രദേശങ്ങളിൽ ഒരു യാഥാർത്ഥ്യമാക്കി മാററപ്പെടുകയുണ്ടായി. അതുകൊണ്ടാണു ജാപ്പനീസ് കടന്നാക്രമണകാരികൾക്കെതിരെ വിജയകരമായ ഒരു യുദ്ധം നടത്തുന്നതിൽ ശത്രുനിരകൾക്കു പിന്നിൽ ജനങ്ങളെ നയിക്കുവാൻ പാർട്ടിക്കു കഴിഞ്ഞത്. ജപ്പാൻ കീഴടങ്ങിയതിനുശേഷം മൂന്നാം വിപ്ളവ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഈ യുദ്ധം തുടർന്നപ്പോൾ ജനങ്ങൾ വിമോചിപ്പിച്ച പ്രദേശങ്ങൾ ക്രമേണ മുഴുവൻ ചൈനയിലേക്കും വ്യാപിച്ചു. ഈ രീതിയിൽ ഏകീകൃത ചൈനീസ് ജനകീയ റിപ്പബ്ളിക് പിറവിയെടുത്തു. ഇപ്രകാരം ഒരു ജനകീയ റിപ്പബ്ളിക്കിനെ സംബന്ധിച്ച സഖാവ് മാവോ സെതുങ്ങിൻെറ സങ്കൽപ്പം അവസാനം ചൈനയാകമാനം സാക്ഷാത്കരിക്കപ്പെട്ടു.

30. 1928 ജൂലൈയിൽ ചേർന്ന ചൈനീസ് കമ്യൂണിസ്ററു പാർട്ടിയുടെ ആറാം ദേശീയ കോൺഗ്രസ് താഴെ പറയുന്ന പത്തിനപരിപാടി അംഗീകരിച്ചു. (1) സാമ്രാജ്യത്വവാഴ്ച തൂത്തെറിയുക; (2) വിദേശ മുതലാളിത്ത സംരംഭങ്ങളും ബാങ്കുകളും കണ്ടുകെട്ടുക; (3) ചൈന ഏകീകരിക്കുകയും ദേശീയ ജനവിഭാഗങ്ങളുടെ സ്വയം നിർണ്ണയാവകാശം അംഗീകരിക്കുകയും ചെയ്യുക; (4) കൂമിന്താങ്ങ് യുദ്ധപ്രഭു സർക്കാരിനെ മറിച്ചിടുക; (5) തൊഴിലാളികളുടേയും കർഷകരുടേയും സൈനികരുടേയും കൗൺസിലുകളുടെ ഒരു സർക്കാർ രൂപീകരിക്കുക; (6) എട്ടു മണിക്കൂർ പണിദിവസം ഉറപ്പു വരുത്തുകയും കൂലി വർധിപ്പിക്കുകയും തൊഴിലില്ലായ്മ വേതനവും സാമൂഹ്യ ഇൻഷ്വറൻസും നിലവിൽ കൊണ്ടുവരികയും ചെയ്യുക; (7) എല്ലാ ഭൂപ്രഭുക്കളുടേയും ഭൂമി കണ്ടുകെട്ടുകയും ഭൂമി കർഷകർക്കിടയിൽ വിതരണം നടത്തുകയും ചെയ്യുക; (8) സൈനികരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും മുൻസൈനികർക്കു ഭൂമിയും ജോലിയും നൽകുകയും ചെയ്യുക; (9) എല്ലാ അമിതമായ നികുതികളും വിവിധ ലെവികളും നിർത്തലാക്കുകയും ഒരു ഏകീകൃത പുരോഗമനനികുതി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യുക; (10) ലോകതൊഴിലാളി വർഗവുമായി, സോവിയററു യൂണിയനുമായി ഐക്യപ്പെടുക.

31. ആരംഭത്തിൽ റഷ്യൻ തൊഴിലാളിവർഗ പ്രസ്ഥാനത്തിലെ ഒരു ലെനിനിസ്ററ് വിരുദ്ധ വിഭാഗമായിരുന്ന ട്രോട്സ്കിയിസ്ററ് ഗ്രൂപ്പു പിന്നീടു തികച്ചും ഒരു പ്രതിവിപ്ളവസംഘമായി അധഃപതിച്ചു. 1937–ലെ സി. പി. എസ്. യു. (ബി)യുടെ കേന്ദ്രകമ്മിററിയുടെ പ്ളീനറി യോഗത്തിനുള്ള തൻെറ റിപ്പോർട്ടിൽ സഖാവ് സ്ററാലിൻ ഈ വഞ്ചകസംഘം പിന്തുടർന്ന പാത താഴെ പറയുംവിധം വിശദീകരിച്ചു: 'മുൻകാലത്ത്, അതായത് ഏഴോ എട്ടോ വർഷങ്ങൾക്കുമുൻപ് ട്രോട്സ്കിയിസം തൊഴിലാളിവർഗത്തിലെ ഒരു രാഷ്ട്രീയ പ്രവണത; ഒരു ലെനിനിസ്ററ് വിരുദ്ധ പ്രവണത ആയിരുന്നുവെന്നതു ശരിയാണ്; അഗാധമായ, തെററിൽ പെട്ടിരിക്കുമ്പോഴും ഒരു രാഷ്ട്രീയപ്രവണത തന്നെ ആയിരുന്നു.... സമകാലീന ട്രോട്സ്കിയിസം തൊഴിലാളിവർഗത്തിലെ ഒരു രാഷ്ട്രീയപ്രവണതയല്ല. തത്വങ്ങളോ ആദർശങ്ങളോ ഇല്ലാത്തവരുടെ, തകർപ്പന്മാരുടേയും വ്യതിയാനക്കാരുടേയും, രഹസ്യ പോലീസ് ഏജൻറന്മാരുടേയും ചാരന്മാരുടേയും ഒരു സംഘം; തൊഴിലാളി വർഗത്തിൻെറ കറകളഞ്ഞ ശത്രുക്കളുടെ, വിദേശി രാജ്യങ്ങളുടെ ശമ്പളത്തിൽ പണിയെടുക്കുന്നവരുടെ ഒരു സംഘം ആണ്.' 1927–ൽ ചൈനീസ് വിപ്ളവത്തിൻെറ പരാജയത്തിനുശേഷം ചൈനയിലും ഒരു ചെറുസംഘം ട്രോട്സ്കിയിസ്ററുകൾ പ്രത്യക്ഷപ്പെട്ടു ചെൻടൂ–സുയിനോടും മററു വർഗ വഞ്ചകരോടുമൊപ്പം ചേർന്നുകൊണ്ട് അവർ

1929–ൽ ഒരു പെറിയ പ്രതിവിപ്ളവ ക്ളിക്ക് രൂപീകരിച്ചു കൂമിന്താ
ങ്ങ് ബൂർഷ്വാ ജനാധിപത്യവിപ്ളവം പൂർത്തീകരിച്ചു കഴിഞ്ഞു എ
ന്നു തുടങ്ങിയ പ്രതിവിപ്ളവപ്രചരണം അവർ നടത്തി. അവർ ജനങ്ങ
ക്കെതിരായ ഒരു വൃത്തികെട്ട സാമ്രാജ്യത്വ, കൂമിന്താങ്ങ് ഉപകരണമായി
ത്തീർന്നു. ചൈനീസ് ട്രോട്സ്കീയിസ്റ്റുകൾ ഒരു ലജ്ജയുംകൂടാ
തെ കൂമിന്താങ്ങ് രഹസ്യപോലീസിൽ ചേർന്നു: സെപ്റ്റംബർ 18
സംഭവത്തിനുശേഷം 'സാമ്രാജ്യത്വ ജപ്പാൻ ചൈനയെ കൈവശപ്പെടുത്തു
ന്നതു തടയരുത്'' എന്ന കുറ്റവാളിയായ വർഗ വഞ്ചകൻ ട്രോട്സ്കി
യുടെ നിർദ്ദേശം അനുസരിച്ച് അവർ ജാപ്പനീസ് രഹസ്യ ഏജൻറന്മാ
രുമായി ഗൂഢാലോചനാപരമായി സഹകരിക്കാൻ ആരംഭിക്കുകയും അവ
രിൽനിന്നു സാമ്പത്തിക സഹായങ്ങൾ സ്വീകരിക്കുകയും ജാപ്പനീസ് കട
ന്നാക്രമണത്തിനു സഹായകമായ എല്ലാവിധ പ്രവർത്തനങ്ങളിലും ഏർ
പ്പെടുകയും ചെയ്തു.

32. ഈ ഉദ്ധരണി മെൻസിയസിൻേറയാണ്. വസന്തശരത് യുഗം
(ക്രിസ്തുവിനു മുൻപ് 722–481) എന്നറിയപ്പെടുന്ന ഈ കാലഘട്ട
ത്തിൽ ചൈനയിലെ ഫ്യൂഡൽ രാജാക്കന്മാർ അധികാരത്തിനുവേണ്ടി
നിരന്തരം പോരടിച്ചുകൊണ്ടിരുന്നതിനാലാണു മെൻസിയസ് ഈ അഭി
പ്രായ പ്രകടനം നടത്തിയത്.

33. കറുപ്പുവ്യാപാരം നടത്തുന്നതിനു ചൈനീസ് ജനതയിൽനിന്ന്
എതിർപ്പു നേരിടേണ്ടി വന്ന ബ്രിട്ടൻ വ്യാപാരത്തെ രക്ഷിക്കാനെന്ന ഭാ
വേന ക്വാങ്ടൂങ്ങിനേയും ചൈനയുടെ മറ്റു തീരപ്രദേശങ്ങളേയും ആ
ക്രമിക്കുന്നതിനായി 1840–42–ൽ പട്ടാളത്തെ അയച്ചു. ലിൻ സെ–സു
വിൻെറ നേതൃത്വത്തിൽ ക്വാങ്ടൂങ് സൈനികർ ഒരു ചെറുത്തുനിൽ
പ്പു യുദ്ധം നടത്തി. കാൻറൺ ജനത സ്വയമേവ സംഘടിപ്പിച്ച 'ബ്രിട്ടീ
ഷുകാരെ തകർക്കുന്നതിനുള്ള കോറും' ബ്രിട്ടീഷ് ആക്രമണകാരികൾ
ക്കു കനത്ത പ്രഹരങ്ങൾ ഏൽപ്പിച്ചു.

34. ടായ്പിങ്ങ് സ്വർഗരാജ്യയുദ്ധം ചിങ്ങ് രാജവംശത്തിൻെറ
ഫ്യൂഡൽ വാഴ്ചക്കും ദേശീയ അടിച്ചമർത്തലിനുമെതിരെ 19–ാം നൂ
റ്റാണ്ടിൻെറ മധ്യത്തിൽ നടന്ന ഒരു കർഷകവിപ്ളവയുദ്ധമായിരുന്നു.
1851 ജനുവരിയിൽ ഹൂങ്ങ്സിയുചാനും യാങ്ങ് സിയു–ചിങ്ങും ഈ
വിപ്ളവത്തിൻെറ മററു നേതാക്കളും ക്വാങ്ങ്സിയിലെ കൊയ്പിങ്ങ്
കൗണ്ടിയിലുള്ള ചിൻടിയെൻ ഗ്രാമത്തിൽ ഒരു ഉയർത്തെഴുന്നേൽപ്പു നട
ത്തുകയും ടായ്പിങ്ങ് സ്വർഗരാജ്യം സ്ഥാപിച്ചതായി പ്രഖ്യാപി
ക്കുകയും ചെയ്തു. 1852–ൽ ഈ കർഷക സൈന്യം ക്വാങ്ങ്സിയിൽ
നിന്നു വടക്കോട്ടു നീങ്ങിക്കൊണ്ട് ഹുനാൻ, ഹൂപെ, കിയാങ്ങ്സി,
ആൻവെയ് പ്രവിശ്യകളിലൂടെ മാർച്ചു ചെയ്യുകയും 1853–ൽ യാങ്ങ്ട്
സി തടപ്രദേശത്തെ പ്രധാന നഗരമായിരുന്ന നാങ്കിങ്ങ് പിടിച്ചെടുക്കുക
യും ചെയ്തു. ഈ സൈന്യത്തിൻെറ ഒരു ഭാഗം പിന്നീട് വടക്കോട്ടുള്ള
യാത്ര തുടർന്നു ടിയെൻസിയെൻെറ പ്രാന്തപ്രദേശം വരെ എത്തി. പ
ക്ഷേ, തങ്ങൾ അധീനപ്പെടുത്തിയ പ്രദേശങ്ങളിൽ ദൃഢമായ താവളപ്ര
ദേശങ്ങൾ കെട്ടിപ്പടുക്കുന്നതിൽ ടായ്പിങ്ങ് സൈന്യം പരാജയപ്പെട്ടു.
കൂടാതെ നാങ്കിങ്ങ് തലസ്ഥാനമാക്കിയതിനു ശേഷം ഈ സൈന്യത്തി
ലെ നേതൃത്വം രാഷ്ട്രീയവും സൈനികവുമായ പല തെററുകളും ചെ
യ്തു. അതുകൊണ്ട് അതിന് ചിങ്ങ് സർക്കാരിൻേറയും ബ്രിട്ടീഷ്,
അമേരിക്കൻ, ഫ്രഞ്ച് ആക്രമണകാരികളുടേയും പ്രതിവിപ്ളവ സേന
കളുടെ സംയുക്ത ആക്രമണം നേരിടാൻ കഴിഞ്ഞില്ല. 1864 ഈ കലാ
പം അന്തിമമായി പരാജയപ്പെടുത്തപ്പെട്ടു.



35. യീ ഹോടാൻ യുദ്ധം 1900–ൽ ഉത്തരചൈനയിലെ കർഷ
കരുടേയും കൈത്തൊഴിൽകാരുടേയും വിപുലവും സ്വയമേവയുള്ളതു
മായ പ്രസ്ഥാനമായിരുന്നു. നിഗൂഢസംഘങ്ങൾ രൂപീകരിച്ചുകൊണ്ട്
ഈ കർഷകരും കൈത്തൊഴിലുകാരും സാമ്രാജ്യത്വവാദികൾക്കെതിരെ
സായുധ സമരം നടത്തി. പക്ഷേ ഈ പ്രസ്ഥാനം വിവരണാതീതമായ
കാടൻരീതികൾ ഉപയോഗിച്ച് അടിച്ചമർത്തപ്പെട്ടു. എട്ടു സാമ്രാജ്യത്വ
ശക്തികളുടെ സംയുക്തസൈന്യം പീക്കിംഗും ടിയെൻസിയെനും കൈ
വശപ്പെടുത്തുകയും ചെയ്തു.

36. 1911–ലെ വിപ്ളവത്തെക്കുറിച്ചുള്ള വിവരണത്തിന് 'ഹുനാ
നിലെ കർഷകപ്രസ്ഥാനത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിലെ'
മൂന്നാമത്തെ കുറിപ്പ് നോക്കുക.

37. ലെനിൻെറ 'തൊഴിലാളി വർഗ വിപ്ളവത്തിൻെറ യുദ്ധപരി
പാടി' നോക്കുക. സമാഹൃതകൃതികൾ, മോസ്കോപതിപ്പ്, 1950, ഭാഗം
23 'സോവിയററ് യൂണിയനിലെ കമ്യൂണിസ്ററ് പാർട്ടിയുടെ
(ബോൾഷെവിക്) ചരിത്രം, സംഗ്രഹിത പതിപ്പ്,' ആറാം അധ്യായം
സെക്ഷൻ മൂന്നു നോക്കുക.

# ചൈനയിലെ വിപ്ളവയുദ്ധത്തിൽ തന്ത്രത്തിന്റെ പ്രശ്നങ്ങൾ*

1936 ഡിസംബർ

അദ്ധ്യായം 1

## എങ്ങനെ യുദ്ധത്തെ പഠിക്കണം

### 1. യുദ്ധത്തിന്റെ നിയമങ്ങൾ വികസ്വര സ്വഭാവമുള്ളവയാണ്

യുദ്ധത്തിന്റെ നിയമങ്ങൾ യുദ്ധം നയിക്കുന്ന ഏതൊരാളും പഠിക്കുകയും പരിഹരിക്കുകയും ചെയ്യേണ്ട ഒരു പ്രശ്നമാണ്.

വിപ്ളവയുദ്ധത്തിന്റെ നിയമങ്ങൾ വിപ്ളവയുദ്ധം നയിക്കുന്ന ഏതൊരാളും പഠിക്കുകയും പരിഹരിക്കുകയും ചെയ്യേണ്ട ഒരു പ്രശ്നമാണ്.

ചൈനീസ് വിപ്ളവ യുദ്ധത്തിന്റെ നിയമങ്ങൾ ചൈനീസ് വിപ്ളവയുദ്ധം നയിക്കുന്ന ഏതൊരാളും പഠിക്കുകയും പരിഹരിക്കുകയും ചെയ്യേണ്ട ഒരു പ്രശ്നമാണ്.

നാം ഇപ്പോൾ ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്: നമ്മുടെ യുദ്ധം ഒരു വിപ്ളവയുദ്ധമാണ്, നമ്മുടെ വിപ്ളവ യുദ്ധം നടക്കുന്നത് ഒരു അർദ്ധ കൊളോണിയൽ അർദ്ധ ഫ്യൂഡൽ രാജ്യമായ ചൈനയിലാണ്. അതുകൊണ്ട് നാം യുദ്ധത്തിന്റെ നിയമങ്ങൾ പൊതുവിൽ പഠിക്കുന്നതു കൂടാതെ വിപ്ളവയുദ്ധത്തിന്റെ പ്രത്യേക നിയമങ്ങളും ചൈനയിലെ വിപ്ളവയുദ്ധത്തിന്റെ കുറെക്കൂടി പ്രത്യേകമായ നിയമങ്ങളും പഠിക്കേണ്ടതുണ്ട്.

ഏതെങ്കിലും ഒരു കാര്യം ചെയ്യുമ്പോൾ അതിന്റെ യഥാർത്ഥ സാഹചര്യങ്ങളും സ്വഭാവവും മററു സംഗതികളുമായി അതിന്റെ ബന്ധങ്ങളും നിങ്ങൾ മനസിലാക്കുന്നില്ലെങ്കിൽ അതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ എന്തെന്നു മനസിലാക്കുന്നതിനും അത് എങ്ങിനെ ചെയ്യണമെന്നോ എങ്ങിനെ നന്നായി ചെയ്യുവാൻ കഴിയുമെന്നോ മനസിലാക്കുന്നതിനും

---

* സഖാവ് മാവോ സെതുങ്ങ് രണ്ടാം വിപ്ളവ ആഭ്യന്തരയുദ്ധത്തിലെ അനുഭവങ്ങളെ സമാഹരിക്കുന്നതിനും വടക്കൻ ഷെൻസിയിലെ ചുവപ്പുസേനാകോളേജിലെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ ഉപയോഗിക്കുന്നതിനുംവേണ്ടിയാണ് ഇതെഴുതിയത്. അഞ്ച് അദ്ധ്യായങ്ങൾ മാത്രമെ പൂർത്തിയാക്കിയിരുന്നുള്ളു. തന്ത്രപരമായ കടന്നാക്രമണത്തെയും രാഷ്ട്രീയ പ്രവർത്തനത്തെയും മററു പ്രശ്നങ്ങളെയും കുറിച്ചുള്ള അദ്ധ്യായങ്ങൾ സിയാൻ സംഭവത്തിന്റെ അനന്തരഫലങ്ങളിൽ വ്യാപൃതനായിരുന്നതുകൊണ്ട് അദ്ദേഹത്തിന് എഴുതാൻ കഴിഞ്ഞില്ല. രണ്ടാം വിപ്ളവയുദ്ധത്തിലെ സൈനിക പ്രശ്നങ്ങളെക്കുറിച്ചുള്ള പ്രധാന ഉൾപാർട്ടി വിവാദത്തിന്റെ ഫലമാണ് ഈ രചന. 1935 ജനുവരിയിൽ



നിങ്ങൾക്കു കഴിയുകയില്ല എന്നത് സുവിദിതമായ ഒരു വസ്തുതയാണ്.

വർഗങ്ങൾ തമ്മിലും ദേശീയ ജനവിഭാഗങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും രാഷ്ട്രീയ ഗ്രൂപ്പുകൾ തമ്മിലും ഉള്ള വൈരുദ്ധ്യങ്ങൾ ഒരു ഘട്ടം വരെ വളർന്നു കഴിയുമ്പോൾ അവ പരിഹരിക്കുന്നതിനുള്ള ഏററവും ഉയർന്ന സമരരൂപമാണ് യുദ്ധം. സ്വകാര്യസ്വത്തിന്റെയും വർഗങ്ങളുടേയും ആവിർഭാവത്തിനുശേഷം എല്ലായ്പോഴും അത് നിലനിന്നു പോന്നിട്ടുണ്ട്. യുദ്ധത്തിന്റെ യഥാർത്ഥ സാഹചര്യങ്ങളും സ്വഭാവവും മററു കാര്യങ്ങളുമായി അതിന്റെ ബന്ധങ്ങളും മനസിലാക്കിയില്ലെങ്കിൽ അതിന്റെ നിയമങ്ങൾ എന്തെന്നു മനസിലാക്കുന്നതിനോ അതെങ്ങിനെ നയിക്കണമെന്നും അതിൽ എങ്ങനെ വിജയം വരിക്കാൻ കഴിയുമെന്നും മനസിലാക്കുന്നതിനോ കഴിയുകയില്ല.

വിപ്ളവയുദ്ധത്തിന്, അതൊരു വിപ്ളവപരമായ വർഗയുദ്ധമോ ഒരു വിപ്ളവപരമായ ദേശീയ യുദ്ധമോ ആയിക്കൊള്ളട്ടെ, യുദ്ധത്തിന്റെ പൊതുവിലുള്ള സാഹചര്യങ്ങളും സ്വഭാവവും ഉള്ളതിനു പുറമേ അതിന്റേതായ പ്രത്യേക സാഹചര്യങ്ങളും സ്വഭാവവും ഉണ്ട്. അതുകൊണ്ട് യുദ്ധത്തിന്റെ സാമാന്യ നിയമങ്ങളെ കൂടാതെ അതിന് അതിന്റേതായ പ്രത്യേക നിയമങ്ങളുമുണ്ട്. അതിന്റെ പ്രത്യേക സാഹചര്യങ്ങളും സ്വഭാവവും നിങ്ങൾ മനസിലാക്കുന്നില്ലെങ്കിൽ ഒരു വിപ്ളവയുദ്ധം നയിക്കുന്നതിനോ അത് വിജയകരമായി പൊരുതുന്നതിനോ നിങ്ങൾക്കു കഴിവുണ്ടാവുകയില്ല.

ചൈനയുടെ വിപ്ളവയുദ്ധം അത് ആഭ്യന്തരയുദ്ധമായാലും ദേശീയ യുദ്ധമായാലും, നടത്തപ്പെടുന്നത് ചൈനയിലെ പ്രത്യേക സാഹചര്യത്തിലാണ്. അതുകൊണ്ട് പൊതുവിലുള്ള യുദ്ധത്തിൽനിന്നും പൊതുവിലുള്ള വിപ്ളവയുദ്ധത്തിൽ നിന്നും അതിനെ വേർതിരിച്ചു നിർത്തുന്ന സ്വന്തമായ പ്രത്യേക സാഹചര്യങ്ങളും സ്വഭാവവും അതിനുണ്ടുതാനും. ആയതിനാൽ പൊതുവിലുള്ള യുദ്ധത്തിന്റെയും പൊതുവിലുള്ള വിപ്ളവ യുദ്ധത്തിന്റെയും നിയമങ്ങൾക്ക് പുറമെ അതിന് അതിന്റേതായ പ്രത്യേക നിയമങ്ങളുമുണ്ട്. അവയെ നിങ്ങൾ മനസിലാക്കാത്തപക്ഷം ചൈനയുടെ വിപ്ളവയുദ്ധത്തിൽ ജയിക്കുന്നതിന് കഴിയുകയില്ല.

അതുകൊണ്ട് നാം പൊതുവിലുള്ള യുദ്ധനിയമങ്ങൾ പഠിക്കണം, വിപ്ളവയുദ്ധനിയമങ്ങളും പഠിക്കണം, അവസാനമായി ചൈനീസ് വിപ്ളവ യുദ്ധ നിയമങ്ങൾ പഠിക്കുകയും ചെയ്യണം.

---

സുനയിയിൽ നടന്ന കേന്ദ്രകമ്മിററിയുടെ പൊളിററിക്കൽ ബ്യൂറോയുടെ വിപുലീകൃത യോഗത്തിൽ സൈനിക ലൈനിനെക്കുറിച്ചുള്ള വിവാദം അവസാനിക്കുകയും, മാവോ സെതുങ്ങിന്റെ വീക്ഷണം അംഗീകാരം നേടുകയും, തെററായ ലൈൻ തള്ളിക്കളയുകയുമുണ്ടായി. 1935 ഒക്ടോബറിൽ കേന്ദ്രകമ്മിററി വടക്കൻ ഷെൻസിയിലേക്കു മാറുകയും ഡിസംബറിൽ രണ്ടാം വിപ്ളവ ആഭ്യന്തരയുദ്ധത്തിലെ പാർട്ടിയുടെ രാഷ്ട്രീയ ലൈനിനെ സംബന്ധിച്ച പ്രശ്നങ്ങൾ ക്രമികമായി പരിഹരിക്കുന്ന 'ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരായ അടവുകളെക്കുറിച്ച്' എന്ന റിപ്പോർട്ട് സഖാവ് മാവോ സെതുങ്ങ് തയ്യാറാക്കുകയുമുണ്ടായി. ഒരു വർഷത്തിനുശേഷം 1936ലാണു സാമ്പ്രദായിക രീതിയിൽ ചൈനയിലെ വിപ്ളവയുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ വിശദീകരിക്കുന്നതിന് ഈ കൃതി അദ്ദേഹം എഴുതിയത്.

ചിലയാളുകൾ തെററായ ഒരു വീക്ഷണം വച്ചുപുലർത്തുന്നുണ്ട്.
നാം പണ്ടുതന്നെ തള്ളിക്കളഞ്ഞിട്ടുള്ളതാണവ. യുദ്ധത്തിന്റെ പൊതു
നിയമങ്ങൾ പഠിച്ചാൽ മാത്രം മതിയെന്നാണ് അവർ പറയുന്നത്. കുറെ
ക്കൂടി സമൂർത്തമായി പറഞ്ഞാൽ, പിന്തിരിപ്പൻ ചൈനീസ് ഗവൺ
മെൻറോ ചൈനയിലെ പിന്തിരിപ്പൻ സൈനിക അക്കാദമികളോ പ്രസി
ദ്ധീകരിച്ചിട്ടുള്ള സൈനിക മാനുവലുകൾ പിന്തുടർന്നാൽ മാത്രം മതി
യെന്നവർ പറയുന്നു. ഈ മാനുവലുകൾ യുദ്ധത്തിന്റെ പൊതു നിയ
മങ്ങൾ നല്കുക മാത്രമേ ചെയ്യുന്നുള്ളുവെന്നും, കൂടാതെ അവ വിദേശ
ങ്ങളിൽ നിന്നു പകർത്തിയെടുത്തവ മാത്രമാണെന്നും, രൂപത്തിലൊ ഉള്ള
ടക്കത്തിലൊ ഒട്ടും മാററം കൂടാതെ അവ അതേപടി പകർത്തുകയും പ്ര
യോഗിക്കുകയും ചെയ്യുകയാണെങ്കിൽ നാം 'ഷൂസിനു പാകത്തിൽ പാ
ദം മുറിക്കുകയായിരിക്കും' ചെയ്യുന്നതെന്നും നാം പരാജയപ്പെടുമെന്നും
അവർ കാണുന്നില്ല. അവരുടെ വാദഗതി ഇതാണ്: രക്തം നല്കി നേ
ടിയ അറിവുകൾ പ്രയോജനകരമല്ലാതാവുന്നത് എങ്ങിനെയാണ്? ഇപ്ര
കാരം നേടിയ മുൻ അനുഭവത്തെ വിലമതിക്കണമെങ്കിലും നമ്മുടെ രക്തം
കൊണ്ടു നേടിയ അനുഭവത്തെക്കൂടി വിലമതിക്കേണ്ടതുണ്ട്.

വേറെ ചിലർ രണ്ടാമതൊരു അബദ്ധ വീക്ഷണം വച്ചുപുലർത്തു
ന്നുണ്ട്. ഇതു നാം വളരെ മുമ്പുതന്നെ തള്ളിക്കളഞ്ഞതാണ്. അവർ
പറയുന്നത് റഷ്യയിലെ വിപ്ളവയുദ്ധത്തിന്റെ അനുഭവം മാത്രം പഠി
ച്ചാൽ മതി എന്നാണ്, കുറെക്കൂടി സമൂർത്തമായി പറഞ്ഞാൽ സോവിയ
ററു യൂണിയനിൽ ആഭ്യന്തരയുദ്ധം നയിക്കുന്നതിന് ഉപയോഗിച്ചതും
സോവിയററു സൈനിക സംഘടനകൾ സൈനിക മാനുവലുകളിൽ പ്ര
സിദ്ധീകരിച്ചിട്ടുള്ളതുമായ നിയമങ്ങൾ പിന്തുടർന്നാൽ മാത്രം മതി
എന്നാണ്. ഈ നിയമങ്ങളും മാനുവലുകളും സോവിയററു യൂണിയ
നിലെ ആഭ്യന്തര യുദ്ധത്തിന്റെയും ചുവപ്പു സേനയുടെയും സവിശേ
ഷ സ്വഭാവങ്ങളിൽ നിന്നുടലെടുത്തതാണെന്നും യാതൊരു മാററവും വരു
ത്താതെ അവയെ നാം പകർത്തുകയും പ്രയോഗിക്കുകയാണെങ്കിൽ നമ്മ
ളും 'ഷൂസിനു പാകത്തിൽ പാദം മുറിക്കുകയായിരിക്കും' ചെയ്യുന്ന
തെന്നും നാം തോല്പിക്കപ്പെടുമെന്നും അവർ കാണുന്നില്ല. അവരുടെ
വാദഗതി ഇതാണ്. സോവിയററു യൂണിയനിലെ യുദ്ധത്തെപ്പോലെ
നമ്മുടെ യുദ്ധവും ഒരു വിപ്ളവയുദ്ധമായിരിക്കെ, സോവിയററു യൂ
ണിയൻ വിജയം വരിക്കുകയും ചെയ്തിരിക്കെ, സോവിയററു മാതൃക
പിന്തുടരുകയല്ലാതെ വേറെ ഏതെങ്കിലും വഴി ഉണ്ടാവുക സംഭവ്യമാ
ണോ? വിപ്ളവ യുദ്ധത്തിന്റെ ഏററവും അടുത്തകാലത്തെ അനുഭ
വം ആയതുകൊണ്ടും ലെനിന്റെയും സ്ററാലിന്റെയും നേതൃത്വത്തിൻ
കീഴിൽ നേടിവയായതുകൊണ്ടും സോവിയററു യൂണിയന്റെ യുദ്ധാ
നുഭവത്തെ പ്രത്യേകം വിലമതിക്കുന്നതോടൊപ്പം, ചൈനീസ് വിപ്ളവ
യുദ്ധത്തിന്റെ അനുഭവത്തെയും നാം അതേപോലെ വിലമതിക്കേണ്ടതു
ണ്ട്. കാരണം ചൈനീസ് വിപ്ളവത്തിനും ചൈനീസ് ചുവപ്പു സേ
നക്കും അതിന്റേതായ നിരവധി ഘടകങ്ങളുണ്ട്. ഇക്കാര്യം അവർ കാ
ണുന്നില്ല.

ഇനിയുമൊരു കൂട്ടർ മൂന്നാമതൊരു അബദ്ധ വീക്ഷണം വച്ചു
പുലർത്തുന്നു. ഇതിനെയും നാം പണ്ടേ നിരാകരിച്ചിട്ടുള്ളതാണ്. ഏ
ററവും വിലപ്പെട്ട അനുഭവം 1926–27–ലെ വടക്കൻ പടനീക്കത്തിന്റേതാ
ണെന്നും നാം അതിൽനിന്നു പഠിക്കണമെന്നുമാണ് ഇവർ പറയുന്നത്–
കുറെക്കൂടി സമൂർത്തമായി പറഞ്ഞാൽ വൻനഗരങ്ങൾ പിടിച്ചെടുക്കുന്ന
തിനു വേണ്ടി നേരെ മുന്നോട്ടു പാഞ്ഞുകയറുന്നതിനായി വടക്കൻ പട
നീക്കത്തെ അനുകരിക്കണമെന്നതാണ് ഈ അഭിപ്രായഗതി. വടക്കൻ പ
ടനീക്കത്തിന്റെ അനുഭവം പഠിക്കേണ്ടതാണെങ്കിലും നമ്മുടെ ഇപ്പോഴ
ത്തെ യുദ്ധത്തിന്റെ സാഹചര്യങ്ങൾ വ്യത്യസ്തമായതുകൊണ്ട് അത്



പകർത്തുകയും യാന്ത്രികമായി പ്രയോഗിക്കുകയും ചെയ്യാൻ പാടില്ല
എന്ന് അവർ കാണുന്നില്ല. വടക്കൻ പടനീക്കത്തിൽനിന്ന് ഇന്നും പ്രാ
യോഗികമായിട്ടുള്ളതു മാത്രം എടുക്കുകയും വർത്തമാന സ്ഥിതിഗതി
കളുടെ വെളിച്ചത്തിൽ നമ്മുടേതായി ചിലതെല്ലാം ആവിഷ്കരിക്കുക
യും ചെയ്യേണ്ടതുണ്ട്.

അതായത് വ്യത്യസ്ത യുദ്ധങ്ങളെ നയിക്കുന്ന വ്യത്യസ്ത നിയമ
ങ്ങളെ നിർണ്ണയിക്കുന്നത് അതത് യുദ്ധങ്ങളുടെ വ്യത്യസ്ത സാഹച
ര്യങ്ങളാണ്–അതായത് അവയുടെ കാലം, സ്ഥലം, സ്വഭാവം എന്നിവ
യിലെ വ്യത്യാസങ്ങളാണ്. കാലമെന്ന ഘടകത്തിന്റെ കാര്യമെടുത്താൽ
യുദ്ധവും അതിന്റെ നിയമങ്ങളും വികാസമാനമാണ് എന്ന് കാണാം.
ചരിത്രപരമായ ഓരോ ഘട്ടത്തിനും തനതായ പ്രത്യേക സ്വഭാവ വിശേഷ
ങ്ങളുണ്ട്, അതുകൊണ്ട് ചരിത്രപരമായ ഓരോ ഘട്ടത്തിലും യുദ്ധ
ത്തിന്റെ നിയമങ്ങൾക്ക് അതതിന്റേതായ പ്രത്യേക സ്വഭാവ വിശേഷങ്ങ
ളുണ്ട്. അവയെ മറെറാരു ഘട്ടത്തിൽ യാന്ത്രികമായി പ്രയോഗിക്കാൻ
കഴിയുകയില്ല യുദ്ധത്തിന്റെ സ്വഭാവത്തെക്കുറിച്ചു പറഞ്ഞാൽ, വി
പ്ളവയുദ്ധത്തിനും പ്രതിവിപ്ളവയുദ്ധത്തിനും അതതിന്റേതായ
പ്രത്യേക സ്വഭാവവിശേഷങ്ങൾ ഉള്ളതുകൊണ്ട് അവയെ നിയന്ത്രിക്കു
ന്ന നിയമങ്ങൾക്കും അവയുടേതു മാത്രമായ സ്വഭാവ വിശേഷങ്ങളുണ്ട്–
ഒന്നിൽ ബാധകമായത് മറെറാന്നിൽ യാന്ത്രികമായി പകർത്താനാവില്ല.
ഇനി സ്ഥലത്തിന്റെ ഘടകത്തെ സംബന്ധിച്ചാണു പറയാനുള്ളത്.
ഓരോ രാജ്യത്തിനും അല്ലെങ്കിൽ ദേശത്തിനും, പ്രത്യേകിച്ചും വിശാലമാ
യ ഒരു രാജ്യത്തിന് അല്ലെങ്കിൽ ദേശത്തിന് തനതായ സ്വഭാവ വിശേഷ
ങ്ങൾ ഉള്ളതുകൊണ്ട് ഓരോ രാജ്യത്തിനും അല്ലെങ്കിൽ ദേശത്തിനുമുള്ള
യുദ്ധനിയമങ്ങൾക്കും തനത് സ്വഭാവവിശേഷങ്ങളുണ്ട്. ഇക്കാര്യ
ത്തിലും ഒന്നിനു ചേർന്നത് മറെറാന്നിലേക്ക് യാന്ത്രികമായി പകർ
ത്താൻ കഴിയുകയില്ല. വിവിധ ചരിത്ര ഘട്ടങ്ങളിൽ സംഭവിക്കുന്ന സ്വ
ഭാവത്തിൽ വ്യത്യസ്തങ്ങളായ, വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത
ദേശീയ ജനവിഭാഗങ്ങൾ നടത്തുന്ന യുദ്ധങ്ങളെ നയിക്കുന്നതിനുള്ള നി
യമങ്ങൾ പഠിക്കുമ്പോൾ നാം ഓരോന്നിന്റെയും സ്വഭാവ വിശേഷതക
ളിലും വികാസഗതിയിലും ശ്രദ്ധയുറപ്പിക്കുകയും യുദ്ധത്തിന്റെ
പ്രശ്നത്തോടുള്ള യാന്ത്രിക സമീപനത്തെ എതിർക്കുകയും വേണം.

ഇതുകൊണ്ടു മാത്രമായില്ല. ആരംഭത്തിൽ ഒരു ചെറിയ സേനാ വി
ഭാഗത്തെ മാത്രം നയിക്കാൻ കഴിവുള്ള ഒരു സേനാനായകൻ ഒരു വലിയ
വിഭാഗത്തെ നയിക്കാൻ പ്രാപ്തനായിത്തീരുകയാണെങ്കിൽ അത് അയാ
ളിലെ പുരോഗതിയേയും വളർച്ചയേയുമാണ് പ്രകടമാക്കുന്നത്. ഒരേ
പ്രദേശത്തുതന്നെ പ്രവർത്തിക്കുന്നതും പലയിടങ്ങളിൽ പ്രവർത്തിക്കു
ന്നതും തമ്മിലും ഒരു വ്യത്യാസമുണ്ട്. അതുപോലെതന്നെ ആരംഭത്തിൽ
തനിക്കു നന്നായറിയാവുന്ന പ്രദേശത്തു മാത്രം പ്രവർത്തിക്കാൻ കഴിവു
ള്ള ഒരു സേനാനായകൻ മററു പല സ്ഥലങ്ങളിലും പ്രവർത്തിക്കാൻ ക
ഴിവുള്ളവനായിത്തീരുകയാണെങ്കിൽ അത് അയാളിലെ വളർച്ചയുമാണ്
പ്രകടമാക്കുന്നത്. ശത്രുവിന്റെ ഭാഗത്തും നമ്മുടെ ഭാഗത്തും സാങ്കേ
തികവും അടവുപരവും തന്ത്രപരവുമായ വികാസങ്ങൾ ഉണ്ടാകുന്നതു
മൂലം ഒരു നിർദ്ദിഷ്ട യുദ്ധത്തിനിടയ്ക്കുള്ള സാഹചര്യങ്ങൾ തന്നെ
യും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഒരു യുദ്ധത്തിന്റെ താഴ്ന്ന ഘട്ട
ങ്ങളിൽ നേതൃത്വം കൊടുക്കാൻ കഴിയുന്ന ഒരു സേനാനായകന് അതി
ന്റെ കൂടുതൽ ഉയർന്ന ഘട്ടങ്ങളിൽ നേതൃത്വം കൊടുക്കാൻ കഴിവുണ്ടായി
ത്തീരുകയാണെങ്കിൽ അതു പ്രകടമാക്കുന്നത് അയാളിലുണ്ടായ കുറെ
ക്കൂടി പുരോഗതിയെയും വളർച്ചയെയുമാണ്. ഒരു നിർദ്ദിഷ്ട വലു
പ്പം മാത്രമുള്ളതും ഒരു നിർദ്ദിഷ്ട പ്രദേശത്തു മാത്രം പ്രവർത്തിക്കുന്ന

തും യുദ്ധ വികാസത്തിന്റെ ഒരു നിർദ്ദിഷ്ട ഘട്ടത്തിലുള്ളതുമായ ഒരു സേനാവിഭാഗത്തെ മാത്രം നയിക്കാൻ കഴിവുള്ള ആളായി ഒരു സേനാനായകൻ തുടരുകയാണെങ്കിൽ അയാൾ ഒരു പുരോഗതിയും നേടിയിട്ടില്ലെന്നും വളർന്നിട്ടില്ലെന്നുമാണ് അത് കാണിക്കുന്നത്. ഒരൊററ വൈദഗ്ധ്യം കൊണ്ടോ, അല്പവീക്ഷണം കൊണ്ടോ തൃപ്തരായി ഒരു പുരോഗതിയും നേടാതിരിക്കുന്ന ചിലരുണ്ട്. വിപ്ലവത്തിൽ ഒരു നിർദ്ദിഷ്ട സ്ഥലത്തും, സമയത്തും അവർ ഏതെങ്കിലുമൊരു പങ്കു വഹിച്ചേക്കാം. പക്ഷെ, അതു പ്രധാനപ്പെട്ട ഒന്നായിരിക്കുകയില്ല. പ്രമുഖമായൊരു പങ്കു വഹിക്കാൻ കഴിയുന്ന യുദ്ധത്തിന്റെ മാർഗനിർദേശകരെയാണ് നമുക്കു വേണ്ടത്. യുദ്ധത്തിനു മാർഗനിർദ്ദേശം നല്കുന്നതിനുള്ള എല്ലാ നിയമങ്ങളും ചരിത്രം വികസിക്കുന്നതിനൊത്തും യുദ്ധം വികസിക്കുന്നതിനൊത്തും വികസിക്കുന്നു; മാററമില്ലാത്തതായി യാതൊന്നും തന്നെയില്ല.

## 2. യുദ്ധത്തിന്റെ ലക്ഷ്യം യുദ്ധം ഇല്ലാതാക്കുക എന്നാണ്

മനുഷ്യർ തമ്മിൽ പരസ്പരം കൂട്ടക്കൊലയ്ക്ക് ഇടയാക്കുന്ന യുദ്ധമെന്ന രാക്ഷസൻ വിദൂരമല്ലാത്ത ഭാവിയിൽ മനുഷ്യസമുദായം പുരോഗമിക്കുമ്പോൾ അന്തിമമായി തുടച്ചു നീക്കപ്പെടും. പക്ഷെ അതിനെ തുടച്ചുനീക്കുന്നതിന് ഒരൊററ മാർഗമേയുള്ളൂ: യുദ്ധത്തെ യുദ്ധം കൊണ്ടെതിർക്കുക. ദേശീയ പ്രതിവിപ്ലവ യുദ്ധത്തെ ദേശീയ വിപ്ലവ യുദ്ധംകൊണ്ട് എതിർക്കുക, പ്രതിവിപ്ലവ വർഗയുദ്ധത്തെ വിപ്ലവപരമായ വർഗയുദ്ധം കൊണ്ട് എതിർക്കുക. രണ്ടുതരം യുദ്ധങ്ങളെക്കുറിച്ചു മാത്രമേ ചരിത്രത്തിന് അറിവുള്ളൂ — നീതിയുക്തവും നീതിരഹിതവും. നാം നീതിയുക്ത യുദ്ധങ്ങളെ പിന്താങ്ങുന്നു; നീതിരഹിതയുദ്ധങ്ങളെ എതിർക്കുകയും ചെയ്യുന്നു. എല്ലാ പ്രതിവിപ്ലവ യുദ്ധങ്ങളും നീതിരഹിതവും എല്ലാ വിപ്ലവ യുദ്ധങ്ങളും നീതിയുക്തവുമാണ്. നമ്മുടെ തന്നെ പരിശ്രമങ്ങൾ മനുഷ്യവർഗത്തിന്റെ യുദ്ധയുഗത്തിന് അന്ത്യം കുറിക്കും. നാം നടത്തുന്ന യുദ്ധം സംശയാതീതമായും ആ അന്തിമ പോരാട്ടത്തിന്റെ ഭാഗമാണ്. നാം അഭിമുഖീകരിക്കുന്ന യുദ്ധം എല്ലാ യുദ്ധങ്ങളിലും വച്ച് ഏററവും വലുതും ഏററവും നിഷ്ഠൂരവും ആയിരിക്കുമെന്നതും സംശയാതീതമാണ്. നീതിരഹിതമായ പ്രതിവിപ്ലവ യുദ്ധങ്ങളിൽ വച്ച് ഏററവും വലുതും ഏററവും നിഷ്ഠൂരവുമായത് നമ്മുടെ തലയ്ക്കു മുകളിൽ തൂങ്ങി നിൽക്കുകയാണ് നാം ഒരു നീതിയുക്ത യുദ്ധത്തിന്റെ കൊടിക്കൂറ ഉയർത്തിയില്ലെങ്കിൽ മനുഷ്യവംശത്തിൽ മഹാഭൂരിപക്ഷവും നശിപ്പിക്കപ്പെടും. മനുഷ്യവംശത്തിന്റെ നീതിയുക്ത പതാക അതിന്റെ വിമോചനപതാകയാണ്. ചൈനയിലെ നീതിയുക്ത യുദ്ധത്തിന്റെ പതാക ചൈനയുടെ വിമോചന പതാകയാണ്. മനുഷ്യവംശത്തിന്റെ മഹാഭൂരിപക്ഷവും ചൈനീസ് ജനതയും നടത്തുന്ന യുദ്ധം സംശയമെന്യേ ഒരു നീതിയുക്തയുദ്ധമാണ്; അത് മനുഷ്യവംശത്തിന്റെയും ചൈനയുടെയും മോചനത്തിനുള്ള അത്യുന്നതവും ഗംഭീരവും ശ്രേഷ്ഠവുമായ ഒരു സംരംഭവും ലോകചരിത്രത്തിന്റെ പുതുയുഗത്തിലേക്കുള്ള ഒരു പാലവുമാണ്. വിപ്ലവയുദ്ധത്തിന്റെ നിയമങ്ങളെക്കുറിച്ചുള്ള നമ്മുടെ പഠനം എല്ലാ യുദ്ധങ്ങളെയും ഇല്ലാതാക്കുന്നതിനുള്ള നമ്മുടെ അഭിലാഷത്തിൽനിന്നും ഉടലെടുക്കുന്നു, ഇവിടെയാണ് കമ്യൂണിസ്ററുകാരായ നമ്മളും ചൂഷകവർഗങ്ങളും തമ്മിലുള്ള വ്യത്യാസം സ്ഥിതി ചെയ്യുന്നത്.



## 3. മൊത്തത്തിൽ ഒരു യുദ്ധപരിതഃസ്ഥിതിയുടെ നിയമങ്ങളുടെ പഠനമാണ തന്ത്രം

യുദ്ധം എവിടെയുണ്ടോ അവിടെ മൊത്തത്തിലുള്ള ഒരു യുദ്ധപരിതഃസ്ഥിതിയുമുണ്ട്. മൊത്തത്തിലുള്ള യുദ്ധപരിതഃസ്ഥിതി ലോകത്തെയാകെ ആവരണം ചെയ്തേക്കാം, അല്ലെങ്കിൽ ഒരു രാജ്യത്തെയാകെ ആവരണം ചെയ്തേക്കാം; ഒരു സ്വതന്ത്ര ഗറില്ലാ മേഖലയെയോ സ്വതന്ത്ര, വിശാല പോരാട്ട മുന്നണിയെയോ ആവരണം ചെയ്തേക്കാം. യുദ്ധത്തിന്റെ വിവിധ ഘടകങ്ങളുടെയും ഘട്ടങ്ങളുടെയും സമഗ്രമായ പരിഗണന കൈവരിച്ചു കഴിഞ്ഞാൽ ഏതൊരു യുദ്ധപരിതഃസ്ഥിതിയും മൊത്തത്തിലുള്ള ഒരു യുദ്ധപരിതഃസ്ഥിതിയായി രൂപപ്പെടുന്നു.

തന്ത്രശാസ്ത്രത്തിന്റെ കടമ, ഒരു യുദ്ധം നയിക്കുന്നതിന്, മൊത്തത്തിൽ യുദ്ധപരിതഃസ്ഥിതിയെ നിയന്ത്രിക്കുന്ന നിയമങ്ങൾ പഠിക്കുക എന്നതാണ്. ക്യാമ്പെയിനുകളുടെയും അടവുകളുടെയും ശാസ്ത്രത്തിന്റെ കടമ യുദ്ധനിർദ്ദേശക നിയമങ്ങൾ പഠിക്കുക എന്നതാണ്.

ഒരു ക്യാമ്പെയിനിന്റെയോ, അടവുപരമായ പോരാട്ടത്തിന്റെയോ കമാൻഡർ തന്ത്രത്തിന്റെ നിയമങ്ങൾ ഒരതിർത്തിവരെ മനസിലാക്കുന്നത് എന്തുകൊണ്ടാണ് അത്യാവശ്യമായിരിക്കുന്നത്? മൊത്തത്തിലുള്ളതിനെക്കുറിച്ചുള്ള ധാരണ ഭാഗികമായതിനെ കൈകാര്യം ചെയ്യുന്നതു സുഗമമാക്കുമെന്നതുകൊണ്ടും ഭാഗികമായതു മൊത്തത്തിലുള്ളതിനു കീഴ്പ്പെട്ടതാണെന്നതുമാണ് ഇതിന്റെ കാരണം. അടവുപരമായ വിജയങ്ങൾ മാത്രമാണു തന്ത്രപരമായ വിജയത്തെ നിർണ്ണയിക്കുന്നത് എന്ന വീക്ഷണം തെററാണ്. എന്തെന്നാൽ യുദ്ധത്തിലെ വിജയവും പരാജയവും പ്രധാനമായി മൊത്തത്തിലുള്ള പരിതഃസ്ഥിതിയെയും അതിന്റെ വിവിധ ഘട്ടങ്ങളെയും വേണ്ടവിധം കണക്കിലെടുത്തിട്ടുണ്ടോ എന്ന കാര്യത്തെ അത് അവഗണിക്കുന്നു എന്നതാണ്. ഒരു പരിതഃസ്ഥിതിയെ മൊത്തമായും അതിന്റെ വിവിധ ഘട്ടങ്ങളായും കണക്കിലെടുക്കുന്നതിൽ ഗൗരവാവഹമായ കുറവുകളോ പിശകുകളോ വന്നാൽ യുദ്ധത്തിൽ പരാജയപ്പെടും എന്നതു തീർച്ചയാണ്. 'അശ്രദ്ധമായ ഒരൊററ കരുനീക്കം കളിയെയാകെ തോൽവിയിലെത്തിക്കുന്നു.' എന്നു പറയുന്നത് ആകെ മൊത്തമുള്ള സ്ഥിതിയെ ബാധിക്കുന്ന ഒരു കരുനീക്കത്തെക്കുറിച്ചാണ്; മൊത്തത്തിലുള്ള സ്ഥിതിയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ഒരു കരുനീക്കത്തെക്കുറിച്ചാണ്, അല്ലാതെ ഭാഗിക സ്വഭാവമുള്ള ഒരു കരുനീക്കത്തെക്കുറിച്ചല്ല, മൊത്തം സ്ഥിതിയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമല്ലാത്ത ഒരു കരുനീക്കത്തെക്കുറിച്ചല്ല. ചതുരംഗത്തിലെപ്പോലെ തന്നെയാണു യുദ്ധത്തിലും.

പക്ഷെ മൊത്തത്തിലുള്ള സ്ഥിതിയെ അതിന്റെ ഭാഗങ്ങളിൽനിന്ന് അടർത്തിമാററാൻ കഴിയില്ല; അതിന് അവയിൽനിന്നു സ്വതന്ത്രമാകാനും കഴിയില്ല; കാരണം എല്ലാ ഭാഗങ്ങളും ചേർന്നാണ് അതുണ്ടായിട്ടുള്ളത്. ചില സമയത്തു മൊത്തത്തിലുള്ള സ്ഥിതിയെ ഗുരുതരമായി ബാധിക്കാത്ത തരത്തിൽ ചില ഭാഗങ്ങൾക്കു നാശമോ പരാജയമോ ഉണ്ടായേക്കാം; കാരണം അതിനെ സംബന്ധിച്ചിടത്തോളം അവ നിർണ്ണായകമല്ല. അടവുപരമായ പോരാട്ടത്തിലോ കാമ്പെയ്നുകളിലോ ഉണ്ടാകുന്ന ചില തോൽവികളോ പരാജയങ്ങളോ ആകെ മൊത്തമുള്ള യുദ്ധപരിതഃസ്ഥിതിയിൽ അധഃപതനത്തിനു വഴിവയ്ക്കുന്നില്ല. കാരണം അവ നിർണ്ണായക പ്രാധാന്യമുള്ളവയല്ല എന്നതുതന്നെ. പക്ഷെ മൊത്തത്തിലുള്ള യുദ്ധപരിതഃസ്ഥിതിയെയോ നിർണ്ണായകമായ ഒന്നോ രണ്ടോ

കാമ്പെയ്നുകളെയോ രൂപപ്പെടുത്തുന്ന മിക്ക കാമ്പെയ്നുകളുടെ അഥവാ ഒന്നോ രണ്ടോ കാമ്പെയ്നുകളുടെ പരാജയം പെട്ടെന്നു മൊത്തം സ്ഥിതിക്കു മാററം വരുത്തുന്നു. ഇവിടെ മിക്ക 'കാമ്പെയ്നുകളോ, ഒന്നോ രണ്ടോ കാമ്പെയ്നുകളെ' നിർണ്ണായകങ്ങളാണ്. യുദ്ധചരിത്രത്തിൽ ഒരൊററ പോരാട്ടത്തിലെ പരാജയം തുടരെത്തുടരെയുള്ള വിജയങ്ങളുടെ നേട്ടങ്ങളെയെല്ലാം ഇല്ലാതാക്കിയത് ഉദാഹരണങ്ങളുണ്ട്: നിരവധി പരാജയങ്ങൾക്കുശേഷം ഒരൊററ പോരാട്ടത്തിലുണ്ടായ വിജയം ഒരു പുതിയ പരിതഃസ്ഥിതിക്ക് വഴിയൊരുക്കിയതിന്റേതായ ഉദാഹരണങ്ങളുമുണ്ട്. ഈ ഉദാഹരണങ്ങളിൽ 'തുടരെത്തുടരെയുള്ള വിജയങ്ങളും' നിരവധി പരാജയങ്ങളും ഭാഗിക സ്വഭാവമുള്ളവയായിരുന്നു, ആകെ മൊത്തമുള്ള സ്ഥിതിയെ സംബന്ധിച്ചിടത്തോളം നിർണായക സ്വഭാവമുള്ളവയായിരുന്നില്ല, അതേസമയം 'ഒരൊററ പോരാട്ടത്തിലെ തോൽവിയോ' ഒരൊററ പോരാട്ടത്തിലെ വിജയമൊ നിർണ്ണായകമായ പങ്കു വഹിക്കയും ചെയ്തു. പരിതഃസ്ഥിതിയെ മൊത്തത്തിൽ കണക്കിലെടുക്കുന്നതിന്റെ പ്രാധാന്യമാണ് ഇവയെല്ലാം വിവരിക്കുന്നത്. മൊത്തത്തിലുള്ള നേതൃത്വം കൈകാര്യം ചെയ്യുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനമായിട്ടുള്ളതു മൊത്തത്തിലുള്ള യുദ്ധപരിതഃസ്ഥിതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. സാഹചര്യങ്ങൾക്കനുസരിച്ചു തന്റെ സൈനിക ഘടകങ്ങളെയും വിഭാഗങ്ങളെയും ഗ്രൂപ്പാക്കുന്ന പ്രശ്നങ്ങളിലും കാമ്പെയ്നുകൾ തമ്മിലുള്ള പരസ്പരബന്ധങ്ങളിലും വിവിധ ആയോധനഘട്ടങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും പൊതുവിൽ നമ്മുടെ നടപടികളും പൊതുവിൽ ശത്രുവിന്റെ നടപടികളും തമ്മിലുള്ള ബന്ധങ്ങളിലും അയാൾ ശ്രദ്ധാലുവായിരിക്കണമെന്നതാണു മുഖ്യസംഗതി — ഈ പ്രശ്നങ്ങളെല്ലാം അയാളുടെ അങ്ങേയററത്തെ ശ്രദ്ധയും യത്നവും ആവശ്യപ്പെടുന്നു. അയാൾ അവയെ അവഗണിക്കുകയും രണ്ടാംകിട പ്രശ്നങ്ങളിൽ സ്വയം മുഴുകുകയും ചെയ്യുകയാണെങ്കിൽ അയാൾക്ക് തിരിച്ചടികളെ ഒഴിവാക്കുക സാദ്ധ്യമല്ല. മൊത്തത്തിലുള്ളതും ഭാഗികമായതും തമ്മിലുള്ള ബന്ധം തന്ത്രവും കാമ്പെയ്നും തമ്മിലുള്ള ബന്ധത്തെ മാത്രമല്ല ബാധിക്കുന്നത്, മറിച്ചു കാമ്പെയ്നും അടവുകളും തമ്മിലുള്ള ബന്ധത്തെയും ബാധിക്കുന്നതാണ്. ഒരു സൈനിക ഡിവിഷന്റെയും അവയുടെ റെജിമെന്റുകൾ, ബററാലിയനുകൾ എന്നിവയുടെയും, പോരാട്ടങ്ങൾ തമ്മിലുള്ള ബന്ധത്തിലും ഒരു കമ്പനിയുടെയും പ്ലാററൂണുകൾ, സ്ക്വാഡുകൾ എന്നിവയുടെ പോരാട്ടങ്ങൾ തമ്മിലുള്ള ബന്ധത്തിലും ഇതിന് ഉദാഹരണങ്ങൾ കാണാൻ കഴിയും. ഏതു നിലവാരത്തിലുള്ള കമാൻറിംഗ് ഓഫീസറും തന്റെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു താൻ കൈകാര്യം ചെയ്യുന്ന പൊതു പരിതഃസ്ഥിതിയിലെ ഏററവും പ്രധാനപ്പെട്ടതും നിർണ്ണായകവുമായ പ്രശ്നത്തിൽ അഥവാ പ്രവർത്തനത്തിൽ ആണ്. അല്ലാതെ മററു പ്രശ്നങ്ങളിലൊ പ്രവർത്തനങ്ങളിലൊ അല്ല.

പ്രധാനപ്പെട്ടതൊ നിർണ്ണായകമൊ ആയത് എന്തെന്നു തീരുമാനിക്കേണ്ടതു സാമാന്യവും അമൂർത്തവും ആയ പരിഗണനകൾ വച്ചുകൊണ്ടല്ല; മറിച്ചു സമൂർത്ത സാഹചര്യങ്ങൾക്ക് അനുസരണമായിട്ടാണ്. ഒരു സൈനിക നടപടിയിൽ ദിശയും ആക്രമണസ്ഥാനവും തിരഞ്ഞെടുക്കേണ്ടതു ശത്രുവിന്റെയും പ്രദേശത്തിന്റെയും യഥാർത്ഥസ്ഥിതിയും ആ സമയത്തു നമ്മുടെ സേനകളുടെ കരുത്തും അനുസരിച്ചാണ്. ഭക്ഷ്യസാധനങ്ങൾ ധാരാളമുള്ളപ്പോൾ സൈനികർ അമിതമായി ഭക്ഷിക്കാതെ നോക്കുകയും ഭക്ഷ്യസാധനങ്ങൾ കുറവായിരിക്കുമ്പോൾ അവർ വിശന്നുവലയാതെ ശ്രദ്ധിക്കുകയും വേണം. വെള്ള(ഭരണ) പ്രദേശങ്ങളിൽ ഒരു ചെറിയ വിവരം ചോർന്നുപോകുന്നതുപോലും തുടർന്നുള്ള ഏററുമുട്ട



ലിൽ പരാജയത്തിനിടയാക്കിയേക്കാം. ചുവപ്പു പ്രദേശങ്ങളിൽ അത്തരം ചോർന്നുപോകൽ പലപ്പോഴും വളരെ ഗൗരവമുള്ള കാര്യമല്ല. ഉയർന്ന കമാൻറർമാർ ചില പോരാട്ടങ്ങളിൽ നേരിട്ടു പങ്കെടുക്കേണ്ടതാവശ്യമാണ്. മററുള്ളവയിൽ അതിന്റെ ആവശ്യമില്ല. ഒരു സൈനിക സ്കൂളിനെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട പ്രശ്നം ഡയറക്ടരുടെയും ഇൻസ്ട്രക്ടർമാരുടെയും തിരഞ്ഞെടുപ്പും പരിശീലന പദ്ധതി അംഗീകരിക്കലുമാണ്. ഒരു പൊതുയോഗത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യം ജനങ്ങളെ കൂട്ടമായി പങ്കെടുപ്പിച്ച് അണിനിരത്തലും ഉചിതമായ മുദ്രാവാക്യങ്ങൾ മുന്നോട്ടുവെക്കലുമാണ്. ഇങ്ങനെ പല കാര്യങ്ങളുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ അംഗീകരിക്കേണ്ട തത്വം മൊത്തം സ്ഥിതിയുമായി ബന്ധപ്പെട്ട പ്രധാന കണ്ണികളിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നതാണ്.

പൊതുവിലുള്ള പരിതഃസ്ഥിതിയെ നിയന്ത്രിക്കുന്ന നിയമങ്ങൾ പഠിക്കുന്നതിനുള്ള ഏകമാർഗം അതെപ്പററി ഗാഢമായി വിചിന്തനം ചെയ്യുക എന്നതാണ്. കാരണം ഒരു പൊതുവായ പരിതഃസ്ഥിതിയ്ക്കാകെ ബാധകമായ കാര്യം വെറുതെ നോക്കിയാൽ കാണാൻ കഴിയില്ല; ഗാഢമായി ചിന്തിച്ചാൽ മാത്രമെ അതു മനസിലാക്കാൻ കഴിയുകയുള്ളു; മററു യാതൊരു മാർഗവുമില്ല. മൊത്തമുള്ള സ്ഥിതി പല ഭാഗങ്ങൾ ചേർത്ത് ഉണ്ടാക്കപ്പെട്ടതായതുകൊണ്ടു ഭാഗങ്ങളെ സംബന്ധിച്ച അനുഭവവും, ക്യാമ്പെയ്നുകളെയും അടവുകളെയും സംബന്ധിച്ച അനുഭവവുമുള്ള ആളുകൾക്ക്, ഗാഢമായി ചിന്തിക്കാൻ അവർ സന്നദ്ധരാകുകയാണെങ്കിൽ കൂടുതൽ ഉയർന്നതരത്തിലുള്ള കാര്യങ്ങൾ മനസിലാക്കാൻ കഴിയും. തന്ത്രത്തിന്റെ പ്രശ്നങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

ശത്രുവും നമ്മളും തമ്മിലുള്ള ബന്ധത്തിന് ഉചിതമായ പരിഗണന നൽകൽ.

വിവിധ ക്യാമ്പെയ്നുകൾ തമ്മിലോ വിവിധ പോരാട്ട ഘട്ടങ്ങൾ തമ്മിലോ ഉള്ള ബന്ധത്തിന് ഉചിതമായ പരിഗണന നൽകൽ.

നഷ്ടപ്പെടലും പകരംവയ്ക്കലും തമ്മിലും, പോരാട്ടവും വിശ്രമവും തമ്മിലും, കേന്ദ്രീകരിച്ചു നിർത്തലും വിഭജിച്ചയക്കലും തമ്മിലും ആക്രമണവും പ്രതിരോധവും തമ്മിലും, മുന്നേററവും പിന്മാററവും തമ്മിലും, ഒളിഞ്ഞു വർത്തിക്കലും തുറന്നു വർത്തിക്കലും തമ്മിലും, മുഖ്യമായ ആക്രമണവും അനുപൂരകങ്ങളായ ആക്രമണങ്ങളും തമ്മിലും, മിന്നലാക്രമണവും നിയന്ത്രിത പ്രവർത്തനവും തമ്മിലും കേന്ദ്രീകൃത സേനാനായകത്വവും വികേന്ദ്രീകൃത സേനാനായകത്വവും തമ്മിലും, ദീർഘകാല യുദ്ധവും ക്ഷണനിശ്ചിത യുദ്ധവും തമ്മിലും, സ്ഥാനിക യുദ്ധവും ചലനാത്മകയുദ്ധവും തമ്മിലും, നമ്മുടേതായ സേനകളും സുഹൃദ്സേനകളും തമ്മിലും, സൈന്യത്തിന്റെ ഒരു ശാഖയും മറെറാന്നും തമ്മിലും, മേലും കീഴും ശ്രേണികൾ തമ്മിലും, കേഡർമാരും അണികളും തമ്മിലും, സീനിയറും ജൂനിയറുമായ കേഡർമാർ തമ്മിലും ചുവപ്പു പ്രദേശങ്ങളും വെള്ള(ഭരണ) പ്രദേശങ്ങളും തമ്മിലും പഴയ ചുവപ്പു പ്രദേശങ്ങളും പുതിയവയും തമ്മിലും, ഒരു നിർദ്ദിഷ്ട താവള പ്രദേശത്തിന്റെ കേന്ദ്രജില്ലയും അതിർത്തികളും തമ്മിലും, സൈനിക പ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും തമ്മിലും, ചൂടുകാലവും തണുപ്പുകാലവും തമ്മിലും, വിജയവും തോൽവിയും തമ്മിലും, വിപുലമായും ചെറുതോതിലും ഒരുക്കിനിർത്തിയിരിക്കുന്ന പടയണികൾ തമ്മിലും, സ്ഥിരസൈന്യവും ഗറില്ലാ സേനകളും തമ്മിലും, ശത്രുവിനെ നശിപ്പിക്കലും ബഹുജനങ്ങളെ നേടിയെടുക്കലും തമ്മിലും, ചുവപ്പുസേനയെ വ്യാപിപ്പിക്കലും സുദൃഢീകരിക്കലും തമ്മിലും,

സൈനിക പ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും തമ്മിലും; കഴിഞ്ഞ കാലകടമകളും വർത്തമാന കാലകടമകളും തമ്മിലും, വർത്തമാന കാലകടമകളും ഭാവികടമകളും തമ്മിലും, ഒരു കൂട്ടം ചുററുപാടുകൾ സൃഷ്ടിക്കുന്ന കടമകളും മറെറാരു കൂട്ടം ചുററുപാടുകൾ സൃഷ്ടിക്കുന്നവയും തമ്മിലും ഉറപ്പിച്ചുനിർത്തിയ മുന്നണികളും ചലനക്ഷമമായ മുന്നണികളും തമ്മിലും ആഭ്യന്തര യുദ്ധവും ദേശീയയുദ്ധവും തമ്മിലും ഒരു ചരിത്രഘട്ടവും മറെറാന്നും തമ്മിലും മററുമുള്ള വിഭിന്നതകൾക്കും ബന്ധത്തിനും ഉചിതമായ പരിഗണന നൽകൽ.

തന്ത്രത്തിന്റെ ഈ പ്രശ്നങ്ങളൊന്നും വെറുതെ നോക്കിയാൽ കാണാനാവില്ലെങ്കിലും ഗാഢമായി ചിന്തിക്കുകയാണെങ്കിൽ അവയെ നമുക്കു ഗ്രഹിക്കാനും സ്വായത്തമാക്കാനും വിജയകരമായി കൈകാര്യം ചെയ്യാനും കഴിയും; അതായത് ഒരു യുദ്ധത്തെയോ സൈനിക പ്രവർത്തനത്തെയോ സംബന്ധിച്ച പ്രധാന പ്രശ്നങ്ങളെ നമുക്കു സിദ്ധാന്തത്തിന്റേതായ കൂടുതലുയർന്ന ഒരു മേഖലയിലേയ്ക്കെത്തിക്കാനും അവയെ പരിഹരിക്കാനും കഴിയും. തന്ത്രത്തിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതിലെ നമ്മുടെ കർത്തവ്യം ഈ ലക്ഷ്യം നേടുക എന്നതാണ്.

## 4. പഠിക്കുന്നതിൽ മിടുക്കന്മാരായിരിക്കുക എന്നതാണ പ്രധാനപ്പെട്ട കാര്യം

എന്തിനാണു നാം ചുവപ്പുസേനയെ സംഘടിപ്പിച്ചത്? ശത്രുവിനെ തോല്പിക്കുന്നതിനുവേണ്ടിയാണ്. എന്തിനാണു നാം യുദ്ധത്തിന്റെ നിയമങ്ങൾ പഠിക്കുന്നത്? യുദ്ധത്തിൽ അവയെ പ്രയോഗിക്കുന്നതിനു വേണ്ടിയാണ്. പഠിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. പഠിച്ച സംഗതി പ്രയോഗത്തിൽ വരുത്തുകയെന്നത് അതിലേറെ പ്രയാസമേറിയ കാര്യമാണ്. സൈനിക ശാസ്ത്രത്തെക്കുറിച്ചു ക്ളാസുമുറികളിലൊ പുസ്തകങ്ങളിലൊ ചർച്ച ചെയ്യുമ്പോൾ പലരും പ്രാഗത്ഭ്യമുള്ളവരായി കാണപ്പെടാറുണ്ട്. പക്ഷെ യഥാർത്ഥ യുദ്ധത്തിൽ ഇതിൽ ചിലർ ജയിക്കുകയും മററുള്ളവർ തോല്ക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ചരിത്രവും യുദ്ധത്തിലെ നമ്മുടെതന്നെ അനുഭവവും ഇക്കാര്യം തെളിയിച്ചിട്ടുണ്ട്.

അപ്പോൾ എവിടെയാണു കാര്യത്തിന്റെ കാതൽ? യഥാർത്ഥ ജീവിതത്തിൽ 'നിത്യവിജയികളായ പടനായകരെ' നമുക്ക് അന്വേഷിച്ച് പിടിക്കാൻ കഴിയുകയില്ല. അങ്ങനെയുള്ളവർ ചരിത്രത്തിൽ വളരെ വിരളമാണ്. നമുക്ക് അന്വേഷിക്കാൻ കഴിയുന്നതു ധീരരും ബുദ്ധികൂർമ്മതയുള്ളവരും സാധാരണയായി യുദ്ധത്തിന്റെ ഗതിയിൽ പോരാടി വിജയിക്കുന്നവരും ബുദ്ധിസാമർത്ഥ്യത്തെ ധൈര്യവുമായി സംയോജിപ്പിക്കുന്നവരുമായ പടനായകന്മാരെയാണ്. ബുദ്ധിശാലിയും ധീരനുമായിത്തീരുന്നതിന് ആഗ്രഹിക്കുന്നയാൾ ഒരു രീതി കൈവരിക്കേണ്ടതുണ്ട്, പഠനത്തിലും പഠിച്ചതു പ്രയോഗിക്കുന്നതിലും ഉപയോഗിക്കാവുന്ന ഒരു രീതി സമ്പാദിക്കേണ്ടതുണ്ട്.

എന്തു രീതി? ശത്രുവിന്റെയും നമ്മുടെയും സ്ഥിതികളുടെ എല്ലാ വശങ്ങളും മനസിലാക്കുകയും ഇരുവശങ്ങളുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ കണ്ടുപിടിക്കുകയും ഈ നിയമങ്ങളെ നമ്മുടെ സ്വന്തം പ്രവർത്തനങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുക എന്നതാണത്,

'സാഹചര്യങ്ങൾക്കനുസൃതമായി തത്വങ്ങളുടെ അയവേറിയ പ്രയോഗത്തിന്റെ' ആവശ്യത്തെപ്പററിയും പരാജയപ്പെട്ടാൽ എടുക്കേണ്ട നടപടികളെപ്പററിയുമാണ് പല രാജ്യങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ള സൈനിക മാനുവലുകൾ ചൂണ്ടിക്കാണിക്കുന്നത്. തത്വങ്ങൾ തീരെ അയവില്ലാതെ പ്രയോഗിക്കുന്നതുവഴിയായി ആത്മനിഷ്ഠമായ തെററുകൾ ചെയ്യുന്നതിനെതിരെ ഒരു സൈനിക നേതാവിന് താക്കീതുകൾ നല്കുന്നതിനാണ് മുകളിൽ ആദ്യം പറഞ്ഞ കാര്യം അവർ സൂചിപ്പിക്കുന്നത്. ആത്മനിഷ്ഠമായ തെററുകൾ ചെയ്തു കഴിഞ്ഞോ വസ്തുനിഷ്ഠ സാഹചര്യങ്ങളിൽ അപ്രതീക്ഷിതവും, അപ്രതിരോധ്യവുമായ മാററങ്ങൾ സംഭവിച്ചു കഴിഞ്ഞോ ഉള്ള സ്ഥിതിഗതിയെ ഫലപ്രദമായി നേരിടുന്നതിന് അയാൾക്ക് കഴിവുണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ടിയാണ് അവ രണ്ടാമത്തെകാര്യം ചൂണ്ടിക്കാണിക്കുന്നത്. എന്തുകൊണ്ടാണ് ആത്മനിഷ്ഠമായ തെററുകൾ ചെയ്യുന്നത്? സേനകൾ ഒരു യുദ്ധത്തിലൊ പോരാട്ടത്തിലൊ വിന്യസിക്കപ്പെടുന്ന രീതി ഒരു നിദ്ദിഷ്ട സമയത്തിന്റെയോ സ്ഥലത്തിന്റെയോ സാഹചര്യങ്ങൾക്ക് യോജിക്കാത്തതുകൊണ്ടും ആത്മനിഷ്ഠമായ മാർഗദർശനം വസ്തുനിഷ്ഠമായ സാഹചര്യങ്ങളുമായി അവയ്ക്കൊത്തു മാറാത്തതോ ആയിരിക്കുന്നതുകൊണ്ടും, മററു വാക്കുകളിൽ പറഞ്ഞാൽ ആത്മനിഷ്ഠതയും വസ്തുനിഷ്ഠതയും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കാത്തതുകൊണ്ടുമാണ് അത് സംഭവിക്കുന്നത്. എന്തുകാര്യം ചെയ്യുകയാണെങ്കിലും ഇത്തരം സ്ഥിതികൾ ചുരുക്കമായി മാത്രമെ ഒഴിവാക്കാൻ കഴിയുകയുള്ളു, എങ്കിലും ചിലയാളുകൾ മററുള്ളവരെക്കാൾ കൂടുതൽ കാര്യക്ഷമതയുള്ളവരായി കാണപ്പെടാറുണ്ട്. ഏതു ജോലിയിലും നാം താരതമ്യേന ഉയർന്ന തോതിലുള്ള കാര്യക്ഷമത ആവശ്യപ്പെടാറുള്ളതുപോലെ തന്നെ യുദ്ധത്തിലും കൂടുതൽ വിജയങ്ങൾ അല്ലെങ്കിൽ മറിച്ച് വളരെ കുറച്ചു മാത്രം പരാജയങ്ങൾ ഉണ്ടാകണമെന്നു നാം ആവശ്യപ്പെടുന്നു. ഇവിടെ നിർണായകമായ കാര്യം ആത്മനിഷ്ഠതയും വസ്തുനിഷ്ഠതയും തമ്മിൽ ശരിയായ പരസ്പരയോജിപ്പ് കൈവരുത്തുകയെന്നതാണ്.



അടവുകളിലെ ഒരുദാഹരണം തന്നെയെടുക്കുക. ആക്രമണ ബിന്ദു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശത്രു സൈന്യത്തിന്റെ പാർശ്വത്തിലായിരിക്കുകയും അത് ശരിക്കും അവന്റെ ദുർബല സ്ഥാനത്തായിരിക്കുകയും, തൽഫലമായി ആക്രമണം വിജയിക്കുകയും ചെയ്യുകയാണെങ്കിൽ അപ്പോൾ ആത്മനിഷ്ഠതയും വസ്തുനിഷ്ഠതയും തമ്മിൽ പൊരുത്തപ്പെടുന്നു. അതായതു കമാൻററുടെ പ്രാരംഭ പരിശോധനയും വിലയിരുത്തലും തീരുമാനവും ശത്രുവിന്റെ യഥാർത്ഥ സ്ഥിതിയ്ക്കും ക്രമീകരണങ്ങൾക്കും അനുയുക്തമായി എന്നർത്ഥം. ആക്രമണത്തിന് തെരഞ്ഞെടുത്ത സ്ഥാനം മറെറാരു പാർശ്വത്തിലൊ മദ്ധ്യത്തിലൊആയിരിക്കുകയും ആക്രമണം ഒരു പ്രതിബന്ധത്തിൽ തട്ടി മുന്നേറാതിരിക്കുകയുമാണെങ്കിൽ മേല്പറഞ്ഞ രീതിയിലുള്ള പൊരുത്തം ഇല്ലെന്നാണർത്ഥം. ആക്രമണങ്ങൾ കൃത്യസമയത്തായിരിക്കുകയും, കരുതൽ ശക്തികളെ വളരെ താമസിച്ചോ നേരത്തെയോ അല്ലാതെ ഉപയോഗിക്കുകയുമാണെങ്കിൽ പോരാട്ടത്തിലെ മറെറല്ലാ ക്രമീകരണങ്ങളും പ്രവർത്തനങ്ങളും ശത്രുവിനല്ല നമുക്കാണ് അനുകൂലമെങ്കിൽ പിന്നെ പോരാട്ടത്തിലുടനീളമുള്ള ആത്മനിഷ്ഠ മാർഗദർശനം വസ്തുനിഷ്ഠ സാഹചര്യവുമായി തികച്ചും പൊരുത്തമുള്ളതാകുന്നു. പോരാട്ടത്തിൽ ഏർപ്പെടുന്നവർ ആയുധം ധരിച്ചവരും മററുള്ളവരിൽ നിന്നും സ്വന്തം രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമായിരിക്കണം ജീവനുള്ള മനുഷ്യജീവികളുടെ സംഘങ്ങളായതുകൊണ്ട് പൂർണമായ ഇത്തരം തികഞ്ഞ പൊരുത്തം വിരളമാണ്. ഇത് അചേതനവസ്തുക്കളൊ, ചിട്ടപ്പടി സംഗതികളൊ കൈകാര്യംചെയ്യുന്നതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. പക്ഷെ കമാൻറർ നൽകുന്ന മാർഗദർശനം പൊതുവെ യഥാർത്ഥ പരിതസ്ഥിതിയുമായി പൊരുത്തപ്പെടുകയാണെങ്കിൽ അതായത് നിർണായക ഘടകങ്ങൾ യഥാർത്ഥഗതിയുമായി പൊരുത്തപ്പെടുകയാണെങ്കിൽ, അപ്പോൾ വിജയത്തിനുള്ള

ഒരു അടിത്തറ ഉണ്ടായിരിക്കുന്നു എന്ന് പറയാം. ഒരു സേനാനായകന്റെ
ശരിയായ വിന്യാസങ്ങൾ ഉടലെടുക്കുന്നത് അയാളുടെ ശരിയായ തീരു
മാനങ്ങളിൽ നിന്നും, ശരിയായ തീരുമാനങ്ങൾ ഉടലെടുക്കുന്നത് അയാ
ളുടെ ശരിയായ വിലയിരുത്തലുകളിൽ നിന്നും, ശരിയായ വിലയിരു
ത്തലുകൾ ഉടലെടുക്കുന്നത്, സമഗ്രവും ആവശ്യവുമായ നിരീക്ഷണ
ത്തിൽ നിന്ന് ശേഖരിച്ച വിവിധതരം സ്ഥിതിവിവരങ്ങൾ മനസിൽ
തുലനം ചെയ്യുകയും ചേർത്തു വച്ച് നോക്കുകയും ചെയ്യുന്നതിൽ നി
ന്നുമാണ്. അയാൾ രംഗനിരീക്ഷണത്തിൽ സാദ്ധ്യവും ആവശ്യവു
മായ എല്ലാ രീതികളും പ്രയോഗിക്കുകയും ശത്രുവിന്റെ സ്ഥിതിഗ
തികളെ സംബന്ധിച്ച് ശേഖരിക്കപ്പെട്ട വിവരങ്ങളെക്കുറിച്ചു പര്യാലോ
ചിക്കുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നത് കീടത്തെ കളഞ്ഞും
സത്തിനെ തിരഞ്ഞെടുത്തും, വ്യാജ്യമായതിനെ ഒഴിവാക്കിയും സത്യമായ
തിനെ നിലനിർത്തിയും ഇവയിൽ ഒന്നിൽനിന്ന് മറ്റൊന്നിലേക്കും, പു
റത്തുനിന്ന് അകത്തേക്കും നീങ്ങിയും ആണ്. ഇങ്ങിനെ ചെയ്തതിനു
ശേഷം അയാൾ തന്റെ ഭാഗത്തുള്ള സാഹചര്യങ്ങളെ കണക്കിലെടുക്കുക
യും ഇരുവശങ്ങളെയും അവയുടെ പരസ്പര ബന്ധങ്ങളെയും കുറിച്ച്
പഠിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും തീരുമാനമെടുക്കുക
യും തന്റെ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നു. ഒരു സൈനി
കൻ തന്ത്രപരമായ പദ്ധതിയോ ക്യാമ്പെയിൻ സംബന്ധിച്ച പദ്ധതി
യോ ഒരു പോരാട്ടത്തെ സംബന്ധിച്ച പദ്ധതിയോ ആവിഷ്കരിക്കു
ന്നതിന് മുമ്പ് കടന്നുപോകുന്നതും ഒരു സ്ഥിതിഗതിയെക്കുറിച്ച്
അറിയുന്നതുമായ സമ്പൂർണ പ്രക്രിയ ഇത്തരത്തിലുള്ളതാണ്. പ
ക്ഷേ ഇതു ചെയ്യുന്നതിനു പകരം ശ്രദ്ധയില്ലാത്ത ഒരു സൈനികൻ
തന്റെ ആഗ്രഹചിന്തകളിന്മേൽ സ്വന്തം സൈനിക പദ്ധതികളെ
സ്ഥാപിക്കുന്നു. തന്മൂലം അയാളുടെ പദ്ധതികൾ സാങ്കല്പിക
വും, യാഥാർത്ഥ്യവുമായി പൊരുത്തമില്ലാത്തതുമായിത്തീരുന്നു. ഉൽ
സാഹത്തിനെ മാത്രം ആശ്രയിച്ച് പ്രവർത്തിക്കുന്ന അവിവേകിയായ
ഒരു സൈനികനെ ശത്രു കബളിപ്പിക്കാനോ, ശത്രുവിന്റെ സ്ഥിതി
യുടെ ഏതെങ്കിലും ഉപരിപ്ലവമോ ഭാഗികമൊ ആയ വശംവഴി തെറ്റി
ക്കാനോ യഥാർത്ഥ അറിവിലും അവഗാഢമായ ഉൾക്കാഴ്ചയിലും അ
ധിഷ്ഠിതമല്ലാത്തതും കീഴുദ്യോഗസ്ഥന്മാരിൽ നിന്ന് വരുന്നതുമായ
നിരുത്തരവാദപരമായ നിർദ്ദേശങ്ങൾ സ്വാധീനിക്കാനോ സാദ്ധ്യതയു
ണ്ട്. അതുകൊണ്ട് അയാൾ കന്മതിലിൽ ചെന്നു തലയടിക്കാൻ ഇട
യാകുന്നു. കാരണം ഓരോ സൈനിക പദ്ധതിയും ആവശ്യം വേണ്ട നി
രീക്ഷണത്തിന്മേലും ശത്രുവിന്റെ സ്ഥിതിയുടെയും തന്റെ തന്നെ
സ്ഥിതിയുടെയും അവയുടെ പരസ്പര ബന്ധങ്ങളുടെയും സൂ
ക്ഷ്മതയോടുകൂടിയ പരിഗണനയിന്മേലും അധിഷ്ഠിതമായിരിക്ക
ണമെന്ന് അയാൾക്കറിയാൻ വയ്യ, അതിനൊട്ട് അയാൾ ആഗ്രഹിക്കുക
യും ചെയ്യുന്നില്ല.

ഒരു സ്ഥിതിയെക്കുറിച്ച് അറിയുന്ന പ്രക്രിയ ഒരു സൈനിക പ
ദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പ് മാത്രമല്ല അതിനു ശേഷവും
മുന്നോട്ട് പോകുന്നുണ്ട്. ഒരു പദ്ധതി നടപ്പാക്കുന്നതു മുതൽ പ്രവർ
ത്തനം അവസാനിക്കുന്നതുവരെയുള്ളവ അതിന്റെ നിർവഹണത്തിൽ,
സ്ഥിതിഗതി മനസിലാക്കുന്നതിന്റെ മറ്റൊരു പ്രക്രിയ, അതായത്
പ്രയോഗത്തിന്റെ പ്രക്രിയ എന്നൊന്നുണ്ട്. ഈ പ്രക്രിയ മുന്നോട്ട്
പോകുമ്പോൾ മുൻപ്രക്രിയയിൽ ആവിഷ്കരിക്കപ്പെട്ട പദ്ധതി യാ
ഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട
ത് ആവശ്യമാണ്. അത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാതിരി
ക്കുകയോ, അഥവാ അത് പൂർണമായി പൊരുത്തപ്പെടാതിരിക്കുകയോ
ആണെങ്കിൽ നമ്മുടെ നിഗമനങ്ങളുടെ വെളിച്ചത്തിൽ പുതിയ നിഗമന



ങ്ങൾ രൂപീകരിക്കേണ്ടതും പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതും പു
തിയ സാഹചര്യത്തെ നേരിടുന്നതിന് കഴിയത്തക്കതരത്തിൽ ആദ്യപദ്ധ
തി മാറ്റേണ്ടതും ആവശ്യമായിത്തീരുന്നു. ഓരോ പ്രവർത്തനം നടക്കു
മ്പോഴും പദ്ധതി ഭാഗികമായി മാറ്റപ്പെടുന്നു; ചിലപ്പോൾ അത് പൂർ
ണമായി മാറ്റുകപോലും ചെയ്യുന്നു. ഇത്തരം ഭേദഗതികളുടെ ആവ
ശ്യം മനസിലാക്കാതിരിക്കുകയോ അവയെ മാറ്റാൻ തയ്യാറാകാതിരിക്കുക
യോ ചെയ്യുന്ന അന്ധമായി പ്രവർത്തിക്കുന്ന അവിവേകിയായ മനു
ഷ്യൻ അനിവാര്യമായും കന്മതിലിൽ ചെന്ന് തലയിടിച്ചു വീഴുന്നു.

മേൽപറഞ്ഞത് തന്ത്രപരമായ ഒരു പ്രവർത്തനത്തിനും ഒരു ക്യാമ്പെ
യിനിനും പോരാട്ടത്തിനും ബാധകമാണ്. പരിചയസമ്പന്നനായ ഒരു
സൈനികൻ വിനയവാനും പഠിക്കാൻ സന്നദ്ധതയുള്ളവനുമാണെങ്കിൽ
അയാൾക്ക് തന്റെ തന്നെ സൈനിക ശക്തികളുടെ(അതായത് കമാൻഡ
റന്മാർ, സാധാരണ പടയാളികൾ, ആയുധങ്ങൾ, ഭക്ഷ്യവസ്തുക്കൾ,
തുടങ്ങിയവയും അവയുടെ ആകെത്തുകയും) സ്വഭാവവുമായും, ശത്രു
സൈന്യത്തിന്റെ (അതായത് കമാൻഡറന്മാർ, സാധാരണ സൈനികർ,
ആയുധങ്ങൾ, ആഹാരസാധനങ്ങൾ തുടങ്ങിയവയും അവയുടെ ആകെ
ത്തുകയും) സ്വഭാവവുമായും, രാജ്യതന്ത്രം, ധനതത്വശാസ്ത്രം, ഭൂമിശാ
സ്ത്രം; കാലാവസ്ഥ തുടങ്ങി യുദ്ധവുമായി ബന്ധപ്പെട്ട മറ്റെല്ലാ
സാഹചര്യങ്ങളുമായും പരിചയപ്പെടാൻ കഴിയും. ഇത്തരമൊരു സൈ
നികന് ഒരു യുദ്ധമോ പോരാട്ടമോ നയിക്കുന്നതിന് കൂടുതൽ മെച്ചപ്പെ
ട്ട ഗ്രാഹ്യം ഉണ്ടായിരിക്കുമെന്നതിനു പുറമെ അയാൾക്ക് വിജയം വരി
ക്കാൻ കൂടുതൽ സാദ്ധ്യതയുമുണ്ട്. അയാൾക്ക് ഇത് നേടാൻ കഴിയു
ന്നതിന്റെ കാരണം വളരെ ദീർഘമായ ഒരു കാലം ശത്രു പക്ഷത്തും ത
ന്റെ ഭാഗത്തുമുള്ള സ്ഥിതിഗതിയെക്കുറിച്ച് അയാൾ മനസിലാക്കി എ
ന്നതും, അയാൾ പ്രവർത്തനത്തിനുള്ള നിയമങ്ങൾ കണ്ടുപിടിച്ചു എന്ന
തും, ആത്മനിഷ്ഠവും വസ്തുനിഷ്ഠവും തമ്മിലുള്ള വൈരുദ്ധ്യ
ങ്ങൾ പരിഹരിച്ചു എന്നതുമാണ്. ഈ ജ്ഞാനസമ്പാദന പ്രക്രിയ അത്യ
ധികം പ്രധാനപ്പെട്ടതാണ്. ഇത്തരത്തിലുള്ള ദീർഘമായ ഒരു അനുഭവ
കാലഘട്ടമില്ലാതെ ഒരു പൂർണ്ണ യുദ്ധത്തിന്റെ നിയമങ്ങളെക്കുറിച്ചു മന
സിലാക്കാനും അവ ഉൾക്കൊള്ളാനും പ്രയാസമുള്ള കാര്യമാണ്. ഒരു
തുടക്കക്കാരനോ, കടലാസിൽ മാത്രം യുദ്ധം ചെയ്യുന്ന ഒരാൾക്കോ യഥാർ
ത്ഥത്തിൽ കഴിവും ഉന്നതനിലവാരവുമുള്ള, ഒരു കമാൻഡറാവാൻ സാ
ദ്ധ്യമല്ല, യുദ്ധത്തിലെ യഥാർത്ഥ പോരാട്ടത്തിലൂടെ പഠിച്ച ഒരാൾക്കു
മാത്രമെ അത് കഴിയുകയുള്ളു.

താത്വിക സ്വഭാവമുള്ള എല്ലാ സൈനിക നിയമങ്ങളും സൈനിക സി
ദ്ധാന്തങ്ങളും മുൻകാലത്തെയും നമ്മുടെ കാലത്തെയും ജനങ്ങൾ സമാഹ
രിച്ച കഴിഞ്ഞകാല യുദ്ധങ്ങളുടെ അനുഭവങ്ങളാണ്, രക്തം ചൊരി
ഞ്ഞ് നേടിയതും കഴിഞ്ഞകാല യുദ്ധങ്ങളുടെ പൈതൃകവും ആയ ഈ
പാഠങ്ങൾ നാം ഗൗരവപൂർവം പഠിക്കേണ്ടതുണ്ട്. ഒരു കാര്യം അതാണ്,
പക്ഷെ വേറൊന്നുകൂടിയുണ്ട്. പ്രയോജനമുള്ളതിനെ സാത്മീകരി
ച്ചുകൊണ്ടും പ്രയോജന ശൂന്യമായതിനെ തള്ളിക്കളഞ്ഞുകൊണ്ടും പ്ര
ത്യേകിച്ചും നമ്മുടെതായതിനെ കൂട്ടിച്ചേർത്തും ഈ നിഗമനങ്ങളെ നാം
നമ്മുടെതന്നെ അനുഭവപരീക്ഷണത്തിന് വിധേയമാക്കേണ്ടതുണ്ട്.
രണ്ടാമതു പറഞ്ഞത് വളരെ പ്രധാനപ്പെട്ടതാണ്. അതില്ലെങ്കിൽ ഒരു
യുദ്ധത്തെ നയിക്കുന്നതിനു നമുക്കു കഴിയുകയില്ല.

വായിക്കുക എന്നത് പഠനമാണ്, എന്നാൽ പ്രയോഗവും പഠനമാ
ണ്. കൂടുതൽ പ്രധാനപ്പെട്ടതരം പഠനം രണ്ടാമത്തേതാണ്. നമ്മുടെ
പ്രധാന രീതി യുദ്ധം ചെയ്യലിലൂടെ യുദ്ധം ചെയ്യാൻ പഠിക്കുക എ
ന്നതാണ്. സ്കൂളിൽ പോകാൻ അവസരമില്ലാതിരുന്ന ഒരാൾക്കും യു
ദ്ധം ചെയ്യൽ പഠിക്കാൻ കഴിയും—യുദ്ധത്തിലെ പോരാട്ടത്തിലൂടെ

യാണ് അത് അയാൾക്ക് പഠിക്കാൻ കഴിയുന്നത്. ഒരു വിപ്ലവയുദ്ധം ഒരു ബഹുജന സംരംഭമാണ്. പലപ്പോഴും അത് ആദ്യം പഠിക്കുകയും പിന്നെ പ്രവർത്തിക്കുകയും ചെയ്യാവുന്ന ഒരു കാര്യമല്ല, മറിച്ചു പ്രവർത്തിക്കുകയും അതോടെ പഠിക്കുകയും ചെയ്യുക എന്ന കാര്യമാണ്, കാരണം പ്രവർത്തിക്കൽ തന്നെ പഠനമാണ്. ഒരു സാധാരണ പൗരനും ഒരു പടയാളിയും തമ്മിൽ ഒരു വിടവുണ്ട്. പക്ഷെ അതൊരു വൻ മതിലല്ല ആ വിടവ് എളുപ്പം അടയ്ക്കാൻ കഴിയും. അതടയ്ക്കുന്നതിനുള്ള മാർഗം വിപ്ലവത്തിലും, യുദ്ധത്തിലും പങ്കെടുക്കുക എന്നതാണ്. പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യുകയെന്നത് എളുപ്പമല്ല എന്നുപറയുന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത് പരിപൂർണമായി പഠിക്കുകയും സമർത്ഥമായി പ്രയോഗിക്കുകയും ചെയ്യുക എന്നത് പ്രയാസമാണെന്നാണ്. സാധാരണ പൗരന്മാർക്ക് വളരെ എളുപ്പത്തിൽ സൈനികരായിത്തീരാൻ കഴിയും എന്ന് പറയുമ്പോൾ നാം അർത്ഥമാക്കുന്നത് പടിപ്പുര കടക്കുക അത്രക്ക് വിഷമകരമല്ല എന്നാണ്. മേൽപറഞ്ഞ രണ്ടു പ്രസ്താവനകളെയും സംയോജിപ്പിക്കുന്ന ഒരു ചൈനീസ് പഴമൊഴി ഉദ്ധരിക്കട്ടെ. 'സ്വന്തം മനസിനെ ഒരു കാര്യത്തിൽ അർപ്പിക്കുന്ന ഒരാൾക്ക് നേടാൻ വിഷമകരമായി ലോകത്ത് യാതൊന്നും തന്നെയില്ല' കർത്തവ്യത്തിൽ മനസുറപ്പിക്കുന്നവനും പഠനത്തിൽ പ്രാഗൽഭ്യമുള്ളവനുമായ ഒരാൾക്ക് പടിപ്പുര കടക്കലും പ്രാവീണ്യം നേടലും പ്രയാസമുള്ള ഒരു കാര്യമല്ല.

മറ്റെല്ലാ സംഗതികളെയും നിയന്ത്രിക്കുന്ന നിയമങ്ങളെപ്പോലെ തന്നെ യുദ്ധത്തിന്റെ നിയമങ്ങളും നമ്മുടെ മനസിൽ പതിയുന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളുടെ പ്രതിഫലനങ്ങളാണ്; മനസിനു വെളിയിലുള്ളതെല്ലാം വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളാണ്, തൽഫലമായി പഠിക്കുകയും അറിയുകയും ചെയ്യാനുള്ളതിൽ ശത്രുപക്ഷത്തും നമ്മുടെ ഭാഗത്തുമുള്ള കാര്യങ്ങൾ ഉൾപ്പെടുന്നു. ഇവ രണ്ടിനെയും പഠനവിഷയമായി കരുതേണ്ടതുണ്ട്. അതേ സമയം പഠനം നടത്തുന്നത് കർത്താവായ മനസ് (ചിന്തിക്കാനുള്ള കഴിവ്) മാത്രമാണ്. ചില യാളുകൾ സ്വയം അറിയുന്ന കാര്യത്തിൽ മിടുക്കരും സ്വന്തം ശത്രുക്കളെ അറിയുന്ന കാര്യത്തിൽ മോശക്കാരുമാണ്, ചിലർ നേരെ മറിച്ചാണ്. ഈ രണ്ടുകൂട്ടർക്കും യുദ്ധത്തിന്റെ നിയമങ്ങൾ പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യുക എന്ന പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. പുരാതന ചൈനയിലെ മികച്ച സൈനിക ശാസ്ത്രജ്ഞനായ സുൺ വു സുവിന്റെ പുസ്തകത്തിൽ ഒരു ചൊല്ലുണ്ട്. 'ശത്രുവിനെ അറിയുക, തന്നെത്താൻ അറിയുക, എന്നാൽ പരാജയത്തിന്റെ അപകടം കൂടാതെ നിങ്ങൾക്ക് ഒരു നൂറു പോരാട്ടങ്ങൾ നടത്താൻ കഴിയും.'[2] പഠനഘട്ടത്തെയും പ്രയോഗ ഘട്ടത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ വികാസ നിയമങ്ങൾ അറിയുകയും നമ്മെ അഭിമുഖീകരിക്കുന്ന ശത്രുവിനെ പരാജയപ്പെടുത്തുന്നതിൽ ഈ നിയമങ്ങൾക്കനുസൃതമായി സ്വന്തം പ്രവർത്തനം എന്തായിരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്യുന്ന ഈ ചൊല്ലിനെ നാം നിസാരമായി കാണരുത്.

രാഷ്ട്രങ്ങൾ തമ്മിലും ദേശങ്ങൾ, വർഗങ്ങൾ, രാഷ്ട്രീയ ഗ്രൂപ്പുകൾ എന്നിവതമ്മിലുമുള്ള സമരങ്ങളുടെ ഏററവും ഉയർന്ന രൂപമാണ് യുദ്ധം. യുദ്ധത്തിലേർപ്പെടുന്ന ദേശങ്ങൾ, രാഷ്ട്രങ്ങൾ, വർഗങ്ങൾ രാഷ്ട്രീയ ഗ്രൂപ്പുകൾ എന്നിവ വിജയം വരിക്കുന്നതിന് എല്ലാ യുദ്ധ നിയമങ്ങളും പ്രയോഗിക്കുന്നു. യുദ്ധത്തിൽ വിജയവും പരാജയവും നിർണയിക്കപ്പെടുന്നത് പ്രധാനമായും ഇരുവശത്തുമുള്ള സൈനികവും രാഷ്ട്രീയവും സാമ്പത്തികവും പ്രകൃതിപരവുമായ സാഹചര്യങ്ങളിലാണ് എന്നതിൽ സംശയമില്ല. പക്ഷെ അത് ഇക്കാരണത്താൽ മാത്രമല്ല ഉണ്ടാ



വുന്നത്. അത് നിർണയിക്കപ്പെടുന്നത് യുദ്ധം നയിക്കുന്നതിൽ ഓരോവശത്തിന്റെയും ആത്മനിഷ്ഠമായ കഴിവുകൊണ്ടു കൂടിയാണ്. യുദ്ധം നയിക്കുന്നതിനുള്ള ഈ ശ്രമത്തിൽ ഒരു സൈനികന് ഭൗതിക പരിതഃസ്ഥിതികൾ അടിച്ചേൽപ്പിക്കുന്ന പരിമിതികളെ അതിലംഘിക്കാൻ കഴിയുകയില്ല, ഏതായാലും ഈ പരിമിതികൾക്കുള്ളിൽ നിന്ന് വിജയത്തിനുവേണ്ടി കഠിനശ്രമം ചെയ്യാൻ അയാൾക്കു കഴിയും, കഴിയണം. ഒരു സൈനികന് പ്രവർത്തനത്തിനുള്ള വേദി പടുത്തുയർത്തി ഇട്ടിരിക്കുന്നത് വസ്തുനിഷ്ഠ ഭൗതിക സാഹചര്യങ്ങളിന്മേലാണ്, എങ്കിലും ആ വേദിയിന്മേൽ അയാൾക്ക് ശബ്ദവും വർണ്ണവും ശക്തിയും മേളവും നിറഞ്ഞ നിരവധി നാടകങ്ങളുടെ അരങ്ങേററത്തിനു വഴിയൊരുക്കാൻ കഴിയും. അതുകൊണ്ട്, വസ്തുനിഷ്ഠ ഭൗതികാടിത്തറകളുണ്ടെങ്കിൽ—അതായത് സൈനികവും രാഷ്ട്രീയവും സാമ്പത്തികവും പ്രകൃതിപരവുമായ സാഹചര്യങ്ങളുണ്ടെങ്കിൽ നമ്മുടെ ചുവപ്പുസേനാ കമാൻററന്മാർ ദേശീയവും വർഗപരവുമായ ശത്രുക്കളെ തകർക്കുന്നതിലും തിന്മനിറഞ്ഞ ഈ ലോകത്തെ പരിവർത്തനം ചെയ്യുന്നതിലും സ്വന്തം വീര്യം പ്രദർശിപ്പിക്കുകയും എല്ലാശക്തികളെയും അണിനിരത്തുകയും ചെയ്യുന്നതായിരിക്കും. ഇവിടെയാണ് ഒരു യുദ്ധം നയിക്കുന്നതിലുള്ള നമ്മുടെ ആത്മനിഷ്ഠമായ കഴിവുകൾ പ്രദർശിപ്പിക്കാൻ കഴിയുന്നത്, പ്രദർശിപ്പിക്കേണ്ടത്. നമ്മുടെ ചുവപ്പുസേനാ കമാൻറർമാർ അബദ്ധത്തിൽ ചെന്നുചാടുന്ന സാഹസികരാവാൻ നാം അനുവദിക്കുകയില്ല; ഓരോ ചുവപ്പുസേനാ കമാൻററും യുദ്ധത്തിന്റെ മാററങ്ങളുടെയും ഗതിവിഗതികളുടെയും കാലത്തൊട്ടാകെ എല്ലാററിനെയും ആക്രമിച്ചു കീഴടക്കുന്ന ധീരനും സൂക്ഷ്മനിരീക്ഷണ ശക്തിയുള്ളവനും, ധീരതയുള്ളവനും സ്ഥിതിഗതികൾ നിയന്ത്രിക്കാൻ കഴിവുള്ളവനും ആയ വീരപുരുഷനായിത്തീരണമെന്നാണ് വ്യക്തമായും നാം ആഗ്രഹിക്കുന്നത്. യുദ്ധസമുദ്രത്തിൽ നീന്തുന്ന അയാൾ തളർന്നു പോകരുതെന്നുമാത്രമല്ല കൃത്യമായി തുഴഞ്ഞ് മറുകര എത്തുമെന്ന കാര്യം ഉറപ്പാക്കുകകൂടി ചെയ്യേണ്ടതുണ്ട്. യുദ്ധം നയിക്കുന്നതിനുള്ള നിയമങ്ങൾ തന്നെയാണ് യുദ്ധസമുദ്രത്തിൽനീന്തുന്ന കലയായിത്തീരുന്നത്.

നമ്മുടെ രീതികളെപ്പററി ഇത്രയുമാണ് പറയാനുള്ളത്.

അദ്ധ്യായം 2

# ചൈനീസ് കമ്യൂണിസ്ററുപാർട്ടിയും ചൈനയുടെ വിപ്ലവയുദ്ധവും

1924–ൽ ആരംഭിച്ച ചൈനീസ് വിപ്ലവയുദ്ധം 1924–മുതൽ 1927വരെയും 1927മുതൽ 1936 വരെയുമുള്ള രണ്ടു ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ജപ്പാനെതിരായ ദേശീയ വിപ്ലവയുദ്ധഘട്ടം ഇനി ആരംഭിക്കും. ഈ വിപ്ലവയുദ്ധം അതിന്റെ മൂന്നു ഘട്ടങ്ങളിലും ചൈനീസ് തൊഴിലാളിവർഗത്തിന്റെയും അതിന്റെ പാർട്ടിയായ ചൈനീസ് കമ്യൂണിസ്ററു പാർട്ടിയുടെയും നേതൃത്വത്തിൻ കീഴിലാണു നടന്നിട്ടുള്ളതും നടക്കുന്നതും നടക്കാൻ പോകുന്നതും. ചൈനയുടെ വിപ്ലവയുദ്ധത്തിലെ പ്രധാന ശത്രുക്കൾ സാമ്രാജ്യത്വവും നാടുവാഴിത്തശക്തികളുമാണ്. ചില ചരിത്രഘട്ടങ്ങളിൽ ചൈനീസ് ബൂർഷ്വാസി

വിപ്ളവയുദ്ധത്തിൽ പങ്കെടുത്തേക്കാമെങ്കിലും അതിന്റെ സ്വാർത്ഥതയും രാഷ്ട്രീയവും സാമ്പത്തികവുമായ അസ്വാതന്ത്ര്യവും ചൈനീസ് വിപ്ളവയുദ്ധത്തെ പൂർണവിജയപന്ഥാവിലേക്കു നയിക്കുന്നതിന് അതിനെ വിമുഖരും അശക്തരും ആക്കിത്തീർക്കുന്നുണ്ട്. ചൈനീസ് കർഷകബഹുജനങ്ങളും നഗര പെററി ബൂർഷ്വാസിയും വിപ്ളവയുദ്ധത്തിൽ സജീവമായ ഒരു പങ്കു വഹിക്കാനും അതിനെ പൂർണ്ണവിജയത്തിലേയ്ക്കെത്തിക്കാനും ആഗ്രഹിക്കുന്നുണ്ട്. അവരാണു വിപ്ളവയുദ്ധത്തിലെ പ്രധാന ശക്തികളെങ്കിലും, ചെറുകിട ഉൽപാദകരായതുകൊണ്ട് അവർ പരിമിതമായ രാഷ്ട്രീയ വീക്ഷണമുള്ളവരും (തൊഴിൽ രഹിതരായ ബഹുജനങ്ങളിൽ ചിലർക്ക് അരാജകവീക്ഷണവുമുണ്ട്) തന്മൂലം യുദ്ധത്തിൽ ശരിയായ നേതൃത്വം കൊടുക്കാൻ കഴിവില്ലാത്തവരും ആണ്. അതുകൊണ്ടു രാഷ്ട്രീയ വേദിയിൽ തൊഴിലാളി വർഗം രംഗപ്രവേശം ചെയ്തു കഴിഞ്ഞിട്ടുള്ള ഒരു യുഗത്തിൽ ചൈനയുടെ വിപ്ളവയുദ്ധം നയിക്കുന്നതിനുള്ള ഉത്തരവാദിത്വം അനിവാര്യമായും ചൈനീസ് കമ്യൂണിസ്ററു പർട്ടിയുടെ ചുമലിൽ വന്നുചേരുന്നു ഈ യുഗത്തിൽ ഒരു വിപ്ളവയുദ്ധത്തിനു തൊഴിലാളി വർഗത്തിന്റെയും കമ്യൂണിസ്ററു പാർട്ടിയുടെയും നേതൃത്വം ഇല്ലാതിരിക്കുകയോ ആ വർഗം അതിന് എതിരായിരിക്കുകയോ ചെയ്താൽ അതു തീർച്ചയായും പരാജയത്തിൽ കലാശിക്കും. അർദ്ധ കൊളോണിയൽ ചൈനയിലെ എല്ലാ സാമൂഹ്യതലങ്ങളിലും രാഷ്ട്രീയ വിഭാഗങ്ങളിലുംവച്ചു സങ്കുചിത മനസ്ഥിതിയും സ്വാർത്ഥതയും ഇല്ലാത്തതും, രാഷ്ട്രീയമായി അങ്ങേയററം ദീർഘവീക്ഷണമുള്ളതും, ഏററവും സംഘടിതവും, ലോകത്താകെയുള്ള മുന്നണിവർഗമായ തൊഴിലാളിവർഗത്തിന്റെയും അതിന്റെ രാഷ്ട്രീയ പാർട്ടിയുടെയും അനുഭവത്തിൽനിന്നു തുറന്ന മനസോടെ പഠിക്കാനും സ്വന്തം ലക്ഷ്യത്തിനുവേണ്ടി ഈ അനുഭവത്തെ പ്രയോഗിക്കാനും ഏററവുമധികം സന്നദ്ധതയുള്ളതും തൊഴിലാളിവർഗമാണ്; കമ്യൂണിസ്ററു പാർട്ടിയാണ്. അതുകൊണ്ടു കർഷകരെയും നഗരത്തിലെ പെററി ബൂർഷ്വാസിയേയും ബൂർഷ്വാസിയേയും നയിക്കുന്നതിനും, കർഷകർ, പെററി ബൂർഷ്വാസി എന്നിവരുടെ സങ്കുചിത മനോഭാവത്തെയും തൊഴിൽരഹിതരായ ജനവിഭാഗങ്ങളുടെ നശീകരണ സ്വഭാവത്തെയും (കമ്യൂണിസ്ററു പാർട്ടിക്ക് സ്വന്തം നയത്തിൽ തെററുപററാത്തപക്ഷം) ബൂർഷ്വാസിയുടെ ചാഞ്ചാട്ടം, സ്ഥിരതയില്ലായ്മ എന്നിവയെയും തരണം ചെയ്യുന്നതിനും വിപ്ളവത്തെയും യുദ്ധത്തെയും വിജയപഥത്തിലേക്കു നയിക്കുന്നതിനും തൊഴിലാളി വർഗത്തിനും കമ്യൂണിസ്ററു പാർട്ടിക്കും മാത്രമെ കഴിയുകയുള്ളു.

അടിസ്ഥാനപരമായി പറഞ്ഞാൽ ചൈനീസ് ദേശീയ ബൂർഷ്വാസിയുടെയും അതിന്റെ പാർട്ടികളുടെയുംമേൽ, സാർവദേശീയ തൊഴിലാളി വർഗവും ചൈനീസ് തൊഴിലാളിവർഗവും അതിന്റെ പാർട്ടിയും രാഷ്ട്രീയ സ്വാധീനം ചെലുത്തുകയും അവരുമായി സഹകരണത്തിൽ ഏർപ്പെടുകയും ചെയ്ത സാഹചര്യങ്ങളിൽ ആയിരുന്നു. 1924–27ലെ വിപ്ളവയുദ്ധം നടത്തപ്പെട്ടത്. ഏതായാലും ഈ വിപ്ളവയുദ്ധം നിർണ്ണായകഘട്ടത്തിൽ പരാജയപ്പെടുകയാണുണ്ടായത്. പ്രധാനമായും വൻകിട ബൂർഷ്വാസി വഞ്ചകരായി മാറിയതും അതേസമയം വിപ്ളവത്തണികളിൽ തന്നെയുള്ള അവസരവാദികൾ സ്വയമേ തന്നെ വിപ്ളവ നേതൃത്വത്തെ അടിയറ വച്ചതുമായിരുന്നു ഇതിനു കാരണം.

1927 മുതൽ ഇന്നുവരെ തുടർന്നുപോന്ന കാർഷികവിപ്ളവയുദ്ധം പുതിയ സാഹചര്യങ്ങളിലാണു നടത്തപ്പെട്ടത്. ഈ യുദ്ധത്തിലെ ശത്രു സാമ്രാജ്യത്വം മാത്രമല്ല; വൻകിട ബൂർഷ്വാസിയും വൻകിട ഭൂപ്രഭുക്കളും തമ്മിലുള്ള സഖ്യവുംകൂടിയാണ്. ദേശീയ ബൂർഷ്വാസിയാവട്ടെ വൻകിട ബൂർഷ്വാസിയുടെ വാലായിത്തീർന്നിട്ടുണ്ട്. കമ്യൂണി



സ്ററുപാർട്ടി തനിച്ചാണ് വിപ്ളവയുദ്ധത്തെ നയിക്കുന്നത്. അത് ഈ യുദ്ധത്തിൽ അതിന്റെ സമഗ്രമായ നേതൃത്വം സ്ഥാപിച്ചിരിക്കുന്നു. വിപ്ളവയുദ്ധത്തെ അതിന്റെ പര്യവസാനംവരെ ദൃഢമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിവു നൽകുന്ന ഏററവും പ്രധാനപ്പെട്ട വ്യവസ്ഥയാണ്. സമഗ്രമായ ഈ നേതൃത്വം ഇത്തരം നിരന്തരയത്നത്തോടുകൂടി വിപ്ളവയുദ്ധത്തെ മുന്നോട്ടു കൊണ്ടുപോകുക എന്നത് ഇതിന്റെ അഭാവത്തിൽ അചിന്ത്യമാണ്.

ചൈനീസ് കമ്യൂണിസ്ററുപാർട്ടി ചൈനീസ് വിപ്ളവത്തെ ധീരമായും നിശ്ചയദാർഢ്യത്തോടുകൂടിയും നയിച്ചിട്ടുണ്ട്. ജനങ്ങളുടെ താല്പര്യസംരക്ഷണത്തിനും, അവരുടെ സ്വാതന്ത്ര്യത്തിനും വിമോചനത്തിനും വേണ്ടിയുള്ള വിപ്ളവയുദ്ധത്തിന്റെ മുന്നണിയിൽ പോരാടിക്കൊണ്ടു കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി അത് ജനങ്ങളുടെ സുഹൃത്താണെന്നു മുഴുവൻ രാഷ്ട്രത്തിനേയും കാണിച്ചുകൊടുത്തു. ക്ളേശകരമായ സമരങ്ങളിലൂടെ ധീരരായ ലക്ഷക്കണക്കിന് അംഗങ്ങളുടേയും പതിനായിരക്കണക്കിനു കേഡറന്മാരും രക്തസാക്ഷിത്വത്തിലൂടേയും ചൈനീസ് കമ്യൂണിസ്ററുപാർട്ടി രാജ്യമാസകലമുള്ള ദശലക്ഷക്കണക്കിനാളുകൾക്കിടയ്ക്കു വിദ്യാഭ്യാസപരമായ ഒരു വലിയ പങ്കു വഹിക്കുകയുണ്ടായിട്ടുണ്ട്. വിപ്ളവസമരങ്ങളിൽ പാർട്ടിയുടെ ചരിത്രപരമായ വമ്പിച്ച നേട്ടങ്ങൾ, ഒരു ദേശീയ ശത്രുവിന്റെ ആക്രമണം നടക്കുന്ന നിർണ്ണായകസന്ദർഭത്തിൽ ചൈനയുടെ അതിജീവനത്തിനും മോചനത്തിനും വേണ്ടിയുള്ള മുന്നുപാധികൾ നൽകിയിട്ടുണ്ട്. മഹാഭൂരിപക്ഷം ജനതയുടെ വിശ്വാസം ആർജിക്കാനും ദീർഘകാലത്തെ പരീക്ഷണത്തിനുശേഷം അവരാൽ തിരഞ്ഞെടുക്കപ്പെടാനും കഴിഞ്ഞിട്ടുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തിന്റെ നിലനിൽപ്പാണ് ഈ മുന്നുപാധി. ഇന്നു കമ്യൂണിസ്ററുപാർട്ടി പറയുന്നതു മററ് ഏതൊരു രാഷ്ട്രീയപാർട്ടി പറയുന്നതിലും കൂടുതലായി സ്വീകരിക്കാൻ ജനങ്ങൾ സന്നദ്ധത കാണിക്കുന്നുണ്ട്. കഴിഞ്ഞ പതിനഞ്ചു വർഷക്കാലം ചൈനീസ് കമ്യൂണിസ്ററുപാർട്ടി നടത്തിയ ക്ളേശപൂർണ്ണമായ സമരങ്ങൾ ഇല്ലായിരുന്നെങ്കിൽ ഈ പുതിയ കീഴടക്കൽ വിപത്തിനെ നേരിടുന്ന സന്ദർഭത്തിൽ ചൈനയെ രക്ഷിക്കുക എന്നത് അസാദ്ധ്യമാകുമായിരുന്നു.

ചെൻ ടു സ്യു[4] വിന്റെ വലതു പക്ഷ അവസരവാദത്തിന്റെയും ലി ലി–സാന്റെ[5] 'ഇടതുപക്ഷ' അവസരവാദത്തിന്റെയും തെററുകൾക്കുപുറമേ വിപ്ലവയുദ്ധത്തിനിടയിൽ ചൈനീസ് കമ്യൂണിസ്ററുപാർട്ടി മററു രണ്ടുതെററുകൾകൂടി വരുത്തിയിട്ടുണ്ട്. ഇതിൽ ഒന്നാമത്തെതററ് 1931–34 കാലത്തെ[6] 'ഇടതു'പക്ഷ അവസരവാദമാണ്. ഇത് കാർഷികയുദ്ധത്തിൽ ഗുരുതരമായ നഷ്ടങ്ങൾക്കിടയാക്കി തന്മൂലം ശത്രുവിന്റെ അഞ്ചാം 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനിനെ പരാജയപ്പെടുത്തുന്നതിനു പകരം നമുക്ക് നമ്മുടെ ചുവപ്പുപ്രദേശങ്ങൾ നഷ്ടപ്പെടുകയും ചുവപ്പുസേന ദുർബലപ്പെടുകയും ചെയ്തു. 1935 ജനുവരിയിൽ ട്സുൻലിയിൽ കൂടിയ കേന്ദ്രക്കമ്മിററിയുടെ പോളിററ്ബ്യൂറോയുടെയും വിപുലീകൃതയോഗത്തിൽ വച്ച് ഈ തെററ് തിരുത്തപ്പെട്ടു. രണ്ടാമത്തേത് 1935–36ലെ[7] ചാങ്–ടാവോയുടെ വലതുപക്ഷ അവസരവാദമായിരുന്നു. അത് പാർട്ടിയുടെയും ചുവപ്പുസേനയുടെയും അച്ചടക്കത്തിനു തുരങ്കം വയ്ക്കുകയും ചുവപ്പുസേനയുടെ പ്രധാന വിഭാഗങ്ങൾക്ക് ഭാഗികമായി ഗുരുതരമായ നഷ്ടങ്ങൾ വരുത്തുന്നതിലേക്കുവരെ വളരുകയുണ്ടായി, കേന്ദ്രക്കമ്മിററിയുടെ ശരിയായ നേതൃത്വം കൊണ്ടും പാർട്ടിമെമ്പർമാർ, കമാൻഡർമാർ ചുവപ്പുസേനയിലെ പടയാളികൾ എന്നിവരുടെ രാഷ്ട്രീയ ബോധം കൊണ്ടും അവസാനം ഈ തെററും തിരുത്തുകയുണ്ടായി. ഈ തെററുകളെല്ലാം നമ്മുടെ പാർട്ടിക്കും വിപ്ളവത്തിനും യുദ്ധത്തിനും തീർച്ചയായും ദോഷകരമായിരുന്നു.

പക്ഷെ അവസാനം ഇവയെ നാം അതിജീവിക്കുകയും അങ്ങിനെ ചെയ്യുന്നതിലൂടെ നമ്മുടെ പാർട്ടിയും ചുവപ്പുസേനയും ഉരുക്കുപോലുറച്ച് കുറേക്കൂടി ശക്തിയാർജ്ജിക്കുകയും ചെയ്തു.

ചൈനീസ് കമ്യൂണിസ്ററു പാർട്ടി ചടുലവും ഉജ്ജ്വലവും വിജയകരവുമായ വിപ്ലവയുദ്ധത്തിനു നേതൃത്വം കൊടുത്തിട്ടുണ്ട്, ഇപ്പോഴും നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ യുദ്ധം ചൈനയുടെ വിമോചനത്തിൻെറ കൊടിക്കൂറയാണെന്നു മാത്രമല്ല അതിന് സർവ്വദേശീയ വിപ്ലവപ്രാധാന്യവുമുണ്ട്. ലോകത്താകെയുള്ള വിപ്ലവജനത നമ്മെ ഉററുനോക്കുകയാണ്. ഈ പുതിയഘട്ടത്തിൽ, അതായത് ജാപ്പനീസ് വിരുദ്ധ ദേശീയ വിപ്ലവത്തിൻെറ കാലഘട്ടത്തിൽ നാം ചൈനീസ് വിപ്ളവത്തെ അതിൻെറ പരിസമാപ്തിയിലേക്ക് നയിക്കും. അത് പൗരസ്ത്യദേശത്തും ലോകത്താകെയുമുള്ള വിപ്ളവത്തിന്മേൽ അഗാധമായ സ്വാധീനം ചെലുത്തും. നമുക്ക് ശരിയായ ഒരു മാർക്സിസ്ററ് രാഷ്ട്രീയ ലൈനിനെ പോലെതന്നെ ശരിയായ ഒരു മാർക്സിസ്ററ് സൈനികലൈനും ആവശ്യമാണെന്ന് നമ്മുടെ വിപ്ളവയുദ്ധം തെളിയിച്ചിട്ടുണ്ട്. പതിനഞ്ചുവർഷത്തെ വിപ്ലവവും യുദ്ധവും അത്തരം രാഷ്ട്രീയ സൈനിക ലൈനുകൾ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ഇന്നുമുതലുള്ള യുദ്ധത്തിൻെറ പുതിയഘട്ടത്തിൽ ഈ ലൈനുകൾ പുതിയസാഹചര്യങ്ങൾക്കനുസരിച്ച് കുറെക്കൂടിവികസിപ്പിക്കപ്പെടുമെന്നും പൂർണ്ണമാക്കപ്പെടുമെന്നും സമ്പന്നമാക്കപ്പെടുമെന്നും, അതുവഴി ദേശീയ ശത്രുവിനെ പരാജയപ്പെടുത്തുക എന്ന നമ്മുടെ ലക്ഷ്യം നേടാൻ കഴിയുമെന്നും നാം വിശ്വസിക്കുന്നു. ശരിയായ രാഷ്ട്രീയ, സൈനിക ലൈനുകൾ സ്വയോത്ഭവമായും പ്രശാന്തമായും ആവിർഭവിക്കുകയും വികസിക്കുകയുമില്ലെന്ന്, സമരഗതിയിൽ മാത്രമാണ് അത് ഉണ്ടാവൂ എന്നും ചരിത്രം നമ്മോടുപറയുന്നു. ഈ ലൈനുകൾക്ക് ഒരു വശത്ത് 'ഇടതു' പക്ഷ അവസരവാദത്തെയും മറുവശത്ത് വലതുപക്ഷ അവസരവാദത്തെയും എതിർക്കേണ്ടതുണ്ട്. വിപ്ളവത്തിനും വിപ്ളവയുദ്ധത്തിനും ഹാനിവരുത്തുന്ന ദോഷകരമായ ഈ പ്രവണതകൾക്കെതിരെ പൊരുതാതെയും അവയെ നിശേഷം പരാജയപ്പെടുത്താതെയും ശരിയായ ഒരു ലൈൻ സ്ഥാപിക്കുന്നതിനും ഈ യുദ്ധത്തിൽ വിജയം വരിക്കുന്നതിനും കഴിയുകയില്ല. ഇക്കാരണത്താലാണ് ഈ ലഘുലേഖയിൽ അബദ്ധ വീക്ഷണങ്ങളെക്കുറിച്ച് ഞാൻ പലപ്പോഴും പ്രതിപാദിക്കുന്നത്.

അദ്ധ്യായം 3

# ചൈനയുടെ വിപ്ളവയുദ്ധത്തിൻെറ സ്വഭാവവിശേഷങ്ങൾ

## 1. ഈ വിഷയത്തിൻെറ പ്രാധാന്യം

ചൈനയുടെ വിപ്ളവയുദ്ധത്തിന് തനതായ സ്വഭാവവിശേഷങ്ങളുണ്ടെന്നു സമ്മതിക്കാത്തവരും, അറിയാൻ വയ്യാത്തവരും, അറിയാൻ ആഗ്രഹിക്കാത്തവരും ആയ ആളുകൾ, കോമിന്താങ് സേനകൾക്കെതിരെ ചുവപ്പുസേന നടത്തുന്ന യുദ്ധത്തെപൊതുവിലുള്ള യുദ്ധത്തിനും



സോവിയററ് യൂണിയനിലെ ആഭ്യന്തര യുദ്ധത്തിനും തുല്യപ്പെടുത്തി കാണുകയുണ്ടായി. ലെനിൻെറയും സ്ററാലിൻെറയും നേതൃത്വത്തിൽ സോവിയററ് യൂണിയനിൽ നടന്ന ആഭ്യന്തര യുദ്ധത്തിൻെറ അനുഭവത്തിന് ലോക വ്യാപകമായ പ്രാധാന്യമുണ്ട്, ചൈനീസ് കമ്യൂണിസ്ററ് പാർട്ടി ഉൾപ്പെടെ എല്ലാ കമ്യൂണിസ്ററ് പാർട്ടികളും ഈ അനുഭവത്തെയും ലെനിനും സ്ററാലിനും അതിന് നൽകിയ സൈദ്ധാന്തിക സമാഹരണത്തെയും തങ്ങളുടെ വഴി കാട്ടിയായി കരുതുന്നു. പക്ഷെ ഇതിനർത്ഥം നാം അത് നമ്മുടെ സാഹചര്യങ്ങളിൽ യാന്ത്രികമായി ഉപയോഗിക്കണമെന്നല്ല. ചൈനീസ് വിപ്ളവയുദ്ധത്തിന് സോവിയററ് യൂണിയനിലെ ആഭ്യന്തര യുദ്ധത്തിൽനിന്ന് വിവിധ വശങ്ങളിൽ വേർതിരിച്ചു നിർത്തുന്ന സവിശേഷതകളുണ്ട്, ഈ സവിശേഷതകളെ കണക്കിലെടുക്കാതിരിക്കുകയോ അവയുടെ അസ്തിത്വത്തെ നിഷേധിക്കുകയോ ചെയ്യുന്നത് തീർച്ചയായും തെററായിരിക്കും. ഇക്കാര്യം പത്തുവർഷത്തെ നമ്മുടെ യുദ്ധകാലത്ത് പൂർണ്ണമായും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്.

നമ്മുടെ ശത്രുവും ഇതേമാതിരി തെററുകൾ വരുത്തിയിട്ടുണ്ട്.

ചുവപ്പുസേനയ്ക്കെതിരെ യുദ്ധം ചെയ്യുന്നതിന് മററ് സൈന്യങ്ങൾക്കെതിരെ സമരം ചെയ്യുന്നതിൽ നിന്ന് വ്യത്യസ്തമായ തന്ത്രവും വ്യത്യസ്തമായ അടവുകളും ആവശ്യമാണെന്ന് ശത്രു മനസിലാക്കിയില്ല. വിവിധ മണ്ഡലങ്ങളിൽ തനിക്കുള്ള മേന്മയിലൂന്നിക്കൊണ്ട് അവർ നമ്മെ നിസാരമായി കാണുകയും തൻെറ പഴയ യുദ്ധ രീതികളിൽ തന്നെ പിടിച്ചു തൂങ്ങുകയും ചെയ്തു. 1933–ലെ നാലാം വലയം ചെയ്ത്, അടിച്ചമർത്തൽ' ക്യാമ്പെയിൻ കാലത്തും അതിന് മുമ്പും ഇതായിരുന്നു സ്ഥിതി. തൽഫലമായി അവർക്ക് തുടരെ പരാജയങ്ങളെ നേരിടേണ്ടി വന്നു. ആദ്യം പിന്തിരിപ്പൻ കോമിന്താങ് ജനറൽ ല്യൂ വെയ്–യുവാനും പിന്നീട് ടായ് യുവേയും ഈ പ്രശ്നത്തെ സംബന്ധിച്ച് കോമിന്താങ് സൈന്യത്തിൽ ഒരു പുതിയ സമീപനം നിർദ്ദേശിക്കുകയുണ്ടായി. അവരുടെ ആശയം ചിയാങ് കെയ്ഷെക് ക്രമേണ സ്വീകരിച്ചു. ഇതനുസരിച്ചാണ് ലുഷാനിലെ ഓഫീസർമാരുടെ പരിശീലന കോർ് നിലവിൽ വരികയും അഞ്ചാം 'വലയം ചെയ്ത്, അടിച്ചമർത്തൽ' ക്യാമ്പെയിനിൽ പുതിയ പിന്തിരിപ്പൻ സൈനിക പ്രാമണങ്ങൾ പ്രയോഗിക്കപ്പെടുകയും ചെയ്തത്.

പക്ഷെ ചുവപ്പുസേനയ്ക്കെതിരായുള്ള പോരാട്ടങ്ങൾക്ക് യോജിയ്ക്കത്തക്കതരത്തിൽ ശത്രു തൻെറ സൈനിക പ്രമാണങ്ങളിൽ മാററം വരുത്തിയപ്പോൾ നമ്മുടെ അണികളിൽ 'പഴയ മാർഗങ്ങളിലേക്ക്' പിന്തിരിയുന്ന ഒരു കൂട്ടം ആളുകൾ പ്രത്യക്ഷപ്പെട്ടു. സാമാന്യ കാര്യങ്ങൾക്ക് ചേർന്ന മാർഗങ്ങളിലേക്ക് തിരിച്ചു പോകണമെന്നു നിർബന്ധിക്കുകയും, ഓരോ കാര്യത്തിൻെറയും സവിശേഷ സാഹചര്യങ്ങൾ ആഴത്തിൽ പഠിക്കാൻ കൂട്ടാക്കാതിരിക്കുകയും, ചുവപ്പുസേനയുടെ രക്തരൂഷിത യുദ്ധങ്ങളുടെ ചരിത്രത്തിൽ നിന്ന് നേടിയ അനുഭവങ്ങളെ നിരാകരിക്കുകയും സാമ്രാജ്യത്വം, കോമിന്താങ്, കോമിന്താങ് സൈന്യം എന്നിവയുടെ ശക്തിയെ കുറച്ചു കാണുകയും ശത്രു കൈക്കൊണ്ടിട്ടുള്ള പുതിയ പിന്തിരിപ്പൻ പ്രമാണങ്ങളുടെ നേരെ കണ്ണടക്കുകയുമാണ് അവർ ചെയ്തത്. ഇതിൻെറ ഫലമായി ഷെൻഡി–കാൻഡ് അതിർത്തി പ്രദേശമൊഴികെ എല്ലാ വിപ്ളവ താവള പ്രദേശങ്ങളും നഷ്ടപ്പെടുകയും, 300000 പേരിൽ നിന്ന് കുറച്ചു ദശസഹസ്ര ആൾക്കാരുള്ള ഒന്നായി ചുവപ്പു സേന ചുരുങ്ങുകയും, ചൈനീസ് കമ്യൂണിസ്ററ് പാർട്ടിയുടെ അംഗസംഖ്യ 300000 ത്തിൽ നിന്ന് കുറച്ച് ദശസഹസ്രം മാത്രമായി ചുരുങ്ങുകയും, കോമിന്താങ് പ്രദേശങ്ങളിലെ പാർട്ടി സംഘടനകൾ ഏറെക്കുറെ എല്ലാംതന്നെ നശിപ്പിക്കപ്പെടുകയും

ചുരുക്കിപ്പറഞ്ഞാൽ നാം ഒരു കനത്ത പിഴ നൽകേണ്ടിവന്നു. അതാകട്ടെ ചരിത്രപ്രധാനമായ ഒന്നായിരുന്നു. ഈ ആൾക്കാർ സ്വയം മാർക്സിസ്റ്റ് ലെനിനിസ്റ്റുകൾ എന്നു വിളിച്ചുപോന്നെങ്കിലും, യഥാർത്ഥത്തിലവർ മാർക്സിസം ലെനിനിസത്തിന്റെ ഒരു അംശം പോലും പഠിച്ചിരുന്നില്ല. മാർക്സിസത്തിന്റെ ഏററവും കാതലായ കാര്യം, മാർക്സിസത്തിന്റെ ജൈവചൈതന്യം, സമൂർത്തസാഹചര്യങ്ങളുടെ സമൂർത്ത അപഗ്രഥനമാണെന്ന്[10] ലെനിൻ പറഞ്ഞിട്ടുണ്ട്. നമ്മുടെ ഈ സഖാക്കൾ ശരിക്കും വിസ്മരിച്ച കാര്യം അതായിരുന്നു.

അതുകൊണ്ട് ചൈനയിലെ വിപ്ളവയുദ്ധത്തിന്റെ സ്വഭാവവിശേഷങ്ങളെക്കുറിച്ചുള്ള ധാരണയില്ലാതെ അതിനെ നയിക്കുന്നതിനോ വിജയിപ്പിക്കുന്നതിനോ സാദ്ധ്യമല്ല എന്ന് നമുക്ക് കാണാൻ കഴിയും.

## 2. ചൈനയിലെ വിപ്ളപയുദ്ധത്തിന്റെ സ്വഭാവവിശേഷങ്ങൾ എന്തെല്ലാമാണ്?

അപ്പോൾ ചൈനയിലെ വിപ്ളവയുദ്ധത്തിന്റെ സ്വഭാവ വിശേഷങ്ങൾ എന്തെല്ലാമാണ്?

പ്രധാനപ്പെട്ട നാലെണ്ണം ഉണ്ടെന്ന് ഞാൻ വിചാരിക്കുന്നു.

ഒന്നാമതു ചൈന വിസ്തൃതമായ ഒരു അർദ്ധകൊളോണിയൽ രാജ്യമാണെന്നതുതന്നെ. അതു രാഷ്ട്രീയമായും സാമ്പത്തികമായും അസമമായി വളർന്നതും 1924–27–ലെ വിപ്ളവത്തിലൂടെ കടന്നുപോന്നതുമായ ഒരു രാജ്യമാണ്.

ചൈനയുടെ വിപ്ളവയുദ്ധം വികസിക്കാനും വിജയം വരിക്കാനും സാദ്ധ്യതയുണ്ടെന്നാണ് ഈ സ്വഭാവവിശേഷം സൂചിപ്പിക്കുന്നത്. ഹുനാൻ കിയാങ്ങ്സി അതിർത്തി പ്രദേശത്തിന്റെ ഒന്നാംപാർട്ടി കോൺഗ്രസിൽ ഇതിനകംതന്നെ ഇക്കാര്യം നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അന്ന്, അതായത് 1927 അവസാനവും 1928 ആദ്യവും, ചൈനയിൽ ഗറില്ലായുദ്ധം ആരംഭിച്ചതിനുശേഷം ഹുനാൻ–കിയാങ്ങ്സി അതിർത്തി പ്രദേശത്തെ ചിങ്ങ്കാങ്ങ് പർവതങ്ങളിൽ പാർക്കുന്ന ചില സഖാക്കൾ താഴെപ്പറയുന്ന ചോദ്യം ഉന്നയിച്ചു: 'എത്ര കാലം നമുക്കു ചുവപ്പുകൊടി പാറിച്ചുകൊണ്ടിരിക്കാൻ കഴിയും?' ഇത് ഏററവും മൗലികമായ ഒരു ചോദ്യമായിരുന്നു എന്നതാണു ഇതിനു കാരണം. ചൈനയുടെ വിപ്ളവതാവള പ്രദേശങ്ങൾക്കും ചൈനീസ് ചുവപ്പുസേനയ്ക്കും അതിജീവിയ്ക്കാനും വികസിക്കാനും കഴിയുമോ എന്ന ഈ ചോദ്യത്തിന് ഉത്തരം പറയാതെ നമുക്ക് ഒരൊററയടി മുന്നോട്ടുവയ്ക്കുവാൻ കഴിയുമായിരുന്നില്ല. 1928_ൽ കൂടിയ ചൈനീസ് കമ്യൂണിസ്ററു പാർട്ടിയുടെ ആറാം ദേശീയ കോൺഗ്രസ് വീണ്ടും ഈ ചോദ്യത്തിന് ഉത്തരം നൽകി. അതിനുശേഷം വിപ്ളവപ്രസ്ഥാനത്തിനു ശരിയായ ഒരു താത്വികാടിസ്ഥാനം ഉണ്ടായിരുന്നിട്ടുണ്ട്.

ഇനി നമുക്ക് ഈ സ്വഭാവവിശേഷത്തെ വിശകലനം ചെയ്യാം.

ചൈനയുടെ രാഷ്ട്രീയ, സാമ്പത്തിക വികാസം, അസമമാണ്— ദുർബലമായ ഒരു മുതലാളിത്ത സമ്പദ്ഘടന പ്രാധാന്യത്തിൽ മുന്തിനിൽക്കുന്ന ഒരു അർദ്ധഫ്യൂഡൽ സമ്പദ്ഘടനയുമായി സഹവർത്തിക്കുന്നു; കുറച്ച് ആധുനിക വ്യാവസായിക വ്യാപാരനഗരങ്ങൾ വിപുലവും കെട്ടിനിൽക്കുന്നതുമായ നാട്ടിൻപുറവുമായി സഹവർത്തിക്കുന്നു; നിരവധി ദശലക്ഷം വ്യാവസായിക തൊഴിലാളികൾ പഴയ സമ്പ്രദായത്തിൻ കീഴിൽ പണിയെടുത്തു കഴിയുന്നു; നിരവധി നൂറു ദശലക്ഷം കൃഷിക്കാരും കരകൗശല ജോലിക്കാരുമായി സഹവർത്തിക്കുന്നു; കേന്ദ്രഗവർമ്മെണ്ടിനെ നിയന്ത്രിക്കുന്ന വൻകിട യുദ്ധപ്രഭുക്കന്മാർ പ്രവിശ്യകളെ



നിയന്ത്രിക്കുന്ന ചെറിയ യുദ്ധപ്രഭുക്കളുമായി സഹവർത്തിക്കുന്നു; രണ്ടുതരം പിന്തിരിപ്പൻ സൈന്യങ്ങൾ, അതായത് ചിയാങ്ങ് കെയ്ഷെക്കിന്റെ കീഴിലുള്ള കേന്ദ്രസൈന്യമെന്നു പറയപ്പെടുന്ന സേനയും, പ്രവിശ്യകളിൽ യുദ്ധപ്രഭുക്കളുടെ കീഴിലുള്ള 'പലവക സേനകളും' അടുത്തടുത്തു സ്ഥിതിചെയ്യുന്നു. കുറച്ചു റയിൽവേകളും ആവിക്കപ്പൽ ലൈനുകളും മോട്ടോർ റോഡുകളും, കാൽനടയായിപ്പോലും ക്രയവിക്രയത്തിനു പ്രയാസം സൃഷ്ടിക്കുന്ന ഒട്ടേറെ കാളവണ്ടിപ്പാതകളും നടപ്പാതകളുമായി സഹവർത്തിക്കുന്നു.

ചൈന ഒരു അർദ്ധകൊളോണിയൽ രാജ്യമാണ്— സാമ്രാജ്യത്ത രാജ്യങ്ങൾക്കിടക്കുള്ള അനൈക്യം ചൈനയിലെ ഭരണഗ്രൂപ്പുകൾക്കിടക്ക് അനൈക്യത്തിനു വഴിയൊരുക്കുന്നു. നിരവധി രാജ്യങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു അർദ്ധകൊളോണിയൽ രാജ്യവും ഒരൊററ രാജ്യത്തിന്റെ നിയന്ത്രണത്തിലുള്ള കോളനിയും തമ്മിൽ ഒരു വ്യത്യാസമുണ്ട്.

ചൈന വിശാലമായ ഒരു രാജ്യമാണ്— 'കിഴക്ക് ഇരുട്ടായിരിക്കുമ്പോൾ പടിഞ്ഞാറു പ്രകാശമായിരിക്കും ഉള്ളത്. തെക്ക് എല്ലാം ഇരുട്ടിലായിരിക്കുമ്പോഴും വടക്കു പ്രകാശം തങ്ങിനിൽക്കും.' അതുകൊണ്ടു പടനീക്കങ്ങൾക്കിടമില്ല എന്നു പറഞ്ഞു നമുക്കു വിഷമിക്കേണ്ടതില്ല.

ചൈന വമ്പിച്ച ഒരു വിപ്ളവത്തിലൂടെ കടന്നുപോയിരിക്കുന്നു– ഇതു ചുവപ്പുസേനയുടെ വളർച്ചക്കുള്ള വിത്തുകൾ പ്രദാനം ചെയ്യുകയും ചുവപ്പുസേനയുടെ നേതാവിനെ, അതായതു ചൈനീസ് കമ്യൂണിസ്ററുപാർട്ടിയെ നൽകുകയും ഒരു വിപ്ളവത്തിൽ പങ്കെടുത്തതിന്റെ അനുഭവം ജനങ്ങൾക്കുണ്ടാക്കിക്കൊടുക്കയും ചെയ്തിട്ടുണ്ട്.

അതുകൊണ്ടു ചൈനയിലെ വിപ്ളവയുദ്ധത്തിന്റെ ആദ്യത്തെ സ്വഭാവവിശേഷം രാഷ്ട്രീയമായും സാമ്പത്തികമായും അസമമായി വളർന്നതും വിപ്ളവത്തിലൂടെ കടന്നുപോന്നതുമായ ഒരു വിശാല അർദ്ധകൊളോണിയൽ രാജ്യത്താണ് അതു നടത്തപ്പെടുന്നത് എന്നതാണ് എന്നു നാം പറയുന്നു. ഈ സ്വഭാവവിശേഷം നമ്മുടെ സൈനിക തന്ത്രത്തെയും അടവുകളെയും അക്കൂടെ നമ്മുടെ രാഷ്ട്രീയതന്ത്രത്തെയും അടവുകളെയും അടിസ്ഥാനപരമായി നിർണയിക്കുന്നു.

രണ്ടാമത്തെ സ്വഭാവവിശേഷം നമ്മുടെ ശത്രു, വലുതും ശക്തവും ആണ് എന്നുള്ളതാണ്.

ചുവപ്പുസേനയുടെ ശത്രുവായ കുമിന്താങ്ങിന്റെ ഭാഗത്തെക്കായവരുടെ സ്ഥിതി എന്താണ്? അതു രാഷ്ടീയാധികാരം പിടിച്ചുപററുകയും സ്വന്തം അധികാരം ഏറെക്കുറെ ഉറപ്പിക്കുകയും ചെയ്ത ഒരു പാർട്ടിയാണ്. അതിനു ലോകത്തിലെ പ്രധാന വിപ്ളവവിരുദ്ധ രാഷ്ട്രങ്ങളുടെ പിന്തുണ ലഭിച്ചിട്ടുണ്ട്. അത് സ്വന്തം സൈന്യത്തെ പുതിയ രീതിയിൽ സംഘടിപ്പിച്ചതിന്റെ ഫലമായി ആ സൈന്യം ചൈനീസ് ചരിത്രത്തിലെ മററ് ഏതു സൈന്യത്തിൽനിന്നും വ്യത്യസ്തവും പൊതുവിൽ ആധുനിക രാഷ്ട്രങ്ങളിലെ സേനകൾക്കു തുല്യവും ആയിത്തീർന്നിട്ടുണ്ട്. ഈ സൈന്യം ചുവപ്പു സേനയെക്കാൾ ആയുധങ്ങളും മററു യുദ്ധോപകരണങ്ങളും ഉള്ളതും ചൈനീസ് ചരിത്രത്തിലെ മററ് ഏതു സേനയെക്കാളും അഥവാ അക്കാര്യത്തിൽ ഏതുരാജ്യത്തെയും സ്ഥിരസൈന്യത്തെക്കാളും വലിയതുമാണ്. കുമിന്താങ്ങ് സേനയും ചുവപ്പുസേനയും തമ്മിൽ അനന്തമായ വ്യത്യാസമുണ്ട്. ചൈനയുടെ രാജ്യതന്ത്രം സാമ്പത്തിക കാര്യങ്ങൾ, വാർത്താവിനിമയം സംസ്കാരം എന്നിവയുടെ പ്രധാന സ്ഥാനങ്ങളെ അഥവാ ആയുർരേഖകളെ കുമിന്താങ്ങാണ് നിയന്ത്രിക്കുന്നത്. അതിന്റെ രാഷ്ട്രീയാധികാരം ദേശവ്യാപകമാണ്,

അങ്ങിനെ വലുതും സുശക്തവുമായ ഒരു ശത്രുവിനെയാണു ചൈനീസ് ചുവപ്പുസേന നേരിടുന്നത്. ഇതാണ് ചൈനയുടെ വിപ്ലവയുദ്ധത്തിലെ രണ്ടാം സ്വഭാവവിശേഷം. ഇത് ചുവപ്പുസേനയുടെ സൈനിക പ്രവർത്തനങ്ങളെ പൊതുവിലുള്ള യുദ്ധങ്ങളുടെതിൽനിന്നും സോവിയററു യൂണിയനിലെ ആഭ്യന്തരയുദ്ധത്തിന്റേതിൽനിന്നും വടക്കൻ പര്യടനത്തിന്റേതിൽനിന്നും പല രീതിയിലും ആവശ്യമായും വ്യത്യസ്തമാക്കിത്തീർക്കുന്നു.

മൂന്നാമത്തെ സ്വഭാവവിശേഷം ചുവപ്പുസേന ചെറുതും ദുർബലവും ആണെന്നുള്ളതാണ്.

ഗറില്ലാ ഘടകങ്ങളായി ആരംഭിച്ച ചൈനീസ് ചുവപ്പുസേന നിലവിൽ വന്നത് ആദ്യത്തെ വലിയ വിപ്ലവത്തിന്റെ പരാജയത്തിനു ശേഷമാണ്. ഇത് സംഭവിച്ചത് ലോകത്തിലെ പിന്തിരിപ്പൻ മുതലാളിത്ത രാജ്യങ്ങളിൽ ആപേക്ഷികമായി രാഷ്ട്രീയ, സാമ്പത്തിക സുരക്ഷിതത്വമുള്ളതും, ചൈനയിൽ പിന്തിരിപ്പത്തം നിലനിന്നതുമായ ഒരു ഘട്ടത്തിലുമാണ്.

നമ്മുടെ രാഷ്ട്രീയാധികാരം നിലനിൽക്കുന്നത് ചിന്നിച്ചിതറിയതും ഒററപ്പെട്ടതുമായ പർവ്വതപ്രദേശങ്ങളിലോ വിദൂരപ്രദേശങ്ങളിലോ ആണ്. അതിന് ഒരുതരത്തിലുള്ള ബാഹ്യസഹായവും ലഭിക്കുന്നില്ല. കൂമിന്താങ്ങ് പ്രദേശങ്ങളിലേതിനോടു താരതമ്യപ്പെടുത്തുമ്പോൾ വിപ്ലവതാവള പ്രദേശങ്ങളിലെ സാമ്പത്തിക, സാംസ്കാരിക സ്ഥിതിഗതികൾ പിന്നോക്കമാണ്. വിപ്ലവതാവള പ്രദേശങ്ങൾ ഗ്രാമീണ ജില്ലകളെയും ചെറിയ പട്ടണങ്ങളെയും മാത്രമേ ഉൾക്കൊള്ളുന്നുള്ളു. ഈ പ്രദേശങ്ങൾ ആരംഭത്തിൽ വളരെ ചെറിയതായിരുന്നു; ഇതുവരെയായും അത് കൂടുതൽ വലിയതായിത്തീർന്നിട്ടുമില്ല. കൂടാതെ അവ ദ്രവാവസ്ഥയിലുള്ളതും സ്ഥാവര സ്വഭാവമില്ലാത്തതുമാണ്. ചുവപ്പുസേനയ്ക്ക് യഥാർത്ഥത്തിൽ ദൃഢീകൃതമായ അടിത്തറകളില്ല.

ചുവപ്പുസേന എണ്ണത്തിൽ കുറവാണ്, അതിന്റെ ആയുധങ്ങൾ മോശമാണ്, ആഹാരം, വസ്ത്രം, കിടക്ക എന്നീ ആവശ്യ സാധനങ്ങൾ ലഭിക്കുന്നതിന് അതിന് വലിയ വിഷമമുണ്ട്.

ഈ സ്വഭാവവിശേഷം ഇതിനുമുമ്പു പറഞ്ഞതിനു തികച്ചും വിപരീതമായ ഒന്നാണ്. രൂക്ഷമായ ഈ അന്തരത്തിൽ നിന്നാണ് ചുവപ്പുസേനയുടെ തന്ത്രവും അടവുകളും ഉയർന്നു വന്നിട്ടുള്ളത്.

നാലമത്തെ സ്വഭാവവിശേഷം കമ്യൂണിസ്ററു പാർട്ടി നേതൃത്വവും കാർഷികവിപ്ലവവുമാണ്,

ഈ സ്വഭാവവിശേഷം ഒന്നാമത്തേതിന്റെ അനിവാര്യ ഫലമാണ്. രണ്ട് സവിശേഷതകൾ ഉടലെടുക്കാൻ അത് ഇടയാക്കിയിട്ടുണ്ട്. ഒരു വശെ ചൈനയിലും മുതലാളിത്തലോകത്തൊട്ടുക്കും തിരിച്ചടിയുടെ ഒരു ഘട്ടത്തിലാണ് ചൈനയുടെ വിപ്ലവ യുദ്ധം നടക്കുന്നതെങ്കിലും അതു കമ്യൂണിസ്ററുപാർട്ടിയുടെ നേതൃത്വത്തിലായതുകൊണ്ടും അതിന് കർഷകരുടെ സഹായമുള്ളതുകൊണ്ടും വിജയം സാദ്ധ്യമാണ്. ഈ പിന്തുണ കാരണം നമ്മുടെ താവളപ്രദേശങ്ങൾ ചെറുതെങ്കിലും രാഷ്ട്രീയമായ വളരെ ശക്തിയുള്ളവയും വമ്പിച്ച കൂമിന്താങ്ങ് ഭരണത്തിനെതിരായി ഉറച്ചുനിൽക്കുന്നവയും ആണ്: അതേസമയം സൈനികമായി അവ കൂമിന്താങ്ങ് ആക്രമണങ്ങളുടെ മാർഗത്തിൽ വലിയ പ്രയാസങ്ങൾ നിരത്തി വയ്ക്കുന്നുണ്ട്. ചെറുതെങ്കിലും ചുവപ്പുസേനക്ക് വമ്പിച്ച ആയോധനശേഷിയുണ്ട്. കാരണം അതിന്റെ മെമ്പറന്മാർ ചൈനീസ് കമ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വത്തിൽ കർഷകയുദ്ധത്തിൽ നിന്ന് ഉണ്ടായതും തങ്ങളുടെതന്നെ താൽപര്യങ്ങൾക്കായി



സമരം ചെയ്യുന്നവരും ആണ് എന്നതും, അതിന്റെ കമാൻഡറന്മാരും പടയാളികളും രാഷ്ട്രീയമായി ഐക്യപ്പെട്ടിരിക്കുന്നു എന്നതുമാണ്.

നേരെ മറിച്ച് തികച്ചും വിപരീതമായ ഒരു ചിത്രമാണ് കൂമിന്താങ്ങ് അവതരിപ്പിക്കുന്നത്. കർഷക വിപ്ലവത്തെ എതിർക്കുന്നതിനാൽ കൃഷിക്കാരിൽനിന്ന് അതിന് പിന്തുണ ലഭിക്കുന്നില്ല. ഒരു വലിയ സേന സ്വന്തമായുണ്ടെങ്കിലും അതിനുവേണ്ടി മനസോടെ ജീവൻ അപകടപ്പെടുത്താൻ ഉൽഭവത്തിൽ ചെറുകിട ഉൽപ്പാദകരായിരുന്ന തങ്ങളുടെ സൈനികരെയും താഴത്തെ അണികളിലുള്ള ഉദ്യോഗസ്ഥന്മാരെയും സന്നദ്ധരാക്കാൻ അതിനു കഴിയുകയില്ല.

## 3. നമ്മുടെ തന്ത്രവും അടവുകളും ഈ സ്വഭാവവിശേഷങ്ങളിൽനിന്ന് ഉടലെടുക്കുന്നു

അങ്ങനെ ചൈനയുടെ വിപ്ലവയുദ്ധത്തിന്റെ നാലു പ്രധാന സ്വഭാവവിശേഷങ്ങൾ താഴെപ്പറയുന്നവയാണ്: രാഷ്ട്രീയമായും സാമ്പത്തികമായും അസമമായി വളർന്നതും ഒരു വലിയ വിപ്ലവത്തിലൂടെ കടന്നുപോയതുമായ വിശാലമായ ഒരു അർദ്ധകൊളോണിയൽ രാജ്യം; വലുതും പ്രബലനുമായ ഒരു ശത്രു; ചെറുതും ദുർബലവുമായ ഒരു ചുവപ്പുസേന; കാർഷിക വിപ്ലവം. ചൈനയിലെ വിപ്ലവയുദ്ധത്തെയും, തന്ത്രപരവും അടവുപരവുമായ അതിന്റെ നിരവധി പ്രമാണങ്ങളെയും നയിക്കുന്നതിനുള്ള ലൈൻ നിർണ്ണയിക്കുന്നത് ഈ സ്വഭാവവിശേഷങ്ങളാണ്. ആദ്യത്തെയും നാലാമത്തെയും സ്വഭാവവിശേഷങ്ങളിൽനിന്നു കാണാവുന്നത്, വളർന്ന ശത്രുവിനെ പരാജയപ്പെടുത്തുന്നതിനു ചൈനീസ് ചുവപ്പുസേനയ്ക്കു കഴിയും എന്നാണ്. രണ്ടും മൂന്നും സ്വഭാവവിശേഷങ്ങളിൽനിന്നു മനസിലാവുന്നത് വളരെ വേഗത്തിൽ വളരാനോ ശത്രുവിനെ വേഗത്തിൽ പരാജയപ്പെടുത്താനോ ചൈനീസ് ചുവപ്പുസേനയ്ക്കു കഴിയുകയില്ല എന്നാണ്. മററു വാക്കുകളിൽ പറഞ്ഞാൽ, യുദ്ധം നീണ്ടുനീണ്ടു പോകുമെന്നതിനു പുറമെ തെററായി കൈകാര്യം ചെയ്താൽ പരാജയപ്പെടാനും ഇടയാകും.

ചൈനയുടെ വിപ്ലവയുദ്ധത്തിന്റെ രണ്ടു വശങ്ങൾ ഇവയാണ്; അവ ഒരേ സമയത്തുതന്നെ നിലനിൽക്കുന്നു, അതായത് അതിനു അനുകൂലഘടകങ്ങളുമുണ്ട് പ്രയാസങ്ങളുമുണ്ട്. ഇതു ചൈനയുടെ വിപ്ലവയുദ്ധത്തിന്റെ മൗലിക നിയമമാണ്; ഇതിൽനിന്നു മററു പല നിയമങ്ങളും ഉടലെടുക്കുന്നു. നമ്മുടെ പത്തു വർഷത്തെ യുദ്ധചരിത്രം ഈ നിയമത്തിന്റെ സാധുത തെളിയിച്ചിട്ടുണ്ട്. കണ്ണുണ്ടെങ്കിലും ഈ മൗലികനിയമം കാണാൻ കഴിയാത്തയാൾക്കു ചൈനയുടെ വിപ്ലവയുദ്ധത്തിനു നേതൃത്വം നൽകുന്നതിനോ ചുവപ്പുസേനയെ വിജയത്തിലേക്കു നയിക്കുന്നതിനോ കഴിയുകയില്ല.

തത്വപരമായ താഴെപ്പറയുന്ന കാര്യങ്ങൾക്കു നാം ശരിയായ തീർപ്പുണ്ടാക്കണമെന്നതു വ്യക്തമായ ഒരു കാര്യമാണ്.

നമ്മുടെ തന്ത്രപരമായ ആഭിമുഖ്യം ശരിയായി നിർണ്ണയിക്കുക; കടന്നാക്രമണം നടത്തുന്ന അവസരത്തിൽ സാഹസികത്വത്തെ എതിർക്കുക; പ്രതിരോധത്തിലായിരിക്കുമ്പോൾ യാഥാസ്ഥിതികത്വത്തെ എതിർക്കുക; ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു മാറുന്ന സമയത്തു പലായനത്വത്തെ എതിർക്കുക.

ചുവപ്പുസേനയുടെ പോരാട്ടങ്ങളിൽ ഗറില്ലാസ്വഭാവത്തെ അംഗീകരിക്കുമ്പോൾത്തന്നെ ചുവപ്പുസേനയിലെ ഗറില്ലാ മനോഭാവത്തെ എതിർക്കുക.

ദീർഘകാല കാമ്പെയിനുകളെയും ശീഘ്രതീരുമാന തന്ത്രത്തെയും
എതിർക്കുകയും ദീർഘകാലയുദ്ധതന്ത്രത്തെയും ശീഘ്രതീരുമാന ക്യാ
മ്പെയിനുകളെയും ഉയർത്തിപ്പിടിക്കുകയും ചെയ്യുക.

സ്ഥിരയുദ്ധനിരകളെയും സ്ഥാനികയുദ്ധങ്ങളെയും എതിർ
ക്കുകയും പഴക്കമേറിയ യുദ്ധനിരകളെയും ചലനാത്മകയുദ്ധത്തെ
യും അനുകൂലിക്കുകയും ചെയ്യുക.

ശത്രുവിനെ വെറുതെ തുരത്തി ഓടിക്കുന്നതിനുള്ള പോരാട്ടത്തെ
എതിർക്കുകയും ശത്രുവിനെ ഉന്മൂലനം ചെയ്യുന്നതിനുള്ള പോരാട്ടത്തെ
ഉയർത്തിപ്പിടിക്കുകയും ചെയ്യുക.

ഒരേ സമയത്തു രണ്ടു ദിശകളിൽ ഇരു 'മുഷ്ടി'കളുംകൊണ്ടു പ്രഹ
രിക്കുന്ന തന്ത്രത്തെ എതിർക്കുകയും, ഒരു സമയത്ത് ഒരു ദിശയെ ല
ക്ഷ്യമാക്കി ഒരു 'മുഷ്ടി'കൊണ്ടു പ്രഹരിക്കുന്ന തന്ത്രത്തെ ഉയർത്തി
പ്പിടിക്കുകയും ചെയ്യുക.

വലിയൊരു പിൻനിരപ്രദേശം നിലനിർത്തുന്ന തത്വത്തെ എതിർ
ക്കുകയും ചെറിയ പിൻനിരപ്രദേശങ്ങളുടെ തത്വത്തെ ഉയർത്തിപ്പിടി
ക്കുകയും ചെയ്യുക.

കേവലമായി കേന്ദ്രീകരിക്കപ്പെട്ട ഒരു കമാൻഡിനെ എതിർക്കുകയും
ആപേക്ഷികമായി കേന്ദ്രീകരിക്കപ്പെട്ട ഒരു കമാൻഡിനെ അനുകൂലിക്കു
കയും ചെയ്യുക,

ശുദ്ധയും സൈനിക വീക്ഷണത്തെ അലഞ്ഞുനടപ്പുകാരികളായ
കലാപകാരികളുടെ രീതികളെയും എതിർക്കുകയും, ചുവപ്പുസേന ചൈ
നീസ് വിപ്ളവത്തിന്റെ പ്രചാരകനും, സംഘാടകനുമാണെന്നുള്ളത്
അംഗീകരിക്കുകയും ചെയ്യുക.

കൊള്ളക്കാരുടെ രീതികളെ14 എതിർക്കുകയും കർശനമായ രാഷ്ട്രീ
യ അച്ചടക്കം ഉയർത്തിപ്പിടിക്കുകയും ചെയ്യുക.

യുദ്ധപ്രഭുക്കന്മാരുടെ രീതികളെ എതിർക്കുകയും, സൈന്യ
ത്തിൽ ആവശ്യമായ അളവുവരെയുള്ള ജനാധിപത്യത്തേയും, ആധികാരി
കമായ അച്ചടക്കത്തേയും അനുകൂലിക്കുകയും ചെയ്യുക.

കേഡർമാരെ സംബന്ധിച്ചുള്ള ശരിയല്ലാത്തതും വിഭാഗീയവുമായ
നയത്തെ എതിർക്കുകയും ശരിയായ നയത്തെ ഉയർത്തിപ്പിടിക്കുകയും
ചെയ്യുക.

ഒററപ്പെടലിന്റെ നയത്തെ എതിർക്കുകയും കഴിയാവുന്ന എല്ലാ മി
ത്രങ്ങളെയും നേടിയെടുക്കുന്ന നയത്തെ ഉറപ്പാക്കുകയും ചെയ്യുക.

ചുവപ്പുസേനയെ അതിന്റെ പഴയ അവസ്ഥയിൽ നിലനിർത്തുന്ന
തിനെ എതിർക്കുകയും അതിനെ ഒരു പുതിയ ഘട്ടത്തിലേക്കു വളർത്തു
ന്നതിനു പരിശ്രമിക്കുകയും ചെയ്യുക.

തന്ത്രത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച നമ്മുടെ ഇപ്പോഴത്തെ
ചർച്ചയുടെ ഉദ്ദേശം ചൈനയിലെ പത്തു വർഷക്കാലത്തെ രക്തരൂഷിതമാ
യ വിപ്ളവയുദ്ധത്തിൽ നേടിയ ചരിത്രപരമായ അനുഭവത്തിന്റെ
വെളിച്ചത്തിൽ അവയെ വിശദീകരിക്കുക എന്നതാണ്.

അദ്ധ്യായം 4

# 'വലയം ചെയ്ത് അടിച്ചമർത്തലും' അതിനെതിരായ എതിർ കാമ്പെയിനുകളും

## ചൈനയിലെ ആഭ്യന്തരയുദ്ധത്തിന്റെ പ്രധാനമാതൃക

നമ്മുടെ ഗറില്ലാ യുദ്ധം തുടങ്ങിയതുമുതലുള്ള ഈ പത്തുവർഷ
ക്കാലം, ഓരോ സ്വതന്ത്ര ചുവപ്പു ഗറില്ലാ ഘടകത്തേയും, ഓരോ ചുവ
പ്പുസൈനിക യൂണിററിനെയും അഥവാ ഓരോ വിപ്ളവ താവള പ്രദേ
ശത്തെയും ശത്രു തുടർച്ചയായി 'വലയം ചെയ്ത് അടിച്ചമർത്തലിന്'
വിധേയമാക്കുകയുണ്ടായി. ചുവപ്പുസേനയെ ശത്രു ഒരു രാക്ഷസനെ
പ്പോലെയാണു വീക്ഷിക്കുന്നത്. അത് സ്വയം പുറത്തു പ്രത്യക്ഷ
പ്പെട്ടാലുടൻ തന്നെ അതിനെ പിടികൂടാനാണ് ശത്രു ശ്രമിക്കുന്നത്.
ശത്രു എല്ലായ്പ്പോഴും ചുവപ്പുസേനയെ പിന്തുടരുകയും അതിനെ വ
ലയം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു. കഴിഞ്ഞ പത്ത് വർഷമായി
ഈ യുദ്ധ സമ്പ്രദായത്തിൽ മാററം വന്നിട്ടില്ല. ആഭ്യന്തരയുദ്ധം ഒരു
ദേശീയ യുദ്ധത്തിനു വഴിമാറിക്കൊടുത്തില്ലെങ്കിൽ, ശത്രു ഈ യു
ദ്ധത്തിലെ കൂടുതൽ ദുർബലനായ പോരാളിയാവുകയും ചുവപ്പുസേ
ന കൂടുതൽ ശക്തമാവുകയും ചെയ്യുന്നതുവരെ ഇതേ മാതൃക തന്നെ തു
ടരുന്നതായിരിക്കും.

ചുവപ്പുസേനയുടെ സൈനിക പ്രവർത്തനങ്ങൾ 'വലയം ചെയ്ത്
അടിച്ചമർത്തലി'നെതിരെയുള്ള എതിർ ക്യാമ്പെയിനുകളായി രൂപപ്പെടു
ന്നു. നമ്മെ സംബന്ധിച്ചിടത്തോളം വിജയമെന്നതിനർത്ഥം പ്രധാന
മായും 'വലയംചെയ്ത് അടിച്ചമർത്തലിനെ നേരിടുന്നതിൽ വിജയം എ
ന്നാണ്; അതായത് തന്ത്രപരമായ വിജയവും ക്യാമ്പെയിനുകളിലെ വിജ
യങ്ങളും എന്ന്. ഓരോ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയി
നുമെതിരായ സമരം ഒരു എതിർ ക്യാമ്പെയിൻ ആയിത്തീരുന്നു. ഇതിൽ
സാധാരണയായി നിരവധി അഥവാ ഡസൻ കണക്കിന് ചെറുതും വലു
തുമായ പോരാട്ടങ്ങൾ അടങ്ങിയിരിക്കുന്നു. 'ഒരു വലയം ചെയ്ത്
അടിച്ചമർത്തൽ'ക്യാമ്പെയിൻ അടിസ്ഥാനപരമായി തകർക്കപ്പെടുന്നതു
വരെ, നമുക്ക് പല പോരാട്ടങ്ങളിലും വിജയം വരിക്കാൻ കഴിഞ്ഞെങ്കിൽ
ത്തന്നെയും തന്ത്രപരമായ വിജയത്തെപ്പററിയോ മൊത്തത്തിൽ എതിർ
ക്യാമ്പെയിനുകളിലെ വിജയത്തെപ്പററിയോ പറയാൻ കഴിയുകയില്ല. ചു
വപ്പുസേനയുടെ ഒരു ദശകത്തെ യുദ്ധത്തിന്റെ ചരിത്രം 'വലയം ചെ
യ്ത് അടിച്ചമർത്ത'ലിനെതിരായ എതിർ കാമ്പെയിനുകളുടെ ചരിത്ര
മാണ്.

ശത്രുവിന്റെ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുകളി
ലും അവർക്കെതിരായുള്ള ചുവപ്പു സേനയുടെ എതിർ ക്യാമ്പെയിനുക
ളിലും രണ്ട് സമര രൂപങ്ങൾ; ആക്രമണപരവും പ്രതിരോധപരവുമായ
സമരരൂപങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ പുരാതന
മോ ആധുനികമോ, ചൈനയിൽ നടന്നതോ മററു സ്ഥലങ്ങളിൽ നടന്ന
തോ ആയ മററതു യുദ്ധങ്ങളിൽ നിന്നും യാതൊരു വ്യത്യാസവുമില്ല.
ഏതായാലും ചൈനയുടെ ആഭ്യന്തരയുദ്ധത്തിന്റെ പ്രത്യേക സ്വഭാവം,

വളരെ നീണ്ട ഒരു കാലഘട്ടത്തിൽ ഈ രണ്ടു രൂപങ്ങളുടെയും ഒന്നിടവിട്ടുള്ള ആവർത്തനമാണ്. ഓരോ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനിലും ശത്രു ചുവപ്പുസേനയുടെ പ്രതിരോധത്തിനെതിരെ ആക്രമണ പ്രവർത്തനം നടത്തുകയും ചുവപ്പുസേന ശത്രുവിന്റെ ആക്രമണ പ്രവർത്തനത്തിനെതിരെ പ്രതിരോധം സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇത് 'വലയം ചെയ്ത് അടിച്ചമർത്തലി'നെതിരായുള്ള ഒരു എതിർ ക്യാമ്പെയിന്റെ ആദ്യഘട്ടമാണ്. പിന്നീട് ശത്രു ചുവപ്പുസേനയുടെ ആക്രമണ പ്രവർത്തനത്തിനെതിരെ പ്രതിരോധം കെട്ടിപ്പടുക്കുകയും ശത്രുവിന്റെ പ്രതിരോധത്തിനെതിരെ ചുവപ്പുസേന ആക്രമണ പ്രവർത്തനം നടത്തുകയും ചെയ്യുന്നു. ഇത് എതിർ ക്യാമ്പെയിനിന്റെ രണ്ടാം ഘട്ടമാണ്. ഓരോ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനും ഈ രണ്ടു ഘട്ടങ്ങളുണ്ട്. അവ ഒരു ദീർഘകാലത്തേക്ക് ഇടവിട്ട് മാറി മാറി വന്നുകൊണ്ടിരിക്കുന്നു.

ഒരു ദീർഘകാലയുദ്ധത്തെ ഒന്നിടവിട്ടുള്ള ആവർത്തനം എന്നു പറയുന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത് ഈ യുദ്ധ മാതൃകയുടെയും ഈ പോരാട്ടരൂപങ്ങളുടെയും ആവർത്തനമെന്നാണ്. ഇക്കാര്യം ഏവർക്കും സുവിദിതമായ ഒന്നാണ്. ഒരു 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുണ്ടാവുക, അതിനെതിരായ ഒരു എതിർ ക്യാമ്പെയിനുണ്ടാവുക ഇത്തരത്തിലാണ് യുദ്ധത്തിന്റെ ആവർത്തിതമാതൃക ഓരോ ക്യാമ്പെയിനിലും ആയോധനരൂപങ്ങളിലുണ്ടാവുന്ന മാററത്തിന്റെ ഒന്നാംഘട്ടത്തിൽ ശത്രു നമ്മുടെ പ്രതിരോധത്തിനെതിരെ കടന്നാക്രമണം നടത്തുകയും, അവന്റെ കടന്നാക്രമണത്തെ നാം പ്രതിരോധിക്കുകയും ചെയ്യുന്നു; രണ്ടാം ഘട്ടത്തിൽ ശത്രു നമ്മുടെ കടന്നാക്രമണത്തിനെതിരെ പ്രതിരോധം ഉയർത്തുകയും അവന്റെ പ്രതിരോധത്തെ കടന്നാക്രമണം കൊണ്ടു നേരിടുകയും ചെയ്യുന്നു.

ഒരു ക്യാമ്പെയിനിന്റെയോ പോരാട്ടത്തിന്റെയോ ഉള്ളടക്കത്തെപ്പററി പറയാനുള്ളത് അതിൽ ആവർത്തനം മാത്രമല്ല അടങ്ങിയിട്ടുള്ളത്, മറിച്ച് ഓരോ സമയത്തും അത് വ്യത്യസ്തമായിരിക്കുന്നു എന്നതാണ്. ഇതും എല്ലാവർക്കും വ്യക്തമായിട്ടുള്ള ഒരു വസ്തുതയാണ്. ഇവിടെ സാമാന്യനിയമമായിത്തീർന്നിട്ടുള്ള ഒരു കാര്യം ഓരോ ക്യാമ്പെയിനും എതിർ ക്യാമ്പെയിനും നടക്കുമ്പോൾ, അവയുടെ തോത് കൂടുതൽ വലുതാവുകയും പോരാട്ടം കൂടുതൽ രൂക്ഷമായിത്തീരുകയും ചെയ്യുന്നു എന്നതാണ്.

ഇതിനർത്ഥം ഉയർച്ചകളും താഴ്ചകളും ഇല്ലെന്നല്ല. ശത്രുവിന്റെ അഞ്ചാമത്തെ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുശേഷം ചുവപ്പുസേന വളരെ ദുർബലപ്പെടുകയും തെക്കൻ പ്രദേശത്തുള്ള എല്ലാ താവളപ്രദേശങ്ങളും നഷ്ടപ്പെടുകയും ചെയ്തു. ചുവപ്പുസേന വടക്കുപടിഞ്ഞാറൻ പ്രദേശത്തേക്കു മാറിയതിനുശേഷം തെക്കൻ പ്രദേശത്തായിരുന്നതുപോലെ അത് ആഭ്യന്തര ശത്രുവിന് ഒരു സുപ്രധാന ഭീഷണിയല്ല, അതുകൊണ്ട് 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനിന്റെ തോത് കുറേക്കൂടി ചെറുതും സ്ഥിതി കൂടുതൽ ലളിതവും പോരാട്ടം കൂടുതൽ രൂക്ഷത കുറഞ്ഞതും ആയിത്തീർന്നിട്ടുണ്ട്.

ചുവപ്പുസേനയെ സംബന്ധിച്ചിടത്തോളം ഒരു പരാജയമായിത്തീരുന്നത് എന്താണ്? തന്ത്രത്തെ മുൻനിർത്തി പറഞ്ഞാൽ 'വലയം ചെയ്ത് അടിച്ചമർത്ത'ലിനെതിരെയുള്ള ഒരു എതിർ ക്യാമ്പെയിൻ പൂർണമായി പരാജയപ്പെടുമ്പോഴാണ് ഒരു പരാജയമുണ്ടാവുന്നത്, എങ്കിലും പരാജയം ഭാഗികവും താല്ക്കാലികവുമാണ്. എന്തുകൊണ്ടെന്നാൽ ചുവപ്പുസേനയുടെ സമ്പൂർണ നശീകരണം മാത്രമേ ആഭ്യന്തര യുദ്ധത്തിൽ



പൂർണ പരാജയമായിത്തീരുന്നുള്ളു; പക്ഷേ ഇത് ഒരിക്കലും ഉണ്ടായിട്ടില്ല. വിപുലമായ താവള പ്രദേശങ്ങളുടെ നഷ്ടവും, ചുവപ്പുസേനയുടെ സ്ഥാനമാററവും താല്ക്കാലികവും ഭാഗികവുമായ ഒരു പരാജയം മാത്രമേ ആവുന്നുള്ളു. പാർട്ടി അംഗത്വത്തിന്റെയും സായുധസേനകളുടെയും 90 ശതമാനവും നഷ്ടപ്പെടാൻ ഇടയായെങ്കിലും ഈ ഭാഗികപരാജയം അന്തിമവും പൂർണവുമായ പരാജയമായിത്തീരുന്നില്ല. ഈ സ്ഥാനമാററത്തെ നമ്മുടെ പ്രതിരോധത്തിന്റെ തുടർച്ചയെന്നും ശത്രുവിന്റെ പിന്തുടരലിലെ അവന്റെ കടന്നാക്രമണത്തിന്റെ തുടർച്ചയെന്നും നാം വിളിക്കുന്നു. ഇതിനർത്ഥം 'ശത്രുവിന്റെ വലയം ചെയ്ത് അടിച്ചമർത്തലിനും', നമ്മുടെ എതിർ കാമ്പെയിനിനും ഇടക്ക്, പ്രതിരോധത്തിൽ നിന്ന് കടന്നാക്രമണത്തിലേക്ക് തിരിയുന്നതിനുപകരം ശത്രുവിന്റെ കടന്നാക്രമണത്താൽ നമ്മുടെ പ്രതിരോധം തകർക്കപ്പെടുന്നതിന് നാം അനുവദിച്ചു എന്നും, അതുകൊണ്ട് നമ്മുടെ പ്രതിരോധം പിൻവാങ്ങലിലേക്കും ശത്രുവിന്റെ കടന്നാക്രമണം പിന്തുടരലായും തീർന്നു എന്നുമാണ്. പക്ഷെ ചുവപ്പുസേനയുടെ തന്ത്രപരമായ പിൻവാങ്ങൽ (ലോംഗ് മാർച്ച്) അതിന്റെ തന്ത്രപരമായ പ്രതിരോധത്തിന്റെ ഒരു തുടർച്ച ആയിരുന്നെന്നും, ശത്രുവിന്റെ തന്ത്രപരമായ പിന്തുടരൽ അവന്റെ തന്ത്രപരമായ കടന്നാക്രമണത്തിന്റെ ഒരു തുടർച്ച ആയിരുന്നെന്നും നാം പറയുന്നത്.

ചൈനീസ് ആഭ്യന്തര യുദ്ധത്തിലും, ചൈനയിലെയും വിദേശങ്ങളിലേയും, പണ്ടത്തേയും, ഇന്നത്തെയും എല്ലാ യുദ്ധങ്ങളിലുമെന്ന പോലെ തന്നെ രണ്ട് അടിസ്ഥാന ആയോധന രൂപങ്ങളെയുള്ള—അതായത് കടന്നാക്രമണവും, പ്രതിരോധവും. ചൈനയുടെ ആഭ്യന്തരയുദ്ധത്തിന്റെ പ്രത്യേക സവിശേഷതയിൽ, 'വലയം ചെയ്ത് അടിച്ചമർത്തൽ' കാമ്പെയിനുകളുടെയും എതിർ കാമ്പെയിനുകളുടെയും ദീർഘകാല ആവർത്തനവും, അതോടൊപ്പം ആക്രമണം, പ്രതിരോധം എന്നീ രണ്ട് ആയോധന രൂപങ്ങളുടെ ദീർഘകാല പരിവൃത്തിയും, അങ്ങനെ 10000-ൽ അധികം കിലോമീററിന്റെ വലിയ തന്ത്രപ്രധാനസ്ഥാനമാററത്തിന്റെ പ്രതിഭാസവും അടങ്ങിയിരിക്കുന്നു ലോങ്ങ് മാർച്ച്[15].

ശത്രുവിനെ സംബന്ധിച്ചിടത്തോളം ഒരു പരാജയം ഏറെക്കുറെ ഇതു പോലെ തന്നെയാണ്. ശത്രുവിന്റെ 'വലയം ചെയ്ത് അടിച്ചമർത്തൽ കാമ്പെയിൻ തകർക്കപ്പെടുകയും നമ്മുടെ പ്രതിരോധം കടന്നാക്രമണ പരമാവുകയും, ശത്രു പ്രതിരോധത്തിലേക്ക തിരിയുകയും, മറെറാരു 'വലയം ചെയ്ത് അടിച്ചമർത്തൽ' കാമ്പെയിൻ അഴിച്ചു വിടുന്നതിനു മുമ്പ് അവന് പുനഃസംഘടന വേണ്ടിവരുകയും ചെയ്യുകയാണെങ്കിൽ അത് ശത്രുവിനെ സംബന്ധിച്ചിടത്തോളം തന്ത്രപരമായ ഒരു പരാജയമാണ്. നമ്മെപ്പോലെ പതിനായിരത്തിലേറെ കിലോ മീററിന്റെ തന്ത്രപരമായ ഒരു സ്ഥാനമാററം ശത്രുവിന് നേരിടേണ്ടതായി വന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ അവൻ രാജ്യത്തെയാകെ ഭരിക്കുന്നതിന് പുറമേ നമ്മേക്കാൾ കൂടുതൽ ശക്തനുമാണ്. പക്ഷേ അവന്റെ സേനകൾക്ക് ഭാഗികമായ സ്ഥാനമാററം നടത്തേണ്ടിവന്നിട്ടുണ്ട്. ചിലപ്പോൾ ഏതെങ്കിലും താവളപ്രദേശങ്ങളിലെ ചുവപ്പുസേനയാൽ വലയം ചെയ്യപ്പെട്ട വെള്ള (ഭരണ) പ്രദേശങ്ങളിലെ ശത്രു സൈന്യങ്ങൾ നമ്മുടെ വലയം ഭേദിച്ച് പുതിയ കടന്നാക്രമണങ്ങൾ സംഘടിപ്പിക്കുന്നതിന് വെള്ള (ഭരണ) പ്രദേശങ്ങളിലേക്ക് പിൻവാങ്ങിയിട്ടുണ്ട്. ആഭ്യന്തര യുദ്ധം നീണ്ടുപോവുകയും ചുവപ്പുസേനയുടെ വിജയങ്ങൾ കൂടുതൽ വ്യാപകമാവുകയും ചെയ്യുകയാണെങ്കിൽ ഇത്തരം അനുഭവങ്ങൾ കൂടുതൽ ഉണ്ടാവുന്നതായിരിക്കും. പക്ഷെ ചുവപ്പുസേനക്ക് നേടാൻ കഴിയുന്ന അതേ ഫലങ്ങൾ ശത്രുവിന് നേടാൻ കഴിയുകയില്ല. കാരണം അവന് ജനങ്ങളുടെ സഹായം ഇല്ല. മാത്രമല്ല അവന്റെ ആഫീസറന്മാരും, സാധാരണ

സൈനികരും ഐക്യത്തിലുമല്ല. ചുവപ്പുസേനയുടെ ദീർഘ ദൂര സ്ഥാനമാറ്റം ശത്രു അനുകരിക്കുന്നപക്ഷം തീർച്ചയായും അവൻ തുട ച്ചു നീക്കപ്പെടുന്നതായിരിക്കും.

1930 ൽ ലീലിസാൻ ലൈൻ നടപ്പാക്കപ്പെട്ട കാലത്ത് ആഭ്യന്തര യുദ്ധത്തിന്റെ ദീർഘകാലസ്വഭാവം മനസിലാക്കുന്ന കാര്യത്തിൽ സ:ലീലി സാൻ പരാജയപ്പെട്ടു. അക്കാരണത്താൽ ഈ യുദ്ധത്തിന്റെ ഗതിയിൽ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പയിനുകളുടെയും അവയുടെ പരാജയങ്ങളുടെയും (ഈ സമയത്തിനിടയിൽ ഹുനാൻ–ക്യാങ്സി അ തിർത്തി പ്രദേശത്ത് മൂന്നും ഫുക്കിയനിൽ രണ്ടും സംഭവങ്ങൾ ഉണ്ടായി ക്കഴിഞ്ഞിരുന്നു.) ആവർത്തനം ദീർഘകാലത്തേക്ക് ഉണ്ടാവുമെന്ന നിയ മം അദ്ദേഹം ഗ്രഹിക്കുകയുണ്ടായില്ല, അതുകൊണ്ട് വിപ്ളവത്തിൽ ശീഘ്രവിജയം കൈവരിക്കുന്നതിനുള്ള ശ്രമത്തിൽ, അപ്പോഴും ശൈശവാ വസ്ഥയിൽ ആയിരുന്ന ചുവപ്പുസേനക്ക് വുഹാൻ ആക്രമിക്കാനും രാഷ്ട്രവ്യാപകമായ സായുധകലാപം നടത്താനും അദ്ദേഹം ഉത്തരവു ന ല്കി. അങ്ങനെ അദ്ദേഹം 'ഇടതുപക്ഷ' അവസരവാദത്തിന്റെ തെറ്റു വരുത്തി.

ഇതുപോലെതന്നെ 1931–34 ലെ 'ഇടതുപക്ഷ' അവസരവാദികൾ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുകളുടെ ആവർത്തനനി യമത്തിൽ വിശ്വസിച്ചില്ല. ഹുപ്പേ–ഹൊനാൻ–ആൻവെയ് അതിർത്തി യിലെ നമ്മുടെ താവളപ്രദേശത്തുള്ള ഉത്തരവാദപ്പെട്ട ചില സഖാക്കൾ ഒ രു 'സഹായ സൈനികശക്തി' സിദ്ധാന്തം വച്ചുപുലർത്തിയിരുന്നു. മൂന്നാം 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിൻ പരാജയപ്പെട്ടതി നുശേഷം കുമിന്താങ്ങ് സൈന്യം വെറുമൊരു സഹായസേനാശക്തി മാ ത്രമായി തീർന്നിട്ടുണ്ടെന്നും ചുവപ്പുസേനയെ തുടർന്നാക്രമിക്കുന്നതി ന് പ്രധാനശക്തി എന്ന നിലയിൽ സാമ്രാജ്യത്വത്തിനുതന്നെ രംഗത്തു വരേണ്ടി വരുമെന്നുമായിരുന്നു അവരുടെ അഭിപ്രായം. ഈ കണക്കുകൂ ട്ടലിന്റെ അടിസ്ഥാനത്തിലുള്ള തന്ത്രം ചുവപ്പുസേന വുഹാൻ ആക്ര മിക്കണമെന്നായിരുന്നു. നാൻചാങ്ങിന്റെ നേർക്കു ചുവപ്പുസേനയുടെ ആക്രമണം വേണമെന്ന് ആവശ്യപ്പെടുകയും; താവളപ്രദേശങ്ങളെ പര സ്പരം ബന്ധപ്പെടുത്തുന്നതിനേയും ശത്രുവിനെ ഉൾപ്രദേശത്തേക്കു പ്രലോഭിപ്പിച്ചു കൊണ്ടുപോയി അപകടത്തിലാക്കുന്ന അടവുകളേയും എതിർക്കുകയും; ഒരു പ്രവിശ്യയുടെ തലസ്ഥാനവും മററു പ്രധാന ന ഗരങ്ങളും പിടിച്ചെടുക്കുന്നത് ആ പ്രവിശ്യയിലെ വിജയത്തിന്റെ ആ രംഭപ്രവർത്തനമായി കരുതുകയും; അഞ്ചാമത്തെ 'വലയം ചെയ്ത് അ ടിച്ചമർത്തൽ' ക്യാമ്പെയിനിനെതിരായ സമരം വിപ്ളവപാതക്കും കൊ ളോണിയൽ പാതക്കും ഇടക്കുള്ള നിർണ്ണായക പോരാട്ടത്തെ പ്രതിനിധീ കരിക്കുന്നു എന്നു വിശ്വസിക്കുകയും ചെയ്ത, ക്യാങ്സിയിലെ സ ഖാക്കളുടെ വിക്ഷണങ്ങളുമായി ഒത്തുചേരുന്നതായിരുന്നു തത്വത്തിൽ ഈ അഭിപ്രായം. ഈ 'ഇടതുപക്ഷ' അവസരവാദം ഹുപ്പേ–ഹൊനാൻ– ആൻവെയ് അതിർത്തി പ്രദേശത്തെ നാലാമത്തെ 'വലയം ചെയ്ത് അടി ച്ചമർത്തൽ' ക്യാമ്പെയിനിനെതിരായ സമരങ്ങളിലും, ക്യാങ്സിയിലെ കേന്ദ്രപ്രദേശത്തെ അഞ്ചാമത്തെ ക്യാമ്പെയിനിനെതിരായ സമരങ്ങളിലും സ്വീകരിക്കപ്പെട്ട തെററായ ലൈനിന്റെ ഉറവിടം ആയിരുന്നു. ഈ ലൈൻ ശത്രുവിന്റെ നിഷ്ഠൂരമായ ഈ ക്യാമ്പെയിനുകളുടെ മുൻപിൽ ചുവ പ്പുസേനയെ നിസഹായമാക്കിത്തീർക്കുകയും ചൈനീസ് വിപ്ളവത്തി നു വമ്പിച്ച നഷ്ടങ്ങൾ വരുത്തിവെക്കുകയുമുണ്ടായി.

ഒരു സാഹചര്യത്തിലും ചുവപ്പുസേന പ്രതിരോധരീതികൾ സ്വീക രിക്കരുതെന്ന വീക്ഷണം, 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെ യിനുകളുടെ ആവർത്തനത്തെ നിഷേധിച്ച 'ഇടതുപക്ഷ' അവസരവാദ നോടു നേരിട്ടു ബന്ധപ്പെട്ടതും തികച്ചും അബദ്ധവുമായിരുന്നു.



ഒരു വിപ്ളവം അഥവാ ഒരു വിപ്ളവയുദ്ധം കടന്നാക്രമണമാണെ ന്ന അഭിപ്രായം തീർച്ചയായും ശരിയാണ്. ഒരു വിപ്ളവത്തിന്റെ, അഥ വാ വിപ്ളവയുദ്ധത്തിന്റെ, ഒരു ചെറിയ ശക്തി എന്ന നിലയിൽനി ന്ന് ഒരു വലിയ ശക്തി എന്ന നിലയിലേക്കും, രാഷ്ട്രീയാധികാര ത്തിന്റെ അഭാവത്തിൽനിന്നും രാഷ്ട്രീയാധികാരം പിടിച്ചെടുക്കലിലേ ക്കും, ചുവപ്പുസേനയുടെ അഭാവത്തിൽനിന്നും ചുവപ്പുസേനയുടെ സൃ ഷ്ടിയിലേക്കും, വിപ്ളവതാവളപ്രദേശങ്ങളുടെ അഭാവത്തിൽനിന്നും അവയുടെ സ്ഥാപനത്തിലേക്കും ഉള്ള അതിന്റെ ആവിർഭാവത്തിലും വളർച്ചയിലും കടന്നാക്രമണ പ്രവണതയുള്ളതായിരിക്കണം, അതിനു യാഥാസ്ഥിതികമായിരിക്കാൻ കഴിയുകയില്ല. യാഥാസ്ഥിതികത്വ ത്തിലേക്കുള്ള എല്ലാ പ്രവണതകളും എതിർക്കപ്പെടേണ്ടതാണ്.

തികച്ചും ശരിയായ ഒരേയൊരഭിപ്രായം ഒരു വിപ്ളവം അഥവാ ഒരു വിപ്ളവയുദ്ധം ഒരു കടന്നാക്രമണമാണെങ്കിലും അതിൽ പ്രതി രോധവും പിൻവാങ്ങലും അടങ്ങിയിട്ടുണ്ട് എന്നതാണ്. ആക്രമിക്കുന്ന തിനുവേണ്ടി പ്രതിരോധിക്കുക, മുന്നേററത്തിനുവേണ്ടി പിൻവാങ്ങു ക, മുൻനിരക്കെതിരെ നീങ്ങുന്നതിനുവേണ്ടി പാർശ്വങ്ങൾക്കെതിരെ നീ ങ്ങുക, നേരിട്ടുള്ള വഴിയിൽ എത്തുന്നതിനുവേണ്ടി ചുററിവളഞ്ഞ ഒരു പാത സ്വീകരിക്കുക– ഇതു പല പ്രതിഭാസങ്ങളുടേയും, പ്രത്യേകിച്ചു സൈനിക നീക്കങ്ങളുടെ വികാസപ്രക്രിയയിൽ അനിവാര്യമായ ഒരു കാ ര്യമാണ്.

മുകളിൽ പ്രസ്താവിച്ച രണ്ട് അഭിപ്രായങ്ങളിൽ ആദ്യത്തേതു രാ ഷ്ട്രീയമേഖലയിൽ ശരിയായിരിക്കാം, പക്ഷേ സൈനിക മേഖലയി ലേക്കു മാററിവക്കുമ്പോൾ അത് ശരിയല്ല. കൂടാതെ അത് രാഷ്ട്രീയ മായി ശരിയാവുന്നത് ഒരവസ്ഥയിൽ മാത്രമാണ്. (അതായത് വി പ്ളവം മുന്നേറുമ്പോൾ ആണ്), പക്ഷേ മറെറാരവസ്ഥയിലേക്കു പ്രതിസ്ഥാപിക്കുമ്പോൾ (അതായത് വിപ്ളവം പിന്മാററത്തിലായി രിക്കുമ്പോഴും, 1906–ൽ റഷ്യയിലുണ്ടായതുപോലെയുള്ള പൊതുപിൻ വാങ്ങലിലായിരിക്കുമ്പോഴും[16], 1927–ൽ ചൈനയിലും, 1918–ൽ ബ്രെ സ്ററ് ലിട്ടോവ്സ്ക് സന്ധിയുടെ സമയത്ത് റഷ്യയിലും ഉണ്ടായതു പോലെ ഭാഗികമായ പിൻവാങ്ങലായിരിക്കുമ്പോഴും[17]) അതു ശരിയല്ല. രണ്ടാമത്തെ അഭിപ്രായം മാത്രമാണ് തികച്ചും ശരിയും സത്യവുമായിട്ടു ള്ളത്. പ്രതിരോധപരമായ സൈനിക നടപടികൾ നടപ്പിലാക്കുന്നതി നെ യാന്ത്രികമായി എതിർത്ത 1931–34 കാലത്തെ 'ഇടതുപക്ഷ' അവ സരവാദം ബാലിശമായ ചിന്തയല്ലാതെ മറെറാന്നുമായിരുന്നില്ല.

ആവർത്തിച്ചുള്ള 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിൻ സമ്പ്രദായം എപ്പോഴാണ് അവസാനിക്കുക? എന്റെ അഭിപ്രായത്തിൽ ആഭ്യന്തരയുദ്ധം നീണ്ടുപോവുകയാണെങ്കിൽ സൈനിക ശക്തികളുടെ തുലനാവസ്ഥയിൽ മൗലികമായ മാററം ഉണ്ടാവുമ്പോളാണ് ഈ ആവർ ത്തനം അവസാനിക്കുക. ചുവപ്പുസേന ശത്രുവിനേക്കാൾ ശക്തമായി ത്തീരുമ്പോൾ അത് അവസാനിക്കും. അപ്പോൾ നാം ശത്രുവിനെ വല യം ചെയ്ത് അടിച്ചമർത്തുകയും അവൻ എതിർക്യാമ്പെയിനുകൾ സ്വീകരിക്കുകയും ചെയ്യും. പക്ഷെ സൈനികവും രാഷ്ട്രീയവുമാ യ സ്ഥിഗതികൾ, എതിർ ക്യാമ്പെയിനുകളിൽ ചുവപ്പുസേനക്കുണ്ടാ യിരുന്ന അതേ നില കൈവരിക്കാൻ അവനെ അനുവദിക്കുകയില്ല. അ പ്പോഴേക്കും ആവർത്തിച്ചുള്ള 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെ യിനുകളുടെ രീതി വളരെയേറെ അല്ലെങ്കിൽ പൂർണമായി അവസാനിക്കു മെന്നു വ്യക്തമായി തറപ്പിച്ചു പറയാവുന്നതാണ്.

അദ്ധ്യായം 5

# തന്ത്രപരമായ പ്രതിരോധം

ഈ ശീർഷകത്തിൻകീഴിൽ താഴെപ്പറയുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യാനാണു ഞാൻ ഉദ്ദേശിക്കുന്നത്. (1) സജീവവും നിഷ്ക്രിയവുമായ പ്രതിരോധം (2) 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുകളെ ചെറുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ (3) തന്ത്രപരമായ പിൻവാങ്ങൽ (4) തന്ത്രപരമായ പ്രത്യാക്രമണം (5) പ്രത്യാക്രമണം ആരംഭിക്കൽ (6) പട്ടാളങ്ങളുടെ കേന്ദ്രീകരണം (7) ചലനാത്മക യുദ്ധമുറ (8) ശീഘ്രതീരുമാനമെടുത്തുള്ള യുദ്ധം (9) ഉന്മൂലനയുദ്ധം

## 1. സജീവവും നിഷ്ക്രിയവുമായ പ്രതിരോധം

എന്തുകൊണ്ടാണ് പ്രതിരോധത്തെക്കുറിച്ചുള്ള ചർച്ചയോടുകൂടി നാം ആരംഭിക്കുന്നത്? 1924–27 ൽ ചൈനയുടെ ഒന്നാം ദേശീയ ഐക്യമുന്നണിയുടെ പരാജയത്തിനുശേഷം വിപ്ലവം ഏററവും ശക്തവും നിഷ്ക്കരുണവുമായ വർഗയുദ്ധമായിത്തീർന്നു. രാജ്യത്തെയാകെ ശത്രു ഭരിച്ചിരുന്നപ്പോൾ നമുക്കു ചെറിയ സേനകൾ മാത്രമേ ഉണ്ടായിരുന്നുള്ളു; തൽഫലമായി ആരംഭം മുതൽക്കുതന്നെ നമുക്കു 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുകൾക്കെതിരെ കടുത്ത ഒരു സമരം ചെയ്യേണ്ടതായി വന്നിരുന്നു. നമ്മുടെ ആക്രമണപ്രവർത്തനങ്ങൾ അവയെ തകർക്കുന്നതിനുള്ള നമ്മുടെ പ്രവർത്തനവുമായി കണ്ണി ചേർക്കപ്പെട്ടവയായിരുന്നു; കൂടാതെ അതു ചെയ്യാൻ നമുക്കു കഴിവുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ വിധി പൂർണമായി നിലനിന്നിരുന്നത്. ഒരു 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിൻ തകർക്കുന്ന പ്രക്രിയ സാധാരണയായി വളവുതിരിവുള്ളതാണ്. ഒരാൾ ആഗ്രഹിച്ചേക്കാവുന്നതുപോലെ ഋജുവായ ഒന്നല്ല. എങ്ങനെ നമ്മുടെ ശക്തി സംരക്ഷിക്കുകയും ശത്രുവിനെ പരാജയപ്പെടുത്താൻ അവസരം കാത്തിരിക്കുകയും ചെയ്യാം എന്ന പ്രശ്നം ഗൗരവമുള്ള ഒന്നുകൂടെയാണ്. അതുകൊണ്ട് തന്ത്രപരമായ പ്രതിരോധം ഏററവും സങ്കീർണ്ണവും ചുവപ്പുസേനയെ അതിന്റെ പ്രവർത്തനങ്ങളിൽ അഭിമുഖീകരിക്കുന്ന ഏററവും പ്രധാനപ്പെട്ടതുമായ പ്രശ്നമാണ്.

പത്തു വർഷക്കാലത്തെ നമ്മുടെ യുദ്ധത്തിൽ തന്ത്രപരമായ പ്രതിരോധത്തെ സംബന്ധിച്ചിടത്തോളം രണ്ടു വ്യതിയാനങ്ങൾ പലപ്പോഴും ഉത്ഭവിക്കുകയുണ്ടായി; ഒന്ന് ശത്രുവിനെ നിസ്സാരമായി കാണുന്നതും മറെറാന്ന് ശത്രുവിനാൽ സംഭീതനാക്കപ്പെടുന്നതും.

ശത്രുവിനെ നിസാരമായി കരുതിയതിന്റെ ഫലമായി പല ഗറില്ലാഘടകങ്ങളും പരാജയപ്പെടുകയും ശത്രുവിന്റെ 'വലയം ചെയ്ത് അടിച്ചമർത്തലി'നെ തകർക്കുന്നതിനു ചുവപ്പുസേനക്ക് പലപ്പോഴും കഴിയാതെ വരികയും ചെയ്തു.

വിപ്ലവ ഗറില്ലായൂണിററുകൾ ആദ്യം നിലവിൽ വന്ന അവസരത്തിൽ അവയുടെ നേതാക്കന്മാർ ശത്രുവിന്റേയും നമ്മുടേയും സ്ഥിതികളെ ശരിയായി വിലയിരുത്തുന്നതിൽ പരാജയപ്പെട്ടു. ചില സ്ഥലങ്ങളിൽ പെട്ടെന്നുള്ള സായുധകലാപങ്ങളും ശത്രു സൈനികർക്കിടക്കു ലഹളകളും സംഘടിപ്പിക്കുന്നതിൽ വിജയിക്കാൻ കഴിഞ്ഞതുകൊണ്ട് അവർ താൽക്കാലികമായി അനുകൂല സാഹചര്യങ്ങൾ മാത്രമേ കണ്ടുള്ളു; അഥവാ അവരെ യഥാർത്ഥത്തിൽ അഭിമുഖീകരിക്കുന്ന ഗൗരവതരമായ സ്ഥിതി കാണുന്ന കാര്യത്തിൽ പരാജയപ്പെടുകയും തന്മൂലം സാധാരണ ഗതിയിൽ ശത്രുവിന്റെ ശക്തി കുറച്ചു കാണുകയും ചെയ്തു. കൂടാതെ സ്വന്തം ദൗർബല്യങ്ങളെപ്പററി (അതായത് അനുഭവത്തിന്റെ കുറവ്, സേനയുടെ വലുപ്പക്കുറവ് എന്നിവയെപ്പററി) അവർക്ക് യാതൊരു



ധാരണയും ഇല്ലായിരുന്നു. ശത്രു ശക്തനും നമ്മൾ ദുർബലരും ആയിരുന്നു എന്നതു വസ്തുനിഷ്ഠമായ ഒരു സത്യമാണ്. എങ്കിലും ചിലയാളുകൾ അതേപ്പററി ചിന്തിക്കാൻ കൂട്ടാക്കിയില്ല. അവർ ആക്രമണത്തെപ്പററി മാത്രമല്ലാതെ പ്രതിരോധത്തെയോ പിൻവാങ്ങലിനെയോ കുറിച്ചു സംസാരിച്ചില്ല. അങ്ങനെ പ്രതിരോധത്തിന്റെ കാര്യത്തിൽ അവർ മാനസികമായി സ്വയം നിരായുധീകരിക്കുകയും അതുകൊണ്ട് സ്വന്തം പ്രവർത്തനങ്ങളെ വഴി തെററിക്കുകയും ചെയ്തു. ഇക്കാരണത്താൽ നിരവധി ഗറില്ലായൂണിററുകൾ തോല്പിക്കപ്പെട്ടു.

ഇക്കാരണത്താൽ ശത്രുവിന്റെ 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനുകൾ തകർക്കുന്നതിൽ ചുവപ്പുസേന പരാജയപ്പെട്ടതിന്റെ ഉദാഹരണങ്ങളാണ്, 1928–ൽ ക്വാങ്ടങ് പ്രവിശ്യയിലെ ഹയ്ഫെങ്–ലുഫെങ് പ്രദേശത്ത് അതു പരാജയപ്പെട്ടതും[18] ഹുപ്പേ–ഹൊനാൻ–ആൻവെയ് അതിർത്തിപ്രദേശത്ത് ശത്രുവിന്റെ 'വലയം ചെയ്ത് അടിച്ചമർത്തലി'നെതിരെയുള്ള നാലാം എതിർ ക്യാമ്പെയിനിൽ 1932–ൽ ചുവപ്പുസേനയുടെ പ്രവർത്തനസ്വാതന്ത്ര്യം നഷ്ടപ്പെട്ടതും. കുമിന്താങ് വെറുമൊരു സഹായസേന മാത്രമായിരുന്നു എന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ഈ അതിർത്തിപ്രദേശത്തു ചുവപ്പുസേന പ്രവർത്തിച്ചത്.

ശത്രുവിനാൽ സംഭീതരാക്കപ്പെട്ടതുമൂലം സംഭവിച്ചിട്ടുള്ള തിരിച്ചടികൾക്കു നിരവധി ഉദാഹരണങ്ങളുണ്ട്.

ഇങ്ങനെ ശത്രുവിനെ തരം താഴ്ത്തിക്കണ്ടവരിൽനിന്നു വിപരീതമായി ചിലയാളുകൾ അവനെ വളരെ പെരുപ്പിച്ചു കാണുകയും നമ്മുടെ ശക്തിയെ വളരെ കുറച്ചു കാണുകയും ചെയ്തു. ഇതുമൂലം അവർ അനധികൃതമായ പിൻവാങ്ങൽ നയം സ്വീകരിക്കുകയും പ്രതിരോധകാര്യത്തിൽ മാനസികമായി സ്വയം നിരായുധീകരിക്കുകയും ചെയ്തു. ഇതു ചില ഗറില്ലാഘടകങ്ങളുടെ തോൽവിയിലോ ചില ചുവപ്പുസേന ക്യാമ്പെയിനുകളുടെ പരാജയത്തിലോ താവളപ്രദേശങ്ങളുടെ നഷ്ടത്തിലോ കലാശിച്ചു.

ഒരു താവളപ്രദേശം നഷ്ടപ്പെട്ടതിന്റെ ഏററവും ശ്രദ്ധേയമായ ഉദാഹരണം ക്യാങ്സിയിലെ കേന്ദ്രതാവളപ്രദേശത്തിന്റേതു തന്നെ. 'വലയം ചെയ്ത് അടിച്ചമർത്തലി'നെതിരായ അഞ്ചാം എതിർ ക്യാമ്പെയിനിന്റെ കാലത്താണ് ഇതു സംഭവിച്ചത്. ഇവിടെ തെററ് ഉത്ഭവിച്ചത് ഒരു വലതുപക്ഷ വീക്ഷണകോണിൽ നിന്നായിരുന്നു. ഇവിടെ നേതാക്കന്മാർ കടുവയെപ്പോലെ ശത്രുവിനെ ഭയക്കുകയും, എല്ലായിടത്തും പ്രതിരോധങ്ങൾ കെട്ടിപ്പടുക്കുകയും, ഓരോ കാൽവയ്പിലും പ്രതിരോധ പോരാട്ടങ്ങൾ നടത്തുകയും, നമുക്ക് ഗുണകരമാകുമായിരുന്ന തരത്തിൽ ശത്രുവിന്റെ പിന്നിൽനിന്ന് ആക്രമിക്കാനും ശത്രുസൈന്യത്തെ ധീരമായി പ്രലോഭിപ്പിച്ച് ഉള്ളിലേക്കു കൊണ്ടുവന്ന് ഒരുമിച്ചുകൂട്ടി ഉന്മൂലനം ചെയ്യാനും ധൈര്യപ്പെടാതിരിക്കുകയുമാണു ചെയ്തത്. ഇതിന്റെ ഫലമായി മുഴുവൻ താവളപ്രദേശവും നഷ്ടപ്പെടുകയും ചുവപ്പുസേനയ്ക്കു 12000 കിലോമീററർ ദൂരം വരുന്ന ലോംഗ്മാർച്ച് ഏറെറടുക്കേണ്ടിവരുകയും ചെയ്തു. ഏതായാലും ഇത്തരം തെററു ചെയ്യുന്നതിനുമുമ്പു സാധാരണ ഗതിയിൽ ശത്രുവിനെ ശക്തി കുറച്ചു കാണുന്ന 'ഇടതുപക്ഷ' തെററു ഉണ്ടാവാറുണ്ട്. 1932–ൽ താക്കോൽ നഗരങ്ങളെ ആക്രമിച്ച സൈനിക സാഹസികത്വം, ശത്രുവിന്റെ അഞ്ചാം 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനിനെ നേരിടുന്നതിനു പിന്നീട് അംഗീകരിക്കപ്പെട്ട നിഷ്ക്രിയമായ പ്രതിരോധത്തിന്റെ മൂലകാരണമായിരുന്നു. ശത്രുവിനാൽ സംഭീതരാക്കപ്പെട്ടതിന്റെ അങ്ങേയററത്തെ ഉദാഹരണം 'ചാങ്കോ–ടാവോ' ലൈനിന്റെ പിന്മാററമനോഭാവമായിരുന്നു. മഞ്ഞ നദിയുടെ പടിഞ്ഞാറു ശത്രുവ

ച്ചു ചുവപ്പുസേനയുടെ നാലാം മുന്നണിയുടെ പടിഞ്ഞാറൻ പത്തിയു
ടെ പരാജയം വോ ലൈനിന്റെ അവസാന പാപ്പരത്വത്തെ സൂചിപ്പിക്കു
ന്നതായിരുന്നു.

സജീവ പ്രതിരോധം കടന്നാക്രമണ പ്രതിരോധമായും അഥവാ നിർ
ണായക ഏററുമുട്ടലുകളിലൂടെയുള്ള പ്രതിരോധമായും കൂടി അറിയപ്പെ
ടുന്നു. നിഷ്ക്രിയ പ്രതിരോധം ശുദ്ധ പ്രതിരോധാത്മക പ്രതിരോ
ധമായോ, ശുദ്ധ പ്രതിരോധമായോ കൂടി അറിയപ്പെടുന്നു: നിഷ്ക്രി
യ പ്രതിരോധം വാസ്തവത്തിൽ ഒരുതരം വ്യാജമായ പ്രതിരോധമാണ്.
യഥാർത്ഥ പ്രതിരോധം സജീവ പ്രതിരോധമാണ്; അതായത് പ്രത്യാ
ക്രമണം നടത്തുന്നതിനും കടന്നാക്രമിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള
പ്രതിരോധമാണ്. എനിക്കറിവിൽപ്പെട്ടിടത്തോളം തന്ത്രത്തിലായാലും
അടവിലായാലും നിഷ്ക്രിയമായ പ്രതിരോധത്തെ എതിർക്കാത്ത പുരാ
തനമോ ആധുനികമോ, ചൈനയിലെതോ വിദേശിയമോ ആയ വില
പ്പെട്ട ഒരു സൈനിക മാനുവലോ വിവരമുള്ള ഒരു സൈനിക വിദഗ്ധ
നോ ഇല്ലതന്നെ. നിഷ്ക്രിയ പ്രതിരോധത്തെ ഒരു രക്ഷാകവചമായി
വിലമതിക്കുന്നവൻ ഒരു തികഞ്ഞ വിഡ്ഢിയോ ഭ്രാന്തനോ ആയിരി
ക്കും. ഏതായാലും അത്തരം കാര്യങ്ങൾ ചെയ്യുന്നയാളുകൾ ഈ ലോക
ത്തുണ്ട്. അതു നാം നിശ്ചയദാർഢ്യത്തോടെ എതിർക്കേണ്ടതായിട്ടുള്ള,
യുദ്ധത്തിലെ ഒരു പിശകോ, സൈനിക കാര്യങ്ങളിലെ യാഥാസ്ഥി
തികത്വത്തിന്റെയോ ഒരു പ്രകടനമാണ്.

കൂടുതൽ പുതുതും ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്നതുമായ
ജർമ്മനി ജപ്പാൻ തുടങ്ങിയ സാമ്രാജ്യത്വ രാജ്യങ്ങളിലെ സൈനിക വിദഗ്ധ
ന്മാർ തന്ത്രപരമായ കടന്നാക്രമണത്തിന്റെ പ്രയോജനങ്ങളെക്കുറിച്ചു കു
ഴൽവിളിക്കുകയും തന്ത്രപരമായ പ്രതിരോധത്തിനെതിരെ ആരോപണങ്ങ
ളുമായി രംഗത്തിറങ്ങുകയും ചെയ്യുന്നു ഇത്തരം സൈനികചിന്ത ചൈന
യുടെ വിപ്ളവയുദ്ധത്തിനു തികച്ചും യോജിക്കാത്തതാണ്. ഈ സൈ
നിക വിദഗ്ധന്മാരുടെ അഭിപ്രായത്തിൽ പ്രതിരോധത്തിന്റെ ഗൗരവ
തരമായ ഒരു ദൗർബല്യം അതു ജനങ്ങളുടെ ആത്മവീര്യത്തെ പ്രചോദനം
കൊള്ളിക്കുന്നതിനു പകരം അതിന് ഇളക്കം തട്ടിക്കുന്നു എന്നതാണ്.
വർഗവൈരുദ്ധ്യങ്ങൾ മൂർച്ഛിച്ചിട്ടുള്ളതും യുദ്ധം അധികാരത്തിലി
രിക്കുന്ന പിന്തിരിപ്പൻ വിഭാഗത്തേയോ പിന്തിരിപ്പൻ രാഷ്ട്രീയ
ഗ്രൂപ്പുകളെയോ മാത്രം തുണക്കുന്നതുമായ രാജ്യങ്ങൾക്കുമാത്രം ബാധക
മാണ് ഇത്. പക്ഷേ നമ്മുടെ സ്ഥിതി വ്യത്യസ്തമാണ്. വിപ്ളവ
താവള പ്രദേശങ്ങളെ കാത്തുരക്ഷിക്കുകയും ചൈനയെ കാത്തുരക്ഷി
ക്കുകയും ചെയ്യുക എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഒരൊററ ഹൃദയ
ത്തോടും ഒരൊററ ആത്മാവോടും കൂടി പടവെട്ടാൻ നമുക്കു മഹാ ഭൂരിപ
ക്ഷം ജനങ്ങളെ അണിനിരത്താൻ സാധിക്കും, കാരണം നാം മർദ്ദിതരും
ആക്രമണത്തിന്റെ ഇരകളുമാണ്. സോവിയററു യൂണിയനിലെ ചുവ
പ്പുസേന ആഭ്യന്തര യുദ്ധകാലത്തു ശത്രുക്കളെ തോൽപ്പിച്ചതും പ്രതി
രോധത്തിന്റെ സമരരൂപം ഉപയോഗിച്ചാണ്. സാമ്രാജ്യത്വ രാജ്യങ്ങൾ
പ്രതിവിപ്ളവ ശക്തികളെ സംഘടിപ്പിച്ചപ്പോൾ, സോവിയററുകളെ
കാത്തുരക്ഷിക്കുക എന്ന മുദ്രാവാക്യത്തിൻ കീഴിലായിരുന്നു യുദ്ധം
നടത്തപ്പെട്ടത്; ഒക്ടോബർ ഉയർത്തെഴുന്നേൽപ്പിനു തയ്യാറെടുത്തുകൊ
ണ്ടിരിക്കുമ്പോൾ സൈനിക സജ്ജീകരണം നടത്തപ്പെട്ടിരുന്നത് തല
സ്ഥാനത്തെ കാത്തുരക്ഷിക്കുക എന്ന മുദ്രാവാക്യത്തിൻ കീഴിലായി
രുന്നു നീതിയുക്തമായ ഓരോ യുദ്ധത്തിലും പ്രതിരോധം രാഷ്
ട്രീയമായി അന്യമായ ഘടകങ്ങളുടെ മേൽ ഒരു സാന്ത്വനഫലം ഉളവാക്കു
ന്നതിനു പുറമേ അതു ബഹുജനങ്ങളിലെ പിന്നോക്ക വിഭാഗങ്ങളെ യു
ദ്ധത്തിൽ അണിനിരത്തുന്ന കാര്യം സാധ്യമാക്കിത്തീർക്കുകയും ചെയ്യും.



സായുധകലാപം ഒരിക്കൽ ആരംഭിച്ചുകഴിഞ്ഞാൽ ആക്രമത്തിൽ ഒരു
നിമിഷത്തെ വിരാമം പോലും ഉണ്ടാകാൻ പാടില്ല 20. എന്നു പറഞ്ഞപ്പോൾ
മാർക്സ് അർത്ഥമാക്കിയതു്, ഒരു സായുധ ഉയിർത്തെഴുന്നേല്പിലൂടെ അപ്രതീ
ക്ഷിതമായി ശത്രുവിനെ കീഴ്പ്പെടുത്തിയ ബഹുജനങ്ങൾ പിന്തിരിപ്പൻ ഭര
ണാധികാരികൾക്ക് തങ്ങളുടെ രാഷ്ട്രീയാധികാരം നിലനിർത്താനോ വീ
ണ്ടെടുക്കാനോ യാതൊരവസരവും നല്കാൻ പാടില്ല എന്നും, രാഷ്ട്രത്തിലെ
പിന്തിരിപ്പൻ ഭരണശക്തികളെ അവർ നിനച്ചിരിക്കാത്ത അവസരത്തിൽ
അടിച്ചിരുത്തുന്നതിനു് ഈ അവസരം ഉപയോഗപ്പെടുത്തണമെന്നും, നേരത്തെ
നേടിയ വിജയങ്ങൾകൊണ്ടു സംതൃപ്തരാവരുതെന്നും, ശത്രുവിനെ ശക്തികുറച്ചു
കാണുകയോ, ആക്രമണത്തിൽ അയവു വരുത്തുകയോ, മുന്നോട്ടു തള്ളിക്കയറുക
യോ ചെയ്യാൻ മടിച്ചു നില്ക്കുകയോ ചെയ്യരുതെന്നും, അങ്ങനെ ശത്രുവിനെ
നശിപ്പിക്കാനുള്ള അവസരം കൈവിട്ടുകളയാനും, വിപ്ലവത്തിനു പരാജയം ഉ
ണ്ടാകാനും ഇടയാകരുതെന്നുമാണു്. ഇതു് ശരിയാണു്. ഏതായാലും ഇതിനർത്ഥം
നമ്മേക്കാൾ മേന്മയുള്ള ഒരു ശത്രുവുമായി പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന
അവസരത്തിൽ, വിപ്ലവകാരികളായ നമ്മൾ അങ്ങേയററം നിർബ്ബന്ധിക്കപ്പെ
ടുമ്പോൾപ്പോലും പ്രതിരോധനടപടികൾ സ്വീകരിക്കാൻ പാടില്ലെന്നല്ല. ഒരു
പമ്പരവിഡ്ഢി മാത്രമെ ഈ രീതിയിൽ ചിന്തിക്കുകയുള്ളു.

മൊത്തത്തിൽ നോക്കിയാൽ നമ്മുടെ യുദ്ധം ക്ഷമിന്താങ്ങിനെതിരെയുള്ള
ഒരു കടന്നാക്രമണമായിരുന്നു; പക്ഷേ, സൈനികമായി അതു് ശത്രുവിന്റെ
''വലയം ചെയ്തു് അടിച്ചമർത്ത''ലിനെ തകർക്കുന്നതിന്റെ രൂപം കൈ
ക്കൊണ്ടിട്ടുണ്ടു്.

സൈനികമായി പറഞ്ഞാൽ നമ്മുടെ യുദ്ധമുറയിൽ പ്രതിരോധത്തിന്റെ
യും കടന്നാക്രമണത്തിന്റെയും ഒന്നിടവിട്ടുള്ള ഉപയോഗം അടങ്ങിയിട്ടുണ്ടു്.
നമ്മുടെ കാര്യത്തിൽ കടന്നാക്രമണം പ്രതിരോധത്തെ പിന്തുടരുകയോ അതി
ന്റെ മുമ്പേ പോവുകയോ ചെയ്താലും അതു് കാര്യമായ വ്യത്യാസം സൃഷ്ടി
ക്കുന്നില്ല. എന്തുകൊണ്ടെന്നാൽ കാതലായ പ്രശ്നം ''വലയം ചെയ്തു് അ
ടിച്ചമർത്ത''ലിനെ തകർക്കുക എന്നതാണു്. ഒരു ''വലയം ചെയ്തു് അടിച്ച
മർത്തൽ'' കാമ്പെയിൻ തകർക്കപ്പെടുന്നതുവരെ പ്രതിരോധം തുടരുകയും അ
തോടെ കടന്നാക്രമണം ആരംഭിക്കുകയും ചെയ്യുന്നു; ഇവ രണ്ടും ഒരേ കാര്യത്തി
ന്റെ രണ്ടു ഘട്ടങ്ങളാണു്. ശത്രുവിന്റെ അത്തരമൊരു കാമ്പെയിനെത്തുടർന്നു്
മററൊരോന്നു വന്നുകൊണ്ടിരിക്കുന്നു. അടുത്ത ഘട്ടങ്ങളിൽ ഏററവും സങ്കീർ
ണ്ണവും കൂടുതൽ പ്രധാനവുമായതു് പ്രതിരോധമാണു്. ''വലയം ചെയ്തു്
അടിച്ചമർത്ത''ലിനെ എങ്ങനെ തകർക്കണമെന്നതിന്റെ നിരവധി പ്രശ്ന
ങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. ഇവിടത്തെ അടിസ്ഥാന തത്വം സജീ
വ പ്രതിരോധത്തിനായി നിലകൊള്ളുകയും നിഷ്ക്രിയ പ്രതിരോധത്തെ
എതിർക്കുകയും ചെയ്യുക എന്നതാണു്.

നമ്മുടെ ആഭ്യന്തരയുദ്ധത്തിൽ, ചുവപ്പു സേനയുടെ കരുത്തു് ശത്രുവിന്റെ
തിനേക്കാൾ കൂടുതലാവുമ്പോൾ പൊതുവിൽ നമുക്കു് തന്ത്രപരമായ പ്രതിരോ
ധം ആവശ്യമില്ല. അപ്പോൾ നമ്മുടെ നയം തന്ത്രപരമായ കടന്നാക്രമണമാ
യിരിക്കും. ഈ മാററം ശക്തികളുടെ സമതുലനാവസ്ഥയിലെ മൊത്തത്തിലു
ള്ള ഒരു മാററത്തെ ആശ്രയിച്ചിരിക്കും. ആ സമയം ആകുമ്പോഴേക്കും അവ
ശേഷിക്കുന്ന പ്രതിരോധ നടപടികൾ ഒരു ഭാഗികസ്വഭാവമുള്ളതായിരിക്കും.

## 2. ''വലയം ചെയ്തു് അടിച്ചമർത്തൽ'' കാമ്പെയിനുകളെ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ

ശത്രുവിന്റെ ആസൂത്രിതമായ ''വലയം ചെയ്തു് അടിച്ചമർത്ത''ലി
നെതിരെ അവശ്യം വേണ്ടതും പര്യാപ്തവുമായ തയ്യാറെടുപ്പു നടത്തിയില്ലെ

കിൽ നാം തീർച്ചയായും നിഷ്ക്രിയമായ ഒരു നിലയിലെത്താൻ നിർബ്ബന്ധിതരാവും. ധൃതിയിൽ പോരാട്ടത്തെ സ്വീകരിക്കുക എന്നതിനർത്ഥം വിജയത്തെക്കുറിച്ച് ഉറപ്പില്ലാതെ പോരാട്ടം നടത്തുക എന്നാണ്. അതുകൊണ്ട് ശത്രു ഒരു ''വലയം ചെയ്ത് അടിച്ചമർത്തൽ'' കാമ്പെയിനു തയ്യാറെടുക്കുമ്പോൾ ഒരു എതിർ കാമ്പെയിനു തയ്യാറെടുക്കേണ്ടത് നമ്മെ സംബന്ധിച്ചിടത്തോളം തികച്ചും ആവശ്യമാണ്. നമ്മുടെ അണികളിലെ ചിലയാളുകൾ ഒരു സന്ദർഭത്തിൽ ചെയ്തിരുന്നതുപോലെ അത്തരം തയ്യാറെടുക്കലുകളെ എതിർക്കുന്നത് ബാലിശവും പരിഹാസ്യവുമാണ്.

ഇവിടെ വളരെ വേഗത്തിൽ വിവാദം ഉയർന്നുവന്നേക്കാവുന്ന ഒരു വിഷമ പ്രശ്നമുണ്ട്. എപ്പോഴാണ് നാം കടന്നാക്രമണം അവസാനിപ്പിക്കുകയും ''വലയം ചെയ്ത് അടിച്ചമർത്ത''ലിന്നെതിരായി എതിർ കാമ്പെയിനു തയ്യാറെടുക്കുന്ന ഘട്ടത്തിലേക്ക് തിരിയുകയും ചെയ്യേണ്ടത്. നാം വിജയകരമായി കടന്നാക്രമണം നടത്തുകയും ശത്രു പ്രതിരോധത്തിലായിരിക്കുകയും ചെയ്യുമ്പോൾ അടുത്ത ''വലയം ചെയ്ത് അടിച്ചമർത്തൽ'' കാമ്പെയിനു വേണ്ടിയുള്ള അവന്റെ തയ്യാറെടുപ്പ് രഹസ്യമായി നടത്തപ്പെടുന്നു. അതുകൊണ്ട് അവന്റെ കടന്നാക്രമണം എപ്പോൾ ആരംഭിക്കുമെന്ന് അറിയുന്ന കാര്യം നമ്മെ സംബന്ധിച്ചിടത്തോളം പ്രയാസമാണ്. എതിർ കാമ്പെയിനു തയ്യാറെടുക്കുന്ന നമ്മുടെ പ്രവർത്തനം വേണ്ടതിലും നേരത്തെ ആരംഭിക്കുകയാണെങ്കിൽ അത് കടന്നാക്രമണത്തിൽനിന്നുള്ള നേട്ടത്തെ കുറയ്ക്കുന്നതായിരിക്കും; കൂടാതെ ചിലപ്പോൾ അത് ചുവപ്പു സേനയുടെയും ജനങ്ങളുടെയും കാര്യത്തിൽ ദോഷകരമായ ചില ഫലങ്ങളും ഉളവാക്കിയേക്കാം. കാരണം, തയ്യാറെടുപ്പു ഘട്ടത്തിലെ പ്രധാന നടപടികൾ പിന്മാററം നടത്തുന്നതിനുള്ള സൈനിക തയ്യാറെടുപ്പുകളും അവയ്ക്കുവേണ്ടി ജനങ്ങളെ രാഷ്ട്രീയമായി അണിനിരത്തലുമാണ്. ചിലപ്പോൾ, നാം വേണ്ടതിലേറെ നേരത്തെ തയ്യാറെടുപ്പ് ആരംഭിക്കുകയാണെങ്കിൽ ഇത് ശത്രുവിനുവേണ്ടിയുള്ള കാത്തിരിപ്പ് ആയിമാറും. ശത്രു പ്രത്യക്ഷപ്പെടാതെ അങ്ങിനെ നാം കാത്തിരിക്കേണ്ടിവന്നാൽ നമുക്ക് നമ്മുടെ കടന്നാക്രമണത്തെ നവീകരിക്കേണ്ടിവരും. കുറച്ചു കഴിഞ്ഞ് നമ്മുടെ പുതിയ കടന്നാക്രമണം ആരംഭിക്കുന്നതോടൊപ്പംതന്നെ ശത്രുവിന്റെ കടന്നാക്രമണം ആരംഭിക്കുകയും അങ്ങനെ നമ്മെ വിഷമകരമായ ഒരു അവസ്ഥയിൽ കൊണ്ടെത്തിക്കുകയും ചെയ്യും. അതുകൊണ്ട് നമ്മുടെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ട ശരിയായ സമയം തിരഞ്ഞെടുക്കുക എന്നത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ശരിയായ സമയം തിരഞ്ഞെടുക്കുന്നത് ശത്രുവിന്റെ സ്ഥിതിയെയും നമ്മുടെ സ്ഥിതിയെയും അവ തമ്മിലുള്ള ബന്ധത്തെയും കുറിച്ചുള്ള അർഹമായ പരിഗണനയോടുകൂടി ആയിരിക്കണം. ശത്രുവിന്റെ സ്ഥിതിയെക്കുറിച്ച് അറിയണമെങ്കിൽ നാം അവന്റെ രാഷ്ട്രീയവും സൈനികവും ധനപരവുമായ സ്ഥിതിയെക്കുറിച്ചും അവന്റെ പ്രദേശത്തെ പൊതുജനാഭിപ്രായത്തിന്റെ അവസ്ഥയെക്കുറിച്ചും വിവരം ശേഖരിക്കണം. അത്തരം വിവരങ്ങളുടെ അപഗ്രഥനം നടത്തുമ്പോൾ നാം ശത്രുവിന്റെ മൊത്തം ശക്തിയെ പൂർണമായി കണക്കിലെടുക്കുകയും, അവന്റെ മുൻകാലപരാജയങ്ങളെ പെരുപ്പിച്ചു കാണാതിരിക്കുകയും ചെയ്യണം. അതേ സമയംതന്നെ അവന്റെ ആഭ്യന്തര വൈരുധ്യങ്ങളും, സാമ്പത്തികപ്രയാസങ്ങളും അവന്റെ മുൻകാല പരാജയങ്ങളുടെ ഫലവും മററും കണക്കിലെടുക്കുന്ന കാര്യത്തിൽ നമുക്കു പരാജയം സംഭവിക്കാൻ പാടില്ല. നമ്മുടെ കാര്യത്തിലാവട്ടെ, നാം നമ്മുടെ കഴിഞ്ഞകാല വിജയങ്ങളുടെ വ്യാപ്തിയെ പെരുപ്പിച്ചു കാണുകയോ, അവയുടെ ഫലത്തെ പൂർണമായി കണക്കിലെടുക്കാതിരിക്കുകയോ ചെയ്യാൻ പാടില്ല.



ഏതായാലും തയ്യാറെടുപ്പ് നടത്തേണ്ട സമയത്തിന്റെ പ്രശ്നത്തെക്കുറിച്ച് പൊതുവിൽ പറഞ്ഞാൽ, അത് വളരെ താമസിച്ച് ആരംഭിക്കുന്നതിലും നല്ലത് വളരെ നേരത്തെതന്നെ ആരംഭിക്കുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ നേരത്തെയുള്ള തയ്യാറെടുപ്പ് താരതമ്യേന കുറഞ്ഞ നഷ്ടങ്ങൾക്ക് ഇടയാക്കുന്നു. മാത്രമല്ല, അത് വിപത്തുകളെ ഒഴിവാക്കുകയും നമ്മെ അടിസ്ഥാനപരമായി അജയ്യമായ ഒരു അവസ്ഥയിൽ എത്തിക്കുകയും ചെയ്യുന്നു.

തയ്യാറെടുപ്പു ഘട്ടത്തിലെ അത്യാവശ്യപ്രശ്നങ്ങൾ ചുവപ്പു സേനയുടെ പിൻവാങ്ങലിനും, രാഷ്ട്രീയമായി അണിനിരത്തലിനും, റിക്രൂട്ടുമെന്റിനുമുള്ള തയ്യാറെടുപ്പുകളും, ധനം ഭക്ഷണസാധനങ്ങൾ എന്നിവക്കുള്ള ഏർപ്പാടു ചെയ്യലും, രാഷ്ട്രീയമായ അന്യഘടകങ്ങളെ കൈകാര്യം ചെയ്യലുമാണ്.

ചുവപ്പു സേനയുടെ പിൻവാങ്ങലിനുള്ള തയ്യാറെടുപ്പുകൾ എന്നു പറയുമ്പോൾ നാം അർത്ഥമാക്കുന്നത്, പിൻവാങ്ങലിനെ അപകടപ്പെടുത്തുന്ന ലക്ഷ്യത്തിലേക്ക് അതു നീങ്ങാതിരിക്കാനും, കടന്നാക്രമണപ്രവർത്തനത്തിൽ വളരെ ദൂരം മുന്നോട്ടു പോയി ക്ഷീണിക്കാതിരിക്കാനും ശ്രദ്ധിക്കുക എന്നാണ്. ശത്രുവിന്റെ വൻതോതിലുള്ള കടന്നാക്രമണത്തിനു തൊട്ടുമുമ്പ് ചുവപ്പു സേനയിലെ പ്രധാന വിഭാഗങ്ങൾ ശ്രദ്ധിക്കേണ്ടത് ഇക്കാര്യങ്ങളാണ്. അത്തരം സമയങ്ങളിൽ പ്രധാനമായും യുദ്ധമേഖലകളുടെ തിരഞ്ഞെടുപ്പും തയ്യാറാക്കലും ആസൂത്രണം ചെയ്യുക, ഭക്ഷ്യസാധനങ്ങളും മററും ശേഖരിക്കുക, സ്വന്തം സേനകളെ വിപുലപ്പെടുത്തുകയും അവർക്കു പരിശീലനം നല്കുകയും ചെയ്യുക എന്നിവയിൽ ചുവപ്പുസേന ശ്രദ്ധയർപ്പിക്കേണ്ടതുണ്ട്.

''വലയം ചെയ്ത് അടിച്ചമർത്ത''ലിനെതിരെയുള്ള സമരത്തിൽ പ്രഥമപ്രധാനമായ ഒരു പ്രശ്നം രാഷ്ട്രീയമായി അണിനിരത്തലാണ്. അതായത് ശത്രുവിന്റെ കടന്നാക്രമണം അനിവാര്യവും ആസന്നവുമാണെന്നും, അത് ജനങ്ങൾക്കു ഗുരുതരമായ വിപത്ത് വരുത്തിവെക്കുമെന്നും ചുവപ്പു സേനയോടും, താവളപ്രദേശങ്ങളിലെ ജനങ്ങളോടും വ്യക്തമായും, വിട്ടുവീഴ്ചയില്ലാതെയും പറയണം. അതേസമയം തന്നെ ശത്രുവിന്റെ ദൗർബല്യങ്ങൾ, ചുവപ്പുസേനയ്ക്ക് അനുകൂലമായ ഘടകങ്ങൾ, വിജയിക്കുന്നതിനുള്ള നമ്മുടെ അജയ്യമായ ഇച്ഛാശക്തി, നമ്മുടെ പൊതുപ്രവർത്തനപദ്ധതി എന്നിവയെക്കുറിച്ചും അവരോടു പറയേണ്ടതുണ്ട്. ശത്രുവിന്റെ ''വലയം ചെയ്തു അടിച്ചമർത്തൽ'' കാമ്പെയിനെതിരെ പടവെട്ടാനും താവളപ്രദേശത്തെ കാത്തുരക്ഷിക്കാനും നാം ചുവപ്പുസേനയോടും മൊത്തം ജനങ്ങളോടും ആഹ്വാനം ചെയ്യണം. സൈനികരഹസ്യങ്ങളൊഴിച്ചുള്ള കാര്യങ്ങളിൽ രാഷ്ട്രീയമായ അണിനിരത്തൽ പരസ്യമായിട്ടാണ് നടത്തേണ്ടത്. അതിലുപരിയായി വിപ്ളവലക്ഷ്യത്തിനു പിന്തുണ നല്കാൻ സാദ്ധ്യതയുള്ള എല്ലാവരിലേക്കും അതു വ്യാപിപ്പിക്കാൻ എല്ലാത്തരത്തിലുമുള്ള ശ്രമവും നടത്തേണ്ടതാണ്. ഇവിടത്തെ കാതലായ കണ്ണി കേഡർമാരെ ബോദ്ധ്യപ്പെടുത്തലാണ്.

പുതിയ സൈനികരെ റിക്രൂട്ടു ചെയ്യുന്നതു രണ്ടു പരിഗണനകളുടെ അടിസ്ഥാനത്തിലായിരിക്കണം. ഒന്ന്, ജനങ്ങളുടെ രാഷ്ട്രീയ ബോധത്തിന്റേയും ജനസംഖ്യയുടെ വലിപ്പത്തിന്റേയും അടിസ്ഥാനത്തിൽ; രണ്ട്, ചുവപ്പു സേനയുടെ ഇപ്പോഴത്തെ അവസ്ഥയുടേയും എതിർ ക്യാമ്പെയിനിടയ്ക്ക് ഉണ്ടാവാനിടയുള്ള നഷ്ടങ്ങളുടെ വ്യാപ്തിയുടേയും അടിസ്ഥാനത്തിൽ.

എതിർക്യാമ്പെയിൻ നടത്തുന്നതിൽ പണത്തിന്റേയും ഭക്ഷണത്തിന്റേയും പ്രശ്നങ്ങൾ വമ്പിച്ച പ്രാധാന്യമുള്ളവയാണെന്നു പറയേണ്ടതില്ല. ശത്രുവിന്റെ സുദീർഘമായ ഒരു ക്യാമ്പെയിനിനു സാദ്ധ്യതയുണ്ടെന്ന കാര്യം നാം കണക്കിലെടുക്കണം. ശത്രുവിന്റെ 'വലയം ചെയ്തു അടിച്ചമർത്തൽ' ക്യാ-

ബെയിനിന്നു് എതിരായുള്ള മൊത്തം സമരത്തിൽ വേണ്ട_പ്രധാനമായും ചുവപ്പുസേനയുടേയും അതോടൊപ്പംതന്നെ താവളപ്രദേശങ്ങളിലെ ജനങ്ങളുടേയും ഏററവും ചുരുങ്ങിയ ഭൗതികാവശ്യങ്ങളെക്കുറിച്ച് ഒരു കണക്കുകൂട്ടൽ നടത്തേണ്ടതു് ആവശ്യമാണ്.

രാഷ്ട്രീയമായി അന്യമായ ഘടകങ്ങളെ സംബന്ധിച്ചിടത്തോളം നാം ജാഗ്രതയില്ലാത്തവരാവരുതു്; അതേസമയം തന്നെ അവരുടെ ഭാഗത്തുനിന്നുള്ള ചതിയെക്കുറിച്ച് വേണ്ടതിലേറെ ഉൽക്കണ്ഠാകുലരാവുന്നതും അത്യധികമായ മുൻകരുതൽ എടുക്കുന്നതും അനാവശ്യമാണ്. ഭൂപ്രഭുക്കന്മാർ, കച്ചവടക്കാർ, ധനികകൃഷിക്കാർ എന്നിവരെ വിവേചിച്ചു കാണണം. ഇതിൽ പ്രധാന പ്രശ്നം അവർക്കു് കാര്യങ്ങൾ രാഷ്ട്രീയമായി വിശദീകരിച്ചുകൊടുക്കലും, അവരുടെ നിഷ്പക്ഷത നേടിയെടുക്കലും, അതേ സമയംതന്നെ അവരുടെമേൽ ഒരു കണ്ണുണ്ടായിരിക്കാൻ ബഹുജനങ്ങളെ സംഘടിപ്പിക്കലുമാണ്. ഏററവും അപകടകാരികളായ വളരെ കുറച്ചു ഘടകങ്ങൾക്കെതിരായി മാത്രമേ അറസ്റ്റുമാതിരിയുള്ള കർശന നടപടികൾ എടുക്കേണ്ടതുള്ളു.

'വലയം ചെയ്തു് അടിച്ചമർത്തലി'നെതിരായ സമരത്തിലെ വിജയത്തിന്റെ വ്യാപ്തി, തയ്യാറെടുപ്പു ഘട്ടത്തിലെ കടമകളുടെ പൂർത്തീകരണത്തോതുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്നു. ശത്രുവിന്റെ ശക്തി കുറച്ചു കാണുന്നതുമൂലം തയ്യാറെടുപ്പു പ്രവർത്തനത്തിൽ അയവുണ്ടാകുന്നതും, ശത്രുവിന്റെ ആക്രമണങ്ങളാൽ സംഭീതരാക്കപ്പെടുന്നതു മൂലം പരിഭ്രാന്തിയുണ്ടാവുന്നതും അപകടകരമായ പ്രവണതകളാണ്. ഇവ രണ്ടും നിശ്ചയദാർഢ്യത്തോടെ എതിർക്കപ്പെടേണ്ടതാണ്. നമുക്കു വേണ്ടതു് ഊർജസ്വലവും എന്നാൽ ശാന്തമായ മാനസികാവസ്ഥയും തീവ്രവും എന്നാൽ ചിട്ടയായ പ്രവർത്തനവുമാണ്.

## 3· തന്ത്രപരമായ പിൻവാങ്ങൽ

താഴെക്കിടയിലുള്ള ഒരു സൈന്യം സ്വന്തം സമരശേഷി കാത്തുസൂക്ഷിക്കുന്നതിനും ശത്രുവിനെ പരാജയപ്പെടുത്താൻ തക്കം നോക്കിയിരിക്കുന്നതിനുംവേണ്ടി കൈക്കൊള്ളുന്ന ആസൂത്രിതവും തന്ത്രപരവുമായ ഒരു നടപടിയാണു് തന്ത്രപരമായ പിൻവാങ്ങൽ. കൂടുതൽ ഉയർന്ന ഒരു ശക്തിതന്നെ നേരിടുന്നു എന്നും അതിന്റെ ആക്രമണത്തെ പെട്ടെന്നു് തകർക്കുന്നതിനു് തനിക്കു കഴിയുകയില്ലെന്നും കാണുന്ന അവസരത്തിലാണ് അതു് ഈ നടപടി സ്വീകരിക്കുന്നതു്. എന്നാൽ സൈനിക സാഹസികർ ഇത്തരം ഒരു നടപടിയെ ശക്തിയുക്തം എതിർക്കുകയും 'ശത്രുവിനെ പടിക്കു പുറത്തുവച്ചു നേരിടുന്നതിനു' വേണ്ടി വാദിക്കുകയും ചെയ്യുന്നു.

രണ്ടു മുഷ്ടി യുദ്ധക്കാർ തമ്മിൽ ഏററുമുട്ടുമ്പോൾ അവരിൽ കൂടുതൽ സമർത്ഥൻ സാധാരണയായി ആരംഭത്തിൽ അൽപ്പം പിൻവാങ്ങിക്കൊടുക്കുകയും, മഠയൻ രോഷാകുലനായി ഓടിയടുത്തു് തുടക്കത്തിൽതന്നെ തന്റെ കഴിവുകളെല്ലാം വ്യയം ചെയ്തു്, അവസാനം സമർത്ഥനായ ഒന്നാമനാൽ പലപ്പോഴും തോൽപിക്കപ്പെടാറുള്ളതു നമുക്കെല്ലാം അറിയാവുന്നതാണ്.

ഷൂയി ഹൂചുവാൻ21 എന്ന നോവലിൽ ഡ്രിൽമാസ്റ്ററായ ഹങ്ങ്, ചായ് ചിന്നിന്റെ തോട്ടത്തിൽ വച്ചു് ഒരു മല്ലയുദ്ധത്തിനു വരാൻ ലിൻചുങ്ങിനെ വെല്ലുവിളിക്കുന്നുണ്ടു്. 'ചുണയുണ്ടെങ്കിൽ വാടാ' എന്നയാൾ വിളിച്ചുപറയുന്നു. ആദ്യം പിൻവാങ്ങിയ ലിൻചുങ്ങ്, എതിരാളി ഹങ്ങിന്റെ ദുർബലവശം കണ്ടുപിടിക്കുകയും അവസാനം ഒരടിക്കു് അയാളെ നിലം പതിപ്പിക്കുകയും ചെയ്യുന്നു.



വസന്ത, ശരത്കാലയുഗങ്ങളിൽ ലു, ചി 22 രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധത്തിൽ ആയിരുന്നു. 'ചി'യിലെ പട്ടാളക്കാർ ക്ഷീണിക്കുന്നതിനു മുമ്പുതന്നെ 'ലു'വിലെ ചുവാങ്ങ് പ്രഭു ആക്രമണം നടത്താൻ ആഗ്രഹിച്ചു. പക്ഷേ ട്സാവോ കുവെയി അയാളെ തടഞ്ഞുനിർത്തി. പകരം 'ശത്രു ക്ഷീണിക്കുമ്പോൾ നാം ആക്രമിക്കു'ന്ന അടവ് സ്വീകരിച്ചപ്പോൾ ചി സൈന്യത്തെ തോൽപിക്കുന്നതിനു് അയാൾക്കു കഴിഞ്ഞു. ദുർബലമായ സൈന്യം ശക്തമായ സൈന്യത്തെ തോൽപിക്കുന്നതിന്റെ ചൈനയുടെ സൈനിക ചരിത്രത്തിലെ ഉത്തമമായ ഒരു ഉദാഹരണമാണിതു്. ഇതേപ്പററി ചരിത്രകാരനായ സോചിയുമിങ്ങ് 23 നൽകിയിട്ടുള്ള വിവരണമാണ് താഴെ കൊടുക്കുന്നതു്.

വസന്തകാലത്തു് ചിയിലെ സൈന്യം ഞങ്ങളെ ആക്രമിച്ചു. പ്രഭു യുദ്ധത്തിനു സന്നദ്ധനായി. ഉടൻ തനിക്കു് ഒരു കാര്യം പറയാനുണ്ടെന്നു് ട്സാവോ കുവെയി അപേക്ഷിച്ചു. അയാളുടെ അയൽവാസികൾ ഇങ്ങനെ പറഞ്ഞു: 'ഇതു് ഇറച്ചി തീററിക്കാരായ ഉദ്യോഗസ്ഥന്മാരുടെ ഏർപ്പാടാണ്; എന്തിനതിൽ ഇടപെടണം?' ട്സാവോ മറുപടി പറഞ്ഞു: 'ഇറച്ചിതീററിക്കാർ വിഡ്ഢികളാണ്. അവർക്കു മുൻകൂട്ടി പദ്ധതിയിടുന്നതിനു കഴിയുകയില്ല.' തുടർന്നു് അയാൾ പ്രഭുവിനെ കാണുകയും ഇങ്ങനെ ചോദിക്കുകയും ചെയ്തു. 'യുദ്ധം ചെയ്യുമ്പോൾ താങ്കൾ എന്തിനെ ആശ്രയിക്കും'? പ്രഭു മറുപടി പറഞ്ഞു: 'എന്റെ ആഹാരവും വസ്ത്രവുമെല്ലാം ഞാൻ സ്വന്തം സുഖത്തിനായി കരുതിവച്ചുകൊണ്ടിരിക്കാൻ ധൈര്യപ്പെടുന്നില്ല; എപ്പോഴും അവയെ മററുള്ളവരുമായി ഞാൻ പങ്കുവയ്ക്കുന്നു.' ട്സാവോ പറഞ്ഞു: 'അത്തരം നിസ്സാര ദാനശീലങ്ങൾക്കു് എല്ലാവരിലും എത്തിച്ചേരാൻ കഴിയില്ല. ജനങ്ങൾ നിങ്ങളെ പിന്തുടരുകയില്ല.' പ്രഭു പറഞ്ഞു. 'ദൈവങ്ങൾക്കു് അർഹമായതിനേക്കാൾ താഴ്ന്ന ബലിമൃഗങ്ങളേയോ; പൊട്ടുകുതിരയേയോ, പട്ടോ ഒരിക്കലും ഞാൻ അർപ്പിക്കാറില്ല. ഞാൻ വിശ്വാസങ്ങളോടു് കൂറു പുലർത്തുന്നു.' ട്സാവോ പറഞ്ഞു: 'നിസ്സാരമായ ഇത്തരം കൂറു് ഒരിക്കലും വിശ്വാസം ജനിപ്പിക്കുന്നില്ല. ദൈവങ്ങൾ നിങ്ങളെ അനുഗ്രഹിക്കുകയില്ല.' പ്രഭു പറഞ്ഞു: 'ചെറുതും വലുതുമായ എല്ലാ വിചാരണകളുടേയും വിശദാംശങ്ങൾ നേരിട്ടു കേൾക്കാൻ കഴിഞ്ഞില്ലെങ്കിലും എപ്പോഴും വസ്തുതകൾ വേണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.' ട്സാവോ പറഞ്ഞു: 'അതു് നിങ്ങളുടെ ജനങ്ങളോടുള്ള അർപ്പണ ബോധത്തെയാണ് കാണിക്കുന്നതു്. നിങ്ങൾക്കു് യുദ്ധത്തിനു പോകാം. അങ്ങനെ നിങ്ങൾ പോകുമ്പോൾ നിങ്ങളെ പിന്തുടരാൻ അനുവദിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.' പ്രഭുവും അയാളും ഒരേ രഥത്തിൽ യാത്ര ചെയ്തു. ചാങ്ങ്ഷാവോ എന്ന സ്ഥലത്താണ് യുദ്ധം ആരംഭിച്ചതു്. ആക്രമണം തുടങ്ങുന്നതിനെ സൂചിപ്പിക്കുന്ന പടഹം അടിക്കാൻ തയ്യാറായപ്പോൾ ട്സാവോ പറഞ്ഞു. 'സമയമായില്ല' ചിയുടെ ആളുകൾ മൂന്നുപ്രാവശ്യം പെരുമ്പറയടിച്ചപ്പോൾ ട്സാവോ പറഞ്ഞു: 'ഇനി നമുക്കു പടഹമടിക്കാം' ചിയുടെ സേന തുരത്തിയോടിക്കപ്പെട്ടു. അവരെ പിന്തുടരാൻ പ്രഭു തയ്യാറായി, ട്സാവോ വീണ്ടും പറഞ്ഞു: 'ഇനിയും സമയമായില്ല.' ശത്രുക്കളുടെ വണ്ടിച്ചക്രങ്ങളുടെ പാടുകൾ നോക്കാൻ അയാൾ രഥത്തിൽനിന്നു് താഴെയിറങ്ങി. പിന്നീടു് രഥത്തിന്റെ കൈപ്പിടിയിന്മേൽ കയറി അയാൾ ദൂരേക്കു നോക്കി. എന്നിട്ടു പറഞ്ഞു: 'ഇനി നമുക്കു പിന്തുടരാം.' അങ്ങനെ ചി സൈന്യത്തെ പിന്തുടർന്നു. വിജയത്തിനുശേഷം പ്രഭു ട്സാവോവിനോടു്, എന്തുകൊണ്ടാണ് അയാൾ അത്തരം ഉപദേശങ്ങൾ നൽകിയതു് എന്നു ചോദിച്ചു. ട്സാവോ മറുപടി പറഞ്ഞു: 'ഒരു യുദ്ധം ധൈര്യത്തെ ആശ്രയിച്ചാണ് നിൽക്കുന്നതു്. ഒന്നാമത്തെ പടഹധ്വനി കേൾക്കുമ്പോൾ ധൈര്യം ഉണരുന്നു; രണ്ടാമത്തേതു് കേൾക്കുമ്പോൾ അതു് നിർവീര്യമാകുന്നു.

മൂന്നാമത്തേതിന് അതു തീരെ ഇല്ലാതായിത്തീരുന്നു. ശത്രുവിന്റെ ധൈര്യം അവസാനിച്ചപ്പോഴും നമ്മുടേതു് ഉയർന്ന നിലയിൽ തന്നെ നിന്നിരുന്നു. അതുകൊണ്ടു് നാം വിജയിച്ചു. ഒരു വലിയ രാഷ്ട്രത്തിന്റെ നീക്കങ്ങളെ ശരിക്കു മനസ്സിലാക്കുക എന്നതു് പ്രയാസപ്പെട്ട ഒരു കാര്യമാണു്. പതിയിരുന്നുള്ള ആക്രമണമാണു് ഞാൻ ഭയപ്പെട്ടതു്. പക്ഷേ ശത്രുവിന്റെ വണ്ടിച്ചക്രങ്ങളുടെ പാടുകൾ പരിശോധിക്കുകയും അവയെ നെടുകേയും കുറുകേയുമായി കാണുകയും ദൂരേക്കു് നോക്കിയപ്പോൾ അവരുടെ കൊടിക്കൂറകൾ താഴ്ന്നു കിടക്കുന്നതു് കാണുകയും ചെയ്തപ്പോൾ അവരെ പിന്തുടരാൻ ഞാൻ ഉപദേശിച്ചു.'

അതു് ദുർബലമായ ഒരു രാഷ്ട്രം ശക്തമായ ഒരു രാഷ്ട്രത്തെ എതിർക്കുന്നതിന്റെ ഒരു ഉദാഹരണമാണു്. യുദ്ധത്തിനു മുമ്പു് രാഷ്ട്രീയ തയ്യാറെടുപ്പു നടത്തുന്നതിന്റെ_അതായതു് ജനങ്ങളുടെ വിശ്വാസം ആർജിക്കുന്നതിന്റെ_കാര്യമാണു് ഈ കഥയിൽ പറയുന്നതു്. അതു് പ്രത്യാക്രമണത്തിലേക്കു മാറാൻ അനുകൂലമായ ഒരു യുദ്ധക്കളത്തെപ്പറ്റി_ചാങ്ഷാവോ_സാണു് പറയുന്നതു്. അതു് പ്രത്യാക്രമണം ആരംഭിക്കുന്നതിനുള്ള അനുകൂലമായ സമയം_അതായതു് ശത്രുവിന്റെ ധൈര്യം ക്ഷയിക്കുകയും തന്റേതു വർദ്ധിച്ചിരിക്കുകയും ചെയ്യുന്ന സമയം–ആണു് സൂചിപ്പിക്കുന്നതു്, അതു് പിന്തുടരൽ ആരംഭിക്കുന്നതിനുള്ള സമയം ചൂണ്ടിക്കാണിക്കുന്നു. അതായതു് ശത്രുവിന്റെ വണ്ടിപ്പാടുകൾ നെടുകേയും കുറുകേയുമായിരിക്കുകയും കൊടിക്കൂറകൾ താണുകിടക്കുകയും ചെയ്യുന്ന സമയമാണു് പിന്തുടരാനുള്ള സമയം എന്നു് ചൂണ്ടിക്കാണിക്കുന്നു. ഈ യുദ്ധം വമ്പിച്ച ഒന്നല്ലെങ്കിൽ തന്നെയും അതു് തന്ത്രപരമായ പ്രതിരോധത്തിന്റെ തത്വങ്ങൾ വെളിപ്പെടുത്തുന്നു. ഈ തത്വങ്ങളുടെ അടിസ്ഥാനത്തിൽ നേടിയ വിജയങ്ങളുടെ നിരവധി ഉദാഹരണങ്ങൾ ചൈനയുടെ സൈനിക ചരിത്രത്തിൽ കാണാൻ കഴിയും. ചു രാഷ്ട്രവും ഹാൻ രാഷ്ട്രവും തമ്മിൽ നടന്ന ചെങ്കാവോ യുദ്ധവും[24], സിൻരാഷ്ട്രവും ഹാൻരാഷ്ട്രവും തമ്മിൽ നടന്ന കുനീയാൻ യുദ്ധവും[25] യുവാൻ ഷാവോയും ട്സാവോയും തമ്മിൽ നടന്ന കവാൻടു യുദ്ധവും[26], വു രാഷ്ട്രവും വെയ്രാഷ്ട്രവും തമ്മിൽ നടന്ന ചിപ്പി യുദ്ധവും [27], വു രാഷ്ട്രവും ഷു രാഷ്ട്രവും തമ്മിൽ നടന്ന യി ലിങ് യുദ്ധവും[28] , ചിൻ രാഷ്ട്രവും ട്സിൻ രാഷ്ട്രവും തമ്മിൽ നടന്ന ഫെയ്ഷൂയി യുദ്ധവും [29] പ്രസിദ്ധങ്ങളാണു്. ഇവയിൽ ഓരോന്നിലും മത്സരകക്ഷികൾ തുല്യരായിരുന്നില്ല. ദുർബല കക്ഷി ആദ്യം അൽപം കീഴ്വഴങ്ങിക്കൊടുക്കുകയും പിന്നീടു് ശത്രു അടിച്ചതിനു ശേഷം മാത്രം അടിച്ചുകൊണ്ടു് മേധാവിത്വം കരസ്ഥമാക്കുകയും അങ്ങനെ കരുത്തനായിരുന്ന ശത്രുവിനെ പരാജയപ്പെടുത്തുകയുമാണു ചെയ്തതു്.

1927ലെ ശരത്കാലത്താണു് നമ്മുടെ യുദ്ധം ആരംഭിച്ചതു്. അന്നു് നമുക്കു യാതൊരു അനുഭവവും ഉണ്ടായിരുന്നില്ല. നാൻചാങ് കലാപവും[30] ക്യാൻടൻ കലാപവും[31] പരാജയപ്പെട്ടു. ശരത്കാലവിളവെടുപ്പു് കലാപകാലത്തു്[32] ഹുനാൻ_ഹുപ്പേ—ക്യാങ്സി അതിർത്തി പ്രദേശത്തെ ചുവപ്പുസേന നിരവധി പരാജയങ്ങൾ അനുഭവിക്കുകയും, ഹുനാൻ–കിയാങ്സി അതിർത്തി പ്രദേശത്തെ ചിങ്കാങ് പർവ്വതങ്ങളിലേക്കു് മാറുകയും ചെയ്തു. അടുത്ത ഏപ്രിൽ മാസത്തിൽ നാൻചാങ് കലാപത്തിന്റെ പരാജയത്തെ അതിജീവിച്ച ഘടകങ്ങളും തെക്കൻഹുനാൻവഴി ചിങ്കാങ്പർവ്വതങ്ങളിലേക്കു നീങ്ങി. 1928 മെയ് ആയപ്പോഴേക്കും ഏതായാലും, സ്വഭാവത്തിൽ ലളിതവും ആ കാലഘട്ടത്തിലെ സാഹചര്യങ്ങൾക്കു യോജിച്ചതും ആയ ഗറില്ലായുദ്ധത്തിന്റെ അടിസ്ഥാനതത്വങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടു. ഇതു് പതിനാറിന മാർഗ്ഗനിർദ്ദേശങ്ങളാണു്. 'ശത്രു മുന്നേറുമ്പോൾ നാം പിന്മാറുന്നു, ശത്രു വിശ്രമിക്കുമ്പോൾ നാം ശല്യപ്പെടുത്തുന്നു; ശത്രു ക്ഷീണിക്കുമ്പോൾ നാം ആക്രമിക്കുന്നു; ശത്രു പിന്മാറുമ്പോൾ നാം പിന്തുടരുന്നു'. സൈനികതത്വങ്ങളുടെ ഈ പതിനാറിന ആവിഷ്ക്കരണം ലീലീസാൻ ലൈൻ നടപ്പിൽ വരുന്നതിനു മുമ്പു് കേന്ദ്രകമ്മിറ്റി അംഗീകരിച്ചിരുന്നു. പിന്നീടു് നമ്മുടെ സൈനിക പ്രവർത്തനതത്വങ്ങൾ ഒരു പടികൂടി വികസിപ്പിക്കപ്പെട്ടു. ക്യാങ്സിതാവളപ്രദേശത്തു് 'വലയംചെയ്തു് അടിച്ചമർത്തലി'നെതിരെ നാം ഒന്നാം എതിർക്യാമ്പെയിൻ നടത്തിയ സമയം ശത്രുവിനെ ഉൾപ്രദേശത്തേക്കു് പ്രലോഭിപ്പിച്ചു് കൊണ്ടുപോവുക എന്ന തത്വം മുന്നോട്ടുവെക്കപ്പെട്ടു. മാത്രമല്ല അതു് വിജയകരമായി പ്രയോഗിക്കപ്പെടുകയും ചെയ്തു. ശത്രുവിന്റെ മൂന്നാം 'വലയംചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിൻ തോൽപ്പിക്കപ്പെട്ടപ്പോഴേക്കും ചുവപ്പുസേനക്കുവേണ്ടിയുള്ള പ്രവർത്തന തത്വങ്ങളുടെ ഒരു സമ്പൂർണ്ണശ്രേണി രൂപപ്പെട്ടു കഴിഞ്ഞിരുന്നു. ഇതു നമ്മുടെ സൈനികതത്വങ്ങളുടെ വികാസത്തിലെ ഒരു പുതിയ ഘട്ടത്തെയാണു് സൂചിപ്പിക്കുന്നതു്. അവ ഉള്ളടക്കത്തിൽ വളരെയേറെ സമ്പന്നമാവുകയും രൂപത്തിൽ വളരെയേറെ മാറ്റങ്ങൾക്കു് വിധേയമാവുകയും ചെയ്തു. പതിനാറിന മാർഗ്ഗനിർദ്ദേശങ്ങളിൽ തന്നെ അടിസ്ഥാനപരമായി നിലകൊണ്ടെങ്കിലും അവ മൗലികമായ, ലളിതമായ സ്വഭാവത്തെ മറികടന്നു എന്നാണു് ഇതുവരെ പറഞ്ഞതിനർത്ഥം. 'വലയം ചെയ്തു് അടിച്ചമർത്തലിനെ' എതിർക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങൾ പതിനാറു മാർഗ്ഗനിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ടു്. അതു് തന്ത്രപരമായ കടന്നാക്രമണത്തിന്റേയും തന്ത്രപരമായ പ്രതിരോധത്തിന്റേയും രണ്ടു ഘട്ടങ്ങളെ ഉൾക്കൊള്ളുന്നു. പ്രതിരോധത്തിനുള്ളിൽ അതു തന്ത്രപരമായ പിന്മാറ്റത്തിന്റേയും തന്ത്രപരമായ പ്രത്യാക്രമണത്തിന്റേയും രണ്ടു ഘട്ടങ്ങളെ ഉൾക്കൊള്ളുന്നു. പിന്നീടുണ്ടായതെല്ലാം ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ ഒരു വികാസം മാത്രമാണു്.



മൂന്നാം 'വലയംചെയ്തു് അടിച്ചമർത്തൽ' കാമ്പെയിനിനെ തകർത്തതിനുശേഷം 'ആദ്യം ഒന്നോ അതിലധികമോ പ്രവിശ്യകളിൽ വിജയത്തിനുവേണ്ടി സമരം ചെയ്യുക' എന്ന ശീർഷകത്തിൽ പുറത്തിറക്കിയ പാർട്ടിപ്രമേയത്തിനുശേഷം 1932 ജനുവരി മുതൽ ഈ പ്രമേയത്തിലെ ശരിയായ തത്വങ്ങളെ 'ഇടതുപക്ഷ' അവസരവാദികൾ എതിർക്കാൻ തുടങ്ങി. ഈ പ്രമേയത്തിൽ ഗൗരവതരമായ താത്വിക പിശകുകൾ ഉണ്ടായിരുന്നു എന്നതു ശരിതന്നെ. അവർ അവസാനം അതിലെ എല്ലാകാര്യങ്ങളും റദ്ദാക്കുകയും തികച്ചും വിപരീതസ്വഭാവമുള്ള ഒരുകൂട്ടം 'പുതിയ പ്രമാണങ്ങളെ' അഥവാ 'ക്രമാനുഗതപ്രമാണങ്ങളെ' പകരം സ്ഥാപിക്കുകയും ചെയ്തു. അന്നുമുതൽ പഴയ തത്വങ്ങൾ ക്രമാനുസൃതങ്ങളായി കരുതപ്പെടാതെ 'ഗറില്ലായിസം' എന്ന പേരിൽ തിരസ്കരിക്കപ്പെട്ടു. 'ഗറില്ലായിസ'ത്തിനെതിരായ എതിർപ്പ് മൂന്നുവർഷം മുഴുവൻ നിലനിന്നു. അതിന്റെ ഒന്നാം ഘട്ടം സൈനിക സാഹസികത്വമായിരുന്നു. രണ്ടാംഘട്ടം യാഥാസ്ഥിതികത്വമാവുകയും അവസാനം മൂന്നാംഘട്ടത്തിൽ പാലായനവാദമായിത്തീരുകയും ചെയ്തു. 1935 ജനുവരിയിൽ കെയ്യൊ പ്രവിശ്യയിലെ ട്സുൻയിയിൽവച്ചു് കേന്ദ്രകമ്മിറ്റിയുടെ പൊളിറ്റ് ബ്യൂറോവിന്റെ വിപുലീകൃതയോഗം കൂടിയപ്പോൾ മാത്രമാണു് ഈ ലൈൻ തെറ്റാണെന്നു് പ്രഖ്യാപിക്കുകയും പഴയ ലൈൻ ശരിയാണെന്നു് ഊന്നി പ്രസ്താവിക്കുകയും ചെയ്തതു്. എങ്കിലും ഇതിനു് എന്തു വില കൊടുക്കേണ്ടിവന്നു!

'ഗറില്ലായിസത്തെ' ഊർജസ്വലമായി എതിർത്ത സഖാക്കൾ ഇങ്ങനെയാണു വിളിച്ചതു്: ശത്രുവിനെ ഉൾപ്രദേശത്തേക്കു പ്രലോഭിപ്പിച്ചുകൊണ്ടുവരുന്നതു് തെറ്റായിരുന്നു, കാരണം–അതിനായി നമുക്കു വളരെയേറെ പ്രദേശങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു—ഈ രീതിയിൽ പോരാട്ടങ്ങളിൽ നേട്ടമു

ണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ സ്ഥിതി വ്യത്യസ്ഥമല്ലേ? ഭൂപ്രദേശങ്ങൾ ഉപേക്ഷിക്കാതെ ശത്രുവിനെ പരാജയപ്പെടുത്തുക എന്നതായിരുന്നില്ലേ കൂടുതൽ മെച്ചപ്പെട്ടത്? പോരെങ്കിൽ ശത്രുവിനെ അവന്റെ പ്രദേശങ്ങളിലോ, അവന്റെ പ്രദേശത്തിനും നമ്മുടെ പ്രദേശത്തിനുമിടയ്ക്കുള്ള അതിർത്തികളിലോ വെച്ച് തോൽപിക്കയായിരുന്നില്ലേ കൂടുതൽ മെച്ചപ്പെട്ട കാര്യം? പഴയ പ്രവർത്തനരീതികളിൽ 'ക്രമമായി' യാതൊന്നും ഉണ്ടായിരുന്നില്ല. അവ ഗറില്ലകളുടേതു മാത്രമായ രീതികളായിരുന്നു. ഇപ്പോൾ നമ്മുടേതായ രാഷ്ട്രം സ്ഥാപിക്കപ്പെടുകയും നമ്മുടെ ചുവപ്പുസേന ഒരു സ്ഥിരം സൈന്യമായിത്തീരുകയും ചെയ്തിട്ടുണ്ട്. ചിയാങ്ങ്കൈഷേക്കിനെതിരായ നമ്മുടെ പോരാട്ടം രണ്ടു രാഷ്ട്രങ്ങൾ തമ്മിലുള്ള രണ്ടു വൻസൈന്യങ്ങൾ തമ്മിലും ഉള്ള ഒരു യുദ്ധമായിത്തീർന്നിട്ടുണ്ട്. ചരിത്രം സ്വയം ആവർത്തിക്കാൻ പാടില്ല. 'ഗറില്ലായിസ'ത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും പൂർണമായി തള്ളിക്കളയപ്പെടേണ്ടതാണ്. പുതിയ പ്രമാണങ്ങൾ 'പൂർണമായി മാർക്സിസ്റ്റാണ്' അതേസമയം പഴയ ഗറില്ലാഘടകങ്ങൾ പർവ്വതപ്രദേശത്തുവച്ച് സൃഷ്ടിച്ചിട്ടുള്ളതാണ്. പർവതങ്ങളിലാകട്ടെ മാർക്സിസം ഉണ്ടായിരുന്നുമില്ല. പുതിയ പ്രമാണങ്ങൾ പഴയവയുടെ വിപരീതങ്ങളായിരുന്നു. 'പത്തുപേർക്കെതിരെ ഒരാളെ നിയോഗിക്കുക, ആറുപേർക്കെതിരെ പത്തുപേരെ നിയോഗിക്കുക, ധീരമായും ദൃഢനിശ്ചയത്തോടുകൂടിയും പോരാടുക; ശക്തമായ പിന്തുടരൽവഴി വിജയങ്ങളെ മുതലെടുക്കുക', 'എല്ലാ സമരമുഖങ്ങളിലും ആക്രമണം നടത്തുക', 'പ്രധാനനഗരങ്ങൾ പിടിച്ചെടുക്കുക' ഒരേസമയത്തു് രണ്ടു ലക്ഷ്യങ്ങളിൽ രണ്ടു മുഷ്ടികൾകൊണ്ട് പ്രഹരിക്കുക' തുടങ്ങിയവയാണിവ. ശത്രു ആക്രമിച്ച സമയത്തു് അവനെ കൈകാര്യം ചെയ്ത സമ്പ്രദായങ്ങൾ താഴെ പറയുന്നവയായിരുന്നു: 'പടികൾ പുറത്തുവച്ച് ശത്രുവുമായി ഏറ്റുമുട്ടുക, ആദ്യം അടിച്ച് ആധിപത്യം കരസ്ഥമാക്കുക', നമ്മുടെ ചട്ടിയും കലങ്ങളും അടിച്ചുടക്കാൻ അനുവദിക്കാതിരിക്കുക,' സൈനികശക്തികളെ ആറു പഥങ്ങളായി വിഭജിച്ചയയ്ക്കുക'. ഈ യുദ്ധം 'വിപ്ളവപാതയ്ക്കും കൊളോണിയൽ പാതയ്ക്കും ഇടയ്ക്കുള്ള നിർണായകപോരാട്ട'മായിരുന്നു. ഹ്രസ്വവും ശീഘ്രവുമായ തള്ളിക്കയറ്റയുദ്ധമായിരുന്നു; ബ്ലോക്ക്ഹൗസ്യുദ്ധമായിരുന്നു, ശത്രുവിനെ അല്പാല്പമായി തോല്പിക്കുന്ന യുദ്ധമായിരുന്നു, ഒരു സുദീർഘയുദ്ധമായിരുന്നു, കൂടാതെ ഒരു വലിയപിൻനിര പ്രദേശവും തികച്ചും കേന്ദ്രീകൃതമായ ഒരു കമാൻഡും നിലനിർത്തുക എന്ന നയവും ഉണ്ടായിരുന്നു. അവസാനമായി വൻതോതിലുള്ള ,വീടുമാററവും' (House Moving) ഉണ്ടായിരുന്നു. ഇക്കാര്യങ്ങൾ അംഗീകരിക്കാതിരിക്കുന്ന ഏതൊരാളും ശിക്ഷിക്കപ്പെടുകയും അവസരവാദിയെന്നു മുദ്രകുത്തപ്പെടുകയും മററും ചെയ്തിരുന്നു.

ഈ സിദ്ധാന്തങ്ങളും പ്രയോഗങ്ങളും നിസ്സംശയമായും തെററായിരുന്നു. അവ ആത്മനിഷ്ഠവാദമല്ലാതെ മറെറാന്നുമായിരുന്നില്ല, അനുകൂല സാഹചര്യങ്ങളിൽ ഈ ആത്മനിഷ്ഠവാദം പെററി ബൂർഷ്വാ വിപ്ലവോന്മാദത്തിലും സാഹസികതയിലും സ്വയം പ്രകടിതമാവുകയുണ്ടായി. എന്നാൽ തിരിച്ചടികളുടെ അവസരത്തിൽ സ്ഥിതി കൂടുതൽ മോശമായി തീർന്നപ്പോൾ അതു് തുടരെത്തുടരെ പരിഭ്രാന്തമായ സാഹസികതയായും പ്രകടമായ പലായനവാദമായും യാഥാസ്ഥിതികത്വമായും മൂഢന്മാരുടെ സിദ്ധാന്തങ്ങളും പ്രയോഗങ്ങളുമായിരുന്നു. അവയ്ക്കു് മാർക്സിസത്തിന്റെ നേരിയ ഗന്ധംപോലുമുണ്ടായിരുന്നില്ല. നിശ്ചയമായും അവ മാർക്സിസ്ററു വിരുദ്ധ സിദ്ധാന്തങ്ങളായിരുന്നു.

ഇവിടെ നമുക്ക് തന്ത്രപരമായ പിന്മാററത്തെക്കുറിച്ചുമാത്രം ചർച്ചചെയ്യാം. ഇതിനെ കിയാങ്സിയിൽ, 'ശത്രുവിനെ വളരെ ഉള്ളിലേക്ക് പ്രലോഭിപ്പിച്ചുകൊണ്ടുപോകൽ' എന്നും ഷെച്വാനിൽ 'മുൻനിര ചുരുക്കുക' എന്നും വിളിച്ചുപോന്നിരുന്നു. ശക്തമായ ഒരു സൈന്യത്തോട് യുദ്ധം ചെയ്യുന്ന ദുർബല-



മായ സൈന്യം യുദ്ധത്തിന്റെ ആരംഭഘട്ടത്തിൽ സ്വീകരിക്കേണ്ട നയമാണിതെന്ന കാര്യം ഒരു യുദ്ധസൈദ്ധാന്തികനും പ്രയോക്താവും നിഷേധിച്ചിട്ടില്ല. തന്ത്രപരമായ പ്രതിരോധപോരാട്ടങ്ങളിൽ നിർണായക പോരാട്ടങ്ങൾ തുടക്കത്തിൽ സാധാരണയായി ഒഴിവാക്കപ്പെടുന്നുവെന്നും, സാഹചര്യങ്ങൾ അനുകൂലമാവുമ്പോൾ മാത്രമാണ് അതിനു സന്നദ്ധമാകുന്നതെന്നും ഒരു വിദേശ സൈനിക വിദഗ്ധൻ പറഞ്ഞിട്ടുണ്ട്. ഇതു തികച്ചും ശരിയുമാണ്. അതിനോട് ഒന്നും കൂട്ടിച്ചേർക്കാനില്ല.

തന്ത്രപരമായ പിന്മാററത്തിന്റെ ലക്ഷ്യം സൈനികശേഷി സംരക്ഷിക്കുകയും പ്രത്യാക്രമണത്തിനു് തയാറെടുക്കുകയും ചെയ്യുക എന്നതാണ്. പിന്മാററം ആവശ്യമാണ്, എന്തെന്നാൽ, ശക്തനായ ഒരു ശത്രുവിന്റെ ശക്തമായ ആക്രമണത്തിനു മുൻപിൽ പിന്മാറാതിരിക്കുക എന്നതിനു് അനിവാര്യമായും അർത്ഥം, തങ്ങളുടെ സ്വന്തം സൈനികശക്തികളുടെ സംരക്ഷണം അപകടപ്പെടുത്തുക എന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ ഏതായാലും പലയാളുകളും പിൻവാങ്ങലിന്റെ കാര്യത്തിൽ ശക്തമായ എതിർപ്പുള്ളവരായിരുന്നു. അതു് 'ശുദ്ധ പ്രതിരോധത്തിന്റെ, അവസരവാദപരമായ ഒരു ലൈനാണെ'ന്നാണ് അവർ കരുതിയത്. നമ്മുടെ ചരിത്രം അവരുടെ ഈ എതിർപ്പ് തികച്ചും തെററായിരുന്നെന്നു കാണിക്കുന്നു.

ഒരു പ്രത്യാക്രമണത്തിനു് തയാറെടുക്കാൻ നമുക്ക് അനുകൂലവും ശത്രുവിനു് പ്രതികൂലവുമായസാഹചര്യങ്ങൾ തിരഞ്ഞെടുക്കുകയോ സൃഷ്ടിക്കുകയോ ചെയ്യണം. ഇതിന്റെ ഉദ്ദേശ്യം പ്രത്യാക്രമണത്തിന്റെ ഘട്ടത്തിലേക്കു പോകുന്നതിനു മുൻപ് ശാക്തിക തുലനത്തിൽ നാം മാററം വരുത്തണം എന്നതാണ്.

പിന്മാററത്തിന്റെ ഘട്ടത്തിൽ ഒരു സ്ഥിതി നമുക്ക് അനുകൂലവും ശത്രുവിനു് പ്രതികൂലവുമാണ്. എന്നു കരുതുന്നതിനു മുൻപേ, പ്രത്യാക്രമണം തുടങ്ങുന്നതിനു മുൻപ് താഴെപ്പറയുന്ന വ്യവസ്ഥകളിൽ രണ്ടെണ്ണമെങ്കിലും പൊതുവിൽ നാം ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അവ:

1. ജനങ്ങൾ ചുവപ്പുസേനയെ സജീവമായി പിൻതാങ്ങുന്നു.
2. യുദ്ധഭൂമി സൈനിക പ്രവർത്തനങ്ങൾക്ക് അനുകൂലമാണ്.
3. ചുവപ്പുസേനയുടെ എല്ലാ പ്രധാന വിഭാഗങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നു.
4. ശത്രുവിന്റെ ദുർബലവശങ്ങൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.
5. ശത്രു ക്ഷീണിച്ചും ആത്മവീര്യം നഷ്ടപ്പെട്ടതുമായ ഒരവസ്ഥയിലേക്ക് ചുരുങ്ങിയിരിക്കുന്നു.
6. തെററുകൾ വരുത്താൻ ശത്രു പ്രേരിതനായിരിക്കുന്നു.

ആദ്യത്തെ വ്യവസ്ഥ, അതായതു് ജനങ്ങളുടെ സജീവ പിന്തുണ, ചുവപ്പുസേനയെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട ഒന്നാണ്. അതിനർത്ഥം ഒരു താവള പ്രദേശം ഉണ്ടെന്നാണ്. കൂടാതെ ഈ വ്യവസ്ഥയുണ്ടെങ്കിൽ 4, 5, 6 എന്നീ വ്യവസ്ഥകൾ നേടുന്ന കാര്യം എളുപ്പമാണ്. അതുകൊണ്ട് ശത്രു തുറന്ന ആക്രമണം അഴിച്ചുവിടുമ്പോൾ വെള്ള ഭരണ പ്രദേശത്തുനിന്ന് താവള പ്രദേശത്തേയ്ക്ക് ചുവപ്പുസേന സാധാരണയായി പിൻവാങ്ങുന്നു. കാരണം ശത്രുസൈന്യത്തിനെതിരെ ചുവപ്പുസേനയെ ഏററവും

സജീവമായി പിന്താങ്ങുന്ന ജനങ്ങളുള്ളത് അവിടെയാണ്. കൂടാതെ ഒരു താവളപ്രദേശത്തിന്റെ അതിർത്തിപ്രദേശങ്ങളും കേന്ദ്രജില്ലയും തമ്മിൽ വ്യത്യാസമുണ്ട്. കേന്ദ്രജില്ലയിൽ ശത്രുവിലേയ്ക്കു് വിവരങ്ങൾ കടന്നുപോകുന്നതു് തടയുന്നതിലും, രംഗപരിശോധന നടത്തൽ, സാധനങ്ങൾ കയററി അയയ്ക്കൽ, ആയോധനത്തിൽ പങ്കെടുക്കൽ തുടങ്ങിയവയിലും ജനങ്ങൾ കൂടുതൽ നന്നായി പ്രവർത്തിക്കുന്നു. ഉദാഹരണത്തിന് ക്യാങ്സിയിൽ നാം ഒന്നും രണ്ടും മൂന്നും 'വലയം ചെയ്തു് അടിച്ചമർത്തൽ' കാമ്പെയിനുകളെ എതിർത്തപ്പോൾ പിൻവാങ്ങുന്നതിനുള്ള അന്ത്യശാസനങ്ങളായി തിരഞ്ഞെടുത്ത എല്ലാ സ്ഥലങ്ങളും സ്ഥിതിചെയ്തിരുന്നതു് ആദ്യ വ്യവസ്ഥയായ ജനകീയ പിന്തുണ ഏററവും അധികമായി, അഥവാ തികച്ചും നന്നായി ഉള്ളയിടങ്ങളിലായിരുന്നു.

നമ്മുടെ താവളപ്രദേശങ്ങളുടെ ഈ സ്വഭാവവിശേഷം ചുവപ്പുസേനയുടെ സൈനികപ്രവർത്തനങ്ങളെ സാധാരണ സൈനിക പ്രവർത്തനങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമാക്കിയിരുന്നു. ശത്രുവിന് തുടർന്ന് ബ്ലോക്ക് ഹൗസ് യുദ്ധരീതിയെ ആശ്രയിക്കേണ്ടിവന്നതിന്റെ പ്രധാന കാരണം ഇതായിരുന്നു.

ആന്തരിക യുദ്ധരീതികളിൽ നിന്നു പോരാടുന്നതിന്റെ ഒരുപ്രയോജനം, പിൻവാങ്ങുന്ന സേനയ്ക്കു് അതിന് അനുകൂലമായ യുദ്ധഭൂഭാഗം തിരഞ്ഞെടുക്കുന്നതിന് അതു് സാദ്ധ്യതയുണ്ടാക്കുന്നു എന്നതും തന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പോരാടുന്നതിന് അതു് ആക്രമണം നടത്തുന്ന എതിർസൈന്യത്തെ നിർബന്ധിക്കുന്നു എന്നതുമാണ്. ശക്തമായ ഒരു സേനയെ തോൽപിക്കുന്നതിന് ദുർബലമായ ഒരു സൈന്യം യുദ്ധക്കളമെന്ന നിലയിൽ അനുകൂലമായ യുദ്ധഭൂഭാഗത്തെ സൂക്ഷ്മതയോടെ തിരഞ്ഞെടുക്കേണ്ടതുണ്ട്. പക്ഷെ ഈ വ്യവസ്ഥകൊണ്ടുമാത്രം മതിയാവില്ല. അതോടൊപ്പം മററു പല കാര്യങ്ങളുംകൂടി ഉണ്ടായിരിക്കണം. ഇതിൽ ആദ്യത്തേതു് ജനകീയപിന്തുണയാണ്. രണ്ടാമത്തേതു് ഭേദ്യനായ ഒരുശത്രുവാണ്; അതായതു് ക്ഷീണിച്ചതോ തെററുകൾ ചെയ്തതോ ആയ ശത്രു അഥവാ താരതമ്യേന മോശമായി ആയോധനശേഷിയോടുകൂടിയതും മുന്നേറുന്നതുമായ ഒരു സൈനിക വ്യൂഹം ആണ്. ഈ വ്യവസ്ഥകളില്ലെങ്കിൽ ഒന്നാംതരം യുദ്ധഭൂഭാഗം കണ്ടെത്തിയാൽതന്നെയും അതു് നമുക്ക് ഉപേക്ഷിക്കേണ്ടിവരും; മാത്രമല്ല. അത്തരം സാഹചര്യങ്ങൾ സുനിശ്ചിതമാക്കുന്നതിനുവേണ്ടി നമുക്ക് തുടർന്ന് പിൻവാങ്ങേണ്ടതായും വരും. വെള്ളഭരണ പ്രദേശങ്ങളിൽ നല്ല ഭൂവിഭാഗങ്ങളില്ലാതില്ല; പക്ഷെ സജീവജനപിന്തുണയുടേതായ അനുകൂല സാഹചര്യം നമുക്കവിടെയില്ല. മററുവ്യവസ്ഥകൾ ഇനിയും നിറവേററപ്പെട്ടില്ലെങ്കിൽ ചുവപ്പുസേനക്ക് താവളപ്രദേശത്തേക്ക് പിൻവാങ്ങുകയല്ലാതെ മററുപോംവഴിയില്ല. വെള്ളഭരണപ്രദേശങ്ങളും ചുവപ്പുപ്രദേശങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ പോലെതന്നെ ഒരു താവള പ്രദേശത്തിന്റെ അതിർത്തികളും കേന്ദ്രപ്രദേശവും തമ്മിലും വ്യത്യാസം ഉണ്ട്.

പ്രാദേശിക ഘടകങ്ങളും നിയന്ത്രണ സേനകളും ഒഴിച്ചുള്ള നമ്മുടെ എല്ലാ ആക്രമണവ്യൂഹങ്ങളും തത്വത്തിൽ കേന്ദ്രീകൃതമായിരിക്കേണ്ടതാണ്. തന്ത്രപരമായി പ്രതിരോധനില കൈക്കൊണ്ടിരിക്കുന്ന ഒരു ശത്രുവിനെ ആക്രമിക്കുമ്പോൾ ചുവപ്പുസേന സാധാരണയായി അതിന്റെ ശക്തികളെ വിഘടിതമാക്കിത്തീർക്കുന്നു. ശത്രു പൂർണതോതിലുള്ള കടന്നാക്രമണം അഴിച്ചുവിടുമ്പോൾ ചുവപ്പുസേന കേന്ദ്രസ്ഥാനത്തേക്ക് ഒരു 'പിൻവാങ്ങൽ' നടപ്പാക്കുന്നു. പിൻവാങ്ങലിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട വിരാമസ്ഥാനം സാധാരണയായി താവള പ്രദേശത്തിന്റെ നടുഭാഗമാണ്, പക്ഷേ സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ചിലപ്പോൾ അതു് മുൻഭാഗങ്ങളിലോ,



പിൻ ഭാഗങ്ങളിലോ ആയിരിക്കും. നടുഭാഗത്തേക്കുള്ള ഇത്തരമൊരു പിൻമാററം കൊണ്ടു് ചുവപ്പുസേനയുടെ എല്ലാ പ്രധാനസേനകളെയും കേന്ദ്രീകരിക്കാൻ കഴിയും.

ശക്തമായ ഒരു സൈന്യത്തോടു് പോരാടുന്ന ദുർബലമായ ഒരു സേനയ്ക്കു് അത്യാവശ്യമായിട്ടുള്ള ഒരു വ്യവസ്ഥ ആക്രമിക്കാനായി ശത്രുവിന്റെ കൂടുതൽ ദുർബലമായ ഘടകങ്ങളെ കണ്ടുപിടിക്കുക എന്നതാണ്_എന്നാൽ ശത്രുവിന്റെ കടന്നാക്രമണത്തിന്റെ ആരംഭത്തിൽ അവന്റെ മുന്നേറുന്ന വ്യൂഹങ്ങളിൽ ഏററവും ശക്തമെന്നോ, ഏററവും ശക്തമായതിൽ ഏതു് രണ്ടാം സ്ഥാനത്തു് നിൽക്കുന്നോ, ഏററവും ദുർബലമായതു് ഏതെന്നോ, ഏററവും ദുർബലമായതിൽ ഏതു് രണ്ടാം സ്ഥാനത്തു നിൽക്കുന്നതെന്നോ സാധാരണയായി നമുക്ക് അറിയാൻ പാടില്ല. അതുകൊണ്ടു് നിരീക്ഷണത്തിന്റെ ഒരു പ്രക്രിയ ആവശ്യമാണ്. പലപ്പോഴും ഇതിന് ഗണ്യമായ സമയമെടുക്കും. അതാണ് തന്ത്രപരമായ പിന്മാററം ആവശ്യമാക്കുന്നതിന്റെ മറെറാരു കാരണം.

ആക്രമിക്കുന്ന ശത്രു നമ്മേക്കാൾ വളരെയേറെ അംഗസംഖ്യയുള്ളതും കൂടുതൽ ശക്തവും ആണെങ്കിൽ അവൻ നമ്മുടെ താവളപ്രദേശത്തേക്ക് വളരെയേറെ ആഴ്ന്നിറങ്ങുകയും അവനായി കരുതി വയ്ക്കപ്പെട്ടിട്ടുള്ള എല്ലാ കയ്പൻ അനുഭൂതികളും അവനെ രുചിപ്പിക്കുകയും ചെയ്തതിനുശേഷം മാത്രമേ നമുക്ക ശക്തി സന്തുലനാവസ്ഥയിൽ ഒരു മാററം വരുത്താൻ കഴിയുകയുള്ളു. മൂന്നാം ''വലയം ചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പയിനിന്റെ കാലത്തു് ചിയാങ് കൈയ്ഷെക്കിന്റെ ബ്രിഗേഡുകളിൽ ഒന്നിന്റെ സൈനികത്തലവൻ ഇങ്ങിനെ പറഞ്ഞു. ''നമ്മുടെ ബലിഷ്ഠമായ ആളുകൾ ക്ഷീണിച്ച് കൃശഗാത്രരായിത്തീർന്നു, കൃശഗാത്രന്മാർ ക്ഷീണിച്ച് മരണമടഞ്ഞു'' അല്ലെങ്കിൽ ക്കുമിന്താങ്ങിന്റെ ''വലയം ചെയ്ത് അടിച്ചമർത്തൽ'' സേനയുടെ പശ്ചിമ പഥകമാൻറർ ഇൻചീഫ് ചെൻമിങ്ഷുവിന്റെ വാക്കുകളിൽ പറഞ്ഞാൽ, ''എല്ലായിടത്തും ദേശീയ സൈന്യം ഇരുട്ടിൽ തപ്പുന്നു, അതേ സമയം ചുവപ്പു സൈന്യം തെളിഞ്ഞ സൂര്യപ്രകാശത്തിൽ സഞ്ചരിക്കുന്നു''. ആ സന്ദർഭത്തിൽ ശക്തമെങ്കിലും, ശത്രുസൈന്യം വളരെ ദുർബലമാവുകയും, അതിലെ പട്ടാളക്കാർ അവശരാവുകയും അവരുടെ ആത്മവീര്യം തളരുകയും, അതിന്റെ പല ദുർബലവശങ്ങൾ വെളിപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ചുവപ്പുസേന ദുർബലമെങ്കിലും അതിന്റെ കരുത്തു് സംരക്ഷിക്കുകയും അതിന്റെ ഊർജം സംഭരിച്ചുവയ്ക്കുകയും ചെയ്തിരുന്നു. ക്ഷീണിച്ച് അവശനായ ശത്രുവിനെ നേരിടാൻ അതു സ്വസ്ഥമായി കാത്തിരിക്കയായിരുന്നു. ഇത്തരം സമയത്തു് രണ്ടു വശങ്ങളും തമ്മിൽ ഒരു തരം തുല്യത കൈവരിക്കുന്നതിനോ ശത്രുവിന്റെ കേവലമായ ഔന്നത്യത്തെ ആപേക്ഷികമായ ഔന്നത്യമായോ, അല്ലെങ്കിൽ നമ്മുടെ കേവലമായ അധഃസ്ഥിതാവസ്ഥയെ ആപേക്ഷിക അധഃസ്ഥിതാവസ്ഥയായോ, ഇടക്കിടയ്ക്കു് അതിനെ ശത്രുവിനെക്കാൾ മെച്ചപ്പെട്ട അവസ്ഥയായോ, മാററാനോ സാധാരണയായി സാധിക്കുന്നു. കിയാങ്സിയിലെ മൂന്നാം ''വലയം ചെയ്ത് അടിച്ചമർത്തൽ'' ക്യാമ്പെയിനെതിരെ പോരാടുന്ന സമയത്തു് ചുവപ്പുസേന പരമാവധി അതിർത്തിവരെ ഒരു പിൻമാററം നടത്തി. (ഇതു് താവള പ്രദേശത്തിന്റെ പിൻനിരയിൽ കേന്ദ്രീകരിക്കുന്നതിനായിരുന്നു) ഇപ്രകാരം ചെയ്തില്ലായിരുന്നെങ്കിൽ അതിന് ശത്രുവിനെ പരാജയപ്പെടുത്താൻ കഴിയുമായിരുന്നില്ല. കാരണം ആ സമയത്തു് ശത്രുവിന്റെ ''വലയം ചെയ്ത് അടിച്ചമർത്തൽ'' ശക്തികൾക്ക് ചുവപ്പു സേനയെ അപേക്ഷിച്ച് പത്തിരട്ടി വലിപ്പമുണ്ടായിരുന്നു. 'ശത്രു, പൂർണമായ ഊർജ്ജസ്വലതയിലായിരിക്കുമ്പോൾ ഒഴിഞ്ഞു മാറുക, അവൻ ക്ഷീണിച്ച് പിന്മാറുമ്പോൾ പ്രഹരിക്കുക'' എന്നു പറഞ്ഞപ്പോൾ

സൂൺവൂസൂ ഉദ്ദേശിച്ചതു് ശത്രുവിന്റെ മെച്ചപ്പെട്ട നിലയെ കുറയ്ക്കുത്തക്ക തര
ത്തിൽ അവനെ ക്ഷീണിപ്പിക്കുകയും ആത്മവീര്യം നശിച്ചവനാക്കുകയും ചെ
യ്യുക എന്നതായിരുന്നു.

അവസാനമായി പറയട്ടെ, പിന്മാററം നടത്തുന്നതു് തെററുകൾ ചെയ്യുന്ന
തിനു് ശത്രുവിനെ പ്രേരിപ്പിക്കുന്നതിനും അവന്റെ തെററുകൾ കണ്ടുപിടിക്കു
ന്നതിനും വേണ്ടിയാണ് ശത്രുവിന്റെ ഒരു കമാൻഡർ എത്രതന്നെ ബുദ്ധിമാനാ
യിരുന്നാൽ തന്നെയും, ആപേക്ഷികമായി ദീർഘമായ ഒരു കാലത്തു് തെററു
ചെയ്യുന്നതു് ഒഴിവാക്കാൻ അയാൾക്കു കഴിയുകയില്ല, അതുകൊണ്ടു് അവന്റെ
പോരായ്മകൾ ചൂഷണം ചെയ്യുന്നതിനു് നമുക്കു് എല്ലാസന്ദർഭത്തിലും കഴിയു
ന്നതാണ്. നാം തന്നെ ചിലപ്പോൾ തെററായി കണക്കു കൂട്ടുകയും അതു്
ചൂഷണം ചെയ്യാൻ ശത്രുവിനു് സൗകര്യം നൽകുകയും ചെയ്യുന്നതുപോലെത
ന്നെ അവനും തെററു ചെയ്യാൻ സാധ്യതയുണ്ടു്. ഇതിനു പുറമെ നമ്മുടെ തന്നെ
പ്രവർത്തനങ്ങൾകൊണ്ടു് സൂൺവൂസുവിന്റെ വാക്കുകളിൽ പറഞ്ഞാൽ ''കൃത്രി
മമായ ബാഹ്യതാപം സ്വീകരിച്ചുകൊണ്ടു്'' നമുക്കു ശത്രുവിനെ തെററിലേക്കു
നയിക്കുവാൻ കഴിയും. കിഴക്കോട്ടു പോകാനാണെന്നു നടിക്കുകയും എന്നാൽ
പടിഞ്ഞാറു ഭാഗത്തു് ആക്രമണം നടത്തുകയും ചെയ്യുന്നതു് ഈ രീതിയിലാ
ണ്. ഇതു ചെയ്യാനാണു നമ്മുടെ ഉദ്ദേശ്യമെങ്കിൽ പിൻവാങ്ങലിനുള്ള വിരാമ
സ്ഥാനം ഒരു പ്രത്യേകപ്രദേശത്തു് അയവില്ലാത്തതരത്തിൽ പരിമിതപ്പെടു
ത്താൻ കഴിയുകയില്ല. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പ്രദേശത്തേക്കു് ചില
പ്പോൾ നാം പിൻവാങ്ങിക്കഴിയുകയും എന്നിട്ടും ചൂഷണം ചെയ്യാനുള്ള വിട
വുകൾ കണ്ടെത്താതിരിക്കുകയും ചെയ്യുന്നപക്ഷം നമുക്കു പിന്നെയും പിൻവാ
ങ്ങേണ്ടിവരികയും ശത്രു ഒരു വിടവുണ്ടാക്കിത്തരാൻ വേണ്ടി കാത്തിരിക്കേണ്ടി
വരികയും ചെയ്യും.

പിൻവാങ്ങൽ നടത്തി കൈവരിക്കാൻ നാം ആഗ്രഹിക്കുന്ന അനുകൂല
സാഹചര്യങ്ങളിൽ പൊതുവിൽ മേൽപറഞ്ഞവയാണ്. പക്ഷേ ഇതിനർത്ഥം
ഈ സാഹചര്യങ്ങൾ ഉണ്ടാകുന്നതുവരെ എതിർ കടന്നാക്രമണം അഴിച്ചു വി
ടാൻ പാടില്ലെന്നല്ല. ഇവയുടെയെല്ലാം സാന്നിദ്ധ്യം ഒരേ സമയത്ത് ഉണ്ടാ
യിരിക്കുക സാധ്യമല്ലെന്നു മാത്രമല്ലാ ആവശ്യവുമില്ല. എന്നാൽ ശക്തനായ
ഒരു ശത്രുവിനെതിരെ ആന്തരിക നിരകളിൽ നിന്നു പടവെട്ടുന്ന ദുർബലമായ
ഒരു സേന, ശത്രുവിന്റെ യഥാർത്ഥസ്ഥിതിയുടെ വെളിച്ചത്തിൽ അവശ്യം
വേണ്ട അത്തരം സാഹചര്യങ്ങൾ നേടാൻ പരിശ്രമിക്കേണ്ടതാണ്. ഇതിനു
വിപരീതമായ എല്ലാ വീക്ഷണങ്ങളും പിശകാണ്

പിൻവാങ്ങലിനുള്ള വിരാമ സ്ഥാനത്തെ സംബന്ധിച്ച തീരുമാനം
മൊത്തം സ്ഥിതിഗതിയെ ആശ്രയിച്ചാണിരിക്കേണ്ടതു്. സ്ഥിതിയുടെ
ഭാഗികമായ വീക്ഷണം മാത്രംവച്ചു നോക്കുമ്പോൾ പ്രത്യാക്രമണത്തിലേക്കു
കടക്കാഞ്ഞതു് അനുകൂലമാണെന്നു തോന്നുമെങ്കിലും മൊത്തത്തിലുള്ള സ്ഥി
തിവച്ചു നോക്കുമ്പോൾ കൂടി പ്രയോജനകരമല്ലാത്തതാണെങ്കിൽ അത്തരമൊ
രു സ്ഥാനത്തെ സംബന്ധിച്ച തീരുമാനമെടുത്തതു തെററായിരിക്കും. കാ
രണം നമ്മുടെ പ്രത്യാക്രമണം ആരംഭിക്കുന്ന സമയത്തു് നാം തുടർന്നുള്ള സംഭ
വവികാസങ്ങളെ കണക്കിലെടുക്കണം; കൂടാതെ നമ്മുടെ പ്രത്യാക്രമണങ്ങൾ
എല്ലായ്പോഴും ആരംഭിക്കുന്നതു് ഭാഗികമായ ഒരു തോതിലാണ്. ചില
പ്പോൾ പിൻവാങ്ങലിനുള്ള വിരാമസ്ഥാനം നിശ്ചയിക്കുന്നതു് താവളപ്ര
ദേശത്തിന്റെ മുൻഭാഗത്തായിരിക്കും. കിയാങ്ങ്സിയിലെ ''വലയം ചെ
യ്തു് അടിച്ചമർത്തലി''നെതിരെയുള്ള രണ്ടാമത്തേയും നാലാമത്തെയും എ
തിർ ക്യാമ്പെയിനുകളുടെ അവസരത്തിലും ഷെൻസി_കാൻസൂ പ്രദേശത്തെ
നമ്മുടെ മൂന്നാം എതിർ ക്യാമ്പെയിനിന്റെ കാലത്തും ഇങ്ങിനെയായിരുന്നു
സംഭവിച്ചതു്. ചിലപ്പോൾ അതു് താവളപ്രദേശത്തിന്റെ മദ്ധ്യഭാഗത്താ



യിരിക്കണം. കിയാങ്ങ്സിയിലെ ഒന്നാം എതിർ ക്യാമ്പെയിനിൽ ഇതാ
ണുണ്ടായതു്. ചില സമയങ്ങളിൽ കിയാങ്ങ്സിയിലെ മൂന്നാം എതിർ ക്യാ
മ്പെയിനിൽ ഉണ്ടായതുപോലെ, അതു താവള പ്രദേശത്തിന്റെ പിൻനിര ഭാ
ഗത്തായിരിക്കണം നിശ്ചയിക്കപ്പെടുന്നതു്. ഈ കാര്യങ്ങളിലെല്ലാം
തീരുമാനമെടുത്തതു് ഭാഗിക സ്ഥിതിയെ മൊത്തം സ്ഥിതിയു
മായി പരസ്പരം ബന്ധപ്പെടുത്തിയാണ്. എന്നാൽ കിയാങ്ങ്
സിലെ അഞ്ചാം എതിർ ക്യാമ്പെയിൻ കാലത്തു് നമ്മുടെ സൈന്യം
പിൻവാങ്ങലിന്റെ കാര്യത്തിൽ യാതൊരു പരിഗണനയും നൽകുകയുണ്ടായി
ല്ല; കാരണം അതു് ഭാഗികമോ പൂർണമോ ആയ സ്ഥിതി കണക്കിലെടുക്കുക
യുണ്ടായില്ല എന്നതു തന്നെ. ഇതു് യഥാർത്ഥത്തിൽ ധൃതിപിടിച്ചുള്ളതും ബു
ദ്ധിശൂന്യവുമായ ഒരു പ്രവർത്തനമായിരുന്നു. ഒരു സ്ഥിതിയിൽ നിരവധി
ഘടകങ്ങൾ അടങ്ങിയിട്ടുണ്ടു്. സ്ഥിതിയുടെ ഭാഗവും മൊത്തവും തമ്മിലു
ള്ള ബന്ധം കണക്കിലെടുക്കുമ്പോൾ നമ്മുടെ നിഗമനങ്ങളുടെ അടിത്തറയാകു
ന്നതു് ഭാഗികവും മൊത്തവുമായ രണ്ടു സ്ഥിതികളിലും പ്രകടിതമാകുന്നതു
പോലെ, ശത്രുവിന്റേയും നമ്മുടെയും സ്ഥിതി നമ്മുടെ എതിർ പ്രവർത്തനം
ആരംഭിക്കുന്നതിനു് ഒരതിർത്തിവരെ അനുകൂലമാണോ എന്നുള്ളതിനെയായി
രിക്കണം.

പിൻവാങ്ങലിനു താവളപ്രദേശത്തുള്ള വിരാമസ്ഥാനങ്ങളെ സാധാരണ
യായി മൂന്നിനങ്ങളായി വിഭജിക്കാൻ കഴിയും, അതായതു് താവളപ്രദേശത്തി
ന്റെ മുൻഭാഗത്തും, മദ്ധ്യഭാഗത്തും, പിൻഭാഗത്തും ഉള്ളവ. ഇതിനർത്ഥം
വെള്ളഭരണപ്രദേശങ്ങളിൽ പടവെട്ടുന്നകാര്യം നാം അപ്പാടെ തള്ളിക്കളയുന്നു
എന്നാണോ? തീർച്ചയായും അല്ല, ശത്രുവിന്റെ വൻ തോതിലുള്ള, 'വലയം
ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പയിനിനെ കൈകാര്യം ചെയ്യുവാനുള്ള
പ്പോൾ മാത്രമാണ് നാം വെള്ള ഭരണപ്രദേശത്തു പടവെട്ടാൻ കൂട്ടാക്കാതിരി
ക്കുന്നതു്. നമ്മുടെ ശക്തിയും ശത്രുവിന്റേതും തമ്മിൽ വലിയ വ്യത്യാസം
ഉള്ളപ്പോൾ മാത്രമാണ് നമ്മുടെ ശക്തി സംരക്ഷിച്ചു വയ്ക്കുകയും ശത്രുവിനെ
പരാജയപ്പെടുത്താൻ സമയം കാത്തിരിക്കുകയും ചെയ്യുക എന്നതത്വത്തിന്റെ
അടിസ്ഥാനത്തിൽ താവളപ്രദേശത്തേക്കു് പിൻവാങ്ങുന്നതിനും ശത്രുവിനെ
ഉള്ളിലേക്കു് പ്രലോഭിപ്പിച്ചുകൊണ്ടു പോകുന്നതിനും വേണ്ടി നാം വാദിക്കുന്ന
തു്. കാരണം അങ്ങിനെ പ്രവർത്തിച്ചുകൊണ്ടു മാത്രമേ നമുക്കു് നമ്മുടെ എ
തിർ പ്രവർത്തനത്തിനു് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനോ ക
ണ്ടെത്താനോ കഴിയുകയുള്ളു. സ്ഥിതിഗതി അത്ര ഗൗരവമുള്ളതല്ലെങ്കിൽ,
അഥവാ താവളപ്രദേശത്തുപോലും സ്വന്തം പ്രത്യാക്രമണം തുടങ്ങാൻ ചുവപ്പു
സേനയ്ക്കു സാദ്ധ്യമല്ലാത്തവിധം സ്ഥിതി അത്രക്കു് ഗൗരവമായതാണെങ്കിൽ
അഥവാ പ്രത്യാക്രമണം നന്നായി നടപ്പാക്കാത്തതുകൊണ്ടു് സ്ഥിതിയിൽ ഒരു
മാററം വരുത്താൻ കുറെക്കൂടി പിൻവാങ്ങൽ ആവശ്യമാണെങ്കിൽ, താത്വിക
മായെങ്കിലും നാം മനസ്സിലാക്കേണ്ടകാര്യം, പിൻവാങ്ങലിനുള്ള വിരാമ
സ്ഥാനം, (ഇത്തരം അനുഭവം നമുക്കു് വളരെക്കുറച്ചു മാത്രമേ ഉള്ളൂ എങ്കിൽ
തന്നെയും) ഒരു വെള്ള ഭരണപ്രദേശത്തു തന്നെ ആയിരിക്കാമെന്നതാണ്.

പൊതുവിൽ ഒരു വെള്ളഭരണ പ്രദേശത്തെ പിൻവാങ്ങലിനുള്ള അന്ത്യ
സ്ഥാനങ്ങൾ മൂന്നു ഇനങ്ങളായി വിഭജിക്കാവുന്നതാണ്; (1) നമ്മുടെ താവ
ളപ്രദേശത്തിന്റെ മുൻഭാഗത്തുള്ളവ (2) അതിന്റെ ഇരു പാർശ്വങ്ങളിലുള്ളവ
(3)അതിനു പിന്നിലുള്ളവ. ഇതിൽ ഒന്നാം മാതൃകയ്ക്കു് ഒരുദാഹരണം താഴെ
കൊടുക്കുന്നു.

കിയാങ്ങ്സിയിലെ ''വലയം ചെയ്തടിച്ചമർത്തലി''നെതിരായുള്ള
നമ്മുടെ എതിർ ക്യാമ്പയിനിന്റെ കാലത്തു് ചുവപ്പു സേനക്കകത്തുള്ള അ
നൈക്യവും പ്രാദേശിക പാർട്ടി സംഘടനയിലെ പിളർപ്പും ഇല്ലായിരുന്നെ

ങ്കിൽ (ലിലി–സാൻ ലൈനും എ–ബി ഗ്രൂപ്പും സൃഷ്ടിച്ച രണ്ടു പ്രയാസങ്ങളാണിവ) (33) കിയാൻ താൻഫെങ്ങ്, ചാങ്ങ്ഷ എന്നിവ സൃഷ്ടിച്ച ത്രികോണത്തിനുള്ളിൽ നാം നമ്മുടെ സൈനിക ശക്തികളെ കേന്ദ്രീകരിക്കുകയും എതിർ ആക്രമണം കെട്ടഴിച്ചു വിടുകയും ചെയ്യുമായിരുന്ന എന്നതു് സങ്കല്പിക്കാവുന്ന കാര്യമാണ്. എന്തുകൊണ്ടെന്നാൽ കാൻ, ഫു എന്നീ നദികൾക്കിടക്കുള്ള പ്രദേശത്തു നിന്ന് മുന്നോട്ടു നീങ്ങിയ ശത്രുസൈന്യം എണ്ണത്തിൽ ചുവപ്പുസേനയെക്കാൾ വളരെയേറെ വലുതായിരുന്നു. (10,000 പേർ 40,000 പേരെ എതിർത്തു) അവിടത്തെ ജനകീയ പിന്തുണ താവളപ്രദേശത്തുള്ളത്ര സജീവമായിരുന്നില്ലയെങ്കിലും യുദ്ധഭൂഭാഗം അനുകൂലമായിരുന്നു. കൂടാതെ വ്യത്യസ്ഥപാതകളിലൂടെ മുന്നോട്ടു വരുന്ന ശത്രുസൈന്യങ്ങളെ ഒന്നൊന്നായി തകർക്കുന്നതിന് സാദ്ധ്യമാകുമായിരുന്നു.

ഇനി രണ്ടാമത്തെ മാതൃകയ്ക്കു് ഒരു ഉദാഹരണം പറയാം:

കിയാങ്സിയിലെ നമ്മുടെ മൂന്നാം എതിർക്യാമ്പെയിനിന്റെ കാലത്തു് ശത്രുവിന്റെ കടന്നാക്രമണം ഇത്ര വ്യാപകമായ തോതിൽ അല്ലാതിരിക്കുകയും, ഫുക്കിയെൻ കിയാംങ്സി അതിർത്തിയിലുള്ള ചിയെന്നിംങ്, ലിച്ചുവാൻ, ടെയ്നിംഗ് പ്രദേശത്തുനിന്ന് ശത്രുവിന്റെ വ്യൂഹങ്ങളിലൊന്ന് മുന്നേറുകയും ആ വ്യൂഹം നമുക്കു് എതിർക്കുന്നതിന് അത്രയേറെ കരുത്തില്ലാത്തതായിരിക്കുകയും ചെയ്തിരുന്നെങ്കിൽ ചുവപ്പുസേന പശ്ചിമഫുക്കിയെനിലെ ശത്രുകൈവശപ്രദേശത്തു് അതിന്റെ സൈന്യങ്ങളെ കേന്ദ്രീകരിക്കുകയും, ജൂയിച്ചിനിലൂടെ സിൻകുവോയിലേക്കു് ആയിരം ലീ ദൂരം യാത്രചെയ്യാനിടവരാതെ ആ വ്യൂഹത്തെ ആദ്യം തകർക്കുകയും ചെയ്യുമായിരുന്നു.

അവസാനമായി മൂന്നാം മാതൃകക്കു് ഒരുദാഹരണം പറയാം:

കിയാംങ്സിയിലെ അതേ മൂന്നാം എതിർക്യാമ്പെയിൻ കാലത്തു പടിഞ്ഞാറോട്ടല്ലാതെ തെക്കോട്ടു് ശത്രുവിന്റെ പ്രധാന സൈന്യം നീങ്ങിയിരുന്നെങ്കിൽ ശത്രുവിനെ കുറെക്കൂടി കൂടുതൽ തെക്കോട്ടു് നീങ്ങാൻ പ്രേരിപ്പിക്കുന്നതിനുവേണ്ടി ഹുയിചാങ്ങ്–സുൺവു–അൻയുവാൻ പ്രദേശത്തേയ്ക്കു് പിന്മാറുന്നതിന് നാം നിർബന്ധിതരായിത്തീരുമായിരുന്നു. അപ്പോൾ ചുവപ്പുസേനയ്ക്കു് താവളപ്രദേശത്തിന്റെ ഉൾഭാഗത്തെ ലക്ഷ്യമാക്കി വടക്കോട്ടു് നീങ്ങാൻ കഴിയുമായിരുന്നു. ആ സമയത്തു് താവളപ്രദേശത്തിന്റെ വടക്കുഭാഗത്തുള്ള ശത്രുസൈന്യം വളരെ വലിയതായിരിക്കുമായിരുന്നില്ല.

മേൽപറഞ്ഞവയെല്ലാം ഏതായാലും യഥാർത്ഥ അനുഭവത്തിൽ അധിഷ്ഠിതമല്ലാത്ത അഭ്യൂഹപരമായ ഉദാഹരണങ്ങളാണ്. അവയെ അസാധാരണങ്ങളായി കരുതണം, പൊതുപ്രമാണങ്ങളായി കരുതാൻ പാടില്ല. ശത്രു വൻതോതിലുള്ള ഒരു ''വലയം ചെയ്തടിച്ചമർത്തൽ'' ക്യാമ്പെയിൻ അഴിച്ചുവിടുമ്പോൾ, നമ്മുടെ പൊതുപ്രമാണം അവനെ വളരെ ഉള്ളിലേക്കു് പ്രലോഭിപ്പിച്ചുകൊണ്ടുവരികയും താവളപ്രദേശത്തേക്കു് പിൻവാങ്ങുകയും അവിടെവച്ചു് അവനോടു പോരാടുകയും ചെയ്യുകയെന്നതാണ്; കാരണം അവന്റെ കടന്നാക്രമണത്തെ തകർക്കുന്നതിനുള്ള ഏററവും ഉറപ്പായ മാർഗം ഇതാണ്.

ശത്രുവിനെ ''പടിക്കുപുറത്തുവച്ചു് നേരിടു''ന്നതിനുവേണ്ടി വാദിക്കുന്നവർ തന്ത്രപരമായ പിൻവാങ്ങലിനെ എതിർക്കുന്നവരാണ്. അവരുടെ അഭിപ്രായത്തിൽ പിൻവാങ്ങലിന്റെ അർത്ഥം ഭൂഭാഗങ്ങൾ നഷ്ടപ്പെടുകയും ജനങ്ങൾക്കു് വലിയ ദുരിതം വലിച്ചുവയ്ക്കുകയും (അവരുടെ ഭാഷയിൽ പറഞ്ഞാൽ നമ്മുടെ കടവും ചട്ടിയുമെല്ലാം അടിച്ചുടക്കാൻ അനുവദിക്കുക) വെളിയിൽ അനു



കൂലമല്ലാത്ത തിരിച്ചടികൾക്കിടയാക്കുകയും ചെയ്യുകയെന്നതാണ്. അഞ്ചാം എതിർ ക്യാമ്പെയിൻകാലത്തു് അവർ വാദിച്ചതു്, നാം ഒരു കാൽ പിന്നോട്ടു് വയ്ക്കുന്ന ഓരോസമയവും ശത്രു അവന്റെ ബ്ലോക്ക്ഹൗസുകൾ ഓരോ അടി മുന്നോട്ടു നീക്കുമെന്നും തൽഫലമായി നമ്മുടെ താവളപ്രദേശങ്ങൾ തുടർച്ചയായി ചുരുങ്ങുമെന്നും നഷ്ടപ്പെട്ട സ്ഥലം വീണ്ടെടുക്കാൻ നമുക്കു യാതൊരു മാർഗവും ഇല്ലാതാകുമെന്നും ആയിരുന്നു. ശത്രുവിനെ നമ്മുടെ പ്രദേശത്തിന്റെ ഉള്ളിലേക്കു് ആകർഷിക്കുന്നതു് കഴിഞ്ഞകാലത്തു പ്രയോജനപ്രദമായിരുന്നെങ്കിലും ശത്രുവിന്റെ അഞ്ചാം ''വലയംചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിനിനെതിരെ അതു് പ്രയോജനരഹിതമായിരിക്കും. കാരണം, അതിൽ 'ബ്ലോക്ക്ഹൗസ്' യുദ്ധരീതിയാണ് അവൻ സ്വീകരിച്ചതു്. ഈ ക്യാമ്പെയിനിനെ കൈകാര്യം ചെയ്യുന്നതിനുള്ള ഏകമാർഗം അവരുടെ അഭിപ്രായത്തിൽ പ്രതിരോധത്തിനുള്ള നമ്മുടെ സൈനികശക്തികളെ വിഭജിക്കുകയും ശത്രുവിനെതിരെ അതിശീഘ്രങ്ങളായ തള്ളിക്കയറ്റങ്ങൾ നടത്തുകയും ചെയ്യുക എന്നതാണ്.

ഇത്തരം അഭിപ്രായങ്ങൾക്കു് മറുപടി പറയുക എളുപ്പമാണ്; നമ്മുടെ ചരിത്രം ഇതിനകം അതു നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി നഷ്ടപ്പെടുന്നതിനെപ്പററി പറയാനുള്ളതിതാണ്. നഷ്ടംകൊണ്ടുമാത്രമേ നഷ്ടം ഒഴിവാക്കാൻ കഴിയൂ എന്നതു് പലപ്പോഴും സംഭവിക്കുന്നുണ്ട്. ''എടുക്കുന്നതിനുവേണ്ടി കൊടുക്കുക'' എന്ന തത്വംതന്നെയാണിതു്. നമുക്കു് നഷ്ടമാകുന്നതു് ഭൂരിഭാഗവും കിട്ടുന്നതു് ശത്രുവിന്റെമേലുള്ള വിജയവും നമ്മുടെ ഭൂപ്രദേശം വീണ്ടെടുത്തു വികസിപ്പിക്കലുമാണെങ്കിൽ അതു ലാഭകരമായ ഒരു സംഗതിയാണ്. ഒരു കച്ചവട ഇടപാടിൽ വാങ്ങുന്നവൻ അൽപ്പം പണം 'നഷ്ടപ്പെടു''ന്നില്ലെങ്കിൽ അവനു ചരക്കു ലഭിക്കുകയില്ല. വിൽപ്പനക്കാരനു് കുറച്ചു ചരക്കു ''നഷ്ടപ്പെടു''ന്നില്ലെങ്കിൽ അവനു് പണംനേടാൻ കഴിയുകയില്ല. ഒരു വിപ്ലവപ്രസ്ഥാനത്തിൽ ഉണ്ടാകുന്ന നഷ്ടങ്ങളിൽ നശീകരണം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ലാഭം കിട്ടുന്നതു് പുരോഗമനസ്വഭാവമുള്ള ഒരു നിർമ്മിതിയാണ്. ഉറക്കവും വിശ്രമവും സമയനഷ്ടത്തിനിടയാക്കുന്നു, പക്ഷെ പിറേറദിവസത്തെ പ്രവർത്തനത്തിന് അതുമൂലം ഊർജം ലഭിക്കുന്നു. ഏതെങ്കിലും മഠയൻ ഇതു മനസ്സിലാക്കാതെ ഉറങ്ങാൻ കൂട്ടാക്കുന്നില്ലെങ്കിൽ, അവനു് പിറേറദിവസം ഒട്ടുംതന്നെ ഊർജ്ജം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു് അതു നഷ്ടമുണ്ടാക്കുന്ന ഒരു ഏർപ്പാടാണ്. ശരിക്കും ഇത്തരം കാരണങ്ങൾ മൂലമാണ് നാം അഞ്ചാം എതിർക്യാമ്പെയിനിൽ പരാജയപ്പെട്ടതു്. നമ്മുടെ ഭൂപ്രദേശത്തിന്റെ ഒരുഭാഗം ഉപേക്ഷിക്കാനുള്ള വൈമനസ്യം അതു മുഴുവൻ നഷ്ടപ്പെടുവാൻ ഇടയാക്കി. അബിസീനിയ ശത്രുവിനെ നേരിട്ടുചെന്ന് എതിർത്തതുകൊണ്ട് അതിന്റെ ഭൂപ്രദേശം മുഴുവനും നഷ്ടപ്പെട്ടു; അതിന്റെ പരാജയത്തിനുള്ള ഏകകാരണം ഈ മാതൃകയായിരുന്നില്ലെങ്കിലും.

ജനങ്ങൾക്കു് നാശനഷ്ടങ്ങൾ വരുത്തിവയ്ക്കുന്ന പ്രശ്നത്തിലും ഇതേ അനുഭവംതന്നെ ഉണ്ടാകുന്നു. കുറച്ചുകാലത്തേക്കു് ചില വീടുകളുടെ ചട്ടി, കുടങ്ങൾ അടിച്ചുടക്കാൻ നിങ്ങൾ അനുവദിക്കാതിരിക്കുകയാണെങ്കിൽ ദീർഘകാലത്തേക്കു് എല്ലാ ആളുകളുടെയും ചട്ടി, കുടങ്ങൾ അടിച്ചുടക്കുന്നതു് തുടരാൻ നിങ്ങൾ ഇടയാക്കുകയായിരിക്കും. ഹ്രസ്വകാല പ്രതികൂല രാഷ്ട്രീയ പ്രത്യാഘാതങ്ങളെ നിങ്ങൾ ഭയക്കുകയാണെങ്കിൽ, ദീർഘകാല പ്രതികൂല രാഷ്ട്രീയ പ്രത്യാഘാതങ്ങൾ അതിനു നിങ്ങൾക്കു വിലകൊടുക്കേണ്ടതായി വരും. ഒക്ടോബർ വിപ്ലവത്തിനുശേഷം റഷ്യൻ ബോൾഷെവിക്കുകൾ ''ഇടതുപക്ഷ കമ്യൂണിസ്ററുകളുടെ'' അഭിപ്രായങ്ങൾ അനുസരിച്ചു പ്രവർത്തിക്കുകയും ജർമ്മനിയുമായി സമാധാനസന്ധിയിൽ ഒപ്പുവയ്ക്കാൻ കൂട്ടാക്കാ

തിരിക്കയും ചെയ്തിരുന്നെങ്കിൽ നവജാത സോവിയററുകൾ അകാല മരണത്തിലാകുമായിരുന്നു.

വിപ്ലവകരമെന്നു തോന്നിക്കുന്ന ഇത്തരം ''ഇടതുപക്ഷ'' അഭിപ്രായങ്ങൾ പെററിബൂർഷ്വാ ബുദ്ധിജീവികളുടെ വിപ്ലവ സാഹസികതയിൽനിന്നും കർഷകരായ ചെറുകിട ഉത്പാദകരുടെ സങ്കുചിത യാഥാസ്ഥിതികത്വത്തിൽനിന്നുമാണ് ഉടലെടുക്കുന്നതു്. ഇത്തരം അഭിപ്രായങ്ങൾ വച്ചുപുലർത്തുന്നവർ പ്രശ്നങ്ങളെ ഏകപക്ഷീയമായി വീക്ഷിക്കുന്നു. അവർക്ക് മൊത്തത്തിലുള്ള സ്ഥിതിയുടെ ഒരു സമഗ്രവീക്ഷണം കൈവരിക്കുന്നതിന് ആവുന്നില്ല. ഇന്നത്തെ താൽപര്യങ്ങളെ നാളത്തവയുമായി ബന്ധിപ്പിക്കുവാനൊ ഒരു ഭാഗത്തിന്റെ താൽപര്യത്തിനെ മൊത്തമുള്ളതിന്റേതുമായി ബന്ധപ്പെടുത്താനൊ അവർക്കു സമ്മതമില്ല; മറിച്ച് നിഷ്ഠൂരമരണത്തെപ്പൊലെ ഭാഗികവും താൽക്കാലികവുമായതിന്മേൽ കടിച്ചുതൂങ്ങുകയാണ് അവർ ചെയ്യുന്നതു്. സന്ദർഭത്തിന്റെ സമൂർത്ത സാഹചര്യങ്ങളിൽ ഭാഗികവും താൽക്കാലികവും ആയവ നിലവിലുള്ള മൊത്തംസ്ഥിതിയെയും മൊത്തം കാലഘട്ടത്തെയും സംബന്ധിച്ചിടത്തോളം അനുകൂലമായിരിക്കുമ്പോൾ—പ്രത്യേകിച്ചും അവ നിർണായകമായിരിക്കുമ്പോൾ—തീർച്ചയായും നാം മർക്കടമുഷ്ടിയോടെ അവയിന്മേൽ പിടിച്ചുനിൽക്കേണ്ടതുണ്ട്. ഇല്ലാത്തപക്ഷം കാര്യങ്ങൾ വഴുതിപ്പോകാൻ അനുവദിക്കുകയും അവയെ സംബന്ധിച്ച് യാതൊരു നടപടിയും എടുക്കാതിരിക്കുകയും ചെയ്യുക എന്നതരം പ്രവർത്തിയുടെ വക്താക്കളായി നാം തീരുന്നതായിരിക്കും. അതുകൊണ്ടാണ് പിൻവാങ്ങലിന് ഒരു വിരാമസ്ഥാനം വേണ്ടിയിരിക്കുന്നതു്. നാം ചെറുകിട ഉത്പാദകന്റെ ഹ്രസ്വവീക്ഷണം വച്ചുപുലർത്തുവാൻ പാടില്ല. നാം ബോൾഷെവിക്കുകളുടെ ബുദ്ധിവൈദഗ്ധ്യം കണ്ടുപഠിക്കേണ്ടതുണ്ട്. നഗ്നനേത്രംകൊണ്ടു കാര്യമായില്ല. നമുക്ക് ദൂരദർശിനി യന്ത്രത്തിന്റെയും സൂക്ഷ്മദർശിനി യന്ത്രത്തിന്റെയും സഹായം കൂടിയേതീരൂ.

തന്ത്രപരമായ പിൻവാങ്ങലിന് അതിന്റേതായ പ്രയാസങ്ങൾ തീർച്ചയായും ഉണ്ട്. പിൻവാങ്ങൽ ആരംഭിക്കുന്നതിനുള്ള സമയം തിരഞ്ഞെടുക്കുക, കേഡർമാരെയും ജനങ്ങളേയും രാഷ്ട്രീയമായി ബോദ്ധ്യപ്പെടുത്തുക ഇവയെല്ലാം പരിഹാരം കണ്ടുപിടിക്കേണ്ട പ്രയാസപ്പെട്ട പ്രശ്നങ്ങളാണ്.

പിൻവാങ്ങലിന്റെ ആരംഭസമയം നിശ്ചയിക്കുന്ന പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. കിയാങ്സി പ്രവിശ്യയിലെ ''വലയംചെയ്തു് അടിച്ചമർത്തലി''നെതിരായ നമ്മുടെ ആദ്യത്തെ എതിർക്യാമ്പെയിനിന്റെ കാലത്തു് നമ്മുടെ പിൻവാങ്ങൽ ശരിക്കും ആ സമയത്തുതന്നെ നടത്തിയില്ലായിരുന്നെങ്കിൽ അതായതു്, അതു താമസിച്ചായിരുന്നെങ്കിൽ പരിമിതമായിട്ടാണെങ്കിൽപോലും നമ്മുടെ വിജയത്തെ അതു ബാധിക്കുമായിരുന്നു. വേണ്ടതിലും മുൻകൂറായുള്ളതും അതുപോലെ വേണ്ടതിലും താമസിച്ചുപോയതുമായ പിന്മാററം തീർച്ചയായും വലിയ നഷ്ടങ്ങളുണ്ടാക്കും. പക്ഷെ പൊതുവിൽ പറഞ്ഞാൽ താമസിച്ചുള്ള പിന്മാററം മുൻകൂറുള്ളതിനെക്കാൾ കൂടുതൽ നഷ്ടമുണ്ടാക്കും. എല്ലാ മുൻ കൈയും നിലനിർത്താൻ നമ്മെ സഹായിക്കുന്ന തക്കസമയത്തുള്ള ഒരു പിൻവാങ്ങൽ തിരിച്ചാക്രമണത്തിലേക്ക് കാര്യങ്ങൾ നീക്കുന്നതിന് നമുക്കു സഹായകരമായിരിക്കും. കാരണം അതു പിൻവാങ്ങലിന്റെ അന്തിമസ്ഥാനത്തെത്തിയശേഷവും നാം നമ്മുടെ സൈനികശക്തികളെ പുനസംഘടിപ്പിച്ചതിനുശേഷവും ക്ഷീണിതനായ ശത്രുവിനെ നേരിടാൻ സ്വസ്ഥമായി കാത്തിരിക്കുന്ന സമയമായിരിക്കും. കിയാങ്സിയിൽ ശത്രുവിന്റെ ഒന്നും രണ്ടും നാലും ''വലയം ചെയ്തടിച്ചമർത്തൽ'' ക്യാമ്പെയിനുകളെ തകർത്ത സമയത്തു് ആത്മവിശ്വാസത്തോടും ധൃതിയില്ലാതെയും നമുക്ക് അവനെ കൈകാര്യം ചെയ്യുന്നതിനു കഴിഞ്ഞു. മൂന്നാം ക്യാമ്പെയിനിന്റെകാലത്തുമാത്രമാണ് ചുവപ്പുസേന ക്ഷീണിച്ച് അവശമായിരുന്നതു്. ഇതിനുകാരണം വീണ്ടും ഒത്തുചേരുന്നതിന് അതിനു വളരെ ധൃതിയിൽ യാത്രചെയ്യേണ്ടിവന്നു എന്നതാണ്. എന്തുകൊണ്ടെന്നാൽ രണ്ടാംക്യാമ്പെയിനിൽ ഇത്ര തകർപ്പനായ ഒരു പരാജയം അനുഭവിച്ചതിനുശേഷം വേഗത്തിൽതന്നെ ശത്രു ഒരു പുതിയ ആക്രമണം അഴിച്ചുവിടുമെന്ന് നാം പ്രതീക്ഷിച്ചിരുന്നില്ല. (1931 മെയ് 29_ാം തീയതി നാം നമ്മുടെ രണ്ടാം എതിർകാമ്പെയിൻ അവസാനിപ്പിച്ചു. ജൂലൈ 1–ാം തീയതിയാണ് ചിയാംങ്കൈഷക് തന്റെ മൂന്നാം ''വലയംചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിൻ ആരംഭിച്ചതു്) നാം നേരത്തെ ചർച്ചചെയ്തതുമാതിരി എതിർക്യാമ്പെയിനിനുള്ള തയ്യാറെടുപ്പ് ഘട്ടത്തിന്റെ സമയം നിശ്ചയിക്കുന്ന അതേരീതിയിൽതന്നെയാണ് പിൻവാങ്ങലിനുള്ള സമയവും നിശ്ചയിക്കപ്പെടുന്നതു്. അതായതു് നാം ശേഖരിച്ച അവശ്യംവേണ്ട വിവരങ്ങളുടെയും ശത്രുപക്ഷത്തും നമ്മുടെവശത്തുമുള്ള പൊതു സ്ഥിതിയുടെ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് അതു് പൂർണമായും തീരുമാനിക്കപ്പെടുന്നതു്.

കേഡർമാർക്കും ജനങ്ങൾക്കും തന്ത്രപരമായ പിൻവാങ്ങലിന്റെ അനുഭവം ഇല്ലാത്ത അവസരത്തിലും, തന്ത്രപരമായ പിൻവാങ്ങൽ തീരുമാനിക്കുന്നതിനുള്ള അധികാരം കുറച്ചാളുകളുടെ കൈകളിലോ ഒരാളുടെ കയ്യിലോ കേന്ദ്രീകരിക്കാൻ കഴിയുകയും അതേ സമയം കേഡറന്മാരുടെ വിശ്വാസം ആർജ്ജിക്കാൻ കഴിയുകയും ചെയ്യുന്ന തരത്തിലുള്ള സൈനിക നേതൃത്വത്തിന്റെ അന്തസ്സ് ഇനിയും ഉയർന്നിട്ടില്ലാത്ത അവസരത്തിലും അതിന്റെ ആവശ്യം അവരെ ബോദ്ധ്യപ്പെടുത്തുകയെന്നതു് വളരെ പ്രയാസപ്പെട്ട കാര്യമാണ്. കേഡർമാർക്ക് അനുഭവം ഇല്ലാത്തതുകൊണ്ടും തന്ത്രപരമായ പിന്മാററത്തിൽ വിശ്വാസം ഇല്ലാതിരുന്നതുകൊണ്ടും നമ്മുടെ ഒന്നും നാലും എതിർക്യാമ്പെയിനുകളുടെ ആരംഭത്തിലും അഞ്ചാമത്തേതിലൊട്ടാകെയും വലിയ പ്രയാസങ്ങളെ നേരിടേണ്ടിവന്നു. ഒന്നാം എതിർ ക്യാമ്പെയിന്റെ കാലത്തു് കേഡർമാർ ലി_ലിസാൻ ലൈനിന്റെ സ്വാധീനത്തിൽ പിന്മാററത്തെയല്ല, ആക്രമണത്തെയാണ് അനുകൂലിച്ചിരുന്നതു്. മറിച്ചു ബോദ്ധ്യപ്പെടുന്നതുവരെ ഇതായിരുന്നു അവരുടെ നില. നാലാം എതിർ ക്യാമ്പെയിൻ കാലത്തു സൈനിക സാഹസികത്വത്തിന്റെ സ്വാധീനത്തിൻ കീഴിൽ കേഡർമാർ പിൻവാങ്ങലിനുള്ള തയാറെടുപ്പു നടത്തുന്നതിനെ എതിർക്കുകയുണ്ടായി. അഞ്ചാംഎതിർ_ക്യാമ്പെയിൻ കാലത്ത് ആരംഭത്തിൽ അവർ സൈനിക സാഹസിക വീക്ഷണത്തിൽ ഉറച്ചു നിന്നെങ്കിലും ആ നിലപാട് ശത്രുവിനെ ഉള്ളിലേക്ക് പ്രലോഭിപ്പിച്ചു കൊണ്ടു വരുന്നതിന് എതിരായിരുന്നെങ്കിലും പിന്നീട് അവർ സൈനിക യാഥാസ്ഥിതികത്വത്തിലേക്ക് നീണ്ടുകയുണ്ടായി. മറെറാരുദാഹരണം ചാങ്—കാ ടാവോ ലൈനിന്റെ അനുയായികളുടേതാണ്. അവസാനം മുന്നോട്ടു പോകാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിൽ എത്തുന്നതുവരെ ടിബററൻ, ഹ്വയി ജനതകളുടെ പ്രദേശങ്ങളിൽ താവളങ്ങൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതയില്ലായ്മ അവർ സമ്മതിക്കുകയായില്ല. കേഡർമാക്ക് അനുഭവം അത്യാവശ്യമാണ്. യഥാർത്ഥത്തിൽ തോൽവി വിജയത്തിന്റെ മാതാവുമാണ്. അതേപോലെ തന്നെ മററുള്ളവരുടെ അനുഭവത്തിൽനിന്ന് തുറന്ന മനസ്സോടെ പഠിക്കേണ്ടതും ആവശ്യമാണ്. എല്ലാ കാര്യങ്ങളിലും വ്യക്തിപരമായ സ്വാനുഭവംവേണമെന്ന് ഊന്നിപ്പറയുകയും അതില്ലെങ്കിൽ സ്വന്തം അഭിപ്രായങ്ങളിൽ പററിപ്പിടിച്ചു നിന്ന് മററഭിപ്രായങ്ങളെ തള്ളുകയും ചെയ്യുന്നതു് വെറും 'സങ്കുചിത അനുഭവ മാത്ര വാദ'മാണ്. ഇതുമൂലം നമ്മുടെ യുദ്ധത്തിന് ഒട്ടും കുറവല്ലാത്ത അളവിൽ ദോഷം സംഭവിച്ചിട്ടുണ്ട്.

സ്വന്തമായ അനുഭവം ഇല്ലാത്തതുകൊണ്ട് തന്ത്രപരമായ പിൻമാററത്തിന്റെ ആവശ്യത്തെക്കുറിച്ച് അവരുടെ വിശ്വാസമില്ലായ്മ കിയാങ്സിലെ നമ്മുടെ എതിർ ക്യാമ്പെയിനിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതലായി മററൊരു സന്ദർഭത്തിലും ഉണ്ടായിരുന്നില്ല. ആ സമയത്ത് പ്രാദേശിക പാർട്ടി സംഘടനകളും കിയാൻ, സിങ്കവോ, യുങ്ഫെങ് കൗണ്ടികളിലെ ബഹുജനങ്ങളും ചുവപ്പ് സേനയുടെ പിന്മാററത്തിന്റെ കാര്യത്തിൽ എതിർപ്പുള്ളവരായിരുന്നു. എന്നാൽ ഒന്നാം എതിർ ക്യാമ്പെയിനിനു ശേഷം തുടർന്നുള്ളവയിൽ അത്തരം പ്രശ്നം ഉണ്ടായിട്ടില്ല. താവള പ്രദേശത്തെ ഭൂഭാഗത്തിന്റെ നഷ്ടവും ജനങ്ങളുടെ കഷ്ടപ്പാടുകളും താല്ക്കാലികമായിരുന്നെന്ന് എല്ലാവർക്കും ബോദ്ധ്യമാവുകയും ചുവപ്പുസേനയ്ക്ക് ശത്രുവിന്റെ 'വലയം ചെയ്ത് അടിച്ചമർത്തൽ' തകർക്കാൻ കഴിയുമെന്നു അവരിൽ വിശ്വാസം ജനിക്കുകയും ചെയ്തു. ഏതായാലും ജനങ്ങൾക്ക് വിശ്വാസമുണ്ടോ ഇല്ലയോ എന്നത് കേഡർമാർക്ക് വിശ്വാസമുണ്ടോ ഇല്ലയോ എന്നതുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഏററവും മുന്തി നില്ക്കുന്ന കടമ കേഡർമാരെ ബോദ്ധ്യപ്പെടുത്തുക എന്നതാണ്.

തന്ത്രപരമായ പിന്മാററത്തിന്റെ ലക്ഷ്യം എതിർ ആക്രമണത്തിലേക്കു തിരിക്കുക എന്നതു മാത്രമാണ്. അതു് തന്ത്രപരമായ പ്രതിരോധത്തിന്റെ ആദ്യഘട്ടം മാത്രമാണ്. മൊത്തം തന്ത്രത്തിലെ നിർണ്ണായക കണ്ണി, തുടർന്നുണ്ടാകുന്ന എതിർ കടന്നാക്രമണ ഘട്ടത്തിൽ വിജയം വരിക്കാൻ കഴിയുമോ എന്നതാണ്.

## 4. തന്ത്രപരമായ പ്രത്യാക്രമണം

അത്യധികം പ്രാഗത്ഭ്യമുള്ള ശത്രുവിന്റെ കടന്നാക്രമണത്തെ തോൽപ്പിക്കുന്നതിന് നമ്മുടെ തന്ത്രപരമായ പിൻമാററത്തിന്റെ സമയത്ത് സൃഷ്ടിക്കപ്പെട്ട സ്ഥിതിയെ, അതായത് നമുക്ക് അനുകൂലവും ശത്രുവിന് പ്രതികൂലവും അവന്റെ കടന്നാക്രമണത്തിന്റെ ആരംഭത്തിലുണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തവുമായ സ്ഥിതിയെ നാം ആശ്രയിക്കുന്നു. ഇത്തരത്തിലൊരു സ്ഥിതി സംജാതമാക്കാൻ നിരവധി ഘടകങ്ങൾ ആവശ്യമാണ്. ഇക്കാര്യങ്ങളെല്ലാം മുകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

ഏതായാലും ഈ സാഹചര്യങ്ങളുടേയും നമുക്കനുകൂലവും ശത്രുവിന് പ്രതികൂലവുമായ ഒരു സ്ഥിതിയുടെയും സാന്നിദ്ധ്യം ഉള്ളതുകൊണ്ട്, നാമവനെ തോല്പിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് അർത്ഥം വരുന്നില്ല. അത്തരം സാഹചര്യങ്ങളും അത്തരമൊരു സ്ഥിതിയും നമ്മുടെ വിജയത്തിനും അവന്റെ പരാജയത്തിനും ഇടയാക്കുന്ന ഒരു സാദ്ധ്യത സൃഷ്ടിക്കുന്നേയുള്ളൂ. അതു് വിജയത്തിന്റേയോ പരാജയത്തിന്റേയോ യാഥാർത്ഥ്യമായിത്തീരുന്നില്ല. രണ്ടു സൈന്യത്തിനും യഥാർത്ഥ വിജയമോ പരാജയമോ അവ ഇതു വരെ നിലവിൽ കൊണ്ടു വരികയുണ്ടായിട്ടില്ല. വിജയമോ പരാജയമോ നിലവിൽ കൊണ്ടുവരുന്നതിന് രണ്ടു സൈന്യങ്ങളും തമ്മിൽ നിർണ്ണായകമായ ഒരു പോരാട്ടം ആവശ്യമാണ്. ഏതു സൈന്യമാണ് ജേതാവ് ഏതാണ് പരാജിതൻ എന്ന പ്രശ്നം പരിഹരിക്കാൻ ഒരു നിർണായക യുദ്ധത്തിനു മാത്രമേ കഴിയുകയുള്ളൂ. തന്ത്രപരമായ എതിർ ആക്രമണത്തിന്റെ ഘട്ടത്തിലെ ഏക കടമ ഇതു മാത്രമാണ്. എതിർ കടന്നാക്രമണം സുദീർഘമായ ഒരു പ്രക്രിയയാണ്. അതു് ഹൃദയാകർഷകവും അതീവ ചലനാത്മകവും ആണ് എന്നതിനു പുറമേ ഒരു പ്രതിരോധ ക്യാമ്പെയിനിന്റെ അവസാന ഘട്ടം കൂടിയാണ്. സജീവ പ്രതിരോധം എന്നു പറയുന്നത് പ്രധാനമായും തന്ത്രപരമായ ഈ എ



തിർ കടന്നാക്രമണത്തെ സംബന്ധിച്ചാണ്. അതിനു നിർണ്ണായകമായ ഒരു പോരാട്ടത്തിന്റെ സ്വഭാവമാണുള്ളതും.

തന്ത്രപരമായ പിന്മാററത്തിന്റെ ഘട്ടത്തിൽ മാത്രമല്ല സാഹചര്യങ്ങളും സ്ഥിതിഗതിയും സൃഷ്ടിക്കപ്പെടുന്നത്. എതിർ കടന്നാക്രമണ ഘട്ടത്തിലും തുടരെ അവ സൃഷ്ടിക്കപ്പെടുന്നു. രൂപത്തിലായാലും സ്വഭാവത്തിലായാലും, അവസാന ഘട്ടത്തിൽ അവ ശരിക്കും ആദ്യഘട്ടത്തിലേതു മാതിരിയല്ല. ശത്രു സൈന്യം കുറെക്കൂടി കൂടുതൽ ക്ഷീണിതവും ശുഷ്കവും ആയിത്തീരുന്നു എന്ന വസ്തുത രൂപത്തിലും സ്വഭാവത്തിലും ഒരേപോലെയായിരുന്നേക്കാവുന്നതാണ്. ഇതു് മുൻഘട്ടത്തിലെ അവരുടെ ക്ഷീണത്തിന്റെയും ശോഷണത്തിന്റെയും ഒരു തുടർച്ച മാത്രമാണ്.

എങ്കിലും തികച്ചും പുത്തൻ സാഹചര്യങ്ങളും തികച്ചും പുത്തനായ ഒരു സ്ഥിതിയും ഉയർന്നു വന്നേ പററൂ. ഉദാഹരണത്തിന് ശത്രു ഒന്നോ അതിലധികമോ പരാജയങ്ങൾക്കിരയായിക്കഴിയുമ്പോൾ നമുക്ക് അനുകൂലവും ശത്രുവിന് പ്രതികൂലവുമായ സാഹചര്യങ്ങൾ അവന്റെ ക്ഷീണാവസ്ഥയിലും മററും മാത്രം ഒതുങ്ങി നിൽക്കുകയില്ല. മറിച്ച് ഒരു പുതിയ ഘടകം അതിനോടുകൂട്ടിച്ചേർക്കപ്പെടും. അവൻ പരാജയങ്ങളെ നേരിട്ടിരിക്കുന്നു എന്നതാണ് ഈ ഘടകം. സ്ഥിതിഗതിയിലും പുതിയ മാററങ്ങൾ സംഭവിക്കും. ശത്രു തന്റെ സൈനികരെ ക്രമം കെട്ടരീതിയിൽ കൗശല പൂർവം നീക്കാനും വ്യാജ നീക്കങ്ങൾ നടത്താനും ആരംഭിക്കുമ്പോൾ പരസ്പരം എതിർക്കുന്ന സൈന്യങ്ങളുടെ ആപേക്ഷിക ശക്തികൾ സ്വാഭാവികമായും ഒരിക്കലും മുമ്പത്തേതു മാതിരി ആയിരിക്കയില്ല.

എന്നാൽ ഒന്നോ അതിൽ കൂടുതലോ പരാജയങ്ങൾക്കിരയായതു് ശത്രു സൈന്യമല്ലാതെ നമ്മുടെ സൈന്യമാണെങ്കിൽ, അപ്പോൾ സാഹചര്യങ്ങളും സ്ഥിതിയും എതിർ ദിശയിലേക്കു മാറുന്നതായിരിക്കും. അതായതു് ശത്രുവിന്റെ അസൗകര്യങ്ങൾ കുറയുകയും നമ്മുടെ ഭാഗത്തു് ബദ്ധപ്പാടുകൾ ആവിർഭവിക്കുകയും ചെയ്യും: ചിലപ്പോൾ അതു വളർന്നു വരികയായിരിക്കും ചെയ്യുന്നതു്. കൂടാതെ അതു് തികച്ചും പുതിയതും വ്യത്യസ്തവുമായ ഒന്നായിരിക്കും.

ഏതെങ്കിലുമൊരു വശം പരാജയപ്പെട്ടാൽ, സർവനാശം ഒഴിവാക്കുന്നതിനും പുതിയസാഹചര്യങ്ങളിൽ നിന്നു' പുറത്തു കടക്കുന്നതിനും വേണ്ടി പരാജിതവശം നേരിട്ടും വേഗത്തിലും പുതിയ പരിശ്രമത്തിലേക്കു നയിക്കപ്പെടുന്നതായിരിക്കും. അതിന് അനുകൂലമല്ലാത്തതും ശത്രുവിന് അനുകൂലവുമായ പുതിയ സാഹചര്യങ്ങളിലും പുതിയ സ്ഥിതിയിലും നിന്ന് സ്വയമേവപുറത്തുകടക്കുകയും, അതിന് അനുകൂലവും എതിരാളിക്ക് ദോഷകരവുമായ സാഹചര്യങ്ങളും സ്ഥിതിയും വീണ്ടും സൃഷ്ടിക്കുകയും ശത്രുവിന്റെ മേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക എന്നതാണ് ഈ നീക്കത്തിന്റെ ലക്ഷ്യം.

ജയിക്കുന്ന വശത്തിന്റെ പരിശ്രമം ഈ പറഞ്ഞതിന് നേരെ വിപരീതമാണ്. വിജയത്തെ മുതലെടുക്കുന്നതിനും ശത്രുവിന്റെ മേൽ കുറെക്കൂടി വലിയ നഷ്ടം അടിച്ചേൽപ്പിക്കുന്നതിനും, തനിക്കനുകൂലമായ സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് സ്വന്തം സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, പ്രതികൂലമായ സാഹചര്യങ്ങളിൽനിന്നും പ്രതികൂലമായ സ്ഥിതിയിൽനിന്നും പുറത്തു കടക്കുന്നതിനും വിപത്തു് ഒഴിവാക്കുന്നതിനും ശത്രുവിനെ വിജയത്തിലേക്കു പോകാതെ തടയുന്നതിനും അതു് പരിശ്രമിക്കുന്നതായിരിക്കും.

അങ്ങനെ ഇരുവശങ്ങളെ സംബന്ധിച്ചിടത്തോളവും നിർണ്ണായക പോരാട്ടത്തിന്റെ ഘട്ടത്തിലെ ഏററുമുട്ടൽ മൊത്തം യുദ്ധത്തിലെയോ മൊത്തം ക്യാമ്പെയിനിലെയോ ഏററവും രൂക്ഷവും ഏററവും സങ്കീർണവും ഏററവും പ

രിവർത്തനാത്മകവും ഏററവും വിഷമകരവും പരീക്ഷണാത്മകവും ആണ്. കമാൻഡിൻെറ വീക്ഷണത്തിൽനിന്നു നോക്കുമ്പോൾ അതു് എല്ലാററിലും വച്ച് ഏററവും കൂടുതൽ ശ്രദ്ധയും ശ്രമവും ആവശ്യപ്പെടുന്ന ഒരു സമയമാണ്.

എതിർ കടന്നാക്രമണ ഘട്ടത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടവ എതിർ കടന്നാക്രമണം ആരംഭിക്കൽ, സൈനിക കേന്ദ്രീകരണം, ചലനാത്മകയുദ്ധം, ശീഘ്രതീരുമാനയുദ്ധം, ഉന്മൂലനയുദ്ധം എന്നിവയാണ്.

എതിർ കടന്നാക്രമണത്തിലോ കടന്നാക്രമണത്തിലോ ആകട്ടെ ഈ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള തത്വങ്ങൾ അടിസ്ഥാന സ്വഭാവത്തിൽ വ്യത്യാസമുള്ളവയല്ല. ഈ അർത്ഥത്തിൽ എതിർകടന്നാക്രമണം ഒരു കടന്നാക്രമണമാണെന്ന് നമുക്ക് പറയാൻ കഴിയും.

എങ്കിലും അതു് ശരിക്കും ഒരു കടന്നാക്രമണമല്ല. ശത്രു കടന്നാക്രമണം നടത്തുന്ന അവസരത്തിലാണ് എതിർ കടന്നാക്രമണത്തിൻെറ തത്വങ്ങൾ പ്രയോഗിക്കപ്പെടുന്നതു്. ശത്രുപ്രതിരോധത്തിലായിരിക്കുമ്പോഴാണ് കടന്നാക്രമണത്തിൻെറ തത്വങ്ങൾ പ്രയോഗിക്കപ്പെടുന്നതു്. ഈ അർത്ഥത്തിൽ എതിർ_കടന്നാക്രമണവും കടന്നാക്രമണവും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്.

ഇക്കാരണത്താൽ തന്ത്രപരമായ പ്രതിരോധത്തെ സംബന്ധിച്ച ഈ അദ്ധ്യായത്തിലെ എതിർ കടന്നാക്രമണത്തിൻെറ ചർച്ചയിൽ വിവിധ പോരാട്ട പ്രശ്നങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, തന്ത്രപരമായ കടന്നാക്രമണത്തെ സംബന്ധിച്ച അദ്ധ്യായം ആവർത്തനം ഒഴിവാക്കുന്നതിനുവേണ്ടി മററു പ്രശ്നങ്ങളെ മാത്രമെ കൈകാര്യം ചെയ്യുകയുള്ള എങ്കിലും, യഥാർത്ഥ പ്രയോഗം വരുമ്പോൾ എതിർ ആക്രമണവും കടന്നാക്രമണവും തമ്മിലുള്ള സമാനതകളെയോ വ്യത്യാസങ്ങളെയോ നാം അവഗണിക്കാൻ പാടുള്ളതല്ല.

## 5. എതിർ-കടന്നാക്രമണം ആരംഭിക്കൽ

എതിർ കടന്നാക്രമണം ആരംഭിക്കുന്നതിൻെറ പ്രശ്നം 'ആരംഭപോരാട്ട'ത്തിൻെറ അഥവാ 'ഉപക്രമ'ത്തിൻെറ പ്രശ്നമാണ്.

നാം തന്ത്രപരമായ പ്രതിരോധത്തിലായാലും തന്ത്രപരമായ കടന്നാക്രമണത്തിലായാലും, കൂടുതൽ പ്രത്യേകിച്ചും പ്രതിരോധത്തിലായിരിക്കുമ്പോൾ, പ്രാരംഭപോരാട്ടത്തിൽ ജാഗ്രതവേണമെന്ന് പല ബൂർഷ്വാ സൈനികവിദഗ്ധരും മുന്നറിയിപ്പു നൽകാറുണ്ട്. കഴിഞ്ഞ കാലത്തു് നമ്മളും ഗൗരവമുള്ള ഒരു കാര്യമെന്ന നിലയിൽ ഇതിനു് ഊന്നു നൽകിയിട്ടുണ്ട്. ക്യാങ്സി പ്രവിശ്യയിൽ ശത്രുവിൻെറ അഞ്ചാം 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിനെതിരായുള്ള നമ്മുടെ പോരാട്ടങ്ങൾ നമുക്ക് വിലപ്പെട്ട അനുഭവം നൽകിയിട്ടുണ്ട്. ഇതെക്കുറിച്ചുള്ള പഠനം പ്രയോജന ശൂന്യമാവുകയില്ല.

ഒന്നാമത്തെ ക്യാമ്പെയിനിൽ കിയാങ്_ചിയെന്നിങ് നിരയിൽ നിന്നു് ചുവപ്പു സേനയുടെ താവള പ്രദേശത്തിനെതിരെ തെക്കോട്ടു നീങ്ങുന്നതിനു് എട്ടു വ്യൂഹങ്ങളായി വിഭജിച്ച 100,000 സൈനികരെ ശത്രു നിയോഗിച്ചു. ചുവപ്പു സേനയിൽ 40,000 പേരുണ്ടായിരുന്നു. ഇവർ കിയാങ്സി പ്രവിശ്യയിലെയിലെ നിങ്ടു കൗണ്ടിയിൽ ഹ്വാങ്ചി, സിയാവോപു എന്നീ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു.



സ്ഥിതി താഴെപ്പറയും വിധം ആയിരുന്നു:

1 'അടിച്ചമർത്തൽ' സൈന്യത്തിൽ 100,000 പേരിൽ കൂടുതൽ ഇല്ലായിരുന്നു. ഇവരിലാരും ചിയാങ് കൈഷെക്കിൻെറ സ്വന്തം സൈനികരായിരുന്നില്ല. പൊതുസ്ഥിതി വളരെ ഗൗരവമുള്ളതല്ലായിരുന്നു.

2 കിയാൻ പ്രദേശത്തെ കാത്തുരക്ഷിച്ചിരുന്ന ലോ ലിന്നിൻെറ കീഴിലുള്ള ശത്രു ഡിവിഷൻ കാൻ നദിയുടെക്കരെ പടിഞ്ഞാറോട്ടു നീങ്ങി താവളമടിച്ചിരുന്നു.

3. കങ് പിങ്_പാൻ, ചാങ് ഹുയി-ട്സാൻ, ടാൻ ടാവോ_യുവാൻ എന്നിവരുടെ കീഴിലുള്ള മൂന്നു ശത്രു ഡിവിഷനുകൾ മുന്നേറുകയും, കിയാനിനു് തെക്കുകിഴക്കും നിങ്ടുവിനു് വടക്കുപടിഞ്ഞാറുമുള്ള ഫുടിയെൻ_ടുങ്കു_ലുങ്കാങ്_യുവാൻ ടൗമേഖല കൈവശപ്പെടുത്തുകയും ചെയ്തു. ചാങ്ഹുയി_ട്സാൻ ഡിവിഷൻെറ പ്രധാനഭാഗം ലുങ് കാങ്ങിലും, ടാൻ ടാവോ-യുവാൻെറ ഡിവിഷൻെറതു് യുവാൻ ടൗവിലും ആയിരുന്നു. പോരാട്ട ഭൂമികളെന്ന നിലയിൽ ഫുടിയെനും ടുങ്കുവും തിരഞ്ഞെടുക്കുന്നതു് ബുദ്ധിപൂർവമല്ലായിരുന്നു. കാരണം എ-ബി ഗ്രൂപ്പുകൾ വഴിതെററിച്ചതുമൂലം അവിടത്തെ ജനങ്ങൾ സംശയാലുക്കളും ചുവപ്പുസേനയോടു് എതിർപ്പുള്ളവരും ആയിരുന്നു.

4. ല്യൂഹോ_ടിങ്ങിൻെറ കീഴിലുള്ള ശത്രു ഡിവിഷൻ അകലെ ഫുക്കിയനിലെ ശത്രുകൈവശ പ്രദേശത്തുള്ള ചിയെന്നിക്കിൽ ആയിരുന്നു. അതു് യാങ്സിയിലേക്കു കടക്കുക എന്നതു് സംഭവ്യമല്ലായിരുന്നു.

5. മാവോപിങ്_വെന്നിൻെറയും സു കെഹ്_സിയാങ്ങിൻെറയും കീഴിലുള്ള ശത്രു ഡിവിഷനുകൾ കുവാങ് ചാങ്ങിൻെറയും നിങ്ടുവിൻെറയും ഇടക്കു സ്ഥിതി ചെയ്യുന്ന ടൗപി-ലോകൌ_ടുങ്ഷാവോ മേഖലയിൽ പ്രവേശിച്ചിരുന്നു. ടൗവി ശത്രുകൈവശത്തിലുള്ള ഒരു പ്രദേശവും, ലോകൗ ഒരു ഗറില്ലാ മേഖലയും, എ-ബി. ഗ്രൂപ്പിലെ ഘടകങ്ങളുള്ള ടുങ്ഷാവോ വാർത്തകൾ ചോർന്നുപോവാൻ സാദ്ധ്യതയുള്ള ഒരു സ്ഥലവുമായിരുന്നു. കൂടാതെ മാവോപിങ്-വെന്നിനെയും സു കെഹ്_സിയാങ്ങിനെയും ആക്രമിച്ച് നാം പടിഞ്ഞാറേയ്ക്കു് നീങ്ങുകയാണെങ്കിൽ, പടിഞ്ഞാറു് ചാങ്ഹുയി-ട്സാൻ, ടാൻ ടാവോ_യുവാൻ, കുങ്വിംഗ്-ഫാൻ എന്നിവരുടെ നേതൃത്വത്തിലുള്ള മൂന്നു ശത്രുവ്യൂഹങ്ങൾ ഒന്നിച്ചു ചേരാൻ സാദ്ധ്യതയുണ്ട്. തന്മൂലം വിജയം കൈവരിക്കുന്ന കാര്യം നമുക്കു പ്രയാസകരമായിത്തീരുമെന്നതിനു പുറമെ പ്രശ്നത്തെ അവസാനപരിഹാരത്തിലേക്കു കൊണ്ടെത്തിക്കുന്ന കാര്യം അസാദ്ധ്യമാവുകയും ചെയ്യും.

6. ചാങ് ഹുയി_ട്സാനിൻെറയും ടാൻ ടാവോ_യുവിൻെറയും നേതൃത്വത്തിലുള്ള രണ്ടു ഡിവിഷനുകൾ ചേർന്നാൽ ശത്രുവിൻെറ പ്രധാന സൈനിക ശക്തിയായി. ഈ പട്ടാളക്കാർ ലു ടി_പിങ്ങിൻെറ വകയാണ്. ഇയാൾ ഈ 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിനിൻെറ കമാൻഡർ ഇൻ ചീഫും ക്യാങ്സി പ്രവിശ്യാ ഗവർണരുമായിരുന്നു. ചാങ് ഹുയി_ട്സാൻ ആയിരുന്നു ഫീൽഡ് കമാൻഡർ. ഈ രണ്ടു വ്യൂഹങ്ങളെയും തുടച്ചുനീക്കിയാൽ ക്യാമ്പെയിനിനെ ശരിക്കും തകർത്തു എന്നാണർത്ഥം. ഓരോ വ്യൂഹത്തിലും ഏതാണ്ടു് പതിനാലായിരം ആൾക്കാരുണ്ടായിരുന്നു. ചാങ്ങിൻേറതു് രണ്ടു സ്ഥലങ്ങൾക്കിടക്ക് വിഭജിക്കപ്പെട്ടിരുന്നു. തന്മൂലം ഒരു സമയത്തു് ഒരു ഡിവിഷനെ വീതം ആക്രമിച്ചാൽ നമുക്ക് കേവല മേധാവിത്വം കരസ്ഥമാക്കാൻ കഴിയും.

7. ചാങ്ങിൻെറയും ടാനിൻെറയും പ്രധാന സൈന്യങ്ങൾ താവളമുറപ്പിച്ചിരുന്ന ലുങ്കാങ്_യുവാൻ ടൗ മേഖല നമ്മുടെ കേന്ദ്രീകരണപ്രദേശങ്ങൾ

കടുത്തായിരുന്നു. അവിടെ നമ്മുടെ സമീപനത്തെ മറച്ചുപിടിക്കുന്നതിനു് നല്ല ജനകീയ പിന്തുണയുമുണ്ടായിരുന്നു.

8. ലുങ്ങ്കാങ്ങിലെ യുദ്ധ ഭൂഭാഗം നല്ലതായിരുന്നു. യുവാൻ ടൗ ആക്രമിക്കാൻ അത്ര എളുപ്പമായിരുന്നില്ല. പക്ഷെ ആക്രമിക്കാൻ വേണ്ടി ശത്രു സിയാപൗവിലേക്ക് നീങ്ങുകയാണെങ്കിൽ അവിടെയും നമുക്കു് നല്ല ഒരു യുദ്ധ ഭൂഭാഗം കൈവശമാക്കാൻ കഴിയും.

9. ലുങ്ങ്കാങ്ങ് മേഖലയിൽ ഏററവും വലിയ എണ്ണം സൈനികരെ കൂട്ടിനിർത്തുന്നതിനു കഴിയും. ലുങ്ങ്കാങ്ങിന്റെ തെക്കുപടിഞ്ഞാറു് നൂറിൽ താഴെ ലീ ദൂരത്തു് ആയിരത്തിലേറെ സൈനികരുള്ള ഒരു സ്വതന്ത്ര ഡിവിഷൻ നമുക്കുണ്ടായിരുന്നു. ഇതിനു് ശത്രുവിന്റെ പിൻനിരയിൽ കൗശലപൂർവം നീങ്ങാൻ കഴിയുമായിരുന്നു.

10. നമ്മുടെ സൈനികർ നടുഭാഗത്തു് മുറിച്ചു കടക്കുകയും ശത്രുവിന്റെ മുൻനിര പിളർക്കുകയും ചെയ്തിരുന്നെങ്കിൽ കിഴക്കും പടിഞ്ഞാറുമുള്ള അവന്റെ വ്യൂഹങ്ങൾ വിസ്തൃതമായി വേർപെടുത്തിയ രണ്ടു ഗ്രൂപ്പുകളായി അവ മുറിക്കപ്പെടുമായിരുന്നു.

മേൽപറഞ്ഞ കാരണങ്ങളാൽ നാം തീരുമാനിച്ചതു് നമ്മുടെ ആദ്യപോരാട്ടം ചാങ്ങ് ഹുയി–ട്സാനിന്റെ പ്രധാന സൈന്യത്തിനെതിരായിരിക്കണമെന്നായിരുന്നു. നാം അവന്റെ രണ്ടു ബ്രിഗേഡുകളെയും അവന്റെ ഡിവിഷണൽ തലസ്ഥാനത്തെയും വിജയകരമായി കീഴടക്കി. ഒമ്പതിനായിരം പേരുള്ള മൊത്തം സേനയെയും കമാൻഡറെത്തന്നെയും നാം പിടിച്ചടക്കി. ഒരൊററയാൾക്കോ കുതിരക്കോ രക്ഷപെടാൻ കഴിഞ്ഞില്ല. ഈ ഒരൊററ വിജയം മൂലം ടാനിന്റെ ഡിവിഷൻ ടുങ്ങ് ഷാവോയിലേക്കും സുയിന്റെ ഡിവിഷൻ ടൗവിയിലേക്കും പാലായനം ചെയ്തു. അപ്പോൾ നമ്മുടെ പട്ടാളക്കാർ ടാനിന്റെ ഡിവിഷനെ പിന്തുടന്നു് അതിൽ പകുതി പേരെയും ഇല്ലാതാക്കി. നാം അഞ്ചുദിവസത്തിനുള്ളിൽ രണ്ടു് പോരാട്ടങ്ങൾ നടത്തി. (1931 ഡിസംബർ 27; 1930 ജനവരി 1,) പരാജയം ഭയന്നു് ഫുടിയെൻ; ടുങ്ങ്ക, ടൗവി എന്നിവിടങ്ങളിലെ ശത്രുസൈന്യങ്ങൾ ക്രമരഹിതമായി പിൻവാങ്ങുകയുണ്ടായി. ഇങ്ങിനെയാണു് ആദ്യത്തെ 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിൻ അവസാനിച്ചതു്.

രണ്ടാമത്തെ ക്യാമ്പെയിനിലെ സ്ഥിതി താഴെ പറയും വിധമായിരുന്നു.

1. 200,000 പേർ വരുന്ന 'അടിച്ചമർത്തൽ' സൈന്യം, നാൻചാങ്ങ് തലസ്ഥാനവുമായി ഹോമിങ്ങ്–ചിന്നിന്റെ നേതൃത്വത്തിൻ കീഴിലായിരുന്നു.

2. ശത്രുവിന്റെ ഒന്നാം ക്യാമ്പെയിനിൽ സംഭവിച്ചതുപോലെ ഈ സേനയിലാരും ചിയാങ്ങ് കെയ്ഷെക്കിന്റെ സ്വന്തം പട്ടാളക്കാരല്ലായിരുന്നു. അവരുടെ കൂട്ടത്തിൽ ട്സായി ടിങ്ങ്_കായ്ന്റെ കീഴിലുള്ള 19_ാം പഥ സേനയും, സൂൺ ലിയെൻ ചുങ്ങിന്റെ നേതൃത്വത്തിലുള്ള 26–ാം സേനയും, ചു ഷാവോ–ലിയാങ്ങിന്റെ നേതൃത്വത്തിലുള്ള 8–ാം സേനയും കരുത്തുള്ളവയോ സാമാന്യം കരുത്തുള്ളവയോ ആയിരുന്നു; മററുള്ളവയെല്ലാം ഏറെക്കുറെ ദുർബലമായിരുന്നു.

3. എ.ബി.സി. ഗ്രൂപ്പിനെ തുടച്ചു നീക്കി. താവളപ്രദേശത്തെ ജനങ്ങളാകെ ചുവപ്പുസേനയെ പിന്താങ്ങുകയുണ്ടായി.



4. വടക്കുനിന്നു് വാങ്ങ്ചിൻ_യുവാന്റെ നേതൃത്വത്തിൽ പുതിയതായി എത്തിച്ചേർന്ന 5–ാം പഥസേനയ്ക്കു് നമ്മെ ഭയമായിരുന്നു. പൊതുവിൽ പറഞ്ഞാൽ അതിന്റെ ഇടതു പാർശ്വത്തിൽ കുവോ ഹുവാ–സങ്ങിന്റെയും ഹാവോ മെങ്ങ് ലിങ്ങിന്റെയും കീഴിലുണ്ടായിരുന്ന രണ്ടു ഡിവിഷനുകളുടെ സ്ഥിതിയും അതുപോലെയായിരുന്നു.

5. നമ്മുടെ പട്ടാളക്കാർ ആദ്യം ഫുടിയെൻ ആക്രമിക്കുകയും പിന്നീടു് കിഴക്കോട്ടു് അടിച്ചുകയറുകയും ചെയ്തിരുന്നെങ്കിൽ ഫുക്കിയെൻ–ക്യാങ്ങ്സി അതിർത്തിയിലുള്ള ചയെന്നിങ്ങ്_ലിച്ചുവാൻ–ടൈയ്നിങ്ങ് മേഖലയിലേക്കു് നമുക്കു താവളപ്രദേശം വികസിപ്പിക്കാനും അതുവഴിഅടുത്ത 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിൻ തകർക്കുന്നതിനു സഹായകമായ ഭക്ഷ്യവസ്തുക്കൾ നേടാനും കഴിയുമായിരുന്നു. എന്നാൽ പടിഞ്ഞാറോട്ടു തള്ളിക്കയറുകയാണെങ്കിൽ നാം കാൻനദിയ്ക്കെതിരെ എത്തിച്ചേരുകയും പോരാട്ടത്തിനു ശേഷം വികസനത്തിനു സ്ഥലമില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുമായിരുന്നു. പോരാട്ടത്തിനുശേഷം കിഴക്കോട്ടു തിരിയുന്നതു് നമ്മുടെ സൈന്യത്തെ ക്ഷീണിപ്പിക്കുകയും സമയ നഷ്ടത്തിനിടയാക്കുകയും ചെയ്യുമായിരുന്നു.

6. നമ്മുടെ സൈന്യം ആദ്യത്തെ ക്യാമ്പെയിനിലേതിനെ അപേക്ഷിച്ചു് ചെറുതായിരുന്നു (30,000 ആൾക്കാരിലധികം) എങ്കിലും നഷ്ടം നികത്തുന്നതിനും ശക്തി സംഭരിക്കുന്നതിനും അതിനു നാലുമാസക്കാലം കിട്ടിയിരുന്നു.

ഇക്കാരണങ്ങളാൽ നമ്മുടെ ആദ്യ പോരാട്ടത്തിൽ വാങ്ങ് ചിൻ–യുവിന്റെയും കുങ്ങ്പിൻഗ്–ഫാനിന്റെയും സേനകളെ (മൊത്തം 11 റെജിമെന്റുകൾ) നേരിടുന്നതിനു് നാം തീരുമാനിച്ചു. ഈ പോരാട്ടത്തിൽ വിജയിച്ചതിനുശേഷം ഒന്നിനുപുറകെ മറെറാന്നായി നാം കുവോ ഹുവാ–ട്സങ്ങ്, സൂൺ ലീൻ_ചങ്ങ്, ചുഷാവോ ലിയാങ്ങ്, ല്യൂഹോ–ടിങ്ങ് എന്നിവരെ ആക്രമിച്ചു. പതിനഞ്ചുദിവസങ്ങൾക്കുള്ളിൽ (1931 മെയ് 16 മുതൽ മെയ് 30 വരെ) ഞങ്ങൾ 700 ലീ ദൂരം നടക്കുകയും, അഞ്ചു പോരാട്ടങ്ങൾ നടത്തുകയും ഇരുപതിനായിരത്തിലധികം റൈഫിളുകൾ പിടിച്ചെടുക്കുകയും, ശത്രുവിന്റെ 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിനിനെ അപ്പാടെ തകർക്കുകയും ചെയ്തു. വാങ്ങ് ചിൻ–യുവുമായി പോരാടുന്ന സമയം നാം ട്സായ് ടിങ്ങ്_കായ്, കോ ഹവാ_ട്ങ്ങ് എന്നിവരുടെ കീഴിലുള്ള രണ്ടു ശത്രു സൈന്യങ്ങളുടെ മദ്ധ്യത്തിലായിരുന്നു. രണ്ടാമത്തേതിൽ നിന്നു പത്തുലീ അകലെയും ആദ്യത്തേതിൽനിന്നു നാൽപ്പതു ലീ അകലെയും ആയിരുന്നു നമ്മൾ. ഇതു കണ്ടു നമ്മൾ 'ഗതിമുട്ടിയ ഒരവസ്ഥയിൽ' ചെന്നു പെടുകയാണു് എന്നു പറഞ്ഞെങ്കിലും ആ സ്ഥിതിയിൽ നിന്നു നാംഏതായാലും രക്ഷപ്പെട്ടു. ഇതിനു കാരണം താവളപ്രദേശത്തു് നമുക്കു ലഭിച്ച ജനകീയ പിന്തുണയും ശത്രു ഘടകങ്ങൾക്കിടക്കുള്ള പരസ്പര ബന്ധമില്ലായ്മയും ആയിരുന്നു. കോ ഹുവാ_ട്സുങ്ങിന്റെ ഡിവിഷനെ പരാജയപ്പെടുത്തിക്കഴിഞ്ഞപ്പോൾ ഹോമെങ്ങ്–ലിങ്ങിന്റെ ഡിവിഷൻ രാത്രിക്കു് യുങ്ങ്ഫെങിലേക്കു് പാലായനം ചെയ്യുകയും അങ്ങിനെ നാശം ഒഴിവാക്കുകയും ചെയ്തു.

മൂന്നാം 'വലയംചെയ്തു് അടിച്ചമർത്തലി'ലെ സ്ഥിതി താഴെ പറയുംവിധമായിരുന്നു.

1. കമാൻഡർ ഇൻ ചീഫ് എന്ന നിലയിൽ ചിയാങ്ങ്കെയ്ഷെക്കു് നേരിട്ടു് സൈനികാധികാരം ഏറെറടുത്തു. അദ്ദേഹത്തിനു കീഴിൽ ഓരോ വ്യൂഹത്തിന്റെയും —ഇടത്തും വലത്തും നടുക്കുമുള്ളതു്— ചാർജുള്ള മൂന്നു് കീ

ഴ്കമാൻഡറന്മാരുണ്ടായിരുന്നു. ഹോ യാങ്ങ്—ചിൻ ആയിരുന്നു നടുക്കുള്ള
വ്യൂഹത്തിൻെറ കമാൻഡർ. ചിയാങ്ങ്കെയ്ഷെക്കിൻെറതുപോലെ അയാ
ളുടെ ഹെഡ്ക്വാർട്ടേഴ്സ് നാൻചാങ്ങ് ആയിരുന്നു. വലതുവശത്തേതു്
കിയാൻഹെഡ്ക്വാർട്ടേഴ്സ് ആയിരുന്ന ചെൻമിങ്ങ്—ഷുവിൻെറ നേതൃത്വ
ത്തിലും, ഇടത്തേതു് നാൻഫെങ്ങ് ഹെഡ്ക്വാർട്ടേഴ്സ് ആയുള്ള ചുഷാവോ
–ലിയാങ്ങിൻെറ നേതൃത്വത്തിലുംആയിരുന്നു.

2. 'അടിച്ചമർത്തൽ' സൈനികരുടെ എണ്ണം 300,000 ആയിരുന്നു.
100,000 ആരം മൊത്തത്തിലുള്ള പ്രധാനസൈന്യം ചിയാങ്ങിൻെറ സ്വന്തം
പടയാളികരം അടങ്ങിയതായിരുന്നു. അതു് 5 ഡിവിഷനുകരം (ഒമ്പതു റെ
ജിമെൻറ് ഓരോന്നിലും) അടങ്ങിയതും ക്രമത്തിൽ ചെൻപെങ്ങ്; റെയ്ലി_
ഹുവാങ്ങ്, ചിയാങ്ങ്ടിങ്ങ്—റെൻ എന്നിവർ കമാൻഡർമാരായുള്ളതുമായി
രുന്നു. ഇതിനു പുറമെ ചിയാങ്ങ് കുവാങ്ങ്_നയ്, ട്സായ് ടിങ്ങ്–കായ്,
ഹാൻ ടെഹ്–ചിൻ എന്നിവരുടെ നേതൃത്വത്തിൻകീഴിൽ മൂന്നു ഡിവിഷനു
കരം ഉണ്ടായിരുന്നു. അതോടൊപ്പം 20,000 പേരുള്ള സുൺലീൻ-ചുങ്ങിൻെറ
സേനയും ഉണ്ടായിരുന്നു. കൂടാതെ ചിയാങ്ങിൻെറ സ്വന്തം പടയാളികളെ
പ്പോലല്ലാത്ത മററു ദുർബല സൈനികശക്തികളുമുണ്ടായിരുന്നു.

3. ഈ 'അടിച്ചമർത്തൽ' ക്യാമ്പെയിനിൽ ശത്രുവിൻെറ തന്ത്രം 'നേ
രെ അകത്തേക്കു പാഞ്ഞുകയറുക' എന്നതായിരുന്നു. ഇതു് അവൻ രണ്ടാം
ക്യാമ്പെയിനിൽ ഉപയോഗിച്ച, 'ഓരോ കാൽവയ്പിലും ദൃഢീകരിക്കുക'
എന്ന തന്ത്രത്തിൽനിന്നു് വളരെയേറെ വ്യത്യസ്തമായിരുന്നു. ലക്ഷ്യം ചുവപ്പു
സേനയെ പിന്നോട്ടു് കാൻനദിയോടു് ചേർത്തുകൊണ്ടുവന്നു് അവിടെവച്ചു്
ഉന്മൂലനം ചെയ്യുക എന്നതായിരുന്നു.

4. ശത്രുവിൻെറ രണ്ടാം ക്യാമ്പെയിനിൻെറ അവസാനത്തിനും
മൂന്നാമത്തേതിൻെറ ആരംഭത്തിനുമിടക്കു് ഒരു മാസത്തിൻെറ 'ഇടവേള' മാ
ത്രമെ ഉണ്ടായിരുന്നുള്ളു. ചുവപ്പുസേനയ്ക്കു് (അപ്പോരം 30,000 പേർ മാത്രമേ
അതിലുണ്ടായിരുന്നുള്ളു) വളരെയേറെ ക്ളേശകരമായ പോരാട്ടത്തിനുശേഷം
വിശ്രമത്തിനോ ആവശ്യസാമഗ്രികളുടെ കുറവു നികത്തുന്നതിനോ സൗകര്യം
ലഭിച്ചിരുന്നില്ല. തെക്കൻ യാങ്ങ്സി താവളപ്രദേശത്തിൻെറ പടിഞ്ഞാറു
ഭാഗത്തു് ഉള്ള സിയാങ്ങ്കുവോയിൽ കേന്ദ്രീകരിക്കുന്നതിനായി അതു് ആ
സമയം ആയിരം ലീയുടെ യാത്ര പൂർത്തീകരിച്ചതേയുണ്ടായിരുന്നുള്ളു.
അപ്പോഴാണു് നിരവധി ഭാഗങ്ങളിൽനിന്നു് ശത്രു അതിൻെറമേൽ കഠിനമാ
യ സമ്മർദം ചെലുത്തിയതു്.

ഈ സാഹചര്യത്തിൽ ഞങ്ങരം ആദ്യം തീരുമാനിച്ച പദ്ധതി വാനാൻ
വഴി സിങ്ങ്കോവായിൽനിന്നു നീങ്ങി ഫുടിയെനിൽ മുറിച്ചുകടക്കാനും
അതിനുശേഷം കിഴക്കുനിന്നു് പടിഞ്ഞാറേക്കു ശത്രുവിൻെറ പിൻനിരയി
യിലെ വാർത്താവിനിമയ ലൈനുകരം തുടച്ചുനീക്കാനും അങ്ങി
നെ തെക്കൻ ക്യാങ്ങ്സിയിലെ നമ്മുടെ താവളപ്രദേശത്തേക്കു് ആഴത്തിലു
ള്ളതും എന്നാൽ പ്രയോജനരഹിതവുമായ കടന്നുകയററം നടത്താൻ ശത്രുവി
ൻെറ പ്രധാന സൈന്യങ്ങളെ അനുവദിക്കാനുമായിരുന്നു. നമ്മുടെ സൈനിക
പ്രവർത്തനത്തിൻെറ ആദ്യഘട്ടം ഇതായിരിക്കണം എന്നു തീരുമാനിക്കപ്പെട്ടു.
തുടർന്നു് അനിവാര്യമായും വളരെ ക്ഷീണിതനായി ശത്രു വടക്കുഭാഗത്തേക്കു്
തിരിച്ചുപോകുമ്പോരം അവൻെറ മെച്ചമായ ഘടകങ്ങളെ അടിക്കാൻ ഈ അവ
സരം ഉപയോഗിക്കാനായിരുന്നു ഉദ്ദേശം. നമ്മുടെ സൈനികനീക്കത്തി
ൻെറ രണ്ടാംഘട്ടം അതാകണമെന്നു വിചാരിച്ചിരുന്നു. ഈ പദ്ധതിയുടെ കാ
തലായ ഭാഗം ശത്രുവിൻെറ പ്രധാന സൈന്യങ്ങളെ ഒഴിഞ്ഞുമാറുകയും



അവൻെറ ദുർബലവശങ്ങളിൽ അടിക്കുകയും ചെയ്യുക എന്നതായിരുന്നു.
പക്ഷെ നമ്മുടെ സേനകരം ഫുടിയെനിലേക്കു് നീങ്ങുമ്പോരം ശത്രു നമ്മെ
കാണാനിടയായി. അവൻ ചെൻ ചെങ്ങിൻെറയും ലോ ചോയാങ്ങിൻെറയും
നേതൃത്വത്തിൽ രണ്ടു ഡിവിഷനുകളെ ആ രംഗത്തേക്കു് അയച്ചു. അതുകൊ
ണ്ടു നമുക്കു പദ്ധതി മാറേറണ്ടതായും സിങ്ങ്കുവോ കൗണ്ടിയുടെ പടിഞ്ഞാറു്
ഭാഗത്തുള്ള കാവോഷിങ്ങ്സുവിലേക്കു തിരിച്ചുപോകേണ്ടതായും വന്നു. ഒരു
നൂറിൽ താഴെ ചതുരശ്ര ലീ വിസ്താരമുള്ള ഈ സ്ഥലം മാത്രമായിരുന്നു
നമ്മുടെ സൈന്യത്തിനു് കേന്ദ്രീകരിക്കാനുണ്ടായിരുന്നതു്. അങ്ങിനെ കേ
ന്ദ്രീകരിച്ചതിൻെറ പിറേറദിവസം കിഴക്കോട്ടു് സിങ്ങ് കുവോ കൗണ്ടി
യിലെ ലിയെൻ ടാങ്ങിലേക്കും തെക്കൻയാങ്ങ്ഫെങ്ങ്കൗണ്ടിയിലെ ലി
ലിയാങ്ങ്പിലേക്കും ടഹണിലേക്കും വടക്കൻ നിങ്ങ്ടുകൗണ്ടിയിലെ ഹുവാങ്ങ്
ഹയിലേക്കും തള്ളിക്കയറാൻ നാം തീരുമാനിച്ചു. ആ രാത്രിയിൽതന്നെ ഇ
രുട്ടിൻെറ മറവിൽചിയാങ്ങ് ടിങ്ങ്–വെന്നിൻെറ വ്യൂഹത്തിനും, ചിയാ
ങ്ങ്ക്വാങ്ങ്-നായി, ട്സായ് ടിങ്ങ്–കായി, ഹാൻടെഹ്–ചിൻ എന്നിവ
രുടെ കീഴിലുള്ള സൈന്യങ്ങരക്കും ഇടക്കുള്ള 40 ലീ വിടവിൽക്കൂടി കടന്നു്
നാം ലിയെൻടാങ്ങിലേക്കു നീങ്ങി. രണ്ടാംദിവസം ഷാങ്ങ്കവാൻ യുൻ–
സിയാങ്ങിൻെറ കീഴിലുള്ള (ഇയാരം ഹാവോ മെങ്ങ്—ലെങ്ങിൻെറയും ത
ൻെറയും ദളങ്ങളുടെ മേധാവിത്വം വഹിച്ചിരുന്നു) മുന്നണി ഘടകങ്ങളുമായി
നാം ചെറുയുദ്ധങ്ങരം നടത്തി ആദ്യത്തെ പോരാട്ടം നടത്തിയതു് മൂന്നാംദിവ
സം ഷാങ്ങ്കുവാൻയുൻ–സിയാങ്ങിൻെറ ഡിവിഷനുമായിട്ടായിരുന്നു. രണ്ടാം
യുദ്ധം നടത്തിയതു് നാലാംദിവസം ഹാവോ മെങ്ങ്_ലിങ്ങിൻെറ ഡിവിഷ
നുമായിട്ടായിരുന്നു. ഒരു ത്രിദിനയാത്രക്കുശേഷം നാം ഹുവാങ്ങ്പിയിലെ
ത്തിച്ചേരുകയും മാവോ പിങ്ങ്—ഹെന്നിൻെറ ഡിവിഷനു് എതിരായി നമ്മു
ടെ മൂന്നാം പോരാട്ടം നടത്തുകയും ചെയ്തു. ഈ യുദ്ധങ്ങളിലെല്ലാം നാം
വിജയിക്കുകയും പതിനായിരത്തോളം റൈഫിളുകരം പിടിച്ചെടുക്കുകയും ചെ
യ്തു. ഈ അവസരത്തിൽ പടിഞ്ഞാറോട്ടും തെക്കോട്ടും നീങ്ങിയിരുന്ന പ്ര
ധാന ശത്രു സൈന്യങ്ങളെല്ലാം കിഴക്കോട്ടു തിരിയുകയുണ്ടായി. ഹുവാങ്ങ്
ഹയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടു് അതിഭീകരമായ വേഗതയിൽ യുദ്ധത്തി
നായി അവർ അങ്ങോട്ടു് പാഞ്ഞടുക്കുകയും ഇടതൂർന്നതും ഗംഭീരവുമായ ഒരു വ
ളയംചെയ്യൽ നമുക്കു ചുററും നടത്തി നമ്മെ ഉള്ളിലാക്കുകയും ചെയ്തു. ഒരുവ
ശെ ചിയാങ്ങ്കുവാങ്ങ്നായി, ട്സായ്ടിങ്ങ്_കായി, ഹാൻ ടെഹ്_ചിൻ
എന്നിവരുടെയും മറുവശെ ചെൻചെങ്ങ്, ലോ ചോ–യിങ്ങ് എന്നിവരുടെ
യും ഇടക്കുള്ള20 ലീ വിടവിൽ സ്ഥിതിചെയ്തിരുന്ന വലിയ പർവതങ്ങ
ളിൽക്കൂടി നാം തെററിമാറിക്കളഞ്ഞു. അങ്ങിനെ കിഴക്കുനിന്നു് പടിഞ്ഞാറു്
തിരിച്ചു വന്നതിനുശേഷം സിങ്ങ്കുവോ കൗണ്ടിയുടെ അതിർത്തികരക്കു
ള്ളിൽ വീണ്ടും നാം ഒന്നിച്ചുചേരുകയുണ്ടായി. ഈ വസ്തുത ശത്രു കണ്ടുപിടി
ക്കുകയും വീണ്ടും പടിഞ്ഞാറേക്കു മുന്നേറാൻ തുടങ്ങുകയും ചെയ്തതിനിടയ്ക്കു്
നമ്മുടെ സൈന്യത്തിനു് രണ്ടാഴ്ച വിശ്രമിക്കാൻ കഴിഞ്ഞിരുന്നു; മറിച്ചു്
ശത്രുസൈന്യങ്ങളാവട്ടെ വിശന്നുവലഞ്ഞും ആത്മവീര്യം നശിച്ചും അവശരാ
യിക്കഴിഞ്ഞിരുന്നു. പട പെരുതാൻ കഴിവില്ലാത്തതിനാൽ അവർ പിൻ
വാങ്ങാൻ നിശ്ചയിച്ചു. ഈ പിന്മാററത്തെ മുതലെടുത്തുകൊണ്ടു് ചിയാങ്ങ്
കുവാങ്ങ്_ടായ്, ടസായിടിങ്ങ്—കായ് ചിയാങ്ങ് ടിങ്ങ്–വെൻ, ഹാൻ
ടെഹ്_ചിൻ എന്നിവരുടെ സൈന്യത്തെ നാം ആക്രമിച്ചു. ഈ ആക്രമണ
ത്തിൽ ചിയാങ്ങ്_ടിങ്ങ്— വെന്നിൻെറ ദളങ്ങളിലൊന്നിനെയും ഹാൻടെഹ്
_ചിന്നിൻെറ സൈനിക വിഭാഗത്തിലൊന്നിനെയും നാം നിശേഷം തുടച്ചു
നീക്കുകയുണ്ടായി. ചിയാങ്ങ് കുവാങ്ങ്_നായി, ട്സായ് ടിങ്ങ്–
കായി എന്നിവരുടെ കീഴിലുള്ള സൈനിക വിഭാഗങ്ങളുമായു

ള്ള പോരാട്ടത്തിന്റെ ഫലം സ്തംഭനാവസ്ഥയായിരുന്നതിനാൽ അവർ രക്ഷപ്പെടുകയാണുണ്ടായത്.

നാലാം 'വലയം ചെയ്ത് അടിച്ചമർത്തൽ' ക്യാമ്പെയിനിന്റെ സ്ഥിതി താഴെപ്പറയും പ്രകാരമായിരുന്നു. മൂന്നു വ്യൂഹങ്ങളായാണ് കപഗൻചങ്ങിലേക്ക് ശത്രു മുന്നേറിയത്. ഏററവും പ്രധാനപ്പെട്ട ശക്തി കിഴക്ക് ഭാത്തുള്ളതായിരുന്നു; അതേ സമയം പടിഞ്ഞാറൻ വ്യൂഹം രൂപപ്പെടുത്തിയ രണ്ടു ഡിവിഷനുകൾ ആക്രമിക്കാവുന്ന തരത്തിൽ അരക്ഷിതമായിരുന്നു. മാത്രമല്ല അത് നമ്മുടെ സൈന്യം കേന്ദ്രീകരിച്ചിരുന്ന സ്ഥാനത്തിനു വളരെ അടുത്തായിരുന്നു സ്ഥിതിചെയ്തിരുന്നത്. നമുക്ക് ശത്രുവിന്റെ പടിഞ്ഞാറൻ വ്യൂഹത്തെ ആദ്യം തെക്കൻ യിഹ്വാങ് കൗണ്ടിയിൽ ആക്രമിക്കുന്നതിന് അവസരവുമുണ്ടായിരുന്നു. അതുകൊണ്ട് ഒരൊററയടിക്ക് നാം ലിമിങിന്റെയും ചെൻഷി-ചിയുടെയും കീഴിലുള്ള രണ്ടു ഡിവിഷനുകളെയും ഉന്മൂലനം ചെയ്തു. അതോടെ ശത്രു അവന്റെ മദ്ധ്യ വ്യൂഹത്തിൽ നിന്നു രണ്ടു ഡിവിഷനുകളെ അയയ്ക്കുകയും പിന്നെയും മുന്നോട്ടുപോവുകയും ചെയ്തതുകൊണ്ട് തെക്കൻ യിഹ്വാങ് കൗണ്ടിയിൽ ഒരു ഡിവിഷനെ തുടച്ചുനീക്കുന്നതിന് നമുക്ക് വീണ്ടും സാധിക്കുകയുണ്ടായി. ഈ രണ്ടു പോരാട്ടങ്ങളിലുമായി നാം പതിനായിരത്തിലേറെ റൈഫിൾ പിടിച്ചുവാങ്ങുകയും മൊത്തത്തിൽ ഈ 'വലയം ചെയ്തു അടിച്ചമർത്തൽ' ക്യാമ്പെയിനിനെ തകർക്കുകയുമുണ്ടായി.

അഞ്ചാം ക്യാമ്പെയിനിൽ ശത്രു, ബ്ലോക്ക് ഹൗസുകൾ പണിതുകൊണ്ടുള്ള പുതിയ തന്ത്രവുമായി മുന്നേറുകയും ആദ്യം ലിച്ചുവാൻ കൈവശപ്പെടുത്തുകയും ചെയ്തു. പക്ഷെ ലിച്ചുവാൻ വീണ്ടെടുക്കുന്നതിനും താവള പ്രദേശത്തിനു പുറത്തുവച്ച് ശത്രുവുമായി നേരിടുന്നതിനും നാം ലിച്ചുവാന്റെ വടക്കു ഭാഗത്ത് സിയാവോഷിയുടെ നേർക്ക് ആക്രമണം നടത്തി. ഇത് വെള്ളഭരണ പ്രദേശത്തു സ്ഥിതിചെയ്യുന്ന അവന്റെ ഒരു ശക്തി കേന്ദ്രമായിരുന്നു. ഈ പോരാട്ടത്തിൽ പരാജയപ്പെട്ടതുമൂലം നാം നമ്മുടെ ആക്രമണം ടസെസിചിയാവോവിന്റെ നേർക്കു മാററി. ഇതും സിയാവോഷിയുടെ തെക്കുകിഴക്കുള്ള വെള്ളഭരണ പ്രദേശത്തുള്ള അവന്റെ ഒരു ശക്തി കേന്ദ്രമായിരുന്നു. ഇവിടെ നാം വീണ്ടും പരാജപ്പെട്ടു. പിന്നീട് യുദ്ധം ചെയ്യാനുള്ള ഉദ്ദേശത്തോടെ നാം ഒരേ സ്ഥലത്തുതന്നെ ശത്രുവിന്റെ പ്രധാന സൈന്യങ്ങൾക്കും അവന്റെ ബ്ലോക്ക്-ഹൗസുകൾക്കും ഇടയ്ക്ക് ചുററിത്തിരിയുകയും തികഞ്ഞ നിഷ്ക്രിയത്വത്തിലേക്ക് മാററപ്പെടുകയും ചെയ്തു. ഒരു വർഷം മുഴുവൻ നീണ്ടുനിന്ന 'വലയം ചെയ്ത് അടിച്ചമർത്ത'ലിനെതിരെയുള്ള നമ്മുടെ അഞ്ചാം എതിർ ക്യാമ്പെയിനിൽ ഉടനീളം നാം അല്പം പോലും മുൻകയ്യോ ഊർജ്ജസ്വലതയോ കാണിച്ചില്ല. അവസാനം നമുക്ക് ക്യാംങ്സിയിലെ താവളപ്രദേശത്തുനിന്നു പിൻവാങ്ങേണ്ടിവന്നു.

'വലയം ചെയ്ത് അടിച്ചമർത്ത'ലിനെതിരെയുള്ള ഈ അഞ്ച് എതിർ ക്യാമ്പെയിനുകളിലെയും നമ്മുടെ അനുഭവം ഇതാണ്: എതിർ കടന്നാക്രമണത്തിലെ ആദ്യപോരാട്ടം ശത്രുവിന്റെ വമ്പിച്ച സുശക്ത 'അടിച്ചമർത്തൽ' സൈന്യത്തെ തകർക്കാൻ വേണ്ടിയാണെങ്കിൽ, പ്രതിരോധത്തിലായിരിക്കുന്ന ചുവപ്പുസേനയെ സംബന്ധിച്ചിടത്തോളം അങ്ങേയററം പ്രധാന്യമുള്ള ഒന്നാണ്. ആദ്യപോരാട്ടത്തിൽ വിജയമോ പരാജയമോ ഏതു് ഉണ്ടായാലും അതിന് അവസാനത്തെ ആയോധനംവരെ ആകെ മൊത്തമുള്ള സ്ഥിതിയുടെ മേൽ അത്യധികം വമ്പിച്ചതായ ഒരു സ്വാധീനം ഉണ്ട്.

ഒന്ന്, അത്‌പോരാട്ടത്തിൽ ജയിക്കേണ്ടത് ആവശ്യമാണ്. ശത്രുവിന്റെ സ്ഥിതി, യുദ്ധഭാഗത്തിന്റെ കിടപ്പ്, ജനപിന്തുണ എന്നിവയെല്ലാം



അവനനുകൂലമല്ലാതെ നമുക്ക് അനുകൂലമാണെന്ന് വ്യക്തമായി ഉറപ്പുള്ളപ്പോൾ മാത്രമേ നാം ആഞ്ഞടിയ്ക്കാൻ പാടുള്ളൂ. അല്ലാത്ത പക്ഷം നാം ഏറെക്കുറെ പിൻവാങ്ങുന്നതും സൂക്ഷ്മതയോടെ തക്കം കാത്തിരിക്കുന്നതുമായിരിക്കും നല്ലത്. അവസരങ്ങൾ ഏതുസമയത്തും ഉണ്ടാകും. മുൻപിൻ നോക്കാതെ നാം യുദ്ധത്തിനൊരുങ്ങരുത്. നമ്മുടെ ആദ്യത്തെ എതിർ ക്യാമ്പെയിൻ വേളയിൽ നാം ടാൻടാവോ-യുവാന്റെ പട്ടാളക്കാരുമായി ഏററുമുട്ടാൻ ആദ്യം പദ്ധതിയിട്ടതായിരുന്നു. രണ്ടു പ്രാവശ്യം നാം മുന്നോട്ടുനീങ്ങി. പക്ഷെ ഓരോ സന്ദർഭത്തിലും സ്വയം നിയന്ത്രിച്ച് പിൻവാങ്ങി. കാരണം യുവാൻടൗ കുന്നുകളുടെ ഉന്നതസ്ഥാനങ്ങളിൽ നിന്ന് അൽപംപോലും പിൻവാങ്ങാൻ അവർ തയ്യാറല്ലായിരുന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞ്നാം ഛൂയി-ട്സാനിന്റെ സേനകളെ അന്വേഷിച്ചു. കാരണം അതിനെ ഭേദിക്കാൻ നമ്മുടെ സൈന്യത്തിനു കഴിയുമായിരുന്നു. നമ്മുടെ രണ്ടാം എതിർ ക്യാമ്പെയിൻ കാലത്ത് നമ്മുടെ സൈന്യം ടുങ്കുവിലേക്കു നീങ്ങി. ചിൻ-യുവജന്റെ ആളുകൾ ഫുടിയെനിലുള്ള അവരുടെ ശക്തി കേന്ദ്രം വിടുന്നതിനു വേണ്ടിമാത്രമായി വിവരം ചോർന്നു പോവുമെന്ന അപകടമുണ്ടായിരുന്നിട്ടും ഇരുപത്തഞ്ചുദിവസം ശത്രുവിന്റെ സമീപപ്രദേശത്ത് ക്യാമ്പുചെയ്യുകയുണ്ടായി. വേഗത്തിലുള്ള ഒരു ആക്രമണം നടത്തണമെന്ന അക്ഷമയോടുകൂടിയ നിർദേശങ്ങളെ നാം തള്ളിക്കളയുകയും അവസാനം നമ്മുടെ ലക്ഷ്യത്തിലെത്തുകയും ചെയ്തു. നമ്മുടെ മൂന്നാം എതിർ ക്യാമ്പെയിൻ കാലത്ത് നമുക്കു ചുററും കൊടുങ്കാററു പൊട്ടിപ്പുറപ്പെടുകയും നാം ആയിരം ലീയുടെ യാത്ര നടത്തുകയും ചെയ്തെങ്കിലും തന്റെ വശത്തുകൂടി മറികടക്കാനുള്ള നമ്മുടെ പദ്ധതി കണ്ടുപിടിച്ചെങ്കിലും നാം ക്ഷമാപൂർവം തിരിച്ചു പോരികയും നടുഭാഗം മുറിച്ചുകടക്കാനുള്ള അടവു മാററുകയും ചെയ്തു. അവസാനം നാം ലിയെൻടാങിൽ ഒന്നാമത്തെ പോരാട്ടം വിജയകരമായി നടത്തുകയുണ്ടായി. നമ്മുടെ നാലാം എതിർ ക്യാമ്പെയിനിൽ നാൻഫെങിനു നേരെയുള്ള ആക്രമണം പരാജയപ്പെട്ടതിനുശേഷം നാം ചാഞ്ചാട്ടം കൂടാതെ പിന്മാറുകയും ശത്രുവിന്റെ വലതു പാർശ്വം ചുററിവന്ന് ടുങ്ഷാവോ പ്രദേശത്ത് നമ്മുടെ സൈന്യങ്ങളെ വീണ്ടും ഒരുമിച്ചുചേർക്കുകയും അതെത്തുടർന്ന് തെക്കൻ യിഹ്വാങ് കൗണ്ടിയിൽ നാം വമ്പിച്ചതും വിജയകരവുമായ പോരാട്ടം നടത്തുകയും ചെയ്തു. അഞ്ചാം എതിർ ക്യാമ്പെയിൻ കാലത്താണ് ആദ്യപോരാട്ടത്തിന്റെ പ്രാധാന്യം നാം ഒട്ടും തന്നെ മനസ്സിലാക്കാതിരുന്നത്. ലിച്ചുവാൻ എന്ന ഒരൊററ കൗണ്ടിയുടെ നഷ്ടത്തിൽ പരിഭ്രാന്തരായി നമ്മുടെ സൈന്യം അത് തിരിച്ചെടുക്കുന്നതിനു വേണ്ടി ശത്രുവുമായി ഏററുമുട്ടുന്നതിന് വടക്കോട്ടു നീങ്ങി അതെത്തുടർന്ന് സുൻകാവിൽ വച്ചു നടന്ന അപ്രതീക്ഷിതമായ ഏററുമുട്ടൽ ഒരു വിജയത്തിൽ ചെന്നു കലാശിച്ചു. (ഒരു ശത്രുസേനാവിഭാഗം ഉന്മൂലനം ചെയ്യപ്പെടട്ടെ)എന്നാൽ അതിനെ ആദ്യപോരാട്ടമായി പരിഗണിക്കാനോ തുടന്നുണ്ടാകാനിടയുള്ള മാററങ്ങൾ മുൻകൂട്ടി കാണാനോ നാം കൂട്ടാക്കിയില്ല; പകരമായി സിയായേഫീഹ് സാഹസികമായും വിജയത്തിന്റെ കാര്യത്തിൽ ഉറപ്പില്ലാതെയും ആക്രമിക്കപ്പെട്ടു. അങ്ങിനെ ആദ്യത്തെ നീക്കത്തിൽ തന്നെ നമുക്ക് മുൻകൈ നഷ്ടപ്പെട്ടു. ഇത് യഥാർത്ഥത്തിൽ അത്യധികം മോശപ്പെട്ടതും വിഡ്ഢിത്തരത്തിലുള്ളതുമായ മാർഗമാണ്.

രണ്ടാമതായി, ഒന്നാം പോരാട്ടത്തിനുള്ള പദ്ധതി മൊത്തം ക്യാമ്പെയിനിലുള്ള പദ്ധതിയുടെ മുന്നോടിയും ജൈവഭാഗവും ആയിരിക്കണം. മൊത്തം ക്യാമ്പെയിനിനുള്ള ഒരു നല്ലപദ്ധതികൂടാതെ യഥാർത്ഥത്തിൽ നല്ല ഒരു ആദ്യയുദ്ധം നടത്തുകയെന്നതു് തികച്ചും അസാദ്ധ്യമാണ്. അതായത് ഒന്നാം പോരാട്ടത്തിൽ വിജയം വരിച്ചെങ്കിൽതന്നെയും, ആ പോരാട്ടം ക്യാമ്പെയിനിനെ മൊത്തത്തിൽ സഹായിക്കുന്നതിനുപകരം ദോഷപ്പെടുത്തുകയാണ

ചെയ്യുന്നതെങ്കിൽ അത്തരം വിജയത്തെ പരാജയമായി മാത്രമെ കണക്കാക്കാൻ
കഴിയുകയുള്ളു. (അഞ്ചാമത്തെ ക്യാമ്പയെിനിൽ സൂങ്ങ്കൗൺസിലെ പോരാ
ട്ടത്തിന്റെ കാര്യത്തിൽ ഇതാണ് ഉണ്ടായത്) അതുകൊണ്ട് ഒന്നാമത്തെ
പോരാട്ടം നടത്തുന്നതിനു മമ്പ് എങ്ങിനെ രണ്ടും മൂന്നും നാലും മാത്രമല്ല അവ
സാനത്തെ പോരാട്ടം പോലും നടത്തുമെന്ന് നമുക്ക് ഒരു സാമാന്യധാരണ ഉ
ണ്ടായിരിക്കണം. കൂടാതെ തുടർന്നുള്ള ഓരോ യുദ്ധത്തിലും നാം ജയിക്കുക
യോ തോൽക്കുകയോ ചെയ്യുകയാണെങ്കിൽ മൊത്തത്തിൽ ശത്രുവിന്റെ സ്
ഥിതിയിൽ എന്തെന്തു മാററങ്ങൾ ഉണ്ടാകമെന്നും നാം ആലോചിക്കേണ്ടതു
ണ്ട്. ഫലം ശരിക്കും നാം പ്രതീക്ഷിക്കുന്നതുപോലെ അല്ലെങ്കിലും (വാസ്ത
വത്തിൽ തീർച്ചയായും അതു് അങ്ങിനെ ആയിരിക്കയുമില്ല) നാം ഓരോകാ
ര്യത്തെക്കുറിച്ചും ഇരുവശങ്ങളുടെ പൊതു സ്ഥിതിയുടെ വെളിച്ചത്തിൽ
സൂക്ഷ്മതയോടുകൂടിയും യാഥാർത്ഥ്യ ബോധത്തോടു കൂടിയും ചിന്തിക്കേണ്ട
തുണ്ട്, മൊത്തത്തിലുള്ള സ്ഥിതിയെക്കുറിച്ച് ഒരു പിടിയില്ലാതെ ചതുരം
ഗത്തിൽ യഥാർത്ഥത്തിലുള്ള ഒരു നല്ല നീക്കം നടത്താൻ സാധ്യമല്ല.

മൂന്നാമതു്, യുദ്ധത്തിന്റെ തന്ത്രപരമായ അടുത്തഘട്ടത്തിൽ എന്തു സംഭ
വിക്കുമെന്ന് നാം പര്യാലോചിക്കേണ്ടതുണ്ട്. തന്ത്രത്തിനു മാർഗദർശനം
നൽകുന്നയാൾ എതിർആക്രമണകാര്യത്തിൽ മാത്രം ശ്രദ്ധചെലുത്തുകയുംവിജയ
ത്തിനോ പരാജയത്തിനോ ശേഷംഎടുക്കേണ്ട നടപടികളുടെകാര്യത്തിൽഉപേ
ക്ഷകാണിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ തന്റെ കടമനിർവഹിക്കു
കയായിരിക്കയില്ലചെയ്യുന്നതു്. പ്രത്യേകമായ ഒരു തന്ത്രഘട്ടത്തിൽ അയാൾ
തുടർന്ന വരുന്ന ഘട്ടങ്ങളെയോ അഥവാ ഏററവും ചുരുങ്ങിയതു് അടുത്തു വരു
ന്നതിനെയോ കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഭാവിയിലെ മാററങ്ങളെ
മുൻകൂട്ടി കാണുന്നതു് പ്രയാസമാണെങ്കിലും കൂടുതൽ ദൂരെയ്ക്കുനോക്കുമ്പോൾ
കാര്യങ്ങൾ കൂടുതൽ അവ്യക്തിയായിട്ടേ കാണപ്പെടുകയുള്ളു എങ്കിലും
പൊതുവായ ഒരു കണക്കുകൂട്ടൽ സാദ്ധ്യമാണ്, വിദൂരസ്ഥമായ സാധ്യതകളെ
സംബന്ധിച്ച ഒരു വിലയിരുത്തൽ ആവശ്യമാണ്. യുദ്ധത്തിലും രാഷ്ട്രീ
യത്തിലും മുന്നോട്ടുള്ള പോക്കിൽ ഒരു സമയത്തു് കാൽവയസ്സ മാത്രം ആസൂ
ത്രണം ചെയ്യുന്നതു് ദോഷകരമായി മാർഗദർശനം നടത്തുന്ന ഒരു രീതിയാ
ണ്. ഓരോ കാൽവയ്പു കഴിയുമ്പോഴും തുടർന്നുണ്ടാകുന്ന സമൂർത്തമാററ
ങ്ങൾ പരിശോധിക്കുകയെന്നതും അതിനനുസരണമായി തന്ത്രപരവും സമര
പരവുമായ സ്വന്തം പദ്ധതികൾ ഭേദഗതിചെയ്യുക എന്നതും ആവശ്യമാണ്.
ഇല്ലാത്തപക്ഷം നാം ആപത്തിനെ വകവെയ്ക്കാതെ നേരെമുന്നോട്ടു പാഞ്ഞുപോ
വുകയെന്ന തെററുചെയ്യാനിടയാകും. ഏതായാലും പൊതുരൂപരേഖയുടെ അടി
സ്ഥാനത്തിൽ ആലോചിച്ചുറച്ചതും ഒരു തന്ത്രഘട്ടത്തെ മുഴുവനുമോ നിരവ
ധി തന്ത്രഘട്ടത്തെ മുഴുവനുമോ ഉൾക്കൊള്ളുന്നതുമായ ഒരു ദീർഘകാലപദ്ധതി
ഉണ്ടായിരിക്കേണ്ടതു് തികച്ചും ആവശ്യമാണ്. അത്തരമൊരുപദ്ധതി ഉണ്ടാ
കുന്നതിൽ പരാജയപ്പെട്ടാൽ, അതു് ചാഞ്ചാടുകയും ഒരിടത്തു കെട്ടിയിടാൻ
സ്വയം അനുവദിക്കുകയും ചെയ്യുന്ന തെററു ചെയ്യാൻ ഇടയാക്കും. ഇതു യഥാർത്ഥ
ത്തിൽ ശത്രുവിന്റെ തന്ത്രപരമായ ലക്ഷ്യങ്ങൾക്ക് സേവനമനുഷ്ഠിക്കുകയും ന
മ്മെ നിഷ്ക്രിയമായ ഒരവസ്ഥയിലേക്ക് താരം താഴ്ത്തുകയും ചെയ്യുന്നു. ശത്രു
വിന്റെ ഉന്നത കമാൻഡിനു് തന്ത്രപരമായ ദീർഘദൃഷ്ടി കുറവല്ല എന്നകാ
ര്യം ഓർത്തിരിക്കേണ്ടതുണ്ട്. ശത്രുവിനെ അപേക്ഷിച്ച് ഒരുതലയുടെഉയരംകൂടു
തൽഉണ്ടായിരിക്കത്തക്കതരത്തിൽ നാംസ്വയംപരിശീലനം നൽകിയതിനാൽ
മാത്രമേ തന്ത്രപരമായ വിജയങ്ങൾകൈവരിക്കുന്നതിനു നമുക്കുകഴിയുകയുള്ളു.
ശത്രുവിന്റെ അഞ്ചാം വലയംചെയ്യ്ൽ അടിച്ചമർത്തൽ ക്യാമ്പെയ്നിൻകാലത്തു
ഇപ്രകാരം ചെയ്യാത്തതാണ് ഇടതുപക്ഷ അവസരവാദിചാങ്ങ് കോടാവോ



ലൈനുകളുടെ കീഴിൽ തന്ത്രപരമായ മാർഗദർശനം നൽകലിൽ തെററുകൾ
പററാൻ കാരണം. ചുരുക്കിപ്പറഞ്ഞാൽ പിന്മാററം നടത്തുന്ന ഘട്ടത്തിൽ ന
മുക്ക് എതിർ കടന്നാക്രമണത്തിന്റെ ഘട്ടത്തിലേക്ക് മുൻകൂട്ടി കാണാൻ കഴി
യണം, എതിർ കടന്നാക്രമണകാലത്തു് വീണ്ടും നമുക്ക് പിൻ വാങ്ങൽ ഘട്ട
ത്തിലേക്ക്മുൻകൂട്ടി കാണാൻ കഴിയണം. ഇപ്രകാരം ചെയ്യാതെ അതാതുനി
മിഷത്തെ സന്ദർഭങ്ങളിൽ മാത്രം സ്വയം ഒതുങ്ങിനിൽക്കുക എന്നതിനർത്ഥം
പരാജയം കൈവരിക്കുക എന്നാണ്.

ആദ്യപോരാട്ടത്തിൽ വിജയം നേടണം, മൊത്തം ക്യാമ്പെയിനിനുള്ള പ
ദ്ധതി കണക്കിലെടുക്കണം, കൂടാതെ അടുത്തുവരുന്ന തന്ത്രപരമായ ഘട്ടം കണ
ക്കിലെടുക്കണം. ഒരു എതിർ കടന്നാക്രമണം തുടങ്ങുമ്പോൾ, അതായതു് ഒ
ന്നാമത്തെ പോരാട്ടം നടത്തുമ്പോൾ, നാം ഒരിക്കലും വിസ്മരിക്കാൻ പാടി
ല്ലാത്ത മൂന്നു തത്വങ്ങൾ ഈ പറഞ്ഞവയാണ്.

## 6. സൈനികരുടെ കേന്ദ്രീകരണം

സൈനികരുടെ കേന്ദ്രീകരണം എന്നതു് എളുപ്പമാണെന്നു തോന്നുമെങ്കി
ലും പ്രയോഗത്തിൽ പ്രയാസമാണ്. ഒരു ചെറിയ സൈന്യത്തെ തോൽപ്പി
ക്കാൻ ഒരു വലിയ സൈന്യത്തെ ഉപയോഗിക്കലാണ് ഏററവും നല്ല മാർഗ്ഗമെ
ന്ന് എല്ലാവർക്കും അറിയാമെങ്കിലും പലയാളുകൾക്കും അപ്രകാരം ചെയ്യാൻ
സാധിക്കുന്നില്ല; മറിച്ച് അവർ തങ്ങളുടെ സൈനികശക്തികളെ വിഭജിക്കു
കയാണ് ചെയ്യാറുള്ളതു്. ഇതിന്റെ കാരണം ഇത്തരം സൈനിക നേതാക്കൾ
ക്ക് തന്ത്രപരമായ കഴിവ് ഇല്ല എന്നതും, സങ്കീർണ സാഹചര്യങ്ങൾ അവ
രെ ആശയക്കുഴപ്പത്തിലാക്കുന്നു എന്നതുമാണ്. അതുകൊണ്ട് അവർ ഈ സാ
ഹചര്യങ്ങൾക്ക് കീഴ്പ്പെടുകയും മുൻകൈ നഷ്ടപ്പെട്ട് നിഷ്ക്രിയ പ്രതിക
രണത്തെ ആശ്രയിക്കുകയും ചെയ്യുന്നു.

സാഹചര്യങ്ങൾ എത്രമാത്രം സങ്കീർണവും ഗൗരവമുള്ളതും കഠിനവുമാ
യിരുന്നാൽ തന്നെയും ഒരു സൈനിക നേതാവിനു് ഏററവും കൂടുതൽ ആവശ്യ
മായിട്ടുള്ളതു് തന്റെ നേതൃത്വത്തിൻ കീഴിലുള്ള സൈനികരെ സംഘടിപ്പി
ച്ച് വ്യാപൃതമാക്കുന്നതിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള കഴിവാ
ണ്. ചിലപ്പോൾ ശത്രു അയാളെ നിഷ്ക്രിയമായ നിലയിലേക്ക് പോ
കാൻ നിർബന്ധിതനാക്കിയെന്നുവരാം, പക്ഷെ പ്രധാനപ്പെട്ട കാര്യം വളരെ
വേഗം മുൻകൈ വീണ്ടെടുക്കുക എന്നതാണ്. അങ്ങനെ ചെയ്യുന്നതിനു കഴി
യാതെ വരുന്നതിന്റെ ഫലം തോൽവിയായിരിക്കും.

മുൻകൈ എന്നതു് സാങ്കൽപ്പികമായ ഒരു കാര്യമല്ല, സമൂർത്തവും വാസ്ത
വികവുമായ ഒന്നാണ്. ഇവിടെ ഏററവും പ്രധാനപ്പെട്ട കാര്യം കഴിയുന്നത്ര
വലുതും തികഞ്ഞ സമര വീര്യമുള്ളതുമായ ഒരു സായുധ സേനയെ സംരക്ഷി
ക്കുകയും കൂട്ടംകൂട്ടുകയും ചെയ്യുക എന്നതാണ്.

പ്രതിരോധയുദ്ധത്തിൽ നിഷ്ക്രിയാവസ്ഥയിലേക്കു പോവുക എന്നതു്
എളുപ്പമാണ്. കാരണം കടന്നാക്രമണം യുദ്ധത്തെ അപേക്ഷിച്ച് കുറവായ
സാദ്ധ്യതമാത്രമെ മുൻകയ്യിന്റെ പൂർണമായ പ്രയോഗത്തിനു് അതു് നൽകുന്നു
ള്ളു. ഏതായാലും രൂപത്തിൽ നിഷ്ക്രിയമായ പ്രതിരോധയുദ്ധത്തിന് ഉള്ളട
ക്കത്തിൽ സജീവമാകാൻ കഴിയും; മാത്രമല്ല, രൂപത്തിൽ നിഷ്ക്രിയമായി
രിക്കുന്ന അവസ്ഥയിൽ നിന്ന് രൂപത്തിലും ഉള്ളടക്കത്തിലും സജീവമായി
രിക്കുന്ന അവസ്ഥയിലേക്ക് അതിനെ തിരിച്ചു വിടുന്നതിനും കഴിയും. പൂ
ർണമെയുള്ള നോട്ടത്തിൽ പൂർണമായി ആസൂത്രണം ചെയ്യുതും സ്വതന്ത്രവുമായ
ഒരു പിന്മാററം നിർബന്ധത്തിൻ കീഴിലാണ് നടത്തപ്പെടുന്നതു്, പക്ഷേ വാ

സ്ഥവത്തിൽ അതു നടപ്പാക്കുന്നത് നമ്മുടെ ശക്തി സംരക്ഷിക്കുന്നതിനും ശത്രുവിനെ തോൽപ്പിക്കുന്നതിന് തക്കം കാത്തിരിക്കാനും ശത്രുവിനെ ഉള്ളിലേക്ക് പ്രലോഭിപ്പിച്ചുകൊണ്ടുപോകുന്നതിനും നമ്മുടെ എതിർ കടന്നാക്രമണത്തിനു തയ്യാറെടുക്കുന്നതിനും വേണ്ടിയാണ്. നേരെമറിച്ച് പിൻവാങ്ങാൻ കൂട്ടാക്കാതിരിക്കലും ധൃതിയിൽ പോരാട്ടത്തിനു സന്നദ്ധമാകലും (ഷിയവോപീ പോരാട്ടത്തിലെപ്പോലെ) മുൻകൈ നേടുന്നതിനുള്ള ഗൗരവതരമായ പരിശ്രമമായി കാണപ്പെട്ടാലും യഥാർത്ഥത്തിൽ അതു് നിഷ്ക്രിയമാണ്. തന്ത്രപരമായ എതിർ കടന്നാക്രമണം ഉള്ളടക്കത്തിൽ മാത്രമല്ല സജീവമായിട്ടുള്ളതു്, രൂപത്തിലും. അതു് പിൻ വാങ്ങൽ ഘട്ടത്തിന്റെ നിഷ്ക്രിയമായ നിലപാടിനെ തള്ളിക്കളയുന്നു. ശത്രുവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ നമ്മുടെ എതിരാക്രമണം പ്രതിനിധീകരിക്കുന്നതു് ശത്രുവിനെക്കൊണ്ട് മുൻകൈ ഉപേക്ഷിപ്പിക്കാനും അവനെ ഒരു നിഷ്ക്രിയാവസ്ഥയിലാക്കാനുമുള്ള നമ്മുടെ പരിശ്രമത്തെയാണ്.

ഈ ലക്ഷ്യം പൂർണമായി സാക്ഷാൽക്കരിക്കുന്നതിന് പടയാളികളുടെ കേന്ദ്രീകരണവും ചലനാത്മകയുദ്ധവും ശീഘ്രതീരുമാനയുദ്ധവും ഉന്മൂലനയുദ്ധവും എല്ലാം അവശ്യ വ്യവസ്ഥകളാണ്. ഇക്കൂട്ടത്തിൽ സൈനികരുടെ കേന്ദ്രീകരണം ഒന്നാമത്തേതും ഏററവും കാതലായതുമാണ്.

ഈ കേന്ദ്രീകരണം ശത്രുവും നമ്മളും തമ്മിലുള്ള സ്ഥിതിവിശേഷത്തെ മാററിമറിക്കുന്നതിന് ആവശ്യമാണ്. ഒന്നാമതായി അതിന്റെ ഉദ്ദേശം മുന്നേററത്തെയും പിൻമാററത്തെയും സംബന്ധിച്ചിടത്തോളമുള്ള സ്ഥിതിയെ മാററിമറിക്കുക എന്നതാണ്. മുമ്പ് മുന്നേറിക്കൊണ്ടിരുന്നതു് ശത്രുവും പിന്മാറിക്കൊണ്ടിരുന്നതു് നമ്മളുമായിരുന്നു; ഇപ്പോഴ് നമ്മുടെ ശ്രമം നാം മുന്നേറുകയും അവൻ പിന്മാറുകയും ചെയ്യുന്ന ഒരു അവസ്ഥ സൃഷ്ടിക്കാനാണ്. നാം നമ്മുടെ സൈനികരെ കേന്ദ്രീകരിക്കുകയും ഒരു പോരാട്ടം ജയിക്കുകയും ചെയ്യുമ്പോഴ് ആ പോരാട്ടത്തിൽ നാം മേൽപറഞ്ഞ ലക്ഷ്യം കരസ്ഥമാക്കുകയും ഇത് മൊത്തം ക്യാമ്പെയിനിനെ സ്വാധീനിക്കുകയും ചെയ്യുന്നു.

രണ്ടാമതായി, അതിന്റെ ഉദ്ദേശം ആക്രമണത്തെയും പ്രതിരോധത്തെയും സംബന്ധിച്ച സ്ഥിതിയെ തകിടം മറിക്കുക എന്നതാണ്. പ്രതിരോധയുദ്ധത്തിൽ നിശ്ചിത വിരാമ സ്ഥാനത്തേക്കുള്ള പിന്മാററം അടിസ്ഥാനപരമായി നിഷ്ക്രിയ അഥവാ 'പ്രതിരോധ' ഘട്ടത്തിൽപ്പെട്ടതാണ്. എതിർകടന്നാക്രമണം സജീവ, അഥവാ 'ആക്രമണ' ഘട്ടത്തിൽ പെട്ടതാണ്. തന്ത്രപരമായ പ്രതിരോധം, അതു് നിലനിൽക്കുന്നകാലത്തിലുടനീളം അതിന്റെ പ്രതിരോധ സ്വഭാവം നിലനിർത്തുന്നുണ്ടെങ്കിലും, പിൻവാങ്ങലിനോട് താരതമ്യപ്പെടുത്തുമ്പോഴ് ഇപ്പോഴ് തന്നെ എതിർ കടന്നാക്രമണം രൂപത്തിൽ മാത്രമല്ല, ഉള്ളടക്കത്തിലും ഒരു മാററംത്ത കുറിക്കുന്നു. എതിർകടന്നാക്രമണം തന്ത്രപരമായ പ്രതിരോധത്തിനും തന്ത്രപരമായ കടന്നാക്രമണത്തിനും ഇടക്ക് മാറിക്കൊണ്ടിരിക്കുന്നതും തന്ത്രപരമായ കടന്നാക്രമണത്തിന്റെ മുന്നോടി എന്ന സ്വഭാവത്തോടുകൂടിയതും ആണ്; ശരിക്കും എതിർ കടന്നാക്രമണത്തിന്റെ ആവശ്യത്തിനുവേണ്ടിയാണ് സൈനികരെ കേന്ദ്രീകരിക്കുന്നതു്.

മൂന്നാമതായി, അതിന്റെ ഉദ്ദേശം ആന്തരിക നിരകളെയും ബാഹ്യനിരകളെയും സംബന്ധിച്ച സ്ഥിതിയെ നേരെ തകിടം മറിക്കുക എന്നതാണ്. തന്ത്രപരമായി ആന്തരിക നിരകളിൽ നിന്നു പോരാടുന്ന ഒരു സൈന്യവും നിരവധി പോരായ്മകൾക്കു വിധേയമാണ്. 'വലയം ചെയ്തു് അടിച്ചമർത്ത'ലിനെ നേരിടുന്ന ചുവപ്പു സേനയെ സംബന്ധിച്ചിടത്തോളം ഇതു് പ്രത്യേകിച്ചും പരമാർത്ഥമാണ്. എന്നാൽ ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും ഈ



സ്ഥിതിയെ നമുക്ക് മാററാൻ കഴിയും, അതു് പൂർണമായും മാററണം. നമുക്കെതിരായി ശത്രു നടത്തുന്ന ഒരു വലിയ 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിനിനെ ശത്രുവിനെതിരായി നാം നടത്തുന്ന ചെറുതും വെവ്വേറെയുള്ളതുമായ നിരവധി 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിനുകളായി നമുക്ക് മാററാൻ കഴിയും. തന്ത്രത്തിന്റെ നിയോഗത്തിൽ നമുക്കെതിരെ ശത്രു തിരിച്ചു വിട്ടിട്ടുള്ള കേന്ദ്രീകരണ ആക്രമണത്തെ ക്യാമ്പെയിനുകളുടെയും പോരാട്ടങ്ങളുടെയും നിവാരത്തിൽ ശത്രുവിനെതിരെ നാം നടത്തുന്ന കേന്ദ്രീകരണ ആക്രമണങ്ങളായി മാററാൻ കഴിയും. നമ്മുടെ മേൽ ശത്രുവിനുള്ള തന്ത്രപരമായ മേന്മയെ ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും അവന്റെ മേൽ നമുക്കുള്ള മേന്മയായി മാററാൻ കഴിയും. തന്ത്രപരമായി ശക്തമായ ഒരു നിലപാടിൽ നിൽക്കുന്ന ശത്രുവിനെ നമുക്ക് ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും ദുർബലമാക്കിത്തീർക്കാൻ കഴിയും. അതേ സമയംതന്നെ തന്ത്രപരമായി ദുർബലമായ നമ്മുടെ സ്ഥിതിയെ ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും ശക്തമായ ഒരു നിലപാടായി നമുക്കു മാററാൻ കഴിയും. ഇതിനെയാണ് ആന്തരിക നിര പോരാട്ടങ്ങൾക്കുള്ളിലെ ബാഹ്യനിര പോരാട്ടങ്ങളെന്നും, 'വലയം ചെയ്തു്–അടിച്ചമർത്ത'ലിനുള്ളിലെ വലയം ചെയ്തു് അടിച്ചമർത്തൽ എന്നും, ഉപരോധത്തിനുള്ളിലെ ഉപരോധമെന്നും, പ്രതിരോധത്തിനുള്ളിലെ കടന്നാക്രമണമെന്നും പിന്നോക്കാവസ്ഥയിലെ മുന്നോക്കാവസ്ഥയെന്നും, ദൗർബല്യത്തിനുള്ളിലെ ശക്തിയെന്നും, പോരായ്മയ്ക്കുള്ളിലെ മേന്മയെന്നും, നിഷ്ക്രിയതയ്ക്കുള്ളിലെ മുൻകയ്യെന്നും നാം പറയാറുള്ളതു്. തന്ത്രപരമായ പ്രതിരോധത്തിൽ വിജയം വരിക്കുകയെന്നതു് അടിസ്ഥാനപരമായും ഈ നടപടിയെ–അതായതു് സൈനികരുടെ കേന്ദ്രീകരണത്തെ–ആശ്രയിച്ചിരിക്കുന്നു.

ചൈനീസ് ചുവപ്പുസേനയുടെ യുദ്ധചരിത്രരേഖകളിൽ ഇതു് പലപ്പോഴും പ്രധാനപ്പെട്ട ഒരു തർക്കപ്രശ്നമായിരുന്നു. 1930 ഒക്ടോബറിൽ നടന്ന കിയാൻ യുദ്ധത്തിൽ നമ്മുടെ മുന്നേററവും ആക്രമണവും ആരംഭിച്ചതു് നമ്മുടെ സേനകൾ പൂർണമായും കേന്ദ്രീകരിക്കുന്നതിന് മുമ്പായിരുന്നു; പക്ഷേ ഭാഗ്യവശാൽ ശത്രുസേന (ടെങ്‌യിങ്ങിന്റെ കീഴിലുള്ള വിഭാഗം) സ്വയമേ തന്നെ പലായനം ചെയ്തു; തനിച്ചു നോക്കിയാൽ നമ്മുടെ ആക്രമണം ഫലപ്രദമായിരുന്നില്ല.

'എല്ലാ മുന്നണികളിലും ആക്രമണം നടത്തുക' എന്ന മുദ്രാവാക്യമാണ് 1932 മുതൽ ഉണ്ടായിരുന്നതു്. ഇതു് താവള പ്രദേശത്തുനിന്നു എല്ലാ ദിശകളിലേക്കും–വടക്ക് തെക്ക്, കിഴക്ക് പടിഞ്ഞാറ് എന്നീ ദിക്കുകളിലെക്കെല്ലാം—ആക്രമണം നടത്തണമെന്ന് ആവശ്യപ്പെട്ടു. ഇതു് തന്ത്രപരമായ പ്രതിരോധത്തെ സംബന്ധിച്ചിടത്തോളം മാത്രമല്ല തന്ത്രപരമായ കടന്നാക്രമണത്തെ സംബന്ധിച്ചിടത്തോളവും തെററായിരുന്നു. മൊത്തത്തിലുള്ള ശാക്തിക തുലനാവസ്ഥയിൽ മൗലികമായ മാററം ഇല്ലാത്തിടത്തോളം കാലം തന്ത്രത്തിലും അടവിലും പ്രതിരോധവും കടന്നാക്രമണവും, നിയന്ത്രണ പ്രവർത്തനങ്ങളും കയ്യേററങ്ങളും അടങ്ങിയിട്ടുണ്ട്; 'എല്ലാ മുന്നണികളിലും ആക്രമണം' എന്നതു് അങ്ങേയററം വിരളമാണ്. ഈ മുദ്രാവാക്യം സൈനിക സാഹസികതയോടൊപ്പം കാണാറുള്ള സൈനിക സമാവകാശ വാദത്തെയാണ് പ്രകടിപ്പിക്കുന്നതു്.

1933–ൽ സൈനിക സമാവകാശവാദത്തിന്റെ വ്യാഖ്യാതാക്കൾ ഇരു ''മുഷ്ടി''കൾകൊണ്ട് ഇടിക്കുന്നതിന്റെയും തന്ത്രപരമായ രണ്ടു ദിശകളിൽ ഒരേസമയം വിജയം വരിക്കുന്നതിനുവേണ്ടി ചുവപ്പുസേനയുടെ പ്രധാനസൈനികശക്തിയെ രണ്ടായി പിളർക്കുന്നതിന്റെയും സിദ്ധാന്തം മുന്നോട്ടുവച്ചു.

ഇതിന്റെ ഫലമായി ഒന്ന് ആദ്യം അലസമായിരിക്കുകയും മറ്റൊന്ന് പോരാ
ട്ടത്തിൽ ക്ഷീണിതമാവുകയും, തൻമൂലം ആ സമയത്ത് സാധ്യമായിരുന്ന ഏ
റ്റവും വലിയ വിജയം കൈവരിക്കാൻ നമുക്ക് കഴിയാതാവുകയും ചെയ്തു.
ശക്തനായ ഒരു ശത്രുവിനെ നേരിടുമ്പോൾ നാം നമ്മുടെ സേനയെ അതി
ന്റെ വലിപ്പം എത്രയാണെങ്കിൽത്തന്നെയും ഒരു സമയത്ത് ഒരു പ്രധാന ദിശ
യിലേക്കല്ലാതെ രണ്ടെണ്ണത്തിലേക്ക് ഉപയോഗിക്കാൻ പാടില്ല എന്നാണ്.
എന്റെ അഭിപ്രായം രണ്ടോ അതിലധികമോ ദിശകളിൽ പോരാടുന്നതിനെ
ഞാൻ എതിർക്കുകയല്ല ചെയ്യുന്നത്, മറിച്ച് ഒരു നിർദിഷ്ട സമയത്ത് ഒ
രൊറ്റ പ്രധാന ദിശ മാത്രമേ പാടുള്ളൂ. ചെറുതും ദുർബലവുമായ ഒരുശക്തി
എന്ന നിലയിൽ ആഭ്യന്തര യുദ്ധരംഗത്തു പ്രവേശിച്ച ചൈനീസ് ചുവപ്പു
സേന അന്നത്തേതിനുശേഷം അതിന്റെ എതിരാളിയെ ആവർത്തിച്ച് തോ
ൽപ്പിക്കുകയും ലോകത്തെ അൽഭുതപ്പെടുത്തുന്ന വിജയങ്ങൾ കൈവരിക്കുക
യും ചെയ്തിട്ടുണ്ട് കൂടുതലും കേന്ദ്രീകൃതശക്തി ഉപയോഗിക്കലിനെ ആ
ശ്രയിച്ചാണ് അതു അപ്രകാരം ചെയ്തിട്ടുള്ളത്. അതിന്റെ വൻവിജയ
ങ്ങളിൽ ഏതൊന്നിനും ഇക്കാര്യം തെളിയിക്കാൻ കഴിയും.

''പത്തിനെതിരെ ഒന്നിനെ അണിനിരത്തുക; നൂറിനെതിരെ പത്തി
നെ അണിനിരത്തുക'' എന്നു നാം പറയുന്നത് തന്ത്രത്തെക്കുറിച്ചാണ്, മൊ
ത്തം യുദ്ധത്തെയും ആകെ മൊത്തമുള്ള ശാക്തികതുലനാവസ്ഥയെയും കുറിച്ചാ
ണ്; തന്ത്രപരമായ അർത്ഥത്തിൽ ശരിക്കും ഇതുതന്നെയാണ് നാം ചെയ്തിരു
ന്നത്. ഏതായാലും നാം ക്യാമ്പെയിനുകളെയും അടവുകളെയും കുറിച്ചല്ല പ
റഞ്ഞിരിക്കുന്നത് അവയിൽ നാം അപ്രകാരം ചെയ്യാൻ പാടില്ലാത്തതാണ്.
എതിർ കടന്നാക്രമണങ്ങൾ കടന്നാക്രമണങ്ങൾ എന്നിവയിൽ ഏതായാലും
നാം ശത്രുസൈന്യങ്ങളുടെ ഒരു ഭാഗത്ത് ആഞ്ഞടിക്കാൻ എല്ലായ്പ്പോഴും ഒരു
വലിയ ശക്തി കേന്ദ്രീകരിക്കണം. സൈന്യങ്ങളെ കേന്ദ്രീകരിക്കാനിരുന്ന
ഓരോസമയത്തും നമുക്ക് വിഷമം നേരിടേണ്ടി വന്നിട്ടുണ്ട്. 1931 ജനുവരി
യിൽ ക്യാങ്ങ്സി പ്രവിശ്യയിലെ നിങ്ങ്ടുകൗണ്ടിയുടെ ടുങ്ങ്ഷാവോ പ്രദേ
ശത്ത് ടാങ്ങ്ടാവോ_യുവാനെതിരായ പോരാട്ടങ്ങളിലും 1931 ആഗസ്റ്റിൽ
ക്യാങ്ങ്സിയിലെ സാങ്ങ്കുവോ കൗണ്ടിയുടെ കാവോസാങ്ങ്ഛ്പ്രദേശത്തു
19_ാം പഥാസേനയ്ക്കെതിരായും 1932 ജൂലൈയിൽ കഹാൻടങ്ങ് പ്രവിശ്യയി
ലെ നാൻസിയുങ്ങ് കൗണ്ടിയുടെ ഷ്വയികൗഷ്വ പ്രദേശത്ത് ചെൻ ചി_ടാങ്ങി
നെതിരായും 1934 മാർച്ചിൽ ക്യാങ്ങ്സിയിൽ ലിച്ചുവാൻ കൗണ്ടിയുടെ ടു
വാൻടുസുൺ പ്രദേശത്ത് ചെൻചെങ്ങിനെതിരായുള്ള പോരാട്ടങ്ങളും മേൽപറ
ഞ്ഞതിനു ഉദാഹരണങ്ങളാണ്. കഴിഞ്ഞകാലത്ത് ഷ്വയികൗഷ്വവിലെയും
ടുവാൻസുണിലെയും മാതിരിയുള്ള പോരാട്ടങ്ങൾ വിജയങ്ങളായും അഥവാ വ
ലിയ വിജയങ്ങളായിപോലും പരിഗണിക്കപ്പെട്ടിരുന്നു. (ഇതിൽ ആദ്യത്തേ
തിൽ ചെൻ ചി_ടാങ്ങിന്റെ കീഴിലുള്ള ഇരുപതു റെജിമെന്റുകളെയും രണ്ടാമ
ത്തേതിൽ ചെൻചിങ്ങിന്റെ നേതൃത്വത്തിലുള്ള പന്ത്രണ്ടു റെജിമെന്റുകളെയും
നാം തുരത്തിഓടിച്ചു.) എങ്കിലും നാം അത്തരം വിജയങ്ങളെ സ്വാഗതം ചെ
യ്തില്ല. ഒരർത്ഥത്തിൽ അവയെ പരാജയങ്ങളായിപോലും നാം കരുതുകയു
ണ്ടായി. കാരണം, നമ്മുടെ അഭിപ്രായത്തിൽ തടവുകാരോ യുദ്ധത്തിൽ പി
ടിച്ചെടുക്കപ്പെട്ട സാധനങ്ങളോ ഇല്ലെങ്കിൽ അഥവാ അവ നമ്മുടെ നഷ്ടങ്ങ
ളെ അപേക്ഷിച്ച് കൂടുതലല്ലെങ്കിൽ ഒരു പോരാട്ടത്തിനു വളരെ കുറച്ചു പ്രാധാ
ന്യമേയുള്ളൂ. നമ്മുടെ തന്ത്രം ''പത്തിനെതിരെ ഒന്നിനെ അണിനിരത്തുക''
എന്നതും നമ്മുടെ അടവ് ''ഒന്നിനെതിരെ പത്തിനെ അണിനിരത്തുക' എ
ന്നതുമാണ്—ശത്രുവിന്റെമേൽ ആധിപത്യം കരസ്ഥമാക്കാനുള്ള നമ്മുടെ മൗ
ലികപ്രമാണങ്ങളിലൊന്നാണിത്.



1934_ലെ ''വലയംചെയ്ത് അടിച്ചമർത്ത''ലിനെതിരെയുള്ള നമ്മുടെ
അഞ്ചാം എതിർക്യാമ്പെയിനിൽ സൈനിക സമാവകാശവാദം അതിന്റെ
ഉച്ചകോടിയിൽ എത്തുകയുണ്ടായി. നമ്മുടെ സൈന്യത്തെ ആറ് പഥങ്ങളാ
യി വിഭജിക്കുകയും ''എല്ലാമുന്നണികളിലും എതിർക്കുകയും'' ചെയ്ത് ശ
ത്രുവിനെ പരാജയപ്പെടുത്താൻ കഴിയുമെന്നായിരുന്നു വിചാരിച്ചത്, എ
ന്നാൽ പകരം നമ്മെ ശത്രു തോൽപ്പിക്കുകയാണുണ്ടായത്. ഇതിന്റെ കാര
ണം ഭൂപ്രദേശം നഷ്ടപ്പെട്ടുപോകുമെന്നായിരുന്നു. പ്രധാന സേനാവിഭാഗ
ത്തെ ഒരു ദിശയിൽ കേന്ദ്രീകരിക്കുകയും മറ്റുസ്ഥലങ്ങളിൽ ശത്രുവിനെ തട
ഞ്ഞുനിർത്തുന്നതിനുള്ള സേനകളെ മാത്രം നിർത്തുകയും ചെയ്യുമ്പോൾ സ്വാഭാ
വികമായും നമുക്ക് ചുരുക്കമായി മാത്രമേ ഭൂപ്രദേശം നഷ്ടപ്പെടുന്നത് ഒഴി
വാക്കാൻ കഴികയുള്ളൂ. പക്ഷെ നഷ്ടം താൽക്കാലികവും ഭാഗികവുമാണ്.
അതു് നികത്തുന്നത് ആക്രമണം നടത്തുന്ന പ്രദേശത്ത് വിജയം കൈവരിച്ചി
ട്ടില്ല. ഇത്തരം വിജയം നേടിക്കഴിഞ്ഞാൽ ശത്രുവിനെ തടയാൻ സേനകളെ
നിർത്തിയ പ്രദേശത്ത് നഷ്ടപ്പെട്ട സ്ഥലം വീണ്ടെടുക്കാൻ കഴിയും. ശ
ത്രുവിന്റെ ഒന്നും രണ്ടും മൂന്നും നാലും ''വലയംചെയ്ത് അടിച്ചമർത്തൽ'
ക്യാമ്പെയിനുകൾ എല്ലാം ഭൂപ്രദേശം നഷ്ടപ്പെടാനിടയാക്കി. മൂന്നാമ
ത്തേതു് പ്രത്യേകിച്ചും ഇത്തരത്തിലുള്ളതായിരുന്നു. ഇതിൽ ചുവപ്പുസേനയു
ടെ ക്യാങ്ങ്സി താവളപ്രദേശം ഏറെക്കുറെ പൂർണമായും നഷ്ടപ്പെട്ടു. പ
ക്ഷെ അവസാനം നാം നമ്മുടെ ഭൂപ്രദേശം വീണ്ടെടുക്കുക മാത്രമല്ല, വികസി
പ്പിക്കുകയുമുണ്ടായി.

താവളപ്രദേശത്തെ ജനങ്ങളുടെ ശക്തി മനസ്സിലാക്കാതിരിക്കാൻ ചുവപ്പു
സേനയെ താവളപ്രദേശത്തുനിന്ന് വളരെയേറെ ദൂരത്തേക്ക് നീക്കുന്ന അനാ
വശ്യമായ ഭയത്തിനു് ഇടയാക്കിയിട്ടുണ്ട്. 1932_ൽ ഫുക്കിയൻ പ്രവിശ്യ
യിലെ ചാങ്ങ്ചോവിനെ ആക്രമിക്കാൻ ക്യാങ്ങ്സിയിലെ ചുവപ്പുസേന നീ
ണ്ട ഒരു പാഞ്ഞുകയററം നടത്തിയപ്പോഴും 1933_ൽ നമ്മുടെ നാലാം എതിർ
ക്യാമ്പെയിനിലെ വിജയത്തിനുശേഷം ഫുക്കിയെൻ ആക്രമിക്കാൻ അതു്
ചുററിത്തിരിഞ്ഞു വന്നപ്പോഴും ഇതു സംഭവിക്കുകയുണ്ടായി. ആദ്യംപറഞ്ഞ
സന്ദർഭത്തിൽ നമ്മുടെ ഭയം താവളപ്രദേശംമുഴുവൻ ശത്രു പിടിച്ചെടുക്കുമെന്ന
തായിരുന്നു. രണ്ടാമത്തെ സന്ദർഭത്തിലെ ഭയം അവൻ അതിന്റെ ഒരുഭാഗം
പിടിച്ചെടുക്കുമെന്നതായിരുന്നു. അതുകൊണ്ടു് നമ്മുടെ സേനകളെ കേന്ദ്രീക
രിക്കുന്നതിൽ എതിർപ്പും പ്രതിരോധത്തിനായി അവയെ വിഭജിക്കണമെന്ന
വാദവും ഉണ്ടായി. എന്നാൽ അവസാനം ഇതെല്ലാം തെററാണെന്നു തെളി
യിക്കപ്പെട്ടു. ശത്രുവിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ നമ്മുടെ താവ
ളപ്രദേശത്തേക്ക് മുന്നേറാൻ അവനു് ഭയമാണ്. എന്നാൽ അവന്റെ ദൃഷ്ടി
യിൽ പ്രധാന വിപത്തായിട്ടുള്ളതു് വെള്ളഭരണപ്രദേശത്തേക്ക് തള്ളിക്കയ
റിയ ഒരു ചുവപ്പുസേനയാണ്. അവന്റെ ശ്രദ്ധ ചുവപ്പുസേനയുടെ പ്രധാന
വിഭാഗത്തിന്റെ ചുററുപാടുകളിൽ എല്ലായ്പ്പോഴും കേന്ദ്രീകരിച്ചിരിക്കുന്നു.
ചുരുക്കമായി മാത്രമേ താവളപ്രദേശത്തിന്റെമേൽ കേന്ദ്രീകരിക്കാൻ അവൻ
അവിടെനിന്നു് കണ്ണെടുക്കാറുള്ളൂ. പ്രതിരോധത്തിലായിരിക്കുമ്പോൾപോലും
ചുവപ്പുസേന ശത്രുവിന്റെ ശ്രദ്ധാകേന്ദ്രമാണ്. അവന്റെ മൊത്തം പദ്ധതി
യുടെ ഭാഗം നമ്മുടെ താവളപ്രദേശത്തിന്റെ വലിപ്പം കുറയ്ക്കുക എന്നതാണ്.
പക്ഷെ ചുവപ്പുസേന അവന്റെ വ്യൂഹങ്ങളിലൊന്നിനെ ഉന്മൂലനംചെയ്യാൻ
അതിന്റെ പ്രധാനശക്തി കേന്ദ്രീകരിക്കുകയാണെങ്കിൽ അതിന്റെമേൽ
കൂടുതൽ ശ്രദ്ധചെലുത്താനും അതിനെതിരെ കൂടുതൽ വലിയസൈനി
കശക്തികളെ കേന്ദ്രീകരിക്കാനും ശത്രുവിന്റെ അത്യുന്നത കമാണ്ടു് നിർബ
ന്ധിതമായിത്തീരും. അതുകൊണ്ടു് താവളപ്രദേശത്തിന്റെ വലിപ്പം കുറയ്ക്കു
ന്നതിനുള്ള ശത്രുവിന്റെ പദ്ധതിയെ തകർക്കുകയെന്നതു് സാധ്യമായ കാര്യ
മാണ്.

''ബ്ലോക്ക് ഹൗസ്'' യുദ്ധരീതി ഉപയോഗിച്ച് ആയോധനം മുന്നോട്ടുകൊണ്ടുപോയ്ക്കൊണ്ടിരുന്ന ''അഞ്ചാം വലയം ചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിനിൽ കേന്ദ്രീകൃതസൈനിക ശക്തികളെ ഉപയോഗിച്ച് പോരാട്ടം നടത്തുക അസാധ്യമാണെന്നും പ്രതിരോധത്തിനും ഹ്രസ്വവും ശീഘ്രവുമായ തള്ളിക്കയറ്റങ്ങൾക്കുംവേണ്ടി അവയെ വിഭജിക്കുക എന്നതുമാത്രമാണ് നമുക്കു ചെയ്യാൻ കഴിവുള്ളതെന്നും പറയുന്നതു് തെറ്റായിരുന്നു. ഒരേ സമയത്തു് മൂന്നോ നാലോ എട്ടോ പത്തോ ലീ മുന്നോട്ടുതള്ളിക്കയറുകയും ഓരോ വിരാമത്തിലും ബ്ലോക്കഹൗസുകൾ പണിയുകയും ചെയ്യുക എന്ന ശത്രുവിന്റെ അടവ് പൂർണമായും, ക്രമാനുസാരിയായി ഓരോ സ്ഥാനത്തും പ്രതിരോധപോരാട്ടങ്ങൾ നടത്തുക എന്ന ചുവപ്പുസേനയുടെ പ്രവർത്തനത്തിന്റെ ഫലമായിരുന്നു. ആന്തരിക സേനാനിരകളിൽ ഓരോസ്ഥാനത്തും ഒന്നിനുപുറകെ മറ്റൊന്നായി പ്രതിരോധം ഉയർത്തുകയെന്ന അടവ് നമ്മുടെ സൈന്യം ഉപേക്ഷിക്കുകയും സാദ്ധ്യതയും ആവശ്യവുമുള്ളപ്പോൾ ശത്രുവിന്റെ ആന്തരിക നിരകളിലേക്ക് തിരിഞ്ഞു് പാഞ്ഞുകയറുകയും ചെയ്തിരുന്നെങ്കിൽ തീർച്ചയായും സ്ഥിതിവ്യത്യസ്തമാകമായിരുന്നു. സൈനികശക്തികളുടെ കേന്ദ്രീകരണതത്വം ശത്രുവിന്റെ ബ്ലോക്ക്ഹൗസ് യുദ്ധരീതിയെ പരാജയപ്പെടുത്തുന്നതിനുള്ള പറ്റിയ മാർഗമാണ്.

നാം ശുപാർശ ചെയ്യുന്ന സൈനികകേന്ദ്രീകരണരീതിക്ക് ജനകീയ ഗറില്ലായുദ്ധം ഉപേക്ഷിക്കണമെന്നർത്ഥമില്ല.

ചെറുകിട ഗറില്ലായുദ്ധരീതി ഉപേക്ഷിക്കുകയും ലീലിസാൻ ലൈൻ വാദിച്ചതുമാതിരി ''ഓരോ റൈഫിളും ചുവപ്പുസേനയിൽ കേന്ദ്രീകരിക്കുകയും'' ചെയ്യുകയെന്നതു് വളരെമുമ്പുതന്നെ തെറ്റാണെന്ന് തെളിഞ്ഞിട്ടുണ്ട്. വിപ്ലവയുദ്ധത്തെ ഒരു പൂർണവാസ്തവമായി കരുതുകയാണെങ്കിൽ ജനകീയ ഗറില്ലകളുടെ പ്രവർത്തനങ്ങളും പ്രധാന ചുവപ്പുസേനാവിഭാഗങ്ങളുടെ പ്രവർത്തനങ്ങളും ഒരു മനുഷ്യന്റെ ഇടതുകയ്യും വലതുകയ്യുംപോലെ പരസ്പര പൂരകങ്ങളാണ്. ജനകീയ ഗറില്ലകളെക്കൂടാതെ ചുവപ്പുസേനയുടെ പ്രധാനവിഭാഗങ്ങൾ മാത്രമാണ് നമുക്കുണ്ടായിരുന്നതെങ്കിൽ നാം ഒരു കൈമാത്രമുള്ള ഒരു യോദ്ധാവിനെ മാതിരിയാകുമായിരുന്നു. സമൂർത്തമായ വാക്കുകളിൽ, പ്രത്യേകിച്ചും സൈനികപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം താവളപ്രദേശത്തെ ആളുകളെക്കുറിച്ച് ഒരു ഘടകമെന്ന നിലയിൽ സംസാരിക്കുമ്പോൾ നാം അർത്ഥം കൽപ്പിക്കുന്നതു് നമുക്ക് സായുധരായ ഒരു ജനത ഉണ്ട് എന്നാണ്. താവളപ്രദേശത്തെ സമീപിക്കാൻ ശത്രു ഭയപ്പെടുന്നതിന്റെ പ്രധാനകാരണം അതാണ്.

രണ്ടാംകിട ദിശകളിലേയ്ക്ക് പോരാട്ടങ്ങൾക്കായി ചുവപ്പുസേനാദളങ്ങളെ അയക്കേണ്ടതും ആവശ്യമാണ്. ചുവപ്പുസേനയിലെ എല്ലാശക്തികളെയും ഒരിടത്തു കേന്ദ്രീകരിക്കരുതു്. നാം ശുപാർശചെയ്യുന്ന കേന്ദ്രീകരണരീതി യുദ്ധക്കളത്തിൽ കേവലമോ ആപേക്ഷികമോ ആയ മേന്മ ഉറപ്പുചെയ്യുകയെന്ന തത്വത്തിൽ അധിഷ്ഠിതമാണ്. ശക്തനായ ഒരു ശത്രുവിനെ നേരിടുകയോ സജീവപ്രാധാന്യമുള്ള ഒരു യുദ്ധക്കളത്തിൽ പോരാടുകയോ ചെയ്യുന്നതിന് നമുക്ക് തികച്ചും മേന്മയേറിയ ഒരു സൈനികശക്തിക്ക് ആവശ്യമാണ്. ഉദാഹരണത്തിന് നമ്മുടെ ആദ്യ എതിർക്യാമ്പെയിന്റെ ഒന്നാം യുദ്ധത്തിൽ 1930 ഡിസംബർ 30—ാംതീയതി ചാങ്ങ് ഹുയി_ട്സാനിന്റെ കീഴിലുള്ള 9000 ഭടന്മാർക്കെതിരെ പടവെട്ടുന്നതിന് 40,000 പേരുടെ ഒരു ശക്തി കേന്ദ്രീകരിക്കപ്പെട്ടു. ദുർബലനായ ഒരു ശത്രുവിനെ നേരിടുന്നതിനോ വലിയ പ്രാധാന്യമില്ലാത്ത ഒരു യുദ്ധക്കളത്തിൽ പോരാടുന്നതിനോ



ആപേക്ഷികമായി മെച്ചപ്പെട്ട ഒരു സൈനിക ശക്തി മതിയാവും. ഉദാഹരണത്തിന് നമ്മുടെ രണ്ടാം എതിർ ക്യാമ്പെയിനിന്റെ അവസാന പോരാട്ടത്തിൽ 1931 മെയ് 29_ാം തീയതി ചിയെന്നിങ്ങിൽ 7000 പേരുള്ള ലിയുനോ_ടിക്കിന്റെ സൈന്യവിഭാഗവുമായി പടവെട്ടുന്നതിന് ഏകദേശം 10000 ചുവപ്പു സേനാ ഭടന്മാരെ മാത്രമെ നിയോഗിച്ചുള്ളൂ.

ഇതിനർത്ഥം എല്ലാ സന്ദർഭങ്ങളിലും നമുക്ക് സംഖ്യാപരമായ മേന്മ ഉണ്ടായിരിക്കണമെന്നല്ല. ചില സാഹചര്യങ്ങളിൽ ആപേക്ഷികമായോ കേവലമായോ മേന്മ കുറഞ്ഞ ഒരു ശക്തിയുമായി നാം പോരാട്ടത്തിനു പോയേക്കാം. ഉദാഹരണത്തിന് ഏതെങ്കിലും ഒരു പ്രദേശത്തു് നമുക്ക് ഏറെക്കുറെ ചെറിയ ഒരു ചുവപ്പു സൈനിക ശക്തി മാത്രമുള്ളപ്പോൾ ആപേക്ഷികമായി മേന്മ കുറഞ്ഞ ഒരു ശക്തിയുമായി പോരാട്ടത്തിനു പോകുന്ന കാര്യം എടുക്കുക (ഇങ്ങിനെ സംഭവിച്ചതു് നമുക്ക് കൂടുതൽ സൈനികരുണ്ടായിരിക്കയും നാം അവരെ കേന്ദ്രീകരിക്കാതിരിക്കുകയും ചെയ്തതു കൊണ്ടല്ല). അപ്പോൾ ജനകീയ പിന്തുണയും യുദ്ധ വിഭാഗവും കാലാവസ്ഥയും വളരെയേറെ നമുക്ക് അനുകൂലമായിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ ശക്തനായ ഒരു ശത്രുവിന്റെ ആക്രമണത്തെ തകർക്കുന്നതിന് ശത്രുവിന്റെ ഒരു പാർശ്വത്തിന്റെ ഒരു ഖണ്ഡത്തിന്മേൽ അപ്രതീക്ഷിത ആക്രമണം നടത്തുന്നതിന് നമ്മുടെ ചുവപ്പു സേനയുടെ പ്രധാന ഭാഗത്തെ കേന്ദ്രീകരിക്കുകയും അതേ സമയം ഗറില്ലകളെയോ ചെറിയ സൈനിക ഡിറ്റാച്ചുമെന്റുകളെയോകൊണ്ട് അവന്റെ മദ്ധ്യത്തെയും മറ്റു പാർശ്വത്തെയും നിയന്ത്രിക്കുകയും ചെയ്യുകയെന്നതു് തീർച്ചയായും ആവശ്യമാണ്. ഈ രീതിയിൽ നമുക്കു വിജയം കൈവരിക്കാൻ കഴിയും. ശത്രു പാർശ്വത്തിന്റെ ഈ ഭാഗത്തുള്ള നമ്മുടെ അപ്രതീക്ഷിത ആക്രമണത്തിൽ മേന്മ കുറഞ്ഞ ശക്തിയ്ക്കെതിരെ മേന്മയേറിയ ശക്തി ഉപയോഗിക്കുക എന്ന, കുറച്ചു പേരെ തോൽപ്പിക്കാൻ കൂടുതൽ പേരെ ഉപയോഗിക്കുക എന്ന തത്വം ഇപ്പോഴും പ്രസക്തമാണ്. നാം തികച്ചും മേന്മ കുറഞ്ഞ ഒരു ശക്തിയുമായി പോരാട്ടത്തിനു പോകുമ്പോൾ, ഉദാഹരണത്തിന് ഒരു വലിയ ശത്രു സൈന്യത്തിന്റെ മേൽ ഒരു ഗറില്ലാ സൈന്യം അപ്രതീക്ഷിത ആക്രമണം നടത്തുകയും എന്നാൽ അതിന്റെ ഒരു ചെറിയ ഭാഗത്തെ മാത്രം ആക്രമിക്കുകയും ചെയ്യുമ്പോൾ ഇതേ തത്വം തന്നെ അവിടെയും ചേർന്നതാണ്.

ഒരൊറ്റ പോരാട്ട പ്രദേശത്തു് ആക്രമണത്തിന് ഒരു വലിയ സൈനികശക്തിയെ കേന്ദ്രീകരിക്കുന്നതു് യുദ്ധ വിഭാഗവും, റോഡുകൾ, ആവശ്യ സാധനങ്ങൾ, താമസ സൗകര്യങ്ങൾ എന്നിവയുടെ പരിമിതികൾക്കു വിധേയമാണ് എന്ന വാദഗതിയെപ്പറ്റി പറയാനുള്ളതു് ഇക്കാര്യം സാഹചര്യങ്ങൾക്കനുസൃതമായി പൊരുത്തപ്പെടണമെന്നാണ്. ഈ പരിമിതികൾ ചുവപ്പുസേനയെയും ശത്രു സേനയെയും ബാധിക്കുന്ന തോതുകളിൽ വ്യത്യാസമുണ്ട്, കാരണം ചുവപ്പു സേനയ്ക്കു് ശത്രു സേനയെ അപേക്ഷിച്ച് കഷ്ടപ്പാടുകൾ സഹിക്കാൻ കഴിയും എന്നതു തന്നെ.

നിരവധി പേരെ തോൽപ്പിക്കുന്നതിന് നാം കുറച്ചു പേരെ ഉപയോഗിക്കുന്നു_ ഇതു് ചൈനയിലെ മൊത്തം ഭരണാധിപന്മാരോട് നാം പറയുന്നു. ചുരുക്കം പേരെ തോൽപ്പിക്കാൻ നാം നിരവധി പേരെ ഉപയോഗിക്കുന്നു_ഇതു് യുദ്ധക്കളത്തിലുള്ള ഓരോ പ്രത്യേക ശത്രു സേനയോടും നാം പറയുന്നു. അതു് ഇപ്പോൾ ഒരിക്കലും രഹസ്യമല്ലാതായിട്ടുണ്ട്; പൊതുവിൽ ശത്രുവിന് ഇപ്പോൾ നമ്മുടെ രീതികൾ സുപരിചിതമാണ്. ഏതായാലും നാം എപ്പോൾ എവിടെ പ്രവർത്തിക്കുമെന്നതു് അറിയാൻ വയ്യാത്തതു കാരണം ശത്രുവിന് നമ്മുടെ വിജയങ്ങളെ തടയാനോ അവന്റെ സ്വന്തം നഷ്ടങ്ങളെ ഒഴിവാക്കാ

നോ കഴിയുകയില്ല. നമ്മുടെ നീക്കങ്ങളെ നാം രഹസ്യമായി സൂക്ഷിക്കുന്ന
ചുവപ്പുസേന പൊതുവിൽ പ്രവർത്തിക്കുന്നതു് അപ്രതീക്ഷിത ആക്രമണങ്ങൾ
വഴിയാണു്.

## 7. ചലനാത്മക യുദ്ധം

ചലനാത്മക യുദ്ധമാണോ ഒരിടത്തു് ഉറച്ചുനിന്നുകൊണ്ടുള്ള യുദ്ധമാണോ
ആവശ്യം? ചലനാത്മക യുദ്ധമാണ് എന്ന ഉത്തരമാണ് നമുക്കു നൽകാനു
ള്ളതു്. നമുക്കു് ഒരു വലിയ സേനയുടെയോ യുദ്ധസാമഗ്രികളുടെകരുതലിന്റെ
യോ കുറവുള്ളപ്പോൾ ഓരോ താവള പ്രദേശത്തും പോരാട്ടം നടത്താൻ ഒരൊററ
ചുവപ്പു സൈനിക ശക്തി മാത്രം ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ, ഒരിട
ത്തു് ഉറച്ചു നിന്നുള്ള യുദ്ധം നമ്മെ സംബന്ധിച്ചിടത്തോളം ആക്രമണത്തിലും
പ്രതിരോധത്തിലും പൊതുവിൽ അപ്രായോഗികമാണു്.

ശത്രു ശക്തനും ചുവപ്പുസേന സാങ്കേതിക സജ്ജീകരണത്തിന്റെ കാര്യ
ത്തിൽ പോരായ്മയുള്ളതുമായ വസ്തുതയിൽനിന്നു് ഉടലെടുക്കുന്ന, ചുവപ്പു
സേനാപ്രവർത്തനങ്ങളുടെ പ്രമുഖ സവിശേഷതകളിൽ ഒന്നു്സ്ഥിരമായ യുദ്ധ
നിരകളുടെ അഭാവമാണു്.

ചുവപ്പു സേനയുടെ യുദ്ധനിരകളെ നിർണയിക്കുന്നതു് അതു് ഏതു ദിശ
യിലാണോ പോരാട്ടം നടത്തുന്നതു്, ആ ദിശയാണു്. അതിന്റെ പോരാട്ട
ദിശ പലപ്പോഴും മാറുന്നതുകൊണ്ടു്, അതിന്റെ പോരാട്ട നിരകൾ ദ്രാവക സ്വ
ഭാവമുള്ളവയാണു്. നിർദ്ദിഷ്ട കാലഘട്ടത്തിൽ അതിന്റെ പ്രധാന ദിശ
മാറുന്നില്ലെങ്കിൽ തന്നെയും അതിന്റെ പരിധിക്കുള്ളിൽ രണ്ടാം കിടദിശകൾ
ഏതു നിമിഷവും മാറാവുന്നതാണു്; ഒരു ദിശയിലേക്കുള്ള നമ്മുടെ നീക്കം തട
യപ്പെട്ടു എന്നു കണ്ടാൽ, മറെറാന്നിലേക്കു് നാം തിരിയണം. കുറച്ചു സമയ
ത്തിനു ശേഷം പ്രധാന ദിശയിൽ നാം തടയപ്പെട്ടതായി കാണുകയാണെങ്കിൽ
അതും മാറേറണ്ടതാവശ്യമാണു്.

വിപ്ലവാത്മകമായ ഒരു ആഭ്യന്തര യുദ്ധത്തിൽ സ്ഥിരമായ പോരാട്ട
നിരകൾ ഉണ്ടായിരിക്കാൻ കഴിയുകയില്ല. സോവിയററു യൂണിയനിലുണ്ടാ
യതും ഇതു തന്നെയായിരുന്നു. സോവിയററ് സേനയും നമ്മുടേതും തമ്മിലു
ള്ള വ്യത്യാസം അതിന്റെ പോരാട്ട നിരകൾ നമ്മുടേതു മാതിരി അത്രക്കു ദ്രാ
വക സ്വഭാവമുള്ളതായിരുന്നില്ല എന്നതാണു്. ഒരു യുദ്ധത്തിലും തികച്ചും ദൃ
ഢമായ പോരാട്ട നിരകൾ ഉണ്ടായിരിക്കാൻ കഴിയുകയില്ല; എന്തുകൊണ്ടെ
ന്നാൽ വിജയത്തിന്റെയും പരാജയത്തിന്റെയും, മുന്നേററത്തിന്റെയും പി
ന്മാററത്തിന്റെയും ഭാഗ്യവിപര്യയങ്ങൾ അതിനെ മുൻകൂട്ടി ഒഴിവാക്കുന്നു.
എന്നാൽ സാധാരണ രീതിയിലുള്ള യുദ്ധങ്ങളിൽ ആപേക്ഷികമായി ദൃഢമാ
ക്കപ്പെട്ട യുദ്ധ നിരകൾ പലപ്പോഴും കാണാൻ കഴിയും. ഇങ്ങിനെയല്ലാതെ
സംഭവിക്കുന്നതു് ഒരു സൈന്യം അതിനെക്കാൾ കൂടുതൽ ശക്തമായ ഒരു ശത്രു
വിനെ നേരിടുമ്പോൾ മാത്രമാണു്. ഇപ്പോഴത്തെ ഘട്ടത്തിൽ ചൈനീസ്
ചുവപ്പു സേനയുടെ സ്ഥിതി അത്തരത്തിലുള്ളതാണു്.

യുദ്ധ നിരകളിലെ ദ്രാവകത്വം നമ്മുടെ താവള പ്രദേശങ്ങളുടെ വലിപ്പ
ത്തിൽ ദ്രാവകത്വത്തിനു വഴിവയ്ക്കുന്നു. നമ്മുടെ താവളപ്രദേശങ്ങൾ തുടർച്ചയാ
യിവികസിക്കുകയും ചുരുങ്ങുകയും ചെയ്യുന്നു. പലപ്പോഴും ഒരു താവളപ്രദേശം
പതിക്കുമ്പോൾ മറെറാന്നു് ഉയർന്നു വരുന്നു. ഭൂപ്രദേശത്തിന്റെ ഈ ദ്രാവക
ത്വം തികച്ചും യുദ്ധത്തിന്റെ ദ്രാവകത്വത്തിന്റെ ഒരു ഫലമാണു്.



യുദ്ധത്തിലും നമ്മുടെ ഭൂപ്രദേശത്തിലുള്ള ദ്രാവകത്വം നമ്മുടെ താവള പ്ര
ദേശങ്ങളിലെ നിർമാണത്തിന്റെ എല്ലാമേഖലകളിലും ദ്രാവകത്വം സൃഷ്ടി
ക്കുന്നു. നിരവധി വർഷങ്ങൾ നീണ്ടു നിൽക്കുന്ന നിർമാണ പദ്ധതികളെക്കു
റിച്ചു് ചിന്തിയ്ക്കാൻ പോലും സാദ്ധ്യമല്ല. ദിവസത്തിന്റെ പ്രവർത്തന
ത്തിൽ ആകമാനം പദ്ധതിയിൽ പലപ്പോഴമുണ്ടാകുന്ന മാററങ്ങളാണുള്ളതു്.

ഈ സ്വഭാവ വിശേഷം തിരിച്ചറിയാൻ കഴിയുന്നതു് നമുക്കു് പ്രയോജന
കരമാണു്. അതിന്മേലായിരിക്കണം നാം നമ്മുടെ പദ്ധതിയുറപ്പിക്കുന്നതു്;
യാതൊരു പിന്മാററങ്ങളുമില്ലാത്തതും മുന്നേററങ്ങൾ മാത്രമുള്ളതുമായ ഒരു യുദ്ധ
ത്തെക്കുറിച്ചു് നമുക്കു് വ്യാമോഹങ്ങൾ ഉണ്ടായിരിക്കാൻ പാടില്ല. അതുപോ
ലെ തന്നെ നമ്മുടെ ഭൂപ്രദേശത്തിന്റേയോ നമ്മുടെ സൈന്യത്തിന്റെ പിൻ
നിരയുടെയോ താൽക്കാലിക ദ്രാവകത്വത്തിൽ പരിഭ്രാന്തി കൊള്ളാനോ, വി
ശദമായ ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു് ശ്രമിക്കാനോ
പാടില്ല. നാം സാഹചര്യത്തിനനുസരിച്ചു് നമ്മുടെ ചിന്തയെയും പ്രവർത്ത
നത്തെയും ഒത്തിണക്കുകയും, ഒരിടത്തിരിക്കാനും അവിടെനിന്നു നടക്കാനും
തയ്യാറായിരിക്കുകയും ചെയ്യണം. യാത്രാവേളയിൽ ആവശ്യമായ റേഷൻ
എപ്പോഴും കയ്യെത്താവുന്ന ദൂരത്തിലുണ്ടായിരിക്കണം. ദ്രവ രൂപത്തിലുള്ള
ഇന്നത്തെ ജീവിത രീതിയിൽ ആഞ്ഞിറങ്ങുന്നതുകൊണ്ടു മാത്രമെ നാളെ നമു
ക്കു് ആപേക്ഷിത സ്ഥിരതയും അവസാനം പൂർണ സ്ഥിരതയും സുരക്ഷി
തമാക്കാൻ കഴിയുകയുള്ളൂ.

നമ്മുടെ അഞ്ചാം എതിർ ക്യാമ്പെയിൽ പ്രാമുഖ്യം വഹിപ്പിരുന്ന
'സ്ഥിര യുദ്ധ'തന്ത്രത്തിന്റെ വ്യാഖ്യാതാക്കൾ ഈ ദ്രാവകത്വത്തെ നിഷേ
ധിക്കുകയും അവരുടെ ഭാഷയിൽ 'ഗെറില്ലായിസം' എന്ന സമ്പ്രദായത്തെ എ
തിർക്കുകയും ചെയ്തു. ദ്രാവകത്വത്തെ എതിർത്ത സഖാക്കൾ കാര്യങ്ങൾ കൈ
കാര്യം ചെയ്തിരുന്നതു് അവർ ഏതാണ്ടു് ഒരു വലിയ രാഷ്ട്രത്തിന്റെ ഭര
ണാധിപന്മാരാണെന്ന ഭാവേനയായിരുന്നു. അതിന്റെ ഫലം അസാധാര
ണവും വമ്പിച്ചതുമായ ദ്രാവകത്വം—25000 ലീയുടെ ലോംഗ് മാർച്ച്_ആയി
രുന്നു.

നമ്മുടെ തൊഴിലാളി, കർഷക ജനാധിപത്യറിപ്പബ്ളിക്കു് ഒരു ഭരണ
കൂടമാണു്, പക്ഷെ അതു് ഇന്നു് പൂർണവികസിതമായ ഒന്നല്ല. ഇന്നു് നാം
ആഭ്യന്തരയുദ്ധത്തിൽ തന്ത്രപരമായ പ്രതിരോധത്തിന്റെ ഘട്ടത്തിലാണു്,
നമ്മുടെ രാഷ്ട്രീയാധികാരത്തിന്റെ രൂപം ഇപ്പോഴും പൂർണവികസിത
രാഷ്ട്രത്തിന്റേതിൽനിന്നു് വളരെ അകലത്താണു്, നമ്മുടെ സൈന്യം എണ്ണ
ത്തിലും സാങ്കേതിക സജ്ജീകരണത്തിന്റെ കാര്യത്തിലും ശത്രുവിനെ അപേ
ക്ഷിച്ചു് താഴ്ന്ന നിലയിലാണു്; നമ്മുടെ ഭൂപ്രദേശം ഇപ്പോഴും വളരെ ചെ
റുതാണു്; നമ്മുടെ ശത്രുവാകട്ടെ നമ്മെ നശിപ്പിക്കുന്നതിനു് നിരന്തരം പരിശ്ര
മിക്കുകയാണു്. അങ്ങനെ ചെയ്യാതെ അടങ്ങിയിരിക്കുകയില്ല എന്നതാണു്
അതിന്റെ നില. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ നമ്മുടെ നയം എന്തെ
ന്നു് നിർവചിക്കുമ്പോൾ സാധാരണ ഭാഷയിൽ നാം ഗറില്ലായിസത്തെ
തള്ളിക്കളയുകയല്ല ചെയ്യേണ്ടതു്, മറിച്ചു് ചുവപ്പു സേനയുടെ ഗറില്ലാ സ്വ
ഭാവത്തെ സത്യസന്ധമായി അംഗീകരിക്കുകയാണു ചെയ്യേണ്ടതു്. ഇക്കാര്യ
ത്തെപ്പററി ലജ്ജിച്ചിട്ടുകാര്യമില്ല. നേരെ മറിച്ചു് ഈ ഗറില്ലാ സ്വഭാവമാ
ണു് ശരിക്കും നമ്മുടെ പ്രത്യേകമായ സവിശേഷത, നമ്മുടെ ശക്തമായ വശം,
ശത്രുവിനെ പരാജയപ്പെടുത്തുന്നതിനുള്ള നമ്മുടെ മാർഗം. അതു് ഉപേക്ഷി
ക്കാൻ നാം സന്നദ്ധമായിരിക്കണം, പക്ഷെ ഇന്നു് നമുക്കു് അതു ചെയ്യാൻ
സാദ്ധ്യമല്ല. ഭാവിയിൽ ഈ ഗറില്ലാ സ്വഭാവം തീർച്ചയായും ലജ്ജിക്കേണ്ട

തും ഉപേക്ഷിക്കേണ്ടതുമായ ഒരു കാര്യമായിത്തീരും, പക്ഷെ ഇന്നു് അതു വിലമതിക്കാൻ വയ്യാത്ത ഒന്നായതുകൊണ്ടു് അതിൽ നാം ഉറച്ചു നിൽക്കേണ്ടതുണ്ടു്.

'ജയിക്കാൻ കഴിവുള്ളപ്പോൾ പോരാടുക, ജയിക്കാൻ കഴിവില്ലാത്തപ്പോൾ ഒഴിഞ്ഞു മാറിപ്പോവുക.' ഇതു് ഇന്നത്തെ നമ്മുടെ ചലനാത്മകത്വത്തെ വിവരിക്കുന്ന സാമാന്യമായ രീതിയാണു്. നാം ചെയ്യുന്നതുപോലെ നീങ്ങിക്കൊണ്ടിരിക്കുന്നവർ ചുരുക്കമാണെങ്കിലും പോരാട്ടത്തെ മാത്രം അംഗീകരിക്കുകയും നീങ്ങിപ്പോകലിനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സൈനിക വിദഗ്ദ്ധനെയും ലോകത്തൊരിടത്തും കാണാൻ കഴിയുകയില്ല. പോരാടുന്നതിനെക്കാൾ കൂടുതൽ സമയം നാം പൊതുവിൽ നീങ്ങാൻ ചെലവഴിക്കുന്നു. മാസത്തിലൊരിക്കൽ ന്യായമായ വലിപ്പമുള്ള ഒരു പോരാട്ടം ശരാശരി നടത്താൻ കഴിഞ്ഞാൽ നമ്മുടേതു് നല്ല പ്രവർത്തനമാണെന്നു പറയാൻ സാധിക്കും. നമ്മുടെ എല്ലാ 'നീക്കവും' 'പോരാട്ടം' നടത്തുക എന്ന ഉദ്ദേശത്തോടെയുള്ളതാണു്. നമ്മുടെ തന്ത്രവും അടവുകളും 'പോരാട്ട'ത്തിന്മേലാണു് കെട്ടിപ്പടുത്തിട്ടുള്ളതു്. ഏതായാലും നമ്മെ സംബന്ധിച്ചിടത്തോളം പോരാടുന്നതു് ബുദ്ധിപൂർവകമല്ലാത്ത സന്ദർഭങ്ങളുണ്ടു്. ഒന്നാമതായിത്തന്നെ നമ്മെ അഭിമുഖീകരിക്കുന്ന ശക്തി വളരെ വലുതായിരിക്കുമ്പോൾ പോരാടുന്നതു് ബുദ്ധിപൂർവ്വമല്ല, രണ്ടാമതായി നമ്മെ അഭിമുഖീകരിക്കുന്ന ശക്തി അത്ര വലുതല്ലെങ്കിലും, അതു് മററു ശത്രു സൈന്യങ്ങളോടു് വളരെ അടുത്തതാണെങ്കിൽ പോരാട്ടത്തിനിറങ്ങുന്നതു് ചിലപ്പോൾ ബുദ്ധിപൂർവ്വമല്ല, മൂന്നാമതായി ഒററപ്പെടാത്തതും ശക്തമായിനിലയുറപ്പിച്ചിട്ടുള്ളതുമായ ഒരു സൈനിക ശക്തിയോടു് പോരാടുന്നതു് പൊതുവിൽ ബുദ്ധിപൂർവ്വമല്ല; നാലാമതായി വിജയ സാദ്ധ്യത ഇല്ലാത്ത ഒരു യുദ്ധം തുടർന്നുകൊണ്ടു പോവുന്നതു് ബുദ്ധിപൂർവ്വമല്ല. ഈ പറഞ്ഞ ഏതു സ്ഥിതിഗതികളിലും നാം ദൂരേക്കു നീങ്ങിപ്പോകാൻ തയ്യാറാണു്. അത്തരം നീങ്ങിപ്പോകൽ അനുവദനീയവും ആവശ്യവുമാണു്. കാരണം ദൂരേക്കു നീങ്ങുന്നതിന്റെ ആവശ്യത്തെ സംബന്ധിച്ച നമ്മുടെ അംഗീകാരം പോരാട്ടത്തിന്റെ ആവശ്യത്തെക്കുറിച്ചുള്ള നമ്മുടെ അംഗീകാരത്തിൽ അധിഷ്ഠിതമാണു്.ഇവിടെയാണു് ചുവപ്പുസേനയുടെ ചലനാത്മകയുദ്ധത്തിന്റെ മൗലിക സ്വഭാവം സ്ഥിതിചെയ്യുന്നതു്.

ചലനാത്മക യുദ്ധം പ്രാഥമികമാണു്, പക്ഷെ സാദ്ധ്യവും ആവശ്യവും ആണെങ്കിൽ നാം സ്ഥാനിക യുദ്ധത്തെ ഉപേക്ഷിക്കുന്നില്ല. തന്ത്രപരമായ പ്രതിരോധവേളയിൽ ഒരു നിയന്ത്രണ പ്രവർത്തനത്തിൽ പ്രത്യേക മർമ്മസ്ഥാനങ്ങൾ വാശിയോടെ കാത്തുരക്ഷിക്കുന്നതിനും, തന്ത്രപരമായ കടന്നാക്രമണവേളയിൽ ഒററപ്പെട്ടതും സഹായം കിട്ടാൻ സാദ്ധ്യമല്ലാതെ കഴിയുന്നതുമായ ഒരു ശത്രുസേനയെ നേരിടുമ്പോഴും സ്ഥാനിക യുദ്ധരീതി ഉപയോഗിക്കണമെന്ന കാര്യം സമ്മതിക്കേണ്ടതുണ്ടു്. ഇത്തരം സ്ഥാനിക യുദ്ധ രീതി ഉപയോഗിച്ചു് ശത്രുവിനെ പരാജയപ്പെടുത്തിയ ഗണ്യമായ അനുഭവം നമുക്കുണ്ടായിട്ടുണ്ടു്. പല ശത്രു നഗരങ്ങളെയും നാം വെട്ടിപ്പിളർക്കുകയും സാമാന്യം നല്ലവണ്ണം സുരക്ഷിതമാക്കപ്പെട്ട യുദ്ധരംഗത്തു് ശത്രുനിരകളെ നാം പൊളിച്ചു കടക്കുകയും ചെയ്തിട്ടുണ്ടു്. ഭാവിയിൽ നാം നമ്മുടെ പരിശ്രമങ്ങൾ വർദ്ധിപ്പിക്കുകയും ഇക്കാര്യത്തിൽ നമുക്കുള്ള പോരായ്മകൾ പരിഹരിക്കുകയും ചെയ്യുന്നതായിരിക്കും. സാഹചര്യങ്ങൾ ആവശ്യപ്പെടുകയും അനുവദിക്കുകയും ചെയ്യുമ്പോൾ നാം സ്ഥാനിക ആക്രമണത്തിനോ പ്രതിരോധത്തിനോ വേണ്ടി എല്ലാത്തരത്തിലും വാദിക്കേണ്ടതാണു്. ഇപ്പോഴത്തെ സന്ദർഭത്തിൽ നമുക്കു് എതിർപ്പുള്ളതു് സ്ഥാനിക യുദ്ധരീതി പൊതുവിൽ ഉപയോഗിക്കുന്നതിനോടോ അതിനു് ചലനാത്മക യുദ്ധത്തിനു തുല്യമായ സ്ഥാനം കൊടുക്കുന്നതിനോടോ ആണു്. അതു് അനുവദനീയമല്ല.



പത്തു വർഷത്തെ ആഭ്യന്തര യുദ്ധ കാലത്തു് ചുവപ്പു സേനയുടെ ഗറില്ലാ സ്വഭാവത്തിലും ദൃഢമായ യുദ്ധനിരകളുടെ അഭാവത്തിലും അതിന്റെ താവള പ്രദേശങ്ങളുടെ ദ്രാവകത്വത്തിലും അതിന്റെ താവളപ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനത്തിന്റെ ദ്രാവക സ്വഭാവത്തിലും യാതൊരു മാററവും ഉണ്ടായിരുന്നിട്ടില്ലേ? ഇതു തീർച്ചയായും ഉണ്ടായിട്ടുണ്ടു് ചിങ്ങ്കാങ്ങ് പർവതങ്ങളിലെ നാളുകൾ മുതൽ കിയാങ്ങ്സിയിലെ 'വലയം ചെയ്തു് അടിച്ചമർത്ത'ലിനെതിരായുള്ള നമ്മുടെ ആദ്യ എതിർ ക്യാമ്പെയിൻ വരെയുള്ള കാലയളവു് ആദ്യഘട്ടമായിരുന്നു. ഈ ഘട്ടത്തിൽ ഗറില്ലാ സ്വഭാവവും ദ്രാവകത്വവും വളരെ പ്രകടമായിരുന്നു. അന്നു് ചുവപ്പുസേന ശൈശവാവസ്ഥയിലും താവളപ്രദേശങ്ങൾ അന്നും ഗറില്ലാ മേഖലകളെന്ന സ്ഥിതിയിലും ആയിരുന്നു. രണ്ടാമത്തെ ഘട്ടത്തിൽ, അതായതു് ഒന്നു മുതൽ മൂന്നുവരെ ക്യാമ്പെയ്‌ന്റെ കാലത്തു ഗറില്ലാ സ്വഭാവവും ദ്രാവകത്വവും ഗണ്യമായി കുറയുകയും മുന്നണിസേനകൾ രൂപീകരിക്കപ്പെടുകയും നിരവധി ദശലക്ഷക്കണക്കിനു ജനങ്ങളുള്ള താവളപ്രദേശങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. മൂന്നാമത്തെ ഘട്ടത്തിൽ, അതായതു് മൂന്നാം എതിർ ക്യാമ്പെയിനിന്റെ അവസാനം മുതൽ അഞ്ചാം എതിർക്യാമ്പെയിൻ വരെയുള്ള കാലഘട്ടത്തിൽ ഗറില്ലാ സ്വഭാവവും ദ്രാവകത്വവും കുറെക്കൂടി കുറയുകയും, ഒരു കേന്ദ്രഗവൺമെൻറും ഒരു വിപ്ലവ സൈനിക കമ്മീഷനും ഇതിനകം സ്ഥാപിക്കപ്പെടുകയും ചെയ്തു, നാലാമത്തെ ഘട്ടം ലോങ്ങ് മാർച്ചായിരുന്നു. ഗറില്ലാ യുദ്ധത്തിന്റെയും ദ്രാവകത്വത്തിന്റെയും ചെറുതോതിലുള്ള നിരാകരണം വലിയതോതിലുള്ള ഗറില്ലാ യുദ്ധത്തിലേക്കും ദ്രാവകത്വത്തിലേക്കും വഴിവച്ചു. നാം ഇപ്പോൾ അഞ്ചാമത്തെ ഘട്ടത്തിലാണു്. അഞ്ചാം 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പെയിൻ തകർക്കുന്നതിൽ നമുക്കുണ്ടായ പരാജയം കൊണ്ടും അതിന്റെ വമ്പിച്ച ദ്രാവകത്വം കാരണവും ചുവപ്പു സേനയും താവളപ്രദേശവും വൻ തോതിൽ കുറയ്ക്കപ്പെട്ടു. എങ്കിലും വടക്കു കിഴക്കു് നാം നമ്മുടെ കാലുറപ്പിക്കുകയു, ഷെൻസി_കാൻസു-നിങ്ങ്സിയ അതിർത്തി പ്രദേശത്തെ ദൃഢപ്പെടുത്തി വികസിപ്പിച്ചു് ഇവിടെ നമ്മുടെ താവളപ്രദേശമാക്കുകയും ചെയ്തു. ചുവപ്പുസേനയുടെ പ്രധാന ശക്തികളായിത്തീർന്ന മൂന്നു മുന്നണിസേനകളെ അത്ഭുതപൂർവമാംവണ്ണം ഒരു ഏകീകൃത കമാൻഡിന്റെ കീഴിൽ കൊണ്ടുവരുകയുമുണ്ടായി.

നമ്മുടെ തന്ത്രത്തിന്റെ സ്വഭാവം വച്ചു നോക്കുമ്പോൾ നമുക്കു് ഒന്നുകൂടി പറയാൻ കഴിയും, അതായതു് ചിങ്ങ്കാങ്ങ് പർവതങ്ങളിലെ നാളുകൾ മുതൽ നമ്മുടെ നാലാം എതിർ ക്യാമ്പെയിൻ വരെയുള്ള കാലം ഒരു ഘട്ടവും അഞ്ചാം എരിർ ക്യാമ്പെയിനിന്റെ കാലം മറെറാന്നും, ലോങ്ങ്മാർച്ചു മുതൽ ഇതുവരെയുള്ള കാലം മൂന്നാമത്തേതും ആണു്. അഞ്ചാം എതിർ ക്യാമ്പെയിന്റെ കാലത്തു് കഴിഞ്ഞകാലത്തെ ശരിയായ നയം തെററായി ഉപേക്ഷിക്കപ്പെട്ടു. ഇപ്പോഴും നാം അഞ്ചാം എതിർ ക്യാമ്പെയിൻ കാലത്തു് സ്വീകരിച്ച തെററായ നയം ശരിയാംവിധം തള്ളിക്കളയുകയും നേരത്തെയുള്ള ശരിയായ നയത്തെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. അഞ്ചാം എതിർ ക്യാമ്പെയിനിലെ സർവതും നാം വലിച്ചെറിയുകയോ അതിനു മുമ്പുണ്ടായിരുന്ന എല്ലാററിനെയും പുനരുജ്ജീവിപ്പിക്കുകയോ ചെയ്തിട്ടില്ല. കഴിഞ്ഞകാലത്തെ നല്ലതിനെ മാത്രമേ നാം പുനരുജ്ജീവിപ്പിച്ചിട്ടുള്ളു. അഞ്ചാം എതിർ ക്യാമ്പെയിൻ കാലത്തെ തെററുകളെ മാത്രമേ തള്ളിക്കളഞ്ഞിട്ടുമുള്ളു.

ഗറില്ലാ യുദ്ധത്തിനു് രണ്ടു വശങ്ങളുണ്ടു്. ഒന്നു ക്രമരാഹിത്യം; അതായതു് വികേന്ദ്രീകരണം, ഏകീകൃതാവസ്ഥയുടെ കുറവു്, കർശനമായ അച്ചടക്കത്തിന്റെ അഭാവം, ലളിതമായ പ്രവർത്തന രീതികൾ എന്നിവ. ഈ

സവിശേഷതകൾ മുളയെടുത്തത് ചുവപ്പുസേനയുടെ ശൈശവാവസ്ഥയിൽ
നിന്നാണ്. ഇവയിൽ ചിലത് ആ കാലഘട്ടത്ത് ആവശ്യമായതു മാത്രമാ
യിരുന്നു. ചുവപ്പുസേന കൂടുതൽ ഉയർന്ന ഒരു ഘട്ടത്തിലെത്തുമ്പോൾ അതി
നെ കൂടുതൽ കേന്ദ്രീകൃതവും, കൂടുതൽ ഏകീകൃതവും, കൂടുതൽ അച്ചടക്കമുള്ളതും,
പ്രവർത്തനത്തിൽ ശുഷ്കാന്തിയുള്ളതും ആക്കിത്തീർക്കുന്നതിനു —ചുരു
ക്കിപ്പറഞ്ഞാൽ സ്വഭാവം കൂടുതൽ ക്രമമുള്ളതാക്കുന്നതിന്—മുമ്പു പറഞ്ഞ സ
വിശേഷതകളെ നാം ക്രമേണയും ബോധപൂർവമായും ഇല്ലായ്മ ചെയ്യേണ്ടതു
ണ്ട്. സൈനിക പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുമ്പോൾ കൂടുതൽ ഉയ
ന്ന ഒരു ഘട്ടത്തിൽ ഇനി ആവശ്യമില്ലാതായത്തീർന്നിട്ടുള്ള ഗറില്ലാ സ്വഭാവ
വിശേഷതകളെ നാം ക്രമേണയും ബോധപൂർവവും കുറയ്ക്കേണ്ടതുണ്ട്. ഇക്കാ
ര്യത്തിൽ പുരോഗതി കൈവരിക്കാൻ കൂട്ടാക്കാതിരിക്കലും പഴയ ഘട്ടത്തോ
ട് പിടിവാശിയോടെ ഒട്ടിച്ചേർന്നുനിക്കലും അനുവദനീയമല്ലെന്നതിനു പുറ
മേ ദോഷകരവുമാണ്; വൻതോതിലുള്ള സൈനിക നീക്കങ്ങൾക്ക് നാശകര
വുമാണ്.

ഗറില്ലായിസത്തിന്റെ മറ്റൊരു വശമുള്ളതിൽ ചലനാത്മകയുദ്ധത്തി
ന്റെ തത്വവും ഇപ്പോഴും ആവശ്യമുള്ള, തന്ത്രപരവും അടവുപരവുമായ സൈ
നിക പ്രവർത്തനങ്ങളുടെ ഗറില്ലാസ്വഭാവവും, താവള പ്രദേശങ്ങളുടെ അനി
വാര്യമായ ദ്രാവകത്വവും, താവളപ്രദേശങ്ങളുടെ വികസനം ആസൂത്ര
ണം ചെയ്യുന്നതിൽ അയവും, ചുവപ്പുസേന കെട്ടിപ്പടുക്കുന്നതിൽ അകാലിക
ക്രമീകരണം ഉപേക്ഷിക്കലും ഉൾപ്പെടുന്നു. ഈ സാഹചര്യത്തിൽ ചരിത്ര
വസ്തുതകളെ നിഷേധിക്കുന്നതും, പ്രയോജനകരമായതിനെ നിലനിർത്തുന്ന
സമ്പ്രദായത്തെ എതിർക്കുന്നതും, ഇന്ന് അലഭ്യവും യഥാർത്ഥത്തിൽ അപ്രധാ
നവുമായ ഒരു 'പുതിയ ഘട്ട'ത്തിന്റെ നേർക്ക് അന്ധമായി പാഞ്ഞുകയറുന്ന
തിന് ഇപ്പോഴത്തെ ഘട്ടത്തെ സാഹസികമായി വിട്ടുപോകുന്നതും മേൽപറ
ഞ്ഞ കാര്യംപോലെ തന്നെ നമ്മുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ സംബ
ന്ധിച്ചിടത്തോളം അനുവദനീയമല്ലാത്തതും പ്രയോജന ശൂന്യവും ദോഷകരവു
മാണ്.

ചുവപ്പുസേനയുടെ സാങ്കേതിക സജ്ജീകരണത്തെയും സംഘടനയെയും
സംബന്ധിച്ചടത്തോളം നാം ഒരു പുതിയ ഘട്ടത്തിന്റെ മുൻവക്കിലാണ്
നിലക്കൊള്ളുന്നത്. ഈ പുതിയ ഘട്ടത്തിലേയ്ക്കു കടക്കാൻ നാം തയ്യാറാക
ണം. അങ്ങിനെ നാം തയ്യാറാകാതിരിക്കുന്നത് നമ്മുടെ ഭാവിയുദ്ധത്തെ
സംബന്ധിച്ചിടത്തോളം തെറ്റും ദോഷകരവുമാണ്. ഭാവിയിൽ ചുവപ്പു
സേനയുടെ സാങ്കേതികവും സംഘടനാപരവുമായ സാഹചര്യങ്ങൾ മാറുകയും
ചുവപ്പുസേന കെട്ടിപ്പടുക്കുകയെന്നത് ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശി
ക്കുകയും ചെയ്യുമ്പോൾ അതിന്റെ പോരാട്ടദിശകളും യുദ്ധനിരകളും കൂടുതൽ
ഉറപ്പുള്ളതായിത്തീരുന്നതായിരിക്കും; യുദ്ധത്തിന്റെയും നമ്മുടെ കൈവശഭൂ
പ്രദേശത്തിന്റെയും നമ്മുടെ നിർമ്മാണപ്രവർത്തനത്തിന്റെയും ദ്രവസ്വഭാവം
വളരെയേറെ കുറയുകയും അവസാനം അന്തർദ്ധാനം ചെയ്യുകയും ചെയ്യുന്നതാ
യിരിക്കും. അതോടെ ശത്രുവിന്റെ ഔന്നത്യം അവന്റെ ശക്തമായി വേരൂ
ന്നിയ നിരകൾ തുടങ്ങിയ ഇപ്പോഴത്തെ പരിമിതികൾ ഒരിക്കലും നമ്മുടെ
മുന്നിൽ തടസ്സം സൃഷ്ടിക്കുകയില്ല.

ഇപ്പോൾ നാം 'ഇടതുപക്ഷ' അവസരവാദ ആധിപത്യഘട്ടത്തിലെ തെ
റ്റായ നടപടികളെയും ചുവപ്പുസേനയ്ക്ക് ശൈശവകാലത്ത് ഉണ്ടായിരുന്നതും
ഇന്ന് അനാവശ്യമായിത്തീർന്നതുമായ നിരവധി ക്രമരഹിതസവിശേഷതകളു
ടെ പുനർജ്ജീവനത്തെയും എതിർക്കുന്നുണ്ട്. അതേസമയം തന്നെ ചുവപ്പു
സേനക്ക് തുടർച്ചയായി വിജയങ്ങൾ വരിക്കാൻ ഉപകരിച്ച, സേനാനിർമ്മാ



ണത്തിന്റെയും തന്ത്രം, അടവുകൾ എന്നിവയുടെയും നിരവധി വിലപ്പെട്ട
തത്വങ്ങൾ വീണ്ടെടുക്കുന്ന കാര്യത്തിൽ നാം നിശ്ചയദാർഢ്യമുള്ളവരായിരി
ക്കണം. ശത്രുവിന്റെമേൽ ഇന്നു വിജയം വരിക്കുന്നതിനും ഭാവിയിൽ പു
തിയ ഘട്ടത്തിലേക്കു കടക്കാൻ തയ്യാറെടുക്കുന്നതിനും വേണ്ടി ഭൂതകാലത്തിൽ
നിന്ന് എല്ലാ നല്ല കാര്യങ്ങളെയും ചിട്ടയായും കൂടുതൽ സമ്പന്നവുമായ
സൈനിക രീതിയിലും നാം സമാഹരിച്ചെടുക്കേണ്ടതുണ്ട്.

ചലനാത്മകയുദ്ധം നടത്തുന്നതിൽ നിരവധി പ്രശ്നങ്ങൾ അന്തർഭവി
ച്ചിട്ടുണ്ട്. രാഗപരിശോധന, അനുമാനം, തീരുമാനം, ഏറ്റുമുട്ടൽ മനോഭാ
വം, സേനാനായകത്വം, നിഗൂഹനം, കേന്ദ്രീകരണം, മുന്നേറ്റം, സൈന്യ
വിന്യാസം, ആക്രമണം, അനുധാവനം, അപ്രതീക്ഷിതമായ ആക്രമണം,
സ്ഥാനിക ആക്രമണം, സ്ഥാനിക പ്രതിരോധം, ഏറ്റുമുട്ടൽ പ്രവർത്തനം,
പിൻവാങ്ങൽ; നിശായുദ്ധം, പ്രത്യേകതരം പോരാട്ടങ്ങൾ ശക്തമായതിനെ
ഒഴിയുകയും ദുർബലമായതിനെ ആക്രമിക്കലും, ശത്രുവിന്റെ പോഷക
സേനകളെ കടന്നാക്രമിക്കുന്നതായി ശത്രുവിനെ ഉപരോധിക്കൽ, നാട്യരൂപ
ത്തിലുള്ള ആക്രമണം, യുദ്ധവിമാനത്തിനെതിരായ പ്രതിരോധം, നിരവധി
ശത്രുസൈന്യങ്ങൾക്കിടയ്ക്ക് പോരാട്ടം നടത്തൽ, പോരാട്ടങ്ങളെ ഒഴിഞ്ഞു
മാറൽ, ഇടമുറിയാതെയുള്ള പോരാട്ടങ്ങൾ, പിൻനിരയില്ലാതെ പോരാട്ടം
നടത്തൽ, വിശ്രമത്തിന്റെയും ഊർജ്ജസ്വലതയും സംഭരിക്കേണ്ടതിന്റെയും ആ
വശ്യം എന്നിവയാണ് ഈ പ്രശ്നങ്ങൾ. ചുവപ്പുസേനയുടെ ചരിത്രത്തിൽ
ഈ പ്രശ്നങ്ങൾ ഒട്ടേറെ പ്രത്യേക സവിശേഷതകൾ പ്രകടിപ്പിക്കുകയുണ്ടാ
യി. ഈ സവിശേഷതകളെ ക്യാമ്പെയിനുകളുടെ ശാസ്ത്രത്തിൽ ചിട്ടയായി
കൈകാര്യം ചെയ്യുകയും സമാഹരിക്കുകയും ചെയ്യേണ്ടതാണ്. പക്ഷെ ഇവി
ടെ ഞാൻ അക്കാര്യങ്ങളിലേക്കു കടക്കുന്നില്ല.

## 8 ശീഘ്രനിശ്ചയ യുദ്ധം

തന്ത്രപരമായി സുദീർഘമായ ഒരു യുദ്ധവും ശീഘ്രനിശ്ചയ ക്യാമ്പെയി
നുകൾ; പോരാട്ടങ്ങൾ എന്നിവയും ഒരേ കാര്യത്തിന്റെ ഇരുവശങ്ങളാണ്;
അവ ആഭ്യന്തരയുദ്ധങ്ങളിൽ തുല്യവും ഏക കാലികവുമായ പ്രാധാ
ന്യം ലഭിക്കേണ്ടതും സാമ്രാജ്യ വിരുദ്ധയുദ്ധങ്ങളിലുംകൂടി പ്രയോഗിക്കാവുന്ന
തുമായ രണ്ടു പ്രമാണങ്ങളാണ്. പിന്തിരിപ്പൻ ശക്തികൾ അതിശക്തമായതു
കൊണ്ട് വിപ്ലവശക്തികൾ പടിപടിയായി മാത്രമെ വളരുന്നുള്ളൂ. ഈ
വസ്തുത നമ്മുടെ യുദ്ധത്തിന്റെ സുദീർഘ സ്വഭാവത്തെ നിർണയിക്കുന്നു. ഇവി
ടെ അക്ഷമ അപകടകരവും 'ശീഘ്രനിശ്ചയ'വാദം അബദ്ധവുമാണ്. നാം
ചെയ്തതുപോലെ പത്തു വർഷക്കാലം ഒരു വിപ്ലവയുദ്ധം നടത്തുക എന്ന
ത് മറ്റു രാജ്യങ്ങളിൽ അത്ഭുതമായി തോന്നിയേക്കാം, പക്ഷെ നമ്മെ സം
ബന്ധിച്ചിടത്തോളം അത് ഒരു 'അഷ്ടപാദോപന്യാസ'ത്തിലെ ആദ്യഭാഗ
ങ്ങൾ പോലെയാണ്—അതായത് അതിലെ 'വിഷയാവതരണം, വിശദീക
രണം, പ്രഥമ വിവരണം എന്നിവപോലെയാണ് 36 . ആവേശജനകങ്ങളായ
പല ഭാഗങ്ങളും ഇനി വരാനിരിക്കുന്നതേയുള്ളൂ. ആഭ്യന്തരവും അന്താരാഷ്
ട്രീയവുമായ സാഹചര്യങ്ങളുടെ സ്വാധീനത്തിൻ കീഴിൽ ഭാവിസംഭവവികാ
സങ്ങൾ വളരെയേറെ ത്വരിപ്പിക്കപ്പെടും എന്നതിൽ സംശയമില്ല. അന്താരാ
ഷ്ട്രീയവും ആഭ്യന്തരവുമായ സ്ഥിതിയിൽ ഇതിനകംതന്നെ മാറ്റങ്ങൾ ഉ
ണ്ടായിക്കഴിഞ്ഞിട്ടുള്ളതുകൊണ്ടും, കൂടുതൽ വലിയ മാറ്റങ്ങൾ ഉണ്ടാകാതിരി
ക്കുന്നതുകൊണ്ടും മന്ദവികാസത്തിന്റെയും ഒറ്റപ്പെട്ടുനിന്നു പോരാടുന്നതിന്റെ
യും ഭൂതകാലാവസ്ഥയിൽനിന്ന് നാം ക്രമാധികമായി വളർന്നിരിക്കുന്നു
എന്നു പറയാവുന്നതാണ്. എന്നാൽ ഒററ രാത്രികൊണ്ടു വിജയം വരിക്കാൻ

കഴിയുമെന്ന നാം പ്രതീക്ഷിക്കരുത്. 'പ്രഭാതഭക്ഷണം കഴിക്കുന്നതിനു മുമ്പ
തന്നെ ശത്രുവിനെ തുടച്ചുനീക്കുന്നതിനുള്ള' അഭിലാഷം പ്രശംസനീയമാണ്,
പക്ഷെ അങ്ങിനെ ഉറക്കുന്നതിനു' സമൂർത്ത പദ്ധതികൾ ആവിഷ്കരിക്ക
ന്നതു ചീത്തയാണ്, ചൈനയിലെ പിന്തിരിപ്പൻ ശക്തികളെ നിരവധി സാ
മ്രാജ്യത്വശക്തികൾ പിന്താങ്ങുന്നതുകൊണ്ട്, നമ്മുടെ ആഭ്യന്തരവും ബാഹ്യ
വുമായ ശത്രുക്കളുടെ പ്രധാനസ്ഥാനങ്ങൾ തകർക്കുന്നതിന് ചൈനയിലെ
വിപ്ളവവിഭാഗങ്ങൾ വേണ്ടത്ര ശക്തി കെട്ടിപ്പടുക്കുന്നതുവരെയും മിക്കവാ
റും അന്താരാഷ്ട്രീയ വിപ്ളവശക്തികൾ തകർക്കുകയോ നിയന്ത്രിക്കുകയോ
ചെയ്യുന്നതുവരെയും നമ്മുടെ വിപ്ളവയുദ്ധം സുദീർഘവുമായ ഒന്നായി തുടരു
കതന്നെ ചെയ്യും. ദീർഘകാലയുദ്ധത്തിന്റെ തന്ത്രം ആവിഷ്കരിക്കുന്നതി
ന് ഈ സ്ഥാനത്തുനിന്ന് ആരംഭിക്കുകയെന്നതു് നമ്മുടെ തന്ത്രത്തെ നയിക്കു
ന്ന പ്രധാന പ്രമാണങ്ങളിൽ ഒന്നാണ്.

ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും ഇതിന്റെ മറുവശമാണ് സത്യ
മായിട്ടുള്ളത്-നീണ്ടുപോകലല്ല ശീഘ്രനിശ്ചയമാണ് ഇക്കാര്യത്തിൽ പ്രമാ
ണം. ശീഘ്രനിശ്ചയത്തിനുവേണ്ടി തേടുന്നതു് ക്യാമ്പെയിനുകളിലും പോ
രാട്ടങ്ങളിലുമാണ്; ഇതു് എല്ലാകാലങ്ങൾക്കും രാജ്യങ്ങൾക്കും ബാധകമായ
ഒരു സത്യമാണ്. ഒരു മൊത്തം യുദ്ധത്തിലും, എല്ലാകാലത്തും എല്ലാ രാജ്യ
ങ്ങളിലും ശീഘ്രനിശ്ചയമാണ് കാംക്ഷിക്കപ്പെടാറുള്ളത്; വളരെ നാളത്തേ
ക്കു നീണ്ടുപോകുന്ന യുദ്ധം ദോഷകരമായിട്ടാണ് പരിഗണിക്കപ്പെടാറുള്ളത്.
ഏതായാലും ചൈനയുടെ യുദ്ധം അടങ്ങയററത്തെ ക്ഷമയോടെ കൈകാര്യം
ചെയ്യപ്പെടുകയും ഒരു സുദീർഘയുദ്ധമായി കരുതപ്പെടുകയും ചെയ്യുന്നു. ലീ
ലിസാൻ ലൈൻ നടപ്പാക്കിയിരുന്ന കാലത്തു് നമ്മൾ കാര്യങ്ങൾ നടപ്പാക്കി
യ രീതിയെ ചിലയാളുകൾ നിഴൽയുദ്ധ അടവുകൾ (അതായതു് വലിയ പ
ട്ടണങ്ങൾ പിടിച്ചെടുക്കുന്നതിനുമുമ്പ് പിന്നോട്ടുപോയും മുന്നോട്ടുപോയും നി
രവധി ആയോധനങ്ങൾ നടത്തുന്ന നമ്മുടെ അടവുകൾ) എന്നു വിളിച്ചു പരി
ഹസിച്ചിരുന്നു. ഇക്കണക്കിന് തലമുടി നരച്ചാലും നാം വിപ്ളവത്തിന്റെ
വിജയം കാണാൻ പോകുന്നില്ലെന്ന് അവർ പറയുമായിരുന്നു. പക്ഷേ
അവരുടെ വിമർശനം തന്ത്രത്തിന്റെ കാര്യത്തിലല്ലാതെ ക്യാമ്പെയിനുകൾ
ക്കും പോരാട്ടങ്ങൾക്കുമാണ് ബാധകമാകുന്നതെങ്കിൽ താഴെപ്പറയുന്ന കാരണ
ങ്ങളാൽ അതു് പരിപൂർണമായും ശരിയാകുമായിരുന്നു. ഒന്ന്, ആയുധങ്ങ
ളുടെയും പ്രത്യേകിച്ചും വെടിക്കോപ്പുകളുടെയും നഷ്ടം നികത്തുന്നതിന് ചു
വപ്പുസേനയ്ക്ക് യാതൊരു ഉറവിടങ്ങളുമില്ല; രണ്ട്; ശത്രുവിന്റെ സൈനി
കശക്തി നിരവധി സൈനികശക്തികൾ അടങ്ങിയതാണെങ്കിൽ, ചുവപ്പു
സേനയാകട്ടെ ഒന്നു മാത്രമെയുള്ളു. അതു് ഓരോ 'വലയംചെയ്ത് അടിച്ചമ
ർത്തൽ' ക്യാമ്പെയിനും തകർക്കുന്നതിന് ഒന്നിനു പുറമെ മറ്റൊന്നായി വേഗ
ത്തിൽ പോരാട്ടങ്ങൾ നടത്താൻ തയ്യാറായിരിക്കണം; മൂന്ന് ശത്രുസൈ
ന്യങ്ങൾ മുന്നേറുന്നതു് പ്രത്യേകമായിട്ടാണെങ്കിലും അവയിൽ മിക്കതും അ
ന്യോന്യം ഏറെക്കുറെ അടുത്തു സ്ഥിതി ചെയ്യുന്നുണ്ട്; അവയിൽ ഒന്നിനെ
ആക്രമിക്കുന്നതിൽ നമുക്ക് ശീഘ്രനിശ്ചയം എടുക്കാൻ കഴിയുന്നില്ലെങ്കിൽ,
മററുള്ളവയെല്ലാം നമ്മുടെമേൽ തിരിഞ്ഞുവന്നു കേന്ദ്രീകരിക്കുന്നതായിരിക്കും.
ഇക്കാരണങ്ങളാൽ നമുക്ക് ശീഘ്രനിശ്ചയാടിസ്ഥാനത്താലുള്ള പോരാട്ട
ങ്ങൾ നടത്തേണ്ടതുണ്ട്. ഒരു പോരാട്ടം കുറച്ചു മണിക്കൂറുകൾക്കുള്ളിലോ
ഒന്നോ രണ്ടോ ദിവസങ്ങൾക്കുള്ളിലോ നടത്തി അവസാനിപ്പിക്കുക എന്നതു്
നമ്മെ സംബന്ധിച്ചിടത്തോളം സാധാരണ സംഭവിക്കുന്ന ഒരു കാര്യമാണ്.
നമ്മുടെ പദ്ധതി 'ശത്രുവിന്റെ പോഷകസേനകളെ അടിച്ചു വീഴ്ത്തുന്നതി
ന്നതിനുവേണ്ടി അവനെ ഉപരോധിക്കുക എന്നതായിരിക്കുകയും നമ്മുടെ
ലക്ഷ്യം ഉപരോധിത ശത്രുവിനെ അല്ലാതെ അവന്റെ പോഷകസേനകളെ



അടിച്ചുവീഴ്ത്തുക എന്നതായിരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഉപരോധ
പ്രവർത്തനങ്ങളിൽ ഒരു തോതുവരെയുള്ള ദീർഘീകരണത്തിന് നാം സന്ന
ദ്ധരാകാറുള്ളതു്. എങ്കിലും അപ്പോൾപോലും പോഷക സേനകൾക്കെതി
രെ നാം ശീഘ്രനിശ്ചയമെടുക്കാറുണ്ട്. നാം തന്ത്രപരമായി പ്രതിരോധ
ത്തിൽ ആയിരിക്കുകയും പിടിച്ചുനിൽക്കുന്ന യുദ്ധമുന്നണിയിൽ പിടിവാ
ശിയോടെ സ്ഥാനങ്ങൾ കാത്തുരക്ഷിക്കുകയും ചെയ്യുമ്പോൾ, അഥവാ തന്ത്ര
പരമായ കടന്നാക്രമണത്തിൽ, സഹായം കിട്ടാൻ നിവൃത്തിയില്ലാതെ കഴിയു
ന്ന ഒററപ്പെട്ട സേനകളെ ആക്രമിക്കുമ്പോൾ, അഥവാ നമ്മുടെ താവളപ്ര
ദേശങ്ങൾക്കുള്ളിലെ ശത്രുവിന്റെ ശക്തികേന്ദ്രങ്ങൾ ഇല്ലാതാക്കുമ്പോൾ കാ
മ്പെയിനുകളിലും പോരാട്ടങ്ങളിലും സുദീർഘപോരാട്ടങ്ങളുടെ ഒരു പദ്ധതി
പലപ്പോഴും പ്രയോഗിക്കപ്പെടുന്നുണ്ട്. പക്ഷെ ഇത്തരത്തിലുള്ള സുദീർഘസൈ
നിക പ്രവർത്തനങ്ങൾ പ്രധാന ചുവപ്പുസേനാവിഭാഗത്തെ അതിന്റെ ശീ
ഘ്രനിശ്ചയ പോരാട്ടങ്ങളിൽ തടസ്സപ്പെടുത്തുന്നതിനു പകരം സഹായിക്കുക
യാണു ചെയ്യുന്നതു്.

വെറുതെ ആവശ്യപ്പെടുന്നതുകൊണ്ടു മാത്രം ഒരു ശീഘ്രനിശ്ചയം എടുക്കാൻ
കഴിയുകയില്ല. മറിച്ച് അതിന് ചില പ്രത്യേക വ്യവസ്ഥകൾ വേണ്ടതു
ണ്ട്. അതിനു വേണ്ട പ്രധാന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്: അനു
യോജ്യമായ തയ്യാറെടുപ്പുകൾ; അനുകൂലസന്ദർഭം കടന്നുപിടിക്കൽ; മെച്ചപ്പെട്ട
സൈനിക ശക്തികളുടെ കേന്ദ്രീകരണം; വലയം ചെയ്യുകയും ശത്രുപാർശ്വത്തെ
ഭേദിച്ചു കടക്കുകയും ചെയ്യുന്ന അടവുകൾ, അനുകൂലമായ യുദ്ധഭൂഭാഗം, ശത്രു
നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അഥവാ നിശ്ചലമാണെങ്കിൽ സ്ഥാനം ഉറ
പ്പിക്കുന്നതിനുമുമ്പ് അതിനെ ആക്രമിക്കൽ; ഈ പറഞ്ഞ കാര്യങ്ങൾ ഇല്ലാ
ത്ത പക്ഷം കാമ്പെയിനിലോ പോരാട്ടത്തിലോ ശീഘ്രനിശ്ചയം എടുക്കുക
യെന്നതു് അസാദ്ധ്യമാണ്.

ശത്രുവിന്റെ ''വലയം ചെയ്ത് അടിച്ചമർത്ത''ലിനെ തകർക്കുകയെന്ന
തു് ഒരു മുഖ്യ ക്യാമ്പെയിനാണ്, എങ്കിൽ തന്നെയും അതിൽ പ്രായോഗികമാ
യിട്ടുള്ളതു് ദീർഘീകരണ പ്രമാണമല്ല, ശീഘ്രനിശ്ചയപ്രമാണമാണ്. എന്തു
കൊണ്ടെന്നാൽ താവളപ്രദേശത്തെ മനുഷ്യശക്തിയും ധനവിഭവങ്ങളും സൈ
നിക ശേഷിയും ദീർഘീകൃതാവസ്ഥയെ അനുവദിക്കുന്നില്ല.

ശീഘ്ര തീരുമാനമാണ് പൊതുപ്രമാണമെങ്കിലും അമിതമായ അക്ഷമ
യെ എതിർക്കേണ്ടതുണ്ട്. ഒരു വിപ്ളവ താവളപ്രദേശത്തെ സമുന്നത സൈ
നിക രാഷ്ട്രീയ നേതൃഘടകം അതിന്റെ താവളപ്രദേശത്തെ സാഹചര്യങ്ങ
ളും ശത്രുവിന്റെ ക്രൂരതകളുംമൂലം ഭയചകിതരാവാതിരിക്കയും സഹിക്കാൻ
കഴിയുന്ന ബുദ്ധിമുട്ടുകൾ കൊണ്ട് നിരുത്സാഹപ്പെടാതിരിക്കുകയും, തിരിച്ച
ടികൾ കൊണ്ട് നിരാശരാവാതിരിക്കുകയും ചെയ്യേണ്ടതു് തികച്ചും ആവശ്യ
മാണ്, അതിന് അവശ്യം വേണ്ട ക്ഷമയും സഹന ശക്തിയും ഉണ്ടായിരിക്ക
ണം. കിയാങ്സി പ്രവിശ്യയിൽ ശത്രുവിന്റെ ഒന്നാം ''വലയം ചെയ്ത്
അടിച്ചമർത്തൽ'' ക്യാമ്പെയിൻ തകർക്കുന്നതിന് ഒന്നാം യുദ്ധം മുതൽ അവ
സാനത്തേതുവരെ ഒരാഴ്ചമാത്രമെ എടുത്തുള്ളു; രണ്ടാമത്തു് കഷ്ടിച്ച് ഒരാഴ്ച
ക്കാലത്തിനുള്ളിൽ തകർക്കപ്പെട്ടു, മൂന്നാമത്തേതു് അടിച്ചമർത്തുന്നതിന് മൂന്നു
മാസം വേണ്ടിവന്നു; നാലാമത്തേതു് മൂന്നാഴ്ച എടുത്തു; അഞ്ചാമത്തേതു് ഒരു
വർഷം മുഴുവൻ നമ്മുടെ ക്ഷമ പരീക്ഷിച്ചു. ശത്രുവിന്റെ അഞ്ചാം ക്യാമ്പെ
യിൻ തകർക്കുന്നതിൽ പരാജയപ്പെട്ടതിനുശേഷം അവന്റെ വലയം ഭേദിച്ച്
പുറത്തു കടക്കാൻ നിർബന്ധിതരായപ്പോൾ നാം ന്യായീകരിക്കാനാവാത്ത
ധൃതി കാണിക്കുകയുണ്ടായി. അന്ന് നിലവിലിരുന്ന സാഹചര്യങ്ങളിൽ

സൈനികർക്ക് അല്പം വിശ്രമം കൊടുത്തും അവരെ പുനഃസംഘടിപ്പിച്ചും രണ്ടോ മൂന്നോമാസം തീർച്ചയായും നമുക്ക് പിടിച്ചു നിൽക്കാൻ കഴിയുമായിരുന്നു. അതു് ചെയ്യുകയും വലയം ഭേദിച്ചു പുറത്തുകടന്നതിനുശേഷം നേതൃത്വം അല്പം കൂടി ബുദ്ധിപൂർവ്വം പെരുമാറുകയു, ചെയ്തിരുന്നെങ്കിൽ അതിന്റെ അനന്തരഫലം തികച്ചും വ്യത്യസ്തമായിരിക്കുമായിരുന്നു.

ഇതെല്ലാമാണെങ്കിലും കഴിഞ്ഞ എല്ലാരീതിയിലും ക്യാമ്പെയിനിന്റെ കാലദൈർഘ്യം ചുരുക്കുക എന്ന തത്വം പ്രസക്തമായിത്തന്നെ നിലകൊള്ളുന്നു. ആന്തരിക നിരകളിൽ (അതായതു് താവളപ്രദേശത്തു്) ശത്രുവിന്റെ ഫലപ്രദമായ ശക്തിയെ നശിപ്പിക്കുന്ന കാര്യത്തിൽ ഉറപ്പുവരുത്തുന്നതിനും അവന്റെ ''വലയം ചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിനിനെ വേഗം പരാജയപ്പെടുത്തുന്നതിനും വേണ്ടി ക്യാമ്പെയിൻ, പോരാട്ട പദ്ധതികൾ എന്നിവ സൈനികരുടെ കേന്ദ്രീകരണത്തിലും ചലനാത്മകയുദ്ധത്തിലും മററും നമ്മുടെ പരമാവധി പരിശ്രമം വേണമെന്നു് ആവശ്യപ്പെടണം. പക്ഷെ നമ്മുടെ ആന്തരിക നിരകളിന്മേൽ ക്യാമ്പെയിൻ അവസാനിപ്പിക്കാൻ കഴിയുകയില്ലെന്നു് വ്യക്തമായ സ്ഥലങ്ങളിൽ ശത്രുവിന്റെ വലയത്തെ ഭേദിച്ചു പുറത്തുകടക്കുന്നതിനും ശത്രുവിനെ നമ്മുടെ ബാഹ്യനിരകളിൽ വച്ചു് (അതായതു് ശത്രുവിന്റെ ആന്തരിക നിരകളിൽ വച്ചു്) പരാജയപ്പെടുത്തുന്നതിനു് അങ്ങോട്ട തിരിയുന്നതിനും നാം പ്രധാനചുവപ്പു സേനാവിഭാഗത്തെ വ്യാപൃതമാക്കണം. ഇപ്പോൾ ശത്രു ബ്ലോക്ക് ഹൗസ് യുദ്ധരീതി ഉയർന്ന തോതിൽ വികസിപ്പിച്ചിട്ടുള്ളതിനാൽ മേൽപറഞ്ഞതു് നമ്മുടെ സാധാരണ പ്രവർത്തനരീതിയായിത്തീരും. ഫുക്കിയെൻ സംഭവകാലത്തു്[37] നമ്മുടെ അഞ്ചാം എതിർ ക്യാമ്പെയിൻ ആരംഭിച്ചു് രണ്ടു മാസം കഴിഞ്ഞു് ചുവപ്പുസേനയുടെ പ്രധാന ശക്തികൾ ചെക്കിയാങ്ങ് കേന്ദ്രമായുള്ള കാങ്ങ്സു–ചെക്കിയാങ്ങ്_ആൻവെയ്_ക്യാങ്ങ്സീ പ്രദേശത്തേക്ക് നിസ്സംശയമായും തള്ളിക്കയറണമായിരുന്നു; നമ്മുടെ തന്ത്രപരമായ പ്രതിരോധത്തെ തന്ത്രപരമായ കടന്നാക്രമണമാക്കി മാററിക്കൊണ്ടും ശത്രുവിന്റെ സജീവ കേന്ദ്രങ്ങളെ ശല്യപ്പെടുത്തിക്കൊണ്ടും ബ്ലോക്ക് ഹൗസ് പ്രതിരോധങ്ങളില്ലാതിരുന്ന വിശാലമായ പ്രദേശങ്ങളിൽ പോരാട്ടത്തിനു ശ്രമം നടത്തിയും ഹങ്ങ്ചൗ, സൂചൗ, നാൻകിങ്ങ്, വുഹു, നാൻചാങ്ങ്, ഫൂചൗ എന്നിവയ്ക്കിടയ്ക്കുള്ള പ്രദേശത്തു് ഉടനീളം ശത്രുവിനെ തുടച്ചു നീക്കണമായിരുന്നു. ഇത്തരം മാർഗങ്ങൾവഴി തെക്കൻ ക്യാങ്ങ്സിയും പടിഞ്ഞാറൻ ഫുക്കിയെനും ആക്രമിച്ചു കൊണ്ടിരുന്ന ശത്രുവിനു് അവന്റെ സജീവ കേന്ദ്രങ്ങൾ കാത്തുരക്ഷിക്കാൻ തിരിച്ചു പോകുന്നതിനു് നിർബ്ബന്ധിക്കാൻ നമുക്കു കഴിയുമായിരുന്നു. കൂടാതെ ക്യാങ്ങ്സിയിലെ താവളപ്രദേശത്തിന്റെ നേർക്കുള്ള അവന്റെ ആക്രമണത്തെ തകർക്കാനും ഫുക്കിയെൻ ജനകീയ ഗവമെൻറിനെ സഹായം നൽകാനും നമുക്കു കഴിയുമായിരുന്നു. തീർച്ചയായും നമുക്ക് ഫുക്കിയെൻ ജനകീയ ഗവൺമെൻറിനെ ഈ രീതിയിൽ സഹായിക്കാമായിരുന്നു. ഈ പദ്ധതി ഉപേക്ഷിച്ചതുകൊണ്ടു് ശത്രുവിന്റെ അഞ്ചാം ''വലയം ചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിൻ തകർക്കാൻ കഴിഞ്ഞില്ല; ഫുക്കിയെനിലെ ജനകീയ ഗവൺമെൻറ അനിവാര്യമായും നിലം പതിക്കുകയും ചെയ്തു. ഒരു വർഷത്തെ പോരാട്ടത്തിനുശേഷംപോലും ചെക്കിയാങ്ങിലേക്ക് മുന്നേറുന്നതു് നമ്മെ സംബന്ധിച്ചിടത്തോളം അനവസരമായിത്തീർന്നിരുന്നെങ്കിൽ തന്നെയും നമ്മുടെ പ്രധാന ശക്തികളെ ഹുനാനിലേക്കു നീക്കിക്കൊണ്ടു്, അതായതു് ഹുനാനിലൂടെ ക്വെയ്ചൗവിലേക്കു പോകുന്നതിനു പകരം മദ്ധ്യഹുനാനിലേക്ക് പാഞ്ഞു കയറിക്കൊണ്ടു് മറെറാരു ദിശയെ ലക്ഷ്യമാക്കി തന്ത്രപരമായ കടന്നാക്രമണത്തിലേക്ക് അപ്പോഴും തിരിയാൻ കഴിയുമായിരുന്നു; ഈ രീതിയിൽ ശത്രുവിനെ ക്യാങ്ങ്സിയിൽ നിന്നു് ഹുനാനിലേക്ക് കൗശലപൂർവ്വം നീക്കിക്കൊണ്ടുവന്നു് അവിടെവച്ചു് നശിപ്പിക്കുകയും ചെയ്യാമായിരുന്നു. ഈ പദ്ധതിയും ഉപേക്ഷിക്കപ്പെട്ടതുകൊണ്ടു് ശത്രുവിന്റെ അഞ്ചാം ക്യാമ്പെയിൻ തകർക്കുകയെന്ന എല്ലാ പ്രതീക്ഷയും അവസാനം തകർക്കപ്പെട്ടു. അതോടെ ലോങ്ങ്മാർച്ചിനു ഇറങ്ങിത്തിരിക്കുക എന്നല്ലാതെ മറെറാരു പോംവഴിയും നമ്മുടെ മുമ്പിൽ ഇല്ലാതെവന്നു.



## 9. ഉന്മൂലനയുദ്ധം

ഇന്നു് ചൈനീസ് ചുവപ്പു സേനയെ സംബന്ധിച്ചിടത്തോളം ''ക്രമേണ ഇല്ലാതാക്കൽ മത്സര''ത്തിനുവേണ്ടി വാദിക്കുന്നതു് അനുചിതമാണു്. മിഥ്യാ സമ്പന്നൻ തമ്മിലല്ലാതെ മിഥ്യാസർപ്പവും ഒരു യാചകനും തമ്മിൽ ''നിധികുംഭങ്ങൾക്കു വേണ്ടി മത്സരിക്കുന്നതു്'' ഏറെക്കുറെ പരിഹാസ്യമാണു്. സ്വന്തം ആവശ്യവസ്തുക്കളിൽ ഏറെക്കുറെയെല്ലാം ശത്രുവിൽ നിന്നു ലഭിക്കുന്ന ചുവപ്പുസേനയെ സംബന്ധിച്ചിടത്തോളം ഉന്മൂലനയുദ്ധം അടിസ്ഥാന നയമാണു്. ശത്രുവിന്റെ ഫലപ്രദമായ ശക്തിയെ ഉന്മൂലനം ചെയ്യുന്നതു വഴിമാത്രമെ നമുക്ക് അവന്റെ ''വലയം ചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിനുകളെ തകർക്കുന്നതിനു് കഴിയുകയുള്ളു. മാരകമായി മുറിവേൽപിക്കൽ ശത്രുവിനെ ഉന്മൂലനം ചെയ്യുന്നതിനുള്ള ഒരു ഉപാധിയാണു്; ഇല്ലാത്ത പക്ഷം അതിൽ യാതൊരു അർത്ഥവുമില്ല. ശത്രുവിന്റെമേൽ മാരകമായ മുറിവേൽപിക്കൽ നടത്തുമ്പോൾ നമുക്കും നഷ്ടങ്ങളുണ്ടാകാറുണ്ടു്, പക്ഷെ അവന്റെ സൈനിക ഘടകങ്ങളെ ഉന്മൂലനം ചെയ്താണു് നാം ആ കുറവു് നികത്തുന്നതു്. അതുവഴി നാം നമ്മുടെ നഷ്ടം നികത്തുന്നതിനും പുറമെ നമ്മുടെ സൈന്യത്തിന്റെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ശത്രു തുരത്തപ്പെടുന്ന ഒരു യുദ്ധം അതിശക്തനായ ഒരു ശത്രുവുമായുള്ള മത്സരത്തിൽ അടിസ്ഥാനപരമായി നിർണ്ണായകമായ ഒന്നല്ല, നേരെമറിച്ചു് ഒരു ഉന്മൂലനയുദ്ധം ഏതു ശത്രുവിന്റെമേലും വലുതും അടിയന്തിരവുമായ ഒരു ആഘാതം ഏൽപ്പിക്കുന്നു. ഒരു മനുഷ്യന്റെ പത്തുവിരലുകളിലും മുറിവേൽപ്പിക്കുന്നതു് ഒരെണ്ണം മുറിച്ചുകളയുന്നയത്ര ഫലപ്രദമല്ല. അതുപോലെതന്നെ പത്തു് ശത്രു ഡിവിഷനുകളെ തുരത്തിയോടിക്കുന്നതു് അവയിൽ ഒരെണ്ണത്തിനെ ഉന്മൂലനം ചെയ്യുന്നിടത്തോളം ഫലപ്രദമല്ല.

ശത്രുവിന്റെ ഒന്നും, രണ്ടും, മൂന്നും, നാലും ''വലയം ചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിനുകളെ കൈകാര്യം ചെയ്യുന്ന നമ്മുടെ രീതി ഉന്മൂലനയുദ്ധമായിരുന്നു. ഓരോ ക്യാമ്പെയിനിലും ഉന്മൂലനം ചെയ്യപ്പെട്ട സേനകൾ മൊത്തം സൈനിക ശക്തിയുടെ ഒരു ഭാഗം മാത്രമേ വരുമായിരുന്നുള്ളു. എങ്കിലും ഈ ''വലയം ചെയ്തു് അടിച്ചമർത്തൽ'' ക്യാമ്പെയിനുകളെല്ലാം തകർക്കപ്പെട്ടു. ഏതായാലും നമ്മുടെ അഞ്ചാം എതിർ ക്യാമ്പെയിനിൽ നേരെ വിപരീതമായ നയം പിൻതുടരുകയും, അതു് യഥാർത്ഥത്തിൽ സ്വന്തം കാര്യങ്ങൾ നേടുന്നതിനു് ശത്രുവിനെ സഹായിക്കുകയും ചെയ്തു.

ഉന്മൂലനയുദ്ധം കൂടുതൽ മെച്ചപ്പെട്ട സൈനിക ശക്തികളുടെ കേന്ദ്രീകരണവും ചുററിവളയുന്നതോ, പാർശ്വത്തെ ലംഘിച്ചു് കടക്കുന്നതോ ആയ അടവുകൾ സ്വീകരിക്കലും ആവശ്യമാക്കിത്തീർക്കുന്നു. ഇതിൽ രണ്ടാമത്തു് പറഞ്ഞതില്ലാതെ ആദ്യത്തേതു് ഉണ്ടായിരിക്കാൻ കഴിയുകയില്ല. ജനകീയ പിന്തുണ, അനുകൂലമായ യുദ്ധഭൂഭാഗം, ഭേദ്യമായ ശത്രുസൈന്യം, അപ്രതീക്ഷിതമായ ആക്രമണത്തിന്റെ പ്രയോജനം എന്നീ വ്യവസ്ഥകളെല്ലാം ഉന്മൂലന ലക്ഷ്യത്തിനു് ഒഴിച്ചുകൂടാൻ വയ്യാത്തവയാണു്.

ഒരു ശത്രുസൈന്യത്തെ വെറുതെ തുരത്തിയോടിക്കുന്നതിനോ രക്ഷപ്പെടാൻ അനുവദിക്കുന്നതിനോ അർത്ഥമുള്ളതു്, മൊത്തത്തിൽ ഒരു പോരാട്ടത്തി

ലോ ക്യാമ്പെയിനിലോ, നമ്മുടെ പ്രധാന സൈന്യം മറ്റൊരു ശത്രുസൈന്യത്തിനെതിരെ അതിന്റെ ഉന്മൂലന പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുമ്പോൾ മാത്രമാണ്, അല്ലാത്തപക്ഷം അതിന് അർത്ഥവുമില്ല. ഇവിടെ നഷ്ടങ്ങളെ ലാഭങ്ങൾ ന്യായീകരിക്കുന്നു.

നമ്മുടെ സ്വന്തമായ യുദ്ധവ്യവസായം സ്ഥാപിക്കുമ്പോൾ നാം സ്വയം അതിനെ ആശ്രയിക്കുന്നതായിത്തീരുന്നതു് അനുവദനീയമല്ല. നമ്മുടെ അടിസ്ഥാന നയം സാമ്രാജ്യത്വ രാജ്യങ്ങളുടെയും, നമ്മുടെ ആഭ്യന്തര ശത്രുവിന്റെയും യുദ്ധവ്യവസായങ്ങളെ ആശ്രയിക്കുക എന്നതാണ്. ലണ്ടനിലെയും ഹാൻയാങ്ങിലെയും യുദ്ധോപകരണ നിർമ്മാണശാലകളുടെ ഉൽപന്നങ്ങളുടെമേൽ നമുക്ക് ഒരു അവകാശമുണ്ട്; മാത്രമല്ല അതു് നമുക്ക എത്തിച്ചുതരുന്നതു് ശത്രുവിന്റെ ട്രാൻസ്പോർട്ട് സേനയാണ്. ഇതാണ് പച്ചപ്പരമാർത്ഥം; ഇതൊരു തമാശയല്ല.

## കുറിപ്പുകൾ

1. തന്ത്രത്തിന്റെ ശാസ്ത്രവും ക്യാമ്പെയിനുകളുടെ ശാസ്ത്രവും അടവുകളുടെ ശാസ്ത്രവും എല്ലാം ചൈനീസ് സൈനിക ശാസ്ത്രത്തിന്റെ ഘടകങ്ങളാണ്. തന്ത്രത്തിന്റെ ശാസ്ത്രം ഒരു യുദ്ധസ്ഥിതിയെ മൊത്തത്തിൽ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. ക്യാമ്പെയിനുകളുടെ ശാസ്ത്രം ക്യാമ്പെയിനുകളെ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുകയും ക്യാമ്പെയിനുകളെ നയിക്കുന്നതിൽ പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു. അടവുകളുടെ ശാസ്ത്രം പോരാട്ടങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുകയും പോരാട്ടങ്ങളെ നയിക്കുന്നതിൽ പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു.

2. സുൺവുടസ്സു, അഥവാ സുൺവു ബി. സി. 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രസിദ്ധനായ ചൈനീസ് സൈനിക ശാസ്ത്രജ്ഞനാണ്. യുദ്ധത്തെപ്പറ്റി പതിമൂന്ന് അദ്ധ്യായങ്ങളടങ്ങിയ 'സുൺടസ്സു' എന്ന ഒരു പ്രബന്ധം അദ്ദേഹം എഴുതിയിട്ടുണ്ട്. അതിലെ 'ആക്രമണത്തിന്റെ തന്ത്രം' എന്ന ശീർഷകത്തിലുള്ള 3-ാം അദ്ധ്യായത്തിൽ നിന്നാണ് ഈ ഉദ്ധരണി എടുത്തിട്ടുള്ളതു്.

3. സഖാവ് മാവോസെതുങ്ങ് 1936-ൽ ഈ ലേഖനം എഴുതിയ സമയത്തു്, 1921 ജൂലൈയിൽ ചൈനീസ് കമ്യൂണിസ്റ്റുപാർട്ടി സ്ഥാപിച്ചതിനു ശേഷം ശരിക്കും പതിനഞ്ചുവർഷം കഴിഞ്ഞിരുന്നു.

4. ചെൻ ടു-സ്യു ആദ്യം പീക്കിങ്ങ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായിരുന്നു. 'ന്യൂയൂത്ത്' എന്ന മാസികയുടെ ഒരു പത്രാധിപരെന്ന നിലയിൽ അദ്ദേഹം പ്രസിദ്ധനായിത്തീർന്നു. അദ്ദേഹം ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ സ്ഥാപകന്മാരിലൊരാളായിരുന്നു. മെയ് നാല് പ്രസ്ഥാനകാലത്തു് തനിക്കുണ്ടായിരുന്ന പ്രശസ്തികൊണ്ടും ആരംഭകാലത്തു് പാർട്ടിയുടെ പക്വതക്കുറവുമൂലവും അദ്ദേഹം പാർട്ടിയുടെ ജനറൽ സെക്രട്ടറിയായി. 1924-27 ലെ വിപ്ലവത്തിന്റെ അവസാനകാലത്തു് പാർട്ടിയിൽ ചെൻ ടു-സ്യു പ്രതിനിധീകരിച്ച വലതുപക്ഷ ചിന്താഗതിക്കാർ കീഴടങ്ങൽ ലൈൻ വളർത്തുകയുണ്ടായി. ആ കാലത്തു്-കീഴടങ്ങൽ വാദികൾ 'സ്വപ്രേരിതമായിത്തന്നെ കർഷക ബഹുജനങ്ങൾ, നഗര പെറ്റിബൂർഷ്വാസി എന്നിവരുടെ മേലും പ്രത്യേകിച്ചും സായുധ സേനകളുടെ മേലും പാർട്ടിയ്ക്കുള്ള നേതൃത്വം



ഉപേക്ഷിക്കുകയും അങ്ങിനെ വിപ്ലവത്തിന്റെ തോൽവിക്കു കാരണം സൃഷ്ടിക്കുകയുമുണ്ടായി.' എന്നു് സഖാവ് മാവോ സെതുങ്ങ് അഭിപ്രായപ്പെട്ടു ('ഇപ്പോഴത്തെ സ്ഥിതിയും നമ്മുടെ കടമകളും', മാവോ സെതുങ്ങിന്റെ തെരഞ്ഞെടുത്ത കൃതികൾ, ഇംഗ്ലീഷ്, പീക്കിങ്ങ്, 1961 വാല്യം 4 പേജ് 171). 1927-ലെ തോൽവിക്കുശേഷം ചെൻ ടു-സ്യുവിനും കൈവിരലിലെണ്ണാവുന്ന മററു ചില കീഴടങ്ങൽ വാദികൾക്കും വിപ്ലവത്തിന്റെ ഭാവിയിൽ വിശ്വാസം നശിക്കുകയും അവർ പിരിച്ചുവിടൽ വാദികളായിത്തീരുകയും ചെയ്തു. അവർ പിന്തിരിപ്പൻ ട്രോട്സ്കിയിസ്റ്റ് നിലപാടു സ്വീകരിക്കുകയും ട്രോട്സ്കിയററുകളോടു കൂടിച്ചേർന്നുകൊണ്ട് ഒരു പാർട്ടിവിരുദ്ധ ഗ്രൂപ്പു രൂപീകരിക്കുകയും ചെയ്തു. തൽഫലമായി ചെൻ ടു-സ്യുവിനെ 1929 നവമ്പറിൽ പാർട്ടിയിൽ നിന്നു് പുറത്താക്കി. 1942-ൽ അദ്ദേഹം മരിച്ചു.

5. 'ലി ലിസാൻ ലൈൻ' എന്നു് പൊതുവിൽ അറിയപ്പെടുന്ന ലി ലി-സാന്റെ 'ഇടതുപക്ഷ' അവസരവാദം, 1930 ജൂൺ മുതൽ ഏകദേശം മൂന്നു മാസക്കാലം പാർട്ടിയിൽ നിലനിന്നിരുന്ന 'ഇടതു' പക്ഷ അവസരവാദ ലൈനിനെയാണ് സൂചിപ്പിക്കുന്നതു്. സഖാവ് ലി ലി-സാനായിരുന്നു ഈ ലൈനിനെ പ്രതിനിധീകരിച്ചതു്. അന്നു് അദ്ദേഹം ചൈനീസ് കമ്യൂണിസ്റ്റുപാർട്ടി കേന്ദ്രക്കമ്മിറ്റിയിലെ ഏററവും സ്വാധീനമുള്ള നേതാവായിരുന്നു. ലി ലി-സാൻ ലൈനിന്റെ സ്വഭാവ വിശേഷങ്ങൾ താഴെപറയുന്നവയായിരുന്നു:—പാർട്ടിയുടെ ആറാം ദേശീയ കോൺഗ്രസ്സ് ലൈനിന്റെ ലംഘനം; വിപ്ലവം നടത്തുന്നതിന് ബഹുജനശക്തി വളർത്തേണ്ടതുണ്ടെന്നും വിപ്ലവത്തിന്റെ വളർച്ച അസമമാണെന്നുമുള്ള വസ്തുതയുടെ നിഷേധം; വളരെ നീണ്ട ഒരു കാലത്തേക്ക് നാം ഗ്രാമീണ താവളപ്രദേശങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാനമായും ശ്രദ്ധകേന്ദ്രീകരിക്കണമെന്നും നഗരങ്ങളെ വലയം ചെയ്യാൻ ഗ്രാമപ്രദേശങ്ങളെ ഉപയോഗിക്കണമെന്നും രാജ്യവ്യാപകമായി വിപ്ലവത്തിന്റെ വേലിയേററത്തെ പുരോഗമിപ്പിക്കുന്നതിനു് ഈ താവളങ്ങളെ പ്രയോജനപ്പെടുത്തണമെന്നുമുള്ള സഖാവ് മാവോ സെതുങ്ങിന്റെ ആശയങ്ങളെ 'കർഷക മനോഭാവത്തിന്റെ സവിശേഷതയായി', അങ്ങേയററം തെററായ പ്രാദേശികതയും യാഥാസ്ഥിതികത്വവുമായി കണ്ടതൽ, രാജ്യത്തൊട്ടാകെ ഉടനടി സായുധ കലാപങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തണമെന്ന് അതു് അഭിപ്രായപ്പെട്ടു. തെററായ ഈ ലൈനിന്റെ അടിസ്ഥാനത്തിൽ രാജ്യത്തൊട്ടുക്ക് പ്രധാനനഗരങ്ങളിൽ ഉടനടി സായുധ കലാപങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ഒരു സാഹസിക പദ്ധതി ലി ലിസാൻ തയ്യാറാക്കി. അതേസമയം ലോകവിപ്ലവത്തിന്റെ അസമ വികാസത്തെ അംഗീകരിക്കാൻ അദ്ദേഹം കൂട്ടാക്കിയിരുന്നില്ല. ചൈനീസ് വിപ്ലവത്തിന്റെ പൊതുവായ ആരംഭം അനിവാര്യമായും ലോകവിപ്ലവത്തിന്റെ പൊട്ടിത്തെറിക്കലിന് വഴിയൊരുക്കുമെന്നും അതില്ലാതെ ചൈനീസ് വിപ്ലവത്തിനു് വിജയിക്കാൻ കഴിയുകയില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ചൈനീസ് ബൂർഷ്വാ-ജനാധിപത്യവിപ്ലവത്തിന്റെ സുദീർഘ സ്വഭാവം അംഗീകരിക്കാനും അദ്ദേഹം കൂട്ടാക്കിയില്ല. ഒന്നോ രണ്ടോ പ്രവിശ്യകളിൽ വിജയത്തിന്റെ ആരംഭമുണ്ടായാൽ സോഷ്യലിസ്റ്റു വിപ്ലവത്തിലേക്കുള്ള പരിവർത്തനം തുടങ്ങുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെ അയോഗ്യവും 'ഇടതു' പക്ഷ അവസരവാദപരവുമായ നിരവധിനയങ്ങൾ അദ്ദേഹം ആവിഷ്ക്കരിച്ചു. സഖാവു് മാവോ സെതുങ്ങ് തെററായ ഈ ലൈനിനെ എതിർത്തു. പാർട്ടിയിലെ വലിയ സംഖ്യവരുന്ന കേഡറന്മാരും അംഗങ്ങളും ഈ ലൈൻ തിരുത്തണമെന്ന് ആവശ്യപ്പെട്ടു. 1940 സെപ്റ്റംബർ മാസത്തിൽ കൂടിയ പാർട്ടിയുടെ ആറാം കേന്ദ്രക്കമ്മ

ററി വിപ്ലവത്തിൽ സഖാവ് ലി ലിസാൻ സ്വന്തം തെററുതിരുത്തുകയുണ്ടായി. കേന്ദ്രക്കമ്മററിയിൽ തനിക്കുള്ള നേതൃസ്ഥാനവും അദ്ദേഹം ഉപേക്ഷിച്ചു. വളരെ ദീർഘമായ കാലയളവിനുള്ളിൽ ലി ലി-സാൻ തൻെറ തെററായ വീക്ഷണങ്ങൾ തിരുത്തുകയുണ്ടായി. ഇക്കാരണത്താൽ പാർട്ടിയുടെ ഏഴാം ദേശീയ കോൺഗ്രസ്സിൽ വച്ച് അദ്ദേഹം കേന്ദ്രകമ്മിററിയിലേക്കു വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

6. പാർട്ടിയുടെ ആറാം കേന്ദ്രകമ്മിററിയുടെ മൂന്നാം പ്ളീനറി സമ്മേളനം 1930 സെപ്റ്റംബർ മാസത്തിലാണ് കൂടിയത്. തുടർന്നുണ്ടായ കേന്ദ്ര നേതൃത്വഘടകം ലി ലി_സാൻ ലൈൻ അവസാനിപ്പിക്കാൻ ഗുണാത്മകമായ പല നടപടികളും കൈക്കൊണ്ടു. എങ്കിലും ചെൻ സാവോ_യു (വാങ്ങ് മിങ്ങ്) വിൻെറയും ചിൻ വാങ്ങ്-സിയൻ (പോകു) ൻെറയും നേതൃത്വത്തിൽ, പ്രായോഗികവിപ്ളവ സമരത്തിൽ പരിചയമില്ലാത്ത നിരവധി സഖാക്കൾ കേന്ദ്രകമ്മിററിയുടെ നടപടികളെ എതിർത്തു രംഗത്തുവന്നു. 'രണ്ടു ലൈനുകൾ, അഥവാ ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ തുടർന്നുള്ള ബോൾഷെവീകരണത്തിനുള്ള സമരം' എന്ന ലഘുലേഖയിൽ അവർ ശക്തമായി പ്രഖ്യാപിച്ചതു് പാർട്ടിയിലെ അപ്പോഴത്തെ പ്രധാന വിപത്തു് 'ഇടതുപക്ഷ' അവസരവാദമല്ല, വലതുപക്ഷ അവസരവാദമാണ് എന്നായിരുന്നു. തങ്ങളുടെ പ്രവർത്തനങ്ങളെ സാധൂകരിക്കാൻ അവർ ലിലിസാൻ ലൈനിനെ 'വലതുപക്ഷാപാളിച്ച'യായി 'വിമർശിക്കുക'യുണ്ടായി. അവർ മുന്നോട്ടു വച്ച പുതിയരാഷ്ട്രീയ പരിപാടി ലി ലി_സാൻ ലൈനിനെയും, മററ് 'ഇടതു്' ആശയങ്ങളെയും നയങ്ങളെയും തുടരുകയും പുനരുജ്ജീവിപ്പിക്കുകയും വികസിപ്പിക്കുകയുമാണു ചെയ്തതു്. ഈ പരിപാടിയിലൂടെ അവർ സഖാവ് മാവോ സെതുങ്ങിൻെറ ശരിയായ ലൈനിനെതിരായി അവതരിപ്പിച്ചു. സഖാവ് മാവോ സെതുങ്ങ് 'ചൈനീസ് വിപ്ളവയുദ്ധത്തിൽ തന്ത്രത്തിൻെറ പ്രശ്നങ്ങൾ' എന്ന ഈ ലേഖനം എഴുതിയതു് പ്രധാനമായും പുതിയ 'ഇടതുപക്ഷ' അവസരവാദ ലൈനിലെ സൈനികമായ പിശകുകളെ വിമർശിക്കാൻ വേണ്ടിയായിരുന്നു. 1931 ജനുവരിയിൽ കൂടിയ ആറാം കേന്ദ്രകമ്മിററിയുടെ നാലാം പ്ളീനറി സമ്മേളനം മുതൽ 1935 ജനുവരിയിൽ കൈ്വയ്ചൗ പ്രവിശ്യയിൽ ട്സൂൻയിയിൽ കേന്ദ്രകമ്മിററി വിളിച്ചു കൂട്ടിയ പോളിററ് ബ്യൂറോ മീററിങ്ങിൻെറ കാലംവരെ ഈ ലൈൻ പ്രാമുഖ്യം വഹിച്ചിരുന്നു. 1935 ജനുവരിയിലെ പോളിററ് ബ്യൂറോ മീററിങ്ങ് തെററായ ഈ ലൈനിൻെറ ആധിപത്യം അവസാനിപ്പിക്കുകയും സഖാവ് മാവോ സെതുങ്ങിൻെറ നേതൃത്വത്തിലുള്ള കേന്ദ്ര നേതൃത്വം സ്ഥാപിക്കുകയും ചെയ്തു. തെററായ 'ഇടതു' ലൈൻ പാർട്ടിയിൽ ദീർഘകാലം (നാലുവർഷം) ആധിപത്യം ചെലുത്തുകയും അത്യധികം ഭാരിച്ച നഷ്ടങ്ങൾ വരുത്തുകയും ചെയ്തു. ഇതു മൂലം പാർട്ടിക്കും വിപ്ളവത്തിനും വിനാശകരമായ അനന്തര ഫലങ്ങളാണ് ഉണ്ടായിട്ടുള്ളതു്; കൂടാതെ ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിക്കും, ചുവപ്പുസേനക്കും അതിൻെറ താവള പ്രദേശങ്ങൾക്കും 90 ശതമാനത്തിൻെറ നഷ്ടം സഹിക്കേണ്ടിവരികയും ചെയ്തു. വിപ്ളവതാവള പ്രദേശങ്ങളിലെ ദശലക്ഷക്കണക്കിനാളുകൾക്ക് ക്വമിന്താങ്ങിൻെറ ക്രൂരമർദ്ദനം അനുഭവിക്കേണ്ടി വന്നു, ചൈനീസ് വിപ്ളവത്തിൻെറ പുരോഗതി തടയപ്പെട്ടു. തെററു ചെയ്ത സഖാക്കളിൽ വമ്പിച്ച ഭൂരിപക്ഷവും അനുഭവത്തിൽ നിന്നുള്ള പഠനത്തിൻെറ സുദീർഘ പ്രക്രിയയിലൂടെ തെററുകൾ മനസ്സിലാക്കുകയും തിരുത്തുകയും, പാർട്ടിക്കും ജനങ്ങൾക്കും വേണ്ടി ധാരാളം നല്ല പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. സഖാവ് മാവോസെതുങ്ങിൻെറ നേതൃത്വത്തിൽ ഇവർ ഒരു പൊതു രാഷ്ട്രീയ ധാരണയുടെ അടിസ്ഥാനത്തിൽ മററു സഖാക്കളോടൊപ്പം ഒററക്കെട്ടായി പ്രവർത്തനത്തിൽ ഏർപ്പെട്ടു.



7. ചാങ്ങ് കോ-ടാവോയുടെ വലതു പക്ഷ അവസര വാദമെന്തെന്നറിയാൻ ഈ വാല്യത്തിലുൾപ്പെട്ട 'ജാപ്പനീസ് സാമ്രാജ്യത്തിനെതിരായ അടവുകൾ' എന്ന ലേഖനത്തിൻെറ 21, 22 എന്നീ കുറിപ്പുകൾ നോക്കുക.

8. കിയാങ്ങ്സി പ്രവിശ്യയിലെ കിയുകിയാങ്ങിൽ ലുഷാൻ പർവ്വതത്തിന്മേൽ 1933 ജൂലൈ മാസത്തിൽ ചിയാങ്ങ് കയ്ഷെക് സ്ഥാപിച്ച ഒരു സംഘടനയാണ് ലുഷാനിലെ ഓഫീസേഴ്സ് ട്രെയിനിങ്ങ് കോർ. ഇതു് സ്ഥാപിച്ചതു് കമ്മ്യൂണിസ്റ്റു വിരുദ്ധ ആഫീസർമാരുടെ പരിശീലനത്തിനുവേണ്ടിയായിരുന്നു. ജർമൻ, ഇററാലിയൻ, അമേരിക്കൻ, ഫാസിസ്ററ് പരിശീലകരിൽനിന്നു ഫാസിസ്റ്റു സൈനികരാഷ്ട്രീയ പരിശീലനം ലഭിക്കുന്നതിനായി ചിയാങ്ങ് കെയ്ഷക്കിൻെറ ആഫീസർമാരെ അങ്ങോട്ട് ആവർത്തനക്രമമനുസരിച്ച് അയയ്ക്കുകയുണ്ടായി.

9. ഈ പുതിയ സൈനിക പ്രമാണങ്ങളിൽ ചിയാങ്ങ് കെയ്ഷെക്ഗാങ്ങിൻെറ 'ബ്ലോക്ക് ഹൗസ് യുദ്ധ' നയം ഉൾപ്പെടുന്നു' ക്രമേണ മുന്നേറുകയും ഓരോ കാൽവയ്പിലും സുരക്ഷിതമായി നിലയുറപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ നയം.

10. വി. ഐ. ലെനിൻ എഴുതിയ 'കമ്യൂണിസം' എന്ന ലേഖനം നോക്കുക. ഇതിൽ ഹംഗേറിയൻ കമ്യൂണിസ്റ്റായ ബെലകുണിനെ വിമർശിക്കവെ ലെനിൻ പറഞ്ഞതു് 'അയാൾ മാർക്സിസത്തിൻെറ ജീവചൈതന്യമായ പ്രധാന വസ്തുതയെ, അതായതു സമൂർത്തസ്ഥിതികളുടെ സമൂർത്ത വിശകലനത്തെ_വിട്ടുകളയുന്നു' എന്നായിരുന്നു. (സമാഹൃതകൃതികൾ 1950, വാല്യം XXXI, പേജ് 143)

11. ഹുനാൻ-കിയാങ്ങ്സി അതിർത്തി പ്രദേശത്തെ ആദ്യപാർട്ടി കോൺഗ്രസ്സ് 1928 മേയ് 20_നു നാൻകിങ്ങ് കൗണ്ടിയിലെ മാവോ പിങ്ങ് എന്ന സ്ഥലത്തു വച്ചു നടന്നു.

12. ഇതിനൊരു വിശദീകരണത്തിനു് ഈ വാല്യത്തിൻെറ 270-271 പേജുകൾ നോക്കുക.

13. അലഞ്ഞു നടപ്പു കലാപപരിപാടികളെക്കുറിച്ചറിയാൻ 'പാർട്ടിയിലെ തെററായ ആശയങ്ങൾ തിരുത്തുന്നതിനെപ്പററി' എന്ന ലേഖനത്തിൻെറ 4,5 എന്നീ കുറിപ്പുകൾ നോക്കുക.

14. 'കൊള്ള സമ്പ്രദായങ്ങൾ' എന്നതിനർത്ഥം കവർച്ചയും കൊള്ളയും നടത്തൽ എന്നാണ്. അച്ചടക്കം, സംഘടന, വ്യക്തമായ രാഷ്ട്രീയ ദിശ എന്നിവയുടെ അഭാവം മൂലമാണ് ഇതുണ്ടാവുന്നതു്.

15. കിയാങ്ങ്സി പ്രവശ്യയിൽനിന്നു് ഷെൻസി പ്രവശ്യയിലേക്കു് ചുവപ്പുസേന 25000 ലി. (12500 കിലോമീററർ) ദൂരം വരുന്ന ദീർഘയാത്ര (ലോങ്ങ്മാർച്ച്) നടത്തി. ഇതെപ്പററി കൂടുതൽ അറിയാൻ ഈ വാല്യത്തിലെ 'ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരായ അടവുകളെപ്പററി' എന്ന ലേഖനവും 20-ാം നമ്പർ കുറിപ്പും നോക്കുക.

16. 1905 ലെ ഡിസംബർ കലാപം തോൽപ്പിക്കപ്പെട്ടതിനു ശേഷമുള്ള കാലഘട്ടത്തിൽ റഷ്യയിലെ വിപ്ലവ വേലിയേററം ക്രമേണ പിന്നോട്ടടിക്കുകയുണ്ടായി. സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി ചരിത്രം (ബോൾഷെവിക്) അദ്ധ്യായം 3, ഭാഗങ്ങൾ 5, 6 നോക്കുക.

17. 1918 മാർച്ചിലാണ് സോവിയററ് റഷ്യയും ജർമനിയും തമ്മിൽ ബ്രസ്റ്റ് ലിറേറാവ്സ്ക് സമാധാന സന്ധി ഉണ്ടാക്കിയതു്. പ്രകടമായും

മുന്തിയ ശത്രുസൈന്യങ്ങളെ അഭിമുഖീകരിക്കേണ്ടിവന്ന വിപ്ലവ ശക്തികൾക്ക് താൽക്കാലികമായി പിൻവാങ്ങേണ്ടിവന്നു. ഈ അവസരത്തിൽ സ്വന്തമായ ഒരു സൈന്യം ഇല്ലാതിരുന്ന നവജാത സോവിയററ് റിപ്പബ്ലിക്കിന്റെ നേക്ക് ജർമൻ സാമ്രാജ്യ വാദികൾ ഒരു ആക്രമണമഴിച്ചുവിടുന്നതിനെ തടയാൻ ഇതു് ആവശ്യമായിരുന്നു. തൊഴിലാളി വർഗത്തിന്റെ രാഷ്ട്രീയാധികാരം ഉറപ്പിക്കുന്നതിനും അതിന്റെ സമ്പദ്‌വ്യവസ്ഥ പുനഃസംഘടിപ്പിക്കുന്നതിനും ചുവപ്പുസേന കെട്ടിപ്പടുക്കുന്നതിനും സോവിയററ് റിപ്പബ്ലിക്കിന് ഈ സന്ധി മൂലം സമയം ലഭിച്ചു. കർഷകരുടെ മേൽ സ്വന്തം നേതൃത്വം നിലനിർത്തുന്നതിനും വെള്ള സൈനികശക്തികളെയും ബ്രിൻ, അമേരിക്ക, ഫ്രാൻസ്, ജപ്പാൻ, പോളണ്ട് തുടങ്ങിയ രാജ്യങ്ങളുടെ സായുധ ഇടപെടലിനെയും 1918–20 കാലത്തു് പരാജയപ്പെടുത്തുന്നതിന് അവശ്യം വേണ്ട ശക്തി സംഭരിക്കുന്നതിന്, അതു തൊഴിലാളിവർഗത്തിനു കഴിവുണ്ടാക്കിക്കൊടുത്തു.

18. 1927 ഒക്ടോബർ 30–ാംതീയതി ക്വാൻടുങ്ങ് പ്രവശ്യയിലെ ഹൈഫെങ്ങ്_ലു ഫെങ്ങ് പ്രദേശത്തെ കൃഷിക്കാർ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തങ്ങളുടെ മൂന്നാം സായുധ കലാപം ആരംഭിച്ചു. അവർ ഹൈഫെങ്ങും ലു ഫെങ്ങും ചുററുപാടുമുള്ള പ്രദേശങ്ങളും കൈവശപ്പെടുത്തുകയും ചുവപ്പുസേനയെ സംഘടിപ്പിക്കുകയും തൊഴിലാളികളും കർഷകരും ഉൾപ്പെട്ട ജനാധിപത്യ രാഷ്ട്രീയാധികാരം സ്ഥാപിക്കുകയും ചെയ്തു. ശത്രുവിനെ തരംതാഴ്ത്തി കാണുന്നതിലുണ്ടായ തെററുമൂലം പിന്നീട് അവർ തോൽപ്പിക്കപ്പെട്ടു.

19. ചുവപ്പു സൈന്യത്തിന്റെ നാലാം മുന്നണി സേനയും രണ്ടാം മുന്നണി സേനയും 1936 ലെ ശരൽക്കാലത്തു് ഒന്നിച്ചു ചേരുകയും സിക്കിയാങ്ങിന്റെ വടക്കുകിഴക്കൻ ഭാഗത്തു നിന്നു വടക്കോട്ടു നീങ്ങുകയും ചെയ്തു. ആ സന്ദർഭം ചാങ്ങ്കോ_ടാവോ തന്റെ പാർട്ടി വിരുദ്ധനിലപാടിലും പിൻവാങ്ങൽ, പിരിച്ചുവിടൽ നയത്തിലും തുടർന്നു് ഉറച്ചുനിന്നിരുന്ന ഒന്നായിരുന്നു. ആ വർഷം ഒക്ടോബർ മാസത്തിൽ രണ്ടും നാലും മുന്നണിസേനകൾ കാൻസുവിൽ വന്നപ്പോൾ, മഞ്ഞനദി കടന്നു് പടിഞ്ഞാട്ടു് ചിങ്ങ്ഹായിലേക്കു നീങ്ങുന്നതിന് പടിഞ്ഞാറൻ വ്യൂഹത്തെ സംഘടിപ്പിക്കാൻ 20,000 ത്തിലേറെ വരുന്ന നാലാം മുന്നണി സേനയുടെ മുന്നണി ഘടകങ്ങൾക്ക് അദ്ദേഹം ഉത്തരവു നൽകി. 1936 ഡിസംബറിലെ പോരാട്ടങ്ങളിൽ പ്രഹരം ഏററ് ഫലത്തിൽ തോൽപ്പിക്കപ്പെട്ട ഈ വ്യൂഹം 1937 മാർച്ചിൽ പൂർണമായി തോൽപ്പിയ്ക്കപ്പെട്ടു.

20. പാരീസ് കമ്യൂണിനെപ്പററി എൻ. കുഗെൽമാനു് മാർക്സ് എഴുതിയ കത്തു നോക്കുക.

21. ഷൂയിഹൂചുവാൻ (ചതുപ്പുപ്രദേശങ്ങളിലെ വീരയോദ്ധാക്കൾ) കാർഷിക യുദ്ധത്തെ വിവരിക്കുന്ന ഒരു പ്രസിദ്ധ ചൈനീസ് നോവൽ ആണ്. യുവാൻ രാജവംശത്തിന്റെ ഏതാണ്ട് അവസാനത്തിലും മിങ്ങ് രാജവംശത്തിന്റെ ആരംഭത്തിലും (14_ാം നൂററാണ്ട്) ജീവിച്ചിരുന്ന ഷിനായ് അൻ ആണ് ഈ നോവൽ എഴുതിയതെന്നു കരുതപ്പെടുന്നു. ലിൻചുങ്ങും ചായ്ചിനും ആണ് ഈ നോവലിലെ കഥാനായകന്മാർ. ഹുങ്ങ്ചായ്ചിൻ എസ്റ്റേററിലെ ഡ്രിൽ മാസ്റ്ററാണ്.

22. ബി. സി. 722_481 കാലത്തു് വസന്ത, ശരൽക്കാലയുഗങ്ങളിൽ നിലനിന്നിരുന്ന രണ്ടുനാടുവാഴിത്ത രാഷ്ട്രങ്ങളാണ് ലുയും, ചിയും. ഇപ്പോഴത്തെ ഷാൻസ്റ്റുങ്ങ് പ്രവിശ്യയുടെ നടുഭാഗത്തു നിലനിന്ന ഒരു വലിയ



രാഷ്ട്രമായിരുന്നു. ലു, തെക്കൻ ഭാഗത്തെ താരതമ്യേന ചെറിയ ഒരു രാഷ്ട്രമായിരുന്നു. ബി. സി. 693_ മുതൽ 662 വരെയുള്ള കാലത്തു ചുവാങ്ങ് പ്രഭു, ലുവിന്റെ ഭരണാധിപനായിരുന്നു.

23. ചൗരാജവംശത്തെ സംബന്ധിച്ച, അംഗീകൃത കാലാനുക്രമ രേഖയായ ട്സോചുവാനിന്റെ കർത്താവായിരുന്നു ട്സോചിയുമിങ്ങ്. ഇവിടെ ഉദ്ധരിക്കപ്പെട്ട ഭാഗം 'ചുവാങ്ങ്പ്രഭുവിന്റെ പത്താം വർഷം' എന്ന ശീർഷകത്തിൽ ട്സൊ ചുവാനിന്റെ രണ്ടാം ഭാഗത്തിലുള്ളതാണ് (684 ബി. സി).

24. ഹൂനാൻ പ്രവിശ്യയിലെ ഇപ്പോഴത്തെ ചെങ്ങ്കാവോ കൗണ്ടിയുടെ വടക്കു കിഴക്കു ഭാഗത്തുള്ള പുരാതന ചെങ്ങ്കാവോ നഗരം സൈനികപ്രാധാന്യമുള്ള ഒന്നായിരുന്നു. ബി. സി. 203_ൽ ഹാൻ രാജാവ് ല്യൂപാങ്ങും, ച്യ രാജാവ് സിയാങ്ങ്‌യുവും തമ്മിൽ നടന്ന യുദ്ധങ്ങളുടെ രംഗം അതായിരുന്നു. ആദ്യം സിയാങ്ങ്‌ച്യ, സിങ്ങ്‌യങ്ങും ചെങ്ങ്കാവോയും പിടിച്ചടക്കുകയും ല്യ വാങ്ങിന്റെ ഒട്ടുമുക്കാലും സൈനികരെ തുരത്തി ഓടിക്കുകയും ചെയ്തു. പക്ഷെ സിയാങ്ങ്‌യുവിന്റെ പട്ടാളക്കാർ സെഷൂയി നദി പകുതി കടന്നപ്പോൾ തക്കസമയത്തിനു വേണ്ടി കാത്തിരുന്ന ല്യൂവാങ്ങ് പാഞ്ഞുവന്നു് അവരെ തകർക്കുകയും ചെങ്ങ്കാവോ വീണ്ടും പിടിച്ചെടുക്കുകയും ചെയ്തു.

25. എ. ഡി. 23–ൽ കിഴക്കൻ ഹാൻ രാജവംശത്തിന്റെ സ്ഥാപകനായ ല്യൂസിയു, സിയാൻ രാജവംശത്തിന്റെ ചക്രവർത്തി വാങ്ങ്മിങ്ങിന്റെ സേനകളെ തോൽപ്പിച്ച സ്ഥലം ഹൊനാൻ പ്രവിശ്യയിലെ ഇപ്പോഴത്തെ യെഹ്സിയൻ കൗണ്ടിയുടെ വടക്കു ഭാഗത്തുള്ള പുരാതന കൻയാങ്ങ് നഗരമായിരുന്നു. സൈനികരുടെ സംഖ്യയെ സംബന്ധിച്ചിടത്തോളം രണ്ടു പക്ഷങ്ങളും തമ്മിൽ വലിയ അസമാനത ഉണ്ടായിരുന്നു. ല്യൂസിയുവിന്റെ സൈന്യത്തിൽ 8000 ത്തിനും 9000 ത്തിനും ഇടക്ക് ആൾക്കാരും, വാങ്ങ്മിങ്ങിന്റേതിൽ 400,000 പേരും ഉണ്ടായിരുന്നു. എന്നാൽ ശത്രുസൈന്യത്തെ നിസ്സാരമാക്കിക്കണ്ട വാങ്ങ്മിങ്ങിന്റെ ജനറൽമാരായ വാങ്ങ്സുൺ, വാങ്ങ്ചി എന്നിവരുടെ അശ്രദ്ധ മുതലെടുത്തുകൊണ്ടു തിരഞ്ഞെടുക്കപ്പെട്ട 3000 സൈനികർ മാത്രമുള്ള ല്യൂസിയ വിങ്ങ്മാങ്ങിന്റെ പ്രധാന സൈന്യങ്ങളെ തുരത്തി ഓടിച്ചു. ബാക്കി ശത്രു സൈനികരെ തകർത്തുകൊണ്ടു് അയാൾ തന്റെ വിജയാനന്തര പ്രവർത്തനങ്ങൾ തുടരുകയുണ്ടായി.

26. ഹൊനാൻ പ്രവിശ്യയിലെ ഇപ്പൊഴത്തെ ചുങ്ങ് മൗ കൗണ്ടിയുടെ വടക്കു പടിഞ്ഞാറാണ് കുവാൻടു. 200 എ. ഡി. യിൽ ട്സാവോ ട്സാവോയുടെയും യുവാൻ ഷാവോയുടെയും സൈന്യങ്ങൾ തമ്മിൽ നടന്ന യുദ്ധത്തിന്റെ രംഗം അതായിരുന്നു. യുവാൻഷാവോയുടെ കീഴിൽ 100,000 പേരുള്ള ഒരു സൈന്യമുണ്ടായിരുന്നു. ട്സാവോ ട്സാവോയ്ക്കാകട്ടെ ഒരു ചെറിയ സൈന്യവും വളരെ കുറച്ചു ഭക്ഷ്യസാധനങ്ങളും മാത്രമെ ഉണ്ടായിരുന്നുള്ളൂ. ശത്രുവിനെ തരംതാഴ്ത്തിക്കണ്ട യുവാൻ ഷാവോയുടെ പട്ടാളക്കാരുടെ അശ്രദ്ധ മുതലെടുത്തുകൊണ്ട് ട്സാവോ ട്സാവോ തന്റെ ചുറുചുറുക്കുള്ള സൈനികരെ, അപ്രതീക്ഷിതമായി ശത്രുവിന്റെ മേൽ ആക്രമണം നടത്താനും അവരുടെ കൈവശമുള്ള ഭക്ഷ്യവസ്തുക്കൾ തീയിട്ടു നശിപ്പിക്കാനുമായി നിയോഗിച്ചു. ഇതോടെ യുവാൻ ഷാവോയുടെ സൈന്യം കുഴപ്പത്തിൽ പെടുകയും അതിന്റെ പ്രധാന ഭാഗം തുടച്ചു നീക്കപ്പെടുകയും ചെയ്തു.

27. വു എന്ന രാഷ്ട്രം ഭരിച്ചിരുന്നതു് സുൺചുവാനും വെയ് രാഷ്ട്രം ഭരിച്ചിരുന്നതു് ട്സാവോ ട്സാവോയും ആയിരുന്നു. ചിഹ്പി യാങ്ങ്

സി നദിയുടെ തെക്കെ കരയിൽ ഫ്ഥപെ പ്രവിശ്യയിലെ ചിയാക്കവിൻെറ വടക്ക കിഴക്ക സ്ഥിതി ചെയ്യുന്നു. 208 എ. ഡിയിൽ സുൺചുവാനിൻെറ നേക്ക് ആക്രമണം നടത്തുന്നതിനായി ട്സാവോ ട്സാവോ 500,000 പേരുള്ള ഒരു സൈന്യത്തെ നയിച്ചു. അയാൾ പ്രഖ്യാപിച്ചതു തൻെറ സൈന്യത്തിൽ 800,000 പേരുണ്ട് എന്നായിരുന്നു. സുൺ ചുവാനാകളെ, ട്സാവോ ട്സാവോയുടെ എതിരാളിയായ ല്യൂവെയുമായി കൂട്ടുകൂടിക്കൊണ്ട് 300,000 സൈനികരുള്ള ഒരു സേനയെ ഒരുക്കി നിർത്തി. ട്സാവോ ട്സാവോയുടെ സൈന്യത്തിന് പകർച്ച വ്യാധി പിടിച്ചിരിക്കുന്നു എന്നും കപ്പലുകളിൽ നിന്നു യുദ്ധം ചെയ്യാൻ അവർക്കറിയില്ലെന്നും അറിഞ്ഞുകൊണ്ടു സുൺചുവാൻെറയും ല്യൂവെയിയുടെയും സംയുക്ത സൈന്യം ട്സാവോ ട്സാവോയുടെ നാവികപ്പടയെ തീവച്ചു നശിപ്പിച്ചു കളഞ്ഞു.

28. എ. ഡി. 22–ൽ വു, രാഷ്ട്രത്തിലെ ഒരു സൈന്യാധിപനായിരുന്ന ലുസുൺ, ഷുവിലെ ഭരണാധിപനായിരുന്ന ല്യൂവെയുടെ സൈന്യത്തെ തോൽപ്പിച്ചു. ഇതു നടന്നതു ഫ്ഥപെ പ്രവിശ്യയിലെ ഇപ്പോഴത്തെ ഇച്ചാങ്ങ് എന്ന സ്ഥലത്തിനു കിഴക്കുള്ള ചീലിങ്ങിൽ വച്ചായിരുന്നു. ല്യൂപെയ്യുടെ സൈന്യങ്ങൾ യുദ്ധാരംഭത്തിൽ തുടരെത്തുടരെ വിജയം കൈവരിക്കുകയും വു വിൻെറ ഭൂപ്രദേശത്തിനുള്ളിലേക്ക് യിലിങ്ങ്‌വരെ അഞ്ഞൂറോ അറുനൂറോ ലീ ദൂരം കടന്നു കയറുകയും ചെയ്തു. യിലിങ്ങിനെ കാത്തു രക്ഷിച്ചിരുന്ന ലു സുൺ ഏഴു മാസത്തിലധിക കാലം യുദ്ധം ചെയ്യാതെ ഒഴിഞ്ഞു മാറി അപ്പോഴേക്കും ല്യൂവെയ് 'എന്തുചെയ്യണമെന്നറിയാതെ കുഴങ്ങുകയും അയാളുടെ പടയാളികൾ ക്ഷീണിതരും ആത്മവീര്യം നശിച്ചവരും ആയിത്തീരുകയും ചെയ്തു. ഈ സമയത്തുണ്ടായ അനുകൂലമായ കാററിനെ പ്രയോജനപ്പെടുത്തി ലുസുൺ ല്യൂ സെയുടെ സൈന്യങ്ങളുടെ കൂടാരങ്ങൾക്ക തീവച്ചുകയും അവരെ തകർക്കുകയും ചെയ്തു.

29. അൻവെയ് പ്രവിശ്യയിലെ ഫെയ്ഷൂയി നദീതീരത്തുവച്ച് 383 എ. ഡിയിൽ കിഴക്കൻ ട്സിൻ രാജവംശത്തിൻെറ സേനാനായകരിൽ ഒരാളായിരുന്ന സിയെ സുവാൻ, ചിൻ രാഷ്ട്രത്തിൻെറ ഭരണാധിപനായ ഫുചിയെനെ തോൽപ്പിക്കുകയുണ്ടായി. ഫുചിയെന് 600,000 പേരിൽ കൂടുതലുള്ള ഒരു കാലാൾപടയും 270000 ത്തിലധികം പേരുള്ള ഒരു കുതിരപ്പടയും 270000 ത്തിലധികം പേരുള്ള ഒരു കാവൽ സൈന്യവും ഉണ്ടായിരുന്നു. അതേസമയം കിഴക്കൻ ട്സിനിൻെറ കര, നദി സൈനികരുടെ എണ്ണം 80,000 മാത്രമായിരുന്നു. ഫെയ്ഷ്യയി നദിയുടെ ഇരുകരകളിലും സേനകൾ അണിനിരന്നപ്പോൾ സിയെ സുവാൻ ശത്രു സൈന്യങ്ങളുടെ അമിത വിശ്വാസവും അഹംഭാവവും മുതലെടുത്തുകൊണ്ട് ഫുചിയെനോട് അയാളുടെ സേനകളെ പുറകോട്ട് നീക്കാൻ അപേക്ഷിച്ചു. കിഴക്കൻ ട്സിൻ സേനകൾക്ക നദികടന്ന് യുദ്ധം ചെയ്യുന്നതിന് ഇട നൽകുന്നതിനു വേണ്ടിയായിരുന്നു ഇത്. ഫുചിയൻ ഇതിനെ അനുകൂലിച്ചു, പക്ഷെ പിന്മാറാൻ ആവശ്യപ്പെട്ടപ്പോൾ അയാളുടെ സൈനികർ ഭീതിയിൽ അകപ്പെടുകയും. തന്മൂലം നിയന്ത്രണാതീതമായിത്തീരുകയും ചെയ്തു, ഈ അവസരം മനസ്സിലാക്കിയ കിഴക്കൻ ട്സിൻ സേനകൾ നദികടന്നു ഒരു കടന്നാക്രമണം ആരംഭിച്ച് ശത്രുവിനെ തകർത്തു.

30. കിയാങ്ങ് പ്രവിശ്യയുടെ തലസ്ഥാനമായ നാൻ ചാങ്ങ് 1927 ആഗസ്റ്റ് 1_ന് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിൽ നടന്ന പ്രസിദ്ധ കലാപത്തിൻെറ രംഗമായിരുന്നു. ഈ കലാപം ചിയാങ്ങ് കൈഷക്കിൻെറയും വാങ്ങ്ചിങ്ങ്–വെയിൻെറയും പ്രതി വിപ്ലവത്തെ എതിർക്കുന്നതിനും 1924_27 ലെ വിപ്ലവം തുടരുന്നതിനും വേണ്ടി ആയിരുന്നു. ആഗ



സ്റ്റ് 5–ാം തീയതി കലാപ സേന മുൻപദ്ധതി പ്രകാരം നാൻചാങ്ങിൻനിന്നു പിൻവാങ്ങിയെങ്കിലും ക്വാൻ ടങ്ങ് പ്രവിശ്യയിലെ ചാവോ ചൗവിനെയും സ്വാടോവിനെയും സമീപിച്ച അവസരത്തിൽ തോൽപ്പിക്കപ്പെട്ടു. സഖാക്കൾ ചൂട്ടെയുടെയും ചെൻചിയുടെ നേതൃത്വത്തിൽ സൈന്യത്തിലൊരു ഭാഗം പിന്നീട് ചിങ്ങ്കാങ്ങ് പർവ്വത പ്രദേശത്തേക്ക്, വഴിക്ക പൊരുതത്തന്നെ, എത്തിച്ചേരുകയും സഖാവ് മാവോ സെതുങ്ങിൻെറ കീഴിലുള്ള ഒന്നാം തൊഴിലാളി, കർഷക വിപ്ലവ സേനയുടെ ഒന്നാം ഡിവിഷനുമായി കൂടിച്ചേരുകയും ചെയ്തു.

31. ഈ വാല്യത്തിലെ 'ചുവപ്പ് രാഷ്ട്രീയാധികാരത്തിന് എന്തു കൊണ്ട് ചൈനയിൽ നിലനിൽക്കാൻ കഴിയുന്നു?' എന്ന ലേഖനത്തിൻെറ 8–ാം കുറിപ്പു നോക്കുക.

32. സഖാവ് മാവോ സെതുങ്ങിൻെറ നേതൃത്വത്തിൽ 1927 സെപ്ററംബറിൽ പ്രസിദ്ധമായ ശരൽക്കാല കൊയ്ത്തു കലാപം ആരംഭിച്ചു. ഹുനാൻ കിയാങ്ങ്സി അതിർത്തിയിലെ സിയുഷൂയി, സിങ്ങ്സിയാങ്ങ്, ലുയാങ്ങ് കൗണ്ടികളിലെ ജനകീയ സായുധ ശക്തികളാണ് ഇതു് ആരംഭിച്ചതു്. ഈ പടയാളികൾ ഒരുമിച്ചു ചേർന്നാണ് തൊഴിലാളി, കർഷക വിപ്ളവ സൈന്യത്തിൻെറ ഒന്നാം ഡിവിഷൻ രൂപീകരിച്ചതു്. സഖാവ് മാവോ സെതുങ്ങ് ഈ സൈനിക ശക്തിയെ ചിങ്ങ്കാങ്ങ് പർവതത്തിലേക്ക നയിക്കുകയും അവിടെ ഒരു വിപ്ളവ താവള പ്രദേശം സ്ഥാപിക്കുകയും ചെയ്തു.

33. എ–ബി. (ആൻടി–ബോൾഷെവിക് എന്നതിൻെറ ആദ്യക്ഷരങ്ങൾ) ഗ്രൂപ്പു ചുവപ്പൻ പ്രദേശങ്ങളിലെ രഹസ്യ കുമിന്താങ്ങ് ഏജൻറന്മാരുടെ ഒരു വിപ്ളവ വിരുദ്ധസംഘടനയായിരുന്നു.

34. വി. ഐ. ലെനിൻ എഴുതിയ പ്രത്യേകമായുള്ളതും 'വെട്ടിപ്പിടിത്ത സ്വഭാവത്തോടുകൂടിയതുമായ അടിയന്തിര സമാധാന സന്ധിയുടെ പ്രശ്നത്തെ സംബന്ധിച്ച പ്രബന്ധം,' 'അസാധാരണവും ഭീകരവും' ഗൗരവതരമായ ഒരു പാഠവും ഗൗരവതരമായ ഒരു ഉത്തരവാദിത്തവും', യുദ്ധത്തെയും സമാധാനത്തെയും സംബന്ധിച്ച റിപ്പോർട്ട്', എന്നീ ലേഖനങ്ങൾ നോക്കുക. തെരഞ്ഞെടുത്ത കൃതികൾ (രണ്ട് വാല്യത്തിലുള്ളതു്) ഇംഗ്ലീഷ് പതിപ്പ് എഫ് എൽ. പി. എച്ച് മോസ്കോ, 1952 വാല്യം II ഭാഗം I, സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം (ബോൾഷെവിക്) അദ്ധ്യായം 7, ഭാഗം 7.

35. ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾ സിക്കാങ്ങിലെ ടിബററൻ ജനതയും കാൻസുചിങ്ങ്ഹായ്, സിങ്കിയാങ്ങ്) എന്നിവിടങ്ങളിലെ ഹുയി ജനതയും അധിവസിക്കുന്ന പ്രദേശങ്ങളാണ്.

36. 15–ാം നൂററാണ്ടു മുതൽ 19–ാം നൂററാണ്ടുവരെയുള്ള കാലത്തു നാടുവാഴിത്ത ചൈനയിൽ രാജകീയ മത്സര പരീക്ഷകളിൽ നിർദ്ദേശിക്കപ്പെട്ട രചനാരൂപമായിരുന്നു 'അഷ്ടപാദ ഉപന്യാസം'. പ്രാരംഭഖണ്ഡിക, മദ്ധ്യഖണ്ഡിക, പിൻഖണ്ഡിക, സമാഹാരഖണ്ഡിക എന്നിവ അടങ്ങിയതായിരുന്നു ഈ രചനാ രൂപം. ഓരോ ഖണ്ഡികയും രണ്ടു ഭാഗങ്ങൾ വേണ്ടിയിരുന്നു. ഇത്തരം ഉപന്യാസത്തിൽ പ്രതിപാദ്യവിഷയം വികസിപ്പിക്കുന്ന രീതിയെ സഖാവ് മാവോ സെതുങ്ങ് വിവിധ ഘട്ടങ്ങളിലൂടെയുള്ള വിപ്ളവത്തിൻെറ വളർച്ചയെ വിശദമാക്കാൻ രൂപകാലങ്കാര രീതിയിൽ ഉപയോഗിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളതു്. ഏതായാലും സഖാവ് മാവോസെതുങ്ങ് 'അഷ്ടപാദ ഉപന്യാസം' എന്ന പദം സാധാരണ ഉപയോഗിക്കുന്നതു പ്രമാണ മാത്ര വാദത്തെ കളിയാക്കാൻ വേണ്ടിയാണ്.

37. 1933 നവംബർ മാസത്തിൽ ചൈനയിലൊട്ടുക്കുണ്ടായ ജനകീയ ജാപ്പ വിരുദ്ധ മുന്നേററത്തിൻെറ സ്വാധീനത്തിൻ കീഴിൽ ക്വമിന്താങ്ങിൻെറ 19-ാം പഥ സൈന്യത്തിൻെറ നേതാക്കൾ ലി ചി_ഷെനിൻെറ കീഴിലുള്ള ക്വമിന്താങ്ങ് സൈന്യവുമായി കൂട്ട ചേർന്നുകൊണ്ട് പരസ്യമായി ചിയാങ്ങ് കൈഷെക്കിനെ തള്ളിപ്പറകയും 'ചൈനീസ് റിപ്പബ്ളിക്കിൻെറ ജനകീയ വിപ്ളവ ഗവണ്മെൻറ്' ഫുക്കിയെനിൽ സ്ഥാപിക്കുകയും ചെയ്തു. ചിയാങ്ങ് കെയ്ഷെക്കിനെ ആക്രമിക്കാനും ജപ്പാനെ പ്രതിരോധിക്കാനും വേണ്ടി ചുവപ്പുസേനയുമായി ഒരു കരാറുണ്ടാക്കിക്കൊണ്ടാണ് അവർ ഇപ്രകാരം ചെയ്തത്. ഫുക്കിയൻ സംഭവം എന്നാണ് ഈ സംഭവം അറിയപ്പെടുന്നത്. ഏതായാലും ചിയാങ്ങ് കെയ്ഷെക്കിൻെറ സൈനികാക്രമണത്തെത്തുടർന്ന് 19-ാം പഥ സൈന്യവും ഫുക്കിയെൻ ജനകീയ ഗവമെൻറും തകർന്നു വീണു,

# ചിയാങ്ങ് കൈഷക്കിന്റെ പ്രസ്താവനയെക്കുറിച്ചുള്ള ഒരു പ്രസ്താവന

1936 ഡിസംബർ 28,

ചാങ്ങ് സ്യൂ-ലിയാങ്ങ്, യാങ്ങ് ഹു-ചെങ്ങ് എന്നീ ജനറൽമാരും വടക്കു കിഴക്കൻ പ്രദേശത്തെ ജനങ്ങളും ഉന്നയിച്ച ജപ്പാനെ ചെറുക്കുക എന്ന ആവശ്യം സിയാനിൽ വച്ച് ചിയാങ്ങ് കൈഷക്ക് അംഗീകരിക്കുകയും, അതിന്റെ ആദ്യനടപടി എന്ന നിലയിൽ ഷെൻസി, കാൻസു പ്രവിശ്യകളിൽനിന്ന് ആഭ്യന്തരയുദ്ധത്തിൽ ഏർപ്പെട്ടിരുന്ന തന്റെ സൈന്യങ്ങളെ പിൻവലിക്കുവാൻ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ഇതു് കഴിഞ്ഞ ദശാബ്ദത്തിലെ തന്റെ തെറ്റായ നയത്തെ ചിയാങ്ങ് തിരുത്തികുറിക്കുന്നതിന്റെ തുടക്കം കുറിക്കുന്നു[1]. ഒരു ആഭ്യന്തരയുദ്ധം തൊടുത്തുവിടുത്തുന്നതിനുള്ള നീക്കങ്ങൾ നടത്തുവാനും ഭിന്നിപ്പുകൾ കുത്തിപ്പൊക്കുവാനും സിയാൻ സംഭവത്തിൽ ചിയാങ്ങിനെ കൊലപ്പെടുത്തുവാനും ജാപ്പനീസ് സാമ്രാജ്യത്വവാദികളും ചൈനീസ് 'ശിക്ഷാ സംഘവും' (പ്യൂനിട്ടീവ് ഗ്രൂപ്പ്)[2] നടത്തിയ ഉപജാപങ്ങൾക്ക് ഏറ്റ ഒരു പ്രഹരമാണിതു്. അവരുടെ നിരാശ ഇപ്പോഴേ പ്രകടമായിക്കഴിഞ്ഞു. ചിയാങ്ങ് കൈഷക്ക് ഉണരാൻ തുടങ്ങിയിരിക്കുന്നു എന്ന സൂചന കഴിഞ്ഞ പത്തു വർഷങ്ങളായി പിന്തുടരുന്ന തെറ്റായ നയം അവസാനിപ്പിക്കുന്നതിന് ക്വമിന്താങ്ങ് തയ്യാറായിരിക്കുന്നു എന്നതിന്റെ ഒരു തെളിവായി കണക്കാക്കാം.

ഡിസംബർ 26-ാം തീയതി ലൊയാങ്ങിൽ വച്ച് ചിയാങ്ങ് കൈഷക്ക് ഒരു പ്രസ്താവന, 'ചാങ്ങ് സ്യൂ-ലിയാങ്ങിനും യാങ്ങ് ഹു-ചെങ്ങിനുമുള്ള ഗുണദോഷം' എന്നു വിളിക്കപ്പെടുന്ന പ്രസ്താവന പുറപ്പെടുവിച്ചു. ചൈനയുടെ രാഷ്ട്രീയ രേഖകൾക്കിടയിൽ വളരെ രസകരമായ ഒരു മാതൃകയാകത്തക്കവിധം അത്രയേറെ അവ്യക്തവും പ്രശ്നങ്ങളിൽ നിന്നു് ഒഴിഞ്ഞുനിന്നതുമായ ഒരു പ്രസ്താവനയാണിതു്. സിയാൻ സംഭവത്തിൽനിന്നു് ശരിയായ പാഠം ഉൾക്കൊള്ളുവാനും ക്വമിന്താങ്ങിനെ പുനരുജ്ജീവിപ്പിക്കുവാൻ ശ്രമിക്കുവാനും ചിയാങ്ങ് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ക്വമിന്താങ്ങ് ഇനിമേൽ ജനങ്ങളുടെ ആഗ്രഹങ്ങൾക്ക് എതിരായ നിലപാട് എടുക്കാത്തവിധം വിദേശകാര്യങ്ങളിൽ വിട്ടുവീഴ്ചയുടേയും ആഭ്യന്തര രംഗത്തു് ആഭ്യന്തരയുദ്ധത്തിന്റേയും അടിച്ചമർത്തലിന്റേയുമായ തന്റെ എപ്പോഴും തെറ്റായ നയം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഈ ഉത്തമവിശ്വാസത്തിന്റെ ഒരു തെളിവെന്നരീതിയിൽ, തന്റെ ഭൂതകാല രാഷ്ട്രീയത്തിൽ പശ്ചാത്തപിച്ചുകൊണ്ടും ഭാവിക്കുവേണ്ടി ഒരു പുതിയ പാതക്ക് രൂപം നൽകിക്കൊണ്ടും കുറച്ചുകൂടി നല്ല ഒരു രേഖ അദ്ദേഹം പുറപ്പെടുവിക്കേണ്ടതാ

യിരുന്നു. ഡിസംബർ 26 പ്രസ്താവനക്ക് ചൈനീസ് ജനതയുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുവാൻ കഴിയില്ല.

എങ്കിലും അതിൽ പ്രശംസാർഹമായ ഒരു ഖണ്ഡികയുണ്ട്. 'പ്രതിജ്ഞകൾ പാലിക്കണമെന്നും നടപടി ദൃഢനിശ്ചയത്തോടെയുള്ളതായിരിക്കണമെന്നും' ആ ഖണ്ഡികയിൽ ചിയാങ്ങ് തറപ്പിച്ചു പറയുന്നു. ഇതിനർത്ഥം, സിയാനിൽ ചാങ്ങും യാങ്ങും മുന്നോട്ടുവച്ച വ്യവസ്ഥകളിൽ ഒപ്പുവച്ചില്ലെങ്കിൽ കൂടിയും രാജ്യത്തിനു ഗുണകരമായ ആവശ്യങ്ങൾ അംഗീകരിക്കുവാൻ അദ്ദേഹം തയ്യാറാണെന്നും താൻ ഒപ്പുവച്ചില്ല എന്ന കാരണംകൊണ്ട് തന്റെ വാക്കു പാലിക്കാതിരിക്കയില്ലെന്നുമാണ്. തന്റെ സേനകളെ പിൻവലിച്ചതിനു ശേഷം ചിയാങ്ങ് ഉത്തമവിശ്വാസത്തിനനുസരണമായി പ്രവർത്തിക്കുമോയെന്നും താൻ അംഗീകരിച്ച വ്യവസ്ഥകൾ അംഗീകരിക്കുമോയെന്നും നമുക്കു നോക്കാം. വ്യവസ്ഥകൾ ഇവയാണ്.

1. കുമിന്താങ്ങിനേയും ദേശീയ ഗവണ്മെൻറിനേയും അംഗീകരിക്കുക, ജാപ്പ് അനുകൂല ഗ്രൂപ്പിനെ പുറന്തള്ളുക, ജാപ്പ് വിരുദ്ധ വിഭാഗങ്ങളെ ഉൾപ്പെടുത്തുക;

2. ഷാങ്ങ് ഹായിയിലെ ദേശാഭിമാനികളായ നേതാക്കളെയും മറ്റെല്ലാ രാഷ്ട്രീയതടവുകാരെയും മോചിപ്പിക്കുകയും ജനങ്ങളുടെ സ്വാതന്ത്ര്യങ്ങൾക്കും അവകാശങ്ങൾക്കും ഉറപ്പു വരുത്തുകയും ചെയ്യുക;

'കമ്യൂണിസ്റ്റുകാരെ അടിച്ചമർത്തുക' എന്ന നയം അവസാനിപ്പിക്കുകയും ജപ്പാനെ ചെറുക്കുന്നതിനായി ചുവപ്പുസേനയുമായി സഖ്യത്തിൽ ഏർപ്പെടുകയും ചെയ്യുക;

4. ജപ്പാനെ ചെറുക്കുന്നതിനും ദേശത്തെ രക്ഷിക്കുന്നതിനുമുള്ള നയം എന്തെന്നു നിശ്ചയിക്കുന്നതിനായി എല്ലാപാർട്ടികൾക്കും ഗ്രൂപ്പുകൾക്കും ജനവിഭാഗങ്ങൾക്കും സൈനിക വിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള ഒരു ദേശീയ രക്ഷാ സമ്മേളനം വിളിച്ചുകൂട്ടുക;

5. ജപ്പാനെതിരായ ചൈനയുടെ ചെറുത്തുനിൽപ്പിനോട് അനുഭാവമുള്ള രാജ്യങ്ങളുമായി സഹകരിക്കുക;

6. ദേശീയ രക്ഷക്കുവേണ്ടിയുള്ള മറ്റ് സവിശേഷമാർഗങ്ങളും സ്വീകരിക്കുക.

ഈ വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതിന് എല്ലാത്തിനുമുപരി ഉത്തമ വിശ്വാസം ആവശ്യമുണ്ട്, കൂടെ കുറച്ചു ധൈര്യവും. ഭാവിനടപടികൾ എന്തെന്നും നോക്കി ചിയാങ്ങിനെ നമുക്കു വിലയിരുത്താം.

എന്നാൽ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ 'പിന്തിരിപ്പന്മാരുടെ' സമ്മർദഫലമായാണ് സിയാൻ സംഭവം ഉണ്ടായതെന്ന പരാമർശവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 'പിന്തിരിപ്പന്മാർ' എന്നതുകൊണ്ട് ഏതുതരക്കാരെയാണ് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം വിശദീകരിക്കുന്നില്ല എന്നത് കഷ്ടമായിരിക്കുന്നു. മാത്രവുമല്ല, ചിയാങ്ങിന്റെ നിഘണ്ടുവിൽ 'പിന്തിരിപ്പന്മാരുടെ' നിർവചനം എന്താണെന്നതും വ്യക്തമല്ല. ഇങ്ങിനെയൊക്കെ ആണെങ്കിലും, താഴെപ്പറയുന്ന ശക്തികളുടെ സ്വാധീനഫലമായാണ് സിയാൻ സംഭവം ഉണ്ടായത് എന്നകാര്യം തീർച്ചയാണ്:



1. ചാങ്ങ്, യാങ്ങ് എന്നീ ജനറൽമാരുടെയും സൈനികരുടെയും വടക്കു പടിഞ്ഞാറൻ പ്രദേശത്തെ വിപ്ലവജനതയുടേയും ഇടയിൽ ജപ്പാനെതിരെ വർധിച്ചുവരുന്ന വെറുപ്പ്;

2. രാജ്യത്താകമാനമുള്ള ജനങ്ങൾക്കിടയിൽ ജപ്പാനെതിരെ വർധിച്ചുവരുന്ന വെറുപ്പ്;

3. കുമിന്താങ്ങിനുള്ളിൽ ഇടതുപക്ഷ ശക്തികളുടെ വളർച്ച;

4. ജപ്പാനെ ചെറുക്കുന്നതിനും രാജ്യത്തെ രക്ഷിക്കുന്നതിനുമായി വിവിധ പ്രവിശ്യകളിൽ അധികാരത്തിലിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നുയരുന്ന ആവശ്യം;

5. ജപ്പാനെതിരെ ഒരു ദേശീയ ഐക്യമുന്നണിക്കുവേണ്ടി കമ്യൂണിസ്റ്റു പാർട്ടി സ്വീകരിച്ചിട്ടുള്ള നിലപാട്;

6. ലോക സമാധാന മുന്നണിയുടെ വികാസം.

ഇവയെല്ലാം അവർക്കതീതമായ വസ്തുതകളാണ്. ഈ ശക്തികളെ തന്നെയാണ് ചിയാങ്ങ് 'പിന്തിരിപ്പന്മാർ' എന്നു വിളിക്കുന്നത്. മറ്റുള്ളവർ ഇവയെ വിപ്ലവശക്തികൾ എന്നു വിളിക്കുമ്പോൾ ചിയാങ്ങ് ഇവയെ 'പിന്തിരിപ്പന്മാർ' എന്നു വിളിക്കുന്നു—അത്രയേ ഉള്ളു. ജപ്പാനെതിരെ ആത്മാർത്ഥമായി യുദ്ധം ചെയ്യുമെന്ന് സിയാനിൽ വച്ചു പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ട് സിയാൻ വിട്ട ഉടനെ വിപ്ലവശക്തികൾക്കെതിരെ അദ്ദേഹം അക്രമാസക്തമായ ആക്രമണം പുനരാരംഭിക്കയില്ലായിരിക്കാം. അദ്ദേഹത്തിന്റേയും അദ്ദേഹത്തിന്റെ ഗ്രൂപ്പിന്റേയും രാഷ്ട്രീയ ജീവിതം തന്നെ അദ്ദേഹം ഉത്തമവിശ്വാസത്തോടെ എടുക്കുന്ന നടപടികളെ ആശ്രയിച്ചു നിൽക്കുന്നുവെന്നു മാത്രമല്ല, അവയെ നേരിടാതെ അദ്ദേഹത്തിനും അവർക്കും മുന്നോട്ടു പോകുവാനുമാവില്ല. സിയാൻ സംഭവത്തിൽ അദ്ദേഹത്തെ കൊലപ്പെടുത്താൻ ശ്രമിച്ച 'ശിക്ഷാസംഘം' ഇപ്പോൾ അദ്ദേഹത്തിന്റേയും ഗ്രൂപ്പിന്റേയും താല്പര്യങ്ങൾക്കു വിരുദ്ധമായി വിനാശകരമായി വികാസം പ്രാപിക്കുകയുമാണ്. അതുകൊണ്ട്, തന്റെ രാഷ്ട്രീയ നിഘണ്ടു പരിഷ്കരിക്കുവാനും 'പിന്തിരിപ്പനായ' എന്ന വാക്ക് 'വിപ്ലവകരമായ' എന്നാക്കി മാറ്റുവാനും ഞങ്ങൾ ചിയാങ്ങ് കൈഷക്കിനെ ഉപദേശിക്കുന്നു. കാരണം വസ്തുതകൾക്കു നിരക്കുന്ന വാക്കുകൾ ഉപയോഗിക്കുന്നതാണ് കൂടുതൽ നല്ലത്.

കമ്യൂണിസ്റ്റു പാർട്ടിയുടെ മധ്യസ്ഥതയും അതുപോലെതന്നെ സിയാൻ സംഭവത്തിന്റെ നേതാക്കളായ ചാങ്ങ്, യാങ്ങ് എന്നീ ജനറൽമാരുടെ ശ്രമങ്ങളുടേയും ഫലമായാണ് സുരക്ഷിതനായി സിയാൻ വിട്ടുപോകുവാൻ കഴിഞ്ഞതെന്ന് ചിയാങ്ങ് കൈഷക്ക് ഓർമ്മിക്കണം. ഈ സംഭവത്തിൽ ഉടനീളം കമ്യൂണിസ്റ്റ്പാർട്ടി സമാധാനപരമായ ഒരു ഒത്തുതീർപ്പിനു വേണ്ടി നിലകൊള്ളുകയും, ദേശീയസുരക്ഷയുടെ താൽപര്യം മാത്രം മുൻനിർത്തി, ആ ലക്ഷ്യം നേടാനായി എല്ലാവിധ ശ്രമങ്ങളും നടത്തുകയും ചെയ്തു. ആഭ്യന്തര യുദ്ധം വ്യാപിക്കുകയും ചാങ്ങും യാങ്ങും ചിയാങ്ങ് കൈഷക്കിനെ കൂടുതൽ നാൾ കസ്റ്റഡിയിൽ വയ്ക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ സംഭവം ജാപ്പനീസ് സാമ്രാജ്യത്വവാദികൾക്കും ചൈനീസ് 'ശിക്ഷാ സംഘ'ത്തിനും അനുകൂലമായി മാത്രമായിരുന്നു വികസിക്കുക. ഈ സാഹചര്യങ്ങളിലാണ് കമ്യൂണിസ്റ്റ് പാർട്ടി ജാപ്പനീസ് സാമ്രാജ്യത്വവാദികളുടേയും വാങ്ങ്ചിങ്ങ്–വെയ്4, ഹൊയിങ്ങ്–ചിൻ5 എന്നിവരുടെയും ചൈനീസ് 'ശിക്ഷാസംഘ'ത്തിലെ മറ്റ് അംഗങ്ങളുടേയും ഉപജാപങ്ങളെ ദൃഢമായി തുറന്നുകാട്ടുകയും, സമാ

ധാനപരമായ ഒരു ഒത്തുതീർപ്പിനുവേണ്ടി ശക്തിയോടെ വാദിക്കുകയും ചെയ്തു. ഈ നിലപാട് ചാങ്ങ് സ്യൂ-ലിയാങ്ങ്, യാങ്ങ് ഹു-ചെങ്ങ് എന്നീ ജനറൽമാരുടേയും ടി. വി. സൂങ്ങിനെ പോലുള്ള കുമിന്താങ്ങ് അംഗങ്ങളുടേയും വീക്ഷണങ്ങളുമായി താദാത്മ്യപ്പെടുകയും ചെയ്തു. രാജ്യത്താകമാനമുള്ള ജനങ്ങൾ ആഹ്വാനം ചെയ്യുന്നതു് ഇതിനുവേണ്ടി തന്നെയാണു്. കാരണം അവരപ്പോഴത്തെ ആഭ്യന്തരയുദ്ധത്തെ അങ്ങേയററം വെറുക്കുന്നു.

ചിയാങ്ങിനെ സ്വതന്ത്രനാക്കിയതു് സിയാൻ വ്യവസ്ഥകൾക്കു് അനുസരണമായാണു്. ഇനിയങ്ങോട്ടുള്ള പ്രശ്നം, 'പ്രതിജ്ഞകൾ പാലിക്കണമെന്നും നടപടി ദൃഢനിശ്ചയത്തോടെയുള്ളതായിരിക്കണമെന്നു'മുള്ള തന്റെ ഉറപ്പു് അക്ഷരംപ്രതി അദ്ദേഹം നടപ്പിലാക്കാമോയെന്നും, ദേശീയ രക്ഷയ്ക്കുവേണ്ടി എല്ലാ വ്യവസ്ഥകളും കർശനമായി സഫലീകരിക്കുമോയെന്നുമുള്ളതാണു്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുള്ള എന്തെങ്കിലും വൈമനസ്യത്തെ രാജ്യം അനുവദിക്കുകയോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വിട്ടുവീഴ്ച അനുവദിക്കുകയോ ചെയ്യുന്നതല്ല. അദ്ദേഹം ജപ്പാനെ ചെറുക്കുന്ന കാര്യത്തിൽ ചാഞ്ചാട്ടം കാട്ടുകയോ തന്റെ വാഗ്ദാനം നടപ്പിലാക്കുന്നതിൽ താമസം വരുത്തുകയോ ചെയ്യുകയാണെങ്കിൽ, ദേശവ്യാപകനായ വിപ്ലവേലിയേററം അദ്ദേഹത്തെ തൂത്തെറിയും. ഈ പഴഞ്ചൊല്ലു് ചിയാങ്ങിന്റേയും അദ്ദേഹത്തിന്റെ ഗ്രൂപ്പിന്റേയും ഓർമ്മയിലിരിക്കട്ടെ: 'ഒരു മനുഷ്യൻ അയാളുടെ വാക്കുപാലിക്കുന്നില്ലെങ്കിൽ, അയാളെക്കൊണ്ടു് എന്തു ഗുണം?'

കഴിഞ്ഞ പത്തുവർഷക്കാലത്തെ കുമിന്താങ്ങിന്റെ പിന്തിരിപ്പൻ നയം സൃഷ്ടിച്ച അഴുക്കു് വൃത്തിയാക്കുവാനും, വിദേശകാര്യങ്ങളിൽ വിട്ടുവീഴ്ചയും ആഭ്യന്തരരംഗത്തു് ആഭ്യന്തരയുദ്ധവും അടിച്ചമർത്തലുമെന്ന അടിസ്ഥാനപരമായ തന്റെ തെററുകൾ തിരുത്തുവാനും, എല്ലാപാർട്ടികളേയും ഗ്രൂപ്പുകളേയും യോജിപ്പിച്ചുകൊണ്ടു് ജാപ്പവിരുദ്ധമുന്നണിയിൽ ഉടനടി ചേരുവാനും, ദേശത്തെ രക്ഷിക്കാൻ കഴിയുന്ന സൈനികവും രാഷ്ട്രീയവുമായ നടപടികൾ യഥാർത്ഥത്തിൽ സ്വീകരിക്കാനും ചിയാങ്ങിനു കഴിയുമെങ്കിൽ തീർച്ചയായും കമ്യൂണിസ്റ്റുപാർട്ടി അയാളെ പിന്താങ്ങും. നാളുകൾക്കുമുമ്പു് ആഗസ്റ്റ് 25-നു തന്നെ 'കുമിന്താങ്ങിനുള്ള കത്തിൽ' കമ്യൂണിസ്റ്റുപാർട്ടി ഇത്തരത്തിലുള്ള പിന്തുണ ചിയാങ്ങിനു വാഗ്ദാനം ചെയ്യുകയുണ്ടായി. 'പ്രതിജ്ഞകൾ പാലിക്കണമെന്നും നടപടി ദൃഢനിശ്ചയത്തോടെയുള്ളതായിരിക്കണമെന്നു'മുള്ള കാര്യത്തിൽ കമ്യൂണിസ്റ്റുപാർട്ടി ഉറച്ചുനിൽക്കുന്നുവെന്നു് കഴിഞ്ഞ 15 വർഷക്കാലമായി രാജ്യത്താകമാനമുള്ള ജനങ്ങൾക്കറിയാം. അവർക്കു് ചൈനയിലെ മറേറതൊരു പാർട്ടിയുടേയോ ഗ്രൂപ്പിന്റേയോ വാക്കുകളേക്കാളേറെ സംശയരഹിതമായും കൂടുതൽ വിശ്വാസമുള്ളതു് കമ്യൂണിസ്റ്റുപാർട്ടിയുടെ വാക്കുകളിലും പ്രവർത്തികളിലുമാണു്.

## കുറിപ്പുകൾ

1. ചൈനീസ് ചുവപ്പുസേനയുടേയും ജനങ്ങളുടെ ജാപ്പവിരുദ്ധ പ്രസ്ഥാനത്തിന്റേയും സ്വാധീനത്തിൻകീഴിൽ ചാങ്ങ്_സ്യൂ ലിയാങ്ങിന്റെ നേതൃത്വത്തിലുള്ള കുമിന്താങ്ങിന്റെ വടക്കുകിഴക്കൻ സേനയും യാങ്ങ്_ഹു ചെങ്ങിന്റെ നേതൃത്വത്തിലുള്ള കുമിന്താങ്ങിന്റെ 17-ാം പഥ സൈന്യവും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നിർദേശിച്ച ജാപ്പ വിരുദ്ധ ദേശീയ



ഐക്യമുന്നണി എന്ന ആശയത്തോടു യോജിക്കുകയും ജപ്പാനെ ചെറുക്കുന്നതിനു് ചിയാങ്ങ് കൈഷക് കമ്യൂണിസ്റ്റ് പാർട്ടിയുമായി ഐക്യപ്പെടണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ ചിയാങ്ങ് അതു നിരസിക്കുകയും കമ്യൂണിസ്റ്റുകാരെ 'അടിച്ചമർത്തുന്നതിനുള്ള' സൈനിക തയ്യാറെടുപ്പുകളിൽ കൂടുതൽ സജീവമായിത്തീരുകയും സിയാനിലെ ജാപ്പവിരുദ്ധ യുവജനങ്ങളെ കൂട്ടക്കൊല നടത്തുകയും ചെയ്തു. ചാങ്ങ്_സ്യൂലിയാങ്ങും യാങ്ങ്_ഹു ചെങ്ങും കൂട്ടായ നടപടിയിലൂടെ ചിയാങ്ങ് കൈഷക്കിനെ തടവിലാക്കി. 1936 ഡിസംബർ 12-ലെ പ്രസിദ്ധമായ സിയാൻ സംഭവം ഇതായിരുന്നു. കമ്യൂണിസ്റ്റു പാർട്ടിയുമായി ഐക്യവും ജപ്പാനെതിരായ ചെറുത്തുനിൽപ്പുമെന്ന വ്യവസ്ഥകളംഗീകരിക്കുവാൻ ചിയാങ്ങ് നിർബന്ധിതനാവുകയും ഈ വ്യവസ്ഥകളിന്മേൽ നാങ്കിങ്ങിലേക്കു തിരിച്ചു പോകുവാൻ അദ്ദേഹത്തെ സ്വതന്ത്രനാക്കുകയും ചെയ്തു.

2. 'ചൈനീസ് ശിക്ഷാസംഘ'ത്തിൽ ഉൾക്കൊണ്ടിരുന്നതു് സിയാൻ സംഭവകാലത്തെ ചിയാങ്ങ് കൈഷക്കിൽനിന്നു് അധികാരം കവർന്നെടുക്കാൻ ശ്രമിച്ച നാങ്കിങ്ങിലെ കുമിന്താങ്ങ് ഗവൺമെന്റിലെ ജാപ്പ് അനുകൂല വിഭാഗങ്ങളായിരുന്നു. വാങ്ങ് ചിങ്ങ്_വെയ്, ഹോ-ഇങ്ങ്_ചിൻ എന്നിവരെ നേതാക്കളാക്കിക്കൊണ്ടു് ചാങ്ങ് സ്യൂലിയാങ്ങിനും യാങ്ങ് ഹു ചെങ്ങിനും എതിരെ ഒരു 'ശിക്ഷായുദ്ധയാത്ര' നടത്തണമെന്നവർ വാദിച്ചു. ഈ സംഭവം ഉപയോഗപ്പെടുത്തിക്കൊണ്ടു് ജാപ്പനീസ് ആക്രമണകാരികൾക്കായി പാത തുറന്നുകൊടുക്കുന്നതിനു് വൻതോതിൽ ഉള്ള ആഭ്യന്തരയുദ്ധം ആരംഭിക്കുന്നതിനും ചിയാങ്ങ് കൈഷക്കിൽനിന്നു് അധികാരം കവർന്നെടുക്കുന്നതിനും അവർ തയാറെടുത്തു.

3. 1936 നവംബറിൽ ചിയാങ്ങ് കൈഷക്കു് ഗവൺമെന്റു് ഷാങ്ങ്ഹായിലെ ജാപ്പ് വിരുദ്ധ പ്രസ്ഥാനത്തിന്റെ ഏഴു ദേശാഭിമാനികളായ നേതാക്കളെ തടവിലാക്കുകയുണ്ടായി. 1937 ജൂലൈ വരെ അവർ തടവിൽ സൂക്ഷിക്കപ്പെട്ടു.

4. കുമിന്താങ്ങിലെ ജാപ്പനീസ് അനുകൂല ഗ്രൂപ്പിന്റെ നേതാവായിരുന്നു വാങ്ങ്ചിങ്ങ്വെയ്. 1931-ൽ ജാപ്പനീസ് സാമ്രാജ്യത്തവാദികൾ വടക്കു കിഴക്കൻ പ്രദേശത്തേക്കു് കടന്നു കയറിയ കാലംമുതൽ അയാൾ അവരുമായി വിട്ടുവീഴ്ചയ്ക്കുവേണ്ടി നിലകൊണ്ടു. 1988 ഡിസംബറിൽ അയാൾ ചുങ്ങ്കിങ്ങ് വിട്ടുപോകുകയും ജാപ്പനീസ് സാമ്രാജ്യ വാദികളോടു് പരസ്യമായി കൂറുപ്രഖ്യാപിക്കുകയും നാങ്കിങ്ങിൽ ഒരു പാവ ഗവൺമെന്റു് സ്ഥാപിക്കുകയും ചെയ്തു.

5. ജാപ്പ് അനുകൂലഗ്രൂപ്പിന്റെ മറെറാരു നേതാവായിരുന്നു ഒരു കുമിന്താങ്ങ് യുദ്ധപ്രഭുവായിരുന്ന ഹോ-ഇങ്ങ്_ചിൻ. സിയാൻ സംഭവത്തിനിടയ്ക്കു് ചുങ്ങ്ഹായ് റെയിൽവേ പാതയ്ക്കു സമീപം ഷെൻസിയുടെമേൽ ഒരാക്രമണം നടത്തുന്നതിനായി കുമിന്താങ്ങ് സേനകളെ വിന്യസിച്ചുകൊണ്ടു് ആഭ്യന്തരയുദ്ധത്തിനായി പരസ്യമായ ഉപജാപങ്ങളിൽ ഏർപ്പെട്ടു. അയാൾ ചിയാങ്ങിന്റെ സ്ഥാനം ഏറെറടുക്കുന്നതിനുവേണ്ടി ചിയാങ്ങ് കൈഷക്കിനെ കൊലപ്പെടുത്തുന്നതിനും സിയാൻ ബോംബു ചെയ്യുന്നതിനും പരിപാടിയിട്ടു.

6. ടി. വി. സൂങ്ങ് കുമിന്താങ്ങിലെ ഒരു അമേരിക്കൻ അനുകൂല അംഗമായിരുന്നു. അമേരിക്കൻ താൽപര്യങ്ങൾക്കുവേണ്ടി നിലകൊണ്ടിരുന്ന അയാളും സിയാൻ സംഭവത്തിനു സമാധാനപരമായ ഒരു ഒത്തുതീർപ്പിനെ അനുകൂലിച്ചു. കാരണം അന്നു് വിദൂരപൂർവദേശത്തു് ആധിപത്യത്തിനുവേണ്ടി

ജാപ്പനീസ് സാമ്രാജ്യത്വവുമായി അമേരിക്കൻ സാമ്രാജ്യത്വം കടുത്ത മത്സരത്തിലായിരുന്നു.

7. ഈ കത്ത് ക്ലമിന്താങ്ങിന്റെ പിന്തിരിപ്പൻ ഭരണത്തെ അതിന്റെ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിററിയുടെ രണ്ടാം പ്ളീനറി സമ്മേളന തീരുമാനങ്ങളെയും രൂക്ഷമായി വിമർശിച്ചു. ഒരു ജാപ്പ വിരുദ്ധ ദേശീയ ഐക്യമുന്നണി രൂപീകരിക്കുന്നതിനും ക്ലമിന്താങ്ങുമായുള്ള സഹകരണം പുനരാരംഭിക്കുന്നതിനുമുള്ള കമ്യൂണിസ്റ്റു പാർട്ടിയുടെ നയം അതു മുന്നോട്ടുവച്ചു. കത്തിലെ പ്രധാന ഭാഗങ്ങൾ താഴെ പറയുന്നവയാണ്:

'കേന്ദ്രീകരണത്തെയും ഏകീകരണത്തെയും' പററി പറയുമ്പോൾ നിങ്ങളുടെ പാർട്ടിയുടെ രണ്ടാം പ്ളീനറി സമ്മേളനം കാരണത്തെയും അതിന്റെ ഫലത്തെയും കൂട്ടിക്കുഴയ്ക്കുകയാണ്. കഴിഞ്ഞ പത്തുവർഷക്കാലത്തെ ആഭ്യന്തര യുദ്ധവും അനൈക്യവും നിങ്ങളുടെ പാർട്ടിയും നിങ്ങളുടെ പാർട്ടിയുടെ ഗവൺമെൻറും പിൻതുടർന്നുവന്ന സാമ്രാജ്യത്വത്തെ ആശ്രയിക്കുകയെന്ന അപകടകരമായ നയംമൂലമാണ്, പ്രത്യേകിച്ചും 1931 സെപ്റ്റംബർ 18 സംഭവത്തിനുശേഷം പിന്തുടർന്ന ജപ്പാനെ ചെറുക്കാതിരിക്കുക എന്ന നയംമൂലമാണ് തികച്ചും ഉണ്ടായതെന്ന കാര്യം ഇവിടെ ഊന്നിപ്പറയേണ്ടതുണ്ട്. 'വിദേശീയാക്രമണത്തെ ചെറുക്കുന്നതിനുമുമ്പ് ആഭ്യന്തര സമാധാന സ്ഥാപനം' എന്ന മുദ്രാവാക്യത്തിൻ കീഴിൽ നിങ്ങളുടെ പാർട്ടിയും നിങ്ങളുടെ പാർട്ടിയുടെ ഗവൺമെൻറും നിരന്തരമായ ആഭ്യന്തരയുദ്ധം നടത്തിക്കൊണ്ടിരിക്കുകയും ചുവപ്പുസേനയ്ക്കെതിരെ നിരവധി 'വലയം ചെയ്യൽ' ക്യാമ്പെയിനുകൾ തൊടുത്തുവിടുകയുമായിരുന്നു. രാജ്യത്താകമാനമുള്ള ജനങ്ങളുടെ ദേശാഭിമാന പ്രചോദിതവും ജനാധിപത്യപരവുമായ പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നതിൽ നിങ്ങൾ ഒരവസരവും പാഴാക്കിയിട്ടില്ല. ജാപ്പനീസ് സാമ്രാജ്യത്വമാണ് ചൈനയുടെ ഏററവും മാരകമായ ശത്രു എന്ന യാഥാർത്ഥ്യത്തിനു നേരെ കണ്ണടച്ചുകൊണ്ട്, ചൈനയുടെ വടക്കുകിഴക്കൻ, വടക്കൻ പ്രദേശങ്ങൾ കൈവെടിയുന്നതിന് കഴിഞ്ഞ മാസങ്ങളിൽ നിങ്ങൾ ഒരു തരിമ്പും വൈമനസ്യം കാട്ടിയില്ല; ചുവപ്പു സേനയോട് പോരാടുന്നതിന് നിങ്ങൾ മുഴുവൻ ശക്തിയുമുപയോഗിക്കുകയും നിങ്ങളുടെ പാർട്ടിക്കുള്ളിൽത്തന്നെ വിഭാഗീയ സമരങ്ങൾ നടത്തുകയും ചെയ്തു. ജപ്പാനോട് യുദ്ധത്തിനായി നീങ്ങിയ ചുവപ്പുസേനയെ നിങ്ങൾ തടസ്സപ്പെടുത്തുകയും അതിന്റെ പിൻനിരകളെ ശല്യപ്പെടുത്തുകയും ചെയ്തു. ജപ്പാനെ ചെറുക്കുക എന്ന ദേശവ്യാപകമായി ഉയർന്ന ആവശ്യത്തെ നിങ്ങൾ അവഗണിക്കുകയും ജനങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യവും അവകാശങ്ങളും നിയന്ത്രിക്കുകയും ചെയ്തു. ദേശാഭിമാനം കുററകരമാക്കിത്തീർക്കുകയും നിരപരാധികളായ ജനങ്ങളെ എവിടെയും തടവിലാക്കുകയും ചെയ്തിരിക്കുന്നു. ദേശദ്രോഹികൾക്ക് സമ്മാനം നൽകുകയും, അവരിന്ന് തങ്ങൾക്ക കിട്ടുന്ന നിയമനങ്ങളും ബഹുമതികളുംകാട്ടി ഉന്മത്തരാവുകയും ചെയ്തിരിക്കുന്നു. ഈ തെററായ നയത്തിലൂടെ കേന്ദ്രീകരണത്തിനും ഏകീകരണത്തിനും വേണ്ടി ശ്രമിക്കുന്നതു് 'മത്സ്യം പിടിക്കാനായി മരം കയറുന്നതു'പോലെയാണ്. ഇതു് ഫലത്തിൽ നേരെ വിപരീതഫലം സൃഷ്ടിക്കും. നിങ്ങളുടെ തെററായ നയത്തിന് അടിസ്ഥാനപരമായ മാററം നിങ്ങൾ വരുത്തുന്നില്ലെങ്കിൽ നിങ്ങളുടെ വെറുപ്പ് ജാപ്പനീസ് സാമ്രാജ്യവാദികൾക്കെതിരെ തിരിക്കാതിരിക്കുകയും മറിച്ച് അതു നിങ്ങളുടെതന്നെ ദേശവാസികൾക്കെതിരെ തിരിക്കുകയും ചെയ്യുകയാണെങ്കിൽ, സ്ററാററസ്കൊ നിലനിർത്താൻപൊലും നിങ്ങൾക്ക് അസാദ്ധ്യമാകമെന്ന് ഞങ്ങൾ മുന്നറിയിപ്പു നൽകാൻ ആഗ്രഹിനിന്നു. കേന്ദ്രീകരണത്തെയും ഏകീകരണത്തെയുംകുറിച്ചുള്ള വാചകമടികളും



അലസഭാഷണങ്ങളായി മാത്രം അവശേഷിക്കും. രാജ്യം മുഴുവനും ആവശ്യ
പ്പെടുന്നതു് ജപ്പാനോട് പോരാടുന്നതിനും ദേശത്തെ രക്ഷിക്കുന്നതിനും വേ
ണ്ടിയുള്ള കേന്ദ്രീകരണവും ഏകീകരണവുമാണ്, അല്ലാതെ വിദേശീയരു
ടെ മുമ്പിൽ മുട്ടുമടക്കുന്നതിനും സ്വന്തം ജനങ്ങളെ അടിച്ചമർത്തുന്നതിനുംവേ
ണ്ടിയുള്ളതല്ല. ജനങ്ങളിന്ന് ആകാംക്ഷയോടെ ആവശ്യപ്പെടുന്നതു് തങ്ങളു
ടെ രാജ്യത്തെയും തങ്ങളെത്തന്നെയും യഥാർത്ഥത്തിൽ രക്ഷിക്കാൻ കഴിയുന്ന
ഒരു യഥാർത്ഥ ജനാധിപത്യ റിപ്പബ്ളിക്കാണ്. അവരാവശ്യപ്പെടുന്നതു്
തങ്ങളുടെ താൽപര്യം സംരക്ഷിക്കുന്ന ഒരു ജനാധിപത്യ റിപ്പബ്ളിക്കൻ
ഗവൺമെൻറാണ്. ഇതുപോലുള്ള ഒരു ഗവൺമെൻറിന്റെ പരിപാടിയിൽ
പ്രധാനമായും താഴെ പറയുന്നവ ഉണ്ടാകണം:

(1) വിദേശീയാക്രമണത്തിനെതിരായ ഉറച്ചു നിൽപ്; (2) ജന
ങ്ങൾക്ക് ജനാധിപത്യ അവകാശങ്ങൾ; (3) ദേശീയ സമ്പദ്വ്യവസ്ഥയു
ടെ വികാസവും ജനങ്ങളുടെ കഷ്ടപ്പാടുകൾ ഇല്ലാതാക്കലും, അല്ലെങ്കിൽ
ചുരുങ്ങിയതു് കുറവുവരുത്തുകയെങ്കിലും. നിങ്ങളുടെ ആധുനിക ഭരണകൂട
ത്തെക്കുറിച്ചുള്ള സംസാരത്തിന് എന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ ഇത്തരം
ഒരു പരിപാടിക്കു മാത്രമേ ഇന്നത്തെ കാലഘട്ടത്തിൽ കൊളോണിയലും
അർദ്ധകൊളോണിയലുമായ ചൈനയുടെ ആവശ്യങ്ങളെ യഥാർത്ഥത്തിൽ
പരിഹരിക്കാനാവൂ. ഈ ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കുന്നതിനുവേണ്ടി ആശ
യോടും ദൃഢനിശ്ചയത്തോടുംകൂടെ ജനങ്ങൾ പോരാടുകയാണ്. എന്നാൽ
നിങ്ങളുടെ പാർട്ടിയും, നിങ്ങളുടെ പാർട്ടിയുടെ ഗവൺമെൻറും അവരുടെ
ആശകൾക്കെതിരായ ഒരു നയമാണ് പിന്തുടരുന്നതു്. നിങ്ങളവരുടെ വി
ശ്വാസം ഒരിക്കലും നേടിയെടുക്കില്ല. ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയും
ചൈനീസ് ചുവപ്പു സേനയും പ്രഖ്യാപിക്കുന്നു: മുഴുവൻ രാജ്യത്തിനുംവേണ്ടി
ഒരു ഏകീകൃത ജനാധിപത്യ റിപ്പബ്ലിക്ക് സ്ഥാപിക്കുന്നതിനും സാർവത്രി
ക പ്രായപൂർത്തി വോട്ടവകാശത്തിന്റെ പേരിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു
പാർലമെൻറ് വിളിച്ചുകൂട്ടുന്നതിനും വേണ്ടി ഞങ്ങൾ നിലകൊള്ളുന്നു. മുഴു
വൻ ജനങ്ങളെയും രാജ്യത്താകമാനമുള്ള മുഴുവൻ ജാപ്പ വിരുദ്ധ സായുധസേന
കളെയും പ്രതിനിധീകരിക്കുന്ന ഒരു ജാപ്പവിരുദ്ധ ദേശീയ രക്ഷാകോൺഗ്ര
സിനെയും ഒരു ഏകീകൃത ദേശീയ രക്ഷാ ഗവൺമെൻറിനെയും ഞങ്ങൾ പി
ന്താങ്ങുന്നു. മുഴുവൻ ചൈനയ്ക്കും വേണ്ടി ഒരു ഏകീകൃത ജനാധിപത്യ റിപ്പ
ബ്ളിക്ക് സ്ഥാപിക്കപ്പെട്ടാലുടനെ ചുവപ്പു പ്രദേശങ്ങൾ അതിന്റെ ഭാഗ
മായി മാറും, ചുവപ്പു പ്രദേശങ്ങളിലെ ജനകീയ പ്രതിനിധികൾ
അഖില ചൈനാ പാർലമെൻറിൽ പങ്കെടുക്കും. ചൈനയിലെ
മററു പ്രദേശങ്ങളിലും ഇതേ ജനാധിപത്യ വ്യവസ്ഥ സ്ഥാപിക്കപ്പെടും. ഞങ്ങ
ളുടെ അഭിപ്രായം, നിങ്ങളുടെ പാർട്ടിയുടെ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിററി
യുടെ രണ്ടാം പ്ളീനറി സമ്മേളനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള
ദേശീയ പ്രതിരോധ കൗൺസിലിനും നിങ്ങളുടെ പാർട്ടിയും നിങ്ങളുടെ പാർ
ട്ടിയുടെ ഗവൺമെൻറും വിളിച്ചുകൂട്ടുവാൻ ശ്രമിക്കുന്ന ദേശീയ അസംബ്ളി
ക്കും ജപ്പാനെ ചെറുക്കുന്നതിനും ദേശരക്ഷയ്ക്കുംവേണ്ടിയുള്ള കേന്ദ്രീകരണവും
ഏകീകരണവും നേടിയെടുക്കാൻ കഴിയില്ല എന്നാണ്. നിങ്ങളുടെ പാർ
ട്ടിയുടെ കേന്ദ്രഎക്സിക്യൂട്ടീവിന്റെ രണ്ടാം പ്ളീനറി സമ്മേളനം പാസാക്കി
യ ദേശീയ പ്രതിരോധ കൗൺസിലിന്റെ നിബന്ധനകൾ അനുസരിച്ച് ഈ
കൗൺസിൽ നിങ്ങളുടെ പാർട്ടിയിലും നിങ്ങളുടെ പാർട്ടിയുടെ ഗവൺ
മെൻറിലും അധികാരമുള്ള കുറച്ച് ഉദ്യോഗസ്ഥരിൽ ഒതുങ്ങിയിരിക്കും. ഇതി
ന്റെ കടമ ഗവൺമെൻറിന്റെ ഒരു ഉപദേശക സമിതി എന്ന നിലയിൽ പ്ര
വർത്തിക്കുകയായിരിക്കും. ഇതുപോലൊരു കൗൺസിലിന് എന്തെങ്കിലും
നേടിയെടുക്കാനോ ജനങ്ങൾക്കിടയിൽ വിശ്വാസം സൃഷ്ടിക്കുവാനോ കഴി

യില്ലെന്നതു് തികച്ചും വ്യക്തമാണു്. നിങ്ങൾ വിളിച്ചുകൂട്ടുവാൻ ഉദ്ദേശിക്കുന്ന ദേശീയ അസംബ്ലിയുടെയും സ്ഥിതി ഇതുതന്നെയാണു്. നിങ്ങളുടെ പാർട്ടിയുടെ ഗവൺമെന്റു് പാസ്സാക്കിയ 'ചൈനീസ് റിപ്പബ്ലിക്കിന്റെ കരട് ഭരണഘടന'യും 'ദേശീയ അസംബ്ലിയുടെ നിയമങ്ങളും തെരഞ്ഞെടുപ്പു രീതികളും' അനുസരിച്ച് ഈ അസംബ്ലി നിങ്ങളുടെ പാർട്ടിയുടെയും നിങ്ങളുടെ പാർട്ടിയുടെ ഗവൺമെന്റിന്റെയു, ചുരുക്കം ഉദ്യോഗസ്ഥർക്കു് ഇഷ്ടംപോലെ കൈകാര്യം ചെയ്യാനുള്ള ഒരു ഉപകരണമായിരിക്കും. അതു് അവരുടെ ഒരു അനുബന്ധം മാത്രമായിരിക്കും, അഥവാ മറെറാരു അലങ്കാരവസ്തു. ഇത്തരത്തിലുള്ള ഒരു ദേശീയ സുരക്ഷ ഒരു ദേശീയ പ്രതിരോധ കൗൺസിലും ഒരു ദേശീയ അസംബ്ലിയും ഞങ്ങളുടെ പാർട്ടി നിർദേശിച്ചിട്ടുള്ള ജപ്പാനെ ചെറുക്കുന്നതിനും ദേശീയ രക്ഷയ്ക്കും വേണ്ടിയുള്ള അഖില ചൈനാ കോൺഗ്രസുമായും ചൈനീസ് ജനാധിപത്യ റിപ്പബ്ലിക്കും അതിന്റെ പാർലമെന്റുമായും തികച്ചും വ്യത്യസ്തമാണു്. ഞങ്ങളുടെ അഭിപ്രായം ജപ്പാനെ ചെറുക്കുന്നതിനും ദേശീയരക്ഷയ്ക്കും വേണ്ടിയുള്ള ഒരു ദേശീയ പ്രതിരോധ കൗൺസിലിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഗ്രൂപ്പുകളുടെയും സായുധസേനകളുടെയും പ്രതിനിധികളും എല്ലാ ജനവിഭാഗങ്ങളുടെയും പ്രതിനിധികളും ഉൾക്കൊണ്ടിരിക്കണമെന്നും ജപ്പാനെ ചെറുക്കുന്നതിനും ദേശീയ രക്ഷയ്ക്കും വേണ്ടിയുള്ള പ്രധാന നയപരിപാടികൾ തീരുമാനിക്കുന്നതിനു് അധികാരമുള്ള ഒരു യഥാർത്ഥ ഭരണരൂപമായിരിക്കണമെന്നും, ഈ കൗൺസിലിൽനിന്നു് ഒരു ഏകീകൃത ദേശീയ പ്രതിരോധ ഗവൺമെന്റു് രൂപീകരിക്കപ്പെടണമെന്നുമാണു്. ദേശീയ അസംബ്ലി സാർവത്രിക വോട്ടവകാശപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു പാർലമെന്റു് രൂപീകരിക്കണമെന്നുമാണു്. ദേശീയ അസംബ്ലി സാർവത്രിക വോട്ടവകാശപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു പാർലമെന്റും ചൈനീസ് ജനാധിപത്യ റിപ്പബ്ലിക്കിന്റെ അധികാര കേന്ദ്രവും ആയിരിക്കണം. അപ്രകാരമുള്ള ഒരു ദേശീയ പ്രതിരോധ കൗൺസിലിനും ഒരു അഖില ചൈനാ പാർലമെന്റിനും മാത്രമെ മുഴുവൻ രാജ്യത്തെയും ജനങ്ങളുടെ അംഗീകാരവും പിന്തുണയും പങ്കാളിത്തവും നേടിയെടുക്കാൻ കഴിയുകയുള്ളു. അതിനു മാത്രമെ ദേശീയ രക്ഷയും ജനങ്ങളുടെ രക്ഷയുമെന്ന ലക്ഷ്യം ദൃഢവും അചഞ്ചലവുമായ ഒരടിത്തറമേൽ പ്രതിഷ്ഠിക്കാൻ കഴിയൂ. വെറും വാചകമടികൾ പ്രയോജനരഹിതമാണു്. അതിനു ജനങ്ങളുടെ പിന്തുണനേടാൻ ആവുകയില്ല. നിങ്ങളുടെ പാർട്ടിയും നിങ്ങളുടെ പാർട്ടിയുടെ ഗവൺമെന്റും നടത്തിയ വിവിധ സമ്മേളനങ്ങളുടെ പരാജയം ഇതിനുള്ള ഏററവും നല്ല തെളിവാണു്. നിങ്ങളുടെ പാർട്ടിയുടെ കേന്ദ്രഎക്സിക്യൂട്ടീവ് കമ്മിററിയുടെ രണ്ടാം പ്ലീനറി സമ്മേളനത്തിന്റെ പ്രഖ്യാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്: 'അപകടങ്ങളും തടസങ്ങളും പ്രതീക്ഷിക്കേണ്ടതുതന്നെയാണു്; എന്നാൽ നമ്മുടെ കടമകൾ സഫലീകരിക്കുന്നതിൽ ഒരിക്കലും വിട്ടുവീഴ്ച കാണിക്കുകയില്ല.' വീണ്ടും, 'രാജ്യത്തിന്റെ നിലനിൽപ്പിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഞങ്ങളുടെ പാർട്ടി സ്വാഭാവികമായും അതിനുവേണ്ടി പൂർണമനസ്സോടെ നിലകൊള്ളും.' ചൈനയിലെ ഏററവും വിശാലമായ പ്രദേശത്തെ ഭരണകക്ഷി എന്ന നിലയിൽ എല്ലാ കഴിഞ്ഞകാല പ്രവർത്തികൾക്കും നിങ്ങളുടെ പാർട്ടി രാഷ്ട്രീയ ഉത്തരവാദിത്വം ഏറെറടുക്കണമെന്നകാര്യം തീർച്ചയാണു്. കുമിന്താങ്ങ് ഗവൺമെന്റു് ഒരു ഏകകക്ഷി സർവാധിപത്യം ആണെന്ന വസ്തുതയുടെ വെളിച്ചത്തിൽ നിങ്ങളുടെ പാർട്ടിക്കു് ഈ ഉത്തരവാദിത്വത്തിൽനിന്നു് ഒരിക്കലും രക്ഷപ്പെടാനാവുകയില്ല. പ്രത്യേകിച്ചും, മുഴുവൻ ജനങ്ങളുടെ താൽപര്യത്തിനും മുഴുവൻ രാഷ്ട്രത്തിന്റെ താൽപര്യങ്ങൾക്കുമെതിരെ സെപ്ററംബർ 18 സംഭവത്തിനുശേഷം നിങ്ങളുടെ പാർട്ടി പിന്തുടർന്ന തികച്ചും തെററായ നയത്തിന്റെ ഫലമായി ഏറെക്കുറെ



ചൈനയുടെ പകുതിയോളം നഷ്ടപ്പെട്ടതിന്റെ ഉത്തരവാദിത്വം മററുള്ളവരുടെ ചുമലിലാക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. ഞങ്ങൾ ജനങ്ങൾ മുഴുവനും കാണുന്നതു്, നിങ്ങളുടെ പാർട്ടി ചൈനയുടെ പകുതി കൈയൊഴിഞ്ഞതു കാരണം അതിനു് ഈ ഭൂപ്രദേശം വീണ്ടെടുക്കുകയും ചൈനയുടെ പരമാധികാരം പുനഃസ്ഥാപിക്കുകയും ചെയ്യുന്ന ഉത്തരവാദിത്വം ഒഴിവാക്കാൻ കഴിയുകയില്ല. ഇതേ സമയംതന്നെ ദേശീയ അടിമത്തത്തിന്റെ ഭീകരതയെക്കുറിച്ചും ജനകീയ ഇച്ഛയുടെ അലംഘനീയതയെക്കുറിച്ചും നിങ്ങളുടെ പാർട്ടികളുള്ളിൽ പോലും മനസ്സാക്ഷിയുള്ള പലരും ഇന്നു് ജാഗരൂകരാണു്. അവർ ഒരു പുതിയ ദിശയിലേക്കു തിരിയാൻ തുടങ്ങുകയാണു്. തങ്ങളുടെ പാർട്ടിക്കും രാജ്യത്തിനു തന്നെയും അപകടം വരുത്തിവെച്ച തങ്ങൾക്കിടയിൽ തന്നെയുള്ളവരെക്കുറിച്ച് അവർ അസംതൃപ്തരാണു്. ചൈനീസ് കമ്യൂണിസ്റ്റു പാർട്ടി ഈ പുതിയ മാററത്തിനു് പൂർണമായ അനുഭാവം പ്രകടിപ്പിക്കുകയും കുമിന്താങ്ങിലെ ഈ ദേശാഭിമാനികളും മനസ്സാക്ഷിയുള്ളവരുമായ അംഗങ്ങളുടെ മഹത്തായ സ്പിരിററിനെയും ഉണർവിനെയും സമരത്തിൽ ത്യാഗമനുഷ്ഠിക്കാനുള്ള അവരുടെ സന്നദ്ധതയെയും രാജ്യം നാശത്തിന്റെ വക്കത്തെത്തി നിൽക്കുമ്പോൾ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്താനുള്ള അവരുടെ ധീരതയെയും ഹാർദമായി പിന്തുണക്കുകയും ചെയ്യുന്നു. നിങ്ങളുടെ പാർട്ടിയുടെ കേന്ദ്രസംസ്ഥാന ഹെഡ്ക്വാർട്ടറുകളിൽ, അതിന്റെ കേന്ദ്ര,സംസ്ഥാന ഗവൺമെന്റുകളിൽ, വിദ്യാഭ്യാസ, ശാസ്ത്രീയ, കലാ, പത്രപ്രവർത്തക വ്യാവസായിക മണ്ഡലങ്ങളിൽ, സ്ത്രീകൾക്കിടയിൽ, മത, വൈദ്യമേഖലകളിൽ, പോലീസ് സേനകളിൽ എല്ലാവിധ ജനകീയ സംഘടനകളിൽ, പ്രത്യേകിച്ചും എല്ലാ നിലവാരത്തിലുമുള്ള സൈനികർക്കിടയിലും പഴയതും അതുപോലെ തന്നെ പുതിയതുമായ കുമിന്താങ്ങ് അംഗങ്ങൾക്കിടയിലും അതുപോലെതന്നെ വിവിധ തലങ്ങളിലുള്ള കുമിന്താങ്ങ് നേതാക്കൾക്കിടയിലും ഉണർവു നേടിയ, ദേശാഭിമാനികളായ ആളുകളുടെ എണ്ണം ദിവസേന വർദ്ധിക്കുകയാണെന്നു് ഞങ്ങൾക്കറിയാം. ഇതു വളരെ സന്തോഷകരമാണു്. കുമിന്താങ്ങിലെ ഈ അംഗങ്ങളുമായി കൈകോർക്കുന്നതിൽ രാജ്യത്തിന്റെ ഏററവും മാരക ശത്രുവായ ജാപ്പനീസ് സാമ്രാജ്യത്തോടു പോരാടുന്നതിനു്, അവരുമായി ദൃഢമായ ഒരു ദേശീയ ഐക്യമുന്നണി രൂപീകരിക്കുന്നതിനും ചൈനീസ് കമ്യൂണിസ്റ്റു പാർട്ടി എല്ലായ്പോഴും സന്നദ്ധമാണു്. അവർ കുമിന്താങ്ങിനുള്ളിൽ പെട്ടെന്നു് ഒരു വലിയ ശക്തിയായി വളരുമെന്നും ദേശീയ താൽപര്യങ്ങളെ അവഗണിക്കുകയും ശരിക്കും ജാപ്പനീസ് ഏജന്റുമാരും സഹകാരികളുമായ കാപട്യമുള്ളവരും ലജ്ജാവിഹീനരുമായ അംഗങ്ങൾക്കുമേൽ ആധിപത്യം നേടുമെന്നും ഞങ്ങളാശിക്കുന്നു. ഈ കാപട്യക്കാരായ അംഗങ്ങൾ ഡോ. സൺയാററ്സന്റെ സ്മരണക്കു് ഒരപമാനമാണു്. ഇത്തരക്കാർക്കെതിരെ പോരാടുന്നവർക്കു് ഡോ. സൺന്റെ വിപ്ലവപരമായ മൂന്നു ജനകീയ സിദ്ധാന്തങ്ങളുടെ സ്പിരിററ് പുനരുജ്ജീവിപ്പിക്കുവാനും റഷ്യയുമായി സഖ്യം, കമ്യൂണിസ്റ്റു പാർട്ടിയുമായി സഹകരണം, കർഷകർക്കും തൊഴിലാളികൾക്കും സഹായം എന്ന അദ്ദേഹത്തിന്റെ മൂന്നു മഹത്തായ നയങ്ങൾ വീണ്ടുമുറപ്പിക്കാനും ഡോ. സൺന്റെ അന്ത്യശാസനത്തിലെയും മൂന്നു മഹത്തായ നയങ്ങളിലെയും വിപ്ലവപരമായ മൂന്നു ജനകീയ സിദ്ധാന്തങ്ങളുടെ സാക്ഷാത്കാരത്തിനുവേണ്ടി പ്രവർത്തിക്കുവാനും കഴിയുമെന്നു ഞങ്ങളാശിക്കുന്നു. എല്ലാ പാർട്ടികളിലെയും ഗ്രൂപ്പുകളിലെയും എല്ലാ ജീവിത തുറകളിലെയും ദേശാഭിമാനികളായ നേതാക്കളോടൊപ്പം ദേശാഭിമാനികളായ എല്ലാ ജനങ്ങളോടുമൊപ്പം ഡോ. സണിന്റെ വിപ്ലവലക്ഷ്യം സാക്ഷാത്കരിക്കുന്നതു് തുടരുകയെന്ന ഉത്തരവാദിത്വം നിശ്ചയദാർഢ്യത്തോടെ ചുമലിലേല്ക്കുവാനും ജാപ്പനീസ് സാമ്രാജ്യത്വത്തെ തുരത്തെറിയുവാനും ചൈനീസ് രാഷ്ട്രത്തെ അടിമത്തത്തിൽനിന്നു് രക്ഷിക്കു

വാനും ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ നേടിയെടുക്കുവാനും ചൈനയുടെ സമ്പദ് വ്യവസ്ഥ വികസിപ്പിക്കുവാനും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ സ്വതന്ത്രരാക്കുവാനും ജനാധിപത്യ പാർലമെന്റോടും ജനാധിപത്യ ഗവൺമെന്റോടും കൂടിയ ചൈനീസ് ജനാധിപത്യ റിപ്പബ്ലിക്ക് നിലവിൽ കൊണ്ടുവരുവാനും കഴിയുമെന്ന് ഞങ്ങൾ ആശിക്കുന്നു. കുമിന്താങ്ങിലെ എല്ലാ അംഗങ്ങളോടും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി പ്രഖ്യാപിക്കുന്നു: ഇതു നിങ്ങൾ യഥാർത്ഥത്തിൽ ചെയ്യുന്നുവെങ്കിൽ ഞങ്ങൾ നിങ്ങളെ ദൃഢനിശ്ചയത്തോടെ പിന്താങ്ങുന്നു; നിങ്ങളോടു ചേർന്നു് 1924_27ലെ മഹത്തായ വിപ്ലവകാലഘട്ടത്തിലെന്നപോലെ സാമ്രാജ്യവാദികൾക്കും ഫ്യൂഡൽ അടിച്ചമർത്തലിനും എതിരെ രൂപംകൊണ്ട ദൃഢമായ ഒരു വിപ്ലവ ഐക്യമുന്നണി രൂപീകരിക്കുവാൻ ഞങ്ങൾ തയാറാണ്. കാരണം രാജ്യത്തെ അടിമത്തത്തിൽനിന്നും രക്ഷിക്കുവാനും നിലനിൽപ്പ് ഉറപ്പുവരുത്തുവാനുമുള്ള ഇന്നത്തെ ശരിയായ ഏകമാർഗം ഇതാണ്.

# ജപ്പാനെതിരായ പ്രതിരോധത്തിൻെറ കാലഘട്ടത്തിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കടമകൾ *

1937 മെയ് 3

## ചൈനയുടെ അകത്തും പുറത്തുമുള്ള വൈരുദ്ധ്യങ്ങളുടെ വികാസത്തിലെ ഇന്നത്തെ ഘട്ടം

1. ചൈനയും ജപ്പാനും തമ്മിലുള്ള വൈരുദ്ധ്യം മുഖ്യമായിത്തീർന്നിട്ടുള്ളതുകൊണ്ടും ചൈനയ്ക്കകത്തുള്ള വൈരുദ്ധ്യങ്ങൾ രണ്ടാമത്തേതും വിധേയവുമായ ഒരു സ്ഥാനത്തേക്ക് താഴ്ന്നിട്ടുള്ളതുകൊണ്ടും ചൈനയുടെ സാർവദേശീയ ബന്ധങ്ങളിലും ആഭ്യന്തര വർഗബന്ധങ്ങളിലും മാററങ്ങളുണ്ടായിട്ടുണ്ട്. ഇതു് നിലവിലുള്ള പരിതഃസ്ഥിതിയിൽ വികാസത്തിൻെറ ഒരു പുതിയ ഘട്ടത്തെ ഉരുത്തിരിച്ചിട്ടുമുണ്ട്.

2. ഏറേക്കാലമായി ചൈന തീക്ഷ്ണവും അടിസ്ഥാനപരവുമായ രണ്ടു വൈരുദ്ധ്യങ്ങളുടെ പിടിയിലാണ്, ചൈനയും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യവും ഫ്യൂഡലിസവും ജനവിഭാഗങ്ങളും തമ്മിലുള്ള വൈരുദ്ധ്യവും ആണ് അവ. കുമിന്താങ്ങിനാൽ (ദേശീയകക്ഷി) പ്രതിനിധീകരിക്കപ്പെടുന്ന ബൂർഷ്വാസി, 1927_ൽ വിപ്ളവത്തെ വഞ്ചിക്കുകയും ചൈനയുടെ ദേശീയ താൽപര്യത്തെ സാമ്രാജ്യത്വത്തിനു വിൽപ്പന നടത്തുകയും, അങ്ങനെ തൊഴിലാളികളുടെയും കർഷകരുടെയും ഭരണകൂടാധികാരത്തെ കുമിന്താങ്ങിൻേറതിനോട് കടുത്ത വൈരുദ്ധ്യത്തിൽ നിർത്തുന്ന ഒരു സ്ഥിതി സൃഷ്ടിക്കുകയും ചെയ്തു. തന്മൂലം, അനിവാര്യതയാൽ, ദേശീയവും ജനാധിപത്യപരവുമായ വിപ്ളവത്തിൻെറ കടമ ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ മാത്രം ചുമലിൽ വന്നുചേർന്നു.

3. 1931, സെപ്ററംബർ 18ലെ സംഭവത്തിനുശേഷം, പ്രത്യേകിച്ചും 1935ലെ വടക്കൻ ചൈനാ സംഭവത്തിനുശേഷം 1 ഈ വൈരുദ്ധ്യങ്ങളിൽ താഴെപ്പറയുന്ന മാററങ്ങളുണ്ടായിട്ടുണ്ട്:

(i) പൊതുവിലുള്ള സാമ്രാജ്യത്വവും ചൈനയും തമ്മിലുള്ള വൈരുദ്ധ്യം ചൈനയും ജാപ്പനീസ് സാമ്രാജ്യത്വവും തമ്മിലുള്ള, സവിശേഷ

---

* സഖാവ് മാവോസെതുങ്ങ് ഈ റിപ്പോർട്ടവതരിപ്പിച്ചതു് 1937 മേയിൽ യെനാനിൽക്കൂടിയ ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ ദേശീയ കോൺഫ്രൻസിലാണ്.

പ്രാമുഖ്യമുള്ളതും മൂർച്ചയേറിയതുമായ വൈരുദ്ധ്യത്തിനു് വഴിമാറിയിട്ടുണ്ടു്. ജാപ്പ് സാമ്രാജ്യത്വം ചൈനയെ അപ്പാടെ ആക്രമിച്ചു കീഴടക്കുന്നതിന്റേതായ ഒരു നയം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കയാണ്. തൽഫലമായി ചൈനയും മറ്റുചില സാമ്രാജ്യത്വശക്തികളുമായുള്ള വൈരുദ്ധ്യങ്ങൾ രണ്ടാം സ്ഥാനത്തേക്കു് പിൻതള്ളപ്പെട്ടിട്ടുണ്ടു്. അതേ സമയം ഈ ശക്തികളും ജപ്പാനുമായുള്ള അകൽച്ചയു് വിസ്താരമേറിയിട്ടുമുണ്ടു്, തൽഫലമായിത്തന്നെ, ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയും ചൈനീസ് ജനതയും, ചൈനയുടെ ജാപ്പ് വിരുദ്ധദേശീയ ഐക്യമുന്നണിയെ ലോകസമാധാനമുന്നണിയുമായി കണ്ണിചേർക്കുന്ന കടമയെ അഭിമുഖീകരിക്കുകയുമാണ്. ഇതിനർത്ഥം, ചൈനീസ് ജനതയുടെ സ്ഥിരതയുള്ള ഒരു സുഹൃത്തായിരുന്നിട്ടുള്ള സോവിയററു യൂണിയനുമായി ഐക്യപ്പെടണമെന്നു മാത്രമല്ല, മറിച്ച്, സമാധാനം നിലനിർത്താൻ ആഗ്രഹിക്കുന്നവയും പുതിയ ആക്രമണയുദ്ധങ്ങളോടു് എതിർപ്പുള്ളവയുമായ സാമ്രാജ്യത്വരാജ്യങ്ങളുമായൊന്നിച്ചും ജാപ്പ് സാമ്രാജ്യത്വത്തിനെതിരായ ഒരു കൂട്ടായ എതിരിടലിനുവേണ്ടി പ്രവർത്തിക്കണമെന്നുകൂടിയാണ്. നമ്മുടെ ഐക്യമുന്നണിയുടെ ഉന്നം ജപ്പാനെതിരായ പ്രതിരോധമാവണം; അല്ലാതെ എല്ലാ സാമ്രാജ്യത്വശക്തികളെയും ഒരേ സമയം എതിർക്കലാകരുതു്.

(ii) ചൈനയും ജപ്പാനുമായുള്ള വൈരുദ്ധ്യം ചൈനയ്ക്കകത്തെ ആഭ്യന്തര വർഗബന്ധങ്ങളെ മാററിത്തീർത്തിട്ടുണ്ടു്; ബൂർഷ്വാസിക്കും യുദ്ധപ്രഭുക്കൾക്കുപോലും നിലനിൽപുതന്നെ പ്രശ്നമായിത്തീർന്നിട്ടുണ്ടു്; അവക്കും അവരുടെ പാർട്ടികൾക്കും തങ്ങളുടെ രാഷ്ട്രീയ നിലപാടുകളിൽ ക്രമികമായൊരു മാററം വരുത്തേണ്ടി വന്നിടത്തോളം അതെത്തിയിട്ടുമുണ്ടു്. ഇതു് (ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെയും ചൈനീസ് ജനതയുടെയും മുന്നിൽ) ഒരു ജാപ്പുവിരുദ്ധ ദേശീയ ഐക്യമുന്നണി സ്ഥാപിക്കേണ്ട കടമ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്നു. ബൂർഷ്വാസിയെയും മാതൃഭൂമിയുടെ സംരക്ഷണവേണ്ടി നിലകൊള്ളാൻ സമ്മതിക്കുന്ന എല്ലാവരേയും നമ്മുടെ ഐക്യമുന്നണിയിൽ ഉൾപ്പെടുത്തുക തന്നെവേണം.; അതു് വിദേശീയ ശത്രുവിനെതിരെയുള്ള ദേശീയ ഐക്യദാർഢ്യത്തെ പ്രതിനിധീകരിക്കുകതന്നെവേണം. ഈ കടമ നിറവേററിയേതീരൂ, എന്നു മാത്രമല്ല നിറവേററുക സാദ്ധ്യവുമാണു്.

(iii) ചൈനയും ജപ്പാനും തമ്മിലുള്ള വൈരുദ്ധ്യം രാജ്യമാസകലമുള്ള ജനവിഭാഗങ്ങളെ (തൊഴിലാളിവർഗവും കർഷക ജനതയും നഗരത്തിലെ പെററിബൂർഷ്വാസിയും) സംബന്ധിച്ചും കമ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചും ഉള്ള സംഗതികളിൽ മാററമുണ്ടാക്കിയിട്ടുണ്ടു്, അതു് പാർട്ടിയുടെ നയത്തിലും മാററമുണ്ടാക്കിയിട്ടുണ്ടു്. ദേശീയ മോചനത്തിനായി പോരാടാൻ കൂടുതൽ കൂടുതൽ ജനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടു്. മൂന്നു് ഉപാധികൾക്കു വിധേയമായി (വിപ്ളവ താവള പ്രദേശങ്ങളെ ആക്രമിക്കുന്നതു നിർത്തുക, ജനങ്ങളുടെ സ്വാതന്ത്ര്യങ്ങൾക്കും അധികാരങ്ങൾക്കും ഉറപ്പു നൽകുക, ജനങ്ങളെ സായുധരാക്കുക), പ്രതിരോധത്തിനുവേണ്ടി നമ്മളുമൊത്തു സഹകരിക്കാൻ സമ്മതമുള്ള കൂമിന്താങ്ങു വിഭാഗങ്ങളുമായി കരാറുകൾ പൂർത്തീകരിക്കുക എന്നതായിരുന്നു സെപ്ററംബർ 18 സംഭവത്തിനുശേഷം കമ്മ്യൂണിസ്റ്റു പാർട്ടി പ്രഖ്യാപിച്ച നയം. അതു് രാജ്യമാസകലം ഒരു ജാപ്പുവിരുദ്ധ ഐക്യമുന്നണി സ്ഥാപിക്കുന്നതിന്റേതായ നയത്തിലേക്കു വികസിച്ചിട്ടുണ്ടു്. താഴെ ഇനിപ്പറയുന്ന നടപടികൾ നമ്മുടെ പാർട്ടി എടുക്കാൻ കാരണം ഇതാണ്: 1935_ൽ ആഗസ്റ്റ് പ്രഖ്യാപനവും 2 ഡിസംബർ പ്രമേയവും; 3 1936_ൽ, മേയിൽ 'ചിയാങ്ങ്_കെയ്_ഷെക്ക്‌വിരോധ' മുദ്രാവാ



ക്യം കൈയൊഴിക്കലും 4 ആഗസ്റ്റിൽ കൂമിന്താങ്ങിനുള്ള കത്തും 5, സെപ്ററംബറിൽ ജനാധിപത്യ റിപ്പബ്ളിക്കിനെ സംബന്ധിച്ച പ്രമേയവും 6, ഡിസംബറിൽ സിയാൻ സംഭവത്തിനു് ഒരു സമാധാനപരമായ ഒത്തുതീർപ്പിനുവേണ്ടിയുള്ള നിർബന്ധം പിടിക്കലും; പിന്നെ 1937ൽ, കൂമിന്താങ്ങിന്റെ കേന്ദ്രനിർവാഹക സമിതിയുടെ മൂന്നാം പ്ളീനറി യോഗത്തിനുള്ള ഫെബ്രുവരി സന്ദേശവും.

(iv) ചൈനയും ജപ്പാനും തമ്മിലുള്ള വൈരുദ്ധ്യം മൂലം ചൈനയിലെ യുദ്ധപ്രഭു ഭരണങ്ങളിലും, സ്വാധീനമേഖലകൾക്കു വേണ്ടിയുള്ള സാമ്രാജ്യത്വ നയത്തിന്റെയും ചൈനയുടെ അർദ്ധ അധിനിവേശിത സാമ്പത്തികാവസ്ഥയുടെയും ഉൽപ്പന്നമായ യുദ്ധ പ്രഭുക്കൾക്കിടക്കുള്ള ആഭ്യന്തരയുദ്ധങ്ങളിലുംകൂടി ഒരു മാററം സംഭവിച്ചിട്ടുണ്ടു്. ജാപ്പ് സാമ്രാജ്യത്വം അത്തരം വേറിട്ടുള്ള ഭരണങ്ങളെയും ആഭ്യന്തരയുദ്ധങ്ങളെയും, ചൈനയുടെമേൽ തങ്ങളുടെ കുത്തകമേധാവിത്വം അനായാസമാക്കാനുള്ള ഉദ്ദേശ്യത്തോടെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. മററു ചില സാമ്രാജ്യത്വങ്ങൾ, തങ്ങളുടെ സ്വന്തം താൽപ്പര്യങ്ങളനുസരിച്ച്, ചൈനയിൽ താൽക്കാലികമായ ഐക്യത്തിനും സമാധാനത്തിനും ആനുകൂല്യസ്വഭാവമുള്ളവരാണ്. ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയും ചൈനീസ് ജനതയും ആഭ്യന്തര യുദ്ധങ്ങൾക്കും പിളർപ്പുകൾക്കുമെതിരെയും സമാധാനത്തിനും ഐക്യത്തിനും വേണ്ടിയും തങ്ങളുടെ പക്ഷത്തുനിന്നു് അങ്ങേയററത്തെ ശ്രമങ്ങൾ നടത്തുന്നുണ്ടു്.

(v) ആപേക്ഷികമായ രാഷ്ട്രീയ പ്രാധാന്യത്തിന്റെ അർത്ഥത്തിൽ ചൈനയും ജപ്പാനും തമ്മിലുള്ള ദേശീയ വൈരുദ്ധ്യത്തിന്റെ വികാസം, വർഗങ്ങൾ തമ്മിലും രാഷ്ട്രീയ ഗ്രൂപ്പുകൾ തമ്മിലുമുള്ള ആഭ്യന്തര വൈരുദ്ധ്യങ്ങളെ ഒരു രണ്ടാമത്തേതും വിധേയ സ്വഭാവമുള്ളതുമായ സ്ഥാനത്തേക്കു് താഴ്ത്തിനിർത്തിയിട്ടുണ്ടു്. പക്ഷെ അവ ഇപ്പോഴും നിലവിലുണ്ടു്; ഒരു നിലയ്ക്കും ശമിക്കയോ അപ്രത്യക്ഷമാകയോ ചെയ്തിട്ടില്ലതന്നെ. ചൈനയും ജാപ്പ് ഇതര സാമ്രാജ്യത്വശക്തികളും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ സംബന്ധിച്ചും ഇതു ശരിയാണ്. ആയതിനാൽ ചൈനീസ് കമ്യൂണിസ്റ്റു് പാർട്ടിയും ചൈനീസ് ജനതയും ഇനി പറയുന്ന കടമയെ അഭിമുഖീകരിക്കുകയാണ്—ജപ്പാനെതിരായ ഐക്യത്തിന്റേതായ പൊതുകടമയോടൊത്തുപോകുംവിധം ഇപ്പോൾ നീക്കുപോക്കു ചെയ്യേണ്ടതും ചെയ്യാവുന്നതുമായ അകത്തും പുറത്തുമുള്ള വൈരുദ്ധ്യങ്ങളെ സംബന്ധിച്ചിടത്തോളം ഉചിതമായ നീക്കുപോക്കു ചെയ്യുക. സമാധാന_ഐക്യങ്ങളുടെയും, ജനാധിപത്യത്തിന്റെയും ജനജീവിതം മെച്ചപ്പെടുത്തുന്നതിന്റെയും ജപ്പാനെ എതിർക്കുന്ന വിദേശ രാജ്യങ്ങളുമായുള്ള കൂടിയാലോചനകളുടേയും ആയ ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ നയങ്ങൾക്കു കാരണമിതാണ്.

4. ചൈനീസ് വിപ്ളവത്തിന്റെ പുതിയ കാലയളവിലെ ആദ്യഘട്ടം 1935 ഡിസംബർ 9നു് ആരംഭിക്കുകയും 1937 ഫെബ്രുവരിയിൽ കൂമിന്താങ്ങിന്റെ കേന്ദ്രനിർവാഹക സമിതി അതിന്റെ മൂന്നാം പ്ളീനറി യോഗം നടത്തിയതോടെ അവസാനിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെയും സാംസ്കാരിക, പത്രവൃത്തങ്ങളുടെയുമിടയിലുള്ള ദേശീയമോചനത്തിനായുള്ള പ്രസ്ഥാനങ്ങൾ വടക്കു പടിഞ്ഞാറൻ മേഖലയിലേക്കുള്ള ചുവപ്പു സേനയുടെ പ്രവേശനം; ജാപ്പുവിരുദ്ധ ദേശീയ ഐക്യമുന്നണി നയത്തിനുവേണ്ടിയുള്ള കമ്യൂണിസ്റ്റു പാർട്ടിയുടെ പ്രചാരണ, സംഘാടന പ്രവത്തനം; ഷാങ്ങ്ഹായയിലും ത്സിങ്ങ്ടാഓയിലേയും ജാപ്പുവിരുദ്ധ പണിമുടക്കങ്ങൾ 8 ജപ്പാനോടുള്ള ബ്രിട്ടന്റെ നയത്തിൽ താരതമ്യേനയുള്ള കർക്കശത്വം 9 ക്വാങ്ങ്ടുങ്ങ് ക്വാങ്ങ്സി സംഭവം; 10 സ്വായ്യാനി

ലെ പ്രതിരോധവും അതിനെ പിന്തുണച്ചുകൊണ്ടുള്ള പ്രസ്ഥാനവും 11: ചൈന
ജപ്പാൻ കൂടിയാലോചനകളിൽ നാങ്കിങ്ങിന്റെ ഏതാണ്ട് കൂടുതൽ ഉറച്ച
നിലപാട് 12; സിയാൻ സംഭവം, അവസാനമായി നാങ്കിങ്ങിൽ ക്വമിന്താ
ങ്ങിന്റെ കേന്ദ്രനിർവാഹക സമിതിയുടെ മൂന്നാം പ്ലീനറിയോഗം_ഇവ
യായിരുന്നു ഈ ഘട്ടത്തിലെ വൻസംഭവങ്ങൾ, ഈ സംഭവങ്ങളെല്ലാം
ചൈനയും ജപ്പാനും തമ്മിലുള്ള ശത്രുതയുടേതായ, അടിസ്ഥാന വൈരുദ്ധ്യ
ത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നു; അവയെല്ലാം ജാപ്പവിരുദ്ധ ദേശീയ ഐ
ക്യമുന്നണിക്കു വേണ്ടിയുള്ള ചരിത്രപരമായ ആവശ്യകതയെ നേരിട്ടു കേന്ദ്രീ
കരിച്ചുള്ളതായിരുന്നു. ജപ്പാനെതിരെ ഐക്യമുണ്ടാകത്തക്കവിധം ആഭ്യന്തര
സമാധാനത്തിനും ആഭ്യന്തരമായ സായുധ ഏറ്റുമുട്ടലുകൾ നിർത്തലാക്കുന്നതി
നുംവേണ്ടി സമരം ചെയ്യുക എന്നതായിരുന്നു ഈ ഘട്ടത്തിൽ വിപ്ലവത്തി
ന്റെ അടിസ്ഥാന കടമ. അതിന്റേതായ കാലയളവിൽ കമ്യൂണിസ്റ്റു
പാർട്ടി, ''ആഭ്യന്തരയുദ്ധം നിർത്തുക; ജപ്പാനെതിരെ ഐക്യപ്പെടുക,''
എന്ന അതിന്റെ ആഹ്വാനം പുറപ്പെടുവിക്കുകയും, സാമന്യേന അതു് ഫല
ത്തിൽ കൊണ്ടുവരപ്പെടുകയും, അതുവഴി ജാപ്പവിരുദ്ധ ഐക്യമുന്നണിക്കു
വേണ്ട പ്രാഥമിക മുൻവ്യവസ്ഥകൾ സ്ഥാപിക്കുകയും ചെയ്തു.

5. ക്വമിന്താങ്ങ്, അതിനകത്തുള്ള ജാപ്പനുകൂല ഗ്രൂപ്പിന്റെ സാന്നി
ദ്ധ്യംമൂലം അതിന്റെ കേന്ദ്രനിർവാഹക സമിതിയുടെ മൂന്നാം പ്ലീനറി
യോഗത്തിൽവച്ചു് നിശ്ചിതവും സമഗ്രവുമായ മാററം അതിന്റെ നയത്തിലു
ണ്ടാക്കിയില്ല; ഒരു പ്രശ്നവും സമൂർത്തമായി പരിഹരിച്ചുമില്ല. എന്നി
രുന്നാലും, ജനങ്ങളുടെ സമ്മർദ്ദവും അതിന്റെ അണികളിലെതന്നെ വികാ
സഗതികളും മൂലം ക്വമിന്താങ്ങിനു് കഴിഞ്ഞ പത്തു കൊല്ലമായുള്ള അതി
ന്റെ തെററായ നയത്തിൽ മാററമുണ്ടാക്കാൻ തുടങ്ങേണ്ടിവന്നു; അതായതു്
ഗ്രഹയുദ്ധത്തിന്റെയും സർവാധിപത്യത്തിന്റെയും ജപ്പാനെ ചെറുക്കാതിരി
ക്കുന്നതിന്റെയും ആയ നയത്തിൽനിന്നു് അകന്നു മാറുകയും സമാധാനത്തി
ന്റെയും ജനാധിപത്യത്തിന്റെയും ജപ്പാനെ ചെറുക്കുന്നതിന്റെയും ദിശയി
ലേക്കു് നീങ്ങുകയും ചെയ്യേണ്ടിവരികയും ജാപ്പവിരുദ്ധ ദേശീയ ഐക്യ
മുന്നണിയുടെ നയം സ്വീകരിക്കാൻ തുടങ്ങേണ്ടിവരികയും ചെയ്തു; ഈ പ്രാ
രംഭമാററം, അതിന്റെ കേന്ദ്രനിർവാഹകസമിതിയുടെ മൂന്നാം പ്ലീനറി
യോഗത്തിൽ, തന്നെത്താൻ വെളിപ്പെടുകയുണ്ടായി. ഇപ്പോൾ മുതൽ ഉന്ന
യിക്കുന്ന ആവശ്യം ക്വമിന്താങ്ങ് നയത്തിൽ ഒരു സമഗ്രമായ മാററത്തിനു
വേണ്ടിയാകണം. ഈ ലക്ഷ്യം നേടുന്നതിലേക്കു് നമ്മുടെ പാർട്ടിയും രാജ്യ
മാസകലമുള്ള ജനങ്ങളും ജപ്പാനെ ചെറുക്കുന്നതിനും ജനാധിപത്യത്തിനും
വേണ്ടിയുള്ള പ്രസ്ഥാനം ഇനിയുമേറെ വിപുലമായി വികസിപ്പിക്കണം;
ക്വമിന്താങ്ങിനെ, പ്രവർത്തി പഥത്തിലേക്കു തള്ളിനീക്കിയും സമ്മർദ്ദം നിര
ന്തരം നിലനിർത്തിയുംകൊണ്ടു് അതിനെ വിമർശിക്കുന്നതിൽ ഒരടികൂടി
മുന്നോട്ടു പോകണം; ക്വമിന്താങ്ങിനകത്തു് സമാധാനത്തിനും, ജനാധിപത്യ
ത്തിനും ജപ്പാനെതിരെ ചെറുത്തു നിൽപ്പിനുംവേണ്ടി നിലകൊള്ളുന്ന എല്ലാ
വരുമായി ഐക്യപ്പെടണം; മടിച്ചുനിൽക്കുന്ന ചാഞ്ചാട്ടക്കാരെ മുന്നോട്ടു പോ
കാൻ സഹായിക്കയും ജാപ്പനുകൂല വിഭാഗങ്ങളെ പുറത്തെറിയുകയുംവേണം.

6. ഇന്നത്തെ ഘട്ടം പുതിയകാലയളവിൽ രണ്ടാമത്തേതാണു്. തൊട്ടു
മുമ്പത്തേതും ഇന്നത്തേതുമായ ഇരുഘട്ടങ്ങളും ജപ്പാനെതിരെ ദേശവ്യാപക
സായുധ ചെറുത്തുനിൽപ്പിന്റെ ദിശയിലേക്കുള്ള സംക്രമഘട്ടങ്ങളാണു്.
കഴിഞ്ഞഘട്ടത്തിൽ സമാധാനത്തിനുവേണ്ടി പോരാടലായിരുന്നു പ്രധാന
കടമയെങ്കിൽ, ഇപ്പോഴത്തെ ഘട്ടത്തിൽ അതു് ജനാധിപത്യത്തിനുവേണ്ടി
പോരാടലാണു്. ആഭ്യന്തര സമാധാനം കൂടാതെ ഒരു മൗലികവും ദൃഢവു
മായ ജാപ്പവിരുദ്ധ ദേശീയ ഐക്യമുന്നണി സ്ഥാപിക്കാനാവാത്തപോ



ലെതന്നെ, ആഭ്യന്തര ജനാധിപത്യം ഇല്ലാതെയും അതു് സ്ഥാപിക്കാനാവി ല്ലെന്നതു് മനസ്സിലാക്കിയേ തീരൂ. എന്നിരിക്കെ വികാസത്തിന്റെ ഈ ഘട്ടത്തിൽ ജനാധിപത്യത്തിനു വേണ്ടിയുള്ള പോരാട്ടമാണു് വിപ്ലവകടമയിലെ കേന്ദ്രകണ്ണി. ജനാധിപത്യത്തിന്റെ പ്രാധാന്യം വ്യക്തമായി മനസ്സിലാക്കുന്നതിൽ നമുക്കു വീഴ്ച പററുകയും അതിനു വേണ്ടിയുള്ള പോരാട്ടം അയഞ്ഞതമട്ടിലാക്കുകയുമാണെങ്കിൽ ഒരു മൌലികവും ദൃഢവുമായ ജാപ്പ വിരുദ്ധ ദേശീയ ഐക്യമുന്നണി സ്ഥാപിക്കാൻ നമുക്കു കഴിയതായേയ്ക്കും.

## ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരം.

7. ജാപ്പ സാമ്രാജ്യത്വം വൻ മതിലിനു തെക്കു ചൈനയെ കടന്നാക്രമിക്കുന്നതിനുള്ള തയ്യാറെടുപ്പു് ഇപ്പോൾ തീവ്രതരമാക്കുകയാണു്. പാശ്ചാത്യ ലോകത്തു് അനവസരയുദ്ധത്തിനുവേണ്ടിയുള്ളഹിററ്ലറുടെയും മുസ്സോളിനിയുടെയും തീവ്രതര തയ്യാറെപ്പുകളോടൊപ്പിച്ചു നിന്നുകൊണ്ടു് ജപ്പാൻ പൗരസ്ത്യ ലോകത്തു്, ഒരു നിയത പദ്ധതിയനുസരിച്ചു്, ചൈനയെ ഒററയടിക്കു് കീഴടക്കുന്നതിനുവേണ്ടി തന്റെ ഓരോ കഴഞ്ചു ശക്തിയും ചെലുത്തുകയാണു്.— അതു് രാജ്യത്തിനകത്തു് സൈനികവും രാഷ്ട്രീയവും സാമ്പത്തികവും പ്രത്യയശാസ്ത്രപരവുമായ ഉപാധികളും സാർവദേശീയമായി നയതന്ത്ര ഉപാധികളും ഒരുക്കുകയും ചൈനയിൽ ജാപ്പനുകൂലശക്തികളെ പരിപോഷിക്കുകയുമാണു്. യുദ്ധത്തലേന്നാളത്തെ അതിന്റെ ആക്രമണയത്നത്തിന്റെ അടവുപരമായ ആവശ്യങ്ങളിൽ നിന്നുടലെടുത്തതാണു്, ചുരുക്കിപ്പറഞ്ഞാൽ,'സീനോ_ ജാപ്പ് കൂട്ടുകെട്ടിനെ,കുറിച്ചുള്ള ജപ്പാന്റെ പ്രചാരണവും അതു് നയതന്ത്ര ചിട്ടവട്ടങ്ങളി,ൽ ഒരളവോളം നടപ്പാക്കിയിട്ടുള്ള അയവു വരുത്തലും. അതിജീവിവനത്തിനും സർവനാശത്തിനുമിടയ്ക്കുള്ള നിർണയനത്തിന്റെ, കർക്കശ വിവേചനത്തിന്റേതായ നിമിഷത്തോടടുത്തുകൊണ്ടിരിക്കയാണു്ചൈന—ജപ്പാനെ ചെറുക്കാനും ദേശത്തെ രക്ഷിക്കാനും ഉടനടി തയ്യാറെടുപ്പുകൾ ഉണ്ടാക്കണം. തയ്യാറെപ്പിനു നാം നിശ്ചയമായും എതിരല്ല. വലിച്ചു നീട്ടുന്ന തയ്യാറെടുപ്പിന്റെ ന്യായ വാദത്തിനും സിവിൽ_മിലിട്ടറി ഉദ്യോഗസ്ഥക്കൂട്ടങ്ങളുടെ രാജ്യത്തെ നശിപ്പിക്കുന്ന ചപലവും ദുർവ്യയപരവും തിന്നുമുടിക്കുന്നതുമായ ജീവിതത്തിനുമാണു് നാം എതിരു്, അത്തരം സംഗതികൾ ശത്രുവിനെ സഹായിക്കുന്നതും ഉടനടി തുടച്ചുമാററപ്പെടേണ്ടതുമാണു്.

8. ദേശത്തെ രക്ഷിക്കുന്നതിനുള്ള സായുധ ചെറുത്തു നില്പിനുവേണ്ടി ദേശീയ സംരക്ഷണത്തിനു വേണ്ട രാഷ്ട്രീയവും സൈനികവും സാമ്പത്തികവും വിദ്യാഭാസ പരവുമായ തയ്യാറെടുപ്പുകൾ എല്ലാം അത്യാവശ്യമാണു്; അവയൊന്നും തന്നെ ഒററ നിമിഷം പോലും വൈകിച്ചു കൂടാ താനും. എന്നാൽ നമ്മുടെ സായുധ ചെറുത്തു നില്പിൽ വിജയം ഉറപ്പാക്കുന്നതായ താക്കോൽ രാഷ്ട്രീയ ജനാധിപത്യവും സ്വാതന്ത്ര്യവും നേടിയെടുക്കുക എന്നതാണു്. സായുധ ചെറുത്തു നില്പിനു് ആഭ്യന്തര സമാധാനവും ഐക്യവും ആവശ്യമാണു്, എന്നാൽ നേടിയെടുത്തു കഴിഞ്ഞ സമാധാനം സുദൃഢീകരിക്കാനും ആഭ്യന്തര ഐക്യം സുശക്തമാക്കാനും,ജനാധിപത്യവും സ്വാതന്ത്ര്യവും ഇല്ലാതെ, കഴിയില്ല. ആ സായുധ ചെറുത്തുനില്പിനു്, ജനങ്ങളെ അണിനിരത്തുന്നതു് ആവശ്യമാണു്, പക്ഷെ ജനാധിപത്യവും സ്വാതന്ത്ര്യവും കൂടാതെ അവരെ അണിനിരത്താൻ ഒരു വഴിയുമില്ല. സമാധാനവും ഐക്യവും സുദൃഢീകരിക്കപ്പെടാഞ്ഞാൽ; ജനങ്ങൾ അണിനിരത്തപ്പെടാഞ്ഞാൽ, നമ്മുടെ സായുധ ചെറുത്തു നില്പും അബിസ്സീനിയയുടെ വിധിയെ തന്നെയാ

ണ് നേരിടുക. അബിസ്സീനിയ തോല്പിക്കപ്പെട്ടത് മുഖ്യമായും അവിടത്തെ ഫ്യൂഡലിസ്റ്റ് ഭരണക്കാർക്ക് ദൃഢമായ ആഭ്യന്തര ഐക്യം നേടിയെടുക്കാനും അവിടത്തെ ജനങ്ങളുടെ മുൻകൈ ഉയർത്തിക്കൊണ്ടു വരാനും കഴിഞ്ഞില്ലെന്നതുകൊണ്ടാണ്. ജനാധിപത്യം ഇല്ലാതെ, ജപ്പാനെതിരെ മൗലികവും ദൃഢവുമായൊരു ദേശീയ ഐക്യമുന്നണി ചൈനയിൽ സ്ഥാപിക്കാൻ കഴിയില്ല, അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാനുമാവില്ല.

9. ഇനി പറയുന്ന രണ്ടു വിധത്തിൽ ജനാധിപത്യപരമായ മാററങ്ങൾ ചൈനയിൽ ഉടൻ ആരംഭിക്കണം. ഒന്നാമതായി, രാഷ്ട്രീയ വ്യവസ്ഥയുടെ കാര്യത്തിൽ, ഒരു പാർട്ടിയുടെയും ഒരു വർഗത്തിന്റെയുമായ പിന്തിരിപ്പൻ ക്വമിന്താങ്ങ് സർവാധിപത്യത്തെ മാററി എല്ലാ പാർട്ടികളുടേയും എല്ലാ വർഗങ്ങളുടേയും സഹകരണത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ സർക്കാർ ഉണ്ടാക്കണം. ഇക്കാര്യത്തിൽ, ദേശീയ അസംബ്ളിയിലേക്കുള്ള തിരഞ്ഞെടുപ്പിലും അതു വിളിച്ചു ചേർക്കുന്നതിലുമുള്ള ജനാധിപത്യ വിരുദ്ധമായ നടപടി ക്രമങ്ങൾ മാററുന്നതിലൂടെയും അതിന്റെ യോഗനടത്തിപ്പിൽ സ്വാതന്ത്ര്യമുറപ്പിക്കുന്നതിലൂടെയും ഒരു തുടക്കം കുറിക്കണം; പിന്നീട് സത്യത്തിൽ ജനാധിപത്യപരമായ ഒരു ഭരണഘടനയ്ക്കു രൂപം നല്കി അംഗീകരിക്കുകയും സത്യത്തിൽ ജനാധിപത്യപരമായ ഒരു പാർലമെന്റ് വിളിച്ചുകൂട്ടുകയും ശരിക്കും ജനാധിപത്യപരമായ നയങ്ങൾ നടപ്പാക്കുന്ന ഒരു അസ്സൽ ജനാധിപത്യ സർക്കാരിനെ തെരഞ്ഞെടുക്കുകയും ചെയ്യുന്നതിലേക്ക് മുന്നോട്ടു പോകുന്നതിന് അത് അത്യാവശ്യമായിരിക്കും. അപ്രകാരം മാത്രമെ, വിദേശീയ ശത്രുവിനെതിരെ മുഴുവൻ രാജ്യത്തിനും ഒന്നിക്കാനും ചെറുത്തു നിൽക്കാനും പ്രാപ്തിയുണ്ടാകത്തക്കവണ്ണം ആഭ്യന്തര സമാധാനം സുദൃഢീകരിക്കാനും, ആഭ്യന്തരമായ സായുധ പോരാട്ടങ്ങൾ അവസാനിപ്പിക്കാനും ആഭ്യന്തര ഐക്യം സുശക്തമാക്കാനും കഴിയൂ. ഈ മാററങ്ങൾ പൂർത്തീകരിക്കും മുമ്പേ ജാപ് സാമ്രാജ്യത്വം നമ്മെ ആക്രമിച്ചേക്കാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ, ജാപ്പ് ആക്രമണത്തെ അതുണ്ടാകുമ്പോഴേ ചെറുക്കാനും അപ്പാടെ തകർക്കാനും നാം പ്രാപ്തരായിരിക്കത്തക്ക വിധം നാമുടനെ ഈ പരിഷ്കരണങ്ങളുമായി മുന്നോട്ടു പോവുകയും നമ്മുടെ സായുധ ചെറുത്തു നില്പിന്റെ ഗതിക്കിടയിൽ അവയെ പൂർണമായി സാക്ഷാത്കരിക്കാൻ തയ്യാറെടുത്തവരായിരിക്കയും വേണം. മുഴുവൻ രാജ്യത്തേയും ജനങ്ങളും എല്ലാ പാർട്ടിയിലേയും ദേശസ്നേഹികളും ഒരു ദേശീയ അസംബ്ളിയുടെയും ഭരണഘടനയുടെയുമായ പ്രശ്നത്തിനു നേരെ തങ്ങളുടെ മുൻപത്തെ ഉദാസീനഭാവം വലിച്ചെറിയുകയും ഒരു ദേശീയ അസംബ്ളിക്കും ഭരണഘടനയ്ക്കും വേണ്ടിയുള്ള പ്രസ്ഥാനത്തിൽ, ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം.; (ഇത് ദേശീയ പ്രതിരോധത്തിന് പ്രധാനപ്പെട്ടതായ ഒരു പ്രസ്ഥാനമാണ്); അവർ ക്വമിന്താങ്ങിനെ_ അധികാരത്തിലുള്ള പാർട്ടിയെ_ കടുത്ത വിമർശനത്തിനു വിധേയമാക്കുകയും അതിന്റെ ഏകകക്ഷി, ഏക വർഗ സർവാധിപത്യം ഉപേക്ഷിക്കാനും ജനാഭിപ്രായമനുസരിച്ചു പ്രവർത്തിക്കാൻ അതിനെ നിർബ്ബന്ധിക്കയും പ്രോത്സാഹിപ്പിക്കയും വേണം. ഇക്കൊല്ലം അടുത്ത കുറച്ചു മാസങ്ങളിൽ, ദേശീയ അസംബ്ളിയും ഭരണഘടനയും പൂർണമായി ജനാധിപത്യവൽക്കരിക്കാനുള്ള അടിയന്തിര ലക്ഷ്യത്തോടെ ഒരു വിശാലമായ ജനാധിപത്യ പ്രസ്ഥാനം രാജ്യമാസകലം നടപ്പിൽ വരുത്തണം. രണ്ടാമത്തെ കാര്യം, ജനങ്ങൾക്ക് അഭിപ്രായ പ്രകടനത്തിനും സമ്മേളിക്കാനും സംഘടിക്കാനുമുള്ള സ്വാതന്ത്ര്യത്തെ സംബന്ധിച്ചതാണ്. അപ്രകാരമുള്ള സ്വാതന്ത്ര്യമില്ലാതെ, രാഷ്ട്രീയ വ്യവസ്ഥയുടെ ജനാധിപത്യപരമായ പുനർ നിർമാണം നിർവഹിക്കാനും ചെറുത്തു നില്പു യുദ്ധത്തിനായി ജനങ്ങളെ അണി നിരത്താനും മാതൃഭൂമിയെ വിജയകരമായി സുരക്ഷിതമാക്കാനും നഷ്ടപ്പെട്ട പ്രദേശങ്ങൾ



തിരിച്ചു പിടിക്കാനും അസാദ്ധ്യമായിരിക്കും. ദേശ വ്യാപിയായ ജനാധിപത്യ പ്രസ്ഥാനം വരുന്ന ഏതാനും മാസങ്ങളിൽ അത്തരം സ്വാതന്ത്ര്യങ്ങൾ ചെറുതായെങ്കിലും നേടുന്നതിന് യത്നിക്കണം. അതിലാകട്ടെ, രാഷ്ട്രീയത്തടവുകാരെ മോചിപ്പിക്കൽ, രാഷ്ട്രീയ പാർട്ടികളുടെ മേലുള്ള നിരോധനം നീക്കം ചെയ്യൽ തുടങ്ങിയവ ഉൾപ്പെടുത്തണം. രാഷ്ട്രീയ വ്യവസ്ഥയുടെ ജനാധിപത്യപരമായ പുനർ നിർമാണവും ജനങ്ങൾക്കു സ്വാതന്ത്ര്യവും അവകാശങ്ങളും ഉറപ്പുവരുത്തലും, ജാപ്പു വിരുദ്ധ ദേശീയ ഐക്യമുന്നണിയുടെ പരിപാടിയിലെ ഒരു പ്രധാന ഭാഗമാണ്; അതേ സമയം, മൗലികവും ദൃഢവുമായ ഒരു ജാപ്പു വിരുദ്ധ ദേശീയ ഐക്യ മുന്നണി സ്ഥാപിക്കുന്നതിൽ അവ മുന്നുപാധികളുമാണ്.

10. നമ്മുടെ ശത്രുക്കൾ_ജാപ്പ് സാമ്രാജ്യ വാദികളും ചൈനീസ് വഞ്ചകരും, ജാപ്പനുകൂല വിഭാഗങ്ങളും ട്രോസ്കിയററുകളും_ ചൈനയിൽ സമാധാനത്തിനും ഐക്യത്തിനും ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും ജപ്പാനെതിരെ സായുധ ചെറുത്തു നില്പിനുമുള്ള ഓരോ നീക്കത്തേയും തകർക്കാൻ അവർക്കാകാവുന്നതെല്ലാം ചെയ്തുകൊണ്ടേയിരിക്കയാണ്. കഴിഞ്ഞ കാലത്ത്, നാം സമാധാനത്തിനും ഐക്യത്തിനുവേണ്ടി സ്ഥിരതയോടെ സമരം ചെയ്തു, അവർ ആഭ്യന്തര യുദ്ധവും പിളിർപ്പുകളും പെരുപ്പിക്കാൻ അവരാൽ കഴിയുന്നതെല്ലാം ചെയ്തു. ഇപ്പോഴും അടുത്ത ഭാവിയിലും ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി നാം സ്ഥിരതയോടെ സമരം ചെയ്യുമ്പോൾ അവർ വീണ്ടും അവരുടെ തകർപ്പൻ പരിപാടിയുമായി എത്തുന്നതിൽ സംശയമില്ല. മാതൃഭൂമിയെ സംരക്ഷിക്കുന്നതിനായുള്ള നമ്മുടെ സായുധ ചെറുത്തുനില്പിന്റെ കടമ നിർവഹിക്കുന്നതിന് വിലങ്ങടിച്ചു നിലക്കുകയും ചൈനയെ കീഴടക്കാനുള്ള തങ്ങളുടെ ആക്രമണ പരിപാടി സഫലീകരിക്കുകയുമാണ് അവരുടെ പൊതു ലക്ഷ്യം. ഇപ്പോൾ മുതൽ തന്നെ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരത്തിൽ, നാം പ്രചാരണത്തിലും, പ്രക്ഷോഭണത്തിലും, ക്വമിന്താങ്ങ് മുരാച്ചികൾക്കും ജനങ്ങളിലെ പിന്നിലായ് പോയ കൂട്ടർക്കും നേരെയുള്ള വിമർശനത്തിലും നേരിട്ടിറങ്ങുക മാത്രമല്ല, ജാപ്പ് സാമ്രാജ്യ വാദികളേയും ജാപ്പനുകൂല വിഭാഗങ്ങളേയും (ചൈനയ്ക്കു മേലുള്ള അവരുടെ കടന്നാക്രമണത്തിൽ ററു പട്ടികളായി സേവനമനുഷ്ഠിക്കുന്ന) ട്രോസ്കിയിററുകളേയും തുറന്നു കാട്ടുകയും അവരുടെ ഇടങ്കോലിടലിനെതിരെ ഉറച്ചു നിന്നെതിരിടുകയും വേണം.

11. ആഭ്യന്തര സമാധാനം, ജനാധിപത്യം, സായുധ ചെറുത്തു നില്പ് എന്നിവയെ പ്രതിയും ജാപ്പ് വിരുദ്ധ ദേശീയ ഐക്യ മുന്നണി സ്ഥാപിക്കുന്നതിനെ പ്രതിയും ക്വമിന്താങ്ങിന്റെ കേന്ദ്ര നിർവഹണ സമിതി മൂന്നാം പ്ളീനറി യോഗത്തിന് അയച്ച കമ്പി സന്ദേശത്തിൽ ചൈനീസ് കമ്യൂണിസ്റ്റു പാർട്ടി താഴെ പറയുന്ന നാല് ഉറപ്പുകൾ നല്കിയിട്ടുണ്ട്.

(i) ഷെൻസി_കാൻസു_നിങ്ങ്സിയാ വിപ്ലവ താവളപ്രദേശത്തെ കമ്യൂണിസ്റ്റു നേതൃത്വത്തിലുള്ള സർക്കാരിനെ ചൈനീസ് റിപ്പബ്ളിക്കിന്റെ പ്രത്യേക പ്രദേശത്തെ സർക്കാരെന്നു പുനർ നാമകരണം ചെയ്യുന്നതായിരിക്കും; ചുവപ്പുസേനയുടെ പദവി ദേശീയ വിപ്ലവസേനാഭാഗം എന്നതായി മാററുന്നതായിരിക്കും. അവ യഥാക്രമം നാങ്കിങ്ങിലെ കേന്ദ്രസർക്കാരിന്റെയും അതിന്റെ സൈനികസമിതിയുടെയും നിയന്ത്രണത്തിൽ കീഴിലാകുന്നതുമാണ്.

(ii) പ്രത്യേക പ്രദേശത്തെ സർക്കാരിൻെറ അധീനത്തിലുള്ള മേഖല യിൽ സമഗ്രമായൊരുജനാധിപത്യ സമ്പ്രദായം നടപ്പിലാക്കുന്നതായിരിക്കും.

(iii) സായുധസമരംവഴി കൂമിന്താങ്ങിനെ അട്ടിമറിക്കുന്ന നയം തുട ന്ന നടപ്പാക്കാതിരിക്കും.

(iv) ജന്മിമാരുടെ ഭൂമി കണ്ടുകെട്ടൽ തുടർന്നു നടപ്പാക്കാതിരിക്കും.

ഈ ഉറപ്പുകരം നൽകുക എന്നതു് അനുവദനീയവും അത്രതന്നെ അത്യാ വശ്യവുമാണ്. എന്തെന്നാൽ അങ്ങനെ മാത്രമേ, ചൈനയുടെ ബാഹ്യവും ആ ഭ്യന്തരവുമായ വൈരുദ്ധ്യങ്ങളിലെ അപേക്ഷിച്ച രാഷ്ട്രീയപ്രവാഹത്തിനൊ ത്തു്, രാജ്യത്തിനകത്തു് രണ്ടു വിഭിന്നഭരണങ്ങരം തമ്മിൽനിലവിലുള്ള ശ ത്രുതയെ മാററിത്തീർക്കാനും ശത്രുവിനെതിരായ പൊതുമുന്നേററത്തിൽ ഐ ക്യം നേടാനും നമുക്കു കഴിയൂ. ഇവ തത്വാധഷ്ഠിതവും വ്യവസ്ഥയ്ക്കു വിധേ യവുമായ സൗജന്യങ്ങളാണ്. തിരിച്ചു മുഴവൻ രാജ്യവും എന്താഗ്രഹിക്കു ന്നുവോ അവ (സമാധാനം, ജനാധിപത്യം. സായുധചെറുത്തുനില്പ് എന്നി വ) നേടിയെടുക്കാനുള്ള ഉന്നംവെച്ചു ചെയ്യുന്നതുമാണ്. അതും വിട്ടു്, ഈ സൌജന്യങ്ങരംക്കു പരിമിതികളുണ്ടു്. പ്രത്യേകപ്രദേശത്തും ചുവപ്പുസേന യുമേലും കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വം നിലനിർത്തുക. കൂമിന്താങ്ങു മായുള്ള ബന്ധങ്ങളിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ സ്വാശ്രയത്വവും വിമർശന സ്വാതന്ത്ര്യവും നിലനിർത്തുക എന്നിവയാണീ പരിമിതികരം, ഇവയെ മറികടക്കുന്നതു് അനുവദനീയമല്ല. സൗജന്യങ്ങളെന്നതിനെർത്ഥം ഇരുക ക്ഷികളുടെയും ഭാഗത്തുനിന്നു് സൌജന്യങ്ങരം എന്നാണ് ആഭ്യന്തരയുദ്ധം, സർവാധിപത്യം, വിദേശശത്രുവിനെ ചെറുക്കായ്ക എന്നിവയുടെ നയം കമി ന്താങ്ങ് വേണ്ടെന്നു വെയ്ക്കുന്നു, ഇരുഭരണങ്ങളും തമ്മിലുള്ള ശത്രുത നിലനിർ ത്തുക എന്ന നയം കമ്യൂണിസ്റ്റുപാർട്ടിവേണ്ടന്നു വെയ്ക്കുന്നു. ആദ്യത്തേതിനാ യി നാം രണ്ടാമത്തേതു പകരം നൽകുകയും ദേശീയ മോചനത്തിനായ് പോരാടാൻ കൂമിന്താങ്ങുമായി സഹകരണം സ്ഥാപിക്കുകയും ചെയ്യുന്നു. ഇതിനെ കമ്യൂണിസ്റ്റുപാർട്ടി നടത്തുന്ന അടിയറവു വെയ്ക്കലെന്നു വിവരിക്കു ന്നു്. അഹ്ക്യൂ– ഇസം അഥവാ നെറികെട്ട കുപ്രചരണമല്ലാതൊന്നുമില്ല.14

12. മൂന്നു ജനകീയ തത്വങ്ങളോടു് കമ്യൂണിസ്റ്റുപാർട്ടിയോജിക്കുന്നു ണ്ടോ? നമ്മുടെ ഉത്തരം അതെ, ഞങ്ങരം യോജിക്കുന്നു. എന്നാണ്". 15 മൂന്നു ജനകീയതത്വങ്ങരം' അവയുടെ ചരിത്രത്തിൻെറ ഗതിക്രമത്തിൽ മാററങ്ങരം ക്കു വിധേയമായിട്ടുണ്ടു്. ഡോ. സൺ യാററ്–സെൻെറ മൂന്നു ജനകീയ ത ത്വങ്ങരം' ജനവിശ്വാസമാർജ്ജിക്കുകയും 1924–27 ലെ വിജിഗിഷുമായ വി പ്ലവത്തിൻെറ കൊടിക്കൂറയായിത്തീരുകയും ചെയ്തതു്, കമ്യൂണിസ്റ്റുപാർ ട്ടിയുമായുള്ള അദ്ദേഹത്തിൻെറ സഹകരണത്തിൻഫലമായി അതുതറപ്പിച്ചു പ്രയോഗത്തിൽ കൊണ്ടുവന്നതുകൊണ്ടാണ്.

വിപ്ലവത്തെ പരാജയത്തിലേക്കു വലിച്ചിറക്കിക്കൊണ്ടും ദേശത്തെ ആ പത്തിൽ പെടുത്തിക്കൊണ്ടും എന്നിരിക്കെത്തന്നെ1927–ൽ കൂമിന്താങ്ങ് കമ്മ്യൂ ണിസ്റ്റു പാർട്ടിക്കെതിരെതിരിയുകയും(പാർട്ടി ശുദ്ധീകരണവും16 കമ്യൂണി സ്റ്റുവിരുദ്ധയുദ്ധവും) നേർവിപരീതമായൊരു നയം പിന്തുടരുകയും ചെയ്തു. തൽഫലമായി ജനങ്ങരംക്കു് മൂന്നു ജനകീയ തത്വങ്ങളിൽ വിശ്വാസം നഷ്ട പ്പെടുകയും ചെയ്തു. ഇപ്പോഴാകട്ടെ അങ്ങേയററം ഗുരുതരമായൊരു ദേശീ യക്കുഴപ്പമാണുള്ളതു്. തുടർന്നുവന്ന അതേ പഴഞ്ചൻ രീതിയിൽ ഭരണം തു ടരാൻ കൂമിന്താങ്ങിനു കഴിയാതാക്കിക്കൊണ്ടു് രാജ്യമാസകലമുള്ളതു് ജന ങ്ങളും കൂമിന്താങ്ങിനകത്തെ ദേശസ്നേഹികളും ഇരുകക്ഷികളുമായുള്ള സഹകര ണം അടിയന്തിരമായി ആവശ്യപ്പെടുകയാണ്. തന്മൂലം ദേശീയതയുടെ ത



ത്വം (അതായതു്, ദേശീയ സ്വാതന്ത്ര്യത്തിനും വിമോചനത്തിനും വേണ്ടി സമരം ജനാധിപത്യത്തിൻെറ തത്വം (അതായതു് ജനക്ഷേമം മെച്ചപ്പെടു ത്തൽ)എന്നിവയ്ക്കനുസരിച്ചു് മൂന്നു ജനകീയ തത്വങ്ങളുടെ സത്തായ പുനരുജ്ജീ വിപ്പിക്കുകയും പുനസ്ഥാപിക്കുകയും ചെയ്യണമെന്നും ഇരുകക്ഷികളും ത ങ്ങളുടെ സഹകരണം വീണ്ടെടുക്കണമെന്നും അവർ ജനങ്ങരംക്കു് ഈ തത്വ ങ്ങരം ദൃഢമായി പ്രയോഗത്തിൽ വരുത്തുന്നതിനു് നേതൃത്വം നൽകണമെ ന്നും ചൈനീസ് വിപ്ലവത്തിൻെറ ചരിത്രപരമായ ആവശ്യങ്ങളുമായി പൂർ ണമായും ഒന്നു ചേർന്നു പോകുന്നതാണ്. കമ്യൂണിസ്റ്റു പാർട്ടിയുടെ ഓരോ അംഗവും ഇതു സ്പഷ്ടമായി ഗ്രഹിച്ചേതീരൂ. സോഷ്യലിസത്തിൻെ യും കമ്യൂണിസത്തിൻെറയും ആദർശത്തെ കമ്യൂണിസ്റ്റുകാർ ഒരിക്കലും കൈയൊഴികയില്ല, ബൂർഷ്വാജനാധിപത്യ വിപ്ലവത്തിൻെറ ഘട്ടത്തിലൂ ടെ കടന്നുപോയി അതവർനേടും. ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിക്കു് അതിൻെറതായ രാഷ്ട്രീയവും സാമ്പത്തികവുമായ പരിപാടിയുണ്ടു്. അ തിൻെറ ആത്യന്തികപരിപാടി സോഷ്യലിസവും കമ്യൂണിസവുമാണ്, എന്നാലതു് മൂന്നു ജനകീയ തത്വങ്ങളിൽ നിന്നു വിഭിന്നമാണ്. അതിൻെറ ജനാധിപത്യവിപ്ലവകാലത്തേക്കുള്ള പരിപാടിപോലും, ചൈനയിലെ അ ന്യപാർട്ടികളുടേതിനേക്കാരം കൂടുതൽ സമഗ്രമായി മുന്നേറുന്ന ഒന്നാണ്. എ ന്നാൽ. ജനാധിപത്യവിപ്ലവത്തിനുള്ള കമ്യൂണിസ്റ്റുപാർട്ടിയുടെ പരി പാടിയും കൂമിന്താങ്ങിൻെറ ഒന്നാം ദേശീയ കോൺഗ്രസിൽ പ്രഖ്യാ പിച്ചവിധമുള്ള മൂന്നുജനകീയ തത്വങ്ങളുടെ പരിപാടിയും അടിസ്ഥാന പരമായി പൊരുത്തക്കേടുള്ളതല്ല. ആയതിനാൽ മൂന്നു ജനകീയ തത്വങ്ങ ളെ നിരസിക്കുന്നതിൽ നിന്നെത്രയും അകന്നു മാറി അവയെശക്തിയുക്തം പ്രയോഗത്തിൽ കൊണ്ടുവരാൻ നമ്മരം തയ്യാറാണ്; അതുംവിട്ടു്, കൂമി ന്താങ്ങിനോടു് നമ്മോടൊത്തുചേർന്നു് അവ നടപ്പിലാക്കാൻ നാം ആവശ്യ പ്പെടുകയും അവ ഫലപ്രദമാക്കാൻ മുഴുവൻ ദേശത്തോടും ആഹ്വാനം ചെയ്യു കയും ചെയ്യുന്നു. കമ്യൂണിസ്റ്റുപാർട്ടിയും കൂമിന്താങ്ങും രാജ്യത്തെ മുഴുവൻ ജനങ്ങളും ദേശീയ സ്വയാശ്രയത്വവും, ജനജീവിതോപാധികരം എന്നിവ യുടെ ഈ മൂന്നു മഹത്തായലക്ഷ്യങ്ങരംക്കുവേണ്ടി ഐക്യപ്പെടുകയും വേണമെ ന്നതു് ഞങ്ങരം ഉയർത്തിപ്പിടിക്കുന്നു.

13. തൊഴിലാളികളുടെയും കർഷകരുടെയും ഒരു ജനാധിപത്യറിപ്പ ബ്ലിക്ക് എന്ന നമ്മുടെ കഴിഞ്ഞകാലമുദ്രാവാക്യം തെററായിരുന്നോ? അല്ല അതുതെററായിരുന്നില്ല. ബൂർഷ്വാസി, പ്രത്യേകിച്ചും വൻകിട ബൂർഷ്വാ സി, വിപ്ലവത്തിൽ നിന്നു് പിന്മാറുകയും സാമ്രാജ്യത്വത്തിൻെറ ഫ്യൂഡൽ ശക്തികളുടെ 'വീണ്ടെടുക്കൽ' വാദക്കാരാകയും ജനശത്രുക്കളാകയും ചെയ്ത തോടെ, വിപ്ലവത്തിൻെറ അവ.ശേഷിക്കുന്ന പ്രേരക ശക്തികരം തൊഴിലാ ളി വർഗവും കർഷകജനതയും നഗരത്തിലെ പെററിബൂർഷ്വാസിയും മാത്ര മായിത്തീരുകയും അവശേഷിക്കുന്ന വിപ്ലവകക്ഷി കമ്യൂണിസ്റ്റു പാർട്ടിമാ ത്രമായിത്തീരുകയും ചെയ്തു; എന്നിരിക്കെ, വിപ്ലവം സംഘടി പ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം കമ്യൂണിസ്റ്റുപാർട്ടിക്കു് ചുമലിലേടു ക്കേണ്ടിവന്നു. കമ്യൂണിസ്റ്റുപാർട്ടി ഒററയ്ക്കു് വിപ്ലവത്തിൻെറ കൊടിക്കൂറ ഉയരെ പറപ്പിക്കുന്നതു തുടരുകയും വിപ്ലവപാരമ്പര്യം സംരക്ഷിക്കുകയും തൊഴിലാളികളുടെയും കർഷകരുടെയുംജനാധിപത്യ റിപ്പബ്ലിക്കെന്ന മുദ്രാവാ ക്യം മുന്നോട്ടുവയ്ക്കുകയും അതിനായി അനേകം വർഷങ്ങരം ശക്തമായി പോ രാടുകയും ചെയ്തു. ഈ മുദ്രാവാക്യം, ബൂർഷ്വാ–ജനാധിപത്യവിപ്ലവ ത്തിൻെറ കടമയുമായി പൊരുത്തക്കേടില്ലായിരുന്നില്ല എന്നല്ല, ഈകടമ ന

ഷം ഉറപ്പോടെ നിർവഹിക്കയായിരുന്നെന്നതു് പ്രകടമായിരുന്നു. നമ്മുടെ യഥാർത്ഥ സമരത്തിൽ സ്വീകരിച്ച നയത്തിലെ ഒരൊററ ഘടകവും, ഈ കടമയോടൊത്തു പോകാത്തതായിരുന്നില്ല. ജന്മിമാരുടെ ഭൂമികണ്ടുകെട്ടുകയും മണിക്കൂർപ്രവർത്തിദിവസവും ഉൾപ്പെടുന്ന നമ്മുടെ നയവും, മുതലാളിത്തപരമായ സ്വകാര്യസ്വത്തവകാശത്തിന്റെ അതിരുകളെ ഒരിക്കലും മറികടന്നില്ല; നമ്മുടെ നയം അപ്പാടെ സോഷ്യലിസം പ്രയോഗത്തിൽ കൊണ്ടുവരാനായിരുന്നില്ല. പുത്തൻ ജനാധിപത്യ റിപ്പബ്ളിക്കിന്റെ ഘടന എന്തായിരിക്കും? തൊഴിലാളിവർഗവും കർഷകജനതയും നഗരത്തിലെ പെററിബൂർഷ്വാസിയും, ബൂർഷ്വാസിയും, ദേശീയവും ജനാധിപത്യപരവുമായ വിപ്ളവത്തോടു യോജിക്കുന്ന രാജ്യത്തെ എല്ലാവരും ചേർന്നുള്ളതായിരിക്കുന്നതു്, ദേശീയവും ജനാധിപത്യപരവുമായ വിപ്ളവത്തിൽ ഈ വർഗങ്ങളുടെ കൂട്ടുകെട്ടായിരിക്കുമതു്. ഇവിടെയുള്ള സവിശേഷപ്രത്യേകത ബൂർഷ്വാസിയെ ഉൾപ്പെടുത്തലാണ്; ജപ്പാനെതിരായ ചെറുത്തുനില്പിൽ ബൂർഷ്വാസി ഒരിക്കൽക്കൂടി നമ്മോടു് സഹകരിക്കയും കൂട്ടുചേരുകയും ചെയ്യാനുള്ള ഒരു സാദ്ധ്യത ഇന്നത്തെ പരിതസ്ഥിതിയിലുണ്ടെന്നതാണ് അതിന്റെ കാരണം; ആയതുകൊണ്ടു് തൊഴിലാളിവർഗം ചൈനീസ് വിപ്ളവത്തെ മുന്നേററാൻ സഹായിക്കുംവിധം, അവരെ സ്വാഗതംചെയ്യുകയും അല്ലാതെ തുരത്തുകയല്ല കൂട്ടായസഖ്യത്തിനുവേണ്ടി അവരുമായുള്ള സഖ്യം പുനരുജ്ജീവിപ്പിക്കയുമാണ വേണ്ടതു്. ആഭ്യന്തരസായുധഏററുമുട്ടൽ അവസാനിക്കാനായി, ജന്മിമാരുടെ ഭൂമി ബലം പ്രയോഗിച്ചു് കണ്ടുകെട്ടുന്ന നയം തുടരാതിരിക്കാൻ കമ്യൂണിസ്റ്റു പാർട്ടിക്കു സമ്മതമാണ്. നിയമനിർമാണപരവും മററുമായ ഉചിതമാർഗങ്ങളിലൂടെ, പുത്തൻജനാധിപത്യ റിപ്പബ്ളിക്ക് കെട്ടിപ്പടുക്കുന്നതിന്റെഗതിക്രമത്തിനൊത്തു് ഭൂപ്രശ്നം പരിഹരിക്കുന്നതിനു തയ്യാറുമാണ്. തീർപ്പുണ്ടാക്കേണ്ട പ്രഥമ പ്രശ്നം ചൈനയുടെ മണ്ണു് ജപ്പാൻകാരാണോ, അല്ല ചൈനാക്കാരാണോ അവകാശത്തിൽ വെയ്ക്കേണ്ടതു് എന്നതാണ്. ചൈനയുടെ രാജ്യരക്ഷയിൽ അധിഷ്ഠിതമാണ് കർഷകരുടെ ഭൂപ്രശ്നത്തിന്റെ പരിഹാരം എന്നിരിക്കെ, ബലം പ്രയോഗിച്ചുകണ്ടുകെട്ടുന്ന മാർഗത്തിൽനിന്നു് ഉചിതമായ പുതിയ മാർഗങ്ങളിലേക്കു നാം തിരിയേണ്ടതു് അവശ്യംആവശ്യമാണ്. കഴിഞ്ഞകാലത്തു്, തൊഴിലാളികളുടെയും കർഷകരുടെയും ജനാധിപത്യ റിപ്പബ്ളിക്ക് എന്ന മുദ്രാവാക്യം മുന്നോട്ടുവെച്ചതു ശരിയായിരുന്നു, ഇന്നതു വേണ്ടെന്നു വെയ്ക്കുന്നതും ശരിയാണ്.

14. ശത്രുവെ സംയുക്തമായി പ്രതിരോധിക്കുന്നതിനുള്ള ദേശീയഐക്യമുന്നണിസ്ഥാപിക്കാൻ ചില പ്രത്യേക ആഭ്യന്തര വൈരുദ്ധ്യങ്ങളെ ശരിയായി പരിഹരിക്കുക എന്നതു് അത്യാവശ്യമാണ്. ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയെ കൂടുതൽ ശക്തമായി വിപുലീകരിക്കാനും സഹായിക്കുന്നതാകണം, ക്ഷീണിപ്പിക്കുന്നതോ ഇടുങ്ങിയതാക്കുന്നതോ ആകരുതു്, ഈ പരിഹാരം എന്നതാണിവിടെ പ്രയോഗിക്കേണ്ട തത്വം. ജനാധിപത്യവിപ്ളവഘട്ടത്തിൽ, വർഗങ്ങളും പാർട്ടികളും രാഷ്ടീയ ഗ്രൂപ്പുകളും തമ്മിലുള്ള വൈരുദ്ധ്യങ്ങളും സമരങ്ങളും ഒഴിവാക്കുക അസാധ്യമാണ്, പക്ഷെ ഐക്യത്തിനു വിഘാതമാകുന്നിടത്തുവെച്ചു് ആഭ്യന്തരസമരങ്ങൾ (ആഭ്യന്തരയുദ്ധം രാഷ്ട്രീയ കക്ഷികൾതമ്മിൽ ശത്രുതാപരമായെതിരിടൽ, പ്രാദേശിയവിഘടനം ഒരുവശത്തു് ഫ്യൂഡൽ രാഷ്ട്രീയ–സാമ്പത്തിക പീഡനവും മറുവശത്തു് ചെറുത്തുനില്പിനു് ഹാനികരമാകുന്ന ഉയിർത്തെഴുന്നേൽപിന്റെയും അ അതിർകവിഞ്ഞു് സാമ്പത്തികാവകാശങ്ങൾ ഉന്നയിക്കുന്നതിന്റെയുമായ നയവും– തുടങ്ങിയവ) നിർത്തുക എന്നതു് സാദ്ധ്യവും ആവശ്യവുമാണ്.



ഐക്യത്തിനും ജപ്പാനെ ചെറുക്കുന്നതിനും ലാഭദായകമായിടത്തോളം അത്തരം സമരങ്ങൾ (വിമർശന സ്വാതന്ത്ര്യം, രാഷ്ട്രീയപാർട്ടികളുടെ സ്വാശ്രയത്വം, ജനങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക ജീവിതം മെച്ചപ്പെടുത്തൽ തുടങ്ങിയവ തുടരുക എന്നതും

15. ജാപ്പുവിരുദ്ധ ദേശീയ ഐക്യമുന്നണിക്കും ഒരു ഏകീകൃത ജനാധിപത്യ റിപ്പബ്ളിക്കിനുവേണ്ടി പൊരുതുന്നതിന്റേതായ ആത്യന്തിക കടമയ്ക്കകത്തു്, ചുവപ്പുസേനയുടെയും ജാപ്പുവിരുദ്ധ താവളപ്രദേശത്തിന്റെയും കടമകൾ ഇവയാണ്.

(i) ജപ്പാനെതിരായ യുദ്ധത്തിന്റെ പരിതസ്ഥിതിക്കനുയോജ്യമാംവിധം ചുവപ്പുസേനയെ ഉടൻതന്നെ ദേശീയ വിപ്ളവസേനയായി പുനസംഘടിപ്പിക്കുകയും അതിന്റെ സൈനിക–രാഷ്ട്രീയ–സാംസ്കാരിക വിദ്യാഭ്യാസ നിലവാരമുയർത്തിക്കൊണ്ടു് ആ യുദ്ധത്തിൽ ഒരു മാതൃകാസൈന്യമായിത്തീരുകയും വേണം.

(ii) നമ്മുടെ താവളപ്രദേശം രാഷ്ട്രത്തിന്റെ ഒരു അവിഭാജ്യ ഘടകമായിത്തീരുകയും അതിന്റെ ജനാധിപത്യസമ്പ്രദായം പുതിയ സാഹചര്യങ്ങളിൽ പ്രയോഗിക്കുകയും, അതിന്റെ സമാധാന സംസ്ഥാപനങ്ങളെ പുനഃസംഘടിപ്പിക്കുകയും വഞ്ചകരേയും പൊളിപ്പന്മാരെയും തുരത്തിമാററുകയും ചെറുത്തുനില്പ്പിന്റെയും ജനാധിപത്യത്തിന്റെയും മാതൃകയായ പ്രദേശമായിത്തീരുകയും വേണം.

(iii) അവശ്യസാമ്പത്തിക നിർമാണം ഈ പ്രദേശത്തു നടപ്പാക്കുകയും ജനജീവിതോപാധികൾ മെച്ചപ്പെടുത്തുകയുംവേണം.

(iv) അവശ്യസംസ്കാരിക പ്രവർത്തനം നിർവഹിച്ചിരിക്കണം.

## നേതൃത്വം കൊടുക്കുന്നതിനുള്ള നമ്മുടെ ഉത്തരവാദിത്വം

16. ചൈനീസ് ബൂർഷ്വാസി, അതിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥിരതയില്ലായ്മമൂലം ചില പ്രത്യേക ചരിത്രസാഹചര്യങ്ങളിൽ സാമ്രാജ്യത്വത്തോടും ഫ്യൂഡലിസത്തോടും പോരാടുന്നതിൽ പങ്കാളിയാവുകയും, മററുചിലതിൽ ശങ്കിച്ചുനില്ക്കുകയും വഞ്ചകരായിത്തീരുകയും ചെയ്യുക മെന്നതു് ചൈനീസ് ചരിത്രത്തിൽ സ്ഥിരീകരിക്കപ്പെട്ട ഒരു നിയമമാണ്. അതിനാൽ സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായ ചൈനയുടെ ബൂർഷ്വാ ജനാധിപത്യവിപ്ളവം ബൂർഷ്വാസിയുടെ നേതൃത്വത്തിൻ കീഴിലല്ല, മറിച്ചു് തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൻ കീഴിൽ മാത്രം പൂർത്തീകരിക്കാൻ കഴിയുന്ന ഒരു കടമയാണെന്നതു് ചരിത്രത്തിന്റെ വിധിയാണ്. അതിലേറെ ബൂർഷ്വാസിയുടെ പൈതൃകമായ ചാഞ്ചാട്ടവും സമഗ്രതയുടെ അഭാവവും മറികടക്കാനും വിപ്ളവത്തെ വഴിപിഴപ്പിക്കുന്നതു തടയാനും തൊഴിലാളി വർഗത്തിനു് ജനാധിപത്യവിപ്ലവത്തിലുള്ള സ്ഥിരതയും സമഗ്രതയും സംപൂർണപ്രയോഗത്തിൽ വരുത്തിക്കൊണ്ടു് സാദ്ധ്യമാണ്. തൊഴിലാളിവർഗം ബൂർഷ്വാസിയെയാണോ, ബൂർഷ്വാസി തൊഴിലാളി വർഗത്തെയാണോ പിന്തുടരേണ്ടതു്? ചൈനീസ് വിപ്ളവത്തിന്റെ നേതൃത്വത്തിന്റേതായ ഉത്തരവാദിത്വത്തിന്റെ പ്രശ്നമെന്ന അച്ചാണിമേലാണ് ചൈനീസ് വിപ്ളവത്തിന്റെ വിജയവും പരാജയവും സ്ഥിതിചെയ്യുന്നതു്. തൊഴിലാളി വർഗത്തിന്റെ രാഷ്ട്രീയനേതൃത്വത്തെ

ബൂർഷ്വാസി പിന്തുടർന്നപ്പോൾ വിപ്ലവമെങ്ങനെ അലയടിച്ചു മുന്നേറിയെന്നും കമ്യൂണിസ്റ്റുപാർട്ടിയുടെ തെററിലൂടെതൊഴിലാളിവർഗം ബൂർഷ്വാസിയുടെ രാഷ്ട്രീയാനുബന്ധമായിത്തീർന്നപ്പോൾ എങ്ങനെ പരാജയത്തെ നേരിട്ടെന്നും 1924–27 ലെ അനുഭവം കാണിക്കുന്ന ഈ ചരിത്രഭാഗം സ്വയം ആവർത്തിക്കാനനുവദിച്ചുകൂടാ. വർത്തമാന പരിതസ്ഥിതിയിൽ തൊഴിലാളി വർഗത്തിന്റെയും അതിന്റെ പാർട്ടിയുടെയും രാഷ്ട്രീയനേതൃത്വം കൂടാതെ ജാപ്പ്‌വിരുദ്ധദേശീയ ഐക്യമുന്നണി സ്ഥാപിക്കുന്നതിനും സമാധാനം, ജനാധിപത്യം, സായുധചെറുത്തുനില്പ് എന്നീ ലക്ഷ്യങ്ങൾ നേടാനും മാതൃഭൂമിയെ രക്ഷിക്കാനും അസാദ്ധ്യമാണ്. ഒരേകീകൃത ജനാധിപത്യ റിപ്പബ്ലിക്ക് പടുത്തുയർത്തുന്നതും അസാദ്ധ്യമാണ്. ഇന്ന് ബൂർഷ്വാസി കുമിന്താങ്ങിനാൽ പ്രതിനിധീകരിക്കപ്പെട്ടുകൊണ്ട്, കൂടുതൽ നിഷ്ക്രിയവും യാഥാസ്ഥിതികവുമാണ്, ഇതിനുള്ള തെളിവ് കമ്യൂണിസ്റ്റുപാർട്ടി മുന്നോട്ടുവെച്ച ജാപ്പ്‌വിരുദ്ധദേശീയ ഐക്യമുന്നണിയെ സ്വീകരിക്കുന്നതേക്കുറിച്ച് ദീർഘനാളായി അതിനുള്ള സങ്കോചം തന്നെയാണ്. ഈ സാഹചര്യം രാഷ്ട്രീയ നേതൃത്വം നൽകാനുള്ള അതിന്റെ പാർട്ടിയുടെയും ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു. കമ്യൂണിസ്റ്റുപാർട്ടിക്ക് ഒഴിഞ്ഞുമാറാൻ വയ്യാത്ത ഒരുത്തരവാദിത്വവും ഒഴിവാക്കാനാവാത്ത ഒരു കടപ്പാടുമാണ് ജപ്പാനെ ചെറുക്കുന്നതിലും ദേശത്തെ രക്ഷിക്കുന്നതിലും ജനറൽ സ്റ്റാഫ് ആയി വർത്തിക്കുക എന്നത്.

17. രാജ്യത്തെ എല്ലാ വിപ്ലവവർഗങ്ങൾക്കും തൊഴിലാളിവർഗം അതിന്റെ പാർട്ടിയിലൂടെ എപ്രകാരമാണ് രാഷ്ട്രീയ നേതൃത്വം നൽകിയത്? ഒന്നാമതായി ചരിത്രവികാസത്തിന്റെ സന്ദർഭാനുസരണം അടിസ്ഥാനരാഷ്ട്രീയ മുദ്രാവാക്യങ്ങൾവച്ചുകൊണ്ട് ഈ രാഷ്ട്രീയമുദ്രാവാക്യങ്ങളെ യാഥാർത്ഥ്യമാക്കി പരിവർത്തനപ്പെടുത്താനായി വികാസത്തിന്റെ ഓരോഘട്ടത്തിനും സംഭവഗതികളുടെ ഓരോ മേൽത്തരം പരിണതിക്കുമൊത്ത പ്രവൃത്തന മുദ്രാവാക്യങ്ങൾകൊണ്ടും ഉദാഹരണത്തിന്, ഒരു ജാപ്പവിരുദ്ധദേശീയ ഐക്യമുന്നണിക്കും 'ഒരേകീകൃത ജനാധിപത്യ റിപ്പബ്ലിക്കി'നും വേണ്ടിയുള്ള അടിസ്ഥാനമുദ്രാവാക്യങ്ങൾ നാം മുന്നോട്ടു വച്ചിട്ടുണ്ട്, പക്ഷെ 'ആഭ്യന്തരയുദ്ധമവസാനിപ്പിക്കുക', ജനാധിപത്യത്തിനായ് പോരാടുക', 'സായുധചെറുത്തുനിൽപ്പുനടത്തിക്കൊണ്ടു പോകുക' എന്നീ മുദ്രാവാക്യങ്ങൾ മുഴുവൻദേശത്തിന്റെയുംസംയുക്ത സമൂർത്ത പ്രവർത്തനത്തിനുള്ള സവിശേഷതകളായും വന്നിട്ടുണ്ട്; അത്തരം സവിശേഷലക്ഷ്യങ്ങൾകൂടാതെ രാഷ്ട്രീയനേതൃത്വത്തിന്റെ പ്രശ്നമേയില്ല. രണ്ടാമത്, സവിശേഷലക്ഷ്യങ്ങൾ നേടുന്നതിലുള്ള സീമയററ ആവേശവും വിശ്വസ്തതയുംവഴി തൊഴിലാളിവർഗവും അതിന്റെ മുന്നണിപ്പടയായ കമ്യൂണിസ്റ്റുപാർട്ടിയും, രാജ്യമൊന്നാകെ ഈ ലക്ഷ്യത്തിനായി പ്രവർത്തനനിരതമാകുമ്പോൾ, മാതൃക കാണിക്കണം. ജാപ്പവിരുദ്ധദേശീയ ഐക്യമുന്നണിയുടെയും ജനാധിപത്യ റിപ്പബ്ലിക്കിന്റെയും എല്ലാ കടമകളും പൂർത്തീകരിക്കുവാനുള്ള പോരാട്ടത്തിൽ കമ്യൂണിസ്റ്റുകൾ എററവും ദൂരക്കാഴ്ചയുള്ളവരും ഏററവും ആത്മത്യാഗികളും ഏററവും സ്ഥിരതയുള്ളവരും സാഹചര്യങ്ങളെ തരംതിരിക്കുന്നതിൽ ഏററവും കാവ്യമുൻവിധിയുള്ളവരും ആയിരിക്കുകയും ജനവിഭാഗങ്ങളിലെ ഭൂരിപക്ഷത്തിൽ ആശ്രയിക്കുകയും അവരുടെ പിന്തുണ നേടുകയുംവേണം. മൂന്നാമത്, അതിന്റെ നിർദ്ദിഷ്ട രാഷ്ട്രീയ ലക്ഷ്യങ്ങളെ ഒരിക്കലും കയ്യൊഴിക്കാതിരിക്കുക എന്ന തത്വത്തിലുറച്ചുനിന്നുകൊണ്ട് അതിന്റെ സഖ്യശക്തികളുമായി ഉചിതമായ ബന്ധങ്ങൾ സ്ഥാപിക്കുകയും അവയുമായുള്ള സഖ്യം വികസിപ്പിക്കുകയും സുദൃഢീകരിക്കയുംവേണം. നാലാമത്, കമ്യൂണിസ്റ്റുപാർട്ടി അതിന്റെ അണിയെ വിപുലീകരിക്കയും അതിന്റെ പ്രത്യയശാസ്ത്രപരമായ



ഐക്യവും കർശനമായ അച്ചടക്കവും കാത്തുസൂക്ഷിക്കയുംവേണം. ഇവയെല്ലാം ചെയ്യുന്നതിലൂടെയാണ് ചൈനയിലാസകലമുള്ള ജനങ്ങൾക്ക് കമ്യൂണിസ്റ്റുപാർട്ടി അതിന്റെ രാഷ്ട്രീയനേതൃത്വം പ്രയോഗത്തിൽ വരുത്തുക. നമ്മുടെ രാഷ്ട്രീയനേതൃത്വം തീർച്ചപ്പെട്ടതാക്കുന്നതിനും വിപ്ലവം പരിപൂർണവിജയം നേടുമെന്നും നമ്മുടെ സഖ്യശക്തികളുടെ ചാഞ്ചാട്ടംകൊണ്ട് അലങ്കോലപ്പെടുത്തുകയില്ലെന്നും ഉറപ്പുവരുത്തുന്നതിനും ഉള്ള അടിത്തറ അവ പാകുന്നു.

18. ആഭ്യന്തരസമാധാനം നേടുകയും ഇരു പാർട്ടികളുംതമ്മിൽ സഹകരണം സ്ഥാപിക്കുകയും ചെയ്യുന്നതോടെ കുമിന്താങ്ങിന്റേതിനോടുകൂടി ശത്രുതാപരമായ ഭരണം നടപ്പാക്കിയിരുന്നതിന്റേതായ ലൈനിന്റെ കാലത്ത് നാം സ്വീകരിച്ചുപോന്ന സമരത്തിന്റെയും സംഘടനയുടെ പ്രവർത്തനത്തിന്റെയും രൂപങ്ങളിൽ മാററങ്ങൾ വരുത്തേണ്ടതുണ്ട്. അവ മുഖ്യമായും സൈനികമായ രൂപങ്ങളിൽനിന്നു സമാധാനപരമായവയിലേക്കും നിയമവിരുദ്ധരൂപങ്ങളിൽനിന്ന് നിയമവിധേയമായിട്ടുള്ളവയിലേക്കുമുള്ള മാററങ്ങളായിരിക്കും. ഈ മാററങ്ങളുണ്ടാക്കുക എളുപ്പമായിരിക്കില്ല, നമുക്കു തികച്ചും പുതുതായി അഭ്യസിക്കേണ്ടിവരും. നമ്മുടെ കേഡർമാർക്ക് പുനഃപരിശീലനം നൽകുക എന്നത്, അപ്രകാരം ഒരു സുപ്രധാന കണ്ണിയാവുന്നു.

19. ജനാധിപത്യ റിപ്പബ്ലിക്കിന്റെ സ്വഭാവത്തെക്കുറിച്ചും അതിന്റെ ഭാവിയെക്കുറിച്ചും പല സഖാക്കളും ചോദ്യങ്ങൾ ഉന്നയിക്കാറുണ്ട്. നമ്മുടെ ഉത്തരം ഇതാണ്. അതിന്റെ വർഗസ്വഭാവത്തെ സംബന്ധിച്ചിടത്തോളം ഈ റിപ്പബ്ലിക്ക് എല്ലാ വിപ്ലവവർഗങ്ങളുടെയും ഒരു കൂട്ടുകെട്ടായിരിക്കും. അതിന്റെ ഭാവിയെ സംബന്ധിച്ചാകട്ടെ, അതിനു സോഷ്യലിസത്തിലേക്കു നീങ്ങാനാകും. നമ്മുടെ ജനാധിപത്യറിപ്പബ്ലിക് സ്ഥാപിക്കപ്പെടേണ്ടതു് തൊഴിലാളിവർഗനേതൃത്വത്തിൻകീഴിലുള്ള ദേശീയ സായുധപ്രതിരോധത്തിന്റെ ഗതിക്കിടയ്ക്കും (സോവിയററു യൂണിയനിൽ സോഷ്യലിസം വിജയപ്രദമായതും ലോകവിപ്ലവത്തിന്റെ പുതിയഘട്ടം സമീപിച്ചുകൊണ്ടിരിക്കുന്നതുമായ) പുതിയ സാർവദേശീയാന്തരീക്ഷത്തിലുമാണ്. ആയതിനാൽ സാമൂഹ്യമായും സാമ്പത്തികമായും ഇപ്പോഴുമതു് ഒരു ബൂർഷ്വാ–ജനാധിപത്യഭരണകൂടമായിരിക്കുമെങ്കിൽ തന്നെയും ബൂർഷ്വാ റിപ്പബ്ലിക്കുകളുടെ സാമാന്യനിരയിൽ നിന്നതു വിഭിന്നമായിരിക്കും. കാരണം, സമൂർത്തമായ രാഷ്ട്രീയാർത്ഥത്തിൽ അതിനു് തൊഴിലാളിവർഗത്തിന്റെയും കർഷകജനതയുടെയും പെററിബൂർഷ്വാസിയുടെയും ബൂർഷ്വാസിയുടെയും സഖ്യത്തെ ആധാരപ്പെടുത്തിയ ഒരു ഭരണകൂടമായിരിക്കേണ്ടതുണ്ട്. അങ്ങനെ, ജനാധിപത്യറിപ്പബ്ലിക്കിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അതൊരു മുതലാളിത്ത ദിശയിൽ നീങ്ങിയേക്കാമെങ്കിലും, അതു സോഷ്യലിസത്തിലേക്കു തിരിയാനുള്ള സാദ്ധ്യതയും നിലവിലുണ്ട്; ചൈനീസ് തൊഴിലാളിവർഗത്തിന്റെ പാർട്ടി രണ്ടാമത്തേതു് സാധിതമാക്കുന്നതിനുവേണ്ടി തീവ്രമായി സമരം ചെയ്യുകയുംവേണം.

20. പാർട്ടിയുടെ കടമകൾ സാക്ഷാൽക്കരിക്കുന്നതിനു് അടഞ്ഞ വാതിൽനയത്തിനും അതി സാഹസികതയ്ക്കുമെതിരായും വാലിൽതൂങ്ങി നയത്തിനെതിരായ്കൂടിയുംഉള്ള സമരം ആവശ്യമാണ്. ബഹുജനപ്രസ്ഥാനത്തിൽ നമ്മുടെ പാർട്ടിക്കു് തനി അടഞ്ഞ വാതിൽരീതിയിലേക്കും, കടുത്ത വിഭാഗീയതയിലേക്കും അതിസാഹസികതയിലേക്കുമുള്ള പൈതൃക പ്രവണതയുണ്ട്. ഈ വൃത്തികെട്ടപ്രവണത ജാപ്പവിരുദ്ധ ദേശീയഐക്യമുന്നണി സ്ഥാപിക്കുന്നതിലും ജനങ്ങളിൽ ഭൂരിഭാഗത്തെയും നേടിയെടുക്കുന്നതിലും പാർട്ടിക്കു തടസ്സം സൃഷ്ടിക്കു

ന്നു. ഓരോരോ പ്രവർത്തനരംഗത്തെയും ഈ പ്രവണത തുടച്ചുനീക്കേണ്ടതു് തികച്ചും അത്യാവശ്യമാണ്. നാം ആവശ്യപ്പെടുന്നതിതാണ്. ഭൂരിപക്ഷത്തെ വിശ്വസിച്ചു് ആശ്രയിക്കുക; മുഴുവൻ സാഹചര്യത്തെയും കണക്കിലെടുക്കുക; ചെൻ ടു_സ്യുവിൻെറപോലുള്ള വാലിൽതൂങ്ങിനയം ആവർത്തിക്കപ്പെട്ടുകൂടാ, അതു് തൊഴിലാളിവർഗ അണികളിൽ ബൂർഷ്വാപരിഷ്കരണവാദത്തിൻെറ പ്രതിഫലനമാണ്. പാർട്ടിയുടെ വർഗനിലപാടിനെ നിരാധാരമാക്കുക, അതിൻെറ വ്യതിരിക്ത സവിശേഷതകളെ തേച്ചുമാച്ചുകളയുക തൊഴിലാളികളുടെയും കർഷകരുടെയും താൽപര്യങ്ങളെ ബൂർഷ്വാപരിഷ്കരണത്തിൻെറ ആവശ്യങ്ങൾക്കുതകുംപടി ബലികൊടുക്കുക—ഇതെല്ലാം വിപ്ളവത്തെ പരാജയത്തിലേക്കു നയിക്കുമെന്നു തീർച്ചയാണ്. നാം വിവരിച്ച അനാശാസ്യപ്രവണതകളെ അതിജീവിക്കാൻ മുഴുവൻ പാർട്ടിയുടെയും സൈദ്ധാന്തികനിലവാരം ഉയർത്തേണ്ടതു് തികച്ചും അത്യാവശ്യമാണ്. എന്തുകൊണ്ടെന്നാൽ ചൈനീസ് വിപ്ളവത്തെ വിജയത്തിലേക്കു നയിക്കാൻ പോന്ന ദിശാദർശിനി മാർക്സിസം ലെനിനിസം മാത്രമാണ്.

## കുറിപ്പുകൾ

1. ജപ്പാൻകാർ വടക്കൻചൈനക്കെതിരെ ആക്രമണം നടത്തുകയും ചിയാങ്ങ്കൈഷെക്ക് തലവനായുള്ള കുമിന്താങ്ങ്സർക്കാർ നമ്മുടെ പരമാധികാരത്തെ വഞ്ചിക്കുകയും നമ്മുടെ രാജ്യത്തെ പരിഹാസ്യമാക്കുകയും ചെയ്തപ്പോഴാണ് 1935_ൽ വടക്കൻ ചൈനാ സംഭവമുണ്ടായതു്. അക്കൊല്ലം മേയിൽ ജപ്പാൻകാർ കുമിന്താങ്ങ് സർക്കാരിനോടു് വടക്കൻചൈനയിൽ ഭരണാധികാരാധീശത്വം ആവശ്യപ്പെടുകയും ജൂണിൽ കുമിന്താങ്ങ് സർക്കാരിൻെറ അവിടത്തെ പ്രതിനിധി ഹോ യിങ്ങ്_ചിൻ വടക്കൻചൈനയിലെ ആക്രമണപ്പടനായകൻ യോഷിജിറോമെയ്ജുവിനു് പിന്നീടു് 'ഹോ യി കരാർ എന്നറിയപ്പെട്ട കരാർ സമർപ്പിച്ചൊപ്പിടുകയും ചെയ്തു. അതിലെ വ്യവസ്ഥകൾമൂലം ചൈനയ്ക്കു് ഹോപെ, ചഹാർ പ്രവിശ്യകളിൽ അതിൻെറ പരമാധികാരം നഷ്ടമായി. ഒക്ടോബറിൽ ജപ്പാനാക്രമണകാരികളുടെ പ്രേരണയാൽ ചില ചൈനീസ് ദേശദ്രോഹികളും ഹോപെയ് പ്രവിശ്യ ഹ്സാങ്ങ്ഹോയിൽ ഒരു കലാപം അരങ്ങേറുകയും കൌണ്ടിനഗരത്തെ പിടിച്ചടക്കുകയും ചെയ്തു. നവമ്പറിൽ വടക്കൻ ചൈനയിലെ അഞ്ചു പ്രവിശ്യകളിൽ സ്വയംഭരണാവകാശ പ്രസ്ഥാനമെന്നു സ്വയം വിശേഷിക്കപ്പെട്ട ഒന്നു തുടങ്ങാൻ ഒരു പിടി ചൈനീസ് ദേശദ്രോഹികളെ ജാപ്പാക്രമണകാരികൾ ഏർപ്പെടുത്തുകയും കിഴക്കൻ ഹോപേയിൽ ''കമ്യൂണിസ്റ്റു വിരുദ്ധസ്വയം ഭരണാവകാശ ഭരണവ്യവസ്ഥ'' എന്നൊരു പാവക്കൂട്ടം സ്ഥാപിക്കപ്പെടുകയും ചെയ്തു. ''വടക്കൻ ചൈനയ്ക്കു് വിശേഷ ഭരണവ്യവസ്ഥ'' എന്ന ജപ്പാൻെറ അവകാശവാദം നിറവേററാനായി ഒരു ''ഹോപേയ്ക്കും ചഹാറിനും വേണ്ടിയുള്ള രാഷ്ട്രീയ സമിതി'' രൂപീകരിക്കാൻ സൂങ്ങ് ചെഹ്-യുവാനെയും മററുള്ളവരെയും കുമിന്താങ്ങ് സർക്കാർ നിയമിച്ചു.

2. 1935, ആഗസ്റ്റ് 1 നു് ചൈനീസ് കമ്യൂണിസ്റ്റുപാർട്ടി ഈ പ്രഖ്യാപനം പുറപ്പെടുവിച്ചു. താഴെകൊടുക്കുന്ന ഭാഗങ്ങളടങ്ങുന്നതാണ് അതിൻെറ മുഖ്യസംഗതികൾ:—

'നമ്മുടെ രാജ്യവും ജനതയും ആസന്നമായ നശീകരണത്താൽ ഭീഷണിപ്പെടുത്തപ്പെടുന്ന ഈ നിമിഷത്തിൽ, കമ്യൂണിസ്റ്റു പാർട്ടി ഒരിക്കൽക്കൂടി എല്ലാം ദേശവാസികളോടും അപേക്ഷിക്കുന്നു: രാഷ്ടീയാഭിപ്രായത്തിലും തൊഴിൽപര്യങ്ങളിലും രാഷ്ട്രീയപാർട്ടികൾക്കിടക്കുള്ള ഭിന്നതകൾ കഴിഞ്ഞ



കാലത്തും ഇപ്പോഴും എന്തുമാകട്ടെ, ദേശവാസികൾക്കു്, തങ്ങളുടെ വിവിധങ്ങളായ ജീവിതത്തുറകളിൽ വീക്ഷണത്തിലും താൽപര്യങ്ങളിലുമുള്ള ഭിന്നതകൾ എന്തുമാകട്ടെ, വിവിധ പട്ടാളങ്ങൾ തമ്മിൽ കഴിഞ്ഞകാലത്തും ഇപ്പോഴുമുള്ള ശത്രുതകൾ എന്തുമാകട്ടെ, നാമെല്ലാം 'വീട്ടിൽ വഴക്കടിക്കുന്ന സോദരരേ, പുറത്തുനിന്നുള്ള ആക്രമണങ്ങൾക്കെതിരെ നിങ്ങളുടെ ശക്തി സംഭരിക്കുക' എന്നതു യാഥാർത്ഥ്യവൽക്കരിക്കുന്നതിലേക്കു് സത്യമായും ഉണരുകയും നമ്മൾ ദേശീയ വിഭവശേഷി (മനുഷ്യശക്തി, പദാർത്ഥങ്ങളുടെയും സമ്പത്തിൻെറയും വിഭവശേഷി, സായുധസേനകൾ എന്നിവ) ജപ്പാനെ ചെറുക്കുന്നതിനും രാജ്യത്തെ രക്ഷിക്കുന്നതിനുമുള്ള പാവന ലക്ഷ്യത്തിലേക്കുള്ള പോരാട്ടത്തിൽ സമാഹരിക്കത്തക്കവിധം, പ്രഥമവും പ്രധാനവുമായി, ആഭ്യന്തരയുദ്ധം നിറുത്തുകയും വേണം. ഒരിക്കൽക്കൂടി കമ്യൂണിസ്റ്റുപാർട്ടി സത്യം ചെയ്തു പറയുന്നു: കുമിന്താങ്ങ് സൈന്യങ്ങൾ ചുവപ്പുസേനക്കുമേലുള്ള ആക്രമണങ്ങൾ നിറുത്തുകയും ഏതെങ്കിലും യൂണിററ് ജപ്പാനെതിരെ ചെറുത്തുനില്പു നടത്തുകയുമാണെങ്കിൽ, ചുവപ്പുസേന, പഴയ ഏതെങ്കിലും പോരുകളോ ഇപ്പോഴത്തെ ഏററുമുട്ടലുകളോ ആഭ്യന്തര കാര്യങ്ങളിലുള്ള ഭിന്നാഭിപ്രായങ്ങളോ കണക്കാക്കാതെ, ഈ യൂണിററുകൾക്കെതിരായ അതിൻെറ ശത്രുതാപരമായ നടപടികൾ ഉടനെ നിർത്തലാക്കുമെന്നു മാത്രമല്ല. ദേശത്തെ രക്ഷിക്കാൻ അവയുമൊത്തു് സൌമനസ്യത്തോടെ അടുത്തു പ്രവർത്തിക്കുകയും ചെയ്യും.'

'ഇത്തരത്തിൽപെട്ട ഒരു ദേശീയ പ്രതിരോധ സർക്കാരിനുവേണ്ടി മുൻകൈയെടുക്കാൻ കമ്യൂണിസ്റ്റുപാർട്ടിക്കു സമ്മതമാണ്; അത്തരമൊരു ദേശീയപ്രതിരോധ സർക്കാരിൻെറ സംയുക്തരൂപീകരണത്തിനായി, ജപ്പാനെ ചെറുക്കുന്നതിനും രാജ്യത്തെ രക്ഷിക്കുന്നതിനും സമ്മതമുള്ളവരുമായി —എല്ലാ രാഷ്ട്രീയ പാർട്ടികളും എല്ലാ സംഘടനകളുടെയും (ട്രേയിഡ്യൂണിയനുകൾ, കർഷകസംഘങ്ങൾ, വിദ്യാർത്ഥിസംഘടനകൾ, വ്യാപാരിസംഘങ്ങൾ, വിദ്യാഭ്യാസസംഘടനകൾ, പത്രപ്രവർത്തക സൊസൈററികൾ, അദ്ധ്യാപകരുടെയും മററ് സ്വതന്ത്ര ജീവനക്കാരുടെയും സംഘങ്ങൾ, നഗരവാസിസംഘടനകൾ, ചിങ്ങ്കുങ്ങ്ടാങ്ങ്, ദേശീയ സായുധ സ്വയം—പ്രതിരോധസംഘം, ജാപ്പു വിരുദ്ധസംഘം, ദേശീയ വിമോജനസംഘം, തുടങ്ങിയവ), പ്രമുഖരായ എല്ലാ പൊതുവ്യക്തികളും, പണ്ഡിതന്മാരും, രാഷ്ട്രപ്രമുഖരുമായും എല്ലാ പ്രാദേശിക സൈനിക, ഭരണസ്ഥാപനങ്ങളുമായും_ഉടനടി സംഭാഷണങ്ങൾ നടത്താൻ അതു തയ്യാറാണ്. ഈ സന്ധിസംഭാഷണങ്ങളിൽനിന്നുരുത്തിരിഞ്ഞുവരുന്ന ദേശീയ പ്രതിരോധസർക്കാർ, രാജ്യത്തെ അടിപ്പെട്ടുപോകുന്നതിൽനിന്നു രക്ഷിക്കാനും അതു് അതിജീവിക്കുമെന്നുറപ്പുവരുത്തുന്നതിനുംവേണ്ടിയുള്ള നേതൃത്വത്തിൻെറ സോപാധിക ഉപകരണമായിരിക്കണം. കൂടുതൽ സവിശേഷമായ വ്യവസ്ഥകളോടെ സായുധചെറുത്തുനിൽപ്പിനേയും ദേശരക്ഷയേയും സംബന്ധിച്ച എല്ലാം പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന്; നമ്മുടെ എല്ലാ ദേശവാസികളേയും യഥാർത്ഥത്തിൽ പ്രതിനിധീകരിക്കുന്ന (തൊഴിലാളികളുടെയും, കർഷകരുടെയും, സൈനികരുടെയും സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും വ്യവസായികളുടെയും വിദ്യാർത്ഥികളുടെയും എല്ലാ മണ്ഡലങ്ങളിലും ജപ്പാനെ ചെറുക്കാനും ദേശത്തെ രക്ഷിക്കാനും സമ്മതമുള്ള എല്ലാ പാർട്ടികളാലും സംഘടനകളാലും എല്ലാ വിദേശീയ ചൈനക്കാരാലും ചൈനയുടെ അതിർത്തിക്കുള്ളിലുള്ള എല്ലാം ദേശീയതകളാലും ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോടുകൂടിയ) ഒരു പ്രാതിനിധ്യസഭ വിളിച്ചുകൂട്ടാൻ അതു് പരിശ്രമിക്കണം. ജനപ്രതിനിധികളുടെതായ അത്തരമൊരസംബ്ളി വിളിച്ചുകൂട്ടുന്നതിനും അതിൻെറ തീരുമാനങ്ങളെല്ലാം നടപ്പിൽ വരുത്തുന്നതിനും കമ്യൂണിസ്റ്റുപാർട്ടി അതിനാവുന്നതിൽ അങ്ങേയററം ചെയ്യും.'

'ജപ്പാനോട് പോരാടാൻ ഒരുക്കമുള്ള എല്ലാ സൈനിക ദളങ്ങളുടെയും ഒരു ജാപ്പ് വിരുദ്ധ കൂട്ടപ്പട്ടാളം രൂപീകരിക്കപ്പെടണം. ദേശീയ പ്രതിരോധ സർക്കാരിന്റെ നേതൃത്വത്തിൻകീഴിൽ ഒരു ഏകമാത്ര ജനറൽ ഹെഡ്ക്വാർട്ടേഴ്സ് ഈ പട്ടാളത്തിന് ഏർപ്പെടുത്തണം. വിവിധ ജാപ്പുവിരുദ്ധ പട്ടാളങ്ങളുടെ ഓഫീസർമാരും തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ചേർന്നുള്ളതാകണോ ഈ ഹെഡ്ക്വാർട്ടേഴ്സ്, അതോ മറേറതെങ്കിലും വിധത്തിൽ രൂപീകരിക്കപ്പെടുന്നതാകണോ അത് എന്ന പ്രശ്നം, എല്ലാ മണ്ഡലങ്ങളേയും ബഹുജന ഇച്ഛയേയും പ്രതിനിധീകരിക്കുന്നവരാൽ തീരുമാനിക്കപ്പെടണം. ഈ കൂട്ട പട്ടാളത്തിൽ ചേരാനും ജപ്പാനെ ചെറുക്കുന്നതിലും ദേശത്തെ രക്ഷിക്കുന്നതിലും ഉള്ള ബാദ്ധ്യത പൂർണമായും നിറവേററാനും ചുവപ്പുസേന കലവറ[illegible]തെ ഒന്നാം സ്ഥാനത്തുണ്ടാകും. ദേശീയ പ്രതിരോധ സർക്കാരിനേയും ജാപ്പുവിരുദ്ധ കൂട്ടപട്ടാളത്തേയും അവയുടെ ദേശീയ പ്രതിരോധത്തിലും ജപ്പാനെ ചെറുത്തുനിൽക്കുന്നതിലും ഉള്ള ഗംഭീര ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി ചെയ്തുതീർക്കാൻ പ്രാപ്തമാക്കുന്നതിന്, കമ്യൂണിസ്റ്റ്പാർട്ടി ഇതാ മുഴുവൻ രാജ്യത്തോടും അപേക്ഷിക്കുന്നു:— പണം ഉള്ളവർ പണം നൽകുക, തോക്കുള്ളവർ തോക്കു നൽകുക, ധാന്യമുള്ളവർ ധാന്യം നൽകുക, അദ്ധ്വാനശക്തിയുള്ളവർ അദ്ധ്വാനശക്തി നൽകുക, വിശേഷ വൈദഗ്ധ്യമുള്ളവർ വിശേഷവൈദഗ്ധ്യം സംഭാവന ചെയ്യുക; അതുവഴി നമ്മുടെ ദേശവാസികളെയെല്ലാം അണിനിരത്താനും എല്ലാ അയുധങ്ങളും. പഴയതും പുതിയതും, ഉപയോഗിച്ച ലക്ഷത്തിനുമേൽ ലക്ഷങ്ങളുടെ കണക്കിൽ ജനങ്ങളെ സായുധരാക്കാനും കഴിയണം'.

3. 1935 ഡിസംബർ 25 ന് വടക്കൻ ഷെൻസിയിലെ വായാവോ[illegible]ഓയിൽനടന്ന ചൈനീസ് കമ്യൂണിസ്ററ് പാർട്ടിയുടെ സെൻട്രൽ കമ്മററിയുടെ പൊളിററ്ബ്യൂറോവിന്റെ യോഗത്തിൽ അംഗീകരിച്ച 'വർത്തമാന രാഷ്ട്രീയ പരിതഃസ്ഥിതിയേ പാർട്ടിയുടെ കടമയേയും സംബന്ധിച്ചുള്ള പ്രമേയം' ആയിരുന്നു ഡിസംബർ പ്രമേയം. നിലവിലുള്ള ആഭ്യന്തരവും സർവദേശീയവുമായ സ്ഥിതിഗതികളുടെയും ചൈനയിലെ വർഗ്ഗബന്ധങ്ങളിലുള്ള മാററങ്ങളുടെ ഒരു സർവതല സ്പർശിയായ വിശകലനം അതു നടത്തുകയും പാർട്ടിയുടെ നയം രൂപീകരിക്കുകയും ചെയ്തു. താഴെ കൊടുക്കുന്നതാണ് അതിന്റെ ഒരു ഭാഗം:—

ചൈനയെ കൂട്ടിച്ചേർക്കാനുള്ള ജാപ്പ് സാമ്രാജ്യത്വശ്രമങ്ങൾ മുഴവൻ രാജ്യത്തേയും മുഴവൻ ലോകത്തേയും ഞെട്ടിച്ചിട്ടുണ്ടെന്ന് വർത്തമാന പരിതസ്ഥിതികൾ കാണിക്കുന്നു. ചൈനയിലെ രാഷ്ട്രീയ ജീവിതത്തിലുള്ള എല്ലാ വർഗങ്ങൾ തമ്മിലും വിവിധ തട്ടിലുള്ളവർ തമ്മിലും രാഷ്ട്രീയ പാർട്ടികൾ തമ്മിലും സായുധസേനകൾ തമ്മിലുമുള്ള ബന്ധങ്ങളിൽ മാററങ്ങൾ സംഭവിച്ചിട്ടുണ്ട്, അഥവാ സംഭവിച്ചുകൊണ്ടിരിക്കയാണ്. ദേശീയ വിപ്ലവ മുന്നണിയിലും ദേശീയ പ്രതിവിപ്ലവ മുന്നണിയിലും ഉള്ള ശക്തികളുടെ ക്രമീകരണം മാറിയിട്ടുണ്ട്. ആയതിനാൽ, രാജ്യമാസകലവും എല്ലാ ദേശീയതകളിലുമുള്ള വിപ്ലവ ശക്തികളെ അവരെ നേരിട്ടുകൊണ്ടിരിക്കുന്ന മുഖ്യശത്രു ജാപ്പ് സാമ്രാജ്യത്വത്തേയും പരമ വഞ്ചകൻ ചിയാങ്ങ് കെയ്_ഷെക്കിനെയും കരം തട്ടിയുണർത്തുകയും ഒന്നിപ്പിക്കുകയും സംഘടിപ്പിക്കുകയുംആണ് പാർട്ടിയുടെ അടവുപരമായ ലൈൻ. എല്ലാ ജനങ്ങളും പാർട്ടികളും എല്ലാ സായുധസേനകളും എല്ലാ വർഗങ്ങളും, ജാപ്പുസാമ്രാജ്യത്വത്തേയും വഞ്ചകനായ ചിയാങ്ങ് കെയ്—ഷെക്കിനേയും അവർ എതിർക്കുന്നിടത്തോളം, ഐക്യപ്പെടുകയും പാവനമായ ദേശീയവിപ്ലവയുദ്ധം നടത്തുകയും ജാപ്പ് സാമ്രാജ്യവാദികളെ ചൈന



യിൽനിന്നു തുരത്തിയോടിക്കുകയും ചൈനയിലെ അവരുടെ വേട്ടനായ്ക്കളുടെ ഭരണം വലിച്ചെറിയുകയും ചൈനാ രാജ്യത്തിന്റെ പൂർണവിമോചനം നേടുകയും ചൈനയുടെ സ്വാതന്ത്ര്യവും ഭൂപ്രദേശപരമായ അഖണ്ഡതയും കാത്തുസൂക്ഷിക്കുകയും വേണം. ഏററവും വിശാലമായ ജാപ്പ വിരുദ്ധദേശീയ ഐക്യമുന്നണി (താഴെയും മേലെയും തലങ്ങളെ ഉൾക്കൊണ്ടതു) സ്ഥാപിച്ചുകൊണ്ടു മാത്രമെ, നമുക്കു ജാപ്പ സാമ്രാജ്യത്വത്തേയും അതിന്റെ വേട്ടപ്പട്ടി ചിയാങ്ങ് കെയ്_ഷെക്കിനെയും പരാജയപ്പെടുത്താനാകൂ. വ്യത്യസ്ത വ്യക്തികളും വ്യത്യസ്ത സംഘടനകളും വിഭിന്ന സാമൂഹ്യ വർഗങ്ങളും അടുക്കുകളും വിവിധ സായുധസേനകളും ജാപ്പ വിരുദ്ധ ദേശീയ വിപ്ലവത്തിൽ ചേരുന്നതു് വിഭിന്ന ഉദ്ദേശ്യങ്ങളോടും വ്യത്യസ്ത വർഗ നിലപാടുകളോടും കൂടിയാണ്. ചിലവ അപ്രകാരം ചെയ്യുന്നതു് തങ്ങൾക്കുള്ള സ്ഥാനങ്ങൾ പിടിച്ചുനിർത്താനും ചിലതു്, തങ്ങൾ വെയ്ക്കുന്ന നിർദ്ദിഷ്ട പരിധി വിട്ടുപോകാതിരിക്കത്തക്കവിധം പ്രസ്ഥാനത്തിന്റെ നേതൃത്വം കയ്യാളാനും ചിലവ, ചൈനാരാജ്യത്തിന്റെ പൂർണമോചനത്തിനായ് ആത്മാർത്ഥമായി പണിയെടുക്കാനുമാണ് അങ്ങനെ ചെയ്യുന്നതു്. ചുരുക്കത്തിൽ, തങ്ങളുടെ ഉദ്ദേശ്യങ്ങളും നിലപാടുകളും വിഭിന്നമായതിനാൽ, ചിലവ സമരത്തിന്റെ പ്രാരംഭത്തിലേതന്നെ ചാഞ്ചാടുകയോ വഞ്ചകരായി മാറുകയോ ചെയ്യും, ചിലവ താല്പര്യരഹിതരാകയോ പോരാട്ടം പാതിവെച്ചു് പിൻവലിക്കുകയോ ചെയ്യും, ചിലവ അവസാനം വരെ നിശ്ചയ ദാർഢ്യത്തോടെ പോരാടും. ഏതായാലും നമ്മുടെ കടമ, സാദ്ധ്യമായ എല്ലാ അടിസ്ഥാന ശക്തികളുമായി മാത്രമല്ല, ജപ്പാനെ ചെറുക്കുമെന്നു കരുതാവുന്ന എല്ലാ പ്രബലരായ സഖ്യശക്തികളുമായും ഐക്യപ്പെടുകയും രാജ്യമാസകലമുള്ള ജനങ്ങൾക്ക്, അദ്ധ്വാനശക്തിയുള്ളവർ അതു നൽകാനും, പണമുള്ളവർ പണം നൽകാനും തോക്കുള്ളവർ തോക്കു നൽകാനും ജ്ഞാനമുള്ളവർ അതു സംഭാവന ചെയ്യാനും, സാദ്ധ്യതയുണ്ടാക്കുകയും അങ്ങനെ ദേശസ്നേഹിയായ ഒററ ചൈനക്കാരനേയും ജാപ്പവിരുദ്ധ മുന്നണിക്കു പുറത്തു നിർത്താതിരിക്കുകയും ചെയ്യുക എന്നതാണ്. സാദ്ധ്യമായ ഏററവും വിശാല, ദേശീയ ഐക്യമുന്നണിക്കുവേണ്ടി പാർട്ടിയുടെ, അടവുകളുടെതായ പൊതുലൈൻ അപ്രകാരമാണ്. പൊതു ശത്രുവെ, ജാപ്പ് സാമ്രാജ്യത്വത്തെയും വഞ്ചകനായ ചിയാങ്ങ് കെയ്_ഷെക്കിനെയും കൈകാര്യം ചെയ്യുന്നതിന് മൊത്തം ജനശക്തികളെ സമാഹരിക്കാൻ ഈ ലൈൻ പിന്തുടർന്നുകൊണ്ടു മാത്രമേ നമുക്കു കഴിയൂ. ചൈനീസ് തൊഴിലാളിവർഗവും കർഷകരും ചൈനീസ് വിപ്ലവത്തിന്റെ അടിസ്ഥാന പ്രേരകശക്തികളായിത്തന്നെ തുടരുന്നു. ദേശീയ വിപ്ലവത്തിൽ അവയ്ക്കു ഏററവും വിശ്വസിച്ചാശ്രയിക്കാവുന്ന സഖ്യശക്തികൾ പെററിബൂർഷ്വാസിയും വിപ്ലവകാരികളായ ബുദ്ധിജീവികളുമാണ്. തൊഴിലാളികളുടെയും കർഷകരുടെയും പെററി ബൂർഷ്വാസിയുടെയും ദൃഢസഖ്യമാണ് ജാപ്പ സാമ്രാജ്യത്വത്തെയും വഞ്ചകരേയും കൂട്ടായ്മക്കാരെയും തോൽപിക്കാനുള്ള അടിസ്ഥാനശക്തി, ഒരു വിഭാഗം ദേശീയ ബൂർഷ്വാസിയും യുദ്ധപ്രഭുക്കളും ധാർമ്മിക പിന്തുണ നല്കയും, ഉദാരമായ നിഷ്പക്ഷത പാലിക്കുകയും അഥവാ ജപ്പാനും വഞ്ചകർക്കും കൂട്ടായ്മക്കാർക്കുമെതിരായുള്ള സമരത്തിൽ നേരിട്ടു പങ്കെടുക്കുകയും ചെയ്യുമ്പോൾ എത്രയേറെ അതു് കാർഷിക വിപ്ലവത്തേയും ചുവപ്പുരാഷ്ട്രീയാധികാരത്തേയും നിരാകരിച്ചേക്കാമെങ്കിലും ജാപ്പുവിരുദ്ധ മുന്നണിയെ വിസ്തൃതമാക്കുന്നതു സഹായിക്കും. എന്തുകൊണ്ടെന്നാൽ പ്രതിവിപ്ലവത്തിന്റെ മൊത്തം ശക്തി അതുവഴി ക്ഷയിപ്പിക്കപ്പെടുകയും വിപ്ലവത്തിന്റെ മൊത്തം ശക്തി വർദ്ധിക്കപ്പെടുകയും ചെയ്യും. ഈ ലക്ഷ്യത്തിലേയ്ക്കായി പാർട്ടി ജാപ്പുവിരുദ്ധ മുന്നണിയുടെ വശത്തേക്ക് ഈ ശക്തികളെ നേടിയെ

ടുക്കാനുള്ള ഉചിത മാർഗങ്ങളും രീതികളും അവലംബിക്കണം. അതും വിട്ട് ഭൂപ്രഭു, ബൂർഷ്വാ വർഗങ്ങളുടെ കൂടാരത്തിൽനിന്നുപോലുമുള്ള യോജിപ്പ് നടന്നുകൂടാത്തതൊന്നുമല്ല. അനേകം സാമ്രാജ്യത്വശക്തികൾക്കിടക്കു ചൈനക്കുവേണ്ടിയുള്ള കടിപിടി, അവരുടെ സേവനത്തിനു തമ്മിൽ മത്സരിക്കുന്ന, തങ്ങൾക്കിടയിൽ വൈരുദ്ധ്യങ്ങളും സംഘട്ടനങ്ങളുമുള്ള, വഞ്ചകക്കൂട്ടങ്ങളെ പടച്ചുവിട്ടിട്ടുള്ളതുകൊണ്ട്, തൽക്കാലത്തേക്ക് ഈ പ്രതിവിപ്ലവ ശക്തികളിൽ ചിലതു് ജാപ്പുവിരുദ്ധ മുന്നണിയെ എതിർക്കാതിരിക്കുന്നുറപ്പുവരുത്താൻ വിവിധ മാർഗങ്ങൾ പാർട്ടി നടപ്പാക്കണം. ജാപ്പിതര സാമ്രാജ്യത്വ ശക്തികളെ കൈകാര്യം ചെയ്യുന്നതിലും ഇതേ അടവുകൾ പ്രയോഗിക്കണം. രാജ്യമാസകലമുള്ള ശക്തികളെ, പൊതു ശത്രുവിനെതിരെ പോരാടാനായി, തട്ടിയുണർത്തുന്നതിനും ഐക്യപ്പെടുത്തുന്നതിലും സംഘടിപ്പിക്കുന്നതിലും പാർട്ടി, ജാപ്പുവിരുദ്ധ മുന്നണിക്കകത്തെ ചാഞ്ചാട്ടത്തിന്റെയും ഒത്തുതീർപ്പിന്റേയും അടിയറവിന്റെയും ചതിയുടെയും എല്ലാ പ്രവണതകളെയും ദൃഢമായും മനം മടുപ്പുകൂടാതെയും എതിരിട്ടകററണം. ചൈനീസ് ജനതയുടെ ജാപ്പു വിരുദ്ധ പ്രസ്ഥാനത്തെ അലങ്കോലപ്പെടുത്തുന്നവർ വഞ്ചകരും ശത്രുവിന്റെ കൂട്ടായ്മക്കാരുമാണ്, അവരെ നാമെല്ലാമൊന്നുചേർന്ന് അടിച്ചുതെറിപ്പിക്കയും വേണം. കമ്യൂണിസ്ററുപാർട്ടി, ജാപ്പു സാമ്രാജ്യവാദികൾക്കും വഞ്ചകർക്കും കൂട്ടായ്മക്കാർക്കുമെതിരായുള്ള അതിന്റെ വാക്കിലും പ്രവൃത്തിയിലും നേരുമുള്ളവരായ്ക്കൊണ്ട്, ജാപ്പു വിരുദ്ധമുന്നണിയുടെ നേതൃത്വം നേടിയെടുക്കണം. കമ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വത്തിൻകീഴിൽ മാത്രമേ ജാപ്പു വിരുദ്ധ പരിപൂർണപ്രസ്ഥാനം വിജയമാവുകയുള്ളൂ. ജാപ്പുവിരുദ്ധ യുദ്ധത്തിലുള്ള ജനതകളെ സംബന്ധിച്ചിടത്തോളം, അവരുടെ അടിസ്ഥാന താല്പര്യങ്ങളെ ബാധിക്കുന്ന കാര്യങ്ങളിലുള്ള അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുക എന്നതു് അത്യാവശ്യമാണ്. (ഭൂമിക്കുവേണ്ടിയുള്ള കർഷകരുടെ ആവശ്യവും തൊഴിലാളികളുടേയും സൈനികരുടെയും നഗരങ്ങളിലെ പാവപ്പെട്ടവരുടെയും ബുദ്ധിജീവികളുടെയും മെച്ചപ്പെട്ട ജീവിതോപാധികൾക്കു വേണ്ടിയുള്ള ആവശ്യവും). അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തിക്കൊണ്ടു മാത്രമേ, ജനതയിലെ ഇനിയുമേറെ വിശാല വിഭാഗങ്ങളെ ജാപ്പു വിരുദ്ധ മുന്നണിയ്ക്കുള്ളിൽ സമാഹരിച്ചു നിർത്താനും ജാപ്പു വിരുദ്ധപ്രസ്ഥാനത്തെ ത്വരിപ്പിക്കാനും പ്രസ്ഥാനത്തെ പരിപൂർണ വിജയത്തിലേക്കു നയിക്കാനും നാം പ്രാപ്തരാകൂ. പാർട്ടിക്കു ജാപ്പു വിരുദ്ധ യുദ്ധത്തിൽ നേതൃത്വം നേടിയെടുക്കാൻ അങ്ങനെ മാത്രമേ കഴിയൂ താനും,

(ഈ പുസ്തകത്തിൽ 'ജാപ്പു സാമ്രാജ്യത്വത്തിനെതിരെയുള്ള അടവുകളെ സംബന്ധിച്ച്' എന്ന ഭാഗം നോക്കുക)

4\. 1936, മെയ് 5 ന്, നാങ്കിങ്ങ് സർക്കാർ ആഭ്യന്തര യുദ്ധം നിർത്തുകയും കമ്യൂണിസ്റ്റുകാരുമായി ജപ്പാനെതിരായ ഐക്യത്തിനുവേണ്ടി സമാധാന ഉടമ്പടി ചർച്ച നടത്തുകയും ചെയ്യുക എന്നാവശ്യപ്പെട്ടുകൊണ്ട്, ചുവപ്പുസേന ഒരു തുറന്ന കമ്പിസന്ദേശമയക്കുകയുണ്ടായി. അതിന്റെ ഉള്ളടക്കം താഴെ കൊടുക്കുന്നു:—

നാങ്കിങ്ങ് ദേശീയ സർക്കാരിന്റെ സൈനിക സമിതിയ്ക്കും, എല്ലാ കര, കടൽ, വ്യോമ സേനകൾക്കും, എല്ലാ പാർട്ടികൾക്കും, രാഷ്ട്രീയ ഗ്രൂപ്പുകൾക്കും, എല്ലാ പൊതു സ്ഥാപനങ്ങൾക്കും വാർത്താ പത്രങ്ങൾക്കും, ഒരു വിദേശരാജ്യത്തിന്റെ അടിമകളാകാൻ വിസമ്മതമുള്ള എല്ലാ ദേശവാസികൾക്കും—



ചൈനീസ് ചുവപ്പു പട്ടാളത്തിന്റെ വിപ്ലവ സൈനിക കമ്മീഷനാൽ സംഘടിപ്പിക്കപ്പെട്ട, ചൈനീസ് ജനകീയചുവപ്പു പട്ടാളത്തിന്റെ ജാപ്പു വിരുദ്ധ മുന്നണിപ്പട, അതിന്റെ കിഴക്കോട്ടുള്ള മുന്നേററത്തിൽ മഞ്ഞ നദി മുറിച്ചു കടന്നതിൽ പിന്നീട് എല്ലായിടത്തും വിജയ ശ്രീലാളിതരായിരിക്കുകയും രാജ്യമെമ്പാടു നിന്നും പിന്തുണ നേടുകയും ചെയ്തിയിട്ടുണ്ട്. പക്ഷെ അതു ടാട്ടങ്ങ്—പുയോവ്റെയിൽവേ കയ്യടക്കുകയും ജാപ്പ് സാമ്രാജ്യവാദികളെ മുഖദാവിൽ നേരിട്ട് കിഴക്കോട്ട്, ഹോപേയ്യിലേക്കു തുരത്താൻ ഊർജ്ജസ്വലതയോടെ തയ്യാറെടുക്കുകയും ആയിരുന്നപ്പോൾ ജപ്പാനെതിരായ അതിന്റെ മുന്നേററം തടയുന്നതിന് ചിയാങ്ങ് കെയ്_ഷെക് പത്തിലേറെ സേനാ വിഭാഗങ്ങളെ ഷാൻസിയിലേക്കയക്കുകയും യെൻ ഹ്സി_ഷാനുമായി സഹകരിക്കുകയും ചെയ്തു. അയാൾ ചാങ്ങ്സ്വേ_ല്യാങ്ങിന്റെയും യാങ്ങ് ഹു_ചെങ്ങിന്റെയും കീഴിലുള്ള സേനകളോടും, അതേ പോലെതന്നെ വടക്കൻ ഷെൻസിയിലെ സേനകളോടും; നമ്മുടെ ജാപ്പു വിരുദ്ധ പിൻനിരയെ ശല്യപ്പെടുത്താനായി ഷെൻസി_കാൻസു ചുവപ്പൻ പ്രദേശത്തേക്കു മാർച്ചു ചെയ്യാനാജ്ഞാപിച്ചു. ജപ്പാൻകാരുടെ അടുത്തെത്തിച്ചേരാനും പോരാടാനും കഴിയുന്നതിനായി ജനകീയ ജാപ്പു വിരുദ്ധ മുന്നണി അതിന്റെ മുഴുവൻ ശക്തിയും കേന്ദ്രീകരിക്കുകയും വഴിതടയുന്ന ചിയാങ്ങിന്റെ സേനകളെ തുടച്ചു നീക്കുകയും ചെയ്യേണ്ടതായിരുന്നു. പക്ഷെ ഏറെ കാര്യവിചാരങ്ങൾക്കുശേഷം ചുവപ്പു പട്ടാളത്തിന്റെ വിപ്ലവ സൈനിക കമ്മീഷൻ, ഇരുഭാഗങ്ങളും തമ്മിൽ നശിപ്പിക്കാനായി അങ്കം വെട്ടുന്നതു് വർത്തമാന ദേശീയക്കുഴപ്പത്തിൽ ഏതൊരു ഭാഗം വിജിഗീഷുക്കളായാൽ തന്നെയും ദേശീയ രക്ഷക്കായുള്ള ചൈനയുടെ ശക്തിയെ അതു് തറുമാറാക്കുക മാത്രമേയുള്ളൂ എന്നും അതു ജാപ്പു സാമ്രാജ്യവാദികളെയായിരിക്കും പ്രീതിപ്പെടുത്തുക എന്നുമുള്ള നിർണയത്തിലെത്തിച്ചേർന്നു. അതിലേറെ, ചിയാങ്ങ് കെയ്_ഷെകിന്റെയും യെൻഹ്സി_ഷാന്റെയും പട്ടാളങ്ങളിൽ, ആഭ്യന്തര യുദ്ധം നിർത്താനും ജപ്പാനെ ചെറുക്കുന്നതിൽ യോജിക്കാനും തയ്യാറുള്ള നല്ലൊരു സംഖ്യവരുന്ന ദേശ സ്നേഹികളായ ഓഫീസർമാരും സൈനികരുമുണ്ട്, ചിയാങ്ങിന്റെയും യെന്റെയും കല്പനകളെ അനുസരിക്കുന്നതും ചുവപ്പു പട്ടാളത്തെ ജപ്പാനോടുള്ള പോരാട്ടത്തിൽ വഴി തടയുന്നതും, യഥാർത്ഥത്തിൽ അവരുടെ മനസ്സാക്ഷിക്കെതിരായാണുതാനും. ആയതിനാൽ ചുവപ്പു പട്ടാളത്തിന്റെ വിപ്ലവസൈനികകമ്മീഷൻ ജനകീയ ജാപ്പു വിരുദ്ധ മുന്നണിയെ, ഷെൻസിയിലെ അതിന്റെ എണ്ണമററ വിജയങ്ങൾക്കു ശേഷവും, ദേശീയ രക്ഷയ്ക്കുള്ള ചൈനയുടെ ശക്തിക്കു കോട്ടം തട്ടാതെ സൂക്ഷിക്കുന്നതിനും അതുവഴി ജാപ്പു വിരുദ്ധ ചെറുത്തു നില്പു യുദ്ധത്തോടേറെ അടുക്കുന്നതിനും, ആഭ്യന്തരയുദ്ധം നിർത്താനും ജപ്പാനെ ചെറുക്കുന്നതിനൊന്നിക്കാനും ദേശത്തോടും നാം ചെയ്ത ആവർത്തിച്ചുള്ള പ്രഖ്യാപനത്തെ ദൃഢതയോടെ നടപ്പാക്കുന്നതിനും ചിയാങ്ങ് കെയ്—ഷെകിനെയും അയാളുടെ പട്ടാളത്തിലുള്ള ദേശ സ്നേഹികളായ ഓഫീസർമാരെയും സൈനികരേയും അവസാനമായി ഉണർത്തുന്നതു് ത്വരിതപ്പെടുത്തുന്നതിനും വേണ്ടി; മഞ്ഞ നദിക്കു പടിഞ്ഞാട്ടു പിൻവലിച്ചിട്ടുണ്ട്. നാങ്കിങ്ങ് സർക്കാരിനോടും; രാജ്യത്തിന്റെ എല്ലാ കര, കടൽ, വ്യോമസേനകളോടും; മുഴുവൻ ദേശത്തോടുമുള്ള നമ്മുടെ ഉത്തമ വിശ്വാസത്തിന്റെ ഈ പ്രകടത്തിനോടൊപ്പം, ജാപ്പു വിരുദ്ധ ചുവപ്പു പട്ടാളത്തെആക്രമിക്കുന്ന എല്ലാ സായുധ യൂണിററുകളുമായി ഒരു മാസത്തിനകം ഒരു വെടി നിർത്തലേർപ്പെടുത്താനും, ആഭ്യന്തരയുദ്ധമവസാനിപ്പിക്കാനും ജപ്പാനെ ചെറുക്കാൻവേണ്ടി അവയുമായി സമാധാന ചർച്ചയിൽ പ്രവേശിക്കാനും നമ്മൾ തയ്യാറാണ്. ചുവപ്പു പട്ടാളത്തിന്റെ സൈനിക കമ്മീഷൻ, നാങ്കിങ്ങ് സർക്കാരിലെ ബഹുമാന്യ വ്യക്തികളോട്, നമ്മുടെ രാജ്യ

വും ജനതയും ആസന്ന വിനാശത്തിന്റെ ഭീഷണിക്കു വിധേയമായ ഈ നിർ
ണ്ണായക സന്ധിയിൽ പൂർവകാല ദുശ്ചെയ്തികൾക്കു പ്രായശ്ചിത്തം ചെയ്യു
ന്നതിനും രാജ്യത്തെല്ലായിടത്തും ആഭ്യന്തര യുദ്ധം അവസാനിപ്പിക്കുന്നതിനും,
ഭീട്ടിൽ വഴക്കിടുന്ന സഹോദരങ്ങളുടെ സ്പിരിട്ടിൽ പുറത്തുനിന്നുള്ള ആ
ക്രമണങ്ങൾക്കെതിരെ ശക്തികൾ സമാഹരിക്കുന്നതിനും ഷെൻസിയിലേയും
കാൻസുവിലേയും ഷാൻസിയിലേയും ആഭ്യന്തര യുദ്ധം ആദ്യമേ തന്നെ നിർ
ത്താൻ നിശ്ചയദാർഢ്യത്തോടെ ശ്രമിക്കാനും അതേ തുടർന്നു് ഇരുഭാഗ
ങ്ങളും ജപ്പാനെ ചെറുക്കാനും രാജ്യത്തെ രക്ഷിക്കാനുമുള്ള നിയത നടപടി
കളെക്കുറിച്ചുള്ള ചർച്ചക്കായി പ്രതിനിധികളെ നിയോഗിക്കണമെന്നും കല
വറയില്ലാതെ ഉപദേശിക്കുന്നു. രാജ്യത്തിനും ദേശത്തിനും അതേപോലെ ത
ന്നെ നിങ്ങളുടെ സ്വന്തം നന്മക്കും ഇതൊരനുഗ്രഹമാവും. ഏതായാലും നി
ങ്ങൾ യുക്തിയുക്തതയെ ശ്രദ്ധിക്കുന്നതിനു് ദുശ്ശാഠ്യപൂർവം കൂട്ടാക്കാതിരിക്കു
കയും വഞ്ചകരും കൂട്ടായ്മക്കാരുമായിരിക്കുന്നതു് താരതമ്യേന ഇഷ്ടപ്പെടുക
യുമാണെങ്കിൽ, അന്ത്യത്തിൽ നിങ്ങളുടെ ഭരണം തീർച്ചയായും മണ്ണടിയുക
യും മുഴുവൻ ദേശത്താലും നിങ്ങൾ വെറുക്കപ്പെടുകയും വലിച്ചെറിയപ്പെടുക
യും ചെയ്യും. പഴഞ്ചൊല്ലിൽ പറയും പോലെ 'ആയിരം വിരലുകൾ കുറ്റാ
രോപണത്തോടെ ചൂണ്ടുമ്പോൾ ഒരു മുക്കിപ്പനി പോലുമില്ലാത്തയാളും ചത്തു
വീഴുന്നു'. അല്ലാത്ത പക്ഷം മറ്റൊരു പഴഞ്ചൊല്ലിൽ പറയും പോലെ 'ക
ത്തി താഴത്തിടുന്ന കശാപ്പുകാരൻ ഉടനൊരു ബുദ്ധനായ് തീരുന്നു.' നി
ങ്ങൾക്കു ഗ്രഹിക്കാവുന്നതും ഉൾക്കൊള്ളാവുന്നതുമായ വാക്കുകളാണ്, മാന്യ
രേ, ഇവ ചുവപ്പു പട്ടാളത്തിന്റെ വിപ്ളവ സൈനിക കമ്മീഷൻ, ഒരു വി
ദേശ രാജ്യത്തിനു് അടിമപ്പെടാൻ കൂട്ടാക്കാത്ത രാജ്യത്തെ എല്ലാ സംഘടന
കളേയും എല്ലാ പാർട്ടികളെയും എല്ലാ ജനങ്ങളെയും, വെടിനിർത്തലിനും സ
മാധാന ചർച്ചയ്ക്കു വേണ്ടിയും ജപ്പാനെതിരെ ഐക്യത്തിനു വേണ്ടിയുള്ള ഞ
ങ്ങളുടെ നിർദ്ദേശത്തെ പിന്തുണക്കാനും ആഭ്യന്തരയുദ്ധം നിർത്തലാക്കുന്നതു
ത്വരിതപ്പെടുത്താനുള്ള കമ്മററികൾ സംഘടിപ്പിക്കാനും ഇരു ഭാഗത്തും വെടി
നിർത്തൽ നടപ്പാക്കിക്കുന്നതിനു് മുന്നണിയിലേക്കു പ്രതിനിധികളെ അയ
ക്കാനും ഈ നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കുന്നതിനു മേൽനോട്ടം വഹി
ക്കാനും ആഹ്വാനം ചെയ്യുന്നു.

5. 'ചിയാങ്ങ് കെയ്_ഷെക്കിന്റെ പ്രസ്താവനയെക്കുറിച്ചൊരു പ്രസ്താ
വന' എന്നതു നോക്കുക(ഈ പുസ്തകത്തിലെ 300-ാം പേജിലെ കുറിപ്പു്)

6. 'ഒരു ജനകീയ റിപ്പബ്ളിക്കി'ന്റെ മുദ്രാവാക്യം ആദ്യമായിമുന്നോട്ട
വെയ്ക്കപ്പെട്ടതു്, 1935, ഡിസമ്പറിൽ ചേർന്ന ചൈനീസ്കമ്യൂണിസ്റ്റു പാർ
ട്ടി കേന്ദ്ര കമ്മിററിയുടെ പൊളിററ് ബ്യൂറോ യോഗത്തിൽ അംഗീകരിച്ച,
'വർത്തമാന രാഷ്ട്രീയപരിതഃസ്ഥിതികളേയും പാർട്ടിയുടെ കടമകളേയും
സംബന്ധിച്ച പ്രമേയത്തിലും സഖാവു് മാവോ സെതുങ്ങ് 'ജാപ്പ് സാമ്രാ
ജ്യത്വത്തിനെതിരായ അടവുകളെ സംബന്ധിച്ച്'' തയ്യാറാക്കിയ റിപ്പോർട്ടി
ലുമായിരുന്നു. ജപ്പാനെ ചെറുക്കുന്നതിനു് ചിയാങ്ങ് കെയ്_ഷെകിനെ നിർ
ബന്ധിക്കുന്ന നയം സ്വീകരിക്കുന്നതു്. പിന്നീടുണ്ടായ സാഹചര്യങ്ങളിൽ
പാർട്ടിക്കു് അത്യാവശ്യമായിത്തീരുകയും, ആ മുദ്രാവാക്യം ചിയാങ്ങ് കെ
യ്_ഷെക്കിനു് അസ്വീകാര്യമാകുമായിരുന്നതുകൊണ്ടു്, അതിനെ, പാർ
ട്ടിയുടെ കൂമിന്താങ്ങിനുള്ള 1936 ആഗസ്റ്റിലെ കത്തിൽ, 'ഒരു ജനാധിപ
ത്യ റിപ്പബ്ളിക്'' എന്നാക്കി മാററിത്തീർക്കുകയും ചെയ്തു. തന്മൂലം അ
തേ കൊല്ലം സെപ്റ്റമ്പറിൽ പാർട്ടിയുടെ കേന്ദ്ര കമ്മിററി അംഗീകരിച്ച 'ജ
പ്പാനെ ചെറുക്കുന്നതിനും ദേശത്തെ രക്ഷിക്കുന്നതിനുമുള്ള് പ്രസ്ഥാനത്തിലെ



'പുതിയ പരിതഃസ്ഥിതികളെ സംബന്ധിച്ചും ജനാധിപത്യ റിപ്പബ്ളിക്കി
നെ സംബന്ധിച്ചുമുള്ള പ്രമേയ'ത്തിൽ ഒരു ജനാധിപത്യ റിപ്പബ്ളിക്കിന്റെ
മുദ്രാവാവാക്യം കൂടുതൽ സമൂർത്ത പദങ്ങളിൽ വിശദീകരിക്കപ്പെട്ടു. രൂപ
ത്തിൽ വ്യത്യസ്തമാണെങ്കിൽ തന്നെയും ഇരു മുദ്രാവാക്യങ്ങളും സത്തയിൽ
ഒന്നു തന്നെയാണു്; പാർട്ടി കേന്ദ്ര കമ്മിററിയുടെ 1936 സെപ്റ്റമ്പർ പ്രമേ
യത്തിൽ നിന്നാണു് ജനാധിപത്യ റിപബ്ളിക്കിനെ സംബന്ധിച്ച് താ
ഴെ കൊടുക്കുന്ന, ഭാഗങ്ങൾ:—

'വർത്തമാന പമിതഃസ്ഥിതിയിൽ 'ഒരു ജനാധിപത്യ റിപ്പബ്ളിക്
സ്ഥാപിക്കുക' എന്ന മുദ്രാവാക്യം മുന്നോട്ടുവേക്കേണ്ടതു് അവശ്യം ആവശ്യ
മാണെന്നു് കേന്ദ്രകമ്മിററിവിശ്വസിക്കുന്നു; കാരണം ചൈനയുടെ ഭൂപ്രദേശപര
മായ അഖണ്ഡത കാത്തുസൂക്ഷിക്കുന്നതിനും ചൈനയുടെ വിനാശവും അതി
ലെ ജനങ്ങളുടെ കീഴടങ്ങലുമെന്ന വിപത്തൊഴിവാക്കുന്നതിനും വേണ്ടി ജാപ്പു
വിരുദ്ധ ശക്തികളെ ഒന്നിപ്പിക്കുന്നതിനുമുള്ള ഏററവും പററിയ വഴിയിതാ
ണു്, ജനങ്ങളുടെ വിശാല വിഭാഗങ്ങളുടെ ജനാധിപത്യാവകാശങ്ങളെ അടി
സ്ഥാനമാക്കിയുള്ള ഒരൈക്യമുന്നണിയുടെ രൂപീകരണത്തിനു് ഏററവും
പററിയ മുദ്രാവാക്യവും ഇതാണു്. 'ഒരു ജനാധിപത്യ റിപ്പബ്ളിക്'' എന്ന
തുകൊണ്ടു നമ്മളുദ്ദേശിക്കുന്നതു്, ചൈനയുടെ ഒരു ഭാഗത്തുള്ള, തൊഴിലാളി
കളുടെയും കർഷകരുടെയും ജനാധിപത്യ സർവാധിപത്യത്തിന്റതിനേ
ക്കാൾ ഭൂമിശാസ്ത്രപരമായി ഏറെ വിസ്തൃതമായ ഒരു ജനാധിപത്യവും
ചൈനയുടെ പ്രധാനഭാഗങ്ങളിലുള്ള, കൂമിന്താങ്ങിന്റെ ഏകകക്ഷി സർവ്വാ
ധിപത്യത്തേക്കാൾ ഏറെ പുരോഗമനപരമായ ഒരു രാഷ്ട്രീയ വ്യവസ്ഥയു
മാണു്. ജപ്പാനോടുള്ള സായുധ ചെറുത്തു നിൽപ്പിന്റെ വിപുലമായ വികാസ
ത്തിനും പരിപൂർണ വിജയം നേടുന്നതിനും അതു മെച്ചപ്പെട്ട ഒരു മുന്നുറപ്പു
നൽകും. അതിലേറെ, ഈ ജനാധിപത്യ റിപ്പബ്ളിക്, ചൈനീസ് ജന
തയിലെ ഏററവും വിശാലമായത്ര വിഭാഗങ്ങളെ രാജ്യത്തിന്റെ രാഷ്ട്രീയ
ജീവിതത്തിൽ പങ്കാളികളാകാനും അവരുടെ രാഷ്ട്രീയ ബോധവും സം
ഘടിത ശക്തിയും സമ്പന്നമാക്കാനും പ്രാപ്തരാക്കുമെന്നു മാത്രമല്ല, ചൈനീ
സ് തൊഴിലാളി വർഗത്തിനും അതിന്റെ നേതാവ്, കമ്യൂണിസ്റ്റു പാർ
ട്ടിക്കും, സോഷ്യലിസത്തിന്റെ വരുംകാല വിജയത്തിനുള്ള സമരത്തിലെ
പ്രവർത്തനസാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. ആയതിനാൽ, ചൈനീ
സ് കമ്യൂണിസ്റ്റു പാർട്ടി ഒരു ജനാധിപത്യ റിപ്പബ്ളിക്കിനുള്ള പ്രസ്ഥാന
ത്തിനു് അതിന്റെ സജീവ പിന്തുണ ഉറക്കെ പ്രഖ്യാപിക്കുന്നു. ചൈനയി
ലാകെ ഈ ജനാധിപത്യ റിപ്പബ്ളിക് സ്ഥാപിതമാവുകയും സാർവത്രിക
വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഒരു പാർലമെന്റു വിളിച്ചു കൂട്ടപ്പെ
ടുകയും ചെയ്യുന്നതോടെ, ചുവപ്പുപ്രദേശങ്ങൾ ഉടൻതന്നെ ഈ റിപ്പബ്ളിക്കി
ന്റെ ഒരു സജീവാംശം ആയിത്തീരുകയും ചുവപ്പു പ്രദേശങ്ങളിൽ അതേ ജനാ
ധിപത്യ വ്യവസ്ഥപ്രയോഗത്തിൽ വരുത്തുകയും കൂടി ചെയ്യുമെന്നു അതു
പ്രഖ്യാപിക്കുന്നു.'

നാങ്കിങ്ങിലെ കൂമിന്താങ്ങ് സർക്കാരിനെ ജപ്പാനെ ചെറുക്കാനായി പ്രേ
രിപ്പിക്കുമെന്നും സായുധ ചെറുത്തു നിൽപ്പിന്റെയും ദേശീയ വിമോചനത്തി
ന്റേയുമായ ചൈനീസ് ജനതയുടെ പ്രസ്ഥാനം വിപുലീകരിച്ചുകൊണ്ടും,
എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജീവിതത്തിന്റെ എല്ലാ തുറയിലുമുള്ള
ജനങ്ങളുടെയും എല്ലാ പട്ടാളങ്ങളുടെയും ജാപ്പുവിരുദ്ധ ദേശീയ ഐക്യമുന്നണി
യെ വിശാലമാക്കിക്കൊണ്ടും ദേശീയ ഐക്യമുന്നണിയിൽ ചൈനീസ് ക
മ്യൂണിസ്റ്റുപാർട്ടിയുടെ രാഷ്ട്രീയ നേതൃത്വത്തിന്റെ പങ്കിനെ ശക്തിപ്പെടു
ത്തിക്കൊണ്ടും, ചുവപ്പു രാഷ്ട്രീയാധികാരത്തേയും ചുവപ്പുപട്ടാളത്തേ

ത്വം വമ്പിച്ച തോതിൽ സുദൃഢീകരിച്ചുകൊണ്ടും, നമ്മുടെ പരമാധികാരത്തെ തുരങ്കം വയ്ക്കുന്നതോ നമ്മുടെ ദേശത്തെ പരിഹാസ്യമാക്കുന്നതോ ദേശീയൈക്യമുന്നണിയുടെ ശക്തികളെ ക്ഷീണിപ്പിക്കുന്നതോ ആയ എല്ലാ ജൽപനങ്ങൾക്കും ചെയ്തികൾക്കുമെതിരായി നിശ്ചയദാർഢ്യത്തോടെ സമരം ചെയ്തുകൊണ്ടും മാത്രം ജനാധിപത്യ റിപ്പബ്ലിക്കിനുള്ള മുന്നുപാധികൾ നമുക്കു സൃഷ്ടിക്കാമെന്നു കേന്ദ്രകമ്മിററി തറപ്പിച്ചു പറയുന്നു. കടുത്തതും അഭംഗുരം തുടരുന്നതുമായ സമരങ്ങൾ കൂടാതെയും ചൈനീസ് ദേശത്തെ അപ്പാടെ അണിനിരത്താതെയും വിപ്ലവത്തിന്റെ ഒരു വമ്പിച്ച ഇരമ്പിക്കയറൽ കൂടാതെയും ജനാധിപത്യ റിപ്പബ്ലിക് യാഥാർത്ഥ്യമായിത്തീരുക എന്നതു് അസാദ്ധ്യമാണു്. ജനാധിപത്യ റിപ്പബ്ലിക്കാനായുള്ള സമരത്തിനിടക്കു്, ജപ്പാനെ ചെറുക്കാനും ദേശത്തെ രക്ഷിക്കാനുമായി നമ്മുടെ പാർട്ടി നിർദ്ദേശിച്ച പത്തിനപരിപാടി നടപ്പാക്കുന്നതിലൂടെ ജനാധിപത്യറിപ്പബ്ലിക്കാരംഭിക്കണമെന്നും, ചൈനയുടെ ബൂർഷ്വാ–ജനാധിപത്യ റിപ്പബ്ലിക്കിന്റെ അടിസ്ഥാനകടമകൾ അവസാനത്തിൽ നിറവേററും വരെ അതു തുടർന്നുകൊണ്ടേ പോകണമെന്നും ചൈനീസ് കമ്യൂണിസ്റ്റു പാർട്ടി നിർബന്ധിക്കണം.

7. 1937 ഫെബ്രുവരി 10നാണു് ഈ കമ്പിയടിച്ചതു്. അതിന്റെ പൂർണ ഉള്ളടക്കം താഴെ കൊടുക്കുന്നു.

കൂമിന്താങ്ങിന്റെ കേന്ദ്രനിർവ്വഹണസമിതിയുടെ മൂന്നാം പ്ലീനറി യോഗത്തിനു്

മാന്യരേ,

സിയാൻ സംഭവം സമാധാനപരമായി ഒത്തുതീർന്നെന്നതു ദേശീയസന്തുഷ്ടിക്കു വകയുള്ള കാര്യമാണു്. ഇപ്പോൾ മുതൽ ആഭ്യന്തരസമാധാനത്തിന്റെ നയവും വിദേശീയാക്രമണത്തിനെതിരെ യോജിപ്പും ഐക്യദാർഢ്യവും നടപ്പിൽ വരുത്തുക എന്നതുസാദ്ധ്യമാണു്, ഇതു ദേശത്തിനും രാജ്യത്തിനും ഒരനുഗ്രഹമാണു്. ജാപ്പ കയ്യേററക്കാർ വെറിയെടുത്തു പായുകയും ചീനാദേശം ഒരു നൂലിൽ തൂങ്ങുകയും ചെയ്യുന്ന ഈ സമയത്തു് ഒരു നയത്തിനനുസൃതമായി നിങ്ങളുടെ പാർട്ടിയുടെ കേന്ദ്രനിർവഹണ സമിതിയുടെ മൂന്നാം പ്ലീനറിയോഗം ദേശീയനയമായി താഴെപറയുന്നവയിൽ തീരുമാനമെടുക്കുമെന്നു് ഞങ്ങൾ ആകാംക്ഷയോടെ പ്രതീക്ഷിക്കുന്നു.

(i) എല്ലാ ആഭ്യന്തര യുദ്ധങ്ങളും അവസാനിപ്പിക്കുകയും വിദേശീയാക്രമണത്തെ നേരിടാനായുള്ള സംയോജിതശ്രമത്തിൽ രാജ്യത്തിന്റെ ശക്തി കേന്ദ്രീകരിക്കുകയും ചെയ്യുക;

(ii) പ്രസംഗിക്കാനും സംഘംചേരാനും സംഘടിക്കാനുമുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും എല്ലാ രാഷ്ട്രീയത്തടവുകാരെയും വിട്ടയക്കുകയും ചെയ്യുക.

(iii) എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജീവിതത്തിന്റെ എല്ലാ തുറയിലെയും ജനങ്ങളുടെയും എല്ലാ പട്ടാളങ്ങളുടെയും പ്രതിനിധികളുടെ ഒരു കോൺഫ്രൻസ് വിളിച്ചു കൂട്ടുക;

(iv) ജപ്പാനെ ചെറുക്കുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും അതിവേഗം പൂർത്തീകരിക്കുക.

(v) ജന ജീവിതം മെച്ചപ്പെടുത്തുക.

നിങ്ങളുടെ കേന്ദ്ര നിർവ്വഹണ സമിതിയുടെ മൂന്നാം പ്ലീനറി യോഗത്തിനു, ദേശീയ നയമെന്ന നിലയിൽ ഇക്കാര്യത്തിൽ ഉൾക്കരുത്തോടെയും ദൃഢതയോടെയും തീരുമാനമെടുക്കുന്നതിൽ വിജയിക്കാൻ കഴിയുകയാണെങ്കിൽ, ഞങ്ങളുടെ പാർട്ടി, വിദേശീയാക്രമണത്തിനെതിരായ ഐക്യദാർഢ്യത്തിൽ ഞങ്ങൾക്കുള്ള ഉത്തമവിശ്വാസത്തിന്റെ ഒരു പ്രകടിതരൂപമെന്ന നിലയ്ക്കു താഴെ പറയുന്നവ വാഗ്ദത്തം ചെയ്യുന്നതാണു്.



(i) ദേശീയ സർക്കാരിനെ മറിച്ചിടാനുള്ള സായുധ ഉയിർത്തെഴുന്നേൽപിന്റെ നയം രാജ്യമാസകലം നിർത്തിവയ്ക്കും;

(ii) തൊഴിലാളികളുടെയും കർഷകരുടെയും ജനാധിപത്യ സർക്കാരിനെ, ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രത്യേകപ്രദേശ സർക്കാർ എന്നു പുനർനാമകരണം ചെയ്യുകയും ചുവപ്പു പട്ടാളത്തെ, ദേശീയ വിപ്ളവ പട്ടാളത്തിന്റെ ഭാഗമെന്നതിലേക്കു പദവി മാററം വരുത്തുകയും അവ യഥാക്രമം നാങ്കിങ്ങിലെ ദേശീയ സർക്കാരിന്റെയും അതിന്റെ സൈനികസമിതിയുടെയും മാർഗ്ഗനിർദ്ദേശത്തിൻ കീഴിലായിരിക്കുകയും ചെയ്യും.

(iii) സാർവത്രിക വോട്ടവകാശത്തിലധിഷ്ഠിതമായ ഒരു സമഗ്രജനാധിപത്യ സമ്പ്രദായം പ്രത്യേകപ്രദേശ സർക്കാരിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ നടപ്പിൽ വരുത്തും.

(iv) ജന്മിമാരുടെ ഭൂമികണ്ടു കെട്ടുന്ന നയം നിർത്തിവെയ്ക്കുകയും ജാപ്പവിരുദ്ധ ദേശീയ ഐക്യമുന്നണിയുടെ പൊതുപരിപാടി ദൃഢതയോടെ നടപ്പാക്കുകയും ചെയ്യും.

8. 1936 നവംബർ, ഡിസംബർ മാസങ്ങളിൽ ഷാങ്ഹായിൽ, ജപ്പാൻകാരുടെയും ചൈനാക്കാരുടെയും ഉടമസ്ഥതയിലുള്ള ഇരുപത്തിയാറു തുണിമില്ലുകളിലെ 45,000 ത്തൊഴിലാളികൾക്കിടയ്ക്കു് കൂററൻ പണിമുടക്കുകൾ പൊട്ടിപ്പുറപ്പെട്ടു. ഡിസംബറിൽ ട്സിങ്ങ് ടാഓയിലെ ജപ്പാൻകാരുടെ ഉടമസ്ഥതയിലുള്ള തുണിമില്ലുകളിലെ എല്ലാ തൊഴിലാളികളും അനുഭാവസൂചകമായി പണിമുടക്കി ഷാങ്ഹായ് തൊഴിലാളികൾ അവരുടെ പണിമുടക്കു സമരത്തിൽ വിജയിക്കുകയും നവംബർ തൊട്ടുള്ള പിൻകാലപ്രാബല്യത്തോടെ അവരുടെ കൂലിയിൽ അഞ്ചുശതമാനം വർദ്ധിപ്പിക്കുകയും തൊഴിലാളികളെ അന്യായമായി പിരിച്ചുവിടുകയോ കയ്യേററം ചെയ്കയോ ചീത്തവിളിക്കയോ ഇല്ലെന്നു തൊഴിലുടമകൾ കരാറൊപ്പുവയ്ക്കുകയും ചെയ്തു. പക്ഷേ, ട്സിങ്ങ് ടാഓയിലെ പണിമുടക്കു ജാപ്പ കപ്പൽപട അടിച്ചമർത്തി.

9. ജാപ്പ് സാമ്രാജ്യത്വം 1933 ൽ വൻകഹയ്കൂവാൻ കയ്യേറുകയും വടക്കൻ ചൈനയിലേക്കു തുളച്ചു കയറുകയും ചെയ്തശേഷം, പ്രത്യേകിച്ചും, 1935-ലെ 'ഹോ-ഉമസ്ജു കരാറിൽ' (1–ാം കുറിപ്പു നോക്കുക) ഏർപ്പെട്ടശേഷം ബ്രിട്ടനും ഐക്യനാടുകളും, ഉത്തരമദ്ധ്യ ചൈനയിലെ സാമ്രാജ്യത്വ താൽപര്യങ്ങളെ നേരിട്ടു് അവ തകരാറിലാക്കിയതോടെ, ജപ്പാനോടുള്ള അവരുടെ നിലപാടു മാററാൻ തുടങ്ങുകയും ചിയാങ്ങ്കെയ്-ഷെക് സർക്കാരിനുമേൽ, അതിന്റെ ജപ്പാനോടുള്ള നയത്തെ സംബന്ധിച്ചു്, കുറെ സ്വാധീനം ചെലുത്തുകയും ചെയ്തു. 1936 ലെ സിയാൻ സംഭവത്തിന്റെ സന്ദർഭത്തിൽ ബ്രിട്ടൻ ചൈനയിലെ ബ്രിട്ടീഷ് താൽപര്യങ്ങളെ ബാധിക്കുന്ന ജപ്പാന്റെ അവകാശവാദങ്ങളെ നിരാകരിക്കാൻ നിർദ്ദേശിക്കുകയും ചിയാങ്ങ്കെയ്-ഷെക് സർക്കാർ ചൈനീസ് ജനതയ്ക്കു മേലതിന്റെ ഭരണം നിലനിർത്തിക്കൊണ്ടു പോകുന്നിടത്തോളം ജാപ്പ് ആക്രമണനയത്തിനു് ഒരു പ്രഹരമേൽപ്പിക്കാനായി 'കമ്യൂണിസ്റ്റുപാർട്ടിയുമായി എന്തെങ്കിലുമൊരു സഖ്യം രൂപപ്പെടുത്തുന്നതു്' അതിനെ സംബന്ധിച്ചു്ഒരു ചീത്തകാര്യമായിക്കയില്ലെന്നു് അറിയിക്കുകയുമുണ്ടായി.

10. 1936 ജൂണിൽ, ക്വാങ്ങ്സിയിലെ യുദ്ധപ്രഭുക്കൾ ലീ ത്സൂങ്-ജെനും പെയ് ചുങ്ങ്-ഹ്സിയും ക്വാങ്ങ്ടുങ്ങിലെ യുദ്ധപ്രഭു ചെൻ ചി-ടാങ്ങും, 'ജപ്പാനെ ചെറുക്കുന്നതിന്റെയും ദേശത്തെ രക്ഷിക്കുന്നതിന്റെയും' നാമധേയത്തിൽ, ചിയാങ്ങ് കെയ്-ഷെക്കിനോടുള്ള തങ്ങളുടെ എതിർപ്പ് കൂട്ടായി പ്രകടിപ്പിച്ചു. ആഗസ്റ്റിൽ ചിയാങ്ങ് കെയ്-ഷെക്കിന്റെ കൈക്കൂലി കൊടുത്തു വശത്താക്കുന്നതിന്റെയും ഭിന്നിപ്പിച്ചു ഭരിക്കുന്നതിന്റെയുമായ അടവുകൾക്കു മുമ്പിൽ അവരുടെ എതിർപ്പ് ആവിയായിപ്പോയി.

11. സേനകളും പാവ സൈനിക ഘടകങ്ങളും, 1936 ആഗസ്റ്റിൽ സൂയ്‌യുവാനെ കടന്നാക്രമിക്കാൻ തുടങ്ങി. നവംബറിൽ അവിടത്തെ ചൈനീസ് സൈനിക ഘടകങ്ങൾ തിരിച്ചു പോരാട്ടം നടത്തുകയും രാജ്യമാസകലമുള്ള ജനങ്ങൾ അവരുടെ പോരാട്ടത്തെ പിന്തുണക്കാനായി ഒരു പ്രസ്ഥാനമാരംഭിക്കുകയും ചെയ്തു.

12. 1935-ലെ 'ഹോ-ഉമേസ്ജുകരാറി'നെ തുടർന്ന് ജനങ്ങളുടെ ഉയർന്നുവരുന്ന ജാപ്പ്‌വിരുദ്ധ മനോഭാവത്തിന്റെ സമ്മർദ്ദത്തിലും ബ്രിട്ടീഷ്-യു.എസ്. സാമ്രാജ്യ വാദികൾ ജപ്പാന്റെ നേരെ സ്വീകരിച്ചുകൊണ്ടിരുന്ന കർശന നയത്തിന്റെ പ്രത്യാഘാതമായും; നാങ്കിങ്ങ് കുമിന്താങ്ങ് സർക്കാർ ജപ്പാനുനേരെ കൂടുതലുറച്ച ഒരു നിലപാട് എടുത്തു. കുമിന്താങ്ങ് 1936 സെപ്റ്റംബർ മുതൽ ഡിസംബർ വരെ ജപ്പാനുമായുള്ള സന്ധി സംഭാഷണങ്ങളിൽ ഒഴിവുകഴിവു പറഞ്ഞു കാലവിളംബം വരുത്തുന്നതിന്റേതായ അടവുകൾ ഉപയോഗിച്ചു; സംഭാഷണങ്ങൾ വിഫലമാവുകയും ചെയ്തു.

13. സിയാൻ സംഭവം സമാധാനപരമായി പരിഹരിച്ചശേഷം, 1937 ഫെബ്രുവരി 15 ന് നടന്ന കുമിന്താങ്ങിന്റെ കേന്ദ്രനിർവഹണസമിതിയുടെ യോഗമായിരുന്നു ഇതു്.

14. മഹാനായ ചൈനീസ് എഴുത്തുകാരൻ ലൂ ഷുൺ-ന്റെ പ്രസിദ്ധനോവൽ 'ആഹ്ക്യൂവിന്റെ യഥാർത്ഥ കഥ'യിലെ കേന്ദ്രപാത്രമാണ് ആഹ്ക്യൂ. യഥാർത്ഥ ജീവിതത്തിലെ തങ്ങളുടെ പരാജയങ്ങളുടെയും തിരിച്ചടികളുടെയും നഷ്ടപരിഹാരത്തിനായി, സ്വയം അവയെ ധാർമികവും വിശ്വാസപരവുമായ വിജയങ്ങളായി കണക്കാക്കുന്ന എല്ലാവരുടെയും ഒരു ടൈപ്പു കഥാപാത്രമാണ് ആഹ്ക്യൂ.

15. ചൈനയുടെ ബൂർഷ്വാ-ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടത്തിൽ കമ്യൂണിസ്റ്റുകാർ സൺയത്-സെന്നിന്റെ പരിപാടിയുടെ അടിസ്ഥാന പോയന്റുകളോടു യോജിക്കുകയും അദ്ദേഹവുമായി സഹകരിക്കുകയും ചെയ്തു. ഇതിനർത്ഥം സൺയത്-സെൻ ഏതൊന്നിന്റെ വ്യാഖ്യാതാവ് ആയിരുന്നോ, ആ ബൂർഷ്വാ-പെററി ബൂർഷ്വാ ലോക വീക്ഷണത്തോട് അഥവാ പ്രത്യയ ശാസ്ത്ര ചിന്താരീതിയോടു യോജിച്ചിരുന്നു എന്നല്ല തന്നെ. ചൈനീസ് തൊഴിലാളി വർഗത്തിന്റെ മുന്നണിപ്പട എന്ന നിലക്ക് ദേശവ്യാപകമായ പ്രശ്നങ്ങളിൽ ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിക്കു, സൺയത്-സെൻ-ന്റേതിൽനിന്നു തികച്ചും വിഭിന്നമായ ലോകവീക്ഷണം അഥവാ പ്രത്യയശാസ്ത്ര ചിന്താരീതിയും സൈദ്ധാന്തിക സമീപനവും ഉണ്ടായിരുന്നു.

16. കുമിന്താങ്ങിനെ സൺ യത്-സെൻ 1924-ൽ പുനഃസംഘടിപ്പിച്ചതോടെ, അതു് വിവിധ വർഗങ്ങളുടെ ഒരു വിപ്ലവകരമായ ഒരു സഖ്യമായിത്തീരുകയും കമ്യൂണിസ്റ്റു പാർട്ടി അംഗങ്ങൾ അതിൽ വ്യക്തികളെന്ന നിലക്ക് ചേരുകയുമുണ്ടായി. 1927 ലെ അതിന്റെ കൊടും ചതിക്കു ശേഷം



കുമിന്താങ്ങ്, അതു സ്വയം പേരിട്ട 'പാർട്ടി ശുദ്ധീകരണം' നടപ്പാക്കുകയും അതിലൂടെ കമ്യൂണിസ്റ്റുകാരേയും സൺയത്-സെൻ-ന്റെ മൂന്നു മഹത്തായ നയങ്ങളെ ആത്മാർത്ഥമായി പിന്തുണച്ചിരുന്ന അതിന്റെ തന്നെ ഇടതുപക്ഷക്കാരേയും കശാപ്പുചെയ്യുകയും ചെയ്തു. അതോടെ കുമിന്താങ്ങ് വൻകിടജന്മിമാരുടെയുംവൻകിട ബൂർഷ്വാസിയുടെയും ആയ പ്രതിവിപ്ലവ രാഷ്ട്രീയകക്ഷിയായിത്തീർന്നു.

17. 1927-ന്റെ പ്രഥമാർദ്ധത്തിൽ പാർട്ടി കേന്ദ്രകമ്മററിയുടെ അവസരവാദി നേതൃത്വത്താൽ സൃഷ്ടിക്കപ്പെട്ട പരിതഃസ്ഥിതിയെയാണ് ഇതു പരാമർശിക്കുന്നതു്.

# ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിക്കുവേണ്ടി ദശലക്ഷക്കണക്കിനു ബഹുജനങ്ങളെ നേടിയെടുക്കുക

1937, മെയ് 7

സഖാക്കളെ,

'ജപ്പാനെതിരായ പ്രതിരോധ കാലഘട്ടത്തിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കടമകൾ' എന്ന ശീർഷകത്തിലുള്ള എന്റെ റിപ്പോർട്ടിനോട് കഴിഞ്ഞ കുറച്ചു ദിവസങ്ങളിൽ നടന്ന ചർച്ചാവേളയിൽ നിങ്ങൾ അഭിപ്രായ ഐക്യം പ്രകടിപ്പിക്കുകയുണ്ടായി. വളരെ കുറച്ചു സഖാക്കൾ മാത്രമാണ് വ്യത്യസ്തവീക്ഷണങ്ങൾ പ്രകടിപ്പിച്ചതു്. ഈ ഭിന്നാഭിപ്രായങ്ങൾ ഏറെക്കുറെ പ്രധാനപ്പെട്ടവ ആയതുകൊണ്ടു് മററുചില പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു് മുമ്പു് എന്റെ ഉപസംഹാര പ്രസംഗത്തിൽ ആദ്യം അവയെക്കുറിച്ചു പ്രതിപാദിക്കാം.

## സമാധാനത്തിന്റെ പ്രശ്നം

ഏകദേശം രണ്ടു വർഷക്കാലമായി പാർട്ടി ആഭ്യന്തരസമാധാനത്തിനു വേണ്ടി പടവെട്ടുകയുണ്ടായി. ക്വമിന്താങ്ങ് കേന്ദ്ര എക്സിക്യൂട്ടീവ് കമ്മററിയുടെ മൂന്നാം പ്ലീനറി സമ്മേളനത്തിനുശേഷം നാം പ്രഖ്യാപിച്ചതു് സമാധാനം നേടിയിരിക്കുന്നു എന്നും 'സമാധാനത്തിനുവേണ്ടി പടവെട്ടുന്ന' ഘട്ടം കഴിഞ്ഞിരിക്കുന്നു എന്നും 'സമാധാനത്തെ ദൃഢീകരിക്കുക' എന്നതാണു് പുതിയ കടമ എന്നും ആയിരുന്നു. ഈ പുതിയ കടമ 'ജനാധിപത്യത്തിനു വേണ്ടി സമരം ചെയ്യുക' എന്നതുമായി, അതായതു് ജനാധിപത്യത്തിനുവേണ്ടി സമരം ചെയ്തു് സമാധാനത്തെ ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ടതാണെന്നും നാം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഏതായാലും നമ്മുടെ ഈ വീക്ഷണം സാധൂകരിക്കത്തക്കതല്ല എന്നാണു് ചില സഖാക്കൾ വാദിക്കുന്നതു്. അവർ നേരെ വിപരീത വീക്ഷണത്തിൽ എത്തിച്ചേരുകയോ അല്ലെങ്കിൽ രണ്ടിനുമിടയ്ക്കു് തങ്ങിനിൽക്കുകയോ ചെയ്യേണ്ടിവരുമെന്നാണു് ഇതിൽ നിന്നു് തെളിയുന്നതു്. കാരണം അവർ ഇപ്രകാരമാണു് വാദിക്കുന്നതു്: 'ജപ്പാൻ പിൻവാങ്ങുകയാണു് 1, നാൻകിങ്ങ് മുമ്പെന്നത്തെക്കാൾ കൂടുതൽ ചാഞ്ചാടുക

---

1937 മെയ് മാസത്തിൽ നടന്ന ചൈനീസ് കമ്യൂണിസ്ററ് പാർട്ടിയുടെ ദേശീയ കോൺഫറൻസിൽ സ: മാവോ സെതുങ്ങ് ചെയ്ത ഉപസംഹാര പ്രസംഗമാണിതു്.



യാണു്. ഇരു രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ ദുർബലമായിത്തീരുകയും രാജ്യത്തിനകത്തെ വൈരുദ്ധ്യം കൂടുതൽ തീക്ഷ്ണമായി വരുകയും ചെയ്യുകയാണു്'. സ്വാഭാവികമായും ഈ വിലയിരുത്തലനുസരിച്ച് ഇപ്പോൾ ഒരു പുതിയ ഘട്ടമൊ പുതിയ കടമയോ ഇല്ല; സ്ഥിതിഗതി പഴയ ഘട്ടത്തിലേക്കു മടങ്ങുകയോ കൂടുതൽ അധഃപതിക്കുകയോ ആണു് ചെയ്തിട്ടുള്ളതു്. ഈ വീക്ഷണം തെററാണെന്നു് ഞാൻ കരുതുന്നു.

സമാധാനം കരഗതമായിരിക്കുന്നു എന്നു പറയുമ്പോൾ അതു് ദൃഢീകരിക്കപ്പെട്ടിരിക്കുന്നു എന്നു നാം അർത്ഥമാക്കുന്നില്ല. സമാധാനം കൈവരുത്തുന്നതും അതു് ദൃഢീകരിക്കുന്നതും രണ്ടു വ്യത്യസ്ത കാര്യങ്ങളാണു്. ചരിത്രം കുറച്ചു കാലത്തേക്കു് അതിന്റെ ഗതി നേരെ മറിച്ചാക്കുകയും, സമാധാനം തിരിച്ചടികൾക്കു വിധേയമാക്കപ്പെടുകയും ചെയ്തേക്കാം. ഇതിനു കാരണക്കാർ ജാപ്പനീസ് സാമ്രാജ്യത്വവും, രാജ്യദ്രോഹികളും ജാപ്പ് അനുകൂലി ഗ്രൂപ്പുമാണു്. എന്നാൽ സിയാൻ സംഭവത്തിനുശേഷം സമാധാനം കൈവരിക്കാൻ കഴിഞ്ഞു എന്നതും അതു് നിരവധി ഘടകങ്ങളുടെ ഫലമായിരുന്നു എന്നതുമാണു് വസ്തുത. (ജപ്പാന്റെ മൗലിക ആക്രമണ നയം; ചൈനയിലെ ആഭ്യന്തര സമാധാനത്തിന്റെ കാര്യത്തിൽ സോവിയററ് യൂണിന്റെയും ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെയും അനുകൂല മനോഭാവം; ചൈനീസ് ജനതയുടെ സമ്മർദ്ദം; സിയാൻ സംഭവകാലത്തു് ചൈനീസ് കമ്യൂണിസ്റ്റു് പാർട്ടിയുടെ സമാധാന നയവും ഇരുഭരണങ്ങളും തമ്മിലുള്ള ശത്രുത അവസാനിപ്പിക്കുന്നതിനുള്ള അതിന്റെ നയവും; ബൂർഷ്വാസിക്കിടയ്ക്കുള്ള വേർതിരിവു്; ക്വമിന്താങ്ങിനുള്ളിലെ വേർതിരിവു് തുടങ്ങിയവയാണു് ഈ ഘടകങ്ങൾ). ചിയാങ്ങ്കെയ്ഷെക്കിനു തനിച്ച് സമാധാനത്തെ സൃഷ്ടിക്കാനോ ഇല്ലാതാക്കാനോ കഴിയുകയില്ല. അതിനെ ഇല്ലായ്മ ചെയ്യുന്നതിനു് അയാൾക്കു് നിരവധി ശക്തികൾക്കെതിരെ പോരാടേണ്ടിവരുമെന്നതിനു പുറമെ ജാപ്പനീസ് സാമ്രാജ്യവാദികളോടും ജാപ്പ് അനുകൂലി ഗ്രൂപ്പിനോടും കൂടുതൽ അടുക്കേണ്ടതായും വരും. ചൈനയിലെ ആഭ്യന്തരയുദ്ധത്തെ നീട്ടിക്കൊണ്ടു പോകുന്നതിനു് ജാപ്പനീസ് സാമ്രാജ്യവാദികളും ജാപ്പ് അനുകൂലി ഗ്രൂപ്പും ഇപ്പോഴും പരിശ്രമിക്കുകയാണെന്നതിനു് യാതൊരു സംശയവുമില്ല. ശരിക്കും ഇക്കാരണത്താലാണു് സമാധാനം ഇനിയും ദൃഢമാക്കപ്പെടാതിരിക്കുന്നതു്. കാര്യങ്ങളുടെ സ്ഥിതി ഇങ്ങനെ ആയതുകൊണ്ടു് ഞങ്ങൾ ഒരു നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു: 'ആഭ്യന്തരയുദ്ധം അവസാനിപ്പിക്കുക', 'സമാധാനത്തിനുവേണ്ടി പടവെട്ടുക', എന്നു പഴയ മുദ്രാവാക്യങ്ങളിലേക്കു തിരിച്ചു പോകുന്നതിനു പകരം 'ജനാധിപത്യത്തിനു വേണ്ടി പോരാടുക' എന്ന പുതിയ മുദ്രാവാക്യം നാം ഒരടി മുന്നോട്ടു പോയി സ്വീകരിക്കേണ്ടിയിരിക്കുന്നു എന്നതാണതു്. കാരണം ആഭ്യന്തര സമാധാനം ഉറപ്പിക്കുന്നതിനും ജപ്പാനെതിരായ പ്രതിരോധ യുദ്ധം നിലവിൽ കൊണ്ടു വരുന്നതിനും ഇതു മാത്രമെ മാർഗമുള്ളു. എന്തുകൊണ്ടാണു് 'സമാധാനം സുദൃഢമാക്കുക', 'ജനാധിപത്യത്തിനുവേണ്ടി പടവെട്ടുക', 'സായുധ പ്രതിരോധം നടപ്പാക്കുക' എന്നീ അടുത്തു ബന്ധപ്പെട്ട മുദ്രാവാക്യങ്ങൾ നാം മുന്നോട്ടു വയ്ക്കുന്നതു്? വിപ്ലവ ചക്രത്തെ മുന്നോട്ടു തള്ളിനീക്കാൻ നമുക്കു് ആഗ്രഹമുണ്ടെന്നും അപ്രകാരം ചെയ്യാൻ സാഹചര്യങ്ങൾ നമ്മെ അനുവദിക്കുന്നു എന്നുമാണു് ഇതിനു് ഉത്തരം പറയാനുള്ളതു്. പുതിയ ഘട്ടത്തെയും പുതിയ കടമയെയും നിഷേധിക്കുകയും, ക്വമിന്താങ്ങ് 'മാറാൻ തുടങ്ങിയിരിക്കുന്നു' എന്ന വസ്തുത നിഷേധിക്കുകയും, കഴിഞ്ഞ ഒന്നര വർഷക്കാലമായി സമാധാനത്തിനുവേണ്ടി സമരം ചെയ്യുന്ന എല്ലാ ശക്തികളുടെയും നേട്ടങ്ങളെ അതേ യുക്തിവച്ചുകൊണ്ടു തന്നെ നിഷേധിക്കുകയും ചെയ്യുന്നയാളുകൾ ഒരിഞ്ചു മുന്നോട്ടു പോകാതെ നിന്നിടത്തു തന്നെ നിൽക്കുന്നതായിരിക്കും.

എന്തുകൊണ്ടാണ് [illegible] അനാരോഗ്യകരമായ ഇത്തരമൊരു വി ലയിരുത്തൽ നടത്തുന്നത്? കാരണം ഇപ്പോഴത്തെ സ്ഥിതി [illegible] അവർ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് തുടക്കമിടാതെ [illegible] താൽക്കാലികവുമായ പ്ര[illegible]സങ്ങളിൽ നിന്ന് തുടങ്ങ[illegible] (റ[illegible]റാവുടെ [illegible] യുടെ [illegible] [illegible] [illegible]നയെ കിഴക്കോട്ട സ്ഥലം [illegible] ജനറൽ യാങ് [illegible]–ചെങ്ങിന്റെ യാത്ര4 തുടങ്ങി [illegible] ഈ പ്രതിഭാസങ്ങളാം). [illegible]നമായ ചിത്രത്തിന്റെ കാര [illegible]ണ്. ക്വമിന്താങ്ങ് മാറാൻ തുടങ്ങിയിട്ടുണ്ടെന്ന് നാം പറയുന്നു; അ [illegible] അതു് പൂർണമായി മാറിയിട്ടില്ലെന്നും നാം പറയുന്നു. നമ്മുടെ ഭാ [illegible]നിന്നും ജനങ്ങളുടെ ഭാഗത്തുനിന്നുമുള്ള പുതിയ ശ്രമങ്ങളാം കൂടാതെ_ക്വമിന്താങ്ങിന്റെ കഴിഞ്ഞ പത്തുവർഷ [illegible] വലിയ പരിശ്രമങ്ങളാം കൂടാതെ_കൂട [illegible]ത്ത പിന്തിരിപ്പൻ നയം പൂർണമായി മാറുമെന്ന് വിചാരിക്കാൻ സാ [illegible]. ക്വമിന്താങ്ങിനെ പലപ്പോഴും ശക്തമായി അധിക്ഷേപിക്കുക്യും [illegible]യാൻ സംഭവം നടന്ന സമയത്തു് ചിയാങ്ങ് കൈ ഷെക്കിനെ കൊല്ലണ [illegible]. 'ട്ടങ്ങ് കവാനിലൂടെ പടവെട്ടി പുറത്തുകടക്കണമെന്നും' 5, വാദിക്ക [illegible], സമാധാനം നേടിയ ഉടൻ തന്നെ സൂച്ചോ വിചാരണമാതിരിയുള്ള സം [illegible] ഉണ്ടാവുമ്പോഴും അൽഭുതം തോന്നിയേന്നാം. 'എന്തുകൊണ്ടു ചിയാ [illegible] കെയ്ഷെക് ഇപ്പോഴും ഇത്തരം കാര്യങ്ങളാം ചെയ്യുന്നു' എന്നാണ് അവർ [illegible]ന്നേത്. കമ്യൂണിസ്റ്റുകാരും ചിയാങ്ങ്കെയ്ഷെക്കും ദൈവങ്ങ [illegible] എന്നും, അവർ ഒററപ്പെട്ട വ്യക്തികളല്ല എന്നും, ഒരു പാർട്ടിയുടെയോ [illegible]ർഗത്തിന്റെയോ അംഗങ്ങളാണെന്നും അവർമനസ്സിലാക്കേണ്ടതുണ്ട്. കമ്യൂ [illegible] പാർട്ടിക്ക് പടിപടിയായി വിപ്ളവത്തെ മുന്നോട്ട നയിക്കാൻ കഴി [illegible], പക്ഷെ ഒരൊററ രാത്രികൊണ്ട് രാജ്യത്തുള്ള എല്ലാ തിന്മകളെയും തുടച്ചു [illegible] കഴിയുകയില്ല. ചിയാങ്ങ്കെയ്ഷെക്കും ക്വമിന്താങ്ങും മാറാൻ തു [illegible]ിയിട്ടുണ്ട്; പക്ഷെ ജനങ്ങളുടെയാകെ ഭാഗത്തുനിന്നുള്ള വലിയ പരിശ്ര [illegible] കൂടാതെ കഴിഞ്ഞ പത്തുവർഷമായി അടിഞ്ഞു കൂടിയിട്ടുള്ള അഴുക്ക് തീർ [illegible]യും അതിവേഗം മാററാൻ കഴിയുകയില്ല. ഇന്നത്തെ ആഭിമുഖ്യം സമാ [illegible]നം, ജനാധിപത്യം, പ്രതിരോധം എന്നിവയുടെ നേർക്കാണ്; പക്ഷെ ഇ [illegible]ിനർഥം പഴയതിന്മകളാം_ആഭ്യന്തരയുദ്ധം, സർവാധിപത്യം, പ്രതിരോധമി [illegible]മ എന്നിവ_എന്തെങ്കിലും പരിശ്രമം കൂടാതെ തുടച്ചുകളയപ്പെടുമെന്നല്ല. [illegible]ത്തിലും കഠിന യത്നത്തിലും കൂടിയും ദീർഘകാലം കൊണ്ടും മാത്രമെ [illegible] തിന്മകളെയും പഴയ അഴുക്കിനെയും ഇല്ലാതാക്കുന്നതിനും വിപ്ളവത്തി [illegible] തിരിച്ചടികളെ അഥവാ പിൻതിരിയലുകളെ തടയുന്നതിനും സാധിക്കുക [illegible].

'അവർ നമ്മെ നശിപ്പിക്കാൻ ഒരുങ്ങിയിരിക്കുയാണ്'. തികച്ചും ശരി [illegible]", അവർ എപ്പോഴും നമ്മെ നശിപ്പിക്കാനാണ് ശ്രമിക്കുന്നതു." ഈ വി [illegible]ിരുത്തലിന്റെ വിശ്വാസയോഗ്യതയെ ഞാൻ പൂർണമായി അംഗീകരി [illegible]. പക്ഷെ ഇവിടത്തെ പ്രശ്നം നമ്മെ നശിപ്പിക്കാൻ 'അവർ കൈക്കൊ [illegible]രീതിയിൽ എന്തെങ്കിലും മററം ഉണ്ടായിട്ടുണ്ടോ എന്നതാണ്. ഉണ്ടായി [illegible]" എന്നാണ് ഞാൻ കരുതുന്നതു്. യുദ്ധം, കൂട്ടക്കൊല എന്നിവയിൽ നി [illegible] പരിഷ്ക്കാരം, കാപട്യം എന്നിവയിലേക്കും, കഠിനമായ ഒരു നയ [illegible]ിൽനിന്ന് മൃദുവായ ഒന്നിലേക്കും, സൈനിക നയത്തിൽനിന്ന് രാഷ്ട്രീ [illegible] നയത്തിലേക്കുമുള്ള മാററമാണ് ഉണ്ടായിട്ടുള്ളതു്. എന്തുകൊണ്ടാണ് ഇത്ത [illegible]രുമാററം ഉണ്ടായിട്ടുള്ളതു ? ജാപ്പനീസ് സാമ്രാജ്യത്വത്തെ നേരിടേണ്ടിവ [illegible]പ്പോൾ ബൂർഷ്വാസിയും ക്വമിന്താങ്ങും തൊഴിലാളി വർഗത്തെ മിത്രമായി [illegible]ണാൻ താൽക്കാലികമായി നിർബന്ധിതരാക്കപ്പെട്ടിരിക്കുന്നു; നാം ബൂ



ർഷ്വാസിയിൽ ഒരു മിത്രത്തെ കണ്ടെത്താൻ ശ്രമിക്കുന്ന [illegible]തു്. ഈ പ്രശ്നത്തെ [illegible] മീപനത്തിലെ [illegible] കൈക്കൊള്ളേണ്ടതുണ്ട്. [illegible] ള്ള കാരണത്തിന്റെ [illegible] ഫ്രഞ്ച് ഗവൺമെൻറ് [illegible] നോടുള്ള ശത്രുതയിൽനിന്ന് കൂട്ടുകെട്ടിലേക്ക് മാറുകയുണ്ടായി 6, നമ്മുടെ ആ ഭ്യന്തരകടമ സൈനികമായ ഒന്നിൽനിന്നു രാഷ്ട്രീയമായ ഒന്നിലേക്ക് മാറു കയുണ്ടായി. നമ്മെ സംബന്ധിച്ചിടത്തോളം ഗൂഢാലോചനയുടെയും കുടില പദ്ധതികളുടെയും യാതൊരു ആവശ്യവുമില്ല;പ്രതിരോധത്തെ അനുകൂലിക്കുന്ന ബൂർഷ്വാസിയുടെയും ക്വമിന്താങ്ങിന്റെയും എല്ലാ അംഗങ്ങളുമായി ഒന്നുചേർ ന്നുകൊണ്ട് പൊതുപരിശ്രമം വഴി ജാപ്പനീസ് സാമ്രാജ്യത്വത്തെ പരാജയ പ്പെടുത്തുക എന്നതാണു നമ്മുടെ ലക്ഷ്യം.

## ജനാധിപത്യത്തിന്റെ പ്രശ്നം

"ജനാധിപത്യത്തിന് ഊന്നൽ കൊടുക്കുന്നതു തെററാണ്, ജപ്പാനെ പ്ര തിരോധിക്കുന്നതിൽ മാത്രമായിരിക്കണം ഊന്നൽ കൊടുക്കുന്നതു്. ജപ്പാനെതി രായ പ്രത്യക്ഷ സമരം കൂടാതെ ജനാധിപത്യത്തിനുള്ള ഒരു നീക്കവും സാദ്ധ്യ മല്ല. ഭൂരിപക്ഷം ജനങ്ങളും ആവശ്യപ്പെടുന്നതു് ജാപ്പാനെതിരായ പ്രതിരോധ മാണ്, ജനാധിപത്യമല്ല; ഇന്നു് ആവശ്യം മറെറാരു ഡിസംബർ ഒമ്പതു് പ്ര സ്ഥാനമാണ്''7

ആദ്യമായി ചില ചോദ്യങ്ങളാം ചോദിക്കട്ടെ. മുൻ ഘട്ടത്തിൽ (അതാ യതു് 1935_ലെ ഡിസംബർ പ്രസ്ഥാനം മുതൽ:1937 ഫെബ്രുവരിയിലെ ക്വ മിന്താങ്ങ് കേന്ദ്ര എക്സിക്യൂട്ടിവ്കമ്മററിയുടെ മൂന്നാം പ്ളീനറി സമ്മേ നം വരെ) ഭൂരിപക്ഷം ജനങ്ങളാം ആവശ്യപ്പെട്ടിരുന്നതു് ജപ്പാനെതിരായ പ്രതി രോധം മാത്രമാണെന്നും ആഭ്യന്തരസമാധാനമല്ലെന്നും പറയാൻ കഴിയുമോ? അന്നു് ആഭ്യന്തരസമാധാനത്തിന് ഊന്നൽ കൊടുത്തതു് തെററായിരുന്നോ? ജപ്പാനെതിരായ പ്രത്യക്ഷ സമരം കൂടാതെ ആഭ്യന്തരസമാധാനത്തിനുവേണ്ടി യുള്ള ഒരു പ്രസ്ഥാനം ഉണ്ടായിരിക്കുക എന്നതു് അസാദ്ധ്യമായിരുന്നോ? (സി യാൻ സംഭവവും ക്വമിന്താങ്ങ് കേന്ദ്ര എക്സി ക്യൂട്ടിവ് കമ്മററിയുടെ മൂന്നാം പ്ളീനറി സമ്മേളനവും നടന്നതു് സൂയിയുവാനിലെ പ്രതിരോധം അവസാ നിച്ചതിനുശേഷമാണ്. സൂയിയുവാൻ പ്രതിരോധത്തിനോ ഡിസംബർ ഒമ്പ തു് പ്രസ്ഥാനത്തിനോ തുല്യമായി ഇതുവരെ യാതൊന്നും തന്നെ ഉണ്ടായിട്ടി ല്ല. ജപ്പാനെ എതിർക്കുന്നതിന് ആഭ്യന്തരസമാധാനം വേണമെന്നും ആഭ്യ ന്തര സമാധാനം പ്രതിരോധത്തിനുള്ള ഒരു വ്യവസ്ഥയാണെന്നും എല്ലാവർ ക്കും അറിയാമായിരുന്നു. മുൻഘട്ടത്തിലെ എല്ലാ ജാപ്പനീസ് വിരുദ്ധ പ്രവ ർത്തനങ്ങളും, അവ പ്രത്യക്ഷമോ പരോക്ഷമോ ആവട്ടെ, (ഡിസംബർ ഒമ്പതു് പ്രസ്ഥാനത്തോടെ ആരംഭിച്ച് ക്വമിന്താങ്ങ് കേന്ദ്ര എക്സി ക്യൂട്ടിവ് കമ്മ ററിയുടെ മൂന്നാം പ്ളീനറി സമ്മേളനം കൊണ്ട് അവസാനിപ്പിച്ചതു്) ആഭ്യ ന്തരസമാധാനത്തിനു വേണ്ടിയുള്ള സമരത്തിൽ കേന്ദ്രീകരിച്ചിരുന്നു. അ ന്ന് ജാപ്പനീസ് വിരുദ്ധ പ്രസ്ഥാനത്തിലെ കേന്ദ്രകണ്ണി, ഏററവും കാത ലായ കാര്യം അതായിരുന്നു.

അതേപോലെതന്നെ ഇന്നു്, ഈ പുതിയഘട്ടത്തിൽ ജപ്പാനെതിരായ പ്രതിരോധത്തിനുവേണ്ട ഏററവും കാതലായ കാര്യം ജനാധിപത്യമാണ്. ക്വ ടാതെ ജനാധിപത്യത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതിനർഥം ജപ്പാനെ തിരായ പ്രതിരോധത്തിനുവേണ്ടി പ്രവർത്തിക്കുക എന്നാണ്. പ്രതിരോധ വും ആഭ്യന്തരസമാധാനവും തമ്മിലെന്നതുപോലെയും; ജനാധിപത്യവും ആ

ഭ്യന്തരസമാധാനവും തമ്മിൽ എന്നതുപോലെയും പ്രതിരോധവും ജനാധിപത്യവും പരസ്പരാശ്രിതത്വമുള്ളവയാണ്. ജനാധിപത്യം പ്രതിരോധത്തിനുള്ള ഒരു ഉറപ്പാണ്, അതേസമയം ജനാധിപത്യത്തിനുള്ള പ്രസ്ഥാനം വികസിക്കുന്നതിനുവേണ്ട അനുകൂലസാഹചര്യം നൽകാൻ പ്രതിരോധത്തിനു കഴിയും. പുതിയ ഘട്ടത്തിൽ ജപ്പാനെതിരായി നിരവധി പ്രത്യക്ഷവും പരോക്ഷവുമായ സമരങ്ങൾ ഉണ്ടായേക്കാമെന്നും തീർച്ചയായും അവ ഉണ്ടായിരിക്കുകയും ചെയ്യും. ഇവ യുദ്ധപ്രതിരോധത്തിന് ഒരു ഉത്തേജനം നൽകുമെന്നും ജനാധിപത്യത്തിനു വേണ്ടിയുള്ള പ്രസ്ഥാനത്തെ വളരെയേറെ സഹായിക്കുമെന്നും നാം പ്രതീക്ഷിക്കുന്നു. പക്ഷെ ചരിത്രം നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള വിപ്ളവ കടമയുടെ കാതലും സത്തയുമായ കാര്യം ജനാധിപത്യം നേടിയെടുക്കുക എന്നതാണ്. അപ്പോൾ ജനാധിപത്യത്തിന് ഊന്നൽ കൊടുക്കുന്നതു തെററാണൊ? ഞാൻ അങ്ങനെ വിചാരിക്കുന്നില്ല.

'ജപ്പാൻ പിന്നോട്ടു കാൽ വയ്ക്കുകയാണ്, ബ്രിട്ടനും ജപ്പാനും യഥാർത്ഥത്തിൽ ഒരു സമതുലാവസ്ഥ കൈവരിക്കാനുള്ള പ്രവണത കാണിക്കുകയാണ്. നാങ്കിങ്ങ് മുമ്പെന്നത്തെക്കാൾ കൂടുതൽ ചാഞ്ചാടുകയാണ്'. ചരിത്രപരമായ വികാസനിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ് ആവശ്യമില്ലാത്ത ഈ ആകാംക്ഷയ്ക്ക് ഇട നൽകിയിട്ടുള്ളത്. ജപ്പാനിൽ ഒരു വിപ്ളവം ഉണ്ടാവുകയും തന്മൂലം അതു പിൻവാങ്ങുകയും ചെയ്തിരുന്നെങ്കിൽ അക്കാര്യം ചൈനീസ് വിപ്ളവത്തെ സഹായിക്കുമായിരുന്നു. അതായിരിക്കും ശരിക്കും നമുക്കാവശ്യം. അതു് ആഗോള ആക്രമണ മുന്നണിയുടെ തകർച്ചയുടെ ആരംഭത്തെ സൂചിപ്പിക്കുമായിരുന്നു. അപ്പോൾ ആകാംക്ഷയ്ക്ക് എന്താണ് കാരണമായിട്ടുള്ളത്? പക്ഷെ ഇതല്ല വാസ്തവത്തിൽ സംഭവിക്കുന്നത്. സാറോയുടെ നയതന്ത്രനീക്കങ്ങൾ ഒരു വലിയ യുദ്ധത്തിനുള്ള തയ്യാറെടുപ്പുകളാണ്, നമ്മെ ഒരു പ്രധാന യുദ്ധം അഭിമുഖീകരിക്കുന്നു. ചാഞ്ചാട്ടനയം ബ്രിട്ടനെ ഒരിടത്തും എത്തിക്കുകയില്ല, ജപ്പാനുമായി അതിന്റെ താൽപ്പര്യ സംഘട്ടനം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. നാങ്കിങ്ങ് ദീർഘകാലം ചാഞ്ചാടാൻ തുടങ്ങുകയാണെങ്കിൽ അതു് രാഷ്ട്രത്തിന്റെയാകെ ശത്രുവായിത്തീരുമെന്നതു മാത്രമല്ല സ്വന്തം താൽപ്പര്യങ്ങൾ അതിനെ ചാഞ്ചാടിക്കൊണ്ടിരിക്കാൻ അനുവദിക്കുകയുമില്ല. താൽക്കാലികമായ ഒരു പിന്നോക്കം പോകലിന് ചരിത്രത്തിന്റെ സാമാന്യനിയമത്തെ മാററാൻ കഴിയുകയില്ല. അതുകൊണ്ടു് നമുക്ക് പുതിയ ഘട്ടത്തിന്റെ അസ്തിത്വത്തെയോ ജനാധിപത്യം നേടിയെടുക്കുക എന്ന കടമ മുൻവയ്ക്കേണ്ടതിന്റെ ആവശ്യത്തെയോ നിഷേധിക്കാൻ കഴിയുകയില്ല. ഏതായാലും ജനാധിപത്യത്തിന്റെ മുദ്രാവാക്യം അനുയോജ്യമാണ്; കാരണം ചൈനീസ് ജനതയ്ക്ക് വളരെ കുറച്ചുമാത്രം ജനാധിപത്യമേ ഉള്ളു എന്നും, വളരെയേറെയില്ലാ എന്നും എല്ലാവർക്കും വ്യക്തമായറിയാം. പുതിയ ഘട്ടത്തെ നിർവചിക്കുകയും ജനാധിപത്യം നേടുകയെന്നതു് നമ്മുടെ കടമയായി നിശ്ചയിക്കുകയും ചെയ്യുന്നതു് പ്രതിരോധത്തിന്റെ നേർക്ക് ഒരു പടികൂടി കൂടുതൽ അടുക്കുകയാണെന്ന് സംഭവങ്ങൾ കാണിച്ചുതന്നിട്ടുണ്ട്. സംഭവങ്ങൾ മുന്നോട്ടു നീങ്ങിയിരിക്കുന്നു; ഈ ഘട്ടത്തിൽ നമുക്ക് ക്ലോക്കിന്റെ സൂചി പിന്നോട്ടു തിരിക്കാതിരിക്കാം.

'ഒരു ദേശീയ അസംബ്ലിക്ക് എന്തുകൊണ്ടാണ്' നാം ഇത്രമാത്രം ഊന്നൽ നൽകുന്നതു്? കാരണം അതിന് ജീവിതത്തിന്റെ എല്ലാവശത്തെയും ബാധിക്കാൻ കഴിയും എന്നതുകൊണ്ടും, അതു് പിന്തിരിപ്പൻ സർവ്വാധിപത്യത്തിൽനിന്ന് ജനാധിപത്യത്തിലേക്കുള്ള ഒരു പാലമായതുകൊണ്ടും, ദേശീയ പ്രതിരോധവുമായി അതു് ബന്ധപ്പെട്ടതായതുകൊണ്ടും, അതു് ഒരു നിയമസ്ഥാപനമായതുകൊണ്ടുമാണ്. കിഴക്കൻ ഹോപ്പെയും വടക്കൻ ചഹാറും വീണ്ടെടുക്കണമെന്നും, കള്ളക്കടത്തിനെ ചെറുക്കണമെന്നും[8] 'സാമ്പത്തിക കൂട്ടുകൂടലിനെ[9] 'എതിർക്കണമെന്നും മററും പല സഖാക്കളു് നിർദേശിച്ചിട്ടുള്ളതു് തികച്ചും ശരിയാണ്; പക്ഷെ ഇതു് ജനാധിപത്യത്തിനും ഒരു ദേശീയ അസംബ്ളിക്കും വേണ്ടിയുള്ള സമരവുമായി ഏതൊരുതരത്തിലും ഏറുമുട്ടുന്നതിനുപകരം അതിനെ പൂരിപ്പിക്കുകയാണു ചെയ്യുന്നതു്. ഇപ്പോഴും കാതലായ കാര്യം ദേശീയ അസംബ്ളിയും ജനങ്ങളുടെ സ്വാതന്ത്ര്യവുമാണ്.



ജപ്പാനെതിരായ ദൈനംദിന സമരത്തെയും കൂടുതൽ മെച്ചപ്പെട്ട ഒരു ജീവിതത്തിനുവേണ്ടിയുള്ള ജനങ്ങളുടെ സമരത്തെയും ജനാധിപത്യത്തിനുവേണ്ടിയുള്ള പ്രസ്ഥാനവുമായി കൂട്ടിഘടിപ്പിക്കണമെന്നതു് ശരിയും അവിതർക്കിതവുമാണ്. ഏതായാലും ഇന്നത്തെ ഘട്ടത്തിലെ കാതലായകാര്യം ജനാധിപത്യവും സ്വാതന്ത്ര്യവുമാണ്.

## വിപ്ളവത്തിന്റെ ഭാവിയുടെ പ്രശ്നം

ചില സഖാക്കൾ ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്; അതിന് ഇവിടെ ചുരുങ്ങിയ ഒരു ഉത്തരം മാത്രമേ നൽകാൻ കഴിയുകയുള്ളു.

ഒരു ലേഖനമെഴുതുമ്പോൾ ഒന്നാംഭാഗം തീർന്നതിനുശേഷം മാത്രമേ രണ്ടാംഭാഗം എഴുതാൻ കഴിയുകയുള്ളു. സോഷ്യലിസത്തിന്റെ വിജയത്തിനു ജനാധിപത്യ വിപ്ളവത്തിന്റെ നിശ്ചയദാർഢ്യമുള്ള നേതൃത്വം ഒരു മുൻഉപാധിയാണ്. നാം സോഷ്യലിസത്തിനുവേണ്ടി പടവെട്ടുകയാണ്, ഇക്കാര്യത്തിൽ നാം വിപ്ളവകരമായ മൂന്നു തത്വങ്ങളിൽ ഒതുങ്ങി നിൽക്കുന്നവരിൽനിന്നു വ്യത്യസ്തമാണ്. നമ്മുടെ ഇപ്പോഴത്തെ ശ്രമങ്ങൾ തിരിച്ചുവിട്ടിട്ടുള്ളതു് മഹത്തായ ഭാവിലക്ഷ്യത്തിന്റെ നേർക്കാണ്. ലക്ഷ്യം കാണാതിരുന്നാൽ നാം കമ്യൂണിസ്റ്റുകാരല്ലാതായിത്തീരും. അതേപോലെതന്നെ ഇന്നു നമ്മുടെ പ്രവർത്തനം അയഞ്ഞതാകുകയാണെങ്കിൽ നാം കമ്യൂണിസ്റ്റുകാരല്ലാതായിത്തീരും.

നാം വിപ്ളവ പരിവർത്തനസിദ്ധാന്തത്തിന്റെ പ്രകാശകരാണ്[10] ജനാധിപത്യ വിപ്ളവത്തെ സോഷ്യലിസത്തിന്റെ നേർക്ക് പരിവർത്തനം ചെയ്യിക്കുന്നതിനുവേണ്ടിയാണ് നാം നിലകൊള്ളുന്നതു്. ജനാധിപത്യ വിപ്ളവം നിരവധി ഘട്ടങ്ങളിലൂടെ വികസിക്കുന്നതായിരിക്കും. ഈ ഘട്ടങ്ങളെല്ലാം ഒരു ജനാധിപത്യ വിപ്ളവത്തിന്റെ മുദ്രാവാക്യത്തിൻ കീഴിലായിരിക്കും നിലകൊള്ളുന്നതു്. ബൂർഷ്വാ ആധിപത്യത്തിൽനിന്ന് തൊഴിലാളി വർഗ ആധിപത്യത്തിലേക്കുള്ള മാററം സമരത്തിന്റെ നേതൃത്വത്തിനുവേണ്ടിയുള്ള ഒരു സുദീർഘപ്രക്രിയയാണ്. ഇതിലെ വിജയം തൊഴിലാളിവർഗത്തിന്റെയും കൃഷിക്കാരുടെയും നഗരത്തിലെ പെററിബൂർഷ്വാസിയുടെയും രാഷ്ട്രീയബോധം, സംഘടന എന്നിവയുടെ നിലവാരം ഉയർത്തുന്നതിൽ കമ്യൂണിസ്റ്റുപാർട്ടി നടത്തുന്ന പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു.

തൊഴിലാളിവർഗത്തിന്റെ ഉറച്ചമിത്രം ഒന്നാമതു് കൃഷിക്കാരും അടുത്തതു് പെററിബൂർഷ്വാസികളുമാണ്. നമ്മളുമായി നേതൃത്വത്തിനുവേണ്ടി മത്സരിക്കുന്നതു് ബൂർഷ്വാസിയാണ്.

ബൂർഷ്വാസിയുടെ ചാഞ്ചാട്ടത്തെയും വിപ്ളവപരമായ പൂർണതയില്ലായ്മയെയും പരാജയപ്പെടുത്തുന്നതിന് നാം ബഹുജനങ്ങളുടെ ശക്തിയെയും നമ്മുടെ നയത്തിന്റെ തെററില്ലായ്മയെയും ആശ്രയിക്കണം. ഇല്ലാത്തപക്ഷം ബൂർഷ്വാസി ആധിപത്യം കരസ്ഥമാക്കും.

നാം ഇഷ്ടപ്പെടുന്നതു് രക്തരഹിതമായ ഒരു പരിവർത്തനമാണ്; അതിനുവേണ്ടി നാം ശ്രമിക്കുകയും വേണം. പക്ഷെ എന്തു സംഭവിക്കുമെന്നതു് ബഹുജനങ്ങളുടെ ശക്തിയെ ആശ്രയിച്ചാണ് ഇരിക്കുന്നതു്.

നാം വിപ്ലവപരമായ പരിവർത്തനസിദ്ധാന്തത്തിന്റെ വ്യാഖ്യാതാക്കളാണ്, ട്രോട്സ്കിയററ് 'സ്ഥിരവിപ്ലവ' സിദ്ധാന്തത്തിന്റെ11 ആരാധകരല്ല, ജനാധിപത്യ വിപ്ലവത്തിന്റെ അവശ്യമായ എല്ലാ ഘട്ടങ്ങളിലും ...ടികടന്നു് സോഷ്യലിസം നേടാനാണ് നാം ആഗ്രഹിക്കുന്നതു്. നാം വാ...ിൽതൂങ്ങി നയത്തിനു് എതിരാണ്. അതേ സമയം സാഹസികതയ്ക്കും ...ടുത്തുചാട്ടത്തിനുംകൂടി എതിരാണ്.

വിപ്ലവത്തിൽ ബൂർഷ്വാസിയുടെ ഭാഗഭാഗിത്വത്തിനു് താൽക്കാലി...മായിരിക്കാൻ മാത്രമേ കഴിയൂ എന്നു പറഞ്ഞുകൊണ്ടു് അതിനെ തള്ളിക്കള...യുകയും ബൂർഷ്വാസിയിലെ (ഒരു അർദ്ധകൊളോണിയൽ രാജ്യത്തെ) ജാ...ന്നീസ് വിരുദ്ധ വിഭാഗങ്ങളുമായുള്ള കൂട്ടുകെട്ടിനെ കീഴടങ്ങലായി വിവ...ിക്കുകയും ചെയ്യുന്നതു് ഒരു ട്രോട്സ്കിയററ് സമീപനമാണ്. അതു ...മായി നമുക്കു് യോജിക്കാൻ കഴിയുകയില്ല. ഇന്നു് അത്തരമൊരു കൂട്ടുകെട്ടു് ...വാസ്തവത്തിൽ സോഷ്യലിസത്തിലേക്കുള്ള പാതയിലെ അവശ്യംവേണ്ട ഒരു ...പാലമാണ്.

## കേഡർമാരുടെ പ്രശ്നം

ഒരു വലിയ വിപ്ലവത്തിനു് ഒരു വലിയ പാർട്ടിയും അതിനെ നയി...ക്കാൻ നിരവധി ഒന്നാംതരം കേഡർമാരും ആവശ്യമാണ്. 45കോടിജനങ്ങളുള്ള ...ചൈനയിൽ നേതൃത്വം ഒരു ചെറിയ സങ്കുചിത ഗ്രൂപ്പ് അടങ്ങിയതായിരി...ക്കുകയും, പാർട്ടി നേതാക്കളും കേഡർമാർ എന്നിവർ അൽപ്പമനസ്ഥിതിക്കാ...രും ഹ്രസ്വവീക്ഷണക്കാരും അപ്രാപ്തരും ആയിരിക്കുകയും ചെയ്യുകയാണെ...ങ്കിൽ ചരിത്രത്തിൽ അൽഭുതപൂർവമായ നമ്മുടെ വമ്പിച്ച വിപ്ലവം നടപ്പാ...ക്കുക എന്നതു് സാധ്യമല്ലാത്ത ഒരു കാര്യമായിത്തീരും. ചൈനീസ് കമ്യൂ...ണിസ്ററു പാർട്ടി ദീർഘകാലം ഒരു വലിയ പാർട്ടി ആയിരുന്നു. പ്രതിപ്രവ...ർത്തന കാലഘട്ടത്തിൽ നഷ്ടങ്ങൾ സംഭവിച്ചെങ്കിലും അതു് ഇന്നും ഒരുവലിയ പാർട്ടിതന്നെയാണ്. അതിനു് നിരവധി നേതാക്കളും കേഡർമാരുമുണ്ടു്; എ...ങ്കിലും അതുകൊണ്ടുമാത്രം കാര്യമായില്ല. നമ്മുടെപാർട്ടി സംഘടനകൾ ...രാജ്യത്തിലുടനീളം വ്യാപിപ്പിക്കുകയും പതിനായിരക്കണക്കിനു കേഡർമാ...രെയും നൂറുകണക്കിനു് ഒന്നാംകിട നേതാക്കളെയും നാം സോദ്ദേശപൂർവ്വം പര...ിശീലിപ്പിക്കുകയും ചെയ്യണം. അവർ മാർക്സിസം ലെനിനിസത്തിൽ ...വൈദഗ്ധ്യം സമ്പാദിച്ചവരും, രാഷ്ട്രീയമായി ദീർഘവീക്ഷണമുള്ളവരും പ്രവർത്തനത്തിൽ പ്രാപ്തരും, തികഞ്ഞ ആത്മത്യാഗമുള്ളവരും, സ്വന്തം പ്ര...ശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ളവരും, പ്രയാസങ്ങളുടെ മദ്ധ്യ...ത്തിൽ ഉറച്ചുനിൽക്കുന്നവരും രാഷ്ട്രത്തിനും വർഗത്തിനും പാർട്ടിക്കും സേ...വനമനുഷ്ഠിക്കുന്നതിൽ കടവും അർപ്പണമനോഭാവവും ഉള്ളവരും ആയ കേ...ഡർമാരും നേതാക്കളും ആയിരിക്കണം. കേഡർമാരും ബഹുജനങ്ങളുമായി ...ബന്ധപ്പെടാൻ പാർട്ടി ഈ കേഡർമാരെയും നേതാക്കളെയുമാണ് ആശ്രയിക്കു...ന്നതു്; ബഹുജനങ്ങളുടെ മേലുള്ള അവരുടെ ഉറച്ച നേതൃത്വത്തെ ആശ്രയിച്ചു ...കൊണ്ടുമാത്രമേ പാർട്ടിക്കു് ശത്രുവിനെ പരാജയപ്പെടുത്തുവാൻ കഴിയുകയുള്ളു. ...അത്തരം കേഡർമാരും നേതാക്കളും സ്വാർത്ഥത, വ്യക്തിപര വീരസാഹസി...കത്വം പുറംമോടികാണിക്കൽ, മടി, നിഷ്ക്രിയത, വിഭാഗീയ ധിക്കാരം ...എന്നിവയിൽനിന്നു് സ്വതന്ത്രരായിരിക്കണമെന്നതിനുപുറമെ, അവർ നിസ്വാ



സ്വാർത്ഥരായ ദേശീയ വർഗനേതാക്കളും ആയിരിക്കണം നമ്മുടെ പാർട്ടിയിലെ മെമ്പർമാർ, കേഡർമാർ നേതാക്കന്മാർ എന്നിവരിൽനിന്നു് നാം ആവശ്യപ്പെടുന്ന ഗുണങ്ങളും പ്രവർത്തന ശൈലിയും അത്തരത്തിലുള്ളതാണ്. ലക്ഷ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച പതിനായിരക്കണക്കിനു് അംഗങ്ങളും ആയിരക്കണക്കിനുകേഡർമാരും ഡസൻകണക്കിനു് ഒന്നാംകിടനേതാക്കന്മാരും നമ്മെ ഏൽപിച്ചിട്ടുള്ള ആത്മീയ പൈതൃകം അത്തരത്തിലുള്ളതാണ്. ഈ ഗുണങ്ങൾ നാം കൈവരിക്കുന്നതും സ്വയം പുനർരൂപപ്പെടുത്തുന്നതിൽ ഇന്നത്തേതിലും മെച്ചമായി പ്രവർത്തിക്കണമെന്നതും, കുറെക്കൂടി ഉയർന്ന വിപ്ലവ നിലവാരത്തിലേക്കു ഉയർത്തണമെന്നതും സംശയമില്ലാത്ത കാര്യമാണ്. പക്ഷെ ഇതുകൊണ്ടുമാത്രമായില്ല. ഇന്നത്തേതിലും കൂടുതൽ കേഡർമാരെയും നേതാക്കളെയും രാജ്യത്തും പാർട്ടിയിലും കണ്ടുപിടിക്കുക എന്നതു് നാംനമ്മുടെ കടമയായി കരുതുകയും ചെയ്യണം. നമ്മുടെ വിപ്ലവം കേഡർമാരെ ആശ്രയിച്ചാണ് നിലകൊള്ളുന്നതു്. സ്റ്റാലിൻ പറഞ്ഞതു പോലെ കേഡർമാരാണ് എല്ലാക്കാര്യവും നിശ്ചയിക്കുന്നതു്.12

## പാർട്ടിക്കുള്ളിൽ ജനാധിപത്യത്തിന്റെ പ്രശ്നം

ഈ ലക്ഷ്യം നേടുന്നതിനു് ഉൾപാർട്ടി ജനാധിപത്യം അത്യാവശ്യമാണ്. നമുക്കു് പാർട്ടിയെ ശക്തിപ്പെടുത്തണമെങ്കിൽ മൊത്തം അംഗങ്ങളുടെ മുൻകയ്യിനെ ഉത്തേജിപ്പിക്കുന്നതിനു് നാം ജനാധിപത്യകേന്ദ്രീകരണം പ്രായോഗികമാക്കണം. പ്രതിപ്രവർത്തനത്തിന്റെയും ആഭ്യന്തരയുദ്ധത്തിന്റെയും കാലഘട്ടത്തിൽ കൂടുതൽ കേന്ദ്രീകരണമാണുണ്ടായിരുന്നതു്. ഇന്നത്തെ പുതിയ കാലഘട്ടത്തിൽ കേന്ദ്രീകരണം ജനാധിപത്യവുമായി അടുത്തബന്ധമുള്ളതായിരിക്കണം. നമുക്കു് ജനാധിപത്യം പ്രയോഗിക്കുകയും, അങ്ങിനെ പാർട്ടിയിൽ ഉടനീളം മുൻകയ്യിനു് ഇടനൽകുകയും ചെയ്യാം. നമുക്കു് മൊത്തം പാർട്ടി അംഗങ്ങളുടെ മുൻകയ്യിനു് സാദ്ധ്യത നൽകുകയും അങ്ങിനെ വളരെയേറെ കേഡർമാരെ പരിശീലിപ്പിക്കുകയും വിഭാഗീയതയുടെ അവശിഷ്ടങ്ങളെ ദൂരീകരിക്കുകയും, പാർട്ടിയാകെ ഉരുക്കുപോലെ ദൃഢമായി ഏകീകരിക്കുകയും ചെയ്യാം.

## കോൺഫറൻസിലും മൊത്തം പാർട്ടിയിലും ഐക്യം

വിശദീകരണത്തിനുശേഷം, ഈ കോൺഫറൻസിൽ മുഴങ്ങിക്കേട്ട രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ച, ഭിന്നാഭിപ്രായങ്ങൾ ഒത്തുതീർപ്പിനു് വിധേയമാകുകയും, കേന്ദ്രക്കമ്മററിയുടെ ലൈനും ചില നേതാക്കളുടെ നേതൃത്വത്തിൽകീഴിൽ അംഗീകരിക്കപ്പെട്ട പിൻവാങ്ങൽ ലൈനും തമ്മിൽനേരത്തേയുള്ള ഭിന്നത പരിഹരിക്കുകയും ചെയ്യിട്ടുണ്ടു് 13. ഇതു കാണിക്കുന്നതു് നമ്മുടെ പാർട്ടി അത്യധികം ദൃഢമായ ഐക്യത്തിലാണ് എന്നതാണ്. ഈ ഐക്യം ഇപ്പോഴത്തെ ദേശീയവും ജനാധിപത്യപരവുമായ വിപ്ലവത്തിനുള്ള ഏററവും പ്രധാനപ്പെട്ട അടിത്തറ സൃഷ്ടിക്കുന്നു. കാരണം കമ്യൂണിസ്റ്റുപാർട്ടിയുടെ ഐക്യത്തിലൂടെ മാത്രമേ മൊത്തം വർഗത്തിന്റെയും മൊത്തം രാഷ്ട്രത്തിന്റെയും ഐക്യം നേടാൻ കഴിയുകയുള്ളു; മൊത്തം വർഗത്തിന്റെയും മൊത്തം രാഷ്ട്രത്തിന്റെയും ഐക്യത്തിലൂടെ മാത്രമെ ശത്രുവിനെ പരാജയപ്പെടുത്താനും ദേശീയവും ജനാധിപത്യപരവുമായ വിപ്ലവം പൂർത്തീകരിക്കാനും കഴിയുകയുള്ളു.

# ജാപ്പനീസ് വിരുദ്ധദേശീയഐക്യമുന്നണിക്കുവേണ്ടി ദശലക്ഷക്കണക്കിനു ജനങ്ങളെ സ്വവശത്തുനേടിയെടുക്കുക

നമ്മുടെ ശരിയായ രാഷ്ട്രീയ നയത്തിന്റെയും നമ്മുടെ ദൃഢമായ ഐ
ക്യത്തിന്റെയും ലക്ഷ്യം ദശലക്ഷക്കണക്കിനു ബഹുജനങ്ങളെ ജാപ്പനീസ്
വിരുദ്ധ ദേശീയ ഐക്യമുന്നണിക്കുവേണ്ടി വശത്താക്കുക എന്നതാണ്. തൊ
ഴിലാളി വർഗം, കൃഷിക്കാർ, നഗരത്തിലെ പെററി ബൂർഷ്വാസി എന്നി
വരടങ്ങിയ വിപുലമായ ഇതരജനങ്ങൾക്ക് നമ്മുടെ പ്രചാരണ, പ്രക്ഷോഭ
ണ, സംഘടനാപ്രവർത്തനം ആവശ്യമാണ്. നമ്മുടെ ഭാഗത്തുനിന്നു് തുടന്നു
ഈ പ്രവർത്തനവും ജപ്പാനെതിരായ ബൂർഷ്വാവിഭാഗങ്ങളുമായി ഒരു ഐ
ക്യമുന്നണി സ്ഥാപിക്കാൻ ആവശ്യമാണ്. പാർട്ടിയുടെ നയം ബഹു ജന
ങ്ങളുടെ നയമാക്കിത്തീർക്കാൻ ദീർഘവും നിരന്തരവുമായ പരിശ്രമം, അതാ
യതു് ഒട്ടും വിട്ടുകൊടുക്കാത്തതും, ഊർജ്ജസ്വലവും ക്ഷമയോടുകൂടിയതും
ക്ലേശകരവുമായ പരിശ്രമം ആവശ്യമാണ്. അത്തരം പരിശ്രമമില്ലാതെ നമു
ക്ക് ഒന്നും നേടാൻ കഴിയുകയില്ല. ജാപ്പനീസ് വിരുദ്ധദേശീയഐക്യമുന്നണി
യുടെ രൂപീകരണവും ദൃഢീകരണവും അതിനോടു ബന്ധപ്പെട്ട കടമ നിറവേററ
ലും ചൈനയിൽ ഒരു ജനാധിപത്യ റിപ്പബ്ളിക്കിന്റെ സ്ഥാപനവും ബഹു
ജനങ്ങളെ സ്വവശത്താക്കാനുള്ള നമ്മുടെ പ്രവർത്തനത്തിൽനിന്നു് ഒട്ടുംതന്നെ
വേർപെടുത്താൻ വയ്യാത്തവയാണ്. അത്തരം പരിശ്രമംവഴി നമ്മുടെ നേതൃ
ത്വത്തിൻ കീഴിൽ ദശലക്ഷക്കണക്കിനു ബഹുജനങ്ങളെ അണിനിരത്താൻ
കഴിഞ്ഞാൽ നമ്മുടെ വിപ്ളവകടമവേഗത്തിൽ നിറവേററാൻ കഴിയും. ന
മ്മുടെ യത്നങ്ങളുടെ ഫലമായി നാം തീർച്ചയായും ജാപ്പനീസ് സാമ്രാജ്യത്വ
ത്തെ മറിച്ചിടുകയും പൂർണമായ ദേശീയ സാമൂഹ്യ വിമോചനം നേടുകയും
ചെയ്യും.

## കുറിപ്പുകൾ

1. സിയാൻ സംഭവത്തിനു ശേഷം അന്നു് വീണ്ടെടുക്കപ്പെട്ടുകൊണ്ടിരുന്ന
ആഭ്യന്തരസമാധാനത്തെ തകർക്കുന്നതിനും, അന്നു രൂപം കൊണ്ടുവന്നിരുന്ന
ജാപ്പനീസ് വിരുദ്ധദേശീയ ഐക്യമുന്നണിയെ തകർക്കുന്നതിനും വേണ്ടി
ജാപ്പനീസ് സാമ്രാജ്യവാദികൾ താൽക്കാലിക അന്തരഞ്ജന നടപടികൾ
കൈക്കൊണ്ടു. തങ്ങളുടെ നിയന്ത്രണത്തിലുള്ള തെക്കുകിഴക്കൻ മംഗോളിയയുടെ
കൃത്രിമ സ്വയംഭരണ ഗവൺമെൻറിനെക്കൊണ്ടു രണ്ടു സന്ദേശങ്ങൾ
അയപ്പിക്കാൻ അവർ ഏർപ്പാടു ചെയ്തു. ഒന്നു് 1936 ഡിസംബ
റിലും മറെറാന്നു് 1937 മാർച്ചിലുമാണ് അയച്ചതു്. നാങ്കിങ്ങിലെ
ക്വമിന്താങ്ങ് ഗവൺമെൻറിനോടു് കൂറു് പ്രഖ്യാപിക്കുന്നവയായിരുന്നു
ഈ സന്ദേശങ്ങൾ. ജാപ്പനീസ് വിദേശകാര്യമന്ത്രി സാറേറാ തന്നെ
ചിയാങ്ങ് കെയ്ഷെക്കിനോടു് പരസ്യമായി ഒരു അഭ്യർത്ഥന നടത്തി. ജ
പ്പാൻ ചൈനയുമായുള്ള സ്വന്തം ബന്ധങ്ങൾ മെച്ചപ്പെടുത്തുമെന്നും രാഷ്ട്രീ
യ ഏകീകരണവും സാമ്പത്തിക പുനരുദ്ധാരണവും കൈവരിക്കാൻ അതു
ചൈനയെ സഹായിക്കുമെന്നും അയാൾ കൗശലപൂർവം പ്രഖ്യാപിച്ചു. കൂടാ
തെ ജാപ്പനീസ് പണപ്രഭുവായ കെൻജി കൊഡായുടെ നേതൃത്വത്തിൽ 'സാ
മ്പത്തിക പഠന ഗ്രൂപ്പ്' എന്ന പേരിൽ ഒരു സംഘത്തെ, 'ഒരു ആധുനികരാ
ഷ്ട്ര സംഘടന പൂർത്തീകരിക്കാൻ' എന്ന ഭാവേന അയയ്ക്കുകയുണ്ടായി. ഇ
വ ആക്രമണത്തിനുള്ള പദ്ധതികളായിരുന്നു. സാറേറായുടെ നയതന്ത്രം എ
ന്നപേരിലാണ് ഇവ അറിയപ്പെട്ടിരിക്കുന്നതു്. ജാപ്പനീസ് സാമ്രാജ്യത്വ
ത്തിന്റെ തട്ടിപ്പിനാൽ കബളിപ്പിക്കപ്പെട്ട ചില ആളുകൾ ഇതു് 'ജപ്പാന്റെ
ഭാഗത്തുനിന്നുള്ള ഒരു പിൻവാങ്ങൽ' ആണെന്നു പറയുകയുണ്ടായി.



2 1937 ഏപ്രിൽ മാസത്തിൽ സൂചൌവിലെ ക്വമിന്താങ്ങ് ഹൈ
ക്കോടതി ഷെൻ ചുൻ_ജുവിനെയും മററു് ആറുപേരെയും വിചാരണചെയ്തു.
ഇവർ ജപ്പാനെ എതിർക്കുകയും രാഷ്ട്രത്തെ രക്ഷിക്കുകയും ചെയ്യൽ പ്രസ്ഥാ
നത്തിൽ പെട്ടവരായിരുന്നു. ഷാങ്ങ്ഹായിൽവച്ചു് 1936 നവമ്പറിൽ അവർ
അറസ്റ്റുചെയ്യപ്പെട്ടു. 'റിപ്പബ്ലിക്കിനെ അപകടപ്പെടുത്തി' എന്നതായിരുന്നു അ
വരുടെ പേരിലുള്ള കുററം. രാജ്യസ്നേഹപരമായ എല്ലാ പ്രസ്ഥാനങ്ങളെയും അ
പകീർത്തിപ്പെടുത്താൻ പിന്തിരിപ്പൻ ക്വമിന്താങ്ങ് ഗവർമെണ്ടു് ഉപയോ
ഗിച്ചു, കെട്ടിച്ചമയ്ക്കപ്പെട്ട, സാധാരണ കുററാരോപണം ഇതായിരുന്നു.

3 സിയാൻ സംഭവത്തിനുമുമ്പു് വടക്കുകിഴക്കൻ സേന താവളമുറപ്പി
ച്ചിരുന്നതു് ഷെൻസി, കാൻസു് പ്രവിശ്യകളുടെ മദ്ധ്യത്തിലായിരുന്നു. അ
തു് വടക്കൻ ഷെൻസിയിലെ ചുവപ്പുസേനയുമായി നേരിയ സമ്പർക്കത്തി
ലുമായിരുന്നു. ചുവപ്പുസേനയുടെ വമ്പിച്ച സ്വാധീനംമൂലം അതു് പിന്നീടു്
ഒരു സൈനിക അട്ടിമറി പ്രവർത്തനം നടത്തി. 1937 മാർച്ചിൽ വടക്കു
കിഴക്കൻ സേന, കിഴക്കു് ഹൊനാൻ, ആൻ വെയ് എന്നീ പ്രവിശ്യകളി
ലേക്കു് പോവാൻ നിർബ്ബന്ധിതരായി. ചുവപ്പു സേനയുമായി അതിനുള്ള
സമ്പർക്കം വിച്ഛേദിക്കുന്നതിനും അതേസമയം അതിന്റെ അണികളിൽ
ഭിന്നിപ്പു് വിതയ്ക്കുന്നതിനും വേണ്ടി ക്വമിന്താങ്ങ് പിന്തിരിപ്പന്മാർ കൈക്കൊ
ണ്ട ഒരു നടപടി ആയിരുന്നു ഇതു്.

4 ജനറൽ യാങ്ങ്ഹു_ചെങ്ങ് ചൈനയുടെ വടക്കു പടിഞ്ഞാറൻ പ്രദേ
ശത്തെ ഒരു സൈനികനേതാവായിരുന്നു. ചാങ്ങ്സ്വെ_ലിയാങ്ങുമായി
ഒത്തൊരുമിച്ചുകൊണ്ടു് അയാൾ സിയാൻ സംഭവം നടപ്പിലാക്കി. ഈ സം
ഭവത്തിന്റെ പ്രാഥമിക ഉപജ്ഞാതാക്കളായ 'ചാങ്ങ്_യാങ്ങ്' ഇരട്ടക്കുഴൽ
തോക്കുമാതിരിയുള്ള ഇരട്ടപ്പേരിനാൽ പരക്കെ അറിയപ്പെട്ട വിധം ബന്ധിക്ക
പ്പെട്ടിരുന്നു. ചിയാങ്ങ് കെയ്ഷെക്കിനെ വിട്ടയച്ചപ്പോൾ, ചാങ്ങ് അയാ
ളോടൊപ്പം നാൻകിങ്ങിലേക്കു് പോവുകയും പെട്ടെന്നു് തടവിലാക്കപ്പെടുക
യും ചെയ്തു. 1937 ഏപ്രിൽമാസത്തിൽ ചാങ്ങിനെയും ക്വമിന്താങ്ങ് പി
ന്തിരിപ്പന്മാർ ഉദ്യോഗത്തിൽനിന്നു് പുറത്തി. വിദേശത്തുവച്ചു് തന്റെ അ
സാന്നിദ്ധ്യത്തിൽ അയാൾക്കു് അവധിയെടുക്കേണ്ടിവന്നു. പ്രതിരോധയു
ദ്ധം ആരംഭിച്ചപ്പോൾ യാങ്ങ് രാജ്യസേവനത്തിനായി ചൈനയിലേക്കു
തിരിച്ചുവന്നു. പക്ഷെ ബാക്കി ജീവിതകാലം മുഴുവൻ അയാളെ ചിയാങ്ങ്
കെയ്ഷെക് തടവിലാക്കുകയാണ ചെയ്തതു്. 1949 സെപ്ററംബറിൽ
ചുങ്കിങ്ങിനു സമീപത്തുകൂടി ജനകീയവിമോചനസേന മുന്നേറിക്കൊണ്ടി
രുന്ന സമയം അയാളെ ക്വമിന്താങ്ങ് കോൺസെൻട്രേഷൻ ക്യാമ്പിൽവെച്ച്
കൊലയ്ക്കു് വിധേയമാക്കുകയുണ്ടായി.

5 ഷെൻസി, ഹൊനാൻ, ഷാൻസി എന്നിവയുടെ അതിർത്തിയി
ലുള്ള തന്ത്രപ്രധാന പ്രവേശന മാർഗമായാണ് ടുങ്ങ്കുവാൻ. സിയാൻ സം
ഭവസമയത്തു് അതിന്റെ കിഴക്കു ഭാഗത്താണ് ക്വമിന്താങ്ങ് സേനകൾ പ്ര
ധാനമായും ക്യാമ്പടിച്ചിരുന്നതു്. പാർട്ടിയിലെ 'ഇടതുപക്ഷ' ക്കാരെന്നു
പ്രസിദ്ധിയാർജ്ജിച്ച ചാങ്ങ് കോ_ടാവോയെ പോലുള്ള ചിലയാളുകൾ ചു
വപ്പുസേന ടുങ്ങ് കുവാനിലൂടെ പടവെട്ടിപ്പുറത്തുകടക്കണ'മെന്നു് നിർബ്ബന്ധി
ച്ചു. ഇതിനർത്ഥം ചുവപ്പുസേന ക്വമിന്താങ്ങ് പടയാളികൾക്കെതിരെ ഒരു
കടന്നാക്രമണം നടത്തണമെന്നായിരുന്നു. സിയാൻ സംഭവം സമാധാനപര
മായ ഒത്തുതീർപ്പിലെത്തിക്കണമെന്ന കേന്ദ്രകമ്മററിനയത്തിനു നേരെ എതി
രായിരുന്നു ഈ നിർദ്ദേശം.

6 ഒക്ടോബർ വിപ്ളവത്തിനുശേഷം വളരെക്കാലം ഫ്രഞ്ച് സാ
മ്രാജ്യവാദികൾ സോവിയററ് യൂണിയനെതിരെ ശത്രുതാപരമായ ഒരു നയ

മാണു കൈക്കൊണ്ടിരുന്നത്. 1918 മുതൽ 1920 വരെ സോവിയററ് യൂണിയനെതിരെ 14 രാജ്യങ്ങൾ നടത്തിയ സായുധ ഇടപെടലിൽ ഫ്രഞ്ച് ഗവൺമെൻറ് സജീവമായി പങ്കെടുക്കുകയും ഈ ഇടപെടൽ പരാജയപ്പെട്ടതിനുശേഷം പോലും സോവിയററു യൂണിയനെ ഒററപ്പെടുത്തുന്ന പിൻതിരിപ്പൻ നയം തുടരുകയും ചെയ്തു. ഫ്രഞ്ച് ജനതയ്ക്കിടയ്ക്ക് സോവിയററുയൂണിയൻെറ സമാധാനനയം സ്വാധീനം ചെലുത്തുകയും ജർമ്മൻ ഫാസിസ്റ്റ് ശല്യം ഉണ്ടാവുകയും ചെയ്തപ്പോൾ മാത്രമാണ് 1935 മെയ് മാസത്തിൽ ഫ്രാൻസ് സോവിയററുയൂണിയനുമായി പരസ്പര സന്ധിയിൽ ഒപ്പുവയ്ക്കാൻ നിർബന്ധിതമായിത്തീർന്നത്.

7 1935 ഡിസംബർ 9-ാം തീയതി പെക്കിങ്ങിൽ വിദ്യാർത്ഥികളുടെ രാജ്യസ്നേഹപ്രകടനം ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ നടന്നു. ഈ പ്രസ്ഥാനം ആഭ്യന്തരയുദ്ധം അവസാനിപ്പിക്കാനും ജപ്പാനെതിരെ സായുധ പ്രതിരോധം കെട്ടിപ്പടുക്കാനും ആഹ്വാനം ചെയ്തു. ഇതിനു രാജ്യവ്യാപകമായി പിന്തുണ ലഭിച്ചു.

8 ചൈനയിലേക്ക് ജാപ്പനീസ് സാധനങ്ങൾ കള്ളക്കടത്തു നടത്തുക.

9 ചൈനാ-ജാപ്പനീസ് സാമ്പത്തികക്കൂട്ടുകെട്ട് എന്നു പറയപ്പെടുന്നതിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.

10 കാറൽമാക്സും ഫ്രഡറിക്ക് എംഗൽസും കൂടി എഴുതിയ 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ' ഭാഗം iv; വി. ഐ. ലെനിൻ എഴുതിയ 'ജനാധിപത്യവിപ്ലവത്തിൽ സോഷ്യൽ ഡെമോക്രാസിയുടെ രണ്ട് അടവുകൾ' xii, xiii: സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റുപാർട്ടി (ബോൾഷെവിക്കു)യുടെ ചരിത്രം, അദ്ധ്യായം 3, ഭാഗം 3

11. ജെ. വി. സ്റ്റാലിൻ 'ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ' ഭാഗം III; ഒക്ടോബർ വിപ്ലവവും റഷ്യൻ കമ്യൂണിസ്റ്റുകളുടെ അടവുകളും, ഭാഗം II; ലെനിനിസത്തിൻെറ പ്രശ്നങ്ങളെപ്പററി ഭാഗം III എന്നിവ നോക്കുക.

12. ജെ. വി. സ്റ്റാലിൻ ചുവപ്പുസേനാ അക്കാദമികളിൽ നിന്നുള്ള ബിരുദധാരികളോട് ക്രെംലിൻ കൊട്ടാരത്തിൽവെച്ച് ചെയ്ത പ്രസംഗം 1935 മെയ് ഈ പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ലോകത്തിലെ വിലയേറിയ എല്ലാ മൂലധനങ്ങളിലും വച്ച് ഏററവും വിലയേറിയതും ഏററവും നിർണായകമായതും ജനങ്ങളാണ്, കേഡർമാരാണ്. നമ്മുടെ ഇപ്പോഴത്തെ സാഹചര്യത്തിൽ 'എല്ലാം കേഡർമാർ നിശ്ചയിക്കുന്നു' എന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്.

13. ഈ വ്യത്യാസം പാർട്ടിയുടെ കേന്ദ്ര കമ്മിററി ലൈനും 1935-36ൽ ചാങ്ങ്കോ ടാ വോ നിർദേശിച്ച പിൻവാങ്ങൽ ലൈനും തമ്മിലുള്ളതായിരുന്നു. 'ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരായ അടവുകൾ' എന്ന ലേഖനത്തിലെ 12-ാം കുറിപ്പ് നോക്കുക. 'നേരത്തെയുള്ള ഭിന്നതകൾ പരിഹരിക്കപ്പെട്ടു എന്നു പറയുമ്പോൾ സഖാവ് മാവോ സെതുങ്ങ് സൂചിപ്പിക്കുന്നത് ചുവപ്പു സേനയുടെ നാലാം മുന്നണി സേനാകേന്ദ്ര ചുവപ്പുസേനയുമായി കൂടിച്ചേർന്നിരിക്കുന്നു എന്ന വസ്തുതയാണ്. പിന്നീട് ചാങ്ങ്കോ ടാവോ പരസ്യമായി പാർട്ടിയെ വഞ്ചിച്ചതും ഒരു പ്രതിവിപ്ലവകാരിയായി അധഃപതിച്ചതും ഒരുവ്യക്തിയായ വഞ്ചകൻെറ പ്രവൃത്തിയാണ്. അതൊരിക്കലും പർട്ടി ലൈനിൻെറ മേലുള്ള അഭിപ്രായഭിന്നതകളുടെ പ്രശ്നമേ ആയിരുന്നില്ല.'

# പ്രയോഗത്തെക്കുറിച്ച്*

1937 ജൂലൈ

## അറിവും പ്രയോഗവും തമ്മിലും, അറിയുന്നതും പ്രവർത്തിക്കുന്നതും തമ്മിലും ഉള്ള ബന്ധം

മാർക്സിനുമുമ്പ്, ഭൗതികവാദം അറിവിന്റെ പ്രശ്നത്തെ പരിശോധിച്ചിരുന്നത് മനുഷ്യന്റെ സാമൂഹ്യസ്വഭാവത്തിൽനിന്ന് വേറിട്ട രീതിയിലും ആയിരുന്നു. അതുകൊണ്ട് സാമൂഹ്യപ്രയോഗത്തിലുള്ള അറിവിന്റെ ആശ്രയത്വം അതായത് ഉല്പാദനത്തിലും, വർഗസമരത്തിലുമുള്ള അറിവിന്റെ ആശ്രയത്വം മനസ്സിലാക്കാൻ അതിനു കഴിഞ്ഞില്ല.

എല്ലാററിനുമുപരി, ഉല്പാദനരംഗത്തുള്ള മനുഷ്യന്റെ പ്രവർത്തനത്തെ ഏററവും അടിസ്ഥാനപരമായ പ്രായോഗികപ്രവർത്തനമായി, അവന്റെ മററെല്ലാ പ്രവർത്തനങ്ങളേയും നിർണയിക്കുന്ന ഘടകമായി മാർക്സിസ്റ്റുകാർ കരുതുന്നു. മനുഷ്യന്റെ അറിവ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് ഭൗതിക ഉത്പാദനത്തിലുള്ള അവന്റെ പ്രവർത്തനത്തെയാണ്, അതിലൂടെ പ്രകൃതിയുടെ പ്രതിഭാസങ്ങളും ഗുണവിശേഷങ്ങളും നിയമങ്ങളും അവൻ ക്രമേണ മനസിലാക്കുന്നു. തന്റെ ഉത്പാദനപ്രവർത്തനത്തിലൂടെ മനുഷ്യനും മനുഷ്യനും തമ്മിൽ നിലനിൽക്കുന്ന ചില ബന്ധങ്ങളേയും വ്യത്യസ്തതോതുകളിൽ അവൻ ക്രമേണ മനസിലാക്കുകയും ചെയ്യുന്നു. ഉത്പാദനപ്രവർത്തനത്തിൽനിന്ന് വേറിട്ടുകൊണ്ട് ഈ അറിവ് ഒന്നുംതന്നെ ആർജിക്കുവാൻ കഴി

*നമ്മുടെ പാർട്ടിയിൽ, 'മാർക്സിസം ഒരു വരട്ടുതത്വമല്ല, മറിച്ച് പ്രവർത്തനത്തിനുള്ള ഒരു മാർഗദർശിയാണ്'' എന്ന സത്യം നിഷേധിക്കുകയും, മാർക്സിസ്റ്റുകൃതികളിൽ നിന്നും സന്ദർഭത്തിൽനിന്നടർത്തിയെടുത്ത വാക്കുകളും പദ പ്രയോഗങ്ങളും ഉപയോഗിച്ച് ജനങ്ങളെ അന്ധാളിപ്പിക്കുകയും ദീർഘകാലമായി ചൈനീസ് വിപ്ലവത്തിന്റെ അനുഭവപാഠങ്ങൾ തള്ളിക്കളഞ്ഞിരുന്നവരുമായ കുറെ സഖാക്കളുണ്ടായിരുന്നു. അനുഭവമാത്രവാദികളും, തങ്ങളുടെ അൽപമാത്രമായ അനുഭവത്തിൽ ദീർഘനാളായി

യില്ല. ഒരു വർഗരഹിതസമൂഹത്തിൽ ഓരോ വ്യക്തിയും, സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ, മനുഷ്യന്റെ ഭൗതിക ആവശ്യങ്ങൾ നേടുന്നതിനായി മററംഗങ്ങളുമായി പൊതുവായ ശ്രമത്തിൽ ഒന്നിക്കുകയും അവരുമായി നിശ്ചിതമായ ഉത്പാദനബന്ധങ്ങളിൽ ഏർപ്പെടുകയും ഉദ്പാദനത്തിൽ മുഴുകുകയും ചെയ്യുന്നു. എല്ലാ വർഗസമൂഹങ്ങളിലും വ്യത്യസ്ത സാമൂഹ്യവർഗങ്ങളിൽപ്പെട്ട അംഗങ്ങളും തങ്ങളുടെ ഭൗതികാവശ്യങ്ങൾ നിറവേററുന്നതിനായി വ്യത്യസ്തരീതികളിൽ, നിശ്ചിതമായ ഉത്പാദനബന്ധങ്ങളിൽ ഏർപ്പെടുകയും മുഴുകുകയും ചെയ്യുന്നു. മനുഷ്യന്റെ അറിവ് വികാസം പ്രാപിക്കുന്നതു് ഈ പ്രാഥമിക ഉറവിടത്തിൽനിന്നാണ്.

മനുഷ്യന്റെ സാമൂഹ്യമായ പ്രയോഗം ഉത്പാദനപ്രവർത്തനത്തിൽമാത്രം ഒതുങ്ങി നിൽക്കുന്നില്ല; മറിച്ച് അതു് വർഗസമരം, രാഷ്ട്രീയജീവിതം, ശാസ്ത്രീയവും കലാപരവുമായ പ്രവർത്തനങ്ങൾ എന്നീ മററു പല രൂപങ്ങളും കൈക്കൊള്ളുന്നു. ചുരുക്കത്തിൽ ഒരു സാമൂഹ്യജീവി എന്ന നിലയിൽ മനുഷ്യൻ സമൂഹത്തിലെ പ്രായോഗിക ജീവിതത്തിന്റേതായ എല്ലാ മണ്ഡലങ്ങളിലും പങ്കെടുക്കുന്നു. അപ്രകാരം മനുഷ്യൻ, തന്റെ ഭൗതികജീവിതത്തിലൂടെ മാത്രമല്ല, തന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതത്തിലൂടെയും (ഇവ രണ്ടും ഭൗതികജീവിതവുമായി ഗാഢമായി കെട്ടുപിണഞ്ഞിരിക്കുന്നു), വിവിധ തോതുകളിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള വ്യത്യസ്തബന്ധങ്ങൾ അറിയാൻ ഇടയാകുന്നു. സാമൂഹ്യ പ്രയോഗത്തിന്റേതായ മററിത്തരം രീതികളിൽ വർഗസമരം പ്രത്യേകിച്ചും, അതിന്റെഎല്ലാവ്യത്യ

---

ഒതുങ്ങിക്കൂടിയവരും, വിപ്ളവപ്രവർത്തനത്തിൽ സിദ്ധാന്തത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുകയോ വിപ്ളവത്തെ മുഴുവനായി കാണുകയോ ചെയ്യാതിരുന്നവരും, എന്നാൽ പ്രയത്നശീലത്തോടെയാണെങ്കിലും അന്ധമായി പ്രവർത്തിച്ചിരുന്നവരുമായ ചില സഖാക്കളുമുണ്ടായിരുന്നു, ഈ രണ്ടു തരത്തിൽപ്പെട്ട സഖാക്കളുടേയും, പ്രത്യേകിച്ചും വരട്ടുതത്വവാദികളുടെ, തെററായ ആശയങ്ങൾ ചൈനീസ് വിപ്ളവത്തിന് 1931_34 കാലഘട്ടത്തിൽ വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തി. എന്നിട്ടും മാർക്സിസ്റ്റുകളാണെന്നു സ്വയം മൂടുപടമണിഞ്ഞ വരട്ടുതത്വവാദികൾ വളരെയേറെ സഖാക്കളെ ചിന്താക്കുഴപ്പത്തിൽപ്പെടുത്തി. 'പ്രയോഗത്തെക്കുറിച്ച്'' എഴുതപ്പെട്ടതു്, മാർക്സിസ്റ്റു ജ്ഞാനസിദ്ധാന്തത്തിന്റെ നിലപാടിൽ നിന്നുകൊണ്ടു് പാർട്ടിക്കുള്ളിലെ വരട്ടുതത്വവാദത്തിന്റേയും അനുഭവമാത്രവാദത്തിന്റേയും ആത്മനിഷ്ഠവാദപരമായ തെററുകളെ, പ്രത്യേകിച്ചും വരട്ടുതത്വവാദത്തിന്റെ തെററുകളെ, തുറന്നുകാട്ടുന്നതിനുവേണ്ടിയായിരുന്നു. ഈ ലേഖനത്തിൽ പ്രയോഗത്തിന്റെ പ്രാധാന്യം കുറച്ചുകാട്ടുന്ന വരട്ടുതത്വവാദപരമായ രീതിയിലുള്ള ആത്മനിഷ്ഠവാദത്തെ തുറന്നുകാട്ടുന്നതിന് ഊന്നൽ കൊടുക്കുന്നതുകൊണ്ടാണ് ഇതിന് 'പ്രയോഗത്തെക്കുറിച്ച്'' എന്ന തലക്കെട്ടു നൽകിയതു്. യെനാനിലെ ജാപ്പാനീസ് വിരുദ്ധസൈനികരാഷ്ട്രീയ കോളേജിൽ ചെയ്ത ഒരു പ്രസംഗത്തിലാണ് സഖാവ് മാവോ സെതുങ്ങ് ഈ ഉപന്യാസത്തിൽ ഉൾക്കൊണ്ടിട്ടുള്ള ആശയങ്ങൾ അവതരിപ്പിച്ചതു്.



സ്വരൂപങ്ങളിലും മനുഷ്യന്റെ അറിവിന്റെ വികാസത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തുന്നു. വർഗസമൂഹത്തിൽ ഒരു പ്രത്യേക വർഗത്തിലെ അംഗം എന്ന നിലയിലാണ് എല്ലാവരും ജീവിക്കുന്നതു്. മാത്രമല്ല ഒഴിവാക്കാനാവാതെ എല്ലാത്തരം ചിന്തകളിലും ഏതെങ്കിലും ഒരു വർഗത്തിന്റേതായ മുദ്ര പതിഞ്ഞിരിക്കുന്നു.

മനുഷ്യസമൂഹത്തിൽ ഉല്പാദന പ്രവർത്തനം താഴ്ന്ന ഒരു നിലവാരത്തിൽനിന്നും ഉയർന്ന ഒരു നിലവാരത്തിലേക്ക് പടിപടിയായി വികസിക്കുന്നുവെന്നും, അതുമൂലം പ്രകൃതിയെ സംബന്ധിച്ചതോ സമൂഹത്തെ സംബന്ധിച്ചതോ ആയ മനുഷ്യന്റെ അറിവും താഴ്ന്ന ഒരു നിലവാരത്തിൽനിന്ന് ഉയർന്ന ഒരു നിലവാരത്തിലേക്ക്, ആഴം കുറഞ്ഞതിൽനിന്ന് ആഴമേറിയതിലേക്ക്, ഏകപക്ഷീയമായതിൽനിന്ന് ബഹുമുഖമായതിലേക്ക് പടിപടിയായി വികാസം പ്രാപിക്കുന്നുവെന്നും മാർക്സിസ്റ്റുകൾ കരുതുന്നു. വളരെ ദീർഘമായ ഒരു ചരിത്രകാലഘട്ടത്തിലുടനീളം മനുഷ്യന് സാമൂഹ്യചരിത്രത്തെക്കുറിച്ച് ഏകപക്ഷീയമായ ഒരു ധാരണയിൽ അനിവാര്യമായും ഒതുങ്ങിനിൽക്കേണ്ടിവന്നു. കാരണം, ഒന്നാമതായി ചൂഷകവർഗങ്ങളുടെ പക്ഷപാതം ചരിത്രത്തെ എല്ലായ്പോഴും വളച്ചൊടിച്ചു, രണ്ടാമതായി ചെറിയ തോതിലുള്ള ഉല്പാദനം മനുഷ്യന്റെ വീക്ഷണത്തെ പരിമിതപ്പെടുത്തി. ആധുനിക തൊഴിലാളിവർഗം അളവററ ഉല്പാദനശക്തികളോ(വൻകിട വ്യവസായം)ടൊപ്പം രംഗപ്രവേശം ചെയ്തപ്പോഴേ മനുഷ്യൻ സാമൂഹ്യവികാസത്തെക്കുറിച്ച് സമഗ്രവും ചരിത്രപരവുമായ ഒരു ധാരണ ആർജ്ജിക്കുന്നതിനും ഈ അറിവിനെ ഒരു ശാസ്ത്രമായി, മാർക്സിസമെന്ന ശാസ്ത്രമായി മാററുന്നതിനും കഴിഞ്ഞുള്ളു.

മനുഷ്യന്റെ സാമൂഹ്യമായ പ്രയോഗം മാത്രമാണ് ബാഹ്യലോകത്തെക്കുറിച്ചുള്ള അവന്റെ അറിവ് എത്രത്തോളം സത്യമാണെന്ന് പരിശോധിക്കുന്നതിനുള്ള മാനദണ്ഡമായിരിക്കുന്നതെന്ന് മാർക്സിസ്റ്റുകൾ കരുതുന്നു. സാമൂഹ്യമായ പ്രയോഗം എന്ന പ്രക്രിയയിൽ (ഭൗതിക ഉല്പാദനമോ വർഗസമരമോ ശാസ്ത്രീയ പരീക്ഷണമോ) പ്രതീക്ഷിക്കുന്ന ഫലങ്ങൾ നേടുമ്പോൾ മാത്രമേ മനുഷ്യന്റെ അറിവ് ശരിയാണോ എന്ന് തെളിയിക്കപ്പെടുന്നുള്ളു എന്നതാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതു്. വിജയിക്കുവാൻ, അതായതു് പ്രതീക്ഷിക്കുന്ന ഫലങ്ങൾ നേടുവാൻ, ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾ തന്റെ ആശയങ്ങളെ വസ്തുനിഷ്ഠമായ ബാഹ്യ ലോകത്തിന്റെ നിയമങ്ങളുമായി പൊരുത്തപ്പെടുത്തണം; അവ പൊരുത്തപ്പെടുന്നില്ലെങ്കിൽ തന്റെ പ്രയോഗത്തിൽ അയാൾ പരാജയമടയും. പരാജയപ്പെട്ടതിനുശേഷം അയാൾ അതിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളുകയും, ബാഹ്യലോകത്തിന്റെ നിയമങ്ങളുമായി തന്റെ ആശയങ്ങൾ പൊരുത്തപ്പെടത്തക്കവിധത്തിൽ അവയെ അയാൾ തിരുത്തുകയും, അപ്രകാരം പരാജയത്തെ വിജയമാക്കി മാററാൻ അയാൾക്കു കഴിയുകയും ചെയ്യുന്നു; 'പരാജയം വിജയത്തിന്റെ മാതാവാണ്,' എന്നും 'കുണ്ടിൽ വീണാൽ വിവരം കൂടും' എന്നും പറയുന്നതിനർത്ഥമിതാണ്. വൈരുധ്യാത്മക ഭൗതികവാദ ജ്ഞാനസിദ്ധാന്തം, മനുഷ്യന്റെ അറിവിനെ പ്രയോഗത്തിൽനിന്ന് ഒരു വിധത്തിലും വേർപെടുത്താൻ കഴിയുകയില്ലെന്ന കാര്യം ഉയർത്തിപ്പിടിച്ചുകൊണ്ടും, പ്രയോഗത്തിന്റെ പ്രാധാന്യത്തെ നിഷേധിക്കുന്നതോ ആയ എല്ലാ തെററായ സിദ്ധാന്തങ്ങളേയും നിരാകരിച്ചുകൊണ്ടും പ്രയോഗത്തെ പ്രഥമ സ്ഥാനത്തു് പ്രതിഷ്ഠിക്കുന്നു. ലെനിൻ പറഞ്ഞു, '[പ്രയോഗമാണ് (സിദ്ധാന്തപരമായ) അറിവിനേക്കാൾ കൂടുതൽ ഉയർന്നതു്, കാരണം അതിന് സർവലൗകികതത്വത്തിന്റെ അന്തസ്സുമാത്രമല്ല, സമീപസ്ഥമായ യാഥാർത്ഥ്യത്തിന്റെ അന്തസ്സുകൂടിയുണ്ട്''[1] വൈരുധ്യാത്മക ഭൗതികവാദത്തിന്റേതായ മാർക്

സിസ്റ്റു തത്വശാസ്ത്രത്തിനു് എടുത്തുകാട്ടാവുന്ന രണ്ടു സവിശേഷതകളുണ്ടു്. ഒന്നു് അതിന്റെ വർഗസ്വഭാവമാണു്. വൈരുദ്ധ്യാത്മക ഭൗതികവാദം തൊഴിലാളിവർഗത്തിന്റെ സേവനത്തിനു വേണ്ടിയുള്ളതാണെന്നു് അതു പരസ്യമായി പ്രഖ്യാപിക്കുന്നു. മറേറതു്, അതിന്റെ പ്രായോഗിക സ്വഭാവമാണു്. അതു് സിദ്ധാന്തം പ്രയോഗത്തെ ആശ്രയിച്ചു നില്ക്കുന്നു എന്നു് ഊന്നിപ്പറയുന്നു, സിദ്ധാന്തം പ്രയോഗത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നും, തിരിച്ചു പ്രയോഗത്തെ സേവിക്കുന്നു എന്നും ഊന്നിപ്പറയുന്നു. ഏതെങ്കിലും അറിവിന്റേയോ സിദ്ധാന്തത്തിന്റേയോ സത്യം നിർണയിക്കപ്പെടുന്നതു് ആത്മനിഷ്ഠമായ വികാരങ്ങളാലല്ല, മറിച്ചു് സാമൂഹ്യമായ പ്രയോഗത്തിലുണ്ടാകുന്ന വസ്തുനിഷ്ഠഫലങ്ങളാലാണു്. സാമൂഹ്യമായ പ്രയോഗത്തിനുമാത്രമേ സത്യത്തിന്റെ മാനദണ്ഡമാകുവാൻ കഴിയുകയുള്ളു. വൈരുദ്ധ്യാത്മക ഭൗതികവാദജ്ഞാന സിദ്ധാന്തത്തിൽ പ്രയോഗത്തിന്റെ നിലപാടാണു് പ്രാഥമികവും അടിസ്ഥാനപരവുമായ നിലപാടു്.2

അപ്പോൾപിന്നെ എങ്ങിനെയാണു് മനുഷ്യന്റെ അറിവു പ്രയോഗത്തിൽനിന്നു് ആവിർഭവിക്കുകയും തിരിച്ചു് പ്രയോഗത്തെ സേവിക്കുകയും ചെയ്യുന്നതു്? അറിവിന്റെ വികാസ പ്രക്രിയയിലേക്കു് കണ്ണോടിക്കുകയാണെങ്കിൽ ഇതു് വ്യക്തമാകും.

പ്രയോഗത്തിന്റേതായ പ്രക്രിയയിൽ മനുഷ്യൻ ആദ്യം വസ്തുക്കളുടെ പ്രതിഭാസങ്ങൾ, വ്യത്യസ്തമായ വശങ്ങൾ, ബാഹ്യബന്ധങ്ങൾ എന്നിവ മാത്രമേ കാണുന്നുള്ളൂ. ഉദാഹരണത്തിനു് പുറത്തുനിന്നുള്ള ചില ആളുകൾ ഒരു നിരീക്ഷണ സന്ദർശനത്തിനായി യെനാനിൽ വരുന്നു. ആദ്യത്തെ ഒന്നോ രണ്ടോ ദിവസങ്ങളിൽ അവർ അവിടത്തെ ഭൂപ്രകൃതിയും തെരുവുകളും വീടുകളും കാണുന്നു; അവർ പല ആളുകളേയും കണ്ടുമുട്ടുകയും, സൽക്കാരങ്ങളിലും സായാഹ്ന വിരുന്നുകളിലും പൊതുയോഗങ്ങളിലും പങ്കെടുക്കുകയും വിവിധ തരത്തിലുള്ള സംഭാഷണങ്ങൾ കേൾക്കുകയും വിവിധ രേഖകൾ വായിക്കുകയും ചെയ്യുന്നു; ഇവയെല്ലാം ആണു് വസ്തുക്കളുടെ പ്രതിഭാസങ്ങളും വ്യത്യസ്തവശങ്ങളും ബാഹ്യബന്ധങ്ങളും, ഇതിനെ ജ്ഞാനസമ്പാദനത്തിന്റെ ഇന്ദ്രിയഗോചരമായ ഘട്ടം, അതായതു് ഇന്ദ്രിയബോധങ്ങളുടേയും മുദ്രണങ്ങളുടേയും ഘട്ടം എന്നു വിളിക്കുന്നു. അതായതു് യെനാനിലെ ഈ പ്രത്യേക കാര്യങ്ങൾ നിരീക്ഷണ സംഘത്തിലെ അംഗങ്ങളുടെ ബോധേന്ദ്രിയങ്ങളുടെ മേൽ പ്രവർത്തിക്കുകയും, ഇന്ദ്രിയബോധം ഉണർത്തുകയും അവരുടെ തലച്ചോറിൽ പല മുദ്രണങ്ങളും അവയോടൊപ്പം ഈ മുദ്രണങ്ങൾ തമ്മിലുള്ള ബാഹ്യബന്ധങ്ങളുടെ ഒരു ഏകദേശ ചിത്രം സൃഷ്ടിക്കുകയും ചെയ്യുന്നു: ഇതാണു് ജ്ഞാന സമ്പാദനത്തിന്റെ ആദ്യഘട്ടം. ഈ ഘട്ടത്തിൽ മനുഷ്യനു് കൂടുതൽ ആഴത്തിലുള്ള ധാരണകൾക്കു് ഇനിയും രൂപം നൽകാനോ യുക്തിയുക്തമായ നിഗമനങ്ങളിൽ എത്തിച്ചേരാനോ കഴിയുകയില്ല.

സാമൂഹ്യമായ പ്രയോഗം തുടർന്നുകൊണ്ടിരിക്കെ അവന്റെ പ്രയോഗത്തിനിടയ്ക്കു് ഇന്ദ്രിയബോധങ്ങൾക്കും മുദ്രണങ്ങൾക്കും ജന്മം നൽകുന്ന കാര്യങ്ങൾ പല തവണ ആവർത്തിക്കപ്പെടുന്നു; അപ്പോൾ ജ്ഞാനസമ്പാദന പ്രക്രിയയിൽ തലച്ചോറിൽ പെട്ടെന്നുള്ള ഒരു മാററം (കുതിച്ചുചാട്ടം) സംഭവിക്കുകയും ധാരണകൾ രൂപമെടുക്കുകയും ചെയ്യുന്നു. ധാരണകൾ വസ്തുക്കളുടെ പ്രതിഭാസങ്ങളും വ്യത്യസ്തവശങ്ങളും ബാഹ്യബന്ധങ്ങളുമല്ല, അവ വസ്തുക്കളുടെ അന്തസത്തയേയും ആകത്തുകയേയും ആന്തരിക ബന്ധങ്ങളേയും ഗ്രഹിക്കുന്നു. ധാരണകൾക്കും ഇന്ദ്രിയ ബോധങ്ങൾക്കും തമ്മിൽ അളവുപരമായിട്ടു മാത്രമല്ല ഗുണപരമായിട്ടും വ്യത്യാസമുണ്ടു്. ഒരു പടികൂടി മുന്നോട്ടുപോകുമ്പോൾ വിലയിരുത്തലിലൂടെയും അനുമാനങ്ങളിലൂടെയും യുക്തിസഹമായ



നിഗമനങ്ങളിലെത്തുവാൻ നമുക്കു് കഴിയുന്നു. 'നെററി ചുളിക്കുക, ബുദ്ധിയുദിക്കും' അല്ലെങ്കിൽ സാധാരണ പറയാറുള്ളതുപോലെ 'ഞാനൊന്നു് ആലോചിച്ചു നോക്കട്ടെ,' എന്നിവ പരാമർശിക്കുന്നതു് വിലയിരുത്തലുകൾക്കും അനുമാനങ്ങൾക്കും രൂപം കൊടുക്കുന്നതിനായി തലച്ചോറിലെ ധാരണകളെ മനുഷ്യൻ ഉപയോഗിക്കുന്നതിനെയാണു്. ഇതാണു് ജ്ഞാനസമ്പാദനത്തിന്റെ രണ്ടാമത്തെ ഘട്ടം. നിരീക്ഷണ സംഘത്തിലെ അംഗങ്ങൾ വിവിധ വിവരങ്ങൾ ശേഖരിക്കുകയും അതിലുമുപരി 'അവയെക്കുറിച്ചു് ചിന്തിക്കുകയും' ചെയ്തുകഴിയുമ്പോൾ 'ജപ്പാനെതിരായ ദേശീയ ഐക്യമുന്നണിയെന്ന കമ്യൂണിസ്റ്റു പാർട്ടിയുടെ നയം പൂർണവും ആത്മാർത്ഥവും കലർപ്പററതും 'ആണെന്ന നിഗമനത്തിൽ അവർക്കെത്തിച്ചേരാൻ കഴിയുന്നു. ഈ വിലയിരുത്തലിൽ എത്തിച്ചേർന്നിട്ടു്, രാഷ്ട്രത്തെ രക്ഷിക്കുന്നതിനുവേണ്ടി ഒന്നിക്കുന്നതിനു് യഥാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ. അവർക്കു് ഒരുപടികൂടി മുന്നോട്ടു പോകുവാനും, 'ജപ്പാനെതിരായ ദേശീയ ഐക്യമുന്നണിക്കു് വിജയിക്കാൻ കഴിയും' എന്ന നിഗമനത്തിലെത്തിച്ചേരുവാനും കഴിയും. ഒരു കാര്യം അറിയുകയെന്ന മൊത്തം പ്രക്രിയയിൽ ധാരണയുടേയും വിലയിരുത്തലിന്റേയും അനുമാനത്തിന്റേതുമായ ഈ ഘട്ടം കൂടുതൽ കൂടുതൽ പ്രധാനപ്പെട്ട ഘട്ടമാണു്; സയുക്തിക ജ്ഞാനത്തിന്റെ ഘട്ടമാണിതു്. ഇന്ദ്രിയബോധത്തിലൂടെ ചിന്തയിലെത്തിച്ചേരുകയും വസ്തുനിഷ്ഠമായ കാര്യങ്ങളുടെ ആഭ്യന്തര വൈരുധ്യങ്ങളേയും അവയുടെ നിയമങ്ങളേയും ഒരു പ്രക്രിയയും മറെറാരു പ്രക്രിയയും തമ്മിലുള്ള ആഭ്യന്തര ബന്ധങ്ങളേയും ഗ്രഹിക്കുന്നതിൽ പടിപടിയായി എത്തിച്ചേരുകയും ചെയ്യുക, അതായതു് യുക്തിസഹമായ അറിവിൽ എത്തിച്ചേരുക, എന്നതാണു് അറിവുനേടാനുള്ള യഥാർത്ഥ പ്രവർത്തി. ഒന്നുകൂടി എടുത്തു പറയുകയാണെങ്കിൽ, യുക്തിസഹജ്ഞാനത്തിനു് ഇന്ദ്രിയഗോചര ജ്ഞാനവുമായുള്ള വ്യത്യാസം ഇതാണു്: ഇന്ദ്രിയഗോചരജ്ഞാനം വസ്തുക്കളുടെ വ്യത്യസ്തവശങ്ങളെ, പ്രതിഭാസങ്ങളെ, ബാഹ്യബന്ധങ്ങളെ സംബന്ധിച്ചുള്ളതാണു്; അതേ സമയം യുക്തിസഹജ്ഞാനം വസ്തുക്കളുടെ ആകെത്തുകയിലും അന്തസത്തയിലും ആന്തരിക ബന്ധങ്ങളിലും എത്തിച്ചേരുവാനായി ഒരു വലിയ ചുവടുമുന്നോട്ടു വയ്ക്കുകയും ചുററുപാടുമുള്ള ലോകത്തിലെ ആന്തരിക വൈരുധ്യങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ടു്, യുക്തിസഹജ്ഞാനത്തിനു് ചുററുപാടുമുള്ള ലോകത്തിന്റെ വികാസത്തെ അതിന്റെ ആകെത്തുകയിൽ അതിന്റെ എല്ലാവശങ്ങളുടേയും ആന്തരിക ബന്ധങ്ങളിൽ ഗ്രഹിക്കുവാൻ കഴിയുന്നു.

പ്രയോഗത്തെ അടിസ്ഥാനമാക്കിയുള്ളതും ആഴം കുറഞ്ഞതിൽനിന്നു് ആഴമേറിയതിലേക്കു് മുന്നേറുന്നതുമായ അറിവിന്റെ വികാസപ്രക്രിയയെ സംബന്ധിച്ച ഈ വൈരുധ്യാത്മകഭൗതിക വാദ സിദ്ധാന്തം മാർക്സിസത്തിന്റെ ആവിർഭാവത്തിനുമുമ്പു് ആരും തന്നെ ഒരിക്കലും ആവിഷ്ക്കരിക്കുകയുണ്ടായിട്ടില്ല. ജ്ഞാന സമ്പാദനത്തിന്റെ ആഴമേറിക്കൊണ്ടിരിക്കുന്ന ചലനത്തെ, അതായതു് ഉല്പാദനത്തിന്റെയും വർഗസമരത്തിന്റെയും സങ്കീർണവും നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ തന്റെ പ്രയോഗത്തിൽ സമൂഹത്തിലെ മനുഷ്യൻ ഇന്ദ്രിയ ഗോചരജ്ഞാനത്തിൽനിന്നു് യുക്തിസഹജ്ഞാനത്തിലേക്കു് പുരോഗമിക്കുന്ന ചലനത്തെ ഭൗതിക വാദപരമായും വൈരുധ്യാത്മകമായും ചൂണ്ടിക്കാണിച്ചുകൊണ്ടു് ആദ്യമായി മാർക്സിസ്റ്റു ഭൗതിക വാദം ഈ പ്രശ്നം ശരിയായി പരിഹരിച്ചു. ലെനിൻ പറഞ്ഞു, 'പദാർത്ഥത്തിന്റെ, ഒരു പ്രകൃതിനിയമത്തിന്റെ അമൂർത്തവൽക്കരണം', മൂല്യത്തിന്റെ അമൂർത്തവൽക്കരണം തുടങ്ങിയവ ചുരുക്കത്തിൽ എല്ലാശാസ്ത്രീയ (ശരിയും ഗൗരവ സ്വഭാവത്തോടു കൂടിയതുമായ, അസംബന്ധമല്ലാത്ത) അമൂർ

ത്തവല്ക്കരണങ്ങളും പ്രകൃതിയെ കൂടുതൽ ആഴത്തിലും ശരിയായും പൂർണമായും പ്രതിഫലിപ്പിക്കുന്നു'' ജ്ഞാനസമ്പാദന പ്രക്രിയയിലെ രണ്ടു ഘട്ടങ്ങൾ ഓരോന്നിനും തനതായ സ്വഭാവ വിശേഷങ്ങളുണ്ടെന്നും, അറിവ് താഴ്ന്ന ഘട്ടത്തിൽ ഇന്ദ്രിയ ഗോചരപരമായും കൂടുതൽ ഉയർന്ന ഘട്ടത്തിൽ യുക്തിസഹമായും പ്രകടമാകുന്നു എന്നും എന്നാൽ, ഇവ രണ്ടും ഏകീകൃത ജ്ഞാനസമ്പാദന പ്രക്രിയയിലെ ഘട്ടങ്ങളാണ് എന്നും മാർക്സിസം ലെനിനിസം പഠിപ്പിക്കുന്നു. ഇന്ദ്രിയ ഗോചരതയും സയുക്തികതയും ഗുണപരമായി വ്യത്യസ്തങ്ങളാണ്, എന്നാൽ അവ പരസ്പരം ബന്ധമില്ലാത്തവയല്ല; അവ പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ ഏകീകരിക്കപ്പെട്ടിരിക്കുന്നു. നിരീക്ഷിച്ച ഒരു കാര്യം ഉടൻതന്നെ ഗ്രഹിക്കാൻ കഴിയുകയില്ലെന്നു ഗ്രഹിച്ച ഒരു കാര്യം മാത്രമേ കൂടുതൽ ആഴത്തിൽ നിരീക്ഷിക്കാൻ കഴിയുകയുള്ളുവെന്നും നമ്മുടെ പ്രയോഗം തെളിയിക്കുന്നു. ഇന്ദ്രിയ ബോധം പ്രതിഭാസങ്ങളുടെ പ്രശ്നം മാത്രമേ പരിഹരിക്കുന്നുള്ളു; അന്തസത്തയുടെ പ്രശ്നം പരിഹരിക്കുവാൻ സിദ്ധാന്തത്തിനു മാത്രമേ കഴിയുകയുള്ളു. പ്രയോഗത്തിൽനിന്ന് ഒട്ടും തന്നെ വേർപെടുത്തിക്കൊണ്ട് ഈ രണ്ടു പ്രശ്നങ്ങളും പരിഹരിക്കാനാവില്ല. ഒരു കാര്യം അറിയാനാഗ്രഹിക്കുന്ന ആർക്കും തന്നെ അതുമായി ബന്ധപ്പെടാതെ, അതായത് അതിന്റെ ചുററുപാടിൽ ജീവിക്കാതെ(പ്രയോഗത്തിൽ ഏർപ്പെടാതെ) മറെറാരു മാർഗവുമില്ല. ഫ്യൂഡൽ സമൂഹത്തിൽ മുതലാളിത്ത സമൂഹത്തിലെ നിയമങ്ങൾ മുൻകൂട്ടി അറിയുക സാധ്യമായിരുന്നില്ല, കാരണം മുതലാളിത്തം ആവിർഭവിച്ചിട്ടുണ്ടായിരുന്നില്ല. പ്രസക്തമായ പ്രയോഗത്തിന്റെ അഭാവവുമുണ്ടായിരുന്നു. മുതലാളിത്ത സമൂഹത്തിനുമാത്രമേ മാർക്സിസത്തെ സൃഷ്ടിക്കാൻ കഴിയുമായിരുന്നുള്ളു. മുതലാളിത്ത സ്വതന്ത്രമത്സരത്തിന്റേതായ യുഗത്തിൽ ജീവിച്ച മാർക്സിനു് സാമ്രാജ്യത്വയുഗത്തിന് സവിശേഷമായ ചില നിയമങ്ങൾ മുൻകൂട്ടി സമൂർത്തമായി അറിയുവാൻ കഴിയുമായിരുന്നില്ല; കാരണം മുതലാളിത്തത്തിന്റെ അന്ത്യഘട്ടമായ സാമ്രാജ്യത്വം ആവിർഭവിച്ചിട്ടുണ്ടായിരുന്നില്ല; പ്രസക്തമായ പ്രയോഗത്തിന്റെ അഭാവമുണ്ടായിരുന്നു; ലെനിനും സ്റ്റാലിനും മാത്രമേ ഈ കടമ ഏറ്റെടുക്കുവാൻ കഴിഞ്ഞുള്ളു. അവരുടെ പ്രതിഭയെ മാററി നിർത്തിക്കൊണ്ട് പരിശോധിക്കുകയാണെങ്കിൽ മാർക്സിനും എംഗൽസിനും ലെനിനും സ്റ്റാലിനും തങ്ങളുടെ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കാൻ കഴിഞ്ഞതിനുള്ള കാരണം പ്രധാനമായും അവർ തങ്ങളുടെ കാലഘട്ടത്തിലെ വർഗസമരത്തിന്റേയും ശാസ്ത്രീയപരീക്ഷണത്തിന്റേതുമായ പ്രയോഗത്തിൽ വ്യക്തിപരമായി പങ്കെടുത്തു എന്നതായിരുന്നു: ഇതില്ലായിരുന്നുവെങ്കിൽ ഒരു പ്രതിഭാശാലിക്കും വിജയിക്കുവാൻ കഴിയുമായിരുന്നില്ല. 'തന്റെ പടിക്കുപുറത്തിറങ്ങാതെതന്നെ വിശാലമായ ലോകത്തിലെ എല്ലാക്കാര്യങ്ങളും അറിയുവാൻ പണ്ഡിതനുകഴിയുന്നു.' എന്ന പഴഞ്ചൊല്ല് സാങ്കേതികവിദ്യവികാസം പ്രാപിച്ചിട്ടില്ലാതിരുന്ന പഴയ കാലത്തു് അർത്ഥശൂന്യമായ വാക്കുകൾ മാത്രമായിരുന്നു. വികസിച്ച സാങ്കേതിക വിദ്യയുടെതായ ഇന്നത്തെ കാലഘട്ടത്തിൽ ഈ പഴഞ്ചൊല്ല് പ്രസക്തമായേക്കാമെങ്കിലും, വിശാലമായ ലോകത്തിൽ ഏർപ്പെട്ടന്നവരാണ് യഥാർത്ഥ വ്യക്തിപരമായ അറിവിന്റെ ഉടമകൾ. ഈ ആളുകൾ തങ്ങളുടെ പ്രയോഗത്തിലൂടെ 'കാര്യങ്ങൾ അറിയുകയും' 'അവരുടെ അറിവ് ലേഖനങ്ങളിലൂടെയും സാങ്കേതികമാധ്യമങ്ങളിലൂടെയും 'പണ്ഡിതന്റെ' അടുക്കൽ എത്തിച്ചേരുകയും ചെയ്യുമ്പോൾ മാത്രമേ അയാൾക്ക് പരോക്ഷമായി ലോകത്തിലെ എല്ലാ കാര്യങ്ങളും അറിയുവാൻ' സാധിക്കുകയുള്ളു. ഒരു പ്രത്യേക കാര്യമോ ഒരു പ്രത്യേക വിഭാഗത്തിൽ പെട്ട കാര്യങ്ങളോ നേരിട്ടറിയുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ യാഥാർത്ഥ്യത്തെ മാററിമറിക്കുന്നതിനുള്ള, ആ കാര്യത്തെയോ, ആ വിഭാഗങ്ങളിൽപ്പെട്ട കാര്യങ്ങളേയോ



മാററിമറിക്കുന്നതിനുള്ള പ്രായോഗിക സമരത്തിൽ നിങ്ങൾ വ്യക്തിപരമായി പങ്കെടുക്കണം; കാരണം അപ്രകാരം മാത്രമേ പ്രതിഭാസങ്ങളെന്ന നിലയിൽ അവയുമായി ബന്ധപ്പെടുവാൻ നിങ്ങൾക്കു സാധിക്കുകയുള്ളു, യഥാർത്ഥ്യത്തെ മാററിമറിക്കുന്നതിനുള്ള പ്രായോഗിക സമരത്തിൽ വ്യക്തിപരമായി പങ്കെടുക്കുന്നതിലൂടെ മാത്രമേ ആ കാര്യത്തിന്റേയോ ആ വിഭാഗത്തിൽപ്പെട്ട കാര്യങ്ങളുടേയോ അന്തസത്ത വെളിപ്പെടുത്തുവാനും അവയെ ഗ്രഹിക്കുവാനും നിങ്ങൾക്കു സാധിക്കുകയുള്ളൂ. ഓരോമനുഷ്യനും യാഥാർത്ഥത്തിൽ സഞ്ചരിക്കുന്ന അറിവിലേക്കുള്ള പാത ഇതാണ്, വസ്തുതകളെ മനഃപൂർവം വളച്ചൊടിച്ചുകൊണ്ട് നേരെ വിപരീതമായ വാദങ്ങൾ ചിലർ ഉന്നയിക്കുമെങ്കിലും. കേട്ടറിഞ്ഞ വിവരങ്ങളുടെ പൊട്ടുംപൊടിയും പെറുക്കിയെടുക്കുകയും എന്നിട്ട് 'താനാണ് ലോകത്തിലെ ഒന്നാം നമ്പർ ആധികാരികവക്താവ്'' എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന 'സർവജ്ഞനാണ്'' ലോകത്തിൽ ഏററവും അപഹാസ്യനായ വ്യക്തി; അയാൾ തന്നെപ്പററി ഒരു ശരിയായ വിലയിരുത്തൽ നടത്തിയിട്ടില്ലെന്ന് മാത്രമാണ് ഇത് കാണിക്കുന്നത്. അറിവ് ശാസ്ത്രത്തിന്റെ കാര്യമാണ്, ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള സത്യസന്ധതയില്ലായ്മയോ ഗർവോ അനുവദനീയമല്ല. നേരെമറിച്ച്, സത്യസന്ധതയും വിനയവുമാണ് നമുക്കു നിശ്ചയമായും ആവശ്യമായിട്ടുള്ളത്. അറിവ് നേടണമെങ്കിൽ, നിങ്ങൾ യാഥാർത്ഥ്യത്തെ മാററിമറിക്കുന്ന പ്രയോഗത്തിൽ പങ്കെടുക്കണം. ഒരു പേരക്കായുടെ രുചി അറിയണമെങ്കിൽ നിങ്ങൾ തന്നെ തിന്നു് അതിനെ രൂപാന്തരപ്പെടുത്തണം. അണുവിന്റെ ഘടനയും ഗുണവിശേഷങ്ങളും അറിയണമെങ്കിൽ അണുവിന്റെ അവസ്ഥക്ക് മാററം വരുത്തുന്നതിന് ഭൗതികവും രാസപരവുമായ പരീക്ഷണം നിങ്ങൾ നടത്തണം. വിപ്ലവത്തിന്റെ സിദ്ധാന്തവും സമ്പ്രദായങ്ങളും അറിയുന്നതിന് നിങ്ങൾ വിപ്ലവത്തിൽ പങ്കെടുക്കണം. നേരിട്ടുള്ള അനുഭവത്തിൽ നിന്നാണ് യഥാർത്ഥമായ എല്ലാ അറിവും ഉടലെടുക്കുന്നതു്. എന്നാൽ എല്ലാററിനേക്കുറിച്ചും നേരിട്ടുള്ള അനുഭവം നേടാൻ ഒരാൾക്ക് സാധിക്കുകയില്ല; വാസ്തവം പറഞ്ഞാൽ നമ്മുടെ അറിവിലധികവും പരോക്ഷമായ അനുഭവത്തിലൂടെയാണ് നമുക്കു കിട്ടുന്നതു്; ഉദാഹരണത്തിനു കഴിഞ്ഞ കാലങ്ങളെക്കുറിച്ചു വിദേശരാജ്യങ്ങളിൽനിന്നുള്ള എല്ലാ അറിവും. നമ്മുടെ പൂർവികർക്കും വിദേശീയർക്കും അത്തരം അറിവു നേരിട്ടുള്ള അനുഭവമായിരുന്നു, അഥവാ ആണ്; അവരുടെ നേരിട്ടുള്ള അനുഭവത്തിനിടക്ക് ലെനിൻ പറഞ്ഞു 'ശാസ്ത്രീയമായ അമൂർത്തവല്ക്കരണം' നിറവേററപ്പെടുകയും വസ്തുനിഷ്ഠ യാഥാർത്ഥ്യം ശാസ്ത്രീയമായി പ്രതിഫലിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ, അഥവാ ചെയ്യുന്നുണ്ടെങ്കിൽ, ആ അറിവ് വിശ്വസനീയമാണ്; നേരെ മറിച്ചാണെങ്കിൽ അതു വിശ്വസനീയമല്ല. അതുകൊണ്ട് ഒരു മനുഷ്യന്റെ അറിവിൽ രണ്ടു ഭാഗങ്ങൾമാത്രം അടങ്ങിയിരിക്കുന്നു. നേരിട്ടുള്ള അനുഭവത്തിൽനിന്നു കിട്ടുന്നതും, പരോക്ഷമായ അനുഭവത്തിൽകിട്ടുന്നതും; കൂടാതെ, എനിക്കു പരോക്ഷമായിട്ടുള്ള അനുഭവം മററുള്ളവരെ സംബന്ധിച്ചേടത്തോളം നേരിട്ടുള്ള അനുഭവമാണ്. അതുമൂലം മൊത്തത്തിൽനോക്കുമ്പോൾ, ഏതു തരത്തിലുള്ള അറിവും നേരിട്ടുള്ള അനുഭവത്തിൽനിന്ന് അവിഭാജ്യമായതാണ്. എല്ലാ അറിവും മനുഷ്യന്റെ ശാരീരികമായ ബോധേന്ദ്രിയങ്ങളിലൂടെ വസ്തുനിഷ്ഠമായ ബാഹ്യലോകത്തെക്കുറിച്ചു നേടുന്ന ഇന്ദ്രിയബോധത്തിൽനിന്നാണ് ഉടലെടുക്കുന്നതു്. ഇത്തരം ഇന്ദ്രിയബോധത്തെ നിഷേധിക്കുന്ന, നേരിട്ടുള്ള അനുഭവത്തെ നിഷേധിക്കുന്ന അഥവാ യഥാർത്ഥ്യത്തെ മാററിമറിക്കുന്ന പ്രയോഗത്തിൽ വ്യക്തിപരമായി പങ്കെടുക്കുന്നതിനെ നിഷേധിക്കുന്ന ആരുംതന്നെ ഒരു ഭൗതികവാദിയല്ല. അതുകൊണ്ടാണ് സർവജ്ഞൻ അപഹാസ്യനാവുന്നതു്. 'കടുവാക്കൂട്ടിൽ കയറാതെ

എങ്ങനെ നിങ്ങൾക്ക കടുവാകുട്ടികളെ പിടിക്കാൻ കഴിയും' എന്നൊരു ചൈ
നീസ് പഴഞ്ചൊല്ലുണ്ട്. മനുഷ്യന്റെ പ്രയോഗത്തെ സംബന്ധിച്ചിടത്തോ
ളം ഈ പഴഞ്ചൊല്ല ശരിയാണ്, അതുപോലെതന്നെ ജ്ഞാന സിദ്ധാന്തത്തെ
സംബന്ധിച്ചും ഇതു ശരിയാണ്. പ്രയോഗത്തിൽനിന്നും വേറിട്ടുകൊണ്ടുള്ള
അറിവും സാദ്ധ്യമല്ല.

യാഥാർത്ഥ്യത്തെ മാററിമറിക്കുന്ന പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ
ഉടലെടുക്കുന്ന ജ്ഞാനസമ്പാദനത്തിന്റെ വൈരുദ്ധ്യാത്മക_ഭൗതികവാദചല
നം വ്യക്തമാക്കുന്നതിന്: ജ്ഞാനസമ്പാദനത്തിന്റെ അനുക്രമം ആഴമേറുന്ന
ചലനം വ്യക്തമാക്കുന്നതിന്—സമൂർത്തമായ കുറച്ച് ഉദാഹരണങ്ങൾകൂടി
താഴെ കൊടുക്കുന്നു.

മുതലാളിത്ത സമൂഹത്തെക്കുറിച്ചുള്ള അതിന്റെ അറിവിൽ തൊഴിലാ
ളിവർഗം പ്രയോഗത്തിന്റെ ആദ്യകാലഘട്ടത്തിൽ, യന്ത്രങ്ങൾ തച്ചുതകർക്കു
ന്നതിന്റേയും സ്വയോത്ഭവ സമരത്തിന്റേതുമായ കാലഘട്ടത്തിൽ, ജ്ഞാ
നസമ്പാദനത്തിന്റെ ഇന്ദ്രിയഗോചരമായ ഘട്ടത്തിൽ മാത്രമായിരുന്നു; അ
തിനു മുതലാളിത്തത്തിന്റെ പ്രതിഭാസങ്ങളുടെ ചില വശങ്ങളേയും ബാഹ്യ
ബന്ധങ്ങളേയും കുറിച്ചു മാത്രമേ അറിവുണ്ടായിരുന്നുള്ളു. തൊഴിലാളിവർഗം
അപ്പോൾ 'സ്വയം കണ്ടെത്താത്ത ഒരു വർഗം' (class-in-itself) മാത്രം ആയി
രുന്നു. എന്നാൽ തൊഴിലാളിവർഗം അതിന്റെ പ്രയോഗത്തിന്റെ രണ്ടാമ
ത്തെ ഘട്ടത്തിൽ, ബോധപൂർവമുള്ളതും സംഘടിതവുമായ സാമ്പത്തികവും
രാഷ്ട്രീയവുമായ സമരങ്ങളുടെ ഘട്ടത്തിൽ, എത്തിയപ്പോൾ അതിനു മുതലാ
ളിത്ത സമൂഹത്തിന്റെ അന്തസത്ത, സാമൂഹ്യവർഗങ്ങൾ തമ്മിലുള്ള ചൂഷ
ണത്തെ അടിസ്ഥാനമാക്കിയുള്ള ബന്ധങ്ങളും സ്വന്തം ചരിത്രപരമായ കടമ
യും ഗ്രഹിക്കുവാൻ കഴിവുണ്ടായി: സ്വന്തം പ്രയോഗം മൂലവും, തൊഴിലാ
ളിവർഗത്തെ പഠിപ്പിക്കുന്നതിനായി മാർക്സിസമെന്ന സിദ്ധാന്തം സൃഷ്ടി
ക്കുന്നതിന് അതിന്റെ എല്ലാ വൈവിധ്യങ്ങളോടുംകൂടി മാർക്സും ഏംഗൽ
സും ശാസ്ത്രീയമായി സമാഹരിച്ച സുദീർഘമായ സമരങ്ങളിലെ അതിന്റെ
അനുഭവംമൂലവുമാണ് അതിന് അപ്രകാരം ചെയ്യുവാൻ കഴിഞ്ഞതു്. അ
പ്പോഴായിരുന്നു തൊഴിലാളിവർഗം 'സ്വയം കണ്ടെത്തിയ ഒരു വർഗം'
(class-for-itself) ആയിത്തീർന്നതു്.

സാമ്രാജ്യത്വത്തെ സംബന്ധിച്ച ചൈനീസ് ജനതയുടെ അറിവും ഇതു
പോലെതന്നെയാണ്. ടായ്പിങ്ങ് സ്വർഗരാജ്യപ്രസ്ഥാനം, യീഹോടുവാൻ
പ്രസ്ഥാനം തുടങ്ങിയ യാതൊരു അടുക്കും മുറയുമില്ലാത്ത വിദേശീയ വിരുദ്ധ
സമരങ്ങളിൽ കണ്ടതുപോലെ ഉപരിപ്ളവവും ഇന്ദ്രിയഗോചരപരവുമായ
അറിവിന്റേതായ ഒന്നായിരുന്നു ആദ്യഘട്ടം. രണ്ടാമത്തെ ഘട്ടത്തിൽ മാത്ര
മായിരുന്നു ചൈനീസ് ജനത സയുക്തിക ജ്ഞാനത്തിന്റെ ഘട്ടത്തിൽ
എത്തിച്ചേരുകയും, സാമ്രാജ്യത്വത്തിന്റെ ആന്തരികവും ബാഹ്യവുമായ
വൈരുദ്ധ്യങ്ങൾ കാണുകയും, സാമ്രാജ്യത്വം ചൈനീസ് ജനതയെ അടിച്ചമ
ർത്തുന്നതിനും ചൂഷണം ചെയ്യുന്നതിനുംവേണ്ടി ചൈനയിലെ ദല്ലാൾ, ഫ്യൂ
ഡൽ വർഗങ്ങളുമായി സ്വയം സഖ്യത്തിലേർപ്പെട്ടിരിക്കുക [illegible]
ത്തായ സത്യം പ്രഖ്യാപിക്കുകയും ചെയ്തതു്. ഏകദേശം 1919 ലെ മെയ്
നാല് പ്രസ്ഥാനത്തിന്റെ സമയം മുതൽക്കായിരുന്നു ഈ അറിവിന്റെ
തുടക്കം.

അടുത്തതായി നമുക്ക യുദ്ധമെന്ന പ്രശ്നം പരിഗണിക്കാം. ഒരു യുദ്ധ
ത്തിന് നേതൃത്വം കൊടുക്കുന്നവർക്ക യുദ്ധാനുഭവങ്ങളുടെ അഭാവം ഉണ്ടെങ്കിൽ
ആദ്യഘട്ടത്തിൽ ഒരു നിർദ്ദിഷ്ടയുദ്ധത്തെ നയിക്കുന്നതു സംബന്ധിച്ചു



ഗഹനമായ നിയമങ്ങൾ മനസിലാവുകയില്ല. (ഉദാഹരണത്തിന് കഴി
ഞ്ഞ ദശകത്തിലെ നമ്മുടെ കാർഷികവിപ്ളവ യുദ്ധം) പ്രാരംഭഘട്ടത്തിൽ,
അവർക്ക കുറെയേറെ സമരാനുഭവങ്ങൾ മാത്രം ഉണ്ടാവുകയും, അതിലുപരി
അനേകം പരാജയങ്ങൾ നേരിടുകയും ചെയ്യും. എന്നാൽ അനുഭവം (വിജയി
ച്ച യുദ്ധങ്ങളുടെയും പ്രത്യേകിച്ചും പരാജയപ്പെട്ട യുദ്ധങ്ങളുടെയും അനുഭവ
ങ്ങൾ) മുഴുവൻ യുദ്ധത്തിന്റെയും ആന്തരിക തന്തു ഗ്രഹിക്കുന്നതിനും അതി
ന്റെ തന്ത്രവും അടവുകളും മനസ്സിലാക്കുന്നതിനും അതുമൂലം ആത്മവിശ്വാ
സത്തോടെ യുദ്ധം നയിക്കുന്നതിനും അവർക്ക കഴിവുണ്ടാക്കുന്നു. അതുപോ
ലുള്ള ഒരു മുഹൂർത്തത്തിൽ യുദ്ധ നേതൃത്വം അനുഭവമില്ലാത്ത ഒരാളിലേക്ക്
കൈമാററപ്പെടുകയാണെങ്കിൽ, യുദ്ധത്തിന്റെ യഥാർത്ഥനിയമങ്ങൾ ഗ്രഹി
ക്കാൻ കഴിയുന്നതിനുമുമ്പ് അയാൾക്കും കുറെയേറെ പരാജയങ്ങൾ നേരിടേ
ണ്ടിവരും. (അനുഭവങ്ങൾ നേരിടേണ്ടിവരും)

'അതു കൈകാര്യംചെയ്യാൻ കഴിയുമോ എന്ന് എനിക്ക നിശ്ചയമില്ല.'
തന്നെ ഏൽപിച്ച ഒരു ജോലി ഏറെറടുക്കുവാൻ ഒരു സഖാവ് മടികാണിക്കു
മ്പോൾ ഇതു പോലുള്ള അഭിപ്രായ പ്രകടനം നമുക്ക പലപ്പോഴും കേൾക്കാം.
എന്തുകൊണ്ടാണ് അയാൾക്ക സ്വയം ഉറപ്പില്ലാത്തതു്? തന്നെ ഏല്പിച്ച
ജോലിയുടെ ഉള്ളടക്കത്തേയും ചുററുപാടുകളേയും കുറിച്ച് അടുക്കും
ചിട്ടയോടുംകൂടിയ യാതൊരു ധാരണയും അയാൾക്കില്ലാത്തതിനാലോ, അതു
പോലുള്ള പ്രവർത്തനവുമായി അയാൾക്കുള്ള ബന്ധം വളരെ തുച്ഛമായതുകൊ
ണ്ടോ, അല്ലെങ്കിൽ ഒട്ടുംതന്നെ ഇല്ലാത്തതുകൊണ്ടോ ആണ്; അതുകൊണ്ട് അവ
യെ സംബന്ധിക്കുന്ന നിയമങ്ങൾ അയാൾക്ക് അതീതവുമാണ്. തന്നെ
ഏൽപ്പിച്ച ജോലിയുടെ സ്വഭാവത്തേയും ചുററുപാടുകളേയും കുറിച്ചുള്ള വിശദ
മായ വിശകലനത്തിനുശേഷം അയാൾക്ക തന്നിൽതന്നെ കൂടുതൽ ഉറപ്പുണ്ടാ
വുകയും സ്വമനസ്സാലേ അയാളതു ചെയ്യുകയും ചെയ്യുന്നു. അയാൾ കുറച്ചുസമ
യം ആ ജോലിയുടെ നിർവഹണത്തിൽ ചെലവഴിക്കുകയും അനുഭവങ്ങൾ
ആർജ്ജിക്കുകയും ചെയ്യുകയാണെങ്കിൽ, ആത്മനിഷ്ഠമായിട്ടും ഏകപക്ഷീ
യമായിട്ടും ഉപരിപ്ളവമായിട്ടും പ്രശ്നങ്ങളെ സമീപിക്കാതെ തുറന്നമന
സ്സോടുകൂടി കാര്യങ്ങൾ കാണാൻ സന്നദ്ധനാകുന്ന ഒരാളാണ് അയാളെങ്കിൽ
ആ ജോലി എങ്ങനെയാണ് നിർവഹിക്കേണ്ടതെന്നതിനെക്കുറിച്ചും കൂടുതൽ
ധൈര്യത്തോടെ എങ്ങനെയാണ് അതു കൈകാര്യം ചെയ്യേണ്ടതു് എന്നതി
നെക്കുറിച്ചും സ്വയം നിഗമനങ്ങളിൽ എത്തിച്ചേരാൻ അയാൾക്ക കഴിയും.
പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിൽ ആത്മനിഷ്ഠവും ഏകപക്ഷീയവും
ഉപരിപ്ളവവുമായ സമീപനം ,സ്വീകരിക്കുന്നവർ മാത്രമേ പ്രവർത്തനരം
ഗത്തെത്തിയ നിമിഷം തന്നെ ചുററുപാടുകൾ പരിഗണിക്കാതെയും കാര്യ
ങ്ങൾ മൊത്തത്തിൽ വീക്ഷിക്കാതെയും (മൊത്തത്തിൽ അവയുടെ ചരിത്രവും
അവയുടെ ഇപ്പോഴത്തെ അവസ്ഥയും) കാര്യങ്ങളുടെ അന്തസത്ത ഗ്രഹിക്കാ
തെയും (അവയുടെ സ്വഭാവവും ഒരു കാര്യവും മറെറാരു കാര്യവും തമ്മിലുള്ള
ആഭ്യന്തര ബന്ധങ്ങളും ഗ്രഹിക്കാതെയും) തന്നിഷ്ടപ്രകാരം ഉത്തരവുകളോ
നിർദ്ദേശങ്ങളോ കൊടുക്കുവാൻ മുതിരുകയുള്ളു, അതുപോലുള്ളവർ കാലുതെ
ററി വീഴുമെന്നതു് തീർച്ചയാണ്.

ജ്ഞാനസമ്പാദന പ്രക്രിയയിലെ ആദ്യത്തെപ്പടി ബാഹ്യലോകത്തി
ലെ വസ്തുക്കളുമായുള്ള ബന്ധമാണെന്നു ഇതിൽനിന്നു മനസ്സിലാക്കുവാൻ
കഴിയും; ഇതു് ഇന്ദ്രിയബോധത്തിന്റെ ഘട്ടത്തിൽ പെടുന്നു. രണ്ടാ
മത്തെപടി ഇന്ദ്രിയബോധത്തിലൂടെനേടിയ വിവരങ്ങൾ ചിട്ടയായി
നിരത്തുകയും പുനർനിർമ്മിക്കുകയും ചെയ്തുകൊണ്ട് അവയെ സംയോ
ജിപ്പിക്കുകയെന്നതാണ്; ഇതുധാരണയുടേയും വിലയിരുത്തലിന്റേയും അ
നുമാനത്തിന്റേയും ഘട്ടത്തിൽപ്പെടുന്നു. ഇന്ദ്രിയബോധത്തിലൂടെ ലഭിച്ച
വിവരങ്ങൾ വളരെ സമ്പന്നവും (തുണ്ടുകളല്ല) യാഥാർത്ഥ്യത്തിനു നിരക്കുന്ന

ത്തും (സാങ്കൽപികമല്ല) ആണെങ്കിൽ മാത്രമേ ശരിയായ ധാരണകളും സിദ്ധാന്തങ്ങളും രൂപീകരിക്കുന്നതിന് അടിസ്ഥാനമാകുവാൻ അവർക്കുകഴിയുകയുള്ളൂ.

ഇവിടെ രണ്ടുപ്രധാനകാര്യങ്ങൾ ഊന്നി പറയേണ്ടിയിരിക്കുന്നു. ഇതിൽ മുൻപു പ്രസ്താവിച്ചിട്ടുള്ളതും എന്നാൽ ഇവിടെ ആവർത്തിച്ചു പറയുന്നതുമായ ഒന്നാമത്തെ കാര്യം സയുക്തിക ജ്ഞാനത്തിന്റെ ഇന്ദ്രിയ ഗോചരജ്ഞാനത്തിന്മേലുള്ള ആശ്രിതത്വമാണ്. സയുക്തിക ജ്ഞാനം ഇന്ദ്രിയഗോചര ജ്ഞാനത്തിൽനിന്ന് വ്യുൽപാദിപ്പിക്കേണ്ടതില്ലെന്ന് കരുതുന്ന ഏതൊരാളും ആശയവാദിയാണ്. തത്വശാസ്ത്രചരിത്രത്തിൽ, യുക്തിയെ മാത്രമേ ആശ്രയിക്കാനാവുകയുള്ളുവെന്നും അതേസമയം ഇന്ദ്രിയ ഗോചരമായ, അനുഭവത്തെ ആശ്രയിക്കാനാവുകയില്ലാ എന്നും വിശ്വസിച്ചുകൊണ്ടു യുക്തിയുടെ മാത്രം യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും അനുഭവമെന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്ന ഒരു യുക്തിവാദി ചിന്താധാരയുണ്ട്; കാര്യങ്ങളെ കീഴ്മേൽ മറിക്കുക വഴി ഈ ചിന്താധാര തെറ്റു വരുത്തുന്നു. സയുക്തികമായതിന്റെ ഉറവിടം കൃത്യമായും ഇന്ദ്രിയബോധമായതുകൊണ്ടാണ് അതു് ആശ്രയയോഗ്യമായിരിക്കുന്നതു്, മറിച്ചാണെങ്കിൽ അതു ഉറവയില്ലാത്ത ജലം പോലെയും വേരുകളില്ലാത്ത വൃക്ഷം പോലെയും ആത്മനിഷ്ഠവുംസ്വയംഭൂവും അവിശ്വസനീയവുമായിരിക്കും. ജ്ഞാനസമ്പാദന പ്രക്രിയയുടെ പരമ്പരയിൽ ഇന്ദ്രിയഗോചരമായ അനുഭവമാണ് ആദ്യം വരുന്നതു്; സാമൂഹ്യമായ പ്രയോഗത്തിനു മാത്രമെ മനുഷ്യജ്ഞാനത്തിനു ജന്മംനൽകാൻ കഴിയുകയുള്ളൂ എന്നതിനാലും അതിനു മാത്രമെ വസ്തുനിഷ്ഠമായ ലോകത്തുനിന്നു ഇന്ദ്രിയ ഗോചരമായ അനുഭവം മനുഷ്യനു് ആർജിക്കുന്നതിന് തുടക്കമിടാൻ കഴിയുകയുള്ളൂ എന്നതിനാലുമാണ് ജ്ഞാന സമ്പാദന പ്രക്രിയയിൽ സാമൂഹ്യമായ പ്രയോഗത്തിനുള്ള പ്രാധാന്യം നാം ഊന്നിപ്പറയുന്നതു്. വസ്തുനിഷ്ഠമായ ലോകത്തുനിന്നു പൂർണമായും ഒറ്റപ്പെട്ടു നില്ക്കുന്ന ഒരാൾക്കു് അറിവുണ്ടാകുക സാദ്ധ്യമല്ല. അറിവു തുടങ്ങുന്നതു് അനുഭവത്തിൽ നിന്നാണ്. ജ്ഞാനസിദ്ധാന്തത്തെ സംബന്ധിച്ച ഭൗതികവാദം ഇതാണ്.

അറിവിനു് ആഴം വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും, അതിന്റെ ഇന്ദ്രിയ ഗോചരമായ ഘട്ടത്തെ സയുക്തികമായ ഘട്ടത്തിലേക്കു വികസിപ്പിക്കേണ്ടതുണ്ടെന്നുമുള്ളതാണ് രണ്ടാമത്തെ കാര്യം. ജ്ഞാനസമ്പാദനത്തെ സംബന്ധിച്ച വൈരുദ്ധ്യശാസ്ത്രമിതാണ്.4 അറിവിനു് താഴ്ന്ന ഇന്ദ്രിയഗോചരമായ ഘട്ടത്തിൽ വിരാമമിടുവാൻ കഴിയുമെന്നും ഇന്ദ്രിയ ഗോചരജ്ഞാനം മാത്രമാണ് വിശ്വസനീയമായിട്ടുള്ളതെന്നും അതേസമയം സയുക്തിക ജ്ഞാനം വിശ്വസനീയമായിട്ടുള്ളതല്ലെന്നും കരുതുന്നതു് 'അനുഭവ മാത്രവാദ'മെന്ന ചരിത്രപരമായ തെറ്റിന്റെ ഒരു ആവർത്തനമായിരിക്കും. ഇന്ദ്രിയ ബോധത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ വസ്തുനിഷ്ഠമായ ലോകത്തിലെ ചില യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും (ഞാൻ ഇവിടെ പറയുന്നതു് ഉൾക്കാഴ്ച എന്നു വിളിക്കപ്പെടുന്നതിലേക്കു് അനുഭവത്തെ ഒതുക്കി നിർത്തുന്ന അനുഭവം) അവ ഏകപക്ഷീയവും ഉപരിപ്ളവവും മാത്രമാണെന്നും കാര്യങ്ങളെ അപൂർണമായി പ്രതിഫലിപ്പിക്കുന്നതും അവയുടെ അന്തസത്തയെ പ്രതിഫലിപ്പിക്കാത്തതുമാണെന്നും മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നുവെന്ന തെറ്റു് ഈ സിദ്ധാന്തത്തിനുണ്ട്. ഒരു കാര്യത്തെ അതിന്റെ ആകെ മൊത്തത്തിൽ പൂർണമായും പ്രതിഫലിപ്പിക്കുന്നതിന്, അതിന്റെ അന്തസത്ത പ്രതിഫലിപ്പിക്കുന്നതിന്, അതിന്റെ അന്തർലീനമായ നിയമങ്ങൾ പ്രതിഫലിക്കുന്നതിനു, ചപ്പുചവറായതിനെ തള്ളിക്കളഞ്ഞു കൊണ്ടും സാരവത്തായതിനെ തെരഞ്ഞെടുത്തുകൊണ്ടും, തെറ്റായതിനെ ഇല്ലായ്മചെയ്തുകൊണ്ടും, ശരി



യായതിനെ നിലനിർത്തികൊണ്ടും ഒന്നിൽനിന്നു മറ്റൊന്നിലേക്കും പുറത്തുനിന്ന് ഉള്ളിലേക്കു മുന്നേറിക്കൊണ്ടും, ധാരണകളുടേയും സിദ്ധാന്തങ്ങളുടേയും ഒരു വ്യവസ്ഥയ്ക്കു രൂപം നൽകുന്നതിനുവേണ്ടി ചിന്താവ്യാപാരത്തിലൂടെ ഇന്ദ്രിയ ബോധത്തിലൂടെ ലഭിക്കുന്ന സമ്പന്നമായ വിവരങ്ങൾ പുനർനിർമിക്കേണ്ടതു് ആവശ്യമാണ്. ഇന്ദ്രിയഗോചര ജ്ഞാനത്തിൽനിന്നു സയുക്തിക ജ്ഞാനത്തിലേക്കു് ഒരു കുതിച്ചു ചാട്ടം നടത്തേണ്ടതു് ആവശ്യമാണ്. ഇത്തരം പുനർനിർമിക്കപ്പെട്ട അറിവു് കൂടുതൽ പൊള്ളയോ കൂടുതൽ അവിശ്വസനീയമോ ആയതല്ല; നേരെ മറിച്ചു പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ ജ്ഞാനസമ്പാദനപ്രക്രിയയിൽ ശാസ്ത്രീയമായി പുനർനിർമിക്കപ്പെട്ടിട്ടുള്ളതെല്ലാം, ലെനിൻ പറഞ്ഞതുപോലെ വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ കൂടുതൽ ആഴത്തിലും, കൂടുതൽ ശരിയായും, കൂടുതൽ പൂർണമായും പ്രതിഫലിപ്പിക്കുന്നു. ഇതിനെതിരായി, തരംതാണ 'പ്രായോഗിക മനുഷ്യർ' അനുഭവത്തെ ബഹുമാനിക്കുകയും എന്നാൽ സിദ്ധാന്തത്തെ പുച്ഛിച്ചു തള്ളുകയും ചെയ്യുന്നു; അതുകൊണ്ട് അവർക്കു മുഴുവൻ വസ്തുനിഷ്ഠപ്രക്രിയയെ കുറിച്ചു് സമഗ്രമായ ഒരു വീക്ഷണം ഉണ്ടാക്കുവാൻ കഴിയുന്നില്ല, വ്യക്തമായ ലക്ഷ്യബോധത്തിന്റെയും ദീർഘ വീക്ഷണത്തിന്റെയും അഭാവം നേരിടുന്നു, വല്ലപ്പോഴുമുണ്ടാകുന്ന വിജയങ്ങളുടെയും സത്യത്തിന്റെ ക്ഷണിക ദൃശ്യങ്ങളുടെയും പേരിൽ അലംഭാവമുള്ളവരാകുന്നു. അതുപോലുള്ള ആളുകൾ ഒരു വിപ്ലവത്തിനു നേതൃത്വം നൽകുകയാണെങ്കിൽ അവർ അതിനെ വഴിമുട്ടിക്കും.

സയുക്തിക ജ്ഞാനം ഇന്ദ്രിയ ഗോചര ജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു, ഇന്ദ്രിയഗോചര ജ്ഞാനം സയുക്തിക ജ്ഞാനത്തിലേക്കു് വികസിപ്പിക്കേണ്ടതുമുണ്ട്. ഇതാണ് അറിവിനെ സംബന്ധിച്ച വൈരുദ്ധ്യാത്മക ഭൗതിക വാദ സിദ്ധാന്തം, തത്വശാസ്ത്രത്തിൽ 'യുക്തിവാദം' ആകട്ടെ 'അനുഭവമാത്രവാദം', ആകട്ടെ അറിവിന്റെ ചരിത്രപരമോ വൈരുദ്ധ്യാത്മകമോ ആയ സ്വഭാവം മനസ്സിലാക്കുന്നില്ല, ഈ ചിന്താധാരകൾ ഓരോന്നും സത്യത്തിന്റെ ഒരു വശം ഉൾക്കൊണ്ടിട്ടുണ്ടെങ്കിലും (ഇവിടെ ഞാൻ പരാമർശിക്കുന്നതു് ഭൗതികവാദപരമായ യുക്തിവാദത്തെയും അനുഭവമാത്രവാദത്തെയും കുറിച്ചാണ്. ആശയ വാദപരമായ യുക്തിവാദത്തെയും അനുഭവ മാത്രവാദത്തെയും കുറിച്ചല്ല.) മൊത്തത്തിൽ ജ്ഞാന സിദ്ധാന്തത്തെ സംബന്ധിച്ചിടത്തോളം അവരണ്ടും തെറ്റാണ്. ഇന്ദ്രിയഗോചര ഘട്ടത്തിൽനിന്ന് സയുക്തിക ഘട്ടത്തിലേക്കുള്ള അറിവിന്റെ വൈരുദ്ധ്യാത്മക ഭൗതികവാദ ചലനം ഒരു ചെറിയ ജ്ഞാന സമ്പാദന പ്രക്രിയയെ സംബന്ധിച്ചും (ഉദാഹരണത്തിന് ഒരൊറ്റ കാര്യമോ കടമയോ മനസ്സിലാക്കുക.) അതുപോലെ തന്നെ ഒരു ബൃഹത്തായ ജ്ഞാനസമ്പാദനപ്രക്രിയയെ സംബന്ധിച്ചും (ഉദാഹരണത്തിന് ഒരു സമൂഹത്തെ മുഴുവനായോ ഒരു വിപ്ളവത്തെ മുഴുവനായോ മനസ്സിലാക്കുക) ശരിയാണ്.

എന്നാൽ അറിവിന്റെ ചലനം ഇവിടം കൊണ്ട് അവസാനിക്കുന്നില്ല. അറിവിന്റെ വൈരുദ്ധ്യാത്മക ഭൗതിക വാദ ചലനം സയുക്തികജ്ഞാനത്തിൽ അവസാനിക്കുകയാണെങ്കിൽ, പ്രശ്നത്തിന്റെ അർദ്ധഭാഗം മാത്രമേ കൈകാര്യം ചെയ്തിട്ടുണ്ടാവുകയുള്ളൂ എന്നാണ്. മാർക്സിസ്റ്റ് തത്വശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം, ഇതു പ്രാധാന്യം കുറഞ്ഞപകുതി മാത്രമാണ്. ലോകനിയമങ്ങളെ മനസ്സിലാക്കുന്ന അറിവിനെ, ലോകത്തെ മാറ്റിമറിക്കുന്നതിനുള്ള പ്രയോഗത്തിലേക്കു് വീണ്ടും നയിക്കണം, ഉത്പാദനപ്രവർത്തനത്തിലും വിപ്ളവപരമായ വർഗസമരത്തിന്റെയും വിപ്ളവ പരമായ ദേശീയ സമരത്തിന്റെയും പ്രയോഗത്തിലും ശാസ്ത്രീയ പരീക്ഷണ പ്രവർത്തനത്തിലും വീണ്ടും പുതുതായി പ്രയോഗിക്കണം. സിദ്ധാന്തത്തെ പരീക്ഷിക്ക

ന്നതിനും [illegible]ക്കുന്നതിനുമുള്ള പ്രക്രിയ, മുഴുവൻ ജ്ഞാന സമ്പാദന
പ്രക്രിയയുടെയും തുടർച്ച ഇതാണ്. സിദ്ധാന്തം വസ്തുനിഷ്ഠ യാഥാർത്ഥ്യ
[illegible] എന്നുള്ളതിനെക്കുറിച്ചുള്ള പ്രസ്താവിച്ച ഇന്ദ്രിയ ഗോ
ചരഘട്ടത്തിൽ [illegible] സയുക്തിക ഘട്ടത്തിലേക്കുള്ള അറിവിൻെറ ചലന
ത്തിൽ [illegible] പൂർത്തീകരിക്കപ്പെടുന്നില്ല. [illegible] കഴിയുകയു
മില്ല. ഈ പ്രശ്നം പൂർണമായും പരിഹരിക്കുന്നതിനുള്ള ഏക പോംവഴി
സയുക്തിക ജ്ഞാനത്തിനെ സാമൂഹ്യമായ പ്രയോഗത്തിലേക്ക് തിരിച്ചു
വിടുകയും, സിദ്ധാന്തത്തെ പ്രയോഗത്തിൽ വരുത്തുകയും, തൻെറ മനസ്സിലു
ള്ള ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അതിന് കഴിയുമോ എന്ന് പരിശോധിക്കു
കയും ചെയ്യുകയെന്നതാണ്. പ്രകൃതിശാസ്ത്രത്തിലെ പല സിദ്ധാന്തങ്ങളും
സത്യമാണെന്നു കരുതുന്നത്, പ്രകൃതിശാസ്ത്രജ്ഞന്മാർ അവയ്ക്ക് രൂപം
കൊടുത്തപ്പോൾ അവയെ അപ്രകാരം പരിഗണിച്ചു എന്നതുകൊണ്ടു മാത്രമല്ല,
പിന്നീടുള്ള ശാസ്ത്രീയ പ്രയോഗത്തിലൂടെ അവയുടെ സത്യാവസ്ഥ തെളിയി
ക്കപ്പെട്ടു എന്നതിനാൽ കൂടിയാണ്. അതുപോലെ തന്നെ മാർക്സിസം ലെനി
നിസം ഒരു സത്യമായി കരുതപ്പെടുന്നത് മാർക്സും എംഗൽസും ലെനിനും
സ്റ്റാലിനും അതിന് ശാസ്ത്രീയമായി രൂപം നൽകിയപ്പോൾ അത് അപ്ര
കാരം പരിഗണിക്കപ്പെട്ടു എന്നതു കൊണ്ടു മാത്രമല്ല, മറിച്ച് പിന്നീടുള്ള വി
പ്ലവപരമായ വർഗസമരത്തിൻെറയും വിപ്ലവപരമായ ദേശീയ സമര
ത്തിൻെറയും പ്രയോഗത്തിലൂടെയും അതിൻെറ സത്യാവസ്ഥ തെളിയിക്ക
പ്പെട്ടു എന്നതിനാൽ കൂടിയാണ്. വൈരുദ്ധ്യാത്മക ഭൗതികവാദം സാർവ
ലൗകിക സത്യമാണ്. കാരണം സ്വന്തം പ്രയോഗത്തിൽ അതിൻെറ മേഖല
യിൽ നിന്ന് ഒഴിഞ്ഞുമാറാൻ ആർക്കും സാദ്ധ്യമല്ല. മനുഷ്യജ്ഞാനത്തിൻെറ
ചരിത്രം നമ്മെ പഠിപ്പിക്കുന്നത് പല സിദ്ധാന്തങ്ങളുടെയും സത്യം അപൂർണ
മാണെന്നും ഈ അപൂർണത പരിഹരിക്കപ്പെടുന്നത് പ്രയോഗം എന്ന പരീക്ഷ
ണത്തിലൂടെ ആണെന്നുമാണ്. പല സിദ്ധാന്തങ്ങളും തെററായവയാണ്,
അവയുടെ തെററുകൾ തിരുത്തപ്പെടുന്നത് പ്രയോഗം എന്ന പരീക്ഷണത്തിലൂ
ടെയാണ്. അതുകൊണ്ടാണ് പ്രയോഗം സത്യത്തിൻെറ മാനദണ്ഡമായിരി
ക്കുന്നതും, 'ജീവിതത്തിൻെറ, അതായത് പ്രയോഗത്തിൻെറ നിലപാട്
ജ്ഞാനസിദ്ധാന്തത്തിൽ പ്രഥമവും അടിസ്ഥാനപരവും ആയിരിക്കേണ്ടതും.6 '
സ്റ്റാലിൻ ഉചിതമായി പറഞ്ഞു, 'വിപ്ലവസിദ്ധാന്തം വഴിതെളിക്കാനി
ല്ലെങ്കിൽ പ്രയോഗം ഇരുട്ടിൽ തപ്പിതടയുന്നതുപോലെ തന്നെ, വിപ്ലവപര
മായ പ്രയോഗവുമായി കൂട്ടിയിണക്കിയില്ലെങ്കിൽ സിദ്ധാന്തം ഉദ്ദേശരഹിത
മായിത്തീരുകയും ചെയ്യുന്നു'7.

ഇവിടംവരെ നാം എത്തുമ്പോൾ അറിവിൻെറ ചലനം പൂർണമായോ? ന
മ്മുടെ ഉത്തരം ഇതാണ്; ആയി, എന്നാൽ ആയിട്ടുമില്ല. സമൂഹത്തിൽ ജീ
വിക്കുന്ന മനുഷ്യൻ വികാസത്തിൻെറ ഒരു പ്രത്യേക ഘട്ടത്തിൽ എത്തിയിട്ടു
ള്ള ഏതെങ്കിലും ഒരു പ്രത്യേക വസ്തുനിഷ്ഠ പ്രക്രിയയെ (പ്രകൃതിയെ സംബ
ന്ധിച്ചതോ സാമൂഹ്യമോ ആകട്ടെ) മാററിമറിക്കുന്നതിനുള്ള പ്രയോഗത്തിൽ
ഏർപ്പെടുമ്പോൾ വസ്തുനിഷ്ഠ പ്രക്രിയ അവരുടെ തലച്ചോറിൽ ഉണ്ടാക്കുന്ന
പ്രതിഫലനത്തിൻേറയും അവരുടെ ബോധപൂർവ്വമായ, ഊർജ്ജ സ്വലമായ
പങ്ക് നിർവഹിക്കുന്നതിൻേറയും ഫലമായി അവർക്ക് തങ്ങളുടെ അറിവിനെ
ഇന്ദ്രിയഗോചരതയിൽനിന്ന് സയുക്തികതയിലേക്ക് മുന്നോട്ട് കൊണ്ടുപോ
കാനും ആ വസ്തുനിഷ്ഠ പ്രക്രിയയുടെ നിയമങ്ങൾക്ക് പൊതുവിൽ അനുസൃത
മായിട്ടുള്ള ആശയങ്ങളോ സിദ്ധാന്തങ്ങളോ പദ്ധതികളോ പരിപാടികളോ
സൃഷ്ടിക്കുവാനും കഴിയുന്നു. എന്നിട്ട് അവർ ഈ ആശയങ്ങളെയോ സി
ദ്ധാന്തങ്ങളെയോ, പദ്ധതികളെയോ പരിപാടികളെയോ അതേ വസ്തുനിഷ്ഠ
പ്രക്രിയയിൽ പ്രയോഗിക്കുന്നു. അവർക്ക് തങ്ങളുടെ മനസ്സിലുള്ള ലക്ഷ്യ



ങ്ങൾ സാക്ഷാത്കരിക്കുവാൻ [illegible], അതായത് പ്രയോഗത്തിൻെറ
അലസ പ്രക്രിയയിൽ [illegible] രൂപീകരിക്കപ്പെട്ട ആ ആശയങ്ങളെയോ
സിദ്ധാന്തങ്ങളെയോ [illegible] പദ്ധതികളെയോ
രൂപാന്തരപ്പെടുത്തി [illegible]
ഴിയുമെങ്കിൽ, ഈ പ്രത്യേക പ്രക്രിയയെ സംബന്ധിച്ചിടത്തോളം [illegible]
ൻെറ ചലനം പൂർത്തീകരിക്കപ്പെട്ടതായി പരിഗണിക്കാം. [illegible]
ററിമറിക്കുന്നതിനുള്ള പ്രക്രിയയിൽ, ഒരു എഞ്ചിനീയറിംഗ് പദ്ധതിയുടെ
പൂർത്തീകരണത്തെയോ ഒരു ശാസ്ത്രീയ പരികല്പന തെളിയിക്കുന്നതി
നെയോ ഒരു ഉപകരണത്തിൻെറ നിർമ്മാണത്തെയോ ഒരു വിളവ് കൊയ്തെ
ടുക്കുന്നതിനെയോ ഉദാഹരണമായി എടുക്കുക, അഥവാ സമൂഹത്തിനെ മാററി
മറിക്കുന്നതിനുള്ള പ്രക്രിയയിൽ ഒരു പണിമുടക്കിൻെറ വിജയത്തെയോ, ഒരു
യുദ്ധത്തിൽ ഉണ്ടായ വിജയത്തെയോ, ഒരു വിദ്യാഭ്യാസ പദ്ധതിയുടെ പൂർത്തീ
കരണത്തെയോ ഉദാഹരണമായെടുക്കുക. ഇവയെല്ലാം തന്നെ ഒരാൾക്ക് തൻെറ
മനസ്സിലുള്ള ലക്ഷ്യങ്ങളുടെ സാക്ഷാത്കരണമായി കണക്കാക്കാം. എന്നാൽ
പൊതുവിൽ പറയുകയാണെങ്കിൽ, പ്രകൃതിയെ മാററി മറിക്കുന്ന പ്രയോഗ
ത്തിലോ സമൂഹത്തെ മാററിമറിക്കുന്ന പ്രയോഗത്തിലോ ഏതിലായാലും
ശരി, മനുഷ്യരുടെ ആരംഭത്തിലുള്ള ആശയങ്ങളോ സിദ്ധാന്തങ്ങളോ പദ്ധതി
കളോ പരിപാടികളോ യാതൊരു മാററവും കൂടാതെ അപൂർവമായേ സാക്ഷാ
ത്കരിക്കപ്പെടാറുള്ളൂ. യാഥാർത്ഥ്യത്തെ മാററിമറിക്കുന്നതിൽ ഏർപ്പെട്ടിരിക്കു
ന്ന ആളുകൾ സാധാരണയായി നിരവധി പരിമിതികൾക്ക് വിധേയരാണെ
ന്നുള്ളതാണ് ഇതിനുള്ള കാരണം; നിലവിലുള്ള ശാസ്ത്രീയവും സാങ്കേതി
കവുമായ സ്ഥിതികളാൽ മാത്രമല്ല, വസ്തുനിഷ്ഠപ്രക്രിയയുടെ തന്നെ വികാ
സത്താലും ഈ പ്രക്രിയ പ്രകടമായിത്തീർന്നിട്ടുള്ള തോതനുസരിച്ചും (വസ്തുനി
ഷ്ഠപ്രക്രിയയുടെ വശങ്ങളും അന്തസത്തയും ഇനിയും പൂർണമായി വെളിവാ
ക്കപ്പെട്ടിട്ടില്ല.) അവർ നിയന്ത്രിതരാണ്. അതുപോലുള്ള ഒരു സാഹചര്യ
ത്തിൽ, ആശയങ്ങളോ, സിദ്ധാന്തങ്ങളോ, പദ്ധതികളോ, പരിപാടികളോ
സാധാരണയായി ഭാഗികമായിട്ടോ ചിലപ്പോൾ പൂർണമായി പോലുമോ
മാററപ്പെടുന്നു; കാരണം പ്രയോഗത്തിൻെറ ഗതിക്രമത്തിനിടയ്ക്ക് മുൻകൂട്ടിക്കാ
ണാത്ത പരിതഃസ്ഥിതികൾ കണ്ടുപിടിക്കപ്പെടുന്നു. അതായത് ആരംഭത്തി
ലുള്ള ആശയങ്ങളോ സിദ്ധാന്തങ്ങളോ പദ്ധതികളോ പരിപാടികളോ, മുഴുവ
നായോ ഭാഗികമായിട്ടോ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാതെ വരികയും,
അവ പൂർണമായോ ഭാഗികമായോ ശരിയല്ലാതിരിക്കുകയും ചെയ്യുന്നു. പല
സന്ദർഭങ്ങളിലും, അറിവിലുള്ള തെററുകൾ തിരുത്താൻ കഴിയുന്നതിനു മുമ്പും
വസ്തുനിഷ്ഠപ്രക്രിയയുടെ നിയമങ്ങളുമായുള്ള പൊരുത്തം നേടിയെടുക്കാൻ
കഴിയുന്നതിനു മുമ്പും, തൽഫലമായി ആത്മനിഷ്ഠമായതിനെ വസ്തുനിഷ്ഠ
മായതായി രൂപാന്തരപ്പെടുത്താൻ കഴിയുന്നതിനു മുമ്പും, അഥവാ മറെറാരു
വിധത്തിൽ പറഞ്ഞാൽ പ്രതീക്ഷിക്കപ്പെട്ട ഫലങ്ങൾ പ്രയോഗത്തിൽ നേടി
യെടുക്കാൻ കഴിയുന്നതിനു മുമ്പും പരാജയങ്ങൾ പല പ്രാവശ്യം ആവർത്തി
ക്കേണ്ടിവരും. എന്നിരുന്നാലും ആ ഘട്ടത്തിൽ എത്തിക്കഴിയുമ്പോൾ, സ്വ
ന്തം വികാസത്തിൻെറ ഒരു പ്രത്യേക ഘട്ടത്തിൽ എത്തിയിട്ടുള്ള ഏതെങ്കിലും
ഒരു വസ്തുനിഷ്ഠ പ്രക്രിയയെ സംബന്ധിച്ച മനുഷ്യജ്ഞാനത്തിൻെറ ചല
നം പൂർത്തീകരിക്കപ്പെട്ടതായി കണക്കാക്കാം.

എന്നിരുന്നാലും, പ്രക്രിയയുടെ മുന്നേററത്തെ സംബന്ധിച്ചിടത്തോളം;
മനുഷ്യജ്ഞാനത്തിൻെറ ചലനം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. പ്രകൃതിയുടെ മ
ണ്ഡലത്തിലുള്ളതായാലും ശരി, സാമൂഹ്യമണ്ഡലത്തിലുള്ളതായാലും ശരി
ഏതൊരു പ്രക്രിയയും പുരോഗതി പ്രാപിക്കുകയും വികസിക്കുകയും ചെയ്യുന്ന
ത് അതിൻെറ ആന്തരിക വൈരുദ്ധ്യവും സമരവും കാരണമാണ്, മനുഷ്യ

ജ്ഞാനത്തിന്റെ ചലനവും അതിനോടൊപ്പം പുരോഗതി പ്രാപിക്കുകയും വികസിക്കുകയും ചെയ്യണം. സാമൂഹ്യ പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം, യഥാർത്ഥ വിപ്ലവനേതാക്കന്മാർ, മുൻപ് സൂചിപ്പിച്ചിട്ടുള്ളതുപോലെ, തെറ്റുകൾ കണ്ടുപിടിക്കപ്പെടുമ്പോൾ തങ്ങളുടെ ആശയങ്ങളോ സിദ്ധാന്തങ്ങളോ പദ്ധതികളോ പരിപാടികളോ തിരുത്തുന്നതിൽ കഴിവുള്ളവരായിരുന്നാൽ മാത്രംപോരാ; മറിച്ച് ഒരു പ്രത്യേക വസ്തുനിഷ്ഠപ്രക്രിയ പുരോഗമിക്കുകയും വികാസത്തിന്റെ ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്ക് മാറുകയും ചെയ്തു കഴിഞ്ഞിരിക്കേ, തങ്ങളുടെയും തങ്ങളുടെ കൂടെയുള്ള എല്ലാ വിപ്ലവകാരികളുടെയും ആത്മനിഷ്ഠമായ അറിവിനെ ആ പ്രക്രിയക്കൊപ്പം പുരോഗമിപ്പിക്കുകയും മാറുകയും ചെയ്യുന്നതിനും കൂടി അവർക്ക് കഴിവുണ്ടായിരിക്കണം, അതായത് നിർദേശിക്കപ്പെട്ടിട്ടുള്ള പുതിയ വിപ്ലവ കടമകളും പുതിയ പ്രവർത്തന പരിപാടികളും പരിതഃസ്ഥിതിയുടെ പുതിയ മാറ്റങ്ങൾക്ക് അനുസരണമായിട്ടുള്ളതാണെന്ന് അവർ ഉറപ്പു വരുത്തണം. ഒരു വിപ്ലവ കാലഘട്ടത്തിൽ പരിതഃസ്ഥിതിക്ക് വളരെപ്പെട്ടെന്ന് മാറ്റങ്ങൾ സംഭവിക്കുന്നു; മാറിയ പരിതഃസ്ഥിതിക്കനുസരിച്ച് വിപ്ലവകാരികളുടെ അറിവിന് പെട്ടെന്ന് മാറ്റം വരുന്നില്ലെങ്കിൽ, അവർക്ക് വിപ്ലവത്തെ വിജയത്തിലേക്ക് നയിക്കുവാൻ കഴിയുകയില്ല.

എന്നിരുന്നാലും, ചിന്ത യാഥാർത്ഥ്യത്തിന്റെ പിന്നിലായി പോകുന്നു എന്നതു് പലപ്പോഴും സംഭവിക്കുന്നു; ഇതിനു കാരണം മനുഷ്യന്റെ ജ്ഞാനസമ്പാദനം നിരവധി സാമൂഹ്യ സാഹചര്യങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. മാറുന്ന വസ്തുനിഷ്ഠ സാഹചര്യങ്ങൾക്കനുസരണമായി അങ്ങിനെ ചരിത്രപരമായി വലതുപക്ഷ അവസരവാദമായി സ്വയം പ്രകടിതവുമായ ചിന്താഗതിയുള്ള വിപ്ലവ അണികളിലെ മൂരാച്ചികൾക്ക് നാം എതിരാണ്. വിപരീതങ്ങളുടെ സമരം വസ്തുനിഷ്ഠപ്രക്രിയയെ മുൻപേ തന്നെ മുന്നോട്ട് തള്ളിനീക്കിയിട്ടുണ്ടെന്നും അതേ സമയം തങ്ങളുടെ അറിവ് പഴയഘട്ടത്തിൽ മരവിച്ച് നിൽക്കുകയാണെന്നും ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല. എല്ലാ മൂരാച്ചികളുടെയും ചിന്താരീതിയുടെ സവിശേഷതയാണ് ഇതു്. അവരുടെ ചിന്ത സാമൂഹ്യമായ പ്രയോഗത്തിൽനിന്ന് വേറിട്ടു നിൽക്കുന്നു. സമൂഹമെന്ന രഥത്തിനു മാർഗനിർദേശം നൽകുന്നതിനായി മുന്നിൽ മാർച്ച് ചെയ്യുവാൻ അവർക്ക് കഴിയില്ല; രഥം വളരെ വേഗത്തിലാണ് പോകുന്നതെന്ന് പിറുപിറുത്തുകൊണ്ടും അതിനെ പിന്നോട്ടു വലിക്കുവാനോ നേരേ എതിരായ ദിശയിലേക്ക് തിരിക്കുവാനോ ശ്രമിച്ചുകൊണ്ടും അവർ പിന്നിൽ ഇഴയുക മാത്രം ചെയ്യുന്നു.

'ഇടതുപക്ഷ' വാചകമടികൾക്കും നമ്മൾ എതിരാണ്. 'ഇടതുപക്ഷവാദി'യുടെ ചിന്ത വസ്തുനിഷ്ഠ പ്രക്രിയയുടെ ഒരു പ്രത്യേക ഘട്ടത്തിലുള്ള വികാസത്തെ മറികടക്കുന്ന തരത്തിലുള്ളതാണ്; ചിലർ തങ്ങളുടെ വിചിത്രകൽപനകൾ സത്യമാണെന്നു കരുതുന്നു. അതേ സമയം മറ്റു ചിലർ ഭാവിയിൽ മാത്രം സാക്ഷാത്കരിക്കുവാൻ കഴിയുന്ന ഒരാദർശം ഇപ്പോൾതന്നെ സാക്ഷാത്കരിക്കുന്നതിനായി പണിപ്പെടുന്നു. അവർ ഭൂരിപക്ഷം ജനങ്ങളുടെ വർത്തമാന പ്രയോഗത്തിൽ നിന്നും ഇന്നിന്റെ യാഥാർത്ഥ്യങ്ങളിൽ നിന്നും സ്വയം അകന്നു നിൽക്കുകയും തങ്ങളുടെ പ്രവർത്തികളിൽ സാഹസികവാദികളായി സ്വയം പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

ആശയവാദം, യാന്ത്രികഭൗതികവാദം, അവസരവാദം, സാഹസികവാദം എന്നിവയുടെ എല്ലാംതന്നെ സവിശേഷത അവ ആത്മനിഷ്ഠമായതിനെയും വസ്തുനിഷ്ഠമായതിനെയും തമ്മിൽ അകറ്റുന്നു എന്നതും അറിവിനെ പ്രയോഗത്തിൽ നിന്ന് വേർപ്പെടുത്തുന്നു എന്നതുമാണ്.



ശാസ്ത്രീയ സാമൂഹ്യ പ്രയോഗത്തിൽ സവിശേഷമാക്കപ്പെട്ടിട്ടുള്ളതുകൊണ്ട് മാർക്സിസ്റ്റു–ലെനിനിസ്റ്റ് ജ്ഞാനസിദ്ധാന്തത്തിന് ഈ തെറ്റായ പ്രത്യയശാസ്ത്രങ്ങളെ ദൃഢനിശ്ചയത്തോടെ എതിരിടുവാൻ കഴിയുകയില്ല. പ്രപഞ്ചത്തിന്റെ കേവലവും പൊതുവിലുള്ളതുമായ വികാസ പ്രക്രിയയിൽ, ഓരോ പ്രത്യേക പ്രക്രിയയുടെയും വികാസം ആപേക്ഷികമാണെന്നും, അതുകൊണ്ട് കേവലമായ സത്യത്തിന്റെ അനന്തമായ പ്രവാഹത്തിൽ ഒരു പ്രത്യേക പ്രക്രിയയെ കുറിച്ച്, പ്രത്യേക ഘട്ടത്തിൽ വച്ച്, മനുഷ്യനുള്ള ജ്ഞാനം ആപേക്ഷികസത്യം മാത്രമാണെന്നും മാർക്സിസ്റ്റുകൾ അംഗീകരിക്കുന്നു. അസംഖ്യം ആപേക്ഷികസത്യങ്ങളുടെ ആകെത്തുകയാണ് കേവല സത്യം. ഒരു വസ്തുനിഷ്ഠപ്രക്രിയയുടെ വികാസം വൈരുദ്ധ്യങ്ങളും സമരങ്ങളും നിറഞ്ഞതാണ്; അതുപോലെ തന്നെയാണ് മനുഷ്യജ്ഞാനത്തിന്റെ ചലനത്തിന്റെ വികാസവും. വസ്തുനിഷ്ഠ ലോകത്തിന്റെ എല്ലാ വൈരുദ്ധ്യാത്മക ചലനങ്ങളും ഉടനെയോ പിന്നീടോ മനുഷ്യജ്ഞാനത്തിൽ പ്രതിഫലിപ്പിക്കുവാൻ കഴിയും. സാമൂഹ്യമായ പ്രയോഗത്തിൽ, നിലവിൽ വരികയും വികസിക്കുകയും അപ്രത്യക്ഷമാവുകയും ചെയ്യുകയെന്ന പ്രക്രിയ അനന്തമാണ്. അതുപോലെതന്നെയാണ് നിലവിൽ വരികയും വികസിക്കുകയും അപ്രത്യക്ഷമാവുകയും ചെയ്യുകയെന്ന പ്രക്രിയ മനുഷ്യജ്ഞാനത്തിലും. നിർദിഷ്ടമായ ആശയങ്ങൾക്കോ സിദ്ധാന്തങ്ങൾക്കോ പദ്ധതികൾക്കോ പരിപാടികൾക്കോ അനുസരണമായി വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആളുകളുടെ അറിവും കൂടുതൽ കൂടുതൽ ആഴത്തിലുള്ളതായിത്തീരുന്നു. വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റേതായ ലോകത്തിലെ മാറ്റത്തിന്റെ ചലനം ഒരിക്കലും അവസാനിക്കാത്തതാണ് അതുപോലെ തന്നെയാണ് പ്രയോഗത്തിലൂടെ സത്യത്തെക്കുറിച്ചുള്ള മനുഷ്യന്റെ ജ്ഞാനസമ്പാദനവും. മാർക്സിസം–ലെനിനിസം സത്യത്തിന്റെ ഉള്ളടക്കമൊകെ ഒരു വിധത്തിലും പുറത്തുകൊണ്ടുവന്നു കഴിഞ്ഞിട്ടില്ല, മറിച്ച് അതു് പ്രയോഗത്തിന്റെ ഗതിക്രമത്തിനിടയിൽ സത്യം അറിയുന്നതിനുള്ള പാതകൾ നിരന്തരം വെട്ടിത്തുറക്കുന്നു. ആത്മനിഷ്ഠമായതിന്റെയും വസ്തുനിഷ്ഠമായതിന്റെയും സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും അറിയുന്നതിന്റെയും ചെയ്യുന്നതിന്റെയും സമൂർത്തവും ചരിത്രപരവുമായ ഐക്യം എന്നതാണ് നമ്മുടെ നിഗമനം, സമൂർത്ത ചരിത്രത്തിൽ നിന്ന് വേറിട്ടു നിൽക്കുന്ന 'ഇടതോ, വലതോ' ആയ എല്ലാ തെറ്റായ പ്രത്യയ ശാസ്ത്രങ്ങൾക്കും നാം എതിരാണ്.

സാമൂഹ്യ വികാസത്തിന്റെ വർത്തമാനയുഗത്തിൽ, ലോകത്തെ ശരിയായി അറിയുകയും മാറ്റിമറിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ചരിത്രം തൊഴിലാളിവർഗത്തിന്റെയും അതിന്റെ പാർട്ടിയുടെയും ചുമലുകളിൽ അർപ്പിച്ചിരിക്കുന്നു. ശാസ്ത്രീയ ജ്ഞാനത്തിന് അനുസരണമായി നിർണയിക്കപ്പെട്ടിട്ടുള്ള ഈ പ്രക്രിയ, ലോകത്തെ മാറ്റിമറിക്കുന്ന പ്രയോഗം, ലോകത്തിലും ചൈനയിലും ചരിത്രപ്രധാനമായ ഒരു മഹത്തായ നിമിഷത്തിൽ, മനുഷ്യചരിത്രത്തെ സംബന്ധിച്ചിടത്തോളം അഭൂതപൂർവമായ ഒരു മഹത്തായ നിമിഷത്തിൽ, അതായതു് ലോകത്തിൽനിന്നും ചൈനയിൽനിന്നും അന്ധകാരം പൂർണമായും തുടച്ചു നീക്കപ്പെടുന്നതും മുമ്പൊരിക്കലും നിലനിന്നിട്ടില്ലാത്ത വിധത്തിൽ ലോകത്തെ പ്രകാശമാനമായ ഒരു ലോകമാക്കി മാറ്റിമറിക്കുന്നതുമായ നിമിഷത്തിൽ ഇതിനോടകം എത്തിച്ചേർന്നിട്ടുണ്ട്.

ലോകത്തെ മാററിമറിക്കുന്നതിനുള്ള തൊഴിലാളിവർഗത്തിന്റെയും വി ഷ്പവജനതയുടെയും സമരത്തിൽ താഴെപ്പറയുന്ന കടമകളുടെ പൂർത്തീകരണം ഉൾപ്പെടുന്നു. വസ്തുനിഷ്ഠലോകത്തെ മാററിമറിക്കുകയും അതേ സമയം തങ്ങളുടെ തന്നെ ആത്മനിഷ്ഠ ലോകത്തെ മാററിമറിക്കുകയും ചെയ്യുക. തങ്ങ ളുടെ ജ്ഞാനസമ്പാദനത്തിനുള്ള കഴിവിന് മാററംവരുത്തുകയും ആത്മനിഷ്ഠ ലോകവും വസ്തുനിഷ്ഠലോകവും തമ്മിലുള്ള ബന്ധങ്ങൾ മാററിമറിക്കുക യും ചെയ്യുക. അതുപോലുള്ള ഒരു മാററം ഭൂഗോളത്തിന്റെ ഒരു ഭാഗത്ത്, സോ വിയററ് യൂണിയനിൽ, ഇതിനോടകം സംഭവിച്ചുകഴിഞ്ഞിട്ടുണ്ട്. അവിടെ ജനങ്ങൾ മാററത്തിന്റേതായ ഈ പ്രക്രിയയെ മുന്നോട്ട് നീക്കിക്കൊണ്ടിരിക്ക യാണ്. ചൈനയിലെയും ശേഷിക്കുന്ന ലോകത്തിന്റെയും ജനങ്ങൾ അത്തരം ഒരു പ്രക്രിയയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കയാണ്, അല്ലെങ്കിൽ അ തിലൂടെ കടന്നുപോകുന്നു. മാററിമറിക്കേണ്ടതായ വസ്തുനിഷ്ഠലോകത്തിൽ മാ റററത്തിന്റെ എല്ലാ എതിരാളികളും കൂടി ഉൾപ്പെടുന്ന, സ്വമനസ്സാലെയുള്ള ത്തും ബോധപൂർവവുമായ മാററത്തിന്റെ ഘട്ടത്തിൽ പ്രവേശിക്കുവാൻ അവർ ക്ക കഴിയുന്നതിനു മുമ്പ്, മാററത്തിന് അവരെ വിധേയരാക്കുന്നതിനുവേണ്ടി നിർബന്ധപൂർവമുള്ള മാററത്തിന്റേതായ ഒരു ഘട്ടത്തിൽ കൂടി അവർ കടന്നു പോകണം. മനുഷ്യരാശിയാകെ തങ്ങളെ തന്നെയും ബോധപൂർവവും മാററി മറിക്കുമ്പോൾ ലോക കമ്യൂണിസത്തിന്റേതായ യുഗത്തിൽ നാം എത്തി ച്ചേരും.

പ്രയോഗത്തിലൂടെ സത്യത്തെ കണ്ടെത്തുക, വീണ്ടും പ്രയോഗത്തിലൂടെ സത്യത്തെ പരീക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക. ഇന്ദ്രിയഗോചര ജ്ഞാനത്തിൽ നിന്ന് ആരംഭിക്കുകയും സയുക്തികജ്ഞാനത്തിലേക്ക് അതി നെ സജീവമായി വികസിപ്പിക്കുകയും ചെയ്യുക; പിന്നീട് സയുക്തികജ്ഞാ നത്തിൽനിന്ന് ആരംഭിക്കുകയും ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ ലോ കത്തെ മാററിമറിക്കുന്നതിനായി വിപ്ലവപ്രയോഗത്തെ സജീവമായി നയി ക്കുകയും ചെയ്യുക. പ്രയോഗം, അറിവ് വീണ്ടുംപ്രയോഗം, വീണ്ടും അറി വ്, വീണ്ടും പ്രയോഗം, വീണ്ടും അറിവ്....ഇത് അനന്തമായി ചാക്രികമാ യി സ്വയം ആവർത്തിക്കുന്നു, ഒരോ ചാക്രിക ചലനത്തോടെയും പ്രയോഗ ത്തിന്റെയും അറിവിന്റെയും ഉള്ളടക്കം കൂടുതൽ ഉയർന്ന ഒരു തലത്തിലേക്ക് ഉയരുന്നു. വൈരുദ്ധ്യാത്മക ഭൗതികവാദ ജ്ഞാനസിദ്ധാന്തമാകെ ഇപ്ര കാരമാണ്, അറിയുന്നതിന്റെയും ചെയ്യുന്നതിന്റെയും ഐക്യത്തെ സംബ ന്ധിച്ച വൈരുദ്ധ്യാത്മക ഭൗതികവാദസിദ്ധാന്തവും ഇതാണ്.

## കുറിപ്പുകൾ

1. ഹെഗലിന്റെ 'സയൻസ് ഓഫ് ലോജിക്' എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പുസ്തകത്തിലെ മൂന്നാം ഭാഗത്തിലെ 'ആശയം' എന്ന ലേഖനത്തെപ്പ ററി ലെനിൻ എഴുതിയ കുറിപ്പുകൾ. കളക്ടഡ് വർക്സ്, റഷ്യൻ എഡി ഷൻ, മോസ്കോ 1958, വാല്യം 38, പേജ് 205.

2. മാർക്സിന്റെ 'തിസീസ് ഓൺ ഫോയർബാഹ്' നോക്കുക. മാർ ക്സും, ഏംഗൽസും തെരഞ്ഞെടുത്ത കൃതികളിൽ, ലെനിൻ, ഭൗതികവാദ വും അനുഭവൈക വിമർശനവും മോസ്കോ 1952, പേജ് 146_42.



3. ഹെഗലിന്റെ 'സയൻസ് ഓഫ് ലോജിക്' എന്ന പുസ്തകത്തി ന്റെ 3_ാം ഭാഗത്തിലെ 'Subjective Logic or the Doctrine of Nation' എന്നതിനെക്കുറിച്ചുള്ള ലെനിന്റെ കുറിപ്പുകൾ, കലക്ടഡ് വർക്സ്, മോ സ്കോ 1958, ഭാഗം 38, പേജ് 161.

4. ഇതേ പുസ്തകം 'ചൈനീസ് വിപ്ലവയുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ' എന്ന ലേഖനം നോക്കുക.

5. ലെനിൻ 'എന്തുചെയ്യണം.' കലക്ടഡ് വർക്സ്, മോസ്കോ_ 1961, ഭാഗം 5, പേജ് 369.

6. ലെനിൻ 'ഭൗതികവാദവും അനുഭവൈക വിമശ്നവും' മോസ്കോ_ 1952, പേജ് 141.

7. സ്റ്റാലിൻ 'ലെനിനിസത്തിന്റെ അടിസ്ഥാനം'

8. ലെനിൻ 'ഭൗതികവാദവും അനുഭവൈക വിമർശനവും' മോസ്കോ- 1952, പേജ്129_36

# വൈരുദ്ധ്യത്തെക്കുറിച്ച്*

1937, ആഗസ്റ്റ്

വസ്തുക്കളിലെ വൈരുദ്ധ്യത്തിന്റെ നിയമമാണ്, അതായത് വിപരീത
ങ്ങളുടെ ഐക്യത്തിന്റെ നിയമമാണ് ഭൗതിക വൈരുദ്ധ്യവാദത്തിന്റെ അ
ടിസ്ഥാനനിയമം. ലെനിൻ പറഞ്ഞു, 'ശരിയായ അർത്ഥത്തിൽ വൈരുദ്ധ്യ
ശാസ്ത്രം വസ്തുക്കളുടെ **തനിസത്തയിലുള്ള** വൈരുദ്ധ്യത്തിന്റെ പഠനമാണ്'1.
ലെനിൻ പലപ്പോഴും ഈ നിയമത്തെ വൈരുദ്ധ്യശാസ്ത്രത്തിന്റെ അന്ത
സത്ത എന്നു വിശേഷിപ്പിച്ചിട്ടുണ്ട്; അദ്ദേഹം അതിനെ വൈരുദ്ധ്യശാസ്ത്ര
ത്തിന്റെ കാതൽ എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. 2 അതുകൊണ്ട് ഈ നി
യമത്തെക്കുറിച്ച് പഠിക്കുമ്പോൾ നമുക്ക് വിവിധ തരത്തിലുള്ള പ്രശ്നങ്ങളെ
നിരവധി ദാർശനിക പ്രശ്നങ്ങളെ സ്പർശിക്കാതിരിക്കാൻ കഴിയില്ല.
ഈ എല്ലാ പ്രശ്നങ്ങളെക്കുറിച്ചും വ്യക്തത കൈവരിക്കാൻ കഴിഞ്ഞാൽ ഭൗ
തിക വൈരുദ്ധ്യവാദത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ ഒരു ധാരണയിൽ
എത്തിച്ചേരാൻ കഴിയും. പ്രശ്നങ്ങൾ ഇവയാണ്: രണ്ടു ലോകവീക്ഷണങ്ങൾ
വൈരുദ്ധ്യത്തിന്റെ സാർവത്രികത, വൈരുദ്ധ്യത്തിന്റെ പ്രത്യേകത, മുഖ്യ
വൈരുദ്ധ്യവും ഒരു വൈരുദ്ധ്യത്തിന്റെ മുഖ്യവശവും, ഒരു വൈരുദ്ധ്യത്തിലെ
വിരുദ്ധവശങ്ങളുടെ അനന്യതയും സമരവും, വൈരുദ്ധ്യത്തിൽ ശത്രുതയുടെ
സ്ഥാനം.

സോവിയറ്റ് ദാർശനിക വൃത്തങ്ങളിൽ, ഡെബോറിന്റെയും അനുയായി
കളുടെയും ആശയവാദത്തെ സംബന്ധിച്ച് ഈയിടെ നടന്ന വിമർശനം നമ്മ
ക്കിടയിൽ വളരെയധികം താൽപ്പര്യം സൃഷ്ടിച്ചിട്ടുണ്ട്. ഡെബോറിന്റെ
ആശയവാദം ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെമേൽ വളരെ ദുഷിച്ച
സ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മുടെ പാർട്ടിയിലെ വരട്ടുതത്വവാദപരമാ
യ ചിന്താഗതിക്ക് മേൽപറഞ്ഞ ചിന്താഗതിക്കാരുടെ സമീപനത്തോട് ബ
ന്ധമില്ലെന്ന് പറയാൻ കഴിയുകയില്ല. അതുകൊണ്ട് വരട്ടുതത്വവാദപരമായ
ചിന്താഗതിയെ നിർമാർജനം ചെയ്യുക എന്നതായിരിക്കണം ദർശനത്തെക്കു
റിച്ചുള്ള നമ്മുടെ ഇപ്പോഴത്തെ പഠനത്തിന്റെ പ്രധാന ലക്ഷ്യം.

* 'പ്രയോഗത്തെക്കുറിച്ച്' എന്ന തന്റെ ഉപന്യാസത്തിനുശേഷം, അന്നു
പാർട്ടിയിൽ നിലനിന്നിരുന്ന വരട്ടുതത്വവാദപരമായ ചിന്താഗതിയുടെ ഗുരു
തരമായ തെറ്റിനെ കീഴടക്കുക എന്ന അതേ ലക്ഷ്യത്തോടുകൂടിയാണ് സഖാ
വ് മാവോ സെതുങ് ഈ ഉപന്യാസം എഴുതിയത്. 1937 ആഗസ്റ്റിൽ
യെനാനിലെ ജാപ്പവിരുദ്ധ സൈനിക രാഷ്ട്രീയ കോളജിൽ ചെയ്ത പ്രസം
ഗങ്ങളിൽ ആദ്യമായി അവതരിപ്പിച്ച ഈ ഉപന്യാസം തെരഞ്ഞെടുത്ത കൃതി
കളിൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് അദ്ദേഹം തന്നെ പരിഷ്കരിക്കുകയു
ണ്ടായി.



## 1. രണ്ടു ലോകവീക്ഷണങ്ങൾ

മനുഷ്യവിജ്ഞാനത്തിന്റെ ചരിത്രത്തിലുടനീളം പ്രപഞ്ചത്തിന്റെ വി
കാസനിയമത്തെ സംബന്ധിച്ച് രണ്ടു വീക്ഷണഗതികൾ ഉണ്ടായിട്ടുണ്ട്.
അതിഭൗതികവാദ വീക്ഷണവും, വൈരുദ്ധ്യാത്മക വീക്ഷണവും, ഇവ പ
രസ്പരം എതിരായി നിൽക്കുന്ന രണ്ടു ലോകവീക്ഷണങ്ങൾക്ക് രൂപം നൽ
കുന്നു. ലെനിൻ പറഞ്ഞു: വികാസത്തെ (പരിണാമത്തെ) സംബന്ധിച്ച ര
ണ്ടു് അടിസ്ഥാന (അഥവാ രണ്ടു സാധ്യമായ എന്നോ, രണ്ടു ചരിത്രപരമായി
നിരീക്ഷിക്കാവുന്ന എന്നോ പറയണമോ?) വീക്ഷണങ്ങൾ ഇവയാണ്: കുറ
വും വർദ്ധനവും എന്ന നിലക്കുള്ള, പുനരാവർത്തനമെന്ന നിലയ്ക്കുള്ള വികാസ
വും, വിപരീതങ്ങളുടെ ഐക്യം (ഐക്യത്തെ പരസ്പരം ഒഴിവാക്കുന്ന വി
പരീതങ്ങളായുള്ള വിഭജനവും അവയുടെ പരസ്പര ബന്ധവും) എന്ന നില
യ്ക്കുള്ള വികാസവും 3 ഇവിടെ ലെനിൻ ഈ രണ്ടു വ്യത്യസ്ത ലോകവീക്ഷണ
ങ്ങളെക്കുറിച്ച് പരാമർശിക്കുകയായിരുന്നു.

ചൈനയിൽ അതിഭൗതികവാദത്തിനുള്ള മറ്റൊരു പേരാണ് സ്വാൻ_
സെച. ചൈനയിലായാലും യൂറോപ്പിലായാലും ചരിത്രത്തിൽ ഒരു ദീർഘ
കാലഘട്ടമാകെ ആശയവാദപരമായ ലോകവീക്ഷണത്തിന്റെ അവാന്തരഭാ
ഗമായ ഈ ചിന്താരീതി മാനവചിന്തയിൽ ഒരു മുഖ്യസ്ഥാനം കൈവശപ്പെ
ടുത്തിയിരുന്നു. യൂറോപ്പിൽ ബൂർഷ്വാസിയുടെ ആദ്യകാലത്തെ ഭൗതികവാദ
വും അതിഭൗതികവാദപരമായിരുന്നു. പല യൂറോപ്യൻ രാജ്യങ്ങളിലെയും
സാമൂഹ്യസമ്പദ്‌വ്യവസ്ഥ ഉയർന്ന തോതിൽ വികസിച്ച മുതലാളിത്തത്തി
ന്റെ ഘട്ടത്തിലേക്കു മുന്നേറുകയും, ഉത്പാദനശക്തികളും വർഗസമരവും ശാ
സ്ത്രശാഖകളും ഇന്നേവരെ ചരിത്രത്തിൽ ദർശിക്കാത്ത ഒരു നിലവാരത്തിലേ
ക്ക് വികസിക്കുകയും, വ്യാവസായിക തൊഴിലാളിവർഗം ചരിത്രപരമായ
വികാസത്തിലെ ഏറ്റവും വലിയ പ്രേരകശക്തിയായിത്തീരുകയും ചെയ്ത
തോടെ ഭൗതികവൈരുദ്ധ്യവാദം എന്ന മാർക്സിസ്റ്റു ലോകവീക്ഷണം ഉയർ
ന്നുവന്നു. അപ്പോൾ ഭൗതികവൈരുദ്ധ്യവാദത്തെ എതിർക്കുന്നതിന് പരസ്യ
വും മറയില്ലാത്തതുമായ പിന്തിരിപ്പൻ ആശയവാദത്തിനു പുറമേ മുതലാളി
വർഗത്തിനിടയിൽ കൂടുതലായി വികൃത പരിണാമവാദവും ആവിർഭവിക്കു
കയുണ്ടായി.

അതിഭൗതികവാദപരമോ വികൃത പരിണാമ വാദപരമോ ആയ ലോക
വീക്ഷണം വസ്തുക്കളെക്കാണുന്നതു് ഒറ്റപ്പെട്ടവയും ചലനാത്മകമല്ലാത്തവ
യും ഏകപക്ഷീയവുമായിട്ടാണ്, പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളെയും, അവ
യുടെ രൂപങ്ങളേയും ഇനങ്ങളേയും, എന്നെന്നും പരസ്പരം ഒറ്റപ്പെട്ടു നിൽക്കു
ന്നവയും പരിവർത്തന വിധേയമല്ലാത്തവയുമായിട്ടാണ് അതു് ദർശിക്കുന്ന
തു്. എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽത്തന്നെയും അവ അളവിലുള്ള ഏറ്റ
ക്കുറച്ചിലുകളോ സ്ഥാനമാറ്റങ്ങളോ മാത്രമാണെന്ന് അതു കരുതുന്നു. കൂടാ
തെ അത്തരം ഏറ്റക്കുറച്ചിലുകൾക്കോ സ്ഥാനമാറ്റങ്ങൾക്കോ അതു കാര
ണം കണ്ടെത്തുന്നതു് വസ്തുക്കളുടെ അകത്തല്ല; മറിച്ച് പുറത്താണ്. അതായ
തു് പ്രേരകശക്തി ബാഹ്യമാണ്. പ്രപഞ്ചത്തിലെ വിവിധങ്ങളായ എല്ലാ
ത്തരം വസ്തുക്കളും അവയുടെ എല്ലാ സവിശേഷതകളും അവ ഉടലെടുത്തകാലം
മുതൽ ഇന്നുവരെ ഒന്നുതന്നെയായിരുന്നുവെന്നാണ് അതിഭൗതികവാദികൾ
വാദിക്കുന്നതു്. തുടർന്നുണ്ടായിട്ടുള്ള എല്ലാ മാറ്റങ്ങളും അളവിലുള്ള ഏറ്റക്കുറ
ച്ചിലുകൾ മാത്രമാണെന്ന് അവർ പറയുന്നു. ഒരു വസ്തുവിന് അതേതരത്തി

ലുള്ള വസ്തുവായി സ്വയം ആവർത്തിക്കാനല്ലാതെ വ്യത്യസ്തമായ മറ്റൊന്നായി രൂപാന്തരപ്പെടാൻ കഴിയില്ലെന്നാണ് അവർ വാദിക്കുന്നത്. അവരുടെ അഭിപ്രായത്തിൽ മുതലാളിത്ത ചൂഷണവും മുതലാളിത്ത മത്സരവും മുതലാളിത്ത സമൂഹത്തിലെ വ്യക്ത്യാധിഷ്ഠിത പ്രത്യയശാസ്ത്രവുമെല്ലാംതന്നെ പുരാതന അടിമസമൂഹത്തിലോ, പ്രാകൃത സമൂഹത്തിൽ പോലുമോ കാണാൻ കഴിയും; ഇവ മാററമില്ലാതെ എന്നെന്നും നിലനിൽക്കുകയും ചെയ്യും. ഭൂപ്രകൃതിയും കാലാവസ്ഥയും പോലുള്ള സമൂഹത്തിന് ബാഹ്യമായ ഘടകങ്ങളെയാണ് അവർ സാമൂഹ്യ വികസനത്തിനുള്ള കാരണങ്ങളായി കാണുന്നത്. ഒരു വസ്തുവിന്റെ വികസനത്തിനുള്ള കാരണങ്ങൾ അറിയുന്നതിന് അവർ അതിലളിതമായ രീതിയിൽ അതിനുവെളിയിൽ തപ്പിനടക്കുകയും വസ്തുവിന്റെ ഉള്ളിലുള്ള വൈരുദ്ധ്യങ്ങളിൽനിന്നാണ് അതിന്റെ വികാസം ഉയർന്നുവരുന്നതെന്ന ഭൗതിക വൈരുദ്ധ്യവാദസിദ്ധാന്തത്തെ നിഷേധിക്കുകയും ചെയ്യുന്നു. തന്മൂലം വസ്തുക്കളുടെ ഗുണപരമായ വൈവിധ്യത്തെയോ, ഒരുഗുണം മറ്റൊന്നായി രൂപാന്തരപ്പെടുന്ന പ്രതിഭാസത്തെയോ വിശദീകരിക്കാൻ അവർക്കു കഴിയുന്നില്ല. യൂറോപ്പിൽ ഇത്തരം ചിന്താഗതികൾ പതിനേഴ്, പതിനെട്ട് നൂററാണ്ടുകളിൽ യാന്ത്രിക ഭൗതികവാദം എന്ന നിലയിലും പത്തൊൻപതാം നൂററാണ്ടിന്റെ അന്ത്യത്തിലും, ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിലും വികൃത പരിണാമവാദം എന്ന നിലയിലും നിലനിന്നിരുന്നു. 'സ്വർഗം മാററമില്ലാത്തതാണ്, അതുപോലെ ടാവോയ്ക്കും മാററമില്ല' [4] എന്ന ചൊല്ലിൽ പ്രകടമായിട്ടുള്ളതുപോലുള്ള അതിഭൗതികവാദപരമായ ചിന്താഗതി ചൈനയിൽ നിലനിന്നിരുന്നു. നാശോന്മുഖമായ നാടുവാഴിത്ത ഭരണവർഗങ്ങൾ വളരെക്കാലം അതിനെ പിന്താങ്ങിയിരുന്നു. കഴിഞ്ഞ നൂറു വർഷങ്ങൾക്കിടയിൽ യൂറോപ്പിൽനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട യാന്ത്രികഭൗതികവാദത്തിനും വികൃതപരിണാമവാദത്തിനും ബൂർഷ്വാസി പിന്തുണ നൽകുന്നുണ്ട്.

അതിഭൗതികവാദ ലോകവീക്ഷണത്തിനു വിപരീതമായി ഒരു വസ്തുവിന്റെ വികാസത്തെക്കുറിച്ചു മനസ്സിലാക്കുന്നതിന് നാം അതിനെ ആന്തരികമായും മററുവസ്തുക്കളുമായുള്ള ബന്ധങ്ങളിലും പഠിക്കണമെന്നാണ് ഭൗതികവൈരുദ്ധ്യവാദലോകവീക്ഷണം പഠിപ്പിക്കുന്നത്; അഥവാ വസ്തുക്കളുടെ വികാസത്തെക്കാണേണ്ടത് അവയുടെ ആന്തരികവും അനിവാര്യവുമായ സ്വയം ചലനം എന്ന നിലയ്ക്കാണ്, അതേസമയം, ഓരോ വസ്തുവും അതിന്റെ ചലനത്തിൽ ചുററുമുള്ള വസ്തുക്കളുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുകയും അവയുമേൽ പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നു. ഒരു വസ്തുവിന്റെ വികാസത്തിനുള്ള അടിസ്ഥാന കാരണം ബാഹ്യമല്ല, ആന്തരികമാണ്, അതു് ആ വസ്തുവിനുള്ളിലെ വൈരുദ്ധ്യാത്മകതയിൽ നിക്ഷിപ്തമാണ്. ഈ ആഭ്യന്തര വൈരുദ്ധ്യം ഓരോ വസ്തുവിലുമുണ്ട്, അതുകൊണ്ടാണ് അതിന് ചലനവും വികാസവും ഉണ്ടാകുന്നത്. ഒരു വസ്തുവിന്റെ വികാസത്തിനുള്ള അടിസ്ഥാന കാരണം അതിനുള്ളിലെ വൈരുദ്ധ്യാത്മകതയാണ്. അതേസമയം മററു വസ്തുക്കളുമായി അതിനുള്ള പരസ്പര ബന്ധങ്ങളും പ്രതിപ്രവർത്തനങ്ങളും ദ്വിതീയ കാരണങ്ങളാണ്. അപ്രകാരം ഭൗതികവൈരുദ്ധ്യവാദം, അതിഭൗതികവാദപരമായ യാന്ത്രികഭൗതികവാദവും വികൃതപരിണാമവാദവും മുന്നോട്ടു വെക്കുന്ന ബാഹ്യകാരണങ്ങളെ സംബന്ധിച്ച, അഥവാ ഒരു ബാഹ്യപ്രേരണശക്തിയെ സംബന്ധിച്ച സിദ്ധാന്തത്തെ ഫലപ്രദമായി ചെറുക്കുന്നു. തികച്ചും ബാഹ്യമായ കാരണങ്ങൾ യാന്ത്രിക ചലനത്തിന് അതായതു് തോതിലോ അളവിലോ ഉള്ള മാററങ്ങൾക്ക് മാത്രമേ വഴിവെക്കൂ എന്നു വ്യക്തമാണ്. വസ്തുക്കൾ ആയിരക്കണക്കിന് രീതികളിൽ ഗുണപരമായി വ്യത്യസ്തമായിരിക്കുന്നത് എന്തുകൊണ്ടാണെന്നും ഒരു വസ്തു മറ്റൊ



ന്നായി രൂപാന്തരപ്പെടുന്നതു് എന്തുകൊണ്ടാണെന്നും വിശദീകരിക്കാൻ ഇവയ്ക്കു കഴിയില്ല എന്നതും വ്യക്തമാണ്. വാസ്തവത്തിൽ, ബാഹ്യശക്തിയുടെ ഫലമായുണ്ടാകുന്ന യാന്ത്രികചലനംപോലും സംഭവിക്കുന്നതു് വസ്തുക്കളുടെ ആന്തരിക വൈരുദ്ധ്യാത്മകതയിലൂടെയാണ്. അതുപോലെതന്നെ, ചെടികളിലും ജന്തുക്കളിലും ദൃശ്യമാകുന്ന ലളിതമായ വളർച്ച, അവയുടെ അളവുപരമായ വികാസം, പ്രധാനമായും ആന്തരിക വൈരുദ്ധ്യങ്ങളുടെ ഫലമാണ്. അതുപോലെ സാമൂഹ്യവികസനത്തിനുള്ള പ്രധാന കാരണങ്ങൾ ബാഹ്യമല്ല, ആന്തരികമാണ്. ഏറെക്കുറെ ഒരേപോലെയുള്ള ഭൂമിശാസ്ത്രപരവും കാലാവസ്ഥയുടേതുമായ സാഹചര്യങ്ങളുള്ള രാജ്യങ്ങൾ അവയുടെ വികാസത്തിൽ വമ്പിച്ച വൈവിധ്യവും അസമതയും കാണിക്കാറുണ്ട്. കൂടാതെ ഒരു രാജ്യത്തിന്റെ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും യാതൊരു മാററവും ഉണ്ടായിട്ടില്ലെങ്കിലും അവിടെ വമ്പിച്ച സാമൂഹ്യമാററങ്ങൾ സംഭവിക്കാവുന്നതാണ്. സാമ്രാജ്യത്വ റഷ്യ സോഷ്യലിസ്റ്റ് സോവിയററു യൂണിയനായി മാറി, ലോകത്തിനെതിരെ വാതിലുകൾ കൊട്ടിയടച്ചിരുന്ന ഫ്യൂഡൽ ജപ്പാൻ സാമ്രാജ്യത്വ ജപ്പാനായിമാറി, എന്നാൽ ഈ രണ്ടു രാജ്യങ്ങളുടെയും ഭൂപ്രകൃതിയിലോ കാലാവസ്ഥയിലോ യാതൊരു മാററവും സംഭവിച്ചിട്ടുണ്ടായിരുന്നില്ല. ദീർഘനാളായി നാടുവാഴിത്തത്തിന് അടിപ്പെട്ടുകിടക്കുന്ന ചൈന കഴിഞ്ഞ നൂറുവർഷങ്ങൾക്കുള്ളിൽ വമ്പിച്ച മാററങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്; വിമോചിതവും സ്വതന്ത്രവുമായ ഒരു പുതിയ ചൈന രൂപമെടുക്കത്തക്കവിധത്തിൽ ഇപ്പോൾ മാററങ്ങൾ സംഭവിച്ചുകൊണ്ടിരിക്കയുമാണ്; എന്നിട്ടും ചൈനയുടെ ഭൂപ്രകൃതിയിലും, കാലാവസ്ഥയിലും യാതൊരു മാററവും സംഭവിച്ചിട്ടില്ല. ഭൂമിയിൽ മൊത്തത്തിലും അതിന്റെ ഓരോഭാഗത്തും ഭൂപ്രകൃതിയിലും കാലാവസ്ഥയിലും മാററങ്ങൾ സംഭവിക്കുന്നുണ്ട്, എന്നാൽ സമൂഹത്തിലെ മാററങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അവ നിസ്സാരമാണ്; പതിനായിരക്കണക്കിന് വർഷങ്ങളിലാണ് ഭൂപ്രകൃതിയിലും കാലാവസ്ഥയിലുമുള്ള മാററങ്ങൾ പ്രകടമാകുന്നത്. അതേസമയം സാമൂഹ്യമാററങ്ങൾ ആയിരം വർഷങ്ങളിലോ നൂറുവർഷങ്ങളിലോ പത്തുദിവസങ്ങളിലോ, വിപ്ലവ കാലഘട്ടങ്ങളിൽ ചുരുക്കം വർഷങ്ങളിലോ മാസങ്ങൾക്കുള്ളിലോപോലും പ്രകടമാകുന്നു. ഭൗതികവൈരുദ്ധ്യവാദമനുസരിച്ച്, പ്രകൃതിയിലുണ്ടാകുന്ന മാററങ്ങൾ പ്രധാനമായും പ്രകൃതിയിലുണ്ടാകുന്ന ആന്തരിക വൈരുദ്ധ്യങ്ങളുടെ വികാസഫലമാണ്. സാമൂഹ്യമാററങ്ങൾ പ്രധാനമായി സമൂഹത്തിലെ ആന്തരിക വൈരുദ്ധ്യങ്ങളുടെ അതായതു്, ഉൽപ്പാദനശക്തികളും ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെയും വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തിന്റെയും പഴയതും പുതിയതും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെയും വികാസഫലമാണ്; സമൂഹത്തെ മുന്നോട്ടു തള്ളിനീക്കുന്നതും പഴയ സമൂഹത്തെ അതിജീവിക്കുന്നതിന് പുതിയതിനെ ഉത്തേജിപ്പിക്കുന്നതും ഈ വൈരുദ്ധ്യങ്ങളുടെ വികാസമാണ്. ഭൗതികവൈരുദ്ധ്യവാദം ബാഹ്യകാരണങ്ങളെ തള്ളിക്കളയുന്നുണ്ടോ? ഒരിക്കലുമില്ല. ബാഹ്യകാരണങ്ങൾ മാററത്തിനുള്ള ഉപാധിയും ആന്തരികകാരണങ്ങൾ മാററത്തിനുള്ള അടിസ്ഥാനവുമാണെന്നും, ആന്തരികകാരണങ്ങളിലൂടെയാണ് ബാഹ്യകാരണങ്ങൾ പ്രവർത്തനക്ഷമമാകുന്നതെന്നുമാണ് അതു് പഠിപ്പിക്കുന്നതു്. അനുയോജ്യമായ ചൂടിൽ ഒരു മുട്ട കോഴിക്കുഞ്ഞായി രൂപാന്തരപ്പെടും; എന്നാൽ എത്ര ചൂടാക്കിയാലും ശരി ഒരു കല്ല് കോഴിക്കുഞ്ഞായി രൂപാന്തരപ്പെടില്ല, കാരണം ഓരോന്നിനും വ്യത്യസ്തമായ അടിസ്ഥാനമുണ്ട്. വിവിധ രാജ്യങ്ങളിലെ ജനങ്ങൾ തമ്മിൽ നിരന്തര സമ്പർക്കമുണ്ട്. മുതലാളിത്തയുഗത്തിൽ, പ്രത്യേകിച്ചും സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ വിപ്ലവത്തിന്റെയും യുഗത്തിൽ, രാഷ്ട്രീയ_സാമ്പത്തിക_സാംസ്കാരിക

മണ്ഡലങ്ങളിൽ വ്യത്യസ്ത രാജ്യങ്ങളുടെ പരസ്പര സമ്പർക്കവും പരസ്പര സ്വാധീനവും ഏറ്റവും വമ്പിച്ചതാണ്. ഒക്ടോബർ സോഷ്യലിസ്റ്റുവിപ്ലവം റഷ്യൻ ചരിത്രത്തിലെന്നപോലെ ലോകചരിത്രത്തിലും ഒരു പുതിയ യുഗത്തിന്റെ ഉദയം കുറിച്ചു. ലോകത്തിലെ മറ്റു രാജ്യങ്ങളിലും ആഭ്യന്തര മാറ്റങ്ങളിൽ അത് സ്വാധീനം ചെലുത്തി. ഇതിനു സമാനമായും പ്രത്യേകമായി ഒരു ഗാഢരീതിയിലും ചൈനയിലെ ആഭ്യന്തരമാറ്റങ്ങളിൽ അതു് സ്വാധീനം ചെലുത്തി. എന്നിരുന്നാലും ചൈനയുൾപ്പെടെയുള്ള രാജ്യങ്ങളിൽ ഈ മാറ്റങ്ങൾ ഫലവത്തായതു് അവയുടെ ആന്തരിക വികാസ നിയമങ്ങളിലൂടെയാണ്. യുദ്ധത്തിൽ ഒരു സൈന്യം വിജയം വരിക്കുന്നു, മറ്റേതു് പരാജയപ്പെടുന്നു.; ഇവിടെ വിജയവും പരാജയവും നിർണയിക്കപ്പെടുന്നതു് ആന്തരികകാരണങ്ങളാലാണ്. ഒരു സൈന്യം വിജയം വരിക്കുന്നതു് ഒന്നുകിൽ അതു് ശക്തിമത്തായതുകൊണ്ടോ അല്ലെങ്കിൽ അതിനു് കഴിവുറ്റ സൈനിക നേതൃത്വം ഉള്ളതുകൊണ്ടോ ആണ്; മറ്റേതു് പരാജയമടയുന്നതു് ഒന്നുകിൽ ദുർബലമായതുകൊണ്ടോ അല്ലെങ്കിൽ അതിന്റെ സൈനികനേതൃത്വം കഴിവുകെട്ടതായതുകൊണ്ടോ ആണ്. ആന്തരിക കാരണങ്ങളിലൂടെയാണ് ബാഹ്യകാരണങ്ങൾ പ്രവർത്തനക്ഷമമായിത്തീരുന്നതു്. 1927_ൽ ചൈനയിൽ അന്നു ചൈനീസ് തൊഴിലാളിവർഗത്തിനുള്ളിൽ (ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിക്കുള്ളിൽ നിലനിന്നിരുന്ന അവസരവാദത്തിന്റെ ഫലമായിട്ടാണ്, വൻകിട ബൂർഷ്വാസി തൊഴിലാളി വർഗത്തെ പരാജയപ്പെടുത്തിയതു്. ഈ അവസരവാദത്തെ നാം ഇല്ലായ്മ ചെയ്തപ്പോൾ ചൈനീസ്‌വിപ്ലവം അതിന്റെ മുന്നേറ്റഗതി വീണ്ടെടുത്തു. പിന്നീട് നമ്മുടെപാർട്ടിക്കുള്ളിൽ സാഹസികത്വം ഉടലെടുത്തതുമൂലം ശത്രുവിന്റെ കൈകളിൽ ചൈനീസ് വിപ്ലവത്തിനു് വീണ്ടും ഗുരുതരമായ തിരിച്ചടികൾ നേരിടേണ്ടിവന്നു. ഈ സാഹസികത്വത്തെ ഇല്ലായ്മചെയ്തപ്പോൾ നാം ഒരിക്കൽക്കൂടി ലക്ഷ്യത്തിലേക്ക് മുന്നേറി. അതുകൊണ്ടു് വിപ്ലവത്തെ വിജയത്തിലേക്കു നയിക്കുന്നതിനു് ഒരു രാഷ്ട്രീയപാർട്ടി അതിന്റെതന്നെ ശരിയായ രാഷ്ട്രീയ ലൈനിനെയും അതിന്റെതന്നെ സംഘടനയുടെ കെട്ടുറപ്പിനെയും ആശ്രയിക്കേണ്ടതുണ്ടെന്നു് കാണാവുന്നതാണ്.

പുരാതനകാലത്തു് വൈരുദ്ധ്യാത്മക ലോകവീക്ഷണം ചൈനയിലും യൂറോപ്പിലും ഉയർന്നു വന്നിട്ടുണ്ട്. എന്നിരുന്നാലും പ്രാചീന വൈരുദ്ധ്യവാദത്തിനു് ഏതാണ്ട് സ്വയോത്ഭവപരവും അതിസരളവുമായ സ്വഭാവമാണ് ഉണ്ടായിരുന്നതു്; ഒരു സൈദ്ധാന്തിക വ്യവസ്ഥയ്ക്കു് രൂപം നൽകാൻ അന്നു് നിലനിന്നിരുന്ന സാമൂഹ്യ. ചരിത്ര പശ്ചാത്തലത്തിൽ അതിനു് കഴിഞ്ഞില്ല. അതുകൊണ്ട് ലോകത്തെ പൂർണമായി വ്യാഖ്യാനിക്കുവാൻ അതിനു കഴിയാതെവരികയും അതിഭൗതികവാദം അതിനെ സ്ഥാനഭ്രഷ്ടമാക്കുകയും ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും ആയി ജീവിച്ചിരുന്ന ഹെഗൽ എന്ന പ്രസിദ്ധനായ ജർമ്മൻ ദാർശനികൻ വൈരുദ്ധ്യവാദത്തിനു് അങ്ങേയറ്റം പ്രധാനപ്പെട്ട സംഭാവനകൾ നൽകി. എന്നാൽ അദ്ദേഹത്തിന്റെ വൈരുദ്ധ്യവാദം ആശയവാദപരമായിരുന്നു. തൊഴിലാളി വർഗം പ്രസ്ഥാനത്തിന്റെ മഹാന്മാരായ പ്രവക്താക്കളായിരുന്ന മാർക്സും എംഗൽസും മനുഷ്യവിജ്ഞാന ചരിത്രത്തിലെ ക്രിയാത്മകമായ നേട്ടങ്ങൾ സംശ്ലേഷണം ചെയ്യുകയും പ്രത്യേകിച്ചും ഹെഗലിയൻ വൈരുദ്ധ്യവാദത്തിന്റെ യുക്തിസഹമായ ഘടകങ്ങൾ വിമർശനാത്മകമായി ഉൾക്കൊള്ളുകയും, വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം എന്ന മഹത്തായ സിദ്ധാന്തം സൃഷ്ടിക്കുകയും ചെയ്തതോടെയാണ് മനുഷ്യവിജ്ഞാനത്തിന്റെ ചരിത്രത്തിൽ അഭൂതപൂർവമായ ഒരു



വിപ്ലവം സംഭവിച്ചതു്. ലെനിനും സ്റ്റാലിനും ഈ സിദ്ധാന്തത്തെ കുറെക്കൂടി വികസിപ്പിച്ചു് ചൈനയിൽ പ്രചരിച്ചതോടെ അതു് ചൈനീസ് ചിന്താലോകത്തിൽ വമ്പിച്ച മാറ്റങ്ങൾ ഉളവാക്കി.

ഈ വൈരുദ്ധ്യാത്മക ലോകവീക്ഷണം നമ്മെ പ്രാഥമികമായും പഠിപ്പിക്കുന്നതു്, വ്യത്യസ്തവസ്തുക്കളിലെ വിപരീതങ്ങളുടെ ചലനത്തെ നിരീക്ഷിച്ചു് വിശകലനം നടത്തേണ്ടതെങ്ങനെയാണെന്നും അത്തരം വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്നതിനുള്ള രീതികൾ ചൂണ്ടിക്കാട്ടേണ്ടതെങ്ങനെയാണെന്നുമാണ്. അതുകൊണ്ടു് വസ്തുക്കളിലെ വൈരുദ്ധ്യനിയമം സമൂർത്തമായ രീതിയിൽ മനസിലാക്കുകയെന്നതു് നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്.

## 2. വൈരുദ്ധ്യത്തിന്റെ സാർവത്രികത

വിശദീകരണത്തിന്റെ സൗകര്യത്തിനുവേണ്ടി, ഞാൻ ആദ്യം വൈരുദ്ധ്യത്തിന്റെ സാർവത്രികത കൈകാര്യം ചെയ്യുകയും പിന്നീട് വൈരുദ്ധ്യത്തിന്റെപ്രത്യേകതയിലേക്ക് കടക്കുകയുംചെയ്യാം. അതിനുള്ളകാരണം വൈരുദ്ധ്യത്തിന്റെ സാർവത്രികത കൂടുതൽ ഹ്രസ്വമായിവിശദീകരിക്കാൻ കഴിയുമെന്നതാണ്. എന്തെന്നാൽഭൗതികവാദപരമായ വൈരുദ്ധ്യാത്മക ലോകവീക്ഷണംകണ്ടുപിടിക്കപ്പെട്ടതു മുതൽക്കും, മാർക്സിസത്തിന്റെ മഹാന്മാരായ സ്രഷ്ടാക്കളും അതിന്റെ പാത പിന്തുടരുന്നവരുമായ മാർക്സും, എംഗൽസും ലെനിനും മാനവചരിത്രത്തിന്റെയും പ്രകൃതിയുടെ ചരിത്രത്തിന്റെയും പല വശങ്ങളെ മാറ്റിമറിക്കുന്നതിലും, സോവിയറ്റുയൂണിയനിൽ നടക്കുന്നതുപോലെ ഭൗതികവാദപരമായ വൈരുദ്ധ്യവാദം എടുത്തുപറയത്തക്ക വിജയത്തോടെ പ്രയോഗിക്കാൻ തുടങ്ങിയതു മുതൽക്കും അതു് വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വൈരുദ്ധ്യത്തിന്റെ പ്രത്യേകതയാകട്ടെ ഇപ്പോഴും പല സഖാക്കളും, പ്രത്യേകിച്ചും വരട്ടുതത്വവാദികൾ, വ്യക്തമായി മനസിലാക്കിയിട്ടില്ല. ശരിക്കുപറഞ്ഞാൽ, വൈരുദ്ധ്യത്തിന്റെ പ്രത്യേകതയിലാണ് വൈരുദ്ധ്യത്തിന്റെ സാർവത്രികത കുടികൊള്ളുന്നതെന്ന് അവർ മനസിലാക്കിയിട്ടില്ല. വിപ്ലവപ്രയോഗത്തിനു് ശരിയായ മാർഗനിർദേശം നൽകുന്നതിനു്, നാം അഭിമുഖീകരിക്കുന്ന സമൂർത്തവസ്തുക്കളിലെ വൈരുദ്ധ്യത്തിന്റെ പ്രത്യേകതയെ കുറിച്ചുള്ള പഠനം എത്രമാത്രം പ്രധാനമാണെന്നു് അവർ മനസിലാക്കുന്നുമില്ല. അതുകൊണ്ടു് വൈരുദ്ധ്യത്തിന്റെ പ്രത്യേകതയുടെ പഠനത്തിനു് ഊന്നൽനൽകേണ്ടതും അതു് വേണ്ടത്രവിശദമായി പ്രതിപാദിക്കേണ്ടതും ആവശ്യമാണ്. ഇക്കാരണത്താൽ വസ്തുക്കളിലെ വൈരുദ്ധ്യത്തിന്റെ നിയമത്തെക്കുറിച്ചുള്ള നമ്മുടെ വിശകലനത്തിൽ, നാം ആദ്യം വൈരുദ്ധ്യത്തിന്റെ സാർവത്രികതയെ വിശകലനം ചെയ്യുകയും പിന്നീട് വൈരുദ്ധ്യത്തിന്റെ പ്രത്യേകത വിശകലനം ചെയ്യുന്നതിൽ പ്രത്യേക ഊന്നൽ നൽകുകയും, ഒടുവിൽ വൈരുദ്ധ്യത്തിന്റെ സാർവത്രികതയിലേക്ക് മടങ്ങുകയും ചെയ്യണം.

വൈരുദ്ധ്യത്തിന്റെ സാർവത്രികത അല്ലെങ്കിൽ കേവലത്വത്തിനു് രണ്ടർഥമുണ്ട്. ഒന്നു്, എല്ലാവസ്തുക്കളുടെയും വികാസ പ്രക്രിയയിൽ വൈരുദ്ധ്യം നിലനിൽക്കുന്നു. രണ്ട്, ഓരോ വസ്തുവിന്റെയും വികാസ പ്രക്രിയയിൽ ആരംഭം മുതൽ അവസാനം വരെ വിരുദ്ധ ശക്തികളുടെ ഒരു ചലനം നിലനിൽക്കുന്നുവെന്നതു്.

എംഗൽസ് പറഞ്ഞ 'ചലനം തന്നെ വൈരുദ്ധ്യമാണ്[5] വിപരീതങ്ങളു

ടെ ഐക്യത്തെ സംബന്ധിച്ച നിയമത്തെ പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളുടെയും പ്രക്രിയകളുടെയും (മനസ്സും സമൂഹവും ഉൾപ്പെടെ) വിരുദ്ധമായിട്ടുള്ള പരസ്പരം ഒഴിവാക്കുന്ന വിപരീതപ്രവണതകളുടെ അംഗീകാരം (കണ്ടുപിടിത്തം) എന്ന് ലെനിൻ നിർവചിച്ചു. ഈ ആശയങ്ങൾ ശരിയാണോ? അതെ, അവ ശരിയാണ്. എല്ലാ വസ്തുക്കളിലുമുള്ള വിരുദ്ധങ്ങളുടെ പരസ്പര ആശ്രിതത്വവും അവ തമ്മിലുള്ള സമരവും എല്ലാ വസ്തുക്കളുടെയും ജീവിതത്തെ നിർണയിക്കുകയും അവയുടെ വികാസത്തെ മുന്നോട്ടു തള്ളിനീക്കുകയും ചെയ്യുന്നു. വൈരുദ്ധ്യം ഉൾക്കൊണ്ടിട്ടില്ലാത്ത ഒന്നുമില്ല; വൈരുദ്ധ്യംകൂടാതെ ഒന്നും നിലൽക്കുന്നില്ല.

ലഘുവായ ചലനരൂപങ്ങളുടെയും, (ഉദാഹരണത്തിന് യാന്ത്രികചലനം) അതിലേറെ, ചലനത്തിന്റെ സങ്കീർണരൂപങ്ങളുടെയും അടിസ്ഥാനം വൈരുദ്ധ്യമാണ്.

വൈരുദ്ധ്യത്തിന്റെ സാർവത്രികത എംഗൽസ് താഴെപ്പറയുംവിധം വിശദീകരിച്ചിട്ടുണ്ട്.

ലളിതവും യാന്ത്രികവുമായ സ്ഥാനമാററത്തിൽ വൈരുദ്ധ്യം അടങ്ങിയിട്ടുണ്ടെങ്കിൽ, പദാർത്ഥചലനത്തിന്റെ കൂടുതൽ ഉയർന്ന രൂപങ്ങളെ സംബന്ധിച്ചിടത്തോളം, ഇതു് ഒന്നുകൂടി ശരിയാണ്.... ഓരോ നിമിഷവും ഒരു ജീവി (being) അതുതന്നെയും എന്നാൽ മററൊന്നും ആണ്_ കൃത്യമായും ഇതിലാണ് ജീവൻ കുടികൊള്ളുന്നതു്. അതുകൊണ്ട് ജീവൻതന്നെയും വസ്തുക്കളിലും പ്രക്രിയകളിലുമുള്ളതും നിരന്തരം ആവിർഭവിക്കുകയും സ്വയം പരിഹരിക്കുകയും ചെയ്യുന്നതുമായ ഒരു വൈരുദ്ധ്യമാണ്. വൈരുദ്ധ്യമില്ലാതാകുന്ന ഉടനെ ജീവൻ അവസാനിക്കുകയും മരണം രംഗപ്രവേശം നടത്തുകയും ചെയ്യുന്നു. അതുപോലെ ചിന്താമണ്ഡലത്തിലും വൈരുദ്ധ്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ നമുക്ക് കഴിഞ്ഞില്ലെന്നും, ഉദാഹരണത്തിന് അറിവുനേടുന്നതിന് മനുഷ്യനിൽ അന്തർലീനമായിട്ടുള്ള അപരിമേയമായകഴിവും ബാഹ്യമായ പരിമിതികളും പരിമിതമായ ജ്ഞാനസമ്പാദനശേഷിയുമുള്ളവരായ മനുഷ്യരിൽ മാത്രമുള്ള അതിന്റെ യഥാർത്ഥ സാന്നിദ്ധ്യവും തമ്മിലുള്ള വൈരുദ്ധ്യം പരിഹാരം കണ്ടെത്തുന്നതു് നമ്മെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ അർത്ഥത്തിലെങ്കിലും തലമുറകളുടെ അന്തമററ പരമ്പരയിലൂടെയും അനന്തമായ പുരോഗതിയിലൂടെയും ആണെന്നും നാം കാണുകയുണ്ടായി. ...ഉന്നത ഗണിത ശാസ്ത്രത്തിലെ അടിസ്ഥാന തത്വങ്ങളിൽ ഒന്ന് നിർദ്ദിഷ്ടസാഹചര്യങ്ങളിൽ ഋജുരേഖകളും വക്രരേഖകളും ഒന്നുതന്നെയാകാമെന്ന വൈരുദ്ധ്യമാണ്....എന്നാൽ സാധാരണ ഗണിതശാസ്ത്രംപോലും വൈരുദ്ധ്യപൂർണമാണ്''7.

വൈരുദ്ധ്യത്തിന്റെ സാർവത്രികതയെ ലെനിൻ താഴെപ്പറയുംപ്രകാരം ഉദാഹരിച്ചു.

'ഗണിതശാസ്ത്രത്തിൽ; സങ്കലനവും, വ്യവകലനവും അതീവഭിന്നസംഖ്യയും പൂർണസംഖ്യയും.

ബലതന്ത്രത്തിൽ; പ്രവർത്തനവും പ്രതിവർത്തനവും.
ഭൗതികത്തിൽ: ധനവൈദ്യുതിയും ഋണവൈദ്യുതിയും.
രസതന്ത്രത്തിൽ: അണുക്കളുടെ സംയോഗവും, വിയോഗവും.
സാമൂഹ്യശാസ്ത്രത്തിൽ: വർഗസമരം 8



യുദ്ധത്തിൽ, കടന്നാക്രമണവും പ്രതിരോധവും, മുന്നേററവും പിൻമാററവും, വിജയവും പരാജയവും എല്ലാം പരസ്പര വിരുദ്ധങ്ങളായ പ്രതിഭാസങ്ങളാണ്. ഒന്നിന് മററൊന്നില്ലാതെ നിലനിൽക്കാൻ കഴിയുകയില്ല. രണ്ടുവശങ്ങളും ഒരേസമയം സംഘട്ടനത്തിലും പരസ്പരആശ്രിതത്വത്തിലുമാണ്. ഒരു യുദ്ധത്തിന്റെ ആകെ മൊത്തത്തിന് രൂപം നൽകുകയും അതിന്റെ വികാസത്തെ മുന്നോട്ടു തള്ളിനീക്കുകയും അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതു് ഇതാണ്.

മനുഷ്യരുടെ സങ്കൽപനങ്ങളിൽ ഉണ്ടാകുന്ന ഓരോ വ്യത്യാസവും ഒരു വസ്തുനിഷ്ഠവൈരുദ്ധ്യത്തെ പ്രതിഫലിപ്പിക്കുന്നതായി കണക്കാക്കണം. വസ്തുനിഷ്ഠ വൈരുദ്ധ്യങ്ങൾ ആത്മനിഷ്ഠമായ ചിന്തയിൽ പ്രതിഫലിപ്പിക്കപ്പെടുന്നു. ഈ പ്രക്രിയ സങ്കൽപനങ്ങളുടെ വിരുദ്ധമായ ചലനത്തിന് രൂപം നൽകുകയും, ചിന്തയുടെ വികാസത്തെ മുന്നോട്ടു നയിക്കുകയും, മനുഷ്യന്റെ ചിന്താഗതിയിലുണ്ടാകുന്ന പ്രശ്നങ്ങൾ നിരന്തരം പരിഹരിക്കുകയും ചെയ്യുന്നു.

വ്യത്യസ്തതരം ആശയങ്ങൾ തമ്മിലുള്ള എതിർപ്പും സമരവും പാർട്ടികളിൽ നിരന്തരം സംഭവിക്കുന്നു; വർഗങ്ങൾ തമ്മിലും സമൂഹത്തിലെ പുതിയതും പഴയതും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ പാർട്ടിയ്ക്കുള്ളിലെ പ്രതിഫലനമാണിതു്. പാർട്ടിയിൽ വൈരുദ്ധ്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെങ്കിൽ അവ പരിഹരിക്കാനുള്ള പ്രത്യയശാസ്ത്രങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെങ്കിൽ പാർട്ടി ജീവനററതായിതീരും. അതുകൊണ്ട്, ചലനത്തിന്റെ ലഘുവായ രൂപത്തിലോ സങ്കീർണരൂപത്തിലോ ആയാലും ശരി വസ്തുനിഷ്ഠ പ്രതിഭാസങ്ങളിലോ പ്രത്യയശാസ്ത്രപരമായ പ്രതിഭാസങ്ങളിലോ ആയാലും ശരി, വൈരുദ്ധ്യം എല്ലാ പ്രക്രിയകളിലും സാർവത്രികമായി നിലനിൽക്കുന്നുവെന്ന് ഇതിനകം വ്യക്തമാണ്. എന്നാൽ ഓരോ പ്രക്രിയകളുടെയും പ്രാരംഭഘട്ടത്തിലും വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടോ? ഓരോ വസ്തുവിന്റെയും വികാസ പ്രക്രിയയിൽ ആരംഭംതൊട്ട് അവസാനം വരെ വിപരീതങ്ങളുടെ ചലനമുണ്ടോ?

ഡെബോറിൻ ചിന്താധാരയെ വിമർശിച്ചുകൊണ്ട് സോവ്യററ് ദാർശനികന്മാർ എഴുതിയ ലേഖനങ്ങളിൽനിന്ന് മനസ്സിലാക്കുവാൻ കഴിയുന്നതുപോലെ, ഒരു പ്രക്രിയയുടെ തുടക്കത്തിലല്ല മറിച്ച് ഒരു നിശ്ചിതഘട്ടംവരെ അത് വികാസം പ്രാപിച്ചതിനുശേഷമാണ് വൈരുദ്ധ്യം പ്രത്യക്ഷപ്പെടുന്നതു്. ഇതായിരുന്നു വാസ്തവമെങ്കിൽ ആ ഘട്ടത്തിലെത്തുന്നതുവരെയുള്ള പ്രക്രിയയുടെ വികാസകാരണം ആന്തരികമല്ല ബാഹ്യമാണ്. ഈപ്രകാരം ഡെബോറിൻ ബാഹ്യകാരണത്വത്തിന്റേയും യാന്ത്രികത്വത്തിന്റേതുമായ അതി ഭൗതികവാദ സിദ്ധാന്തങ്ങളിലേക്കു മടങ്ങിപ്പോകുന്നു. സമൂർത്തപ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിന് ഈ വീക്ഷണരീതി ഉപയോഗിക്കുന്ന ഡെബോറിനും അനുയായികളും, സോവ്യററു യൂണിയനിൽ നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ കുലാക്കുകളും പൊതുവിൽ കർഷകരും തമ്മിൽ വ്യത്യാസങ്ങളേയുള്ളുവെന്നും അവർ തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്നും കണക്കാക്കുന്നു. ഇതുവഴി അവർ ബുക്കാറിനുമായി പൂർണയോജിപ്പിലെത്തുകയും ചെയ്യുന്നു. ഇതുപോലെ ഫ്രഞ്ചുവിപ്ലവത്തെ വിശകലനം ചെയ്തുകൊണ്ട് അവർ അഭിപ്രായപ്പെടുന്നതു്, തൊഴിലാളികളും കർഷകരും മുതലാളിവർഗവും ഉൾപ്പെടുന്ന മൂന്നാം സാമ്പത്തിക വിഭാഗത്തിൽ വ്യത്യാസങ്ങളല്ലാതെ വൈരുദ്ധ്യങ്ങളുണ്ടായിരുന്നില്ലെന്നാണ്. ഡെബോറിൻ ചിന്താധാരയുടെ ഈ വീക്ഷണങ്ങൾ മാർക്സിസ്റ്റു വിരുദ്ധമാണ്.

ഓരോ വ്യത്യാസത്തിലും തന്നെ അടങ്ങിയിരിക്കുന്ന വെന്നും വ്യത്യാസമെന്നതു തന്നെ വൈരുദ്ധ്യമാണെന്നും ഈ കൂട്ടർ മനസിലാക്കുന്നില്ല. അദ്ധ്വാനവും മൂലധനവും നിലവിൽ വന്നതു മുതൽക്കുതന്നെ അവ തമ്മിൽ വൈരുദ്ധ്യത്തിലാണ്. ആദ്യം വൈരുദ്ധ്യം ഇത്രയേറെ തീക്ഷ്ണമായിത്തീർന്നിരുന്നില്ലെന്നു മാത്രം. സോവിയററ് യൂണിയനിൽ നിലവിലുള്ള സമൂഹ്യസ്ഥിതിയിൽ പോലും, തൊഴിലാളികളും കർഷകരും തമ്മിൽ വ്യത്യാസമുണ്ട്. അദ്ധ്വാനവും മൂലധനവു തമ്മിലുള്ള വൈരുദ്ധ്യം പോലെ അതു് തീക്ഷ്ണമായി ശത്രുതാപരമായിത്തീരുകയോ വർഗസമരത്തിന്റെ രൂപം കൈക്കൊള്ളുകയോ ചെയ്യില്ലെങ്കിലും; ഈ സോഷ്യലിസ്റ്റ് നിർമാണത്തിന്റെ പുരോഗതിക്കിടക്ക് തൊഴിലാളികളും കർഷകരും ഉറച്ച സഖ്യം സ്ഥാപിച്ചിട്ടുണ്ട് സോഷ്യലിസത്തിൽ നിന്ന് കമ്യൂണിസത്തിലേക്കുള്ള മുന്നേററത്തിനിടയിൽ അവർ ഈ വൈരുദ്ധ്യം ക്രമേണ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട്, വൈരുദ്ധ്യത്തിന്റെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ അല്ല വിവിധതരത്തിലുള്ള വൈരുദ്ധ്യത്തിന്േറതാണു പ്രശ്നം. വൈരുദ്ധ്യം സാർവത്രികവും കേവലവുമാണ്. അതു് എല്ലാവസ്തുക്കളുടെയും വികാസപ്രക്രിയയിൽ ഉണ്ട്. ഓരോ പ്രക്രിയയിലും ആരംഭം മുതൽ അവസാനംവരെ അതു് വ്യാപരിക്കുകയും ചെയ്യുന്നു.

ഒരു പുതിയ പ്രക്രിയയുടെ ആവിർഭാവം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതു്? പഴയ ഐക്യം അതിന്റെ ഘടകങ്ങളായ വിപരീതങ്ങളോടൊപ്പം പുതിയ വിപരീതങ്ങൾ അടങ്ങുന്ന പുതിയ ഐക്യത്തിന് വഴിമാറിക്കൊടുക്കുന്നു. അതോടെ പഴയതിനു പകരം പുതിയ പ്രക്രിയ ആവിർഭവിക്കുന്നു. പഴയപ്രക്രിയ അവസാനിക്കുകയും പുതിയതു് ആരംഭിക്കുകയും ചെയ്യുന്നു. പുതിയ പ്രക്രിയയിൽ പുതിയ വൈരുദ്ധ്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു; അതു് വൈരുദ്ധ്യങ്ങളുടെ വികാസത്തിന്േറതായ സ്വന്തം ചരിത്രം ആരംഭിക്കുകയും ചെയ്യുന്നു.

ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ, വസ്തുക്കളുടെ വികാസപ്രക്രിയയിൽ ആരംഭംതൊട്ട് അവസാനം വരെ ഉടനീളമുള്ള വിപരീതങ്ങളുടെ ഈ ചലനത്തെക്കുറിച്ച് **മാക്സ്** തന്റെ **മൂലധനത്തിൽ** മാതൃകാപരമായ വിശകലനം നൽകി എല്ലാവസ്തുക്കളുടേയും വികാസം പഠിക്കുന്നതിൽ നാം പ്രയോഗിക്കേണ്ടരീതി ഇതാണ്, ലെനിനും ഈ രീതിയിൽ ഉറച്ചുനിന്നു

മുതലാളിത്ത (ചരക്ക്) സമൂഹത്തിലെ അതിലളിതവും അങ്ങേയററം സാധാരണവും അടിസ്ഥാനപരവും ഏററവും പൊതുവായിട്ടുള്ളതുമായ ദൈനംദിന **ബന്ധത്തെയാണ്** നാം അനേകായിരം തവണ അഭിമുഖീകരിക്കുന്നബന്ധത്തെയാണ്, ചരക്കുകൈമാററത്തെയാണ് മൂലധനത്തിൽ മാർക്സ് ആദ്യം വിശകലനം ചെയ്യുന്നത്. ഏററവും ലളിതമായ ഈ പ്രതിഭാസത്തിൽ (മുതലാളിത്ത സമൂഹത്തിന്റെ ഈ കോശത്തിൽ ആധുനികലോകത്തിൽ എല്ലാ വൈരുദ്ധ്യങ്ങളും അഥവാ എല്ലാ വൈരുദ്ധ്യങ്ങളുടെയും **ബീജങ്ങളും വിശകലനത്തിലൂടെ പ്രകടമാകുന്നു. തുടർന്നുള്ള പ്രതി**പാദനം ഈ വൈരുദ്ധ്യങ്ങളുടെ ഒററക്കൊററയ്ക്കുള്ള ഭാഗങ്ങളുടെ സമാഹരണമെന്ന നിലയിൽ ഈ സമൂഹത്തിന്റെയും ആരംഭംതൊട്ട് അവസാനംവരെയുള്ള വികാസത്തെ **(വളർച്ച, ചലനം എന്നിവ രണ്ടും)** നമുക്ക് കാണിച്ചുതരുന്നു.

ലെനിൻ **കൂട്ടിച്ചേർത്തു**, 'പൊതുവിൽ വൈരുദ്ധ്യ ശാസ്ത്രത്തെ പ്രതിപാദിക്കുന്ന (അഥവാ പഠിക്കുന്ന) രീതിയും ഇതുപോലെതന്നെ ശരിയായിരിക്കണം'



ചൈനയിലെ കമ്യൂണിസ്റ്റുകാർ ഈ രീതി പഠിക്കണം, എങ്കിൽ മാത്രമേ ചൈനീസ് വിപ്ളവത്തിന്റെ ചരിത്രവും വർത്തമാനസ്ഥിതിയും ശരിയായി വിശകലനം ചെയ്യാനും അതിന്റെ ഭാവിയെക്കുറിച്ച് നിഗമനത്തിലെത്താനും അവർക്കു കഴിയുകയുള്ളു.

## 3. വൈരുദ്ധ്യത്തിന്റെ പ്രത്യേകത

എല്ലാ വസ്തുക്കളുടെയും വികാസ പ്രക്രിയയിൽ വൈരുദ്ധ്യമുണ്ട്. അതു് ഓരോ വസ്തുവിന്റെയും വികാസപ്രക്രിയയിൽ ആരംഭം മുതൽ അവസാനം വരെ വ്യാപരിക്കുന്നു. ഇതാണ് നാം മുകളിൽ ചർച്ചചെയ്ത വൈരുദ്ധ്യത്തിന്റെ സാർവത്രികതയും കേവലത്വവും. ഇനി നമുക്ക് വൈരുദ്ധ്യത്തിന്റെ പ്രത്യേകതയും ആപേക്ഷികതയും ചർച്ചചെയ്യാം.

ഈ പ്രശ്നം പല നിലവാരങ്ങളിൽനിന്നും പഠിക്കേണ്ടതുണ്ട്. ഒന്നാമതായി, പദാർത്ഥത്തിന്റെ ഓരോ ചലനരൂപത്തിലെയും വൈരുദ്ധ്യത്തിന് അതിന്േറതായ പ്രത്യേകതകളുണ്ട്. പദാർത്ഥത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവാണ് കാരണം, ഈ ലോകത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന പദാർത്ഥങ്ങളല്ലാതെ മറെറാന്നുമില്ല. ഈ ചലനം ചില നിശ്ചിത രൂപങ്ങൾ കൈക്കൊള്ളുകയും വേണം. പദാർത്ഥത്തിന്റെ ഓരോ ചലന രൂപത്തേയും പരിഗണിക്കുമ്പോൾ അതിന് മററു പദാർത്ഥങ്ങളുമായി സാധർമ്യമുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിരീക്ഷിക്കണം. എന്നാൽ ഒരു വസ്തുവിനെക്കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനം ഇതായതുകൊണ്ട് പദാർത്ഥത്തിന്റെ ഈ ചലന രൂപത്തിന് പ്രത്യേകമായിട്ടുള്ളതെന്താണെന്ന് നിരീക്ഷിക്കുകയെന്നതാണ്, അതായതു് ഈ ചലനരൂപവും മററു ചലനരൂപങ്ങളും തമ്മിലുള്ള ഗുണപരമായ വ്യത്യാസം നിരീക്ഷിക്കുക എന്നതാണ് പ്രധാനവും ആവശ്യവുമായിട്ടുള്ളതു്. ഇങ്ങിനെ ചെയ്തു കഴിയുമ്പോൾ മാത്രമേ വസ്തുക്കളെ തമ്മിൽ വേർതിരിച്ചറിയാൻ സാധിക്കുകയുള്ളു. ഓരോ ചലനരൂപവും അതിന്റെ പ്രത്യേക വൈരുദ്ധ്യത്തെ അതിൽതന്നെ ഉൾക്കൊള്ളുന്നു. ഈ പ്രത്യേക വൈരുദ്ധ്യം ഒരു വസ്തുവിനെ മറെറാന്നിൽനിന്നു വേർതിരിക്കുന്ന പ്രത്യേക സത്തസ്സ് രൂപം നൽകുന്നു. ലോകത്തുള്ള വസ്തുക്കളുടെ അളവററ വൈജാത്യത്തിന്റെ ആന്തരിക കാരണം, അഥവാ മറെറാരു രൂപത്തിൽ പറയാവുന്നതുപോലെ അടിസ്ഥാനം ഇതാണ്. യാന്ത്രിക ചലനം ശബ്ദം, പ്രകാശം, ചൂട്, വിദ്യുച്ഛക്തി എന്നിങ്ങനെ പ്രകൃതിയിൽ നിരവധി ചലനരൂപങ്ങളുണ്ട്. ഈ ചലന രൂപങ്ങളെല്ലാം പരസ്പരാശ്രിതങ്ങളാണ്. എന്നാൽ അവ ഓരോന്നും അന്തസത്തയിൽ മററുള്ളവയിൽനിന്ന് വിഭിന്നവുമാണ്. ഓരോ ചലനരൂപത്തിന്റെയും പ്രത്യേകസത്ത എന്താണെന്ന് നിർണ്ണയിക്കുന്നതു് അതാതിന്റെ പ്രത്യേക വൈരുദ്ധ്യമാണ്. പ്രകൃതിയുടെ കാര്യത്തിൽ മാത്രമല്ല; സാമൂഹ്യവും പ്രത്യയശാസ്ത്രപരവുമായ പ്രതിഭാസങ്ങളിലും ഇതു തന്നെയാണ് വാസ്തവം. ഓരോ സാമൂഹ്യരൂപത്തിനും ഓരോ പ്രത്യയശാസ്ത്രരൂപത്തിനും അതിന്േറതായ പ്രത്യേക വൈരുദ്ധ്യവും പ്രത്യേക സത്തയുമുണ്ട്.

ശാസ്ത്രങ്ങളെ വേർതിരിക്കുന്നതു് കൃത്യമായും അവ ഓരോന്നിന്റെയും പഠന വസ്തുക്കളിൽ അന്തർലീനമായിട്ടുള്ള പ്രത്യേകവൈരുദ്ധ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇങ്ങിനെ ഒരു നിശ്ചിത മണ്ഡലത്തിൽപ്പെടുന്ന പ്രതിഭാസങ്ങൾക്ക് സവിശേഷമായ വൈരുദ്ധ്യമാണ് ഒരു പ്രത്യേകശാസ്ത്രശാഖയുടെ പഠനവസ്തു. ഉദാഹരണത്തിന്, ഗണിതശാസ്ത്രത്തിൽ അധിക സംഖ്യകളും ന്യൂന സംഖ്യകളും; ബലതന്ത്രത്തിൽ പ്രവർത്തനവും പ്രതിപ്രവർത്തനവും; ഭൗതികത്തിൽ ധനവൈദ്യുതിയും ഋണവൈദ്യുതിയും;

രസതന്ത്രത്തിൽ വിയോജനവും സംയോജനവും. സാമൂഹ്യശാസ്ത്രത്തിൽ ഉൽപാദന ശക്തികളും ഉൽപാദന ബന്ധങ്ങളും, വർഗങ്ങളും വർഗസമരവും, സൈനികശാസ്ത്രത്തിൽ കടന്നാക്രമണവും പ്രതിരോധവും, ദർശനത്തിൽ ആശയവാദവും ഭൗതികവാദവും, അതിഭൗതികവീക്ഷണവും വൈരുദ്ധ്യാത്മക വീക്ഷണവും—തുടങ്ങിയവയെല്ലാം വ്യത്യസ്ത ശാസ്ത്ര ശാഖകളുടെ പഠനവസ്തുക്കളായിരിക്കുന്നതിനു കാരണം കൃത്യമായും ഓരോ ശാഖയ്ക്കും അതിന്റേതായ പ്രത്യേക വൈരുദ്ധ്യവും പ്രത്യേക സത്തയും ഉണ്ടെന്നുള്ളതാണ്. തീർച്ചയായും വൈരുദ്ധ്യത്തിന്റെ സാർവത്രികത മനസ്സിലാക്കാത്തപക്ഷം വസ്തുക്കളുടെ ചലനത്തിനോ വികാസത്തിനോ ഉള്ള സാർവത്രികമായ കാരണമോ സാർവത്രികമായ അടിസ്ഥാനമോ കണ്ടുപിടിക്കാൻ ഒരു മാർഗവുമുണ്ടാവില്ല. എന്നിരുന്നാലും, വൈരുദ്ധ്യത്തിന്റെ പ്രത്യേകത പഠിക്കാത്തപക്ഷം ഒരു വസ്തുവിനെ മറ്റുള്ളവയിൽനിന്ന് വേർതിരിച്ചു നിർത്തുന്ന പ്രത്യേകസത്ത നിർണയിക്കാൻ മാർഗമുണ്ടാവില്ല. ഒരു വസ്തുവിന്റെ ചലനത്തിനോ, വികാസത്തിനോ ഉള്ള പ്രത്യേക കാരണം അഥവാ പ്രത്യേക അടിസ്ഥാനം കണ്ടുപിടിക്കാൻ ഒരു മാർഗവുമുണ്ടാവില്ല. ഒരു വസ്തുവിനെ മറ്റൊന്നിൽനിന്ന് വേർതിരിച്ചറിയാനോ വിവിധ ശാസ്ത്ര മണ്ഡലങ്ങളുടെ പരിധി നിർണയിക്കാനോ ഒരു മാർഗവുമുണ്ടാവില്ല.

മനുഷ്യവിജ്ഞാനത്തിന്റെ ചലനത്തിലെ അനുക്രമത്തെ സംബന്ധിച്ചിടത്തോളം, ഒറ്റയായതും പ്രത്യേകവുമായ വസ്തുക്കളെ സംബന്ധിച്ച അറിവിൽനിന്ന് പൊതുവിലുള്ള വസ്തുക്കളെ സംബന്ധിച്ച അറിവിലേക്കുള്ള ക്രമാനുഗതമായ വളർച്ചയാണ് എല്ലായ്പ്പോഴും നടക്കുന്നത്. അനേകം വ്യത്യസ്ത വസ്തുക്കളുടെ പ്രത്യേകസത്ത മനസ്സിലാക്കിക്കഴിയുമ്പോൾ മാത്രമേ മനുഷ്യന് സാമാന്യവൽക്കരണത്തിലേക്ക് മുന്നേറാനും വസ്തുക്കളുടെ പൊതുസത്തയെക്കുറിച്ച് അറിയാനും കഴിയൂ. ഈ പൊതുസത്തയെക്കുറിച്ചുള്ള അറിവ് നേടിക്കഴിയുമ്പോൾ അവനതിനെ വഴികാട്ടിയായി ഉപയോഗിക്കുകയും, ഇനിയും പഠിച്ചിട്ടില്ലാത്തതോ അഥവാ വേണ്ടത്ര പൂർണമായി പഠിച്ചിട്ടില്ലാത്തതോ ആയ വിവിധ സമൂർത്ത വസ്തുക്കളെക്കുറിച്ചുള്ള പഠനത്തിലേക്കും ഓരോന്നിന്റെയും പ്രത്യേകസത്ത കണ്ടുപിടിക്കുന്നതിലേക്കും മുന്നേറുകയും ചെയ്യുന്നു. ഇതുവഴി മാത്രമേ അവയുടെ പൊതുസത്തയെക്കുറിച്ചുള്ള അറിവ് പരിപുഷ്ടമാക്കാനും സമ്പന്നമാക്കാനും വികസിപ്പിക്കാനും ഇത്തരം അറിവ് ശുഷ്കിച്ചോ മുരടിച്ചോ പോകുന്നതു തടയാനും അവനു കഴിയും. ജ്ഞാനസമ്പാദനത്തിന്റെ രണ്ടു പ്രക്രിയകൾ ഇവയാണ്: ഒന്ന് പ്രത്യേകമായതിൽനിന്ന് പൊതുവായതിലേക്കും മറ്റൊന്ന് പൊതുവായതിൽനിന്ന് പ്രത്യേകമായതിലേക്കും. ഇപ്രകാരം ജ്ഞാനസമ്പാദനം എല്ലായ്പോഴും ചാക്രികമായി ചലിക്കുന്നു (ശാസ്ത്രീയരീതി കൃത്യമായി അവലംബിക്കുന്നിടത്തോളംകാലം) ഓരോ ചാക്രികചലനവും മനുഷ്യവിജ്ഞാനത്തെ ഒരുപടികൂടി ഉയർത്തുകയും അതിനെ കൂടുതൽ കൂടുതൽ ഗഹനമാക്കുകയും ചെയ്തുകൊണ്ട് മുന്നേറുന്നു. ഈ പ്രശ്നത്തിൽ നമ്മുടെ വരട്ടുതത്വവാദികൾക്ക് രണ്ടുരീതികളിൽ തെറ്റുപറ്റുന്നുണ്ട്. ഒരു വശത്ത് വൈരുദ്ധ്യത്തിന്റെ സാർവത്രികതയും വസ്തുക്കളുടെ പൊതുസത്തയും വേണ്ടത്ര അറിയുവാൻ കഴിയുന്നതിനുമുമ്പ് വൈരുദ്ധ്യത്തിന്റെ പ്രത്യേകത പഠിക്കുകയും, ഒറ്റയ്ക്കൊറ്റയ്ക്കുള്ള വസ്തുക്കളുടെ പ്രത്യേകസത്ത മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ടെന്ന് അവർ മനസ്സിലാക്കുന്നില്ല. മറുവശത്ത്, വസ്തുക്കളുടെ പൊതുസത്ത മനസ്സിലാക്കിയതിനുശേഷം വീണ്ടും മുന്നേറുകയും ഇനിയും പൂർണമായി പഠിച്ചിട്ടില്ലാത്തതോ പുതുതായി ആവിർഭവിച്ചിട്ടുള്ളതോ ആയ സമൂർത്ത വസ്തുക്കളെക്കുറിച്ച് പഠിക്കേണ്ടതുണ്ടെന്ന് അവർ മനസ്സിലാക്കുന്നില്ല. നമ്മുടെ വരട്ടുതത്വവാദികൾ മടിയന്മാരാണ്. അവർ സമൂർത്തവസ്തുക്കളെ ബന്ധപ്പെട്ട് പഠിക്കാൻ



കൂട്ടാക്കാതിരിക്കുകയും പൊതുസത്യങ്ങളെ ശൂന്യതയിൽനിന്ന് പൊട്ടിവന്നവയായി പരിഗണിക്കുകയും, അവയെ തികച്ചും അമൂർത്തവും പിടികിട്ടാത്തതുമായ സൂത്രവാക്യങ്ങളാക്കിമാറ്റുകയും, അങ്ങിനെ മനുഷ്യന്റെ സത്യം മനസ്സിലാക്കുന്ന സാധാരണക്രമത്തെ പരിപൂർണമായി നിഷേധിക്കുകയും കീഴ്മേൽ മറിക്കുകയും ചെയ്യുന്നു. ജ്ഞാനസമ്പാദനത്തിലെ രണ്ടു പ്രക്രിയകളുടെ—പ്രത്യേകമായതിൽനിന്ന് പൊതുവായതിലേക്കും പിന്നീട് പൊതുവായതിൽനിന്ന് പ്രത്യേകമായതിലേക്കുമുള്ള ഇരു പ്രക്രിയകളുടെ—പരസ്പര ബന്ധത്തെ അവർ മനസ്സിലാക്കുന്നുമില്ല. അറിവിനെ സംബന്ധിച്ച മാർക്സിസ്റ്റു സിദ്ധാന്തത്തെപ്പറ്റി അവർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല

പദാർത്ഥത്തിന്റെ ചലനരൂപങ്ങളുടെ ഓരോ വലിയ വ്യവസ്ഥയുടെയും പ്രത്യേക വൈരുദ്ധ്യവും അതു നിർണയിക്കുന്ന സത്തയും പഠിച്ചതുകൊണ്ടു മാത്രമായില്ല, പദാർത്ഥത്തിന്റെ ഓരോ ചലന രൂപത്തിന്റെയും ദൈർഘ്യമുള്ള വികാസഗതിയിലെ ഓരോ പ്രക്രിയയുടേയും പ്രത്യേക വൈരുദ്ധ്യവും സത്തയും കൂടി പഠിക്കേണ്ടതാവശ്യമാണ്. എല്ലാ ചലനരൂപങ്ങളിലും യഥാർത്ഥമായ (സാങ്കൽപ്പികമല്ലാത്ത) ഓരോ വികാസ പ്രക്രിയയും ഗുണപരമായി വ്യത്യസ്ഥമാണ്. നമ്മുടെ പഠനം ഇക്കാര്യത്തിൽ ഊന്നുകയും ഇവിടെനിന്ന് ആരംഭിക്കുകയുംവേണം.

ഗുണപരമായി വ്യത്യസ്ഥമായ വൈരുദ്ധ്യങ്ങളെ ഗുണപരമായി വ്യത്യസ്തമായ രീതികളുപയോഗിച്ചുമാത്രമേ പരിഹരിക്കാൻ സാധിക്കൂ. ഉദാഹരണത്തിന്, തൊഴിലാളി വർഗവും മുതലാളി വർഗവും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കപ്പെടുന്നത് സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ രീതിയിലൂടെയാണ്; ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും നാടുവാഴിത്തവ്യവസ്ഥിതിയും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കപ്പെടുന്നത് ജനാധിപത്യ വിപ്ലവത്തിന്റെ രീതിയിലൂടെയാണ്; അധിനിവേശിതരാജ്യങ്ങളും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കപ്പെടുന്നത് ദേശീയ വിപ്ലവയുദ്ധത്തിന്റെ രീതിയിലൂടെയാണ്, സോഷ്യലിസ്റ്റ് സമൂഹത്തിൽ തൊഴിലാളിവർഗവും കർഷകവർഗവും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കപ്പെടുന്നത് കാർഷികരംഗത്ത് കൂട്ടുകൃഷിയും യന്ത്രവൽക്കരണവും നടപ്പാക്കുന്നതിന്റെ രീതിയിലൂടെയാണ്. കമ്യൂണിസ്റ്റു പാർട്ടിക്കുള്ളിലെ വൈരുദ്ധ്യം പരിഹരിക്കപ്പെടുന്നത് വിമർശനം സ്വയം വിമർശനത്തിന്റെ രീതിയിലാണ്. സമൂഹവും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കപ്പെടുന്നത് ഉൽപാദന ശക്തികളെ വികസിപ്പിക്കുന്ന രീതിയിലൂടെയാണ്. പ്രക്രിയകൾക്ക് മാറ്റം സംഭവിക്കുന്നു, പഴയ പ്രക്രിയകളും പഴയ വൈരുദ്ധ്യങ്ങളും അപ്രത്യക്ഷമാകുന്നു, പുതിയ പ്രക്രിയകളും പുതിയ വൈരുദ്ധ്യങ്ങളും ആവിർഭവിക്കുന്നു, ഇതിനനുസൃതമായി വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്ന രീതികൾക്കും മാറ്റം സംഭവിക്കുന്നു. റഷ്യയിൽ, ഫെബ്രുവരി വിപ്ലവത്തിലൂടെ പരിഹരിക്കപ്പെട്ട വൈരുദ്ധ്യവും ഒക്ടോബർ വിപ്ലവത്തിലൂടെ പരിഹരിക്കപ്പെട്ട വൈരുദ്ധ്യവും തമ്മിലും, അതുപോലെതന്നെ അവ പരിഹരിക്കുന്നതിനുപയോഗിച്ച രീതികൾ തമ്മിലും അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായിരുന്നു. വ്യത്യസ്ത വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്നതിന് വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്ന തത്വം മാർക്സിസ്റ്റു–ലെനിനിസ്റ്റുകൾ കർശനമായി പാലിക്കണം. വരട്ടുതത്വവാദികൾ ഈ തത്വം പാലിക്കുന്നില്ല; വ്യത്യസ്ത തരത്തിലുള്ള വിപ്ലവങ്ങളിൽ സ്ഥിതിഗതികൾ വ്യത്യസ്തമായിരിക്കുമെന്ന് അവർ മനസ്സിലാക്കുന്നില്ല. തന്മൂലം വ്യത്യസ്ത വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്നതിന് വ്യത്യസ്ത രീതികൾ ഉപയോഗിക്കണമെന്നും അവർ മനസ്സിലാക്കുന്നില്ല; നേരെ മറിച്ച് ഒരിക്കലും മാറ്റം വരുത്താൻ പാടില്ലാത്തതെന്ന് സ്വയം സങ്കൽപ്പിക്കുന്ന ഒരു സൂത്ര

വാക്യം അവർ അനിവാര്യമായും സ്വീകരിക്കുകയും എല്ലായിടത്തും അതു് ഏകപക്ഷീയമായി പ്രയോഗിക്കുകയും ചെയ്യുന്നു. ഇതു് വിപ്ലവത്തിനു് തിരിച്ചടികൾ ഏൽക്കുന്നതിനോ നന്നായി ചെയ്യാൻ കഴിയുമായിരുന്ന ഒരു കാര്യത്തെ നാശമാക്കുന്നതിനോ മാത്രമേ സഹായിക്കൂ.

ഒരു വസ്തുവിന്റെ വികാസത്തിലെ ഏതെങ്കിലും പ്രക്രിയയിലെ വൈരുദ്ധ്യങ്ങളുടെ പ്രത്യേകത, അവയുടെ ആകെ മൊത്തത്തിലോ പരസ്പരബന്ധങ്ങളിലോ വെളിപ്പെടുത്തുന്നതിനു്, അതായതു് ആ പ്രക്രിയയുടെ സത്ത വെളിപ്പെടുത്തുന്നതിനു്, അതിലെ ഓരോ വൈരുദ്ധ്യത്തിന്റെയും രണ്ടു വശങ്ങളുടെ പ്രത്യേകത വെളിപ്പെടുത്തേണ്ടതു് ആവശ്യമാണു്; അതല്ലെങ്കിൽ ആ പ്രക്രിയയുടെ സത്ത കണ്ടുപിടിക്കാൻ സാദ്ധ്യമാവില്ല. ഇതും നമ്മുടെ പഠനത്തിൽ അങ്ങേയററം ശ്രദ്ധ ചെലുത്തേണ്ട ഒരു പ്രശ്നമാണു്.

ഏതൊരു പ്രധാനപ്പെട്ട കാര്യത്തിന്റെയും വികാസഗതിയിൽ അനേകം വൈരുദ്ധ്യങ്ങൾ ഉണ്ടായിരിക്കും. ഉദാഹരണത്തിനു് സ്ഥിതിഗതികൾ അങ്ങേയററം സങ്കീർണമായ ചൈനയിലെ ബൂർഷ്വാജനാധിപത്യ വിപ്ലവത്തിന്റെ ഗതിയിൽ ചൈനീസ് സമൂഹത്തിലെ എല്ലാ മർദ്ദിത വർഗങ്ങളും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യം, ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും നാടുവാഴിത്തവും തമ്മിലുള്ള വൈരുദ്ധ്യം, തൊഴിലാളി വർഗവും മുതലാളി വർഗവും തമ്മിലുള്ള വൈരുദ്ധ്യം, ഒരു വശത്തു് കർഷകജനതയും നഗരങ്ങളിലെ പെററി ബൂർഷ്വാസിയും മറുവശത്തു് മുതലാളി വർഗവും തമ്മിലുള്ള വൈരുദ്ധ്യം, വിവിധ പിന്തിരിപ്പൻ ഭരണസംഘങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം എന്നിങ്ങനെ നിരവധി വൈരുദ്ധ്യങ്ങളുണ്ടു്. ഈ വൈരുദ്ധ്യങ്ങൾക്കോരോന്നിനും തനതായ പ്രത്യേകത ഉള്ളതിനാൽ അവയെ ഒരേ രീതിയിൽ കൈകാര്യം ചെയ്യാൻ സാധിക്കില്ല. കൂടാതെ, ഓരോ വൈരുദ്ധ്യത്തിന്റെയും രണ്ടു വശങ്ങളിൽ ഓരോന്നിനും തനതായ സ്വഭാവവിശേഷങ്ങൾ ഉള്ളതിനാൽ അവ രണ്ടിനേയും ഒരേ രീതിയിൽ കൈകാര്യം ചെയ്യുവാനും സാധിക്കില്ല. ചൈനീസ് വിപ്ലവത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മൾ ഈ വൈരുദ്ധ്യങ്ങളുടെ പ്രത്യേകതയെ അവയുടെ ആകെ മൊത്തത്തിൽ, അതായതു് അവയുടെ പരസ്പര ബന്ധങ്ങളിൽ മനസ്സിലാക്കിയാൽ മാത്രം പോരാ, ആകെ മൊത്തമായതു് മനസ്സിലാക്കുന്നതിനുള്ള ഏക മാർഗമെന്ന നിലയിൽ ഓരോ വൈരുദ്ധ്യത്തിന്റെയും രണ്ടു വശങ്ങളെ പഠിക്കുകകൂടിവേണം. ഒരു വൈരുദ്ധ്യത്തിന്റെ ഓരോ വശത്തേയും മനസ്സിലാക്കുകയെന്നു പറയുമ്പോൾ നാം അർത്ഥമാക്കുന്നതു്, ഓരോ വശവും ഏതു് നിർദ്ദിഷ്ടസ്ഥാനം കൈക്കൊള്ളുന്നുവെന്നും അതിന്റെ വിപരീതവുമായുള്ള പരസ്പരാശ്രിതത്വത്തിലും വൈരുദ്ധ്യത്തിലും അതു് ഏതെല്ലാം സമൂർത്തരൂപങ്ങൾ കൈക്കൊള്ളുന്നുവെന്നും, രണ്ടു വശങ്ങളും പരസ്പരാശ്രിതത്വത്തിലും വൈരുദ്ധ്യത്തിലും വർത്തിക്കുമ്പോഴും അതുപോലെ പരസ്പര ആശ്രിതത്വം തകർന്നതിനുശേഷവും വിപരീതവുമായുള്ള സമരത്തിൽ അതു് ഏതെല്ലാം സമൂർത്തരീതികൾ ഉപയോഗിക്കുന്നുവെന്നും മനസ്സിലാക്കുകയെന്നാണു്. ഈ പ്രശ്നങ്ങളുടെ പഠനത്തിനു് വമ്പിച്ച പ്രാധാന്യമുണ്ടു്. മാർക്സിസത്തിലെ ഏററവും സാരവത്തായ കാര്യം, മാർക്സിസത്തിന്റെ ജീവത്തായ ആത്മാവു്, സമൂർത്ത സാഹചര്യങ്ങളുടെ സമൂർത്ത വിശകലനമാണു് [10] എന്നു പറഞ്ഞപ്പോൾ ഇതു തന്നെയാണു് ലെനിൻ അർത്ഥമാക്കിയതു്. നമ്മുടെ വരട്ടു തത്വവാദികൾ ലെനിന്റെ സിദ്ധാന്തങ്ങളെ ലംഘിച്ചിരിക്കുന്നു; എന്തിനെയെങ്കിലും സമൂർത്ത വിശകലനം ചെയ്യാൻ അവർ ഒരിക്കലും സ്വന്തം തലച്ചോറു് ഉപയോഗിക്കുന്നില്ല. തങ്ങളുടെ കൃതികളിലും പ്രസംഗങ്ങളിലും അവരെല്ലായ്പോഴും ഒരു ഉള്ളടക്കവുമില്ലാത്ത സ്ഥി



രരൂപത്തിലുള്ള ശൈലികൾ ഉപയോഗിക്കുകയും അങ്ങനെ നമ്മുടെ പാർട്ടിയിൽ വളരെ മോശപ്പെട്ട ഒരു പ്രവർത്തന ശൈലി സൃഷ്ടിക്കുകയും ചെയ്യുന്നു.

ഒരു പ്രശ്നത്തെക്കുറിച്ചു പഠിക്കുമ്പോൾ, നാം ആത്മനിഷ്ഠതയും ഏകപക്ഷീയതയും ഉപരിപ്ലവതയും ഒഴിവാക്കണം. ആത്മനിഷ്ഠമാകുക എന്നതിനർത്ഥം പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി നോക്കിക്കാണാതിരിക്കുക, അതായതു്, പ്രശ്നങ്ങളെ സമീപിക്കുന്നതിൽ ഭൗതികവാദപരമായ വീക്ഷണം ഉപയോഗിക്കാതിരിക്കുക എന്നാണു്. 'പ്രയോഗത്തെക്കുറിച്ചു്' എന്ന എന്റെ ഉപന്യാസത്തിൽ ഞാൻ ഇതു് പരിശോധിച്ചിട്ടുണ്ടു്. ഏകപക്ഷീയമാകുക എന്നതിനർത്ഥം പ്രശ്നങ്ങളെ എല്ലാ വശങ്ങളിലൂടെയും നോക്കിക്കാണാതിരിക്കുക എന്നാണു്. ഉദാഹരണത്തിനു്, ചൈനയെ മാത്രം മനസ്സിലാക്കുകയും ജപ്പാനെ മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, കമ്യൂണിസ്റ്റു പാർട്ടിയെ മാത്രം മനസ്സിലാക്കുകയും കുമിന്താങ്ങിനെ മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, തൊഴിലാളി വർഗത്തെ മാത്രം മനസ്സിലാക്കുകയും മുതലാളി വർഗത്തെ മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, കർഷകരെമാത്രം മനസ്സിലാക്കുകയും ജന്മിമാരെ മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, അനുകൂല സാഹചര്യങ്ങളെമാത്രം മനസ്സിലാക്കുകയും പ്രതികൂല സാഹചര്യങ്ങളെ മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, ഭൂതകാലം മാത്രം മനസ്സിലാക്കുകയും ഭാവി മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, ഒററയ്ക്കൊററയ്ക്കുള്ള ഭാഗങ്ങൾ മാത്രം മനസ്സിലാക്കുകയും മുഴുവനായുള്ളതു് മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, പോരായ്മകൾ മാത്രം മനസ്സിലാക്കുകയും നേട്ടങ്ങൾ മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, വാദിഭാഗം മാത്രം മനസ്സിലാക്കുകയും പ്രതിഭാഗം മനസ്സിലാക്കാതിരിക്കുകയും ചെയ്യുക, രഹസ്യമായ വിപ്ലവ പ്രവർത്തനം മാത്രം മനസിലാക്കുകയും പരസ്യമായ വിപ്ലവ പ്രവർത്തനം മനസിലാക്കാതിരിക്കുകയും ചെയ്യുക; എന്നിങ്ങനെ, ചുരുക്കിപ്പറഞ്ഞാൽ വൈരുദ്ധ്യത്തിന്റെ രണ്ടു വശങ്ങളുടെയും സവിശേഷതകൾ മനസിലാക്കാതിരിക്കുകയെന്നാണു് ഇതിനർത്ഥം. ഒരു പ്രശ്നത്തെ ഏകപക്ഷീയമായി വീക്ഷിക്കുക എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു് ഇതാണു്. അഥവാ ഒരു ഭാഗം മാത്രം കാണുകയും മുഴുവനായുള്ളതു് കാണാതിരിക്കുകയും ചെയ്യുക എന്നും മരങ്ങൾ മാത്രം കാണുകയും വനം കാണാതിരിക്കുകയും ചെയ്യുക എന്നും ഇതിനെ വിശേഷിപ്പിക്കാം. ഈ മാർഗം അവലംബിച്ചാൽ ഒരു വൈരുദ്ധ്യം പരിഹരിക്കുന്നതിനുള്ള രീതി കണ്ടെത്തുക അസാദ്ധ്യമാണു്, വിപ്ലവത്തിന്റെ കടമകൾ പൂർത്തീകരിക്കുക അസാദ്ധ്യമാണു്, ഏൽപ്പിക്കപ്പെട്ട കൃത്യങ്ങൾ നിർവഹിക്കുന്നതും ഉൾപാർട്ടി പ്രത്യയശാസ്ത്ര സമരം ശരിയായി വികസിപ്പിക്കുന്നതും അസാദ്ധ്യമാണു്. സൈനിക ശാസ്ത്രം ചർച്ച ചെയ്യുന്നതിനിടയ്ക്കു് 'ശത്രുവിനെ അറിയുകയും തന്നെത്താൻ അറിയുകയും ചെയ്യുക; അങ്ങനെയാണെങ്കിൽ പരാജയ ഭീഷണി കൂടാതെ നൂറു പോരാട്ടങ്ങളിലേർപ്പെടാൻ നിങ്ങൾക്കു കഴിയും.' [11] എന്നു് സൂൺവൂസു പറഞ്ഞപ്പോൾ പോരാട്ടത്തിന്റെ രണ്ടു വശങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹം സൂചിപ്പിച്ചതു്. 'രണ്ടു ഭാഗക്കാരും പറയുന്നതു ശ്രദ്ധിച്ചാൽ നിങ്ങൾ പ്രബുദ്ധനായിത്തീരും, ഒന്നു മാത്രം ശ്രദ്ധിച്ചാൽ ഇരുട്ടിൽ ആയിത്തീരും' എന്നു പറഞ്ഞ ടാങ്‌രാജവംശത്തിലെ വെയ്ചെങ്ങും [12] ഏകപക്ഷീയതയുടെ തെററു് മനസിലാക്കിയിരുന്നു. പക്ഷെ നമ്മുടെ സഖാക്കൾ പലപ്പോഴും പ്രശ്നങ്ങളെ ഏകപക്ഷീയമായിട്ടാണു് വീക്ഷിക്കുന്നതു്, അതുകൊണ്ടു് അവർ പലപ്പോഴും തടസ്സങ്ങളിൽ കുടുങ്ങിപ്പോകാറുണ്ടു്. ഷുയിഹുചുവാൻ എന്ന നോവലിൽ സുങ്ചിയാങ് ചു ഗ്രാമത്തെ മൂന്നു പ്രാവശ്യം ആക്രമിക്കുന്നുണ്ടു് [13]. പ്രാദേശിക പരിതഃസ്ഥിതിയെക്കുറിച്ചു് അജ്ഞനായതുകൊണ്ടും തെററായ രീതി ഉപയോഗിച്ചതുകൊണ്ടും അയാൾ രണ്ടു പ്രാവശ്യം പരാജയപ്പെട്ടു. പിന്നീടയാൾ തന്റെ രീതി മാററി. ആദ്യം പരിതഃസ്ഥിതിയെക്കുറിച്ചു് സൂക്ഷ്മാന്വേഷണം നടത്തിയ അയാൾ ആ പ്രദേ

ശത്തെ കെട്ടപിണഞ്ഞു കിടക്കുന്ന പാതകളുമായി പരിചയിച്ചു. എന്നിട്ട്
ലീ, ഹു, ചു എന്നീ ഗ്രാമങ്ങൾ തമ്മിലുള്ള സഖ്യം തകർക്കുകയും വിദേശക
ഥയിലെ ട്രോജൻകുതിരയ്ക്കു സമാനമായ തന്ത്രം ഉപയോഗിച്ചുകൊണ്ട് അവ
സരം പാർത്തിരിക്കാൻ തന്റെ സൈനികരെ വേഷപ്രച്ഛന്നരായി ശത്രുതാ
വളങ്ങളിലേക്ക് അയക്കുകയും ചെയ്തു. മൂന്നാം പ്രാവശ്യം അയാൾ വി
ജയം വരിക്കുകയും ചെയ്തു. ഷുയിഹുചാൻ ഭൗതിക വൈരുദ്ധ്യവാദ
ത്തിന്റെ പല ഉദാഹരണങ്ങളും നൽകുന്നുണ്ട്. അവയിൽ ഏററവും നല്ലതി
ലൊന്ന് ചു ഗ്രാമത്തിനെതിരായ മൂന്നു ആക്രമണങ്ങളുടെ കഥയാണ്.

ലെനിൻ പറഞ്ഞു '... ഒരു വസ്തുവിനെ ശരിക്കും അറിയുന്നതിനു നാം
അതിന്റെ എല്ലാ വശങ്ങളും, എല്ലാ ബന്ധങ്ങളും 'മദ്ധ്യസ്ഥതകളും' ഏദിസ്
ഥമാക്കണം, പഠിക്കണം. ഇതു്, പൂർണമായി കൈവരിക്കാൻ നമുക്കൊരിക്ക
ലും കഴിയില്ല, എങ്കിലും എല്ലാ വശങ്ങളും പഠിക്കണമെന്നാവശ്യപ്പെടുന്നതു്
തെററുകളും കർക്കശതയും ഒഴിവാകുന്നതിനുള്ള രക്ഷാകവചമാണ്'[14].

അദ്ദേഹത്തിന്റെ വാക്കുകൾ നാം ഓർത്തിരിക്കണം. ഉപരിപ്ലവമാകു
ക എന്നതിനർത്ഥം ഒരു വൈരുദ്ധ്യത്തിന്റെ ആകെ മൊത്തത്തിലുള്ള സവിശേ
ഷതകളേയോ, അതിന്റെ ഓരോ വശങ്ങളുടേയും സവിശേഷതകളേയോ പരി
ഗണിക്കാതിരിക്കുക എന്നാണ്; ഒരു വസ്തുവിനെ ആഴത്തിൽ പരിശോധിക്കേ
ണ്ടതിന്റേയും അതിന്റെ വൈരുദ്ധ്യത്തിന്റെ സവിശേഷതകളെ സൂക്ഷ്മമാ
യി പഠിക്കേണ്ടതിന്റേയും ആവശ്യം നിഷേധിക്കുക എന്നാണ്. ഇതിനുപ
കരം ദൂരെനിന്ന് വെറുതെയൊന്നു വീക്ഷിക്കുകയും ഏകദേശമായി രൂപരേഖ
ഖ ഒന്നു കണ്ടതിനുശേഷം വൈരുദ്ധ്യം പരിഹരിക്കാൻ (ചോദ്യത്തിനുത്തരം
കണ്ടെത്താൻ, തർക്കം പരിഹരിക്കാൻ, ജോലി നിർവഹിക്കാൻ അഥവാ
സൈനിക പ്രവർത്തനത്തെ നിയന്ത്രിക്കാൻ) ഉടനടി ശ്രമിക്കുകയും ചെയ്യുക
എന്നാണിതിനർത്ഥം. ഈ രീതിയിൽ പ്രവർത്തിക്കുന്നതു് കുഴപ്പത്തിലേക്ക്
നയിക്കുമെന്നതു് തീർച്ചയാണ്. ചൈനയിലെ വരട്ടുതത്വവാദികളും പ്രയോഗ
മാത്രവാദികളുമായ സഖാക്കൾ തെററുകൾ വരുത്തുന്നതിനുള്ള കാരണം കൃത്യ
മായും കാര്യങ്ങൾ വീക്ഷിക്കുന്നതിൽ അവർ സ്വീകരിക്കുന്ന ആത്മനിഷ്ഠവും.
ഏകപക്ഷീയവും ഉപരിപ്ലവവുമായ രീതിയാണ്. ഏകപക്ഷീയവും ഉപ
രിപ്ലവവുമാകുന്നതിന്റെ അർത്ഥം അതേസമയം ആത്മനിഷ്ഠമായിത്തീ
രുക എന്നുമാണ്. കാരണം, എല്ലാ വസ്തുനിഷ്ഠകാര്യങ്ങളും വാസ്തവത്തിൽ
പരസ്പരബന്ധിതവും ആന്തരിക നിയമങ്ങളാൽ ഭരിക്കപ്പെടുന്നവയുമാണ്.
വസ്തുക്കളെ യഥാർത്ഥത്തിലുള്ളതുപോലെ പ്രതിഫലിപ്പിക്കുന്ന കടമ ഏറെറടു
ക്കുന്നതിനുപകരം ചിലർ അവയെ ഏകപക്ഷീയമായിട്ടോ ഉപരിപ്ലവമായി
ട്ടോ മാത്രം വീക്ഷിക്കുകയും അവയുടെ പരസ്പര ബന്ധങ്ങളെയോ, ആന്തരി
ക നിയമങ്ങളെയോ മനസ്സിലാക്കാതിരിക്കുകയും ചെയ്യുന്നു. തന്മൂലം അവ
രുടെ രീതി ആത്മനിഷ്ഠമാണ്.

ഒരു വസ്തുവിന്റെ വികാസത്തിൽ വിപരീതങ്ങളുടെ മുഴുവൻ ചലനപ്രക്രി
യയിലും അവയുടെ പരസ്പരബന്ധത്തിലും, ഓരോ വശത്തിന്റെ കാര്യത്തി
ലും നാം ശ്രദ്ധിക്കേണ്ട സവിശേഷതകളുണ്ടെന്നു മാത്രമല്ല, ആ പ്രക്രിയയി
ലെ ഓരോ ഘട്ടത്തിനും നാം ശ്രദ്ധിക്കേണ്ട അതിന്റേതായ സവിശേഷത
കാംക്കൂടിയുണ്ട്.

ഒരു വസ്തുവിന്റെ വികാസപ്രക്രിയയിലെ അടിസ്ഥാനവൈരുദ്ധ്യവും
ഈ അടിസ്ഥാന വൈരുദ്ധ്യത്താൽ നിർണ്ണയിക്കപ്പെടുന്ന പ്രക്രിയയുടെ അ
ന്തഃസത്തയും ആ പ്രക്രിയ പൂർത്തീകരിക്കപ്പെടുന്നതുവരെ അപ്രത്യക്ഷമാകു
ന്നില്ല. എന്നാൽ സുദീർഘമായ ഒരു പ്രക്രിയയിൽ ഓരോ ഘട്ടത്തിലും സാ



ഹചര്യങ്ങൾ സാധാരണഗതിയിൽ വ്യത്യസ്തമാകാറുണ്ട്. കാരണം, ഒരു വ
സ്തുവിന്റെ വികാസപ്രക്രിയയിലെ അടിസ്ഥാന വൈരുദ്ധ്യത്തിന്റെ സ്വഭാ
വവും, പ്രക്രിയയുടെ അന്തഃസത്തയും മാററമില്ലാതെ നിലനില്ക്കുന്നുണ്ടെങ്കി
ലും സുദീർഘമായ പ്രക്രിയയിൽ അടിസ്ഥാന വൈരുദ്ധ്യം ഒരു ഘട്ടത്തിൽ
നിന്നു മറെറാരു ഘട്ടത്തിലേക്കു കടക്കുമ്പോൾ അതു കൂടുതൽ കൂടുതൽ തീക്ഷ്
ണമായിത്തീരുന്നു. ഇതിനുപുറമെ അടിസ്ഥാനവൈരുദ്ധ്യത്താൽ നിർണ
യിക്കപ്പെടുന്നതോ, സ്വാധീനിക്കപ്പെടുന്നതോ ആയ പ്രധാനവും അപ്രധാന
വും ആയ നിരവധി വൈരുദ്ധ്യങ്ങൾക്കിടയിൽ ചിലതു് തീക്ഷ്ണമായി
ത്തീരുകയും ചിലതു് താല്ക്കാലികമായോ, ഭാഗികമായോ പരിഹരിക്ക
പ്പെടുകയോ, മയപ്പെടുത്തപ്പെടുകയോ ചെയ്യുകയും പുതിയ ചിലതു് ആവിർഭ
വിക്കുകയും ചെയ്യുന്നു.; ഇതുകൊണ്ട് പ്രക്രിയയിൽ പല ഘട്ടങ്ങളുണ്ടാകുന്നു.
ഒരു വസ്തുവിന്റെ വികാസപ്രക്രിയയിലെ ഘട്ടങ്ങളെക്കുറിച്ചു ശ്രദ്ധിക്കുന്നി
ല്ലെങ്കിൽ അതിന്റെ വൈരുദ്ധ്യങ്ങളെ ശരിയായി കൈകാര്യം ചെയ്യാൻ കഴി
യില്ല.

ഉദാഹരണത്തിന്, സ്വതന്ത്രമത്സരത്തിന്റേതായ യുഗത്തിലെ മുതലാ
ളിത്തം, സാമ്രാജ്യത്വമായി വികാസം പ്രാപിച്ചപ്പോൾ അടിസ്ഥാനപര
മായി വൈരുദ്ധ്യത്തിലേർപ്പെട്ടിട്ടുള്ള രണ്ടു വർഗങ്ങളുടെ, അതായതു് തൊഴി
ലാളിവർഗത്തിന്റേയും, മുതലാളിവർഗത്തിന്റേയും വർഗസ്വഭാവത്തിനോ,
സമൂഹത്തിന്റെ മുതലാളിത്തസത്തയ്ക്കോ ഒരു മാററവും സംഭവിച്ചില്ല; എ
ന്നിരുന്നാലും, ഈ രണ്ടു വർഗങ്ങളും തമ്മിലുള്ള വൈരുദ്ധ്യം തീക്ഷ്ണമാ
വുകയും, കുത്തക, കുത്തകേതര മൂലധനങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം ആ
വിർഭവിക്കുകയും, കൊളോണിയൽ ശക്തികളും കോളനികളും തമ്മിലുള്ള
വൈരുദ്ധ്യം തീക്ഷ്ണമായിത്തീരുകയും അസന്തുലിത വികാസത്തിന്റെ
ഫലമായി മുതലാളിത്ത രാജ്യങ്ങൾക്കിടയിൽ ഉടലെടുത്ത വൈരുദ്ധ്യം പ്ര
ത്യേകിച്ചും നിശിതമായ രൂപത്തിൽ പ്രകടമാവുകയും, അങ്ങനെ മുതലാളി
ത്തത്തിന്റെ പ്രത്യേക ഘട്ടം—സാമ്രാജ്യത്വഘട്ടം—ആവിർഭവിക്കുകയും ചെ
യ്തു. ലെനിനിസം സാമ്രാജ്യത്വത്തിന്റേയും തൊഴിലാളിവർഗ വിപ്ല
വത്തിന്റേയും യുഗത്തിലെ മാർക്സിസമാകുന്നതു്, കൃത്യമായും ലെനിനും
സ്റ്റാലിനും ഈ വൈരുദ്ധ്യങ്ങളെ ശരിയായി വിശദീകരിക്കുകയും, അവയു
ടെ പരിഹാരത്തിന് തൊഴിലാളിവർഗവിപ്ലവത്തിന്റെ സിദ്ധാന്തവും,
അടവുകളും ശരിയായി ആവിഷ്ക്കരിക്കുകയും ചെയ്തുകൊണ്ടാണ്.

1911 ലെ വിപ്ലവത്തോടുകൂടി ആരംഭിച്ച ചൈനയിലെ ബൂർഷ്വാജ
നാധിപത്യവിപ്ലവത്തിന്റെ പ്രക്രിയ പരിശോധിച്ചുനോക്കുക; അതിനും
നിരവധി സവിശേഷഘട്ടങ്ങളുണ്ട്. പ്രത്യേകിച്ചും മുതലാളിവർഗനേതൃത്വ
ത്തിലുള്ള വിപ്ലവത്തിന്റെ ഘട്ടവും, തൊഴിലാളിവർഗ നേതൃത്വത്തിലുള്ള
വിപ്ലവത്തിന്റെ ഘട്ടവും വളരെയേറെ വ്യത്യസ്തങ്ങളായ രണ്ടു ചരിത്ര
ഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ തൊഴി
ലാളിവർഗനേതൃത്വം വിപ്ലവത്തിന്റെ മുഴുവൻ ഛായയും അടിസ്ഥാനപ
രമായി മാററിമറിക്കുകയും, വർഗങ്ങളുടെ പുതിയ ചേരിതിരിവ് നിലവിൽ
വരുത്തുകയും, കർഷക വിപ്ലവത്തിൽ ഒരു വമ്പിച്ച മുന്നേററം ഉളവാക്കുക
യും, സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായ വിപ്ലവത്തിനു്
പൂർണത കൈവരുത്തുകയും, ജനാധിപത്യവിപ്ലവത്തിൽനിന്നു് സോഷ്യ
ലിസ്റ്റ് വിപ്ലവത്തിലേക്കു ള്ള പരിവർത്തനത്തിന് സാദ്ധ്യത സൃഷ്ടിക്കു
കയും മററും ചെയ്തിട്ടുണ്ട്. വിപ്ലവം മുതലാളിവർഗനേതൃത്വത്തിനു കീ
ഴിലായിരുന്നപ്പോൾ ഇവയൊന്നുംതന്നെ സാദ്ധ്യമായിരുന്നില്ല. ഒട്ടമൊ
ത്തത്തിലുള്ള പ്രക്രിയയിലെ അടിസ്ഥാന വൈരുദ്ധ്യത്തിന്റെ സ്വഭാവ
ത്തിന്, അതായതു് ഈ പ്രക്രിയയുടെ സാമ്രാജ്യത്വവിരുദ്ധ, നാടുവാഴി

ത്ത വിരുദ്ധ ജനാധിപത്യവിപ്ലവ സ്വഭാവത്തിന് (അതിന്റെ അർദ്ധ അധിനിവേശിത അർദ്ധനാടുവാഴിത്ത സ്വഭാവമാണ് ഇതിന്റെ വിപരീതം) യാതൊരു മാററവും സംഭവിച്ചിട്ടില്ലെങ്കിലും ഇരുപതിലേറെ വർഷത്തെ ഗതിക്കിടയിൽ ഈ പ്രക്രിയ നിരവധി വികാസഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ഇതിനിടയിൽ 1911 ലെ വിപ്ലവത്തിന്റെ പരാജയവും, വടക്കൻ യുദ്ധപ്രഭുക്കളുടെ ഭരണം സ്ഥാപിക്കലും, ഒന്നാമത്തെ ദേശീയ ഐക്യമുന്നണിയുടെ രൂപീകരണവും, 1924_27ലെ വിപ്ലവവും, ഐക്യമുന്നണിയുടെ തകർച്ചയും, മുതലാളിവർഗം പ്രതിവിപ്ലവത്തിന്റെ ഭാഗത്തേക്കു കൂറുമാറിയതും, പുതിയ യുദ്ധപ്രഭുക്കൾക്കിടയിലെ യുദ്ധങ്ങളും കാർഷിക വിപ്ലവയുദ്ധവും, രണ്ടാമത്തെ ദേശീയ ഐക്യമുന്നണിയുടെ രൂപീകരണവും, ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധവും പോലുള്ള പല മഹത്തായ സംഭവങ്ങളുമുണ്ടായി. ഈ ഘട്ടങ്ങൾക്ക് ചില വൈരുദ്ധ്യങ്ങളുടെ തീക്ഷ്ണമാകലും (ഉദാഹരണത്തിന് കാർഷികവിപ്ലവയുദ്ധവും, നാലുവടക്കുകിഴക്കൻ പ്രവിശ്യകൾക്കു നേരേയുള്ള ജപ്പാന്റെ ആക്രമണവും), മററു വൈരുദ്ധ്യങ്ങളുടെ ആവിർഭാവവും (ഉദാഹരണത്തിന് പുതിയ യുദ്ധപ്രഭുക്കൾ തമ്മിലുള്ള സംഘട്ടനങ്ങളും, ദക്ഷിണ ചൈനയിലെ നമ്മുടെ വിപ്ലവതാവളപ്രദേശങ്ങൾ നഷ്ടപ്പെട്ടതിനുശേഷം ജന്മിമാർ ഭൂമി തിരിച്ചുപിടിച്ചതും) പോലുള്ളതാണ് ഈ സവിശേഷതകൾ.

ഒരു വസ്തുവിന്റെ വികാസപ്രക്രിയയിലെ ഓരോ ഘട്ടത്തിലും, വൈരുദ്ധ്യങ്ങളുടെ പ്രത്യേകതകൾ പഠിക്കുമ്പോൾ, അവയെ അവയുടെ ആകെ മൊത്തത്തിൽ മാത്രം നിരീക്ഷിച്ചാൽ പോരാ, ഓരോ വൈരുദ്ധ്യത്തിന്റെയും രണ്ടു വശങ്ങളെക്കൂടി പരിശോധിക്കണം.

ഉദാഹരണത്തിന്, ക്വമിന്താങ്ങിന്റെയും കമ്മ്യൂണിസ്റ്റുപാർട്ടിയുടേയും കാര്യമെടുക്കുക. ആദ്യം ക്വമിന്താങ്ങ് എന്ന വശമെടുക്കാം. ഒന്നാമത്തെ ഐക്യമുന്നണിയുടെ കാലഘട്ടത്തിൽ, റഷ്യയുമായി സഖ്യം, കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരണം കർഷകർക്കും തൊഴിലാളികൾക്കും സഹായം എന്ന സൺയത്-സെന്നിന്റെ മൂന്നു മഹത്തായ നയങ്ങൾ ക്വമിന്താങ്ങ് നടപ്പാക്കി; തന്മൂലം അതു വിപ്ലവകരവും ഊർജ്ജസ്വലവുമായിരുന്നു. അതു ജനാധിപത്യവിപ്ലവത്തിനുള്ള വിവിധ വർഗ്ഗങ്ങളുടെ സഖ്യമായിരുന്നു. പക്ഷേ, 1927_നു ശേഷം ക്വമിന്താങ്ങ് അതിന്റെ നേർ വിപരീതമായിത്തീരുകയും ജന്മിമാരുടെയും വൻകിടമുതലാളിവർഗത്തിന്റെയും പിന്തിരിപ്പൻ സഖ്യമായിത്തീരുകയും ചെയ്തു. 1936 ഡിസംബറിലെ സിയാൻ സംഭവത്തിനുശേഷം അതു് ആഭ്യന്തരയുദ്ധം അവസാനിപ്പിക്കയും ജാപ്പനീസ് സാമ്രാജ്യത്വത്തെ യോജിച്ചെതിർക്കുന്നതിനു് കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിക്കുകയും ചെയ്യുന്ന ദിശയിലേയ്ക്ക് മറെറാരു മാററം ആരംഭിച്ചു. ഇവയായിരുന്നു മുൻപറഞ്ഞ മൂന്നു ഘട്ടങ്ങളിലെ ക്വമിന്താങ്ങിന്റെ പ്രത്യേക സവിശേഷതകൾ. തീർച്ചയായും വിവിധ കാരണങ്ങളാലാണ് ഈ സവിശേഷതകൾ ഉടലെടുത്തതു്. ഇനി മറേറ വശമായ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ കാര്യമെടുക്കുക. ഒന്നാമത്തെ ഐക്യമുന്നണിയുടെ കാലഘട്ടത്തിൽ, ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി ശൈശവാവസ്ഥയിലായിരുന്നു. 1924_27ലെ വിപ്ലവത്തെ അതു് അതിധീരതയോടെ നയിച്ചെങ്കിലും വിപ്ലവത്തിന്റെ സ്വഭാവവും കടമകളും രീതികളും മനസ്സിലാക്കുന്നതിന് അപക്വത പ്രകടിപ്പിച്ചു. തൽഫലമായി ഈ വിപ്ലവത്തിന്റെ രണ്ടാം പകുതിക്കിടയ്ക്ക് പ്രത്യക്ഷപ്പെട്ട ചെൻ തു-സ്യയിസത്തിന് ശക്തമായി മുന്നോട്ടുവരാനും അങ്ങനെ വിപ്ലവത്തെ പരാജയത്തിലെത്തിക്കാനും സാധിച്ചു. 1927_നുശേഷം കമ്യൂണിസ്റ്റുപാർട്ടി കാർഷികവിപ്ലവയുദ്ധത്തെ ധീരതയോടെ നയിക്കുകയും വിപ്ലവസൈന്യവും വിപ്ലവതാവള പ്രദേശങ്ങളും സൃഷ്ടിക്കുകയും ചെയ്തു. എന്നിരുന്നാലും സൈന്യത്തിനും താവളപ്രദേശ



ങ്ങൾക്കും വളരെ വലിയ നാശങ്ങൾ വരുത്തിവെച്ച സാഹസികമായ തെററുകൾ അതു ചെയ്തു. 1935 നു ശേഷം പാർട്ടി ഈ തെററുകൾ തിരുത്തുകയും ജപ്പാനെ ചെറുക്കുന്നതിനുള്ള പുതിയ ഐക്യമുന്നണിക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുകയുമാണ്; ഈ മഹത്തായ സമരം ഇപ്പോൾ വികസിച്ചുകൊണ്ടിരിക്കുകയുമാണ്. ഇന്നത്തെ ഘട്ടത്തിൽ കമ്യൂണിസ്റ്റ്പാർട്ടി രണ്ടു വിപ്ലവങ്ങളുടെ പരീക്ഷണങ്ങളെ അതിജീവിക്കുകയും വളരെയേറെ അനുഭവങ്ങൾ ആർജ്ജിക്കുകയും ചെയ്ത ഒരു പാർട്ടിയാണ്. ഇവയായിരുന്നു മുൻപറഞ്ഞ മൂന്നു ഘട്ടങ്ങളിലെ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യേക സവിശേഷതകൾ. ഈ സവിശേഷതകളും വിവിധ കാരണങ്ങളാലാണ് ഉടലെടുത്തതു്. ഈ രണ്ടു കൂട്ടം സവിശേഷതകളും പഠിക്കാതെ രണ്ടു പാർട്ടിയുടെ വികാസത്തിന്റെ വിവിധ ഘട്ടങ്ങളിലെ, അതായതു് ഐക്യമുന്നണിയുടെ രൂപീകരണം, ആ ഐക്യമുന്നണിയുടെ തകർച്ച, മറെറാന്നിന്റെ രൂപീകരണം എന്നീ ഘട്ടങ്ങളിലെ അവ തമ്മിലുള്ള പ്രത്യേക ബന്ധങ്ങൾ മനസ്സിലാക്കാൻ സാധിക്കില്ല. രണ്ടു പാർട്ടികളുടെയും പ്രത്യേക സവിശേഷതകൾ പഠിക്കുന്നതിൽ കുറെക്കൂടി അടിസ്ഥാനപരമായിട്ടുള്ളതു് അവയുടെ വർഗാടിത്തറയും അതുമൂലം വ്യത്യസ്തകാലഘട്ടങ്ങളിൽ ഓരോ പാർട്ടിക്കും മററു ശക്തികൾക്കുമിടയിൽ ഉയർന്നുവന്ന വൈരുദ്ധ്യങ്ങളും പരിശോധിക്കുകയെന്നതാണ്. ഉദാഹരണത്തിന്, കമ്യൂണിസ്റ്റുപാർട്ടിയുമായുള്ള സഹകരണത്തിന്റെ ആദ്യഘട്ടത്തിൽ ക്വമിന്താങ്ങ് വിദേശീയ സാമ്രാജ്യത്വത്തിന് വിരുദ്ധമായി നിലകൊള്ളുകയും തന്മൂലം അതു സാമ്രാജ്യത്വ വിരുദ്ധമാകയും ചെയ്തിരുന്നു. മറുവശത്തു്, അതു് രാജ്യത്തിനുള്ളിൽ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്കു വിരുദ്ധമായി നിലകൊണ്ടു; അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് അതു് പല ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും, പ്രയോഗത്തിൽ അവർക്ക് അല്പം വല്ലതും നല്കുകയോ ഒന്നും തന്നെ നൽകാതിരിക്കുകയോ ആണ് ചെയ്തതു്. കമ്യൂണിസ്റ്റ് വിരുദ്ധ യുദ്ധം നടത്തിക്കൊണ്ടിരുന്ന ഘട്ടത്തിൽ, ക്വമിന്താങ്ങ് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്കെതിരായി സാമ്രാജ്യത്വവും നാടുവാഴിത്തവുമായി സഹകരിക്കുകയും വിപ്ലവത്തിൽ ജനങ്ങൾ നേടിയ നേട്ടങ്ങളെല്ലാം തുടച്ചുനീക്കുകയും അങ്ങനെ അവർ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ തീക്ഷ്ണമാകുകയും ചെയ്തു. ജാപ്പനീസ് വിരുദ്ധയുദ്ധത്തിന്റേതായ ഇന്നത്തെ ഘട്ടത്തിൽ ക്വമിന്താങ്ങ് ജാപ്പാനീസ് സാമ്രാജ്യത്വത്തിനു വിരുദ്ധമായിനിലകൊള്ളുകയും കമ്യൂണിസ്റ്റുപാർട്ടിക്കും ജനങ്ങൾക്കും എതിരായ അതിന്റെ സമരത്തിനോ അടിച്ചമർത്തലിനോ അയവുവരുത്താതെതന്നെ കമ്യൂണിസ്റ്റുപാർട്ടിയുമായി സഹകരണം ആഗ്രഹിക്കുകയും ചെയ്തു. കമ്യൂണിസ്റ്റ്പാർട്ടിയെ സംബന്ധിച്ചിടത്തോളമാകട്ടെ, അതെല്ലായ്പ്പോഴും, എല്ലാ ഘട്ടങ്ങളിലും, സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായി ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളോടൊപ്പം നിലകൊള്ളുന്നു; എന്നാൽ ജാപ്പനീസ് വിരുദ്ധയുദ്ധത്തിന്റേതായ ഇന്നത്തെ ഘട്ടത്തിൽ, ക്വമിന്താങ്ങ് ജപ്പാനെ ചെറുക്കുന്നതിനനുകൂലമായ ഒരു നിലപാട് സ്വീകരിച്ചിട്ടുള്ളതുകാരണം അതു് ക്വമിന്താങ്ങിനോടും ആഭ്യന്തര നാടുവാഴിത്തശക്തികളോടും മിതത്വത്തോടുകൂടിയ നിലപാടു സ്വീകരിച്ചിരിക്കുന്നു. മുൻപറഞ്ഞ പരിതസ്ഥിതികളിൽ, രണ്ടു പാർട്ടികളും തമ്മിലുള്ള ബന്ധം ചിലപ്പോൾ സഖ്യമായും മററുചിലപ്പോൾ പരസ്പര സമരമായും പ്രകടമായിട്ടുണ്ടു്, സഖ്യത്തിന്റേതായ കാലഘട്ടങ്ങളിൽക്കൂടിയും ഒരു സമയം സഖ്യവും സമരവുമെന്ന സങ്കീർണമായ സ്ഥിതിവിശേഷം നിലവിലുണ്ട്. വൈരുദ്ധ്യത്തിന്റെ രണ്ടു വശങ്ങളുടെയും പ്രത്യേക സവിശേഷതകളെ നാം പഠിക്കുന്നില്ലെങ്കിൽ, ഓരോ പാർട്ടിക്കും മററു ശക്തികളുമായുള്ള ബന്ധത്തെക്കുറിച്ചുമാത്രമല്ല, രണ്ടുപാർട്ടികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുപോലും മനസ്സിലാക്കുന്നതിൽ നാം പരാജയപ്പെടും.

ഏതൊരു തരത്തിലുള്ള വൈരുദ്ധ്യത്തിന്റെ പ്രത്യേകതയും പദാർത്ഥത്തി
ന്റെ ഓരോ ചലനരൂപത്തിലേയും വൈരുദ്ധ്യം, അതിന്റെ ഓരോ വി
കാസപ്രക്രിയയിലേയും വൈരുദ്ധ്യം, ഓരോ പ്രക്രിയയിലേയും
വൈരുദ്ധ്യത്തിന്റെ ഇരുവശങ്ങളും, ഒരു പ്രക്രിയയുടെ ഓരോ ഘട്ടത്തി
ലേയും വൈരുദ്ധ്യം, ഓരോ ഘട്ടത്തിലെയും വൈരുദ്ധ്യത്തിലെ
ഇരുവശങ്ങളും—പഠിക്കുന്നതിൽ ഈ എല്ലാ വൈരുദ്ധ്യങ്ങളുടേയും
പ്രത്യേകത പഠിക്കുന്നതിലും നാം ആത്മനിഷ്ഠവും സ്വേച്ഛാപ
രവുമായ സമീപനം സ്വീകരിക്കരുതെന്നും, മറിച്ച് സമൂർത്തമായി വിശക
ലനം ചെയ്യണം എന്നും ഇതിൽനിന്ന് കാണാൻ കഴിയും. സമൂർത്തമായ വിശ
കലനം കൂടാതെ ഏതൊരു വൈരുദ്ധ്യത്തിന്റേയും പ്രത്യേകതയെക്കുറിച്ച്
അറിവും സാദ്ധ്യമല്ല. സമൂർത്തസാഹചര്യങ്ങളുടെ സമൂർത്തവിശകലനം
എന്ന ലെനിന്റെ വാക്കുകൾ നാം എല്ലായ്പ്പോഴും ഓർക്കണം.

ഇത്തരത്തിലുള്ള സമൂർത്ത വിശകലനത്തിന്റെ ഏററവും ഉത്തമ മാതൃക
കൾ ആദ്യമായി നൽകിയതു് മാർക്സും ഏംഗൽസും ആയിരുന്നു.

മാർക്സും ഏംഗൽസും വസ്തുക്കളിലെ വൈരുദ്ധ്യനിയമം സാമൂഹ്യ—ച
രിത്രപ്രക്രിയയുടെ പഠനത്തിൽ പ്രയോഗിച്ചപ്പോൾ, അവർ ഉല്പാദനശ
ക്തികളും ഉല്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യവും ചൂഷക-ചൂഷിത
വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യവും അതുമൂലം സാമ്പത്തിക അടിത്തറ
യും അതിന്റെ ഉപരിഘടനയും (രാഷ്ട്രീയം, പ്രത്യയശാസ്ത്രം മുതലായവ) ത
മ്മിലുണ്ടാകുന്ന വൈരുദ്ധ്യവും കണ്ടുപിടിക്കുകയും വ്യത്യസ്തതരത്തിലുള്ള വ
ർഗ്ഗസമൂഹങ്ങളിൽ ഈ വൈരുദ്ധ്യങ്ങൾ വ്യത്യസ്തതരത്തിലുള്ള സാമൂഹ്യവി
പ്ലവങ്ങളിലേക്ക് അനിവാര്യമായും നയിക്കുന്നതെങ്ങനെയാണെന്ന് കണ്ടു
പിടിക്കുകയും ചെയ്തു.

മാർക്സ് ഈ നിയമം മുതലാളിത്ത സമൂഹത്തിലെ സാമ്പത്തികഘട
നയുടെ പഠനത്തിൽ പ്രയോഗിച്ചപ്പോൾ, ഈ സമൂഹത്തിലെ അടിസ്ഥാന
വൈരുദ്ധ്യം ഉല്പാദനത്തിന്റെ സാമൂഹ്യസ്വഭാവവും ഉടമസ്ഥതയുടെ
സ്വകാര്യസ്വഭാവവും തമ്മിലുള്ള വൈരുദ്ധ്യമാണെന്ന് കണ്ടെത്തി. ഈ
വൈരുദ്ധ്യം ഒററയൊററയായുള്ള സ്ഥാപനങ്ങളിലെ ഉല്പാദനത്തിന്റെ സം
ഘടിതസ്വഭാവവും മുഴുവൻ സമൂഹത്തിലെ ഉല്പാദനത്തിന്റെ അരാജക
സ്വഭാവവും തമ്മിലുള്ള വൈരുദ്ധ്യത്തിലൂടെ പ്രകടമാകുന്നു.' വർഗബന്ധ
ങ്ങളുടെ തലത്തിൽ ഇതു മുതലാളിവർഗവും, തൊഴിലാളിവർഗവും തമ്മിലു
ള്ള വൈരുദ്ധ്യത്തിലൂടെ പ്രകടമാകുന്നു.

വസ്തുക്കളുടെ മണ്ഡലം വളരെ വിപുലമായതിനാലും അവയുടെ വികാസ
ത്തിനു് ഒരു പരിധിയും ഇല്ലാത്തതിനാലും ഒരു സന്ദർഭത്തിൽ സാർവത്രിക
മായതു് മററൊന്നിൽ പ്രത്യേകമായതായിത്തീരുന്നു, നേരെമറിച്ച്, ഒരു സന്ദർഭ
ത്തിൽ പ്രത്യേകമായതു് മററൊന്നിൽ സാർവത്രികമായതായിത്തീരുകയും
ചെയ്യുന്നു. ഉല്പാദനത്തിന്റെ സാമൂഹ്യസ്വഭാവവും ഉല്പാദനോപാധി
കളുടെ സ്വകാര്യ ഉടമസ്ഥതയും തമ്മിലുള്ള മുതലാളിത്ത വ്യവസ്ഥിതിയിലെ
വൈരുദ്ധ്യം മുതലാളിത്തം നിലനില്ക്കുകയും വികസിക്കുകയും ചെയ്യുന്ന
എല്ലാ രാജ്യങ്ങൾക്കും പൊതുവായിട്ടുള്ള ഒന്നാണ്; മുതലാളിത്തത്തെ സംബ
ന്ധിച്ചിടത്തോളം ഇതു് വൈരുദ്ധ്യത്തിന്റെ സാർവത്രികതയാണ്. എ
ന്നാൽ, മുതലാളിത്തത്തിന്റെ ഈ വൈരുദ്ധ്യം വർഗസമൂഹത്തിന്റെ പൊ
തുവായ വികാസത്തിലെ ഒരു ചരിത്രഘട്ടത്തിൽ മാത്രമുള്ളതാണ്; മുഴുവൻ
വർഗസമൂഹത്തിലെ ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളും തമ്മി
ലുള്ള വൈരുദ്ധ്യത്തെ സംബന്ധിച്ചിടത്തോളം അതു് വൈരുദ്ധ്യത്തി
ന്റെ പ്രത്യേകതയാണ്. എന്നിരുന്നാലും, മുതലാളിത്ത സമൂഹത്തിലെ,
ഈ വൈരുദ്ധ്യങ്ങളുടെയെല്ലാം പ്രത്യേകത വിച്ഛേദിച്ച് കാണിക്കുന്നതിലൂ



ടെ പൊതുവിലുള്ള വർഗ സമൂഹത്തിലെ ഉല്പാദനശക്തികളും ഉല്പാദ
നബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ സാർവത്രികതയെക്കുറിച്ചു
മാർക്സ് കുറെക്കൂടി ഗഹനവും, കുറെക്കൂടി പര്യാപ്തവും, കുറെക്കൂടി പൂർ
ണവുമായ വിശദീകരണം നല്കി.

പ്രത്യേകമായതു് സാർവത്രികമായതുമായി ഐക്യപ്പെട്ടിരിക്കുന്നതുകൊ
ണ്ടും, വൈരുദ്ധ്യത്തിന്റെ സാർവത്രികതയും പ്രത്യേകതയും സർവ വസ്തു
ക്കളിലും ഉൾച്ചേർന്നിരിക്കുന്നതുകൊണ്ടും, സാർവത്രികത പ്രത്യേകതയിൽ ക
ുടികൊള്ളുന്നതുകൊണ്ടും, ഒരു വസ്തുവിനെക്കുറിച്ച് പഠിക്കുമ്പോൾ പ്രത്യേക
മായതും സാർവത്രികമായതും അവയുടെ പരസ്പരബന്ധവും കണ്ടുപിടി
ക്കാനും ആ വസ്തുവിൽതന്നെ പ്രത്യേകതയും സാർവത്രികതയും അവയുടെ പ
രസ്പരബന്ധവും കൂടി കണ്ടുപിടിക്കാനും ആ വസ്തുവും അതിനു പുറത്തുള്ള
നിരവധി വസ്തുക്കളും തമ്മിലുള്ള പരസ്പരബന്ധങ്ങളും കണ്ടുപിടിക്കാനും ശ്ര
മിക്കണം. 'ലെനിനിസത്തിന്റെ അടിസ്ഥാനം' എന്ന തന്റെ പ്രശസ്തകൃ
തിയിൽ സ്റ്റാലിൻ ലെനിനിസത്തിന്റെ ചരിത്രപരമായ വേരുകൾ വിശദീ
കരിച്ചപ്പോൾ അദ്ദേഹം ലെനിനിസം ഉദയംചെയ്ത സാർവദേശീയ പരി
തസ്ഥിതി വിശകലനം ചെയ്യുകയും ഈ സാമ്രാജ്യത്വത്തിനു കീഴിൽ
പരമകാഷ്ഠയിൽ എത്തിയ മുതലാളിത്ത വൈരുദ്ധ്യങ്ങൾ വിശക
ലനം ചെയ്യുകയും വൈരുദ്ധ്യങ്ങൾ തൊഴിലാളിവർഗ വിപ്ലവ
ത്തെ അടിയന്തിര നടപടികളുള്ള ഒരു വിഷയമാക്കിത്തീർത്തതും
മുതലാളിത്തത്തിനുമേൽ നേരിട്ടുള്ള കടന്നാക്രമണത്തിനു് അനുകൂലമായ സാ
ഹചര്യങ്ങൾ സൃഷ്ടിച്ചതും എങ്ങിനെയാണെന്ന് കാണിക്കുകയും ചെയ്തു.
കൂടാതെ, റഷ്യ ലെനിനിസത്തിന്റെ വളർത്തുതൊട്ടിലായിത്തീർന്നതു് എ
ന്തുകൊണ്ടാണെന്നു സാറിസ്റ്റ്റഷ്യ സാമ്രാജ്യത്വത്തിന്റെ എല്ലാ വൈരുദ്ധ്യ
ങ്ങളുടേയും കേന്ദ്രബിന്ദുവായിത്തീർന്നതു് എന്തുകൊണ്ടാണെന്നും, റഷ്യൻ തൊ
ഴിലാളിവർഗത്തിനു് സാർവദേശീയവിപ്ലവ തൊഴിലാളിവർഗത്തിന്റെ മു
ന്നണിപ്പടയായിത്തീരാൻ സാധിച്ചതു് എന്തുകൊണ്ടാണെന്നും അദ്ദേഹം വി
ശകലനം ചെയ്തിട്ടുണ്ട്. ഇപ്രകാരം, ലെനിനിസം സാമ്രാജ്യത്വത്തിന്റെ
യും തൊഴിലാളിവർഗവിപ്ലവത്തിന്റെയും യുഗത്തിലെ മാർക്സിസമാ
യിരിക്കുന്നതു് എന്തുകൊണ്ടാണെന്നു കാണിച്ചുകൊണ്ട് സ്റ്റാലിൻ സാമ്രാജ്യ
ത്വത്തിലെ വൈരുദ്ധ്യത്തിന്റെ സാർവത്രികത വിശകലനം ചെയ്തു.
അതേസമയംതന്നെ റഷ്യ തൊഴിലാളിവർഗവിപ്ലവത്തിന്റെ സിദ്ധാന്ത
ത്തിന്റേയും അടവുകളുടേയും ജന്മസ്ഥലമായിത്തീർന്നതു് എന്തുകൊണ്ടാണെ
ന്നും വൈരുദ്ധ്യത്തിന്റെ സാർവത്രികത ഈ പ്രത്യേകതയിൽ എങ്ങനെ ഉൾ
ക്കൊണ്ടിരിക്കുന്നുവെന്നും അദ്ദേഹം വരച്ചു കാട്ടി. അതുവഴി ഈ പൊതു
വൈരുദ്ധ്യത്തിനുള്ളിൽ (സാമ്രാജ്യത്വത്തിലെ വൈരുദ്ധ്യത്തിന്റെ സാർവ
ത്രികതയ്ക്കുള്ളിൽ) സാറിസ്റ്റ് റഷ്യൻ സാമ്രാജ്യത്വത്തിന്റെ പ്രത്യേകതയും
അദ്ദേഹം വിശകലനം ചെയ്തു. സ്റ്റാലിന്റെ വിശകലനം വൈരുദ്ധ്യത്തി
ന്റെ പ്രത്യേകതയും സാർവത്രികതയും അവയുടെ പരസ്പര ബന്ധവും മന
സ്സിലാക്കുന്നതിനുള്ള ഒരു മാതൃക നമുക്കു നല്കുന്നു.

വസ്തുനിഷ്ഠ പ്രതിഭാസങ്ങളെക്കുറിച്ചു പഠിക്കുന്നതിനും വൈരുദ്ധ്യ
ശാസ്ത്രം എങ്ങനെയാണ് ഉപയോഗിക്കേണ്ടതു് എന്ന പ്രശ്നത്തിൽ മാർ
ക്സും എംഗൽസും അതുപോലെ ലെനിനും സ്റ്റാലിനും എല്ലായ്പോഴും
ഉൽബോധിപ്പിക്കുന്നതിതാണ്; ഒരു തരത്തിലും ആത്മനിഷ്ഠവും സ്വേച്ഛാ
പരവും ആകരുതു്, മറിച്ച് പ്രതിഭാസങ്ങളുടെ യഥാർത്ഥ വസ്തു നിഷ്ഠചലന
ത്തിലെ സമൂർത്ത സാഹചര്യങ്ങളിൽനിന്നു് അവയുടെ സമൂർത്ത വൈരുദ്ധ്യ
ങ്ങൾ കണ്ടെത്തുകയും ഓരോ വൈരുദ്ധ്യത്തിന്റേയും ഓരോ വശത്തിന്റെ സ
മൂർത്ത സ്ഥാനം കണ്ടെത്തുകയും വൈരുദ്ധ്യങ്ങളുടെ സമൂർത്തമായ പരസ്പര
ബന്ധങ്ങൾ കണ്ടെത്തുകയും ചെയ്യുക. നമ്മുടെ വരട്ടു തത്വവാദികൾ തങ്ങ

ടെ പഠനത്തിൽ ഈ സമീപനം സ്വീകരിക്കുന്നില്ല. അതുകൊണ്ട് അവർക്ക് എന്തെങ്കിലും ശരിയായി ചെയ്യാൻ ഒരിക്കലും കഴിയുന്നതുമില്ല. നാം അവരുടെ പരാജയം ഒരു താക്കീതായി ഉൾക്കൊള്ളുകയും പഠനത്തിലുള്ള ഒരേ ഒരു ശരിയായ മാർഗമായ ഈ സമീപനം ആർജിക്കാൻ പഠിക്കുകയും വേണം.

വൈരുദ്ധ്യത്തിന്റെ സാർവത്രികതയും പ്രത്യേകതയും തമ്മിലുള്ള ബന്ധം വൈരുദ്ധ്യത്തിന്റെ സാമാന്യ സ്വഭാവവും സവിശേഷസ്വഭാവവും തമ്മിലുള്ള ബന്ധമാണ്. ആദ്യം പറഞ്ഞതുകൊണ്ട് അർത്ഥമാക്കുന്നത്, വൈരുദ്ധ്യം എല്ലാ പ്രക്രിയകളിലും അവയിലുടനീളവും ആദ്യന്തം നിലനില്ക്കുന്നു എന്നാണ്; ചലനം, വസ്തുക്കൾ, പ്രക്രിയകൾ, ചിന്ത—ഇവയെല്ലാം വൈരുദ്ധ്യങ്ങളാണ്. വൈരുദ്ധ്യത്തെ നിഷേധിക്കുകയെന്നാൽ എല്ലാററിനേയും നിഷേധിക്കുക എന്നാണർത്ഥം. ഇതെല്ലാക്കാലത്തിനും എല്ലാ രാജ്യങ്ങൾക്കും ബാധകമായ, ഒരപവാദവുമില്ലാത്ത സാർലൗകിക സത്യമാണ്. വൈരുദ്ധ്യത്തിന്റെ സാമാന്യസ്വഭാവം, അതിന്റെ കേവലത്വം ഇതുമൂലം ഉളവാകുന്നു. എന്നാൽ ഈ സ്വഭാവം ഓരോ സവിശേഷ സ്വഭാവത്തിലും കുടികൊള്ളുന്നു; സവിശേഷ സ്വഭാവമില്ലാതെ സാമാന്യ സ്വഭാവമുണ്ടാവുക സാദ്ധ്യമല്ല. എല്ലാ സവിശേഷ സ്വഭാവവും നീക്കം ചെയ്യപ്പെടുകയാണെങ്കിൽ, എന്ത് സാമാന്യ സ്വഭാവമായിരിക്കും അവശേഷിക്കുക? ഓരോ വൈരുദ്ധ്യവും പ്രത്യേകമായതുകൊണ്ടാണ് സവിശേഷ സ്വഭാവം ഉടലെടുക്കുന്നത്. എല്ലാ സവിശേഷ സ്വഭാവങ്ങളും സോപാധികവും താല്ക്കാലികവുമായാണ് നിലനില്ക്കുന്നത്, തന്മൂലം അത് ആപേക്ഷികവുമാണ്.

സാമാന്യവും സവിശേഷവുമായ സ്വഭാവത്തെ സംബന്ധിച്ച, കേവലത്വത്തേയും ആപേക്ഷികതയേയും സംബന്ധിച്ച ഈ സത്യമാണ് വസ്തുക്കളിലെ വൈരുദ്ധ്യത്തെ സംബന്ധിക്കുന്ന പ്രശ്നത്തിന്റെ പരമസത്യം; ഇതു മനസ്സിലാക്കുന്നതിലുള്ള പരാജയം വൈരുദ്ധ്യശാസ്ത്രത്തെ കൈയ്യൊഴിക്കുന്നതിന് സമമാണ്.

## 4. മുഖ്യവൈരുദ്ധ്യവും, ഒരു വൈരുദ്ധ്യത്തിന്റെ മുഖ്യവശവും.

വൈരുദ്ധ്യത്തിന്റെ പ്രത്യേകത ചർച്ച ചെയ്യുമ്പോൾ അപഗ്രഥനത്തിന് വേർതിരിച്ചെടുക്കേണ്ട രണ്ടു പ്രശ്നങ്ങൾ കൂടിയുണ്ട്. ഇവ മുഖ്യവൈരുദ്ധ്യവും വൈരുദ്ധ്യത്തിന്റെ മുഖ്യവശവുമാണ്. സങ്കീർണ്ണമായ ഒരു വസ്തുവിന്റെ വികാസ പ്രക്രിയയിൽ നിരവധി വൈരുദ്ധ്യങ്ങളുണ്ട്. ഇവയിലൊന്ന് അവശ്യമായും മുഖ്യ വൈരുദ്ധ്യമായിരിക്കും. ഇതിന്റെ നിലനില്പും വികാസവും മററു വൈരുദ്ധ്യങ്ങളുടെ നിലനില്പിനേയും വികാസത്തേയും നിർണ്ണയിക്കുകയോ സ്വാധീനിക്കുകയോ ചെയ്യുന്നു.

ഉദാഹരണത്തിന് മുതലാളിത്ത സമൂഹത്തിൽ വൈരുദ്ധ്യത്തിലേർപ്പെട്ടിട്ടുള്ള രണ്ടു ശക്തികൾ—തൊഴിലാളി വർഗവും മുതലാളി വർഗവും—മുഖ്യ വൈരുദ്ധ്യത്തിന് രൂപം നല്കുന്നു. അവശിഷ്ട നാടുവാഴി വർഗവും മുതലാളി വർഗവും തമ്മിലും കർഷക_പെററിബൂർഷ്വാസിയും മുതലാളിവർഗവും തമ്മിലും, കുത്തകേതര മുതലാളിമാരും കുത്തക മുതലാളിമാരും തമ്മിലും, ബൂർഷ്വാജനാധിപത്യവും ബൂർഷ്വാ ഫാസിസവും തമ്മിലും, മുതലാളിത്ത രാജ്യങ്ങൾക്കിടയിലും, സാമ്രാജ്യത്വങ്ങളും അധിനിവേശിത രാജ്യങ്ങളും തമ്മിലും ഉള്ളവ പോലുള്ള മറെറല്ലാ വൈരുദ്ധ്യങ്ങളേയും ഈ മുഖ്യവൈരുദ്ധ്യം നിർണ്ണയിക്കയോ സ്വാധീനിക്കുകയോ ചെയ്യുന്നു.

ചൈനയെപ്പോലുള്ള ഒരു അർദ്ധ അധിനിവേശിത രാജ്യത്തിൽ, മുഖ്യവൈരുദ്ധ്യവും മുഖ്യമല്ലാത്ത വൈരുദ്ധ്യങ്ങളും തമ്മിലുള്ള ബന്ധം സങ്കീർണ



മായ ചിത്രമാണ് അവതരിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ഒരു രാജ്യത്തിനെതിരെ സാമ്രാജ്യത്വം ആക്രമണയുദ്ധം അഴിച്ചു വിടുമ്പോൾ ചില രാജ്യദ്രോഹികളൊഴികെ അവിടത്തെ വിവിധ വർഗ്ഗങ്ങൾക്കെല്ലാം തന്നെ സാമ്രാജ്യത്വത്തിനെതിരായ ദേശീയ യുദ്ധത്തിൽ താല്ക്കാലികമായി ഒന്നിക്കാൻ കഴിയും. ആ സമയത്ത് സാമ്രാജ്യത്വവും ആ രാജ്യവും തമ്മിലുള്ള വൈരുദ്ധ്യം മുഖ്യ വൈരുദ്ധ്യമായിത്തീരുകയും, അതേ സമയം അതിനുള്ളിലെ വിവിധ വർഗങ്ങൾക്കിടയിലുള്ള വൈരുദ്ധ്യങ്ങൾ എല്ലാം തന്നെ (അതുവരെ മുഖ്യ വൈരുദ്ധ്യമായിരുന്ന നാടുവാഴിത്ത വ്യവസ്ഥിതിയും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യമുൾപ്പെടെ) താല്ക്കാലികമായി രണ്ടാം സ്ഥാനത്തേക്ക്, കീഴ്സ്ഥാനത്തേക്ക് പിന്തള്ളപ്പെടുകയും ചെയ്യുന്നു. ചൈനയിൽ, 1890_ലെ കറുപ്പു യുദ്ധത്തിലും 1894_ലെ ചൈനാ_ജപ്പാൻ യുദ്ധത്തിലും, 1900_ലെ യീഹൊ_ടുവാൻ യുദ്ധത്തിലും സംഭവിച്ചത് ഇപ്രകാരമാണ്. ഇപ്പോഴത്തെ ചൈനാ—ജപ്പാൻ യുദ്ധത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്.

എന്നാൽമറെറാരു പരിതഃസ്ഥിതിയിൽ വൈരുദ്ധ്യങ്ങൾ സ്ഥാനം മാറും. സാമ്രാജ്യത്വം യുദ്ധം വഴിക്കല്ലാതെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ കൂടുതൽ മയപ്പെടുത്തിയ മാർഗങ്ങളിലൂടെ അടിച്ചമർത്തുമ്പോൾ, അർദ്ധ അധിനിവേശിത രാജ്യങ്ങളിലെ ഭരണവർഗങ്ങൾ സാമ്രാജ്യത്വത്തിന് കീഴടങ്ങുകയും, അവ രണ്ടും ചേർന്ന് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ കൂട്ടായി അടിച്ചമർത്തുന്നതിന് ഒരു സഖ്യം രൂപീകരിക്കുകയും ചെയ്യുന്നു. അത്തരമൊരു ഘട്ടത്തിൽ, സാമ്രാജ്യത്വവും, നാടുവാഴി വർഗങ്ങളും തമ്മിലുള്ള സഖ്യത്തിനെതിരെ ബഹുജനങ്ങൾ പലപ്പോഴും ആഭ്യന്തര യുദ്ധം നടത്തുകയും, അതേ സമയം ജനങ്ങളെ അടിച്ചമർത്തുന്നതിൽ അർദ്ധ അധിനിവേശിത രാജ്യങ്ങളിലെ പിന്തിരിപ്പന്മാരെ സഹായിക്കുന്നതിന് സാമ്രാജ്യത്വം പ്രത്യക്ഷമായ നടപടികളേക്കാളേറെ പരോക്ഷമായ രീതികൾ കൈക്കൊള്ളുകയും, അങ്ങനെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ പ്രത്യേകിച്ച് മൂർച്ഛിക്കുകയും ചെയ്യുന്നു. 1911-ലെ വിപ്ളവയുദ്ധത്തിലും, 1924_27 ലെ വിപ്ളവയുദ്ധത്തിലും, 27 നു ശേഷം പത്തു വർഷക്കാലം നടന്ന കാർഷിക വിപ്ളവ യുദ്ധത്തിലും ചൈനയിൽ സംഭവിച്ചത് ഇതാണ്. അർദ്ധ അധിനിവേശിത രാജ്യങ്ങളിലെ വിവിധ പിന്തിരിപ്പൻ ഭരണ സംഘങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ, ഉദാഹരണത്തിന്, ചൈനയിലെ യുദ്ധപ്രഭുക്കൾ തമ്മിലുള്ള യുദ്ധങ്ങൾ ഇതേയിനത്തിൽ പെടും.

വിപ്ളവപരമായ ഒരു ആഭ്യന്തരയുദ്ധം സാമ്രാജ്യത്വത്തിന്റേയും അതിന്റെ വിടുനായ്ക്കളായ ആഭ്യന്തര പിന്തിരിപ്പന്മാരുടേയും നിലനില്പിനു തന്നെ ഭീഷണിയാകുന്ന ഘട്ടത്തിലേക്കു വികസിക്കുമ്പോൾ സാമ്രാജ്യത്വം ഭരണം നിലനിർത്തുന്നതിന് പലപ്പോഴും മററു സമ്പ്രദായങ്ങൾ സ്വീകരിക്കുന്നു; അതു് ഒന്നുകിൽ വിപ്ളവമുന്നണിയെ ഉള്ളിൽനിന്ന് പിളർക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ ആഭ്യന്തര പിന്തിരിപ്പന്മാരെ നേരിട്ടു സഹായിക്കുന്നതിന് സായുധ സേനകളെ അയക്കുകയോ ചെയ്യുന്നു. അതുപോലുള്ളൊരു സമയത്ത്, വൈദേശിക സാമ്രാജ്യത്വവും ആഭ്യന്തര പിന്തിരിപ്പത്വവും തികച്ചും പരസ്യമായി ഒരു ഭാഗത്തും, അതേസമയം ബഹുജനങ്ങൾ മറുഭാഗത്തും നിലകൊള്ളുകയും, അതുവഴി മററു വൈരുദ്ധ്യങ്ങളുടെ വികാസത്തെ നിർണ്ണയിക്കുകയോ സ്വാധീനിക്കുകയോ ചെയ്യുന്ന മുഖ്യവൈരുദ്ധ്യത്തിന് രൂപം നല്കുകയും ചെയ്യും. ഒക്ടോബർ വിപ്ളവത്തിനു ശേഷം റഷ്യൻ പിന്തിരിപ്പന്മാർക്ക് വിവിധ മുതലാളിത്ത രാജ്യങ്ങൾ നല്കിയ സഹായം സായുധ ഇടപെടലിന് ഉദാഹരണമാണ്. 1927 ൽ ചിയാങ്ങ് കൈഷെക്കിന്റെ വഞ്ചന വിപ്ളവ മുന്നണിയെ ഭിന്നിപ്പിക്കുന്നതിന് ഒരു ഉദാഹരണമാണ്.

എന്നാൽ എന്തെല്ലാം സംഭവിച്ചാലും ശരി, ഒരു പ്രക്രിയയുടെ വികാസത്തിന്റെ ഓരോ ഘട്ടത്തിലും നേതൃത്വപരമായ പങ്കു വഹിക്കുന്ന ഒരൊററ മുഖ്യ വൈരുദ്ധ്യമേ ഉണ്ടാകൂ എന്നതിന് തർക്കമില്ല.

അതുകൊണ്ട് ഏതെങ്കിലും പ്രക്രിയയിൽ നിരവധി വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിൽ, അവയിൽ ഒന്ന് നേതൃത്വപരവും നിർണായകവുമായ പങ്കുവഹിക്കുന്ന മുഖ്യവൈരുദ്ധ്യമായിരിക്കണം. അതേ സമയം ശേഷിക്കുന്നവ രണ്ടാം സ്ഥാനത്തും കീഴ്സ്ഥാനത്തുമായിരിക്കും. രണ്ടോ അതിലധികമോ വൈരുദ്ധ്യങ്ങളുള്ള ഏതെങ്കിലും സങ്കീർണ്ണ പ്രക്രിയയെക്കുറിച്ച് പഠിക്കുമ്പോൾ, അതിലെ മുഖ്യവൈരുദ്ധ്യം കണ്ടെത്താൻ എല്ലാവിധ ശ്രമവും നടത്തണം. ഒരിക്കൽ ഈ മുഖ്യവൈരുദ്ധ്യം കണ്ടെത്തി ഗ്രഹിച്ചുകഴിഞ്ഞാൽ എല്ലാ പ്രശ്നങ്ങളും എളുപ്പത്തിൽ പരിഹരിക്കാൻ കഴിയും. ഇതാണ് മുതലാളിത്ത സമൂഹത്തെക്കുറിച്ചുള്ള തന്റെ പഠനത്തിലൂടെ മാർക്സ് പഠിപ്പിച്ചു തന്ന രീതി. ഇതുപോലെ സാമ്രാജ്യത്വത്തെയും മുതലാളിത്തത്തിന്റെ പൊതു പ്രതിസന്ധിയെയും കുറിച്ച് പഠിക്കുമ്പോഴും സോവിയററ് സമ്പദ് വ്യവസ്ഥയെക്കുറിച്ചു പഠിക്കുമ്പോഴും ലെനിനും സ്റ്റാലിനും ഈ രീതി നമ്മെ പഠിപ്പിച്ചു. ഈ രീതി മനസ്സിലാക്കാത്ത ആയിരക്കണക്കിനു പണ്ഡിതന്മാരും പ്രവർത്തകരുമുണ്ട്. തൽഫലമായി മൂടൽ മഞ്ഞിൽ വഴി നഷ്ടപ്പെട്ടവരെപ്പോലെ അവർക്ക് ഒരു പ്രശ്നത്തിന്റെ കാതലായ ഭാഗത്ത് എത്തിച്ചേരാൻ കഴിയാതെ വരികയും സ്വാഭാവികമായും അതിലെ വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ ഒരു മാർഗം കണ്ടെത്താൻ കഴിയാതെ പോവുകയും ചെയ്യുന്നു.

നാം മുമ്പു പറഞ്ഞതുപോലെ ഒരു പ്രക്രിയയിലെ എല്ലാ വൈരുദ്ധ്യങ്ങളെയും തുല്യമായി കരുതരുത്. മറിച്ച് മുഖ്യവൈരുദ്ധ്യത്തെയും രണ്ടാം സ്ഥാനത്തുള്ള വൈരുദ്ധ്യങ്ങളേയും വേർതിരിച്ചറിയുകയും, മുഖ്യമായത് ഏതെന്ന് ഗ്രഹിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും വേണം. എന്നാൽ, ഏതെങ്കിലുമൊരു നിർദ്ദിഷ്ട വൈരുദ്ധ്യത്തിലെ അതു മുഖ്യമോ രണ്ടാം സ്ഥാനത്തുള്ളതോ ആകട്ടെ, രണ്ടു വിപരീത വശങ്ങളെ തുല്യമായി കണക്കാക്കാമോ? പാടില്ല എന്നു വീണ്ടും പറയേണ്ടിയിരിക്കുന്നു. ഏതൊരു വൈരുദ്ധ്യത്തിലും വിപരീത വശങ്ങളുടെ വികാസം അസമമാണ്. ചിലപ്പോൾ അവ സന്തുലിതാവസ്ഥയിൽ കാണപ്പെടുന്നുവെങ്കിലും ഇത് താല്ക്കാലികവും ആപേക്ഷികവും മാത്രമാണ്. അതേ സമയം അസമാവസ്ഥ അടിസ്ഥാനപരമാണ്. രണ്ടു വിപരീത വശങ്ങളിൽ ഒന്നു മുഖ്യവും മറേറതു് രണ്ടാം സ്ഥാനത്തുള്ളതും ആയിരിക്കണം. വൈരുദ്ധ്യത്തിൽ നേതൃത്വപരമായ പങ്കു വഹിക്കുന്ന വശമാണ് മുഖ്യവശം. ഒരു വസ്തുവിന്റെ സ്വഭാവം പ്രധാനമായും നിർണ്ണയിക്കുന്നത് വൈരുദ്ധ്യത്തിന്റെ മുഖ്യവശം, മേധാവിത്വസ്ഥാനം നേടിയിട്ടുള്ള വശമാണ്.

എന്നാൽ ഈ സ്ഥിതി നിശ്ചലമായ ഒന്നല്ല. ഒരു വൈരുദ്ധ്യത്തിന്റെ മുഖ്യമല്ലാത്തതുമായ വശങ്ങൾ സ്വയമേവ മറേറതായി പരിവർത്തനപ്പെടുകയും വസ്തുവിന്റെ സ്വഭാവം അതിനനുസരണമായി മാറുകയും ചെയ്യുന്നു. ഒരു നിർദ്ദിഷ്ട പ്രക്രിയയിലോ ഒരു വൈരുദ്ധ്യത്തിന്റെ വികാസത്തിന്റെ നിർദ്ദിഷ്ട ഘട്ടത്തിലോ മുഖ്യവശം എ ആണെന്നും മുഖ്യമല്ലാത്തവ ബി ആണെന്നും കരുതുക; മറെറാരു ഘട്ടത്തിൽ അഥവാ മറെറാരു പ്രക്രിയയിൽ ഇവയുടെ പങ്കുകൾക്ക് സ്ഥാന മാററം സംഭവിക്കുന്നു. ഈ മാററം നിർണ്ണയിക്കപ്പെടുന്നത് വസ്തുവിന്റെ വികാസ ഗതിയിൽ ഓരോ വശവും മറേറതിനെതിരെ നടത്തുന്ന സമരത്തിൽ അതിന്റെ ശക്തി എത്ര കണ്ടു കൂടുകയോ കുറയുകയോ ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ്.



'പുതിയത് പഴയതിനെ മറികടക്കുന്നതിനെക്കുറിച്ച് നാം പലപ്പോഴും പറയാറുണ്ട്. പുതിയത് പഴയതിനെ മറികടക്കുന്നത് സാമാന്യവും ശാശ്വതവും അലംഘനീയവുമായ ഒരു പ്രപഞ്ച നിയമമാണ്. ഒരു വസ്തുവിന്റെ അന്തസ്സത്തയും ബാഹ്യോപാധികൾക്കും അനുസൃതമായി അത് വ്യത്യസ്ത രൂപങ്ങളിലൂടെയുള്ള കുതിച്ചുചാട്ടങ്ങളിലൂടെ മറെറാന്നായി രൂപാന്തരപ്പെടുക_ഇതാണ് പുതിയത് പഴയതിനെ മറികടക്കുന്ന പ്രക്രിയ. ഓരോ വസ്തുവിലും പുതിയതും പഴയതുമായ വശങ്ങൾ തമ്മിൽ വൈരുദ്ധ്യമുണ്ട്, ഇതു് നിരവധി വളവു തിരിവുകളോടുകൂടിയ സമരങ്ങളുടെ ഫലമാണ്. പുതിയ വശം അപ്രധാന സ്ഥാനത്തുനിന്ന് പ്രധാന സ്ഥാനത്തേക്കു മാറുകയും പ്രാമുഖ്യം നേടുകയും ചെയ്യുന്നു, അതേ സമയം പഴയവശം പ്രധാന സ്ഥാനത്തുനിന്ന് അപ്രധാന സ്ഥാനത്തേക്കു മാറുകയും ക്രമേണ നിർജ്ജീവമായി തീരുകയും ചെയ്യുന്നു. പഴയതിനുമേൽ പുതിയ വശം പ്രാമുഖ്യം നേടുന്ന നിമിഷത്തിൽ, പഴയ വസ്തു ഗുണപരമായി ഒരു പുതിയ വസ്തുവായി മാറുന്നു. വൈരുദ്ധ്യത്തിന്റെ മുഖ്യവശം, അതായതു് പ്രാമുഖ്യം നേടിയ വശം, ആണ് ഒരു വസ്തുവിന്റെ സ്വഭാവത്തെ പ്രധാനമായും നിർണ്ണയിക്കുന്നതു് എന്നു് ഇതു പ്രകാരം മനസ്സിലാക്കാവുന്നതാണ്. പ്രാമുഖ്യം നേടിയ മുഖ്യമായ വശം മാറുന്നതോടെ, അതിനനുസൃതമായി ഒരു വസ്തുവിന്റെ സ്വഭാവവും മാറുന്നു.

മുതലാളിത്തം പഴയ ഫ്യൂഡൽ യുഗത്തിലെ ഒരു വിധേയ ശക്തിയുടേതായ അതിന്റെ സ്ഥാനത്തു നിന്ന് മുതലാളിത്ത സമൂഹത്തിൽ, പ്രമുഖ ശക്തിയായി മാറുകയും സമൂഹത്തിന്റെ സ്വഭാവം തദനുസൃതമായി ഫ്യൂഡൽ എന്നതിൽനിന്നു് മുതലാളിത്തപരം എന്നതായി മാറുകയും ചെയ്യുന്നു. പുതിയതായ മുതലാളിത്ത യുഗത്തിൽ, ഫ്യൂഡൽ ശക്തികൾ അവയ്ക്കു മുൻപുണ്ടായിരുന്ന മേധാവിത്വ സ്ഥാനത്തുനിന്നു മാറി, ക്രമേണ നിർജ്ജീവമാകുകയും ചെയ്തു. ഉദാഹരണത്തിനു് ബ്രിട്ടനിലും ഫ്രാൻസിലും ഉണ്ടായതു് അതായിരുന്നു. ബൂർഷ്വാസി ഉല്പാദന ശക്തികളുടെ വികാസത്തോടെ പുരോഗമനപരമായ ഒരു പങ്കു വഹിക്കുന്ന ഒരു പുത്തൻ വർഗം എന്ന സ്ഥിതിയിൽനിന്നു് ഒരു പിന്തിരിപ്പൻ പങ്കു വഹിക്കുന്ന ഒരു പഴഞ്ചൻ വർഗം എന്ന സ്ഥിതിയിലേക്കു് മാറുന്നു; തൊഴിലാളിവർഗം അന്തിമമായി അതിനെ മറിച്ചിടുകയും സ്വകാര്യ ഉടമയിലുള്ള ഉല്പാദന ഉപാധികൾ നഷ്ടമാക്കപ്പെട്ടതും അധികാരഭ്രഷ്ടമാക്കപ്പെട്ടതുമായ ഒരു വർഗമായിത്തീരുകയും ചെയ്യും വരെ അതു് അങ്ങനെ തുടരുന്നു. എന്നാൽ ഇതു സംഭവിക്കുന്നതോടെ, ഈ വർഗവും ക്രമേണ നിർജ്ജീവമായ്തീരുന്നു. ബൂർഷ്വാസിയേക്കാൾ എണ്ണത്തിൽ വളരെ കൂടുതൽ ഉള്ളതും അതിനോടു് ഒപ്പം, എന്നാൽ അതിന്റെ ഭരണത്തിൽ കീഴിൽ വളരുന്നതുമായ ഒരു പുത്തൻ ശക്തിയാണ് തൊഴിലാളി വർഗം, തുടക്കത്തിൽ ബൂർഷ്വാസിക്കു വിധേയമായിരിക്കുന്നതും, പിന്നെ ക്രമേണ ശക്തിയാർജ്ജിക്കുന്നതും ചരിത്രത്തിൽ നേതൃത്വപരമായ പങ്കു വഹിക്കുന്ന ഒരു വർഗമായിത്തീരുന്നതും അവസാനം അധികാരം പിടിച്ചെടുത്തു് ഭരണവർഗമായിത്തീരുന്നതുമായ പുതിയ ശക്തിയാണ് അതു്. അതോടെ സമൂഹത്തിന്റെ സ്വഭാവം മാറുകയും പഴഞ്ചൻ മുതലാളിത്ത സമൂഹം പുത്തൻ സോഷ്യലിസ്റ്റ് സമൂഹമായിത്തീരുകയും ചെയ്യുന്നു. സോവിയററ് യൂണിയൻ സ്വീകരിച്ചു കഴിഞ്ഞ പാത ഇതാണ്, മറെറല്ലാ രാജ്യങ്ങളും അനിവാര്യമായും സ്വീകരിക്കാൻ പോകുന്ന പാതയും ഇതുതന്നെ.

ഉദാഹരണത്തിനു് ചൈനയെ നോക്കൂ. ചൈനയെ ഒരു അർദ്ധകോളനിയായി ചുരുക്കും വിധമുള്ള വൈരുദ്ധ്യത്തിൽ സാമ്രാജ്യത്വം പ്രധാന സ്ഥാനത്താണ്, അതു് ചൈനീസ് ജനതയെ അടിച്ചമർത്തുന്നു, ചൈന ഒരു സ്വതന്ത്ര രാജ്യമെന്നതിൽ നിന്ന് ഒരു അർദ്ധകൊളോണിയൽ രാജ്യമെന്ന നി

ലയിൽ മാററപ്പെടുകയും ചെയ്തിരിക്കുന്നു എന്നാൽ ഈ സ്ഥിതിഗതികൾ അനിവാര്യമായും മാറും; ഇരുവശങ്ങളും തമ്മിലുള്ള സമരത്തിൽ തൊഴിലാളിവർഗ നേതൃത്വത്തിൽ വളർന്നുകൊണ്ടിരിക്കുന്നതായ ചൈനീസ് ജനതയുടെ ശക്തി ചൈനയെ അനിവാര്യമായും ഒരു അർദ്ധആധിനിവേശിതം എന്നതിൽ നിന്ന് ഒരു സ്വതന്ത്രരാജ്യമെന്നതിലേക്ക് അനിവാര്യമായി മാററുകയും അതിനൊപ്പം സാമ്രാജ്യത്വം മറിച്ചിടപ്പെടുന്നതോടെ പഴയ ചൈന അനിവാര്യമായ 'പുത്തൻ ചൈന'യായി മാറുകയും ചെയ്യും.

പഴയ ചൈന പുത്തൻ ചൈനയാവുന്നതിന്റേതായ പരിവർത്തനത്തിൽ രാജ്യത്തിനകത്തുള്ള പഴയ ഫ്യൂഡൽ ശക്തികളും പുതിയ ജനകീയശക്തികളും തമ്മിലുള്ള ബന്ധങ്ങളിലെ മാററവും ഉൾപ്പെടുന്നു. പഴഞ്ചൻ ഫ്യൂഡൽ ഭൂപ്രഭു വർഗം മറിച്ചിടപ്പെടുകയും ഭരണാധികാരി എന്നതിൽ നിന്ന് ഭരിക്കപ്പെടുന്നതു് എന്നതിലേക്ക് അതു് മാറുകയും ചെയ്യും; ഈ വർഗവും ക്രമേണ നിർജ്ജീവമായിത്തീരും. ഭരിക്കപ്പെടുന്നതു് എന്ന സ്ഥിതിയിൽനിന്ന് ജനങ്ങൾ തൊഴിലാളിവർഗത്താൽ നയിക്കപ്പെട്ടു കൊണ്ട്, ഭരണാധികാരികളായിത്തീരും. അതോടെ, ചൈനീസ് സമൂഹത്തിന്റെ സ്വഭാവം മാറുകയും പഴഞ്ചൻ, അർദ്ധ- അധിനിവേശിത, അർദ്ധ_ഫ്യൂഡൽ സമൂഹം ഒരു പുത്തൻ ജനാധിപത്യ സമൂഹമായി മാറുകയും ചെയ്യും.

ഇത്തരം പരസ്പരരൂപാന്തരണത്തിന്റെ ഉദാഹരണങ്ങൾ നമ്മുടെ കഴിഞ്ഞകാലാനുഭവത്തിൽ കാണാവുന്നതാണ്. മുന്നൂറോളം വർഷങ്ങൾ ചൈനയെ ഭരിച്ച ചിങ്ങ്‌രാജവംശം 1911-ലെ വിപ്ലവത്തിൽ മറിച്ചിടപ്പെടുകയും സൺയാത്_സെന്നിന്റെ നേതൃത്വത്തിലുള്ള വിപ്ലവകരമായ 'തുങ്ങ്മെങ്ങ് ഹുയി' കുറച്ചു കാലത്തേക്ക് വിജയശ്രീലാളിതമാവുകയും ചെയ്തു. 1924_27 ലെ വിപ്ലവയുദ്ധത്തിൽ തെക്കൻ ചൈനയിലെ കമ്യൂണിസ്റ്റ്-കുമിന്താങ്ങ് സഖ്യത്തിന്റേതായ വിപ്ലവശക്തികൾ ക്ഷീണാവസ്ഥയിൽനിന്നു പ്രബലാവസ്ഥയിലേക്ക് പരിവർത്തനപ്പെടുകയും വടക്കൻ പടനീക്കത്തിൽ വിജയം വരിക്കുകയും ചെയ്തു; അതേസമയംതന്നെ ഒരു കാലത്ത് അധികാരത്തിൽ വിരാജിച്ചരുളിയ വടക്കൻ യുദ്ധപ്രഭുക്കൾ മറിച്ചിടപ്പെടുകയും ചെയ്തു. 1927_ൽ കമ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ജനകീയസേനകൾ കുമിന്താങ്ങ് പിന്തിരിപ്പത്തത്തിന്റെ ആക്രമണങ്ങളിൽ വമ്പിച്ചതോതിൽ എണ്ണത്തിൽ ചുരുങ്ങിപ്പോയി; എങ്കിലും തങ്ങളുടെ അണികളിലുള്ള അവസരവാദത്തെ നിർമാർജനം ചെയ്തതോടെ അവ ക്രമേണ വീണ്ടും വളരുകയും ചെയ്തു. കമ്യൂണിസ്റ്റു നേതൃത്വത്തിലുള്ള വിപ്ലവതാവളപ്രദേശങ്ങളിലെ കർഷകർ ഭരിക്കപ്പെടുന്നവർ എന്നതിൽനിന്നു ഭരിക്കുന്നവർ എന്നതിലേക്കു രൂപാന്തരപ്പെടുത്തപ്പെടുകയും, അതേ സമയം ഭൂപ്രഭുക്കൾ പ്രതിരൂപാന്തരണത്തിന് വിധേയമാവുകയും ചെയ്തു. പഴയതിനെ പുതിയതു് സ്ഥാനഭ്രഷ്ടമാക്കുന്നു, പുതിയതു് പഴയതിനെ പിൻതള്ളുന്നു. പുതിയതിന് വഴിയൊരുക്കാൻ പഴയതു് നിർമാർജനം ചെയ്യപ്പെടുന്നു. പഴയതിൽനിന്നു പുതിയതു് ഉരുത്തിരിഞ്ഞു വരുന്നു, എല്ലായ്പോഴും ലോകഗതി ഇതാണ്.

വിപ്ലവസമരത്തിലെ ചില സന്ദർഭങ്ങളിൽ വൈഷമ്യങ്ങൾക്ക് അനുകൂല സാഹചര്യങ്ങളേക്കാൾ മുൻതൂക്കമുണ്ടാവുകയും അവ വൈരുദ്ധ്യത്തിന്റെ പ്രധാനവശമായിരിക്കുകയും അനുകൂലസാഹചര്യങ്ങൾ രണ്ടാമത്തെ വശമായിരിക്കുകയും ചെയ്യുന്നു. എങ്കിൽക്കൂടിയും തങ്ങളുടെ പരിശ്രമങ്ങളിലൂടെ വിപ്ലവകാരികൾക്കു വൈഷമ്യങ്ങൾ പടിപടിയായി തരണം ചെയ്യാനും ഒരു പുതിയ അനുകൂലപരിതഃസ്ഥിതി വെട്ടിത്തുറക്കാനും കഴിയുന്നതാണ്; അങ്ങനെ ഒരു വിഷമ പരിതഃസ്ഥിതി ഒരു അനുകൂല പരിതഃസ്ഥിതിക്കുള്ള കള



മൊരുക്കുന്നു. 1927_ൽ ഉണ്ടായ ചൈനയിലെ വിപ്ലവത്തിന്റെ പരാജയത്തിനുശേഷവും ചൈനീസ് ചുവപ്പുസേനയുടെ ലോങ്ങ് മാർച്ചിന്റെ സന്ദർഭത്തിലും ഉണ്ടായതു് ഇതാണ്. ഇപ്പോഴത്തെ ചൈനാ-ജപ്പാൻ യുദ്ധത്തിൽ ചൈന വീണ്ടുമൊരു വിഷമസ്ഥിതിയിലാണ്; എങ്കിലും നമുക്കിതു് മാററാനും ചൈനയും ജപ്പാനും തമ്മിലുള്ളതായ അവസ്ഥയെ മൗലികമായി രൂപാന്തരണം ചെയ്യാനും കഴിയും. നേരേ മറിച്ച്, വിപ്ലവകാരികൾ തെററുകൾ വരുത്തുകയാണെങ്കിൽ അനുകൂലാവസ്ഥകളെ വൈഷമ്യമായി രൂപാന്തരപ്പെടുത്താനുമാവും. 1924—27 ലെ വിപ്ലവവിജയം പരാജയമായി കോലം തിരിഞ്ഞതു് അങ്ങിനെയാണ്. 1927നു ശേഷം തെക്കൻ പ്രവിശ്യകളിൽ വളർന്നുവന്ന വിപ്ലവതാവളപ്രദേശങ്ങൾ 1934 ലോടെ തോൽവിയെ അഭിമുഖീകരിക്കുകയുണ്ടായല്ലോ.

നാം പഠനത്തിനിറങ്ങുമ്പോൾ, അജ്ഞതയിൽ നിന്ന് അറിവിലേക്കുള്ള പ്രയാണത്തിലെ വൈരുദ്ധ്യത്തെസംബന്ധിച്ചും മുൻപറഞ്ഞതു് ബാധകമാണ്. മാർക്സിസത്തെക്കുറിച്ചുള്ള നമ്മുടെ പഠനത്തിന്റെ പ്രാരംഭദശയിൽ, മാർക്സിസത്തെ സംബന്ധിച്ച നമ്മുടെ അൽപ്പപരിചയം മാർക്സിസ്റ്റു വിജ്ഞാനവുമായി വൈരുദ്ധ്യത്തിൽ നിലകൊള്ളുന്നു. എന്നാൽ ദത്തശ്രദ്ധമായ പഠനം കൊണ്ട് അജ്ഞാനത്തെ വിജ്ഞാനമായും അൽപജ്ഞാനത്തെ സാരവത്തായ ജ്ഞാനമായും മാർക്സിസത്തിന്റെ അന്ധമായ പ്രയോഗത്തെ പ്രയോഗനിപുണതയായും രൂപാന്തരപ്പെടുത്താൻ നമുക്കു കഴിയും.

ചില വൈരുദ്ധ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതു ശരിയല്ലെന്നു ചിലർ കരുതുന്നു. ഉദാഹരണത്തിനു ഉൽപാദനശക്തികളും ഉൽപാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തിൽ ഉൽപാദന ശക്തികളാണു പ്രധാനവശം, സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള വൈരുദ്ധ്യത്തിൽ പ്രയോഗമാണു് പ്രധാനവശം, സാമ്പത്തികാടിത്തറയും ഉപരിഘടനയും തമ്മിലുള്ള വൈരുദ്ധ്യത്തിൽ സാമ്പത്തികാടിത്തറയാണ് പ്രധാനവശം എന്നും അവയുടെ സ്ഥാനക്രമങ്ങൾക്ക് മാററമേയില്ലെന്നുമാണ് അവരുടെ അഭിപ്രായം. യാന്ത്രികമായ ഭൗതികവാദവീക്ഷണമാണ് ഇതു്, വൈരുദ്ധ്യാധിഷ്ഠിത ഭൗതിക വാദവീക്ഷണമല്ല. ഉൽപാദന ശക്തികളും പ്രയോഗവും സാമ്പത്തികാടിത്തറയും സാമാന്യേന പ്രധാനവും നിർണായകവുമായ പങ്കു വഹിക്കുന്നു എന്നതു ശരിതന്നെ; ഇതിനെ നിഷേധിക്കുന്നവർ ഭൗതികവാദികളല്ല. പക്ഷേ ഉല്പാദനബന്ധങ്ങളും സിദ്ധാന്തവും ഉപരിഘടനയും പോലുള്ള വശങ്ങൾ ചില പ്രത്യേക സാഹചര്യങ്ങളിൽ പ്രധാനവും നിർണായകവുമായ സ്ഥാനത്തേക്കു സ്വയമേവ മാറി വരാറുണ്ടെന്നുള്ളതും സമ്മതിക്കേണ്ടതുണ്ട്. ഉൽപാദനബന്ധങ്ങളിൽ ഒരു മാററം കൂടാതെ ഉൽപാദനശക്തികൾക്ക് വികസിക്കാൻ സാദ്ധ്യമല്ലാതാവുമ്പോൾ പിന്നെ ഉൽപാദനബന്ധങ്ങളിലെ മാററം പ്രധാനവും നിർണായകവുമായ പങ്കുവഹിക്കുന്നു. 'വിപ്ലവസിദ്ധാന്തമില്ലാതെ വിപ്ലവപ്രസ്ഥാനമുണ്ടാവുക സാദ്ധ്യമല്ല[15], എന്നു ലെനിൻ പറഞ്ഞതു എത്തരം കാലങ്ങളെക്കുറിച്ചാണോ, അവയിൽ വിപ്ലവസിദ്ധാന്തത്തിന്റെ സൃഷ്ടിയും അതിനുവേണ്ടി വാദിക്കുന്നതുമാണ്. പ്രധാനവും നിർണായകവുമായ പങ്കുവഹിക്കുന്നതു്. ഏതെങ്കിലും ഒരു കടമ നിർവഹിക്കപ്പെടേണ്ടതുണ്ടായിരിക്കുകയും എന്നാൽ അതിനായി അപ്പോഴും ഒരു മാർഗദർശകമായ ലൈനോ പ്രവർത്തനരീതിയോ പദ്ധതിയോ നയമോ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ പ്രധാനവും നിർണായകവുമായ കാര്യം മാർഗദർശകലൈനോ പ്രവർത്തനരീതിയോ പദ്ധതിയോ നയമോ നിശ്ചയിക്കുകയെന്നതാണ്. സാമ്പത്തിക അടിത്തറയുടെ വികാസനത്തിനു ഉപരിഘടന (രാഷ്ട്രീയം, സംസ്കാരം തുടങ്ങിയവ) തടസ്സമായി നിൽക്കുമ്പോൾ രാഷ്ട്രീയവും സാംസ്കാരികവുമായ പരിവർത്തനങ്ങൾ പ്രധാനവും നിർണായകവു

ക്കുന്നതിന്നു. നമ്മളിതു പറയുമ്പോൾ നാം ഭൗതികവാദത്തിന് എതിരായിട്ടാണോ നീങ്ങുന്നത്? അല്ല. കാരണം ചരിത്രത്തിന്റെ പൊതുവികാസഗതിയിൽ ഭൗതികത മാനസികതയേയും സാമൂഹ്യാസ്തിത്വം സാമൂഹ്യാബോധത്തേയും നിർണയിക്കുന്നുവെന്ന് നാമംഗീകരിക്കുമ്പോൾ തന്നെ മാനസികത ഭൗതികകാര്യങ്ങളിന്മേലും സാമൂഹ്യബോധം സാമൂഹ്യാസ്തിത്വത്തിന്മേലും ഉപരിഘടന സാമ്പത്തികാടിത്തറമേലും നടത്തുന്ന പ്രതിപ്രവർത്തനത്തേയും നാമംഗീകരിക്കുന്നു_യഥാർത്ഥത്തിൽ അങ്ങിനെ വേണംതാനും. ഇതു് ഭൗതികവാദത്തിന് എതിരായി നീങ്ങലല്ല; നേരേ മറിച്ച് യാന്ത്രിക ഭൗതികവാദത്തെ കൈവെടിയലും വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്തെ ഉറപ്പോടെ ഉയർത്തിപ്പിടിക്കലുമാണ്.

വൈരുദ്ധ്യത്തിന്റെ പ്രത്യേകതയെക്കുറിച്ചു പഠനം നടത്തുന്നതിൽ ഈ രണ്ടു വശങ്ങളേയും (ഒരു പ്രക്രിയയിലെ പ്രധാനവും അപ്രധാനവുമായ വൈരുദ്ധ്യങ്ങൾ, ഒരു വൈരുദ്ധ്യത്തിലെതന്നെ പ്രധാനവും അപ്രധാനവുമായ വശങ്ങൾ എന്നിവയെ) പരിശോധിക്കാത്തപക്ഷം, അതായതു് വൈരുദ്ധ്യത്തിന്റെ ഈ പറഞ്ഞ രണ്ടു മുഖപ്പുകളുടേയും വിഭിന്ന സ്വഭാവം എന്തെന്ന് പരിശോധിക്കാത്തപക്ഷം നാം അമൂർത്തതകളിൽ കുഴഞ്ഞു വീഴുകയും വൈരുദ്ധ്യങ്ങളെ സമൂർത്തമായി മനസ്സിലാക്കുന്നതിൽ അപ്രാപ്തരാവുകയും അതേത്തുടർന്ന്, അവയെ പരിഹരിക്കുന്നതിനുള്ള ശരിയായ മാർഗം കണ്ടുപിടിക്കാൻ കഴിവില്ലാത്തവരാവുകയും ചെയ്യും. വൈരുദ്ധ്യത്തിന്റെ ഈ രണ്ടു മുഖപ്പുകളുടെ വിഭിന്നസ്വഭാവം അഥവാ പ്രത്യേകത പ്രതിനിധാനം ചെയ്യുന്നതു് വൈരുദ്ധ്യത്തിലുള്ള ശക്തികളുടെ അസമാനതയേയാണ്. ഈ ലോകത്തിൽ യാതൊന്നുംതന്നെ ഏകതാനതയോടെ വികസിക്കുന്നില്ല. ഏകതാന വികാസത്തിന്റെ സിദ്ധാന്തത്തെ അഥവാ സമതുലിതത്വത്തിന്റെ സിദ്ധാന്തത്തെ നാമെതിർക്കേണ്ടതുണ്ട്. പഴയതിനെ പിന്തള്ളുന്ന പുതിയതിന്റെ ശക്തിയായി വെളിവാകുന്നതു് ഒരു വൈരുദ്ധ്യത്തിന്റെ ഈ സമൂർത്തസ്വഭാവവിശേഷങ്ങളും ഒരു വൈരുദ്ധ്യത്തിലെ പ്രധാനവും അപ്രധാനവുമായ വശങ്ങളിലുള്ള മാററങ്ങളുമാണ് എന്നതു് എടുത്തു പറയേണ്ടതുണ്ട്. വൈരുദ്ധ്യങ്ങളുടെ അസമാനാവസ്ഥയുടെയും പ്രധാനവും അപ്രധാനവുമായ വൈരുദ്ധ്യങ്ങളുടേയും, ഒരുവൈരുദ്ധ്യത്തിലെപ്രധാധവും അപ്രധാനവുമായ വശങ്ങളുടേയും വിവിധ സ്ഥിതിഗതികളെക്കുറിച്ചുള്ള പഠനമാണ് ഒരു വിപ്ലവ രാഷ്ട്രീയപാർട്ടിക്ക് രാഷ്ട്രീയവും സൈനികവുമായ കാര്യങ്ങളിൽ അതിന്റെ തന്ത്രപരവും അടവുപരവുമായ നയങ്ങളെ ശരിയായി നിർണ്ണയിക്കുന്നതിനുള്ള ഒരു അവശ്യ മാർഗം. എല്ലാ കമ്യൂണിസ്റ്റുകാരും ഇക്കാര്യത്തിൽ ബദ്ധശ്രദ്ധരാകേണ്ടതുണ്ട്.

## വൈരുദ്ധ്യത്തിന്റെ ഭിന്നവശങ്ങളുടെ അനന്യതയും സമരവും

വൈരുദ്ധ്യത്തിന്റെ സാർവത്രികതയേയും പ്രത്യേകതയേയും നാം മനസ്സിലാക്കുന്നുവെങ്കിൽപ്പിന്നെ നാം നീങ്ങേണ്ടതു്, വൈരുദ്ധ്യത്തിലെ ഇരുവശങ്ങളുടെ അനന്യതയേയും സമരത്തേയും കുറിച്ചുള്ള പ്രശ്നത്തിന്റെ പഠനത്തിലേക്കാണ്. പരസ്പര വേധനം അനന്യത, ഐക്യം, ഏകീഭവത്വം പരസ്പര വ്യാപനം, പരസ്പരാശ്രിതത്വം (നിലനിൽപിനായുള്ള അന്യോന്യ ആശ്രിതത്വം), പരസ്പര ബന്ധം, അന്യോന്യ സഹകരണം—ഈ വ്യത്യസ്തപദങ്ങളെല്ലാം അർത്ഥമാക്കുന്നതു്. ഒരേ സംഗതിയേയാണ്, അവ ഇനി പറയുന്ന രണ്ടു കാര്യങ്ങളെ സൂചിപ്പിക്കുന്നു: ഒന്നാമതു്, ഒരു വസ്തുവിന്റെ വികാസത്തിന്റെ പ്രക്രിയയിലെ ഒരു വൈരുദ്ധ്യത്തിലെ രണ്ടു വശങ്ങളിൽ



ഓരോന്നിന്റേയും നിലനിൽപ്പ് മറേറ വശത്തിന്റെ നിലനിൽപിനെ പരികൽപിതമാക്കുന്നു, ഇരുവശങ്ങളും ഒരൊററ സത്തയിൽ സഹാസ്തിത്വമുള്ളതാണ്. രണ്ടാമതു്, നിർദ്ദിഷ്ട പരിതഃസ്ഥിതികളിൽ, രണ്ടു വിരുദ്ധവശങ്ങളിൽ ഓരോന്നും അവയുടെ വിപരീതത്തിലേക്ക് രൂപാന്തരപ്പെടുന്നു. ഇതാണ് അനന്യത എന്നതിനർത്ഥം.

ലെനിൻ പറഞ്ഞിട്ടുണ്ട്:

'അനന്യ'മായിരിക്കാനും അവ അനന്യമാണ് എന്ന സ്ഥിതിസംഭവിക്കാനും (എങ്ങിനെ അവ അവ അപ്രകാരമായിതീരുന്നു എന്നതു) വിപരീതങ്ങൾക്ക് എങ്ങിനെ കഴിയുന്നു_ഏതു സാഹചര്യങ്ങളിലാണ് അവ തങ്ങളിൽതന്നെ ഒന്നു മറെറാന്നായി രൂപാന്തരപ്പെട്ടുകൊണ്ടു്, അനന്യമായിരിക്കുന്നതു്-മൃതവും കർക്കശവും എന്ന നിലയ്ക്കല്ല, മറിച്ച് ജീവത്തും സോപാധികവും ചലനാത്മകവും തങ്ങളിൽതന്നെ ഒന്നു മറെറാന്നാവും വിധം രൂപാന്തര സ്വഭാവമുള്ളതും എന്ന നിലയ്ക്കാണ് മാനവ മനസ്സ് ഈ വിപരീതങ്ങളെ പരിഗണിക്കേണ്ടതു് എന്നതു് എന്തുകൊണ്ടു്, എന്നു കാണിക്കുന്ന പഠനമാണ് 'വൈരുദ്ധ്യവാദം', 16

ഈ ഉദ്ധരണി എന്താണ് അർത്ഥമാക്കുന്നതു്?

ഓരോ പ്രക്രിയയിലേയും വൈരുദ്ധ്യാത്മക വശങ്ങൾ പരസ്പര ഒഴിച്ചുനിർത്തുന്ന പരസ്പരംസമരം ചെയ്യുന്ന, പരസ്പരം വൈപരീത്യത്തിൽ നിലകൊള്ളുകയുംചെയ്യുന്നു. അപവാദമെന്യേ എല്ലാസംഗതികളുടേയുംവളർച്ചയുടെ പ്രക്രിയയിലും എല്ലാ മാനസികവിചിന്തനത്തിലും അവ അടങ്ങിയിട്ടുണ്ട്. ഒരു ലളിത പ്രക്രിയയിൽ ഒരു ജോഡി വിപരീതങ്ങൾ മാത്രംഉൾപ്പെടുന്നു. അതേ സമയം ഒരു സങ്കീർണപ്രക്രിയയിൽ അധികം വിപരീതങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. തിരിച്ചാകട്ടെ വിപരീതങ്ങളുടെ ജോഡികളും ഒന്നു മറെറാന്നുമായി വൈരുദ്ധ്യത്തിലാണ്. വസ്തുനിഷ്ഠലോകത്തിലെ എല്ലാ വസ്തുക്കളും എല്ലാ മാനവവിചിന്തനങ്ങളും രൂപീകൃതമായിട്ടുള്ളതും അവ ചലനാത്മകാവസ്ഥയിൽ ആയിട്ടുള്ളതും ഇപ്രകാരമാണ്.

ഇതു ഇപ്രകാരമായിരിക്കേ അനന്യതയുടെ അഥവാ ഐക്യത്തിന്റെ തീർത്തുമുള്ള അഭാവമാണുള്ളതു്. പിന്നെ എങ്ങിനെയാണ് നമുക്ക് അനന്യതയേയോ ഐക്യത്തേയോ കുറിച്ച് സംസാരിക്കാൻ കഴിയുന്നതു്.

വൈരുദ്ധ്യാത്മകവശത്തിനൊന്നുംതന്നെ ഒററപ്പെട്ട് നിലനിൽക്കാൻ കഴിയില്ല എന്നതാണ് വാസ്തവം. വിപരീതവശമില്ലാത്ത പക്ഷം ഓരോന്നിനും അതിന്റെ നിലയിൽപ്പിനുള്ള ഉപാധിയില്ലാതാവുന്നു. ആലോചിച്ചു നോക്കൂ, ഒരു സംഗതിയുടെയോ ഒരു മാനവമാനസപരി കൽപനയുടേയോ ഏതെങ്കിലും ഒരു വൈരുദ്ധ്യാത്മകവശത്തിന് പരാശ്രയം കൂടാതെ നിലനിൽക്കാനാവുമോ? ജീവിതമില്ലെങ്കിൽ മരണവുമുണ്ടാവില്ല; മരണമില്ല എങ്കിൽ ജീവിതവുമുണ്ടാവില്ല. 'മേലേ' ഇല്ലാത്തപക്ഷം 'കീഴേ'യുമുണ്ടാവില്ല; 'കീഴേ' ഇല്ലാത്തപക്ഷം 'മേലേ'യുമുണ്ടാവില്ല; ദൗർഭാഗ്യമില്ല എന്നിരിക്കിൽ, സൗഭാഗ്യമെന്നൊന്നില്ല; സൗഭാഗ്യമില്ലെന്നിരിക്കിൽ, ദൗർഭാഗ്യമെന്നൊന്നില്ല. സൗകര്യമില്ലാത്തപക്ഷം വൈഷമ്യമേയില്ല; വൈഷമ്യമില്ലാത്ത പക്ഷം സൗകര്യവും ഉണ്ടാവില്ല. ഭൂപ്രഭുക്കളില്ലെങ്കിൽ പാട്ടകൃഷിക്കാരുണ്ടാവില്ല; പാട്ടകൃഷിക്കാരില്ലെങ്കിൽ ഭൂപ്രഭുക്കളെമുണ്ടാവില്ല. ബൂർഷ്വാസിയില്ലെങ്കിൽ, തൊഴിലാളിവർഗമുണ്ടായിരിക്കയില്ല; തൊഴിലാളിവർഗമില്ലെങ്കിൽ ബൂർഷ്വാസിയുമുണ്ടായിരിക്കയില്ല. ദേശീയതകൾക്കുമേൽ സാമ്രാജ്യത്വ അടിച്ചമർത്തലില്ലെങ്കിൽ കോളനികളോ അർദ്ധകോളനികളോ ഉണ്ടായിരിക്കുകയില്ല; കോളണികളോ അർദ്ധകോളണികളോ ഇല്ല എങ്കിൽ ദേശീയതകൾക്കുമേൽ സാമ്രാജ്യത്വ അടിച്ചമർത്തലുംഉണ്ടായിരിക്കുകയില്ല. എല്ലാ

മായിത്തീരുന്നു. നമ്മളിതു പറയുമ്പോൾ നാം ഭൗതികവാദത്തിന് എതിരായാണോ നീങ്ങുന്നതു്? അല്ല. കാരണം ചരിത്രത്തിന്റെ പൊതുവികാസഗതിയിൽ ഭൗതികത മാനസികതയേയും, സാമൂഹ്യാസ്തിത്വം സാമൂഹ്യബോധത്തേയും നിർണയിക്കുന്നുവെന്ന് നാമംഗീകരിക്കുമ്പോൾ തന്നെ മാനസികത ഭൗതികകാര്യങ്ങളിന്മേലും സാമൂഹ്യബോധം സാമൂഹ്യാസ്തിത്വത്തിന്മേലും ഉപരിഘടന സാമ്പത്തികാടിത്തറമേലും നടത്തുന്ന പ്രതിപ്രവർത്തനത്തെയും നാമംഗീകരിക്കുന്നു_യഥാർത്ഥത്തിൽ അങ്ങിനെ വേണംതാനും. ഇതു് ഭൗതികവാദത്തിന് എതിരായി നീങ്ങലല്ല; നേരേ മറിച്ച് യാന്ത്രിക ഭൗതികവാദത്തെ കൈവെടിയലും വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്തെ ഉറപ്പോടെ ഉയർത്തിപ്പിടിക്കലുമാണ്.

വൈരുദ്ധ്യത്തിന്റെ പ്രത്യേകതയെക്കുറിച്ച പഠനം നടത്തുന്നതിൽ ഈ രണ്ടു വശങ്ങളേയും (ഒരു പ്രക്രിയയിലെ പ്രധാനവും അപ്രധാനവുമായ വൈരുദ്ധ്യങ്ങൾ, ഒരു വൈരുദ്ധ്യത്തിലെതന്നെ പ്രധാനവും അപ്രധാനവുമായ വശങ്ങൾ എന്നിവയെ) പരിശോധിക്കാത്തപക്ഷം, അതായതു് വൈരുദ്ധ്യത്തിന്റെ ഈ പറഞ്ഞ രണ്ടു മുഖപ്പുകളുടേയും വിഭിന്ന സ്വഭാവം എന്തെന്ന് പരിശോധിക്കാത്തപക്ഷം നാം അമൂർത്തതകളിൽ കുഴഞ്ഞു വീഴുകയും വൈരുദ്ധ്യങ്ങളെ സമൂർത്തമായി മനസ്സിലാക്കുന്നതിൽ അപ്രാപ്തരാവുകയും അതേതുടർന്ന്, അവയെ പരിഹരിക്കുന്നതിനുള്ള ശരിയായ മാർഗം കണ്ടുപിടിക്കാൻ കഴിവില്ലാത്തവരാവുകയും ചെയ്യും. വൈരുദ്ധ്യത്തിന്റെ ഈ രണ്ടു മുഖപ്പുകളുടെ വിഭിന്നസ്വഭാവം അഥവാ പ്രത്യേകത പ്രതിനിധാനം ചെയ്യുന്നതു് വൈരുദ്ധ്യത്തിലുള്ള ശക്തികളുടെ അസമാനതയേയാണ്. ഈ ലോകത്തിൽ യാതൊന്നുംതന്നെ ഏകതാനതയോടെ വികസിക്കുന്നില്ല. ഏകതാന വികാസത്തിന്റെ സിദ്ധാന്തത്തെ അഥവാ സമതുലിതത്വത്തിന്റെ സിദ്ധാന്തത്തെ നാമെതിർക്കേണ്ടതുണ്ട്. പഴയതിനെ പിന്തള്ളുന്ന പുതിയതിന്റെ ശക്തിയായി വെളിവാകുന്നതു് ഒരു വൈരുദ്ധ്യത്തിന്റെ ഈ സമൂർത്തസ്വഭാവവിശേഷങ്ങളും ഒരു വൈരുദ്ധ്യത്തിലെ പ്രധാനവും അപ്രധാനവുമായ വശങ്ങളിലുള്ള മാറ്റങ്ങളുമാണ് എന്നതു് എടുത്തു പറയേണ്ടതുണ്ട്. വൈരുദ്ധ്യങ്ങളുടെ അസമാനാവസ്ഥയുടെയും പ്രധാനവും അപ്രധാനവുമായ വൈരുദ്ധ്യങ്ങളുടേയും, ഒരുവൈരുദ്ധ്യത്തിലെപ്രധാധവും അപ്രധാനവുമായ വശങ്ങളുടേയും വിവിധ സ്ഥിതിഗതികളെക്കുറിച്ചുള്ള പഠനമാണ് ഒരു വിപ്ലവ രാഷ്ട്രീയപാർട്ടിക്കു് രാഷ്ട്രീയവും സൈനികവുമായ കാര്യങ്ങളിൽ അതിന്റെ തന്ത്രപരവും അടവുപരവുമായ നയങ്ങളെ ശരിയായി നിർണ്ണയിക്കുന്നതിനുള്ള ഒരു അവശ്യ മാർഗം. എല്ലാ കമ്യൂണിസ്റ്റുകാരും ഇക്കാര്യത്തിൽ ബദ്ധശ്രദ്ധരാകേണ്ടതുണ്ട്.

## വൈരുദ്ധ്യത്തിന്റെ ഭിന്നവശങ്ങളുടെ അനന്യതയും സമരവും

വൈരുദ്ധ്യത്തിന്റെ സാർവത്രികതയേയും പ്രത്യേകതയേയും നാം മനസ്സിലാക്കുന്നുവെങ്കിൽപ്പിന്നെ നാം നീങ്ങേണ്ടതു്, വൈരുദ്ധ്യത്തിലെ ഇരുവശങ്ങളുടെ അനന്യതയേയും സമരത്തേയും കുറിച്ചുള്ള പ്രശ്നത്തിന്റെ പഠനത്തിലേക്കാണ്. പരസ്പര വേധനം അനന്യത, ഐക്യം, ഏകീഭാവം, പരസ്പര വ്യാപനം, പരസ്പരാശ്രിതത്വം (നിലനിൽപിനായുള്ള അന്യോന്യ ആശ്രിതത്വം), പരസ്പര ബന്ധം, അന്യോന്യ സഹകരണം—ഈ വ്യത്യസ്തപദങ്ങളെല്ലാം അർത്ഥമാക്കുന്നതു്. ഒരേ സംഗതിയേയാണ്, അവ ഇനി പറയുന്ന രണ്ടു കാര്യങ്ങളെ സൂചിപ്പിക്കുന്നു; ഒന്നാമതു്, ഒരു വസ്തുവിന്റെ വികാസത്തിന്റെ പ്രക്രിയയിലെ ഒരു വൈരുദ്ധ്യത്തിലെ രണ്ടു വശങ്ങളിൽ



ഓരോന്നിന്റേയും നിലനിൽപ്പ് മറ്റേ വശത്തിന്റെ നിലനിൽപിനെ പരികൽപിതമാക്കുന്നു, ഇരുവശങ്ങളും ഒരൊറ്റ സത്തയിൽ സഹാസ്തിത്വമുള്ളതാണ്; രണ്ടാമതു്, നിർദ്ദിഷ്ട പരിതഃസ്ഥിതികളിൽ, രണ്ടു വിരുദ്ധവശങ്ങളിൽ ഓരോന്നും അവയുടെ വിപരീതത്തിലേക്ക് രൂപാന്തരപ്പെടുന്നു. ഇതാണ് അനന്യത എന്നതിനർത്ഥം.

ലെനിൻ പറഞ്ഞിട്ടുണ്ട്:

‘അനന്യ’മായിരിക്കാനും അവ അനന്യമാണ് എന്ന സ്ഥിതിസംഭവിക്കാനും (എങ്ങിനെ അവ അവ അപ്രകാരമായിത്തീരുന്നു എന്നതു) വിപരീതങ്ങൾക്ക് എങ്ങിനെ കഴിയുന്നു_ഏതു സാഹചര്യങ്ങളിലാണ് അവ തങ്ങളിൽതന്നെ ഒന്നു മറ്റൊന്നായി രൂപാന്തരപ്പെട്ടുകൊണ്ട്, അനന്യമായിരിക്കുന്നതു്-മൃതവും കർക്കശവും എന്ന നിലയ്ക്കല്ല, മറിച്ച് ജീവത്തും സോപാധികവും ചലനാത്മകവും തങ്ങളിൽതന്നെ ഒന്നു മറ്റൊന്നാവും വിധം രൂപാന്തര സ്വഭാവമുള്ളതും എന്ന നിലയ്ക്കാണ് മാനവ മനസ്സ് ഈ വിപരീതങ്ങളെ പരിഗണിക്കേണ്ടതു് എന്നതു് എന്തുകൊണ്ട്, എന്നു കാണിക്കുന്ന പഠനമാണ് ‘വൈരുദ്ധ്യവാദം’, 16

ഈ ഉദ്ധരണി എന്താണ് അർത്ഥമാക്കുന്നതു്?

ഓരോ പ്രക്രിയയിലേയും വൈരുദ്ധ്യാത്മക വശങ്ങൾ, പരസ്പര ഒഴിച്ചുനിർത്തുന്ന പരസ്പരംസമരം ചെയ്യുന്ന, പരസ്പരം വൈപരീത്യത്തിൽ നിലകൊള്ളുകയുംചെയ്യുന്ന-അപവാദമെന്യേ എല്ലാസംഗതികളുടേയുംവളർച്ചയുടെ പ്രക്രിയയിലും എല്ലാ മാനസികവിചിന്തനത്തിലും അവ അടങ്ങിയിട്ടുണ്ട്. ഒരു ലളിത പ്രക്രിയയിൽ ഒരു ജോഡി വിപരീതങ്ങൾ മാത്രംഉൾപ്പെടുന്നു. അതേ സമയം ഒരു സങ്കീർണപ്രക്രിയയിൽ അധികം വിപരീതങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. തിരിച്ചാകട്ടെ വിപരീതങ്ങളുടെ ജോഡികളും ഒന്നു മറ്റൊന്നുമായി വൈരുദ്ധ്യത്തിലാണ്. വസ്തുനിഷ്ഠലോകത്തിലെ എല്ലാ വസ്തുക്കളും എല്ലാ മാനവവിചിന്തനങ്ങളും രൂപീകൃതമായിട്ടുള്ളതും അവ ചലനാത്മകാവസ്ഥയിൽ ആയിട്ടുള്ളതും ഇപ്രകാരമാണ്.

ഇതു ഇപ്രകാരമായിരിക്കേ അനന്യതയുടെ അഥവാ ഐക്യത്തിന്റെ തീർത്തുമുള്ള അഭാവമാണുള്ളതു്. പിന്നെ എങ്ങിനെയാണ് നമുക്കു് അനന്യതയേയോ ഐക്യത്തേയോ കുറിച്ച് സംസാരിക്കാൻ കഴിയുന്നതു്.

വൈരുദ്ധ്യാത്മകവശത്തിനൊന്നുംതന്നെ ഒറ്റപ്പെട്ടു് നിലനിൽക്കാൻ കഴിയില്ല എന്നതാണ് വാസ്തവം. വിപരീതവശമില്ലാത്ത പക്ഷം ഓരോന്നിനും അതിന്റെ നിലയിൽപ്പിനുള്ള ഉപാധിയില്ലാതാവുന്നു. ആലോചിച്ചു നോക്കൂ, ഒരു സംഗതിയുടെയോ ഒരു മാനവമാനസപരികൽപനയുടേയോ ഏതെങ്കിലും ഒരു വൈരുദ്ധ്യാത്മകവശത്തിന് പരാശ്രയം കൂടാതെ നിലനിൽക്കാനാവുമോ? ജീവിതമില്ലെങ്കിൽ മരണവുമുണ്ടാവില്ല; മരണമില്ല എങ്കിൽ ജീവിതവുമുണ്ടാവില്ല. ‘മേലേ’ ഇല്ലാത്തപക്ഷം ‘കീഴേ’യുമുണ്ടാവില്ല; ‘കീഴേ’ ഇല്ലാത്തപക്ഷം ‘മേലേ’യുമുണ്ടാവില്ല; ദൗർഭാഗ്യമില്ല എന്നിരിക്കിൽ, സൗഭാഗ്യമെന്നൊന്നില്ല; സൗഭാഗ്യമില്ലെന്നിരിക്കിൽ, ദൗർഭാഗ്യമെന്നൊന്നില്ല. സൗകര്യമില്ലാത്തപക്ഷം വൈഷമ്യമേയില്ല; വൈഷമ്യമില്ലാത്ത പക്ഷം സൗകര്യവും ഉണ്ടാവില്ല. ഭൂപ്രഭുക്കളില്ലെങ്കിൽ പാട്ടകൃഷിക്കാരുണ്ടാവില്ല; പാട്ടകൃഷിക്കാരില്ലെങ്കിൽ ഭൂപ്രഭുക്കളുമുണ്ടാവില്ല. ബൂർഷ്വാസിയില്ലെങ്കിൽ, തൊഴിലാളിവർഗമുണ്ടായിരിക്കയില്ല; തൊഴിലാളിവർഗമില്ലെങ്കിൽ ബൂർഷ്വാസിയുമുണ്ടായിരിക്കയില്ല. ദേശീയതകൾക്കുമേൽ സാമ്രാജ്യത്വ അടിച്ചമർത്തലില്ലെങ്കിൽ കോളനികളോ അർദ്ധകോളനികളോ ഉണ്ടായിരിക്കുകയില്ല; കോളണികളോ അർദ്ധകോളണികളോ ഇല്ല എങ്കിൽ ദേശീയതകൾക്കുമേൽ സാമ്രാജ്യത്വ അടിച്ചമർത്തലുംഉണ്ടായിരിക്കുകയില്ല. എല്ലാ

വിപരീതങ്ങളിലും ഇതിങ്ങനെയാണ്; നിർദ്ദിഷ്ടപരിത:സ്ഥിതികളിൽ ഒരു വശത്ത് അവ പരസ്പരം എതിർക്കുന്നു, മറുവശത്താകട്ടെ അവ പരസ്പരം ബന്ധിതവും പരസ്പരം വേധിതവും പരസ്പരം ആശ്രിതവുമാണ്, ഈ സ്വഭാവത്തെയാണ് അനന്യത എന്നതു കൊണ്ട് വിശദീകരിക്കുന്നത്. നിർദ്ദിഷ്ട പരിത:സ്ഥിതികളിൽ, എല്ലാ വൈരുദ്ധ്യാത്മകവശങ്ങളും ഏകീഭാവത്തിന്റെ അഭാവത്തിന്റേതായ സ്വഭാവം കൈക്കൊള്ളുന്നു, അതുകൊണ്ട് വൈരുദ്ധ്യത്തിൽ നിലകൊള്ളുന്നതായി വിശദീകരിക്കപ്പെടുന്നു. എന്നാൽ അവയും അനന്യതയുടെ സ്വഭാവം കൈവരിക്കുന്നുണ്ട്, അതുകൊണ്ട് പരസ്പരബന്ധിതവുമാണ്. 'അനന്യമായിരിക്കാൻ വിപരീതങ്ങൾക്ക് എങ്ങനെയാണ് കഴിയുക എന്നു വൈരുദ്ധ്യശാസ്ത്രം പഠിപ്പിക്കുന്നുവെന്ന പഠനമാണ് വൈരുദ്ധ്യവാദം എന്നു പറഞ്ഞപ്പോൾ ലെനിൻ ഉദ്ദേശിച്ചതു് ഇതാണ്. എന്തുകൊണ്ടാണ് അവയ്ക്ക് അനന്യമായിരിക്കാൻ കഴിയുക? കാരണം ഓരോന്നും മറേറതിന്റെ നിലനിൽപ്പിനുള്ള ഉപാധിയാണ്. അനന്യതയുടെ ഒന്നാമത്തെ അർത്ഥം ഇതാണ്.

എന്നാൽ ഓരോ വൈരുദ്ധ്യാത്മകവശവും മറേറതിന്റെ നിലനിൽപ്പിനുള്ള ഉപാധിയാണെന്നും അവ തമ്മിൽ അനന്യതയുണ്ടെന്നും തൽഫലമായി അവയ്ക്ക് ഒരൊററ സത്തയിൽ സഹാസ്തിത്വം ഉണ്ടാകാൻ കഴിയുമെന്നും ചുമ്മാ പറയുന്നതുകൊണ്ടായോ? ഇല്ല, അതുകൊണ്ടായില്ല. സ്വയം നിലനിൽപ്പിനായുള്ള അവയുടെ പരസ്പരാശ്രിതത്വം കൊണ്ടു കാര്യമവസാനിക്കുന്നില്ല. കൂടുതൽ പ്രധാനമായിട്ടുള്ളതു് അവയുടെ പരസ്പരമുള്ള രൂപപരിണാമമാണ്. അതായതു് നിർദ്ദിഷ്ട പരിത:സ്ഥിതികളിൽ ഒരു സംഗതിക്കകത്തുള്ള ഓരോ വൈരുദ്ധ്യാത്മക വശവും സ്വയം അതിന്റെ വിപരീതമായി രൂപാന്തരപ്പെടുന്നു, അതിന്റെ വിപരീതത്തിന്റേതിലേക്ക് സ്ഥാനം മാറുന്നു. ഇതാണ് വൈരുദ്ധ്യത്തിന്റെ അനന്യയുടെ രണ്ടാമത്തെ അർത്ഥം.

ഇവിടേയും അനന്യത ഉള്ളതു എങ്ങനെയാണ്? നോക്കൂ, ഒരു കാലത്തെ ഭരണീയരായിരുന്ന തൊഴിലാളിവർഗം വിപ്ലവം വഴിയായി ഭരണാധികാരികളായി രൂപാന്തരപ്പെടുന്നു, അതേസമയം കഴിഞ്ഞകാലത്തെ ഭരണാധികാരികളായിരുന്ന ബൂർഷ്വാസി ഭരിക്കപ്പെടുന്നവരായി രൂപാന്തരപ്പെടുത്തപ്പെടുകയും തുടക്കത്തിൽ അതിന്റെ വിപരീതം നിലനിന്നിരുന്നതായ സ്ഥാനത്തേക്ക് അതുമാറുകയും ചെയ്യുന്നു. ഇതു സോവിയററ് യൂണിയനിൽ സംഭവിച്ചു കഴിഞ്ഞു. ലോകമാസകലം അതു് ഞങ്ങനെതന്നെ സംഭവിക്കുകയും ചെയ്യും. നിർദ്ദിഷ്ട പരിത:സ്ഥിതികളിൽ വിപരീതങ്ങളുടെ പരസ്പരബന്ധവും അനന്യതയും ഇല്ലാതിരുന്നെങ്കിൽ അത്തരമൊരു മാററം എങ്ങനെ സംഭവിക്കാൻ കഴിയുമായിരുന്നു?

ആധുനിക ചൈനീസ് ചരിത്രത്തിലെ ഒരു പ്രത്യേക ഘട്ടത്തിൽ നിശ്ചിത അളവിലുള്ള ഒരു ക്രിയാത്മക പങ്കുവഹിച്ച കുമിന്താങ്ങ്, 1927നു ശേഷം അതിന്റെ സഹജമായ വർഗസ്വഭാവംകൊണ്ടും സാമ്രാജ്യത്വത്തിന്റെ വശത്താക്കൽ കൊണ്ടും (ഇവയായിരുന്നു ഉപാധികൾ) ഒരു പ്രതിവിപ്ലവ പാർട്ടിയായിതീർന്നു; എന്നാൽ ചൈനയും ജപ്പാനും തമ്മിലുള്ള വൈരുദ്ധ്യം മൂർച്ഛിച്ചതുകൊണ്ടും കമ്യൂണിസ്റ്റുപാർട്ടിയുടെഐക്യമുന്നണി നയം കൊണ്ടും (ഇവയായിരുന്നു ഉപാധികൾ) അതു ജപ്പാനോടുള്ള ചെറുത്തുനിൽപിനു സമ്മതിക്കാൻ നിർബന്ധിതമായിത്തീർന്നു. വൈരുദ്ധ്യത്തിലെ സംഗതികൾ പരസ്പരം മാറുന്നു, സ്ഥിതീകൃതത്വമുള്ള അനന്യത ഇവിടെയാണ് കിടക്കുന്നതു്.

ഭൂസ്വത്തവകാശമുള്ള ഭൂപ്രഭുവർഗം തങ്ങളുടെ ഭൂമി നഷ്ടപ്പെട്ട ഒരു വർഗമായി രൂപാന്തരപ്പെടുന്ന ഒരു പ്രക്രിയയാണ് നമ്മുടെ കാർഷികവിപ്ലവം; അതേ സമയംതന്നെ, ഒരു കാലത്തു തങ്ങളുടെ ഭൂമി നഷ്ടപ്പെട്ടവരായിരുന്ന കർഷകർ ഭൂമി നേടിയ ചെറുകിട കൈവശാവകാശക്കാർ ആയി രൂപാന്തരപ്പെടുകയും അങ്ങനെ കാർഷികവിപ്ലവം, അത്തരമൊരു പ്രക്രിയകൂടിയാവുകയും ചെയ്യുന്നു. നിർദ്ദിഷ്ട അവസ്ഥകളിൽ ഉണ്ടായിരിക്കലും ഇല്ലാതാവലും, നേടലും നഷ്ടപ്പെടലും പരസ്പരം ബന്ധപ്പെട്ടതാണ്; ഇവിടെ ഇരുവശങ്ങളും തമ്മിൽ അനന്യതയുണ്ട്. സോഷ്യലിസത്തിൽ സ്വകാര്യ കർഷക ഉടമാവകാശം സോഷ്യലിസ്റ്റ് കാർഷിക പൊതു ഉടമാവകാശമായി രൂപാന്തരപ്പെടുത്തപ്പെടുന്നു. ഇതു സോവിയററ് യൂണിയനിൽ ഉണ്ടായിക്കഴിഞ്ഞു, മറേറാരോ സ്ഥലത്തും ഉണ്ടാവുകയും ചെയ്യും. സ്വകാര്യസ്വത്തിൽ നിന്നു പൊതു സ്വത്തിലേക്കു നയിക്കുന്ന ഒരു പാലമുണ്ട്. ഇതിനു ദർശനശാസ്ത്രത്തിൽ വിളിക്കുന്നതു് അനന്യത അഥവാ പരസ്പര രൂപാന്തരണം അഥവാ പരസ്പര വേധനം എന്നാണ്.



തൊഴിലാളിവർഗ സർവാധിപത്യം അല്ലെങ്കിൽ ജനകീയ സർവാധിപത്യം സുദൃഢീകരിക്കുന്നതു്_വാസ്തവത്തിൽ ഈ സർവാധിപത്യത്തെ ഇല്ലായ്മ ചെയ്യാനും എല്ലാ ഭരണകൂട വ്യവസ്ഥകളും നിർമാർജനം ചെയ്യപ്പെടുന്നതുമായ ഉയർന്ന ഘട്ടത്തിലേക്കു മുന്നേറാനും ഉള്ള ഉപാധികൾ ഒരുക്കുന്നതിനുവേണ്ടിയാണ്. കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കുന്നതും കെട്ടിപ്പടുക്കുന്നതും, വാസ്തവത്തിൽ, കമ്യൂണിസ്ററു പാർട്ടിയേയും എല്ലാ രാഷ്ട്രീയ പാർട്ടികളേയും നിർമാർജനം ചെയ്യാനുള്ള ഉപാധികളൊരുക്കുവാനാണ്. കമ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വത്തിൽ ഒരു വിപ്ലവസേന കെട്ടിപ്പടുക്കുന്നതും വിപ്ലവയുദ്ധം നടത്തുന്നതും വാസ്തവത്തിൽ യുദ്ധത്തെ എന്നെന്നേയ്ക്കുമായി നിർമാർജനം ചെയ്യാനുള്ള ഉപാധികൾ ഒരുക്കുന്നതിനുവേണ്ടിയാണ്. ഈ വിപരീതങ്ങൾ ഒരേ സമയം തന്നെ പരസ്പരപൂരകവുമാണ്.

യുദ്ധവും സമാധാനവും, എല്ലാവരുമറിയുന്നതുപോലെ, തങ്ങളിൽ പരസ്പരം രൂപാന്തരപ്പെടുത്തുന്നു. യുദ്ധം സമാധാനമായി രൂപാന്തരപ്പെടുത്തപ്പെടുന്നു; ഉദാഹരണത്തിനു് ഒന്നാം ലോകയുദ്ധം യുദ്ധാനന്തര സമാധാനമായി രൂപാന്തരപ്പെടുത്തപ്പെട്ടു, ചൈനയിലെ ആഭ്യന്തരയുദ്ധം ഇപ്പോൾ നിർത്തപ്പെടുകയും അതു് ആഭ്യന്തരസമാധാനത്തിനു ഇട നൽകുകയും ചെയ്യുന്നു. സമാധാനം യുദ്ധമായി രൂപാന്തരപ്പെടുത്തപ്പെടുന്നു; ഉദാഹരണത്തിനു് കുമിന്താങ്ങ്–കമ്യൂണിസ്റ്റു സഹകരണം 1927 ലെ യുദ്ധമായി രൂപാന്തരപ്പെടുത്തപ്പെട്ടു, ഇന്നത്തെ ലോകസമാധാനത്തിന്റേതായ സ്ഥിതി ഒരു രണ്ടാംലോക യുദ്ധമായി രൂപാന്തരപ്പെടുത്തപ്പെട്ടേയ്ക്കാം. എന്തുകൊണ്ടാണ് ഇതു് ഇങ്ങിനെ? കാരണം വർഗസമൂഹത്തിൽ യുദ്ധവും സമാധാനവും പോലുള്ള വൈരുദ്ധ്യാത്മക സംഗതികൾക്ക് നിർദ്ദിഷ്ട പരിത:സ്ഥിതികളിൽ ഒരു അനന്യത ഉണ്ട്.

വൈരുദ്ധ്യമുള്ള സംഗതികൾ എല്ലാം പരസ്പരം ബന്ധമുള്ളവയാണ്; ഒരൊററസത്തയിൽതന്നെ, നിർദ്ദിഷ്ട സാഹചര്യങ്ങളിൽ അവ സഹ അസ്തിത്വമുള്ളവയാണെന്നു മാത്രമല്ല, മറിച്ച് വേറെ നിർദ്ദിഷ്ടസാഹചര്യങ്ങളിൽ അവ തങ്ങളിൽതന്നെ രൂപാന്തരപ്പെടുകയും ചെയ്യുന്നുണ്ട്. വിപരീതങ്ങളുടെ അനന്യത എന്നതിന്റെ പൂർണ്ണമായ അർത്ഥം ഇതാണ്. 'അവ അനന്യമാണ് എന്ന സ്ഥിതി സംഭവിക്കാനും (എങ്ങനെ അവ അപ്രകാരമായിതീരുന്നു എന്നതു്) എങ്ങനെ കഴിയുന്നു—ഏതു സാഹചര്യങ്ങളിലാണ് അവ തങ്ങളിൽ തന്നെ ഒന്നു മറെറാന്നായി രൂപാന്തരപ്പെട്ടുകൊണ്ട് അനന്യമായിരിക്കുന്നതു്' എന്നതു ചർച്ച ചെയ്യുമ്പോൾ ലെനിൻ ഉദ്ദേശിച്ചതു് ഇതാണ്.

‘മൃതവും കർക്കശവും എന്ന നിലക്കല്ല, മറിച്ച് ജീവത്തും സോപാധികവും ചലനാത്മകവും തങ്ങളിൽതന്നെ ഒന്ന് മറ്റൊന്നാവും വിധം രൂപാന്തരസ്വഭാവമുള്ളതും എന്ന നിലക്കാണ് മാനവമനസ്സ് ഈ വിപരീതങ്ങളെ പരിഗണിക്കേണ്ടത്’ എന്നത് എന്തുകൊണ്ടാണ്? കാരണം, സംഗതികൾ വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിൽ കൃത്യം ഇങ്ങനെ സ്ഥിതിചെയ്യുന്നു. വസ്തുനിഷ്ഠസംഗതികളിലെ വിപരീതങ്ങളുടെ ഐക്യം അഥവാ അനന്യത മൃതവും കർക്കശവുമല്ല. മറിച്ച് ജീവത്തും സോപാധികവും ചലനാത്മകവും താല്ക്കാലികവും ആപേക്ഷികവുമാണ് എന്നതാണ് വസ്തുത; നിർദ്ദിഷ്ടസാഹചര്യങ്ങളിൽ ഓരോ വൈരുദ്ധ്യാത്മകവശവും അതിൽതന്നെ അതിന്റെ വിപരീതമായി രൂപാന്തരപ്പെടുന്നു. ഇത് മനുഷ്യവിചിന്തനത്തിൽ പ്രതിബിംബിക്കുമ്പോൾ ഭൗതിക വൈരുദ്ധ്യാത്മകതയുടെ മാർക്സിസ്റ്റ് ലോകവീക്ഷണമായിത്തീരുന്നു. കഴിഞ്ഞ കാലങ്ങളിലേയും ഇപ്പോഴത്തേയും പിന്തിരിപ്പൻ ഭരണവർഗങ്ങളും അവരുടെ സേവകരായ അതിഭൗതികശാസ്ത്രക്കാരും മാത്രമാണ് വിപരീതങ്ങളെ ജീവത്തും സോപാധികവും ചലനാത്മകവും തങ്ങളിൽ തന്നെ ഒന്ന് മറ്റൊന്നായി രൂപാന്തരപ്പെടുന്നതും എന്ന നിലയ്ക്കല്ലാതെ മറിച്ച് മൃതവും കർക്കശവും എന്ന നിലക്ക് പരിഗണിക്കുന്നത്. വിശാലബഹുജനങ്ങളെ കബളിപ്പിക്കാനായി ഈ മിഥ്യ ഓരോ സ്ഥലത്തും പ്രചരിപ്പിക്കുകയും അവരുടെ ഭരണം ശാശ്വതമാക്കാൻ അങ്ങനെ പരതിക്കൊണ്ടിരിക്കയും ചെയ്യുന്നു. പിന്തിരിപ്പൻമാരുടേയും അതിഭൗതിക ശാസ്ത്രക്കാരുടേയും മിഥ്യാ പ്രചരണങ്ങളെ തുറന്ന് കാണിക്കുകയും സംഗതികളിൽ സഹജമായുള്ള വൈരുദ്ധ്യാത്മകത പ്രചരിപ്പിക്കുകയും അതിലൂടെ സംഗതികളുടെ രൂപാന്തരണം ത്വരിതപ്പെടുത്തുകയും വിപ്ലവത്തിന്റെ ലക്ഷ്യം നേടുകയും ആണ് കമ്മ്യൂണിസ്റ്റുകാരുടെ കടമ.

നിർദ്ദിഷ്ട സാഹചര്യങ്ങളിലെ വിപരീതങ്ങളുടെ അനന്യതയെപ്പറ്റി പറയുന്നതിൽ നാം പരാമർശിക്കുന്നത് യഥാർത്ഥവും സമൂർത്തവുമായ വിപരീതങ്ങളേയും വിപരീതങ്ങളുടെ യാഥാർത്ഥ്യവും സമൂർത്തവുമായ പരസ്പര രൂപാന്തരണങ്ങളും ആണ്. പുരാണങ്ങളിൽ അസംഖ്യം രൂപാന്തരണങ്ങളുണ്ട്. ഉദാഹരണത്തിന് ‘ഷാൻഹായ്ചിങ്’[17] എന്ന പുസ്തകത്തിലെ കുവഫുവിന്റെ സൂര്യനുമായുള്ള ഓട്ടപ്പന്തയവും ‘ഹ്വായ്നാൻത്സു’ എന്ന സമാഹാരത്തിലെ യിയുടെ നവസൂര്യന്മാരെ എയ്തുവീഴ്ത്തലും[18] ‘സിയുചി’[19], എന്ന നോവലിലെ വാനരരാജന്റെ രൂപാന്തരണങ്ങളും ‘ലിയാവോചായ്‌യുടെ അസാധാരണ കഥകൾ’ എന്ന പുസ്തകത്തിലെ പ്രേതങ്ങളും കുറുക്കന്മാരും മനുഷ്യജീവികളായി രൂപപരിണാമപ്പെടുന്നതായുള്ള അസംഖ്യം കഥാഖ്യാനങ്ങളും അങ്ങിനെ മറ്റുപലതും ഉദാഹരണങ്ങളാണ്. പക്ഷേ വിപരീതങ്ങളുടെ ഐതിഹ്യപരമായ ഈ രൂപാന്തരണങ്ങൾ സമൂർത്ത വൈരുദ്ധ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന സമൂർത്ത പരിവർത്തനങ്ങളല്ല. വൈരുദ്ധ്യങ്ങളുടെ അസംഖ്യം യഥാർത്ഥവും സങ്കീർണവുമായ പരസ്പര രൂപാന്തരണങ്ങൾ മനുഷ്യമനസ്സുകളിൽ വിരചിച്ച അതി സരളവും സാങ്കൽപികവും ആത്മനിഷ്ഠവുമായി ഗ്രഹിക്കപ്പെട്ടവുമായവയാണ് അവ. ‘ഭാവനയിലും അതുവഴിയായും പ്രകൃതിശക്തികളെ കീഴ്പ്പെടുത്തുകയും അവയ്ക്കുമേൽ ആധിപത്യം നേടുകയും അവയ്ക്കു രൂപംകൊടുക്കുകയുമാണ് എല്ലാ പുരാണവും ചെയ്യുന്നത്; ആയതിനാൽ പ്രകൃതിശക്തികൾക്കുമേൽ മനുഷ്യൻ യജമാനത്വം നേടുന്നതോടെ ഉടൻതന്നെ അത് അപ്രത്യക്ഷമാകുകയും ചെയ്യുന്നു [21] എന്ന് മാർക്സ് പറഞ്ഞിട്ടുണ്ട്. പുരാണങ്ങളിലും (മുത്തശ്ശി കഥകളിലും) കാക്കത്തൊള്ളായിരം പരിവർത്തനങ്ങൾ ജനങ്ങളെ ആനന്ദിപ്പിക്കുന്നത് പ്രകൃതിശക്തികളെ മനുഷ്യൻ പിടിച്ചടക്കുന്നത് ഭാവനാവിലാസത്തോടെ ചിത്രീകരിക്കുന്നതുകൊണ്ടാണ്. ഏറ്റവും നല്ല പുരാവൃത്തങ്ങൾ മാർക്സ് പറഞ്ഞതുപോലെ ‘ശാശ്വതമായ ചാരുത’യുള്ളവയാണ്. പക്ഷേ പുരാവൃത്തങ്ങൾ നിർദ്ദിഷ്ട സാഹചര്യങ്ങളിൽ നിലനിൽക്കുന്ന സമൂർത്ത വൈരുദ്ധ്യങ്ങളെ വിരചിച്ചിട്ടുള്ളവയല്ല. അതുകൊണ്ട് അവ യഥാർത്ഥ മുത്തശ്ശിക്കഥകളിലും ഒരു വൈരുദ്ധ്യത്തിനുള്ളിലടങ്ങിയ വശങ്ങൾക്ക് ഒരു സാങ്കല്പികമായ അനന്യതമാത്രമാണുള്ളത്. സമൂർത്തമായ ഒരു അനന്യത ഇല്ല. യഥാർത്ഥ രൂപാന്തരങ്ങളിലെ അനന്യതയുടെ ശാസ്ത്രീയപ്രതിഫലനം മാർക്സിസ്റ്റു വൈരുദ്ധ്യവാദമാണ്.



എന്തുകൊണ്ടാണ് ഒരു കോഴിമുട്ടയെ മാത്രമല്ലാതെ ഒരു കല്ലിനെ കോഴിക്കുഞ്ഞാക്കി മാറ്റാൻ കഴിയാത്തത്? യുദ്ധവും സമാധാനവും തമ്മിൽ അനന്യതയുള്ളതും, യുദ്ധവും ഒരു കല്ലും തമ്മിൽ അങ്ങനെയൊന്നുമില്ലാത്തതും എന്തുകൊണ്ടാണ്? മനുഷ്യജീവികൾ മനുഷ്യജീവികളെമാത്രം ജനിപ്പിക്കാൻ കഴിവുള്ളവരും മറ്റൊന്നിനേയും ജനിപ്പിക്കാൻ കഴിവില്ലാത്തവരും ആയിരിക്കുന്നത് എന്തുകൊണ്ടാണ്? ആവശ്യമായ ചില നിർദ്ദിഷ്ട സാഹചര്യങ്ങളിൽ മാത്രമാണ് വിപരീതങ്ങളുടെ അനന്യത നിലനിൽക്കുന്നത് എന്നതാണ് ഇതിന്റെ ഏകകാരണം. ആവശ്യമായ ഈ നിർദിഷ്ട സാഹചര്യങ്ങളെ കൂടാതെ യാതൊരു അനന്യതയും ഉണ്ടായിരിക്കാൻ സാദ്ധ്യമല്ല.

1917_ൽ റഷ്യയിലെ ബൂർഷ്വാ ജനാധിപത്യ ഫെബ്രുവരി വിപ്ലവം തൊഴിലാളി വർഗസോഷ്യലിസ്റ്റ് ഒക്ടോബർ വിപ്ലവവുമായി നേരിട്ട് കണ്ണിചേരുന്നതായതും അതേസമയം ഫ്രാൻസിലെ ബൂർഷ്വാവിപ്ലവം ഒരു സോഷ്യലിസ്റ്റുവിപ്ലവവുമായി നേരിട്ട് കണ്ണിചേരാത്തത് ആയതും 1871 ലെ-പാരീസ് കമ്യൂൺ പരാജയത്തിൽ കലാശിച്ചതും എന്തുകൊണ്ടാണ്? മറുവശത്ത് മംഗോളിയയിലേയും മദ്ധ്യേഷ്യയിലേയും ഊരുചുറ്റിയുള്ള കാലിമേക്കൽ ജീവിതരീതി സോഷ്യലിസവുമായി നേരിട്ട് കണ്ണിചേർന്നത് എന്തുകൊണ്ടാണ്. ചൈനീസ്‌വിപ്ലവത്തിന് പാശ്ചാത്യരാജ്യങ്ങളുടെ പഴയ ചരിത്രപരമായ പാത സ്വീകരിക്കാതെ ബൂർഷ്വാസർവാധിപത്യത്തിന്റേതായ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകാതെ മുതലാളിത്തപരമായ ഒരു ഭാവിയെ ഒഴിവാക്കിക്കൊണ്ട് സോഷ്യലിസവുമായി നേരിട്ട് കണ്ണിചേരാൻ കഴിയുമെന്നത് എന്തുകൊണ്ടാണ്? കാലത്തിന്റെ സമൂർത്തസാഹചര്യങ്ങളാണ് ഇതിനുള്ള ഏകകാരണം. ആവശ്യമായ ചില പ്രത്യേകസാഹചര്യങ്ങളുടെ സാന്നിധ്യമുള്ളപ്പോൾ സംഗതികളുടെ വികാസത്തിന്റെ പ്രക്രിയയിൽ ചില പ്രത്യേക വൈരുദ്ധ്യങ്ങൾ ഉയർന്ന് വരികയും അതുംവിട്ട്, അവയിൽ അടങ്ങിയ വിപരീതങ്ങൾ പരസ്പരാശ്രിതത്വത്തിൽ ആയിരിക്കുകയും ഒന്ന് മറ്റൊന്നായി രൂപാന്തരപ്പെടുകയും ചെയ്യുന്നു; അങ്ങിനെയല്ലാത്ത സ്ഥിതിയിൽ ഇതൊന്നും തന്നെ സാദ്ധ്യമല്ല.

അനന്യതയുടെ പ്രശ്നം അപ്രകാരമുള്ളതാണ്, എന്നാൽ പിന്നെസമരം എന്താണ്? അനന്യതയും സമരവും തമ്മിലുള്ള ബന്ധമെന്താണ്?

ലെനിൻ പറയുകയുണ്ടായി:

> ‘വിപരീതങ്ങളുടെ ഐക്യം (ഏകീഭാവത്വം, അനന്യത, സമപ്രവർത്തനം) സോപാധികവും താൽക്കാലികവും സംക്രമണാത്മകവും ആപേക്ഷികവുമാണ്. അന്യോന്യം ഒഴിവാക്കി നിറുത്തുന്ന വിപരീതങ്ങളുടെ സമരം കേവലമാണ്, വികാസവും ചലനവും കേവലമായിരിക്കുന്നതുപോലെതന്നെ’ [22].

ഇപ്പറഞ്ഞതിന് എന്താണ് അർത്ഥം?

എല്ലാ പ്രക്രിയകൾക്കും ഒരാരംഭവും ഒരു അവസാനവും ഉണ്ട്. എല്ലാ പ്രക്രിയകളും അവയിൽതന്നെ അവയുടെ വിപരീതമായി രൂപാന്തരപ്പെടുന്നു. എല്ലാപ്രക്രിയകളുടേയും സ്ഥിരാവസ്ഥ ആപേക്ഷികമാണ്, പക്ഷേ ഒരു പ്ര

ക്രിയ മറ്റൊന്നായി രൂപാന്തരപ്പെടുന്നതിൽ പ്രകടമാകുന്ന പരിവർത്തനക്ഷമ
ത കേവലമാണ്.

എല്ലാ സംഗതികളിലും രണ്ടു ചലനാവസ്ഥകളുണ്ട്, ആപേക്ഷിക വി
രാമത്തിന്റേതും സ്പഷ്ടമായ മാററത്തിന്റേതും. രണ്ടിനും കാരണമാകുന്ന
തു്, ഒരു സംഗതിയിൽ അടങ്ങിയിട്ടുള്ള രണ്ടു വൈരുദ്ധ്യാത്മക ഘടകങ്ങൾ
തമ്മിലുള്ള സമരമാണ്. ഒരു സംഗതി ചലനത്തിന്റെ ആദ്യാവസ്ഥയി
ലായിരിക്കുമ്പോൾ അതു് അളവുപരമായ മാററത്തിനു മാത്രമേ വിധേയമാ
കുന്നുള്ളൂ. ഗുണപരമായ മാററത്തിനു് വിധേയമാകുന്നില്ല. അതുകൊണ്ടു് പു
റംകാഴ്ചയിൽ അതു് വിരാമസ്ഥിതിയിൽ കാണപ്പെടുന്നു. ഒരു സംഗതി
ചലനത്തിന്റെ ദ്വിതീയ സ്ഥിതിയിലായിരിക്കുമ്പോൾ ഒന്നാമത്തെ സ്ഥി
തിയിലെ അളവുപരമായ മാററം ഒരു മൂർദ്ധന്യാവസ്ഥയിൽ എത്തിയിട്ടു
ണ്ടായിരിക്കുകയും ഈ സംഗതിയുടെ ഏകസത്ത എന്ന സ്ഥിതിക്കു് വിഘ
ടനമുണ്ടാകുകയും അതേത്തുടർന്നു് ഒരു ഗുണപരമായ മാററത്തിനു് തുടക്കമിടു
കയും അതുകൊണ്ടു് സ്പഷ്ടമായ ഒരു മാറ്റം കാണാറാവുകയും ചെയ്യുന്നു.
അത്തരത്തിലുള്ള ഐക്യം, ഐക്യദാർഢ്യം, സംയോഗം, സമഞ്ജസം; സമ
തുലനസ്ഥിതി, ഗതിമുട്ടൽ, സ്തംഭനാവസ്ഥ, വിരാമം, സ്ഥിരത, സമതുലി
താവസ്ഥ, ഘനീഭാവം, ആകർഷണം തുടങ്ങിയവ എല്ലാം നമ്മൾ നിത്യ
ജീവിതത്തിൽ കാണുംപോലെ സംഗതികളുടെ അളവുപരമായ പരിവർത്ത
ന സ്ഥിതിയിലെ പുറംകാഴ്ചകളാണ്. മറുവശത്തു് ഐക്യത്തിന്റെ വി
ഘടനവും അതായതു്, ഈ ഐക്യദാർഢ്യം, സംയോഗം, സമഞ്ജസഭാവം,
സമതുലനസ്ഥിതി, ഗതിമുട്ടൽ, സ്തംഭനാവസ്ഥ, വിരാമം, സ്ഥിരത, സ
മതുലിതാവസ്ഥ, ഘനീഭാവം, ആകർഷണം എന്നിവയുടെ നാശവും ഓരോ
ന്നും അവയുടെ വിപരീതങ്ങളായി മാറുന്നതും എല്ലാം സംഗതികളുടെ ഗുണപ
രമായ മാററത്തിന്റെ സ്ഥിതിയിലെ, അതായതു്, ഒരു പ്രക്രിയയുടെ മ
റ്റൊന്നായുള്ള രൂപാന്തരണത്തിന്റെ പ്രത്യക്ഷദൃശ്യങ്ങളാണ്. സംഗതികൾ
സ്ഥിരമായി ചലനസ്ഥിതിയുടെ ആദ്യാവസ്ഥയിൽനിന്നു് രണ്ടാമത്തേ
തിലേക്കു് അതതിൽതന്നെ രൂപാന്തരപ്പെടുകയാണ്; ഇരുസ്ഥിതികളിലും
വിപരീതങ്ങളുടെ സമരം തുടർന്നുകൊണ്ടേയിരിക്കുന്നുവെങ്കിലും വൈരുദ്ധ്യം
പരിഹരിക്കപ്പെടുന്നതു് രണ്ടാമത്തെ സ്ഥിതിയിൽക്കൂടിയാണ്. വിപരീ
തങ്ങളുടെ ഐക്യം സോപാധികവും താത്ക്കാലികവും ആപേക്ഷികവും ആ
ണെന്നും അതേസമയം അന്യോന്യം ഒഴിവാക്കുന്ന വിപരീതങ്ങളുടെ സമരം
കേവലമാണെന്നും നമ്മൾ പറയുന്നതു് അതുകൊണ്ടാണ്.

രണ്ടു വിപരീത സംഗതികൾക്ക് ഒരൊററ സത്തയിൽ സഹ അസ്തിത്വം
ഉണ്ടാകാൻ കഴിയുമെന്നും അവയ്ക്കുതമ്മിൽ അനന്യതയുള്ളതുകൊണ്ടു് ഒന്നി
നമറ്റൊന്നായി അതതിൽതന്നെ 'രൂപാന്തരപ്പെടാൻ കഴിയുമെന്നും മുകളിൽ
നാം സോപാധികതയെക്കുറിച്ചു സംസാരിച്ചതു്, എന്നുപറഞ്ഞാൽ നിർദ്ദിഷ്ട
സാഹചര്യങ്ങളിൽ രണ്ടു വൈരുദ്ധ്യാത്മക സംഗതികളെ ഐക്യപ്പെടുത്താ
നും പരസ്പരം അതതിൽതന്നെ രൂപാന്തരപ്പെടുത്താനും കഴിയും എന്നിരി
ക്കെതന്നെ ഈ സാഹചര്യങ്ങളുടെ അഭാവത്തിൽ അവയ്ക്കു് ഒരു വൈരുദ്ധ്യമാ
വാൻ കഴിയില്ല, ഒരേ സത്തയിൽ സഹാസ്തിത്വമുണ്ടാകാൻ കഴിയില്ല, ഒന്നു
മറ്റൊന്നായി അതതിൽതന്നെ രൂപാന്തരപ്പെടാനും കഴിയില്ല. നിർദ്ദിഷ്ട
സാഹചര്യങ്ങളിൽ മാത്രമേ വിപരീതങ്ങളുടെ അനന്യത ഉണ്ടാകുന്നുള്ളൂ എന്ന
തുകൊണ്ടാണ് അനന്യത സോപാധികവും ആപേക്ഷികവുമാണ് എന്നു് നാം
പറഞ്ഞതു്. വിപരീതങ്ങൾ തമ്മിലുള്ള സമരം ഒരു പ്രക്രിയയുടെ ആരംഭം
മുതൽ അവസാനംവരെ വ്യാപരിക്കുന്നുവെന്നും ഒരു പ്രക്രിയയെ അതിൽതന്നെ
മറ്റൊന്നായി രൂപാന്തരപ്പെടുത്തുന്നു എന്നും അതായതു് അതു് സർവവ്യാപി



യാണെന്നും അതുകൊണ്ടു് സമരം നിരുപാധികവും കേവലവുമാണെന്ന് നമു
ക്കു കൂട്ടിച്ചേർക്കാം.

എല്ലാസംഗതികളുടേയും വിപരീതങ്ങളുടെ ചലനം ഉണ്ടാകുന്നതു് സോ
പാധികവും ആപേക്ഷികവുമായ അനന്യതയുടേയും നിരുപാധികവും കേവല
വുമായ സമരത്തിന്റേയും സംയോഗമാണ്.

'പരസ്പരം എതിർക്കുന്ന സംഗതികൾ തങ്ങളിൽ പരസ്പരപൂരക
മാകുന്നു'22 എന്നു് നമ്മൾ ചൈനക്കാർ പലപ്പോഴും പറയാറുണ്ട്. അതായ
തു് പരസ്പരം എതിരിടുന്ന സംഗതികൾക്കു് അനന്യതയുണ്ട്. ഈ ചൊ
ല്ലു് വൈരുദ്ധ്യവാദപരമാണ്, അതി ഭൗതികവാദത്തിനു് നേരേ വിപരീതമാ
ണ്. 'പരസ്പരം എതിരിടുക' എന്നതു് പരാമർശിക്കുന്നതു് രണ്ടു വിരുദ്ധ
വശങ്ങളുടെ അന്യോന്യമായ ഒഴിവാക്കലിനെ അഥവാ സമരത്തെ ആണ്.
'തങ്ങളിൽ പരസ്പര പൂരകം' എന്നതിനർത്ഥം നിർദ്ദിഷ്ട സാഹചര്യങ്ങ
ളിൽ രണ്ടു വിരുദ്ധ വശങ്ങൾ ഒന്നിക്കുകയും അനന്യത കൈവരിക്കുകയും
ചെയ്യുന്നു എന്നതാണ്. എന്നിരുന്നാലും അനന്യതയിൽ സഹജമായുള്ളതാ
ണ് സമരം; സമരം ഇല്ലാതെ അനന്യത ഉണ്ടാവുക സാദ്ധ്യമല്ല.

അനന്യതയിൽ സമരം ഉണ്ട്; പ്രത്യേകതയിൽ സാർവത്രികതയുണ്ട്,
വ്യക്തിനിഷ്ഠതയിൽ സാമാന്യതയുമുണ്ട്. ലെനിനെ ഉദ്ധരിക്കുകയാണെങ്കിൽ
'... ആപേക്ഷികതയ്ക്കു് 'അകത്തു്' ഒരു കേവലത ഉണ്ട്''24

## 6. വൈരുദ്ധ്യത്തിൽ ശത്രുതയുടെ സ്ഥാനം

വിപരീതങ്ങളുടെ സമരത്തിന്റെ പ്രശ്നത്തിൽ എന്താണ് ശത്രുത എന്ന
പ്രശ്നവും അടങ്ങിയിരിക്കുന്നു. വിപരീതങ്ങളുടെ സമരത്തിന്റെ ഒരു രൂപ
മാണ്, എന്നാൽ ഒരേ ഒരു രൂപമല്ല ശത്രുത എന്നതാണ് നമ്മുടെ ഉത്തരം.

മാനവ ചരിത്രത്തിൽ വിപരീതങ്ങളുടെ സമരത്തിന്റെ ഒരു പ്രത്യേക
പ്രകടിതരൂപമായാണ് വർഗങ്ങൾ തമ്മിലുള്ള ശത്രുത നിലനിൽക്കുന്നതു്.
ചൂഷകരും ചൂഷിതരും ആയ വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യമെടുക്കാം.
ഒരേ സമൂഹത്തിൽ, അതു് അടിമ സമൂഹമോ ഫ്യൂഡൽ സമൂഹമോ മുതലാ
ളിത്ത സമൂഹമോ ആയിരിക്കട്ടെ. ഒരു ദീർഘകാലത്തേക്കു് വിരുദ്ധവർഗ
ങ്ങൾ സഹാസ്തിത്വമുള്ളതായിരിക്കുകയും അവ പരസ്പരം സമരം ചെയ്യുക
യും ചെയ്യുന്നു; എങ്കിലും രണ്ടു വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം ഒരു നിർദ്ദി
ഷ്ട ഘട്ടത്തിലേക്കു വികസിക്കാത്തിടത്തോളം അതു് തുറന്ന ശത്രുതയുടെ
രൂപം കൈക്കൊള്ളുകയും വിപ്ളവത്തിലേക്കു് വികസിക്കുകയും ചെയ്യുന്നില്ല.
വർഗസമൂഹത്തിൽ സമാധാനം യുദ്ധമായി രൂപാന്തരപ്പെടുന്നതിന്റേതായ
കാര്യത്തിലും ഇതേ വസ്തുത ബാധകമാണ്.

ഒരു ബോംബ് പൊട്ടിത്തെറിക്കുന്നതിനുമുമ്പു് നിർദ്ദിഷ്ട സാഹചര്യ
ങ്ങളിൽ വിപരീതങ്ങൾക്കു സഹാസ്തിത്വം ഉള്ളതായ ഒരു ഒററ സത്തയാണ്.
പുതിയ സാഹചര്യം, ജ്വലനം ഉണ്ടാകുമ്പോൾ മാത്രമാണ് സ്ഫോടനം
സംഭവിക്കുന്നതു്. പഴയ വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്നതിനും പുതിയ
സംഗതികൾ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള തുറന്ന സംഘട്ടനത്തിന്റെ രൂപം
അവസാനമായി കൈക്കൊള്ളുന്നതായ പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളി
ലും മുൻപറഞ്ഞതിനു് ഉപമയായുള്ള ഒരു പരിതഃസ്ഥിതി ഉടലെടുക്കുന്നു.

ഈ വസ്തുത ഗ്രഹിക്കുകയെന്നതു് അത്യന്തം പ്രധാനമായതാണ്; വിപ്ള
വങ്ങളും വിപ്ളവയുദ്ധങ്ങളും വർഗസമൂഹത്തിൽ അനിവാര്യമാണെന്നും

അവയെക്കൂടാതെ സാമൂഹ്യവികാസത്തിൽ ഏതൊരു കുതിച്ചു ചാട്ടവും സാ
ക്ഷാൽക്കരിക്കാനും പിന്തിരിപ്പൻ ഭരണവർഗങ്ങളെ മറിച്ചിടാനും അസാദ്ധ്യ
മാണെന്നും, ആയതിനാൽ ജനങ്ങൾക്ക് രാഷ്ട്രീയാധികാരം നേടിയെടുക്കുക
യെന്നതു് അസാദ്ധ്യമാകും എന്നും മനസ്സിലാക്കുന്നതിനു് ആ വസ്തുത നമ്മെ
പ്രാപ്തരാക്കുന്നു. സാമൂഹ്യ വിപ്ളവം അനാവശ്യവും അസാദ്ധ്യവും ആണെ
ന്നു് ഉറപ്പിച്ചു പറയുന്നപോലുള്ള, പിന്തിരിപ്പൻമാരുടെ വഞ്ചനാപരമായ പ്ര
ചാരണത്തെ കമ്യൂണിസ്റ്റുകാർ തുറന്നുകാണിച്ചേ തീരൂ. സാമൂഹ്യവിപ്ളവ
ത്തിന്റെ മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തത്തെ അവർ ദൃഢമായി ഉയ
ർത്തിപ്പിടിക്കുകയും സാമൂഹ്യ വിപ്ളവം തീർത്തും അത്യാവശ്യമാണെന്നു മാത്ര
മല്ല തികച്ചും പ്രയോഗക്ഷമമാണെന്നു കൂടിയും മാനവവംശത്തിന്റെ മുഴുവൻ
ചരിത്രവും സോവിയറ്റുയൂണിയന്റെ ജൈത്രവിജയഗതിയും ഈശാസ്ത്രീയ
സത്യം സ്ഥിരീകരിച്ചിട്ടുള്ളതാണെന്നും ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴി
വുണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

എന്നിരുന്നാൽ തന്നെ വിപരീതങ്ങളുടെ ഓരോ വ്യതിരിക്ത സമരത്തി
ന്റേയും സാഹചര്യങ്ങളെപ്പറ്റി ഒരു സമൂർത്ത പഠനം നാം നടത്തുകയും മുക
ളിൽ പർച്ച ചെയ്ത സൂത്രവാക്യം എല്ലാത്തിലും വിവേചനരഹിതമായി പ്ര
യോഗിക്കാതിരിക്കുകയും വേണം. വൈരുദ്ധ്യവും സമരവും സാർവത്രിക
മായതും കേവലവും ആണ്. എന്നാൽ വൈരുദ്ധ്യങ്ങളെ പരിഹരിക്കുന്ന
തിനുള്ള രീതികൾ അതായതു്, സമരരൂപങ്ങൾ വൈരുദ്ധ്യങ്ങളുടെ സ്വഭാ
വത്തിലുള്ള വ്യത്യാസങ്ങൾക്കനുസരിച്ച് വ്യത്യസ്തമാകുന്നു. ചില വൈരു
ദ്ധ്യങ്ങളുടെ സ്വഭാവവിശേഷം പ്രകടമാകുന്നതു തുറന്ന ശത്രുതയുടെ രൂപത്തി
ലാണ്, മററു ചിലതിന്റേതു് അങ്ങിനെയല്ല. സംഗതികളുടെ സമൂർത്തവി
കാസത്തിനനുസരിച്ച്, തുടക്കത്തിൽ ശത്രുതാപരമല്ലാത്തതായിരുന്ന ചില
വൈരുദ്ധ്യങ്ങൾ ശത്രുതാപരമായവ എന്ന സ്ഥിതിയിലേക്കു വികസിക്കു
ന്നു, അതേ സമയം തുടക്കത്തിൽ ശത്രുതാപരമായിരുന്ന മററുചിലതു ശത്രുതാ
പരമല്ലാത്തവയെന്ന സ്ഥിതിയിലേക്കു വികസിക്കുന്നു.

മുൻപേ എടുത്തു പറഞ്ഞിട്ടുള്ളതുപോലെ വർഗങ്ങൾ നിലനിൽക്കുന്നിട
ത്തോളം കാലം, കമ്യൂണിസ്റ്റു പാർട്ടിക്കകത്തെ ശരിയും തെററുമായ ആശയ
ങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ വർഗ വൈരുദ്ധ്യങ്ങളുടെ, പാർട്ടിക്കക
ത്തെ പ്രതിഫലനങ്ങളാണ്. തുടക്കത്തിൽ ചില പ്രത്യേകവിഷയങ്ങളെ
സംബന്ധിച്ചിടത്തോളം, അത്തരത്തിലുള്ള വൈരുദ്ധ്യങ്ങൾ ശത്രുതാപരമാ
യി സ്വയം പ്രകടമായേക്കില്ല; പക്ഷേ വർഗസമരത്തിന്റെ വികാസത്തോ
ടെ അവ വളരുകയും ശത്രുതാപരമായിത്തീരുകയും ചെയ്തേക്കാം. ലെനിന്റെ
യും സ്റ്റാലിന്റേയും ശരിയായ വിചിന്തനവും ട്രോട്സ്കിയുടെയും ബുഖാറിന്റേ
യും മററുള്ളവരുടേയും ഭ്രമാത്മകവിചിന്തനവും തമ്മിലുള്ള വൈരുദ്ധ്യ
ങ്ങൾ തുടക്കത്തിൽ ഒരുശത്രുതാപരമായ രൂപത്തിൽ സ്വയംപ്രകടിതമായില്ലെ
ന്നും പക്ഷേ പിന്നീട് അവ ശത്രുതയിലേക്ക് വികസിക്കുകതന്നെ ചെയ്തു
വെന്നും സോവിയററുയൂണിയനിലെ കമ്യൂണിസ്റ്റുപാർട്ടിയുടെ ചരിത്രം നമു
ക്കു കാണിച്ചു തരുന്നു, ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ ചരിത്രത്തി
ലും ഇതിനു സമാനമായ സംഭവങ്ങളുണ്ട്. തുടക്കത്തിൽ നമ്മുടെ നിരവധി
പാർട്ടിസഖാക്കളുടെ ശരിയായ വിചിന്തനവും ചെൻതു-സ്യുവിന്റേയും
ചാങ്ങ്കോ-താവോവിന്റേയും മററുള്ളവരുടെയും ഭ്രമാത്മകവിചിന്തന
വും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ശത്രുതാപരമായ ഒരു രൂപത്തിൽ സ്വയം
പ്രകടിതമായില്ല. സ്വയം പ്രകടിതമാവുകയുണ്ടായില്ല. പക്ഷേ പിന്നീട് അ
വ ശത്രുതാപരമായി വികസിതമവുക തന്നെചെയ്തു.



ഇന്നു് നമ്മുടെ പാർട്ടിയിലുള്ള ശരിയും തെററുമായ വിചിന്തനങ്ങൾ ത
മ്മിലുള്ള വൈരുദ്ധ്യം ഒരു ശത്രുതാപരമായ രൂപത്തിൽ സ്വയം പ്രകടിതമാകു
ന്നില്ല; എന്നല്ല തെററുകൾവരുത്തിയിട്ടുള്ള സഖാക്കൾക്ക് അവതിരുത്താൻ
കഴിയുകയാണെങ്കിൽ അതു് ശത്രുതയിലേക്ക് വികസിക്കുകയും ഇല്ല. അതു
കൊണ്ട് പാർട്ടി ഒരു വശത്തു് തെററായ വിചിന്തനത്തിനെതിരെ ഗൗരവപൂ
ർണ്ണമായ ഒരു സമരം നടത്തുകയും മറുവശത്തു് തെററുകൾ വരുത്തിയിട്ടുള്ള സ
ഖാക്കൾക്ക്, ബോധവാന്മാരാകുന്നതിനു് പര്യാപ്തമായ അവസരം നൽകുകയും
ചെയ്യേണ്ടതുണ്ട്. കാര്യം ഇങ്ങനെയായിരിക്കേ, അതിർ കവിഞ്ഞ സമരം
സ്പഷ്ടമായും അനുചിതമാണ്. എന്നാൽ തെററു വരുത്തിയിട്ടുള്ള ആളു
കൾ അവയിൽ പിടിവാശിയോടെ തുടരുകയും അവയെ പെരുപ്പിക്കുകയുമാ
ണെങ്കിൽ, ഈ വൈരുദ്ധ്യം ശത്രുതയായി വികസിക്കുമെന്ന സാദ്ധ്യതയുണ്ട്.

ബൂർഷ്വാഭരണത്തിൻ കീഴിൽ നഗരങ്ങൾ നാട്ടിൻപുറങ്ങളെ ക്രൂരമായി
കൊള്ളചെയ്യുന്ന മുതലാളിത്ത സമൂഹം, വിദേശസാമ്രാജ്യത്വത്തിന്റേയും ചൈ
നീസ് വൻകിട മുല്ലാൾ ബൂർഷ്വാസിയുടേയും ഭരണത്തിൻകീഴിൽ നഗര
ങ്ങൾ നാട്ടിൻപുറങ്ങളെ അങ്ങേ അററം ദുരയോടെ പിടിച്ചുപറിക്കു വിധേയമാ
ക്കുന്ന ചൈനയിലെ കുമിന്താങ്ങ് പ്രദേശങ്ങൾ എന്നിവരണ്ടിലും നഗരവും നാ
ട്ടിൻപുറവും തമ്മിലുള്ള വൈരുദ്ധ്യം സാമ്പത്തികമായി അങ്ങേഅററം ശത്രുതാ
പരമാണ്. പക്ഷേ ഒരു സോഷ്യലിസ്റ്റ് രാജ്യത്തും നമ്മുടെ വിപ്ളവ താ
വള പ്രദേശങ്ങളിലും ഈ ശത്രുതാപരമായ വൈരുദ്ധ്യം ശത്രുതാപരമല്ലാത്ത
ഒന്നായി മാറിയിട്ടുണ്ട്; കമ്യൂണിസ്റ്റു സമൂഹത്തിലേക്കെത്തുമ്പോൾ അതു്
ഇല്ലായ്മ ചെയ്യപ്പെടുകയും ചെയ്യും.

ലെനിൻ പറയുകയുണ്ടായി, 'ശത്രുതയും വൈരുദ്ധ്യവും ഒന്നേ ഒന്നു് അല്ലേ
അല്ല. സോഷ്യലിസത്തിൽ ഒന്നാമത്തേതു് അപ്രത്യക്ഷമാകുകയും രണ്ടാമ
ത്തേതു് അവശേഷിക്കുകയും ചെയ്യും.'25 എന്നു പറഞ്ഞാൽ ശത്രുത വിപ
രീതങ്ങളുടെ സമരത്തിന്റെ ഒരു രൂപമാണ് പക്ഷെ ഓരേ ഒരു രൂപമല്ല; ശത്രു
തയുടെ സൂത്രവാക്യം എല്ലായിടത്തും വിവേചനരഹിതമായി പ്രയോഗ
ത്തിൽ വരുത്താൻ ആവില്ല.

## 7. ഉപസംഹാരം

ഇനിയിപ്പോൾ നമുക്ക് ആകെത്തുകയായി അൽപം ചില്ലുവാക്കുകൾ പറ
യാം. സംഗതികളിലെ വൈരുദ്ധ്യത്തിന്റെ നിയമം അതായതു് വിപരീ
തങ്ങളുടെ ഐക്യത്തിന്റെ നിയമം പ്രകൃതിയുടേയും സമൂഹത്തിന്റേയും മൗ
ലികനിയമമാണ്. അതുകൊണ്ട് അതു ചിന്തയുടേയും മൗലികനിയമമാണ്.
അതു് അതിഭൗതിക ലോകവീക്ഷണത്തിനു് എതിരായി നിലകൊള്ളുന്നു. മാ
നവിക വിജ്ഞാന ചരിത്രത്തിൽ ഒരു മഹത്തായ വിപ്ളവത്തെ അതു് പ്ര
തിനിധീകരിക്കുന്നു. വൈരുദ്ധ്യാത്മക ഭൗതികവാദത്തിനനുസരിച്ച്, വ
സ്തുനിഷ്ഠമായ നിലനിൽപുള്ള എല്ലാ സംഗതികളുടേയും ആത്മനിഷ്ഠചി
ന്തയുടേയും എല്ലാ പ്രക്രിയകളിലും വൈരുദ്ധ്യത്തിന്റെ സാന്നിദ്ധ്യം ഉണ്ട്,
ഇതു് എല്ലാപ്രക്രിയകളിലും ആരംഭം മുതൽ അവസാനം വരെ വ്യാപരിക്കുക
യും ചെയ്യുന്നു. ഇതാണ് വൈരുദ്ധ്യത്തിന്റെ സാർവത്രികതയും കേവല
ത്വവും. ഓരോ വൈരുദ്ധ്യത്തിനും അതിന്റെ ഓരോ വശത്തിനും യഥാക്രമം
അതതിന്റേതായ സ്വഭാവ വിശേഷങ്ങൾ ഉണ്ട്; ഇതാണ് വൈരുദ്ധ്യത്തി
ന്റെ പ്രത്യേകതയും ആപേക്ഷികതയും. നിർദ്ദിഷ്ട സാഹചര്യങ്ങളിൽ വിപ
രീതങ്ങൾ അനന്യത കൈവരിക്കുകയും തൽഫലമായി ഒരൊററസത്തയിൽ
സഹാസ്തിത്വം ഉള്ളവയായിരിക്കാൻ കഴിയുകയുംപരസ്പരം അതതിൽ തന്നെ
രൂപാന്തരപ്പെടാൻ കഴിയുകയും ചെയ്യുന്നു. ഒരിക്കൽക്കൂടി ഇതുതന്നെയാണ്
വൈരുദ്ധ്യത്തിന്റെ പ്രത്യേകതയും, ആപേക്ഷികതയും പക്ഷേവി

പരീതങ്ങളുടെ സമരം അവിരാമമാണ്. വിപരീതങ്ങൾ സാഹാസ്ഥിത്വത്തിലുള്ളതും അവ പരസ്പരം അതതിൽതന്നെ രൂപാന്തരപ്പെടുന്നതുമായ ഇരു സന്ദർഭങ്ങളിലും അതു് തുടർന്നുകൊണ്ടേയിരിക്കുകയും അവ പരസ്പരം അതതിൽ തന്നെ രൂപാന്തരപ്പെടുന്ന സന്ദർഭത്തിൽ സവിശേഷമായി പ്രസ്പഷ്ടമായിരിക്കുകയും ചെയ്യുന്നു. ഇതു് ഒരിക്കൽകൂടി വൈരുദ്ധ്യത്തിന്റെ സാർവത്രികതയും കേവലത്വവുമാണ് വൈരുദ്ധ്യത്തിന്റെ പ്രത്യേകതയും ആപേക്ഷികതയും പഠിക്കുന്നതിൽ നാം, പ്രധാന വൈരുദ്ധ്യവും അപ്രധാന വൈരുദ്ധ്യങ്ങളും തമ്മിലുള്ളവിഭിന്നതക്കും ഒരു വൈരുദ്ധ്യത്തിന്റെ തന്നെ പ്രധാന വശത്തിനും അപ്രധാനവശത്തിനും തമ്മിലുള്ള വിഭിന്നതയ്ക്കും ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. വൈരുദ്ധ്യത്തിന്റെ സാർവത്രികതയും വൈരുദ്ധ്യത്തിലെ വിപരീതങ്ങളുടെ സമരവുംപഠിക്കുന്നതിൽ നാം വ്യത്യസ്ത സമരരൂപങ്ങൾ തമ്മിലുള്ളവിഭിന്നതക്ക് ശ്രദ്ധകൊടുക്കണം അല്ലാത്തപക്ഷം നാം തെറ്റുകൾവരുത്തും. പഠനത്തിലൂടെ നാം മുൻ വിവരിച്ച മൂല തത്വങ്ങളുടെ ഒരു യഥാർത്ഥ ധാരണ കൈവരിക്കുകയാണെങ്കിൽ, മാർക്സിസം_ലെനിനിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾക്ക് വിരുദ്ധവും നമ്മുടെ വിപ്ളവലക്ഷ്യത്തിനു് അപായകരവും ആയ വരട്ടുതത്വവാദപരമായ ആശയങ്ങളെ നിലംപരിശാക്കുന്നതിനു് നാം കഴിവുള്ളവരാകും, നമ്മുടെ സഖാക്കൾ പ്രായോഗിക അനുഭവത്തോടുകൂടി തങ്ങളുടെ അനുഭവങ്ങളെ പ്രമാണങ്ങളായി സംഘടിപ്പിക്കുന്നതിനും അനുഭവമാത്രവാദപരമായ തെറ്റുകൾ ആവർത്തിക്കുന്നതു് ഒഴിവാക്കുന്നതിനും പ്രാപ്തരാകും. ഇവ വൈരുദ്ധ്യത്തിന്റെ നിയമത്തെക്കുറിച്ചുള്ള നമ്മുടെ പഠനത്തിൽനിന്നുള്ള ഏതാനും ലളിത നിർണയനങ്ങളാണ്.

# കുറിപ്പുകൾ

1. 'ദർശനശാസ്ത്ര ചരിത്രത്തെകുറിച്ചുള്ള പ്രഭാഷണങ്ങൾ' എന്നതിൽ ഹെഗലിന്റെ വ്യാപകവീക്ഷണങ്ങൾ'

—വി, ഐ ലെനിൻ,
സമാഹൃത കൃതികൾ, റഷ്യൻ പതിപ്പ്
മോസ്കോ 1958 XXXVIII_ാം വാല്യം
പേജ് 249.

2. 'വൈരുദ്ധ്യാത്മകതയുടെ പ്രശ്നത്തെ സംബന്ധിച്ച്' എന്ന തന്റെ പ്രബന്ധത്തിൽ ലെനിൻ പറഞ്ഞിട്ടുണ്ട്, 'ഒരു ഒററ സർവസ്വത്തെ രണ്ടായി പിരിക്കലും അതിന്റെ വിരുദ്ധമായ ഭാഗങ്ങളുടെ ജ്ഞാനഗോചരതയും (ലാസ്സല്ലെയുടെ ഹെറാക്ലിറ്റസിനെ കുറിച്ചുള്ള പുസ്തകത്തിൽ ജ്ഞാനഗോചരതയെ സംബന്ധിച്ച് എന്ന 3_ാം ഭാഗത്തിന്റെ ആരംഭത്തിലെ ഹെറാക്ലിറ്റസിനെകുറിച്ച് ഫിലോയെ ഉദ്ധരിച്ചുകൊണ്ടുള്ള ഭാഗം നോക്കുക) ആണ് വൈരുദ്ധ്യവാദത്തിന്റെ അന്തസത്ത.' 'കാതലായവ'യിൽ (സ്വഭാവവിശേഷങ്ങളിൽ അഥവാ സവിശേഷതകളിൽ ഒന്നു്, പ്രധാനതകളിൽ ഒന്നു്_ സർവപ്രധാനം അല്ലെന്നിരിക്കിൽ—') (അതേ പുസ്തകം പേജ് 357)

'ഹെഗലിന്റെ 'സയൻസ് ഓഫ് ലോജിക്കി'ന്റെ വ്യാപകവീക്ഷണം' എന്ന തന്റെ ലേഖനത്തിൽ അദ്ദേഹം പറയുന്നുണ്ട്, 'ചുരുക്കത്തിൽ വിപരീതങ്ങളുടെ ഐക്യത്തിന്റെ താത്വികപ്രമാണമായി വൈരുദ്ധ്യവാദത്തെ നിർവചിക്കാം. വൈരുദ്ധ്യവാദത്തിന്റെ ഉൾക്കാമ്പ് ഇതിൽ ഗ്രാഹ്യമാണ് എങ്കിലും വിശകലനങ്ങളും വികാസനവും അതിനാവശ്യമാണ്' (അതേ പുസ്തകം പേജ് 215).



3. 'വൈരുദ്ധ്യാത്മകവാദത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച്'
—വി. ഐ ലെനിൻ അതേപുസ്തകം. പേജ് 358

4. ഹാൻ രാജവംശത്തിലെ കൺഫ്യൂഷ്യനിസത്തിന്റെ ഒരു സുപ്രസിദ്ധ വ്യാഖ്യാതാവായ തുങ്ങ്ചുങ്ങ്_ഷു (ബി. സി. 179—104) ന്റെ ഒരു ചൊല്ല്.

5. 'വൈരുദ്ധ്യവാദം പരിണാമവും ഗുണവും' ഫ്രെഡറിക് എംഗൽസ്, 'ഡ്യൂറിങ്ങിനെതിരെ', ഇംഗ്ളീഷ്പതിപ്പ്, എഫ്. എൽ. പി. എച്ച്, മോസ്കോ 1959, പേജ് 166

6. 'വൈരുദ്ധ്യവാദത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച്' വി. ഐ. ലെനിൻ, സമാഹൃത കൃതികൾ അതേപുസ്തകം, പേജ് 357–358.

7. ഫ്രെഡറിക് എംഗൽസിന്റെ മേൽപറഞ്ഞ കൃതി പേജ് 166–67

8. വി. ഐ. ലെനിന്റെ മേൽപറഞ്ഞ കൃതി പേജ് 357

9. അതേകൃതി പേജ് 358_59

10. ഇതേ പുസ്തകത്തിന്റെ 'ചൈനയിലെ വിപ്ളവയുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ' എന്നതിലെ 10_ാം കുറിപ്പ് നോക്കുക.

11. മേൽപറഞ്ഞതിലെതന്നെ രണ്ടാംകുറിപ്പ് നോക്കുക.

12. ടാങ്ങ് രാജവംശത്തിലെ ഒരു രാഷ്ട്രതന്ത്രജ്ഞനും ചരിത്രകാരനുമായിരുന്ന വിചെങ്ങ് (എ. ഡി. 580–643)

13. 14_ാം നൂററാണ്ടിലെ ഒരു പ്രസിദ്ധ ചൈനീസ് നോവലായ 'ഷുയിഹുചുവാൻ' ('ചതുപ്പുപ്രദേശങ്ങളിലെ വീരനായകന്മാർ') എന്നതിൽ വടക്കൻ സുങ്ങ്‌രാജവംശത്തിന്റെ അന്ത്യത്തോടടുത്തു് ഒരു കർഷകയുദ്ധം വിവരിക്കുന്നുണ്ട്. ല്യാങ്ങ്ഷാൻ പോയുടെ ചുററുവട്ടത്തുള്ളതായിരുന്നു ചു ഗ്രാമം. അവിടെ കർഷക ഉയർത്തെഴുന്നേൽപ്പിന്റെ നേതാവും നോവലിലെ നായകനുമായ സുങ്ങ്ചി അയാളുടെ താവളം സ്ഥാപിച്ചു. ഗ്രാമത്തലവനായ ചുചാവോ—ഫെങ്ങ് ഒരു നിഷ്ഠൂരനായ ഭൂപ്രഭുവായിരുന്നു.

14. 'ട്രേഡ്‌യൂണിയനുകളേയും വർത്തമാനസ്ഥിതിയേയും ട്രോട്സ്ക്കിയുടേയും ബുഖാറിന്റേയും തെററുകളേയും സംബന്ധിച്ച് ഒരിക്കൽകൂടി'_വി. ഐ. ലെനിൽ തെരഞ്ഞെടുത്ത കൃതികൾ. ഇംഗ്ളീഷ്പതിപ്പ്, ഇൻറർനാഷണൽ പബ്ലിഷേഴ്സ്, ന്യൂയോർക്ക് 1943, വാല്യം 9, പേജ് 66.

15. എന്തുചെയ്യണം? വി. ഐ. ലെനിൻ, സമാഹൃതകൃതികൾ ഇംഗ്ളീഷ്പതിപ്പ്, എഫ്. എൽ. പി. എച്ച്, മോസ്കോ 1961 വാല്യം, 5. പേജ് 369

16. 'ഹെഗലിന്റെ 'സയൻസ് ഓഫ് ലോജിക്' ന്റെ വ്യാപകവീക്ഷണം' വി. ഐ. ലെനിൻ ഒന്നാം കുറിപ്പിലെ വാല്യം 38 പേജ് 97_98

17. 'പോരടിക്കുന്ന നാടുകളു'ടെ കാലത്തു് (ബി. സി. 403—221) എഴുതപ്പെട്ടതാണ് 'ഷാൻഹായ്ചിങ്ങ്' ('മാമലകളുടേയും അലയാഴികളുടേയും പുസ്തകം') അതിലെ കെട്ടുകഥകളിൽ ഒന്നിലുള്ള കവാഫു എന്ന അതിമാനുഷൻ സൂര്യനു് പിന്നാലെ പായുകയും വെട്ടിച്ചു കടക്കുകയും ചെയ്തു. എന്നാൽ അയാൾ ദാഹിച്ചുപൊരിഞ്ഞു മരിക്കുകയും അതിൽ പിന്നീടു് അയാളുടെ സിൽബന്ധികൾ 'ടെങ്ങി'ലുള്ള കാടുകളായി രൂപാന്തരപ്പെടുകയും ചെയ്തു.

18. പുരാതന ചീനയിലെ, ധനുർവിദ്യയിൽ പ്രസിദ്ധനായ, ഐതിഹ്യപ്രസിദ്ധരായ നായകന്മാരിലൊരാളാണ് യി. ബി. സി. രണ്ടാം നൂററാണ്ടിൽ സമാഹരിക്കപ്പെട്ട 'ഹ്വായ്നാൻ ത്സു' വിലുള്ള ഐതിഹ്യമനുസരിച്ച് യാവോചക്രവർത്തിയുടെ ദിനങ്ങളിൽ ആകാശത്ത് 10 സൂര്യന്മാരുണ്ടായിരുന്നു. കത്തിക്കരിയിക്കുന്ന സൂര്യന്മാർമൂലം, കായ്കനികൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് ഒരറുതി കുറിക്കുന്നതിനായി യാവോ ചക്രവർത്തി അവയെ അമ്പെയ്തു വീഴ്ത്താൻ യി യോട് കല്പിച്ചു,

വാങ്ങ യി (എ. ഡി. രണ്ടാം നൂററാണ്ട്) രേഖപ്പെടുത്തിയിട്ടുള്ള മററൊരു ഐതിഹ്യത്തിൽ 10ൽ 9 സൂര്യന്മാരെ അമ്പെയ്തു വീഴ്ത്തിയതായി പറയപ്പെടുന്നുണ്ട്.

19. 16—ാം നൂററാണ്ടിലെ ഒരു നോവലാണ് 'ഹ്സീയുചി' ('പാശ്ചാത്യദേശങ്ങളിലേ ക്കുള്ള തീർത്ഥയാത്ര') ഇതിലെ നായകൻ വാനരരാജാവായ സൂൺവു_കുങ്ങ് ഇയാൾക്ക് ഒരു പക്ഷി, ഒരു മരം, ഒരു കല്ല് എന്നിവപോലുള്ള 73 വ്യത്യസ്ത ആകൃതികളിലേക്ക് മനസ്സിൽ തോന്നുംപടിമാസ്മരികമായി രൂപം മാറാൻ കഴിയുമായിരുന്നു.

20. പതിനേഴാം നൂററാണ്ടിൽ പുസുങ്ങ്—ലിങ്ങ് എഴുതിയ 'ല്യാവോചായ്'യുടെ അസാധാരണകഥകൾ', ഏറെയും പിശാചുക്കളുടേയും കുറുക്കൻ പ്രേതങ്ങളേയുംകുറിച്ചുള്ള 431 കഥകളുടെ സുപ്രസിദ്ധമായ ഒരു സമാഹാരമാണ്.

21. 'രാഷ്ട്രീയസാമ്പത്തിക ശാസ്ത്രത്തിന്റെ വിമർശനത്തിനുള്ള മുഖവുര', മാർക്സ്, 'രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രത്തിന്റെ വിമർശനത്തിന് ഒരു സംഭാവന', ഇംഗ്ലീഷ്പതിപ്പ്. ചിക്കാഗോ, 1904, പേജ് 310—11

22. 'വൈരുദ്ധ്യവാദത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച്', വി. ഐ. ലെനിൻ ഒന്നാം കുറിപ്പിലെ അതേ വാല്യം പേജ് 358

23. 'പരസ്പരം എതിരിടുന്ന സംഗതികൾ പരസ്പരം പൂരകവുമാണ്' എന്ന ചൊല്ല് എ. ഡി. ഒന്നാം നൂററാണ്ടിലെ ഒരു പ്രാമാണിക ചരിത്രകാരനായ പാൻകുവിന്റെ 'ആദ്യകാല ഹാൻ രാജവംശത്തിന്റെ ചരിത്ര'ത്തിൽ ആണ് ആദ്യമായി കാണപ്പെടുന്നത്. ഇത് കുറെക്കാലമായി ജനപ്രചാരമുള്ള ഒരു ചൊല്ലായിരുന്നിട്ടുണ്ട്.

24. 'വൈരുദ്ധ്യവാദത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച്' വി. ഐ. ലെനിൻ, ഒന്നാം കുറിപ്പിലെ അതേ വാല്യം പേജ് 358

25. ' എൻ. ഐ. ബുഖാറിന്റെ 'സംക്രമണകാലഘട്ടത്തിന്റെ സാമ്പത്തികാവസ്ഥ'യെ സംബന്ധിച്ച അഭിപ്രായങ്ങൾ," വി. ഐ. ലെനിന്റെ തെരഞ്ഞെടുത്ത കൃതികൾ, റഷ്യൻപതിപ്പ് മോസ്കോ ലെനിൻഗ്രാഡ് 1931 വാല്യം xi പേജ് 357.

OO